ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

14 March 2019 Thursday

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

ഓം ഉടൻ ഭൂമിയിൽ മുഴങ്ങും. OM will sound soon on/in EARTH.

ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം ശക്തിശിവൻ = ശിവ ശിവ(ൻ) പ്രണയമന്ത്രം, സർവ്വദേശ ഭൂമിഗാനം, മഹാസംഗീതം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, മഹാശാസ്ത്ര മൂലം, മഹാസൂക്ഷ്മ ശബ്ദം, ഏകമഹാശബ്ദം, ദൈവവിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി എന്നിവയായ

ഓം OM

പേജ് 206-271

ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, ശിവലിംഗം, പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരം, ആനന്ദ ശാസ്ത്രം, മോക്ഷം, ദൈവ വിപ്ലവം, തുടങ്ങിയ ദൈവ കാര്യങ്ങളെയും ഏതാനും മാനുഷിക വിഷയങ്ങളെയും വിശദമാക്കുന്നു. ചില വിഷയങ്ങൾക്ക് ഇംഗ്ലീഷ് പരിഭാഷയും ചേർത്തിട്ടുണ്ട്.

നമ്പർ	ഓം @ മഹാവേദ സംഗ്രഹം : ഉള്ളടക്കം	പേജ്
0	ആമുഖം, മഹാവേദ ഗ്രന്ഥങ്ങൾ സൗജന്യമായി ലഭിക്കുന്നു: PDF	3 - 6
1	ദൈവം ദൈവരൂപം : ബ്രഹ്മം ഭൂമി മഹാഭദ്രകാളി പേജ് 7-19 20-45 46-140 141-205	7-205
2	സൃഷ്ടി സ്ഥിതി സംഹാര പാത്രം = ശിവലിംഗം = ആകാശം	48-65

3	ഓം ഓംകാരം ഓംകാര നീതിശാസ്ത്രം 206-271 272-292 Punishments 377-424 ചിലരുടെ മുജ്ജന്മങ്ങൾ 410-424® 293-441.	206-534
4	ഭൂമി മാത്രം എക്കാലവും ജീവികൾക്ക് ശരണം.	66-90
5	ആനന്ദ ശാസ്ത്രം : മാനുഷികം + ദൈവ ആനന്ദങ്ങൾ	93-101
6	ശരീരം ദൈവാംശം ആണെന്ന് തെളിയിക്കുന്നു.	126-140
7	പശു +പശുപതി 148-170 ദിവ്യമനുഷ്യസ്ത്രീ മഹാദേവി 171-179	142-179
8	ദൈവം 1000 കോടി വർഷങ്ങളിൽ പശുവും പശുപതിയും	151, 782
9	സ്തുതികളും ആരാധനയും 174-179 മോക്ഷം 486-499,543-547,1011-1027	174-179
10	പരമശിവൻ ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു. അമ്മേ ശിവ ! 'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.	180-205 203-205
11	മായ :ഗൂഢതാ രഹസ്യം 433-441 എന്റെ : പദത്തിന്റെ അർത്ഥം	433-441 450-463
12	മഹാവേദം ഘടന: വേദങ്ങൾ 3:ഭൗതികധർമ്മആത്മീയ ശാസ്ത്രങ്ങൾ 1&3. ദൈവ വേദം @ ഓംകാര നീതിശാസ്ത്രം @ആത്മീയശാസ്ത്രം 425-474. 2. ധർമ്മ ശാസ്ത്രം 535- - - 3 & 1. ഭൗതിക ശാസ്ത്രം 475-534	425- --
13	സാമ്പത്തിക ശാസ്ത്രം 553-649 | സനാതന ധർമ്മം 767- | സെക്സ് 650-660	553-660
14	തൊഴിൽ വിഭജനം 4: ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം	698-766
15	നാട്ടുവാസി, കാട്ടുവാസി : ന്യൂനശക്തികളുടെ ധർമ്മശാസ്ത്ര ബന്ധനം ആനന്ദങ്ങളെ അനുഭവിക്കാനുള്ള യോഗ്യത ഓരോ വ്യക്തിയും നേടണം.	779-852
16	ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന അടിമകൾ /ഭരണകൂടം ജാഗ്രത ! മനുഷ്യന് നീതി വിധിക്കാൻ യോഗ്യത ഇല്ല. 899-922	791-922
17	മത ദേവാലയങ്ങൾ: ദൈവികമല്ല.923- | ദൈവീക ദേവാലയം 947- - -	923-946
18	ദേവാലയങ്ങളിൽ ശിവലിംഗം മാത്രം 962-989 | മന്ത്രങ്ങൾ 990-1000	962-1000
19	ദൈവ വിപ്ലവം 1001-1010 | ഓംനീതി 1015-1017	1001-1017
20	മഹാശക്തിയായ മഹാദേവി അവതരിച്ചുകഴിഞ്ഞു. | പരമശിവ ക്ഷിപ്രകോപം + മായാശക്തി + അധികാരം < അടിയന്തരാവസ്ഥ > | സംഹാരം @ മോക്ഷം 1011-1027	1003-1004 1028-1034 1035-1044 1046-1068

®14.03.2019-ന് ചില സൃഷ്ടികളുടെ സ്ഥാനങ്ങളിലെ മാറ്റം (പേജ് 410-424) രേഖപ്പെടുത്തിയിട്ടുണ്ട്.

ആമുഖം

ഭൂമിയിൽ ഉടനെ ഓം മുഴങ്ങുമെന്നതിനാൽ ഓം കൂടുതൽ വിശദീകരിച്ചിരിക്കുന്നു. മഹാശക്തിയായ ഏകദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം, ദൈവ ശാസ്ത്രം, മഹാവേദം, ഓംകാര ശാസ്ത്രം,ഓംകാര വേദം,വേദങ്ങൾ എന്നെല്ലാം പറയുന്നു.

മഹാശാസ്ത്രത്തിന് 3 ശാഖകൾ. ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതിശാസ്ത്രം @ ആത്മീയ ശാസ്ത്രം. ജീവികൾ പ്രത്യക്ഷമായും പ്രകടമായും ജീവിക്കുന്നത് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം എന്നീ 2 വേദങ്ങളെ ഉപയോഗപ്പെടുത്തിയാണ്.

ദൈവം, മഹാപ്രപഞ്ചത്തെയും ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പ്, 'മഹാ-സമആനന്ദം എന്ന മഹാ-സമനീതിയെ' സൃഷ്ടിയായ ജീവികൾക്കെല്ലാം ഉറപ്പായി നൽകുന്നതും, കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ 'സംഹാരം ഉൾപ്പെട്ട ഓംകാര നീതി ശാസ്ത്രം' എന്ന മഹാനീതി ശാസ്ത്രത്തെ ആവിഷ്ക്കരിക്കുന്നു. അതായത് 'ദൈവീകമായി പ്രഥമം മഹാനീതി' ആണ്. 'സ്ഥിതി, സൃഷ്ടി' എന്നിവ പിന്നീടുമാണ്. മഹാനീതിയെ ദൈവം തന്നെ നിർവ്വഹിക്കേണ്ടത് സ്രഷ്ടാവിന് സൃഷ്ടികളോടുള്ള ചുമതലയായി മഹാവാത്സല്ല്യത്തോടെ സ്വീകരിച്ചിരിക്കുകയാണ്.

ജീവികൾക്ക് സമനീതി എന്ന സമആനന്ദം നൽകാനായി ദൈവം നിർവ്വഹിക്കുന്ന നീതിശാസ്ത്രവും 'ദൈവ കാര്യങ്ങളും' ഉൾപ്പെട്ട മൂന്നാമത്തെ വേദത്തെ ഓംകാര നീതി ശാസ്ത്രം, മഹാനീതി ശാസ്ത്രം, നീതി ശാസ്ത്രം, ആത്മീയ ശാസ്ത്രം, 'ദൈവ വേദം' എന്നിങ്ങനെ പറയാം.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതിശാസ്ത്രം, എന്നീ മൂന്ന് വേദങ്ങളിലെയും നിയമങ്ങളെ വസ്തുക്കളിലും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരങ്ങളിലും ഉള്ളതായ മൂലകങ്ങളിൽ, ദൈവം ലയിപ്പിച്ചിരിക്കുകയാണ്. ഓംകാര നീതി ശാസ്ത്രം ലയിച്ചിട്ടുള്ളത് ശബ്ദ ബ്രഹ്മം കൂടിയായ ഓം ആയിട്ടാണ്. പരസ്പര ബന്ധിതമായി മഹാസമ്മേളിച്ചു പ്രവർത്തിക്കുന്ന മൂന്ന് വേദങ്ങളിലെയും അവയുടെ ഉപ-ഉപ ശാഖകളിലെയും നിയമങ്ങളും, അവയുടെ ഭൗതിക അസ്തിത്വമായ ശക്തികളും ന്യൂനശക്തികളും പ്രകാരമാണ് മഹാപ്രപഞ്ചം എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത്.

ഭൂമിയിലെ മൂലകങ്ങളിൽ 'ഭൗതിക ശാസ്ത്രം + ധർമ്മ ശാസ്ത്രം + ഓം' ലയി(പ്പി)ച്ചിട്ടുള്ളതിനെ ഭാഗികമായി അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യൻ, അറിയാത്ത 'ഓം' ഒഴികെയുള്ള 'ഭൗതിക + ധർമ്മ ശാസ്ത്രങ്ങളെ' ആദരിച്ചും അനുസരിച്ചും ജീവിക്കാൻ ബാദ്ധ്യസ്ഥരാണ്; ശ്രദ്ധിക്കണം. മഹാസമ്മേളിച്ചും ഒത്തൊരുമിച്ചും പ്രവർത്തിക്കുന്നതും ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര നിയമങ്ങളെ വസ്തുക്കളിൽ മഹാഭദ്രപ്പെടുത്തി വച്ചിരിക്കുകയാണ്.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ 5 അവസ്ഥകളിലാണ് ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്; അനുക്രമമായി അവയ്ക്കെല്ലാം സമ്പൂർണ്ണമായ വ്യക്തി സ്വാതന്ത്ര്യത്തെ അനുവദിച്ചിട്ടുമുണ്ട്. ജീവികളുടെ മോക്ഷത്തെ മനുഷ്യാവസ്ഥയിൽ നിശ്ചയിച്ചിരിക്കുകയാൽ മനുഷ്യന് ഒന്നും രണ്ടും വേദങ്ങളായ ഭൗതിക-ധർമ്മ-ശാസ്ത്രങ്ങളെ (ദൈവം) വെളിപ്പെടുത്തുകയും അവ പ്രകാരം വർദ്ധിച്ച വ്യക്തി സ്വാതന്ത്ര്യത്തെയും അനന്തമായ ആനന്ദങ്ങളെയും അനുവദിച്ചിരിക്കുകയാണ്. സമ്പൂർണ്ണമായ വ്യക്തി സ്വാതന്ത്ര്യത്തെ അനുഭവിക്കാനും ദൈവത്തിന്റെ മഹാജ്ഞാനവും വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ളതുമായ മഹാശാസ്ത്ര നിയമങ്ങൾ മാത്രമേ പ്രപഞ്ച ജീവിതത്തിന് ചേരുകയുള്ളൂ എന്ന് സ്വയം മനസ്സിലാക്കി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. അതിനായി ശാസ്ത്ര നിയമങ്ങളെ അല്പസ്വല്പം വ്യത്യാസപ്പെടുത്താൻ അനുവദിച്ചിട്ടുണ്ട്. അതേസമയം, അറിഞ്ഞോ അറിയാതെയോ ശാസ്ത്ര നിയമങ്ങളെ തെറ്റിച്ചാൽ, തിരുത്താൻ ആവശ്യമായ സമയം ചേർത്തുള്ള ഭൗതികശാസ്ത്ര നിയമങ്ങളെയും ന്യൂനശക്തികളെയും കൂടി മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf **എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

ഉള്ളടക്കത്തിന്റെ വിശദീകരണത്തിൽ എല്ലാം ഉണ്ട്.

ദൈവ വിപ്ലവം ഉടനെ ആരംഭിക്കുകയായി ...

മഹാശിവയുടെ 'മത്സ്യാവതാരം + ഓം' പ്രകാരം പ്രസിദ്ധീകരിച്ച ഇ-മഹാവേദ ഗ്രന്ഥങ്ങൾ സൗജന്യ PDF ഫയലുകളായി ലഭിക്കുന്നതാണ് :

1. **ദൈവം ഉണ്ടെന്നു തെളിയിക്കുന്നു.** (English & Malayalam) Pages 100
www.omsathyam.com/GodlyRevolution/**GOD'sExistenceProved.pdf**

2. **ശിവലിംഗം** Pages 100 www.omsathyam.com/GodlyRevolution/**ShivaLingham.pdf**

3. **ഓം** Pages 1068 www.omsathyam.com/GodlyRevolution/OM.**pdf**

4. **മഹാവേദം** @ മഹാശാസ്ത്രം @ 3 വേദങ്ങൾ **Pages 2250**
www.omsathyam.com/GodlyRevolution/**Mahaavedam.pdf**

5. **മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല.** കൂടാതെ, **മുല്ലപ്പെരിയാർ അണക്കെട്ട് ദുരന്തം ഉൾപ്പെടെ എല്ലാ ദുരന്തങ്ങളും ഒഴിവാക്കാൻ എന്തു ചെയ്യണമെന്ന് മഹാശാസ്ത്രപരമായി വി**വ**രിക്കുന്നു.** Pages 930
www.omsathyam.com/GodlyRevolution/**SupremeJusticeGOD.pdf**

6. **സർവ്വ ദേശ ഭൂമി ഗാനം, ഭൂമി പതാക** Pages 274
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

7. **ശബരിമല**, മക്ക, വേളാങ്കണ്ണി തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും **'തെറ്റുകളും ശരികളും'** അടിസ്ഥാന പരമായും **മഹാശാസ്ത്ര പ്രകാരവും വിശദീകരിക്കുന്ന** വലുതും ചെറുതുമായ 2 ഗ്രന്ഥങ്ങൾ: Pages 400 and 180.
www.omsathyam.com/GodlyRevolution/**Devaalayam.pdf** &
www.omsathyam.com/GodlyRevolution/**ChurchMosqueTempleSabarimala.pdf**

8. **മന്ത്രങ്ങൾ** Pages 25 www.omsathyam.com/GodlyRevolution/**Mantras.pdf**

9. **ആനന്ദ ശാസ്ത്രം**, **മോക്ഷം** @സംഹാരം, **മഹാദേവി പരമശിവന്** മഹാഅനുഗ്രഹിച്ച് നൽകിയിട്ടുള്ള **ക്ഷിപ്രകോപം +മായാ-**മഹാശക്തികൾ + **മഹാമാതാവായ മഹാദേവിക്ക്** കുഞ്ഞുങ്ങളായി സൃഷ്ടിച്ചിട്ടുള്ള സമസ്ത സൃഷ്ടികളോടുമുള്ള **മഹാവാത്സല്ല്യം** എന്നിവ മഹാശാസ്ത്രം പ്രകാരം വിശദീകരിക്കുന്നു. etc Pages 33
www.omsathyam.com/GodlyRevolution/**GodlyLove.pdf**

10. **ദൈവീകമായി**/മഹാശാസ്ത്ര പരമായി **ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്ന് നാലായി വിഭജിക്കാം. ജനസേവകരായ മന്ത്രിമാർ ജനങ്ങളുടെ അടിമകൾ; ദൈവീകമായ പോലീസ് സേന, കാട്ടുവാസി, ആനന്ദശാസ്ത്രം,** etc. ചെറുതും വലുതുമായ 2 ഗ്രന്ഥങ്ങൾ : Pages 200 & 72
www.omsathyam.com/GodlyRevolution/**4JobDivisions.pdf**
www.omsathyam.com/GodlyRevolution/**4JobDivisionsBrief.pdf**

മഹാവേദ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു :

ദൈവ-വേദം 1 = മാനുഷിക-വേദം 3 =

ഓംകാര നീതിശാസ്ത്രം

(ആത്മീയ ശാസ്ത്രം)

ഓംകാര ശാസ്ത്രം = മഹാശാസ്ത്രം = മഹാവേദം = 3 വേദങ്ങൾ = ഭൗതിക ശാസ്ത്രം + ധർമ്മ ശാസ്ത്രം + ആത്മീയ ശാസ്ത്രം (ഓംകാര നീതി ശാസ്ത്രം @ മഹാനീതിശാസ്ത്രം)

ദൈവവും ദൈവരൂപവും

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തി = ദൈവം.

MAHAASHAKTHI

M13 A1 H8 A1 A1 S19 H8 A1 K11 T20 H8 I9 = 100

മഹാ + ശക്തി = മഹാശക്തി.

ലളിതമായ നാമം. മഹാശക്തിയാണ് ദൈവം.

മനുഷ്യൻ കാണുന്നതും കാണാത്തതും, അറിയുന്നതും അറിയാത്തതുമായ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും, ആദിയും അന്തവുമില്ലാത്ത ഒരു മഹാശക്തിക്കു മാത്രമേ സാധിക്കൂ. ദൈവത്തിന്റെ മഹാശാസ്ത്രപരമായ നാമം മഹാശക്തി ആവുന്നത് അങ്ങനെയാണ്. മഹാശക്തി ഒന്നേയുള്ളൂ. മഹാപ്രപഞ്ചത്തിലെ ജീവികൾ, വസ്തുക്കൾ തുടങ്ങിയ സർവ്വവും സൃഷ്ടിച്ചിട്ടുള്ളത് അടിസ്ഥാന പരമായി അണു-ക്കൂട്ടവും (Atom) ഘടകങ്ങളും കൊണ്ടാണെന്നത് തെളിവാണ്.

സർവ്വം ആറ്റം / അണു - ഘടകങ്ങൾ.

പ്രപഞ്ചത്തിലെ വലിയ ദ്രവ്യങ്ങളായ സൂര്യ-നക്ഷത്ര-ഗ്രഹ-ഉപഗ്രഹങ്ങളുടെയും ഭൂമിയിലെ സമസ്ത വസ്തുക്കളുടെയും ജീവികളുടെയും ഘടനകളെയും പ്രവർത്തനങ്ങളെയും വിശകലനം ചെയ്യുമ്പോൾ ഏക ദൈവം / ഏകമഹാശക്തി മാത്രമേയുള്ളൂ എന്ന് ബോദ്ധ്യമാകുന്നതാണ്. ആദിയും അന്തവുമില്ലാത്ത ഒരു മഹാശക്തിക്ക് / ദൈവത്തിന് രണ്ടാമനോ സഹായിയോ ആവശ്യമില്ല.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തികളെ 'ശക്തി, മായ, മഹാമായ, മായാശക്തികൾ, മായാമഹാശക്തി' എന്നിങ്ങനെ സാമ്യമുള്ള വ്യത്യസ്ത പേരുകളിൽ പരാമർശിക്കേണ്ടുന്ന സന്ദർഭങ്ങൾ വേദങ്ങളിലുണ്ട്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെയും മഹാശാസ്ത്രത്തെയും വിശകലനം ചെയ്താൽ മഹാശക്തിയായ ദൈവത്തിന് ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് ഉള്ളതെന്നും സുവ്യക്തമാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ 'മഹാശാസ്ത്രം' എന്ന പേരിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്ക് ആധാരമാക്കിയിരിക്കുകയാണ്.

അല്പം വിശദീകരിക്കാം :

മഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി ആവിഷ്ക്കരിച്ചിരിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം.

മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ ദൈവത്തിന്റെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.

മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്; മഹാപ്രപഞ്ചത്തിന്റെ **മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരി** മഹാപ്രപഞ്ചത്തിന് അതീതമാണ് എങ്കിലും മനുഷ്യർക്ക് അത് പ്രകടമല്ല. മഹാശക്തിയായ ദൈവം, തന്റെ മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുന്നതായി കണക്കാക്കുമ്പോൾ, മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ ദൈവവും എന്നു സുവ്യക്തമാണ്. (മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ ദൈവം സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !)

ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ **മഹാനീതിശാസ്ത്ര** പ്രകാരവും മഹാശാസ്ത്ര പ്രകാരവും മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ ദൈവത്തിന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാശക്തിയായ ദൈവത്തിന്റെ മായയെ മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്. അങ്ങനെയാകുമ്പോൾ, സ്രഷ്ടാവും മഹാരക്ഷകയു(നു)മായ മഹാശക്തിയെയും സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ഉണ്ടാവേണ്ടതുണ്ട്. അതായത് ദൈവത്തിന്റെ മഹാമായയെ അഥവാ ദൈവത്തെ മഹാപ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം. ശബ്ദ ബ്രഹ്മവും അക്ഷരബ്രഹ്മവും ആദിവചനവും സംഹാര കാഹളവും മഹാശാസ്ത്രമൂലവും മഹാചിരിയും മഹാസംഗീതവും 'മഹാശക്തി-ശിവൻ പ്രണയ മന്ത്രവും' ഒക്കെയായ ഓം സൃഷ്ടിക്കപ്പെടുന്നത് അങ്ങനെ കൂടിയാണ്.

മഹാശക്തിയായ ദൈവം മഹാനിശ്ചയിക്കുമ്പോലെ, മഹായുക്തി എന്നു വിശേഷിപ്പിക്കാവുന്ന മഹാജ്ഞാനത്തിൽ നിന്ന് ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. അതായത് ശാസ്ത്ര നിയമങ്ങളും വസ്തുക്കളിലെ നിയമങ്ങളും ഒന്നു തന്നെയാണ്. മായാശക്തി ഉപയോഗിച്ച് നിയമങ്ങളെ വസ്തുക്കളായി പരിവർത്തനം ചെയ്യാൻ കഴിയും എന്നാണ് അതിന്റെ അർത്ഥം.

മഹാശക്തിയായ ദൈവത്തിന്റെ മാത്രം സ്വന്തമായ മായാശക്തികളെ ഉപയോഗിച്ച് ദൈവത്തിന്റെ മഹാജ്ഞാനമായ നിയമങ്ങളെ വസ്തുക്കളായി ദൈവം പരിവർത്തനം ചെയ്തു കഴിഞ്ഞു. മഹാപ്രപഞ്ചവും ജീവികളുമെല്ലാം അങ്ങനെ ഉണ്ടായതാണ്.

ജീവികളുടെ ശരീരം ഉൾപ്പെട്ട വസ്തുക്കളിൽ അവയുടെ സൃഷ്ടി സ്ഥിതി നിയമങ്ങളെ മഹാലയി(പ്പി)ച്ചിട്ടുമുണ്ട്. സ്ഥിതി നിയമങ്ങളെ 'പ്രവർത്തന നിയമങ്ങൾ' എന്നും പറയാം. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മഹാഖരരൂപത്തിന്റെ അംശങ്ങളാണ് വസ്തുക്കളെല്ലാം എന്നാവുമ്പോൾ സമ്പൂർണ്ണമായ യോജിപ്പും ഉണ്ടാകുന്നു.

വസ്തുക്കളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ലഭിച്ച /ലഭിക്കുന്ന മനുഷ്യർക്ക്, പ്രസ്തുത നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ ശാസ്ത്രനിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക വികസനത്തിന് ദൈവം, മനുഷ്യരെ അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങളെ മഹാശക്തിയായ ദൈവം വെളിപ്പെടുത്തുന്നത്.

ഭദ്രമാക്കുക എന്ന പദത്തിന് സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളമായി നിർവ്വഹിക്കുക എന്ന അർത്ഥമുണ്ട്. ദൈവത്തിന്റെ നേരിട്ടുള്ള പ്രവൃത്തികളെ 'മഹാ' ചേർത്ത് പറയുകയും എഴുതുകയും ചെയ്യുന്നത് കുഞ്ഞുങ്ങളുടെ - മനുഷ്യരുടെ - ഗ്രാഹ്യശക്തിയെ കൂടുതൽ ഉയർത്താനാണ്; ദൈവത്തിനു വേണ്ടിയല്ല. മഹാ-യുടെ ആവർത്തനം കൊണ്ട് പഠന മാധുര്യം കുറയുന്നതല്ലാ എന്ന് ബോദ്ധ്യപ്പെടുവാൻ മഹാ ഒഴിവാക്കിയ പദങ്ങളിൽ മഹാ ചേർത്ത് പഠിച്ചു നോക്കുക.

മലയാളം ദൈവ<>ദേവ<>വേദ ഭാഷയാണ്.

മലയാളം >MalayalaM< = വേദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അവതരിപ്പിക്കുന്ന വേദഭാഷ = ദൈവ ഭാഷ. മലയാളഭാഷ = ദൈവഭാഷ. മലയാളനാട് = ദൈവ നാട് = ഭൂമി.

സംസ്കൃതം ദേവഭാഷയല്ല; വേദഭാഷയുമല്ല. സംഹാരം പുരോഗമിക്കുമ്പോൾ ചുരുക്കെഴുത്ത് SHORTHAND ഭാഷ എന്ന ഒരു ചെറിയ ലേബൽ ലഭിക്കുന്നുണ്ട്.

മണ്ണും ഭൂമിയുമായ ദൈവം സൃഷ്ടിച്ച സമസ്ത നാടുകളും ദൈവമാണ്; ദൈവത്തിന്റേതുമാണ്. ഭൂമിയിലെ സർവ്വവും - നാടുകളും, വസ്തുക്കളും, ജീവികളും, ഭാഷകളും - സർവ്വവും ഭൂമിയുടേതാണ്; എല്ലാ ജീവികൾക്കും വേണ്ടി ഭൂമി നൽകിയത് എല്ലാവരുടേതുമാണ്; അതുകൊണ്ടുതന്നെയാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം, ജലം, വായു, ജീവികൾ തുടങ്ങിയവ യോജിക്കുന്നത്.

ബ്രഹ്മകേന്ദ്രമായ മണ്ണടി, കേരളത്തിലാകയാൽ, കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്; കടൽ കൊണ്ട് വിഴുങ്ങിയാലും / വിഴുങ്ങിച്ചാലും ഓംകാര നീതി ശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം കേരളത്തിനെ വീണ്ടും സൃഷ്ടിക്കുന്നതാണ്. ദൈവ കാര്യങ്ങൾ മാത്രമായ അവ അടിസ്ഥാന പരമായി മനുഷ്യരുടെ കാര്യമല്ല.

ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങൾക്ക് സംഹാര ആവശ്യങ്ങളെ മുൻനിർത്തി പ്രത്യേകമായ പദവികൾ ഉണ്ട്. മനുഷ്യരും മറ്റുള്ള ജീവികളും, ഓരോരോ പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ചെയ്യുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നിരിക്കെ, ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളിൽ എന്നോണം ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യർക്ക് കേമത്തം കാട്ടാൻ അവകാശവും അധികാരവും ഇല്ല.

മഹാശക്തിയും മഹാനീതിയുമായ ദൈവം മഹാനിശ്ചയിക്കുകയും മഹാഭദ്രമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ എല്ലാ ജനങ്ങളെയും - ഓരോ വ്യക്തിയെയും - മഹാസമനീതിയുടെ ഭാഗമായി ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ 100 ജന്മങ്ങളിലായി വ്യത്യസ്ത ജന്മഗുണങ്ങളോടെ പുനർജ്ജനിപ്പിച്ചുകൊണ്ടിരിക്കും എന്നിരിക്കെ ദൈവത്തിന്റെ മാത്രം സ്വന്തവും, ദൈവവും കൂടിയായ ഭൂമിയിലെ നാടുകളുടെയും ദേശങ്ങളുടെയും പേരിൽ കേമത്തം കാട്ടുന്നതും മത്സരിക്കുന്നതും യുദ്ധം ചെയ്യുന്നതും നാടുകൾക്കും ദേശങ്ങൾക്കും ഒക്കെ ജയ് വിളിക്കുന്നതും കടുത്ത ദൈവനിന്ദയും ഭോഷത്തവുമാണ്.

ഏതാനും ദൈവ നാമങ്ങളുടെ വിശകലനം :

മഹാശക്തിയാണ് ദൈവം എന്ന നിർവ്വചനത്തിൽ മഹാപ്രപഞ്ചം ഉൾപ്പെടണമെന്നില്ല.

മഹാജ്ഞാനത്തെയും, ജീവികളുടെ ഘടനകളെയും മറ്റും കണക്കാക്കുമ്പോൾ, ആദിയും അന്തവുമില്ലാത്ത ഏക മഹാശക്തിയായും, ഒരു മഹാജീവി പോലെയും, ദൈവത്തെ കണക്കാക്കണം. ജീവികളുടെയെല്ലാം മഹാമാതാവും മഹാപിതാവും മഹാനീതിയുമെല്ലാം ഏകദൈവം തന്നെയാകുമ്പോൾ, സ്ത്രീ പുരുഷ രൂപങ്ങളെ കുറിക്കുന്ന ലിംഗഭേദം പറയാനാവില്ല.

വിവേചനശക്തികളെ കുറിക്കുന്ന മഹാശാസ്ത്ര ജ്ഞാനം മനുഷ്യൻ എന്ന ജീവിക്ക് മാത്രം നൽകിയിരിക്കയാൽ മനുഷ്യനുമായി ഒരു സാമ്യം ഉണ്ട്. മനുഷ്യന് ഉപരിയായ അവസ്ഥയെ 'ദേവനും ദേവിയും' കുറിക്കുമ്പോൾ, 'ദേവനും ദേവിയും' ചേർന്നതായ 'ദൈവം' ആണും പെണ്ണും ചേർന്ന രൂപമുള്ളതെന്നോ, ആണും പെണ്ണും അല്ലാത്ത മഹാഅവസ്ഥയുള്ളതെന്നോ ഒക്കെ പറയണം. ദേവൻ + ദേവി = ദൈവം എന്ന പദത്തിൽ ജീവിബന്ധം ഉള്ളതിനാൽ പ്രപഞ്ച-ജീവിക്ക് ചേരും.

പരിശുദ്ധമായ ആത്മാവ് = പരിശുദ്ധാത്മാവ് എന്ന പേരിന് പ്രപഞ്ചബന്ധമുണ്ട്. മാത്രമല്ല; ദൈവത്തിന്റെ രണ്ടാം ഭാഗമായ ശിവ ചക്രവുമായാണ് ബന്ധം.

മനുഷ്യാവസ്ഥയിൽ കുടുംബ-സമൂഹ ഭരണകാര്യങ്ങളെ പുരുഷൻ ഭരിക്കുകയാൽ, ആദിയും അന്തവുമില്ലാത്ത മഹാശക്തിക്ക് **അല്ലാഹു** എന്ന നാമം ഭാഗികമായി ചേരും; എന്നാൽ ക്രമേണ **പുല്ലിംഗം** വികസിക്കുന്നതും '**അവൻ**, He' എന്നിവ ഉറച്ച് **ദൈവം** '**പുരുഷൻ**' ആണെന്നും '**ജീവി**' അഥവാ '**മഹാജീവി**' ആണെന്നുള്ള **പ്രതീതി** ഉണ്ടാകുന്നതാണ്. അതു പാടില്ല; കടുത്ത ദൈവനിന്ദയാണ്. **അല്ലെന്നാൽ, ജീവി രൂപവും പുരുഷ രൂപവും ദൈവം സ്വീകരിക്കണം.** ഏതൊരു **ജീവിരൂപം സ്വീകരിച്ചും** (സ്വീകരിക്കാതെയും) മഹാപ്രപഞ്ചത്തിന്റെ **സൃഷ്ടിയും രക്ഷയും** ചെയ്യുവാൻ **ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയായ ദൈവത്തിനു ശക്തിയുണ്ട്; ഉണ്ടായാൽ മാത്രമാണ് മഹാശക്തി ആവുക.**

കാളി = സ്ത്രീ. മഹാപ്രപഞ്ചതെ പ്രസവിച്ച /സൃഷ്ടിച്ച സ്ത്രീ = മഹാമാതാവ് = മഹാജഗദംബ = മഹാഭദ്രകാളി എന്ന **നാമം** പ്രകാരം **മഹാജീവിയും മഹാ-സ്ത്രീ**യുമാണ്. **ഭദ്രമാക്കുവാൻ ശക്തിയുള്ള സ്ത്രീ = ഭദ്രകാളി.** മുകളിൽ കുറിച്ചതുപോലെ **ഏതൊരു ജീവിരൂപം സ്വീകരിച്ചും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയും മഹാപരിപാലനവും ചെയ്യുവാൻ ശക്തിയുള്ള ഏകദൈവം സ്വന്തം ഇഷ്ടം പോലെ ഒരു രൂപത്തെ സ്വീകരിക്കുമ്പോൾ, യുക്തിഭദ്രമാവണം.**

GOD എന്ന പദം അന്തർദ്ദേശീയ ഭാഷയായ ഇംഗ്ലീഷിൽ ദൈവം എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. GOOD = ' നല്ലത് ' എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്; ആകയാൽ രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്ര പ്രകാരം ഉചിതവും ലളിതവുമാണ്. എന്നാൽ, ഭൗതിക ശാസ്ത്ര പ്രകാരം ആവശ്യമായ ഭൗതിക-അസ്തിത്വം ഇല്ല. ഓംകാര നീതിശാസ്ത്ര പ്രകാരം ആവശ്യമായ വിശദീകരണവും ഇല്ല.

പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം, പ്രപഞ്ചത്തിലെ എല്ലാ ഭാഷകൾക്കും അതീതമാണ്. അക്കാരണം കൊണ്ടു തന്നെ ഭാഷയും പദങ്ങളും വാചകങ്ങളും നൽകിയ ദൈവത്തെ, പദങ്ങൾ കൊണ്ട് ആദരിക്കുക, അനാദരിക്കുക, ആരാധിക്കുക, സ്തുതിക്കുക തുടങ്ങിയവ മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ മാത്രമാണ്.

മഹാശക്തിയായ ദൈവം, ഏതൊരു രൂപവും സ്വീകരിക്കുന്നത്, മുഖ്യമായും ബ്രഹ്മം, ഭൂമി, മഹാഭദ്രകാളി എന്നീ 3 മഹാഅവസ്ഥകളെ ആധാരമാക്കിയാണ്.

ദൈവവും ദൈവരൂപവും	
1	ബ്രഹ്മം
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തിയായ ദൈവത്തെപ്പറ്റി മനുഷ്യൻ ചിന്തിക്കുന്നതും പറയുന്നതും ഭൂമിയിൽ / മഹാപ്രപഞ്ചത്തിൽ ജീവിച്ചുകൊണ്ടാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങൾക്കായി ദൈവം സൃഷ്ടിച്ചിരിക്കുന്നതും, ദൈവത്തിന്റെ മഹാജ്ഞാനവും കൂടിയായ മഹാശാസ്ത്രത്തിന്റെ ഏതാനും ശാഖകളിലെ അല്പം അറിവ്, ദൈവം തന്നെ മനുഷ്യൻ എന്ന ജീവിയ്ക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതു കൊണ്ടുമാണ്.

മനുഷ്യൻ എന്ന ജീവി മാത്രം ഇല്ലാത്തതും, യാതൊരു ജീവികളുമില്ലാത്തതും, ഇന്നലെ ജീവിക്കുകയും ഇന്നു മരിക്കുകയും ചെയ്ത വ്യക്തി ഇല്ലാത്തതും എന്നിങ്ങനെയെല്ലാം, മനുഷ്യൻ അറിയുന്ന ശാസ്ത്രങ്ങൾ അനുസരിച്ച് മഹാപ്രപഞ്ചത്തെ സങ്കല്പിക്കാൻ കഴിയുന്നതാണ്.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണെന്നു വിശ്വസിക്കുമ്പോൾ, ജീവികളെ സൃഷ്ടിക്കുന്നില്ല എങ്കിൽ മഹാപ്രപഞ്ചവും ദൈവവും മാത്രം !

ഇനി മഹാപ്രപഞ്ചം എന്നൊന്നില്ല എന്നതിനെപ്പറ്റി സങ്കല്പിക്കുവാൻ ശ്രമിക്കുക. മഹാപ്രപഞ്ചം ഇല്ലെങ്കിൽ മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം ഒരു ശൂന്യതയാണ് ഉണ്ടാവുക. മനുഷ്യന്റെ ചിന്തകളും ഭാവനകളും സ്വപ്നങ്ങളും പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളുമായും ജീവികളുമായും മഹാശാസ്ത്രവുമായും ബന്ധപ്പെട്ടിരിക്കുകയാൽ മഹാപ്രപഞ്ചം ഇല്ലാത്ത അവസ്ഥയെപ്പറ്റി ഭാവന ചെയ്യാൻ കഴിയുന്നതല്ല. മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാൻ ശക്തിയുള്ളതോ ശക്തിയില്ലാത്തതോ, ശക്തി ഉണ്ടെങ്കിലും തയ്യാറാവാത്തതോ ആയ എന്തോ ഒന്നായ ദൈവത്തെയാണ് മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ അനുസരിച്ച് സങ്കല്പിക്കാൻ കഴിയുക.

ശാസ്ത്രകാര്യങ്ങളെ ഉൾക്കൊള്ളാൻ മറ്റുള്ള ജീവികളെപ്പോലെ, മനുഷ്യൻ എന്ന ജീവിക്കും കഴിവില്ലാത്ത അവസ്ഥയാണെങ്കിലോ, മഹാശാസ്ത്രം എന്നൊന്ന് ഇല്ലെങ്കിലോ, ചിന്തകളും ഭാവനകളുമെല്ലാം ഏറ്റവും ചുരുങ്ങുകയോ ഇല്ലാതെ വരുകയോ ചെയ്യുന്നു.

മഹാപ്രപഞ്ചം ഇല്ലാത്തപ്പോഴും മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിയുന്ന ഒരു മഹാശക്തി ഉണ്ടെന്നു സങ്കല്പിക്കുമ്പോഴും, മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ വേണ്ടയോ, എപ്പോൾ വേണം ; സൃഷ്ടിച്ചശേഷം സംഹരിക്കുക, ശേഷം മഹാപ്രപഞ്ചം എന്നൊന്നില്ലാതെ തനിച്ചു കഴിയുക, ശേഷം ഇഷ്ടപ്രകാരം എപ്പോഴെങ്കിലും മനുഷ്യനു സങ്കല്പിക്കാൻ കഴിയാത്ത മറ്റ് മഹാശാസ്ത്രങ്ങളെ ആവിഷ്ക്കരിച്ചുകൊണ്ട് അവ പ്രകാരമുള്ള മറ്റു മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കുക, തുടങ്ങിയവ മഹാശക്തിയുടെ ഇഷ്ടത്തിൽ മാത്രം ഒതുങ്ങുന്നതാണ്.

ഈ വരികളെ വായിക്കുന്ന വ്യക്തി ഇല്ലെങ്കിലും മറ്റു വ്യക്തികൾ ഉണ്ടെന്നതുപോലെ, മനുഷ്യർ അറിയുന്ന ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം ഇല്ലെങ്കിലും മറ്റു മഹാപ്രപഞ്ചങ്ങളും അവയെ സൃഷ്ടിക്കുന്ന മഹാശക്തിയും ഉണ്ടാവാം എന്നു ചിന്തിക്കുവാൻ മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം സാധിക്കുന്നതാണ്.

ഇനി, മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയും ജീവികളെയുമെല്ലാം സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെപ്പറ്റി പറയുമ്പോൾ, മഹാപ്രപഞ്ചത്തിലെ ജീവികളുമായി ബന്ധപ്പെടുത്തിയും ഇന്ദ്രിയങ്ങളുമായി ബന്ധപ്പെടുത്തിയും ഒരു മഹാജീവിയെ പ്പോലെയുള്ള ദൈവത്തെയും, അതേപോലെ മഹാപ്രപഞ്ചത്തിൽ നിന്നും ഭിന്നമായ എന്തോ ഒരു മഹാശക്തി വിശേഷമായും ദൈവത്തെ സങ്കല്പിക്കാൻ കഴിയുന്നതാണ്.

മഹാപ്രപഞ്ചം ഇല്ലെങ്കിലും, യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ, അതാണ് ദൈവം എന്നു പറയുമ്പോൾ, ആയത് മനുഷ്യന്റെ ഭാവനകൾക്ക് അതീതമാണ്. സ്രഷ്ടാവ്, രക്ഷിതാവ്, മഹായജമാനൻ, മഹാദേവൻ, മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാശക്തി തുടങ്ങിയ പേരുകളൊന്നും പ്രസ്തുത എന്തോ ഒന്നിനു ചേരില്ല. മഹാസത്യം എന്ന് കഷ്ടിച്ച് പറയാനാവുന്ന എന്തോ ഒന്ന് സ്ഥിതിചെയ്യുന്നതായി മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം സങ്കല്പിക്കാൻ സാധിക്കുന്നതാണ്. മഹാസത്യം എന്ന പദം മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടിരിക്കുന്നതാണല്ലോ എന്നു ചിന്തിക്കുമ്പോൾ മഹാസത്യം എന്നുപോലും പേരിടാൻ കഴിയാനാവാത്ത അവസ്ഥയുണ്ടാകുന്നു. അതായത്, അത്തരമൊരു ശക്തിവിശേഷത്തിനു പേരിടാൻ മനുഷ്യനു കഴിയില്ല. മഹാപ്രപഞ്ചം ഉൾപ്പെടെ യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ എന്ന മഹാ-അവസ്ഥയ്ക്ക് മഹാശക്തിയായ ദൈവം മഹാകല്പിച്ചു നൽകിയിരിക്കുന്ന പേരാണ് ബ്രഹ്മം.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാസത്യമാണ് ബ്രഹ്മം.

മഹാശക്തിയായ ദൈവത്തെപ്പറ്റി പഠിക്കുമ്പോൾ ബ്രഹ്മം എന്ന മഹാ-അവസ്ഥയെ ഒഴിവാക്കിയാൽ ആദിയും അന്തവുമില്ലാത്ത മഹാശക്തിയെന്ന മഹാവിശേഷണം സാദ്ധ്യമല്ലാതെ വരുന്നതാണ്.

ബ്രഹ്മം എന്താണെന്ന് വ്യക്തമാകുമ്പോഴും, ബ്രഹ്മം അനിർവ്വചനീയമാണ് എന്നുകൂടി സമ്മതിക്കേണ്ടി വരുന്നു !

ദൈവം മഹാആവിഷ്ക്കരിച്ചതായ എല്ലാ ശാസ്ത്രശാഖകളിലും മഹാപ്രപഞ്ചത്തിലും ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ സുവ്യക്തമാക്കുന്നതോടൊപ്പം ഓം എന്ന ശബ്ദബ്രഹ്മത്തെയും ദൈവം മഹാലയിപ്പിച്ചിട്ടുണ്ട് ; വസ്തുക്കളുടെയും ജീവികളുടെയും ഓരോ ആറ്റത്തിലും മഹാലയിപ്പിച്ചിട്ടുണ്ട്. അതോടുകൂടി മഹാപ്രപഞ്ചമെന്നത് മഹാശക്തിയുടെ മഹാരൂപമായും മാറുന്നുണ്ട്. ഓം എന്ന പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരണമുണ്ട്.

മുകളിൽ കൊടുത്ത കാര്യങ്ങളെ അല്പം കൂടി ലളിതമായ മറ്റൊരു രീതിയിൽ കൂടി വിശദീകരിക്കേണ്ടതുണ്ട് :-

മനുഷ്യർക്ക് ഒട്ടും അറിയാത്ത പ്രപഞ്ചങ്ങളുണ്ടെങ്കിൽ പോലും അവയും ദൈവ-നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മനുഷ്യന് സങ്കല്പിക്കാൻ കൂടി കഴിയാത്ത മറ്റു ശാസ്ത്രങ്ങളും മറ്റു പ്രപഞ്ചങ്ങളും സൃഷ്ടിക്കാനാവുന്ന 'മഹാശക്തി' മനുഷ്യ-സങ്കല്പങ്ങൾക്ക് അതീതമാണ്.

പ്രപഞ്ചത്തെ മാത്രം ആധാരമാക്കിക്കൊണ്ട് ഏക-മഹാശക്തിയായ ദൈവത്തെ മനസ്സിലാക്കുന്നതിൽ വലിയ പിഴവുണ്ട്.

എന്തെന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള പ്രപഞ്ചത്തെ സൃഷ്ടിക്കാതെയും മഹാശക്തിയായ ദൈവത്തിനു കഴിയാം. മഹാശക്തി മാത്രം. മഹാ..ശക്തി എന്ന വാക്കിന് പ്രപഞ്ചവുമായി ബന്ധമുണ്ട്. ആകയാൽ മഹാസത്യം എന്ന പദം താരതമ്യേന കൂടുതൽ ചേരും. മഹാസത്യം എന്ന പദവും മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടതാകയാൽ സമ്പൂർണ്ണമല്ല !

മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികൾ ചെയ്യുന്ന മഹാശക്തിയെ പ്രപഞ്ചത്തിന് അതീതമായ മഹാശക്തിയെന്നു തിരിച്ചറിഞ്ഞ് മഹാസത്യം എന്ന് കഷ്ടിച്ചു പേരിടാമെന്നല്ലാതെ, മഹാപ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യന്, മഹാപ്രപഞ്ചത്തിന് അതീതമായ പദം / പേര് ഉപയോഗിക്കാൻ കഴിവില്ല ! അതേസമയം മഹാപ്രപഞ്ചത്തിനും മനുഷ്യന്റെ ഭാവനയ്ക്കും അതീതമായ ദൈവത്തിന്റെ അവസ്ഥയെപ്പറ്റി മനുഷ്യന് ബോധമുണ്ടാവുകയും വേണം. അതിന്നായിട്ട് ദൈവത്തിന്റെ ഭാഗമായ ഏകദാസനിലൂടെ 1000 കോടി വർഷങ്ങൾക്കു മുമ്പ്, ആദ്യ മഹാകാലചക്രത്തിലെ, ആദ്യ സൃഷ്ടിചക്രങ്ങളിൽ, ദൈവം അറിയിച്ചിട്ടുള്ള മഹാനാമമാണ് ബ്രഹ്മം.

ബ്രഹ്മം എന്താണെന്നു സുവ്യക്തമാക്കിയത്, വീണ്ടും പരിശോധിച്ചാൽ, ബ്രഹ്മം എന്താണെന്നു വിശദമാക്കാൻ കഴിയില്ല എന്ന് ബോദ്ധ്യമാകും.

അതേസമയം രൂപത്തിനും സർവ്വത്തിനും അതീതമായ ബ്രഹ്മത്തെ ഉപമിക്കാൻ ഒരു രൂപം ഉണ്ട്. ബ്രഹ്മത്തിന്റെ മഹാവിദ്യയാണത് :

ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യം പോലെയുള്ള ആകാശത്തെ പരിചയിക്കുകയാൽ, മഹാപ്രപഞ്ചം ഇല്ലാത്ത മഹാഅവസ്ഥയിൽ ആകാശത്തിന്റെ ഭാവന ഉണ്ടാകുന്നതാണ്. ആകാശവും ബ്രഹ്മം പോലെ ശൂന്യം അല്ലാത്ത മഹാശൂന്യമാണെന്ന പ്രതീതി ഉണ്ടാകുന്നുണ്ട്.

ആദിയും അന്തവും ഇല്ലാത്ത മഹാലിംഗമാണ് ആകാശം എന്നറിയുമ്പോൾ, മഹാലിംഗത്തിന്റെ അകത്താണ് മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നും തെളിയുന്നു.

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പ്രപഞ്ചം ഇല്ലെങ്കിലും 'ബ്രഹ്മവും ആദിയും അന്തവും ഇല്ലാത്ത ദൈവം ഉണ്ട് ' എന്നു മനസ്സിലാക്കാമെന്നതു പോലെ, ആകാശം എന്ന മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനും അറിയാനും കഴിയുന്നതാണ് : ഭൂമി എന്ന അദ്ധ്യായത്തിൽ ശിവലിംഗം വിശദീകരിക്കുന്നുണ്ട്.

ദൈവവും ദൈവരൂപവും

ബ്രഹ്മം സ്വയം ഓം എന്ന ശബ്ദബ്രഹ്മം ആയിക്കൊണ്ട് മഹാസമ്പൂർണ്ണതയോടെ ബ്രഹ്മത്തിന്റെ 'പരമായ' അഥവാ ശ്രേഷ്ഠമായ അവസ്ഥയായിട്ട് പരബ്രഹ്മം എന്ന മഹാപ്രപഞ്ചം എന്ന ജഗത്തിനെ സൃഷ്ടിക്കാതെ-സൃഷ്ടിച്ചിരിക്കുന്നു.

പരബ്രഹ്മം = മഹാപ്രപഞ്ചം

(ഓം എന്താണെന്ന് വേറിട്ട് വിശദീകരിക്കുന്നുണ്ട്.)

മഹാപ്രപഞ്ചം എന്ന ജഗത്തിനെ സൃഷ്ടിക്കാതെ-സൃഷ്ടിച്ചിരിക്കുന്നത് എങ്ങനെയെന്നു വിശദമാക്കാം.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ബ്രഹ്മം ആണോ എന്ന് ചോദിച്ചാൽ അല്ലാ എന്ന് ഉത്തരം പറയേണ്ടതായി വരും. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവ് ഏകദൈവമായ '(മഹാ)ശക്തിചക്രം+ശിവചക്രം' ആണെന്ന് പ്രസ്താവിച്ചാൽ ആശയ വിശദീകരണം ആവശ്യമാണ്.

ചുവടെ കൊടുക്കുന്ന കാര്യങ്ങളെ ശ്രദ്ധിക്കാനും പഠിക്കാനും മനസ്സിലാക്കാനും ദൈവം പ്രത്യേകം കനിയേണ്ടതുണ്ട്. ആവക കാര്യങ്ങളെ സമ്പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുന്ന ഒരു ജന്മം ഓരോ മനുഷ്യനും തീർച്ചയായും ലഭിക്കുന്നതാണ്. ഓംസത്യം.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെ അല്പം വിശദീകരിക്കാം :-

സർവ്വത്തിനും - മഹാപ്രപഞ്ചത്തിനും - അതീതമായ ബ്രഹ്മം, സൃഷ്ടിക്കുന്നത് മഹാപ്രപഞ്ചത്തിനും അതീതമായ ശിവ ഗോളം, ശക്തി ഗോളം എന്ന രണ്ട് മഹാവിചിത്ര പ്രതിഭാസങ്ങളെയാണ്.

പ്രപഞ്ചത്തിലെ ആദ്യ ജീവിസൃഷ്ടിയായി മത്സ്യത്തെ സൃഷ്ടിച്ച ശേഷം ജനനം, ജീവിതം, മരണം, എന്നിവയിലൂടെ സർവ്വ ജീവികൾക്കും മഹാസമനീതി ലഭ്യമാക്കുന്നത് പുനർജ്ജന്മങ്ങളിലൂടെ, സൃഷ്ടികളെ തന്നെ സ്രഷ്ടാവ് പോലെ മാതാപിതാക്കളായി സൃഷ്ടിച്ചു കൊണ്ടാണ്. മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് മഹാപിതാവും മഹാമാതാവുമായിട്ട് ഒന്നായ ദൈവം രണ്ടാവാതെ രണ്ടാവുന്ന ഒരു ദിവ്യ മഹാവിദ്യയുടെ ആരംഭം കൂടിയാണത്.

ശിവ ഗോളം, ശക്തി ഗോളം എന്നിവയെ 'ശിവചക്രം, ശക്തിചക്രം' എന്നിങ്ങനെ ചുരുക്കിയും ക്രമത്തിലും പറയുമ്പോൾ ആദ്യം ശിവ ചക്രത്തെയും, രണ്ടാമത് ശക്തി ചക്രത്തെയും സൃഷ്ടിച്ചു. ശേഷം ശക്തി ചക്രത്തിലേക്കു മാത്രമായി, ഓം എന്ന ഏകമഹാശബ്ദമായി ബ്രഹ്മം പ്രവേശിക്കുകയും, അതോടെ മഹാശക്തിചക്രമായി ശക്തിചക്രം പരിണമിക്കുകയും ചെയ്തു എന്നത് മഹാപ്രപഞ്ചത്തിന് അതീതമായ വസ്തുതകളുടെ സത്യമായ ഒരു വ്യാഖ്യാനം മാത്രമാണ്.

ബ്രഹ്മം, ശിവ-ശക്തി ചക്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് മഹാപ്രപഞ്ചത്തിനു മുമ്പും അതീതവുമാകയാൽ, ശിവചക്രത്തിനും ശക്തിചക്രത്തിനും ആദിയില്ലെന്ന് കണക്കാക്കേണ്ടതുണ്ട്. ആദിയില്ലാത്തവയെ (മറ്റൊന്ന്) സൃഷ്ടിച്ചതായി കണക്കാക്കാൻ കഴിയില്ല; സൃഷ്ടിയായും കണക്കാക്കാൻ കഴിയില്ല. ബ്രഹ്മത്തിനു മാത്രം സാധിക്കുന്ന മഹാപ്രഭാവമാണത്.

അത്തരം ദൈവകാര്യങ്ങളെ ദൈവത്തിന്റെ 'ശിവ-ശക്തി ഭാഗങ്ങൾ' അറിയിക്കാതെ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അറിയാൻ കഴിയുന്നതുമല്ല.

സമസ്ത ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത്, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ശിവചക്രം+മഹാശക്തിചക്രം എന്ന പ്രപഞ്ചപിതാവും മഹാമാതാവുമാണ് എന്ന് സുസ്ഥാപിതമാക്കുകയാണ് ബ്രഹ്മം.

ആദിയില്ലാത്ത ദൈവം = ശിവചക്രം+മഹാശക്തിചക്രം പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നത് സത്യമായും ഭവിക്കുന്നു.

മഹാശക്തിചക്രം

മഹാനിശ്ചയിക്കുമ്പോലെ ശിവചക്രത്തെ ജീവമായും നിർജ്ജീവമായും പങ്കെടുപ്പിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നു. മഹാശക്തിചക്രം മാത്രമാണ് ഏകദൈവം എന്നും സുവ്യക്തമാക്കുന്ന മഹാവിദ്യ കൂടിയാണത്.

ബ്രഹ്മം എന്ന വിശദമാക്കാൻ കഴിയാത്ത ഏകമഹാസത്യം സൃഷ്ടിച്ച രണ്ടു കുഞ്ഞുങ്ങളായി ശിവ ചക്രത്തെയും, ശക്തി ചക്രത്തെയും മനസ്സിലാക്കാൻ കഴിയും. അതേസമയം രണ്ടു വ്യക്തികളായ (ഒരു) പിതാവിലൂടെയും (ഒരു) മാതാവിലൂടെയും സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങൾ അല്ലാ എന്നതിനാൽ

സഹോദരങ്ങൾ അല്ല.

മനുഷ്യരിലും മറ്റുള്ള ജീവികളിലും സഹോദര വ്യവസ്ഥയും, കാമബന്ധ വ്യവസ്ഥയും ശാസ്ത്ര നിയമങ്ങളും വ്യത്യാസപ്പെടുന്നത് എങ്ങനെയെല്ലാം എന്നും, എന്തുകൊണ്ടാണെന്നും, www.omsathyam.com/GodlyRevolution/MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശക്തിചക്രത്തിൽ ബ്രഹ്മം ചേർന്ന് മഹാശക്തിചക്രം ആകുന്നതോടെ ശിവചക്രം+മഹാശക്തിചക്രം മാത്രമാണ് ഏകമഹാസത്യം. മഹാപ്രപഞ്ചത്തിനും അതീതമായ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ശിവചക്രം+മഹാശക്തിചക്രം മഹാഭദ്രമാക്കുന്ന മഹാകാര്യങ്ങളെ ശാസ്ത്ര പരമായല്ലാതെ, സൃഷ്ടി മാത്രമായ മനുഷ്യരുടെ മനോഭാവങ്ങൾ പോലെ, വിശകലനം ചെയ്യുന്നത്, അജ്ഞാനവും അനാവശ്യവും, അവിവേകവുമാണ്.

മഹാപ്രപഞ്ചത്തിന് അതീതമായ ഭാവനകൾ പോലും മനുഷ്യർക്ക് സാദ്ധ്യമല്ല എന്നിരിക്കെ, ഭൗതിക-വസ്തുപരമായ ആധാരം ഇല്ലാതെ മഹായുക്തിപരമായി ശിവചക്രം+മഹാശക്തിചക്രം എന്ന് പ്രസ്താവിച്ചതിനെയും ബന്ധപ്പെട്ട ദൈവകാര്യങ്ങളെയും ഉൾക്കൊള്ളാൻ സൃഷ്ടികൾക്ക് / മനുഷ്യർക്ക് കഴിയുന്നതല്ല.

മഹാശക്തി-ശിവ ചക്രങ്ങളുടെ കൂട്ടായ്മയാണ് മഹാപ്രപഞ്ചം; മഹാഭദ്രമാക്കുന്നത് ഏകദൈവമായ മഹാശക്തിചക്രം മാത്രവും. മഹാശക്തി ലിംഗം, മഹാലിംഗം, ശക്തി ലിംഗം, മഹാശിവ ലിംഗം, ശിവ ലിംഗം എന്നെല്ലാം വിശേഷിപ്പിക്കാൻ കഴിയുന്ന മഹാശൂന്യതയായ ആകാശത്തിന് ദൈവത്തിന്റെ ബ്രഹ്മ അവസ്ഥയുമായുള്ള സാദൃശ്യത്തെ മുമ്പ് സൂചിപ്പിച്ചിരുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുഴുവൻ ഭദ്രപ്പെടുത്തിയിട്ടുള്ള മഹാ-സൃഷ്ടിപാത്രം ആയിട്ട് ആകാശം എന്ന മഹാശിവയുടെ ലിംഗം @ ശിവ ലിംഗം പ്രവർത്തിക്കുന്നു. ബ്രഹ്മത്തിന്റെ രണ്ടു കുഞ്ഞുങ്ങളായ ശിവനും ശിവയും (ശക്തിയും) ഭർത്താവും ഭാര്യയുമായി പ്രണയ ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നു .. ഓം എന്നത് ആദ്യ വ്യാഖ്യാനം പ്രകാരം ശിവയും ശിവനും (ശക്തിയും) സൃഷ്ടിക്കുന്ന ദൈവീക പ്രണയ മന്ത്രമാണ്.

ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ ദൈവത്തിന്റെ ആനന്ദങ്ങൾ മഹാവാത്സല്ല്യവും മഹാദാസ്യവും ആണെന്നും അവയ്ക്ക് സൃഷ്ടികളായ ജീവികളുടെ ആനന്ദങ്ങളുമായി ബന്ധമില്ലെന്നും, അതീതമാണ് എന്നും സുവ്യക്തമാക്കിയിട്ടുണ്ട്.

പ്രപഞ്ചത്തിന് അതീതമായ 'ശിവയുടെയും ശിവന്റെയും' പ്രണയത്തിൽ ഓം പ്രവർത്തിച്ച് 'മഹാവാത്സല്ല്യം + മഹാദാസ്യം' എന്നീ ദൈവ-ആനന്ദങ്ങളെയും വസ്തുക്കളെയും ആദിയിൽ സൃഷ്ടിച്ചിരിക്കുകയാണ്. 'കുഞ്ഞുങ്ങളും സൃഷ്ടികളുമായി ജീവികളെയും അവയ്ക്കുള്ള താവളമായി മഹാപ്രപഞ്ചത്തെയും സൃഷ്ടിക്കാനുള്ള മഹാശാസ്ത്രപരമായ ദിവ്യമഹാപദ്ധതിയാണ് ' അടിസ്ഥാന പരമായി 'ശിവയുടെയും ശിവന്റെയും പ്രണയവും പ്രണയ മന്ത്രവും' എന്നതാണ് വിഷയത്തിലെ സൂത്രവാക്യം. അവയെല്ലാം മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളെ മഹാപ്രപഞ്ചത്തിലെ വസ്തുക്കൾ കൊണ്ടും, നിയമങ്ങൾ കൊണ്ടും, വിശദീകരിക്കാൻ കഴിയില്ല. മാത്രമല്ല; ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട അത്തരം കാര്യങ്ങൾ സൃഷ്ടികളുടെ / കുഞ്ഞുങ്ങളുടെ വിഷയവുമല്ല.

ഭൂമിയിലെ സമസ്ത വസ്തുക്കളുടെയും ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം മഹാശക്തി-ശിവ ചക്രങ്ങളുടെ കൂട്ടായ്മയാണ്. ജീവികളല്ലാത്ത മഹാസത്യത്തെ സ്ത്രീ, പുരുഷൻ എന്നിങ്ങനെ വേർതിരിക്കാൻ കഴിയില്ല. എങ്കിലും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുൻനിർത്തി മഹാശക്തി-ശിവ ചക്രങ്ങൾ രൂപപ്പെടുകയാൽ അവർ ഭാര്യാഭർത്താക്കന്മാർ ആണെന്നും, മനുഷ്യർ ഉൾപ്പെട്ട സമസ്ത ജീവികളുടെയും മഹാമാതാവും മഹാപിതാവുമാണെന്നും, വിശേഷ ബുദ്ധി നൽകിയ മനുഷ്യരെ (സൃഷ്ടികളെ) അറിയിക്കുക കൂടിയാണ്.

പ്രപഞ്ചപിതാവായി ശിവചക്രം പ്രവർത്തിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായി സ്വന്തം ഭാഗമായ ശിവചക്രത്തെ, ജീവമായും നിർജ്ജീവമായും ആവശ്യാനുസരണം മഹാശക്തിചക്രം മഹാപ്രവർത്തിപ്പിക്കുകയാണ്. ഏകമഹാശക്തിയായ മഹാശക്തിചക്രം, സ്വന്തം ഭാഗവും ഭർത്താവുമായ ശിവചക്രത്തിന് മഹാപിതാവ് , പ്രപഞ്ച പിതാവ്, മഹാദേവൻ, പരമശിവൻ തുടങ്ങിയ മഹാപദവികളെ മഹാഅനുഗ്രഹിച്ച് സമ്മാനിക്കുകയാണു ചെയ്യുന്നത്.

ബന്ധപ്പെട്ട പാഠം, 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി' എന്ന അദ്ധ്യായത്തിലുണ്ട്.

ഓം എന്ന 'ശബ്ദബ്രഹ്മം' മഹാപ്രപഞ്ചത്തിന് വിധേയമായിരിക്കുമ്പോഴും മഹാപ്രപഞ്ചത്തിന് അതീതമാണെന്ന് ഓം എന്ന അദ്ധ്യായത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.
മഹാശക്തി-ശിവചക്ര ബന്ധങ്ങളിലൂടെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ബ്രഹ്മം, മഹാപ്രപഞ്ചം എന്ന സർവ്വത്തിന് സദാ അതീതമാണെന്നും തെളിയുന്നു.

മഹാശക്തിയായ ദൈവത്തിന്റെ ബ്രഹ്മാവസ്ഥയുമായി ബന്ധപ്പെട്ടുള്ള ഒരു വിശിഷ്ട പാഠം ജീവാത്മാവിന്റെ ഉറക്കം, ബോധക്ഷയം എന്നിവയിലുണ്ട്. മനുഷ്യന്റെ സ്വത്വബോധം, ഞാൻ-ബോധം, മനസ്സ്, എന്നെല്ലാംകൂടി അറിയപ്പെടുന്ന ജീവാത്മാവ് താൽക്കാലികമായി ബോധം നഷ്ടപ്പെട്ട് ഉറങ്ങുമ്പോൾ, ജീവാത്മാവും, ജീവാത്മാവിനെ വഹിക്കുന്ന (ദൈവാംശമായ) ശരീരവും അവിടെയുണ്ട്. സ്വന്തമെന്നു കരുതുന്നതും, യഥാർത്ഥത്തിൽ വ്യക്തിക്ക് 'ഭാഗികമായി മാത്രം അവകാശം ഉള്ളതുമായ ശരീരം' എവിടെയാണ് എന്നതുപോലും ഉറക്കത്തിൽ യാതൊരു വ്യക്തിയും/ജീവാത്മാവും അറിയുന്നില്ല. ഉറക്കത്തിനു ശേഷം മാത്രമാണ് ശരീര ബോധവും ഉണ്ടാകുന്നത്.

ജീവാത്മാവിന്റെ ഉറക്ക-പാഠത്തിൽ നിന്ന്, പ്രപഞ്ചം ഇല്ലെങ്കിലും പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം നിലനിൽക്കുമെന്ന് ലളിതമായി സുവ്യക്തമാക്കപ്പെടുന്നുണ്ട്.

പ്രപഞ്ചത്തിലെ ആനന്ദങ്ങൾ, വസ്തുക്കൾ, ജീവികൾ, ശാസ്ത്ര നിയമങ്ങൾ തുടങ്ങിയവയെ ആധാരമാക്കി ബ്രഹ്മാവസ്ഥയിൽ ആനന്ദമില്ല, ആനന്ദമുണ്ട്, മഹാശൂന്യത ആണ്, ശൂന്യത അല്ല, എന്തെങ്കിലും ഉണ്ട്, യാതൊന്നും ഇല്ല, എന്നിങ്ങനെ യാതൊന്നും പറയാനാവില്ല. എല്ലാ ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം, എല്ലാ ആനന്ദങ്ങൾക്കും അതീതമാണ്. അതായത്,

ബ്രഹ്മം സ്വയം മഹാശക്തിയായി മാറിയോ, മാറാതെയോ, മഹാ-പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പോ പിമ്പോ എന്തെങ്കിലും ചെയ്തുവോ, ചെയ്യുന്നുവോ, ചെയ്യാതിരിക്കുന്നുവോ, ആനന്ദിച്ചുവോ, ആനന്ദിക്കുന്നുവോ എന്നിവ യാതൊരിക്കലും മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികളെ സംബന്ധിച്ച വിഷയമല്ലാതെ വരുന്നു.

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപങ്ങളാണ് മഹാപ്രപഞ്ചമായ പരബ്രഹ്മം. പരബ്രഹ്മമായ ദൈവത്തിന്റെ കുഞ്ഞുങ്ങളായി മനുഷ്യരെ / ജീവികളെ സൃഷ്ടിച്ചിരിക്കുകയാണ്. ബ്രഹ്മത്തിന്റെ അഥവാ ദൈവത്തിന്റെ അംശങ്ങളാകുന്നില്ല സൃഷ്ടികൾ എന്നും സുവ്യക്തമാക്കി. മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെയും മഹാപ്രപഞ്ചത്തിന്റെയും മഹാപിതാവായിട്ട് ബ്രഹ്മമായ ദൈവം ഒരുക്കിയിട്ടുള്ള പരമശിവൻ പോലും ബ്രഹ്മത്തിന്റെ ഭാഗമല്ല. ബ്രഹ്മം ഏകമാണ്.

പ്രപഞ്ചത്തെ സംബന്ധിച്ചവ മാത്രമാണ് കാലവും, കാലഗണനയായ പഞ്ചാംഗവും എന്നതിനാൽ, ബ്രഹ്മം കാലത്തിനും അതീതമാണ്.

ബ്രഹ്മം മഹാപ്രപഞ്ചത്തിന് അതീതമാകയാലും എല്ലാ കുഞ്ഞുങ്ങളും / മനുഷ്യരും മറ്റുള്ള ജീവികളും മഹാപ്രപഞ്ചത്തിലെ അംഗങ്ങളാകയാലും, അവയെല്ലാം മഹാപ്രപഞ്ചത്തിന്റെ ഭാഗമായി മാത്രം എക്കാലവും ജീവിക്കുകയാലും, യാതൊരു സൃഷ്ടികളും ബ്രഹ്മ-കാര്യങ്ങളെ കൂടുതൽ അറിയാൻ ആഗ്രഹിച്ചുകൂടാ. മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളെ ഉൾക്കൊള്ളാൻ മഹാപ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യനു സാധിക്കില്ല; ശക്തി നൽകിയിട്ടില്ല; മനുഷ്യന് ആവശ്യമില്ല. വിപരീതമായി പ്രവർത്തിച്ചാൽ, ബുദ്ധിഭ്രമം ഉണ്ടാകുന്നതാണ്.

മഹാപ്രപഞ്ചത്തിൽ വർത്തിക്കുന്ന മഹാശക്തിയായ ദൈവത്തെ, ദൈവ വിപ്ലവത്തിനു മുമ്പ് അറിഞ്ഞും അറിയാതെയും പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരാണ് മതനേതാക്കന്മാരും രാഷ്ട്രീയ നേതാക്കന്മാരും ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും. മനുഷ്യരുടെ പ്രസ്തുത ഹീന പ്രവൃത്തികളെ മഹാമാതാവായ ദൈവം മഹാശാസ്ത്ര പ്രകാരം തിരുത്തുകയും കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യം നൽകുന്നതുമാണ്.

എന്നാൽ,

ബ്രഹ്മത്തെ പരിഹസിക്കേണ്ട കാര്യം മനുഷ്യനില്ല. ബ്രഹ്മം മനുഷ്യനുമായോ മഹാപ്രപഞ്ചവുമായോ ബന്ധപ്പെട്ടിരിക്കുന്നില്ല. അങ്ങനെയിരിക്കെ ഒരു കാര്യവുമില്ലാതെ മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളിൽ മനുഷ്യർ തലയിടുകയും പരിഹാസ രീതികൾ പുലർത്തുകയും ചെയ്താൽ, കുഞ്ഞുങ്ങളേ, ബ്രഹ്മമായിരിക്കുന്ന മഹാശക്തി ക്ഷമിച്ചെന്നു വരില്ല, ക്ഷമിക്കില്ല എന്ന രീതിയിൽ പ്രസ്തുത കടുത്ത പാപം നേടാതെ കുഞ്ഞുങ്ങൾ ശ്രദ്ധിക്കണം എന്ന് വാത്സല്യത്തോടെയും സ്നേഹത്തോടെയും ഉപദേശിക്കുന്നു, അഭ്യർത്ഥിക്കുന്നു, താക്കീതു ചെയ്യുന്നു.

ബ്രഹ്മത്തെ അറിയാൻ കഴിയുന്നതല്ല എന്നു സുവ്യക്തമായി വിശദീകരിച്ചുകഴിഞ്ഞു. ആകയാൽ, മഹാപ്രപഞ്ചത്തിലെ ജീവികൾ മാത്രമായ മനുഷ്യർ, മഹാപ്രപഞ്ചവുമായിട്ട് ബന്ധമില്ലാത്തതായ ബ്രഹ്മം എന്ന മഹാനാമത്തെ തങ്ങളുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തുന്നതും, മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മത്തെ ആരാധിക്കുന്നതും അർത്ഥശൂന്യതയാണ്; അനുവാദവും ഇല്ല; തീർച്ചയായും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്ന കാര്യമാണ്.

ബ്രഹ്മത്തോട് പ്രാർത്ഥിക്കാൻ പാടില്ല.

ഇതുമായി ബന്ധപ്പെട്ടാണ് ത്രിമൂർത്തികൾ എന്ന സങ്കല്പത്തിലെ സൃഷ്ടികർത്താവായ ബ്രഹ്മാവ് എന്ന ദേവനെ ആരാധിക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉണ്ടായിട്ടുള്ളത്. സൃഷ്ടി സ്ഥിതി സംഹാരം എന്നതിൽ സൃഷ്ടിയെ ആധാരമാക്കിയാണ് സ്ഥിതിയും സംഹാരവും എന്നിരിക്കെ സൃഷ്ടികർത്താവെന്ന് പറയുന്ന ബ്രഹ്മാവിനെ തരംതാഴ്ത്തിയത് എന്തുകൊണ്ടാണ് ?

ത്രിമൂർത്തികൾ എന്നത് ശരിയല്ലെന്നും, അത് വെറും സങ്കല്പം മാത്രമാണെന്നും ആദ്യം അറിയണം.

ഭൂമിയായ ഏകദൈവമാണ് സൃഷ്ടി സ്ഥിതി സംഹാരം എന്നിവ മൂന്നും ചെയ്യുന്നത്. സൃഷ്ടി ചക്രങ്ങളിൽ ദൈവം @ മായ പ്രത്യക്ഷമാകുന്ന രണ്ടാമത്തെ പകുതിയിൽ ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ള ഏക ദേവനും ബ്രഹ്മദേവനുമായ പരമശിവൻ അവതരിക്കുമ്പോൾ ശക്തിചക്രമായ മഹാശിവ മത്സ്യാവതാരം എടുക്കുന്നു. ആദ്യജീവിസൃഷ്ടിയായ മത്സ്യത്തിന്റെ ആദ്യ-ജന്മ-സൃഷ്ടി നിലയ്ക്കുന്നു.

മത്സ്യങ്ങളിൽ പുനർജ്ജന്മങ്ങൾ മാത്രമാണ് പിന്നീട് തുടരുക. ആവിധ കാര്യങ്ങളെ പിൻപറ്റിയാണ് ശിവൻ ബ്രഹ്മാവിന്റെ ഒരു ശിരസ്സ് ഛേദിച്ചു, ബ്രഹ്മാവിനെ ആരാധിക്കാൻ പാടില്ല തുടങ്ങിയ അബദ്ധ കഥകൾ ഉണ്ടായത്. മുൻ സൃഷ്ടി ചക്രങ്ങളിൽ നിന്ന് പകർന്ന അബദ്ധ കഥകൾക്ക് ആദ്യ മഹാകാല ചക്രത്തിലെ ഭരണ സംവിധാനത്തിൽ സൃഷ്ടികൾക്ക് ലഭിച്ച അധിക ശക്തികളും സ്വാതന്ത്ര്യങ്ങളും, അവർ കാട്ടിയ കൊടിയ പിഴവുകളും പാപങ്ങളും കൂടി വിഷയങ്ങളാണ്.

ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളോട് നേരിട്ടു ബന്ധമില്ലാത്ത ബ്രഹ്മത്തോട് പ്രാർത്ഥിക്കാൻ പാടില്ല എന്നതായിരുന്നു വിഷയം.

പ്രാർത്ഥന അത്യാവശ്യമോ ആവശ്യമോ അല്ലെങ്കിലും, പ്രാർത്ഥിക്കാതെ വയ്യാ എന്നുള്ള സാധാരണ ജനങ്ങൾക്കും, 'പ്രാർത്ഥനാ വേഷം കെട്ടുന്നവർ' ഉൾപ്പെടെയുള്ള ഏതൊരാൾക്കും അടുത്തൊരു അദ്ധ്യായത്തിൽ വ്യക്തമാക്കിയ ബ്രഹ്മത്തെ അഥവാ ബ്രഹ്മശക്തിയെ ഉൾക്കൊണ്ട് മനുഷ്യരൂപത്തിൽ വർത്തിക്കുന്ന മഹാജഗദംബയായ ഓംമഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയോടു പ്രാർത്ഥിക്കാവുന്നതാണ്.

ബ്രഹ്മവും പരബ്രഹ്മവും മഹാശക്തിയായ മഹാദേവി അഥവാ ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയാണെന്ന് മനസ്സിലാക്കുമ്പോൾ പാഠം ലളിതമാകുന്നു. ദേവി, മഹാദേവി, മണ്ണടി ദേവി, മഹാശിവ, ശിവ, ഭൂമീ ദേവി, ഭൂമി, എന്നിങ്ങനെയും ഇഷ്ടം പോലെയും സൗകര്യം പോലെയും മഹാജഗദംബയോട്, (മഹാശാസ്ത്രം ലഭിക്കാത്തവരായ മഹാഭൂരിപക്ഷം ജനങ്ങൾ) പ്രാർത്ഥിച്ചു കൊള്ളുക.

അറിയുക: ഭക്തിഭ്രാന്ത് പാടില്ല.

ബ്രഹ്മശ്രീ, ബ്രഹ്മ വിദ്വാൻ തുടങ്ങി ബ്രഹ്മം എന്ന പദത്തെ ചേർത്തുകൊണ്ടുള്ള യാതൊരു പേരുകളും മനുഷ്യർ ഉപയോഗിച്ചു കൂടാ. ഉപയോഗിച്ചു വരുന്ന അജ്ഞാനികളും അവിവേകികളുമായ മൂഢജനങ്ങൾ മഹദേവിയോടു മാപ്പു പറഞ്ഞ് ദൈവീകമല്ലാത്ത അഥവാ ധർമ്മശാസ്ത്ര വിരുദ്ധമായ പേരുകളെ ഉപേക്ഷിച്ച് ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുക.

ഓം എന്ന 'ശബ്ദബ്രഹ്മത്തിന്റെയും അക്ഷരബ്രഹ്മത്തിന്റെയും' മഹാശാസ്ത്ര വിശദീകരണങ്ങളിലേക്കു കടക്കുമ്പോൾ, നിശ്ചിത ഭാവവും രൂപവും ഉണ്ടെന്നും ഉള്ളതായും തോന്നിപ്പോകുന്ന മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യർ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥകളിൽ നിന്നും ഭിന്നമായി പ്രവർത്തിപ്പിക്കാനും അതീതമാക്കാനും ദൈവത്തിനു കഴിയുമെന്നു സുവ്യക്തമായി ബോദ്ധ്യമാകുന്നതാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹത്വത്തിൽ മനുഷ്യർ മഹാശ്ചര്യം അനുഭവിക്കുന്നതുമാണ്.

ബ്രഹ്മത്തിൽ നിന്ന് സമ്പൂർണ്ണമായും ഭിന്നമാണ് പരബ്രഹ്മമായ മഹാപ്രപഞ്ചം അഥവാ ജഗത്ത് എന്നും, ബ്രഹ്മത്തിനും പരബ്രഹ്മമായ ജഗത്തിനും തമ്മിൽ യാതൊരു ബന്ധങ്ങളുമില്ല എന്നും സുവ്യക്തമാകുമ്പോൾ തന്നെ, ബ്രഹ്മം പരബ്രഹ്മത്തെയും, പരബ്രഹ്മം ബ്രഹ്മത്തെയും ഉൾക്കൊള്ളുന്ന മഹാആവിഷ്ക്കാരം അറിഞ്ഞ് മനുഷ്യർ മഹാശ്ചര്യം അനുഭവിക്കുന്നതാണ്.

ഓം എന്താണെന്നു ഗ്രഹിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് മേല്പടി മഹാശ്ചര്യം അനുഭവിക്കാൻ കഴിയുന്നതാണ്. അതേസമയം ഓം എന്ന ശബ്ദബ്രഹ്മത്തെ സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ ദൈവം മഹാശ്ചര്യമാക്കുന്ന മഹാപാഠങ്ങളെ പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും, ജീവികൾക്കും / മനുഷ്യർക്കും അവരുടെ മഹാപിതാവായ പരമശിവനും അഹംഭാവം ഒട്ടും ഉണ്ടാവാൻ പാടില്ല. ജീവികൾ ഇല്ലെങ്കിലും, മഹാപ്രപഞ്ചം ഇല്ലെങ്കിലും, ജീവികളുടെയും മഹാപ്രപഞ്ചത്തിന്റെയും മഹാപിതാവായ പരമശിവൻ ഇല്ലെങ്കിലും, മഹാശക്തിയായ ദൈവമുണ്ട്.

ശിവനില്ലെങ്കിലും ശക്തി ഉണ്ട്. പ്രപഞ്ചജീവിയായ മനുഷ്യരെ സംബന്ധിച്ച് അവരുടെ മഹാപിതാവായ പരമശിവനും പ്രപഞ്ചവും എപ്പോഴും ഉണ്ടുതാനും...

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദൈവവും ദൈവരൂപവും	
2	മഹാഖര രൂപമായ ഭൂമി
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവം എന്നതിനാൽ, ദൈവത്തിന്റെ മഹാശക്തികളിലെ ഒരല്പം ശക്തിയും, ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിലെ ഒരല്പം ജ്ഞാനവും കൊണ്ടു മാത്രം മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്താൻ അഥവാ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാൻ ദൈവത്തിനു കഴിയും. അങ്ങനെയും കൂടിയാണ് മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത്. ആകയാൽ മഹാപ്രപഞ്ചത്തിന് അതീതമായ ദൈവം മഹാ-മഹാ-മഹാഭീമമാണെന്നും സുവ്യക്തമാണ്. ബ്രഹ്മ പാഠങ്ങളിലെ ശിവശക്തിചക്രങ്ങൾ ആദ്യത്തെ യാഥാർത്ഥ്യമാവണം.

ബ്രഹ്മ പാഠങ്ങളിൽ ശിവചക്രം, ശക്തിചക്രം എന്നിവ ചേർന്ന് ആകാശവും ഭൂമിയും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം ഉണ്ടാകുന്നു എന്ന് പറയുമ്പോൾ വസ്തുതാപരമായ വിശദീകരണം വേണം. ശിവശക്തി ചക്രങ്ങൾക്ക് രൂപമെടുക്കാനും പ്രവർത്തിച്ചു തുടങ്ങാനുമുള്ള ശിവചക്രവും മഹാലിംഗവും / ശിവലിംഗവും, മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രവും ഒക്കെയായ ആകാശം ആദ്യം ഉണ്ടാകുന്നു; ഒപ്പം ആകാശവും ചേർന്ന് ഭൂമിയും.

ബ്രഹ്മത്തിന്റെ പരമായ @ ശ്രേഷ്ഠമായ ആകാശവും ഭൂമിയും ഉൾപ്പെട്ട പരബ്രഹ്മം എന്തിന് ഉണ്ടാകുന്നു എന്ന് ചോദിച്ചാൽ കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ എന്ന ഏകഉത്തരമാണ് ലഭിക്കുക.

(1-2) മഹാലിംഗം, ശിവലിംഗം, ശിവചക്രം തുടങ്ങിയ പേരുകൾ ഉള്ള ആകാശത്തിന്റെയും, മഹാശക്തിചക്രമായ ഭൂമിയുടെയും സൃഷ്ടി, (3) മഹാനീതിയും ആനന്ദ ശാസ്ത്രവും, (4) ജീവികളുടെ ശരീരം, (5) ജീവികളുടെ ആത്മാവ്, മോക്ഷം (6) സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും എന്നിങ്ങനെ അനവധി മഹാകാര്യങ്ങളെ ഒന്നിച്ചു കൂട്ടിയിണക്കി കൊണ്ടാണ് ഭൂമിയായ ദൈവം വസ്തുക്കളെയും, അവ കൊണ്ട് ഉണ്ടാക്കിയ ശരീരം മഹാഭരിക്കുന്ന 'ശിവചക്ര-അംശങ്ങളായ ജീവാത്മാക്കളെയും' സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും ചെയ്തു പോരുന്നത് :-

(1-2) മഹാലിംഗം, ശിവലിംഗം, ശിവചക്രം തുടങ്ങിയ പേരുകൾ ഉള്ള ആകാശത്തിന്റെയും, മഹാശക്തിചക്രമായ ഭൂമിയുടെയും സൃഷ്ടി

ഓംശക്തിശിവൻ പ്രണയമന്ത്രം

സർവ്വദേശ ഭൂമി ഗാനം

മഹാസംഗീതം

ശബ്ദ ബ്രഹ്മം

അക്ഷരബ്രഹ്മം

ആദി വചനം

സൃഷ്ടി മന്ത്രം

സംഹാര കാഹളം

മഹാശാസ്ത്ര മൂലം

ഏക മഹാശബ്ദം

മഹാസൂക്ഷ്മ ശബ്ദം

ദൈവ വിപ്ലവ ഗാനം

മഹാദേവിയുടെ മഹാചിരി

ഓം OM

സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ആരംഭം : Beginning of the Creation, Protection & Destruction (of Creation Cycles).

മനുഷ്യർക്ക് പ്രധാനമായ പ്രപഞ്ചത്തിൽ ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശവും, അതിൽ ഭൂമിയും, ഭൂമിയിലെ വസ്തുക്കളും ജീവികളും, എല്ലാ ജീവികളുടെയും ജീവിതത്തെ സ്വാധീനിക്കുന്ന സൂര്യനും ചന്ദ്രനുമാണുള്ളത്. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്ര സമൂഹങ്ങളും ഉണ്ടെങ്കിലും, മോക്ഷവുമായും മറ്റും ബന്ധപ്പെട്ട അവ ഭൂമിയിലെ ജീവികളുടെ ജീവിതത്തെ പ്രത്യക്ഷമായി ബാധിക്കുന്നില്ല !	The Universe important to human race consist only of the Earth, the materials / elements and the Creatures in/on Earth, the Infinite Sky, the Sun and the Moon. Though the planets, moons, and galaxies exist, they are connected with Salvation (Moksham), etc and do not directly affect the life of the creatures on Earth !
മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രം = മഹാശൂന്യത=ആകാശം	**Supreme Vessel for Creation, Protection and Salvation = Supreme Vacuum = Sky**
ആദ്യമായി ഒരു ശൂന്യതയെയും, പിന്നീടോ ഒപ്പമോ ശൂന്യതയിൽ എന്തെങ്കിലും പ്രകടമാക്കുന്ന പ്രവൃത്തിയെന്ന് 'സൃഷ്ടി', 'സൃഷ്ടിക്കുക' എന്നീ പദങ്ങളെ നിർവ്വചിക്കാം.	The terms "Creation" and "Create" are defined as the Activity of Establishing a 'Vacuum' & showing anything / something in the Vacuum.

മണ്ണ്, ജലം, വായു, സമുദ്രം, വസ്തുക്കൾ, ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ജീവികൾ തുടങ്ങിയവയിൽ സ്രഷ്ടാവ് ഉൾപ്പെടാത്ത, വസ്തുക്കളെയും ജീവികളെയും കൂടി 'സൃഷ്ടി' എന്നു പറയും.

ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാശാസ്ത്രം' പ്രകാരം 'ആദിയും അന്തവുമില്ലാത്ത ആകാശം' എന്ന 'സൃഷ്ടി-പാത്രത്തിന്റെ' ഉള്ളിലാണ് 'സമസ്ത സൃഷ്ടിയും' മഹാഭദ്രമാക്കിയിട്ടുള്ളത്.

ആദി സൃഷ്ടി മാത്രമല്ലാ; ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ജീവികളെ അവരുടെ മാതാപിതാക്കളിലൂടെ പുനർസൃഷ്ടി നടത്തുന്നതും യഥാർത്ഥത്തിൽ 'ആകാശത്തിന്റെ' ഉള്ളിൽ തന്നെയാണ്.

All 'Things and Creatures' such as Soil, Water, Air, Ocean, Materials, Earth, Sun, Moon, Stars, living creatures, etc that are all Created by (the Creator) is also called 'Creation', if none of them is / are the Creator.

According to GOD's 'Supreme Knowledge' the Whole Creation / Creatures are Supremely Protected in the Infinite Vacuum cum Creation Vessel / Womb @ SKY. Not only the First Creatures; but also the reincarnation of GOD's beloved Children / young ones thru their parents are actually created / reincarnated in the 'sky.'

എങ്ങനെയെന്നാൽ 'ആകാശം' എന്ന 'മഹാശൂന്യതയുടെ മഹാസൂക്ഷ്മമായ അംശങ്ങളാണ് ' മനുഷ്യൻ ഉൾപ്പെടെയുള്ള സ്ത്രീ-ജീവികളിലെ (ദൈവത്തിന്റെ ഖരരൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ടുള്ള ശരീരത്തിന്റെ ഭാഗമായ) 'ഗർഭപാത്രം' എന്ന 'ശൂന്യത-യിലേക്കുള്ള ശൂന്യവീഥി'. ശൂന്യത യഥാർത്ഥത്തിൽ ജീവികളുടെ അവയവമല്ല. സൃഷ്ടിയും പുനർസൃഷ്ടിയും ചെയ്യുന്ന മഹാശൂന്യതയായ ആകാശത്തിന്റെ മഹാശാസ്ത്ര പ്രകാരമുള്ള മഹാനാമങ്ങൾ മാത്രമാണ് 'മഹാലിംഗം, മഹാശക്തി ലിംഗം, ശക്തിലിംഗം, ശിവലിംഗം, മഹാശിവലിംഗം, ശക്തി ശിവ ലിംഗം ' തുടങ്ങിയവ.

For the Supremely Infinite Vacuum @ Sky @ GOD's Creation Vessel enters into the Womb in the Body of all Female Creatures including human beings, to facilitate the Creation in Creatures, whereas Body of all Creatures are in fact Portion of GOD @ Earth made up of Elements in Earth.

The Womb as well as the Vaginal Tract in Female Creatures are to be understood as Vacuum which is Portion from the Sky @ GOD's Creation Vessel. Vacuum can never be considered as an Organ of any Body. MahaLingham, MahaaShakthi Lingham, Shakthi Lingham, MahaaShiva Lingham, Shiva Lingham, Shakthi Shiva Lingham, etc are the Supreme Names of the 'Supreme Vacuum SKY ' as per the Supreme Science, doing All Creations.

എല്ലാ ജീവികളെയും എപ്പോഴും ജനിപ്പിക്കുന്നത് മഹാശിവ കൂടിയായ ദൈവത്തിന്റെ മഹാലിംഗമായ ആകാശത്തിന്റെ അകത്ത് മാത്രമാണെന്നും, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ പ്രദേശങ്ങളുടെ ഭാഗമാക്കുന്നില്ല എന്നും; ഏതെങ്കിലും ദേശക്കാരെന്ന് അവകാശപ്പെടാൻ യാതൊരു ജീവികൾക്കും യാതൊരു അവകാശവും ഇല്ലെന്നും തെളിയുന്നു. അക്കൂടെ, ജീവിയുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ കാര്യങ്ങളെയും മഹാഭദ്രമായി ചെയ്യുന്ന ഭൂമിയെ ദൈവമാണെന്നു തിരിച്ചറിയുന്നവർക്ക് ഭൂമിയുടെ കുഞ്ഞാണെന്ന് മഹാശാസ്ത്രപരമായി അവകാശപ്പെടാനും മണ്ണും ഭൂമിയുമായ ദൈവം മഹാവാത്സല്ല്യത്തോടെ ഓരോ വ്യക്തിയെയും അനുഗ്രഹിക്കുകയുമാണ്.

It is proved above that All Creatures are born/ created in the Supreme Godly Womb/ Vessel @ Sky @ MahaaLingham of MahaaShiva @ MahaaDevi. That's, No Creatures including the Human beings are made as Parts and/or organs of Earth namely Places/ Nations. It is thus evident that No Creature can claim to be the Native of any Nation. In addition, all those Creatures who recognize the Earth which provide everything including all the infinite pleasures to all Creatures on/in Earth from Birth till Death as GOD, bless them to claim as a Beloved Child of Earth as per Supreme Science.

മഹാശാസ്ത്രപരവും, മതങ്ങളുമായി ബന്ധമില്ലാത്തതുമായ ശക്തി ലിംഗവും, ശിവ ലിംഗവും ആകാശവും ഒക്കെയായ മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാരൂപത്തിന്റെ അംശമായ മഹാപ്രപഞ്ചത്തെ മനുഷ്യന് സ്വന്തം കണ്ണുകൾ കൊണ്ട് കാണാൻ കഴിയുന്നതാണ്. ഭൂമിയിൽ എവിടെ നിന്നും ശിവലിംഗമായ ആകാശത്തേക്കു നോക്കിയാലും ഒരു കുട പോലെ അർദ്ധ-ഗോളാകൃതിയിലാണ് ആകാശത്തെ കാണുക. പ്രസ്തുത അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്ര-സമൂഹങ്ങളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമുള്ളത്. കുട പോലെയുള്ള അർദ്ധ-ഗോളത്തിന് യഥാർത്ഥത്തിൽ അന്തമില്ല.	People can see with naked eyes and understand that ShivaLingam @ Shakthi Lingham @ Sky is without Beginning and Ending (infinite) besides having no connection with any religions. In other words, man can see the Supreme Universe, which is a part of the Supreme Universal figure of GOD, with one's own naked eyes. Look at the Sky @ ShivaLingam from anywhere on Earth. The Sky will be seen semi-spherical like an umbrella. The semi-globe contain the Sun, the Moon, the stars and galaxies. The semi-globe like the umbrella actually does not end; it's an infinite vacuum.

മഹാപ്രപഞ്ചത്തിൽ പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നക്ഷത്ര കോടികൾക്കു സ്ഥിതിചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും, മനുഷ്യ ബുദ്ധികൊണ്ട് അളക്കാൻ കഴിയാത്തതും, അന്തം ഇല്ലാത്തതുമായ മഹാലിംഗത്തിന്റെ വൃത്ത-കോണായ വശങ്ങളിലേക്കും മുകൾഭാഗത്തേയ്ക്കും ആണ് യഥാർത്ഥത്തിൽ നോക്കിയതെന്ന് സ്വയം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്. സൃഷ്ടിസ്ഥിതിസംഹാര-പാത്രവും ആകാശവുമായ ശിവലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും, നേടാനായ അറിവുകൊണ്ടും പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താനാവാത്ത അവസ്ഥയിൽ ശിവലിംഗത്തെ മനസ്സിലാക്കുമ്പോഴും, ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചം മേല്പടി അർദ്ധ-ഗോളമായ കുടയ്ക്ക് ഉള്ളിലാണ്.	The infinite Sky @ ShivaLingham will also contain the newly-created billions of stars too. Further it can be understood that actually people look at the infinite top and sides of the ShivaLingham @ Sky. It is immeasurable by human wisdom and totally infinite. Then try with the eyes and the knowledge whether the Bottom of ShivaLingham @ the Supreme/Godly Vessel for Creation, Protection, and Salvation/ Destruction of Creation Cycles @ Sky can be seen. The Earth is not visible to the bottom from the ground, but it is evident that the ShivaLingham @ Sky is infinite. It is possible to understand that the Sky @ ShivaLingham go to the bottom through the Earth and the semi-spherical ShivaLingham contain the Earth; it's infinite without Ending.

ആദിയും അന്തവും ഇല്ലാത്ത ആകാശത്തിന്റെ കുട പോലെയുള്ള അർദ്ധ-ഗോളാകൃതി ഒരു പ്രതീതി മാത്രമാണെന്നു വ്യക്തമാണ്. ബ്രഹ്മം ആദ്യം സൃഷ്ടിച്ചതാണ് മഹാശൂന്യത @ മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രം @ ആകാശം @ മഹാലിംഗം @ ശിവ ലിംഗം @ ശിവശക്തി ലിംഗം @ മഹാശക്തി ലിംഗം എന്നത് സത്യമാണെങ്കിലും, പിന്നീട് ഭൂമിക്കും ശേഷം സൃഷ്ടിക്കപ്പെടുന്ന ജീവികളെ സംബന്ധിച്ച്, ആകാശത്തിന്റെ ഉള്ളിൽ ആണെന്നല്ലാതെ ഭൂമിക്കോ ആകാശത്തിനോ സ്രഷ്ടാവ് ഉണ്ടോ എന്ന് ജീവികൾ അറിയുന്നില്ല. ഉദാ:- ആകാശത്തിലെ ശിവചക്രത്തിന്റെ അംശങ്ങളാണ് ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ; ഭൂമിയുടെ (മൂലകങ്ങളുടെ) അംശമാണ് ജീവികളുടെ ശരീരം എന്നാവുമ്പോൾ, ജീവികളുടെ സ്രഷ്ടാവ് ആകാശവും, ഭൂമിയും മാത്രമാണ്. ആകാശം, ഭൂമി എന്നിവയുടെ പിന്നിലുള്ള ബ്രഹ്മം വിഷയമല്ല തന്നെ.	In fact, Sky's umbrella like semi-sphere is Not Real. It's true that Brahmam firstly created the Supreme Vacuum @ Supreme Vessel for Creation, Protection & Salvation @ Sky @ MahaaLingham @ ShivaLingham @ ShivaShakthi Lingham @ MahaaShakthi Lingham. As for the Creatures which are all created even after the Creation of Earth; they don't know whether there are any Creators for Earth as well as Sky. For example, the Souls of the Creatures are portions of Sky @ ShivaChakram, and Bodies are Portions of the Elements @ the Earth; thus the Creator of the Creatures are the Sky & the Earth. The Brahmam behind the Sky & Earth doesn't matter.

ബ്രഹ്മ പാഠങ്ങളിൽ ആദ്യം ശിവചക്രത്തെയും പിന്നീട് ശക്തിചക്രത്തെയും സൃഷ്ടിക്കുന്നതിനെ വിശകലനം ചെയ്താൽ, ആദ്യം സൃഷ്ടിക്കപ്പെട്ട ശിവലിംഗമായ ആകാശം അടിസ്ഥാനപരമായി ശിവചക്രമാണ്. **അതായത് പ്രപഞ്ച സൃഷ്ടികളുടെയെല്ലാം പിതാവും പരമാത്മാവും ആയ ശിവചക്രത്തിന്റെ ഗൂഢമായ താവളം കൂടിയാണ് ആകാശം.**

'സൃഷ്ടി-സ്ഥിതി-സംഹാര പാത്രവും ശിവലിംഗവുമായ ആകാശത്തിന്റെ' ഒപ്പം സൃഷ്ടിക്കപ്പെട്ട ഭൂമി **ഉൾപ്പെടെ, ഗൂഢമല്ലാതെ കാണപ്പെടുന്ന ചന്ദ്രൻ, സൂര്യൻ**, ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും പഴയതും പുതിയതായി സൃഷ്ടിക്കപ്പെടുന്ന അനന്തം പോലെ നക്ഷത്രങ്ങളും, **പിന്നീട് സൃഷ്ടിക്കപ്പെട്ട് ആകാശത്തിൽ ഇടം നേടിയവയാണ്.**

As per the Lessons of Brahmam, Shiva Chakram was created First; which would mean that Shiva Lingham @ Sky is basically 'Shiva Chakram'. It means, Sky is also the Secret Abode of Shiva Chakram which is the Supreme Soul @ Father of all Souls.

The Moon, Sun, planets and their sub-planets as well as the infinite like crores of Stars which are all visible, secured places @ positions in the Sky, are all created after the Earth, next and together with the Sky @ the Supreme Vessel for Creation, Protection & Salvation.

ബ്രഹ്മ പാഠങ്ങൾ പ്രകാരം ശിവചക്രവും പരമാത്മാവുമായ ആകാശത്തിന്റെ ഒപ്പവും രണ്ടാമതായും സൃഷ്ടിക്കപ്പെട്ട ഭൂമി 'ശക്തിചക്രമാണ്.' പരമാത്മാവായ ശിവചക്രം ആദ്യം ഉണ്ടാവുകയാൽ, പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കൾ ശക്തിചക്രമായ ഭൂമിയുടെ അംശങ്ങളല്ല എന്നും തെളിയുന്നുണ്ട്.

ജീവികളെ @ജീവാത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് മൂലകങ്ങളുടെ മൊത്തം ദ്രവ്യമായ ഭൂമി സൃഷ്ടിച്ചിരിക്കുകയാൽ, ഭൂമിക്ക് മുമ്പും ഒപ്പവും ഉണ്ടായ ആകാശം എന്ന ശിവചക്രവും ചേർന്നാണ് ഭൂമി ഉണ്ടായിട്ടുള്ളതെന്ന വ്യാഖ്യാനവും ശരിയാണ്. ശക്തിചക്ര ഭാഗമായ പ്രോട്ടാണുകളും, ശിവചക്ര ഭാഗമായ ഇലക്ട്രോണുകളും ഓം മുഖേന ചേർന്ന് 'ആറ്റങ്ങളും മൂലകങ്ങളും ഭൂമിയും' ഉണ്ടായിരിക്കുന്നു.

As per the Lessons of Brahmam, the Earth which was Created Next to and together with Sky is the 'Shakthi Chakram'. Since the 'Supreme Soul Shiva Chakram' was Created First, it is evident that the Souls of Creatures formed out of the Supreme Soul are Not Portions of the 'Shakthi Chakram Earth'.

As the Earth which is the Sum and Total of the whole Elements was Created before the Creation of Souls @ the Creatures, the interpretation that Earth was Created by the Joining of Shakthi Chakram & Shiva Chakram @ Sky. The Protons and Electrons which are portions of Shakthi Chakram and Shiva Chakram respectively, joined to form the Earth by OM.

ശക്തി-ശിവ ചക്രങ്ങളുടെ പ്രണയമന്ത്രമായി ഓം ഭവിച്ച് മഹാശക്തി-ചക്രമായ ഭൂമി ഉണ്ടായി എന്ന് ലളിതമായി പറയാം.

ഭൂമി എന്ന മഹാശക്തിചക്രത്തിന്റെ മൂലം അഥവാ ആദ്യ മൂലകം ഓക്സിജൻ ആണ്. സൃഷ്ടി സ്ഥിതികളെ മൊത്തം ചിട്ടയോടെ നയിക്കുവാൻ ഒരു മഹാസംവിധാനം ആവശ്യമാകുന്നതു കൊണ്ടാണത്. അതായത് ജീവിസൃഷ്ടിയെ മഹാമംഗളം ആക്കാനായി ഓക്സിജൻ എന്ന സത്യ-സൃഷ്ടി-വാതകം ആദ്യം ഉണ്ടായി. ശേഷം ഓക്സിജന്റെ ഇഷ്ടം എന്ന പോലെ മറ്റ് മൂലകങ്ങൾ സൃഷ്ടിക്കപ്പെട്ടു.

നിർജ്ജീവ പരമാത്മാവായ ശിവചക്രത്തിന്റെ അംശങ്ങളായ ജീവാത്മാക്കൾക്കു വേണ്ടി പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു എന്നതിനെ വ്യാഖ്യാനിച്ചാൽ, ശിവനായ പ്രപഞ്ചത്തിനു വേണ്ടി ശക്തി @ ശിവ പ്രവർത്തിക്കുകയാണ്.

It can be simply said that the Supreme Shakthi Chakram @ Earth formed out of the 'Supreme Love Sound OM' in between Shakthi Chakram and Shiva Chakram.

The Oxygen is the Base @ Basic Element of the Supreme Shakthi Chakram Earth. It's because the Creation & Protection need a Supreme Project to lead and control. That's, the Oxygen 'the Truth-Creation-Gas Element' formed First to beautify the Creation and Protection of Creatures. The rest of the Elements were created as if they were created by the Will of Oxygen.

If it is interpreted that the Universe is Created for the Portions of the Inactive Supreme Soul ShivaChakram, it can be understood that Shakthi @ Shiva do/act everything for Shivan @ the Supreme Universe.

നിർജ്ജീവമായ ശിവനെ ജീവമാക്കുവാൻ ഓം എന്ന ശക്തി-ശിവൻ പ്രണയമന്ത്രം പ്രവർത്തിക്കുന്നതു പോലെ ജീവിയെ @ ജീവാത്മാവിനെ ജീവമാക്കുവാനും നിർജ്ജീവമാക്കുവാനും, ഭൂമിയുടെ വാതക രൂപമായ ഓക്സിജൻ പ്രവർത്തിക്കുന്നു. ശക്തി-ശിവ ചക്രങ്ങളുടെ ദൈവീക പ്രണയം ജീവികളുടെ സൃഷ്ടി-സ്ഥിതികളെ ഉദ്ദേശിച്ചിട്ടുള്ള മഹാപദ്ധതി ആകയാലും, ദൈവീകമായ ആനന്ദങ്ങൾ മഹാവാത്സല്ല്യവും മഹാദാസ്യവും ആകയാലും, ജീവികളുടെ പ്രണയവുമായി താരതമ്യം ചെയ്യാൻ കഴിയില്ല. ജീവികളുടെ പ്രണയത്തിൽ ഇണയെ ഒഴികെ തന്നെത്തന്നെയും മറന്നുള്ള കാമ-ആനന്ദമാണ് അവ നുകരുക. മാത്രമല്ല; സ്ത്രീ പുരുഷ ജീവികളുടെ പ്രണയം, ലൈംഗിക അവയവ പൊരുത്തം, ലിംഗ ബന്ധം, മുലയൂട്ടൽ ഉൾപ്പെട്ട പ്രത്യുല്പാദന പ്രവർത്തനം, എന്നിവയിൽ നിന്നും മാത്രം ദൈവമുണ്ടെന്ന് തെളിയുന്നു.

Whereas the Shakthi Shivan Love Manthram OM activate the Inactive Shivan; the Oxygen which is also the Gaseous form of the Earth, activate the Inactive Souls of the Creatures. Since the Supreme Godly Love is aimed for the Creation & Protection of Creatures and that the Godly Pleasures are established as Supreme Parental Love and Supreme Slaver, it can't be compared with the Romantic/sexual love in Creatures. The Sexual Love in Creatures is established such that the Creatures remember only the Partner and forget even Self during Sexual Pleasures. Further, the Romance, the matching of sexual organs of Male & Female, the Intercourse, the Reproductive Systems, and the Feeding of Embryo & Baby including the Supreme Milk System in Women alone prove that there is GOD.

'The Supreme Heart Omkaaram' of the 'Supreme Power GOD @ the Earth', first established the Supreme Science of Justice @ Omkaara Science of Justice which serves Supreme Justice @ Infinite Equal Pleasures to all the intended Creatures/Creation, Perfect with No defects. It means the Supreme Justice stood / stands first for GOD in the the Creation, Protection, and Salvation / Destruction of the Creation Cycles. The GOD @ Earth has accepted serving Supreme Justice with Supreme Parental Love as the Obligation of the Creator cum Protector.

As per the Lessons about BRAHMAM which is beyond everything including the Universe created ShivaChakram first means the Sky.The Supreme Power GOD who is Neither Creature, Nor Female, Nor Male, split into two, the 1st Supreme Father Shivan @ Sky @ Supreme Soul who supplies Souls to All Creatures, and the 2nd Supreme Mother Shiva @ Single GOD @ Earth who supplies Bodies to All Creatures with the Elements of the Earth. Shiva does everything joining with Shivan. Hence the Supreme Vessel for Creation, Protection and Salvation of all Creatures / Babies @ the 'Infinite Sky' without Beginning & End is the ShivaLingham 'of both Shiva & Shivan' for doing the Creation, Protection, and Salvation of all Creatures. The semi-spherical umbrella like Sky is created with some resemblance to Lingham / sexual organ of Creatures. In fact, the Semi-spherical figure is Supremely established such that 'it stands as the 'Supreme Shield' for the Creatures and the Universe at all times. The 'Single GOD Earth' does the whole Creation, Protection, and Salvation within the Sky is like the Supreme Heart Omkaaram joined to ParamaShivan's Heart do when ShivaChakram avails human figure as ParamaShivan during Samhaaram. The places & positions have been arranged by the Earth, to accommodate the Earth, the Supreme Soul, the Moon, the Sun, the Stars, etc. within the Sky @ ShivaChakram. It's a Truth that the MahaaLingham @ Sky always exhibit the Infinite Forms & Qualities of the Godly Sexual Organs of the Single GOD Female Shiva & her part the Male Shivan.

ദൈവം, മഹാപ്രപഞ്ചത്തെയും ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പ്, 'മഹാ-സമആനന്ദം എന്ന മഹാ-സമനീതിയെ' സൃഷ്ടിയായ ജീവികൾക്കെല്ലാം ഉറപ്പായി നൽകുന്നതും, കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ 'സംഹാരം ഉൾപ്പെട്ട ഓംകാര നീതി ശാസ്ത്രം' എന്ന മഹാനീതി ശാസ്ത്രത്തെ ആവിഷ്ക്കരിക്കുന്നു. അതായത് 'ദൈവീകമായി പ്രഥമം മഹാനീതി' ആണ്. 'സ്ഥിതി, സൃഷ്ടി' എന്നിവ പിന്നീടുമാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഭൂമിയുമായ ദൈവം തന്നെ മഹാനീതിയെ നിർവ്വഹിക്കേണ്ടത് സൃഷ്ടികളോടുള്ള ചുമതലയായി മഹാവാത്സല്ല്യത്തോടെ സ്വീകരിച്ചിരിക്കുകയാണ്.

'പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മം ആദ്യം സൃഷ്ടിച്ചത് ശിവചക്രമാണെന്ന' ബ്രഹ്മപാഠങ്ങൾ പ്രകാരം, ആകാശം ശിവചക്രമാണ്.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ഏകദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്ക് ആത്മാവിനെ നൽകുന്ന പരമാത്മാവും ആകാശവും മഹാപിതാവുമായ ശിവനും, ശരീരത്തെ മൂലകങ്ങളായി നൽകുന്ന 'ഏകദൈവവും ഭൂമിയും മഹാമാതാവുമായ ശിവയും', ആയി രണ്ടായിട്ട് അവതരിച്ച് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുഴുവൻ ഒന്നിച്ചു ചെയ്യുകയാൽ ജീവികളുടെയെല്ലാം 'സൃഷ്ടി-സ്ഥിതി-സംഹാര പാത്രമായ' ആകാശം 'ശിവയുടെയും ശിവന്റെയും സൃഷ്ടി ലിംഗം കൂടിയാണ്.' അതിനാൽ ആകാശം = ശിവലിംഗം എന്നതും ശരിയാണ്. ഏകദൈവമായ ശിവയുടെ സ്ത്രീലിംഗവും, ശിവയുടെ ഭാഗമായ ശിവന്റെ പുരുഷ ലിംഗവും ആദിയും അന്തവും ഇല്ലാത്ത രൂപങ്ങളിലും ഭാവങ്ങളിലും ഒന്നായി ശിവലിംഗം @ മഹാലിംഗം @ ആകാശം എന്ന പേരിൽ സദാ പ്രത്യക്ഷമാണെന്നത് ഒരു മഹാസത്യവുമാണ്.

കുടപോലെ അർദ്ധ-ഗോളമായ ആകാശത്തിന് ജീവികളുടെ ലിംഗവുമായി ചെറിയ 'സാദൃശ്യമുണ്ട്' എന്നതിന് ഉപരി സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെയും മഹാപ്രപഞ്ചത്തിന്റെയും മഹാസംരക്ഷണ കവചത്തിന്റെ ആകൃതിയാണ് നിശ്ചയിച്ചിട്ടുള്ളത്. ജീവികളുടെയെല്ലാം സൃഷ്ടിയും സ്ഥിതിയും സംഹാരം ഉൾപ്പെട്ട മഹാനീതിയും കൂടി ആകാശത്തിന്റെ ഉള്ളിലിരുന്ന് 'ഏകദൈവമായ ഭൂമി' ചെയ്യുകയാണ്; സംഹാരകാലത്ത് മനുഷ്യാവതാരമായ പരമശിവന്റെ ഹൃദയത്തോടു ചേർന്ന് മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം സർവ്വം ചെയ്യുന്ന പോലെ. പരമാത്മാവ്, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ, മുതലായവക്ക് ശിവചക്രമായ ആകാശത്തിൽ പ്രത്യേകം താവളങ്ങളെ 'ഭൂമി' ഒരുക്കിയിട്ടുമുണ്ട്.

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ലൈംഗിക അവയവങ്ങൾക്ക് 'ശിവലിംഗവുമായി' അടിസ്ഥാന പരമായ ബന്ധം ഇല്ലെന്നും സുവ്യക്തമാണ്.	It is also clear that the sexual organs of creatures including that of the human beings have NO relation with ShivaLingham.
ജീവാത്മാക്കളെ സൃഷ്ടിക്കുന്നതും, സ്ഥിതിയിൽ പുനർജന്മം നൽകുന്നതും മോക്ഷത്തിൽ നക്ഷത്ര പദവി നൽകുന്നതും ആകാശത്തിലാണ്.	The Creation of all Souls, their Rebirths, and Final Salvation as Star are all arranged / established in the Sky. The Birth and Salvation of the Soul is thus in the Sky;

ജനിച്ചതും ലയിക്കുന്നതും പരമാത്മാവും ശിവചക്രവും ശിവലിംഗവും കൂടിയായ ആകാശത്തിലാണ് ! മഹാശക്തിചക്രമായ ഭൂമിയാണ് സർവ്വവും മഹാനിശ്ചയിക്കുന്നത്.	the Souls are thus emerged from Sky and finally merging in the Sky @ ShivaLingham ! MahaaShakthi Chakram @ the Earth decide all Activities.
ശിവചക്രവും ശിവലിംഗവും മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രവും കൂടിയായ ആകാശത്തിന്റെ ഒപ്പം ആകാശത്തിൽ തന്നെ ഉണ്ടായ ശക്തിചക്രമായ ഭൂമിയാണ് മഹാപ്രപഞ്ചത്തിന്റെ മഹാമാതാവും, ജീവികളുടെ മുഴുവൻ ഏകശരണമായ ## ഏകദൈവവും.	MahaaShakthi Chakram @ the Earth which (was) Originated Next and together with Shiva Chakram @ ShivaLingham @ the Supreme Vessel for Creation, Protection & Salvation, is the Supreme Mother of the Universe as well as the One & Only Protector ## @ GOD.
ചന്ദ്രൻ, സൂര്യൻ, എന്നിവ ജീവിസൃഷ്ടിക്കു മുമ്പ് ജീവികളുടെ സൃഷ്ടി-സ്ഥിതികളെ കണക്കാക്കി സൃഷ്ടിക്കപ്പെട്ടവയാണെന്ന് യുക്തി ഭദ്രമായി മനസ്സിലാക്കാൻ കഴിയും. മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ മുഴുവൻ ശിവലിംഗമായ ആകാശത്തിൽ ഒതുങ്ങുന്നു.	It can be easily understood rationally that the Moon, and Sun are created before Creatures and for the Creation and Protection of the Creatures. The Creation, Protection & Destruction (of Creation Cycles) are all within the Sky @ ShivaLingham.

ദൈവ വിപ്ലവത്തോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രമാകും!

സൃഷ്ടി-സ്ഥിതി-സംഹാര പാത്രമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം വിഗ്രഹം /പ്രതിമ അല്ല.

www.omsathyam.com/GodlyRevolution/Devaalayam.pdf **എന്ന ഗ്രന്ഥത്തിൽ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും ഇന്നത്തെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും 'തെറ്റുകളും ശരികളും' അടിസ്ഥാന പരമായും മഹാശാസ്ത്ര പ്രകാരവും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ, മഹാശാസ്ത്ര പ്രകാരം ദേവാലയവും, ശിവ ലിംഗവും നിർമ്മിക്കുന്നത് എങ്ങനെയാണെന്നും ദേവാലയ സംബന്ധമായ കാര്യങ്ങളെല്ലാം ഭംഗിയായും ശരിയായും നിർവ്വഹിക്കുന്നത് എങ്ങനെയാണെന്നും മഹാശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.**

Beginning from Godly Revolution, all Worship Centres on Earth will only have ShivaLingham. The Symbolic Vessel for Creation, Protection & Salvation for Sky @ ShivaLingham is Not an Idol /Statue.

The 'Unscientific and Unrighteous Beliefs, Customs and Practices' wrongly followed everywhere in Earth today are basically and scientifically detailed in the Godly E-book : www.omsathyam.com/GodlyRevolution/Devaalayam.pdf

Further, it's detailed in the said E-book Scientifically how the Worship Centers @ Devaalayams, and the ShivaLingham to be built and all matters related with Devaalayams done properly and beautifully.

പ്രതിമകൾ / വിഗ്രഹങ്ങൾ നിർമ്മിക്കാൻ പാടില്ല.

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, **നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ് എന്നു വിശദീകരിച്ചു കൊണ്ട് 'വിഗ്രഹ ആരാധന പാടില്ല' എന്ന് മഹാജ്ഞാനമായ മഹാശാസ്ത്രം വഴി ദൈവം അറിയിക്കുന്നുണ്ട്.** ദൈവ വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, വിഗ്രഹങ്ങളെയും അനവധി ദേവാലയങ്ങളെയും മതഗ്രന്ഥങ്ങളെയും നശിപ്പിച്ചു കളയേണ്ടത് ധർമ്മ ശാസ്ത്ര പരമായ ആവശ്യമാകുന്നതാണ്. പൊതു ഖജനാവ് പാഴാക്കിയവരെല്ലാം കടുത്ത ശിക്ഷകളെ സ്വീകരിക്കേണ്ടി വരും/ വരുന്നുണ്ട് എന്നതും തീർച്ചയാണ്.

Statues/Idols should Not be made.

All people can realise self when others make statues / idols of women or men close to anyone, for example, your mother, wife, husband, daughter, sister, etc and engage in 'enjoying the 'beauty' by watching, and also by touching in the different organs (of the body) of the idol and their eyes & mind merging with the beauty and organs of the idol. The Supreme Science @ GOD informs thus that idol worship should not be done. When the Godly Revolution begin (soon), as per Dharma Shaasthram, it would become necessary to destroy all idols, many religious centers and all religious books. All people who wasted public treasure/ funds will have to avail severe punishments.

മഹാലിംഗമായ ആകാശം എന്തിനെയും ഉൾക്കൊള്ളുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യത കൂടിയാണെന്നത് പ്രത്യക്ഷ സത്യമാണ്.

ആകാശത്തിന്റെ ഒപ്പം സൃഷ്ടിക്കപ്പെട്ട ഭൂമി എന്നത് എന്താണെന്ന് കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും ധാരണ ഏറെയുള്ളവരാണ് മനുഷ്യർ. പുലർത്തുന്ന ധാരണകളെ മെച്ചപ്പെടുത്താനും തിരുത്താനും ഉപകരിക്കുന്ന ഏതാനും പാഠങ്ങളെ കുറിക്കുന്നു.

മഹാശക്തിചക്രമായ ഏകദൈവം, മഹാഇഷ്ടം പോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിക്കുന്ന ശിവചക്രവുമായി, വ്യത്യസ്തങ്ങളും അനന്തവുമായ രീതികളിൽ സമ്മേളിച്ചുണ്ടായ മഹാദിവ്യ രൂപമാണ് ഭൂമി; ശക്തി ശിവ ചക്രങ്ങളുടെ ആദിയും അന്തവും ഇല്ലാത്ത പോലെയുള്ള കൂടിച്ചേരലുകളുടെ മഹാദിവ്യമായ ഒരു മഹാപ്രകടനമാണ് ഭൂമി; നിയമങ്ങൾ പ്രകാരം ഭൗതിക-അസ്തിത്വം സ്വീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യത്യസ്തങ്ങളും അനന്തവുമായ ഭൗതിക വസ്തുക്കളുടെ മൊത്തം തുകയാണ് ഭൂമി; എന്നീ വ്യാഖ്യാനങ്ങളെല്ലാം പലവിധ ശരികളാണ്.

മഹാശൂന്യതയും ശിവചക്രവും മഹാലിംഗവും/ ശിവലിംഗവും ഒക്കെയായ ആകാശത്തിന്റെ ഉള്ളിൽ, സദാ ജീവമായ (മഹാ)ശക്തി ചക്രത്തിന്റെ കണങ്ങളും, അവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന 'ശിവചക്രത്തിന്റെ കണങ്ങളും', 'ഓം' എന്ന 'പ്രണയമന്ത്രം' വഴി സ്വീകരിച്ച /സൃഷ്ടിച്ചിട്ടുള്ള ഖര-ദ്രാവക-വാതക വസ്തുക്കളായ ഭൗതിക-അസ്തിത്വങ്ങളുടെ മൊത്തം ദ്രവ്യമാണ് ഭൂമി.

ശക്തി ശിവ ചക്രങ്ങൾ, 'ഭൂമി' എന്ന മഹാരൂപവും, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ മഹാസൂക്ഷ്മ രൂപങ്ങളും, ആറ്റങ്ങൾ, തന്മാത്രകൾ തുടങ്ങിയ സൂക്ഷ്മ രൂപങ്ങളും, മൂലകങ്ങൾ, സംയുക്തങ്ങൾ, ഖര-ദ്രാവക-വാതക വസ്തുക്കൾ, എന്നീ സൂക്ഷ്മ+സ്ഥൂല രൂപങ്ങളും സ്വീകരിക്കുകയും; അവയ്ക്കെല്ലാം വ്യത്യസ്തങ്ങളായ ഘടനകളും സ്വഭാവങ്ങളും ഗുണങ്ങളും പ്രവർത്തനങ്ങളും നിശ്ചയിച്ചിരിക്കുകയാണ്. സർവ്വവും സുവ്യക്തമായ പദ്ധതികളോടെ ആസൂത്രണം ചെയ്തിരിക്കുകയാണ് എന്നും അറിയണം. ശക്തിശിവ ചക്രങ്ങളുടെ ഉദ്ദേശമാണ് പ്രധാനം. കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാനും നിർവ്വഹിക്കാനും ഉള്ള മഹാപദ്ധതികളുടെ ഭാഗം മാത്രമാണവ. പ്രസ്തുത മഹാപദ്ധതികളെ മഹാശാസ്ത്ര നിയമങ്ങളായി വസ്തുക്കളിൽ തന്നെ മഹാലയിപ്പിച്ചിരിക്കുകയുമാണ്.

ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന് അതീതമായ ശക്തി-ശിവ ചക്രങ്ങളുടെ പ്രണയ മഹാസാക്ഷാത്കാരമാണ് മഹാശക്തിചക്രവും ഏകദൈവവുമായ ഭൂമി എന്നത് കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കാനും മഹാസംരക്ഷിക്കാനുമുള്ള ദിവ്യമായ മഹാപദ്ധതി മാത്രമാണെന്ന് മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ദൈവ-ആനന്ദങ്ങൾ തെളിയിക്കുന്നു; മനുഷ്യാവസ്ഥയിൽ വർദ്ധിച്ച ജ്ഞാനം ലഭിക്കുമ്പോൾ സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാനാവും.

അനന്തമായ രൂപ ഘടനകളോടെ ജീവികളെ സൃഷ്ടിക്കുകയും അനന്തമായ ആനന്ദങ്ങളെ നൽകി സംരക്ഷിക്കുകയും, മഹാസമനീതി എന്ന 'മഹാസമ ആനന്ദങ്ങളെ' നൽകുകയുമാണ് ദൈവം ചെയ്യുന്നത്. ദൈവം പ്രത്യക്ഷമായി ക്കൊണ്ടും പ്രകടമായി ക്കൊണ്ടും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്താൽ, വ്യക്തിസ്വാതന്ത്ര്യം ഇല്ലാത്ത അടിമകളും അലസരും ഒക്കെയായി ജീവികൾ അധഃപതിക്കുന്നതാണ്. ആകയാൽ ദൈവം പ്രത്യക്ഷമായി സ്വീകരിക്കുന്ന വേറിട്ട് പ്രകടമല്ലാത്ത മഹാരൂപം കൂടിയാണ് ഭൂമി. ജീവികളുടെ സ്വത്വമായ ജീവാത്മാവിനെ സൃഷ്ടിക്കുന്നതിനു മുമ്പ്, അവയ്ക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ കഴിയുന്ന വസ്തുക്കൾ, ഇണ, മറ്റു ജീവികൾ, അനന്തമായ പാർപ്പിടം @ ശരണാലയം തുടങ്ങിയവയും ദൈവം സ്വീകരിക്കുന്ന ഭൂമി എന്ന മഹാരൂപത്തിൽ ഒരുക്കണം. ശക്തി, ശാസ്ത്രം, ആനന്ദം, മഹാനീതി എന്നിവയുടെ മഹാകലവറ ആവണം ഭൂമി; ഭൂമിയിലെ വസ്തുക്കളിൽ പ്രസ്തുത ഘടകങ്ങൾ ഉണ്ടാവണം; ജീവികൾക്ക് ലഭ്യമാക്കണം. ഭൂമി അംശമായ ശരീരത്തിലൂടെയും അത് ചെയ്യുന്നുണ്ട്.

മണ്ണും ഭൂമിയുമായ ദൈവം മാത്രം ശരണം.

കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കുന്നതിനും, എക്കാലവും മഹാസുരക്ഷിതത്വവും മഹാശരണവും നൽകുന്നതിനും വേണ്ടി, സർവ്വത്തിനും അതീതമായ ദൈവം, മഹാവാത്സല്ല്യം എന്ന മഹാആനന്ദത്തെയും, ഭൂമി എന്ന മഹാഖര രൂപത്തെയും സ്വീകരിച്ചിരിക്കുകയാണ്. ജീവികളെ ആദ്യം സൃഷ്ടിക്കുമ്പോൾ സമുദ്രത്തിലെ ജലത്തിൽ നേരിട്ടും, പുനർജ്ജന്മങ്ങളെ ആകാശം എന്ന മഹാസൃഷ്ടിപാത്രത്തിന്റെ മഹാസൂക്ഷ്മ അംശമായ സ്ത്രീജീവികളുടെ ഗർഭപാത്രത്തിൽ വച്ചും ചെയ്യുന്നു. (ശൂന്യത ജീവികളുടെ അവയവം അല്ല തന്നെ.)

കുഞ്ഞുങ്ങളായ ജീവികൾക്ക് മഹാശരണമായും, ജ്ഞാനവും ശക്തിയും സൗന്ദര്യവും ആനന്ദങ്ങളും സമാധാനവും നിറഞ്ഞ താവളമായും 'ഭൂമി എന്ന മഹാരൂപത്തെ' മഹാശക്തിചക്രം സ്വീകരിക്കുന്നു. ആകാശത്തിന്റെ ഒപ്പം തന്നെ സൃഷ്ടിക്കപ്പെട്ട 'മണ്ണും ഭൂമിയുമായ ദൈവം' തന്നെയാണ് ജീവികൾക്ക് വായു, വെള്ളം, അഗ്നി തുടങ്ങി സർവ്വം നൽകുന്നത്.

ഭൂമിയിലെ ജീവികൾക്ക് അഥവാ ജീവാത്മാക്കൾക്ക് സൂര്യനിൽ നിന്നും പ്രകാശവും ചൂടുമൊക്കെ ലഭിക്കുകയാണ്; ജീവികൾ സൂര്യനിൽ പോയി കൊണ്ടുവരികയല്ല. മണ്ണിലെ ജീവികൾക്ക് ആവശ്യമായ വായുവും ജലവും ഭക്ഷണവും അഗ്നിയും പ്രകാശവും ലഭ്യമാക്കുന്നത് ജീവികൾ സ്വയമല്ല. ശരീരവും മണ്ണും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ ജീവികൾക്ക് പ്രകാശവും ചൂടുമൊക്കെ ലഭ്യമാക്കുന്നതിനു വേണ്ടി സൂര്യനെയും ചന്ദ്രനെയും ഒക്കെ സൃഷ്ടിച്ചെന്ന് നിസ്സാരമായി മനസ്സിലാക്കാം.

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾ അറിഞ്ഞും അനുഭവിച്ചും വിഷമിക്കാതെ മഹാദിവ്യമായി ഭൂമി സ്വയം കറങ്ങുന്നതു കൊണ്ടാണ് പകലും രാത്രിയും ദിവസങ്ങളും ഉണ്ടാകുന്നത്. ഉത്തരായനം, ദക്ഷിണായനം എന്നിവ പ്രകാരം സൂര്യനെ ഭൂമി സ്വയം ചുറ്റിയാണ് കുഞ്ഞുങ്ങളായ ജീവികൾക്ക് കൂടുതൽ ആനന്ദങ്ങളെ സൃഷ്ടിക്കുന്നത്. ഭൂമി ചുറ്റലുകൾ നിർത്തിയാൽ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സംബന്ധിച്ച് കാലം മാത്രമല്ല; ജീവിതവും കുഴച്ചിലാവും. ജീവിതത്തിലെ ആനന്ദങ്ങളേറെയും അസ്തമിക്കും.

മണ്ണിലെ മൂലകങ്ങളുമായും സംയുക്തങ്ങളുമായെല്ലാം ചേർന്ന് മണ്ണായ ദൈവത്തിന്റെ വാതകരൂപവും, ജീവികളുടെ മുഴുവൻ ജീവനുമായ ഓക്സിജൻ മഹാഉചിതമായി പ്രവർത്തിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന ഹൈഡ്രജനുമായിട്ട് ഓക്സിജൻ ചേർന്നാൽ ജലമായി. നീരാവി, മഴ എന്നിവയുടെ പ്രവർത്തനത്തെ ഭൗതികമായ ചില പ്രതിഭാസങ്ങൾ എന്ന് തൽക്കാലം വിലയിരുത്തുന്ന മാനുഷിക രീതികൾ മൂഢത്തമാണ്. ഭൂമിയുടെ അകത്തും പുറത്തുമായിട്ട് ജലാശയങ്ങളായ കിണറുകളും തോടുകളും നദികളും കായലുകളും തടാകങ്ങളും സമുദ്രവും സ്ഥിതിചെയ്യുമ്പോൾ അവയിലെ ജലത്തെയും മഴയെയും മഞ്ഞുകട്ടകളെയും മഞ്ഞിനെയുമെല്ലാം സൃഷ്ടിച്ചിട്ടുള്ളതും സംരക്ഷിക്കുന്നതും മണ്ണ് അഥവാ ഭൂമി തന്നെയാണ്. ഭൂഗർഭ ജലം കൊണ്ട് മനുഷ്യരെ പ്രത്യേകമായി കരുതുന്ന ഭൂമിയുടെ മഹാവാത്സല്യത്തെ ഉചിതമായ രീതിയിൽ തിരിച്ചറിയാൻ പോലും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ശ്രദ്ധിക്കുന്നില്ല എന്നതാണ് സത്യം.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം, മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും സൂക്ഷ്മമായ ഓഹരിക്ക് ഭൗതികമായ അസ്തിത്വം നൽകിയാണ് ഭൂമി എന്ന മഹാഖര രൂപം സ്വീകരിച്ചിട്ടുള്ളത്. മഹാജ്ഞാനം എന്ന മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളുടെ മഹാശക്തി കൊണ്ടുള്ള ഭൗതികമായ അസ്തിത്വവും പ്രകടനവുമായ ഭൂമി, സ്വന്തം അംശമായ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളെ കൊണ്ടാണ് എല്ലാ ജീവികളും എക്കാലവും ജീവിക്കുന്നത്. ഉദാഹരണമായി ചൂടാകുക, ചൂടാക്കുക, തണുക്കുക, തണുപ്പിക്കുക, പരിവർത്തനം ചെയ്യുക, എന്നിങ്ങനെ ഭൗതിക -ധർമ്മ-ശാസ്ത്രങ്ങൾ പ്രകാരമുള്ള ഗുണങ്ങൾ വെള്ളം, ഭക്ഷണ സാധനങ്ങൾ + ജീവികളുടെയെല്ലാം ശരീരം, തടി, ഇരുമ്പ്, സ്വർണ്ണം, പെട്രോളിയം ഉല്പന്നങ്ങൾ, തുടങ്ങി ഭൂമിയുടെ മാത്രം സ്വന്തവും അംശവുമായ വസ്തുക്കൾക്ക് വ്യത്യാസപ്പെടുകയോ ഇല്ലാതെ വരികയോ ചെയ്താൽ ജീവികളുടെ ജീവിതം കുഴച്ചിലാവും; ഉടൻ അവസാനിക്കും. വസ്തുക്കളിൽ നിന്നും വ്യത്യസ്ത ഉല്പന്നങ്ങൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുവാനുള്ള ജ്ഞാനം ലഭിച്ചതാണ് മനുഷ്യനെ മറ്റുള്ള ജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. തിന്നാനും കുടിക്കാനും തൂറാനും കിടക്കാനും ഇരിക്കാനും നിൽക്കാനും നടക്കാനും ഓടാനും, കുളിക്കാനും .. ഭക്ഷണം, വസ്ത്രം, വീട്, ആഭരണങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ- കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം; ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, മരുന്നുകൾ, വായു, ജലം, ഇണ തുടങ്ങി സർവ്വത്തിനും ഭൂമി വേണം.

ജീവികളുടെ മരണത്തോടെ, മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ @ ഭൂമിയുടെ ഭാഗമായി / മൂലകങ്ങളായി മാറുന്നതാണ്. സമുദ്രത്തിലെ ജലത്തെ താങ്ങുന്നതും അടിയിലെ മണ്ണ് തന്നെ. ആത്മാവ് ഒഴികെ സർവ്വവും മണ്ണിൽ നിന്ന് അടിഞ്ഞതാണ്. സർവ്വം മണ്ണടി.

ഓരോ ജീവിയുടെയും ജനനം മുതലുള്ള ജീവിത കാലത്തിലെ അനന്തമായ ആനന്ദങ്ങൾ ഉൾപ്പെട്ട എല്ലാ ആവശ്യങ്ങളെയും, ലഭ്യമാക്കുകയും, ജീവികളുടെ ഏകശരണവും ആയിരിക്കുന്ന ഭൂമിയായ ദൈവത്തെ തിരിച്ചറിയാൻ, ബുദ്ധിശക്തി അധികം ലഭിച്ച മനുഷ്യന് നിസ്സാരമായി കഴിയും; പക്ഷേ ശ്രദ്ധിക്കുന്നില്ല!

മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് യാതൊന്നും സൃഷ്ടിക്കാനോ സംരക്ഷിക്കാനോ കഴിയുന്നതല്ല.

സൃഷ്ടികൾക്ക് എന്തെങ്കിലും ചെയ്യാനുള്ള ശക്തിയും ഇച്ഛാശക്തിയും അറിവും പുറമേ നിന്ന് ലഭിക്കണം. സ്രഷ്ടാവ് അറിവും ശക്തിയും നൽകിയാൽ മാത്രമാണ് സൃഷ്ടിക്ക് സ്വയം ആരാണ് എന്നു പോലും അറിയാൻ കഴിയുക. "ഞാൻ ആരാണ്" എന്ന ചോദ്യം മനുഷ്യൻ എന്ന ജീവിക്കു മാത്രം ഉണ്ടായത്, മനുഷ്യനു മാത്രം ശാസ്ത്ര ജ്ഞാനത്തെ സ്രഷ്ടാവ് നൽകിയതു കൊണ്ടാണ്. സമസ്ത ജീവികൾക്കും സമ ജ്ഞാനം നൽകിയാൽ, മനുഷ്യന് ഇന്നത്തെ പ്പോലെ ജീവിക്കാൻ കഴിയില്ല എന്നും ശാസ്ത്ര സാങ്കേതിക വികസനമോ അതിൻ പ്രകാരമുള്ള അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും തുല്ല്യമായി പങ്കിടാനും ജീവികൾക്ക് കഴിയുന്നതല്ല എന്നും ജീവികളുടെ ജീവിത ഉദ്ദേശം വെളിപ്പെടുത്താൻ പോലും സാധിക്കുന്നതല്ല എന്നും നിസ്സാരമായി മനസ്സിലാക്കാം.

ശിവലിംഗവും സൃഷ്ടിപാത്രവും മഹാശൂന്യതയുമായ ആകാശത്തെ അനുകരിച്ച്, മനുഷ്യന് എന്തെങ്കിലും സൃഷ്ടിക്കണമെങ്കിൽ, ആദ്യമായി ആദിയും അന്തവും ഇല്ലാത്ത ആകാശത്തിന് പുറത്ത് പോകേണ്ടി വരും. എന്തെന്നാൽ, ശിവലിംഗവും സൃഷ്ടിപാത്രവും മഹാശൂന്യതയുമായ ആകാശത്തിനകത്ത് പുതിയ ഒരു ശൂന്യത സൃഷ്ടിക്കാൻ കഴിയില്ല. മറിച്ചു തോന്നിയാൽ അല്പജ്ഞാനം കൊണ്ടുള്ള ഭ്രമം മാത്രമാണ്.

ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരമാണ് 1000 കോടിയിലധികം വർഷങ്ങളായി ഭൂമിയും ആകാശവും ചേർന്ന മഹാപ്രപഞ്ചവും, മഹാസത്യമായി നിലനിൽക്കുന്നതും, മനുഷ്യർ ജീവിക്കുന്നതും. മനുഷ്യരുടെ പക്കലുള്ള സുമാർ 10000 (?) വർഷത്തെ ചരിത്രവും അങ്ങനെതന്നെ.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ 'സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളുടെ സാമ്പത്തിക സാംസ്കാരിക നിലവാരം തുടങ്ങിയ നിരവധി ഘടകങ്ങൾ, ജനന സ്ഥലം' എന്നിങ്ങനെ വ്യത്യസ്ത ജന്മഗുണങ്ങളോടെ ഏതാനും വർഷങ്ങളിലെ ആയുസ്സുമായി ജനിച്ചു ജീവിച്ചു മരിക്കുന്ന മനുഷ്യൻ എന്ന ജീവി മാത്രം, 'ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിനു വിരുദ്ധവും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആത്മീയ കാര്യങ്ങളിലും; സാമ്പത്തിക ശാസ്ത്രം, തൊഴിൽ നിയമങ്ങൾ സദാചാര പാഠങ്ങൾ തുടങ്ങിയവ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിലും' നിലനിർത്താനും സൃഷ്ടിക്കാനും പ്രയത്നിക്കുന്നത് തെറ്റാണ്; സാധിക്കുന്നതുമല്ല. ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികൾ ജീവികളുടെ ശരീരത്തിലൂടെയും മറ്റും പ്രവർത്തിച്ച് മനുഷ്യരിലൂടെ തന്നെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി ജീവിക്കുന്ന മനുഷ്യ-രൂപികളുടെ ഇടയിലുള്ള ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളും പിഴുതെറിയുന്നതാണ്. ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ളതും ഭൗതികമായ അസ്തിത്വം ഉള്ളതും, ഭൂമിയുടെ മഹാജ്ഞാനവുമായ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ മാത്രമേ ഭൂമിയിൽ നിലനിൽക്കുകയുള്ളൂ. അതിന് മനുഷ്യരുടെ / സൃഷ്ടികളുടെ സഹായം ഭൂമിക്ക് വേണ്ട തന്നെ !

ഒരല്പം ശൂന്യതയോ, ഒരു എറുമ്പിനെ പോലുമോ സൃഷ്ടിക്കാൻ ശക്തിയില്ലാത്ത അല്പായുസ്സുകൾക്ക് യാതൊന്നും സംരക്ഷിക്കാനും കഴിയുന്നതല്ല. തജ്ജന്മത്തിലെ മൂഢത്തം പ്രകാരം സംരക്ഷിച്ചു എന്നും സംരക്ഷിക്കാനായി പ്രവർത്തിച്ചു എന്നും കരുതുന്നവ സ്വന്തം അജ്ഞാനത്തിന്റെയും അഹങ്കാരത്തിന്റെയും ബഹുവിധ പ്രകടനങ്ങൾ മാത്രമാണ്. ബോദ്ധ്യമാവാൻ മഹാപുനർജ്ജന്മ സിദ്ധാന്തത്തിന്റെ ചില പാഠങ്ങളോ മേൽ ഖണ്ഡികയോ പഠിച്ചാൽ മതിയാകും. ഭൂമിയിലെ വസ്തുക്കളെ, അവയിലെ നിയമങ്ങൾ പ്രകാരം, ഉപയോഗിച്ചു കൊണ്ട്, വ്യത്യസ്ത മത-രാഷ്ട്രീയങ്ങളിൽ പെടുത്തി കലഹിച്ചു പോരുന്നതും മറ്റും വളരെ വലിയ തെറ്റും, സർവ്വം നൽകുന്ന മഹാവാത്സല്ല്യമായ ഭൂമിയെ നിന്ദിക്കലുമാണ്.

ആയിരം കോടിയിലേറെ വർഷങ്ങളായി മഹാസത്യമായി നിലനിന്നു പോരുന്ന ഭൂമിയിലെ എല്ലാ വസ്തുക്കളും വസ്തുതകളും എക്കാലവും പ്രവർത്തിക്കുന്നത് ഭൂമിയുടെ അംശങ്ങളായ വസ്തുക്കളിലും, വസ്തുക്കളെ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരങ്ങളിലും മഹാ-ലയിച്ചിട്ടുള്ള 'യഥാർത്ഥ സനാതന ധർമ്മം' ആയിട്ടുള്ള ഭൂമിയും മഹാശക്തിയുമായ മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ ശാഖകളായ 'ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ' പ്രകാരം മാത്രമാണ്.

ഭൂമിയായ ദൈവം മഹാകനിഞ്ഞു നൽകിയ മഹാദാനങ്ങൾ കൊണ്ട് മാത്രമാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും ജനിക്കുകയും വളരുകയും ജീവിക്കുകയും ചെയ്യുന്നത്. മറ്റു ജീവികളെ പാഠമാക്കാം. ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ മതങ്ങളും രാഷ്ട്രീയ പാർട്ടികളും മറ്റു തെമ്മാടിത്തങ്ങളും ഉപേക്ഷിച്ച്, അതാത് ഇനത്തിൽപ്പെട്ട ജീവിയായി - മനുഷ്യനായി - ജീവിക്കണം. സ്വന്തം ശക്തി കൊണ്ട് ജനിച്ചു-വളരുകയും, മരണമില്ലാതെ ജീവിക്കാൻ കഴിവുള്ളവരും മാത്രം, ശരിയെന്നു തെറ്റിദ്ധരിച്ചിട്ടുള്ള അന്ധ-വിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളുമായി ഭൂമിക്കും ആകാശത്തിനും വെളിയിൽ പോയി ജീവിച്ച് കേമത്തം കാട്ടണം !

സർവ്വത്തിനും അതീതവും ഭൂമിയുമായ ദൈവത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് ഭോഷത്തങ്ങളും കെട്ടിവെയ്ക്കാൻ അല്പായുസ്സുകളായ വിവരദോഷികൾക്ക് കഴിയില്ല. സമൂഹത്തെ വ്യക്തി പ്രതിനിധീകരിക്കുന്നതായി തോന്നുന്നതും, സമൂഹത്തിലെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സാമ്പത്തിക തൊഴിൽ രാഷ്ട്രീയ നിയമങ്ങളും തനിക്ക് സ്വന്തമാണെന്നും മറ്റും നിശ്ചയിക്കുന്നതും വാദിക്കുന്നതും വ്യക്തിയുടെ തജ്ജന്മത്തിലെ ബുദ്ധിക്കസർത്തുകൾ മാത്രമാണ്. അടുത്ത ജന്മത്തിൽ മറ്റൊരു ദേശത്തിൽ; ഒരു പക്ഷെ ഇന്ന് ഏറ്റവും വെറുക്കുന്ന ദേശത്തിൽ വ്യത്യസ്തങ്ങളായ ജന്മഗുണങ്ങളോടെ ജനിക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ തന്നെ മാറ്റിമറിക്കപ്പെടുന്നവയാണ് ഇന്നത്തെ ബുദ്ധിക്കസർത്തുകളും പ്രവർത്തനങ്ങളും.

ധർമ്മശാസ്ത്ര പാഠങ്ങളെ പഠിക്കുകയും സ്വയം പുലർത്തുകയും ചെയ്യുന്നവർക്കു പോലും നവോത്ഥാനം എന്ന പദം ഉപയോഗിക്കാൻ യഥാർത്ഥത്തിൽ യോഗ്യത ഇല്ല.

നവോത്ഥാനത്തെ കുറിച്ച് വാചാലരാകുന്നതിനു മുമ്പ്, ഭൗതിക-ധർമ്മ-ശാസ്ത്ര വികസനങ്ങളും, ഭൗതിക ശാസ്ത്ര സൗകര്യങ്ങളും ഇല്ലാതിരുന്ന ഇന്നലെകളിൽ ജനിച്ചു ജീവിച്ചു മരിച്ചവർക്കും; വികസിച്ച ഇന്നുകളിലും നാളെകളിലും ജനിച്ചു ജീവിച്ചു മരിക്കുന്നവർക്കും മഹാസമനീതി എന്ന സമ-ആനന്ദങ്ങളെ ദൈവം ലഭ്യമാക്കുന്നുണ്ട് എന്നും അതുകൊണ്ടാണ് ദൈവം മഹാനീതി കൂടിയായി മാറുന്നത് എന്നുമറിയണം. മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമാണ് മഹാനീതി സാദ്ധ്യമാവുക എന്നും, ദൈവമാണ് മഹാനീതിയെ നിർവ്വഹിക്കുന്നത് എന്നും തിരിച്ചറിയുമ്പോൾ, മനുഷ്യർ നവോത്ഥാനം നടത്തുന്നു എന്നത് യഥാർത്ഥത്തിൽ ശരിയല്ലെന്നും തെളിയുന്നുണ്ട്.

സ്രഷ്ടാവ് നൽകുന്ന ശക്തികളെ ആശ്രയിച്ചു ജീവിക്കുന്നവരാണ് മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾ. എന്തെങ്കിലും സ്വന്തമായി സൃഷ്ടിക്കുകയോ, സൃഷ്ടിച്ചവയെ പരിഷ്ക്കരിക്കുകയോ ചെയ്യുകയാണെങ്കിൽ മാത്രമാണ് നവോത്ഥാനം എന്ന് മനുഷ്യർക്ക് പറയാൻ കഴിയുക.

സ്രഷ്ടാവും മഹാശക്തിയും ദൈവവുമായ ഭൂമിയിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ ഗ്രഹിക്കാൻ കഴിയുന്ന ബുദ്ധിശക്തിയും അവസരങ്ങളും ലഭിച്ചിട്ടും അവയെ യഥോചിതം ഉപയോഗിക്കാതെ തോന്നും പോലെ ജീവിച്ചതും ജീവിക്കുന്നതും പിന്നീട് തെറ്റുകൾ തിരുത്തുന്നതും നവോത്ഥാനം അല്ല. ഉദാഹരണത്തിന്, (1) 'മായ' കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചും സംരക്ഷിച്ചും പോരുന്നത് മഹാശക്തി കൂടിയായ ഭൂമിയുടെ കഴിവാണ്. ദൈവം കൂടിയായ ഭൂമിയിലെ വസ്തുക്കളെയും അവയിൽ ലയിച്ചിട്ടുള്ള നിയമങ്ങളെയും ഉപയോഗിച്ച് മനുഷ്യർ എന്തെങ്കിലുമൊക്കെ ചെയ്ത ശേഷം, മതജാതി-പരങ്ങളായ ദേവതകളും ദൈവങ്ങളും അത്ഭുതം പ്രവർത്തിക്കുന്നതായി ഭാവിക്കുന്ന കോപ്രായങ്ങൾ കടുത്ത അപരാധവും മാനസിക രോഗവുമാണ്. മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ കാണിച്ചു കൂട്ടുന്ന തട്ടിപ്പുകളെ ദൈവത്തിന്റെ അത്ഭുതങ്ങൾ എന്ന് വിശേഷിപ്പിക്കുന്നതും അവയെ സമൂഹ മദ്ധ്യത്തിൽ ന്യായീകരിച്ച് ബഹുവിധങ്ങളിൽ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തെ @ ഭൂമിയെ നിന്ദിക്കലാണ്. മത-ജാതി ജീവികളും കുട്ടിദൈവങ്ങളും സൂപ്പർ ദൈവങ്ങളുമായി കപടവേഷം ആടുന്നവരും വ്യാപകമായി ഈ തെറ്റ് ചെയ്യുന്നു. ജനങ്ങളുടെ അടിമകളായ മന്ത്രിമാരും മറ്റും, ഭൂമിയിലെങ്ങും പാപികളുടെ പാദസേവകരായി അധഃപതിച്ചിരിക്കുന്നു. (2) ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ നിയോഗിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ 'ജനങ്ങളുടെ അടിമകൾ മാത്രമായ ജനസേവകർ', മണ്ണിൽ ലയിച്ചിട്ടുള്ള കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ സാമ്പത്തിക ശാസ്ത്രം, സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം തുടങ്ങിയ ധർമ്മശാസ്ത്ര ശാഖകൾ പ്രകാരം ജനങ്ങളെ സേവിക്കേണ്ടതിനു പകരം, ജനങ്ങളുടെ ഉടമകളെ പ്പോലെ തോന്നുംപടി ഭൗതിക അസ്തിത്വം ഇല്ലാത്തതായ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ നിയമങ്ങളും മറ്റും തട്ടിക്കൂട്ടുന്നതും ജനദ്രോഹം ചെയ്യുന്നതും നവോത്ഥാനമല്ല; അധഃപതനമാണ്.

ഭൂമിയായ ദൈവം, മനുഷ്യന് അധികം നൽകിയ ബുദ്ധിശക്തി ഉപയോഗിച്ച് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ ഭൂമിയിൽ നിന്നും നേടാനും ധർമ്മ ശാസ്ത്രപരമായി ജീവിക്കാനും മാത്രമാണ് ശ്രദ്ധിക്കേണ്ടത്. പകരം, മഹാനീതിയെ പാടേ അവഗണിച്ച് ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ മത-രാഷ്ട്രീയ-ഇസ-വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും, സാമൂഹ്യ സാമ്പത്തിക സദാചാര രാഷ്ട്രീയ നിയമങ്ങളെയും മറ്റും സംരക്ഷിക്കാനെന്ന പേരിൽ മറ്റു ജീവികളെയും ശല്യപ്പെടുത്തുന്ന വ്യത്യസ്ത മത-രാഷ്ട്രീയ-ഇസ അധർമ്മികൾക്ക് അളവുകൾ പ്രകാരമുള്ള ശിക്ഷകളും ഭൂമിയിൽ ലയിച്ചിട്ടുണ്ട്; ഭൂമി നടപ്പാക്കുന്നുമുണ്ട്.

ഭൂമിയിൽ മുഴുവൻ ഉടനെ **ഓം** ധ്വനിപ്പിച്ച് ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, വിവരദോഷികളായ മനുഷ്യ-രൂപികൾ പശ്ചാത്തപിക്കേണ്ടി വരും. മണ്ണിൽ മഹാലയിച്ച് ഭൗതികമായ അസ്തിത്വം ഉറപ്പിച്ച് സനാതനമായ ഭൗതിക-ധർമ്മ-ശാസ്ത്ര നിയമങ്ങളെ മാത്രം 'പരമ സത്യങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും മന്ത്രങ്ങളും സാമൂഹ്യ സാമ്പത്തിക സദാചാര തൊഴിൽ സാംസ്കാരിക രാഷ്ട്രീയ നിയമങ്ങളായി ഭൂമിയിൽ മുഴുവൻ സ്വീകരിക്കുന്നതാണ്.'

മഹാശക്തി-ശിവ ചക്രങ്ങളായ ഭൂമിയുടെയും ആകാശത്തിന്റെയും കുഞ്ഞുങ്ങളായ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജനനം മുതൽ മരണം വരെയുള്ള ജീവിത കാലം മുഴുവൻ ശരണം നൽകുന്നത് മഹാശക്തിചക്രവും മഹാദേവിയും മഹാമാതാവുമായ ഭൂമി മാത്രമാണ്. ഭൂമിയിൽ ജീവിക്കുന്ന കാലം മുഴുവൻ, മരണം വരെയും മനുഷ്യർക്കും ഏതൊരു ജീവികൾക്കും 'ഭൂമിയിൽ നിന്നും + ഭാഗമായ ആകാശത്തിൽ നിന്നും' അല്ലാതെ യാതൊരു ശരണവും യാതൊരിക്കലും ലഭിച്ചിട്ടില്ല; ലഭിക്കുന്നതുമല്ല. മണ്ണും ഭൂമിയുമായ ദൈവത്തിന് സ്തുതികൾ വേണ്ട. ഭൂമിയിൽ ഉടനെ ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, ഭൂമിയോട് @ മഹാദേവിയോട് അല്ലാതെ ശരണം പറയുന്ന മനുഷ്യരുടെ അജ്ഞാനം അവസാനിക്കുന്നതാണ്.

ശിവചക്രവും ശിവലിംഗവും പരമാത്മാവിന്റെ താവളവുമായ ആകാശവും, ഒപ്പം ഭൂമിയും ആദ്യമായി സൃഷ്ടിക്കപ്പെട്ടവ ആണെന്നു പറയുമ്പോൾ, സൃഷ്ടിക്കപ്പെട്ട ഭൂമിയെ എങ്ങനെ (ഏക) ദൈവം എന്നു വിശേഷിപ്പിക്കാൻ കഴിയും... എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തമാണ്.

മനുഷ്യാവസ്ഥയിൽ വച്ച് ലഭിച്ച ദിവ്യജ്ഞാനത്തെ വിശകലനം ചെയ്യുവാനും യോഗ്യത നേടണം; ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും വേണം.

ദൈവം, ദിവ്യമായി മനുഷ്യരെ അറിയിച്ചിട്ടുള്ള ബ്രഹ്മ പാഠങ്ങളിൽ ദൈവം പ്രപഞ്ചത്തിന് അതീതമാണെന്നും മനുഷ്യർ അറിയുന്ന പ്രപഞ്ചവുമായി ബന്ധപ്പെടുത്തി മാത്രം ദൈവത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് ശരിയല്ല എന്നും വിശദമാക്കിയിരുന്നു. സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ഭാഗമായോ അംശങ്ങളായോ സൃഷ്ടികളായ ജീവികൾ തങ്ങളെ തെറ്റിദ്ധരിക്കാതിരിക്കാൻ ആവശ്യമായ നടപടികളെ ദൈവം സ്വീകരിച്ചിട്ടുണ്ട്; കാര്യങ്ങളെ മനസ്സിലാക്കാനുള്ള ബുദ്ധിയും ശക്തിയും ഉചിതമായി നൽകിയിട്ടുമുണ്ട്. സർവ്വത്തിനും അതീതമായ ബ്രഹ്മം എന്ന ദൈവം സൃഷ്ടിച്ച ശിവചക്രം @ പരമാത്മാവ് @ ആകാശം എന്ന നിർജ്ജീവമായ ഘടകത്തിന്റെ അംശങ്ങൾ മാത്രമാണ് ജീവാത്മാക്കൾ @ ജീവികൾ. ആകാശത്തിന്റെ ഒപ്പവും രണ്ടാമതായും സൃഷ്ടിച്ച ഭൂമി എന്ന ശക്തിചക്രത്തോട് മാത്രമായി ബ്രഹ്മം, ഓം എന്ന ശബ്ദബ്രഹ്മം ആയി ചേർന്ന് ഭൂമിയാണ് ജീവികൾ ഉൾപ്പെട്ട സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത്. സൃഷ്ടികളെ 'ദൈവമായ ഭൂമിയുടെ അംശമാക്കുന്നില്ല.'

ഏകദൈവത്തിന്റെ മഹാഖരരൂപമായ ഭൂമി എന്ന മഹാശക്തിചക്രം, പരമാത്മാവായ ശിവ ചക്രത്തെ ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിച്ച് ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ വസ്തുക്കളെ സൃഷ്ടിക്കുകയും, ശേഷം, ബ്രഹ്മത്തിന്റെ ഭാഗമല്ലാത്തതും ഏകദൈവമായ ഭൂമിയിൽ നിന്നും വേറിട്ട ഭാഗവും പരമാത്മാവുമായ ശിവ ചക്രത്തിന്റെ മാത്രം അംശങ്ങളായി ദൈവബന്ധം ഇല്ലാത്തവിധം ജീവാത്മാക്കളെ, സൃഷ്ടിക്കുകയും, ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരവും, ഭൂമിയായ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ എന്ന ജീവനെയും @ ശക്തിയെയും നൽകി ജീവികളാക്കുകയും ചെയ്യുന്നു. ശക്തിചക്രമായ ഭൂമിക്ക് മുമ്പ് സൃഷ്ടിക്കപ്പെട്ട ശിവചക്രം എന്ന പരമാത്മാവിന്റെ അംശങ്ങൾ മാത്രമാണ് ജീവാത്മാക്കൾ എന്നു തെളിയുന്നുണ്ട്.

ശിവ ചക്രവും ആകാശവുമായ പരമാത്മാവും, ശക്തിചക്രമായ ഭൂമിയും സൃഷ്ടിക്കപ്പെട്ടതും, ദൈവീകമായ വിവാഹബന്ധത്തിൽ ഏർപ്പെട്ടതും, വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പാകയാലും, ശിവചക്രവും ശക്തിചക്രവും അറിയിക്കാതെ ആവക കാര്യങ്ങളെ കുറിച്ച് അറിയാൻ ജീവികൾക്ക് കഴിയില്ല എന്നതും പ്രകാരം, ജീവികളെ സംബന്ധിച്ച്, ശിവചക്രത്തിനും ശക്തിചക്രത്തിനും ആദിയില്ല; സൃഷ്ടിക്കപ്പെട്ടവയുമല്ല. ആദിയില്ലാത്ത അവ അനേകം കോടി വർഷങ്ങളായി, അന്തമില്ലാത്ത പോലെ നിലനിൽക്കുന്നു എന്നത് ഗ്രഹിക്കാൻ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ കൊണ്ട് കഴിയും.

ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ വേണ്ടി സർവ്വത്തിനും അതീതമായ ബ്രഹ്മം എന്ന ദൈവം സ്വീകരിച്ചിട്ടുള്ള ഒരു മഹാപ്രകടനമാണ് ശിവ-ശക്തി ചക്രങ്ങളിലൂടെ ഒരുക്കിയിരിക്കുന്ന മഹാപ്രപഞ്ചം എന്നു സാരം. മഹാനീതി കാര്യങ്ങളെ മഹാഭദ്രമാക്കുവാൻ ആവശ്യമായ നടപടികളിൽ ചിലതാണവ.

ആകാശം, ഭൂമി, വായു, വെള്ളം, അഗ്നി, എന്നിവയെല്ലാം മണ്ണുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഭൂമി, ചൊവ്വ, വ്യാഴം, ശനി, തുടങ്ങിയ ഗ്രഹങ്ങളെ എങ്ങനെയൊക്കെയോ പ്രപഞ്ചത്തിൽ സംഭവിച്ച സ്ഫോടനങ്ങളുടെ ഭാഗമായി രൂപപ്പെട്ടവയെന്നും മറ്റും കണക്കാക്കാതെ മണ്ണായ ദൈവത്തിന്റെ ഖരരൂപ-ഭാഗങ്ങളായും ഭൂമി/മണ്ണ് മഹാനിശ്ചയിക്കുമ്പോൾ അവിടങ്ങളിലെ വസ്തുക്കളിൽ നിന്ന് വെള്ളവും വായുവും അഗ്നിയും സൃഷ്ടിക്കപ്പെടുമെന്നും മനസ്സിലാവുന്ന മുറയ്ക്ക് ആധുനികശാസ്ത്രം കൂടുതൽ സത്യങ്ങളെ കണ്ടെത്തുന്നതാണ്....

ജീവികളെല്ലാം മനുഷ്യാവസ്ഥയിൽ നേടുന്നതും നേടേണ്ടതുമായ മോക്ഷ രൂപങ്ങളാണ് നക്ഷത്രങ്ങൾ എന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു. കുഞ്ഞുങ്ങളായ ജീവാത്മാക്കളെ സൃഷ്ടിക്കുന്നതും, സ്ഥിതിയിൽ പുനർജന്മം നൽകുന്നതും മോക്ഷത്തിൽ നക്ഷത്ര പദവി നൽകുന്നതും ആകാശത്തിലാണ്; ജനിച്ചതും ലയിക്കുന്നതും പരമാത്മാവിന്റെ താവളം കൂടിയായ ആകാശത്തിലാണ് ! ആകാശത്തിന്റെ ഒപ്പം തന്നെ ഉണ്ടായിട്ടുള്ള മഹാശക്തിചക്രമായ ഭൂമിയാണ് സർവ്വവും മഹാനിശ്ചയിക്കുന്നത്.

GOD @ the Soil @ the EARTH, is the Only REFUGE for all Creatures at all times.

The GOD who is above all has availed the Supreme Form of the earth with the Supreme Pleasure as Parental Love in order to create and protect the creatures as children and give them everlasting feeling of Supreme Protection and Refuge. The creatures are first created directly in water in the oceans, the resurrected ones are placed in the womb of women, which is a Minute portion of the Sky whereas Vacuum (Vagina & Womb) are Not Organs of Creatures.

The Supreme Shakthi Chakram availing the form of Earth supplies the Creatures everything, the wisdom and the power, the beauty, the joy and the peace. The Earth which is created Next and along with the Sky is the GOD, and supply the air, water, fire and everything for living.

The living Creatures or the Souls receive Heat and Light from the Sun; the creatures do not go to the Sun and collect. The Creatures are not self-sufficient to arrange/ create air, soil, food, fire and light for their life. The Earth supply them everything. It is easy to understand that GOD @the Earth @ the body formed by earth, created the Sun and the Moon, etc in order to provide Light, Heat etc to all Creatures @ the Children / Babies of the Earth.

The Day and night, and the days are Supremely organised by the Earth such that the Creatures including humans do not ordinarily know and experience the revolving of the Earth. The Northern and Southern Movement of the Earth when revolve the Sun create additional beauty, equality and pleasures for the living species / creatures. If the Earth stops the 2 major revolutions, the Life of the creatures, including that of man who lives on earth, would become messy. The joy of life will go down and end soon.

The Oxygen which is the gaseous form of GOD @ the Earth combines all the elements and compounds of the soil, act as the Jeevan @ Power @ cum Supplier of Power to all Creatures. When Oxygen on/in Earth act / join with the Hydrogen from the Sun, the Liquid form of GOD @ Water generated. The human style of evaluating steam and rain as some of the physical phenomena are foolish. The water Created and Protected in the earth as rain, hail, well, lakes, small-medium and big rivers, backwaters, and oceans are all Done and Organised by the Earth. The truth is that people who live by the groundwater don't even care about the richness and the Supreme Parental Love of the Earth.

The Supreme Power GOD availed the form of Earth as a Physical / Material Existence by combining Minute Portions of the Supreme Power and Supreme Wisdom/Knowledge. The Physical substance like Earth expresses the Supreme Power joining the 3 branches of the Supreme Science, the Physical Science @ Bhouthika Shaasthram, the Science of Duties and Virtues @ Dharma Shaasthram, and the Science of Supreme Justice @ Omkaara Neethi Shaasthram @ Aathmeeya Shaasthram, the sub branches of them constituting as infinite laws are incorporated @ dissolved into the elements and all creatures live by those substances @ elements and the laws within them. For example, the life of the living Creatures will be shattered and end soon, if the Laws in the elements do allow the heating up, cooling, converting, etc which enable human beings with the wisdom of making and using different products from things such as Food, clothing, home, drugs and medicine, jewelry, machinery, equipment, vehicles - car, bus, train, ship, plane, television, computer, mobile phones, etc differing them from other creatures.

All Creatures including the human beings live by Earth, to eat, to drink, constipate, to sleep, to lie down, to walk, to walk, to bathe, to make the different things, vehicles etc out of the materials as mentioned above, etc.

When Creatures die, their bodies made up of the elements in the Soil @ Earth will again disintegrate into soil & elements, and become part of the Earth. Mind that the soil on the bottom support the sea water. Everything except Souls are formed from the soil, and return to soil. The Universe is basically the Earth.

For human beings in general who received more intelligence than all other creatures, can easily recognize that GOD @ the Earth supply and protect all Creatures with all the necessities, requirements and infinite pleasures of life, from the birth of each being through out their life.

Creatures including Human beings can Neither create Nor protect anything.

Because Creatures always need Power, Desiring Power and Knowledge to do something, and Creatures even do not know of themselves unless the Creator is kind enough to inform them about. Man out of all creatures could alone ask "Who am I?" as he alone given the Scientific knowledge. If Scientific lessons imparted to other creatures too, it is simple to understand that man as well as other creatures can not take part in scientifically developed technologies, never find the infinite pleasures nor succeed in sharing between them.

To write down a little, if a man is to do any Creation, a vacuum is to be created first imitating the Shiva lingham @ Sky for which he will have to get out of the infinite Sky first. It is not possible to create a new vacuum within the Supreme Vacuum @ Sky @ ShivaLingham. If anyone think otherwise, it's only a hallucination out of ignorance.

The Supreme Universe containing the Sky, the Earth, etc exist as a Supreme Truth over 100 billion years, as known per the Scientific laws. The human beings and the Creatures live by the Sciences. The history with humans for about 10000 years (?) are also by some Science.

In line with the Reincarnation theory in the Supreme Science of Justice @ Omkaara Neethi Shaasthram, people avail 'Birth Qualities like Male -Female Sex, color, beauty, face shape, life span, health, wisdom, labor taste, hobby / recreational taste, a number of factors such as the economic and cultural level of the parents, place of birth, etc' differed in all births. The human beings with a small life span, are the only creature that act ' in contrary to the Supreme Knowledge of GOD @ the Supreme Science of the Universe, and argue/stand for the Unscientific Beliefs & Customs in Spiritual matters; Economic Science, labor laws, ethical lessons, etc. in the socio cultural and political spheres. The Earth rejects all such Nonsense without Physical Existence by the Minus Powers in Elements entering into the Bodies of other people, etc. The Earth @ GOD will accept only the Supreme Knowledge @ Science merged in the elements of the Earth. Further, Earth @ GOD does not require the help of human beings/ creation / creatures for establishing the Supreme Science.

Those people / creatures who die in some time and can neither create a small vacuum nor a small ant can Never Protect anything. Those who believe that they protect others or anything like beliefs, customs, etc are by foolishness of self and are only mere manifestations of own ignorance and pride. Learning some lessons or the previous paragraph about the Supreme Reincarnation Laws would clear it. After using everything in earth as per the laws of the earth, it is a Big Wrong to argue / dispute in between for the Unscientific laws in different religions and political parties. It is a disgrace, and defying the Supreme Earth that gives and protect all creatures with Supreme Parental Love.

The Earth @ Soil @ the Contents known as Earth exist for a thousand billion years of the earth, as per the Supreme Knowledge of GOD @ the Supreme Science dissolved in the elements/ content of Earth, namely the 'Ever Pervading Principles @ Sanathana Dharmam' @ the Supreme Science: Physical Science, the Science of Duties and Virtues, and the Supreme Science of Justice @ Omkaara Neethi Shaasthram.

The Supreme Kindness of the 'Supreme Mother Earth' alone give everything for all creatures to live by. The human beings can learn the lessons from studying the life of other creatures too. All people are obliged to quit the Religions, political parties, etc which do not have material existence. Abandon other strayings, and live as a living species. Those who are are reluctant to live by the Laws in Earth; if born self and without death, shall carry the evilly beliefs they consider to be true, Get outside the earth and Sky first and then exhibit pride.

Those Little children who die one day @ creatures cannot stitch in customs, rituals and other foolishness to the Supreme Power GOD @ the Earth. Any individual's self-determination or any belief that the individual represents the society and that the beliefs and practices of the society as well as the economic and labor laws of the society, are all merely Ignorance and Foolishness. Such Nonsense alias the rhetoric lessons would vanish when reborn next in another land /nation, perhaps in the most nation hated by him/her more in the world today.

The people who practice / live by Dharma Shaasthram also do not actually qualify to use the term Renaissance. Before talkative about Renaissance, People should understand that those who were born and died in yesterdays, that is before many hundreds of years when Science and Technology didn't develop and scientific achievements @ pleasures didn't spread, And the people who live in modern times with scientific achievements @ pleasures, receive all and equal pleasures @ Justice from the Supreme Justice GOD. It is evident that the only way to give Equal Justice @ Pleasures as per the known Supreme Science is the Supreme Reincarnation Theory, and GOD could be Supreme Justice only if Equal Justice served. When the Supreme Justice serves the Supreme Justice in line with the Supreme Science, it's foolish to talk of any Renaissance. All creatures including human beings are dependent upon the power of their Creator GOD. The human beings can talk of doing some Renaissance only if they created/create something and/or modify it.

It is not Renaissance to live unrighteously even after getting opportunities and super wisdom to understand that the branches of the Supreme Science, Bhouthika Shaasthram, Dharma Shaasthram, and Aathmeeya Shaasthram are merged into the Elements of the Earth, commit series of mistakes and then correct. For example, (2) It's a Supreme Power of GOD @ Earth to create and protect the Supreme Universe by the Power called 'Maaya'. Whereas it's defying GOD as well as mental illness when humans do something with the objects of the earth and the laws that are incorporated into them, and later fraudulently claim that the religious gods and/or devatas/angels did miracles. Human activities disguised as miracles of God, are widely spread, accepted and interact in various societies today by religious-political-trade unions, etc and those people cunningly and knowingly argue for such Nonsense alias Frauds. The Religious-caste creatures who pretend as small and super gods make this a widespread mistake. The Slaves of the people @ governments throughout the earth fall as slaves to sinners who pretend as gods. (2) Instead of serving the people as "slaves of the people," the people who have been employed to meet the general needs of the people in accordance with the Complete and Errorless branches of the Science of Duties & Virtues (Dharma Shaasthram), namely the Moral Science, Economics, Labor Science, etc which are all dissolved into the soil, the Slaves are massively making unrighteous laws without any physical substance in them. Such Nonsense should not be counted as Renaissance.

GOD @ the Earth has given Man more intelligence @ scientific knowledge and Man can/ shall only make use of such knowledge in the elements to gain the infinite pleasures from them @ the earth and to live according to the Science of Duties and Virtues dissolved in the elements. Instead, the Supreme Science of Justice is neglected, and the religious, political, -isms, rituals and practices that do not have material existence are being followed which disturb others and other Creatures.

Indeed, the Earth @ land would punish those wicked with the right measures and correct everything as per the Supreme Science of Justice. Such punishments do happen always.

When GOD begins the Godly Revolution, OM will sound aloud from all elements on Earth; and the wicked people will start to repent. The ever pervading Supreme Science with material existence remain as the only truths @ real rituals @ mantras; and they will be accepted as the social, economic, moral, labor, cultural and political laws everywhere on Earth.

MahaaShakthi Chakram @ MahaaDevi @ the Supreme Mother of the Supreme Universe @ GOD @ the Earth alone gives Refuge and everything through out the life span to all living beings who are the children of Sky @ Shiva Chakram, and the Earth @ MahaaShakthi Chakram.

During their life on earth until death; all creatures receive Refuge and everything only from Earth and they never get anything 'outside from Earth+Sky'. GOD @ the Earth does not want praise from the Children @ Creatures. When Godly Revolution begins in the earth, the ignorance of humans praising others will end & recognise Soil @ Earth as GOD.

The following Question arises: How can Earth be GOD when it's said that the Shiva Chakram @ the Shiva Lingam @ Sky @ the Supreme Soul from which the Souls of Creatures generate, and the Earth were created at first and together ?

People become eligible to do Analysis of the Godly Knowledge obtained during life by learning & practicing Virtues.

In the lessons of Brahmam, it's revealed to the human beings that GOD is beyond the Universe and that it is not right to try to recognize GOD only by the Universe known to humans. GOD has taken the necessary steps so that the Creatures do not misunderstand them as parts or portions of GOD; above all; GOD has given cleverness and Power to human beings to know things better. Brahmam @ GOD Created the Powerless ShivaChakram @ ShivaLingham @ Sky @ the Supreme Soul first, and the Souls of all Creatures are only minute powerless portions of the Powerless Supreme Soul. The Brahmam joins with the Earth @ Shakthi Chakram which was Created Next and together with the Sky as Sound Brahmam OM, thus the Earth develop as the Single GOD who creates the creation (the Supreme Universe containing all Creatures and protect them and do the Salvation.

The Supreme Solid Figure EARTH of the Single GOD @ Supreme Shakthi Chakram operate the ShivaChakram in 'Power Mode' and 'Powerless Mode' to create and protect the things required by the Souls / Creatures to live in.

Later, portions of the Shiva Chakram are set apart as Souls @ Jeevaathma without any connection with Earth @ GOD; and the EARTH then allow its portions @ necessary elements to join the Souls as their Bodies to appear as Creatures. The Powerless Creatures get Power Content from the Body @ the elements, and the Oxygen which is the Gaseous form of GOD @ Earth give life to the Creatures. It is evident that the living Souls originated from & attached to the ShivaChakram which was created before the Earth.

Since the Creation of the ShivaChakram @ Sky @ the Supreme Soul and the Shakthi Chakram @ Earth, and their Godly Marriage occurred before the Creatures; and that the Creatures @ their Children can not know about the Origination of the Sky, Earth, and the rest of the Universe, as for the Creatures, their Parents, the Sky & Earth @ the ShivaChakram and Shakthi Chakram are without beginning and ending. The Scientific laws that are incorporated in the materials / elements also prove that the ShivaShakthi Chakrams @ the Supreme Universe exist for many millions of years and express endlessness / infinity.

It is also evident that the Creation of the Supreme Universe through the Shiva-Shakthi Chakrams is only a part of the Supreme Establishment of BRAHMAM to do the Creation and Protection of Creatures. The many steps and/or scientific laws are established to maintain the Supreme Science of Justice.

The sky, earth, air, water, and fire are all related to soil. Modern Science should develop in such a way that the formation of Earth, Mars, Saturn, etc Not happened upon accidental explosions of the cosmos, etc and the Earth decide the formation of water, air, fire, etc.

It was described before that the Stars were the form of salvation of the souls achieving in human state. Creating newborn babies, Rebirths and giving star status are all in the sky, mean the Souls born, live, and receive Salvation in the Sky alone which is the Base of the Supreme Soul @ Shiva Chakram @ ShivaLingham. The Supreme Shakthi Chakram Earth @ GOD, originated next and along with the Sky, decide everything.

The Supreme Science of Justice, the Soul and the Body of living creatures.

The Creatures @ Children/Babies @ Souls of the living creatures are Important for GOD. It was detailed before that the Creation of the Supreme Universe through the Shiva-Shakthi Chakrams were to do the Creation and Protection of Creatures. For the Creature @ Baby/ Child @ Soul, the Body obtained in every birth made up of elements of Earth @ GOD, is Important than everything else, because the Body alone provides them with the existence and all the pleasures of life.

(3) മഹാനീതിയും ആനന്ദ ശാസ്ത്രവും

ദൈവം, മഹാപ്രപഞ്ചത്തെയും ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പ്, 'മഹാ-സമആനന്ദം എന്ന മഹാ-സമനീതിയെ' സൃഷ്ടിയായ ജീവികൾക്കെല്ലാം ഉറപ്പായി നൽകുന്നതും, കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ 'സംഹാരം ഉൾപ്പെട്ട ഓംകാര നീതി ശാസ്ത്രം' എന്ന മഹാനീതി ശാസ്ത്രത്തെ ആവിഷ്ക്കരിക്കുന്നു. അതായത് 'ദൈവീകമായി പ്രഥമം മഹാനീതി' ആണ്. 'സ്ഥിതി, സൃഷ്ടി' എന്നിവ പിന്നീടുമാണ്. മഹാസമനീതിയെ ദൈവം തന്നെ നിർവ്വഹിക്കേണ്ടത് സ്രഷ്ടാവിന് സൃഷ്ടികളോടുള്ള ചുമതലയായി മഹാവാത്സല്ല്യത്തോടെ സ്വീകരിച്ചിരിക്കുകയാണ്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കുന്ന ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതിശാസ്ത്രം, എന്നീ മൂന്ന് വേദങ്ങളിലെയും നിയമങ്ങളെയും, അവ പ്രകാരം അനന്തമായ ആനന്ദങ്ങളെയും, ഭൂമിയിലെ വസ്തുക്കളിലെയും, മനുഷ്യൻ ഉൾപ്പെടെ ജീവികളുടെ ശരീരങ്ങളിലെയും മൂലകങ്ങളിൽ, ഭൂമി @ ദൈവം ലയിപ്പിച്ചിരിക്കുകയാണ്. ഓംകാര നീതിശാസ്ത്രം ഓം ആയി ലയിച്ചിരിക്കുന്നു.

പരസ്പര ബന്ധിതമായി മഹാസമ്മേളിച്ചു പ്രവർത്തിക്കുന്ന മൂന്ന് വേദങ്ങളിലെയും അവയുടെ ഉപ-ഉപ ശാഖകളിലെയും നിയമങ്ങളും, അവയുടെ ഭൗതിക അസ്തിത്വമായ ഭൂമിയിലെ വസ്തുക്കളും, അവയിലെ ന്യൂനശക്തികൾ ഉൾപ്പെട്ട ശക്തികളും പ്രകാരമാണ് മഹാപ്രപഞ്ചം സദാ പ്രവർത്തിക്കുന്നത്.

ഭൂമിയിലെ മൂലകങ്ങളിൽ, ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ 'ഭൗതിക ശാസ്ത്രം + ധർമ്മ ശാസ്ത്രം + ഓം' ലയി(പ്പി)ച്ചിട്ടുള്ളതിൽ, മഹാനീതിയുമായി ബന്ധപ്പെട്ട 'ഓം' മാത്രമാണ് മനുഷ്യർക്ക് സുവ്യക്തമായി അറിയാത്തത്. ഭൂമിയിലെ വസ്തുക്കളിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രകടമായിട്ടുള്ള 'ഭൗതിക - ധർമ്മ ശാസ്ത്രങ്ങളെ' ഉൾക്കൊണ്ടു ജീവിക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ 5 അവസ്ഥകളിലാണ് ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. അവയ്ക്കെല്ലാം സമ്പൂർണ്ണമായ വ്യക്തി സ്വാതന്ത്ര്യത്തെ നൽകിയിട്ടുണ്ട്. ജീവികളുടെ മോക്ഷത്തെ മനുഷ്യൻ എന്ന അവസ്ഥയിൽ നിശ്ചയിച്ചിരിക്കുകയാൽ മനുഷ്യന് ഒന്നും രണ്ടും വേദങ്ങളായ ഭൗതിക-ധർമ്മ-ശാസ്ത്രങ്ങളെ (ദൈവം) വെളിപ്പെടുത്തുകയും, ധർമ്മ ശാസ്ത്ര ബന്ധിതമായ സമ്പൂർണ്ണ വ്യക്തി സ്വാതന്ത്ര്യത്തെയും അനന്തമായ ആനന്ദങ്ങളെയും അനുവദിച്ചിരിക്കുകയുമാണ്.
'ദൈവത്തിന്റെ മഹാജ്ഞാനവും വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ളതുമായ മഹാശാസ്ത്ര നിയമങ്ങൾ മാത്രമേ പ്രപഞ്ച ജീവിതത്തിന് ചേരുകയുള്ളൂ' എന്ന് സ്വയം മനസ്സിലാക്കി ജീവിക്കാനുള്ള അവസരങ്ങളെ ദൈവം ഒരുക്കിയിട്ടുണ്ട്. അറിഞ്ഞോ അറിയാതെയോ ധർമ്മശാസ്ത്ര നിയമങ്ങളെ തെറ്റിച്ചാൽ, തിരുത്താൻ ആവശ്യമായ സമയം ചേർത്തുള്ള ഭൗതികശാസ്ത്ര നിയമങ്ങളെയും ന്യൂനശക്തികളെയും ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിൽ മഹാ-ലയി(പ്പി)ച്ചിട്ടുമുണ്ട്.
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ആനന്ദ ശാസ്ത്രം

മാനുഷിക ആനന്ദങ്ങളും അളവുകളും

ഭക്ഷണസാധനങ്ങൾ 40, ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ ഭൂമിയിലെ യഥാർത്ഥമായ 4 വിഭാഗ-തൊഴിലുകൾക്കും 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5

മനുഷ്യരുടെ പരമാനന്ദമായ കാമം 25

സൃഷ്ടിച്ചിട്ടുള്ളത് ഭക്തി (പ്രിയം, ആദരം) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5 എന്നിവയെ സംയോജിപ്പിച്ചാണ്.

മഹാപ്രപഞ്ചത്തിലെ മൊത്തം ആനന്ദം 100 അളവ്

ദൈവ-ആനന്ദങ്ങളും അളവുകളും

1. മഹാദാസ്യം 30

മനുഷ്യരുടെ പരമാനന്ദമായ കാമം 25 -നോട് വീണ്ടും ദാസ്യം 5 ചേർത്താണ് മഹാദാസ്യം 30 സൃഷ്ടിച്ചിട്ടുള്ളത്.

2. മഹാവാത്സല്യം 35

മഹാദാസ്യം 30 -നോട് വീണ്ടും വാത്സല്യം 5 ചേർത്താണ് മഹാവാത്സല്യം 35 സൃഷ്ടിച്ചിട്ടുള്ളത്.

സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്; ദൈവം കുഞ്ഞുങ്ങളായി സൃഷ്ടികളെ/ ജീവികളെ ജനിപ്പിക്കുന്നത് ജീവിക്കാനാണ്. ജീവിക്കുന്നത് ആനന്ദിക്കാൻ മാത്രമാണ്. ഭരിക്കാനും ശിക്ഷിക്കാനും ശിക്ഷകളെയും വേദനകളെയും അനുഭവിക്കാനല്ല. ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിക്കുന്നത്..

ഏകസൃഷ്ടി-സ്ഥിതി-സംഹാര കർത്താവും മഹാമാതാവും മഹാനീതിയും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കെല്ലാം മഹാസമനീതിയെ നൽകുന്നത് സമആനന്ദങ്ങളെ മഹാഅനുഗ്രഹിച്ചു നൽകിയാണ്.

100 മനുഷ്യ ജന്മങ്ങളിലൂടെ സമആനന്ദങ്ങളെ ഓരോ മനുഷ്യനും നൽകുന്നതിനെ ഓംകാര നീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങൾക്കെല്ലാം അളവുകളുണ്ട്.

മൊത്തം 100 അളവ്. ഭക്ഷണ സാധനങ്ങൾക്ക് ആകെ 40 അളവ്, എന്നാൽ ഏറ്റവുമധികം രുചികരമായ ഭക്ഷണത്തിൽ നിന്ന് ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവാണ്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായ തൊഴിലുകൾക്കെല്ലാം കൂടി 20, വാത്സല്യം 5, ദാസ്യം 5, ദാനം/ധർമ്മം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5, എന്നിങ്ങനെ 90 അളവുകൾ.

കാമത്തെയാണ് മനുഷ്യർ ഉൾപ്പെട്ട സൃഷ്ടികളുടെ പരമാനന്ദമായിട്ട് (ദൈവം)മഹാനിശ്ചയിച്ചിട്ടുള്ളത്. തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്ത് കാമലീല പൂർത്തിയാക്കുന്ന വ്യക്തിക്ക് മനുഷ്യരുടെ പരമാനന്ദമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുള്ള 25 അളവ് കാമാനന്ദം ലഭിക്കുന്നു. വാത്സല്യം 5, ദാസ്യം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5 എന്നിവ ചേർന്നാണ് കാമം 25 ഉണ്ടാവുന്നത്. മനുഷ്യർ തങ്ങളെത്തന്നെ മറന്ന് കാമാനന്ദത്തിൽ മുഴുകുമ്പോൾ, അവരിലൂടെ ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു.

ദൈവത്തിന്റെ ആനന്ദങ്ങൾ

ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ഏകദൈവം, താൻ സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ കണക്കാക്കി കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യത്തെ മഹാമാതാവായ മഹാദേവിയുടെ മഹാആനന്ദമായും, മഹാദേവിയോടുള്ള മഹാദാസ്യത്തെ തന്റെ ഭാഗവും ഭർത്താവും ഏകദാസനും പ്രപഞ്ചപിതാവും മഹാനീതി-പതിയും മഹാദേവനുമായ പരമശിവന്റെ മഹാആനന്ദമായും മഹാനിശ്ചയിച്ചിട്ടുണ്ട്.

മനുഷ്യന്റെ പരമാനന്ദ അളവായ 25 -നോട്, 5 അളവോടെയുള്ള ദാസ്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ 30 അളവുകളുള്ള മഹാദാസ്യവും, മഹാദാസ്യം 30 നോട് 5 അളവോടെയുള്ള വാത്സല്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ 35 അളവുകളുള്ള മഹാവാത്സല്യവുമായി.

മഹാദാസ്യവും മഹാവാത്സല്യവും ദൈവത്തിന്റെ ആനന്ദങ്ങളായും, മറ്റുള്ളവയെ ജീവികളുടെ ആനന്ദങ്ങളായും മഹാഅനുഗ്രഹിച്ചിട്ടുള്ളത് മഹാശക്തിയും മഹാനീതിയുമായ മഹാദേവിയാണ്.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർക്ക് ചിന്തിക്കാൻ പോലും വിഷമം ഉള്ളവയാണ് ദൈവീക ആനന്ദങ്ങളുടെ ഭൗതിക അസ്തിത്വം. എങ്ങനെയെന്നാൽ, ഭൂമിയിലെ വസ്തുക്കളിലും ശരീരങ്ങളിലും എല്ലാ ആറ്റങ്ങളിലും യഥാക്രമം ശിവ പ്രോട്ടോണായും ശിവൻ ഇലകട്രോണായും ഓംകാര നീതിശാസ്ത്രം പ്രകാരം ചേർന്ന് അഥവാ **ഓം** പ്രകാരം പ്രണയിച്ച് ഏകദൈവത്തിന്റെ മഹാആനന്ദങ്ങളായി മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും സൃഷ്ടിച്ചിരിക്കുകയാണ്. അഥവാ ഭൂമി, അംശമായ വസ്തുക്കളിലൂടെയും ശരീരങ്ങളിലൂടെയും മഹാവാത്സല്ല്യവും മഹാദാസ്യവും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്കു വേണ്ടി ഒരുക്കുകയും അവ പ്രകാരം ജീവാത്മാക്കളെ സേവിക്കുകയുമാണ്.

ദിവ്യമായ മഹാനീതി കാര്യങ്ങളാണ് അവ.

ശിവയും ശിവനും വസ്തുക്കളുടെ ആറ്റങ്ങളിലെ പ്രോട്ടോണും ഇലക്ട്രോണും ആയി 'ഓം പ്രണയ മന്ത്രം' കൊണ്ട് മഹാവാത്സല്ല്യത്തെ മഹാആനന്ദമായി, സ്വീകരിച്ചിട്ടുള്ളതു കൊണ്ടു മാത്രമാണ് ജീവാത്മാക്കളുടെ മഹാദാസരാവാൻ ശിവയ്ക്കും, ശിവയുടെ ഭാഗമായ ശിവനും സാധിക്കുന്നത്.

ഏറെക്കുറെ 100 മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമായി മണ്ണും ദൈവവുമായ ഭൂമിയിലെ വസ്തുക്കളും ശരീരങ്ങളും മഹാവാത്സല്ല്യത്തോടെ ജീവികളുടെ ദാസ്യവേല ചെയ്യുകയാണ്.

മനുഷ്യരുടെയും മറ്റുള്ള സൃഷ്ടികളുടെയും സ്വത്വമായ ജീവാത്മാക്കളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും സാധിച്ചു കൊടുക്കാൻ ദൈവാംശങ്ങളായ ശരീരവും ഭൂമിയിലെ വസ്തുക്കളും അവയിൽ സ്വയം ലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരം മഹാദാസരായി തയ്യാറാകുന്നതു കൊണ്ടു മാത്രമാണ് ജീവികൾക്ക് തൊഴിൽ ചെയ്യാനും, ഭക്ഷണം വസ്ത്രം പാർപ്പിടം ആഭരണങ്ങൾ വാഹനങ്ങൾ ഉപകരണങ്ങൾ ആയുധങ്ങൾ തുടങ്ങിയവ ഉണ്ടാക്കാനും ഉപയോഗിക്കാനും ആസ്വദിക്കാനും... ജീവിക്കാനും കഴിയുന്നത്.

ഉദാഹരണത്തിന്, ഏറ്റവും നീചമായ കാര്യങ്ങളിൽ ഒന്നായ ബോംബ് നിർമ്മാണവും സ്ഫോടനങ്ങളും അരുംകൊലകളും നടത്തുന്നതിനായി വസ്തുക്കളെയും ശരീരത്തെയും ഒരു ചില വ്യക്തികൾ അഥവാ ജീവാത്മാക്കൾ ദുരുപയോഗം ചെയ്യുമ്പോൾ, ജീവികളുടെ നല്ലതിന് ഉപയോഗിക്കാൻ കഴിയുന്ന ദൈവാംശങ്ങൾ തന്നെയായ ഭൂമിയിലെ ന്യൂനശക്തികളെ ദാസരാക്കുകയാണു ചെയ്യുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ദൈവത്തിന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളതിനെ ജീവാത്മാക്കൾ ദുരുപയോഗം ചെയ്യുകയാണ്.

മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും ആനന്ദങ്ങളായ മഹാവാത്സല്ല്യവും മഹാദാസ്യവും, സൃഷ്ടികളുടെ പരമാനന്ദമായ കാമാനന്ദത്തിനും അതീതമാണ്. ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങളായ സൗന്ദര്യം, മുഖഛായ, നിറം, തുടങ്ങിയതും, ശരീരവും നിർമ്മിച്ചു നൽകുന്നതും പരിപാലിക്കുന്നതും സൃഷ്ടികളുടെ മഹാമാതാപിതാക്കളായ ശിവയും ശിവനും മഹാവാത്സല്ല്യത്തോടെ ചെയ്യുന്നവയാണ്.

ശരീരം ഉൾപ്പെട്ട വസ്തുക്കളുടെ സത്തയും നിയന്ത്രണവും നിർവ്വഹിക്കുന്ന സൃഷ്ടി സ്ഥിതി സംഹാര കർത്താവ് കൂടിയായ ശിവയ്ക്കും ഭാഗവും പരമാത്മാവുമായ ശിവനും, മഹാവാത്സല്ല്യത്തോടെ സൃഷ്ടിച്ച യുവജനങ്ങളും വൃദ്ധരുമായ സൃഷ്ടികൾ പോലും കുഞ്ഞുങ്ങൾ ആയിരിക്കും എന്നല്ലാതെ, സ്വന്തം കുഞ്ഞുങ്ങളോട് യാതൊരിക്കലും കാമചിന്തകളും കാമചെയ്തികളും ഉണ്ടാകുന്നതല്ല.

മഹാശക്തിയും ഏകദൈവവുമായ മഹാശിവയും, ഭാഗമായ ശിവനും ഇണകളായി മഹാശാസ്ത്ര പ്രകാരം പരസ്പരം പ്രണയിക്കുകയും 'ശിവശിവ പ്രണയമന്ത്രമായി' ഓം അവതരിക്കുകയും, ഖര-ദ്രാവക-വാതക ഭൂമിയായി മഹാശിവയായ മഹാദേവി മഹാരൂപം സ്വീകരിക്കുകയും ചെയ്യുമ്പോൾ ശിവ-ശിവ (ൻ) പ്രണയം വസ്തുക്കളുടെ/മൂലകങ്ങളുടെ ഉള്ളിലെ ആറ്റങ്ങളിലാണ്. പരമാത്മാവ് കൂടിയായ ശിവന്റെ കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ജീവാത്മാക്കൾക്ക് ഏകദൈവമായ ഭൂമി സ്വന്തം അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തെ മഹാവാത്സല്ല്യം പ്രകാരം നൽകുമ്പോൾ മഹാദാസ്യ സേവനം ആരംഭിക്കുകയും, ശരീരത്തിലെ ശക്തികളെ കൊണ്ടു മാത്രം ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ എല്ലാ ആനന്ദങ്ങളെയും നേടുകയും ജീവിക്കുകയുമാണ്. മഹാമാതാപിതാക്കളുടെ പ്രണയം, മഹാവാത്സല്ല്യത്തെ ഒരുക്കാനെന്നു സാരം.

സ്വന്തമായി ശക്തിയില്ലാത്ത കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും സ്വീകരിക്കാതെ ഭൂമിയായ മഹാദേവി മഹാദാസ്യ സേവനത്തിലൂടെ മഹാവാത്സല്ല്യത്തെ ആധാരമാക്കി അനന്തമായ ആനന്ദങ്ങളെ കുഞ്ഞുങ്ങൾക്കെല്ലാം നൽകുകയുമാണ്.

മഹാദേവിയായ ഭൂമിയെപ്പോലെ മഹാദാസ്യ സേവനം ചെയ്യാൻ സൃഷ്ടികൾക്ക് കഴിയണമെങ്കിൽ അവരുടെ ആനന്ദം മഹാവാത്സല്ല്യവും മഹാദാസ്യവും ആവണം. സൃഷ്ടികളുടെ ഇടയിൽ മഹാദാസ്യവും മഹാവാത്സല്ല്യവും ആവശ്യമില്ല. അതേസമയം സൃഷ്ടികളുടെ പിഴവുകൾ കൊണ്ട് സമൂഹത്തിൽ ധാർമ്മിക അധഃപതനം ഉണ്ടാവുകയാണെങ്കിൽ, മുജ്ജന്മങ്ങളിലും മറ്റും കാരണക്കാരായ അതിനീചരെ കൊണ്ടു തന്നെ തിരുത്തിയില്ലെങ്കിൽ, പ്രസ്തുത നീചർ ഓംകാര നീതിശാസ്ത്ര പ്രകാരം കടുത്ത ദൈവ ശിക്ഷകളെ സ്വീകരിക്കേണ്ടതായി വരും. അക്കാരണം കൊണ്ട് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനസേവകരെ നിയമിക്കുമ്പോൾ, അവർ ജനങ്ങളുടെ അടിമകളായി ജനങ്ങളെ സേവിച്ച് പാപങ്ങളെയും ദൈവശിക്ഷകളെയും കുറയ്ക്കാൻ അവസരം ലഭിച്ചതായി മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. പകരം കേമരെന്നും ജനങ്ങളുടെ ഭരണാധികാരികളാണ് എന്നും ധരിച്ചു പ്രവർത്തിച്ചാൽ അസാധാരണ ശിക്ഷകളുണ്ടാകും. അനുയായികൾ ആവാൻ ഇറങ്ങി പുറപ്പെടുന്ന ഭോഷർ ഒരു കാര്യവും ഇല്ലാതെ ഭൂമിയിലെങ്ങും ശിക്ഷകളെ പിടിച്ചുവാങ്ങുന്നുണ്ട്.

മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങളും സാമ്പത്തിക കാര്യങ്ങളുമാണ് ഭൂമിയിലെ ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമെന്നും, അവയെ പരിഹരിക്കുന്നത് കഠിനമാണെന്നും ഒരു പക്ഷെ ഭൂരിപക്ഷം ജനങ്ങളും കരുതുന്നുണ്ടാവാം. എന്നാൽ സത്യം അതല്ല. ദൈവ വിപ്ലവത്തോടെ സത്യമായ ജ്ഞാനത്തെ ലഭിക്കുമ്പോൾ ഉടൻ അവസാനിക്കുന്ന വിഷയങ്ങൾ മാത്രമാണവ. എക്കാലവും ജനങ്ങളുടെ മുന്നിലെ ഏറ്റവും വലിയ വിഷയം ജീവികളുടെയെല്ലാം പരമാനന്ദമായി ഭൂമി നിശ്ചയിച്ചിട്ടുള്ള കാമാനന്ദമാണ്. മഹാമാതാപിതാക്കളായ ശിവയെയും ശിവനെയും അനുകരിച്ച് പ്രണയകാര്യങ്ങൾ മുഴുവൻ ഇണയോട് മാത്രം പുലർത്താൻ ജീവാത്മാക്കൾക്ക് സ്വയം ബാദ്ധ്യതയുണ്ട്.

സൃഷ്ടികളുടെ ജീവിതത്തിലെ മഹാനീതി-കാര്യങ്ങളെയും

ആനന്ദങ്ങളെയും

അളവുകളെയും മഹാഉചിതമായും മഹാശാസ്ത്രപരമായും, 'ഭൂമിയും ശിവയും മഹാശക്തിയും ഏകദൈവവുമായ മഹാദേവി' നിശ്ചയിച്ചിട്ടുള്ളതിനെ നിർവ്വഹിക്കാനോ മാറ്റിമറിക്കാനോ സൃഷ്ടികൾക്കു കഴിയുന്നതല്ല.

(4) ജീവികളുടെ ശരീരം, (5) ജീവികളുടെ ആത്മാവ്, മോക്ഷം (6) സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും

ദൈവത്തിന് പ്രധാനം സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളാണ് അഥവാ ജീവികളുടെ സ്വത്വമായ ജീവാത്മാക്കളാണ്. കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ആരംഭിക്കാനും നിർവ്വഹിക്കാനും ഉള്ള ശക്തിശിവ ചക്രങ്ങളുടെ മഹാപദ്ധതികളുടെ ഭാഗം മാത്രമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടിയെന്നും വിശദമാക്കിയിരുന്നു.

ജീവാത്മാക്കളായ കുഞ്ഞുങ്ങൾക്ക് പ്രധാനം, അവർ പോലും അറിയാതെ അവർക്ക് അസ്തിത്വത്തെയും സമസ്ത ആനന്ദങ്ങളെയും ലഭ്യമാക്കി കൊണ്ട് മഹാവാത്സല്ല്യത്തോടെ മഹാദാസ്യവേല ചെയ്യുന്ന ശരീരമാണ്. മഹാവാത്സല്ല്യത്തോടെയും നിസ്വാർത്ഥമായും മഹാദാസ്യ സേവനം ചെയ്യുന്നതു കൊണ്ടാണ് ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരത്തിന് ജീവാത്മാവിനെ ഭരിക്കാനും ശിക്ഷിക്കാനുംകൂടി കഴിയുന്നത്. ജനങ്ങളുടെ ചിലവിൽ ജീവിച്ചിട്ടും, യഥാർത്ഥമായും ദാസരായി ജനങ്ങളെ സേവിക്കാൻ കഴിയാത്തതു കൊണ്ടാണ് മനുഷ്യ ഭരണാധികാരികൾ പിഴയ്ക്കുന്നത്.

ജീവികളെ അഥവാ സൃഷ്ടികളെ ദൈവത്തിന്റെ അംശങ്ങളാക്കാൻ കഴിയില്ല.

ദൈവവും, ദൈവത്തിന്റെ അംശങ്ങളും, ഒരുപോലെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും ആകയാൽ, സ്രഷ്ടാവ് സ്രഷ്ടാക്കളെ ത്തന്നെ സൃഷ്ടിക്കുന്നതു പോലെ നിരർത്ഥകമാണ്. അതായത്, സദാ ജീവവും സർവ്വത്തിനും അതീതവുമായ ദൈവാംശങ്ങൾ സൃഷ്ടി ആകുന്നതല്ല.

ദോഷങ്ങൾ ഉൾപ്പെടെയുള്ള ഗുണങ്ങളെയും, സ്വാതന്ത്ര്യങ്ങളെയും, ആനന്ദങ്ങളെയും, മഹാസമമായി, മഹാനീതിശാസ്ത്ര പ്രകാരം എല്ലാ സൃഷ്ടികൾക്കും നൽകണമെങ്കിൽ, നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒന്നിന്റെ അംശങ്ങളായി സൃഷ്ടികളെ/ജീവികളെ സൃഷ്ടിക്കേണ്ടതുണ്ട്. അതിന് സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കണം; ദൈവാംശങ്ങളായി ജീവികളെ സൃഷ്ടിച്ചു കൂടാ.

മഹാശക്തിയായ ദൈവം നിശ്ചയിക്കുന്നതു പോലെ 'ജീവമോ, നിർജ്ജീവമോ ആയി പ്രവർത്തിക്കുന്ന ഒരു പരമാത്മാവിന്റെ അംശങ്ങളായി ജീവാത്മാക്കളെ സൃഷ്ടിക്കാൻ കഴിയും. അങ്ങനെ ചെയ്യുമ്പോൾ, സ്രഷ്ടാവായ ദൈവത്തിന്റെ ഭാഗവും, ജീവാത്മാക്കളുടെ 'മാതാവും പിതാവുമായിട്ട്' പരമാത്മാവ് മാറുന്നതാണ്.

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ജീവിതത്തെ പഠന വിധേയമാക്കിയാൽ, ഭൂമിയുടെ അംശങ്ങളും സദാ ജീവവുമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം നിശ്ചയിക്കുന്നതു പോലെ 'ജീവമോ, നിർജ്ജീവമോ ആയി പ്രവർത്തിക്കുന്ന ജീവാത്മാവാണ് ജീവികൾക്ക് ഉള്ളതെന്നു വ്യക്തമാണ്. എല്ലാ ജീവാത്മാക്കളുടെയും ഭൗതിക-അസ്തിത്വം സമാനമായതിനാൽ ഒരു പരമാത്മാവിന്റെ അംശങ്ങളാണ് എല്ലാ ജീവാത്മാക്കളും എന്നും തെളിയുന്നുണ്ട്.

ഭൂമിയുടെ. മൂലകങ്ങളിലെ ആറ്റങ്ങളിൽ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും പ്രോട്ടോണുകളെ ചുറ്റിക്കൊണ്ടിരിക്കുന്നു എന്നതിൽ നിന്ന്, ആറ്റങ്ങളും തന്മാത്രകളും മൂലകങ്ങളും സംയുക്തങ്ങളും വസ്തുക്കളും അവയുടെയെല്ലാം മൊത്തമായ ഭൂമിയും സ്വയം പ്രവർത്തിക്കുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവവും (അംശങ്ങളും) ആണെന്നു തെളിയുന്നുണ്ട്.

ഭൂമിയായ ദൈവം നിശ്ചയിക്കുന്നതു പോലെ 'ജീവമോ, നിർജ്ജീവമോ ആയി പ്രവർത്തിക്കുന്ന ഒരു പരമാത്മാവിന്റെ അംശങ്ങളാണ് ജീവാത്മാക്കളെന്ന് തെളിയുന്നു. 'പരമാത്മാവായ ശിവചക്രത്തെ' ആദിയിൽ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനും മുമ്പാണ് സൃഷ്ടിച്ചതെന്ന ബ്രഹ്മ പാഠങ്ങളെ അത് ശരിവെക്കുന്നുമുണ്ട്.

ശരീരത്തിലൂടെ ലഭിക്കുന്ന ശക്തി കൊണ്ട് പ്രവർത്തിക്കുന്ന ജീവാത്മാവ് അടിസ്ഥാന പരമായി 'ദൈവത്തിന്റെ അംശമല്ല' എന്നും, ജീവാത്മാക്കളുടെ മൊത്തകേന്ദ്രമോ സ്രഷ്ടാവോ ആയ പരമാത്മാവും, 'മഹാശക്തിയായ ദൈവവും', ഒന്നല്ല; രണ്ടാണ് എന്നും കൂടി തെളിയുന്നുണ്ട്.

കണ്ണുകൾ കൊണ്ട് സാധാരണമായി കാണാൻ കഴിയാത്തതും നിറമില്ലാത്തതുമായ ഒരു വാതകമാണ് പരമാത്മാവ് എന്നതിനാലാണ് അതേ വാതകത്തിന്റെയോ ഭാഗത്തിന്റെയോ അംശങ്ങളായ ജീവാത്മാക്കളെയും സാധാരണ ഗതിയിൽ കാണാൻ കഴിയാത്തത്.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഏകദൈവം, 'നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒരു പരമാത്മാവിനെ' പങ്കെടുപ്പിച്ചു കൊണ്ട് അഥവാ 'ഒന്നായ ദൈവം, ശിവ ചക്രം, മഹാശക്തി ചക്രം എന്നിങ്ങനെ രണ്ടാവാതെ രണ്ടായിക്കൊണ്ട് ', ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുവാൻ തയ്യാറാവുന്ന ദിവ്യമഹാവിദ്യയെ ബ്രഹ്മ പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

ഭൂമി എന്ന മഹാശക്തിചക്രത്തിന്റെ മൂലം അഥവാ ആദ്യ മൂലകം ഓക്സിജൻ ആണ്. സൃഷ്ടി സ്ഥിതികളെ മൊത്തം ചിട്ടയോടെ നയിക്കുവാൻ ഒരു മഹാസംവിധാനം ആവശ്യമാകുന്നതു കൊണ്ടാണത്. അതായത് ജീവിസൃഷ്ടിയെ മഹാമംഗളം ആക്കാനായി ഓക്സിജൻ എന്ന സത്യ-സൃഷ്ടി-വാതകം, ആദ്യം ഉണ്ടായി. (ജീവികൾക്കെല്ലാം ജീവൻ നൽകുന്നതിനാൽ ഓക്സിജന്റെ മറ്റൊരു പേരാണ് ജീവൻ. ജീവികളിൽ ഓക്സിജനായ ജീവൻ @ ശക്തി പ്രവർത്തിക്കുമ്പോൾ മാത്രമാണ് ജീവികൾക്ക് ജീവൻ ഉള്ളത്. ജീവികളുടെ സ്വത്വമായ ജീവാത്മാവും, ജീവാത്മാവിനു ശക്തി നൽകുന്ന ജീവനും രണ്ടാണെന്നും സാരം.)

ഓക്സിജന്റെ ഇഷ്ടം എന്ന പോലെ മറ്റ് മൂലകങ്ങൾ സൃഷ്ടിക്കപ്പെട്ടു.

ഭൂമിയിലെ മൂലകങ്ങളിൽ ജീവാത്മാക്കൾ ഉൾപ്പെടില്ല എന്നതിനാൽ ശക്തി-ശിവ ചക്ര ഭാഗങ്ങളായ പ്രോട്ടോണും ഇലക്ട്രോണും ജീവാത്മാവിന്റെ ഭാഗമല്ല എന്നും തെളിയുന്നുണ്ട്.

എന്തിനാണ് ജീവാത്മാക്കളെ ഗൂഢമാക്കിയിരിക്കുന്നത് ?

സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കുമ്പോൾ; സൃഷ്ടിയായ ജീവികൾക്ക് പ്രത്യക്ഷമായ അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ശക്തികളും, ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും എല്ലായ്പ്പോഴും നൽകേണ്ടതായ ഭാരിച്ച ഉത്തരവാദിത്വം സ്രഷ്ടാവായ ദൈവത്തിന് ഉണ്ടാകുന്നുണ്ട്. ആനന്ദങ്ങളെയെല്ലാം ദൈവം പ്രത്യക്ഷമായി ജീവികൾക്കു നൽകിക്കൊണ്ടിരുന്നാൽ, സ്രഷ്ടാവ് കാരണമായി ജീവികളെല്ലാം യാതൊന്നും ചെയ്യാൻ ഇല്ലാത്തവരും, സൃഷ്ടി അർത്ഥശൂന്യവുമായി മാറും. അത് ഒഴിവാക്കണമെങ്കിൽ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടിയായ ജീവികളുടെയും അസ്തിത്വം, സാന്നിദ്ധ്യം എന്നിവയിൽ ഭാഗികമായി ഗൂഢത കൂടി ഉണ്ടാവണം.

മാത്രമല്ല; മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ പ്രപഞ്ച-ഘടകങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുഴുവൻ യാതൊരു കുറവും കുറ്റങ്ങളും ഇല്ലാത്തതും, സമ്പൂർണ്ണ സുന്ദരവുമായ മഹാപദ്ധതികളോടെ നിർവ്വഹിക്കുവാൻ കഴിയണം. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാപ്രഭാവങ്ങളും മഹാ-മഹത്വവും മഹാസത്യമാണെന്ന് സ്ഥാപിക്കുവാനും അതാവശ്യമാണ്.

ജീവികളുടെ ജീവിതം ആനന്ദകരമാക്കാനായി കാലത്തെയും സൃഷ്ടിചക്രങ്ങളെയും, സൃഷ്ടിചക്രത്തിന് 'ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയെയും, ദൈവം പ്രത്യക്ഷമായ രണ്ടാമത്തെ പകുതിയെയും,' മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ ജീവികൾക്കെല്ലാം 5 അവസ്ഥകളെയും, മോക്ഷത്തെ ബന്ധിപ്പിച്ച് മഹാശാസ്ത്ര ജ്ഞാനവും ബുദ്ധിയും ശക്തിയും അനന്തമായ ആനന്ദങ്ങളും നൽകുന്ന മനുഷ്യാവസ്ഥയെയും മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്.

'നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഓരോ ജീവാത്മാവിനും', ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകുന്നതായ 'ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരത്തെ' മഹാവാത്സല്ല്യത്തോടെ നൽകി ജീവിയാക്കുന്നു.

ജീവികളുടെയെല്ലാം ജീവിതം ആനന്ദകരമാവാൻ ജീവാത്മാക്കളെ ഗൂഢമാക്കേണ്ടതുണ്ട് എന്ന് സൂചിപ്പിച്ചുവല്ലോ. ഉദാഹരണത്തിന്, മരണത്തോടെയും മറ്റും ശരീരത്തിൽ നിന്നും പുറത്താക്കപ്പെടുന്ന ആത്മാക്കളെ കാണാനും കേൾക്കാനും സാധാരണമായി സാധിച്ചാൽ കുട്ടികളും ഗർഭിണികളും മുതിർന്നവരും ഉൾപ്പെടെ എല്ലാ മനുഷ്യരും (മറ്റുള്ള ജീവികളും) ഭയന്നു വിരളുന്നതാണ്. അതായത്, എല്ലാ ജീവികളുടെയും ജീവിതം താറുമാറാകാതെ എല്ലാ ആനന്ദങ്ങളെയും സംരക്ഷിക്കുവാനും ആസ്വദിക്കുവാനും ജീവാത്മാക്കളെ ഗൂഢമാക്കേണ്ടതുണ്ട്. ഗൂഢമാവാൻ പരമാത്മാവിനും അംശമായ ജീവാത്മാവിനും വാതക രൂപം കൂടി നൽകേണ്ടതും അത്യാവശ്യമാണ്.

ജീവാത്മാവ് ഉണ്ടെന്ന് സുവ്യക്തമാണ്. ജീവിയുടെ ഭാഗമായി ജീവിച്ചിരിക്കുമ്പോഴും, മരണത്തോടെ ശരീരത്തിൽ നിന്ന് പുറത്തായിരിക്കുമ്പോഴും ജീവാത്മാവ് ഗൂഢമാണെന്ന് ചുറ്റുമുള്ള ജീവികളുടെ ജീവിതത്തിൽ നിന്നും അനുഭവിച്ചറിയുന്ന വസ്തുതയാണ്. ഉറക്കം കൊണ്ടും, ബോധം കെട്ടും, രോഗം ബാധിച്ചും, അപകടമുണ്ടായും മറ്റും ശരീരം ചലിപ്പിക്കാൻ കഴിയാതെ സ്വത്വം തളർന്നു കിടക്കുന്ന അവസരങ്ങൾ ഉണ്ടാകുമ്പോൾ, ജീവിയുടെ സ്വത്വമായ ജീവാത്മാവിന് സ്വന്തമായി ശക്തി ഇല്ലായെന്നും, ശരീരം നൽകുന്ന ശക്തികൾക്കൊത്താണ് ജീവാത്മാവ് പ്രവർത്തിക്കുന്നത് എന്നും ഗൂഢമായ അസ്തിത്വത്തെയും നിശ്ചയിച്ചിട്ടുള്ളത് ജീവാത്മാവ് അല്ല എന്നും, പ്രത്യക്ഷത്തിൽ ശരീരമാണ് നിശ്ചയിക്കുന്നതെന്നും, വിശകലനം ചെയ്ത് ജീവാത്മാവിന് സ്വയം അറിയാം.

ജീവിയുടെ സ്വത്വമായ 'ജീവാത്മാവ് ' ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും ശ്വാസോച്ഛ്വാസം ചെയ്യുന്നതും, പിറന്നു വീഴുന്നതു മുതൽ മരിക്കും വരെ വിശപ്പും ദാഹവും ദഹനവും വിസർജ്ജന ആവശ്യങ്ങളും ഉണ്ടാക്കുന്നതും / ചെയ്യുന്നതും; അവയവങ്ങളുടെ ഘടനയും പ്രവർത്തനവും വളർച്ചയും; ലൈംഗിക ബീജ-അണ്ഡ നിർമ്മാണവും, രോഗങ്ങളും രോഗ മുക്തിയും, നരയും ചുളിവുകളും തുടങ്ങി ജനനവും മരണവും നിശ്ചയിക്കുന്നതും / ചെയ്യുന്നതും 'സ്വത്വം' അല്ല. മേല്പടി പ്രവർത്തനങ്ങളെ ജീവിയിലെ ശരീരത്തിന്റെ ഇഷ്ടപ്രകാരം, സ്വത്വമായ ജീവാത്മാവിനു വേണ്ടി ശരീരം ചെയ്യുന്ന പ്രവൃത്തികൾ ആണ് എന്നതിൽ നിന്നും ജീവിയുടെ ശരീരവും, സ്വത്വം എന്ന ജീവാത്മാവും അടിസ്ഥാന പരമായി വ്യത്യസ്തമാണെന്ന് സ്വയം വിശകലനം ചെയ്ത് 'സ്വത്വവും വ്യക്തി കൂടിയായ ആത്മാവിന് ' ബോദ്ധ്യപ്പെടാൻ കഴിയുന്നതാണ്.

ജീവിയുടെ ആദ്യ ഘടകം ജീവാത്മാവാകുന്നത് എങ്ങനെ ? ജീവാത്മാവിന്റെ ഇഷ്ടങ്ങളെ അനുസരിക്കാതെയും അനുസരിച്ചും ശരീരം ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം ജീവാത്മാവിനു വേണ്ടി മാത്രമാകയാലും, ശരീരത്തെക്കൊണ്ട് ജീവിക്കുന്നത് ജീവാത്മാവ് മാത്രമാകയാലും, ജീവിയുടെ സ്വത്വമായി ജീവാത്മാവിനെ മാത്രം ശരീരം നിശ്ചയിച്ചിരിക്കുകയാലും, വേറിട്ട ഒരു സ്വത്വത്തെ സ്വന്തമായി ശരീരം സ്വീകരിക്കാത്തതിനാലും, ജീവിയുടെ ആദ്യ ഘടകം ജീവാത്മാവാണ്. മൂലകങ്ങൾ, ശരീരം, ജലം, ഓക്സിജൻ, എന്നിവയ്ക്ക് ഭൂമിയായ ദൈവം എന്ന പ്രകടവും പ്രത്യക്ഷവുമായ സംയുക്ത സ്വത്വം ഉണ്ട്.

ശരീരത്തിൽ നിന്നും 'വേറിട്ട പോലെയുള്ള ഒരു അസ്തിത്വമാണ് ' എന്ന് തന്നെപ്പറ്റി ജീവാത്മാവിന് അറിയാമെങ്കിലും, പ്രസ്തുത അസ്തിത്വം എന്താണെന്നോ, ശരീരമോ മറ്റാരെങ്കിലുമോ സൃഷ്ടിച്ച 'താൻ' ആരാണെന്നോ, എവിടെ നിന്ന് വന്നുവെന്നോ, സ്വന്തമായി അറിവും ശക്തിയും ഇല്ലാത്ത അഥവാ നിർജ്ജീവം കൂടിയായ ജീവാത്മാവിന് അറിയില്ല.

ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും, ഭവനങ്ങളും, കാറും ബൈക്കും ട്രെയിനും കപ്പലും വിമാനവും തുടങ്ങിയ വാഹനങ്ങളും, ടെലിവിഷനും കമ്പ്യൂട്ടറുകളും, മൊബൈൽ ഫോണുകളും മറ്റുമായി മനുഷ്യർ ഭൂമിയിൽ നിറഞ്ഞെന്നോണം വ്യാപരിച്ചും; മറ്റുള്ള ജീവികൾ ഒപ്പം പോലെയും ഭൂമിയിൽ ജീവിക്കുന്നത് ശരീരത്തോടെ ആണെന്നതു കണക്കാക്കിയാൽ, ഭൂമിയിലെ കരയും കടലും ആകാശവും ഉൾപ്പെടെ എല്ലാ പ്രദേശങ്ങളും ശരീരത്തോടു കൂടി ജീവിക്കുന്ന ജീവികൾക്ക്/ആത്മാക്കൾക്ക് ജീവിക്കാൻ ഒരുക്കിയിട്ടുള്ളതാണെന്നും, ശരീരം ഇല്ലാത്ത ആത്മാക്കൾക്കു വേണ്ടിയല്ലാ എന്നും വ്യക്തമാണ്.

കണ്ണുകൾ കൊണ്ട് സാധാരണ ഗതിയിൽ കാണാൻ കഴിയാത്തതും നിറമില്ലാത്തതുമായ ഒരു വാതകം കൂടിയാണ് ജീവാത്മാവ് എന്ന് 'ഗൂഢമാക്കപ്പെട്ട സ്വന്തം സ്വത്വത്തിന്റെ ഗുണങ്ങളെ' ലഭ്യമാകുന്ന അറിവും ശക്തിയും കൊണ്ട് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ ജീവിയുടെ സ്വത്വമായ ജീവാത്മാവ് എന്ന വ്യക്തിക്കു കഴിയുന്നതാണ്.

ജീവാത്മാവിന് നിറവും മണവും ജ്ഞാനവും ശക്തികളും ഒക്കെ ശരീരത്തിലൂടെ ലഭിക്കുകയാണ് എന്നതിൽ നിന്ന്, മരണത്തോടെയും മറ്റും ശരീരത്തിൽ നിന്നും വേറിട്ടു നിൽക്കുമ്പോഴും ജീവാത്മാവിന് അവ ലഭിക്കണമെങ്കിൽ ശക്തി ഉള്ളവർ നൽകണം എന്നും വ്യക്തമാണ്.

മനുഷ്യൻ ഉൾപ്പെടെ ബഹുസഹസ്രം കോടികളായ എല്ലാ ജീവികളുടെയും ജീവാത്മാക്കൾ ഏറെക്കുറെ സമാനമായി നിറവും മണവും 'സ്വന്തമായി ശക്തികളും' ഇല്ലാതെ നിലകൊള്ളുന്നു എന്ന് സ്വയം വിശകലനത്തിൽ വെളിപ്പെടുന്നതിൽ നിന്നും അവയെല്ലാം ശരീരത്തിൽ വച്ചും പുറത്തും മറ്റാരുടെയോ ശക്തികളാലും നിയമങ്ങളാലും സമാനമായി ബന്ധിക്കപ്പെട്ടിട്ടുണ്ട് എന്നു വ്യക്തമാണ്.

ബഹുസഹസ്രം കോടി ജീവാത്മാക്കൾക്ക് ശരീരത്തോടു കൂടി ജീവിച്ച്, സഹസ്രാബ്ദങ്ങളായി മേൽ വിവരിച്ച സമാന സ്വഭാവം പ്രകടിപ്പിക്കുവാൻ മാത്രമേ കഴിയുന്നുള്ളൂ എന്നത് ജീവാത്മാക്കളെല്ലാം 'മഹാശക്തിയായ ദൈവം അല്ലാത്തതും', ദൈവത്തിന്റെ ഇഷ്ടം പോലെ 'ജീവമോ നിർജ്ജീവമോ' ആയി പ്രവർത്തിക്കുന്നതുമായ ഒരു 'പരമാത്മാവിന്റെ അംശങ്ങളാണെന്ന് ' തെളിയുന്നു. ജീവാത്മാവ് എന്ന സൃഷ്ടിയുടെ തുച്ഛമായ അവസ്ഥ സ്വയം ബോദ്ധ്യപ്പെടാനും നിർജ്ജീവ അവസ്ഥ ആവശ്യമാണ്.

മഹാനീതി, ആത്മാവ്, ശരീരം തുടങ്ങിയവ മറ്റ് ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്. ജീവാത്മാവിന് ഹൈഡ്രജൻ, ഹീലിയം, ന്യൂട്രോൺ എന്നിവയുമായി ബന്ധം ഉണ്ടെന്നും, ഹീലിയവുമായി ബന്ധപ്പെട്ട ഹൈഡ്രജനാണ് ആത്മാവ് എന്നും ഗവേഷണം നടത്തണമെന്നും മുൻ ഗ്രന്ഥങ്ങളിൽ കുറിച്ചിരുന്നു. പുതിയ വെളിപാട് പ്രകാരം പരമാത്മാവ് ഹൈഡ്രജൻ തന്നെ. ഹൈഡ്രജൻ ആറ്റത്തിൽ രണ്ട് ന്യൂട്രോണുകൾ സൃഷ്ടിക്കുമ്പോൾ ഹീലിയം ആറ്റമായി. ന്യൂട്രോൺ എന്ന ജീവാത്മാവ് പുരുഷനും സ്ത്രീയുമായി വിഭജിച്ച് സൃഷ്ടിക്കപ്പെടുന്നു എന്നും മോക്ഷത്തിൽ ഒന്നിക്കുന്നു എന്നുമാണ് ഏറ്റവും പുതിയ അറിവ് ! സ്ത്രീ- ന്യൂട്രോണിന് മഹാപരിശുദ്ധ സംരക്ഷണം ഭൂമി നൽകുന്നു. പുരുഷ ന്യൂട്രോണിന് സ്വാതന്ത്ര്യത്തോടെ ജീവിച്ച് സ്വയം ധർമ്മ ശാസ്ത്രത്തെ ഗ്രഹിക്കാനും തിരഞ്ഞെടുക്കാനുമുള്ള അവസരങ്ങളും. ഏകകോശ ജീവിയായ അമീബ, വലിയ ജീവിയായ ആന എന്നിവയുടെ ശരീരത്തിൽ പോലും ജീവാത്മാവായ ന്യൂട്രോണിന് പ്രവർത്തി(പ്പി)ക്കാനും കഴിയുന്നു!	The Supreme Science of Justice, Soul, and Body are described in earlier texts; and the Need for further Research was wished. Herein adds a little more about Soul : It was told before that the Soul has a connection with Hydrogen, Helium, Neutron and it's Hydrogen related with Helium and Research be done. According to the new revelation, the Supreme Soul is the same Hydrogen. Two Neutrons @ Soul are created in Hydrogen atom and Helium is made up. The Neutrons = Jeevaathma @ Soul is split into Male and Female, re-united in Moksham @ Salvation! The 'Female Neutron' is Godly Protected in Virtues. The 'Male Neutron / Soul' is subject to Freedom choosing learn & practice Virtues. The Soul / Neutron can act even in the Bodies of the one-celled Amoeba & the big Elephant !

മഹാപ്രപഞ്ചത്തിലെ ജീവികളുടെ മഹാനീതിയായ മോക്ഷവുമായി ബന്ധപ്പെടുത്തി ദൈവം മഹാശാസ്ത്ര പാഠങ്ങളെ നൽകുന്ന ഒരു ഉന്നത ജീവി മാത്രമാണ് മനുഷ്യൻ. ശാസ്ത്ര പാഠങ്ങളെ കൂടുതൽ കൂടുതൽ ലഭിക്കുമ്പോൾ മാത്രമാണ് മനുഷ്യാവസ്ഥയുടെ ഭാഗമായിട്ടുള്ളതും ഒരു പടി ഉയർന്നതുമായ ജീവി ഗോമാതാവായ പശുവും പശുപതിയുമാണെന്ന് മനുഷ്യൻ അറിയുക.

മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കിയിട്ടുള്ള മഹാശാസ്ത്രത്തെയും, മഹാശാസ്ത്രം പ്രകാരമുള്ള ശക്തികളെയും വസ്തുക്കളെയും ജീവികളെയും അടിസ്ഥാനമാക്കിയ ഭാവനകളും ചിന്തകളും സംഭാഷണങ്ങളും ചെയ്തികളും മാത്രമേ മനുഷ്യനു കഴിയുകയുള്ളൂ.

മനുഷ്യന്റെ ഭാവനകൾക്ക് അതീതമായ ശാസ്ത്ര നിയമങ്ങളെയും, പുതിയ ശാസ്ത്രങ്ങളെയും, മറ്റു പ്രപഞ്ചങ്ങളെയും സൃഷ്ടിക്കുകയും, പരിപാലിക്കുകയും ചെയ്യുന്നതും, ചെയ്യാത്തതും ദൈവത്തിന്റെ ഇഷ്ടമാണ്.

മനുഷ്യർ അല്പസ്വല്പം അറിയുന്ന പ്രപഞ്ചം തന്നെ, മനുഷ്യർക്ക് അതിഭീമമാണ്. അനന്തമായ മറ്റു ശാസ്ത്രങ്ങളെയും പ്രപഞ്ചങ്ങളെയും അവ പ്രകാരമുള്ള ജീവികളെയും ഒക്കെ ദൈവം സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും ചെയ്താൽ; മനുഷ്യർക്കും, ഉന്നതമായ ജ്ഞാനത്തെ ലഭിക്കുന്ന മറ്റുള്ള സൃഷ്ടികൾക്കും "തങ്ങളുടെ മാത്രം ദൈവം" എന്നു പറയാൻ കഴിയാതെ വരുന്നതാണ്. മാത്രമല്ല; മനുഷ്യന് അസുരക്ഷിത ചിന്തകൾ ഉണ്ടാകുന്നതാണ്.

ഉന്നതമായ ബുദ്ധിശക്തികളെ ലഭിച്ചിട്ടുള്ള മനുഷ്യർക്കും, മറ്റുള്ള ജീവികൾക്കും ജീവിക്കാൻ ആവശ്യമായ ഭക്ഷണം, (വസ്ത്രം), പാർപ്പിടം, ജ്ഞാനം, ആനന്ദങ്ങൾ, സമ്പത്ത്, സുരക്ഷ തുടങ്ങിയവ ചേർന്നുള്ള (ജീവികളുടെയെല്ലാം) ശരീരമായിക്കൊണ്ടും, വസ്തുക്കൾ ആയിക്കൊണ്ടും മറ്റും

മഹാവാത്സല്ല്യത്തോടെ

ഏകമഹാശക്തിയായ ദൈവം മാറുകയും, മറ്റു പ്രപഞ്ചങ്ങളെയും ശാസ്ത്രങ്ങളെയും സൃഷ്ടിക്കാതെ കഴിയുമ്പോൾ, ഉന്നതമായ ബുദ്ധിശക്തികളെ ലഭിച്ചിട്ടുള്ള മനുഷ്യർ ഉൾപ്പെട്ട എല്ലാ ജീവികളുടെയും അസുരക്ഷിത ചിന്തകൾക്ക് സമ്പൂർണ്ണ പരിഹാരമായി.

ഭൂമിയെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലൂടെയും ആദിയും അന്തവും ഇല്ലാത്ത മഹാപ്രഭാവം സർവ്വത്തിലും സ്ഥാപിക്കാൻ ദൈവത്തിനു കഴിയുമെന്ന് തെളിയിക്കുന്നുമുണ്ട്.

മണ്ണും ഭൂമിയും മഹാമാതാവും ആയിക്കൊണ്ട് മഹാശക്തിയായ ദൈവം മഹാവാത്സല്യം കാട്ടുമ്പോൾ, അതിനെ ഉൾക്കൊണ്ടു ജീവിക്കണം എന്ന സാമാന്യ മര്യാദ മനുഷ്യർ കാണിക്കണം. ബുദ്ധി ശക്തിയും വർദ്ധിച്ച ജീവിത സൗകര്യങ്ങളും ജന്മഗുണങ്ങളായി കൂടുതൽ ലഭിച്ചവർ കൂടുതൽ ശ്രദ്ധിക്കണം.

മോക്ഷം എന്ന ആത്മീയ സാക്ഷാത്ക്കാരത്തിൽ, എല്ലാ മനുഷ്യരും (സൃഷ്ടികളും)

പരബ്രഹ്മം എന്ന മഹാപ്രപഞ്ചത്തിന്റെ ഭാഗമായ നക്ഷത്രപദവിയിലാണ് എത്തുന്നത്.

മോക്ഷം നേടുമ്പോഴും, ഭൂമിയിൽ ജീവിക്കുമ്പോഴും, സൃഷ്ടി മാത്രമായ ജീവി @ ജീവാത്മാവ് എപ്പോഴും ബ്രഹ്മത്തിന്റെ പരമായ/ ശ്രേഷ്ഠമായ അവസ്ഥയായ പ്രപഞ്ചം എന്ന ജഗത്ത് എന്ന പരബ്രഹ്മത്തിൽ ജനിക്കുകയും വളരുകയും ജീവിക്കുകയും മാത്രമാണ്; ഒരിക്കലും ഭാഗമല്ല.

മരണത്തിലും, മോക്ഷത്തിലും മനുഷ്യൻ / ജീവാത്മാവ് ബ്രഹ്മത്തിൽ വിലയം പ്രാപിച്ചു എന്നിങ്ങനെ മനുഷ്യരുടെ ഇടയിലുള്ള മൂഢവിശ്വാസങ്ങൾ പാപസമ്പാദനം മാത്രമാണെന്ന് മുകളിലെ ബ്രഹ്മ പാഠങ്ങളിൽ സുവ്യക്തമാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമാണ് ഓരോ ജീവിയും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം എന്നു പറയുമ്പോൾ ഓരോ ജീവിയും ദൈവത്തിന്റെ അംശമാണെന്നു തോന്നും. അത് ഒട്ടും ശരിയല്ല. രണ്ടു കാര്യങ്ങളാണ് വിഷയത്തിൽ ഉള്ളത് :

(1) ദൈവം കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ജീവികൾക്ക് @ ജീവാത്മാക്കൾക്ക് ഭൂമിയിൽ വച്ചും ഭൂമിയെ കേന്ദ്രീകരിച്ചും ജീവിക്കാനുള്ള ഉപാധി മാത്രമാണ് ഭൂമിയുടെ അംശമായ ശരീരം. ജീവികളുടെ ശരീരം മാത്രമാണ് ഭൂമിയുടെ ചില അംശങ്ങൾ കൊണ്ടു സൃഷ്ടിച്ചിട്ടുള്ളത്. ജീവികളുടെ സ്വത്വമായ ജീവാത്മാവ് ഭൂമിയായ ദൈവത്തിന്റെ അംശമല്ല. മഹാരൂപത്തിലെ ശിവ ഭാഗത്തിലെ നിർജ്ജീവമായ അംശങ്ങളെ കൊണ്ടാണ് ജീവിയുടെ സ്വത്വമായ ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത്. ജീവാത്മാവ് മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടുമ്പോൾ 'മണ്ണായ ഭൂമിയുമായും, ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളുമായും നിലനിന്ന എല്ലാ ബന്ധങ്ങളും അവസാനിക്കുകയാണ്. സാമ്പത്തികം ഉൾപ്പെട്ട കടപ്പാടുകളെ പൂർത്തിയാക്കിച്ചാണ് ഈ വേർപിരിയൽ. സ്ത്രീ പുരുഷന്മാരായി വിഭജിക്കപ്പെട്ടു ജീവിച്ചു പോന്ന ജീവാത്മാവിന്റെ രണ്ടാം ഭാഗമായ ഇണയോടൊപ്പം ഒന്നുചേർന്ന്, 'ഒരു നക്ഷത്രമായി' ഭൂമി വിട്ട് 'നക്ഷത്ര ലോകത്തേക്ക് അയക്കപ്പെടുക' കൂടിയാണ്.

(2) ദൈവത്തിന്റെ മഹാരൂപമാണ് 'നക്ഷത്ര ലോകങ്ങളും മറ്റും ഉൾപ്പെട്ട മഹാപ്രപഞ്ചം' എന്നത് സൃഷ്ടികളായ കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കാനുള്ള ഒരു 'ഭംഗി വാക്ക് ' കൂടിയാണ്. മനുഷ്യമാതാവിലൂടെ പ്രസവിക്കപ്പെട്ട ശേഷം 'എന്റെ അമ്മ' എന്ന് വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും ഒരു കുഞ്ഞ് അവകാശം പറയുമെങ്കിലും, യഥാർത്ഥത്തിൽ അമ്മ ജനിച്ചതും വളർന്നതും പഠിച്ചതും വിവാഹം കഴിച്ചതും ... ജീവിച്ചതും ഗർഭവതി ആയതും അന്ന് പ്രസ്തുത സ്ത്രീയിൽ പിറന്നിട്ടില്ലാത്ത കുഞ്ഞിന് ബന്ധം പോലും ഇല്ലാത്ത കാര്യങ്ങളാണ്. സ്ത്രീ പുരുഷ ബീജങ്ങൾ, കുഞ്ഞുങ്ങളുടെ ജന്മഗുണങ്ങളായ സ്ത്രീ പുരുഷ ലിംഗം, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, തൊഴിൽ അഭിരുചി, ജനന സ്ഥലം തുടങ്ങിയവ നിശ്ചയിക്കുന്നത് അമ്മയല്ല എന്നതും ആമക്കുഞ്ഞ്, എലിക്കുഞ്ഞ് എന്നിവയെ പ്രസവിച്ചാലും വായും പൊളിച്ചു നിൽക്കാൻ മാത്രമേ മനുഷ്യ-മാതാവിനു കഴിയുകയുള്ളൂ എന്നതും മനുഷ്യ മാതാപിതാക്കളുടെ നിസ്സാരത ബോദ്ധ്യപ്പെടുത്തുന്നുണ്ട്. അതേസമയം കുഞ്ഞിനെ പ്രസവിക്കാനും വളർത്താനുമുള്ള അവകാശത്തെ മനുഷ്യമാതാവിനു നൽകി ഭൂമി @ ദൈവം ഉയർത്തുമ്പോൾ, 'എന്റെ കുട്ടി' എന്ന അവകാശവാദം ഉന്നയിക്കുവാൻ മാതാവിന് കഴിയുന്നുമുണ്ട്. അമ്മ പ്രസവിച്ച കുട്ടികൾക്ക് 'എന്റെ' എന്ന അവകാശവാദം അമ്മയിൽ ചെലുത്താൻ കഴിയുന്നതല്ല. വിശകലനം ചെയ്താൽ ഏതൊരാൾക്കും സ്വയം ബോധ്യമാകും.

അമ്മ വാത്സല്ല്യത്തോടെ നൽകിയ ഔദാര്യങ്ങളുടെ മേൽ 'എന്റെ അമ്മ' എന്ന 'അവകാശം ഇല്ലാത്ത അവകാശവാദവും അധികാരങ്ങളും' കുട്ടി പുലർത്തുക മാത്രമാണ്.

ദൈവത്തിന്റെ മഹാരൂപം യഥാർത്ഥത്തിൽ ഭൂമി മാത്രമാണ്. നക്ഷത്ര-കോടികൾ ജീവാത്മാക്കളുടെ മോക്ഷ-രൂപങ്ങളാണ്.

ദൈവം @ ഭൂമി മഹാവാത്സല്യത്തോടെ കുഞ്ഞുങ്ങൾക്ക് തന്റെ മേൽ അവകാശമില്ലാത്ത അധികാരം നൽകി ഉയർത്തുന്നതിനെ കുഞ്ഞുങ്ങൾ ദുരുപയോഗം ചെയ്യരുത്. ദൈവം @ ഭൂമി, മനുഷ്യരെ ആനന്ദിപ്പിക്കുന്ന കാര്യങ്ങളെ ഉപയോഗിച്ച് മനുഷ്യർ ദൈവനിന്ദ ചെയ്യരുത് എന്നർത്ഥം. ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തോടെ ജനിക്കുകയും, ഭൂമിയിൽ ജീവിക്കുകയും ചെയ്യുന്ന കുഞ്ഞുങ്ങൾ, ഭൂമിയിൽ മഹാലയിച്ചിട്ടുള്ള ധർമ്മ-ശാസ്ത്രങ്ങൾ പ്രകാരം ജീവിക്കണം.

സ്വത്വം ഉൾപ്പെടെ യാതൊന്നും തന്നെ സ്വന്തമായി ഇല്ലാത്തതായ ജീവാത്മാവിന് ശക്തികളും സമ്പത്തുകളും ആനന്ദങ്ങളും നേടാനും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിച്ച് ജീവിക്കാനുമായി, ദൈവം സ്വന്തം മഹാരൂപമായ ഭൂമിയിലെ അംശമായ ശരീരത്തെ കുഞ്ഞുങ്ങൾക്ക് 'നൽകാതെ നൽകിയിരിക്കുകയാണ്.'

ആത്മീയ സാക്ഷാത്ക്കാരത്തിൽ, കാലമാനങ്ങൾ അറിയാതെയെന്നോണം മഹാആനന്ദങ്ങളെ അനുഭവിച്ച് ജീവിക്കുന്ന മഹാപദ്ധതിയാണ് എല്ലാ കുഞ്ഞുങ്ങൾക്കും മഹാമാതാവും ഭൂമിയുമായ മഹാദേവി ഒരുക്കിയിട്ടുള്ളത്.

അനന്തകോടി കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ബ്രഹ്മം കൂടിയായ മഹാമാതാവാണ് ഏക ദൈവം @ ഭൂമി. പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ കേന്ദ്രമായ ഭൂമിയിലെ അംശങ്ങൾ കൊണ്ട് സൃഷ്ടിച്ച ശരീരം വഹിക്കുന്നതായ 'സൃഷ്ടിയും ജീവാത്മാവുമായ കുഞ്ഞ്' മോക്ഷം നേടുന്ന മനുഷ്യൻ എന്ന അവസ്ഥയിൽ വച്ച്, താൻ "ദൈവം ആണ്, ദൈവാംശമാണ് " എന്നെല്ലാം കരുതുന്നത് ഭോഷത്തമാണ്. തത്ത്വമസി, അഹം ബ്രഹ്മാസ്മി എന്നീ വചനങ്ങൾ തെറ്റാകുന്നു : ഏകദൈവമായ ഭൂമിയുടെ അംശം ശരീരമാണ്. ഭൂമിയുടെ ഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന 'പരമാത്മാവിന്റെ @ ശിവചക്രത്തിന്റെ' അംശമാണ് ജീവാത്മാവ്.

മറ്റുള്ള ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും ദൈവം നേരിട്ട് സൃഷ്ടിച്ചതല്ല; 'മായ' പ്രത്യക്ഷമാകുമ്പോൾ അവയെല്ലാം പിൻവലിക്കുന്നതാണ്.

മഹാനീതിശാസ്ത്ര പ്രകാരം മണ്ണും ഭൂമിയുമായ മഹാഖരരൂപത്തെ ദൈവം സ്വീകരിക്കുമ്പോൾ, ദൈവം മഹാശക്തിചക്രമാണ്.

അതിസൂക്ഷ്മമായ വിശകലനത്തിൽ ഭൂമിയിലെ മൂലകങ്ങളായും (elements) അവയിലെ വൈവിധ്യമാർന്ന ആറ്റങ്ങളായും, ആറ്റങ്ങളിലെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ കണങ്ങളായും, മഹാഅവതരിച്ചു കൊണ്ട് ദൈവം ശക്തികളായും ശാസ്ത്രങ്ങളായും ജീവികൾക്കെല്ലാം അനന്തമായ ആനന്ദങ്ങളെ നൽകുന്നതിന് അനന്തമായ ആവശ്യങ്ങളെയും പരിഹാരങ്ങളെയും ഒരുക്കുകയാണ്.

ദൈവവും മണ്ണുമായ ഭൂമിയിലെ കാർബൺ, കാത്സ്യം, സിങ്ക്, ഇരുമ്പ്, സൾഫർ, സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം, ഫോസ്ഫറസ് തുടങ്ങിയ മൂലകങ്ങളെ ജീവികളുടെ ശരീരമായി സ്വയം പരിണമി(പ്പി)ക്കുന്നു. മണ്ണിന്റെ അംശങ്ങളാണ് ജീവികളുടെയെല്ലാം ശരീരം ആയിരിക്കുന്നത് എന്നുവെച്ചാൽ മണ്ണ് തന്നെയാണ് നാടുകളും ദേശങ്ങളും ഭൂമിയും എന്നറിയണം. ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റു നാടുകളിൽ പോയി ജീവിക്കാൻ സാധിക്കുന്നതും; ഭക്ഷണം, ജലം, വായു, ജീവികൾ, തുടങ്ങിയവ യോജിക്കുന്നതും അതുകൊണ്ടാണ്. മഹാഗൗരവമായ വിഷയമാണത്. ഫലത്തിൽ ദൈവാംശമായ ശരീരത്തെ ഭാഗികമായി ജീവികളുടെ സ്വന്തമെന്നോണവും, ഓരോ ജീവാത്മാവിനും പ്രത്യേകമായി ഓരോ ദൈവത്തെ ജീവിതകാലം മുഴുവൻ ആനന്ദങ്ങളെ അനുഭവിക്കാനുള്ള മഹോത്തര ഉപാധിയായി ഭൂമിയായ ദൈവം തന്നെ കൊടുക്കുകയാണ്. കുഞ്ഞുങ്ങളായും, ഓരോ കുഞ്ഞിനെ പ്രത്യേകവും, കരുതുന്ന മഹാവാത്സല്ല്യമാണത്.

മണ്ണും ശരീരവും നാടും ഭൂമിയുമായ ഏകദൈവത്തിന്റെ അംശമാണ് ജീവികളുടെയെല്ലാം ശരീരങ്ങൾ എന്നതിനാൽ, ജീവികളുടെയെല്ലാം സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച് **ശരീരം എല്ലായ്പ്പോഴും പ്രത്യക്ഷ ദൈവം കൂടിയാണ്. ഓരോ ജീവാത്മാവിനും പ്രത്യേകമായി ഓരോ ശരീരം ലഭിക്കുകയാലും, ഒരു ശരീരം ഒരു ജീവാത്മാവിനു വേണ്ടി മാത്രം പ്രവർത്തിക്കുകയാലും ഓരോ ജീവാത്മാവിനും/ ജീവിക്കും ഓരോ ദൈവത്തെ ലഭിക്കുന്ന മഹാഅവസ്ഥയായി അത് പരിണമിക്കുന്നു.** ശാസ്ത്രങ്ങൾ പ്രകാരം രോഗങ്ങളെ സ്വയം സൃഷ്ടിച്ചും ഭൗതിക ശാസ്ത്ര ശാഖയായ വൈദ്യശാസ്ത്ര പ്രകാരം രോഗങ്ങളെ സുഖപ്പെടുത്തിയും മറ്റും ജീവാത്മാവിനെ ശരീരം സദാ മഹാഭരിക്കുന്നു. സ്വയം ശരീരത്തിലെ ഏതാനും /ചില അവയവങ്ങളെ ചലിപ്പിക്കാൻ അനുവദിച്ചു കൊണ്ട് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനുഭവിക്കുന്ന പ്രതീതി ജീവാത്മാവിന് നൽകാനും, മഹാനീതിശാസ്ത്ര പ്രകാരം എല്ലാ ജീവികൾക്കും അനന്തമായ ആനന്ദങ്ങളെ നൽകാനും പ്രത്യക്ഷ ദൈവമായ ശരീരം ശ്രദ്ധിക്കുന്നുമുണ്ട്.

ദൈവം ഉന്നതമായ ബുദ്ധിശക്തികളെ പ്രത്യേകമായി ഓരോ വ്യക്തിക്കും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. അവയെ ഉപയോഗിച്ചാൽ തനിച്ചും കൂട്ടം തിരിഞ്ഞും പാപികളായി ആകാശത്തും മറ്റും ദൈവത്തെയും ദൈവങ്ങളെയും തേടിപ്പോകേണ്ടി വരില്ല. അധമ ചിന്തകളും ആശയങ്ങളും വാക്കുകളും വാചകങ്ങളും നിറഞ്ഞ 'മതങ്ങളെയും മറ്റും' സ്വീകരിക്കേണ്ടി വരില്ല. മനുഷ്യർ ശരീരത്തെ ദുരുപയോഗിച്ചാൽ, മഹാശക്തിയായ ഭൂമിയുടെ കുറ്റമല്ല. ജീവിക്കാനും ആനന്ദിക്കാനും ആവശ്യമായ സർവ്വവും മണ്ണിലെ വസ്തുക്കളിലും ജീവികളുടെ ശരീരങ്ങളിലും 'ശക്തികളായിട്ടും ശാസ്ത്ര നിയമങ്ങളായിട്ടും ആനന്ദങ്ങളായിട്ടും മഹാലയിച്ചിട്ടുണ്ട്.'

ഭൂമിയിലെ വിഭവങ്ങളെ ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ആസ്വദിച്ചു ജീവിക്കുവാൻ മണ്ണിൽ ജീവിക്കുന്ന മനുഷ്യർക്ക് ബാദ്ധ്യതയുണ്ട്. മണ്ണും ശരീരവും ഭൂമിയുമായ ഏകദൈവം നൽകുന്ന ഉന്നതമായ ബുദ്ധിശക്തികളെ ഉപയോഗിച്ചാൽ ദൈവ (വിശ്വാസ) കാര്യങ്ങളിൽ അനാവശ്യമായ ചിന്തകളെയും പ്രവർത്തനങ്ങളെയും ഒഴിവാക്കാം.

മനുഷ്യരുടെയും മറ്റും അസുരക്ഷിതത്വം ഒഴിവാക്കുക മാത്രമല്ല; ഭൂമി ആയിക്കൊണ്ടും ഭൂമിയെ കേന്ദ്രീകരിച്ചും ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഭൂമി സദാ മഹാമംഗളമാക്കുന്നു. സൃഷ്ടികളായ ജീവികളുടെയെല്ലാം മഹായജമാനനും മഹായജമാനയും എന്ന സ്ഥാനങ്ങളെ സ്വീകരിക്കാതെ ജീവികളെയെല്ലാം പൊന്നോമന കുഞ്ഞുങ്ങളായി കരുതുന്ന മഹാവാത്സല്യമാണത്. കുഞ്ഞുങ്ങൾക്കു വേണ്ടി, കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവും മഹാനീതിയും മഹാവാത്സല്യവും ഭൂമിയും നാടുകളും മണ്ണും ശരീരവുമായി ദൈവം മാറുന്നു.

മഹാഖരരൂപം മാത്രമല്ല ഭൂമി; സമുദ്ര-ജലം, പെട്രോളിയം, വാതകങ്ങൾ തുടങ്ങിയവ കൂടി ഉണ്ടെന്ന് പറയുമ്പോൾ, മണ്ണിന്റെ അംശം മാത്രമാണവ. സമുദ്രത്തെയും ദ്രാവകങ്ങളെയും വാതകങ്ങളെയും മറ്റും താങ്ങി നിർത്തുന്നത് മഹാഖരരൂപമായ മണ്ണ് തന്നെയാണ്. ഭൗതിക / ധർമ്മ ശാസ്ത്ര നിയമങ്ങളുടെ ഭൗതികമായ അസ്തിത്വം ആണ് 'മൂലകങ്ങൾ'. ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവരും വിഷമിക്കുന്നരും ദൈവാനുഗ്രഹം തേടുന്നത് നല്ലതാണ്.

(((വാതകം, ദ്രാവകം, ഖരം, പ്ലാസ്മകണങ്ങൾ എന്നിങ്ങനെ ദ്രവ്യങ്ങളെല്ലാം ശക്തികളുടെയും നിയമങ്ങളുടെയും ഭൗതികമായ ഒന്നിക്കലാണ്. വാതകം, ദ്രാവകം, ഖരം, എന്നിങ്ങനെയുള്ള അവസ്ഥകളിൽ ദ്രവ്യം വ്യത്യസ്ത മൂലകങ്ങളാവുന്നതും അവയുടെയെല്ലാം ആറ്റങ്ങളിൽ 'ശബ്ദബ്രഹ്മം' ആയി 'ദൈവം' മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കുന്നതും സത്യമായ വസ്തുതയാണ്. ദൈവ വിപ്ലവത്തോടെ ശബ്ദബ്രഹ്മം കൂടിയായ ഓം ഉച്ചത്തിൽ മഹാസംഗീതമായി മുഴങ്ങുന്നതിനാൽ ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച എല്ലാ സംശയങ്ങളും അടിസ്ഥാനപരമായി അവസാനിക്കുന്നു. പിന്നെയുള്ളത് പ്ലാസ്മ ഉൾപ്പെടെ ബഹുവിധ കണങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച വിവരങ്ങളാണ്; അവയെപ്പറ്റി ഉൽക്കണ്ഠ ഇല്ലാതെ ഗവേഷണം സാദ്ധ്യമാകുന്നതാണ്. 'ശബ്ദ ബ്രഹ്മത്തെ' മഹാആധാരമാക്കി കൊണ്ട് മഹാആവിഷ്ക്കരിച്ചതായ എല്ലാ ആറ്റങ്ങളിലെയും ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ എന്നിവയുടെ പ്രവർത്തന നിയമങ്ങൾ കൂടിയാണ് ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ അഥവാ വേദങ്ങൾ.

ജീവാത്മാവിന് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ഭൗതിക അസ്തിത്വം ലഭിച്ച് ജീവി ആവണമെങ്കിൽ ദൈവത്തിന്റെ നീതി-ഖര രൂപമായ മണ്ണിന്റെ രൂപാന്തരമായ ശരീരത്തെ ആദ്യം ലഭിക്കണം. ശരീരവും, പരമാത്മാവും, ജീവാത്മാവും ഒന്നുചേർന്ന് 'ജീവി' രൂപംകൊള്ളുമെങ്കിലും, ജീവിക്ക് ജീവൻ/ശക്തി ഉണ്ടാവണമെങ്കിൽ, ദൈവത്തിന്റെ സൃഷ്ടി-സത്യ-വാതക രൂപമായ ഓക്സിജൻ/ജീവൻ /ശക്തി എല്ലായ്പ്പോഴും ജീവിയുടെ സ്വന്തമെന്നോണമുള്ള ഖരരൂപമായ ശരീരത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കണം.

ദൈവത്തിന്റെ സത്യ-വാതക രൂപമായ ഓക്സിജൻ, ധർമ്മ-ദ്രാവകരൂപമായ ജലം, നീതി-ഖരരൂപമായ മണ്ണും ശരീരവുമായ ഭൂമി, എന്നിവയും, അവയുടെ ഇഷ്ടങ്ങളും ഒന്നാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വന്തമെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള ദൈവാംശമായ ശരീരത്തിൽ, 'ജീവികളുടെയെല്ലാം ജീവനും ദൈവത്തിന്റെ വാതക രൂപവുമായ ഓക്സിജൻ' എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത് ഓക്സിജന്റെ ഇഷ്ടപ്രകാരമാണ് എന്നതും, 'ശ്വാസോച്ഛ്വാസം എന്ന പ്രവൃത്തിയെ ചെയ്യുന്ന ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനിലൂടെ' ദൈവം, മനുഷ്യന്റെ ചിന്തകളെപ്പോലും ഭൗതികമായി അറിയുന്നു എന്നതും മനസ്സിലാക്കാൻ കഴിയുന്നത് ഭാഗ്യമാണ്.

'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ ജലമാണ് ' ശരീരത്തെയും ജീവനെയും എപ്പോഴും ബന്ധിപ്പിക്കുന്നത്. പക്ഷി, മൃഗം, മനുഷ്യൻ എന്നീ അവസ്ഥകളിൽ ജലം പ്രവർത്തിക്കുന്നത് രക്തത്തിലൂടെയാണ്. ദൈവവും ഭൂമിയുമായ മണ്ണിന്റെ അംശങ്ങളും മൂലകങ്ങളുമായ സോഡിയം, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, അയേൺ, സൾഫർ, കാർബൺ, ... തുടങ്ങിയവയെ പരിവർത്തനപ്പെടുത്തി ജീവാത്മാവിനെ വഹിക്കുന്ന ശരീരമാക്കുന്നതിന് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും ദ്രാവകരൂപമായ ജലവും മഹാപ്രവർത്തിക്കുന്നുണ്ട്.

ജീവിതത്തെ കുറിക്കുന്ന 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ ജലത്തെ' പ്പറ്റി അല്പം കൂടി വിവരിക്കേണ്ടത് അത്യാവശ്യമാണ്. 'ദൈവത്തിന്റെ സൃഷ്ടി-വാതക രൂപവും ജീവികളുടെ ജീവനുമായ ഓക്സിജൻ' സ്വയം അളവ്, താപം, മർദ്ദം എന്നിങ്ങനെയുള്ള ഊർജ്ജ/ശക്തി മാനങ്ങളോടെ, മണ്ണിലെ സംയുക്തങ്ങളിൽ നിന്നും വേർപെട്ട്, സൂര്യനിൽ നിന്നും വരുന്ന പരമാത്മാവായ ഹൈഡ്രജനുമായി ഒന്നുചേർന്നാണ് ദൈവത്തിന്റെ സ്ഥിതി-ദ്രാവകരൂപമായ ആദ്യ-ജലം ഉണ്ടാകുന്നത്. ജലത്തിന്റെ ഭൗതിക ശാസ്ത്രം !.

സ്ഥിതി എന്ന ജീവിതത്തിൽ ശക്തിക്കും ശിവനും വേറിട്ട അസ്തിത്വം ഇല്ല. അവർ ഒന്നാണ്; ദ്രാവകമായ ജലമാണ്. മനുഷ്യൻ എന്ന ജീവിയുടെ 2 ഭാഗങ്ങളായ സ്ത്രീയും പുരുഷനും യോജിച്ചു ജീവിക്കണം എന്ന പാഠവും അതിലുണ്ട്.

ശക്തിയായ ഓക്സിജനും ശിവനായ ഹൈഡ്രജനും ചേർന്ന് ജലം ഉണ്ടാകുമ്പോൾ തന്നെ ജലത്തിന്റെ അനന്തമായ ഗുണങ്ങളെയും ഉപയോഗങ്ങളെയും നിശ്ചയിക്കുന്ന ധർമ്മ ശാസ്ത്ര നിയമങ്ങളും, മറ്റുള്ള വസ്തുക്കളെയും ജീവികളെയും ഭരിക്കുന്ന ആത്മീയ/ മഹാനീതി ശാസ്ത്ര നിയമങ്ങളും, ശക്തിയും ദൈവത്തിന്റെ വാതക രൂപവുമായ ഓക്സിജന്റെ പ്രഭാവം കൊണ്ട് ദൈവത്തിന്റെ ദ്രാവക രൂപമായ ജലത്തിൽ മഹാലയിക്കുന്നുണ്ട്. ജീവികൾക്കെല്ലാം ഭൂമിയിൽ ജീവിക്കണമെങ്കിൽ ദൈവത്തിന്റെ സ്ഥിതി-ദ്രാവകരൂപമായ ജലം കൂടിയേ കഴിയൂ.

ജീവികളുടെയെല്ലാം ശരീരമായും ജീവികൾക്കെല്ലാം ആവശ്യമായ മറ്റു വസ്തുക്കളായും പ്രവർത്തിക്കുന്നതിന്, ഖര രൂപവും മണ്ണുമായ ഭൂമി, സ്വന്തം ദ്രാവകരൂപമായ ജലത്തെയും വാതക രൂപമായ ഓക്സിജനെയും ഉപയോഗിക്കുന്നു.

ഖര രൂപവും മണ്ണുമായ ഭൂമി, ജീവികളുടെ സൃഷ്ടിയും പുനഃസൃഷ്ടിയും നടത്തുമ്പോൾ, ഭൂമിയിലെ സംയുക്തങ്ങളായ ഓക്സൈഡ്, നൈട്രേറ്റ്, സൾഫേറ്റ് തുടങ്ങിയവയിൽ നിന്നും വേർപെട്ട് 'വാതക രൂപമായ ഓക്സിജൻ' ഭൂമിയിൽ പരക്കെ സൃഷ്ടിക്കുന്ന അന്തരീക്ഷ വായുവിൽ സ്വയം നിലകൊള്ളുന്നു.)))

'മണ്ണും ദൈവവുമായ ഭൂമിയിലെ' എല്ലാ വസ്തുക്കളും അവയുടെ ഭൗതിക-ധർമ്മ-ആത്മീയ/ മഹാനീതി ശാസ്ത്ര നിയമങ്ങളും അർത്ഥപുഷ്ടിയോടെ മാത്രം സൃഷ്ടിക്കപ്പെട്ടവയാണ്. അവ പരസ്പര പൂരകങ്ങളാണ്; സമാനമായി മഹായോജിച്ചും ബന്ധിച്ചും പ്രവർത്തിക്കുന്നവയുമാണ്. ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങൾ അവയിലോ അവയ്ക്കിടയിലോ ഇല്ല. യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഇല്ലാത്തതും, മഹാസമ്പൂർണ്ണവുമായ 'മഹാ-ധർമ്മ ശാസ്ത്ര നിയമങ്ങളെ' ധാർമ്മിക ശുദ്ധി ഉള്ളവർക്കും മറ്റും ക്രമാനുഗതമായി മഹാശക്തിയും ഭൂമിയുമായ ദൈവം വെളിപ്പെടുത്തുന്നതാണ്. അതേസമയം, ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രത്തെ ഗ്രന്ഥങ്ങളിൽ പരിമിതപ്പെടുത്താൻ കഴിയുന്നതല്ല. ഗവേഷകരും മറ്റും ഏതെങ്കിലും ശാസ്ത്ര കാര്യങ്ങളെയോ ബന്ധപ്പെട്ട ഗ്രന്ഥങ്ങളെയോ സമ്പൂർണ്ണമെന്ന് അവകാശപ്പെട്ടാൽ ദൈവനിന്ദ ചെയ്യുന്ന പാപികളും മൂഢരുമായി അവരെ അറിയുക..

മനുഷ്യരിലെ ധാർമ്മിക അധഃപതനം വർദ്ധിച്ചാൽ ദൈവ-ഭാഗമായ പരമശിവനെ മനുഷ്യനായിട്ട് വ്യത്യസ്ത പ്രദേശങ്ങളിൽ അയച്ച് മണ്ണിലെ ധർമ്മ ശാസ്ത്ര നിയമങ്ങളെ മാനുഷികമായി കണ്ടെത്തുകയും വെളിവാക്കുകയും ചെയ്യുന്ന മഹാഅവസ്ഥയും (മഹാനീതിയായ ദൈവം) ഒരുക്കുന്നതാണ്.

ശരീരം ദൈവാംശമാണെന്നും, ജീവാത്മാവിനെ മഹാവാത്സല്ല്യത്തോടെ കരുതുന്നുവെന്നും മഹാശാസ്ത്ര പരമായി തെളിയിക്കുന്നു.

ഗൂഢമായ അസ്തിത്വമുള്ള ജീവാത്മാവിനെ വഹിച്ചു കൊണ്ട്, ജീവിക്ക് ആനന്ദങ്ങളെയെല്ലാം നൽകുന്ന 'ശരീരം' ഗൂഢമല്ല. ശരീരം കൂടി ഗൂഢമായാൽ ജീവികൾക്ക് സ്വയമോ അന്യോന്യമോ കാണാൻ പോലും കഴിയുന്നതല്ല. ജീവിയുടെ ശരീരത്തിലെ ജീവന്റെ കേന്ദ്രം ഹൃദയം. ജീവാത്മാവിന്റെ കേന്ദ്രം പരമശിവന്റെ മൂന്നാം കണ്ണിന്റെ സ്ഥാനം.

ശരീരത്തിൽ ആത്മാവ് ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്നതിനാൽ, ആത്മാവിന് 'പ്രത്യക്ഷമായി' ശരീരത്തിൽ നിന്നും വേറിട്ട അസ്തിത്വം ഇല്ല. ഉണ്ടായാൽ, അഥവാ ജീവാത്മാവിന്റെ അതിഗൂഢമായ അസ്തിത്വം വെളിപ്പെട്ടാൽ, ജീവികളുടെ ആനന്ദം നശിക്കുന്നതും എല്ലാ മനുഷ്യരും (മറ്റുള്ള ജീവികളും) ഭയന്നു വിരളുന്നതുമാണ്.

ജീവാത്മാവ് സ്വയവും അന്യോന്യവും അറിയുന്നതു പോലും ശരീരം കൊണ്ടാണ് എന്നതും, ജനനം മുതൽ മരണം വരെയുള്ള കാലയളവിൽ സമസ്ത ആനന്ദങ്ങളെയും അനുഭവിക്കുന്നത് ശരീരം കൊണ്ടാണ് എന്നതും ശരീരത്തിന്റെ മഹാ-പ്രാധാന്യം സുവ്യക്തമാക്കുന്നുണ്ട്. ജീവാത്മാവ് എന്ന 'ജീവിയുടെ സ്വത്വത്തിന്' സമസ്ത ആനന്ദങ്ങളെയും നേടാനുള്ള ഉപാധി കൂടി ആവുകയാണ് ശരീരം.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം സദാ ജീവമായിരിക്കെ, ജീവാത്മാവിനെ ഒപ്പം കൂട്ടിയാൽ നിർജ്ജീവമായ അവസ്ഥയെ ക്കൂടി ബാധകമാക്കാൻ വഴി ഒരുക്കേണ്ടതുണ്ട്. അതിനായും, ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം നിയന്ത്രിക്കാനായും, ശരീരത്തിലെ മുഖ്യഭാഗമായ ദൈവാംശം സ്വയം 3 അവസ്ഥകളിൽ വേർതിരിഞ്ഞാണു പ്രവർത്തിക്കുന്നത് : (1) ദൈവത്തിന്റെ 'നിശ്ചിത-നീതി-ഖരരൂപമായ ശരീരം', (2) ദൈവത്തിന്റെ 'ധർമ്മ-സ്ഥിതി-ദ്രാവകരൂപമായ ജലം'. (3) ശരീരത്തിനു വെളിയിൽ നിന്നും വന്ന് ശരീരത്തിന്റെ ഭാഗമായും ജീവനായും പ്രവർത്തിക്കുന്ന ദൈവത്തിന്റെ 'സത്യ-ശക്തി-സൃഷ്ടി-വാതകരൂപമായ ഓക്സിജൻ', അവ മൂന്നും പ്രവർത്തിക്കുന്നത് ഒരേ ശരീരമായും ഒരേ ഇഷ്ടത്തെ ആധാരമാക്കിയും ഏറെക്കുറെ പ്രത്യക്ഷവുമായാണ്.

'മണ്ണും ഭൂമിയും നാടുകളും ശരീരങ്ങളുമായ ദൈവത്തിന്റെ' വാതക രൂപമായ ഓക്സിജനാണ് ജീവികളുടെയെല്ലാം ജീവനായി പ്രവർത്തിക്കുന്നത്. ഓക്സിജൻ = ജീവൻ = ശക്തി. സമസ്ത ജീവജാലങ്ങളെയും പ്രകൃതിയെയും പ്രപഞ്ചത്തെയും കൂട്ടിയിണക്കുന്നതും മഹാശക്തി കൂടിയായ ഓക്സിജനാണ്.

പുറമേ നിന്ന് ജീവികളുടെ ശരീരത്തിൽ വന്ന് പ്രവർത്തിക്കുന്ന ജീവനും ശക്തിയുമായ ഓക്സിജൻ ശരീരത്തിൽ വന്ന് പ്രവർത്തിക്കുവാൻ തയ്യാറായില്ലെങ്കിൽ, ദൈവാംശമായ ശരീരം ഒരുക്കിയിട്ടുള്ള നാസിക, ശ്വാസകോശം തുടങ്ങിയ അവയവങ്ങൾ മാത്രമല്ല, ജീവി മൊത്തത്തിൽ ശക്തി ഇല്ലാത്ത അവസ്ഥയിലാകും. അതായത് ശരീരത്തിന്റെ അകമേ വന്ന് പ്രവർത്തിച്ചിരുന്ന ഓക്സിജൻ, അത് നിർത്തി, പുറമേ നിന്നു മാത്രം പ്രവർത്തിക്കുമ്പോൾ, ശരീരത്തിലെ കോശങ്ങൾ മരിക്കുകയും ജീർണ്ണിച്ചു തുടങ്ങുകയും ചെയ്യും.

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ചിന്തകളെപ്പോലും ഭൗതിക-അസ്തിത്വം ഉള്ളതായ 'ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ' സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ശ്വസനം വഴി അറിയുമ്പോൾ മഹാശാസ്ത്രപരമായി സർവ്വവും ദൈവം അറിയുന്നത് സുവ്യക്തമാകുന്നുണ്ട്. ഓക്സിജൻ, ജലം, മണ്ണ് എന്നിവയെ പ്പറ്റി മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. 'ശരീരവും ഓക്സിജനും, രക്തത്തിലെ ജലവും ഒന്നിച്ച ശരീരത്തിന്റെ' ഇഷ്ട പ്രകാരം മാത്രമാണ് ശരീരത്തിലെ പൊതുവായ ആന്തരിക പ്രവർത്തനങ്ങളെങ്കിലും; കൈകാലുകൾ, കൺപോളകൾ, താടിയെല്ലുകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ പ്രത്യേകമായും, ശരീരത്തെ മൊത്തമായും ചലിപ്പിക്കുവാൻ ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യത്തെ ശരീരം നൽകുന്നുണ്ട്. ജീവാത്മാവിന് ശരീരം അനുവദിച്ചിട്ടുള്ള പ്രസ്തുത നാമമാത്രമായ സ്വാതന്ത്ര്യം കൊണ്ട് ജീവാത്മാവിന്റെ സ്വന്തമെന്നോണം ശരീരത്തെ മുഴുവൻ ഭരിക്കുന്ന പ്രതീതിയെ കൂടി ജീവാത്മാവിന് ലഭ്യമാക്കുന്നുണ്ട്; കൂടാതെ, എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനുമുള്ള ശക്തികളെയും.

ജീവാത്മാവ് എന്ന സ്വത്വത്തിന്റെ ഇഷ്ടാനിഷ്ടങ്ങളെ പ്രകടമായി പരിഗണിക്കാതെ സ്വന്തം ഇഷ്ടപ്രകാരം മാത്രമാണ് ശരീരം പ്രവർത്തിക്കുന്നതെങ്കിലും, മഹാനീതി ശാസ്ത്ര പ്രകാരം ജീവാത്മാവിനു വേണ്ടതെല്ലാം മാത്രമാണ് ശരീരം ചെയ്യുന്നത്.

ശരീരം ചെയ്യുന്നതെല്ലാം ജീവാത്മാവിനു വേണ്ടി മാത്രമായിരിക്കുന്നതിന്റെ കാരണങ്ങളെയോ, ശരീരത്തിന്റെ ഇമ്മാതിരി പ്രവർത്തനങ്ങളുടെ കാര്യകാരണങ്ങളെയോ, ശരീരം യഥാർത്ഥത്തിൽ ആരാണെന്നു പോലുമോ ജീവാത്മാവിന് അറിയില്ല. ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ ശ്രമിക്കവെ ആവിധ കാര്യങ്ങളെ ജീവാത്മാവ് /വ്യക്തി വിഷയമാക്കുന്നുമില്ല.

ശരീരം ആരാണെന്നും എന്താണെന്നും മനസ്സിലാക്കാൻ യഥാർത്ഥത്തിൽ എളുപ്പമാണ്. മനുഷ്യർ കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള തിരക്കുകളിൽ പെട്ടിരിക്കുന്നതിനാൽ സ്വന്തമെന്നു കരുതുന്ന ശരീരത്തെ അറിയുന്നില്ല എന്നേയുള്ളൂ.

സ്ത്രീയും പുരുഷനും ഒരു ജീവിയുടെ രണ്ടു ഭാഗങ്ങളും ഇണകളുമാണെന്ന് ശരീര പ്രകൃതം, പരസ്പര പൂരകത, എന്നിവ കൊണ്ട് സുവ്യക്തമാക്കി ക്കൊണ്ട് സാമൂഹ്യ ജീവിയായിട്ടാണ് മനുഷ്യൻ ഉൾപ്പെടെ ഏറെക്കുറെ എല്ലാ ജീവികളെയും സൃഷ്ടിച്ചിട്ടുള്ളത്.

കോശങ്ങളെ സൂക്ഷ്മദർശിനിയിലൂടെ (Microscope) മാത്രമാണ് കാണാൻ കഴിയുക എന്നിരിക്കെ കോശങ്ങളിലെ ആന്തരിക പ്രവർത്തനങ്ങളെല്ലാം അതിസൂക്ഷ്മങ്ങളാണ്. സ്വന്തമെന്നു കരുതുന്ന ശരീരത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതും ശരീരം സ്വയം ചെയ്യുന്നതുമായ അതിസൂക്ഷ്മങ്ങളും അതിസങ്കീർണ്ണങ്ങളുമായ പ്രവർത്തനങ്ങളെയും കാര്യങ്ങളെയും പറ്റി ഒരു ശതമാനം ജനങ്ങൾ പോലും അറിയുന്നില്ല. കോശങ്ങൾ എന്താണെന്നു പോലും സാധാരണ ജനങ്ങൾക്ക് അറിയില്ല. ശരീരത്തിന്റെ പ്രവർത്തന കാര്യങ്ങൾ, ജീവാത്മാവിനെ സംബന്ധിച്ച്, ജീവിക്കാൻ ആവശ്യമില്ലാത്ത അറിവ് പോലെയാണ് !

കോശങ്ങളുടെയും, അവയുടെ സ്ഥൂല രൂപമായ ശരീരത്തിന്റെയും ദ്രവ്യ ഘടകങ്ങൾ എന്തെല്ലാമാണ് ?

ശരീരം ഉണ്ടായിരിക്കുന്നത് എങ്ങനെയാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ ഇന്ന് കഴിയും. മണ്ണായ ഭൂമിയിലെ ഓക്സിജൻ, കാർബൺ, ഹൈഡ്രജൻ, നൈട്രജൻ, കാൽസ്യം, ഫോസ്ഫറസ് എന്നിവയാണ് മനുഷ്യശരീരത്തിലെ ഏതാണ്ട് 99% ആയ ആറ് മൂലകങ്ങൾ. അതിൽ തന്നെ ഓക്സിജനാണ് ശരീരത്തിൽ ഏറ്റവുമധികം. ശരീരഭാരത്തിന്റെ 65% ഓക്സിജൻ അടങ്ങിയിരിക്കുന്നു. ഓക്സിജൻ വാതകം സുതാര്യമാണെങ്കിലും, ദ്രാവക ഓക്സിജൻ നീലയാണ്. ജലം, മറ്റ് സംയുക്തങ്ങൾ എന്നിവയിൽ ഓക്സിജന്റെ സാന്നിദ്ധ്യമുണ്ട്.

പൊട്ടാസ്യം, സൾഫർ, സോഡിയം, ക്ലോറിൻ, മഗ്നീഷ്യം എന്നീ ഘടകങ്ങൾ ഏകദേശം 0.85% മാത്രമേ അടങ്ങിയിട്ടുള്ളൂ. എന്നാലും ജീവിക്കാൻ ആവശ്യമാണ്. ബാക്കിയുള്ള മൂലകങ്ങൾ അമൂല്യ ഘടകങ്ങളാണ്. ലാഞ്ഛന മാത്രമായുള്ള മൂലകങ്ങളുടെ എല്ലാ പിണ്ഡവും ഒന്നിച്ചു ചേർക്കുമ്പോൾ, ഒരു മനുഷ്യശരീരത്തിൽ 10 ഗ്രാമിനേക്കാൾ കുറവ്.

ശരീരഭാരത്തിന്റെ 65% ഉള്ളതായ ഓക്സിജൻ, ജലം, മറ്റ് സംയുക്തങ്ങൾ എന്നിവയിലും ഉണ്ട്. ശ്വസനത്തിന് ആവശ്യമായ ഓക്സിജൻ ശ്വാസകോശങ്ങളിൽ ഉണ്ട്. ശ്വസിക്കുന്ന വായുവിലെ 20% ഓക്സിജൻ ആണ്.

മണ്ണായ ഭൂമിക്കും, ഭൂമിയിലെ മൂലകങ്ങൾക്കും ജീവനുണ്ടെന്നും, മഹാശക്തിയായ ദൈവത്തിന്റെ രൂപവും അംശങ്ങളുമാണെന്നും, മഹാപദ്ധതികളോടെ, പ്രവർത്തിക്കുകയാണെന്നും, മനുഷ്യർ വൈകാതെ തിരിച്ചറിയുന്നതാണ്.

മണ്ണായ ഭൂമിയിലെ മൂലകങ്ങളെ വ്യത്യസ്തങ്ങളായ അളവുകളിൽ സംയോജിപ്പിച്ച് മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ വ്യത്യസ്ത ഗുണങ്ങളോടെയുള്ള ശരീരങ്ങളായി സൃഷ്ടിക്കുന്നത് ആരാണെന്ന് ഇനി പരിശോധിക്കാം :-

ശരീരത്തിന്റെ പൊതുവായ രൂപം, ഘടന, ഓരോരോ അവയവങ്ങളുടെയും രൂപം, എണ്ണം, നിർമ്മാണം, പ്രവർത്തനം, വളർച്ച, കോശങ്ങളുടെ നിർമ്മാണവും പ്രവർത്തനവും തുടങ്ങിയവ നിശ്ചയിക്കുന്നതും ചെയ്യുന്നതും ജീവിയുടെ സ്വത്വം, വ്യക്തി ബോധം, എന്നെല്ലാം അറിയപ്പെടുന്ന ജീവാത്മാവല്ല. പുറമെ നിന്ന് യാതൊരാളും പ്രത്യക്ഷമായി വന്ന് ശരീരത്തിൽ പ്രവർത്തിക്കുന്നില്ല. വേറിട്ട സ്വത്വത്തെ സ്വീകരിക്കാതെ, ശരീരം സ്വയം ജീവാത്മാവിനു വേണ്ടി യാതൊരു സ്വാർത്ഥങ്ങളും ഇല്ലാതെ മഹാവാത്സല്ല്യത്തോടെ പ്രവർത്തിക്കുന്ന മഹാഅത്ഭുതമാണ് സംഭവിക്കുന്നത്.

യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന് എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനുമായി ശരീരം സ്വയം ജീവാത്മാവിനു വേണ്ടി പ്രവർത്തിക്കുകയാണ്. ഉദാഹരണത്തിന്, ശരീരം വിശപ്പിനെ ഉണ്ടാക്കുമ്പോൾ, ശരീരത്തിലെ അവയവങ്ങൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് ജീവാത്മാവ് ആണെങ്കിൽ, പകരം ജീവാത്മാവിന് ബഹുവിധ രുചിയും മണവും ഗുണവും തൃപ്തിയും ചേർന്ന ഭക്ഷണ ആനന്ദത്തെ ശരീരം നൽകുകയും, ഒപ്പം അവയവ വളർച്ച, രോഗ മുക്തി, നര തുടങ്ങിയ അനേകം പ്രവൃത്തികളെ (ജീവാത്മാവിനു വേണ്ടി) ശരീരത്തിൽ സ്വയം ചെയ്യുന്നു. ജീവാത്മാവിന് ഭക്ഷണ ആനന്ദത്തെ കൂടാതെ, സംഗീതം ഉൾപ്പെടെയുള്ള വിനോദങ്ങളിൽ നിന്നും, തൊഴിലിൽ നിന്നും; ഭക്തി, വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവയിൽ നിന്നും 'ആനന്ദങ്ങളെ' ലഭ്യമാക്കുന്നതും ശരീരമാണ്.

സ്വയം പ്രവർത്തിക്കുവാൻ മഹാശക്തിയായ ദൈവത്തിനും ദൈവാംശങ്ങൾക്കും മാത്രമേ കഴിയൂ. അനേകം കോടി ജീവാത്മാക്കൾ ഉള്ളതിനാൽ, ഓരോ ശരീരവും ദൈവാംശം മാത്രമാണെന്നു തെളിയുന്നു.

മുമ്പ് വ്യക്തമാക്കിയതു പോലെ സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കുമ്പോൾ; യാതൊന്നും സ്വന്തമായി ഇല്ലാത്ത സൃഷ്ടിയായ ജീവികൾക്ക് പ്രത്യക്ഷമായ അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ശക്തികളും, ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും നൽകേണ്ടതായ ഉത്തരവാദിത്വം സ്രഷ്ടാവിനുണ്ട്. ആനന്ദങ്ങളെയെല്ലാം ദൈവം പ്രത്യക്ഷമായി ജീവികൾക്കു നൽകിക്കൊണ്ടിരുന്നാൽ, സ്രഷ്ടാവ് കാരണമായി ജീവികളെല്ലാം യാതൊന്നും ചെയ്യാൻ ഇല്ലാത്തവരും, സൃഷ്ടി അർത്ഥശൂന്യവുമായി മാറും. അത് ഒഴിവാക്കണമെങ്കിൽ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടിയായ ജീവികളുടെയും അസ്തിത്വം, സാന്നിദ്ധ്യം എന്നിവയിൽ ഭാഗികമായി ഗൂഢത കൂടി ഉണ്ടാവണം. അതിനായി ദൈവത്തിന്റെ അംശം ശരീരമായി ജീവാത്മാവിന്റെ ഒപ്പം കൂടിയിരിക്കുകയാണ്.

ദൈവത്തിന്റെ അംശമാണ് ശരീരം എന്നതിനാൽ ആദിയും അന്തവും ഇല്ലാത്ത മഹാശക്തി ശരീരത്തിൽ ഉണ്ട്. അത് തെളിയിക്കാനാവും. ഭൂമിയിലെ ഏതാനും മൂലകങ്ങളാണ് ശരീരമായി രൂപാന്തരപ്പെട്ടിരിക്കുന്നത് എന്ന് അറിയാമല്ലോ. അണുബോംബ്, ഹൈഡ്രജൻ ബോംബ്, എന്നിങ്ങനെ ഭൂമിയിലെ ചില മൂലകങ്ങളുടെ അതിസൂക്ഷ്മമായ അംശങ്ങളിലുള്ള അപാരമായ ശക്തികളെ മനുഷ്യർക്ക് കുറെയൊക്കെ അറിയാം. വളരെ കുറച്ചു മാത്രമേ മനുഷ്യന് കണ്ടെത്താനായുള്ളൂ.

യുറേനിയം, പ്ലൂട്ടോണിയം തുടങ്ങിയ ഏതാനും മൂലകങ്ങളിൽ മാത്രമാണ് അണുശക്തി ഉള്ളതെന്ന് തെറ്റിദ്ധരിക്കരുത്. അവയുടെ ആറ്റത്തിലെ ചില ഘടകങ്ങളുടെ വർദ്ധിച്ച അളവു കൊണ്ട് എടുത്തു കാണിക്കുന്നു എന്നേയുള്ളൂ. എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിൽ മഹാശക്തി ഉണ്ട്. ഓരോരോ മൂലകത്തിനും ചേരുന്ന നിയമങ്ങളോടെ പരീക്ഷണങ്ങൾ നടത്തുമ്പോൾ അവയിലെ മഹാശക്തിയെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

എല്ലാ മൂലകങ്ങളിലും / ആറ്റത്തിലും അവയുടെ ഘടകങ്ങളിലും ഉള്ളതായ ആദിയും അന്തവും ഇല്ലാത്തതായ മഹാശക്തികളെ കൂടുതൽ പ്രകടമാക്കാൻ ദൈവം തയ്യാറായാൽ പ്രപഞ്ചത്തിലെ ജീവികൾ മുഴുവൻ നശിച്ചുവെന്നു വരാം. ആകയാൽ തോന്നും പോലെ തെളിയിക്കാൻ മനുഷ്യർ ശ്രമിച്ചു കൂടാ.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത്, ഏകദൈവത്തിന്റെ രണ്ടു ഭാഗങ്ങളാണ് : 'ദൈവത്തിന്റെ ഇഷ്ടം പോലെ അഥവാ മഹാനീതിശാസ്ത്ര പ്രകാരം ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന പരമാത്മാവ് എന്ന ആദ്യ ഭാഗം പ്രപഞ്ചപിതാവായും', 'ജീവവും രണ്ടാം ഭാഗവുമായ ദൈവം/ഭൂമി പ്രപഞ്ചമഹാമാതാവായും' പ്രവർത്തിക്കുന്നു. ഭൂമി ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ ഓരോ ആറ്റത്തിലും ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന പരമാത്മാവും, ജീവമായ ദൈവവും, ഇലക്ട്രോൺ, പ്രോട്ടോൺ എന്നീ താല്ക്കാലിക പേരുകളോടെ ഉണ്ട്.

പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളെയും പ്രവൃത്തികളെയും ശബ്ദവുമായി ബന്ധിപ്പിച്ചിരിക്കുന്നു എന്ന മഹാപാഠവും, ഉദാഹരണത്തിന്, ആറ്റത്തിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചു കൊണ്ട് ഓരോ ആറ്റത്തിലേക്കും 'ശക്തിശിവൻ പ്രണയ മന്ത്രവും' ആദിവചനവും, സൃഷ്ടി മന്ത്രവും, സംഹാര കാഹളവും, മഹാശാസ്ത്ര മൂലവും, ഏകമഹാശബ്ദവും, ശബ്ദബ്രഹ്മവും, അക്ഷര ബ്രഹ്മവും, മഹാസംഗീതവും, ദൈവത്തിന്റെ മഹാചിരിയുമായ ഓം പ്രവേശി ച്ചിരിക്കുകയാണ് എന്നും, ഓം മഹാശാസ്ത്രപരം മാത്രമാണെന്നും ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുള്ളത് ഗ്രഹിക്കുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്.

മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് 'സ്വയംഭൂ' പോലെ, **ഓം** നിമിത്തം അണ്ഡത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ശരീരം, ജീവിയുടെ മുഖ്യഘടകം ആവുകയും, കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ച് 'ദൈവ ഗുണം' കാട്ടുകയും ചെയ്യുന്നു. **അതിൽ നിന്ന് 'ശരീരം ദൈവാംശം' ആണെന്നും, മഹാഖര രൂപവും 'മണ്ണുമായ ഭൂമി ദൈവം' ആണെന്നും തെളിയുന്നുണ്ട്.**

സർവ്വത്തിനും അതീതമായ അടിസ്ഥാന സ്വഭാവങ്ങളെ ഓരോരോ ജീവികൾക്കും വേണ്ടി സ്വയം പരമിതപ്പെടുത്തി ദൈവാംശങ്ങളും വ്യത്യസ്ത ഗുണങ്ങൾ ഉള്ളതുമായ ശരീരങ്ങളായി ദൈവമായ ഭൂമി രൂപമെടുക്കുകയാണ്. ഓരോ ജീവിയുടെയും സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച് പ്രത്യക്ഷ ദൈവമായ ശരീരമാണ് ഒപ്പമുള്ളത്. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും 'ദൈവാംശവുമായ ശരീരം', ജീവാത്മാവിനു വേണ്ടി മഹാനീതി ശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ പ്രവർത്തിക്കുകയാണ്.

മണ്ണായ ഭൂമിയുടെ പ്രവർത്തനങ്ങളെ ജീവാത്മാവിന് / ജീവിക്ക് / മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നില്ല. അറിയാൻ വേണ്ടതു പോലെ ശ്രമിക്കുന്നുമില്ല എന്നതാണ് വാസ്തവം. ഉദാഹരണത്തിന് തെങ്ങ്, പ്ലാവ്, മാവ് എന്നിങ്ങനെ എല്ലാ വൃക്ഷങ്ങളിൽ നിന്നും അവയുടെ കായ്കൾ, ഫലങ്ങൾ, ഇലകൾ, ശിഖരങ്ങൾ, തുടങ്ങിയവ താഴേക്കു വീഴുന്നതിനെ ഭൂഗുരുത്വാകർഷണം എന്നതിനപ്പുറം, മണ്ണും ഭൂമിയുമായ ദൈവം മഹാവാത്സല്ല്യത്തോടെ കുഞ്ഞുങ്ങൾക്ക് വേണ്ടി മഹാശാസ്ത്രപരമായി പ്രവർത്തിക്കുകയാണെന്ന് മനസ്സിലാക്കാൻ, ബുദ്ധി ശക്തി ഏറെ ലഭിച്ചിട്ടും ഏറെപ്പേരും ശ്രമിക്കുന്നില്ല. ഭൂമിയും, മൂലകങ്ങളും ജീവമാണെന്നും ദൈവത്തിന്റെ ഖരരൂപമാണെന്നും തിരിച്ചറിയണം.

സ്വയം വിശകലനം കൊണ്ടു തന്നെ ജീവാത്മാക്കളും സൃഷ്ടികളുമായ കുഞ്ഞുങ്ങൾക്കു വേണ്ടി മഹാ-നിസ്വാർത്ഥമായും മഹാവാത്സല്ല്യത്തോടെയും പ്രവർത്തിക്കുന്ന ശരീരം തീർച്ചയായും ദൈവാംശം മാത്രമാണെന്ന് സുവ്യക്തമാണ്.

ദൈവത്തിന്റെ ഖര-രൂപമായ ശരീരത്തിന്റെ പ്രവർത്തനങ്ങളെ നയിക്കുന്നത് മുമ്പ് സൂചിപ്പിച്ചതുപോലെ ഓക്സിജനും, ജലവും ആണ്. ജീവിയിൽ വന്നു പ്രവർത്തിക്കുകയും, ജീവിക്ക് ജീവൻ നൽകുകയും ചെയ്യുന്ന ഓക്സിജനെ ജീവിയുടെ ഭാഗമായി കണക്കാക്കുന്നത് ഭാഗികമായ ശരിയാണ്. ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനെപ്പറ്റിയും ദ്രാവക രൂപമായ ജലത്തെപ്പറ്റിയും സൂചിത മഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.

സൃഷ്ടികളായ ജീവികളുടെ ശരീരത്തിന്റെ പ്രാധാന്യത്തെ അല്പം കൂടി വിശദീകരിക്കാം :-

ജീവികളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളത് ഏറെക്കുറെ പൂർണ്ണമായും ഖര രൂപം എന്നു വിശേഷിപ്പിക്കാവുന്ന ശരീരത്തോടെയാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വയം അറിയുന്നതും, അന്യോന്യം അറിയുന്നതും, പ്രപഞ്ച-വസ്തുക്കളെയും ജീവികളെയും മറ്റും അറിയുന്നതും, അനുഭവിക്കുന്നതും, ആനന്ദിക്കുന്നതും എല്ലാം ഭൗതിക അസ്തിത്വമുള്ള ശരീരത്തിലൂടെയാണ്. ജീവിക്കാൻ ശരീരം ഉണ്ടെങ്കിലേ കഴിയൂ; ശരീരത്തിന് ശക്തി എന്ന ആരോഗ്യവും. ഉദാഹരണത്തിന് അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, നാട്ടുകാർ തുടങ്ങിയവരെയും; (കൂടാതെ ദൈവത്തെയും) കാണാനും കേൾക്കാനും ഇടപഴകാനും മനുഷ്യർ ആഗ്രഹിക്കുന്നത് ശരീര-രൂപത്തെ ആസ്പദമാക്കിയാണ്.

ഏതാനും അവയവങ്ങളെയും, ശരീരത്തെ മൊത്തമായും ചലിപ്പിക്കുവാൻ ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യത്തെ ശരീരം നൽകുവാനും പ്രസ്തുത നാമമാത്രമായ സ്വാതന്ത്ര്യം കൊണ്ട് ശരീരത്തെ മൊത്തം ഭരിക്കും പോലെയുള്ള തോന്നലും സന്തോഷവും ജീവാത്മാവിന് നൽകുവാനും ശരീരം ശ്രദ്ധിക്കുന്നു എന്നു പറയുമ്പോൾ, മഹാനീതി ശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ പ്രവേശിപ്പിക്കാനും, ജീവാത്മാവിന് ശരീരത്തെ ഒട്ടും ചലിപ്പിക്കാൻ കഴിയാത്ത പൂർണ്ണ തളർച്ചയെ സൃഷ്ടിക്കുവാനും ജീവാത്മാവിനെ ഫലത്തിൽ ഭാഗികമായോ പൂർണമായോ ബന്ദിയാക്കാനും ശരീരത്തിനു കഴിയും.

ജീവാത്മാവിനെ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുന്നതും ശരീരത്തിൽ നിന്നും പുറത്താക്കുന്നതും, നിശ്ചയിക്കുന്നതു ശരീരമാണെന്ന് പ്രത്യക്ഷമായി മറ്റുള്ള ജനങ്ങൾക്കും ജീവികൾക്കും സംഭവിക്കുന്ന ജനന-മരണങ്ങളിൽ നിന്നും മറ്റും സ്പഷ്ടമാണ്; ജനങ്ങൾ മനസ്സിലാക്കുന്നുമുണ്ട്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളിലും ശരീരവും, ആത്മാവും വേറിട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നു തെളിയുമ്പോൾ, ആത്മാവിനെ ഭരിക്കുന്ന ശരീരം പ്രവർത്തിക്കുന്നത് ആത്മാവിനു വേണ്ടി മാത്രമാണെന്നും, ആത്മാവിന് 'ജീവിയെന്ന അസ്തിത്വം നൽകിക്കൊണ്ട് ' ആത്മാവിന്റെ സ്വന്തമെന്നോണം പ്രവർത്തിക്കുകയാണു ചെയ്യുന്നത് എന്നും വ്യക്തമാണ്. ജീവാത്മാവ് ശരീരത്തെയല്ലാ, മറിച്ച് ശരീരം ജീവാത്മാവിനെയാണു ഭരിക്കുന്നത് എന്നതും, ജീവാത്മാവിന് 'ജീവി' എന്ന അസ്തിത്വം നൽകുന്നതും, 'സ്വയം അറിയാനും, ഉറ്റവരായ മറ്റു ജീവാത്മാക്കളെ അറിയുവാൻ പോലും അത്യാവശ്യമായ ശരീരം തന്നെയാണ് ജീവാത്മാക്കൾക്കെല്ലാം പ്രധാനം. വിശകലനം ചെയ്യുമ്പോൾ, ശരീരം എന്താണെന്നു പോലും അറിയാതെയാണ് 'ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യന്റെ ജീവാത്മാവ് ' പോലും ശരീരത്തിലൂടെ ജീവിക്കുന്നതെന്ന് വെളിപ്പെടുന്നു !

ജീവിയെ സംബന്ധിച്ച് മുഖ്യ ഘടകങ്ങളായ ശരീരം, ജീവാത്മാവ് എന്നിവയിൽ ഗുണങ്ങളും ദോഷങ്ങളുമായ എല്ലാ ആനന്ദങ്ങളെയും നൽകാനുള്ള ഘടകങ്ങൾ ശരീരത്തിനും, സ്വീകരിക്കാനുള്ള ഘടകങ്ങൾ ജീവാത്മാവിനും ഉണ്ടെന്നത് അനുഭവിച്ചറിയുന്ന വസ്തുതകളാണ്. എന്നാൽ അറിയാതെയും വിശകലനം ചെയ്യാതെയും ആനന്ദിച്ചു ജീവിക്കാനാണ് ജീവാത്മാവിനെ ശരീരം പ്രേരിപ്പിക്കുന്നത്. 'ജീവാത്മാവിന് ആനന്ദങ്ങളെ നൽകാനായി ഒപ്പം കൂടിയ ദൈവാംശമായ ശരീരം' ജീവാത്മാവിന്റെ ആനന്ദങ്ങളെ കുറയ്ക്കുന്ന പ്രവൃത്തികളെ ഇഷ്ടപ്പെടാത്തതു കൊണ്ടാണത്. അതേസമയം ശരീരവും ആത്മാവും ആരാണെന്നും മറ്റും ഇതേപോലെ ശാസ്ത്ര പരമായി വിശദീകരിക്കുമ്പോൾ, സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്ന കാര്യങ്ങളുമാണ്.

ജീവിയുടെ സ്വത്വം ജീവാത്മാവ് ആണെന്നറിഞ്ഞിട്ടും മനുഷ്യർ തനിച്ചും, സാമൂഹ്യ നീതിന്യായ സംവിധാനങ്ങൾ വഴിയും ശരീരത്തെ ശിക്ഷിക്കുന്നത് ജീവാത്മാവിന് സമസ്ത ആനന്ദങ്ങളെയും നൽകുന്ന ശരീരത്തിലൂടെ മാത്രമേ ജീവാത്മാവിനെ ശിക്ഷിക്കാൻ കഴിയൂ എന്നതു കൊണ്ടാണ്. ശരീരമാണ് പ്രധാനം എന്നാണ് അതും തെളിയിക്കുന്നത്. മറ്റുള്ള ജീവികളും ശരീരത്തെ ആധാരമാക്കി ജീവിക്കുന്നവയാണ്.

ശരീരം ദൈവാംശം ആയിരിക്കെ, ശരീരത്തെ ശിക്ഷിക്കുമ്പോൾ ദൈവത്തെ ശിക്ഷിക്കുന്നതായി വരില്ലേ എന്ന ചോദ്യമുണ്ട്. പ്രത്യക്ഷ ദൈവവും, ദൈവാംശവുമായ ശരീരം, ജീവാത്മാവിന് **ഭാഗികമായ സ്വാതന്ത്ര്യം** അനുവദിച്ച് ശരീരത്തെ **നൽകാതെ** നൽകുകയാണ്. **ശരീരത്തെ, ജീവാത്മാവായ വ്യക്തിയുടെ ഇഷ്ട പ്രകാരം ഉപയോഗിക്കുമ്പോൾ വ്യക്തിക്കു ലഭിക്കുന്ന ആനന്ദങ്ങളും വേദനകളുമെല്ലാം വ്യക്തിക്കു മാത്രം അവകാശപ്പെട്ടതാണ്.** ഭക്ഷണ-ആനന്ദം ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളെയും ജീവാത്മാവിനു മാത്രം നൽകുന്നതു പോലെ, ശിക്ഷകളിലൂടെയും രോഗങ്ങളിലൂടെയും മറ്റും ലഭ്യമാകുന്ന സമസ്ത വേദനകളെയും ജീവാത്മാവിനു മാത്രമായി നൽകുന്നു. ജീവികളുടെ **ശരീരത്തെ ശിക്ഷിക്കുമ്പോൾ, ജീവാത്മാവിനാണ് വേദന എന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്നവരാണവർ.**

ദൈവത്തിന്റെ മഹാഖരരൂപവും മണ്ണുമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരത്തിൽ വ്യത്യസ്ത അവയവങ്ങൾ ഉണ്ടാകുന്നതും, പ്രവർത്തിക്കുന്നതും www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf **എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.**

ജീവാത്മാവാണ് പ്രധാനമെന്ന് പുലമ്പുകയും എഴുതുകയും മറ്റും ചെയ്യുന്ന എല്ലാവർക്കും ശരീരം കൊണ്ടു മാത്രമേ എന്തും ചെയ്യാൻ കഴിയുകയുള്ളൂ.

മരണാനന്തര ജീവിതം പ്രധാനമാണ്; എന്നാൽ സർവ്വപ്രധാനം ഭൂമിയിലെ ജീവിതമാണ്. എന്തുകൊണ്ടെന്നാൽ മരണാനന്തര ജീവിതത്തിൽ ആനന്ദങ്ങളെ ലഭിക്കുന്നതിന് ഭൂമിയിലെ ജീവിതത്തിലുള്ള നന്മതിന്മകളാണ് ആധാരം. യഥാർത്ഥവും ലളിതവുമായ അർത്ഥം :

ഭൗതിക രൂപത്തിലുള്ള ഭൂമിയോ, ഭൂമിയിലെ ജീവിതമോ ജീവികൾക്ക് ഇല്ലെങ്കിൽ, മരണാനന്തര ലോകങ്ങൾക്കും, മരണാനന്തര ജീവിതങ്ങൾക്കും പ്രസക്തി ഇല്ല; അതിനാൽ ജീവികൾക്കെല്ലാം ഭൂമിയും ഭൂമിയിലെ ജീവിതവും മാത്രമാണ് പ്രധാനം.

'ദൈവം കൂടിയായ ഭൂമിയിൽ' ജീവിക്കുന്ന മനുഷ്യർ ഭൂമിയും ഭൂമിയിലെ ജീവിതവും പ്രധാനമല്ലെന്നുള്ള പ്രഭാഷണങ്ങളും സംഭാഷണങ്ങളും മറ്റും ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. കടുത്ത പാപങ്ങളും ദൈവശിക്ഷകളും വാരിക്കൂട്ടുന്നതുമാണ്.

മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.

ഓരോ മനുഷ്യനെയും പ്രത്യേകമായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന (ദൈവം), മഹാഉചിതമായ സമയത്ത് മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും ഉൾപ്പെടെയുള്ള കാര്യങ്ങളെ ഓരോ മനുഷ്യനെയും നേരിട്ട് അറിയിക്കുന്നതാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിനും, സൃഷ്ടിയായ മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥന്റെ ആവശ്യം ദൈവത്തിന് ഇല്ല. കൂടാതെ, എല്ലാ സൃഷ്ടി ചക്രങ്ങളിലും 'മായ /ദൈവം' പ്രത്യക്ഷമായി ക്കൊണ്ട് ദൈവ-വിപ്ലവം ആരംഭിക്കുന്നതിനു മുമ്പ് ദൈവത്തിന്റെ ഭാഗവും പ്രതിനിധിയും ഏകദാസനും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ 'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, എന്നീ യഥാർത്ഥമായ 3 വേദങ്ങളെയും 'മണ്ണിൽ നിന്നും' വീണ്ടെടുക്കുന്നതാണ്. ശക്തിശിവൻ പ്രണയമന്ത്രം, സൃഷ്ടി മന്ത്രം, മഹാശാസ്ത്രമൂലം, സംഹാര കാഹളം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, മഹാസംഗീതം, ഏകമഹാശബ്ദം, മഹാസൂക്ഷ്മ ശബ്ദം, ദൈവത്തിന്റെ മഹാചിരി എന്നിങ്ങനെയെല്ലാം മഹാ വിശേഷണങ്ങൾ ഉള്ള ഓം മഹാശാസ്ത്ര പരമായിട്ട് ഭൂമിയിലെങ്ങും 3 മുതൽ 33 വർഷക്കാലം തുടർച്ചയായിട്ട് മുഴങ്ങുകയും ദൈവവിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതോടെ യഥാർത്ഥമായ 3 വേദങ്ങളെ ഭൂമിയിലെങ്ങും ബോദ്ധ്യപ്പെടുന്നതാണ്. ശേഷം മഹാ ഉചിതമായ സമയത്ത് മഹാവാത്സല്യമായ ദൈവം കുഞ്ഞുങ്ങൾക്കെല്ലാം, ജന്മങ്ങളുടെ എണ്ണവും നേടിയ പുണ്യങ്ങളും പ്രകാരമുള്ള ധർമ്മ ശാസ്ത്രപരമായ യോഗ്യതകൾക്ക് അനുസരിച്ച് 90 മുതൽ 95 വരെയുള്ള പുരുഷജന്മങ്ങളിലൊന്നിൽ പ്രത്യേകമായി മഹാദർശനവും മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും, 100-ാം ജന്മത്തിൽ നക്ഷത്ര പദവിയായ മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

....

ദൈവവും ദൈവരൂപവും	
3	**മഹാഭദ്രകാളി**
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

ദൈവത്തിന്റെ ദിവ്യമഹാജീവി-രൂപങ്ങൾ

ദൈവത്തിനു ശരീരമുണ്ടെങ്കിൽ, രൂപവുമുണ്ട്; രൂപമുണ്ടെങ്കിൽ ശരീരവും. ദൈവത്തിനു ശരീരം ആവശ്യമുണ്ടെങ്കിൽ മാത്രമേ ദൈവം ഒരു ശരീരത്തെ സ്വീകരിക്കേണ്ടൂ.

ദൈവത്തിനു ശരീരം ആവശ്യമില്ല.

കുഞ്ഞുങ്ങളായ മനുഷ്യർക്ക് സൃഷ്ടി-സ്ഥിതി- സംഹാര കർത്താവും (മഹാപിതാവും) മഹാമാതാവും മഹാനീതിയുമായ ദൈവത്തെ കാണുവാനും സ്നേഹവാത്സല്യങ്ങളെ നേരിട്ട് അനുഭവിക്കാനും കഴിയണം. കുഞ്ഞുങ്ങളായ സൃഷ്ടികളുടെ ന്യായമായ /ധർമ്മ ശാസ്ത്രപരമായ എല്ലാ ആഗ്രഹങ്ങളെയും സാധിച്ചുകൊടുക്കേണ്ടത് ദൈവത്തിന്റെ ചുമതലയാണ്. അതായത് കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കി ദൈവം രൂപം സ്വീകരിക്കണം. കുഞ്ഞുങ്ങൾ ഇഷ്ടപ്പെടുന്ന രൂപം സ്വീകരിക്കണം. കുഞ്ഞുങ്ങളുടെ ഇഷ്ടത്തെ കരുതുമ്പോഴും, അർത്ഥപുഷ്ടമായ രൂപത്തെ മാത്രം ദൈവം സ്വീകരിക്കണം.

മഹാശക്തിയായ ദൈവം

സ്വീകരിക്കുന്ന രൂപം

മഹാപ്രപഞ്ചത്തിനും ജീവികളുടെ രൂപങ്ങൾക്കും ഇഷ്ടങ്ങൾക്കും മഹാഉചിതമായി ഇണങ്ങണം. മഹാശാസ്ത്ര പ്രകാരമുള്ള രൂപത്തെ ദൈവം സ്വീകരിക്കുന്നത് മഹാഉചിതമാണ്.

ദൈവ രൂപത്തെ വിശദീകരിക്കുന്നതിനു മുമ്പ്, സൃഷ്ടികളായ ജീവികളുടെ ശരീര പ്രാധാന്യത്തെ അല്പംകൂടി ഓർമ്മിപ്പിക്കണം :-

ജീവികളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളത് രൂപത്തോടെയാണ്; ശരീരത്തോടെയാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വയം അറിയുന്നതും, അന്യോന്യം അറിയുന്നതും, പ്രപഞ്ച-വസ്തുക്കളെയും പ്രപഞ്ച കാര്യങ്ങളെയും അറിയുന്നതും, അനുഭവിക്കുന്നതും, ആസ്വദിക്കുന്നതും, ആനന്ദിക്കുന്നതും എല്ലാം ഭൗതിക അസ്തിത്വമുള്ള ശരീരത്തിലൂടെയാണ്. ജീവിക്കാൻ ശരീരമുണ്ടെങ്കിലേ കഴിയൂ; ശരീരത്തിന് ശക്തി എന്ന ആരോഗ്യവും. ഉദാഹരണത്തിന് അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, നാട്ടുകാർ തുടങ്ങിയവരെ കാണാനും കേൾക്കാനും ഇടപഴകാനും ആഗ്രഹിക്കുന്നത് സദാ ശരീരത്തെ ആസ്പദമാക്കിയാണ്. ദൈവ- ദേവതാ - രൂപ സങ്കല്പങ്ങളും ശരീരത്തെ ആസ്പദമാക്കിയാണ്. ദൈവത്തെ കാണാനും കേൾക്കാനും മനുഷ്യർ ആഗ്രഹിക്കുന്നതും ശരീര-രൂപത്തെ ആസ്പദമാക്കിയാണ്.

അസംബന്ധങ്ങൾ പ്രചരിപ്പിച്ച് സാധാരണ ജനങ്ങളെ ചൂഷണം ചെയ്യാതെ മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദത്തോടെയും ധർമ്മ ശാസ്ത്രപരമായും ജീവിക്കുന്ന അവസ്ഥ ദൈവ വിപ്ലവത്തോടെ യാഥാർത്ഥ്യമാകുന്നതാണ്.

ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, ആദിയും അന്തവുമില്ലാത്ത മഹാശക്തിയും, മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും ആണെങ്കിലും, യാതൊന്നിലും ഒതുങ്ങാത്തതായ രൂപത്തെ രൂപമില്ലാത്ത ദൈവം, പരിശുദ്ധാത്മാവ്, അല്ലാഹു, മഹാസത്യം എന്നിങ്ങനെ വിശേഷിപ്പിക്കാമെങ്കിലും, മുമ്പ് വ്യക്തമാക്കിയതു പോലെ അങ്ങനെയുള്ള വിശേഷണം ഭാഗികമായ ശരി മാത്രമാണ്.

യാതൊരു രൂപങ്ങളിലും ഒതുങ്ങില്ലായെന്നതുപോലെ, ഒരു കല്ലിലോ കടുകിലോ എന്തിലുമോ (ജീവിയിലുമോ) പ്രവേശിച്ചുകൊണ്ടോ, ഒരു കല്ലോ, കടുകോ, കാറ്റോ, മൃഗമോ, മനുഷ്യനോ മറ്റും ആയിക്കൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാൻ മഹാശക്തിയായ ദൈവത്തിനു കഴിയും എന്നതും സുവ്യക്തമാണ്.

എന്തും ചെയ്യാൻ ശക്തിയുള്ള, മഹാശക്തിയായ ദൈവത്തിന് ഒരു കടുകിലോ വിഗ്രഹത്തിലോ ജീവിയിലുമോ പ്രവേശിച്ചു കൊണ്ടോ ആയിക്കൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുവാൻ ശക്തിയില്ലെന്ന് വിശ്വസിക്കുന്നവർ ഉണ്ടെങ്കിൽ അവർ കടുത്ത ദൈവനിന്ദയാണ് ചെയ്യുന്നത്.

വിഗ്രഹത്തിൽ പ്രവേശിച്ചുകൊണ്ട് എന്തും ചെയ്യാൻ മഹാശക്തിയായ ദൈവത്തിനു കഴിയും എന്നതിന്, വിഗ്രഹ ആരാധന ശരിയാണെന്നു ധരിച്ചുപോവരുത്.

വിഗ്രഹത്തിൽ നിന്ന് അഥവാ എന്തിലും നിന്ന് ഒരു രൂപത്തോടെ ദൈവം പ്രത്യക്ഷമാവുകയും, ദൈവം മഹാ-അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ, പ്രത്യക്ഷമാവുന്ന ദൈവത്തെ ആരാധിക്കുകയോ നമസ്ക്കരിക്കുകയോ ചെയ്യുക എന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല. മാത്രമല്ല; പാൽ, പഴം, നെയ്യ്, എണ്ണ, ചന്ദനം തുടങ്ങിയ യാതൊരു സാധനങ്ങളെയും വിഗ്രഹം ഭക്ഷിക്കുന്നില്ലാ എന്നിരിക്കെ, അവയെ വിഗ്രഹത്തിൽ ഒഴുക്കുന്നതും കുശുകുശു മന്ത്രങ്ങൾ ജപിക്കുന്നതുമെല്ലാം കടുത്ത ദൈവനിന്ദയും കൊടുംകൊള്ളയുമാണ്. അല്ലെന്നാൽ, ഓരോ മനുഷ്യനെയും പ്രത്യേകമായി സൃഷ്ടിച്ചിട്ടുള്ള ദൈവം ഓരോ മനുഷ്യനെയും നേരിട്ട് പ്രത്യക്ഷപ്പെട്ട് പ്രത്യേകം പ്രത്യേകമായിട്ട് അനുവദിക്കണം. വിഗ്രഹത്തിൽ ആട-ആഭരണങ്ങളെ ചാർത്തുന്നതും ആവശ്യത്തിലധികം വിളക്കുകളും കർപ്പൂരവും മറ്റും കത്തിക്കുന്നതും വലിയ അപരാധമാണ്. വെളിച്ചത്തെ സൃഷ്ടിക്കുന്ന ദൈവത്തിന് ഒരു വിളക്കും വേണ്ടാ. ഇരുട്ടിൽ കണ്ണുകാണാത്ത സൃഷ്ടിയും ജീവിയുമായ മനുഷ്യനാണ് വിളക്കുകൾ വേണ്ടത്; അവയെ ആവശ്യത്തിനു മാത്രം ഉപയോഗിക്കുകയും വേണം; യാതൊന്നും പാഴാക്കരുത്. മഹാശാസ്ത്രപരമായിട്ട് ദേവാലയം നിർമ്മിക്കുന്നത് എങ്ങനെയെന്ന് www.omsathyam.com/GodlyRevolution/Devaalayam.pdf എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

'ദൈവം' എന്ന പദം മലയാള ഭാഷയിൽ ഉപയോഗിക്കുന്നത് എന്തുകൊണ്ടാണ് ?

മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം ഏക-മഹാ-സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും (മഹാപിതാവും) മഹാമാതാവും മഹാനീതിയുമായ മഹാശക്തി, പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാശക്തി മാത്രമാണെന്നും, ജീവിയല്ലെന്നും അറിയുമ്പോൾതന്നെ സൃഷ്ടികളായ ജീവികളുടെ സന്തോഷത്തെ കണക്കാക്കി ഒരു മഹാ-ജീവിയപ്പോലെ പെരുമാറുകയാൽ ദൈവം ഒരു മഹാ-ജീവി പോലെയാണ്.

സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങളായിട്ടാണ് മനുഷ്യൻ അഥവാ ജീവി എന്നതു പ്രകാരം മഹാശക്തിയായ 'ദൈവ-ജീവിയെ' ദേവൻ എന്നും ദേവി എന്നും വിളിക്കാനാവും. മഹാശക്തിക്കു മാത്രം അവകാശപ്പെട്ട മഹാ എന്ന പദം ചേരുമ്പോൾ മഹാദേവൻ, മഹാദേവി എന്നീ മഹാനാമങ്ങളെ ലഭിക്കുന്നതാണ്. സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങൾ ചേർന്നു മനുഷ്യൻ എന്നതുപോലെ ദേവൻ, ദേവി എന്നീ 2 പദങ്ങൾ ചേരുമ്പോൾ ദൈവം എന്ന പദമായി.

ദൈവ രൂപ കാര്യങ്ങൾ തുടരാം : മഹാദേവൻ, മഹാദേവി എന്നിവ രണ്ടും ദൈവത്തിനു ചേരുമെങ്കിലും; സ്ത്രീ, പുരുഷൻ ഇവയിലെ ഒരു രൂപവും ഒരു പേരും മാത്രം സ്വീകരിക്കേണ്ടതുണ്ട്. അതേസമയം മഹാശക്തിയായ ദൈവത്തിന്, മഹാശാസ്ത്ര പ്രകാരം തന്നെ ഏതൊരു രൂപവും സ്വീകരിക്കാൻ കഴിയുന്നതുമാണ്. എന്നാൽ, ദൈവം മുഖ്യമായും 2 ജീവികളുടെ രൂപത്തെയാണ് മഹാസ്വീകരിക്കുന്നത്. സൃഷ്ടി ഉണ്ടെങ്കിലേ സ്ഥിതി വിഷയമാകുന്നുള്ളൂ. ജനനം ഉണ്ടെങ്കിലേ ജീവിതമുള്ളൂ. ജനനത്തിന് അഥവാ സൃഷ്ടിക്കാണു പ്രാധാന്യമേറെയുള്ളത്. പുരുഷനെയും പ്രസവിക്കുന്നത് സ്ത്രീ. അപ്പോൾ സർവ്വജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചതായ അഥവാ പ്രസവിച്ചതായ സ്ത്രീ എന്ന് വിശകലനം ചെയ്യുമ്പോൾ പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം മഹാപിതാവുംമഹാമാതാവും മഹാനീതിയുമായ ദൈവം, മഹാജഗദംബ എന്ന സ്ത്രീരൂപം സ്വീകരിക്കേണ്ടിവരുന്നു.

മഹാമാതാവിന് ശാസ്ത്രപരമായ പേര് വേണം. പ്രപഞ്ചത്തിന്റെ സൃഷ്ടിയും പരിപാലനവും മഹാനീതിയുമെല്ലാം മഹാ-ഭദ്രപ്പെടുത്തുന്ന, ഭദ്രമാക്കുവാൻ ശക്തിയുള്ള സ്ത്രീ. കാളി = സ്ത്രീ. ഭദ്രകാളി. മഹാഭദ്രകാളി. മനുഷ്യസ്ത്രീയ്ക്കു മേൽ ഔന്നത്യമുള്ള ജീവിയെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവിയുടെ രൂപവും നിർബ്ബന്ധം.

പശു : പാഠം 1

ദൈവവും ദൈവരൂപവും	
മഹാഭദ്രകാളി	മഹാഗോമാതാവ് /
1	പശു (കാളി) + പശുപതി (കാള)
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

സമസ്ത ജീവികളുടെയും നിലനില്പിനെ പശുവുമായി മഹാ-ബന്ധിപ്പിച്ചിരിക്കുന്നു എന്ന് പ്രസ്താവിച്ചാൽ വിശ്വസിക്കാൻ പ്രയാസമുണ്ട്. എന്നാൽ സത്യമതാണ്.

മണ്ണും ഭൂമിയുമായ ദൈവം, മണ്ണിൽ സദാ സൃഷ്ടിക്കുന്ന പുല്ലും (സസ്യങ്ങളും) ഭക്ഷിക്കുന്ന പശുവും പശുപതിയും (കാളയും) നൽകുന്ന ചാണകവും മൂത്രവും കൊണ്ടാണ് മണ്ണ് പുഷ്ടമാകുന്നതും മറ്റുള്ള സസ്യങ്ങൾക്ക് മണ്ണിൽ വളരാൻ കഴിയുന്നതും.

മത്സ്യത്തെ ആദ്യ ജീവിയായി സൃഷ്ടിച്ച ശേഷം, ദൈവം പശുവും പശുപതിയുമായി അവതരിച്ച് സമസ്ത ജീവികളെയും മഹാസംരക്ഷിച്ചുപോന്നു. മണ്ണും, വെള്ളവും, വളവും, സസ്യം ഉൾപ്പെടെയുള്ള ജീവികളുടെ ശരീരങ്ങളും, പ്രതിപ്രവർത്തനം നടത്തുന്നതിലെ 'മായ' ഗൂഢമാക്കിയാണത്.

സസ്യഭുക്കുകളും മാംസഭുക്കുകളും മിശ്രഭുക്കുകളുമായ സമസ്ത ജീവികളുടെയും നിലനില്പിന് ആധാരം സസ്യങ്ങളാണ്. കരയിലെ ജീവികളുടെ കാര്യത്തിൽ മാത്രം വിഷയം ഒതുങ്ങുന്നില്ല. സമുദ്രത്തിലെ വെള്ളത്തിന്റെ അടിയിൽ 'കര' തന്നെയാണ് എന്നതും, കരയിൽ നിന്നും കടലിലേക്ക് ഭക്ഷണം എത്തുന്നുണ്ട് എന്നതും പശു-പശുപതി ഔന്നത്യത്തെ സ്പഷ്ടമാക്കുന്ന ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.

മനുഷ്യ മാതാവ്, തന്റെ കുഞ്ഞിന് 2 - 3 വയസ്സുവരെ മാത്രം പാൽ കൊടുക്കുമ്പോൾ, ഗോമാതാവ് അഥവാ പശു, മനുഷ്യർക്കെല്ലാം (കുഞ്ഞിനും, കുട്ടിക്കും, യുവാവിനും യുവതിക്കും, അമ്മയ്ക്കും അച്ഛനും, അമ്മൂമ്മയ്ക്കും അപ്പൂപ്പനും എന്നിങ്ങനെ ആബാല വൃദ്ധം ജനങ്ങൾക്കും പാൽ കൊടുക്കുന്നു. പശുവിന്റെ പാലും, പാലിൽ നിന്നുള്ള വിഭവങ്ങളായ തൈര്, മോര്, വെണ്ണ, നെയ്യ് തുടങ്ങിയവ ഇല്ലാതെ മനുഷ്യനു ജീവിക്കാൻ കഴിയുമോ എന്നും, മനുഷ്യരുടെ ഭക്ഷണ കാര്യങ്ങൾക്ക് അത്യാവശ്യമായ സസ്യങ്ങളെ കൃഷി ചെയ്യുന്നതിനും മറ്റും ചാണകം, മൂത്രം എന്നിവ ഇല്ലാതെ പറ്റുമോ എന്നും ചിന്തിക്കണം. പശു / ഗോമാതാവ് ഇല്ലായിരുന്നെങ്കിൽ മനുഷ്യ ജീവിതം ഇത്ര ആനന്ദകരമാവില്ല എന്ന് അപ്പോൾ മനസ്സിലാവും.

പശുവിന്റെ മറ്റൊരു പേരാണ് ഭദ്രകാളി. കാളിയുടെ പുല്ലിംഗമാണ് കാള. കാളയുടെ സ്ത്രീ ലിംഗമാണ് കാളി = പശു. ജീവികളുടെയെല്ലാം ജീവിതം ഭദ്രമാക്കുന്ന പശുവും, പശുവിന്റെ പതിയായ കാളയും.

ജീവികളെല്ലാം ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഭദ്രമാക്കിയിട്ടുള്ളത് മഹാഭദ്രകാളിയാണ്. മഹാഗോമാതാവ് @ പശു+പശുപതി (കാള) ആണ് മഹാഭദ്രകാളി.

സർവ്വം മഹാഭദ്രപ്പെടുത്താൻ കഴിവുള്ളത് മഹാഭദ്രകാളിക്കാണ്; മഹാഭദ്രകാളിയിൽ സമസ്ത മഹാപ്രപഞ്ചവും മഹാഭദ്രമാണ്.

അനേകം കൈകളും, ഒരു കൈയ്യിൽ രക്തമൊലിക്കുന്ന വെട്ടിയെടുത്ത തലയും, കഴുത്തിൽ ശിരസ്സുകളോ തലയോട്ടികളോ കോർത്തിണക്കുന്ന മാലയുമണിഞ്ഞ് പരമശിവന്റെ പ്രതിനിധിയായ ശിവനെ ചവിട്ടി നിൽക്കുന്ന ഒരു ഭീകര രൗദ്ര-രൂപത്തെ ഭദ്രകാളിയെന്ന് അനേകർ മുമ്പ് തെറ്റിദ്ധരിച്ചിട്ടുണ്ട്. ആദ്യ മഹാകാലചക്രത്തിൽ ദുർദ്ദേവതകളായി മാറിയ അനേകരെ തിരുത്താനും സംഹരിക്കാനുമായിട്ട് മഹാശക്തിയായ ദൈവം, മഹാവിശിഷ്ടമായി സൃഷ്ടിച്ച മഹാ-സംഹാര ദേവിയാണത്.

മഹാഭദ്രകാളി മഹാഗോമാതാവാണ്, പശു.

മഹാശക്തിയായ ദൈവം പശുവായി മാറുന്നുണ്ടെങ്കിൽ, അത് ദൈവത്തിന്റെ അഥവാ പശുവിന്റെ കാര്യമാണ്. പശു, കാള എന്നിവകളുടെ കാര്യത്തിൽ മാത്രമല്ല; മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും എല്ലാ കാര്യങ്ങളിലും എപ്പോഴും സമ്പൂർണ്ണ അവകാശവും അധികാരവുമുള്ളത് അവരെയെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഏകമഹാശക്തിയായ ദൈവത്തിനു മാത്രമാണ്.

മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെല്ലാം അന്യോന്യം എപ്പോഴും എങ്ങനെയെല്ലാം പെരുമാറണമെന്ന് 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരത്തിൽ' മഹാലയിച്ചിട്ടുള്ള 'ജീവി-ഗുണ ധർമ്മ ശാസ്ത്ര നിയമങ്ങൾ' പ്രകാരം ജീവാത്മാവ് അറിയുന്നുണ്ട്; അഥവാ 'പ്രത്യക്ഷ ദൈവമായ ശരീരം' ജീവാത്മാവിനെ മഹാഅറിയിക്കുന്നുണ്ട്.

ഫലങ്ങളും ധാന്യങ്ങളും മറ്റും ഭക്ഷിക്കാൻ തോന്നുന്നതും ചില ജീവികളെ സ്നേഹിക്കാൻ തോന്നുന്നതും, മറ്റു ചിലവയെ ഭയക്കുന്നതും ഒക്കെ മേല്പടി 'ജീവി-ഗുണ ധർമ്മ ശാസ്ത്ര നിയമങ്ങളുടെ' പ്രഭാവം കൊണ്ടാണ്. അതിനെല്ലാം പുറമേ, മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികൾക്കും എപ്പോഴും മഹാസമനീതിയും മോക്ഷവും ഉറപ്പാക്കാനും, അവയെ ധർമ്മശാസ്ത്രപരമായിട്ട് ജീവിപ്പിക്കുവാനും, ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രവുമുണ്ട്.

പശുവും പശുപതിയും (കാളിയും കാളയും) പരമശ്രേഷ്ഠജീവി	
വേദം 1	**ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)**

സ്ത്രീയും പുരുഷനും ചേർന്നതാണ് മനുഷ്യൻ; പശു, കാള എന്നിവ ചേർന്നതാണ് ഭദ്രകാളി, ഗോമാതാവായ മഹാഭദ്രകാളി. 1000 കോടി വർഷങ്ങളുള്ള ആദ്യമഹാകാലചക്രത്തിൽ ദൈവം മനുഷ്യരൂപം സ്വീകരിച്ചിട്ടില്ല; ഗോമാതാവിന്റെ രൂപം സ്വീകരിച്ചിട്ടുമുണ്ട്. ഏകദൈവദാസനായ പരമശിവനും ആദ്യമഹാകാലചക്രത്തിൽ മനുഷ്യരൂപം സ്വീകരിച്ചിട്ടില്ല; പശുപതിയുടെ (കാളയുടെ) രൂപം സ്വീകരിച്ചിട്ടുമുണ്ട്.

ആദ്യമഹാകാലചക്രത്തിലെ ഭരണം മനുഷ്യരിൽ നിന്ന് ആത്മീയ സാക്ഷാത്ക്കാരം നേടിയ ഉന്നതർക്കു നൽകുകയും ദേവതകൾ / മലക്കുകൾ /മാലാഖമാർ എന്നീ പേരുകളോടെ അവർ ഭൂമിയിലെ കാര്യങ്ങളെ ഭരിക്കുകയുംചെയ്തു. അവരെല്ലാം കൂടി കൊടുംനീചത്തങ്ങളെ കാട്ടുകയും ചെയ്തു. മഹാവേദ ഗ്രന്ഥത്തിൽ കാര്യകാരണങ്ങളെ വിശദീകരിച്ചിട്ടുണ്ട്.

പശു : സൃഷ്ടി ശ്രേഷ്ഠത

പശു, കാള എന്നിവയ്ക്ക് മഹാശാസ്ത്രത്തിൽ പ്രത്യേക സ്ഥാനമുണ്ട്. മനുഷ്യമാതാവ് ഏതാനും മാസങ്ങളോ സാധാരണഗതിയിൽ 5-ൽ താഴെ വർഷങ്ങളോ മാത്രവും, മനുഷ്യക്കുഞ്ഞിനു മാത്രവും പാൽ നൽകുമ്പോൾ, ഗോമാതാവ് (പശു) തന്റെ കുഞ്ഞുങ്ങളെക്കൂടാതെ, മനുഷ്യരിലെ കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെയുള്ളവർക്ക് പാൽ നൽകുന്നു. പാലും പാലിൽ നിന്നു ലഭിക്കുന്ന വിഭവങ്ങളും /ഉല്പന്നങ്ങളും കൂടാതെയുള്ള ഒരു ജീവിതം മനുഷ്യനു കഴിയുമോ എന്നു ചിന്തിക്കുമ്പോൾ പശുവിന്റെ ഔന്നത്യം ബോദ്ധ്യമാകുന്നതാണ്. ചാണകം എന്ന ഏറ്റവും നല്ല വളം കൃഷിക്ക് നൽകുന്നു എന്നു പറയുമ്പോൾ സസ്യലോകത്തെ പുലർത്തുന്നതിൽ പശുവിനുള്ള ഔന്നത്യവും വെളിവാകുന്നുണ്ട്. പശുവിന്റെ/ കാളിയുടെ പതിയായ കാള, കൃഷിക്കാരനെയും കച്ചവടക്കാരനെയും ഒക്കെ സഹായിക്കുന്നത് വലിയ കാര്യമാണ്.

മോക്ഷത്തിനു മുമ്പ് പശു, കാള എന്നിങ്ങനെ ഒന്ന് അഥവാ രണ്ടു ജന്മങ്ങൾ കൂടി മനുഷ്യ-അവസ്ഥയിലുണ്ട്. അതിന്റെ അർത്ഥം പശു, കാള ജന്മങ്ങൾ അഥവാ പശുവും പശുപതിയായ കാളയും മൃഗങ്ങളുടെ പട്ടികയിൽ പെടുന്നില്ല എന്നാണ്. മാത്രമല്ല; മനുഷ്യരുടെ ഏറ്റവും ഉയർന്ന അവസ്ഥയാണ്. 'മായ' പ്രത്യക്ഷമാകുന്നതിനു മുമ്പ്, പശുവിനും, പശുപതിയായ കാളയ്ക്കും, മനുഷ്യരുമായുള്ള ഉന്നത ബന്ധം പൂർണ്ണമായി അറിയില്ലെങ്കിൽ പോലും, പശുവും പശുപതിയായ കാളയും ശ്രേഷ്ഠ ജീവികളാണെന്ന് മനസ്സിലാക്കി അവയോട് / അവരോട് ഉചിതമായി പെരുമാറാൻ മനുഷ്യർക്ക് സ്വയം സാധിക്കുന്നതാണ്. എന്നിരുന്നാലും, ഓരോ സൃഷ്ടി ചക്രത്തിന്റെയും അവസാനത്തിൽ, പുതിയ സൃഷ്ടി ചക്രത്തിലെ മനുഷ്യരിലേക്ക് ശാസ്ത്ര അറിവുകൾ പകർന്നു നൽകാൻ മഹാദേവി മഹാ-ഒരുക്കിയിട്ടുള്ള 33 വർഷക്കാലത്ത് 'ദേവാലയ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി മനുഷ്യർ കാളകെട്ട് കാഴ്ചകൾ' വഴി പരിശ്രമിക്കുന്നുണ്ട്.

ജീവി, മനുഷ്യാവസ്ഥയിൽ എത്തുമ്പോൾ, അടുത്തത് ആത്മീയ സാക്ഷാത്ക്കാരം ആണെന്നറിയുമ്പോൾ, താൻ വന്ന വഴി മറന്നുകൊണ്ടോ അല്ലാതെയോ **മറ്റുള്ള ജീവികളെ നിർദ്ദാക്ഷിണ്യം വധിക്കുവാനും പീഡിപ്പിക്കുവാനും തയ്യാറായിക്കൂടാ. മറ്റുള്ള ജീവികളോട് മനുഷ്യർ കരുണ കാട്ടുവാനും, തങ്ങളുടെ മാതാപിതാക്കളെ ശുശ്രൂഷിക്കണം എന്നതിന്റെ അത്യാവശ്യകത തുടങ്ങി ബഹുവിധ കാര്യങ്ങളിൽ മനുഷ്യരെ മിടുക്കരാക്കാനുമുള്ള ഒരു മഹാസംവിധാനമാണ് പശു, കാള ജന്മങ്ങൾ.**

ഉപയോഗം കഴിഞ്ഞ, അവശരായ, പ്രായമായ എന്നിങ്ങനെയുള്ള പശുക്കളെയും കാളകളെയും വധിച്ചില്ലെങ്കിൽ മനുഷ്യരെന്തു ചെയ്യും, അവയെക്കൊണ്ട് ഭൂമി നിറയില്ലേ എന്നിങ്ങനെയെല്ലാമുള്ള ചോദ്യങ്ങളുമായി മാംസഭുക്കുകളും മറ്റു ബുദ്ധിശാലികളും വാചക കസർത്ത് നടത്തുമ്പോൾ ലളിതമായ ഉത്തരം എപ്പോഴും ഉണ്ട്. **പശുക്കളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണ്. അവയ്ക്ക് ജീവിക്കാനുള്ള ഭക്ഷണകാര്യങ്ങൾ ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതും ദൈവമാണ്. അവ മനുഷ്യരെ (പൊതുവെ) ഉപദ്രവിക്കുന്നില്ല. അങ്ങനെയിരിക്കെ, അവയെ വളർത്താനും ചൂഷണം ചെയ്യാനും അവയുടെ സ്രഷ്ടാവും ഉടമയുമായ ദൈവത്തിൽ നിന്ന് അധികാരം ലഭിക്കണം. പശുക്കൾ ഉൾപ്പെടെയുള്ള ജീവികളെയും, ജീവികൾ ഉൾപ്പെട്ട മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണ്; മനുഷ്യരല്ല; യാതൊന്നും സൃഷ്ടിക്കാൻ മനുഷ്യർക്ക് കഴിവുമില്ല; അങ്ങനെയിരിക്കെ പശുക്കളെയും കാളകളെയും ഒക്കെ വളർത്താൻ മനുഷ്യന് എന്ത് അധികാരം തുടങ്ങിയ ചോദ്യങ്ങളിലൂടെ ദൈവം മനുഷ്യരെ ഒട്ടും തന്നെ വേദനിപ്പിക്കുന്നില്ലാ എന്നതിനെ ദൈവത്തിന്റെ മഹാസ്നേഹത്തിന്റെയും മഹാവാത്സല്യത്തിന്റെയും ഭാഗമായി കാണണം.**

പുലിക്കും സിംഹത്തിനുമൊക്കെ പാൽ ഉണ്ടെന്നിരിക്കെ, അവയെ വളർത്താൻ തയ്യാറാവാതെ സാധുവായ പശുവിനെ വളർത്തുകയും ആവശ്യങ്ങളെയെല്ലാം നേടിയശേഷം അധമന്യായം പറയുകയും ചെയ്യുന്നത് ധർമ്മശാസ്ത്രപരമല്ല.

പശുവിനെയും കാളയെയും ശാസ്ത്രങ്ങൾ പ്രകാരം സംരക്ഷിച്ചുകൊണ്ട് അവ നൽകുന്ന ഉല്പന്നങ്ങളെ ആസ്വദിക്കുവാൻ മനുഷ്യരെ ധർമ്മശാസ്ത്രം/ ദൈവം അനുവദിക്കുന്നുണ്ട്. സംരക്ഷിക്കുക എന്നത് അല്പം ഭക്ഷണം കൊടുക്കുന്നതിലും, എന്തെങ്കിലും ചില പാർപ്പിടം കൊടുക്കുന്നതിലും ഒതുങ്ങരുത്.

പശുവിനെ കറന്ന് പാൽ എടുക്കുന്നത് പുരുഷനായിക്കൂടാ. സ്ത്രീകൾ തന്നെ ചെയ്യണം. (തന്റെ അമ്മയും അച്ഛനും അപ്പച്ചിയും പെങ്ങളും അമ്മൂമ്മയും അപ്പൂപ്പനും താനും ഒക്കെ മരിച്ച് പശുവായും കാളയായും പുനർജ്ജനിച്ചുവരുന്ന കാലമുണ്ട് എന്നതും പ്രസ്തുത ജന്മത്തിൽ ഇടയ്ക്ക് മുജ്ജന്മ ഓർമ്മകൾ ലഭിക്കുമെന്നതും മനുഷ്യർ ഭാവന ചെയ്യുമ്പോൾ അനവധി കാര്യങ്ങളെ പറയാതെ സ്വയം ബോദ്ധ്യപ്പെടുന്നതാണ്.).

പശു : സ്ഥിതി ശ്രേഷ്ഠത

മനുഷ്യസ്ത്രീയുടെ പാൽ കറന്നെടുക്കുവാൻ യന്ത്രം ഉപയോഗിക്കുന്നുവെങ്കിൽ മാത്രം, അങ്ങനെ യന്ത്രം ഉപയോഗിക്കുന്ന ദിവസങ്ങളിൽ, പശുവിന്റെ പാൽ കറന്നെടുക്കുവാനും യന്ത്രം ഉപയോഗിക്കാം. അതുപോലെ, ബുദ്ധിശക്തിയും കർമ്മശേഷിയും ഒക്കെ വർദ്ധിച്ചുള്ള കുഞ്ഞുങ്ങളെ ലഭിക്കുവാൻ അന്യപുരുഷന്മാരുടെ ബീജം ഭാര്യയിൽ നിക്ഷേപിച്ച് കുഞ്ഞിനെ സൃഷ്ടിക്കാൻ തയ്യാറാവുന്ന പുരുഷനും, അതുശരിവെയ്ക്കുന്ന സ്ത്രീയും, ലൈംഗികബന്ധങ്ങളിൽ ഏർപ്പെടാതിരിക്കുക കൂടി ചെയ്യുന്നുവെങ്കിൽ, പ്രസ്തുത മനുഷ്യദമ്പതികൾക്കു മാത്രം, പശുവും കാളയും ഇണചേരുന്ന പ്രകൃതി (ദൈവ) നിയമത്തെ ധിക്കരിക്കണമെന്നും കാളയുടെ ബീജം കൃത്രിമമായി പശുവിൽ ചേർക്കണമെന്നും വാദിക്കാനുള്ള അവകാശമുണ്ട്; തീരുമാനിക്കാനുള്ള അവകാശം അവയെ സൃഷ്ടിച്ച ദൈവത്തിനു മാത്രമാണ് എപ്പോഴും ഉള്ളത്.

പശുവിനെയും കാളയെയും സംരക്ഷിക്കാത്തവർക്ക് അവയിൽ നിന്നുള്ള ഉല്പന്നങ്ങളെ ആസ്വദിക്കുവാൻ യോഗ്യതയില്ല; എല്ലാ ജീവികളുടെയും യഥാർത്ഥ ഉടമയായ ഭൂമിയുടെ പ്രസ്തുത കല്പനയും മണ്ണിലുണ്ട്; വിശകലനം ചെയ്താൽ ബോദ്ധ്യപ്പെടുന്നതാണ്. പശുവിനെയും കാളയെയും വിൽക്കാനോ വാങ്ങാനോ പാടില്ല; ദാനമായി നൽകുകയും ദാനമായി സ്വീകരിക്കുകയും ചെയ്യാം തുടങ്ങിയ കാര്യങ്ങളുമുണ്ട്.

മുൻ സൃഷ്ടിചക്രങ്ങളുമായി ബന്ധമുള്ള ശക്തി-ശിവ-പുരാണങ്ങളിൽ ഗോമാതാവ്, പശുപതി എന്നിങ്ങനെ പേരുകളുള്ളതും, ശിവ-ഭൂതഗണങ്ങൾക്ക് തലയിൽ കാള-ക്കൊമ്പ് ഉള്ളതും ശിവ-വാഹനമായി കാളയെ പരാമർശിക്കുന്നതും അതിഗൗരവമായതും ആത്മീയ/നീതി ശാസ്ത്രപരവുമായ കാരണങ്ങളാലാണ്.
പശുവിനെപ്പറ്റിയുള്ള (പശു = പശു + കാള), ശാസ്ത്ര വിശദീകരണങ്ങൾ മനുഷ്യരെ ഞെട്ടിക്കുന്നതാണ് :

ആദ്യ മഹാകാലചക്രത്തിൽ, 1000 കോടി വർഷക്കാലം, ഗോമാതാവായി (പശുവായി) മനുഷ്യരെ സേവിച്ച ശേഷമാണ് മഹാശക്തിയായ ദൈവം/ മഹാദേവി, രണ്ടാമത്തെ മഹാകാലചക്രത്തിൽ മനുഷ്യരൂപത്തെ മഹാസ്വീകരിച്ചിരിക്കുന്നത് എന്നതും, മഹാദാസനായ പരമശിവനെ പശുപതി (പശുവിന്റെ പതി = കാള) ആയി മനുഷ്യരെ സേവിക്കുവാൻ മഹാഅനുഗ്രഹിച്ചശേഷമാണ് മനുഷ്യരൂപം നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്.

പശുവിനെയും കാളയെയും മനുഷ്യരേക്കാൾ ഉന്നതമായ അവസ്ഥയായിട്ടാണ് ദൈവം / ഭൂമി മഹാനിശ്ചിയിച്ചിട്ടുള്ളത് എന്നറിയിക്കുന്നു. പശുവിന്റെ ചാണകത്തിൽ നിന്നാണ് ആപ്പിൾ എന്ന പഴത്തെ ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ഗോമൂത്രത്തിൽ നിന്ന് ഓറഞ്ചും. (മനുഷ്യരുടെ മലത്തിൽ നിന്നാണ് ചന്ദനത്തെ സൃഷ്ടിക്കുന്നത്; മൂത്രത്തിൽ നിന്ന് നാരങ്ങാ നീരും.).

മനുഷ്യർ സ്വീകരിക്കേണ്ടതായുള്ള പശുജന്മത്തെ മനുഷ്യർ ഇഷ്ടപ്പെടുന്നതിന്നായും, ഏകദൈവമായ മഹാദേവി സ്വയം ഗോമാതാവായിട്ട് മഹാസേവനം ചെയ്യുന്നതിനെ അറിയിക്കാനായും, പശുവിന്റെ ഔന്നത്യം മനുഷ്യരെ സുവ്യക്തമായി ബോദ്ധ്യപ്പെടുത്താനായും, മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായിട്ട് മനുഷ്യരൂപം സ്വീകരിക്കുമ്പോൾ, തനിക്ക് മഹാനിശ്ചയിച്ചിട്ടുള്ള നാമത്തിൽ പശു എന്ന പദത്തെ ചേർത്തിട്ടുണ്ട്. കാളി എന്ന പദത്തിന്റെ പ്രഥമവും പ്രധാനവുമായ അർത്ഥം പശു എന്നാണ്. സ്ത്രീ എന്ന അർത്ഥം രണ്ടാമത്തേതു മാത്രമാണ്. കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം (പുല്ലിംഗം) രൂപപ്പെടുന്നത്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായ മഹാദേവി മഹാസ്വീകരിച്ചിട്ടുള്ള പേര് ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്നാണ്. ദൈവത്തിന്റെ മഹാനാമത്തിലെ മുഖ്യഭാഗമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന ഭദ്രകാളി -യിലാണ് പശു എന്ന അർത്ഥമുള്ള മഹാശബ്ദമായ കാളി ചേർത്തിട്ടുള്ളത്. അതായത് മഹാപ്രപഞ്ചത്തെ അഥവാ സർവ്വത്തെയും മഹാഭദ്രപ്പെടുത്തിയിക്കുന്ന സ്ത്രീ (കാളി) എന്ന അർത്ഥത്തോടൊപ്പം, മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്ന മഹാ-ഗോമാതാവ് അഥവാ പശു എന്ന മഹാ-അർത്ഥവും, ഭദ്രകാളി എന്ന മഹാശബ്ദത്തിനുണ്ട്.

മഹാഭദ്രകാളിയായ മഹാഗോമാതാവിന്റെ പക്കൽ ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചം മഹാഭദ്രമായിരുന്നു; മഹാപ്രപഞ്ചത്തെ എപ്പോഴും ഭദ്രമാക്കുവാൻ കഴിവുള്ളത് മഹാഭദ്രകാളിക്കു മാത്രമാണ്. രണ്ടാമത്തെ മഹാകാലചക്രം മുതൽ മഹാഗോമാതാവ് എന്ന ദിവ്യ രൂപത്തിനു പുറമെ, മഹാദിവ്യമനുഷ്യസ്ത്രീരൂപം കൂടി സ്വീകരിച്ച് കുഞ്ഞുങ്ങളെ കൂടുതൽ സന്തോഷിപ്പിക്കാൻ മഹാഭദ്രകാളിയായ മഹാദേവി ശ്രദ്ധിക്കുന്നു. അപ്പോഴും എപ്പോഴും മഹാപ്രപഞ്ചം മഹാഭദ്രകാളിയുടെ പക്കൽ മഹാഭദ്രം.

പശുപതിയായ പരമശിവന്റെ എല്ലാമെല്ലാം പശുവായ മഹാശക്തിയാണ്. ഓക്സിന്റെ എല്ലാം എല്ലാം, ഓക്സിന്റെയും (ox) ജീവൻ/ ശക്തി എന്നിങ്ങനെയുള്ള മഹാ-വിശേഷണങ്ങൾ കൊണ്ടാണ് ദൈവത്തിന്റെ വാതകരൂപത്തിന് ഓക്സിജൻ എന്ന പേര് ദൈവമിട്ടത്. മനുഷ്യർ ഏതൊന്നിനു പേരിടുമ്പോഴും ഓക്സിജൻ നിയന്ത്രിക്കുന്നുണ്ട്. 'പേരുകൾ ഇടുന്നത് എങ്ങനെ, ആര് ?' എന്ന അദ്ധ്യായത്തിൽ വിശദീകരണമുണ്ട്. O എന്ന ഇംഗ്ലീഷ് അക്ഷരത്തിൽ നിന്ന് OM (ഓം) എന്ന അക്ഷര-ബ്രഹ്മം ഉണ്ടാകുന്നത് എങ്ങനെയെന്ന് സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

പശുവിനെയും കാളയെയും നിയന്ത്രിക്കുവാൻ, ബ്രഹ്മവൃക്ഷമെന്നു വിശേഷണമുള്ള തെങ്ങിലെ തേങ്ങയുടെ ചകിരി പിരിച്ചുണ്ടാക്കിയ കയർ മനുഷ്യർ ഉപയോഗിക്കുന്നു. പശുവിന്റെയും കാളയുടെയും സ്വാതന്ത്ര്യത്തിനു മേൽ മനുഷ്യൻ ചില കടിഞ്ഞാണുകൾ /കയർ ഇടുന്നത് അവയെ സംരക്ഷിക്കാൻ കൂടിയാണ്. ഉടമയുടെ ഇഷ്ടങ്ങൾക്കൊത്തും വളരെ ചിട്ടയോടെയും കഴിയുന്ന പശുവിനോ കാളയ്ക്കോ കയറിടുന്നത് നല്ല ഉടമയ്ക്ക് ഇഷ്ടമല്ല; ആവശ്യവുമല്ല. ധർമ്മശാസ്ത്രപരമായി മാത്രം അഥവാ ദൈവത്തിന്റെ ഇഷ്ടങ്ങൾക്കൊത്തു മാത്രം ജീവിക്കുന്ന മനുഷ്യരുടെ മേൽ ദൈവം നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമില്ല, ഏർപ്പെടുത്തുന്നില്ല. പശുവിനും കാളയ്ക്കും നീ കയറിടുന്നതുപോലെ, ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പായിട്ട് നീ പശു/കാള-ജന്മങ്ങൾ എടുക്കുമ്പോൾ, "മനുഷ്യാ നിന്റെ കഴുത്തിലും കയർ വീഴും" എന്നത് മനുഷ്യരെ ബോദ്ധ്യപ്പെടുത്താനുള്ള മഹാശാസ്ത്രസംവിധാനമാണ് 'പൂണൂൽ' എന്നറിയപ്പെടുന്ന ചൂണ്ടുപലക. ഇന്ത്യയിൽ അർത്ഥമറിയാതെ 'വിസ്ഥിനൂലായി' ഇന്ന് അനേകർ ഉപയോഗിക്കുന്നുവെങ്കിലും മനുഷ്യന്റെ പശു/കാള ജന്മങ്ങളെപ്പറ്റിയുള്ള ഗൗരവമായ സൂചനയാണത്. അതോർമ്മിപ്പിക്കുവാൻ ദൈവാരാധന ചെയ്യുമ്പോഴും ആത്മീയശാസ്ത്ര വിഷയങ്ങളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, ദൈവ-ആരാധനയ്ക്ക് ദൈവത്തിൽ നിന്ന് നേരിട്ട് യോഗ്യത നേടിയ ശേഷവും, 'പൂണൂൽ' ധരിക്കുന്നതു നല്ലതാണ്.

ദൈവം 'മായ' പ്രത്യക്ഷമാക്കിയ ശേഷം, പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ, ഓരോ മനുഷ്യനും 100 ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷജന്മത്തിൽ, 50 വയസ്സോടടുത്ത്, മഹാശാസ്ത്രം ലഭ്യമാക്കിയ ശേഷം മാത്രമേ, ദൈവാരാധന ചെയ്യാൻ മനുഷ്യർ യോഗ്യത നേടുകയുള്ളൂ. മാത്രമല്ല; 'പൂണൂൽ' സ്ഥിരമായി ധരിക്കാനുള്ള ദൈവീക-അവകാശവും അധികാരവും ലഭിക്കുന്നത് അപ്പോഴാണ്. പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലത്തും, ശേഷമുള്ള ജന്മങ്ങളിൽ ദൈവ ദർശനം ലഭിക്കുമ്പോൾ മുതലുമാണ് ദൈവം അനുഗ്രഹിക്കട്ടെ തുടങ്ങിയ ആശംസകൾ നേരാൻ അവകാശവും അധികാരവും ഓരോ മനുഷ്യനും ലഭ്യമാവുന്നത്. ഭരണാധികാരികൾ ഉൾപ്പെടെ ഭൂമിയിലെങ്ങുമുള്ള യാതൊരാൾക്കും നിലവിൽ 'ആശംസകളെ നേരാൻ യോഗ്യതയില്ല'. ആശംസകളെ ലഭിക്കുന്ന വ്യക്തിക്ക് പ്രയോജനം ഉണ്ടായാൽ മാത്രമേ ആശംസയ്ക്ക് എന്തെങ്കിലും അർത്ഥമുള്ളൂ. അധമമായ രീതികളെ പിൻപറ്റി ആശംസകൾ നടത്തുന്നവർ അജ്ഞാനം കൊണ്ടായാലും, അഹംഭാവം, ദുർവ്യയം എന്നിവ ചേരുകയാൽ, വ്യത്യസ്ത അളവിൽ പാപം സമ്പാദിക്കുന്നുണ്ട്.

ആത്മാർത്ഥമായി ആശംസിക്കുന്നവർക്ക് ദീർഘകാലം കൊണ്ടും അനേകം ജന്മങ്ങൾകൊണ്ടും നേടിയ പുണ്യത്തിൽ ശോഷണം ഉണ്ടാകുന്നതാണ്. പുണ്യം (ഉചിതമായത്) നൽകാൻ എല്ലാവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിയും മഹാശക്തിയുമായ ദൈവം ഉണ്ട്. അദ്ധ്വാനിച്ചു മാത്രം നേടുന്ന പുണ്യത്തെ, അറിഞ്ഞും അറിയാതെയും അർഹിക്കാത്തവർ ഉൾപ്പെട്ട ജനങ്ങൾക്ക് ആശംസകളിലൂടെ നഷ്ടപ്പെടുത്തുന്നവർ ആവശ്യമില്ലാത്ത അബദ്ധമാണ് ചെയ്യുന്നത്. വേഷംകെട്ടലുകൾ നാടകത്തിൽ മതി, ജീവിതത്തിൽ വേണ്ട; ശാസ്ത്രത്തിൽ വേണ്ട; ദൈവത്തോടു വേണ്ട.

ദുർദ്ദേവതകളായി അധഃപതിച്ച ദേവതകളുടെ സങ്കല്പ-ചിത്രങ്ങളും വീഡിയോ ക്ലിപ്പുകളും പ്രതിമകളും 'തെറ്റുകൾ ഏറെയുള്ള സന്ദേശങ്ങളും' പ്രചരിപ്പിക്കുവാൻ മതജാതിരാഷ്ട്രീയ ജീവികളായ അവിവേകികൾ പ്രവർത്തിക്കുന്നത്, മേല്പടി (ദുർ)ദേവതകളെ സദാ കാണുകയും അറിയുകയും ചെയ്യുന്ന സുഹൃത്തുക്കളെ പ്പോലെയാണ്. ദൈവശിക്ഷ പിടിച്ചുവാങ്ങാതിരിക്കുന്നത് നല്ലതാണ്.

ആട്, കോഴി തുടങ്ങിയ ജീവികളെപ്പറ്റി പറയുമ്പോൾ, വീടുകളിൽ വളർത്തുന്നവയ്ക്ക് തങ്ങളുടെ കുട്ടികൾക്ക് നൽകുമ്പോലെ സ്നേഹപരിലാളനങ്ങൾ നൽകണം, സ്നേഹിച്ച് ജീവികളെ വളർത്തുന്നത് കൊല്ലാനും തിന്നാനും ആകാമോ, പാടില്ല. കുന്നുകളിലും മലകളിലും കാടുകളിലും വളരേണ്ടവയ്ക്ക് ആവിധ സൗകര്യങ്ങൾ നൽകാതെ അവയെ വീടുകളിൽ മാത്രമായി വളർത്തിക്കൂടാ. അവയുടെ ആദിസൃഷ്ടിക്ക് പൈശാചിക-ന്യൂനശക്തികളുടെ പ്രവർത്തനവുമായി ബന്ധമുണ്ട്. ദൈവം 'മായ' പ്രത്യക്ഷമാക്കിയശേഷം അനേകം ജീവികളെ പിൻവലിക്കുന്നതാണ്. ജലത്തിലെ ഓക്സിജൻ ആണ് മത്സ്യത്തെ ഭരിക്കുന്നത്, ആകയാൽ മത്സ്യത്തെ കരയിലേയ്ക്ക് മനുഷ്യൻ പ്രവേശിപ്പിക്കുമ്പോൾ അവ വേദനയില്ലാതെ മരിക്കുന്നതാണ്. മനുഷ്യൻ കൊന്നതായി പറയാനാവില്ല. മത്സ്യ ഭക്ഷണം, സസ്യഭക്ഷണത്തേക്കാൾ ശ്രേഷ്ഠമാണ്.

പശു : സംഹാര ശ്രേഷ്ഠത

ഓരോ മനഷ്യനും 100 ജന്മങ്ങളെയും, അവസാന ജന്മത്തിലോ ശേഷമോ ഒരു പശു / കാള ജന്മത്തെയും അനുഗ്രഹിച്ചു നൽകുന്നത് എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദങ്ങളെയും സമനീതിയെയും ലഭിക്കുന്നത് ഉറപ്പാക്കാനാണ്. അവസാന ജന്മത്തിൽ ഉന്നതരും ഒരുപക്ഷേ ഉറ്റവരുമായിരുന്നവരുടെ തൊഴുത്തിൽ പശുവായോ കാളയായോ എത്തിപ്പെടാനും വളരെ നല്ല പരിചരണങ്ങളെ ആസ്വദിക്കുവാനും കഴിയുന്നതാണ്. മാത്രമല്ല, മുജ്ജന്മ ഓർമ്മകളോടെ ചുറ്റുമുള്ള മനുഷ്യരുടെ ജീവിതകാര്യങ്ങളെ കാണാനും വിശകലനം ചെയ്യാനും കഴിയുന്നതും കൂടുതൽ ക്ഷമാശീലരാകാനും സാധിക്കുന്നു. പ്രസ്തുത അവസ്ഥയിൽ 'മോക്ഷം' എന്ന ആത്മീയസാക്ഷാത്ക്കാരം നേടുന്നതും വലിയ സൗഭാഗ്യമാണ്. പരമാനന്ദകരമായ അനുഭവങ്ങളാണ് ഉണ്ടാവുക. എന്നാൽ **ഓരോ മനുഷ്യനും പശു-കാള ജന്മങ്ങൾ തീർച്ചയാണെന്നറിയുമ്പോൾ ജനങ്ങളെല്ലാം ഏതാനും ജന്മങ്ങളിൽ ഭയക്കുന്നതാണ്; ശുദ്ധീകരണത്തിന് ഭയം നല്ലതാണ്; ഏതാനും ജന്മങ്ങളിലെ ശുദ്ധീകരണം കൊണ്ട് വിഷയസംബന്ധമായ ഭയം ഓരോരുത്തർക്കും ഇല്ലാതെവരുന്നു. അതായത് വിഷയത്തിലെ ഭയവും, ജന്മങ്ങളിലെ ശുദ്ധീകരണം കൊണ്ട് നേടുന്ന ഭയമില്ലായ്മയും ജനസമൂഹത്തെ ശുദ്ധിചെയ്യുന്നതാണ്.**

രക്ഷിക്കുക എന്നതിന്റെ അർത്ഥം അറിയാതെ, പശുവിനെ രക്ഷിക്കാനെന്ന പേരിൽ ചുറ്റുമുള്ള മനുഷ്യരെ ശിക്ഷിക്കാനും കൊല്ലാനും നടക്കുന്ന സമൂഹ-ഭരണാധികാരികൾ ഉൾപ്പെടെയുള്ള പാപികൾ വളരെ ശ്രദ്ധിക്കുക. മഹാനീതിയായ ദൈവം എല്ലാ മനുഷ്യർക്കും നൂറാമത്തെ ജന്മമായിട്ട് പശുവായി അഥവാ കാളയായി ജനിക്കാനുള്ള അവസരത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് വിഷയ ശുദ്ധീകരണം നടത്തുന്നണ്ട്.

(ഏതെങ്കിലും പ്രദേശത്തെ ജനങ്ങൾ സംഘടിച്ച് കൂട്ടത്തോടെ ഗോവധം ചെയ്ത് സ്ഥിതിപരമായ വിധിയെ അട്ടിമറിക്കാൻ തുനിഞ്ഞാൽ അവസാന ജന്മത്തിൽ എന്നതിനും ജന്മങ്ങളുടെ എണ്ണത്തിനും ജന്മഗുണമായ ജനനസ്ഥലത്തിൽ വർദ്ധിച്ച മാറ്റങ്ങളെ വരുത്തിയും മഹാ-സമതുന്തിലാവസ്ഥ സ്ഥാപിക്കാൻ മഹാനീതിശാസ്ത്ര പ്രകാരം ഏകമഹാശക്തിയായ ദൈവത്തിനു സാധിക്കുന്നതാണ്.).

ദൈവം ഭൂമിയിൽ 'മായ' പ്രത്യക്ഷമാക്കുന്നതോടെ, മഹാശാസ്ത്രകാര്യങ്ങൾ സുവ്യക്തമായി സമൂഹത്തിൽ പ്രചരിക്കുന്നതും ജനങ്ങളെല്ലാം സ്വയം ഗോവധത്തിൽ നിന്ന് പിന്മാറുന്നതുമാണ്. ഗോസംരക്ഷകർ ആവാനുള്ള തത്രപ്പാടാണ് പിന്നെക്കാണുക. ഗോവധ നിരോധനം മാനുഷിക നിയമത്തിലൂടെ നടപ്പാക്കേണ്ടതായ ഒന്നല്ല എന്നുമർത്ഥം. ഗോസംരക്ഷണം ഉൾപ്പെടെയുള്ള സർവ്വ നിയമങ്ങളും മണ്ണിലുണ്ട്. ഗോവധ നിരോധനത്തിനായി മാനുഷിക- നിയമങ്ങളെ ഉണ്ടാക്കുന്നവരും, ഗോവധ നിരോധനത്തിനായി എന്തെങ്കിലും അക്രമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരും വലിയ പാപികളുടെ പട്ടികയിൽ പെടുന്നതാണ്. മണ്ണിലുള്ള മഹാശാസ്ത്രം മനസ്സിലാക്കി തങ്ങൾക്കുവേണ്ടി ഓരോ വ്യക്തിയും ജീവിതക്രമങ്ങളെ ചിട്ടപ്പെടുത്തുകയേ വേണ്ടൂ. ഗോസംരക്ഷണം ഉൾപ്പെടെ യാതൊരു വിഷയങ്ങളിലും, ദൈവത്തിന്റെ സൃഷ്ടി മാത്രമായ യാതൊരാളും ദൈവത്തിനു വേണ്ടി യാതൊന്നും യാതൊരിക്കലും പ്രവർത്തിക്കേണ്ടതില്ല.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ തനിച്ചു നിർവ്വഹിക്കുന്ന മഹാശക്തിയായ ദൈവം നൽകിയാൽ മാത്രമേ മനുഷ്യന് അനങ്ങാൻ പോലും ശക്തി ലഭിക്കൂ എന്നിരിക്കെ യാതൊരു മനുഷ്യരുടെയും സഹായങ്ങൾ ദൈവത്തിന് ഒട്ടും ആവശ്യമില്ല തന്നെ. മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങൾ മഹാപ്രപഞ്ചത്തിന് ചേരുന്നതുമല്ല.

മതങ്ങളിലെയും രാഷ്ട്രീയങ്ങളിലെയും പ്രമാണിമാർക്ക്, ദൈവത്തിന്റെ മഹാദാസനും പ്രപഞ്ച പിതാവും, ഏകപ്രതിനിധിയുമായ പരമശിവനിലൂടെ, ദൈവം നൽകുന്ന താക്കീതായി മേൽവാക്യങ്ങളെ കണക്കാക്കുക. എല്ലാം ദൈവം തനിച്ചു ചെയ്യുന്നു. മഹാശാസ്ത്രകാര്യങ്ങൾ അറിയിക്കാനായും മനുഷ്യരെ സഹായിക്കാനുമായി ദൈവം മഹാദാസനായി തന്റെ തന്നെ ഒരു ഭാഗത്തെയാണ് പരമശിവൻ എന്ന പേരിൽ സൃഷ്ടിച്ചിട്ടുള്ളത്, അപ്പോഴും ഏകമഹാശക്തിയായ ദൈവത്തിന് മനുഷ്യർ ഉൾപ്പെടെ യാതൊരു സൃഷ്ടികളുടെയും സഹായങ്ങൾ യാതൊരു കാര്യത്തിനും ആവശ്യമില്ല എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളുക.

ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെടുന്നതോടെ പശു-കാള ജന്മങ്ങൾ അടുത്ത സൃഷ്ടിചക്രത്തിൽ ജീവിക്കുന്നവരെ ഓർമ്മപ്പെടുത്താനായും കൂടി തയ്യാറാക്കപ്പെട്ടതാണ് കാളകെട്ടിന്റെ മൂലരൂപം എന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു.

പശു പാഠം 2-ന്റെ ഭാഗമായി കരുതാവുന്ന ഇംഗ്ലീഷ് ഭാഷയിലുള്ള വിശദീകരണമുണ്ട്. അനവധി വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയതാണ്; എങ്കിലും കൂടുതൽ ആഴമുള്ള വസ്തുതകളെ ലളിതമായി ചേർത്തിട്ടുണ്ട്.

What are the Special Features in creating Cow & Ox as per Physical Science & Spiritual Science.

This Portion details the Dignifying Features in the Creation of Cow & Ox, based on Physical Science (Bhouthika Shastram).

MahaaShakthi has taken special care in the creation of the (Divine) Cows & Oxen that they are dependent even to their parents very little. At the delivery time itself the calves get power to walk, run and jump; and eat grass.
This feature is to be compared with the human babies who cannot move their body a little for many weeks; cannot sit for many months; cannot stand and walk for many months; and who need support for many years!

Cow & Ox are a super stage of Human beings. It is proved herein below as per Logical Science. (Revelation not yet received regarding Buffalo, Camel, etc.).
A few may have a question based on Non-believing Re-incarnation Theory.
It is proved according to Logical Science which is the Link-Science of all Branches of Science. Further the Scientific Proofs about Oxygen, Hydrogen, Rare Gases, Sound, Love, etc. given in Part 3 of this Web site support the Re-incarnation Theory. To the still non-believers, they will repent and accept because the Opening of Maya will occur soon.

It is scientifically explained in Part 4 how FISH becomes the First Creature. Fish evolves to Plant, then to Bird, then to Animal and then to Man. In the Human stage there are 100 births,
50 as Men and 50 as Women. And all people get equal opportunities to avail Equal Justice in Beauty, Job, Hobby, etc. etc. during the course of those 100 births. The importance of the number 100 in human life is not co-incidental;it is so set by GOD.
Man evolves to the Godly/Supreme Pleasure Status of Brahmanandam at the completion of 100 human-births..
This **Portion details the Dignifying Features in the Creation of Cow & Ox, based on Spiritual Science (Science of Justice).**
It is established and/or proved that the next evolution of Man is the Godly Status of Brahmanandam. GOD needs to take care that the above situation should not be misused by Man to kill and/or destroy other Creatures as he has already passed through those stages. The Energy Law that every Creature is to depend upon other Creatures for Food is to be respected, and such respect should not lose its virtues as to develop into the destruction of any group of Creatures. The Human Beings need to be properly controlled and further given more chances to attain super-maturity lessons.
And it is established by GOD that during his life in human-forms,
Man has to take one-birth as Cow or Ox; rarely 2 births.
Mostly it is the Final Birth, i.e. the 99th and/or 100th birth.
However GOD do not fix it to uplift the Vedas.

The above situation makes Man fear sufficiently as to refrain from unnecessarily killing and/or torturing other creatures.
It can be understood from the separate page detailing 'Scientific Worship', that the situation progresses and people may thirst for both Cow & Ox births to be awarded as their 99th & 100th births respectively. The Free Will as per Protective Fate tends a few people very rarely to avail a 101th birth as part of punishment. The details of Protective Fate are available above.

Though the Living (Food) Energy Law for all Living Creatures are set by GOD as All Creatures depend on Each Other for Food and Enjoyments, it is established that such dependence are for beautifying this Universe, and it should create only LOVE and Not brutal thoughts/words/deeds. The knowledge of **1** or **2** Births as **Cow** and/or **Ox** during his **100 Human Births** settles the issue.

The Next Chapter is the continuation of the Dignifying Features in the Creation of Cow & Ox according to the Science of Duties & Virtues (Dharma Shastram).

What are the Special Features in creating Cow & Ox as per the Science of Duties & Virtues (Dharma Shastram) ?

This Portion details the Dignifying Features in the Creation of Cow & Ox, based on the Science of Duties & Virtues (Dharma Shastram). Cow & Ox are a Super stage of Human beings. It is proved herein below as per the Science of Duties & Virtues which contains Logical Science too. The Supreme Justice, the Supreme Mother of the Universe awards Status or Position to any/all Creature in the Universe. Man is only a blessed pleasure-eater as well as witness-cum-victim like other Creatures. Human beings are at free to assume self that they are Superior to all Creatures. But it is of no use and/or substance before Truth. The Truth is known only to the Creator. The Creator explains all Truths scientifically. Those Truths are same as the MahaaVedam (the Supreme Science).

There are mainly 3 Super-Maturity Lessons.

The First lesson is connected with Srushti (Creation).

It is the Creational Excellence of GOD that Every Creature is basically living for itself. The human beings live (also) for themselves. As was explained about Brahmam, GOD alone lives for the Universe including the Creatures, created by GOD. GOD is Not a Creature, but apparently lives for Creatures, it is the GODLY Loving Style. As was detailed before, the Cow and Ox live for themselves, **but more for human beings.** This is an adaptation of Godly Loving style which is possible to a Creature, Superior to Man. A close look will make man find this true. Many people say that COW see or get information about climatic changes, the smell of divine or devil souls, etc. Since cow/bull is a super-stage of Man during the Course of his 100-human births, it is more divine and knows more. At times, it gets past -memories of (its) human births too. This would make them more silent, obedient & adjustable to human behaviors even when they are tortured brutally. The periodical recollections (of their human memories) of their own torturing animals during their human-births make them more good / reasonable. It is the animal which lives mainly on grass, not (needed to be) cultivated by man. It exhibits the Supreme Qualities of GOD, Truth, Duties & Virtues, and Justice, than that of Man. It is a Creature totally Ready for Sacrifice or with no other go except to allow being killed (like the Human forms /Divine Personalities created by GOD). It is another main reason why the Popular Men of Sacrifice, namely Christ, Budha, Gandhiji etc. and Men of Duplicity such as Krishna, knowingly or unknowingly place more divinity (attached) to Cow/Ox. The very silent animal obeys and/or serves Man to the extreme, perhaps more than human beings.

Think of the life-situation of Human beings if there are no Cows/Oxen.

The Second lesson is connected with Sthithi (Preservation).

It makes man who are to evolve to Godly Status of Pleasures, love all creatures. The Cow/Ox is selected/created as the Animal to enlighten Man. Man should learn the lessons /the glory of Sacrifice from COW and OX. He should learn the generally silent life-style of Cow/Ox. He should be qualified for the Final Super Evolution.

The Third lesson is connected with Samharam (Destruction/Preservation).
Man should think whether his today's (old) parents and, tomorrow's old he be looked after during their ill-health (old age), or avoided (or killed)!. The Supreme Stage of LOVE is allowed to be examined through Cow. MAN faces many tests here - whether to kill the Cows who can be physically said as lived more for human beings. Those tests are very important as his next stage (of evolution) is Godly, and one reaching the Godly Status must be most compassionate to all Creatures.

Periodical Decaying of Scientific Facts

The style of living in the two parts of Creation Cycle make differences.

As per the remains of the Past Creation Cycles, a few Hindus try to stop killing Cows and Oxen. To remind the Cow/Ox birth; and to respect the high values, people conducted Cow & Ox -Idol worship during Celebrations in Temples, etc. Still continuing. But the real reasons missed.

The Arabians were also worshipping cow-idols before Islam. It was also in connection with the Remains of the Past Creation Cycle. It is natural that the reasons get missed in the long run and people with outer thoughts argue unnecessarily and make matters worse. After the Opening of Maya, in every Creation Cycle, the Arabians also start making idols to remind people about the Cow/Ox birth. Another guy self-naming, and/or mishandled by followers may demolish such idols in the Next Creation Cycle!

Those idols were / are NOT for worshipping ;
but to remind people of the different lessons in MahaaVedam (the Supreme Science).
Since the Opening of Maya will occur soon, please refrain from vague talks /discussions on the subject.

Cow / Ox thread worn by Human beings

In every Creation Cycle, after the Opening of Maya, serious measures get established for highlighting the Cow/Ox birth. While teaching & learning such lessons in Divine Science (Theology), Teachers as well as Students are to wear a thread connecting his neck and hands. The People cleaning the Shakthi Lingham at the Worship Centre with Water only, as part of Scientific Worship detailed in Part 3, are also to wear the Divine Thread at the Worship Centres to remind the common people. This thread represents the rope we place on Cows / Ox ; it is a common thread, and not to be worn as a ritual.
Those who wear the Divine Thread shall care the Cow & Oxen Divinely.
O, man, the rope you use to tie up the Cows/Bulls will fall on you as well, take care!
This message is conveyed by the use of the Divine Thread. However, a section of today's people called / known as Brahmins etc wear a thread making it a foolish-thread not knowing the Divine Meanings.

The word 'Brahmin' is related with 'Brahmam' and not to be connected with human nonsense. All human beings avail minimum one birth to learn MahaaVedam and live according to the Supreme Science of Duties & Virtues. Hence no need to worry over a certain mistakes / errors practised as part of an erred system. Perhaps the pre-births of many people considered presently as high-castes and/or low-castes are (severely) responsible for the continuation of many religious / caste nonsense & wrongs. Pray to the Single GOD for pardon for any /all knowingly and/or unknowingly done errors should be the scientific approach. Not to make vague talks. GOD is Love.

The Cow Birth is usually just before the Final Evolution to Brahmanandam. With regard to the Status of Present & Past Cows before Opening of Maya, the details of Brahmanandam related with Moon & Punishments as part of 1st MahaaKaalaChakram events matter with. And Revelations are yet to to be complete.

MAHAASHAKTHI > COW, PARAMASHIVAN > OX AT THE END OF SAMHARAM IN THE 1ST MAHAAKAALACHAKRAM

The System in the 1st MahaaKaalaChakram is entirely different from that of the 2nd MahaaKaalaChakram. The Supreme Mother of the Universe has availed the form of the Supreme Cow, and the Father ParamaShivan of 'Super Ox' in the 1st MahaaKaalaChakram. As from the present Supreme Creation Cycle, MahaaShakthi is availing the Human Figure as explained in Part 1 of the Web site.
The details of Creation Cycle & MahaaKaalaChakram, etc are available in Part 2.

The following events from the 1st MahaaKaalaChakram will soon be part of Smruthi.
The names SHAKTHI, Shiva, etc. are fully Scientific as explained in Part 3.
The Kingdom of the Shivan in the 1st MahaaKaalaChakram contained
whole Earth (All Creatures on and within Earth & Heaven).
Heaven = the Planet Mercury.
Besides the above, SHIVA kept /cared a large group of Cows & Oxen.
SHIVA did it (1) for Him, (2) for the Public to adapt him as a Living Model,
and (3) for those large group of Cows & Oxen.

The 1st Part 'for Him' gives the Human Beings the Message that He and All Creatures get Equal Justic from the Supreme Justice (MAHAASHAKTHI). He needs to accumulate more and more holiness to become more & more sticking to Duties & Virtues during the progress of Samharam in order that he also not punished and subjected to the Supreme Science of Justice.

The 2nd Part is self-explanatory. The 3rd Part 'for those large group of Cows & Oxen' represented Shiva's Divine Status as he acted as the Supreme Justice
as per the Powers given to him by MAHAASHAKTHI. Further, (1) the Distinguished People who accumulates more holiness were blessed to spend their Final Birth (**99th and/or 100th birth**) together with Shiva. People who earned much holiness during their Birth as Farmers mostly attain such chances. (2) There are Rishis (Saints) who attain the position thru prayers.
Those distinguished people who avail the chances to be with and/or near Shakthi & Shiva were further blessed with their Heads resemble human face with horns.

People were not to abandon their worldly life and try for
Cow/Ox birth with and/or near Shakthi & Shiva.
The Science of Duties & Virtues prevented it.
The Protective Fate & Creational Fate mentioned above,
enables all People to acquire more Holiness as well as Sin. In accordance with it, people will avail Good & Bad experiences in later births too, based upon the Supreme Science of Justice. And in the case of Shakthi & Shiva, they also go through Cow & Ox births respectively at the end of Samharam, but with the exact animal bodies and amidst people. That is why the idols of Cow and/or Ox were erected in many temples. People should not fear the Cow/Ox phenomenon. Believe that GOD do Justice. Cow/Ox birth with or without Shakthi & Shiva should not become an issue before them. When it becomes so, remember the chances of a Sin.

At the end of the Creation Cycle, i.e. after 5000 years from the Opening of Maya, the Samharam (Destruction of the Creation Cycle) completes, and the time reaches for SHAKTHI & SHIVA to merge again into One, as MAHAASHAKTHI
SHAKTHI takes birth as Cow. SHIVA takes birth as Ox.
Cow is called Pashu in the Vedic language Malayalam.
Pathi means Husband. Hence Pashu's Pathi means Cow's Husband = Ox.
Pashupathi means Ox. Shiva receives this name at the end of Creation Cycle.
Cow dies. Ox gets killed. Ox's gene (Soul) is absorbed by Shakthi, Oxygen.
During the next Creation Cycle, the Soul of Shiva begins to avail Human births.

Before the Opening of Maya, after Malsya Avataar & OM-writing phenomenon,
the Scientific Representative of GOD = the SHIVA-Designate swears to MahaaShakthi that he is readyo become (1) Ox and (2) be killed at the end of Creation Cycle Symbolic facts and miracles also take place after the Oath. The Writer = Badsha is pleased to announce in the name of GOD, that he was blessed to take the above oaths and miracles occurred which were not heard or read by him before. Indeed he was astonished with those experiences. The details of the events will be added in this Web site later, if GOD wills. However, it has been understood later, I won't be availing Ox births similar
to 1st MahaaKaalaChakram, and the oaths were part of the Agreement/Contract between Cryst & a worst Devil, detailed above in Malayalam and English languages.

Misuse by Modern Political-cum-Religious Leaders

From the explanations in the above Chapters, it is simple to understand the Dignity of Cow & Ox. They are highly Divine matters, and this Part of the Supreme E-BOOK as well as the Web site is more than enough to dignify the Supreme E-BOOK & the Web site. People should abstain from making vague talks and/or discussions in such highly divine matters. Many Indian Politicians as well as Hindu Religionists, etc. are conducting research 'how more votes can be bagged in the name of Cow !' They convert Divine issues into Evilly issues. Please do not make Cow Slaughter as such. All people shall enjoy Free Will and do not trouble Others' Free Will. Human beings should not be allowed to be slaughtered in the name of (Banning) Cow Slaughter. Understand that GOD knows/plans how to protect Truths. Please learn what is GOD. The Supreme Mother of the Universe creates & protects this Supreme Universe. The Opening of Maya /Divine Revolution will settle all crucial problems on earth.

No religionists / politicians / terrorists can stop Godly Revolution.

The people who make vague talks considering/ pretending themselves (or known as) the leaders of Cows & Oxen and dispute for Banning Cow Slaughter may open their mouth (with wonder) knowing the scientific reasons related to Cow Slaughter.

GOD does not make you as the Leaders of Cows & Oxen.
Try to become very simple and humble human beings who do not harm anybody.
I pray GOD that may the ego in my above words be pardoned.
I pray daily for all Human beings, and all Creatures,
why not you pray & act according to the
Science of Duties & Virtues, which
calls for Non-violence,
Ahimsa & Truth
with Love.

And be informed that in Every Creation Cycle,
Cow /Ox Slaughter will end without any pressure immediately upon the Opening of Maya. Not only that, the Protective Fate will make a faction of people to kill Ox.

A second faction will kill Oxen to express their hatred against Shiva and/or Shakthi. A third faction will become spiritually intoxicated as they know that Shiva will become Ox and get killed. To express their wrong love, they prefer to get killed like Shiva during their Oxen births and they consider the way as killing & eating Cows and Oxen. Indeed it is a evilly act, worse than those who express hatred towards Shiva. Theology is so vast, and people in blessed births only can learn it.

The advice I consider as the best is : Surrender to GOD,
Pray GOD to bless you live as GOD wish them to live;
Stick to Duties & Virtues; Avoid killing and eating Cows & Oxen; don't overact.
May GOD bless all people in the Universe with Truth, Duties & Virtues, and Justice.

As from the Opening of Maya,
the Supreme Creation Cycle begins Active.
Vegetarianism will be established with All Creatures loving each other. As per the Creature System in the Supreme Universe : **Fish - Plant - Bird - Animal - Human,**
FISH is before Plant and Eating FISH is thus with Less Sin compared to Plant, hence Vegetarianism will contain Fish first. FISH will be caught, but they will die so soon without any tilting giving no ill feeling to Human beings (in general).

Should the Government Ban Cow Slaughter ?

Any Government should first learn the Greatness of Cows/Bulls, learn whether Cow Slaughter is to be banned or people need to be enlightened with the true knowledge.

The Supreme Kindness and Love of MahaaShakthi gives Complete Freedom to the Creature to Do or NOT to Do anything; to Use or NOT to Use anything.

THE HUMAN GOVERNMENTS AND JUDICIARIES SHOULD TAKE CARE ALWAYS THAT : THE DIVINE FREEDOM TO DO OR NOT TO DO ANYTHING; AND TO USE OR NOT TO USE ANYTHING; GIVEN TO THE CREATURE BY THE CREATOR NEVER DISTURBED.

If the freedom is disturbed, the Protective Fate described above will lose its Glory and Man will be compelled to become a Slave. Like GOD, man should prefer to become a Slave of Truth, Duties & Virtues, and Justice.

Man will/should refrain from Cow / Ox Slaughter on his own. No Ban. No Law allowed as per MahaaVedam. People and/or Government (s) on any part of the Earth, should not overact in the matter. All People should enjoy Freedom to look after and/or to kill Cows & Oxen. Let all people refrain from killing cows and instead look after on their own.

Punishments from the Supreme Justice, GOD

The Divine Punishments are always with Love.
People presently not eating Meat should not feel better than who eat. As long as they do not know of their pre-births, ego will bring sin. Many People eating flesh now may have crossed many births and nearing their Final Evolution, and superior to many. Indeed, GOD punishes, but it is with Love. For example, all human beings need to avail 1 birth in handicapped status. A person may be handicapped as part of Divine punishment too. The handicap in one person can be thus as part of (1) the 1 general handicapped birth, (2) Divine Punishment, (3) the 1 general handicapped birth associated with Divine Punishment. The situation makes people not to find fault with and/or curse/condemn the handicapped persons: you may also have to undergo handicap during this life or future births, you don't know your handicapped-birth is over or not. Once your Spiritual Eye is Open, You will find Beauty in Handicap too.

ദൈവവും ദൈവരൂപവും	
മഹാഭദ്രകാളി	മഹാ ദിവ്യമനുഷ്യസ്ത്രീ = മഹാദേവി
2	
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി	
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ, 'മനുഷ്യന്റെ രൂപത്തിൽ' ദൈവം മഹാ-അവതരിച്ചിരിക്കുന്നു.

മഹാശക്തി = മഹാദേവൻ = മഹാദേവി.

മഹാശക്തിയും മഹാനീതിയും മഹാദേവനും മഹാദേവിയും മഹായജമാനനും മഹായജമാനയും മഹാപിതാവും മഹാമാതാവുമെല്ലാം ദൈവമായിരിക്കെ, മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് മോക്ഷം / സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ സമീപിച്ചിട്ടുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി ദൈവം മനുഷ്യരൂപത്തെ സ്വീകരിക്കുന്നു.

ദൈവത്തിന് മഹാദേവൻ, മഹാദേവി എന്നീ മഹാനാമങ്ങൾ ഇണങ്ങുന്നത് എങ്ങനെയെന്ന് മുമ്പ് വിശദമാക്കിയതാണ്.

പ്രത്യക്ഷമായ രൂപം സ്വീകരിക്കുമ്പോൾ സ്ത്രീ-പുരുഷ രൂപങ്ങളിൽ ഒരെണ്ണം മാത്രം സ്വീകരിക്കേണ്ടതുണ്ട്. സ്ത്രീ - പുരുഷ രൂപങ്ങളിൽ ഏത് സ്വീകരിക്കുന്നതിനെയാവും മനുഷ്യർ കൂടുതൽ ഇഷ്ടപ്പെടുക ?

വിശകലനം : മഹാപിതാവും മഹാനീതിപതിയുമായ മഹാപുരുഷനെ - മഹാദേവനെ ജനങ്ങളേറെയും തീർച്ചയായും ഭയക്കുന്നതാണ്. മാത്രമല്ല, പുരുഷന് സ്ഥിതിയിലും /ജീവിതത്തിലും, സ്ത്രീക്കു സൃഷ്ടിയിലും, പ്രാമുഖ്യത്തെ നൽകുന്നതായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ പാലിക്കേണ്ടതുണ്ട്.

ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ പ്രസവിച്ച് മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് മഹാകരുതുന്ന മഹാമാതാവായ മഹാദേവിയെ ജനങ്ങളിൽ ഏറെയും തീർച്ചയായും ഇഷ്ടപ്പെടുന്നതാണ്; ഭയക്കുന്നതല്ല.

മഹാനാമം :

' ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി ' എന്നാകുന്നു.

' ഓം ' എന്നാൽ എന്താണെന്ന് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാശക്തി' -യുടെ വിശദീകരണം മുകളിലുണ്ട്. 'മണ്ണടി'ക്ക് വിപുലമായ അർത്ഥങ്ങളുണ്ട്; അല്പമാത്രം കുറിക്കാം : മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വതും; സർവ്വവും വീണ്ടുമടിയുന്നതും മണ്ണിലാണ്. സമുദ്രത്തിന്റെ അടിയിലും മണ്ണ്; ഭൂമി മണ്ണ് അഥവാ ദൈവം തന്നെയാണ്. പരബ്രഹ്മകേന്ദ്രം എന്നോ ബ്രഹ്മകേന്ദ്രം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു മഹാകേന്ദ്രമായ പ്രദേശത്തെ മഹാദൈവ-വിപ്ലവവും സംഹാരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിയിൽ മഹാഒരുക്കിയിട്ടുണ്ട്. ഭൂമി- ഇന്ത്യ- കേരളം- പത്തനംതിട്ട ജില്ലയിലെ അടൂരിൽ നിന്ന് ഏകദേശം 8 കിലോമീറ്റർ റോഡ് ദൂരയാത്ര. മണ്ണടി പുതിയകാവ് മഹാഭദ്രകാളി ക്ഷേത്രമാണ് കേന്ദ്രം. ഭൂമിയിലെ എല്ലാ പ്രദേശങ്ങളും മണ്ണ് അടിഞ്ഞ് ഉണ്ടായതാണെന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമാണ് എന്നതിനാൽ ഭൂമിയിലെ ഏതൊരു പ്രദേശത്തെയും 'മണ്ണടി' എന്ന് വിളിക്കാനാവും.

മഹാഭദ്രകാളി = മഹാഗോമാതാവ് = മഹാദിവ്യമനുഷ്യസ്ത്രീ = മഹാദേവി.

(ദിവ്യ 1: സൃഷ്ടി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 2: സ്ഥിതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 3: സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി). മഹാദേവിക്ക് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായാണ് ബന്ധമെന്നും, യാതൊരു മതങ്ങളുമായും യാതൊരു ബന്ധങ്ങളുമില്ലെന്നും അറിയുക.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

മഹാശാസ്ത്രപരമായ ആരാധനാ വാചകമാണത്.

ആരാധനയുടെയും സ്തുതികളുടെയും ഉദ്ദേശമെന്താണ് ?

ആരാധനകളും സ്തുതികളും ദൈവത്തിനു വേണ്ടിയാണോ അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണോ, അതോ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടിയാണോ എന്നത് ആദ്യം വിശകലനം ചെയ്യണം. ദൈവത്തിനു വേണ്ടിയാണ് എന്നു കരുതിയാൽ, അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണ് ഉദ്ദേശമെങ്കിൽ കുഞ്ഞുങ്ങൾക്ക് തെറ്റിയിരിക്കുന്നു. ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ദൈവം ആധാരമാക്കിയിട്ടുള്ളത് മഹാവാത്സല്യമാണ്. സർവ്വത്തിനും അതീതമായ ദൈവത്തിന്, സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരോടുള്ള മഹാവാത്സല്ല്യത്തെ ദൈവത്തിന്റെ ഏകമഹാആനന്ദമായി മഹാനിശ്ചയിച്ചിട്ടുണ്ട്.

ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്.

ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ യാതൊന്നും ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.

സ്തുതി ഗീതങ്ങളും ആരാധനകളും കൊണ്ട് ആനന്ദിക്കുന്നത് ജീവിയാണ്; സർവ്വത്തിനും അതീതമായ ദൈവത്തിന് യാതൊന്നും വേണ്ട. പ്രീതി, നീതിക്ക് തടസ്സവുമാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ഏക മഹാശക്തിയായ ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് എല്ലാ ആരാധനകളും സ്തുതികളും.

ദൈവത്തിന്, യാതൊരു ആരാധനകളും സ്തുതികളും ആവശ്യവുമില്ല. മനുഷ്യരുടെ സ്തുതിയും ആരാധനയും കൊണ്ട് സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല; നേടുന്നുമില്ല.

ദൈവം നൽകുന്ന ശക്തിയും സൗകര്യങ്ങളും ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുന്ന കോപ്രായങ്ങളും പ്രവൃത്തികളും കണ്ടും കേട്ടും സന്തോഷിക്കുന്ന ഒരു കോമാളി അല്ലാ സർവ്വത്തിനും അതീതമായ മഹാശക്തിയായ ദൈവം.

ദൈവം എന്നാലെന്താണെന്ന് മഹാശാസ്ത്രപരമായിട്ട് മനസ്സിലാക്കാതെയും, **ദൈവത്തിന്റെ നേരിട്ടുള്ള അനുവാദമില്ലാതെയും** ആരാധനകൾ എന്ന പേരിൽ കാട്ടിക്കൂട്ടുന്നത് കോപ്രായങ്ങളാണ്, ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

'ആരാധന, സ്തുതി' തുടങ്ങിയ പേരുകളിൽ ദൈവത്തെ പ്രീതിപ്പെടുത്താമെന്നു കരുതുന്നവർ അജ്ഞാനികളും അധമരും നീചരും ഭീരുക്കളും പാപികളും ഒക്കെയാണ്.

മനുഷ്യരുടെ സന്തോഷത്തിനാണ് ആരാധനയും സ്തുതികളുമെങ്കിൽ, കുഞ്ഞുങ്ങളുടെ ആനന്ദത്തെ ധർമ്മ ശാസ്ത്രപരമായി അനുവദിക്കേണ്ടത് മഹാവാത്സല്യം കൂടിയായ മഹാനീതിയും മഹാമാതാവും മഹാശക്തിയുമായ മഹാദേവിയുടെ ചുമതലയാണ്.

ആരാധനയും, സ്തുതിയും രണ്ടാണ്.

ദൈവഭാഗവും, പ്രപഞ്ച പിതാവും, അർദ്ധമഹാദേവിയുമായ പരമശിവനിലൂടെ, മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി, മനുഷ്യർക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരേയൊരു ജന്മത്തിൽ - മനുഷ്യന്റെ നാവിൽ **ഓം** കുറിച്ച് മഹാശാസ്ത്രത്തെ മുഴുവൻ ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകമായി നേരിട്ട് ലഭ്യമാക്കുകയും, ദൈവം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുകയും, 'ഓരോരുത്തരെയും തന്റെ പൊന്നുമോളും പൊന്നുമോനുമായി മഹാവാത്സല്ല്യത്തോടെ മഹാസംരക്ഷിക്കുന്ന ദൈവമഹത്വം ഓർത്തോർത്ത് മനുഷ്യൻ വിതുമ്പിക്കരയുകയും ചെയ്യുന്ന ഏക ജന്മത്തിൽ - മാത്രമാണ് ' ദൈവത്തെ ആരാധിക്കാൻ മനുഷ്യനെ അനുവദിച്ചിട്ടുള്ളത് ! ദൈവത്തിന്റെ മഹാ-മഹത്വങ്ങളെപ്പറ്റി സുവ്യക്തമായി അറിയണമെങ്കിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നിർബ്ബന്ധമായും മനുഷ്യനു ലഭിക്കണം. പ്രസ്തുത ജന്മത്തിൽ, മനുഷ്യൻ പുരുഷനായിരിക്കും; എന്നതിനു പുറമെ ഏറെക്കുറെ 50 വയസ്സോടടുപ്പിച്ച് ഒരു ശിവരാത്രിയിലാണ് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നൽകുന്നത്. അതായത് ഏതാനും വർഷങ്ങൾ മാത്രവും, ദിവസത്തിൽ ഏറെക്കുറെ 1 മുതൽ 15 മിനുട്ടോളം മാത്രവുമാണ് ആരാധിക്കാൻ അനുവദിച്ചിട്ടുള്ളത്. ആരാധനയുടെ അനാവശ്യകതയെ എടുത്തുകാണിക്കുകയും, ദൈവത്തിന്റെ ആവശ്യമോ ഇഷ്ടമോ അല്ലെന്ന് സുവ്യക്തമാക്കുകയും ചെയ്യുന്ന വസ്തുതയാണത്.

മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി അനുവദിച്ചിട്ടുള്ള ആരാധനയെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും. ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയുമാണ് മഹത്തായ ദൈവാരാധന എന്നത് ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവർക്ക് പുണ്യങ്ങളും നേടാം.

സ്തുതികൾ

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം അനുസരിച്ച്, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുന്നവരെ മാത്രം, ദൈവത്തെ സ്തുതിക്കാൻ ഒരല്പം അനുവദിക്കുന്നുണ്ട്.

സ്തുതിക്കാതെ ജീവിക്കാൻ വിഷമിക്കുന്നവർ 'ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ മാത്രം' അല്പനേരം സ്തുതിക്കുക. മുഖ്യ സ്തുതി വാചകം 'ഓം നമഃ ശിവായ' (മഹാശിവയെ / മഹാദേവിയെ നമിക്കുന്നു) എന്നതാണ്. ഓം ശിവായ നമഃ, അമ്മേ ശിവ, ദേവീ ശരണം തുടങ്ങിയ ദൈവീക വാചകങ്ങളും, ഭാഷാന്തരങ്ങളും ഉപയോഗിക്കാം.

ശിവയിൽ ശിവനും ഉണ്ടെന്നത്, മഹാശിവയായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മറ്റൊരു ബഹുമതിയാണ്. എന്നാൽ, ആരാധനയുടെ കാര്യത്തിൽ മുമ്പ് വ്യക്തമാക്കിയതുപോലെ, ഏകദൈവമായ മഹാദേവിയും, മഹാദേവിയുടെ ഭാഗമായ പരമശിവനും മനുഷ്യരുടെ സ്തുതികളിൽ പ്രസാദിക്കുന്നതല്ല; പ്രീതിയും കാട്ടില്ല. മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണവ. അക്കാരണം കൊണ്ട് ശിവ എന്ന മഹാ-പദത്തെ ശിവൻ എന്ന് കരുതിയാലും ശിവയും ശിവനും കോപിക്കില്ല. **സ്തുതികളെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും.** ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതു മാത്രമാണ് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം.

മണ്ണും ഭൂമിയുമായ ദൈവത്തെ അഥവാ ഭൂമിയെ സ്തുതിക്കുന്നതിനു വിരുദ്ധമായി, ഭൂമിയുടെ അവയവങ്ങൾ മാത്രമായ 'ദേശങ്ങളും നാടുകളും ഉൾപ്പെടെയുള്ള എന്തിനെ സ്തുതിച്ചാലും' പാപമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായി മനുഷ്യർ പ്രവർത്തിച്ചാൽ, ഭൂമിയിലെ വസ്തുക്കളിൽ പ്രവർത്തിക്കുന്ന ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതാണ്; ആനുപാതികമായിട്ട് ജനങ്ങളിലൂടെ ബഹുവിധ അധമ തീവ്രവാദങ്ങൾ വളരുന്നതുമാണ്. ഓംകാരനീതിശാസ്ത്ര പ്രകാരം ആനന്ദങ്ങൾക്കും ദൈവശിക്ഷകൾക്കും കൃത്യമായ അളവുകളുണ്ട്. വ്യത്യസ്തങ്ങളായ മതിഭ്രമം ബാധിച്ച എല്ലാവരും സദാ ജാഗ്രത പുലർത്തണം.!

കുഞ്ഞുങ്ങൾക്കെല്ലാം വ്യത്യസ്ത ജന്മങ്ങളിലായി സംഗീതം നൽകി അനുഗ്രഹിക്കുന്നത് ദൈവത്തിന്റെ മറ്റുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനാണ്. കഥയറിയാൻ ശ്രമിക്കുക പോലും ചെയ്യാതെയും അർത്ഥശൂന്യമായ സ്തുതി ഗീതങ്ങൾ കൊണ്ട് സമൂഹത്തെ ദുഷിപ്പിക്കുന്ന ഗായകരായ വിവര ദോഷികൾക്ക് നൽകിയ സംഗീത സിദ്ധിയെ കളങ്കപ്പെടുത്തിയ കടുത്ത അപരാധത്തിന്, അവരെ ഗായകരാക്കിയ മഹാനീതിയായ മഹാദേവി; ഓംകാര നീതിശാസ്ത്ര പ്രകാരം പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ, കടുത്ത ശിക്ഷകളെ നൽകിയാണ് ഗായകരെയും കവികളെയും മറ്റും തിരുത്തുക.

മഹാസ്ത്രീരൂപം സ്വീകരിച്ച് മഹാമാതാവായി അവതരിക്കുന്ന മഹാദേവിയുടെ ശരീര-അവയവങ്ങളെ വർണ്ണിക്കാനോ സ്തുതിക്കാനോ പാടില്ലായെന്ന് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്താൽ സ്വയം ബോദ്ധ്യമാകുന്നതാണ്.

മാത്രമല്ല; ദൈവ /ദൈവീക പ്രതിമകൾ അഥവാ വിഗ്രഹങ്ങൾ നിർമ്മിക്കാനോ പ്രചരിപ്പിക്കാനോ ആരാധിക്കാനോ പാടില്ല. ദൈവത്തിന്റെ മാത്രമല്ല; മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും പ്രതിമകളെ നിർമ്മിക്കാൻ പാടില്ല.

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ / വിഗ്രഹങ്ങളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, മറ്റും നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

'ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെയോ', 'മഹാദേവിയുടെ ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവന്റെയോ', വിഗ്രഹങ്ങളെയും ചിത്രങ്ങളെയും പോലും നിർമ്മിക്കാനോ ആരാധിക്കാനോ പാടില്ലായെന്ന് സുവ്യക്തമാക്കുന്നു.

ധർമ്മ ശാസ്ത്ര വിരുദ്ധമായി കലാകാരന്മാരെ അടിമകളെപ്പോലെ പീഡിപ്പിച്ചും കൊന്നും അവരുടെ തജ്ജന്മ-ജീവിതത്തെ ഇല്ലാതാക്കിയതിന്റെ ചരിത്രം ഏറെക്കുറെ എല്ലാ ശില്പ-ചിത്ര വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന മന്ദിരങ്ങളുടെയും പിന്നിൽ ഉണ്ടെന്നത് കണക്കിലെടുത്ത് ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം പുനഃക്രമീകരിക്കണം.

ദൈവവും ദൈവരൂപവും	
പ്രപഞ്ച പിതാവായ പരമശിവൻ	
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തിയും മണ്ണും ഭൂമിയുമായ ഏകദൈവത്തിന് സ്വന്തം മഹാഖരരൂപമായ ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികളുടെ ധർമ്മശാസ്ത്രപരമായ ആവശ്യങ്ങളെ, മഹാപൂർണ്ണതയോടെ പരിപാലിക്കുവാൻ കഴിയും. ദൈവത്തിന്റെ പ്രവൃത്തികളിൽ യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഉണ്ടാവുകയുമില്ല.

മഹാപ്രപഞ്ചത്തിന് അതീതവും, ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും, മഹാശക്തിയും ഏകദൈവവും മഹാമാതാവുമായ മഹാദേവി, രണ്ടാവാതെ രണ്ടായും, സ്വന്തം ഭാഗമായും, പരമശിവനെ മഹാഅത്ഭുതമായി രൂപപ്പെടുത്തി ക്കൊണ്ട്, ദൈവ കാര്യങ്ങളെ ശിവമാക്കുന്നു. മുകളിലെ ബ്രഹ്മ-പാഠങ്ങളിൽ, ഭർത്താവും ഭാര്യയുമായ - പ്രപഞ്ചനാഥനും നാഥയുമായ - ശിവചക്രത്തെയും, ശക്തിചക്രത്തെയും വിശദീകരിച്ചിട്ടുണ്ട്.

പരമശിവൻ

ശിവചക്രം പരമാത്മാവ്

പ്രപഞ്ച പിതാവ്

ഏകദാസൻ മഹാദാസൻ

പശുപതി ശാസ്ത്രായുധൻ

ഏക ദൈവ-പ്രതിനിധി

നീലകണ്ഠൻ

സംഹാരനാഥൻ

മഹാനീതിപതി

മഹാദേവൻ

PARAMASHIVAN

ShivaChakram SupremeSoul

FATHER of the **Universe**

Supreme **Ox** cum **Servant**

GOD's Single Representative

Supreme Scientist

Supreme Justice

MAHAADEVAN

സൃഷ്ടിചക്രങ്ങളുടെ രണ്ടാം ഭാഗത്തിൽ ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ പരമാത്മാവായ ശിവചക്രത്തെ ജീവിരൂപത്തിൽ ഭൂമിയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

പ്രപഞ്ച പിതാവ് @ മഹാപിതാവ്

ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ പ്രപഞ്ച പിതാവും പരമാത്മാവുമായ ശിവചക്രത്തെ മനുഷ്യരൂപത്തിൽ അവതരിപ്പിച്ചു കൊണ്ട് പരമശിവൻ എന്ന മഹാപദവിയെ മഹാദേവി നേരിട്ടും മഹാഅനുഗ്രഹിച്ചു നൽകിയിരിക്കുകയാണ്.

മഹാപ്രപഞ്ചത്തിലെ ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ മുഴുവനും എക്കാലവും ശിവചക്രത്തിന്റെ മാത്രം അംശങ്ങളാണ്. ആകയാൽ എല്ലാ ജീവാത്മാക്കളുടെയും യഥാർത്ഥ മഹാപിതാവും മഹാമാതാവും ശിവചക്രം @ പരമശിവൻ മാത്രമാണ്.

ഏകദൈവവും മഹാമാതാവുമായ ഭൂമിയുടെ കുഞ്ഞുങ്ങളായി സൃഷ്ടികളെ ഉയർത്താനും, എല്ലാ ആനന്ദങ്ങളെയും ഭൂമിയിൽ നിന്നും നേടി സന്തോഷിച്ച് ജീവിക്കാനുമായി ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തെ, യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാക്കൾക്ക്, സ്വന്തം പോലെ നൽകാതെ നൽകി ജീവികളാക്കിയിരിക്കുന്നു.

അടിസ്ഥാനപരമായി മഹാദേവിയുടെ കുഞ്ഞുങ്ങളല്ലാ ജീവാത്മാക്കളെങ്കിലും, മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായി നിശ്ചയിച്ചു കൊണ്ട് ജീവികളെയെല്ലാം കുഞ്ഞുങ്ങളായി മാത്രം ഏകദൈവമായ മഹാദേവി എക്കാലവും കരുതുന്നു; ദാസരാക്കുന്നില്ല എന്നത് വിഷയത്തിന്റെ സമ്പൂർണ്ണമായ യാഥാർത്ഥ്യമല്ലാത്ത ഒരു വശമാണ്.

സ്വന്തം ശക്തിയുടെയും ജ്ഞാനത്തിന്റെയും ഓഹരിയെ ഉപയോഗിച്ച് മഹാശക്തിയായ ദൈവം, മനുഷ്യനും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള പ്രപഞ്ചത്തെ സൃഷ്ടിക്കുവാൻ തയ്യാറായപ്പോൾ, ശിവചക്രം, ശക്തിചക്രം എന്നീ മാദ്ധ്യമങ്ങളെ സൃഷ്ടിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാസുന്ദരമാക്കുകയാണു ചെയ്തത്; യഥാർത്ഥത്തിൽ ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാശക്തി മാത്രമാണ് എന്നതാണ് മഹാസത്യം. ഭൂമിയായ മഹാദേവി എന്ന മഹാരൂപത്തെയും കുഞ്ഞുങ്ങൾക്ക് വേണ്ടി സ്വീകരിച്ചു കൊണ്ട് സകല കാല സർവ്വ ശരണമായും മഹാവാത്സല്ല്യമായും മഹാശക്തി പരിണമിച്ചിരിക്കുകയാണ്. മഹാശക്തിക്കും സൃഷ്ടികൾക്കും മദ്ധ്യത്തിൽ ശിവചക്രത്തെ അവതരിപ്പിച്ചു കൊണ്ട് പ്രപഞ്ചാതീതമായ ബ്രഹ്മം, ആദിയും അന്തവും ഇല്ലാത്ത മഹാ അവസ്ഥ എന്നീ മഹാസത്യങ്ങളെ 'ഉന്നതമായ ബുദ്ധിയും ശക്തിയും ജ്ഞാനവും ലഭ്യമാക്കുന്ന' മനുഷ്യ-സൃഷ്ടികൾക്കും മറ്റും ബോദ്ധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്.

ഏകദാസൻ, മഹാദാസൻ

സൃഷ്ടികളായ ജീവികളെ കുഞ്ഞുങ്ങളായി മാത്രമാണ് ഏകദൈവമായ മഹാദേവി എക്കാലവും കരുതുന്നത്. കുഞ്ഞുങ്ങളെ യാതൊരിക്കലും മഹാദേവിയുടെ ദാസരും അടിമകളുമായി അംഗീകരിക്കാനോ മഹാദേവി @ ഭൂമി തയ്യാറല്ല.

ഓരോ ജീവാത്മാവിന്റെയും പ്രത്യക്ഷ ദൈവമായി ഒപ്പം കൂടിയിട്ടുള്ള ഭൂമിയുടെ അംശമായ ശരീരത്തെ യജമാനനായി കാണാൻ ഭൂമി അനുവദിക്കുന്നുമില്ല; ജീവിയുടെ മരണം വരെ ജീവിയുടെ ആവശ്യങ്ങളെയും ആനന്ദങ്ങളെയും നിറവേറ്റാൻ ദാസ്യ സേവനം ചെയ്യുന്നത് ശരീരമാണെന്നത് വസ്തുതയാണ്. ദൈവവും ദൈവാംശവുമിയ ശരീരം സ്വയം ഏറ്റെടുത്തിട്ടുള്ള ദാസ്യവേലയെ തടസ്സപ്പെടുത്താൻ ജീവാത്മാവിന് കഴിയുന്നതല്ല; ആവക കാര്യങ്ങളെ കുറിച്ച് സാധാരണ ഗതിയിൽ ജീവാത്മാവ് തിരിച്ചറിയുന്നു പോലുമില്ല.

മഹാദേവിയുടെ ഭാഗവും മഹാദേവനുമായ പരമശിവനെയും കുഞ്ഞുങ്ങൾക്ക് ദാസ്യ വേല ചെയ്യാൻ മഹാദേവി നിയോഗിക്കുന്നുണ്ട്. മഹാമാതാവായ മഹാദേവിയും മഹാപിതാവായ മഹാദേവനും പുലർത്തുന്ന മഹാവാത്സല്ല്യം, മഹാദാസ്യം എന്നിവയുടെ നൂറിലൊരു അംശം മാത്രമാണ് 'ആനന്ദ ശാസ്ത്ര പ്രകാരം' കുഞ്ഞുങ്ങളെ പരിചരിക്കാനും ശുശ്രൂഷിക്കാനും മനുഷ്യ-മാതാപിതാക്കൾ ശ്രദ്ധിക്കുന്നത്.

ദൈവ വിപ്ലവം ആരംഭിച്ച ശേഷമാണ്, മഹാദേവിയെയോ മഹാദേവനെയോ നേരിട്ട് കാണാൻ മഹാനീതി ശാസ്ത്ര പ്രകാരം കുഞ്ഞുങ്ങൾക്ക് ഭാഗ്യം ലഭിക്കുക. ദൈവത്തിന് സൃഷ്ടികളിൽ നിന്ന് സഹായികളുടെ ആവശ്യമില്ല എന്നതിനാൽ ദൈവദാസൻ, ദൈവദൂതൻ, പ്രവാചകൻ തുടങ്ങിയവരെ ദൈവം നിയമിച്ചിട്ടില്ല.

കുഞ്ഞുങ്ങളായ മനുഷ്യർക്ക് യഥാർത്ഥ വേദങ്ങളെ ഭൗതിക ശാസ്ത്ര പരമായി വീണ്ടെടുത്തു നൽകുക, കുഞ്ഞുങ്ങളെ മഹാനീതി ശാസ്ത്ര പ്രകാരം സഹായിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി സ്വന്തം ഭാഗമായ പരമശിവനെയാണ് മഹാദേവി ചുമതലപ്പെടുത്തുന്നത്. പരമശിവന് ലഭിക്കുന്ന മഹാസൗഭാഗ്യങ്ങളിൽ പെടുന്ന മഹാകാര്യങ്ങളെ ദാസ്യവേലയായി കണക്കാക്കുന്നതും ശരിയല്ല. മഹാശക്തിയും ഭൂമിയുമായ മഹാദേവിയുടെ ഏകദാസനാണെന്നും, പരമശിവന്റെ മഹാആനന്ദമായി മഹാദാസ്യത്തെ മഹാദേവി നിശ്ചയിച്ചിരിക്കുകയാൽ മഹാദേവിയുടെ ഏകദാസനായ 'മഹാദാസൻ' ആണെന്നും പരമശിവന് സ്വന്തമായി അഭിമാനിക്കാം. യഥാർത്ഥത്തിൽ അത്തരം ദാസ്യ-പദവികളില്ല. മഹാദാസ്യം ചെയ്യുമ്പോഴാണ് മഹാആനന്ദത്തെ ലഭിക്കുക എന്നാണ് സാരം. ദൈവീകമായ നിയോഗം പ്രകാരം പരമശിവൻ പ്രവർത്തിക്കുകയാണ്.

മഹാദാസനായ പരമശിവന്റെ പത്നി കൂടിയായ മഹാദേവി, പരമശിവന്റെ ദാസിയെന്നു തോന്നുന്ന വിധത്തിൽ പ്രവർത്തിക്കുന്ന സന്ദർഭങ്ങളിൽ മഹാദേവി മഹാദാസിയാണെന്നും തോന്നും !

പശുപതി, മഹാകാളൻ, മഹാകാലൻ

പശുപതി = പശുവിന്റെ പതി ഭർത്താവ്) = കാള = കാളൻ = മഹാകാളൻ

ഏകദൈവമായ മഹാദേവി, 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ഗോമാതാവ് @ പശുവായി ജീവിരൂപം സ്വീകരിച്ച് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ / കുഞ്ഞുങ്ങളെ മഹാപരിപാലിച്ചിട്ടുണ്ട്; കൂടാതെ മഹാനാഗ മാതാവായും. ആ കാലഘട്ടങ്ങളിൽ പശുപതിയായും, നാഗരാജാവായും ശിവചക്രവും @ പരമശിവനും മഹാദാസ്യ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ആദ്യ മഹാകാല ചക്രത്തിൽ കാലൻ/യമൻ, യമധർമ്മൻ എന്നെല്ലാം പേരുകളിൽ ദേവതകൾ ഉണ്ടായിരുന്നു.

അത്തരം ദേവതകളുടെ അധിപനായ ദേവതയെ ഭരിച്ചത് മഹാകാലനായ പശുപതി ആയിരുന്നു. കാലവുമായി ബന്ധപ്പെട്ട് മഹാകാലി / മഹാകാളി / MahaaKaali, **മഹാകാലൻ / മഹാകാളൻ /** MahaaKaalan **എന്നീ പദങ്ങൾ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ സൃഷ്ടിക്കുന്ന വ്യാഖ്യാനങ്ങൾ സുപ്രധാനമാണ്.**

ചരിത്രവുമായി കൂടി ബന്ധപ്പെട്ട മേല്പടി വിവരങ്ങളുടെ കൃത്യതയും സൂക്ഷ്മതയും തിരുത്തലുകളും, ദൈവ വിപ്ലവം ആരംഭിച്ച ശേഷം മഹാദേവി, പരമശിവനിലൂടെ തന്നെ നിർവ്വഹിക്കും എന്നറിയുന്നു.

ശാസ്ത്രായുധൻ

മനുഷ്യൻ എന്ന ജീവിക്കു മാത്രമാണ് മഹാപ്രപപഞ്ചത്തിന്റെ മഹാശാസ്ത്രമായി മാറ്റിവച്ചിട്ടുള്ള, മഹാദേവിയുടെ മഹാജ്ഞാനത്തിന്റെ ഓഹരിയെ നൽകിയിട്ടുള്ളത്.

മഹാദേവിയുടെ മഹാജ്ഞാനമായ ശാസ്ത്രം ആണ് പ്രധാനം എന്നതു പോലും ഗ്രഹിക്കാൻ ശ്രമിക്കാതെ, മഹാദേവിയായ ഭൂമി സ്വന്തം അംശങ്ങളായ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ളതും, കാലഘട്ടത്തിന് അനുസൃതമായി മനുഷ്യർക്ക് വെളിപ്പെടുത്തുന്ന ശാസ്ത്ര നിയമങ്ങളെയും, അവ പ്രകാരം മഹാദേവി ആവിഷ്ക്കരിച്ചിട്ടുള്ള സാങ്കേതിക വികസനങ്ങളെയും അനന്തമായ ആനന്ദങ്ങളെ നൽകുന്ന ഉല്പന്നങ്ങളെയും സ്വന്തം കണ്ടുപിടിത്തങ്ങളായും നേട്ടങ്ങളായും വിലയിരുത്തുന്ന അഹംഭാവികൾ ശാസ്ത്ര സമൂഹത്തിലും വർദ്ധിച്ചു. മാത്രമല്ല; മൂലകങ്ങളിൽ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം ലയിപ്പിച്ചിട്ടുള്ളതും വെളിപ്പെടുന്നതുമായ ധർമ്മ ശാസ്ത്ര നിയമങ്ങളെ അവഗണിച്ച് കൊടിയ പാതകം ചെയ്തു.

സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ഭൗതിക അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്ര ശാഖകളെ മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്ത് സ്വീകരിക്കേണ്ടതിനു പകരം, തങ്ങൾക്ക് തോന്നുന്ന പോലയുള്ളതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ നിയമങ്ങളെ തട്ടിക്കൂട്ടി സാമൂഹ്യ ജീവിതത്തെ അധഃപതിപ്പിച്ചു. അവർ ചെയ്തതും ചെയ്യുന്നതും എന്താണെന്ന് അവർ അറിയുന്നില്ല എന്ന കൊടിയ അവസ്ഥ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും ഉണ്ടായി / വർദ്ധിച്ചു.

ദൈവ നീതി കാര്യങ്ങളായ ആത്മീയ വിഷയങ്ങളെ യഥാകാലം ദൈവം അറിയിക്കും എന്ന് ഭൗതിക ശാസ്ത്ര നിയമങ്ങളെ കൊണ്ട് മനസ്സിലാക്കാം എന്നതിനെ അവഗണിച്ച്, മതാചാര്യൻ, പ്രവാചകൻ, കുട്ടിദൈവം, തുടങ്ങിയ അനാവശ്യങ്ങളും കപടവേഷങ്ങളുമായി അനേകർ സമൂഹത്തെ ദുഷിപ്പിച്ചു. യഥാർത്ഥ വേദങ്ങളെ മഹാദേവി പരമശിവനിലൂടെ വീണ്ടെടുത്തു കൊണ്ടു മാത്രം ദൈവ വിപ്ലവം ആരംഭിച്ച് പരിഹാരം ഉണ്ടാക്കുന്നു.

ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദത്തെ വർദ്ധിപ്പിക്കാനാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും മരണം വരെയും പരിശ്രമിക്കുന്നത്. ആനന്ദം ആപേക്ഷികം ആണെങ്കിലും ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന മനുഷ്യർക്ക് ജീവിതത്തിൽ വിരക്തി ഉണ്ടാകുന്നതല്ല.

ധർമ്മ ശാസ്ത്ര പ്രകാരമുള്ള ആനന്ദ ജീവിതത്തിന് ഹേതുവായ മഹാശാസ്ത്രത്തെ മനുഷ്യരുടെ ഇടയിലുള്ള തർക്കം, ശണ്ഠ, തുടങ്ങിയ വൈരാഗ്യ പ്രശ്നങ്ങളിലെ ആയുധമാക്കാനും മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ഭൂമിയിൽ മുഴുവൻ കലാപം വ്യാപകമായിരിക്കെ **ശാസ്ത്രായുധനായി വേദങ്ങളെ വീണ്ടെടുക്കുന്ന പരമശിവൻ പാഠമാവണം.** മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധർമ്മ ശാസ്ത്രത്തെ ആയുധമായി സ്വീകരിച്ച് മാതൃക കാട്ടിയ ബുദ്ധനും, ക്രൈസ്റ്റും, ഗാന്ധിജിയും ചരിത്രത്തിലുണ്ട്. ധർമ്മ ശാസ്ത്ര വിരുദ്ധമായ അപരാധങ്ങൾ ചെയ്യുന്ന വ്യക്തികളെ ഉടുവസ്ത്രത്തോടെ കാട്ടിലേക്കും ദ്വീപിലേക്കും നാടുകടത്തുമ്പോഴും ശാസ്ത്ര പ്രകാരമാണ്; ഹിംസിക്കാൻ തയ്യാറാവുന്നില്ല എന്നത് സുപ്രധാനമാണ്.

അതേസമയം, അധമരുടെയും മറ്റുള്ള ജീവികളുടെയും പീഡനം, ആക്രമണം എന്നിവയ്ക്ക് ഇരയാവുന്നവർക്ക് വാൾ, കുന്തം, തോക്ക് തുടങ്ങിയ ആയുധങ്ങളെ ജന്തു-നീതി പ്രകാരം ഉപയോഗിക്കാനുള്ള അവകാശം ഉണ്ട്.

അർദ്ധ മഹാദേവി & ഏക ദൈവപ്രതിനിധി

മഹാശക്തിയായ ദൈവം ജീവിയോ പുരുഷനോ സ്ത്രീയോ അല്ലെന്ന് അടിസ്ഥാനപരമായി പുരുഷൻ, സ്ത്രീ എന്നീ രൂപങ്ങളുടെ പകുതി വീതം കൊണ്ട് പ്രകടമാവുന്ന പരമശിവന്റെ അർദ്ധമഹാദേവീ-രൂപം തെളിയിക്കുന്നു. മഹാമാതാവായ മഹാദേവി മഹാപിതാവായ പരമശിവനെ ഉൾക്കൊണ്ട് പ്രകടമാവുന്നു എന്നതും ശരിയാണ്. മഹാശക്തിയായ മഹാദേവിയെ പ്രതിനിധീകരിക്കുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളും പദവി-ചിഹ്നങ്ങളും അവകാശങ്ങളും അധികാരങ്ങളും ചുമതലകളും എന്തെല്ലാം ആണെന്നും, മഹാദേവിക്ക് സൃഷ്ടികളിൽ നിന്ന് പ്രതിനിധികളെ ആവശ്യമില്ലെന്നും, സ്വന്തം ഭാഗമായ പരമശിവന് മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അർദ്ധമഹാദേവീ-രൂപം തെളിയിക്കുന്നു.

ഭൂമിയിൽ പ്രത്യക്ഷമാകുമ്പോൾ ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ മറ്റ് ഘടകങ്ങളായ സൂര്യനേത്രം കൊണ്ട് സൂര്യനെയും, ചന്ദ്രക്കല കൊണ്ട് ചന്ദ്രനെയും, ചെറിയ നക്ഷത്രം കൊണ്ട് മനുഷ്യരുടെ മോക്ഷമായ നക്ഷത്രങ്ങളെയും പരമശിവൻ പ്രതിനിധീകരിക്കുന്നുണ്ട്.

ദൈവഭാഗവും, പ്രപഞ്ച പിതാവും, അർദ്ധമഹാദേവിയുമായ പരമശിവനിലൂടെ, മനുഷ്യന്റെ നാവിൽ ഓം കുറിച്ചാണ്, മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി, മനുഷ്യർക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരേയൊരു ജന്മത്തിൽ - മഹാശാസ്ത്രത്തെ മുഴുവൻ ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകമായി നേരിട്ട് ലഭ്യമാക്കുകയും, ദൈവം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുകയും, 'ഓരോരുത്തരെയും തന്റെ പൊന്നുമോളും പൊന്നുമോനുമായി മഹാവാത്സല്ല്യത്തോടെ മഹാസംരക്ഷിക്കുന്ന ദൈവമഹത്വം ബോദ്ധ്യപ്പെടുത്തി ദൈവത്തെ ആരാധിക്കാൻ മനുഷ്യനെ അനുവദിച്ചിട്ടുള്ളത് !

നീലകണ്ഠൻ

എല്ലാ സൃഷ്ടി ചക്രങ്ങളിലും, സമുദ്രത്തിൽ വിഷം വ്യാപകമായി കലരുന്നുണ്ട്. ഭൗതിക വസ്തുക്കളിലെ ന്യൂനശക്തികളും ധർമ്മ ശാസ്ത്രം അനുവദിച്ചിട്ടുള്ള വ്യക്തി സ്വാതന്ത്ര്യവും ചേർന്ന് സൃഷ്ടിക്കുന്ന ഒരു വലിയ വിപത്താണ് വിഷമായി ഉരുത്തിരിയുന്നത്. സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ മോക്ഷമായ സംഹാരം പൂർത്തിയാകുന്നതിനു മുമ്പ് അടുത്ത സൃഷ്ടി ചക്രത്തിലെ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കു വേണ്ടി സമുദ്രജലത്തിൽ വ്യാപിച്ചിരിക്കുന്ന കൊടിയ വിഷത്തെ നീക്കം ചെയ്യേണ്ടതാണ്. ഒരു പ്രദേശത്തു നിന്നും മറ്റൊരു പ്രദേശത്തേക്ക് മാറ്റിയാൽ വിഷയ പരിഹാരം ഉണ്ടാകുന്നതല്ല. അതിനാൽ എല്ലാ സൃഷ്ടി ചക്രങ്ങളിലും സമുദ്രത്തിൽ വ്യാപിച്ച വിഷത്തെ ഓംകാരം വഹിക്കുന്ന വ്യക്തി പാനം ചെയ്യുന്നതാണ്.

ബ്രഹ്മമായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്നുമാണ് മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വം ഉത്ഭവിച്ചിട്ടുള്ളതു കൊണ്ടാണ് ഊർജ്ജം @ ശക്തി കൂടിയായ വിഷത്തെ പിൻവലിക്കാൻ ഓംകാരം ആവശ്യമാകുന്നത്.

ആദ്യമഹാകാല ചക്രത്തിൽ, മോക്ഷം നേടിയ മനുഷ്യരിൽ നിന്നും പരമശിവന്റെ പ്രതിനിധിയായി നിയമിച്ച ശിവനാണ് **ഓംകാരം** വഴി വിഷത്തെ പിൻവലിച്ചിരുന്നത്. **മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയാണ് ഓംകാരം** എന്നല്ലാതെ **മഹാദേവിയുടെ മഹാഹൃദയം കൂടിയാണ്** എന്ന വിവരം സൃഷ്ടികളെ അറിയിച്ചിരുന്നില്ല. ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ മഹാദേവിയുടെ **ഭാഗമായ** പരമശിവനിലൂടെയാണ് മഹാദേവിയുടെ **മഹാഹൃദയം** കൂടിയാണ് **ഓംകാരം** എന്നും, **മഹാചിരി** കൂടിയാണ് ഓം എന്നും വെളിപ്പെടുത്തുന്നത്. സൃഷ്ടികൾ മാത്രമായ കുഞ്ഞുങ്ങളെ ഓംകാരം ഏല്പിച്ചപ്പോൾ അറിഞ്ഞും അറിയാതെയും കുഞ്ഞുങ്ങൾ മഹാഹൃദയത്തെ അനാദരിച്ച് പാപികളാവാതെ മഹാവാത്സല്ല്യം കാട്ടുകയാണ് മഹാദേവി ചെയ്തത്. ആവക വിവരങ്ങൾ മുഖ്യമഹാവേദ ഗ്രന്ഥത്തിൽ വിശദമായുണ്ട്.

സംഹാര നാഥൻ + മഹാദേവൻ + മഹാനീതിപതി

സൃഷ്ടി, സ്ഥിതി, സംഹാരം ഉൾപ്പെട്ട മഹാനീതി ഇവ മൂന്നും നിർവ്വഹിക്കുന്നത് ഏകമഹാശക്തിയും ഏകദൈവവും മഹാജഗദംബയുമായ മഹാദേവി തന്നെയാണ്. മായ @ ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രങ്ങളുടെ ആദ്യപകുതിയിൽ ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളിലൂടെയും; മായ @ ദൈവം പ്രത്യക്ഷമായ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളിലൂടെയും കൂടാതെ മനുഷ്യാവതാരം സ്വീകരിക്കുന്ന മഹാദേവനും മഹാദേവിയും വഴിയും സർവ്വം മഹാഭദ്രമാക്കുന്നു.

സൃഷ്ടിയിൽ ജീവികളുടെയെല്ലാം മഹാപിതാവും പ്രപഞ്ച പിതാവും ആദ്യപിതാവും ആയി പരമശിവനെ പങ്കെടുപ്പിക്കുകയും ഉയർത്തുകയും ചെയ്തതിനെ ഉൾക്കൊണ്ട് ജീവികൾ മനുഷ്യാവസ്ഥയിൽ വച്ച് സംഹാരം എന്ന മോക്ഷം നേടുമ്പോൾ പ്രപഞ്ച പിതാവായ പരമശിവനെ, പ്രപഞ്ച മഹാമാതാവായ മഹാദേവി പങ്കെടുപ്പിക്കുന്നുണ്ട്. പരമശിവന്റെ ഹൃദയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം കുഞ്ഞുങ്ങൾക്ക് നക്ഷത്ര പദവിയായ മോക്ഷം നൽകുന്നത് പരമശിവനിലൂടെയാണ്.

കൂടാതെ മഹാദേവനായും മഹാനീതിപതിയായും ഓംകാരം വഴി മഹാദേവി പരമശിവനെ മഹോന്നത പദവിയിലേക്ക് ഉയർത്തുന്നുണ്ട്. ആവക വിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ അവസാനം ലഭ്യമാണ്.

ഓം നമഃ ശിവായ

ഓം ശിവായ നമഃ ദേവീ ശരണം അമ്മേ ശിവ!

ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവത്തിന്റെ മഹത്വത്തെയും മനുഷ്യൻ മനസ്സിലാക്കുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുള്ളത്.

ശിഷ്ടമുള്ള 99 ജന്മങ്ങളിൽ ദൈവത്തെ വിസ്മരിച്ച് ജീവിക്കാൻ മനുഷ്യർക്കു കഴിയില്ല.

ദൈവം മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർച്ചയായിട്ട് സംഹാരവും പുരോഗമിക്കുമ്പോൾ ദൈവത്തെ മഹാശാസ്ത്രപരമായിട്ട് അറിയാനും ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കാനും മനുഷ്യർ ഉത്സാഹിക്കുന്നതാണ്. ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നതല്ല എങ്കിലും ദൈവനാമം ജപിക്കാനും ദൈവത്തെയും ദൈവ ശാസ്ത്രത്തെയും വണങ്ങാനും മനുഷ്യർക്കു കഴിയണം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ലഭിക്കുവാനും അതാവശ്യമാണ്.

"മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ, മഹാശാസ്ത്ര പ്രകാരം, മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാമാതാവുമായ മഹാദേവിയെ നമിക്കുന്നു" എന്നത്, അർത്ഥം ശരിയാണ്; എന്നാൽ വാചകം വളരെ നീണ്ടതാണ്; കുഞ്ഞുങ്ങളായ മനുഷ്യർ ആയാസപ്പെടുന്നത് മഹാമാതാവായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.

കുഞ്ഞുങ്ങളുടെ ആവശ്യവും ആനന്ദവും കണക്കാക്കി മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാലളിതവും മഹാസുന്ദരവുമായ ദൈവനാമവും പ്രാർത്ഥനാ വാചകവുമാണ് "ഓം നമഃ ശിവായ."

"സർവ്വവും മംഗളമാക്കുന്ന മഹാദേവി" എന്ന അർത്ഥത്തെ **"ശിവായ /ശിവ"** എന്ന പദത്തിന് മഹാനിശ്ചയിക്കുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ ഭാരപ്പെടുത്താത്ത മഹാവാത്സല്യമാണത്.

ഓം എന്താണെന്ന് ചുവടെ മഹാശാസ്ത്രപരമായിട്ട് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. '**മഹാ**' എന്ന അർത്ഥത്തെ തൽക്കാലം സ്വീകരിക്കുന്നു.

"ഓം നമഃ ശിവായ" = "നമിക്കുന്നു (ഞാൻ) മഹാശിവയെ = (ഞാൻ) **മഹാദേവിയെ നമിക്കുന്നു."**

"**ഓം**" ഒഴിവാക്കിക്കൊണ്ട് "**നമഃ ശിവായ**" എന്നും "**ശിവായ നമഃ** " എന്നും പറയാവുന്നതാണ്. "**ശിവായ നമഃ** " = "(ഞാൻ) **ശിവയെ (ദേവിയെ) നമിക്കുന്നു**" = "**നമഃ ശിവായ**".

മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാപ്രപഞ്ചത്തിൽ ഒരു ദേവി മാത്രമേ ഉള്ളൂ. കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ "ദേവി" എന്നോ "മഹാദേവി" എന്ന് വിളിക്കുന്നതോ ദേവിയെ വിസ്മരിക്കുന്നതു പോലെ വിഷയമാക്കാത്തതോ "ദേവിക്ക് " വിഷയമല്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ **മഹാഭാഗമായ പരമശിവനെ** മഹാഅനുഗ്രഹിച്ച് **മഹാദേവൻ** എന്ന മഹാപദവി മഹാസമ്മാനമായി നൽകുന്നതിനെ വിവരിച്ചിട്ടുണ്ട്. സമാനമായ മറ്റൊരു മഹാആവിഷ്ക്കാരമാണ് **ഓം നമഃ ശിവായ** എന്ന വാചകത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

ശിവയും ശിവനും ഓം നമഃ ശിവായ എന്ന വാചകത്തിൽ ഉണ്ട്. ശിവാ എന്ന് വിളിച്ചാൽ, ശിവയെ ആണ്; ശിവനെയും ആണ്. മഹാദേവിയുടെ മഹാആവിഷ്ക്കാരമാണ്.

ശിവ ചക്രം, പരമശിവൻ, ശിവൻ എന്നെല്ലാം തന്റെ ഒന്നാമത്തെ ഭാഗത്തിനു പേരിടുന്ന മഹാശക്തി, ശിവന്റെ **'ശിവ'** യെന്ന **ലളിത മനോഹര നാമം** സ്വീകരിച്ച് മഹാപ്രപഞ്ചത്തിലെ സൃഷ്ടികളുടെ അഹംഭാവങ്ങളെയും, പദവികൾക്കും കീർത്തികൾക്കും വേണ്ടിയുള്ള കോപ്രായങ്ങളെയും ലജ്ജിപ്പിക്കുന്നുണ്ട് !

ശിവ = മഹാദേവി = മഹാശക്തിയായ ദൈവം എന്ന മഹാസുന്ദര ലളിത നാമത്തെ സ്വീകരിക്കാൻ മഹാദേവി തയ്യാറാകുമ്പോൾ, ശിവൻ പോലും സ്വയം ലജ്ജിക്കുന്നതാണ് !

ശിവ എന്ന് മഹാദേവിയെ വിളിച്ചാൽ മതിയാകും എന്ന് **മഹാദേവി** പറയുമ്പോൾ, സ്വന്തം കൂച്ചൽ മാറാൻ **മഹാശിവ** എന്ന് പരമശിവൻ പേരുമാറ്റി വിളിക്കുന്നത് മനുഷ്യരെ ചിന്തിപ്പിക്കണം. മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി ഒരു സംബോധനാ മന്ത്രത്തെ മഹാദേവി മഹാനിശ്ചയിക്കുമ്പോൾ അവിടെയും ശിവനെ മുന്നിൽ നിർത്തുന്നു. മാത്രമല്ല; കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം ഉണ്ടായത് എന്നപോലെയും പദത്തിന് ഉപരിയായും ശിവയിൽ നിന്നുമാണ് ശിവനുണ്ടായത്. ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിച്ചാൽ മാത്രമേ ശിവനെ പോലും അത്തരം മഹാആവിഷ്ക്കാരത്തെ **ശിവ** അറിയിക്കുകയുള്ളൂ. മഹാപാഠങ്ങളെ ലഭിക്കാനും പഠിക്കാനും മനുഷ്യർ യോഗ്യത നേടണം എന്ന് സാരം.

ശിവനിൽ ശേഷിക്കുന്ന അഹംഭാവം നിമിത്തം ശിവനെ സ്തുതിക്കുന്നത് ശിവൻ ആസ്വദിക്കാൻ ഇടയായാൽ ശിവൻ ലജ്ജിക്കണം. മഹാദേവീ, ഈയുള്ളവന്റെ മേൽ ഓംകാര നീതിശാസ്ത്ര ബന്ധനം കൂടി എല്ലായ്പ്പോഴും മഹാനിർവ്വഹിച്ച് എല്ലായ്പ്പോഴും ഈയുള്ളവനെ മഹാസംശുദ്ധനാക്കേണമേ ... എന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്; മഹാഅനുഗ്രഹത്തോടെ ശ്രദ്ധിക്കുന്നുമുണ്ട്.

ശിവന്റെ ഹൃദയത്തോട്, ശിവയുടെ മഹാഹൃദയവും, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണം സത്തയും കൂടിയായ ഓംകാരത്തെ ചേർത്ത് ശിവനിലൂടെ പ്രവർത്തിപ്പിക്കുമ്പോൾ, ശിവ ശക്തി ബന്ധത്തെ നിർവ്വചിക്കാൻ പരമശിവൻ തീർത്തും അപ്രാപ്തനാകുന്നു. ഒരു പക്ഷേ, മഹാശിവയായ മഹാദേവിയിൽ ശിവന് നൽകാതെ ശേഷിക്കുന്നത് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന മഹാലിംഗം @ ശിവലിംഗം മാത്രമാവും !

ആകാശം എന്ന മഹാലിംഗം, സർവ്വത്തിനും അതീതമായ ബ്രഹ്മം പോലെയാണെന്ന് മുമ്പ് സൂചിപ്പിച്ചതിനെ കണക്കാക്കുമ്പോൾ, പരമശിവൻ മഹാപൂജ്യമായി മാറുന്നതാണ്.

അഹംഭാവം, ദുസ്വാർത്ഥം തുടങ്ങിയ ദുർഗ്ഗുണങ്ങളിൽ പെട്ടിരിക്കുന്നവർ മുകളിൽ കൊടുത്ത പാഠങ്ങളെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കണം. സ്വയം വിശകലനം ചെയ്യാവുന്നതാണ്.

മഹാദേവിയെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിലെ അനന്തകോടി വസ്തുക്കളെയും അനന്തകോടി ജീവികളെയും സൃഷ്ടിക്കാനും സംരക്ഷിക്കാനും മഹാനീതി നൽകാനും, ഒരു തുള്ളി ജലത്തിന്റെ ശക്തി പോലും മഹാദേവിക്ക് വേണ്ടതില്ല എന്നറിയണം.

മഹാദേവി മഹാഅനുഗ്രഹിച്ച് മഹാവാത്സല്ല്യം കൂടിയായ ഓംകാരനീതിശാസ്ത്ര പ്രകാരം നൽകുന്ന ശക്തികളെയും സംഗീതത്തെയും ഒക്കെ ഒക്കെ ദുരുപയോഗം ചെയ്യുന്ന കുഞ്ഞുങ്ങളുടെ പോഴത്തരങ്ങളിൽ / ഭോഷത്തങ്ങളിൽ മഹാശക്തിയായ മഹാദേവി ആനന്ദിക്കണമോ ? സംഗീതം ഉൾപ്പെടെ സർവ്വ ആനന്ദങ്ങളെയും സൃഷ്ടിച്ച ദൈവം സർവ്വ ആനന്ദങ്ങൾക്കും അതീതമാണ്.

ജനങ്ങളുടെ സന്തോഷത്തിനായി മഹാദേവി അനുവദിച്ച പ്രാർത്ഥനാ / ആരാധനാ വാചകം മഹാദേവിക്കു വേണ്ടിയാണെന്ന് കരുതരുത്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം

= ഓം നമഃ ശിവായ

എന്ന അർത്ഥത്തിൽ ലഘുവായ സ്തുതി മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. ഭക്തിക്കും പരമാവധി. 5 അളവ് ആനന്ദത്തെ മഹാഅനുവദിച്ചിട്ടുണ്ട്.

ശിവൻ = ശിവ = മംഗളമാക്കുന്നവൻ = മഹാദേവൻ = മഹാദേവി എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്; **ശിവയിൽ ശിവനുണ്ട്; ശിവനിൽ ശിവയും. ശിവനെ വേറിട്ട് കണക്കാക്കുമ്പോൾ ശിവനില്ലെങ്കിലും ശിവയുണ്ട്; ശിവ അഥവാ മഹാശക്തിയായ മഹാദേവി എപ്പോഴുമുണ്ട്. എല്ലായ്പ്പോഴും ഉള്ളതായ മഹാശിവയ്ക്കു മാത്രമാണ് സർവ്വം മംഗളമാക്കാൻ കഴിയുക.**

പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും നൽകിക്കൊണ്ട് പരമശിവനിലൂടെ പ്രപഞ്ചകാര്യങ്ങളെ ശിവമാക്കുമ്പോഴും പരമശിവൻ 'ലൂടെ' മാത്രമാണെന്നും ശിവയായ മഹാദേവിയാണ് യഥാർത്ഥത്തിൽ സർവ്വതും മഹാ-ഭദ്രമാക്കുന്നത് എന്നും മനസ്സിലാക്കണം.

മഹാദേവിയും, മഹാദാസനായ പരമശിവനും മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർന്ന് സംഹാരവും പുരോഗമിക്കുമ്പോൾ, മഹാദേവിയായ മഹാശിവയാണ് ഏക-മഹാശക്തിയായ ദൈവം എന്നത് ജനങ്ങളെല്ലാം സുവ്യക്തമായി അറിയുന്ന കാര്യങ്ങളാണ്.

മഹാദേവിയെ നമിക്കുന്നതോടൊപ്പം, മഹാദേവിയുടെ ഭാഗവും പ്രപഞ്ച പിതാവുമായ പരമശിവനെയും നമിക്കേണ്ടുന്നത് മനുഷ്യരുടെ ആവശ്യമാവുന്നതാണ്. മഹാദേവിയുടെ ഭാഗമായിട്ട് ഏകദാസനായ പരമശിവനെ ഒരുക്കിയിട്ടുള്ളതു പോലെ, "ഓം നമഃ ശിവായ" എന്ന വചനത്തിൽ മഹാശിവയായ മഹാദേവി, ശിവനെയും മഹാഅനുഗ്രഹിച്ചു മഹാഉചിതമായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

മഹാദേവിയുടെ ഭാഗമായ ഏകദാസനായും, ഏക പ്രതിനിധിയായും, പ്രപഞ്ച പിതാവായും, സംഹാര നാഥനായും, പരമശിവനായും ഒക്കെ ശിവനെ അവതരിപ്പിച്ചിട്ടുള്ളത് ശിവയായ മഹാദേവിയുടെ മഹാകരുണയായും മഹാഭാഗ്യമായും മഹാഅനുഗ്രഹത്താൽ പരമശിവന് സുവ്യക്തമായിട്ട് അറിയാം. തന്റെ തെറ്റുകളെയും കുറ്റങ്ങളെയും കുറവുകളെയും പിഴവുകളെയുമൊക്കെ <u>മഹാശിക്ഷിച്ചു</u> <u>തിരുത്തണമേ</u> എന്ന് പ്രാർത്ഥിക്കുന്നതുമാണ്.

ശിവന്റെ എല്ലാമായ - മഹായജമാനയായ മഹാശിവയെ മാത്രം കുഞ്ഞുങ്ങളെല്ലാം സ്തുതിക്കുന്നതും വണങ്ങുന്നതും തന്റെ ഇഷ്ടമാവാനും മഹാശിവയോട് പ്രാർത്ഥിക്കുന്നുണ്ട് പരമശിവൻ. മഹാശിവയായ മഹാദേവിയെ "ഓം നമഃ ശിവായ" എന്ന് പരമശിവൻ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്.

പൂജിക്കുക എന്നാൽ മഹാദേവിയുടെ ഇഷ്ടങ്ങളെ അറിഞ്ഞ് പൂവ് ചൂടിക്കൊടുക്കുക എന്നാണ്.
വിഗ്രഹങ്ങൾ പാടില്ല; വിഗ്രഹങ്ങളിൽ പുഷ്പാർച്ചന പാടില്ല.

മഹാദേവനെ അനുകരിച്ച് പുരുഷന്മാർ ഭാര്യ, അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും, സ്ത്രീകൾ അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും ധർമ്മ ശാസ്ത്ര പ്രകാരം പൂവ് ചൂടി-ക്കൊടുക്കാവുന്നതാണ്.

മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും പരമശിവന് നൽകിയിട്ടുള്ളതോടൊപ്പം, പരമശിവനെ ഓംകാര നീതിശാസ്ത്രത്തിൽ ബന്ധിച്ച് സദാ മഹാസംശുദ്ധനാക്കുന്നതും മഹാശിവയുടെ മഹാകരുണയാണ്. ദൈവ ഭാഗമായ പ്രപഞ്ച പിതാവ് സദാ മഹാസംശുദ്ധനാവേണ്ടതുണ്ട്.

സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ പിതാവായ പരമശിവനി 'ലൂടെ' മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നതാണ് സംഹാരം. അതിനുശേഷം, പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ, മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയും ഭൂമിയുമായ മഹാദേവി, മഹാഉചിതമായ സമയത്ത് 2 ശിവരൂപങ്ങളെയും പിൻവലിക്കുന്നതാണ്.

സ്ത്രീയും പുരുഷനും "തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന പരമാനന്ദമായ കാമാനന്ദം ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട് - അതിനാൽ കാമാനന്ദത്തെ ആസ്വദിച്ചു തുടങ്ങുമ്പോൾ "ഓം നമഃ ശിവായ" ഉൾപ്പെടെയുള്ള ദൈവനാമങ്ങൾ ഉരുവിട്ടുകൂടാ; ദൈവനിന്ദ വേണ്ട.

മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യാത്ര പറയുമ്പോഴും ഒക്കെ "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" "നമസ്ക്കാരം, വന്ദനം, അസ്സലാമു അലൈക്കും, ഗുഡ് ബൈ... " എന്നിങ്ങനെയെല്ലാം പറയുന്നത് മനുഷ്യരുടെ സ്വകാര്യമാണ്; വേഷം കെട്ടൽ അല്ലാത്ത ദൈവ - സ്മരണ നല്ലതാണ്.

"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" എന്നിവ ജപിക്കുന്നത് ധർമ്മശാസ്ത്രപരമായ ജീവിതത്തിന് ആക്കം കൂട്ടുന്നതാണ്. എന്നാൽ, ദൈവത്തിനു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ അപേക്ഷിക്കുകയോ ചെയ്താൽ ദൈവനിന്ദ ഉണ്ടാകുന്നതാണ്; പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതുമാണ്. "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നീ 4 വാചകങ്ങളിൽ വ്യക്തികൾക്ക് ചേരുന്നതും ലളിതമായതും സ്വയം സ്വീകരിച്ചു കൊള്ളുക.

സാധാരണ ജനങ്ങൾക്ക് ഏറ്റവും ഉചിതമായത് "അമ്മേ ശിവാ" എന്നതാവും. വേറെയും കാരണങ്ങളുണ്ട്. 'അമ്മ' എന്ന പദം വാത്സല്യത്തെ കനപ്പെടുത്തുന്നതാണ്. മേല്പടി 4 വാചകങ്ങളും പഞ്ചാക്ഷരങ്ങൾ ചേർന്നതാണ്; എന്നാൽ "അമ്മേ ശിവാ" എന്ന വാചകം മാത്രം "മ്മ" എന്ന കൂട്ടക്ഷരം കൊണ്ടാണ് കഷ്ടിച്ച് പഞ്ചാക്ഷരങ്ങൾ ആവുന്നത്. ഒരു അക്ഷരം കുറയുമ്പോലെയും വാത്സല്യത്തെ വർദ്ധിപ്പിക്കുന്ന ആനന്ദം പോലെയും "അമ്മേ ശിവാ" സാധാരണ ജനങ്ങൾക്ക് കൂടുതൽ ഇണങ്ങുന്നതാണ്.

"ഓം നമഃ ശിവായ", "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നിങ്ങനെയെല്ലാം മനുഷ്യർ ജപിക്കുന്നത് ദൈവത്തെ സന്തോഷിപ്പിക്കാനല്ല; ദൈവത്തിനു വേണ്ടിയുമല്ലാ എന്നറിയുക.

ദൈവ സ്മരണയ്ക്ക് സ്വീകരിക്കാവുന്ന മഹാശാസ്ത്ര പരവും ലളിതവുമായ മഹാപദങ്ങളെ അനുഗ്രഹിച്ചു നൽകിയിട്ടുള്ളത് മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കിയാണ്. ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിയണം. മഹാശക്തിയായ ദൈവം ശക്തികളെ നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ ഏതൊരു ജീവിക്കും ഏതൊരു കാര്യവും ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ, മനുഷ്യരോട് കേമത്തം കാട്ടിയിട്ട് ദൈവത്തിന് യാതൊന്നും നേടാനില്ല.

'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.

"ഓം, om, aum, ओम्, ഓം" എന്നിങ്ങനെ വ്യത്യസ്ത ഭാഷകളിലെ അക്ഷരങ്ങളെ ഉപയോഗിച്ച് എഴുതുകയും വായിക്കുകയും അച്ചടിക്കുകയും ചിത്രമാക്കുകയും ശില്പമാക്കുകയും, കമ്പ്യൂട്ടറിലും ടെലിവിഷനിലും മൊബൈൽ ഫോണിലുമൊക്കെ എഴുതുകയും മറ്റും ചെയ്യുമെന്നല്ലാതെ, ഏതെങ്കിലും പ്രത്യേക ഭാഷയിലെ അക്ഷരമല്ലാ "ഓം". (മാത്രമല്ല, ഉച്ചാരണത്തിൽ 2 അക്ഷരങ്ങൾ പ്രകടമായതിനെ "ഒറ്റ അക്ഷരപ്പട്ടിക" -യിൽ പെടുത്താനാവില്ല.).

അതായത്, "ഓം" എന്ന് ഉച്ചരിക്കുമ്പോൾ, "ഓം" ശബ്ദബ്രഹ്മവും, എഴുതുമ്പോൾ "ഓം" അക്ഷരബ്രഹ്മവുമാണ്.

മഹാശക്തിയായ ദൈവത്തിന്റെ 'മഹാപ്രപഞ്ചത്തിന് അതീതമായ മഹാഅവസ്ഥ'യാണ് ബ്രഹ്മം എന്ന് മുമ്പ് വിശദീകരിച്ചതാണ്.

"ഓം" അക്ഷരബ്രഹ്മം ആണ്; അക്ഷരമല്ല.

അക്ഷരബ്രഹ്മം, ശബ്ദ ബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "ബ്രഹ്മം" എന്ന പദത്തിനാണ് പ്രാധാന്യം.

അക്ഷരബ്രഹ്മം എന്തെന്നാൽ, 'ബ്രഹ്മ' ത്തെ അക്ഷരം (ലിപി) കൊണ്ടും അവതരിപ്പിക്കാൻ കഴിയുമെന്നും, മഹാശാസ്ത്രപരമായി എഴുതുന്ന അഥവാ മഹാനിശ്ചയിച്ചിട്ടുള്ള അക്ഷരത്തിൽ പ്രവേശിക്കാൻ 'ബ്രഹ്മ'ത്തിനു കഴിയുമെന്നുമാണ്.

അതായത് ഓം എന്ന അക്ഷരബ്രഹ്മത്തിന് ഭാഷകൾക്കെല്ലാം അതീതവും, ശാസ്ത്രപരവുമായ അക്ഷരലിപിയുണ്ട്.

മഹാലിപി യെന്ന് വിശേഷിപ്പിക്കാവുന്ന അക്ഷരം എഴുതുന്നത് എങ്ങനെയെന്നും, പ്രസ്തുത അക്ഷരത്തിൽ ബ്രഹ്മം പ്രവേശിക്കുന്നത് എങ്ങനെയെന്നും പിന്നീട് വിശദീകരിക്കുന്നുണ്ട്.

ശബ്ദബ്രഹ്മമായ ' ഓം ' ചേർത്താലും, ഇല്ലെങ്കിലും, നമഃ ശിവായ 5 അക്ഷരങ്ങളാണ് = പഞ്ചാക്ഷരങ്ങൾ.

ദൈവവിപ്ലവത്തോടെ അധമകാര്യങ്ങൾ ഏറെയും അവസാനിക്കുന്നതാണ്; ലാഭിക്കുന്ന ധനവും ഊർജ്ജവും സമയവും മറ്റും മണ്ണിൽ അദ്ധ്വാനിക്കാനും തങ്ങളുടെയും മറ്റുള്ളവരുടെയും നന്മകൾക്കായി ഉപയോഗിക്കാനും ജനങ്ങൾക്കെല്ലാം കഴിയട്ടെ !

ഓം നമഃ ശിവായ

ഓം ശിവായ നമഃ **ദേവീ ശരണം**

അമ്മേ ശിവ !

ॐ	ഓം

ഓംകാരം

ഓംകാര നീതി ശാസ്ത്രം (മഹാനീതിശാസ്ത്രം)

മഹാപുനർജ്ജന്മസിദ്ധാന്തം

ദൈവശിക്ഷകൾ

Punishments from the Supreme Justice GOD

ॐ

ഓം

ശക്തിശിവൻ പ്രണയമന്ത്രം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്ര മൂലം, ആദി വചനം, സൃഷ്ടിമന്ത്രം, സംഹാര കാഹളം, ഏകമഹാശബ്ദം, മഹാസൂക്ഷ്മ ശബ്ദം, സർവ്വദേശ ഭൂമി ഗാനം, ദൈവവിപ്ലവ ഗാനം, മഹാസംഗീതം, മഹാദേവിയുടെ മഹാചിരി

ഓം എന്താണെന്നു വിശദീകരിക്കുവാൻ യോഗ്യത അത്യാവശ്യമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി, മഹാദശമി രാത്രിയിൽ ഈയുള്ളവന്റെ നാവിൽ 'ഓം'-ന്റെ അക്ഷരബ്രഹ്മ-മൂലരൂപമായ ' 3 ' കുറിച്ചതാണെന്ന് മഹാഎളിമയോടെയും മഹാസന്തോഷത്തോടെയും അറിയിക്കുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം എന്നാലെന്താണ് ?

"ശക്തിശിവൻ പ്രണയമന്ത്രം" ആണ് "ഓം".

"ശബ്ദബ്രഹ്മം" ആണ് "ഓം".

"അക്ഷരബ്രഹ്മം" ആണ് "ഓം".

"മഹാശാസ്ത്ര മൂലം" ആണ് "ഓം".

"ആദിവചനം" ആണ് "ഓം".

"സൃഷ്ടിമന്ത്രം" ആണ് "ഓം".

"സംഹാര കാഹളം" ആണ് "ഓം".

"ഏക മഹാശബ്ദം " ആണ് "ഓം".

"മഹാസൂക്ഷ്മ ശബ്ദം " ആണ് "ഓം".

"ദൈവ-വിപ്ലവ ഗാനം" ആണ് "ഓം".

"മഹാസംഗീതം" ആണ് "ഓം".

"ദൈവത്തിന്റെ മഹാചിരി" ആണ് "ഓം".

മഹാശക്തിയായ മഹാദേവി, ഓം എന്ന ദിവ്യമഹാശബ്ദത്തെ എല്ലാ കാലത്തും മഹാശാസ്ത്രപരമായി സംരക്ഷിക്കുന്നുണ്ട്.

ഓംശക്തിശിവൻ പ്രണയമന്ത്രം

സർവ്വദേശ ഭൂമി ഗാനം

മഹാസംഗീതം

ശബ്ദ ബ്രഹ്മം

അക്ഷരബ്രഹ്മം

ആദി വചനം

സൃഷ്ടി മന്ത്രം

സംഹാര കാഹളം

മഹാശാസ്ത്ര മൂലം

ഏക മഹാശബ്ദം

മഹാസൂക്ഷ്മ ശബ്ദം

ദൈവ വിപ്ലവ ഗാനം

മഹാദേവിയുടെ മഹാചിരി

ഓം ॐ OM

മഹാശാസ്ത്രപരം മാത്രമാണ് ഓം എന്ന്, ഓം എന്ന അക്ഷരബ്രഹ്മത്തിന്റെ യഥാർത്ഥ ലിപി വ്യക്തമാക്കുന്നുണ്ട്.

മഹാപ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊണ്ടും അതീതമായും മഹാപ്രപഞ്ചത്തിലെങ്ങും ഓം വ്യാപരിക്കുന്നത് ചുവടെ വിശദീകരിക്കുന്നു.

ॐ	ഓം

ശക്തിശിവൻ പ്രണയമന്ത്രം @ ശിവ ശിവ പ്രണയമന്ത്രം

മഹാശൂന്യതയും ശിവചക്രവും മഹാലിംഗവും/ ശിവലിംഗവും ഒക്കെയായ ആകാശത്തിന്റെ ഉള്ളിൽ, സദാ ജീവമായ (മഹാ)ശക്തി ചക്രത്തിന്റെ കണങ്ങളും, അവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന 'ശിവചക്രത്തിന്റെ കണങ്ങളും', '**ഓം**' എന്ന '**പ്രണയമന്ത്രം**' സ്വീകരിച്ച് സൃഷ്ടിച്ചു തുടങ്ങിയ ഖര-ദ്രാവക-വാതക വസ്തുക്കളായ ഭൗതിക-അസ്തിത്വങ്ങളുടെ മൊത്തം ദ്രവ്യമാണ് ഭൂമി.

ശക്തി ശിവ ചക്രങ്ങൾ, 'ഭൂമി' എന്ന മഹാരൂപവും, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ മഹാസൂക്ഷ്മ രൂപങ്ങളും, ആറ്റങ്ങൾ, തന്മാത്രകൾ തുടങ്ങിയ സൂക്ഷ്മ രൂപങ്ങളും, മൂലകങ്ങൾ, സംയുക്തങ്ങൾ, ഖര-ദ്രാവക-വാതക വസ്തുക്കൾ, എന്നീ സൂക്ഷ്മ+സ്ഥൂല രൂപങ്ങളും സ്വീകരിക്കുകയും; അവയ്ക്കെല്ലാം വ്യത്യസ്തങ്ങളായ ഘടനകളും സ്വഭാവങ്ങളും ഗുണങ്ങളും പ്രവർത്തനങ്ങളും നിശ്ചയിച്ചിരിക്കുകയാണ്.

സർവ്വവും സുവ്യക്തമായ പദ്ധതികളോടെ ആസൂത്രണം ചെയ്തിരിക്കുകയാണ്. ശക്തിശിവ ചക്രങ്ങളുടെ ഉദ്ദേശമാണ് പ്രധാനം. കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാനും നിർവ്വഹിക്കാനും ഉള്ള മഹാപദ്ധതികളുടെ ഭാഗം മാത്രമാണവ. പ്രസ്തുത മഹാപദ്ധതികളെ മഹാശാസ്ത്ര നിയമങ്ങളായി വസ്തുക്കളിൽ തന്നെ മഹാലയിപ്പിച്ചിരിക്കുകയുമാണ്.

ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന് അതീതമായ ശക്തി-ശിവ ചക്രങ്ങളുടെ പ്രണയ മഹാസാക്ഷാത്കാരമാണ് മഹാശക്തിചക്രവും ഏകദൈവവുമായ ഭൂമി എന്നത് കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കാനും മഹാസംരക്ഷിക്കാനുമുള്ള ദിവ്യമായ മഹാപദ്ധതി മാത്രമാണെന്ന് മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ദൈവ-ആനന്ദങ്ങൾ തെളിയിക്കുന്നു; മനുഷ്യാവസ്ഥയിൽ വർദ്ധിച്ച ജ്ഞാനം ലഭിക്കുമ്പോൾ സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാനാവും.

അനന്തമായ രൂപ ഘടനകളോടെ ജീവികളെ സൃഷ്ടിക്കുകയും അനന്തമായ ആനന്ദങ്ങളെ നൽകി സംരക്ഷിക്കുകയും, മഹാസമനീതി എന്ന 'മഹാസമ ആനന്ദങ്ങളെ' നൽകുകയുമാണ് ദൈവം ചെയ്യുന്നത്. ദൈവം പ്രത്യക്ഷമായി ക്കൊണ്ടും പ്രകടമായി ക്കൊണ്ടും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്താൽ, വ്യക്തിസ്വാതന്ത്ര്യം ഇല്ലാത്ത അടിമകളും അലസരും ഒക്കെയായി ജീവികൾ അധഃപതിക്കുന്നതാണ്. ആകയാൽ ദൈവം പ്രത്യക്ഷമായി സ്വീകരിക്കുന്ന വേറിട്ട് പ്രകടമല്ലാത്ത മഹാരൂപം കൂടിയാണ് ഭൂമി. ഭൂമി എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

ഓം എന്ന 'ശക്തിശിവൻ പ്രണയമന്ത്ര'ത്തെ 'ശിവ ശിവ പ്രണയമന്ത്രം' എന്നും പറയുന്നു.

'ശിവ ശിവ പ്രണയമന്ത്രം' എന്നാൽ ശിവയ്ക്ക് ശിവനോടുള്ള പ്രണയം എന്നും, ശിവന് ശിവയോടുള്ള പ്രണയം എന്നും ഒരുപോലെ അർത്ഥമുണ്ട്. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു, എന്നതിനൊപ്പം മഹാശിവനെ നമിക്കുന്നു എന്ന അർത്ഥം കൂടി ഉള്ളതുപോലെ മഹാദേവിയുടെ ദിവ്യമഹാവിദ്യ 'ഓം ശിവ ശിവ പ്രണയമന്ത്ര'ത്തിലുണ്ട്.

ശിവയ്ക്ക് ശിവയോടു തന്നെയും, ശിവന് ശിവനോടു തന്നെയും പ്രണയം ഉണ്ടാകുന്നതായി ദുർവ്യാഖ്യാനം അരുത്. 'ശക്തിശിവൻ പ്രണയ മന്ത്രം' എന്നത് ദുർവ്യാഖ്യാനത്തെ തടയുന്നു.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർക്ക് ചിന്തിക്കാൻ പോലും വിഷമം ഉള്ളവയാണ് ദൈവീക ആനന്ദങ്ങളുടെ ഭൗതിക അസ്തിത്വം. എങ്ങനെയെന്നാൽ, ഭൂമിയിലെ വസ്തുക്കളിലെയും ശരീരങ്ങളിലെയും ആറ്റങ്ങളിൽ ശിവയായ പ്രോട്ടോണും ശിവനായ ഇലക്ട്രോണും **ഓം** പ്രകാരം **മഹാവാത്സല്ല്യവും മഹാദാസ്യവും** കുഞ്ഞുങ്ങൾക്കു വേണ്ടി ഒരുക്കുകയാണ്. **'ഭൂമിയായ ദൈവത്തിന്റെ അംശമായ വസ്തുക്കളും ശരീരവും' ജീവാത്മാക്കളെ @ ജീവികളെ സേവിക്കുന്നത് അതിൻപ്രകാരമാണ്. ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

ॐ	ഓം

ശബ്ദ ബ്രഹ്മം

മഹാശാസ്ത്ര മൂലം ആദിവചനം സൃഷ്ടിമന്ത്രം

ബ്രഹ്മം എന്നാലെന്തെന്നും, ബ്രഹ്മം ശിവനെയും ശക്തിയെയും സൃഷ്ടിച്ചുകൊണ്ട് മഹാദേവിയായി വർത്തിക്കുന്നതെങ്ങനെയെന്നും വിശദീകരിക്കുന്ന മുൻ അദ്ധ്യായങ്ങളെ വ്യക്തമായി ഗ്രഹിച്ചു കൊണ്ട് ഓം എന്ന ദിവ്യമഹാശബ്ദത്തെപ്പറ്റി പഠിക്കുന്നതു നല്ലത്.

മഹാപ്രപഞ്ചത്തിലെ മനുഷ്യജീവിതത്തെയും, മഹാശാസ്ത്രത്തെയും, മഹാശക്തിയായ മഹാദേവിയുടെ മായാശക്തികളെയും ബന്ധിപ്പിക്കുന്ന 3 പ്രത്യേക കാര്യങ്ങളുണ്ട് :

(1) ജീവികളുടെ ശരീരമായിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഭൗതികഘടന, ശാസ്ത്രനിയമങ്ങളോടെ ദൈവം സൃഷ്ടിച്ചിട്ടുള്ളതു കൊണ്ടാണ് ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്. അങ്ങനെ അല്ലെങ്കിൽ ജീവികൾക്ക് ജീവിക്കാൻ കഴിയുമോ എന്ന് അല്പം ചിന്തിക്കുക. ഭക്ഷണ പാനീയങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, ഭക്ഷണ പാനീയങ്ങളെ സ്വീകരിക്കുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, രോഗങ്ങൾക്കും മരുന്നുകൾക്കും വൈദ്യുതിക്കും ലോഹങ്ങൾക്കും ഊർജ്ജ-പ്രവർത്തനങ്ങൾക്കും യന്ത്രങ്ങൾക്കും... നിയമങ്ങൾ ഇല്ലാതിരിക്കുക, എന്നിങ്ങനെ ചിന്തിക്കുമ്പോൾ, ശാസ്ത്രനിയമങ്ങൾ മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഇല്ലെങ്കിൽ ഭക്ഷണമോ ശരീര പ്രവർത്തനങ്ങളോ മാത്രമല്ല; ജീവിതത്തിലെ എല്ലാ മേഖലകളും സ്തംഭിക്കുന്നതായി കാണാം.

(2) ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ ജീവിക്കാനുള്ള മായ എന്ന പേരിലുള്ള ശക്തികളെ വാരിക്കോരി നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ഇനി അല്പം ചിന്തിക്കുക. ഒരാൾ പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ അതുകണ്ട് പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, അയൽവാസിയായ ഒരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും അയൽവാസികൾ തോന്നുമ്പോലെ മാറിമാറി അടുത്ത മായാസൃഷ്ടി നടത്തുകയും തുടങ്ങിയ രീതിയിൽ ജീവികൾക്ക് മായാശക്തിയിലൂടെ പ്രവർത്തിക്കാമെന്നു വന്നാൽ, ഒരു നിമിഷം പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ, ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം.

(3) മഹാശക്തിയായ ദൈവം, മായ എന്ന പേരിലുള്ള പ്രപഞ്ചത്തിന് അതീതമായ ശക്തികളെ മഹാശാസ്ത്രമായി ചുരുക്കുകയും, മഹാശാസ്ത്രപ്രകാരം മാത്രം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാശാസ്ത്രനിയമങ്ങളെ മനുഷ്യർക്കു വെളിവാക്കി ക്കൊടുക്കുകയും, ഇന്ന് അനുഭവിക്കുമ്പോലെ മനുഷ്യർ ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രപഞ്ചത്തിലെ സുഖസൗകര്യങ്ങൾ കണ്ടെത്തിക്കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിക്കുക.

വളരെ സുന്ദരമായിരിക്കുന്നു.

മനുഷ്യർ തട്ടിക്കൂട്ടുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ സാമൂഹ്യ - സാമ്പത്തിക - ദേശീയ - രാഷ്ട്രീയ - നീതി - വ്യവസ്ഥിതികളെയും ഒക്കെ മഹാശാസ്ത്രപരമായി ശുദ്ധീകരിക്കുക കൂടി ചെയ്താൽ ജീവിതം പരമാനന്ദകരം എന്ന് ഒരുവിധപ്പെട്ട ജനങ്ങളെല്ലാം സമ്മതിക്കുന്നതാണ്.

മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി മഹാആവിഷ്ക്കരിച്ചിരിക്കുന്നു.

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം. മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.

മഹാശക്തിയായ മഹാദേവിയുടെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്; മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരിയും മഹാപ്രപഞ്ചത്തിന് അതീതമാണ് എങ്കിലും മനുഷ്യർക്ക് അത് പ്രകടമല്ല.

മഹാശക്തിയായ മഹാദേവി തന്റെ മഹാ-മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുമ്പോൾ മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ മഹാദേവിയും എന്നു സുവ്യക്തമാണ്. മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ മഹാദേവി സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് സദാ വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !

മഹാദേവി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ തന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ (മഹാശക്തിയായ മഹാദേവിയുടെ) മായയെ മഹാശാസ്ത്രത്തിലും പ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്.

സ്രഷ്ടാവും മഹാരക്ഷകയുമായ മഹാശക്തിയുടെ മായ-യെയും, സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും, ശാസ്ത്രത്തെയും, ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ആവശ്യമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദേവിയുടെ മഹാമായയെ അഥവാ മഹാദേവിയെ പ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം.

മുകളിലെ ഖണ്ഡികയിലെ ഉള്ളടക്കത്തെ ബന്ധപ്പെടുത്തിക്കൊണ്ട്, മനുഷ്യർ ചെയ്തുപോരുന്ന ഒരു വലിയ ദൈവനിന്ദയെപ്പറ്റി അല്പം സൂചിപ്പിക്കേണ്ടതുണ്ട്. ഭൂമിയിലെ അനവധി രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിന്റെ ഉല്പത്തി അന്വേഷിക്കുന്നതും അനേകർ ആറ്റത്തിനകത്ത് ടോപ് ക്വാർക്കുകളെ തേടുന്നതുമായ കാര്യങ്ങൾ ഒരു നിരർത്ഥക വ്യായാമമാണ്. എന്തെന്നാൽ എങ്ങനെയോ സൃഷ്ടിക്കപ്പെട്ട മഹാപ്രപഞ്ചത്തിന്റെ ആദിയെ അഥവാ ഉത്ഭവത്തെ ഭൗതികമായി തേടുന്നു എന്നല്ലാതെ, ദൈവം മഹാസൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചം എന്ന നിലയിലോ, സ്രഷ്ടാവിനെ ബഹുമാനിക്കുന്ന രീതികളിലോ അല്ല അവരുടെ അന്വേഷണം.

(ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ദ്ധരെയും അവമതിച്ചു കൊണ്ട് അവർ കണ്ടെത്തുന്ന ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിക്കുന്ന അധമ-ജനങ്ങളുടെ ദുഷ്ട-പ്രവർത്തനം വലിയ ഒരു കാരണവുമാണ്.).

മഹാപ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ അഥവാ മഹാരഹസ്യത്തെ, മഹാശാസ്ത്രപരമായിത്തന്നെ, മഹാശക്തിയായ മഹാദേവി തന്റെ മഹാദാസനും ഏകപ്രതിനിധിയുമായ പരമശിവനിലൂടെ ചുവടെ അറിയിക്കുകയാണ്. അതീവശ്രദ്ധയോടെ പഠിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിക്കട്ടെ.

ദൈവം മഹാപ്രപഞ്ചത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഒരു വസ്തു വായുവിൽ ചുറ്റുമ്പോഴു മൊക്കെ ശബ്ദം ഉണ്ടാകുന്നതാണ്. മില്ലുകളിൽ യന്ത്രം കറങ്ങുമ്പോഴും വാഹനങ്ങൾ ഓടുമ്പോഴുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത വസ്തുതയെ അഥവാ ശബ്ദത്തെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്.

മഹാപ്രപഞ്ചത്തിലെ സർവ്വതും അടിസ്ഥാനപരമായി ആറ്റങ്ങളുടെ അഥവാ അണുക്കളുടെ കൂട്ടമാണെന്നും, ആറ്റത്തിനകത്ത് പ്രോട്ടോണുകളെ സദാസമയവും ഇലക്ട്രോണുകൾ ചുറ്റിക്കൊണ്ടിരിക്കുകയാണെന്നും ശാസ്ത്രജ്ഞർക്ക് പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ വെളിവായിട്ടുണ്ട്. വസ്തു ചുറ്റുമ്പോഴും മോട്ടോർ ചുറ്റുമ്പോഴും ശബ്ദം ഉണ്ടാകുമ്പോലെ തന്നെ ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ തീർച്ചയായും ശബ്ദം ഉണ്ടാകുന്നുണ്ട് എന്ന് മനുഷ്യർക്ക് വെളിപ്പെട്ടുക്കഴിഞ്ഞ ശാസ്ത്രം പ്രകാരം സുവ്യക്തമാണ്. അതിസൂക്ഷ്മമായ പരമാണുവിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്. സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് ഏറെക്കുറെ എല്ലാ മനുഷ്യരും ! അതിസൂക്ഷ്മമായ ആറ്റത്തിനകത്ത് ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് സുവ്യക്തമാണ്.

അനേകം ശാസ്ത്രജ്ഞന്മാർക്കും മറ്റും അതറിയാം. അതി-സൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നു പറയാൻ കഴിയുമെങ്കിലും ഒരു പരിധി കഴിഞ്ഞാൽ അത് പ്രാവർത്തികമല്ല. അതേസമയം, കാണാൻ കഴിയാത്ത അവസരത്തിൽ ദൈവമില്ലെന്നും കാണാൻ കഴിയുന്ന അവസരത്തിൽ മാത്രം ദൈവം ഉണ്ടെന്നും, ഇന്ദ്രിയങ്ങളുടെ ഭാഗിക ഉപയോഗം കൊണ്ട് മാത്രം നിശ്ചയിക്കുന്നതു പോലെയുള്ള അവസ്ഥ ഉണ്ടാവരുത്. തൽക്കാലം ശബ്ദം കേൾക്കാൻ കഴിയാത്തതുകൊണ്ട്, പരമാണുവിൽ ശബ്ദം ഉണ്ടാകുന്നില്ല എന്നു കരുതുന്നത് തെറ്റാണ്; ശാസ്ത്രപരമല്ല, ദൈവീകവുമല്ല.

ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് ഇലക്ട്രോണുകളോ, പ്രോട്ടോണുകളോ ഇലക്ട്രോണുകളും പ്രോട്ടോണുകളും ചേർന്നോ, ഉണ്ടാക്കുന്നതാവണം എന്നു മാത്രമേ അപൂർണ്ണമായ ഭൗതികശാസ്ത്രം പ്രകാരം കരുതാനാവുകയുള്ളൂ.

യന്ത്രങ്ങൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലാ എങ്കിൽ അഥവാ ചേർക്കപ്പെടുന്നില്ലാ എങ്കിൽ അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു. യന്ത്രം പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതിന്റെ മൂല-ഉത്ഭവം ആറ്റത്തിൽ നിന്നാണ് എന്നു സുവ്യക്തമാണ്. അതായത് ശബ്ദം അതിസൂക്ഷ്മമായ ആറ്റത്തിൽ ഉണ്ട് അഥവാ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ഉണ്ടാകുന്നു അഥവാ ചേർക്കപ്പെടുന്നു.

മഹാപ്രപഞ്ചം മുഴുവൻ ആറ്റങ്ങളെക്കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കയാലും, എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്ന പ്രവർത്തനം സദാ നടക്കുന്നതിനാലും, മഹാപ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലും ഉള്ളതോ ഉണ്ടാകുന്നതോ ആയ ശബ്ദം ഒന്നാണെന്ന് ശാസ്ത്രപരമായി ഏറെക്കുറെ വ്യക്തമാണ്. തൽക്കാലം കേൾക്കാൻ കഴിയാത്തതുകൊണ്ട്, പരമാണുവിൽ ശബ്ദം ഉണ്ടാകുന്നില്ലെന്നു കരുതുന്നത് ശാസ്ത്രീയ രീതിയല്ല, ദൈവികമല്ല.

മഹാശക്തിയായ ദൈവത്തിന്റെ മഹാമായ-യുമായി ബന്ധപ്പെട്ട ശബ്ദം എന്താണെന്നും എങ്ങനെയാണെന്നും ദൈവം വെളിപ്പെടുത്തേണ്ടത്, മഹാമായ-യുമായി ബന്ധപ്പെട്ട സംവിധാനത്തിലൂടെ വേണമോ, അതോ മഹാപ്രപഞ്ച സൃഷ്ടിയുടെ കാരണത്തെപ്പറ്റി എന്തോ ഏതോ പോലെയും ബഹുമാനമില്ലാതെയും അന്വേഷിക്കുന്ന അപൂർണ്ണമായ ഭൗതികശാസ്ത്ര സംവിധാനത്തിലൂടെ വേണമോ എന്ന് ഏതാനും നിമിഷങ്ങൾ ചിന്തിക്കുക. മഹാശക്തിയായ ദൈവം തന്റെ മഹാമായ കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതു കൊണ്ട് പ്രപഞ്ചത്തിന്റെ മഹാരഹസ്യം പോലെയുള്ള മഹാകാര്യങ്ങളെ വെളിപ്പെടുത്തേണ്ടത് മഹാമായ-യുമായി ബന്ധപ്പെട്ട മഹാസംവിധാനം പ്രകാരം തന്നെയാവണമെന്ന് മനുഷ്യർ തീർച്ചയായും ഉച്ചത്തിൽ പറയുന്നതാണ്, തലതാഴ്ത്തി സമ്മതിക്കുന്നതാണ്.

പ്രപഞ്ചപിതാവും, മഹാദാസനും, മഹാദേവനും ഭാഗവും, പ്രതിനിധിയുമായിട്ട് മഹാദേവി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലൂടെ ആറ്റത്തിനുള്ളിലെ മൂല-ശബ്ദം എന്നുകൂടി വിശേഷിപ്പിക്കാവുന്ന പ്രസ്തുത മഹാശബ്ദം എന്താണെന്ന് മഹാദേവി അറിയിക്കുന്നു : ഓം .

രണ്ടോ അതിലധികമോ വസ്തുക്കൾ പ്രതിപ്രവർത്തിക്കുമ്പോൾ ശബ്ദമുണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാശക്തിയായ ദൈവം, ഓം എന്ന ഏകമഹാശബ്ദമായി മാറിക്കൊണ്ട് ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്.

മഹാദേവിയായ സ്രഷ്ടാവിനെയും, മഹാശാസ്ത്ര പ്രകാരമുള്ള **മഹാപ്രപഞ്ചമെന്ന** സൃഷ്ടിയെയും, ബന്ധിപ്പിക്കുവാനായി **ഓം** എന്ന മഹാശബ്ദമായി **മായ** ഓരോ ആറ്റത്തിലേക്കും പ്രവേശിച്ചിരിക്കുകയാണ്. മഹാശാസ്ത്രപരമായി ഓരോ വ്യക്തിയുടെയും ശരീരം ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളിൽ നിന്നും **ഓം** മുഴങ്ങുകയും ബധിരർ ഉൾപ്പെടെ എല്ലാവരും **ഓം** എന്ന മഹാശബ്ദം കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നു. ഓരോ ആറ്റത്തിലേക്കും **ഓം** ആയിട്ട് **മായ** പ്രവേശിച്ചിരിക്കുന്നു എന്നു പറയുമ്പോൾ സ്രഷ്ടാവും രക്ഷകയുമായ **മഹാദേവി** തന്നെയാണ് പ്രവേശിച്ചിരിക്കുന്നത് എന്നും അറിയണം. ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്നു എന്നും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുവെന്നും വിലയിരുത്തിയത് അപൂർണ്ണമായ ഭൗതികശാസ്ത്ര പ്രകാരം മാത്രമാണ്. ദൈവീകമായി, അഥവാ മഹാശാസ്ത്രം പ്രകാരം മഹാപ്രപഞ്ചത്തിലെ സൃഷ്ടികാര്യങ്ങൾ എങ്ങിനെയെന്ന് ഇനി വിവരിക്കാം :-

// മഹാശക്തിയായ മഹാദേവി തന്റെ മായ കൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാൻ തയ്യാറാകുന്നതായി കണക്കാക്കുക. സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവിസംവിധാനത്തിലെ സ്ത്രീയും പുരുഷനും എന്ന ഘടകങ്ങളെ ഉൾക്കൊണ്ട് അവയുടെയെല്ലാം മഹാമാതാവും പരമപിതാവുമായി പ്രവർത്തിക്കേണ്ടുന്നതിന്നായിട്ട് ശക്തിചക്രത്തെയും ശിവചക്രത്തെയും സൃഷ്ടിക്കുന്നു. ശേഷം ബ്രഹ്മമായ മഹാദേവി, ശബ്ദബ്രഹ്മമായ ഓം ആയിക്കൊണ്ട് ശക്തിചക്രത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ശബ്ദമായിട്ട് 'ഓം' മഹാആവിഷ്ക്കരി-ച്ചിരിക്കുകയാൽ ശബ്ദം ഉണ്ടാകുമ്പോഴും, ഉണ്ടാക്കുമ്പോഴും, ശബ്ദം ഉണ്ടാക്കാൻ ഒരാളുള്ളപ്പോൾ പ്രസ്തുത ശബ്ദം കേൾക്കാനും ഒരാളെങ്കിലും ഉണ്ടാവണം. അല്ലെന്നാൽ ശബ്ദത്തിന് ശരിയായ പ്രസക്തി ഇല്ലാതെവരുന്നതാണ്. ബ്രഹ്മമായ മഹാദേവി, ഓം ആയിട്ട് ശക്തിചക്രത്തിലേക്കു മാത്രം പ്രവേശിക്കുമ്പോൾ മഹാദേവിയുടെ മഹാചിരി കൂടിയായ ശബ്ദം ഉണ്ടാകുന്നു, ഓം എന്ന മഹാശബ്ദം. ഓം എന്ന മഹാശബ്ദത്തെ ശിവചക്രം കേൾക്കുന്നു. പരമാണുവിലെ സൂക്ഷ്മ ഘടകങ്ങളായ പ്രോട്ടോണുകൾക്കും ഇലക്ട്രോണുകൾക്കും ശക്തിചക്രം, ശിവചക്രം എന്നിങ്ങനെ ശാസ്ത്രനാമങ്ങളുണ്ട്. ജീവാത്മാവിനും ജീവാത്മാവിനെ നിയന്ത്രിക്കുന്ന മഹാനീതിശാസ്ത്ര പ്രകാരമുള്ള ജന്മഗുണങ്ങൾക്കും, ന്യൂനശക്തികൾക്കും പരമാണുവിൽ ഇടം നൽകാനായി ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയവയെ ഓം സൃഷ്ടിക്കുന്നു;

പരമാണുക്കളെക്കൊണ്ട് കണികകളെയും മൂലകങ്ങളെയും സംയുക്തങ്ങളെയും വസ്തുക്കളെയും ജീവികളെയും ... മഹാപ്രപഞ്ചത്തെയും സൃഷ്ടിക്കുന്നു. നക്ഷത്രകോടികളെയും പുതിയ ജീവികളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ വർദ്ധിപ്പിക്കുന്നതായും മനസ്സിലാക്കാനാവും.

അണുവിലെ (ആറ്റത്തിലെ) ശക്തിചക്രത്തോട് ശബ്ദബ്രഹ്മമായ ഓം ചേരുന്നതോടെ, മഹാശാസ്ത്രവും മഹാപ്രപഞ്ചവും ബ്രഹ്മത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തികളെയും സ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്നതാണ്. മഹാപ്രപഞ്ചത്തിനുള്ളിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന് അതീതമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അതായത് ഒരു പരമാണുവിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും കഴിയുന്ന മഹാമായാ-അവസ്ഥ സൃഷ്ടിക്കപ്പെടുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും പൂർണ്ണമായ അന്തമില്ലായ്മ ഉണ്ടാവുന്നു, പൂർണ്ണമായ ആദിയില്ലായ്മ തോന്നിപ്പിക്കുകയും ചെയ്യുന്നു.

(മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികൾക്കായി മഹാഒരുക്കിയിരിക്കുന്ന ഭൂമിയിലും ചന്ദ്രനിലും സൃഷ്ടിക്കപ്പെടുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികളുടെ സന്തോഷത്തെ മുഖ്യമായും കണക്കാക്കിക്കൊണ്ട് മഹാശക്തിയായ മഹാദേവി മറ്റ് മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കുന്നില്ല എന്ന് മുമ്പ് വിശദീകരിച്ചതാണ്.)

മഹാശക്തിയും ബ്രഹ്മവുമായ മഹാദേവി ശബ്ദബ്രഹ്മമായ ഓം ആയിട്ട് പരമാണുവിൽ പ്രവേശിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും ഓം എന്ന ശബ്ദബ്രഹ്മത്തിനു കഴിയും എന്നതിനാൽ മഹാശാസ്ത്ര മൂലം കൂടിയായി ഓം മഹാശോഭിക്കുന്നതായി കാണാം. ആദിയിൽ അഥവാ ആദ്യം ഉണ്ടായ വചനം @ ശബ്ദം ഓം ആകയാൽ ആദിവചനവുമാണ് ഓം. മഹാപ്രപഞ്ചത്തിന്റെ ഓരോ അണുവിലും ശബ്ദബ്രഹ്മമായ ഓം വർത്തിക്കുന്നതിനാൽ ഓരോ അണുവിനും, മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അന്തമില്ലായ്മ ഉണ്ടാവുന്നു, ആദിയില്ലായ്മ തോന്നിപ്പിക്കുകയും ചെയ്യുന്നു.

മഹാപ്രപഞ്ചത്തിന്റെയും മഹാശാസ്ത്രത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളപ്പെടുത്തുവാനായിട്ട് ബ്രഹ്മമായ മഹാദേവി മായ-യുടെ ഒരംശത്തെ ഓം എന്ന ശബ്ദബ്രഹ്മമായി രൂപപ്പെടുത്തിയിരിക്കുകയാണ് എന്നതും ശരിതന്നെയാണ്. ബ്രഹ്മമായ മഹാദേവിയ്ക്ക് തന്റെ മഹാമായ-യെ സമ്പൂർണ്ണമായും ഓം എന്ന ശബ്ദബ്രഹ്മത്തിലോ എന്തിലുമോ പ്രവേശിപ്പിക്കുവാനും കഴിയുമെന്ന വസ്തുതയുണ്ട്.

ശബ്ദബ്രഹ്മമായ ഓം ആണോ മഹാപ്രപഞ്ചം സൃഷ്ടിച്ചത്, എന്ന് ചോദിച്ചാൽ അല്ലായെന്നാണ് സൂക്ഷ്മ ഉത്തരം. മഹാശക്തിയായ മഹാദേവിയാണ്, 'മഹാശക്തിചക്രം+ശിവചക്രം' ആണ് മഹാപ്രപഞ്ചം സൃഷ്ടിച്ചത്, മഹാപ്രപഞ്ചം സൃഷ്ടിക്കുവാനായുള്ള മഹാദേവിയുടെ ഒരു മഹാ-ആവിഷ്ക്കാരം മാത്രമാണ് ഓം. (മഹാലിംഗവും ബ്രഹ്മസമാനവുമായ ആകാശം ഇവിടെ വിഷയമാണ്. മഹാദേവിയുടെ മഹാലിംഗം കൂടിയായ ആകാശം സൃഷ്ടി കാര്യങ്ങളിൽ ഏകമായി പ്രവർത്തിക്കുന്നുണ്ട്!). അപ്പോൾ ഒരു -ലൂടെ മാത്രമാണ് ഓം. ശക്തിശിവൻ പ്രണയമന്ത്രമായും, സൃഷ്ടിമന്ത്രമായും, ആദിവചനമായും, സംഹാര കാഹളമായും, മഹാശാസ്ത്ര-മൂലമായും, ശബ്ദ ബ്രഹ്മമായും, അക്ഷരബ്രഹ്മമായും, മഹാശബ്ദമായും, മഹാസംഗീതമായും, ഭൂമിഗാനമായും, ദൈവ വിപ്ലവ ഗാനമായും, മഹാചിരി ആയും ഒക്കെ ഓം -നെ ബ്രഹ്മം അഥവാ ബ്രഹ്മ-മഹാദേവി സൃഷ്ടിച്ചിരിക്കുകയാണ്.

ആദിയിൽ വചനമുണ്ടായി എന്നു പറയുമ്പോൾ, ബ്രഹ്മവും മഹാശക്തിയുമായ മഹാദേവി, ആദിവചനമായിട്ട് ഓം എന്ന മഹാശബ്ദത്തെ സൃഷ്ടിക്കുകയാണ്. കുറേക്കൂടി വിശദീകരിക്കാം. മഹാപ്രപഞ്ചവും ബ്രഹ്മവും ഉൾപ്പെടെ സർവ്വവും ഓം ഉൾക്കൊള്ളുമ്പോഴും, ബ്രഹ്മത്തെ ശബ്ദബ്രഹ്മം മാത്രമായോ ശബ്ദബ്രഹ്മത്തിൽ ഒതുങ്ങുന്നതായോ കണക്കാക്കാനാവില്ല. ബ്രഹ്മവും മഹാശക്തിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവിയും മഹാപിതാവും മഹാമാതാവുമായ ദൈവം,

തന്റെ മഹാമായാപ്രഭാവത്താൽ ഓം എന്ന ശബ്ദബ്രഹ്മമായി ക്കൊണ്ടും, മഹാജ്ഞാനത്തെ മഹാശാസ്ത്രമാക്കി ക്കൊണ്ടും മഹാപ്രപഞ്ചം സൃഷ്ടിച്ചിരിക്കുകയാണ്, സംരക്ഷിക്കുകയാണ്. അതായത് ബ്രഹ്മമായ-മഹാദേവി ശബ്ദബ്രഹ്മമായി ഓം സൃഷ്ടിക്കുകയും, ഓം -ൽ പ്രവേശിക്കുകയും, ഓം -നെ സൃഷ്ടിമന്ത്രമായി ഉയർത്തുകയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്ക് ഓം ഉപയോഗിക്കുകയും ഓം-ലൂടെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രപരമായി മഹാദേവി പ്രവേശിച്ചിരിക്കുക കൂടിയുമാണ്. മഹത്വം മഹാദേവിക്കു മാത്രം. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

പ്രപഞ്ചത്തിലെ സമസ്ത ആറ്റങ്ങളുടെയും ഉള്ളിൽ ശക്തി എവിടെ നിന്നും വന്നു ? കണ്ടെത്താൻ ലളിതമായ മാർഗ്ഗം ഉണ്ട്.

ദൈവം, ശബ്ദത്തെയും ശക്തികളെയും മഹോന്നതമായി ലയിപ്പിച്ച് ഉയർത്തിയിട്ടുണ്ട്.

ജീവിതത്തെ ഏറ്റവും ആനന്ദകരമാക്കുന്നത് ശബ്ദമാണ്; മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതം അരോചകവും അർത്ഥശൂന്യം പോലെയും ആകുന്നതാണ്. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്നതാണ്.

ശബ്ദം യഥാർത്ഥത്തിൽ സ്വയം ഉണ്ടാവുകയാണ്; ഉണ്ടാക്കുകയാണെന്ന പ്രതീതിയെ ശബ്ദം തന്നെ ജീവികൾക്ക് നൽകുകയും അവയെ കൂടുതൽ സന്തോഷിപ്പിക്കുകയുമാണ്. ഉദാഹരണത്തിന് ചുറ്റും ഒന്നു ശ്രദ്ധിച്ചാൽ, തേങ്ങ താഴെ വീഴുമ്പോഴും, കാറ്റ് വീശുമ്പോഴും, മഴ പെയ്യുമ്പോഴും, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഫാൻ പോലെയുള്ളവ വായുവിൽ ചുറ്റുമ്പോഴും ഒക്കെ ശബ്ദം ഉണ്ടാകുന്നുണ്ട്. **വ്യവസായ ശാലകളിലും മറ്റും യന്ത്രങ്ങൾ കറങ്ങുമ്പോഴും വാഹനങ്ങൾ ഓടുമ്പോഴും ശക്തിക്ക് അഥവാ ഊർജ്ജത്തിന് പരിണാമം ഉണ്ടാകുന്നതും; അക്കൂടെ ശബ്ദം ഉണ്ടാകുന്നതും അനുഭവിച്ച് അറിയുന്ന കാര്യമാണ്.**

ഊർജ്ജത്തിന് പരിണാമം സംഭവിക്കുമ്പോൾ, അവിടങ്ങളിലെല്ലാം ഉണ്ടാകുന്ന ശബ്ദം മറ്റൊരു ഊർജ്ജമോ ഉപോല്പന്നമോ അല്ല.

'ആദിയിൽ വചനം ഉണ്ടായി, .. വചനം ദൈവം ആയിരുന്നു", "ഉണ്ടാകട്ടെ" തുടങ്ങിയ വചനങ്ങൾ ദൈവീകമാണ്; അവയെ മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു.

മറ്റുള്ള ജീവികളും, മനുഷ്യരും, യന്ത്രങ്ങളുടെ പ്രവർത്തനവും, ശബ്ദങ്ങളെ ഉണ്ടാക്കുന്നതായി കരുതുന്നത് തെറ്റാണ്. **ശബ്ദങ്ങളായി ദൈവം പ്രകടമാവുകയാണ്.**

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലുള്ള **ആദിവചനവും, സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും** ഒക്കെയായ ഏകമഹാശബ്ദത്തിൽ നിന്നും എല്ലാ ജീവികളുടെയും ജീവിതത്തെ മഹാസുന്ദരമാക്കുന്ന അനന്തമായ ശബ്ദങ്ങളെ ലഭിക്കുകയാണ്. **ജീവികളുടെ സ്വത്വം, ശരീരം, ജീവിതം, ഭൂമി എന്നിവയെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഭൂമിയായ ദൈവത്തിന്റെ മഹാ-ആവിഷ്ക്കാരമാണത്.**

ഭൂമിയുടെ ഏതാനും മൂലകങ്ങൾ കൊണ്ട് ഭൂമി അഥവാ ശരീരം സ്വയം ഉണ്ടാക്കിയിട്ടുള്ള ശരീരത്തിലെ കൈകാലുകൾ, വിരലുകൾ, കീഴ്ത്താടി കൊണ്ട് വായ്, നാവ്, ചുണ്ട്, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ മാത്രമേ സ്വത്വബോധം എന്ന ജീവാത്മാവിന്, 'ഭൂമിയുടെ അഥവാ ദൈവത്തിന്റെ അംശമായ ശരീരം' നൽകുന്നുള്ളൂ. പ്രസ്തുത ഭാഗികമായ ചലനങ്ങളെ കൊണ്ടു തന്നെ ശരീരത്തെ മൊത്തം ഭരിക്കുന്നതും ശരീരം വ്യക്തിയുടെ സ്വന്തമാണെന്ന പ്രതീതിയും വ്യക്തിക്ക് നൽകി ആനന്ദിപ്പിക്കുന്നുണ്ട്. **ഭാഗിക 'ചലന സ്വാതന്ത്ര്യമാകുന്ന ശരീരത്തിലെ ശക്തികളെ' ശരീരത്തിന്റെ അകമേയും പുറമേയും വ്യക്തിചെലുത്തുന്നു.**

അപ്പോൾ വ്യക്തിയും ശബ്ദം കേൾക്കുന്നു 'ബധിരത' ഇല്ലെങ്കിൽ, എന്നല്ലാതെ വ്യക്തിക്ക്/ ജീവിക്ക് / ജീവാത്മാവിന് ശബ്ദത്തെ ഉണ്ടാക്കാനോ നിശ്ചയിക്കാനോ കഴിയില്ല; കഴിവില്ല.

മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും, വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ശബ്ദങ്ങളെ ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നതും, വളരെയധികം സാധിക്കുന്നതും 'ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും, അവയിൽ ലയിച്ചിട്ടുള്ള മഹാശബ്ദവും', ഓരോ വ്യക്തിക്കും / ജീവിക്കും / സ്വത്വമായ ജീവാത്മാവിനും 'ശബ്ദത്തെ' കനിഞ്ഞു നൽകുന്നതു കൊണ്ടു മാത്രമാണ്. ജീവിതത്തിൽ, ഭാഗികമായോ പൂർണമായോ, താൽക്കാലികമായോ സ്ഥിരമായോ ഒച്ച അടയ്ക്കുന്നതും, വ്യത്യാസപ്പെടുന്നതും, ഉപ്പുവെള്ളം തൊണ്ടയിൽ കുലുക്കുന്നതും, 'ശബ്ദം നഷ്ടപ്പെടുമ്പോൾ വീണ്ടും തിരിച്ചു കിട്ടിയേക്കും' എന്ന പ്രത്യാശ നൽകിക്കൊണ്ട് സ്വന്തം കഴിവില്ലായ്മ പ്രകടിപ്പിക്കുവാൻ മാത്രം ഡോക്ടർമാർക്ക് കഴിയുന്നതും, ശബ്ദത്തെ സൃഷ്ടിക്കാൻ യഥാർത്ഥത്തിൽ കഴിവില്ലാത്തതു കൊണ്ടാണ്.

സ്വന്തമെന്ന് കരുതുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ ബോദ്ധ്യമാകുമെങ്കിലും, കുഞ്ഞുങ്ങൾ ശ്രമിക്കുന്നില്ല; ജീവിക്കാൻ അത്യാവശ്യം അല്ലാത്ത ജ്ഞാനം നൽകി ദൈവം കുഞ്ഞുങ്ങളെ ഭാരപ്പെടുത്തുന്നുമില്ല.

ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളും ശാസ്ത്ര പരമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്; ശബ്ദവുമായി ബന്ധപ്പെട്ട ഊമത്തം ഒഴികെയുള്ള എല്ലാ രോഗങ്ങളെയും/ അവസ്ഥകളെയും വൈദ്യശാസ്ത്ര നിയമങ്ങൾ പ്രകാരം ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ ചെയ്തു സുഖപ്പെടുത്താൻ കഴിയുമെന്ന ധാരണ ഉണ്ടാകുന്നതുമാണ്. ഔഷധം നൽകിയും ശസ്ത്രക്രിയ ചെയ്തും ഊമയെ സംസാരിപ്പിക്കാമെന്ന് ഡോക്ടർക്ക് പറയാൻ കഴിയില്ല.

ശബ്ദത്തിന്റെ കാര്യത്തിൽ വ്യത്യാസം ഉണ്ടാകുവാൻ കാരണം, ശബ്ദം /വചനം ദൈവം തന്നെയാണ്.

സ്രഷ്ടാവ് കൂടിയായ ശബ്ദം, സൃഷ്ടികൾ ആഗ്രഹിക്കുന്ന അനന്തമായ ശബ്ദങ്ങളായി പ്രകടമാവുകയാണു ചെയ്യുന്നത്.

കുറച്ചുകൂടി വിശദമാക്കാം : വ്യക്തിയുടെ അഥവാ സൃഷ്ടികളുടെ ആഗ്രഹത്തിനൊത്ത് ശബ്ദം ഉണ്ടാവുകയാണ്; ദൈവാംശമായ ശരീരം, സൃഷ്ടിയുടെ ആഗ്രഹത്തെ അനുവദിക്കുകയാണ്.

ശബ്ദത്തെ ഉച്ചരിക്കാനുള്ള സൃഷ്ടിയുടെ ആഗ്രഹത്തെ 'ദൈവാംശമായ ശരീരത്തിൽ' ഭൗതിക അസ്തിത്വം ഉള്ള കമ്പനങ്ങളായി /ശക്തികളായി സൃഷ്ടിക്കുകയും, കമ്പനങ്ങളെ ശബ്ദമായി മാറ്റുകയുമാണ്.

വ്യക്തികൾക്ക് തനതായി ലഭിക്കുന്ന ശബ്ദ വ്യത്യാസം, വ്യത്യസ്ത ജീവികൾക്ക് ലഭിക്കുന്ന ശബ്ദ (ഉച്ചാരണ) വ്യത്യാസം, ശബ്ദത്തിന്റെ അളവ് (volume) എന്നിവയെ **നിശ്ചയിക്കുന്നത് സ്വയം ശബ്ദം തന്നെയാണ്; അഥവാ ശബ്ദം നിശ്ചയിക്കുന്ന പോലെ ദൈവാംശമായ ശരീരമാണ്; സ്വത്വം അഥവാ ജീവാത്മാവ് അല്ല.**

ദൈവം, സൃഷ്ടികൾക്ക് അനുഗ്രഹിച്ചു നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രകാരം ഏറ്റവും ശ്രേഷ്ഠം, നല്ലത്, മോശമായത്, എന്നിങ്ങനെയുള്ള ശബ്ദങ്ങളെ ഉച്ചരിക്കാൻ വ്യക്തി ആഗ്രഹിക്കുന്നത് സൃഷ്ടികൾക്ക് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയമാണ്.

പൊതുവേ വ്യക്തിക്ക് നൽകുന്ന സ്വാതന്ത്ര്യത്തിൽ ഭൂമി ഇടപെടില്ല എങ്കിലും മഹാനീതി ശാസ്ത്ര പ്രകാരം താൽക്കാലികമായോ അപൂർവ്വമായി കൂടുതൽ കാലമോ വ്യക്തിക്ക് ഒച്ച/ശബ്ദം നൽകിയില്ലെന്നും, ഊമയാക്കിയെന്നും വരാം.

ശബ്ദം തരംഗങ്ങൾ പോലെ സഞ്ചരിക്കുന്നതും, വസ്തുക്കളിൽ കമ്പനത്തെ സൃഷ്ടിക്കുന്നതും, കമ്പനങ്ങൾ വീണ്ടും ശബ്ദമാകുന്നതും വെളിപ്പെട്ടു കഴിഞ്ഞ ശാസ്ത്ര നിയമങ്ങളാണ്. കമ്പനങ്ങളെ സൃഷ്ടിച്ചും ആധാരമാക്കിയും റിക്കാർഡിംഗും, റിക്കാർഡറുകളും അനുവദിച്ചിരിക്കുകയാണ്. റിക്കാർഡറുകൾ ചെയ്യുമ്പോലെ, ഊമയിലെ കമ്പനത്തെ ശബ്ദങ്ങളായി മാറ്റാൻ **ശബ്ദം കുടിയായ ദൈവം** അനുവദിച്ചാൽ ഊമത്തം മാറുന്നതാണ് ! മണ്ണ്, കല്ല്, സിമന്റ് തറ, ഓട്, ഷീറ്റ്, തുടങ്ങി വ്യത്യസ്ത പ്രതലങ്ങളിൽ ഒരേ ശബ്ദം, ഉദാഹരണത്തിന് മഴവെള്ളം വീഴുമ്പോൾ, ശബ്ദ വ്യത്യാസങ്ങൾ ഉണ്ടാകുന്നതും; ദൂരെ ഉണ്ടാകുന്ന ശബ്ദങ്ങളെ കേൾക്കാൻ കഴിയുന്നതും കമ്പനങ്ങളായി സ്മാർട്ട്ഫോണിലുള്ള റിക്കാർഡറുകൾ പോലും റിക്കാർഡ് ചെയ്യുന്നതും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളും ഉച്ചഭാഷിണികളും റേഡിയോയും മറ്റും ശബ്ദം കുറയ്ക്കുമ്പോഴും കൂട്ടുമ്പോഴും കമ്പനത്തിന് മാറ്റം ഉണ്ടാകുന്നില്ല എന്നതും, ശബ്ദത്തിന്റെ ദൈവപ്രഭാവമാണ് !

സ്മാർട്ട്ഫോണിലുള്ള റിക്കാർഡറുകൾ ചുറ്റുമുള്ള ശബ്ദങ്ങളെ റിക്കാർഡ് ചെയ്യുമ്പോൾ, മനുഷ്യർക്കു ലഭ്യമായ കേൾവി ശക്തിക്ക് ആനുപാതികമായി റിക്കാർഡ് ചെയ്തവയെ കേൾക്കാൻ കഴിയുന്നതാണ്. കിലോമീറ്ററുകൾക്ക് അകലെ മിന്നലിനോടൊപ്പം ഉള്ളതായ ഇടിമുഴക്കത്തെയും റിക്കാർഡ് ചെയ്തിട്ടുണ്ടെന്ന് കേട്ടു തന്നെ അറിയാം. മനുഷ്യരുടേതിൽ നിന്ന് വ്യത്യസ്തമായി വളരെയധികം കേൾവി ശക്തി ഉള്ള ജീവിക്ക് സൂക്ഷ്മവും സ്ഥൂലവുമായ ഏറെ ശബ്ദങ്ങളെ ഒരേ റിക്കാർഡറിൽ നിന്ന് കേൾക്കാൻ കഴിയുന്നതാണ്.

മനുഷ്യന്റെ കൈവശം ഉള്ള ഫോണിലെ റിക്കാർഡറിൽ നിന്നു പോലും അനന്തമായ ശബ്ദങ്ങളെ റിക്കാർഡ് ചെയ്യാൻ കഴിയും. ആറ്റത്തിന്റെ ഉള്ളിലെ ശബ്ദ ബ്രഹ്മം എന്ന മഹാ-റിക്കാർഡർ കൂടിയായ സ്രഷ്ടാവ് പ്രപഞ്ചത്തിലെ സർവ്വവും ഒരേസമയം മഹാശാസ്ത്രപരമായി കേൾക്കുന്നുണ്ട്; റിക്കാർഡ് ചെയ്യുന്നുമുണ്ട് എന്ന മഹാപാഠം വെളിപ്പെടുന്നു. സമസ്ത ജീവികളുടെയും പ്രാർത്ഥനകളെ ശബ്ദ ബ്രഹ്മം എന്ന മഹാ-റിക്കാർഡർ മുഖേന കേൾക്കാൻ കഴിയുന്നതാണ് അഥവാ സ്വയം ദൈവം തന്നെയായ ശബ്ദ ബ്രഹ്മം സദാ അറിയുന്നുണ്ട്. ദൈവത്തിന്റെ വാതക രൂപമാണ് ഓക്സിജൻ എന്ന് തെളിയിച്ചിട്ടുള്ളതിനെയും, മനുഷ്യരുടെ ചിന്തകളെ പോലും ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും ശക്തിയുമായ ഓക്സിജൻ അറിയുന്നുണ്ട് എന്നതിനെ കൂട്ടിവായിക്കുമ്പോൾ ശബ്ദ ബ്രഹ്മം തന്നെയാണ് ഓക്സിജനെ സൃഷ്ടിച്ചിട്ടുള്ളത് അഥവാ ഓക്സിജനായി അവതരിക്കുന്നത് എന്നും തെളിയുന്നുണ്ട്. (ബ്രഹ്മം എന്നു വച്ചാൽ, പ്രപഞ്ചം ഉൾപ്പെടെ യാതൊന്നും ഇല്ലെങ്കിലും ഏതൊന്നുണ്ടോ അതാണ് ദൈവം എന്ന പ്രപഞ്ചത്തിനും അതീതമായ ദൈവത്തിന്റെ മഹാഅവസ്ഥ ആണ്. ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ബ്രഹ്മ പാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്.)

മാതാപിതാക്കളുടെ ശബ്ദവുമായും സ്വഭാവങ്ങളുമായും മറ്റും കുട്ടികൾക്ക് ശബ്ദ-സാമ്യം ഉണ്ടാകുമ്പോൾ അതിനു കാരണം മാതാപിതാക്കളുടെയും മറ്റും ജീനുകൾ പകരുന്നതു കൊണ്ടാണെന്ന് ദുർവ്വാദിക്കുന്നവർക്കുള്ള മഹാശാസ്ത്രപരമായ ഉത്തരവും ശബ്ദം ആയ ദൈവം നൽകുന്നുണ്ട്. ഇന്ന് സർവ്വസാധാരണം ആയിരിക്കുന്ന മിമിക്രി കലാകാരന്മാരിൽ മിക്കവരും നൂറിലേറെ ആളുകളുടെ ശബ്ദത്തെ കൃത്യമായി അനുകരിക്കുമ്പോൾ, ജീൻ വാദം പ്രകാരം, മനുഷ്യ-മാതാപിതാക്കളും ബന്ധുക്കളും ഉൾപ്പെടെ **പ്രപഞ്ചത്തിലെ സമസ്ത സൃഷ്ടികളുടെയും മാതാപിതാക്കൾ യഥാർത്ഥത്തിൽ മഹാശക്തിയായ ദൈവം ആണെന്ന്** മഹാശാസ്ത്ര പരമായി തെളിയുന്നുണ്ട്.

ആദിവചനത്തിന്റെ / സൃഷ്ടിമന്ത്രത്തിന്റെ മഹാ-ഭാഗം

ശക്തിയെ അഥവാ ഊർജ്ജത്തെ സൃഷ്ടിക്കുവാൻ സൃഷ്ടിയായ ജീവിക്ക് / ആത്മാവിനു കഴിയില്ലെങ്കിലും, താപ-ഊർജ്ജത്തെ കൊണ്ട് ഭക്ഷണത്തെ വേവിക്കുന്നതു പോലെ ഊർജ്ജത്തെ മറ്റൊരു ഊർജ്ജമായി പരിണമിപ്പിക്കാൻ കഴിയുമെന്ന ശാസ്ത്ര പാഠം ആദികാലം മുതൽ മനുഷ്യന് നൽകിയിട്ടുണ്ട്. ഊർജ്ജ പരിണാമം പ്രകാരമാണ് വൈദ്യുതി നിർമ്മാണം, യന്ത്രങ്ങളുടെ പ്രവർത്തനം തുടങ്ങിയവ ചെയ്യുന്നത്. ആവി / ഡീസൽ/ പെട്രോൾ എൻജിൻ / ജല വൈദ്യുത യന്ത്രം / കെമിക്കൽ യന്ത്രം / കാന്തം / കൽക്കരി / ബൾബ് തുടങ്ങിയവ കൊണ്ടും ഊർജ്ജത്തെ ആവശ്യാനുസരണം പരിണമിപ്പിക്കുന്നുണ്ട്.

ചില ക്രമപ്രശ്നങ്ങളിലൂടെ വിവരിക്കാം. ആറ്റത്തിനുള്ളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ അംശമാണ് ഇലക്ട്രോൺ എങ്കിൽ ഇലക്ട്രോണിന് സ്വയം സദാ ചുറ്റാൻ കഴിയും; അങ്ങനെ വരുമ്പോൾ ദൈവാംശമാണ് ഇലക്ട്രോൺ എന്ന് തെളിയിക്കാൻ കഴിയണം; തെളിയിക്കാൻ തൽക്കാലം മാർഗ്ഗമില്ല. പ്രോട്ടോൺ, ഇലക്ട്രോണിന് സദാ ശക്തി നൽകി ക്കൊണ്ടിരുന്നാൽ ഇലക്ട്രോണിന് ചുറ്റാനാകും; അപ്പോൾ ദൈവാംശമാണ് പ്രോട്ടോൺ എന്ന് തെളിയിക്കാൻ കഴിയണം; അത് തെളിയിക്കാനും തൽക്കാലം മാർഗ്ഗമില്ല. മനുഷ്യർക്ക് വെളിപ്പെട്ടു കഴിഞ്ഞ ശാസ്ത്രം പ്രകാരം, സൂക്ഷ്മമായ ആറ്റത്തിനുള്ളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ ചുറ്റാനുള്ള ശക്തി നൽകുന്നത് ശബ്ദമാണോ എന്നറിയണം.

ശബ്ദം കമ്പനത്തെ / ഊർജ്ജത്തെ / ശക്തിയെ ഉണ്ടാക്കുന്നുണ്ട്; അഥവാ ശബ്ദം ശക്തി കൂടിയാണ്. റേഡിയോ, ടേപ്പ് റിക്കാർഡറുകൾ തുടങ്ങിയവ സാക്ഷ്യമാണ്. അപ്പോൾ പ്രോട്ടോണുകളെ ഇലക്ട്രോണുകൾക്ക് സദാ ചുറ്റാൻ ആവശ്യമായ ശക്തി നൽകുന്നത് ശബ്ദമാണെന്ന് സാരം. പ്രപഞ്ചത്തിലെ എല്ലാ ഇലക്ട്രോണുകൾക്കും ശക്തി പകർന്നു നൽകുന്നത് ശബ്ദം ആകുമ്പോൾ, ആയത് 'ഏകമഹാ-ശബ്ദമായ ബ്രഹ്മകണം' ആവണം. ഇലക്ട്രോണുകൾക്കും പ്രോട്ടോണുകൾക്കും ന്യൂട്രോൺ ഉൾപ്പെടെ മറ്റു ഘടകങ്ങൾക്കും, ആറ്റങ്ങൾക്കും, സമസ്ത മൂലകങ്ങൾക്കും, ഭൂമിക്കും പ്രപഞ്ചത്തിനും ശക്തി കിട്ടുന്നത് 'ദൈവമായ മഹാശബ്ദ' ത്തിൽ നിന്നാണെന്നു തെളിയുന്നു.

അതിസൂക്ഷ്മമായ പരമാണുവിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്. സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് ഏറെക്കുറെ എല്ലാ മനുഷ്യരും ! അതിസൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നെല്ലാം പറയാൻ എളുപ്പമാണെങ്കിലും, നിശ്ചിത പരിധി കഴിഞ്ഞാൽ അത് പ്രാവർത്തികമല്ല. പരമാണുവിൽ ശബ്ദം ഉണ്ടാകുമെന്നത് ശാസ്ത്രപരമാണ്. എന്നുവച്ചാൽ, മഹാശക്തി, മഹാസത്യം എന്നെല്ലാം കഷ്ടിച്ചു വിശേഷിപ്പിക്കാവുന്നതും പ്രപഞ്ചത്തിന് അതീതവുമായ ശക്തിക്ക് ശബ്ദം പോലെ അതീതമായും പ്രപഞ്ചത്തിൽ പ്രവേശിക്കാൻ കഴിയും !

ദൈവം ആകുന്ന ശബ്ദം എന്താണെന്ന് വെളിപ്പെട്ടത് **ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും കേൾക്കാനും സുവ്യക്തമായി ബോദ്ധ്യപ്പെടാനും കഴിയണം. ദൈവത്തിന്റെ അംശമല്ലാത്ത സൃഷ്ടിയായ ജീവാത്മാവ് ഒഴികെ,** 'സ്വന്തമെന്ന് ജീവാത്മാവ് പലപ്പോഴും തെറ്റിദ്ധരിച്ചു പോരുന്ന 'ശരീരം ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും ദൈവത്തിന്റെ അംശങ്ങളാണ് ' എന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, അവയിൽ നിന്നെല്ലാം മഹാസംഗീതമായും, ദൈവത്തിന്റെ മഹാചിരിയായും ഓം ഉടൻ മുഴങ്ങുന്നതാണ്. **എല്ലാ മനുഷ്യരും കേൾക്കുന്നതാണ്.**

ഭൂമിയിലെങ്ങും തുടർച്ചയായി 3 മുതൽ 33 വർഷക്കാലം **ഓം** ധ്വനിക്കുമ്പോൾ; ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയുന്നതാണ്.

മഹാശക്തിയായ മഹാദേവി ഓം-ലൂടെയും പരമശിവനിലൂടെയും മഹാകാര്യങ്ങളെ ചെയ്യുമ്പോൾ ഓം -ഉം പരമശിവനും, മഹാദേവിയുടെ ഭാഗങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന മാധ്യമം അല്ലാത്ത മാധ്യമം അഥവാ -ലൂടെ മാത്രമാണ്. കർത്താവ് മഹാദേവി തന്നെയാണ്. ഓം എന്ന സൃഷ്ടിമന്ത്രത്തിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാമായയുടെ ഒരു ചെറിയ അംശത്തിലൂടെ ജ്ഞാന (ശാസ്ത്ര) + ശക്തി കാര്യങ്ങളെ മുഴുവനും മഹാദേവി ചെയ്യുന്നു.

പരമശിവനി-**ലൂടെ** ചെയ്യുന്ന കാര്യങ്ങളെപ്പറ്റി പറയുമ്പോൾ തനിപ്പെട്ട വ്യക്തിസ്വാതന്ത്ര്യം നൽകരുതേ എന്ന് **മഹാദേവിയോട്** പരമശിവൻ ഉള്ളുരുകി പ്രാർത്ഥിക്കുന്നതുകൊണ്ടും **മഹാദേവി** പ്രാർത്ഥനയെ മഹാഅനുവദിക്കുന്നതു കൊണ്ടുമാണ് പരമശിവനി**ലൂടെ** ചെയ്യുന്ന **കാര്യങ്ങൾക്ക് മഹാദേവി മഹാ-കാരണക്കാരിയാവുന്നത്**. പ്രപഞ്ചപിതാവായും കൂടി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനെ **മഹാസംശുദ്ധനാക്കുന്നതിന്റെ** ഭാഗമായിട്ട് പരമശിവന്റെ വ്യക്തിസ്വാതന്ത്ര്യത്തെ **ദൈവീകമായിട്ട് മഹാനിയന്ത്രിക്കുവാൻ** കൂടിയാണ് **പരമശിവനെ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാബന്ധിക്കുന്നത്.**

മഹാദേവിയുടെ മഹാമായാ - ആവിഷ്ക്കാരത്തിലെ ഗൂഢതയുടെ രഹസ്യം ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും !

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപമായിട്ട് അഥവാ പരബ്രഹ്മമായി സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മഹാസുന്ദരമാക്കാനാണ് ഓം -ന്റെ സൃഷ്ടി എന്ന തിരിച്ചറിവോടെ കാര്യങ്ങളെ സമീപിക്കുമ്പോൾ, ബ്രഹ്മത്തിന്റെ ആദിയും അന്തവും ഇല്ലാത്ത സ്വഭാവ-വിശേഷങ്ങളെപ്പറ്റി അന്വേഷിക്കുന്നത് ആവശ്യമില്ലാത്തതും പൂർത്തിയാക്കാൻ കഴിയാത്തതും വ്യർത്ഥവുമായ വ്യായാമം ആണെന്നും, ലഘുവായി പ്രപഞ്ചകാര്യങ്ങളെ മനസ്സിലാക്കുകയേ വേണ്ടൂ എന്നും ബോദ്ധ്യമാകുന്നതാണ്. ശക്തിയെയും ശിവനെയും സൃഷ്ടിക്കുന്നതിനെപ്പറ്റി മുമ്പ് വ്യക്തമാക്കിയിരുന്നു. പരമാണുവിൽ ശക്തിചക്രമായും ശിവചക്രമായും സൃഷ്ടിക്കപ്പെടുന്നത് ശക്തിയും ശിവനും തന്നെയാണ്.

പരമാണുവിന്റെ ഉള്ളിലിരുന്നു കൊണ്ട് ശബ്ദബ്രഹ്മമായ ഓം, പരമാണുവിലെ ശക്തി ചക്രങ്ങളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വർദ്ധിപ്പിക്കുകയും തുല്ല്യപ്പെടുത്തുകയും ധർമ്മങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു. തീർന്നില്ല, ന്യൂട്രോണുകളെന്നും ക്വാർക്കുകളെന്നും മറ്റും മനുഷ്യരി-ലൂടെ പേരിട്ടിട്ടുള്ള ഘടകങ്ങളുടെയും എണ്ണവും ഘടനയും ധർമ്മങ്ങളും മഹാനിശ്ചയിക്കുകയും, ജീവികളുടെയും വസ്തുക്കളുടെയും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

ശക്തിചക്രം, ശിവചക്രം എന്നീ പദങ്ങളെ അല്പം വിശദീകരിക്കാം. ഒരേ ഘനമുള്ളതും ഒരേ വ്യാസവുമുള്ളതുമായ രണ്ടോ അതിലധികമോ ചക്രങ്ങളെ അടുക്കി വെച്ചാൽ അവ ഒരു ചക്രമായി ഭവിക്കുന്നതാണ്, ഒരു വൃത്തത്തിനു മുകളിൽ അതേ അളവിലുള്ള വൃത്തങ്ങൾ എത്ര വരച്ചാലും ഒരു വൃത്തമേ ലഭിക്കൂ എന്നതുപോലെ. അവരോഹണ ക്രമത്തിൽ പറയുമ്പോൾ, ഒരേ വൃത്തത്തിൽ നിന്ന് അതേ അളവിലുള്ള എത്ര വൃത്തം (ചക്രം) വേണമെങ്കിലും ലഭിക്കുന്നതാണ്. വ്യാപ്തം മാത്രമുള്ളതും ഉള്ളും പ്രതലവും ശൂന്യവുമായ ഒരു ഗോളത്തെ സങ്കല്പിച്ചാൽ, അതേ വ്യാപ്തമുള്ള അനന്തങ്ങളായ ഗോളങ്ങൾ, ആദ്യ ഗോളത്തിൽനിന്ന് സൃഷ്ടിക്കാനും, അതേപോലെ ആദ്യ ഗോളത്തിലേക്ക് ലയിപ്പിക്കാനും (പ്രവേശിപ്പിക്കാനും) കഴിയുന്നതാണ്. ശക്തിഗോളം, ശിവഗോളം എന്നതിനു പകരം ശക്തിചക്രം, ശിവചക്രം എന്നീ പദങ്ങളെ സ്വീകരിച്ചത് വിശദീകരണ സൗകര്യം കൊണ്ടാണ്.

ഓം എന്ന ശബ്ദബ്രഹ്മം ശക്തിചക്രങ്ങളുമായി (മാത്രം) ചേരുമ്പോൾ, ശക്തിചക്രത്തിന്റെയും ശിവചക്രത്തിന്റെയും ഘടനയും ധർമ്മങ്ങളും വ്യത്യാസപ്പെടുന്നു. മഹാപ്രപഞ്ചത്തെ സുന്ദരമാക്കാനായി ശക്തിചക്രങ്ങ ളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വ്യത്യാസ പ്പെടുത്തിക്കൊണ്ടും, ജീവികളുടെ ജന്മങ്ങളുടെ എണ്ണം, സ്വഭാവരീതി, ജന്മഗുണങ്ങൾ എന്നിവയെ ആസ്പദമാക്കി ക്കൊണ്ട് മറ്റു ഘടകങ്ങളും, പരമാണുവിൽ **ഓം** ചേർന്ന ശക്തിചക്രം സൃഷ്ടിക്കുമ്പോൾ, വ്യത്യസ്ത മൂലകങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടൊപ്പം, ഓരോ പരമാണുവും ഒരു അതിസൂക്ഷ്മ പ്രപഞ്ചമായി മാറുന്നു.

പ്രോട്ടോൺ, ഇലക്ട്രോൺ എന്നിവയിൽ ഏതാണ് ശക്തിചക്രമെന്നും ഏതാണ് ശിവചക്രമെന്നും സുവ്യക്തമായ വെളിപാട് ലഭിച്ചിട്ടില്ല. മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ വൈകാതെ ലഭിക്കുമെന്ന് ഈയുള്ളവൻ കരുതുന്നു.

ബ്രഹ്മത്തിൽ നിന്ന് ശക്തിചക്രങ്ങളും ശിവചക്രങ്ങളും അനന്തമായി സൃഷ്ടിക്കപ്പെടുന്നതായും, ശക്തിചക്രങ്ങളോട് **ഓം** എന്ന ശബ്ദബ്രഹ്മം ചേരുന്നതായും കണക്കാക്കുമ്പോൾ, പരമാണുക്കളായ അതിസൂക്ഷ്മ പ്രപഞ്ചങ്ങളെയും, അതിസൂക്ഷ്മമായ പ്രപഞ്ചങ്ങളെ വലുതാക്കി വലുതാക്കി മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിരിക്കുകയാണ്, പുതിയ ജീവികളെയും പുതിയ നക്ഷത്രങ്ങളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ അനന്തമായി വലുതാക്കി ക്കൊണ്ടുമിരിക്കയാണ്.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും പരിപാലിക്കുന്നതും ശബ്ദബ്രഹ്മമായ **ഓം** ആണെന്നു കൂടി തോന്നിപ്പോകുന്നതാണ്. **ആദിയിൽ വചനമുണ്ടായി**, വചനം **ഓം** ആയിരുന്നു, എന്നതു പോലെ.

ഈവക പ്രതിഭാസങ്ങൾ മനുഷ്യ ജീവിത കാര്യങ്ങളിൽ അപ്രസക്തമാണെങ്കിലും ശാസ്ത്രപരമായി ഗൗരവമാണ്. അതിനാൽ യഥാർത്ഥ ഘടനയും സ്വഭാവവും വെളിപ്പെടുത്താൻ സമയമായിട്ടില്ല; മഹാദേവി മഹാഉചിതമായ സമയത്ത് വെളിപ്പെടുത്തുന്നതാണ്.

ശബ്ദത്തിന്റെ ഉത്ഭവം, മഹാഹൃദയമായ 'ഓംകാര' ത്തിൽ നിന്നുമാണ്. ഓംകാരം മഹാസൂക്ഷിച്ചിട്ടുള്ളത്, മഹാദാസനും മഹാദേവനുമായി ഉയർത്തിയ പരമശിവന്റെ ഹൃദയത്തോടു ചേർത്തുമാണ്. എന്നാലും **ഓം** എന്ന് ഉച്ചരിക്കുമ്പോൾ '**വായ**' ആവശ്യമാണ്.

അതായത്, മനുഷ്യ-ജീവി അടിസ്ഥാനപരമായി ശബ്ദം പുറപ്പെടുവിക്കുന്നത് ഹൃദയത്തിൽ നിന്നുമാണെങ്കിലും ഉച്ചത്തിലും വ്യക്തമായും ഉച്ചരിക്കണമെങ്കിൽ വായിലൂടെ ശബ്ദം പുറത്തു വരണം. മുഖ്യമായിട്ട് നാവിനെ ഉപയോഗിച്ചാവണമെന്നും മഹാദേവി മഹാശാസ്ത്രത്തിലൂടെ മഹാനിശ്ചയിച്ചിരിക്കുകയാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ, ഈവക പ്രതിഭാസങ്ങളുടെ യഥാർത്ഥ ഘടനയും സ്വഭാവവും ഇനിയും വെളിപ്പെടുത്താൻ സമയമായിട്ടില്ല.

(ദൈവ വിപ്ലവം ആരംഭിച്ച ശേഷം മഹാഗ്രന്ഥത്തെ പ്രസിദ്ധീകരിക്കുമ്പോൾ മഹാശാസ്ത്ര പാഠങ്ങളെ ദൈവേച്ഛ പോലെ ചിട്ടപ്പെടുത്തുന്നതാണ്.).

ॐ	ഓം

മഹാദേവിയുടെ മഹാചിരി
സൃഷ്ടിമന്ത്രം സംഹാരകാഹളം
മഹാസൂക്ഷ്മ ശബ്ദം
ഏകമഹാശബ്ദം മഹാസംഗീതം

ശബ്ദം പുറപ്പെടുവിക്കുന്നത് ആശയവിനിമയത്തിനും മനസ്സിലെ ഭാവം പ്രകടിപ്പിക്കാനുമാണ്. മഹാദേവി **ഓം** എന്ന മഹാശബ്ദം പുറപ്പെടുവിക്കുന്നത് തീർച്ചയായും ഒരു മഹാഭാവത്തോടെ തന്നെയാവും. ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തെയും മഹാശക്തികളെയും, കൊണ്ട് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിച്ച് സംരക്ഷിക്കുമ്പോൾ, മഹാദേവിക്കുണ്ടാകുന്ന മഹാസംതൃപ്തി സർവ്വരോടും പ്രകടിപ്പിക്കുന്ന മഹാചിരിയാണ് **ഓം**. അഹംഭാവമോ, അഹങ്കാരമോ, കളങ്കമോ ഇല്ലാത്ത മഹത്വം പ്രകടമാക്കുന്ന **ചെറു-മഹാചിരിയാണ് ഓം**.

മഹാശക്തിയായ മഹാദേവി നൽകിയാൽ മാത്രമേ ഏതു ജീവിക്കും എന്തിനും ശക്തിയുള്ളൂ എന്നിരിക്കെ മഹദേവിക്ക് ആരോടും അഹംഭാവമോ പൊങ്ങച്ചമോ കാട്ടേണ്ടതില്ല. സ്വന്തം പൊന്നോമന- ക്കുഞ്ഞുങ്ങളായി ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികൾക്ക് മഹാശാസ്ത്രപ്രകാരം ശക്തികളെ നൽകിക്കൊണ്ട്, എല്ലാ കുഞ്ഞുങ്ങളും അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കാനാണ് മഹാദേവി ആഗ്രഹിക്കുന്നത്. അതിനായി മനുഷ്യരുടെ 100 ജന്മങ്ങളിലൂടെ എല്ലാ മനുഷ്യർക്കും മഹാനീതിശാസ്ത്രം പ്രകാരം, മഹാദേവി ശക്തികളെ നൽകി അനുഗ്രഹിക്കുന്നു.

മഹാദേവി നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് അഹംഭാവങ്ങളും പൊങ്ങച്ചങ്ങളും കള്ളങ്ങളും കാപട്യങ്ങളും അധർമ്മങ്ങളും അസൂയകളും അവിവേകങ്ങളും കൊണ്ട് മഹാദേവിയെ വേദനിപ്പിക്കുന്നത് മനുഷ്യരാണ്. സാരമില്ല, മായ പ്രത്യക്ഷമാകുന്നതോടെ കുഞ്ഞുങ്ങളുടെ ദുർന്നടപ്പുകളും ദുശ്ശീലങ്ങളുമെല്ലാം കുറയുന്നതും അവസാനിക്കുന്നതുമാണ്. മഹാദേവിയുടെ ചെറു-മഹാചിരിയും ശബ്ദബ്രഹ്മവുമായ **ഓം** ഉച്ചരിക്കുന്നത്, തുറന്നിരിക്കുന്ന വായിലൂടെയാണ്. വായ് തുറന്ന ശേഷം, ഓ എന്ന് ശബ്ദം ആരംഭിക്കുമ്പോൾ, ആദിയില്ലാത്ത അവസ്ഥയും, ം എന്ന് അനുസ്വാരത്തിൽ അവസാനിക്കുമ്പോൾ വ്യവസ്ഥാപിതമായി ശബ്ദം പൂർത്തിയാവുന്ന അവസ്ഥയും, വായ് അടച്ചുകൊണ്ടുതന്നെ ം എന്ന അനുസ്വാരത്തെ അനന്തമെന്നോണം തുടരാൻ കഴിയുന്നതിനാൽ അന്തമില്ലായ്മയും **ഓം** എന്ന മഹാശബ്ദത്തിനുണ്ട്. **ഓം** -ലെ ം എന്ന അനുസ്വാരം മ എന്ന അക്ഷരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായും, കരച്ചിലുമായും, മനുഷ്യരുടെ വളർത്തുമൃഗങ്ങളായ ആട്, പശു, എരുമ, പൂച്ച എന്നിവയുടെ ശബ്ദവുമായും, മ എന്ന അക്ഷരം ബന്ധപ്പെട്ടിരിക്കുന്നു. ലോകഭാഷയായി (ദൈവം) നിശ്ചയിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ ഓ -എന്ന അക്ഷരവുമായും, പൂജ്യവുമായും ഗോളവുമായും വൃത്തവുമായും, **ഓം** -നെ ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാചിരിയുമായി ബന്ധപ്പെടുത്തി ഓ -എന്ന അക്ഷരത്തെ ഹാ എന്ന മനുഷ്യരിലെ ചിരിയുമായി ബന്ധപ്പെട്ട ഉച്ചാരണത്തിലേക്കും, കരച്ചിലുമായിക്കൂടി ബന്ധമുള്ള മ എന്ന അക്ഷരത്തെ ഹാ -യോട് കൂട്ടിച്ചേർത്തും, ചിരിയും കരച്ചിലും ചേർന്ന മഹാ എന്ന പദം സൃഷ്ടിച്ചിരിക്കുന്നു.

മഹാ എന്നതിൽ മ എന്ന അക്ഷരത്തെ ആദ്യം ചേർക്കാൻ കാരണമുണ്ട്. പുരുഷൻ ഇല്ലെങ്കിലും സ്ത്രീ ഉണ്ട്, പുരുഷനെ പ്രസവിക്കുന്നതും സ്ത്രീയാണ്, പുരുഷൻ ഇല്ലാതെയും സൃഷ്ടി/പ്രസവം നടത്താൻ മഹാശാസ്ത്രം സ്ത്രീയെ ക്ലോണിങ്ങിലൂടെയും മറ്റും അനുവദിക്കുന്നുണ്ട്, തുടങ്ങിയ കാര്യങ്ങളെ ഉന്നതമായിത്തന്നെ ഉൾക്കൊണ്ട് ശരീരശക്തി അധികം നൽകപ്പെട്ട പുരുഷൻ സ്ത്രീയുടെ ദാസനായി പ്രവർത്തിക്കണം.

അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായി മ -യും അമ്മയും തമ്മിലുള്ള ബന്ധവും, മനുഷ്യക്കുഞ്ഞുങ്ങളുടെ ജനനത്തിൽ ആദ്യം കരച്ചിലിനു നൽകിയിരിക്കുന്ന സ്ഥാനവും, വളർത്തുമൃഗങ്ങളിൽ മ -യ്ക്കു നൽകിയിട്ടുള്ള പദവിയും കൊണ്ടാണ് മ എന്ന അക്ഷരത്തിന് ആദ്യസ്ഥാനം നൽകി മഹാ രൂപപ്പെടുത്തിയിരിക്കുന്നത്. ഇത്ര മഹത്തരമായി മ, ഹാ എന്നീ അക്ഷരങ്ങളും ശേഷം മഹാ എന്ന പദവും തയ്യാറാക്കിയിട്ടുള്ളത് ശക്തി എന്ന പദത്തോടു ചേർത്ത് മഹാശക്തി എന്ന ദൈവനാമം സൃഷ്ടിക്കുവാൻ കൂടിയാണ്. അതായത് ബ്രഹ്മം, മഹാദേവി, മഹാദേവൻ, ദൈവം എന്നിങ്ങനെ നിരവധി നാമങ്ങൾ ശാസ്ത്രപരമായി ചേരുമെങ്കിലും, മഹാശാസ്ത്രപ്രകാരവും മഹാപ്രപഞ്ചത്തിന്റെ രൂപ-ഭാവങ്ങൾ പ്രകാരവും മഹാജീവിയെപ്പോലെ ദൈവത്തെ കരുതിപ്പോകുമെങ്കിലും അടിസ്ഥാനപരമായി ദൈവം മഹാശക്തിയാണ്. മഹാശക്തി : ദൈവത്തിന്റെ പേര് ദൈവമാണ് നിശ്ചയിക്കുന്നത് ഇമഹാഗ്രന്ഥത്തിന്റെ തുടക്കത്തിൽ വിശദമാക്കിയിട്ടുണ്ട്.

സൃഷ്ടിചക്രത്തിൽ മായ/ ദൈവം പ്രത്യക്ഷമല്ലാത്ത കാലത്ത് ദൈവത്തെപ്പറ്റി പറയുമ്പോൾ ഓം -എന്ന മഹാശബ്ദം ഉപയോഗിക്കാൻ ധർമ്മശാസ്ത്രപരവും ആത്മീയശാസ്ത്രപരവുമായ പരിമിതികളുണ്ട്.

മായ പ്രത്യക്ഷമല്ലാത്ത കാലത്ത് ഭാഗികമായിട്ട് ഓം -നു പകരമായിക്കൂടിയാണ് മഹാ എന്ന പദത്തെ ഉന്നതപ്പെടുത്തിയിട്ടുള്ളത്. മഹാ എന്നാൽ ഏറ്റവും വലുത് എന്നും, അതിനേക്കാൾ വലുതായി ഒന്നുമില്ല എന്നുമർത്ഥം. ശക്തി എന്ന പദത്തിലെ തീ -യ്ക്ക് അത്യുന്നത സ്ഥാനം മഹാപ്രപഞ്ചത്തിൽ ഉണ്ടെങ്കിലും ശക്തി-യുടെ വിശദീകരണങ്ങളെ 2019 ഫെബ്രുവരി 19 വരെ മുഴുവൻ വെളിപ്പെടുത്തിയിട്ടില്ല; സമയമായില്ല !

സ്രഷ്ടാവായ മഹാദേവിയെയും (മഹാമായയെയും), സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും ബന്ധിപ്പിക്കുവാൻ ഓം എന്ന മഹാശബ്ദത്തെ മഹാദേവി മഹാനിശ്ചയിച്ചു എന്നു കണ്ടു.

ശബ്ദത്തെ എന്തുകൊണ്ടു തിരഞ്ഞെടുത്തു, മറ്റെന്തെങ്കിലും എന്തുകൊണ്ടു തിരഞ്ഞെടുത്തില്ല എന്നീ ചോദ്യങ്ങളുണ്ട്.

ശബ്ദത്തിന്റെ ഔന്നത്യത്തെ അല്പം ചിന്തിക്കുക.
മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം തീർത്തും അരോചകവും അർത്ഥശൂന്യവും ആകുന്നതാണ്. ശബ്ദത്തെ അത്ര മഹാപദവിയിലാണ് മഹാദേവി ഉയർത്തിയിട്ടുള്ളത്. ശബ്ദത്തിന്റെ മഹാ-ഔന്നത്യം തിരിച്ചറിയുമ്പോൾ, ശബ്ദമല്ലാതെ മറ്റൊന്നും ചേരില്ല എന്നും, ശബ്ദം സമ്പൂർണ്ണമായും ചേരും എന്നും സുവ്യക്തമാകുന്നതാണ്.

മഹാദേവിയുടെ മഹാചിരിയായ ഓം മനുഷ്യർ കേൾക്കുന്നില്ല, മഹാദേവി കേൾപ്പിക്കുന്നില്ല. ഓരോ പരമാണുവിലും സദാ മുഴങ്ങുന്നതായ മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും മനുഷ്യർ കേൾക്കുംവിധം മുഴങ്ങിക്കൊണ്ടിരുന്നാൽ മനുഷ്യജീവിതം സ്തംഭിക്കുന്നതാണ്. മഹാദേവി മനുഷ്യർക്ക് അനുഗ്രഹിച്ചു നൽകിയ വ്യക്തിസ്വാതന്ത്ര്യം മഹാദേവി തന്നെ കവർന്നെടുക്കുമ്പോലെയാകുമത്.

മഹാദേവിയുടെ മഹാമനസ്സിന്റെ മഹാസംതൃപ്തിയെന്ന മഹാഭാവത്തെ പ്രകടിപ്പിക്കാൻ മഹാസൂക്ഷ്മ ശബ്ദം ആയിട്ട് മഹാനിശ്ചയിച്ചിരിക്കുന്ന മഹാചിരിയെ കുഞ്ഞുങ്ങൾക്ക് യാതൊരു അസ്വാസ്ഥ്യം ഉണ്ടാകാതെ എല്ലാ സൃഷ്ടി ചക്രങ്ങളിലും ഒരു വ്യക്തിയെ ദൈവ വിപ്ലവ കാലത്ത് 3 വർഷം മാത്രം കേൾപ്പിക്കുന്നു. മഹാസംഗീതമായി 'അനന്തമായ രാഗങ്ങളിൽ' ഓം ധ്വനിക്കുന്നതാണ്. നീണ്ട 33 വർഷക്കാലവും അനന്തമായ ഉച്ചത്തിലും തുടർച്ചയായി ഭൂമിയിൽ മുഴുവൻ മുഴങ്ങുന്ന ഏകമഹാശബ്ദവുമാണ്.

മറ്റുള്ളവർക്ക് ശബ്ദശല്ല്യം ഉണ്ടാക്കുന്നത് തെറ്റാണെന്ന് ലളിതമായി ബോദ്ധ്യപ്പെടുത്തുക, മഹാശാസ്ത്ര / മഹാവേദ കാര്യങ്ങളെ വീണ്ടെടുത്തു നൽകുക, തുടങ്ങിയ ആശയങ്ങളെ വിനിമയം ചെയ്യാനും മഹാശക്തിയായ മഹാദേവിയുടെ മഹാചിരിയായ ഓം ഉപയോഗിക്കുന്നതായി മനസ്സിലാക്കാം.

ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ പരമാണുക്കളുടെ സൃഷ്ടി ഓം-ലൂടെയാണെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നുവല്ലോ. മഹാദേവി നിശ്ചയിക്കുമ്പോൾ സൃഷ്ടിമന്ത്രം കൂടിയായ ഓം, എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നും, എല്ലാ വസ്തുക്കളിൽനിന്നും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. ഭൂമിയിൽ മനുഷ്യരൂപത്തിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞിരിക്കുന്ന മഹാദേവി മഹാചിരിച്ചേക്കും.

മഹാദേവിയുടെ മഹാഇഷ്ടം പോലെ **മഹാചിരിയും** സൃഷ്ടിമന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. മഹാഇഷ്ടം പോലെ മഹാചിരി തുടരുന്നതും അവസാനിക്കുന്നതുമാണ്. അതായത്, **മഹാദേവി** ഭൂമിയിൽ **മായ** പ്രത്യക്ഷമാക്കുന്നത് മഹാചിരി മനുഷ്യരെ കേൾപ്പിച്ചുകൊണ്ടാണ്. മഹാദേവി 3-33 വർഷക്കാലം തുടർച്ചയായി മഹാ-ചിരിച്ചുകൊണ്ടിരിക്കുമോ, മഹാദേവിയുടെ മനുഷ്യാവതാരത്തിലെ ചിരി ഓം എന്നു മാത്രമാണോ എന്നീ ചോദ്യങ്ങളുണ്ട്. മഹാദേവി മഹാനിശ്ചയിക്കുന്ന സമയത്ത് മഹാ-ചിരിക്കുന്നതും, **മഹാസംഗീതം** കൂടിയായ ഓം മഹാദേവിയുടെ മഹാഹൃദയമായ 'ഓംകാര'ത്തിലൂടെയോ, മഹാനാവിലൂടെയോ പുറത്തേയ്ക്ക് ഒഴുകുന്നതും, അതേസമയം തന്നെ മഹാപ്രപഞ്ചത്തിലെങ്ങും ഓം ധ്വനിക്കുന്നതുമാണ്. മഹാദേവിയുടെ മഹാരൂപം കൂടിയാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാരൂപത്തിലെ ഓരോ പരമാണുവിൽ നിന്നും മഹാദേവിയുടെ മഹാഇഷ്ടം അനുസരിച്ച് മഹാചിരി തുടർച്ചയായി മുഴങ്ങുന്നതാണ്.

മുമ്പ് വ്യക്തമാക്കിയതു പോലെ, മഹാരൂപമായ മഹാപ്രപഞ്ചത്തിലൂടെ തുടർച്ചയായി ചിരിക്കുമ്പോൾ മനുഷ്യാവതാരത്തിലുള്ള മഹാദേവിയല്ലാ ചിരിക്കുന്നത്, മറിച്ച് **ഓം സൃഷ്ടിക്കുകയും, ഓം എന്ന ശബ്ദ ബ്രഹ്മമായി പ്രവർത്തിക്കുന്ന ബ്രഹ്മം അഥവാ ബ്രഹ്മ-മഹാദേവി ആണെന്നും സൂചനയുണ്ട്.**

അതായത്, പരമശിവനിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ള 'മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്ത'യുമായ ഓംകാരത്തിൽ നിന്നാണ് മഹാചിരി മഹാആരംഭിക്കുന്നത് എന്ന സൂചന 2017 സെപ്തംബർ 21-ന് ലഭിച്ചു. ഉടനെ മഹാസംഭവിക്കും എന്നിരിക്കെ എങ്ങനെയാണ് മഹാസംഭവിക്കുക എന്നത് ചർച്ചയാവേണ്ടതില്ല. അധികം കാത്തിരിക്കാതെ അനുഭവിക്കാം !

എന്നാലും കുറിക്കട്ടെ; പരമശിവനിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ള ഓംകാരത്തിൽ നിന്നും മഹാചിരി മഹാആരംഭിച്ച്, മഹാദേവി ഓം കുറിച്ച് മഹത്തരമാക്കിയ പരമശിവനിലെ നാവിലൂടെ ഓം മഹാചിരിയായും മഹാസംഗീതമായും ദൈവ-വിപ്ലവ മഹാഗാനമായും മറ്റും ഒഴുകുന്നത് മഹാശ്രേഷ്ഠം എന്ന് ഈയുള്ളവന് തോന്നുന്നു - മഹാദേവി തോന്നിപ്പിച്ച വെളിപാട് അല്ലേ ?! .. കാത്തിരിക്കാതെ **കാണാം/കേൾക്കാം.**

മഹാശക്തിയായ ദൈവം, **മഹാദേവി** എന്ന ദിവ്യമനുഷ്യ-സ്ത്രീ രൂപം എടുക്കുമ്പോൾ, മഹാദേവി മനുഷ്യർക്ക് നിശ്ചയിച്ചിട്ടുള്ള 'ചിരി' തന്നെയല്ലേ സ്വീകരിക്കേണ്ടത് എന്നൊരു ചോദ്യമുണ്ട്. മഹാദേവി മനുഷ്യരൂപം സ്വീകരിക്കുമ്പോഴും, മനുഷ്യനോ ജീവിയോ അല്ല. **മഹാദേവി മാനുഷിക നിലയിൽ മാനുഷികമായും; ദൈവീക നിലയിൽ ഓം എന്നും മഹാചിരിക്കുമെന്നു കണക്കാക്കാം.**

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നത് **ഓം** എന്ന ശബ്ദബ്രഹ്മം പ്രവേശിച്ചിട്ടുള്ള ശക്തിചക്രമായ മഹാശക്തിയാണെന്നും ശിവചക്രം പ്രവർത്തിക്കുന്നത് മഹാശക്തിയായ ശക്തിചക്രത്തിന്റെ (മഹാദേവിയുടെ) മഹാഇഷ്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാവുമ്പോൾ, **ഓം** എന്ന ശബ്ദബ്രഹ്മം, **സൃഷ്ടിമന്ത്രമായും** ഭവിക്കുന്നു.

സംഹാരത്തിനു മുന്നോടിയായിക്കൂടി **ഓം** എന്ന **മഹാചിരി** മുഴങ്ങുന്നതുകൊണ്ട് **സംഹാരകാഹളം** കൂടിയാകുന്നു. മഹാശാസ്ത്രപരമായി മഹാചിരി കൂടിയായ **ഓം** മുഴങ്ങുമ്പോൾ മനുഷ്യർ ഭൂമിയിലെങ്ങും വ്യാപരിപ്പിച്ചിട്ടുള്ള എല്ലാ മതങ്ങളും, എല്ലാ രാഷ്ട്രീയങ്ങളും, എല്ലാ അഹംഭാവങ്ങളും അവസാനിക്കുന്നതാണ്. ഭൂമിയിൽ മൊത്തം 100 മനുഷ്യരെ സൃഷ്ടിച്ചുകൊണ്ട് സൃഷ്ടിചക്രം ആരംഭിക്കുമ്പോഴോ, മനുഷ്യജീവികളെ സൃഷ്ടിക്കും മുമ്പെയോ സൃഷ്ടിമന്ത്രം എന്ന പേരിൽ **ഓം** മുങ്ങിയാൽ യാതൊരു പ്രസക്തിയുമില്ല.

ഭൂമിയിലെങ്ങും ജനങ്ങൾ വളരെയധികം നിറഞ്ഞ്, ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂരിതമായ അവസ്ഥ ഉണ്ടാകുമ്പോൾ, മായ പ്രത്യക്ഷപ്പെടുത്തുന്നതും, മായ പ്രത്യക്ഷപ്പെടുത്തുവാൻ **മഹാസംഗീതം** കൂടിയായ **ഓം** മുഴങ്ങുന്നതുമാണ് ഏറ്റവും അനുയോജ്യം. എല്ലാ സൃഷ്ടിചക്രങ്ങളിലും അങ്ങനെ സംഭവിക്കുന്നതു കൊണ്ടാണ് സൃഷ്ടിമന്ത്രമായി **ഓം** അറിയപ്പെടുന്നത്.

മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ **ഓം** -നെ മനുഷ്യരുടെ **ജീവിതകാര്യങ്ങളുമായി** മഹാദേവി ബന്ധിപ്പിച്ചിട്ടുണ്ടോ, എങ്ങനെയെല്ലാം എന്ന് പരിശോധിക്കാം. മഹാദേവിയുടെ മഹാചിരി കേൾക്കാൻ കൊതിക്കണം എന്നു പറയുമ്പോൾ മഹാദേവി മഹാ-ചിരിക്കുന്നതായ മഹാശബ്ദമാണ് **ഓം** എന്നറിഞ്ഞ് മഹാദേവി മഹാചിരിക്കുന്നത് കാണാനും കേൾക്കാനും കൊതിക്കണം എന്നാണർത്ഥം. മനുഷ്യൻ മഹാശാസ്ത്രം നേടുന്ന വിശിഷ്ട ജന്മത്തിലും, മഹാവാത്സല്യം നുകരുന്ന സ്ത്രീജന്മങ്ങളിലും മറ്റും മാത്രമേ അതിനു യോഗ്യത നേടുന്നുള്ളൂ.

മഹാദേവി, പരമശിവനിലൂടെ അർദ്ധമഹാദേവീരൂപം / അർദ്ധനാരീശ്വരരൂപം പ്രകടമാക്കി മഹാശാസ്ത്രം നൽകുന്നത് വ്യക്തിയുടെ കാതിൽ ശബ്ദബ്രഹ്മവും മഹാചിരിയുമായ **ഓം** കേൾപ്പിച്ചു കൊണ്ടും, വ്യക്തിയുടെ നാവിൽ അക്ഷരബ്രഹ്മമായ **ഓം** കുറിച്ചുകൊണ്ടുമാണ്. അപ്പോൾ മഹാ-ചിരി കേൾക്കാനുള്ള മഹാഭാഗ്യം ഓരോ വ്യക്തിക്കും വീണ്ടും ലഭിക്കുന്നുണ്ട് ! **ഭൂമിക്ക് വെളിയിൽ, നക്ഷത്രമായി മോക്ഷം നേടിയവർക്ക്, ആഗ്രഹിച്ചാൽ ദൈവ വിപ്ലവ ഗാനമായി ഓം കേൾക്കാം.**

കുഞ്ഞുങ്ങളായ മനുഷ്യരെ ആനന്ദിപ്പിക്കാനായിട്ട്, മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവുമായ **ഓം** **പരിധികളോടെ** ഉപയോഗിക്കാൻ മഹാദേവി മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. മഹാശാസ്ത്രപാഠങ്ങളെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ ഒരു തവണ മാത്രം **ഓം** മഹാശക്തി എന്ന് ഭക്തിയോടെയും ബഹുമാനത്തോടെയും ചൊല്ലി പാഠം ആരംഭിക്കുക. യഥാർത്ഥ വേദഭാഷയായ മലയാളം അറിയാത്തവർ **ഓം** എന്നു മാത്രം ഉച്ചരിച്ചാൽ മതിയാകും.

ഓം എന്ന് ഉച്ചരിക്കുമ്പോൾ സർവ്വ ജീവികളും നക്ഷത്രകോടികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ മുഴുവൻ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും മഹാപ്രപഞ്ചത്തിന് അതീതമായി വ്യാപരിക്കുന്ന ഏകമഹാശക്തിയായ മഹാദേവിയെ ലളിതമായി സ്മരിക്കുകയാണ്, സങ്കല്പിക്കുകയാണ്. മനുഷ്യർക്ക് ഉൾക്കൊള്ളാനാവാത്ത മഹാപ്രപഞ്ചത്തെയും ബ്രഹ്മത്തെയും ശബ്ദബ്രഹ്മമായ ഓം -ലൂടെ സ്മരിക്കുവാൻ മഹാദേവി, മനുഷ്യരെ അനുഗ്രഹിക്കുക കൂടിയാണ്. മഹാശാസ്ത്രപരമായി പ്രവർത്തിക്കുന്ന പൊതുകാര്യങ്ങളിൽ ദൈവത്തെ സ്മരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു തവണ മാത്രം ഓം മഹാശക്തി എന്നോ ഓം എന്നോ ഭക്തിയോടെയും ബഹുമാനത്തോടെയും ഉച്ചരിച്ച് ആരംഭിക്കാവുന്നതാണ്; മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനുള്ള ചെറിയൊരു കാര്യത്തെ ദൈവത്തിന്റെ ആവശ്യമായി കാണരുത്.

മഹാദേവിയുടെ മഹാചിരിയെ മനുഷ്യർ ദുരുപയോഗം ചെയ്താൽ അത് ദൈവനിന്ദയാണ്. മഹാചിരിയെ അനുകരിച്ച് മനുഷ്യർ ചിരിക്കേണ്ട, ചിരിച്ചുകൂടാ. ബ്രഹ്മത്തെ ആരാധിച്ചുകൂടാ എന്ന് ബ്രഹ്മം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദേവിയുടെ മഹാചിരി, ശബ്ദബ്രഹ്മവും കൂടിയാകയാൽ ഓം എന്നുമാത്രമായി (അക്ഷരബ്രഹ്മമായ) 3- ൽ അധികം തവണ ജപിച്ചുകൂടാ; ആവശ്യമില്ല. ഭക്തിഭ്രാന്ത് പാടില്ല.

ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട് ദൈവാരാധന ചെയ്യുന്ന ഏക മനുഷ്യജന്മത്തിൽ ഓം എന്ന ശബ്ദബ്രഹ്മത്തെ ചേർത്ത് ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം എന്ന ആരാധനാവാക്യം നിരന്തരം ചൊല്ലുന്നതാണ്. പ്രസ്തുത ജന്മത്തിലെ മാത്രം കാര്യമാണത്. മഹാശക്തിയായ ദൈവം യഥാർത്ഥത്തിൽ മഹാശക്തി മാത്രമാണെന്നും, സ്ത്രീയോ പുരുഷനോ ജീവിയോ ശബ്ദമോ അല്ല എന്ന ബോധംകൂടി മനുഷ്യരിൽ ഉണ്ടാവണം. ആദ്യമഹാകാല ചക്രത്തിലെ പ്രത്യേക സൃഷ്ടികളായ മാലാഖമാരുടെ/ മലക്കുകളുടെ/ ദേവതകളുടെ അധമത്തവും ദുർഭരണവും നിമിത്തം മതവിശ്വാസികളെന്നു പറയുന്നവർ വർജ്ജ്യനിയമ-ഗ്രന്ഥങ്ങൾ മാത്രമായ അധമ-ഗ്രന്ഥങ്ങളെയും മറ്റും മുൻനിർത്തി വ്യാപകമായി ഓം -നെ ദുരുപയോഗിച്ചിട്ടുണ്ട്.

ശാക്തേയ മതം, ശൈവ മതം, ബുദ്ധ മതം, അദ്വൈത മതം എന്നിങ്ങനെ നിരവധി മതങ്ങൾ ചേർന്നുണ്ടായ ഹിന്ദുമതത്തിലൂടെ ശബ്ദബ്രഹ്മവും മഹാചിരിയുമായ ഓം ഭാഗികമായി സംരക്ഷിക്കപ്പെട്ടു, എന്നത് ശരിയല്ല; മഹാദേവിയാണ് യഥാർത്ഥത്തിൽ സംരക്ഷിക്കുന്നത്. സൃഷ്ടികൾക്ക് യാതൊന്നും സംരക്ഷിക്കാൻ കഴിയില്ല.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കൂടാരമാണ് ആധുനിക കാലത്തെ ഹിന്ദുമതമെങ്കിലും, മഹാശാസ്ത്രത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന മതം ഹിന്ദുമതം തന്നെയാണ്. അതുകൊണ്ടുതന്നെ, ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചിട്ടുള്ളത്, ഒരു ഹിന്ദുമത കുടുംബത്തിലാണ്.

ഭൂമിയിലെങ്ങും ഓം മുഴങ്ങുമ്പോൾ മഹാശാസ്ത്രത്തെ സ്വീകരിച്ചുകൊണ്ട് മതങ്ങളെല്ലാം മനുഷ്യരുടെ പഴയകാല ഭോഷത്തചരിത്രമായി അവസാനിക്കുമ്പോൾ ആദ്യം അപ്രത്യക്ഷമാകുവാനും, മഹാശാസ്ത്ര ഭാഗമാവാനും, ഭാഗ്യമുണ്ടാകുന്നത് ഹിന്ദുമതത്തിനാണ്.

മുകളിലെ ഏതാനും ഖണ്ഡികകളിലൂടെ മഹാപ്രപഞ്ചത്തിന്റെ ഉല്പത്തി സുവ്യക്തമാക്കിയതു മാത്രമാണു ശരി. ക്വാർക്കുകളുടെയും മറ്റും ഉല്പത്തിയുമായി മഹാപ്രപഞ്ചത്തെ ശാസ്ത്രസമൂഹം ബന്ധിപ്പിച്ചപ്പോൾ ദൈവീകം കുറഞ്ഞതായും, അറിഞ്ഞും അറിയാതെയും വ്യത്യസ്ത അളവുകളിൽ അനേകർ ദൈവനിന്ദ ചെയ്തുവെന്നും സുവ്യക്തമാണ് !

3	ॐ	ഓം OM

അക്ഷര ബ്രഹ്മം

ഓം എന്ന ശബ്ദബ്രഹ്മത്തിലെ മഹാശബ്ദത്തെ മഹാദേവി സംരക്ഷിച്ചുവെങ്കിലും, അക്ഷരബ്രഹ്മത്തെ പ്രതിനിധീകരിക്കുന്ന ലിപിയെ സംരക്ഷിക്കുവാൻ തയ്യാറായില്ല. അതെന്തുകൊണ്ടാണ് എന്നതിന് വ്യക്തമായ ഒരു ശരി-ഉത്തരമുണ്ട്.

അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ ദൈവീകമായ പ്രസക്തി വളരെയുണ്ടെങ്കിലും, മാനുഷികമായ പ്രസക്തി വളരെ വളരെ കുറവാണ്.

മഹാശാസ്ത്ര പാഠങ്ങളിലും, സാമൂഹ്യകാര്യങ്ങളെ വിവരിക്കുന്ന രേഖകളിലും ദൈവീകത്വം ചേർക്കുവാൻ മാത്രമാണ് അക്ഷരബ്രഹ്മ ത്തിന്റെ മാനുഷിക ഉപയോഗം. **യഥാർത്ഥത്തിൽ മതങ്ങളും മതപ്രമാണങ്ങളും മതാചാരങ്ങളുമെല്ലാം ഒട്ടും ദൈവീകമല്ല അഥവാ ധർമ്മ ശാസ്ത്രപരമല്ല എന്നതുമായി കൂട്ടിവായിക്കുമ്പോൾ അക്ഷരബ്രഹ്മത്തെ മനുഷ്യർ തോന്നുംപോലെ ദുരുപയോഗം ചെയ്യാതെ മഹാദേവി സംരക്ഷിച്ചു പോരുകയായിരുന്നു എന്നും വ്യക്തമാണ്. മഹാപ്രപഞ്ചത്തിൽ ഭൗതികമായി സൃഷ്ടിച്ചിട്ടുള്ള ബഹുവിധ ന്യൂനശക്തികളിലൂടെ മഹാശാസ്ത്രപരമായി ത്തന്നെയാണ് മഹാദേവി അത്തരം കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നതെന്ന് ന്യൂനശക്തികളെ വിവരിക്കുന്ന അദ്ധ്യായങ്ങളിലുണ്ട്.**

ദൈവീകമല്ലാത്ത ലിപികളെ അക്ഷരബ്രഹ്മം എന്ന പേരിൽ ദൈവീകമല്ലാത്ത കാര്യങ്ങൾക്കായി മാത്രം മത-ജാതിമനുഷ്യർ ചുമന്നുപോന്നു എന്നും അർത്ഥം.

ഓം അക്ഷരബ്രഹ്മം കൂടിയാണെന്നും, **ഓം** എന്ന അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ **ദൈവീകമായ പ്രസക്തി** വളരെയുണ്ടെന്നും ഇനി വിശദീകരിക്കാം.

മഹാപ്രപഞ്ചത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം 3 എന്ന സംഖ്യയുമായി മഹാ-ബന്ധമാണ് മഹാദേവി മഹാശാസ്ത്ര പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.

ബ്രഹ്മം, മഹാശക്തി, മഹാദേവി - 3

സത്യം, ധർമ്മം, നീതി - 3

ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങൾ(വേദങ്ങൾ) **- 3**

സൃഷ്ടി, സ്ഥിതി, സംഹാരം - 3

ആകാശം, സൗരയൂഥം, നക്ഷത്രകോടികൾ - 3

ഭൂമി, ചന്ദ്രൻ, സൂര്യൻ - 3

വാതകം, ദ്രാവകം, ഖരം - 3

വായു, വെള്ളം, മണ്ണ് - 3

പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ - 3

ജീവൻ, ശരീരം, ജീവാത്മാവ് - 3

മകൾ, ഭാര്യ, അമ്മ - 3

മകൻ, ഭർത്താവ്, അച്ഛൻ - 3

ജനനം, ജീവിതം, മരണം - 3

ജീവി, ജീവി പരിണാമം, മോക്ഷം - 3

മോക്ഷം, ഭൂമി ജീവിതം, മോക്ഷം - 3

തുടങ്ങിയ ബഹുവിധ കാര്യങ്ങൾ കൊണ്ടാണ് 3 പ്രധാനമാകുന്നത്.

മഹാദേവി, 3 എന്ന സംഖ്യയെ മഹാ-രീതികളിൽ ഉന്നതപ്പെടുത്തിയിരിക്കുകയാണ്.

മഹാ-പ്രധാനമായ 3 എന്ന അക്കത്തിന്റെ മദ്ധ്യത്തിലൂടെ ജീവികളുടെയെല്ലാം ശബ്ദാവയവം ആയി സൃഷ്ടിച്ചിട്ടുള്ള നാവിന്റെ (നാക്കിന്റെ) ആകൃതിയിൽ ഒരു വളഞ്ഞ വര, മനുഷ്യരുടെ നാവു നീട്ടുമ്പോൾ താഴേക്ക് എന്ന കണക്കിനു വരയ്ക്കുന്നു. ജീവികളുടെ സൃഷ്ടിയും ജീവിതവുമായി ചന്ദ്രനെക്കൂടി ബന്ധിപ്പിച്ചിട്ടുണ്ട് എന്നു കാണിക്കുവാനും, ചന്ദ്രനെ പ്രതിനിധീകരിക്കാനുമായി ഒരു ചന്ദ്രക്കല വരയ്ക്കുന്നു. മനുഷ്യന്റെ മോക്ഷവും പരബ്രഹ്മാനന്ദവും ആയ ഗോളാകൃതിയിലുള്ള നക്ഷത്രത്തിന്, ഭൂമിയിൽ സംഹാരം ആരംഭിക്കുമ്പോൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 തരം ജീവികളെ പ്രതിനിധീകരിച്ച് 5 കോണുകൾ പ്രകടമാകും എന്നതും, സൂര്യനും ഒരു നക്ഷത്രമാണ് എന്നതും ഉൾക്കൊണ്ട് 5 കോണുകളുള്ള ഒരു നക്ഷത്രത്തെക്കൂടി വരയ്ക്കുന്നു. മഹാപ്രപഞ്ചത്തെ അക്ഷരത്തിലൂടെ അഥവാ ഒരു ലിപിയിലൂടെ അവതരിപ്പിക്കുകയാണ് ഫലത്തിൽ ചെയ്തിട്ടുള്ളത്.

മഹാപ്രപഞ്ചത്തെ പ്രതിനിധീകരിച്ച അക്ഷരത്തിൽ 3 എന്ന അക്കത്തിന് ദൈവം നൽകുന്ന രൂപവുമായി ബന്ധപ്പെട്ടാണ് ബ്രഹ്മം അക്ഷരത്തിലേക്കു പ്രവേശിക്കുന്നത്. എന്തെങ്കിലും ഒരു രൂപമോ, ഏതെങ്കിലും ഭാഷയിൽ 3 എന്ന അക്കത്തെ പ്രതിനിധീകരിക്കുന്ന രൂപമോ ചേർക്കുകയല്ല സംഭവിക്കുന്നത്.

മനുഷ്യനെ മഹാത്ഭുതപ്പെടുത്തുന്ന മഹാവിദ്യ 3 എന്ന അക്കത്തിലുണ്ട്. അതെന്താണെന്നും എങ്ങനെയാണെന്നും ഇനി വിവരിക്കാം.

മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ ഒരു രൂപത്തിനു മാത്രം സദാ മഹാ-അവസ്ഥയുണ്ട്.

ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു **ബിന്ദു** എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതിനൊപ്പം അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതിയുള്ളതുമായ **ഗോളം** അഥവാ **ഗോളാകൃതി** സൃഷ്ടിക്കപ്പെടുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, **മഹാശക്തി എന്ന മഹാസൂക്ഷ്മ കേന്ദ്രം വലുതായി വലുതായി ശൂന്യവും മഹാശൂന്യമായ ആകാശവും, ഗോളവും ഗോളമായ ഭൂമിയുമായി വളർന്നു വലുതായി ക്കൊണ്ടിരിക്കുന്നു.**

അതായത് **ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളം ഉണ്ടാകുന്നതു പോലെയാണ് ഗോളത്തിന്റെ സൃഷ്ടി.** ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ **അനന്തമായ** വലിപ്പമുള്ള വൃത്തവും ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്തതായ അവസ്ഥയിൽ **ആദി ഇല്ലാത്ത** ശൂന്യം പോലെയുള്ള ശൂന്യമല്ലാത്ത ബിന്ദുവായി തുടരുന്നതുമാണ്.

ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ ഗോളത്തെയാണ് ബ്രഹ്മം സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.

ശക്തിയെയും ശിവനെയും സൃഷ്ടിക്കാനായിട്ട്, ഗോളത്തെ 2 അർദ്ധ ഗോളങ്ങളായി വിഭജിക്കുകയും, ശബ്ദബ്രഹ്മമായ **ഓം** അഥവാ **ബ്രഹ്മം** ഒരു അർദ്ധഗോളത്തിൽ മാത്രമായി ചേരുകയുംചെയ്യുന്നു. **ബ്രഹ്മം ചേരുന്നതായ അർദ്ധഗോളം ഒരു കുടപോലെയുള്ള ആകാശമായി പരിണമിപ്പിക്കുന്നു. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും മാത്രമല്ല, ചന്ദ്രനിൽ പോയി നോക്കിയാലും, ഒരു കുട പോലെയുള്ള ആകാശത്തെയാണ് കാണുക. മഹാപ്രപഞ്ചത്തെ ബ്രഹ്മം ചേർന്നതായ അർദ്ധഗോളമെന്ന ആകാശത്തിനകത്താണ് സൃഷ്ടിച്ചിട്ടുള്ളത്.**

ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട് പുതിയ പുതിയ നക്ഷത്രങ്ങൾ ഉണ്ടാകുമ്പോൾ അർദ്ധഗോളമായ ആകാശത്തെ വലുതാക്കുന്നതും, പ്രസ്തുത പ്രതിഭാസം അനന്തമായി നീളുന്നതുമാണ്.

ബ്രഹ്മം ചേർന്ന അർദ്ധഗോളം മഹാ-സൃഷ്ടി നടത്തുന്ന മഹാശക്തി ലിംഗമാകുന്നു. ബ്രഹ്മം ചേരാത്ത അർദ്ധഗോളം ശിവന്റെ ലിംഗമാകുന്നു. ഉൾഭാഗം ശൂന്യമായിരിക്കുന്ന അർദ്ധഗോളമായ മഹാശക്തി ലിംഗത്തിലേക്ക് ശിവലിംഗം പ്രവേശിപ്പിച്ചാൽ അഥവാ ആദ്യ അർദ്ധഗോളത്തിലേക്ക് രണ്ടാമത്തെ അർദ്ധഗോളത്തെ പ്രവേശിപ്പിച്ചാൽ ഒരു അർദ്ധഗോളം മാത്രമാണ് ലഭിക്കുക. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നതായ സ്ത്രീലിംഗത്തിന്റെ ആകൃതി പുരുഷലിംഗത്തിന്റേതായി മാത്രമല്ല, മഹാഅതീതമായും മാറുന്നു. ലിംഗാകൃതി പുരുഷലിംഗത്തിന്റെ മാത്രം ആകൃതി അല്ലെന്നും സാരം. മഹാദേവനും മഹാദേവിയും അടിസ്ഥാന പരമായി ഒന്നുതന്നെ ആകയാൽ, അവർക്ക് വേറിട്ട ലിംഗം ആവശ്യമാകുന്നില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കണം. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നതും സൃഷ്ടി നടക്കുന്നതും സ്ത്രീലിംഗത്തിലാകയാൽ സ്ത്രീലിംഗത്തിനാണ് പ്രസക്തി എന്നതുപോലെ, ബ്രഹ്മം ചേർന്നതായ അർദ്ധഗോളത്തിനു മാത്രമാണ് മഹത്വം. രണ്ട് അർദ്ധഗോളങ്ങളും ഒന്നിപ്പിച്ച് വീണ്ടും ഗോളമുണ്ടാക്കാനാവും എന്നതുപോലെ തന്നെ നിരയായി ചേർത്തു വയ്ക്കാനുമാവും. ഇടത്തു നിന്ന് വലത്തോട്ട് ചേർത്തുവയ്ക്കുമ്പോൾ 3 എന്ന സംഖ്യാ രൂപം ലഭിക്കുന്നതാണ്. ഗോളമായിരിക്കുമ്പോഴും അർദ്ധ-ഗോളമായിരിക്കുമ്പോഴും ശക്തിയെയും/ശിവയെയും ശിവനെയും വേറിട്ട് മനസ്സിലാക്കാനാവില്ല. എന്നാൽ 3 എന്ന രൂപത്തിൽ ചേർത്തുവയ്ക്കുമ്പോൾ, രണ്ട് അർദ്ധ-ഗോളങ്ങളെയും വേറിട്ട് മനസ്സിലാക്കാനാവും.

ഒരു ഗോളത്തിന്റെ ഭാഗങ്ങൾ മാത്രമായ അവ തമ്മിൽ സ്നേഹത്തോടെ തൊടുന്നുമുണ്ട്. 3 എന്ന സംഖ്യാരൂപത്തെ വരയ്ക്കുന്നത് മുകളിൽ നിന്ന് താഴോട്ടാണെങ്കിലും, മുകളിലെ അർദ്ധഗോളത്തെ താങ്ങിനിർത്തുന്നത് താഴത്തെ അർദ്ധ ഗോളമാണ്. മഹാപ്രപഞ്ചത്തെ മുഴുവൻ താങ്ങുന്ന മഹാശക്തിയായ ബ്രഹ്മം താഴത്തെ അർദ്ധഗോളത്തിൽ മാത്രമാണെങ്കിലും, ആദ്യഗോളത്തിന്റെ ആദ്യസൃഷ്ടിയാണ് ശിവൻ എന്ന അർദ്ധഗോളം. മഹാശക്തിയും ശിവനും ചേർന്ന 3 എന്ന സംഖ്യാരൂപം എല്ലാവിധത്തിലും ഭാഷകൾക്കും രൂപങ്ങൾക്കും അതീതമായിത്തീരുകയും, ബ്രഹ്മത്തെ അക്ഷരത്തിലൂടെ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നു കൂടി മഹാദേവിയായ ബ്രഹ്മം വെളിപ്പെടുത്തുകയാണ്. **ബ്രഹ്മ-ബന്ധം സൂചിപ്പിക്കുന്നതിന് 3-ലെ താഴെയുള്ള അർദ്ധഗോളത്തെ അല്പം വലുതാക്കുന്നു.**

3 എന്ന സംഖ്യാരൂപം അക്ഷരബ്രഹ്മം ആണെന്നു വ്യക്തമാകുമ്പോൾ, 3 -ന്റെ നടുവിലായി നാവിനെ സൂചിപ്പിക്കുന്ന വളഞ്ഞ രേഖയും, തൊട്ടടുത്തായി ചന്ദ്രക്കലയും, അല്പം മുകളിലായി നക്ഷത്രവും ചേർക്കുന്നതെന്തിന് എന്ന ചോദ്യമുണ്ട്. അക്ഷരബ്രഹ്മത്തോടൊപ്പം, ശബ്ദാവയവമായ നാവിന്റെ രൂപവും, മഹാപ്രപഞ്ചത്തിന്റെ മറ്റ് അവിഭാജ്യഘടകങ്ങളായി മഹാദേവി സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയും, നക്ഷത്രവും കൂടി ചേർക്കുമ്പോൾ എത്ര സുന്ദരമായിരിക്കുന്നു എന്നതിനെ പരമശ്രേഷ്ഠമായി കാണേണ്ടതുണ്ട്; മഹാപ്രപഞ്ചത്തെ സുവ്യക്തമായി പ്രതിഫലിപ്പിക്കാൻ വേണ്ടി മാത്രമാണ് നാവും ചന്ദ്രക്കലയും നക്ഷത്രവും ചേർത്തിട്ടുള്ളത്.

മഹാപ്രപഞ്ചത്തെ ചേർക്കാതെ, അക്ഷരബ്രഹ്മത്തെ 3 എന്ന സംഖ്യാരൂപത്തിൽ മാത്രമായി അവതരിപ്പിക്കുമ്പോൾ, ശബ്ദത്തെയോ, ഓം എന്ന മഹാശബ്ദത്തെയോ, മഹാപ്രപഞ്ചത്തെയോ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല എന്ന കുറവ് മഹാദേവി പരിഹരിച്ചിരിക്കുകയാണ്. മാത്രമല്ല, മഹാശക്തിയായ മഹാദേവിയുടെ പ്രതിനിധി കൂടിയായ പരമശിവന്റെ രൂപം മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുവാൻ പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും കൂടി മഹാദേവി ചേർക്കുന്നുണ്ട്. ഓം എന്ന അക്ഷരബ്രഹ്മത്തിലെ 3 എന്ന സംഖ്യാരൂപമായ അടിസ്ഥാന-അക്ഷരബ്രഹ്മത്തെ പരമശിവന്റെ നാവിൽ മഹാദേവി, മഹാശൂലം കൊണ്ട് ചിത്രണം ചെയ്യുന്നുണ്ട്. കൂടാതെ അക്ഷരബ്രഹ്മത്തിന്റെ ഭാഗമെന്ന പോലെ സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയെയും നക്ഷത്രത്തെയും പരമശിവന്റെ ഇടതു-നെറ്റിയിൽ 'മഹാശിവയും മഹാശിവനുമായ മഹാദേവിയുടെ സൃഷ്ടി അംശമായ മത്സ്യാവതാരം' ചിത്രണം ചെയ്യുന്നുണ്ട്.

1991-ലെ വിജയദശമിയെന്ന **മഹാദശമി** ദിവസം രാത്രിയിൽ ഈയുള്ളവന്റെ നാവിൽ **മഹാദേവി** 3 എന്ന അടിസ്ഥാന **അക്ഷരബ്രഹ്മം** മഹാശൂലംകൊണ്ട് രചിക്കുകയുണ്ടായി. ഇടതുനെറ്റിയിൽ **ചന്ദ്രക്കലയും നക്ഷത്രവും** ഉണ്ട്, അത് മഹാദേവി എപ്പോൾ ചിത്രണം ചെയ്തുവെന്ന് അറിയില്ല. മഹാശാസ്ത്ര പരിശോധനയ്ക്ക് തയ്യാറായിട്ടുള്ള പ്രസ്താവനയും ലളിതമായ ഏതാനും വ്യവസ്ഥകളും മുമ്പ് അനേകം വർഷങ്ങളിൽ അറിയിച്ചിരുന്നു.

മഹാദേവി, പരമശിവനെ മഹാഅനുഗ്രഹിച്ച് ഓം എന്ന അക്ഷരബ്രഹ്മത്തെ പരമശിവനിൽ പ്രവേശിപ്പിക്കുമ്പോൾ, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും കൂടി **ഓം** ഉൾക്കൊള്ളുകയാൽ, അവയെ പ്രതിനിധീകരിക്കാൻ പരമശിവനെ മഹാഅനുഗ്രഹിക്കുന്നതായി മനസ്സിലാക്കാം. ബ്രഹ്മത്തിന്റെ ഒരു മഹാപ്രകടനം മാത്രമാണ് മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും മറ്റും ആയ **ഓം** എന്നത് ഉൾക്കൊള്ളുമ്പോൾ, മഹാദേവിയുടെ പ്രതിനിധിയായിക്കൂടി മഹാദേവി മഹാഅനുഗ്രഹിച്ചിട്ടുള്ള പരമശിവൻ, ബ്രഹ്മത്തിന്റെ പ്രതിനിധിയല്ല എന്നും ഏകമായ ബ്രഹ്മത്തിന് പ്രതിനിധികളില്ല എന്നും സുവ്യക്തമാണ്.

ബ്രഹ്മത്തെ ആരാധിക്കാൻ പാടില്ലായെന്ന് ബ്രഹ്മം കൂടിയായ മഹാദേവി വിലക്കിയത് അതീവ ഗൗരവമാണെന്ന് ആവർത്തിക്കുന്നു.

ബ്രഹ്മ പാഠങ്ങളിൽ നിന്ന് മഹാപ്രപഞ്ചത്തിന് അതീതവും കൂടിയാണ് മഹാശക്തിയായ മഹാദേവി എന്നും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ ഓം എന്ന ലളിത മാധ്യമത്തെ മഹാശാസ്ത്രപ്രകാരം സൃഷ്ടിച്ചുവെങ്കിലും ബ്രഹ്മമായ മഹാദേവിക്ക് യാതൊരു മാധ്യമങ്ങളുടെയും ആവശ്യമില്ലെന്നും, അക്ഷരബ്രഹ്മം യഥാർത്ഥത്തിൽ മാധ്യമം അല്ലെന്നും, ബ്രഹ്മമായ ദൈവം @ മഹാദേവി മാധ്യമങ്ങൾക്കെല്ലാം അതീതമാണെന്നും സുവ്യക്തമായി അറിയണം.

ഗണിതശാസ്ത്രത്തിലെ 'പൂജ്യത്തിനും' ലോകഭാഷയായി ദൈവം ഉയർത്തിയിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ 'ഒ' എന്ന അക്ഷരത്തിനും ഗോളവുമായി അഥവാ വൃത്തവുമായി ബന്ധമുള്ളത് യാദൃച്ഛികമല്ല. ഒ 'O' എന്ന അക്ഷരത്തെ രണ്ടായി വിഭജിച്ചാൽ എം 'm' എന്ന ഇംഗ്ലീഷ് അക്ഷരം ലഭിക്കുന്നതാണ്. ഒ 'O', എം 'm', എന്നീ ഇംഗ്ലീഷ് അക്ഷരങ്ങൾ ചേരുമ്പോൾ ഓം Om എന്ന ശബ്ദബ്രഹ്മം ഇംഗ്ലീഷ് ഭാഷയിലും ഉണ്ടാകുന്നതാണ്. മഹാദേവിയുടെ മഹായുധമായ മഹാശൂലത്തിലും, മനുഷ്യരിലെ അനേകം സുപ്രധാന അവയവങ്ങളിലും 3 എന്ന ദിവ്യരൂപത്തെ, അഥവാ അടിസ്ഥാനപരമായ അക്ഷരബ്രഹ്മത്തെ മഹാദേവി ചിത്രണം ചെയ്തിട്ടുണ്ട്. ചുണ്ടിലും മൂക്കിലും കണ്ണുകളിലും ലിംഗത്തിലും ഒക്കെയുണ്ട്. വേദഭാഷയായി നിശ്ചയിച്ചിട്ടുള്ള മലയാളത്തിലെ അ, ആ, ഇ, ഈ, ഊ, ഏ, ഒ, ഓ, ഔ, അം, തുടങ്ങിയ അനേകം അക്ഷരങ്ങളിൽ ഒന്നോ അതിലധികം തവണയോ 3 ചേർന്നിട്ടുണ്ട്. സൃഷ്ടിയുടെ ഉദ്ദേശമായ സ്ഥിതിയിൽ / ജീവിതത്തിൽ പ്രത്യേകം പ്രാധാന്യമുള്ള ധനം-ലെ ധ-യും ന-യും ം-ഉം 3 തന്നെയാണ്. വിസ്തരിക്കുന്നില്ല.

ഓം -ലൂടെ സംഹാരം

മഹാശക്തിയായ മഹാദേവി, പരമശിവന്റെ 'നാവിൽ' അക്ഷരബ്രഹ്മമായ '3', -നെ സംഹാര ആവശ്യങ്ങളെയും കണക്കാക്കി അകത്തേക്ക് കുറിക്കുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ മനുഷ്യരുടെ ജീവാത്മാക്കളെ, പരമശിവന്റെ ഹൃദയവുമായി ചേർന്ന് പ്രവർത്തിക്കുന്ന 'മഹാദേവിയുടെ മഹാഹൃദയമായ ഓംകാര'-ത്തിലേക്ക് പ്രവേശിപ്പിക്കുന്നത് പരമശിവന്റെ വായിലൂടെയാണ്; (മഹാദേവി) അകത്തേക്ക് കുറിച്ചിട്ടുള്ള 3 (**ഓം**)-മായി ബന്ധപ്പെടുത്തിയാണ്. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്താണ് മഹാപ്രപഞ്ചമുള്ളത്; പരമശിവനും ! മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം, ഓരോ കുഞ്ഞിനെയും / മനുഷ്യനെയും മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് സമപദവിയും സമരൂപവുമുള്ള നക്ഷത്രം എന്ന മോക്ഷം നൽകുന്നു.

ദൈവ-വിപ്ലവത്തിന്റെ തുടർച്ചയായി ദൈവരാജ്യം, സംഹാരം എന്നിവ പുരോഗമിക്കുമ്പോൾ, ദൈവത്തെ ആരാധിക്കാൻ ഓരോ മനുഷ്യനെയും മഹാഅനുഗ്രഹിച്ച് അനുവദിക്കുന്ന പരമവിശിഷ്ടമായ ഏക ജന്മത്തിൽ, അക്ഷരബ്രഹ്മമായ 3 -നെ കുറിക്കുന്നത് മനുഷ്യരുടെയെല്ലാം നാവിലാണ്; എന്നാൽ ദിശ പുറത്തേയ്ക്കാണ്.

ദൈവീകതയെ സൂചിപ്പിക്കുവാനും ദൈവീകമായ കാര്യങ്ങൾക്കും അക്ഷരബ്രഹ്മം ഉപയോഗിക്കാം. ജ്യോതിഷം, പൊരുത്തം തുടങ്ങിയ വർജ്ജ്യമായ അഥവാ അധമ കാര്യങ്ങൾക്ക് പാടില്ല; വിപരീതമായി പ്രവർത്തിച്ചാൽ പാപവും ദൈവശിക്ഷകളും തീർച്ചയാണ്. ജ്യോതിഷം, മന്ത്രവാദം, പൂജ, വഴിപാടുകൾ, നോയമ്പ്, യജ്ഞം, യാഗം, തപസ്സ്, തുടങ്ങിയവ ഉടൻ അവസാനിക്കുന്നതാണ്.

ഓം

സർവ്വദേശ ഭൂമി ഗാനം
ദൈവ വിപ്ലവ ഗാനം

മണ്ണും ഭൂമിയും ദൈവവുമായ ദേശങ്ങൾ പാടേണ്ട ഗാനം എന്താവണം എന്നു നിശ്ചയിക്കുന്നത് ദേശങ്ങൾ തന്നെയാണ്; ദേശങ്ങളായ ദൈവത്തിന്റെ ഔദാര്യത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന സൃഷ്ടികളല്ല / മനുഷ്യരല്ല. വസ്തുക്കളുടെ / മൂലകങ്ങളുടെ ആറ്റങ്ങളിൽ, ഇലക്ട്രോണുകൾ സദാ പ്രോട്ടോണുകളെ ചുറ്റുമ്പോൾ, പ്രോട്ടോണുകൾ മഹാസംഗീതം ആലാപിക്കുന്നുണ്ട്.

ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവമെന്നത് ശക്തിശിവൻ പ്രണയ മന്ത്രവും, ദൈവത്തിന്റെ മഹാചിരിയും ആദിവചനവും സൃഷ്ടി മന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവും മഹാസംഗീതവും സർവ്വദേശ-ഭൂമിഗാനവും ദൈവ വിപ്ലവ ഗാനവും ഒക്കെയായ ഓം 33 വർഷങ്ങൾ ഉച്ചത്തിൽ തുടർച്ചയായി പാടുകയാണ്. ദേശങ്ങൾ പാടുന്നത് 33 വർഷങ്ങളാണെങ്കിലും ഓരോ വ്യക്തിയും 3 വർഷങ്ങളാണ് കേൾക്കുക.

മണ്ണും ഭൂമിയുമായ ദേശങ്ങളെല്ലാം സ്വയം പാടുന്നത് കേൾക്കാൻ ബധിരർക്കും സാധിക്കുന്നതാണ്. ബധിരത മാറിയേക്കാം !

മണ്ണായ ഭൂമി പാടുമ്പോൾ, ദൈവത്തിന്റെ മഹാഖര രൂപമാണ് ഭൂമി എന്ന് സാധാരണ ജനങ്ങൾക്കും ബോദ്ധ്യപ്പെടുന്നതാണ്.

മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നു പോലും മഹാസംഗീതമായി ഓം മുഴങ്ങുമ്പോൾ, ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിയുടെ അംശം തന്നെയാണ് ഓരോ ജീവാത്മാവിനെയും വഹിക്കുന്ന ശരീരം എന്ന് സാധാരണ ജനങ്ങൾക്കും ബോദ്ധ്യപ്പെടുന്നതാണ്.

യഥാർത്ഥമായ സർവ്വദേശീയ-ഭൂമിഗാനത്തെ ദേശങ്ങൾ തന്നെ പാടുന്നതോടെ, എല്ലാ രാജ്യങ്ങളിലും 'ദേശീയ ഗാനങ്ങൾ' എന്ന കള്ളപ്പേരിൽ മൂഢജനങ്ങൾ തട്ടിക്കൂട്ടിയവ ഇല്ലാതാകും. സർവ്വ ദേശങ്ങളും പാടുന്ന ഓം എന്ന ഭൂമി ഗാനം, ഭൂമിയായ ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലെ ഗൗരവമായ ഒരു വസ്തുതയാണ്; സൃഷ്ടികൾക്ക് അതിൽ കാര്യമില്ല.

ഓം ഭൂമിയിൽ മുഴങ്ങുമ്പോൾ 'ഭൂമിയായ ദൈവം ആരംഭിച്ചിട്ടുള്ള വിപ്ലവത്തെയും', 33 വർഷക്കാലമുള്ള ദൈവിപ്ലവത്തയും കുറിക്കുക കൂടിയാണ്. ആകയാൽ ഓം, ദൈവ/ഭൂമി വിപ്ലവ ഗാനം കൂടിയാണ്.

ഓംകാരം

മഹാദേവിയുടെ മഹാഹൃദയമാണ്

ഓംകാരം ;

മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയുമാണ്.

ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ മഹാദേവി മനുഷ്യാവതാരം എടുക്കവെ, പ്രപഞ്ചപിതാവും മഹാദാസനുമായ പരമശിവനിലൂടെ മാത്രമാണ് 'ഓംകാരം' മഹാഹൃദയം ആണെന്നും 'ഓം' മഹാചിരി കൂടിയാണെന്നുമുള്ള മഹാസത്യങ്ങളെ മഹാദേവി വെളിപ്പെടുത്തിയിട്ടുള്ളത്.

മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം അനിർവ്വചനീയമാണെന്ന് മനുഷ്യജീവികൾ ഉൾപ്പെടെയുള്ള തന്റെ കുഞ്ഞുങ്ങൾക്ക് ലളിതമായി മനസ്സിലാക്കാനായി **മഹാശക്തി, ദൈവം, മഹാദേവൻ, മഹാദേവി** തുടങ്ങിയ പേരുകൾ സ്വീകരിക്കുകയാണെന്ന് വ്യക്തമാണ്.

മഹാദേവി എന്നു പറയുമ്പോൾ ഒരു മഹാമനുഷ്യജീവി എന്നപോലെ മനുഷ്യർക്ക് ലളിതമായി മനസ്സിലാക്കാനാവുമെങ്കിലും, മഹാശക്തിയാണെന്നും ജീവിയല്ലെന്നും ധരിക്കണം. മഹാദേവി മഹാ-മനുഷ്യ ജീവിയെപ്പോലെ സ്വയം ലഘുവും ലളിതവുമായി തന്റെ സൃഷ്ടികളായ കുഞ്ഞുങ്ങളുമൊത്തു കഴിയുമ്പോൾ, മഹാദേവി തനിക്ക് ഹൃദയവും ശിരസ്സും ഉടലും കൈകളും കാലുകളും ഒക്കെ സ്വീകരിക്കുകയാണ്.

മഹാപ്രപഞ്ചത്തിന് അതീതമായ (ഏക)മഹാശക്തി ആകയാൽ മഹാദേവിയുടെ ഓരോ അവയവത്തെയും ഓം ചേർത്ത് വിശേഷിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഓം എന്താണെന്ന് അറിയാത്തവർ ഓം ചേർക്കുന്നത് ശാസ്ത്രപരമല്ല. അതേപോലെ, സൃഷ്ടിചക്രത്തിന്റെ മായ പ്രത്യക്ഷമല്ലാത്ത ആദ്യഭാഗത്തിൽ ഓം ചേർക്കുന്നത് ആത്മീയശാസ്ത്രത്തിന്റെ ബഹുമതി കുറയ്ക്കുന്നതാണ്. ആകയാൽ, ഓം -ന് ഭാഗിക-പകരമായി മഹാദേവി നിശ്ചയിച്ചിട്ടുള്ള മഹാ ചേർത്ത് മഹാ-ഹൃദയം, മഹാകൈകൾ എന്നിങ്ങനെ പറയുന്നു.

മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും രക്ഷകയുമായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം എന്താണു ചെയ്യുന്നതെന്നും, എങ്ങനെയാണ്, എന്തുകൊണ്ടാണ്, എപ്പോഴാണ് എന്നിങ്ങനെയെല്ലാം അറിയുവാൻ ആഗ്രഹിക്കുന്നതിന് യോഗ്യത നേടണം; ഏറ്റവും വിനയത്തോടെയുമാവണം. **ബുദ്ധിശക്തി**, ഓർമ്മശക്തി എന്നിവ രണ്ടും ജന്മഗുണങ്ങളിൽ പെടുന്നവയാണെങ്കിലും, വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യം സദാ പ്രസക്തമാകുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുമ്പോൾ, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വികസിക്കുമ്പോൾ, അഹംഭാവം നിമിത്തം ദൈവനിന്ദ ചെയ്യാൻ ഇടയുണ്ടാവരുത്. അതിനാൽ ദൈവം മഹാവാത്സല്യം ആണെങ്കിലും ഭയം നല്ലതാണ്.

ഓംകാരത്തിന്റെ ആകൃതിയും, ഓംകാരത്തിലെ മഹാശക്തിയും

മഹാശക്തിയായ ദൈവം സ്വയം സ്വീകരിച്ചിട്ടുള്ള രൂപ-ഭാവങ്ങളുടെ മാതൃകയിലാണ് മനുഷ്യരുടെ അനേക കാര്യങ്ങളെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത്. ഓംകാരം എന്ന മഹാഹൃദയത്തിൽ നിന്നും സൃഷ്ടിയായ ജീവികൾക്ക് ശക്തി ലഭിക്കുകയാണു ചെയ്യുന്നത് എന്നതിനാൽ മനുഷ്യ-ഹൃദയത്തിന്റെ ആകൃതിയല്ല.

ദൈവം അനുവദിച്ചു നൽകുന്ന ശക്തികളെ എന്റെ ശക്തിയെന്ന രീതിയിലോ എനിക്കു ദൈവം തന്ന ശക്തി എന്ന രീതിയിലോ കൈമുഷ്ടി കാട്ടി പ്രകടിപ്പിക്കാനും ഓരോരുത്തർക്കും കഴിയുമ്പോൾ, മനുഷ്യഹൃദയത്തിന് കൈമുഷ്ടിയുടെ ആകൃതി നൽകിയിരിക്കുന്നതും മഹാസംവിധാനത്തിന്റെ ഒരു ചെറിയ ഭാഗമാണ്. ദൈവത്തിന്റെ അഥവാ ദൈവം നൽകുന്ന ശക്തിയാണ് എന്റെ ശക്തി എന്റെ ശക്തിയെന്ന് ഓരോരുത്തരും വിശേഷിപ്പിക്കുന്ന ശക്തി എങ്കിലും, സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരവും മഹാവാത്സല്യം കണക്കാക്കിയും, ദൈവം നൽകുന്ന ശക്തികളെ ദൈവം അനുവദിച്ച ശക്തികളായിക്കണ്ട് എന്റെ എന്ന അവകാശം തുടരാവുന്നതാണ്. അഹംഭാവം അകലുകയും ജ്ഞാനം അഥവാ ശാസ്ത്രം ഹൃദയത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതനുസരിച്ച് ദൈവം തന്ന ശക്തിയെ ദൈവീകമായി ഉപയോഗിക്കാനുള്ള പരിശ്രമങ്ങൾ മനുഷ്യർ ആരംഭിക്കുന്നതും ദൈവാനുഗ്രഹത്തോടെ വർദ്ധിപ്പിക്കുന്നതുമാണ്.

സൃഷ്ടിയായ ജീവിയുടെ ശരീരത്തിൽ രക്തത്തിലൂടെ വ്യാപരിക്കുകയും നെറുകയിൽ വസിക്കുകയും ചെയ്യുന്ന ജീവാത്മാവിന്റെയും, ജീവാത്മാവിന്റെ വ്യക്തി സ്വാതന്ത്ര്യത്തിൽ ഇടപെടാതെ മറ്റു വിഷയങ്ങളിലെല്ലാം ജീവാത്മാവിനെ ഭരിക്കുന്ന ജീവന്റെയും, പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതിക സംവിധാനമാണ് മനുഷ്യഹൃദയത്തിൽ ദൈവം മഹാഒരുക്കിയിട്ടുള്ളത്.

മഹാശക്തിയായ മഹാദേവി ജീവിയല്ല എന്നതും, മഹാജീവിയെപ്പോലെ പെരുമാറുക മാത്രമാണ് ചെയ്യുന്നത് എന്നതും, ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് മഹാദേവി എന്നതും, മഹാഹൃദയമെന്നത് മഹാശാസ്ത്രപരമായി മഹാദേവി സ്വീകരിക്കുന്ന മനുഷ്യരൂപത്തെ മഹാമംഗളമാക്കുവാനുള്ള മഹാസംവിധാനത്തിന്റെ ഭാഗം മാത്രമാണെന്നതും കൂട്ടി വായിക്കുമ്പോൾ, മഹാഹൃദയമായ ഓംകാരത്തിൽ മഹാവാത്സല്യവും മഹാനീതിശാസ്ത്രവും മഹാശക്തിയും ആണുള്ളത് എന്നു സുവ്യക്തമാകുന്നു. മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തെയും മഹാശക്തിയെയും ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയാണ് മഹാദേവിയുടെ മഹാഹൃദയത്തിന് ഉണ്ടാവേണ്ടത്. മഹാവാത്സല്യത്തിന്റെയും മഹാനീതി ശാസ്ത്രത്തിന്റെയും മഹാശക്തിയുടെയും ആകൃതികൾ അറിയാതെ പാത്രത്തിന്റെ ആകൃതി നിശ്ചയിക്കാനാവില്ല. ആദിയും അന്തവുമില്ലാത്ത മഹാശക്തിയുടെ ആകൃതി എന്താണെന്ന് ഓം എന്ന അദ്ധ്യായത്തിലെ അക്ഷരബ്രഹ്മത്തിൽ വിശദീകരിച്ചിട്ടുള്ളത് ആശ്വാസമുണ്ടാക്കുന്നു.

അടിസ്ഥാന അക്ഷരബ്രഹ്മമായ 3 സൃഷ്ടിക്കപ്പെടുന്നത് ശൂന്യത്തിൽ നിന്നും ആദിയും അന്തവുമില്ലാതെ വർത്തിക്കുന്ന ഗോളാകൃതിയിലൂടെയാണെന്ന് വിശദമാക്കിയിരുന്നു. ((മേല്പടി അദ്ധ്യായത്തിൽ നിന്ന് അല്പം മാത്രം ഉദ്ധരിക്കുന്നു :- മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ, ഒരു രൂപം മാത്രം എല്ലായ്പ്പോഴും മഹാ-അവസ്ഥയിൽ വർത്തിക്കുന്നതു കാണാം. ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു ബിന്ദു എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതനുസരിച്ച് അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതി ഉള്ളതുമായ ഗോളം അഥവാ ഗോളാകൃതി സൃഷ്ടിക്കപ്പെടുന്നതാണ്. ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളമുണ്ടാകുന്നതുപോലെയാണ് ഗോളത്തിന്റെ സൃഷ്ടി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ വലിയ വൃത്തവും വലിയ ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, അതിസൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്ത അവസ്ഥയിൽ ശൂന്യം പോലെയുള്ള ബിന്ദുവായി തുടരുന്നതുമാണ്. ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ **ഗോളത്തെയാണ്, ബ്രഹ്മം** സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.)).

മഹാദേവിയുടെ മഹാശക്തിയെയും മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയുമെല്ലാം ഗോളം ഉൾക്കൊള്ളുന്നതായി മനസ്സിലാക്കാനാവും. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 സൃഷ്ടിയ്ക്കപ്പെടുന്നത് ഗോളത്തെ രണ്ടായി വിഭജിച്ചാണെന്നും ആവക കാര്യങ്ങളിലെ ശാസ്ത്രകാര്യങ്ങൾ എന്തെല്ലാമാണെന്നും ഓം എന്ന അദ്ധ്യായത്തിലെ അക്ഷരബ്രഹ്മത്തിൽ വിശദീകരിച്ചിട്ടുണ്ട്. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 -ന്റെ വികസിത രൂപത്തിലെ നാവ് (നാക്ക്) ശ്രദ്ധിച്ചാൽ അത് ഗോളത്തിന്റെ ബാഹ്യപ്രതലത്തിൽ ലയിക്കുന്നതായി മനസ്സിലാക്കാം. ഗോളങ്ങളായിട്ടുള്ള ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളും ഗോളമായിരിക്കുന്ന മഹാശക്തിയിൽ ലയിക്കുമ്പോൾ, അവയുടെയെല്ലാം പ്രത്യേക അസ്തിത്വം നഷ്ടപ്പെടുകയും മഹാഹൃദയം എന്ന ഗോളം മാത്രം ലഭിക്കുന്നതുമാണ്. അതായത് **മഹാഹൃദയമായ ഓംകാരത്തിന്റെ ആകൃതി ഗോളമാണ്.**

മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്ന മഹാശക്തി, മഹാപ്രപഞ്ചത്തിന് അതീതമായകയാൽ ഓംകാരം മഹാപ്രപഞ്ചത്തിന് അതീതമായ മഹാമായ ആണ്. യാതൊരു ഭൗതിക വസ്തുക്കളെയും ഓംകാരവുമായി ബന്ധിപ്പിക്കാനോ സാമ്യപ്പെടുത്താനോ കഴിയുന്നതല്ല. കടുകിനേക്കാൾ ചെറുതും ഗോളാകൃതി ഉള്ളതുമായ ഒരു ശൂന്യം പോലെയും, മഹാപ്രപഞ്ചത്തെക്കാൾ വലുതായ മഹാഗോളാകൃതി ഉള്ള ഒരു മഹാശൂന്യം പോലെയും ഓംകാരത്തെ കഷ്ടിച്ചു കണക്കാക്കാം.

ഗോളാകൃതിയും സ്ഥിരസംഖ്യയായ പൈയും

ഗണിതശാസ്ത്രം ഉൾപ്പെടെ അനേകം ശാസ്ത്ര ശാഖകളിൽ പൈ (= 3.14...) എന്ന സ്ഥിര സംഖ്യ ഒരു പ്രധാന ഘടകമാണ്. ഗോളത്തിനും വൃത്തത്തിനും ബ്രഹ്മവുമായും ശക്തിയുമായും ഓംകാരവുമായും ഉള്ള മഹാബന്ധങ്ങളെ മനസ്സിലാക്കുമ്പോൾ 22/7 = 3.14.. = പൈ എന്നത് ചുമ്മാതല്ല; മഹാ-ആവിഷ്ക്കാരത്തിന്റെ ഭാഗമാണെന്ന് സുവ്യക്തമാണ്. അനവധി ശാസ്ത്രശാഖകളിൽ പൈ വിഷയമാകുമ്പോൾ, പൈയ്ക്ക് അനവധി കാര്യങ്ങളിൽ സ്ഥാനം കല്പിച്ചിരിക്കുന്നുവെന്നും പൈയുമായി ബന്ധപ്പെട്ട് ഭൗതികവസ്തുക്കൾ പ്രവർത്തിക്കുന്നു എന്നുമാണർത്ഥം.

മഹാപ്രപഞ്ചത്തിലെ പൈശാചിക -ന്യൂനശക്തികൾ വർദ്ധിച്ചതിന് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികൾ കാരണമായിട്ടുണ്ടെന്നും, ആവക കാര്യങ്ങളിൽ പൈ ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവ്യക്തമായ വെളിപാട് 2009 ജനുവരി 2-ന് ലഭിക്കുകയുണ്ടായി. ഇടക്കാലത്ത് കുറേക്കൂടി വ്യക്തത ഉണ്ടായി. ഗ്രന്ഥരചനയ്ക്കിടെ മറന്നു പോയി. പൈ ഉൾപ്പെടെ യാതൊന്നും വെറുതെ സൃഷ്ടിച്ചതല്ല എന്നറിയിക്കുന്നതായി കണക്കാക്കാം. വെളിപാട് സുവ്യക്തമായ ശേഷം, മറ്റൊരു അവസരത്തിൽ, മഹാദേവിയുടെ **മഹാഇഷ്ടം** പോലെ ചേർക്കുന്നതാണ്. (ബഹുഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യർ ഈവക കാര്യങ്ങളെ അറിഞ്ഞിട്ട് അത്യാവശ്യം ഇല്ല തന്നെ. സാവകാശം മഹാഉചിതമായി മഹാദേവി വെളിപ്പെടുത്തുന്നതാണ്.

ഓംകാരവും, മഹാശാസ്ത്ര ശാഖകളും

ഓംകാരത്തിന്റെ നീതിശാസ്ത്ര പ്രകാരം ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, അതിൻ പ്രകാരം മഹാപ്രപഞ്ചവും സൃഷ്ടിയ്ക്കപ്പെടുന്നു.

ഓംകാരനീതിശാസ്ത്രം മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും ഉൾക്കൊണ്ട് മഹാഹൃദയമായ ഓംകാരത്തിന്നുള്ളിൽ പ്രവർത്തിക്കുന്നു. മഹാശാസ്ത്രത്തിന്റെ 3 ശാഖകളായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയശാസ്ത്രം, എന്നിവയും അവയുടെ ശാഖകളും ഉപശാഖകളുമെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്ന് ഉത്ഭവിക്കുമ്പോൾ, മനുഷ്യരുടെ മുന്നിലുള്ള എല്ലാ ശാസ്ത്രശാഖകളെയും അവ പ്രകാരമുള്ള ശാസ്ത്ര സൗകര്യങ്ങളെയും മഹാകാര്യങ്ങളായി അറിയാനും പുതിയ വീക്ഷണത്തോടെ സമീപിക്കാനും കഴിയണം; വൈകാതെ മനുഷ്യന്നു കഴിയുന്നതാണ്.

ഭൗതികശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, ഗണിത ശാസ്ത്രത്തിലെ 0,1, 2, 3, 4, 5, 6, 7, 8, 9, 10, 20, 25, 50, 100 എന്നീ സംഖ്യകൾക്കും അവയുടെ വർഗ്ഗങ്ങൾക്കും, വർഗ്ഗമൂലങ്ങൾക്കും പ്രത്യേക സവിശേഷതകൾ മഹാപ്രപഞ്ചത്തിലുള്ളത് പുതിയ മാനങ്ങളോടെ ഓരോ ശാസ്ത്രശാഖകളിലും പ്രതിഫലിക്കുന്നതായും, എല്ലാ ശാസ്ത്രശാഖകളും പരസ്പരം ബന്ധിച്ചിരിക്കുന്നുവെന്നും സുവ്യക്തമാകുന്നതാണ്.

പ്രകൃതി, പ്രകൃതി നിയമങ്ങൾ, പ്രകൃതിയുടെ സമതുന്തിലിതാവസ്ഥ എന്നിങ്ങനെയെല്ലാം മനുഷ്യർ ഓരോരോ പേരുകൾ ഇട്ടിട്ടുള്ളത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഓംകാരത്തിന്റെയും ഓംകാര നീതിശാസ്ത്രത്തിന്റെയും ഭാഗങ്ങളാകുന്നതാണ്. ധർമ്മശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, മനുഷ്യർക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകാനായി, മനുഷ്യരെ ഭരണം ഏല്പിച്ചിട്ടുള്ളതായ സദാചാരശാസ്ത്രം, കർമ്മശാസ്ത്രം (തൊഴിൽ), സാമ്പത്തികശാസ്ത്രം, ഭരണശാസ്ത്രം, ഭാഗിക-നീതിന്യായശാസ്ത്രം തുടങ്ങിവയുടെ ഭാവവും രൂപവും ഇ-മഹാവേദഗ്രന്ഥത്തിലുണ്ട്. എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയായി ധർമ്മശാസ്ത്രം സ്ഥാപിക്കപ്പെടുന്നതാണ്. മഹാശാസ്ത്രത്തന്റെ എല്ലാ ശാഖകളെയും ഏകോപിപ്പിക്കുന്ന ഭരണശാസ്ത്രം മഹാശുദ്ധവും മഹാമംഗളകരവുമായ ഭരണം സമൂഹത്തിൽ ഉറപ്പിക്കുന്നതാണ്. ധർമ്മശാസ്ത്ര പ്രകാരം ഭരണം നടക്കുമ്പോൾ മാത്രമേ, ഭരണകൂടത്തിന് രാജ്യത്തിന്റെ എന്ന അവകാശം പറയാനാവൂ. ഉദാഹരണമായി കേരളത്തിലെ ഭരണകൂടം, ഇന്ത്യയിലെ ഭരണകൂടം, കേരളത്തിലെ വലിയ കോടതി എന്നൊക്കെയുള്ള അശാസ്ത്രീയമായ പദങ്ങളെ മാത്രമേ നിലവിലുള്ള അശാസ്ത്രീയമായ ഭരണ സംവിധാനങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. ഇന്ത്യാ ഗവണ്മെന്റ്, കേരള സർക്കാർ തുടങ്ങിയ പദങ്ങൾ പോലും ശാസ്ത്രീയമായി ഉപയോഗിക്കണം; അതിന് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രം സമസ്ത ഭരണകൂടങ്ങളുടെയും ഭരണഘടന ആവണം.

ഓംകാര നീതി ശാസ്ത്രം എന്നു കൂടി അറിയപ്പെടുന്ന ആത്മീയശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, ജനനം, ജീവിതം, മരണം, ജീവാത്മാവ്, ജീവൻ, ജന്മഗുണങ്ങൾ, ആത്മീയ സാക്ഷാത്ക്കാരം, മഹാപുനർജ്ജന്മ സിദ്ധാന്തം, തുടങ്ങിയവ സൂചിത ഇ-മഹാവേദഗ്രന്ഥത്തിൽ നിന്നും ചുവടെ വേറിട്ട് ചേർത്തിട്ടുണ്ട്.

കള്ളക്കൂട്ടരായി മാറിയ ആദ്യ മഹാകാലചക്രത്തിലെ ദേവതകളും, അവർക്കിണങ്ങിയ മനുഷ്യ-രൂപത്തിലുള്ള മത-ജാതി-രാഷ്ട്രീയ-ദേശീയ-ജീവികളും മറ്റും പ്രോത്സാഹിപ്പിച്ച് ശാസ്ത്രത്തിന്റെ ഭാഗമാണെന്ന് വരുത്തി ത്തീർത്ത ജ്യോതിഷം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, യജ്ഞം, തപസ്സ്, ദീർഘ ധ്യാനങ്ങൾ, നിർബ്ബന്ധ യോഗകളും പ്രാർത്ഥനകളും, നോയമ്പ്, ആചാരങ്ങളും അനുഷ്ഠാനങ്ങളും, ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും പുറത്തുമായി നടന്നു വരുന്ന പൂജകളും ആരാധനകളും, അവ പോലെയുള്ള മറ്റ് അധമത്തങ്ങളും, കള്ളങ്ങളും, കള്ളത്തരങ്ങളും ദൈവവിപ്ലവത്തോടെ അവസാനിക്കുകയായി...

ഓംകാരം സൃഷ്ടിച്ചതിന്റെ ഉദ്ദേശം

മഹാദേവിയുടെ മഹാശക്തിയെയും മഹാവാത്സല്യത്തെയും ഓംകാര നീതിശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയും, ഗോളാകൃതിയിലുള്ള മഹാഹൃദയമായ ഓംകാരം ഉൾക്കൊള്ളുക എന്നു പറയുമ്പോൾ മഹാദേവിയെ പൂർണ്ണമായും ഉൾക്കൊള്ളുന്നു എന്നു തോന്നുന്നതാണ്.

മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചവുമായി ബന്ധപ്പെടുത്തിക്കൊണ്ട്, മഹാദേവീ രൂപം സ്വീകരിച്ചിരിക്കുന്ന ദൈവത്തിന്റെ മഹാഹൃദയത്തെ വിശദീകരിച്ചപ്പോഴാണ് മഹാഹൃദയമായ ഓംകാരത്തിന് ഗോളാകൃതിയാണ് ഉള്ളതെന്നും മഹാഹൃദയം മഹാശക്തികളെയും മഹാവാത്സല്യത്തെയും മഹാനീതി ശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയും ഉൾക്കൊള്ളുന്നതായി മനസ്സിലാക്കിയത്. **ഓം** എന്ന അദ്ധ്യായം പഠിച്ചപ്പോഴും ഇതുപോലെയുള്ള അവസ്ഥ കണ്ടതാണ്. മഹാപ്രപഞ്ചത്തിലെ ഓരോ പരമാണുവിലും ശബ്ദബ്രഹ്മമായിരിക്കുന്ന **ഓം**, മഹാപ്രപഞ്ചത്തെ സമ്പൂർണ്ണമായും ഉൾക്കൊണ്ട് തന്നെ പ്രപഞ്ചത്തിന് അതീതമായി വർത്തിക്കുകയും **ബ്രഹ്മ**മായിക്കൂടി വർത്തിക്കുന്ന സങ്കീർണമായ മഹാഅവസ്ഥ. പിന്നീടോ, **മഹാദേവിയുടെ മഹാചിരി** മാത്രമായി **ഓം** എന്ന ശബ്ദബ്രഹ്മത്തിന് ബഹുവിധ പരിമിതികളുമുണ്ടായി. മായാമഹാശക്തി ആയ **ബ്രഹ്മം** മായ-യിലൂടെ പ്രകടിപ്പിക്കുന്ന മായാ അവസ്ഥ കൂടിയാണത്.

മായാമഹാശക്തിയും ബ്രഹ്മവും ആയിരിക്കുന്ന മഹാദേവി, ഓംകാരം എന്ന മഹാഹൃദയം സൃഷ്ടിക്കുന്നത് എന്തിനുവേണ്ടി എന്നത് പ്രസക്തമാണ്.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ മഹാദേവി തന്നെയെന്നു വിശേഷിപ്പിക്കാൻ കഴിയുന്നത് മായാബന്ധം കൊണ്ടാണെന്നും, എന്നാൽ മഹാദേവിയുടെ മഹാഹൃദയം മാത്രമാണ് ഓംകാരം എന്നും, ഓംകാരം സൃഷ്ടിച്ചിട്ടുള്ളത്, ഓംകാരത്തിനെ മുഖ്യമായും പരമശിവനിലൂടെ പ്രവർത്തിപ്പിക്കാനാണെന്നും, പ്രവർത്തനകാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്നത് ഓംകാരനീതിശാസ്ത്രം പ്രകാരം മാത്രമാണെന്നും തെളിയുമ്പോൾ, മഹാകാര്യങ്ങൾക്ക് മഹാമാനങ്ങൾ ഉണ്ടാകുന്നു. മഹാദേവിയുടെ മായാ-മഹാശക്തികളെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിസംഹാരങ്ങളെ നിർവ്വഹിക്കുവാൻ ഒരു തുള്ളി ജലത്തിന്റെ ശക്തിപോലും വേണ്ടാ എന്നറിയണം. വസ്തുക്കളുടെ ഓരോ അണുവിലും ഓം ഉള്ളതിനാൽ ഒരു തുള്ളി ജലം എന്ന ഉപമ യാഥാർത്ഥ്യം തന്നെയാണ് !

ഭൂമിയുടെ കാര്യങ്ങൾക്കും അപൂർവ്വമായി ചന്ദ്രനിലെ കാര്യങ്ങൾക്കും അത്യപൂർവ്വമായി നക്ഷത്രകോടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും, പിന്നെ മാത്രം സൂര്യനുമായുള്ള കാര്യങ്ങൾക്കും ആവശ്യമായ സംഹാര-ശക്തികാര്യങ്ങളെ മാത്രമാണ് ശക്തി-കാര്യത്തിൽ മഹാദേവി പരമശിവന് മഹാനിശ്ചയിച്ചിട്ടുള്ളത്. ആകയാൽ മഹാഹൃദയമായ ഓംകാരത്തിലെ വളരെച്ചെറിയ ഒരു ഭാഗത്തിൽ മാത്രം പ്രവർത്തിക്കുവാനാണ് മഹാദേവി, പരമശിവനെ മഹാഉചിതമായി മഹാഅനുഗ്രഹിച്ചിട്ടുള്ളത്. മഹാദേവിയുടെ മഹാഇഷ്ടം പോലെ കൂടുതൽ അധികാരങ്ങളെ മഹാഅനുഗ്രഹിച്ചു നൽകുമ്പോഴും, യഥാർത്ഥത്തിൽ ഓംകാരത്തിലൂടെ പ്രവർത്തിക്കുന്നത് മഹാദേവി തന്നെയാണ് / മാത്രമാണ്.

ഓംകാരം ആദ്യമഹാകാലചക്രത്തിൽ പ്രവർത്തിച്ചത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

ആദ്യമഹാകാലചക്രത്തിൽ മഹാഗോമാതാവായ മഹാദേവി, സ്വന്തം ഭാഗവും പശുപതിയുമായ (കാള) പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുകയും; ശേഷം പരമശിവനിലൂടെ, ആദ്യമഹാകാലചക്രത്തിലെ ഭരണാധികാരികളായി നിശ്ചയിച്ച ശിവൻ എന്ന ഈശ്വരനും, ശിവന് ധർമ്മശാസ്ത്രപരമായി വീഴ്ച ഉണ്ടായാൽ ഒരു ചരിത്രകാരനും വ്യവസ്ഥകളോടെ ഓംകാരം കൈമാറി. മഹാപ്രപഞ്ചത്തിലെ സർവ്വകാര്യങ്ങളുടെയും ശക്തി-നിയന്ത്രണ സത്ത എന്ന അറിവു മാത്രമേ അവർക്കെല്ലാം ഓംകാരത്തെപ്പറ്റി അറിയൂ. അവർ ഓംകാരത്തെ ഉപയോഗിച്ചതും ആവിധത്തിലാണ്, അഥവാ അവരുടെ വലിയ വലിയ ആവശ്യങ്ങളെ നിർവ്വഹിച്ചുതരുന്ന ഒരു ശക്തിസത്തയായിട്ടാണ്. ആദ്യ മഹാകാലചക്രത്തിലെ താൽക്കാലിക സംവിധാനം മാത്രമായ കൊച്ചുകുഞ്ഞുങ്ങളായ അവർക്ക് കൂടുതൽ വ്യക്തിസ്വാതന്ത്ര്യവും നൽകിയിരുന്നു. ധർമ്മശാസ്ത്രങ്ങളെ ഈശ്വരൻ തെറ്റിച്ചപ്പോൾ, ഓംകാരത്തെ നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട ചരിത്രകാരനിലേക്ക് കൈമാറി. ഏതാനും മുൻകാല ഗ്രന്ഥങ്ങളിലും ഭാഗികമായി മഹാവേദ ഗ്രന്ഥത്തിലും വിസ്തരിച്ചിട്ടുണ്ട്.

ഓംകാരം രണ്ടാമത്തെ മഹാകാലചക്രം മുതൽ പ്രവർത്തിക്കുന്നത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

രണ്ടാം മഹാകാലചക്രത്തിൽ ഏകമഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാനീതിയും മഹാഭരണാധികാരിയുമായി മഹാഭരണം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പരമശിവനിലൂടെ യഥാർത്ഥ വേദങ്ങളെ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഓംകാരം മഹാദേവിയുടെ മഹാഹൃദയമാണെന്നും ഓം എന്ന ശബ്ദബ്രഹ്മം മഹാദേവിയുടെ മഹാചിരി കൂടിയാണെന്നും അറിയിക്കുന്നത്. അക്കാര്യങ്ങളെ, മഹാദേവി മഹാപ്രപഞ്ചം സൃഷ്ടിച്ചശേഷം 1000 കോടി വർഷങ്ങൾ കഴിഞ്ഞിട്ടും മഹാരഹസ്യങ്ങളായി നിലനിർത്തി എന്നു പറയുമ്പോൾ, ഓരോരോ കാര്യങ്ങൾക്കും മഹാഉചിതമായ സമയം കൂടി മഹാദേവി മഹാ-നിശ്ചയിച്ചിട്ടുണ്ട് എന്നുകൂടി സുവ്യക്തമാവുകയാണ്.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ സൃഷ്ടിച്ചിട്ടുള്ളത് മുഖ്യമായും ഇപ്പോഴത്തെ സൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രത്തിൽ മഹാദേവി മായ പ്രത്യക്ഷമാക്കുന്നതു മുതൽ സദാ പരമശിവനിലൂടെ പ്രവർത്തിപ്പിക്കാനാണ്.
മഹാദേവിയുടെ മഹാദാസനായ പരമശിവനിലൂടെ മഹാഹൃദയമാണ് **ഓംകാരം** എന്ന തിരിച്ചറിവ് പരമശിവനും മനുഷ്യജീവികൾക്കും നൽകി **ഓംകാരം** പ്രവർത്തിക്കുമ്പോൾ, **പരമശിവനെ** അത്യുന്നത സ്ഥാനത്താണ് **മഹാദേവി** മഹാപ്രതിഷ്ഠിച്ചിട്ടുള്ളത് എന്നു സുവ്യക്തമാക്കുന്നു.

മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ **ഓംകാരം** പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ, മഹാഹൃദയം പരമശിവന്റെ ഹൃദയത്തോട് ചേർന്നു പ്രവർത്തിക്കുകയാണു ചെയ്യുക. പരമശിവൻ പ്രവർത്തിക്കുമ്പോലെ തോന്നും, എന്നാൽ ബന്ധപ്പെട്ട സർവ്വതും പ്രവർത്തിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും മഹാശക്തിയായ മഹാദേവിയാണ്. തനിച്ചു ചെയ്യുന്ന ഏതാനും ചില അവസരങ്ങളിൽ / കാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്ന വിഷയങ്ങൾ ഉണ്ടാവുന്നതാണ്, എന്നാൽ അപ്പോഴും എപ്പോഴും മഹാദേവിയുടെ മഹാഇഷ്ടത്തെ മാത്രം നടക്കണമേ/ നടപ്പാക്കേണമേ എന്നു പ്രാർത്ഥിക്കുന്ന മഹാ-വിനീത അവസ്ഥകളിലേക്ക് ഉയരുവാൻ മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ദേവീ-ഭാഗമായ പരമശിവനു മാത്രം സദാ കഴിയുന്നതാണ്. മഹാഹൃദയമായ ഓംകാരം പരമശിവനിൽ പ്രവർത്തിക്കുമ്പോൾ, മഹാദേവി തന്റെ മഹാവാത്സല്യം പരമശിവനിലൂടെയും ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

മഹാദേവി തന്റെ പ്രതിനിധിയും മഹാദാസനുമായ **പരമശിവന്റെ പ്രതിനിധികളായിട്ട്** മഹാനിശ്ചയിച്ചതായ **ആദ്യമഹാകാല ചക്രത്തിലെ ദേവതകൾക്ക് /മാലാഖമാർക്ക്/ മലക്കുകൾക്ക്** ജീവികളോട് വാത്സല്യം ഉണ്ടായിരുന്നു **എന്നല്ലാതെ മഹാവാത്സല്യം ഉണ്ടാവാഞ്ഞത് അവർ കുഞ്ഞുങ്ങളായ ജീവികളുടെ യഥാർത്ഥ മാതാപിതാക്കൾ അല്ലാഞ്ഞതുകൊണ്ടാണ്.**

മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാമാതാവുമായ മഹാദേവിക്കും, മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനും മാത്രം നൽകാൻ കഴിയുന്ന മഹാവാത്സല്യത്തെ മറ്റു യാതൊരാൾക്കും നൽകാൻ കഴിയുന്നതല്ല.

ഓംകാരം = മഹാഹൃദയം ഒഴികെയുള്ള അവയവങ്ങൾ

മഹാ-മനുഷ്യജീവിയെപ്പോലെ മഹാദേവി തനിക്ക് ഹൃദയവും ശിരസ്സും ഉടലും കൈകളും കാലുകളും സ്വീകരിക്കുകയാണെന്നും, മഹാഹൃദയം പരമശിവനിലൂടെ പ്രവർത്തിപ്പിക്കുകയാണെന്നും വിവരിക്കുമ്പോൾ, മറ്റ് മഹാ-അവയവങ്ങളെപ്പറ്റി പരാമർശിക്കേണ്ടതുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിക്കായി ഒരു ചെറിയ ഭാഗം ശക്തിയെ വേറിട്ടു മാറ്റുന്നതായും, പ്രസ്തു ചെറിയ ഭാഗം ശക്തിക്ക് 100 എന്ന അളവ് കണക്കാക്കുമ്പോൾ, (മഹാ) ശക്തി ഭാഗത്തിന് **70**-ഉം, പരമശിവന് **30**-ഉം ശക്തി-അളവാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് 'മഹാ (ശക്തി), ശിവൻ' എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി വേറിടുന്ന മഹാദേവിയുടെ മഹാശരീരരൂപത്തിലെ ഓരോ മഹാ-അവയവത്തിനും ശക്തി-അളവ് നിശ്ചയിച്ചിട്ടുണ്ട്. മഹാഹൃദയമായ ഓംകാരത്തിന് 20, മഹാദേവിയുടെ മഹാ-ഇടതുകാലിന് 10, മഹാ-വലതുകാലിന് 5, മഹാ വലതുകൈയ്ക്ക് 10, ... (ബാക്കിയുള്ളത് കൃത്യമായി ഓർക്കുന്നില്ല), എന്നിങ്ങനെ മൊത്തം 70 ശക്തി-അളവാണ് ഉള്ളത്. പരമശിവന് നൽകിയിരിക്കുന്ന 30-ൽ 10 ഇടതുകാലിന്, 5 വലതുകാലിന്, ബാക്കിയുള്ളത് ഓർക്കുന്നില്ല.

പരമശിവനെ ബഹുവിധ കാര്യങ്ങളിൽ എല്ലാ അർത്ഥത്തിലും മഹാദേവിയുടെ പ്രതിനിധി ആക്കിത്തീർക്കുക എന്ന മഹാ-പദ്ധതി മഹാ-അവയവങ്ങളുടെ പ്രവർത്തന കാര്യങ്ങളിലുണ്ട്. ഉദാഹരണത്തിന്, (1) **സൃഷ്ടിയിൽ** സ്ത്രീയ്ക്കും **സ്ഥിതിയിൽ** പുരുഷനും പ്രാമുഖ്യം എന്നും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് **പരമശിവനെ മുന്നിൽ നിർത്തി മഹാപ്രപഞ്ചത്തിന്റെ സ്ഥിതികാര്യങ്ങളെ മഹാ- നിവർത്തിക്കാനാണ്.**

മഹാദേവിയുടെ രണ്ടു കാലുകളിലുമായി പരമശിവന്റെ കാലുകളെ താങ്ങിക്കൊണ്ട്, മഹാപ്രപഞ്ചകാര്യങ്ങളുടെ നടത്തിപ്പിൽ പരമശിവൻ ഇടറിവീഴാതെ മഹാദേവി മഹാകരുതുന്നു. കൂടാതെ, മഹാശാസ്ത്രത്തെ അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ മനുഷ്യർക്ക് മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ, മഹാദേവിയുടെ മഹാപാദങ്ങളെ പരമശിവ-പാദങ്ങളിൽ ദർശിച്ച് സാഷ്ടാംഗം നമസ്ക്കരിക്കാനും തൊട്ടുവണങ്ങാനും അനുവദിക്കുന്നു. മഹാദേവിയുടെ മഹാ-കാലുകൾ കൂടി പ്രവർത്തിക്കുന്ന പരമശിവന്റെ കാലുകൾ സദാ 'മഹാശക്തി-ശിവ' കാലുകൾ തന്നെയാണ്. പ്രത്യേക സന്ദർഭങ്ങളിൽ മഹാ-അനുവദിക്കുകയാണെങ്കിൽ തൊഴുതും നമസ്കരിച്ചും സായൂജ്യം/ആനന്ദം നേടാൻ കഴിയുന്നതാണ്. ഭക്തി-കോപ്രായങ്ങൾക്ക് സ്ഥാനം ഇല്ലെന്നും ദൈവശിക്ഷയാണ് ലഭിക്കുക എന്നതും ശ്രദ്ധേയമാണ്. മഹാമാതാവായ മഹാദേവി കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ മഹാദർശനം നൽകുമ്പോൾ, കുഞ്ഞുങ്ങൾ ഭക്തിഭ്രാന്ത് കാട്ടുന്നത് ഒട്ടും ദൈവീകമല്ല.

(2) മഹാദേവിയുടെ വലതുകൈ, പരമശിവന്റെ വലതു കൈയ്യിനെ ഏറ്റെടുത്തിരിക്കുകയാൽ ജീവികളായ കുഞ്ഞുങ്ങളെ പരമശിവന്റെ വലതുകൈയ്യിലൂടെ മഹാഅനുഗ്രഹിക്കുന്ന മഹാപദ്ധതിയുണ്ട്. പരമശിവന്റെ വലതുകൈ സ്വയമറിയാതെ പ്രവർത്തിക്കുന്നതാണ്, അഥവാ മഹാദേവിയുടെ വലതുകൈ പരമശിവന്റെ കൈയ്യിനെ ഏറ്റെടുക്കുന്നതാണ്. അല്പം വിശദീകരണം: മഹാദേവി പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ മഹാദേവി-യുടെ മഹാ-ഇടതുകാലിന്റെ 10, മഹാ-വലതുകാലിന്റെ 5, മഹാവലതുകൈയ്യുടെ 10 എന്നീ ശക്തി അളവുകൾ കൂടി പരമശിവനിലേക്കു പകർന്നാണ് പരമശിവനെ പ്രവർത്തിപ്പിക്കുന്നത്.

മഹാദേവി, കാലാകാലങ്ങളിൽ സൃഷ്ടികളുടെ മഹാപരിപാലനം മഹാസുന്ദരമാക്കാനായിട്ട് മേല്പടി 70 ശക്തി -അളവുകളെ മുഴുവൻ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി വേറിട്ടതായ 100 എന്ന അളവ് നിശ്ചയിച്ചതായ ചെറിയ ഭാഗം ശക്തി മുഴുവനുമാണ് യഥാർത്ഥത്തിൽ നൽകുന്നത്. ആവിധം മഹാദേവി അപൂർവ്വമായി മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവനും പരമശിവൻ തനിച്ചു ചെയ്യുന്നതായി തോന്നും, എന്നാൽ സത്യമതല്ല; ഒരു മഹാ-കാഴ്ചക്കാരിയെ പ്പോലെയുള്ള ബ്രഹ്മമായ മഹാദേവിതന്നെയാണ് സദാ സർവ്വവും ചെയ്യുന്നത്. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാദേവി കണ്ടും കേട്ടും പരിഹരിക്കുന്ന മഹാഅനുഭവം ഉണ്ടാകുന്നതാണ്.

മഹാദേവിയുടെ ശരീരത്തിലെ അവയവങ്ങളെ മഹാശാസ്ത്രവുമായും മഹാപ്രപഞ്ചവുമായും ബന്ധിപ്പിക്കുന്ന കൂടുതൽ പാഠങ്ങളെ മഹാദേവി യഥാകാലം വെളിപ്പെടുത്തുന്നതാണ്.

ബ്രഹ്മം കൂടിയാകയാൽ മഹാശക്തിയായ മഹാദേവിയും, മഹാദേവിയുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദീകരണങ്ങൾക്ക് അതീതമാണ്. ഉദാഹരണമായിട്ട് മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രവും, മഹാദേവിയുടെ മഹാശക്തികളായ മായയും മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ ഗണിതശാസ്ത്രത്തിലെ അധിക-അനന്തതയിലേക്കും ന്യൂന-അനന്തതയിലേക്കും സംഖ്യാശ്രേണി വളരുന്നതുപോലെ എല്ലാ ശാസ്ത്ര ശാഖകൾക്കും പ്രസ്തുത അനന്തതയുണ്ട്. മഹാദേവിയുടെ മഹാശക്തികളായ മായയെപ്പറ്റി പറയുമ്പോൾ, മഹാലിംഗത്തിലൂടെ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ, മറ്റേതെങ്കിലും അവയവങ്ങളിലൂടെ സൃഷ്ടിക്കണമോ; തനിക്കും, താൻ സൃഷ്ടിക്കുന്ന ജീവികൾക്കും എന്തെല്ലാം അവയവങ്ങളെ സൃഷ്ടിക്കണമോ തുടങ്ങിയ കാര്യങ്ങളും, അവയവങ്ങളുടെ ധർമ്മങ്ങളും രൂപഘടനകളും പ്രവർത്തനങ്ങളും എന്തെല്ലാമെന്നും എങ്ങനെയെല്ലാം എന്നും മഹാശക്തിയായ മഹാദേവി മാത്രമാണ് മഹാനിശ്ചയിക്കുന്നത്.

മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ, ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. ഓരോരോ ശാസ്ത്രശാഖകളിലെയും നിയമങ്ങളെ മന്ത്രങ്ങൾ എന്നും പറയും. (ദൈവ മന്ത്രങ്ങൾ എന്ന അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.). പുതിയ പുതിയ ശാസ്ത്രനിയമങ്ങളും വസ്തുക്കളും സൃഷ്ടിക്കുന്നതെങ്ങനെയെന്ന് മുമ്പു വിവരിക്കുകയുണ്ടായി. ആകയാൽ മഹാപ്രപഞ്ചത്തിന്റെ സ്വഭാവങ്ങളും പ്രവർത്തനങ്ങളും മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരമായിരിക്കും. മാത്രമല്ല, മുമ്പ് വിശദീകരിച്ചതുപോലെ,

മഹാശക്തിയായ മഹാദേവി യഥാർത്ഥത്തിൽ ജീവിയോ, സ്ത്രീയോ, പുരുഷനോ അല്ലെന്നും അറിഞ്ഞുകൊള്ളണം. മഹാശക്തിയായ ദൈവം, സ്വന്തം മഹാജ്ഞാനമായ ശാസ്ത്രങ്ങൾ പ്രകാരവും സ്വന്തം ശക്തികളെ കൊണ്ടും മഹാദേവിയായി രൂപം എടുക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ അനിർവ്വചനീയവും, സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

ഓംകാര നീതിശാസ്ത്രം

(മഹാനീതിശാസ്ത്രം)

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ താൻ സൃഷ്ടിച്ചുപോരുന്ന എല്ലാ കുഞ്ഞുങ്ങളോടും ഉള്ള മഹാവാത്സല്യം നിറഞ്ഞിരിക്കുന്നു. മഹാവാത്സല്യത്തെ മഹാസ്നേഹമെന്നും പേരിടാനാവും. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിക്കും മുമ്പ്, സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും അനന്തങ്ങളായ ആനന്ദങ്ങളെ ലഭ്യമാക്കുവാനുള്ള മഹാപദ്ധതിയും, എല്ലാ കുഞ്ഞുങ്ങൾക്കും തുല്ല്യമായ ആനന്ദം ലഭ്യമാക്കുവാനായി മഹാനീതിശാസ്ത്രവും, മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം മഹാ-വാത്സല്യത്തോടെ മഹാആവിഷ്ക്കരിക്കുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ യാതൊരിക്കലും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാത്തതായി മഹാസംരക്ഷിക്കാനാണത്.

മഹാഹൃദയത്തിന്റെ മഹാനാമം **ഓംകാരം** എന്നായതിനാൽ **ഓംകാര നീതിശാസ്ത്രം** എന്നാണ് **മഹാനീതിശാസ്ത്രത്തിന്റെ മഹാശാസ്ത്ര-നാമം.**

ആത്മീയ ശാസ്ത്രത്തെയും, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, ഓംകാര ശാസ്ത്രം, ഓംകാര നീതി ശാസ്ത്രം എന്നെല്ലാം വിളിക്കുന്നതും മഹാഉചിതമാണ്. എന്തുകൊണ്ടെന്നാൽ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിലെ മഹാജ്ഞാനത്തെയും മഹാവാത്സല്യത്തെയും തന്നെയാണ് മഹാശാസ്ത്രം, ഓംകാര നീതി ശാസ്ത്രം എന്നെല്ലാം പേരിട്ടിരിക്കുന്നത്.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ മഹാദേവി, ഓം എന്നു മഹാചിരിച്ച്, 'മായ' പ്രത്യക്ഷമാക്കുന്നതോടെ, ആത്മീയ ശാസ്ത്രം കൂടിയായ ഓംകാര നീതി ശാസ്ത്രം ഒന്നാമത്തെ വേദവും, ഏകമഹാവേദവുമായി പരിണമിക്കുന്നുണ്ട്.

ഓംകാര നീതിശാസ്ത്ര പ്രകാരം, ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായ മഹാപ്രപഞ്ചവും സൃഷ്ടിയ്ക്കപ്പെടുന്നു. (മുമ്പ് വിശദീകരിച്ചതാണ്. കൂടുതൽ ആവർത്തിക്കുന്നില്ല.).

മഹാജ്ഞാനത്തിന്റെ ഒരു ഭാഗം മാത്രമാണ് മഹാശാസ്ത്രം എന്നും സുവ്യക്തമാണ്. ഓംകാരനീതിശാസ്ത്രം മഹാശാസ്ത്രത്തെയും മഹാ-പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നുവെന്നും, മഹാ-ശാസ്ത്രവും മഹാപ്രപഞ്ചവും ഓംകാരത്തിന്നുള്ളിൽ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നും വെളിവാകുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്ത് മഹാപ്രപഞ്ചം മഹാഭദ്രമായിരിക്കുന്നു. മഹാജഗദംബയായ മഹാദേവി ഒരു കൊച്ചു കുഞ്ഞായിട്ട് മഹാഅവതരിക്കുമ്പോഴും, മഹാപ്രപഞ്ചം മുഴുവൻ കുഞ്ഞായിരിക്കുന്ന മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിനകത്ത് മഹാമായകൊണ്ട് മഹാഭദ്രമാണ്.

എല്ലാ ശാസ്ത്രങ്ങളുടെയും മാതൃശാസ്ത്രം ഓംകാര നീതിശാസ്ത്രം (ദൈവ ശാസ്ത്രം) ആണെന്ന് സുവ്യക്തമാണ്. ഏകമഹാശക്തിയായ മഹാദേവിയുടെ ഏകമഹാവേദമാണ് ഓംകാര നീതിശാസ്ത്രം എന്നിരിക്കെ മൂന്ന് വേദങ്ങളായി വിഭജിക്കുന്നത് എന്തിനാണ് ?

സൃഷ്ടി ചക്രത്തെ 'മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടം', 'മായ പ്രത്യക്ഷമായ കാലഘട്ടം' എന്നിങ്ങനെ രണ്ടായി വേർതിരിച്ചിട്ടുണ്ട്. രണ്ടു കാലഘട്ടങ്ങളിലും അഥവാ എക്കാലവും മനുഷ്യർ ജീവിക്കേണ്ടത് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരമാണ്. എങ്ങനെ ജീവിക്കണം എന്നതിന്റെ ഉത്തരമാണത്; അതിന് മാറ്റവും ഉണ്ടാകുന്നില്ല. എന്നാൽ

'മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടം' എന്നു പറയുമ്പോൾ 'ദൈവം ഉണ്ടോ ഇല്ലയോ' എന്നതു പോലും സൂക്ഷ്മമായി വിശകലനം ചെയ്യുന്നവർക്കും ധാർമ്മിക ശുദ്ധി കൂടുതൽ ഉള്ളവർക്കും മാത്രമാണ് ബോദ്ധ്യമാവുക.

ജനങ്ങൾ അലസരും മടിയരും ആവാതെ മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ കണ്ടെത്തുകയും, അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം. ഇന്നത്തെ ഭൂമിയിൽ വ്യാപകമായിട്ടുള്ള ബഹുവിധങ്ങളായ ആനന്ദങ്ങളെ സ്വയമെന്നോണം കണ്ടെത്തുകയും ധർമ്മശാസ്ത്ര പരമായി ആസ്വദിച്ചു ജീവിക്കുകയും വേണം. ദൈവത്തിന്റെ പ്രത്യക്ഷ സാന്നിദ്ധ്യം ഉണ്ടായാൽ അതുണ്ടാവില്ല.

വൈവിധ്യമാർന്ന കൃഷി വിഭവങ്ങൾ; കാർ, തീവണ്ടി, വിമാനം, കപ്പൽ, തുടങ്ങിയ വാഹനങ്ങൾ; കെട്ടിടങ്ങൾ, ആശുപത്രി, ടെലിവിഷൻ, റേഡിയോ, ഫോട്ടോ, ഫോൺ, മൊബൈൽ ഫോൺ, കറന്റ് : ലൈറ്റുകൾ, എയർ കണ്ടീഷണർ, ഫാൻ, റഫ്രിജറേറ്റർ, ഫ്രീസർ, പമ്പ്, പ്ലംബിംഗ് .... തുടങ്ങിയവ ഇല്ലാത്ത ലോകത്തെപ്പറ്റി ഇന്നത്തെ മനുഷ്യർക്ക് ആലോചിക്കാൻ പോലും താല്പര്യം ഉണ്ടാവില്ല. കുഞ്ഞുങ്ങൾ ആനന്ദിച്ചു ജീവിക്കണമെന്നാണ് ഓംകാര നീതി ശാസ്ത്രം!

'മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ' ഒന്നാമത്തെ വേദമായും മനുഷ്യർ കണ്ടെത്തുന്നവയായും 'ഭൗതിക ശാസ്ത്രത്തെ' മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്. ദൈവം, മനുഷ്യർക്ക് വേണ്ടി ഭൗതിക ശാസ്ത്ര നിയമങ്ങളെ ഗൂഢമാക്കിയിരിക്കുന്നു.

മഹാഉചിതമായും ക്രമേണയും ചെയ്യുന്ന വെളിപ്പെടുത്തലുകളെ ഒന്നിച്ചായാൽ ജീവിതത്തിന്റെ ക്രമങ്ങളും ആനന്ദങ്ങളും നഷ്ടപ്പെടുന്നതാണ്.

മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ ദൈവത്തെ അന്വേഷിക്കുന്ന മൂഢ ജനങ്ങളോടും മറ്റും ദൈവം കൂടുതൽ കരുണ കാട്ടിയാൽ, അഥവാ ദൈവീക സാന്നിധ്യം വെളിപ്പെടുത്തിയാൽ, മേൽ സൂചിപ്പിച്ച ഭൗതിക ശാസ്ത്ര വികസനം മുന്നോട്ട് പോവില്ല.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, ദൈവം, മായ പ്രത്യക്ഷമാക്കി ക്കൊണ്ട് - ഓം എന്ന് മഹിചിരിച്ച് - ദൈവ വിപ്ലവം നടത്തുന്നു.

മഹാദേവി, മഹാദാസനായ പരമശിവനിലൂടെ വീണ്ടെടുക്കുന്ന മൂന്നാമത്തെ വേദം മഹാപ്രസക്തി നേടുന്നു; ഒന്നാമത്തെ വേദമായും പ്രായേണ ഏകമഹാവേദമായും ദൈവശാസ്ത്രമായും ഒക്കെ പരിണമിക്കുന്നു. ദൈവം, ദൈവ കാര്യങ്ങൾ, മനുഷ്യരുടെ മോക്ഷം, മോക്ഷത്തിന് മനുഷ്യരെ ഒരുക്കൽ, ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ അപ്പോഴും എപ്പോഴും ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത, തുടങ്ങിയ ആത്മീയ ശാസ്ത്ര കാര്യങ്ങളെ ദൈവീകമായിട്ട് വീണ്ടെടുക്കുമ്പോൾ, ശാസ്ത്ര വികസനം ഏറെക്കുറെ പൂർത്തിയായ ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രം താരതമ്യേന അപ്രസക്തമാവുന്നു.

സൃഷ്ടി ചക്രത്തിന്റെ സംഹാരം എന്ന ജനങ്ങളുടെ മോക്ഷം പൂർണ്ണമാവുമ്പോൾ, വേദ ഗ്രന്ഥങ്ങളും സംഹരിക്കപ്പെടും; മഹാശാസ്ത്രം / വേദങ്ങൾ, മണ്ണായ ഭൂമിയിൽ മഹാലയിച്ച് എപ്പോഴുമുണ്ട് !

മേല്പടി വിശദീകരണത്തിൽ നിന്ന് ഒന്നായ വേദം മൂന്നായി പിരിയുന്നതായി മനസ്സിലാക്കാനാവും.

മഹാപ്രപഞ്ചത്തെ മുഴുവൻ ശബ്ദബ്രഹ്മം കൂടിയായ **ഓം** ഉൾക്കൊള്ളുന്നത് എങ്ങനെയെന്ന് വിശദീകരിച്ചിരുന്നു. ശബ്ദബ്രഹ്മം കൂടിയായ ഓം -ന്റെ കാരം അഥവാ ശക്തി അഥവാ ആകാരം അഥവാ രൂപം എന്ന അർത്ഥത്തിലാണ് മഹാഹൃദയത്തിന് ഓംകാരം എന്നു പേരുവച്ചിട്ടുള്ളത് എന്ന് തൽക്കാലം അറിയുക. ഓം -ന്റെ ശക്തി എന്നു പറയുമ്പോൾ, ഓം -ന് ശക്തി ലഭിക്കുകയാണ്. എന്റെ ശക്തി, മറ്റൊരാളുടെ ശക്തി എന്നെല്ലാം മനുഷ്യർ പറയുമ്പോൾ, യാതൊരാൾക്കും ശക്തി ഇല്ലായെന്നും, മഹാശക്തിയായ ദൈവം ഓരോരുത്തർക്കും നൽകുന്ന ശക്തികളെയാണ് എന്റെ ശക്തി, മറ്റൊരാളുടെ ശക്തി എന്നെല്ലാം മനുഷ്യർ പറയുന്നതെന്നും, അറിയണം.

എപ്പോഴും ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചുകൊണ്ട്, മഹാദേവിയുടെ മഹാവായിലൂടെ മഹാചിരിയായി മഹാപ്രപഞ്ചത്തിലേക്കു ചേരുകയാൽ, ഓം-ന്റെ മഹാശക്തിയെയും ഓംകാരം നൽകുന്ന ശക്തിയെയും വേറിട്ടു കണക്കാക്കാൻ കഴിയാത്ത മഹാഅവസ്ഥയുമുണ്ട്; മഹാദേവിയുടെ ഭാഗമായ പരമശിവനെ മഹാദേവിയുടെ ഒരു അവയവമായി കണക്കാക്കിയാൽ പരമശിവനിലൂടെ പ്രവർത്തിക്കുന്ന കാര്യങ്ങളെ മഹാദേവി ചെയ്യുന്നതായി മനസ്സിലാവും. ഓംകാരത്തിൽ നിന്നു തന്നെയാണ് ഓം -ന് ശക്തി ലഭിക്കുന്നത് എന്നും, മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഉത്ഭവിച്ചു തുടങ്ങുന്നത് മഹാഹൃദയമായ ഓംകാരത്തിലാണെന്നും വ്യക്തമാകുന്നു. ഓംകാരത്തിൽ നിന്നും ഉത്ഭവിക്കുന്ന ഓം- നെ മഹാ-ഉപാധിയാക്കിയാണ് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതും മഹാപരിപാലിക്കുന്നതും.

മഹാദേവിയുടെ മഹാഹൃദയത്തിന്റെ മഹാപ്രവർത്തനങ്ങളുടെ വളരെച്ചെറിയ പതിപ്പ് അഥവാ അനുകരണം മാത്രമാണ് ജീവികളുടെയെല്ലാം ഹൃദയ-പ്രവർത്തനം. ജീവികൾക്ക് ജീവൻ നൽകുന്നതായ ഓക്സിജൻ എന്ന ശക്തിയെ ഓം/ഓംകാരം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ജീവനും ജീവാത്മാവും ശരീരവും ന്യൂറോണുകളുമെല്ലാം ജീവിയിൽ എങ്ങനെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് 'മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാൽ മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല' എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.

മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളും ഹൃദയത്തിലൂടെയാണ് എന്നതുപോലെ, മനുഷ്യർ ചിരിക്കുന്നതും, ചിരിക്കാൻ കഴിയുന്നതും, ഹൃദയത്തിലൂടെ ലഭ്യമാകുന്ന ശക്തികൊണ്ടു തന്നെയാണ് എന്നറിയുമ്പോൾ, ശബ്ദത്തിന്റെ ഉത്ഭവം തൊണ്ടയോ നാവോ അല്ല, മറിച്ച് ഹൃദയത്തിൽ നിന്നാണെന്നും തെളിയുന്നു.

ഓംകാരത്തിന്റെയും ഓംകാരനീതിശാസ്ത്രത്തിന്റെയും മഹാധർമ്മത്തെയാണ് മുകളിൽ ഏറ്റവും ഹ്രസ്വമായി വിശദീകരിച്ചത്. ഓംകാര നീതിശാസ്ത്രത്തിലെ കുറെ ഭാഗം മാത്രം ചുവടെ ചേർക്കുന്നു.

മഹാശക്തിയായ മഹാദേവി, ഓംകാരനീതിശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിലെ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടു തന്നെ; ജീവികൾ കാട്ടിക്കൂട്ടുന്ന ഏത് അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കുന്നതാണ് ; ഓംകാരത്തിൽ നിന്നും ഉത്ഭവിക്കുന്നതായ ഓംകാരനീതിശാസ്ത്രത്തിന്റെ മഹാസവിശേഷതയാണത്.

സമനീതി കൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് എല്ലാ കുഞ്ഞുങ്ങൾക്കും സമമായ ആനന്ദം ലഭ്യമാക്കുകയാണ്. കുഞ്ഞുങ്ങളെല്ലാം പരമാനന്ദത്തോടെ ജീവിക്കുന്നതിലേക്കായി ദൈവം അനന്തങ്ങളായ ആനന്ദങ്ങളെ മഹാഒരുക്കിയിരിക്കുന്നു. സ്രഷ്ടാവായ ദൈവം കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ വ്യക്തി സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു.

മഹാനീതിശാസ്ത്രം ദൈവത്തിന്റെ സൃഷ്ടികളായ കുഞ്ഞുങ്ങൾക്കെല്ലാം ആനന്ദങ്ങളെ സമമായി നൽകാനാണെന്നു കണ്ടു. കുഞ്ഞുങ്ങൾ വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിയെടുക്കുമ്പോഴും തട്ടിത്തെറിപ്പിക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കണം. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തണം. ശുദ്ധിപ്പെടുത്താനായി ശിക്ഷ നൽകണം.

എല്ലാ കുഞ്ഞുങ്ങൾക്കും സമപദവി തന്നെ ലഭ്യമാക്കണം. എല്ലാ കുഞ്ഞുങ്ങൾക്കും ഭൂമിയിൽ സമ-കാല ജീവിതം ഉറപ്പാക്കേണ്ടത് സമനീതിയുടെ ഭാഗമാകയാൽ കാലഘട്ടത്തെ / സമയത്തെ ചിട്ടപ്പെടുത്തി സമനീതിയെ മഹാ-ആവിഷ്ക്കരിക്കണം.

ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിച്ചു കൊണ്ടാണ് മഹാനീതിയായ ദൈവം മഹാഭരിക്കുന്നത്.

ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യമുണ്ട്. മുമ്പു വ്യക്തമാക്കിയതു പോലെ, മനുഷ്യർക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകി ആനന്ദിപ്പിക്കാനാണ്, അടിമകളല്ലാതെയാക്കാനാണ്. ഏതാനും ചില മേഖലകളിലെ ഭരണം മാത്രം ഏല്പിച്ചാൽ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകാനാകുമോ എന്ന ചോദ്യമുണ്ട്. ദൈവീകതലത്തിൽ ഭൂമിയിലെ മനുഷ്യരെ അടിമകളാക്കിയിട്ടില്ലാ എന്നതുകൊണ്ട് എക്കാലത്തും സമ്പൂർണ്ണ വ്യക്തി-സ്വാതന്ത്ര്യം അനുഭവിക്കുന്നവരായി മനുഷ്യർ കരുതുന്നത് പ്രത്യക്ഷ തെളിവാണ്. ഏതാനും മേഖലകളിലൂടെ സർവ്വ മേഖലകളിലും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതി മനുഷ്യർക്ക് ഉണ്ടാകുന്നുണ്ട്. ജന്മഗുണങ്ങളിലൂടെയും സ്ഥിതി പരമായും മഹാഭരണം മഹാദേവി നിർവ്വഹിക്കുന്നതു കൊണ്ടാണ് പ്രതീതി എന്ന് കുറിച്ചത്. മഹാദേവിയുടെ ആവിഷ്ക്കാര മഹത്വമാണത്.

ഏതാനും മേഖലകളിലെ ഭരണം മനുഷ്യരാണ് നടത്തുന്നതെങ്കിലും, പ്രസ്തുത മേഖലകളെ മാറ്റാതെ മാറ്റിനിർത്തിക്കൊണ്ട് ദൈവം ഭരണം നടത്തുകയാൽ, ദൈവം മഹാഭരണാധികാരി ആകുന്നത് എങ്ങനെയെന്ന ചോദ്യമുണ്ട്.

മനുഷ്യരുടെ ഭരണത്തിനായി മാറ്റിനിർത്തിയ ഏതാനും മേഖലകളിലൂടെ സർവ്വ മേഖലകളെയും ഭരിക്കുന്ന അവസ്ഥ മനുഷ്യർക്ക് നൽകുന്നതോടൊപ്പം, ഏതു മേഖലകളിലും മനുഷ്യരുടെ ഭരണം സൃഷ്ടിക്കുന്ന ഗുണങ്ങളെയും പിഴവുകളെയും മഹാ-ഉൾക്കൊള്ളുന്ന മഹാനീതിശാസ്ത്രം ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് എന്നതും, അതു പ്രകാരം ദൈവം മഹാനീതി നടപ്പാക്കി ക്കൊണ്ട് മഹാനീതി(പതി) ആകുന്നുണ്ട് എന്നതും, ഭരണശാസ്ത്രത്തിനു മുകളിൽ നീതിശാസ്ത്രത്തെ പ്രതിഷ്ഠിച്ചിരിക്കുകയാൽ ദൈവം, മഹാഭരണാധികാരി കൂടിയാവുന്നു എന്നതുമാണ് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാ-ഉത്തരം. അതായത്, ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രം കൊണ്ടു മാത്രം മഹാപ്രപഞ്ചത്തിലെ എല്ലാ ജീവിത മേഖലകളിലെയും കുറ്റങ്ങളെയും കുറവുകളെയും എല്ലാ കാലങ്ങളിലും ദൈവം മഹാപരിഹരിക്കുന്നുണ്ട് എന്നതാണ് സത്യം.

ആവർത്തിക്കുന്നു :

മഹാപ്രപഞ്ചത്തിലെ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുതന്നെ ജീവികൾ മുഴുവൻ കാട്ടക്കൂട്ടുന്ന ഏത് അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ ഓംകാര നീതിശാസ്ത്രപ്രകാരം ഏകമഹാശക്തിയും മഹാമാതാവും മഹാനീതിയുമായ മഹാദേവി എല്ലായ്പ്പോഴും പരിഹരിക്കുന്നുണ്ട്. എല്ലാ സൃഷ്ടിചക്രങ്ങളുടെയും ആദ്യ പകുതിയിൽ മായ അഥവാ ദൈവസാന്നിദ്ധ്യം പ്രത്യക്ഷമല്ലാത്തതിനാൽ ജനങ്ങൾ തിരിച്ചറിയുന്നില്ലാ എന്നേയുള്ളൂ.

എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ മായ പ്രത്യക്ഷമാകുന്നതോടെ, ജനങ്ങൾ മഹാസത്യങ്ങളെ തിരിച്ചറിഞ്ഞ് ധർമ്മശാസ്ത്രപ്രകാരം ജീവിക്കാൻ തയ്യാറെടുക്കുന്നതുമാണ്. ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി ഭൂമിയിലെങ്ങും സ്വർഗ്ഗരാജ്യം സ്ഥാപിക്കപ്പെടാൻ അത് കാരണവുമാകും.

ജീവിതത്തിന്റെ എല്ലാ മേഖലകളെയും തങ്ങൾ ഭരിക്കുന്നതായി അനേകം/ ഭൂരിപക്ഷം മാനുഷിക-ഭരണാധികാരികൾ കരുതുന്നുണ്ട്. ഭരണാധികാരി എന്നു പറയുമ്പോൾ, ജനങ്ങൾക്കെല്ലാം സമനീതി ലഭ്യമാക്കുന്നയാൾ ആയിരിക്കണം. രാഷ്ട്ര ഭരണഘടന എന്ന പേരിലുള്ള ഒന്നിന്റെ പേരിൽ മന്ത്രിമാരും മറ്റും സത്യപ്രതിജ്ഞ ചെയ്യുന്നത് ജനങ്ങൾക്കെല്ലാം സമനീതി ലഭ്യമാക്കുമെന്ന് വാഗ്ദാനം നൽകിയുമാണ്. യഥാർത്ഥത്തിൽ രാഷ്ട്രങ്ങളിലെ ഭരണഘടനകൾ എന്ന പേരിലുള്ളവ അസംബന്ധമാണ്, അവ പ്രകാരം സത്യപ്രതിജ്ഞ ചെയ്യുന്നവർ സമനീതി നൽകുന്നുമില്ല, യാതൊരിക്കലും അവർക്ക് കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാൽ ജന്മഗുണങ്ങൾ എന്ന പേരിൽ വലിയൊരു വിഭാഗം കാര്യങ്ങളെ അഥവാ ജീവിതത്തിലെ ഏറ്റവും മുഖ്യമായ ഘടകങ്ങളെ മഹാനീതിയായ ദൈവമാണ് മഹാ-ഭരിക്കുന്നത്. ദൈവം അന്യായം കാട്ടുന്നെന്നോ, ജന്മഗുണങ്ങളെന്നു പറയുന്നവയെ നിയന്ത്രിക്കാനുള്ള / ഭരിക്കാനുള്ള ശക്തികൂടി മനുഷ്യർക്കു നൽകണമെന്ന് ആഗ്രഹിച്ചാൽ, ദൈവം തയ്യാറായാൽ ജന്മഗുണങ്ങളിലൂടെ മഹാനീതിയായ ദൈവം നടപ്പാക്കുന്ന കാര്യങ്ങളുടെ മഹാ-ഭീമത്വം കണ്ട് മനുഷ്യർ ഞെട്ടിത്തെറിക്കുന്നതും, ജന്മഗുണങ്ങളിലെ മഹാഭരണം ദൈവംതന്നെ നടത്തേണമേ എന്ന് മനുഷ്യർ ഏറ്റവും വിനീതമായി കരഞ്ഞ് അപേക്ഷിക്കുന്നതുമാണ്.

ജന്മഗുണങ്ങൾ

സ്ത്രീപുരുഷ വ്യത്യാസം (ലിംഗം), ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ജന്മ ഗുണങ്ങൾ (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം), തുടങ്ങിയവയാണ് ജന്മഗുണങ്ങൾ.

ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാകുന്നതോടെ, മേല്പടി ഘടകങ്ങൾ ജന്മഗുണങ്ങളാണെന്നും, അവ വെറുതെ രൂപപ്പെടുന്നതല്ല എന്നും, അവയുടെ സൃഷ്ടിയുടെയും രക്ഷയുടെയും കാര്യവും കാരണവുമായി ദൈവമുണ്ട് എന്നും സുവ്യക്തമായി തെളിയുന്നതാണ്. സ്രഷ്ടാവായ ദൈവം സൃഷ്ടിപരമായ വിധിയെ മുൻനിർത്തി എല്ലാ കുഞ്ഞുങ്ങളിലും സ്ഥാപിച്ചിട്ടുള്ള ജന്മഗുണങ്ങളെ തമാശ പോലെ കണ്ട് കൂടുതൽ വിസ്ഥികളാവരുത്. ബുദ്ധിജീവികളെന്നു കരുതുന്നവരും നിരീശ്വരവാദി കളും മതപുരോഹിതന്മാരും ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾ വിവാദങ്ങൾക്കായി സമയം കളഞ്ഞിട്ട് കാര്യമില്ല., ജന്മഗുണങ്ങളെ ഓരോന്നായി വിശകലനം ചെയ്തിരിക്കുന്നത് ജാഗ്രതയോടെ ശ്രദ്ധിക്കുക :-

(1) സ്ത്രീപുരുഷ വ്യത്യാസം (ലിംഗം).

മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും സ്ത്രീ-പുരുഷ വ്യത്യാസങ്ങളെ സ്രഷ്ടാവും രക്ഷകയുമായ ദൈവം ക്രമപ്പെടുത്തുന്നുണ്ട്.

പ്രസ്തുത ചുമതല മനുഷ്യരെ ഏല്പിക്കാവുന്നതാണോ എന്നും, ഏല്പിക്കേണ്ടത് വ്യക്തികളെയാണോ ഭരണകൂടത്തെയാണോ, എങ്ങനെ വേണം എന്നൊക്കെയും, കാര്യക്ഷമമായി ലിംഗവ്യത്യാസങ്ങളെ നിയന്ത്രിക്കാനും മനുഷ്യർക്കു കഴിയുമോ എന്നും ചിന്തിക്കുക. ഭൂമിയിലെ ജീവിതം ആകെ മുഴുവൻ തകരാറിലാകുന്നതാണ് എന്നും, മനുഷ്യകരങ്ങൾക്ക് ലിംഗവ്യത്യാസങ്ങളെ ഉചിതമായി ഭരിക്കാനാവില്ല എന്നും തെളിയുന്നതാണ്.

ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ലിംഗവ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയുന്നതിനെ പ്പറ്റി ചിന്തിച്ചാൽ, മണ്ണിലെ മൂലകങ്ങളിൽ അഥവാ ഭൂമിയിൽ ദൈവം മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ചു തന്നെയാണ് എന്നുമെന്നും, ദുരുപയോഗം ചെയ്യുന്നത് ഭൂമിയിലെ ജീവിതം ആകെ തകരാറിലാക്കുമെന്നും കാണാം.

(2) **ആയുസ്സ്**. ഒരേ ആയുസ്സ് എല്ലാവർക്കും ലഭ്യമാക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രണ്ടാം വയസ്സിൽ പോളിയോ വന്ന് ശരീരം ആകെ തളർന്നാലും മരിക്കാതിരിക്കുക, വണ്ടി ഇടിച്ചോ അല്ലാതെയോ തലയറ്റുപോയാലും മരിക്കാതിരിക്കുക, ക്യാൻസർ, എയിഡ്സ് തുടങ്ങിയ മാരക രോഗങ്ങൾ പിടിപെട്ടാലും കിടന്നു നരകിക്കുകയല്ലാതെ മരിക്കാതിരിക്കുക, പാമ്പു കടിച്ചാലും പാറക്കൂട്ടത്തിൽ നിന്നു താഴെ വീണ് ശരീരം ഛന്നംപിന്നമായാലും മരിക്കാതിരിക്കുക, ഒരാളെ ആന കൊമ്പിൽ കോർത്ത് താഴെ ഇട്ട് ചവിട്ടി ശരീരത്തെ ചമ്മന്തിപോലെ ചതച്ചാലും കഷണങ്ങളായി മാറ്റിയാലും മരിക്കാതിരിക്കുക, ഒരാളെ സിംഹം ഭക്ഷിച്ചു കഴിഞ്ഞാലും അയാൾ മരിക്കാതിരിക്കുക, തുടങ്ങിയ ബഹുവിധ കാര്യങ്ങളെ ക്രമപ്പെടുത്തിയാൽ മാത്രമേ തുല്ല്യമായ ആയുസ്സ് ലഭ്യമാക്കാൻ സാധിക്കൂ. അങ്ങനെയിരിക്കെ, വേദനകൊണ്ട് വിഷമിക്കുന്നവരെയും മറ്റും മരിക്കാൻ അനുവദിക്കാതെ, ഒരു നിശ്ചിത ആയുസ്സിൽ മാത്രം എല്ലാവരും മരിക്കുന്നതാണു നല്ലതെന്ന് വ്യക്തികളും ഭരണകൂടവും സമ്മതിക്കുമോ ? ഇല്ലേയില്ല.

ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആയുസ്സിലെ വ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയും എന്നതിനെപ്പറ്റി ചിന്തിച്ചാൽ, അപ്പോഴും, ഭൂമിയിലെ ജീവിതം ആകെ തകരാറിലാകുമെന്നു കാണാം.

(3) **ആരോഗ്യം**. ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും ഒരേ ആരോഗ്യം ലഭ്യമാക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രോഗങ്ങളും അപകടങ്ങളും വേണ്ടാ എന്നോ ഇല്ലാതാക്കുവാനോ കഴിയേണ്ടിവരും. രോഗങ്ങളുടെ കാര്യം മാറ്റിവച്ച്, അപകടങ്ങളുടെ കാര്യം എടുക്കുക. അപകടത്തിൽ കൈയ്യോ കാലോ നഷ്ടപ്പെട്ടാലും, ഒടിവുണ്ടായാലും, അങ്ങനെ സംഭവിക്കാത്തവരുടെ ആരോഗ്യം ഉണ്ടാകണമെന്നു ആഗ്രഹിക്കാമോ ? ഭൗതികശാസ്ത്രം അനുസരിച്ച് അപകടത്തിൽ പരിക്കുകളും, അംഗഭംഗങ്ങളും, മരണവുമൊക്കെ സംഭവിക്കാമെന്നും, സംഭവിക്കണമെന്നുമിരിക്കെ, അതു പാടില്ലായെന്ന് ആഗ്രഹിക്കുമോ ? ഇല്ലേയില്ല.

ആരോഗ്യകാര്യങ്ങൾ വൈദ്യശാസ്ത്രത്തിന്റെ ഭാഗമാകയാൽ മറ്റു ശാസ്ത്ര ശാഖകളിലെ വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആരോഗ്യവ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയുന്നതിനെപ്പറ്റി ചിന്തിക്കുന്നത് ഭോഷ്ക്കാണ്.

(4) **സൗന്ദര്യം**. **ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും തുല്ല്യ സൗന്ദര്യം നൽകുക എന്നു പറഞ്ഞാൽ, ശരീര വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാവരുടെയും എല്ലാ ശരീര അവയവങ്ങളും, മുഖഛായയും, നിറവുമെല്ലാം ഒരുപോലെ ആകണം എന്നാണ് അർത്ഥം. ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 800 കോടി മനുഷ്യർക്ക് ഒരേ മുഖഛായ ആയാൽ യാതൊരാൾക്കും യാതൊരാളെയും തിരിച്ചറിയാൻ കഴിയുന്നതല്ല. ശരീര അവയവങ്ങൾക്ക് സമ-സൗന്ദര്യം നൽകുന്നതായാൽ സ്ത്രീ-പുരുഷ വ്യത്യാസം പോലും സാധിക്കുന്നതല്ല !**

മനുഷ്യ ഭരണാധികാരിക്ക് എല്ലാ മനുഷ്യരുടെയും മുഖഛായ ഒന്നാക്കാനുള്ള ദിവ്യത്വം അഥവാ വിദ്യ നൽകിയാൽ, മനുഷ്യ ഭരണാധികാരിക്ക് അതുപ്രകാരം ഭരണം നടത്താനാവുമോ ? മനുഷ്യരിൽ ഒരേ മുഖഛായയും ഒരേ ശരീരഘടനയുമുള്ള ഇരട്ട സഹോദരങ്ങളെ തിരിച്ചറിയാൻ മാതാപിതാക്കൾ പോലും വിഷമിക്കുമ്പോൾ, ഒരേ മുഖഛായയും ശരീര ഘടനയുമുള്ള 800 കോടി ജനങ്ങൾ ഭൂമിയിൽ ജീവിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. അയ്യോ ദൈവമേ, കുഴയ്ക്കല്ലേ, അവിടുന്ന് മുഖഛായയിലും ശരീര രൂപ ഘടനയിലും ഒക്കെ ചെയ്തു പോരുന്ന വ്യത്യാസങ്ങളെ നിലനിർത്തേണമേ എന്ന് ഭൂരിപക്ഷം മനുഷ്യരും കരഞ്ഞ് അപേക്ഷിക്കുന്നതാണ്.

(5) ദേശം. ഭൂമിയിലൊട്ടാകെ 200-ലധികം രാഷ്ട്രങ്ങളുണ്ട്. അതിൽ പത്തിൽ താഴെ രാജ്യങ്ങളിലെ ജനങ്ങളെ സമ്പത്തുകൊണ്ടും സംസ്ക്കാരം കൊണ്ടും സൗന്ദര്യം കൊണ്ടും ശ്രേഷ്ഠരായി കണക്കാക്കുകയും, ആ രാജ്യങ്ങളിൽ മാത്രമുള്ളവർക്ക് കുഞ്ഞുങ്ങൾ ജനിച്ചാൽ മതിയാകുമെന്നും ആഗ്രഹിക്കുമോ ? ഇല്ലേയില്ല. ഉദാഹരണത്തിന്, ശ്രേഷ്ഠമെന്ന് തങ്ങൾ കരുതുന്ന ഇന്ത്യയിൽ മാത്രം കുഞ്ഞുങ്ങളെ ജനിപ്പിക്കുന്ന വിദ്യ ഇന്ത്യയിലെ ഒരാൾക്കോ, ഒരു കൂട്ടം ജനങ്ങൾക്കോ, പ്രധാനമന്ത്രിക്കോ ദൈവം നൽകിയാൽ എന്താകും ?

ഇന്ത്യയിൽ മാത്രം കുഞ്ഞുങ്ങൾ ജനിക്കാനും, മറ്റു രാജ്യങ്ങളിൽ കുഞ്ഞുങ്ങൾ ജനിക്കേണ്ട എന്നും ആഗ്രഹിക്കുമോ ? മറ്റു രാജ്യങ്ങളിലെല്ലാം കൂടി ജനിക്കേണ്ടതായ കുഞ്ഞുങ്ങൾ ഇന്ത്യയിൽ മാത്രം വന്നു ജനിച്ചാൽ ഉണ്ടാകാവുന്ന വർദ്ധിച്ച ഭക്ഷണ - വസ്ത്ര-പാർപ്പിട-ആവശ്യങ്ങളും, തൊഴിൽ പ്രശ്നങ്ങളും, ക്രമസമാധാന പ്രശ്നങ്ങളും ഒക്കെ ഒക്കെ അല്പനേരം ചിന്തിച്ചശേഷം ഉത്തരം നൽകിയാൽ മതിയാകും. ഇല്ലേയില്ല എന്നും വേണ്ടേ വേണ്ട എന്നും ജനങ്ങൾ പറയുന്നതാണ്.

ദൈവം സൃഷ്ടിച്ചതായ ഒരേ ഭൂമിയിലെ ഓരോരോ ഭാഗങ്ങൾ മാത്രമാണ് ഓരോ രാജ്യങ്ങളെന്നതും, ഭൂമിയിലുള്ള മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ ഒരേ ഭൂമിയിലെ സൃഷ്ടികളാണെന്നതും മറന്നും അവഗണിച്ചും കഴിയുന്നതിനെപ്പറ്റി 'ഭീകരവാദവും ദേശവ്യത്യാസങ്ങളും' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ജനിക്കാൻപോകുന്ന കുഞ്ഞുങ്ങളുടെ ആത്മാക്കൾക്ക് ദേശം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കാമെന്നുവച്ചാൽ, അവയും പ്രത്യേക ദേശത്തിൽ അഥവാ മേല്പടി 10-ൽ താഴെ ദേശങ്ങളിൽ മാത്രം ജനിക്കണമെന്ന് ആഗ്രഹിച്ചാൽ, അതനുവദിച്ചാൽ, അപ്പോഴും ജീവിതം തകരാറിലാവുന്നതാണ്.

മുകളിൽ 'മഹാലിംഗം' എന്ന പാഠത്തിൽ യാതൊരു മനുഷ്യരും യാതൊരു രാജ്യത്തും ജനിക്കുന്നില്ല എന്ന് മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുള്ളത് അത്യധികം ഗൗരവമുള്ളതാണ്.

(6) **ഭാഷ**. ഭൂമിയിലൊക്കെയും ഒരു ഭാഷ മാത്രമായാൽ ജീവിതം എങ്ങനെയൊക്കെയാവും എന്നു ചിന്തിക്കുക.

സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം. ഭൂമിയിൽ ഒരു പുഷ്പവും ഒരു മണവും മാത്രം മതിയാകും എന്നു ചിന്തിച്ചാൽ ജീവിതം ഒട്ടും ആനന്ദകരമാവില്ല എന്നു കാണാം. എല്ലാ ഭക്ഷണ സാധനങ്ങൾക്കും ഒരേ രുചിയും ഒരേ മണവുമായാലോ ഒരു തരം ഭക്ഷണം മാത്രമായാലോ ജീവിതം ഒട്ടും ആനന്ദകരമാവില്ല.. കൂടുതൽ വിശദീകരിക്കുന്നില്ല.

ഭാഷകൾക്കും അതീതമായ ദൈവത്തെ അനുകരിച്ച് ഏറ്റവും ശ്രേഷ്ഠമായ ഭാഷാപദങ്ങളെയും സ്വീകരിച്ച്, ദൈവീക തലത്തിലേക്ക് ഉയരാൻ, വ്യക്തികൾക്ക് കഴിയുന്നില്ലെങ്കിൽ അതിന്റെ അർത്ഥം അവർ തൽക്കാലം മൂഢരോ മനോരോഗികളോ ശരീര രോഗികളോ ആണ്. വൈരം ഉണ്ടാവാതെ, ജ്ഞാനവും മരുന്നും കൊണ്ട് പ്രസ്തുത കുഞ്ഞുങ്ങളെ ചികിത്സിക്കാൻ ശക്തിക്കൊത്ത് പരിശ്രമിക്കണം. ശ്രേഷ്ഠ ഭാഷ സ്വന്തമാക്കാൻ സ്വന്തം പകുതി പരിശ്രമിക്കണം; ബാക്കി പകുതി ദൈവത്തിന്റെ അനുഗ്രഹമായി ലഭിക്കുന്നതാണ്. ചീത്തയായ പദങ്ങൾ ഉച്ചരിക്കാൻ വലിയ മിടുക്ക് വേണ്ടാ. മനുഷ്യാവസ്ഥയിൽ ജീവിക്കുന്നവർ മൃഗാവസ്ഥയിലെ അജ്ഞാന പ്രകൃതം കാട്ടുമ്പോൾ, അതേപടി 'ജ്ഞാനത്തെ ലഭിച്ചവർ' തിരിച്ചു പ്രതികരിച്ചാൽ, ദൈവീകമായ ജ്ഞാനത്തെ കളങ്കപ്പെടുത്തിയ കുറ്റത്തിന് ശിക്ഷയുണ്ട്.

മാത്രമല്ല, അജ്ഞാനി ഉൾപ്പെടെ ആരോടും കേമത്ത ഭാവം കാട്ടരുതെന്നും, ദൈവീകമായ സ്നേഹ വാത്സല്യങ്ങൾ നൽകണമെന്നും ധർമ്മശാസ്ത്രം അനുശാസിക്കുന്നുണ്ട്.

ധർമ്മ ശാസ്ത്ര പരമായി ജീവിക്കുന്ന വ്യക്തികൾക്ക്, അഹംഭാവം കാട്ടാതെ ദൈവീക തലത്തിൽ ഏറ്റവുമധികം ആനന്ദിച്ചു ജീവിക്കാൻ കഴിയും. മറ്റുള്ളവർക്ക് ഇടിച്ചും ഭർത്സിച്ചും കളയാൻ കഴിയുന്ന മാനങ്ങളാണ് വ്യക്തിക്ക് ഉള്ളതെങ്കിൽ, അങ്ങനെയുള്ള മാനം ഇടിഞ്ഞു പോകട്ടെ എന്ന മനോഭാവം ഉണ്ടാകണം. മഹാസമനീതിയെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ജന്മങ്ങളിലൂടെ ദൈവം ക്രമപ്പെടുത്തുന്നതാണ് എന്നു വിശ്വസിക്കുന്ന വ്യക്തിയെ മാനം, ഭയം, പീഡനം, വധം തുടങ്ങിയവ അലട്ടുന്നതല്ല. തന്നോട് അപരാധം കാട്ടുന്ന ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ എങ്ങനെ ശുദ്ധീകരിക്കാനും ഉയർത്താനും കഴിയും എന്നതിലാണ് അയാൾ ശ്രദ്ധിക്കുക.

((സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം എന്നു പറയുമ്പോൾ, കാമകാര്യങ്ങളുമായി അതിനെ കൂട്ടിക്കുഴയ്ക്കേണ്ട. ശാസ്ത്രവികസനത്തിന് കാമ കാര്യങ്ങളിലെ സദാചാരം നിർബ്ബന്ധമാകുന്നത് എങ്ങനെയെല്ലാമെന്ന് ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ്) എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്. നിറം, സൗന്ദര്യം, മുഖഛായ എന്നിവ പ്രകടമായ ജന്മഗുണങ്ങളിൽ പെടുന്നവയാണ്; പുനർജ്ജന്മങ്ങളിലൂടെ ക്രമീകരിക്കപ്പെടുന്നുണ്ട്. മനുഷ്യന്റെ സ്ത്രീ പുരുഷ വിഭജനം ദൈവീകമാണ്; ആകയാൽ ലഭ്യമാകുന്ന ബന്ധങ്ങളെ ദൈവീകമായി കരുതി സദാചാര ശാസ്ത്ര പ്രകാരം ജീവിക്കുന്നതാണ് ശ്രേഷ്ഠം.

കാമപരമായ സൗന്ദര്യ-ഭ്രാന്തർക്കും മറ്റും ശരീര ശുദ്ധിയോടും ശാസ്ത്രപരമായ സുഗന്ധതൈലങ്ങൾ ഉപയോഗിച്ചും മറ്റും ഇരുട്ടിൽ കാമലീലകളിൽ ഏർപ്പെടുമ്പോൾ സ്ത്രീയ്ക്കും പുരുഷനും മുഖഛായയോ ശരീര-സൗന്ദര്യമോ വിഷയമാകില്ല എന്നതും, പരമാനന്ദം ആസ്വദിക്കുവാൻ കഴിയും എന്നതും ഗൗരവമാണ്. ഇരുട്ടും രാത്രിയുമായി മനുഷ്യരിലെ കാമകാര്യങ്ങളെ കൂടുതൽ ബന്ധിപ്പിച്ചിട്ടുള്ളത് വിഷയ-സാധൂകരണവും നൽകുന്നുണ്ട്. വൈവിധ്യത്തെ കാമകാര്യങ്ങളുമായി ബന്ധപ്പെടുത്തുന്നതിൽ നിന്ന് അധമരും മൂഢരും പിൻവാങ്ങണമെന്നു സാരം..

ശരീരത്തിന്റെ ആരോഗ്യത്തിന് / ശക്തിക്ക് നിറം, സൗന്ദര്യം തുടങ്ങിയ ഗുണങ്ങളേക്കാൾ അത്യധികം ഉയർന്ന സ്ഥാനമുണ്ട്. നിത്യ ജീവിതത്തിൽ പ്രവൃത്തികൾ ചെയ്യാനും ആനന്ദങ്ങൾ നേടാനും ശരീരത്തിന്റെ ആരോഗ്യം തന്നെയാണ് പരമ പ്രധാനം. കാമപരമായ വൈവിധ്യം നിറവേറ്റപ്പെടുന്നതിനെയും ചുവടെ മഹാപുനർജ്ജന്മ സിദ്ധാന്തത്തിൽ നിന്ന് മനസ്സിലാക്കാം.))

(7) **തൊഴിൽ അഭിരുചി.** ഭൂമിയിലൊക്കെയും ഇന്നുള്ള ഏറെക്കുറെ 800 കോടി ജനങ്ങളും അമേരിക്കയിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി അല്പം ചിന്തിക്കുക. സമ്പൂർണ്ണ സാച്ചരത (സാക്ഷരത) ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും കൂടുതലായി ചിന്തിക്കുക.

എല്ലാവരും കൃഷിക്കാരായാലോ, എല്ലാവരും നെയ്ത്തുകാരായാലോ, എല്ലാവരും തയ്യൽക്കാരായാലോ, എല്ലാവരും ആശാരിമാരായാലോ, എല്ലാവരും സംഗീതജ്ഞന്മാരായാലോ, എല്ലാവരും ശാസ്ത്ര ഗവേഷകന്മാരായാലോ, എല്ലാവരും വിമാന-പൈലറ്റന്മാരായാലോ എന്നിങ്ങനെ ചിന്തിക്കുക. എല്ലാവരും നെയ്ത്തുകാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും. ഭക്ഷണവും പാർപ്പിടവും വേണ്ടേ ? നെയ്ത തുണി തയ്ക്കാൻ ആളുവേണ്ടേ ? എല്ലാവരും തയ്യൽക്കാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും. എല്ലാവരും കൃഷിക്കാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും....

തുല്ല്യങ്ങളായ തൊഴിലുകളിൽ ഒന്നാമത്തേതായി കൃഷിയെ, ദൈവം ഉയർത്തിയിട്ടുമുണ്ട്. മറ്റുള്ള ജീവികളെപ്പോലെ തിന്നും കുടിച്ചും ജീവിക്കാൻ ജീവിക്കാൻ കൃഷി വേണം.

തൊഴിൽ അഭിരുചി സൃഷ്ടിക്കുന്ന വിദ്യ, ഭൂമിയിലെ ജനങ്ങൾക്കോ, ഭരണാധികാരികൾക്കോ നൽകാൻ ദൈവം തയ്യാറായാൽ, തങ്ങളുടെയോ മറ്റുള്ളവരുടെയോ കുട്ടികളിലോ കുഞ്ഞുങ്ങളിലോ മുതിർന്നവരിലോ തൊഴിൽ അഭിരുചിയെ യഥോചിതം സ്ഥാപിക്കുവാൻ ജനങ്ങൾക്കും ജനസേവകരായ ഭരണാധികാരികൾക്കും കഴിയുമോ എന്നു ചിന്തിക്കുക.

കേരളത്തെപ്പോലെയുള്ള ഒരു നാട്ടിൽ എല്ലാവരും അഥവാ കൂടുതൽ പേരും തങ്ങളുടെ കുട്ടികളെ ഡോക്ടർ ആക്കിക്കളയും എന്നു വരുമ്പോൾ, കേരളത്തിലെ 3 കോടിയിലധികം ജനങ്ങൾ മുഴുവൻ ഡോക്ടർമാർ മാത്രമായി മാറുന്നതാണ്. ഡോക്ടർമാർ മറ്റെല്ലാ തൊഴിലുകളും ചെയ്യാൻ പോകേണ്ടി വരും !

മുതിർന്നവർക്ക്, കുട്ടികളുടെ മേൽ തൊഴിൽ അഭിരുചി സൃഷ്ടിക്കാനുള്ള വിദ്യ നൽകുന്നതിനെപ്പറ്റി മുകളിൽ പറഞ്ഞു. അതേപോലെ, കുട്ടികൾക്ക്, തങ്ങളുടെ മാതാപിതാക്കളുടെ തൊഴിൽ അഭിരുചി മാറ്റാൻ കഴിയുമെന്നു വന്നാലോ ? തീർന്നില്ല, കുട്ടികളും മുതിർന്നവരും, തൊഴിൽ അഭിരുചികളെ മാറ്റി മാറ്റിക്കൊണ്ടിരുന്നാലോ ? അത്യാവശ്യ പണിക്ക് ആശാരിയെ വിളിക്കാൻ പോയപ്പോൾ, ആശാരി കണ്ണു ഡോക്ടറായി മാറിയാലത്തെ അവസ്ഥ പോലെ !

കൂടുതൽ വിസ്തരിക്കുന്നില്ല.

തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്.

തൊഴിലുകളെയും വിനോദങ്ങളെയും വ്യക്തിക്ക് ലഭ്യമാവുന്ന ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്.

അതേസമയം ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം : ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.

(8) **വിനോദ അഭിരുചി.** എല്ലാവർക്കും സംഗീതം മാത്രമാണ് വിനോദമെങ്കിൽ മറ്റു വിനോദങ്ങൾ ഇല്ലായെന്നും പാടില്ലായെന്നും വരും. ഭാഷയുടെ കാര്യം പറഞ്ഞപ്പോൾ സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം എന്നു വിശദീകരിച്ചത് കൂട്ടിവായിക്കുക. മുകളിൽ (7)- തൊഴിൽ അഭിരുചി -യിൽ വിശദീകരിച്ചതു പോലെ, തൊഴിൽ അഭിരുചി, **വിനോദ അഭിരുചി** എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്.

(9) **മാതാപിതാക്കളുടെയും** സഹോദരങ്ങളുടെയും ഉറ്റവരുടെയും **ജന്മ ഗുണങ്ങൾ** (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) തുടങ്ങിയവ ഓരോ കുട്ടിയെയും ബാധിക്കുന്ന ഘടകങ്ങളാണ്.

തങ്ങളുടെ മാതാപിതാക്കളുടെ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം, ബന്ധുജനങ്ങൾ, തുടങ്ങിയവയെ തിരഞ്ഞെടുക്കാൻ കുട്ടികളെ അനുവദിക്കുന്ന വിദ്യ; ജനിക്കും മുമ്പ് കുട്ടിയുടെ ആത്മാവിനോ, സമൂഹത്തിലെ ജനങ്ങൾക്കോ ഭരണാധികാരികൾക്കോ നൽകാൻ കഴിയുമെന്നു വന്നാൽ ജീവിതകാര്യങ്ങൾ ആകെ തകരാറിലാകും. നല്ല മാതാപിതാക്കളായി മനസ്സിലാക്കാവുന്നവരുടെ മകനോ മകളോ ആയി ജനിക്കാൻ കോടിക്കണക്കിനു കുഞ്ഞുങ്ങൾ തയ്യാറായാൽ എന്താകും എന്ന് ചിന്തിക്കുക.

ഏറ്റവും മോശമെന്നു കരുതുന്നവരുടെ കുടുംബങ്ങളിൽ കുഞ്ഞുങ്ങൾ ജനിക്കാൻ തയ്യാറാകാതെ വന്നാൽ, ഇന്നത്തെ നല്ലവർ നാളെ മോശമായാൽ, ഇന്നു മോശമായിരിക്കുന്നവർ നാളെ തിരുത്തി നല്ലവരായാൽ, എന്നിങ്ങനെയെല്ലാം അല്പനേരം ചിന്തിക്കുക. **ഇന്നത്തെ ലോകത്തിലെ കുഞ്ഞുങ്ങൾ ഏറെയും സമ്പന്നരായ മാതാപിതാക്കളുടെ കുഞ്ഞായി മാത്രം ജനിക്കാൻ ഇഷ്ടപ്പെടുന്നതാണ് എന്ന അതിവിചിത്ര സംഗതിയുണ്ട്.** ഇന്ത്യയിലെ സമ്പന്നരായ ഒരു ദമ്പതികളുടെ കുഞ്ഞുങ്ങളായി ജനിക്കാൻ കോടിക്കണക്കിന് കുഞ്ഞുങ്ങൾ തയ്യാറാവുന്നതിനെപ്പറ്റി ചിന്തിക്കുക. നല്ല ഗുണങ്ങളെക്കൊണ്ട് ദൈവത്തിനു വളരെ പ്രിയപ്പെട്ടവരായ ഒരു ദമ്പതികൾ, സാമ്പത്തിക ദാരിദ്ര്യത്തിലാണെന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ കുഞ്ഞായി ജനിക്കാൻ യാതൊരു കുഞ്ഞുങ്ങളും തയ്യാറാവാത്തിനെപ്പറ്റി ചിന്തിക്കുക.

മഹാനീതിയായ ദൈവം, ജന്മഗുണങ്ങൾ എന്നറിയപ്പെടുന്ന മേല്പടി ഘടകങ്ങളെയെല്ലാം ഓംകാര നീതിശാസ്ത്രപ്രകാരം കൂട്ടിയിണക്കിയാണ് കുഞ്ഞുങ്ങളുടെ ജനനകാര്യങ്ങളെ നിശ്ചയിക്കുന്നത് എന്നതിനെ പ്പറ്റിയും, ജനനകാര്യങ്ങൾ യാദൃച്ഛികമല്ല എന്നതിനെ പ്പറ്റിയും അല്പം ചിന്തിക്കുക. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയെ വിവരിക്കുന്ന പ്രത്യേക അദ്ധ്യായത്തെ മുൻനിർത്തിക്കൊണ്ട്, പഠിക്കുമ്പോൾ ഓംകാരനീതിശാസ്ത്രത്തിലൂടെ എല്ലാ കുഞ്ഞുങ്ങളെയും മഹാദേവി മഹാപരിപാലിക്കുന്നത് ബോദ്ധ്യമാകുന്നതാണ്.

(10) **ജീവിതപങ്കാളിയുടെയും കുഞ്ഞുങ്ങളുടെയും ജന്മഗുണങ്ങൾ** (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) നിശ്ചയിക്കുവാൻ വ്യക്തികൾക്ക് കഴിയുമെന്നു വന്നാൽ ജീവിതം എത്ര അരോചകമായിരിക്കും എന്നതിനെപ്പറ്റി ചിന്തിക്കുക. ഭാര്യയെപ്പറ്റി ഭർത്താവിനുണ്ടാവുന്ന ജന്മഗുണ നിയന്ത്രണം, ഭാര്യക്കും ലഭ്യമാവുമ്പോൾ മാത്രമേ വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകുന്നുള്ളൂ. കുഞ്ഞുങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തെ മാതാപിതാക്കളോ, മാതാപിതാക്കളുടെ വ്യക്തി-സ്വാതന്ത്ര്യത്തെ കുഞ്ഞുങ്ങളോ തട്ടിത്തെറിപ്പിക്കുകയോ തട്ടിപ്പറിക്കുകയോ ചെയ്യുന്ന അവസ്ഥ ഏറ്റവും ഹീനമാണ്. **മഹാപ്രപഞ്ചത്തിൽ താൻ സൃഷ്ടിക്കുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകി അനുഗ്രഹിക്കുന്ന മഹാമാതാവായ ദൈവത്തിന്റെ മഹാരീതികളുമായി താരതമ്യം ചെയ്യാൻ ശ്രമിച്ചാൽ വിഷയങ്ങളെല്ലാം സുവ്യക്തമാകുന്നതാണ്, മനുഷ്യരിലെ അധമത്തം വെളിവാകുന്നതും, സദ്ചിന്ത ഉദിക്കുന്നതുമാണ്.**

മഹാനീതിയായ ദൈവം മഹാനീതി മഹാനിർവ്വഹിക്കുന്നത് ശരീരത്തിലൂടെ.

മഹാശക്തിയും മഹാനീതിയുമായ ദൈവം തന്റെ കുഞ്ഞുങ്ങൾക്കെല്ലാം മഹാനീതി മഹാഅനുഗ്രഹിച്ചു നൽകുന്നത് ഓരോരോ കാലങ്ങളിലും അവർക്ക് ലഭ്യമാക്കുന്ന (ദൈവാംശമായ) ശരീരത്തിലൂടെയാണ്, ശരീരത്തിന്റെ ഘടകങ്ങളായി മഹാആവിഷ്ക്കരിച്ചിട്ടുള്ള മുമ്പു വിവരിച്ച ജന്മഗുണങ്ങളിലൂടെയാണ്. ജീവാത്മാവ് അപ്പോഴും എപ്പോഴും ഏറെക്കുറെ അപ്രധാനം തന്നെയാണ്. ശരീരത്തിന്റെ അപ്രധാന ഭാഗമായിരുന്നു കൊണ്ട് ജീവാത്മാവ് മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയാണു ചെയ്യുന്നത്; മറിച്ചല്ല; അഥവാ ജീവാത്മാവിന്റെ ഭാഗമായിട്ട് ശരീരം മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയല്ല ചെയ്യുന്നത്.

ജീവിയെ സൃഷ്ടിക്കുന്നതിന് അർത്ഥമുണ്ടാകണം, സമ്പൂർണ്ണമായ / കുറ്റങ്ങളും കുറവുകളുമില്ലാത്ത അർത്ഥങ്ങളോടെയാണ് ദൈവം ജീവിയെ/ വ്യക്തിയെ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതും. പ്രകടമായ ശരീരത്തോട്, പ്രകടമല്ലാത്ത ആത്മാവിനെ ചേർത്ത് തമ്മിൽ പിരിക്കാൻ സാധിക്കാത്തതു പോലെയാണ് ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്.

ജീവിയെ സൃഷ്ടിക്കുന്നത് ജീവിപ്പിക്കാനും ആനന്ദിപ്പിക്കാനുമാണ്.

ഓരോരോ ജന്മങ്ങളിലും ജീവിക്ക് അഥവാ ജീവാത്മാവിന് പുതിയ പുതിയ ശരീരങ്ങളെ നൽകുമ്പോഴും ജീവാത്മാവിന് അസ്തിത്വം ഉണ്ടാകുന്നതും ജീവിക്കുന്നതും ശരീരത്തിലൂടെയാണ്, അപ്പോഴും എപ്പോഴും വ്യക്തിക്ക് / ജീവാത്മാവിന് ശരീരം തന്നെയാണ് പ്രധാനം എന്നു സാരം.

വ്യക്തി മറ്റുള്ളവരെ/ ജീവാത്മാവിനെ (കാണുകയും) കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ഒക്കെ ചെയ്യുന്നത് ശരീരത്തിലൂടെയാണ്.

ദൈവത്തെ ഉൾപ്പെടെ ഏതൊരാളെയും വ്യക്തികൾ കാണുവാൻ ആഗ്രഹിക്കുമ്പോഴും അത് ദൈവ-ശരീരത്തെയാണ്, ശരീരരൂപത്തെയാണ്; സ്വന്ത-മെന്നോണമുള്ള ശരീരത്തിലെ കണ്ണുകൾ ഉൾപ്പെട്ട അവയവങ്ങൾ / ഇന്ദ്രിയങ്ങൾ കൊണ്ടാണ്.

പ്രത്യക്ഷ ദൈവമാണ് ശരീരം. ദൈവമായ ഭൂമിക്കും അംശമായ ശരീരങ്ങൾക്കും പ്രധാനം ജീവാത്മാക്കളാണെങ്കിൽ; ജീവാത്മാക്കൾക്ക് പ്രഥമ പ്രധാനം ലഭ്യമാകുന്ന ശരീരം ആണ്.

ഭൂമിയും ഭൂമിയുടെ അംശമായ ശരീരവും, മനുഷ്യർ ഉൾപ്പെടെയുള്ള സകല ജീവാത്മാക്കളെയും സമ്പൂർണ്ണമായി മഹാഭരിക്കുന്നത് എങ്ങനെയെന്ന് മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

1. ശരീരവും ജീവാത്മാവും തീർത്തും വിഭിന്നങ്ങളായ സ്രഷ്ടാവും സൃഷ്ടിയുമായിട്ടു പ്രവർത്തിക്കുന്നു.

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വത്വമാണ് അഥവാ വ്യക്തിത്വമാണ് ജീവാത്മാവ്. ജീവിയായിട്ട് അഥവാ മനുഷ്യനായിട്ട് ജീവാത്മാവിനെ ജനിപ്പിക്കുമ്പോൾ ശരീരം ലഭിക്കുന്നു.

മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം ജീവിക്കാനും ആനന്ദങ്ങളെയെല്ലാം അനുഭവിക്കാനും ശരീരം അത്യാവശ്യമാണ്. ജീവാത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ ലഭിക്കുന്നത് ശരീരത്തിലൂടെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജീവാത്മാവിന് ആനന്ദങ്ങളെ 'പ്രത്യക്ഷമായിത്തന്നെ' നൽകുന്നത് ശരീരമാണ്; എന്നാൽ ശരീരത്തിന്റെ നിർമ്മിതിയിലും പ്രവർത്തനങ്ങളിലും ജീവാത്മാവിന്റെ പങ്ക് നാമമാത്രമോ ശൂന്യമോ ആണ്. അതായത് ജീവാത്മാവിനെ അഥവാ ജീവികളെ സംബന്ധിച്ചിടത്തോളം (ദൈവാംശമായ) ശരീരമെന്നത് (മുഖ്യമായും) ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനുള്ള ഉപാധി മാത്രമാണ്.

'ജീവാത്മാവ് എന്ന ജീവിയുടെ സ്വത്വത്തിന്റെ' സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള 'ശരീരം' യഥാർത്ഥത്തിൽ ജീവാത്മാവിനെ ഭരിക്കുന്ന 'മഹാശക്തിയായ ദൈവത്തിന്റെ അംശമാണ്.' ചുവടെയുള്ള (1) മുതൽ (3) വരെയുള്ള ലളിതമായ വിശദീകരണത്തിൽ നിന്ന് ബോദ്ധ്യമാകുന്നതാണ്.

(1). മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ഉത്ഭവം, ശരീരത്തിന്റെ രൂപം, അവയവ ഘടന, അവയവ പ്രവർത്തനങ്ങൾ, രോഗങ്ങൾ, രോഗസൗഖ്യം തുടങ്ങിയവയെ വിശകലനം ചെയ്താൽ, ഏറെക്കുറെ മുഴുവൻ കാര്യങ്ങളിലും ശരീരത്തിന്റെ ഉടമയെന്നും മറ്റും തെറ്റിദ്ധരിച്ചിട്ടുള്ള 'സ്വത്വമെന്ന ജീവാത്മാവിന് ' ശരീരത്തിന്മേൽ നാമമാത്രമായ അവകാശങ്ങളും അധികാരങ്ങളും മാത്രമേ ഉള്ളൂ എന്ന് സുവ്യക്തമാകുന്നതാണ്.

'ശരീരത്തെ' സംബന്ധിച്ച്, മഹാനീതിശാസ്ത്ര പ്രകാരം 'ശരീരവും ജീവി-രൂപവും ഗുണങ്ങളും ജന്മഗുണങ്ങളും' നൽകി വേണം ജീവാത്മാവിനെ ജീവിയാക്കേണ്ടത്. ജീവാത്മാവിന് ആനന്ദങ്ങളെ ശരീരത്തിലൂടെ നൽകുന്നതോടൊപ്പം മറ്റുള്ള ജീവികളെയും 'ശരീരം' മഹാകരുതുന്നു എന്നതും ശ്രദ്ധേയമാണ്. ജീവികളുടെയെല്ലാം 'മുഖ്യ ആവശ്യമായ ഭക്ഷണത്തെ' സംവിധാനം ചെയ്തിട്ടുള്ളത് 'ശരീരത്തെ പരസ്പരം ഭക്ഷണമാക്കിയാണ്. ജീവികൾ മരിക്കുമ്പോഴും വധിക്കപ്പെടുമ്പോഴും, 'ശരീരം' ജീവാത്മാവിന്റെ ഭാഗമല്ലാതായി മാറുന്നു. പിന്നീട് ഭക്ഷണ സാധനം പോലെയുള്ള 'ഒരുതരം വസ്തുവാണ് ശരീരം' എന്നും പറയാം. മത്സ്യം, സസ്യം, പക്ഷി, മൃഗം, എന്നിങ്ങനെ ചത്തതോ കൊന്നതോ ആയ എല്ലാ ജീവികളുടെയും ശരീരത്തെ "മാംസം, പഴങ്ങൾ, കായ്കൾ, കിഴങ്ങുകൾ, ഇലക്കറികൾ, പച്ചക്കറി," എന്നിങ്ങനെയെല്ലാം പേരുകളിട്ട് മനുഷ്യർ ഭക്ഷിക്കുന്നു.

മറ്റുള്ള ജീവികളുടെ ശരീരം മനുഷ്യന്റെ ഭക്ഷണ വസ്തുക്കളാണെന്നത്, 'മനുഷ്യന്റെ (ശവ)ശരീരത്തിനും' ബാധകമാണ്; ഉദാഹരണത്തിന് എറുമ്പുകളും എലികളും പട്ടികളും കടുവകളും പുലികളുമൊക്കെ മനുഷ്യ-ശരീരത്തെ ഭക്ഷിക്കുന്നുണ്ട്.

മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും ശരീരത്തിന്റെ അടുത്ത ഘട്ടം മണ്ണിലടിയുക അഥവാ മണ്ണിലേക്ക് 'മടങ്ങുക' എന്നതാണ്.

ശരീരം ഭക്ഷിക്കപ്പെട്ട് വിസർജ്ജ്യമായി മാറുമ്പോഴും, ജീവനോടെയോ ശവമായോ തീയിൽ എരിക്കപ്പെട്ടാലും, നരകമെന്നോ തെമ്മാടിക്കുഴിയെന്നോ സ്വർഗ്ഗക്കുഴിയെന്നോ ഒക്കെയുള്ള പേരിൽ കുഷ്ഠരോഗികളോ രാഷ്ട്രങ്ങളിലെ പ്രധാന മന്ത്രിമാരോ മതങ്ങളിലെ ഏറ്റവും വലിയ തമ്പുരാക്കന്മാർ തന്നെയോ 'കുശുകുശു മന്ത്രങ്ങൾ ചൊല്ലിയോ' മോശമായ വാക്കുകൾ പറഞ്ഞോ നേരിട്ടു കുഴിച്ചിട്ടാലും, ശരീരം മണ്ണിലേക്ക് മടങ്ങുന്നു ... അതാണ് സംഭവിക്കുന്നത്. ജീവാത്മാക്കളുടേതെന്നും ജീവികളുടേതെന്നും തെറ്റിദ്ധരിക്കുകയും, യഥാർത്ഥത്തിൽ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളായിരുന്ന ശരീരങ്ങൾ വീണ്ടും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളായി പരിണമിക്കുന്നു എന്നതാണ് വാസ്തവം.

"ഭക്ഷണ സാധനങ്ങൾ" എന്ന പരിവർത്തനത്തെ അടിസ്ഥാനപ്പെടുത്തി ജീവികളുടെയെല്ലാം ശരീരത്തെ ഘടനയിലും ഘടകങ്ങളിലും രുചിയിലും നിറത്തിലും രൂപത്തിലും കാഴ്ചയിലും പ്രവർത്തനങ്ങളിലും വ്യത്യാസപ്പെടുത്തിക്കൊണ്ട് ഭക്ഷണ ആനന്ദത്തിലും, മരുന്നുകൾ, പോഷകങ്ങൾ എന്നിങ്ങനെയുള്ള മറ്റ് ആവശ്യങ്ങളിലും ദൈവത്തിന്റെ ശക്തി ഭാവമായ അനന്തതയെ സുവ്യക്തമായി പ്രകടിപ്പിക്കുവാനും 'ശരീരം' പ്രത്യക്ഷമായി ശ്രദ്ധിക്കുന്നുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായിട്ടു ബന്ധപ്പെട്ട മഹാകാര്യങ്ങളെ ശരീരം ചെയ്യുമ്പോൾ, ആവക കാര്യങ്ങളിലൊന്നും ജീവാത്മാവിന് പങ്കില്ലെന്നതാണ് യാഥാർത്ഥ്യം.

(2). ജീവാത്മാവിന് ലഭിക്കുന്ന ശരീരത്തിൽ ജന്മഗുണങ്ങളായ 'ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി,' തുടങ്ങിയവയെ 'ഭൂമിയിലെങ്ങും' മഹാഉചിതമായി വ്യത്യാസപ്പെടുത്തിക്കൊണ്ട് 'പ്രത്യക്ഷമായി' സമ്മാനിക്കുന്നത് (ഭൂമിയുടെ അംശമായ) ശരീരം തന്നെയാണ്. പ്രത്യക്ഷമായ സ്രഷ്ടാവാണ് ശരീരമെന്നും, സൃഷ്ടിയാണ് ജീവാത്മാവ് എന്നും വ്യക്തമാണ്.

(3). ഓരോരോ ജീവിക്കും, രൂപത്തിലും ഘടനയിലും പ്രവർത്തനങ്ങളിലും ജന്മഗുണങ്ങളിലും അനുയോജ്യമായ വ്യക്തിസ്വാതന്ത്ര്യത്തെ 'പ്രത്യക്ഷമായി' മഹാഅനുഗ്രഹിച്ചു നൽകുന്നത് ശരീരമാണ്.

ഓരോ ജീവിയുടെയും സ്വത്വം എന്ന വിശേഷണമുള്ള ജീവാത്മാവിന്റെ ഇഷ്ടങ്ങൾക്കൊത്ത് ജീവിയുടെ 'ശരീരം' നിർവ്വഹിക്കുന്ന 'പ്രത്യക്ഷമായ' പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ 'കുടിക്കുക, തിന്നുക, കരയുക, ചിരിക്കുക, നോക്കുക, കേൾക്കുക, രുചിക്കുക, മണക്കുക, കളിക്കുക, കൈകാലുകളെ ചലിപ്പിച്ചും ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തിയും തൊഴിലുകൾ ചെയ്യുക', തുടങ്ങിയവയാണെന്നു കാണാം. ചെയ്യുന്നത് ശരീരമാണ് എങ്കിലും ജീവാത്മാവിന്റെ ഇഷ്ടങ്ങളെ അനുസരിച്ചാണവ എന്നത് സുവ്യക്തമാണ്. ഭക്ഷണം, മരുന്നുകൾ, യോഗ പോലെയുള്ള കായിക അഭ്യാസങ്ങൾ തുടങ്ങിയവയിലൂടെ ശരീരത്തെ പുഷ്ടിപ്പെടുത്താനും മെലിയിക്കാനും ശക്തിപ്പെടുത്താനും കൈകാലുകളെയും വിരലുകളെയും നാവിനെയുമൊക്ക 'ആവശ്യം പോലെയും ഇഷ്ടംപോലെയും ശക്തിക്കൊത്തും' ചലിപ്പിക്കുവാനും ജീവാത്മാവിനു കഴിയുന്നതാണ്.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും **ഏതൊരു വസ്തുവും ഉപയോഗിക്കാനും** ഉപയോഗിക്കാതിരിക്കാനും **ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നു.**

അതായത് ലഭ്യമാവുന്ന അറിവിനും ശക്തിക്കുമൊത്ത് 'ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ആവശ്യമായ വിധത്തിൽ', ഏതാനും ശരീര-അവയവങ്ങളെ ചലിപ്പിക്കുവാൻ ജീവാത്മാവിന് സാധിക്കുന്നതാണ്.

ജീവാത്മാവിന് ശരീരത്തിനു മേൽ ഉള്ളതായ മേല്പടി സ്വാതന്ത്ര്യം അഥവാ 'അവകാശവും അധികാരവും' യഥാർത്ഥത്തിൽ ശരീരം ജീവാത്മാവിന് നൽകുന്ന ദാനം മാത്രമാണ്. ശരീരത്തിന്റെ അനന്തമായ പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, 'ജീവാത്മാവിനു നൽകുന്ന സ്വാതന്ത്ര്യങ്ങൾ' നാമമാത്രമാണെന്നു മനസ്സിലാകും. എന്നാൽ ഏവരുടെയും ജീവിത അനുഭവങ്ങളെ സാക്ഷ്യമാക്കുമ്പോൾ, ജീവാത്മാവിന് ശരീരത്തിനു മേൽ ആവശ്യമായ സ്വാതന്ത്ര്യത്തെയും അവകാശത്തെയും തദ്വാരാ അധികാരത്തെയും ശരീരം നൽകിയിട്ടുണ്ട് എന്നതും പ്രസ്തുത അളവുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തോടെ സ്വന്തം കാര്യങ്ങളിലും സമൂഹ കാര്യങ്ങളിലും പ്രവർത്തിക്കുവാൻ ജീവാത്മാവിനു കഴിയുമെന്നതും സത്യമാണ്.

ജീവാത്മാവിന് വ്യക്തിസ്വാതന്ത്ര്യത്തെ ശരീരം അനുവദിച്ചിരിക്കുകയാലും, ജീവാത്മാവിനെയും ശരീരത്തെയും മഹാലയിപ്പിച്ചു പ്രവർത്തിപ്പിക്കുകയാലും, 'മരണം വരെ', അഥവാ 'ശരീരം, ശരീരത്തിൽ നിന്നും ജീവാത്മാവിനെ പുറത്താക്കും വരെ', "എന്റെ ശരീരം" എന്ന് പറയാനും പ്രസ്തുത ശരീരത്തിലൂടെ ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനും ജീവാത്മാവിന് സാധിക്കുന്നു. മഹാഅനുവാദമുണ്ട് എന്നും സാരം.

ഭക്ഷണം, മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്.

പനി, ചുമ, ഉളുക്ക്, ശരീര തളർച്ച, പക്ഷാഘാതം, ഹൃദ്രോഗം, എന്നിങ്ങനെ ചെറുതും വലുതുമായ രോഗങ്ങളിലൂടെയും മരുന്നുകളിലൂടെയും മറ്റും ജീവാത്മാവിനു നൽകിപ്പോരുന്ന സ്വാതന്ത്ര്യങ്ങളെ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ തിരിച്ചെടുക്കാൻ ശരീരത്തിനു കഴിയുന്നതാണ്. മാത്രമല്ല, ശരീരത്തിലേക്ക് കടുത്ത വിഷത്തെ കുത്തിവയ്ക്കുകയോ, കുടിക്കുകയോ ചെയ്താൽ ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കിക്കൊണ്ട് ജീവിക്കു മരണത്തെ നൽകുവാനും ശരീരം തയ്യാറായെന്നു വരാം.

വിശകലനം ചെയ്യുമ്പോൾ ശരീരം മാത്രം 'കർത്താവും', ശരീരം നൽകിയ വ്യക്തിസ്വാതന്ത്ര്യങ്ങളെ ഉപയോഗിച്ചു ചെയ്ത പ്രവൃത്തികളുടെ ഫലങ്ങളെ അനുഭവിക്കുന്ന ജീവാത്മാവ് 'കർമ്മം' മാത്രവുമാണ്. അതായത്, ജീവാത്മാവിന് ജീവി എന്ന അസ്തിത്വത്തെ നൽകുന്നത് ശരീരം ആണെങ്കിലും, ജീവാത്മാവും ശരീരവും തീർത്തും വിഭിന്നമാണ്.

അപ്പോൾ 'ശരീരത്തെ' മനസ്സിലാക്കാൻ മഹാനീതിശാസ്ത്ര പ്രകാരവും മഹാശാസ്ത്രപ്രകാരവും തയ്യാറാവണം: ജീവാത്മാവിന്റെ ഇഷ്ടങ്ങളെ വിഷയമാക്കാതെ അദൃശ്യ (വാതകമായ) ജീവാത്മാവിന് 'ശരീരം' നൽകുന്ന 'ശരീരത്തിൽ' മുമ്പു പറഞ്ഞ 'സ്ത്രീ-പുരുഷൻ, ആയുസ്സ്, സൗന്ദര്യം' തുടങ്ങിയ ജന്മഗുണങ്ങളെ സമ്മാനിക്കുകയും, ജീവി എന്ന അസ്തിത്വത്തെ 'പ്രത്യക്ഷമായി' നൽകുകയും ചെയ്യുന്നത് ശരീരമാണ്. മഹാനീതിശാസ്ത്ര പരമായിട്ടു വിശകലനം ചെയ്യുമ്പോൾ, ദൈവത്തിന്റെ അംശമായിട്ടോ, ഉപാധിയായിട്ടോ ശരീരം പ്രവർത്തിക്കുന്നു എന്ന് സാരം. **'പ്രത്യക്ഷമായ' കർത്താവാണ് ശരീരം എന്നതിനാൽ 'ഉപാധി' എന്നതിന് ഉപരി, 'ദൈവത്തിന്റെ അംശമായിട്ടാണ് ' അഥവാ 'ദൈവമായിട്ടാണ് ' ശരീരം പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കാം.**

ഇനി മഹാശാസ്ത്രപരമായിട്ടു വിശകലനം ചെയ്യാം:- 'മണ്ണായ ഭൂമി' എന്ന മഹാരൂപത്തെ 'ദൈവം' മഹാസ്വീകരിച്ചിരിക്കുകയാണ് എന്നതും മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ചാണ് എല്ലാ ജീവികളുടെയും ശരീര-അവയവങ്ങളെ അഥവാ ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും ചേർത്തു നോക്കുമ്പോൾ എല്ലാം സുവ്യക്തമാണ്. ഭൂമിയിലെ അഥവാ മണ്ണിലെ മൂലകങ്ങളും സംയുക്തങ്ങളുമായ കാർബൺ, സോഡിയം, സൾഫർ, നൈട്രജൻ, ക്ലോറിൻ, ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ്, തുടങ്ങിയവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരവും ശരീരത്തിലെ-അവയവങ്ങളും 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളാണ്.'

മണ്ണായ ഭൂമിയിലെ അനവധി മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും 'ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് ' എന്നു വ്യക്തമാകുമ്പോൾ, ശരീരത്തോടും പ്രത്യുതാ ഭൂമിയോടും ഓരോ ജീവാത്മാവിനും കടപ്പാട് ഉണ്ടാകുന്നു. ശരീരമായിരിക്കുന്ന ദൈവാംശങ്ങൾ മഹാഅനുഗ്രഹിച്ചു നൽകുന്ന രൂപവും അറിവും ശക്തികളുമാണ് ജീവികളെ പോലും അന്യോന്യം വ്യത്യാസപ്പെടുത്തുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും ! ശരീരമായി രൂപാന്തരപ്പെടുന്ന മണ്ണിലെ വസ്തുക്കളുടെ സ്വഭാവങ്ങൾക്കും ഗുണദോഷങ്ങൾക്കും ജീവാത്മാവിനു മേൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നതിന് വ്യത്യസ്ത ഭക്ഷണ സാധനങ്ങളും മരുന്നുകളും മറ്റും സൃഷ്ടിക്കുന്ന പ്രഭാവം സാക്ഷ്യവുമാണ്. അതായത് പ്രത്യക്ഷമായി കർത്താവായിട്ടു പ്രവർത്തിച്ചത് ദൈവമാണ്; ഭൂമിയാണ്; ശരീരമാണ്. അതേസമയം മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത് ഭൂമിയുടെ ഭാഗമായല്ല. 'തത്ത്വമസി' ക്ക് യഥാർത്ഥത്തിൽ ശരീരവുമായാണ് ബന്ധം; ആത്മാവുമായല്ല; എന്നാണ് അതിന്നർത്ഥം. ചുവടെ 2-ൽ വിശദീകരണം തുടരുന്നുണ്ട്.

2. ഓരോ ജീവാത്മാവിന്റെയും സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള ശരീരം, പ്രത്യക്ഷമായിട്ട് ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് എങ്ങനെയെന്ന് ഹ്രസ്വമായി വിശദീകരിക്കുന്നു.

മനുഷ്യ ജീവിതത്തിൽ അതിപ്രധാനങ്ങളായ 5 കാര്യങ്ങളെ മാത്രമാണ് ചുവടെ പരാമർശിക്കുന്നത്. (ഏതാനും ചെറിയ ആവർത്തനങ്ങൾ വിഷയ വിശദീകരണത്തിന് ആവശ്യമായിട്ടുണ്ട്.)

(1). **'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെ, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനന്തങ്ങളായ ആനന്ദങ്ങളെയും ജീവാത്മാക്കൾക്കു നൽകുകയും, അവരുടെ ശാരീരിക പ്രവർത്തനങ്ങളെ സ്വയം മഹാഭരിക്കുകയും ചെയ്യുന്നു.** ഉദാഹരണമായിട്ട് പാൽ, മുട്ട, പഴങ്ങൾ, പഴച്ചാറുകൾ, പായസം, കഞ്ഞി, ഊണ്, ബിരിയാണി, പിസാ, ഐസ് ക്രീം, തുടങ്ങിയ അനന്തങ്ങളായ ഭക്ഷണ സാധനങ്ങളെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ **ഭക്ഷണത്തെ ദഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശരീരത്തിലെ ബഹുവിധ കാര്യങ്ങളെ 'പ്രത്യക്ഷമായി ചെയ്യുന്നത് ശരീരമാണ്'; ജീവാത്മാവല്ല. കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെയുള്ള 'ദൈവാംശമായ ശരീരത്തിന്റെ മഹാവാത്സല്യമാണത്.'**

ശരീരം ജീവാത്മാവിനോടു കാട്ടുന്ന പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, വിസർജ്ജനങ്ങളും, നാഡീവ്യവസ്ഥയും, ശരീര വളർച്ചയും, ദഹന രസങ്ങളുടെയും നാഡീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം ബോധത്തോടെ ജീവാത്മാവ് ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും. അതായത്, ജീവാത്മാവ് ഉറങ്ങുമ്പോഴും, ബോധം നഷ്ടപ്പെടുമ്പോഴും, ധാർമ്മികമോ അധാർമ്മികമോ ആയ ആനന്ദങ്ങളിൽ മുഴുകുമ്പോഴുമെല്ലാം ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം, ജീവാത്മാവിനു വേണ്ടി വളരെയധികം ശാരീരിക പ്രവർത്തനങ്ങളെ സ്വയം ചെയ്തു കൊണ്ടിരിക്കുകയാണ്. ജീവാത്മാക്കളുടെയെല്ലാം ജീവിതം മുഴു-നരകമാവാതെ ജീവാത്മാവിനെ ശരീരം സദാ സംരക്ഷിക്കുന്നു എന്ന് ചുരുക്കം.

ശരീരം സ്വയം നിർവ്വഹിക്കുന്ന മഹാപ്രവർത്തനങ്ങൾക്ക് മഹാശാസ്ത്രപരമായ വിശദീകരണം നൽകാൻ മതജാതിജീവികൾക്കും നിരീശ്വരവാദികൾക്കും കഴിയുന്നതല്ല.

(2). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്കെല്ലാം, മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നു.

ജീവാത്മാവിന് മഹാനീതിശാസ്ത്ര പ്രകാരം, ഭക്ഷണം, തൊഴിൽ, സംഗീതം, ഭക്തി, കലകൾ, സാഹിത്യം, ദാനം, സ്നേഹം, പ്രേമം, കാമം, ദാസ്യം, വാത്സല്യം തുടങ്ങിയവയിലൂടെ അനന്തങ്ങളായ ആനന്ദങ്ങളെയും വേദനകളെയും നൽകുന്നത് ശരീരത്തെ ഉപാധിയാക്കിയാണ്. മന്ത്രിമാർ ഉൾപ്പെടെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും അഥവാ ജീവാത്മാക്കളുടെയും, ശരീരത്തിലുണ്ടാവുന്ന ചൊറിച്ചിൽ, മുഖക്കുരു, പാണ്ഡ്, മുഴ, പനി, ജലദോഷം, ചുമ, പല്ലുവേദന, വയറ്റുവേദന, ഹെർണിയ, കിഡ്നി കല്ല് വേദന, വെരിക്കോസ് വെയ്ൻ, ശ്വാസംമുട്ടൽ, ക്ഷയം, മഞ്ഞപ്പിത്തം, വസൂരി, മലമ്പനി, കാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, തുടങ്ങിയ രോഗങ്ങളെയും; അപകടങ്ങളിലൂടെയും മറ്റും ശരീരത്തിന് സംഭവിക്കുന്ന മുറിവുകളെയും ക്ഷതങ്ങളെയും അംഗവൈകല്യങ്ങളെയും; മരുന്നുകളെയും, ജനനം മുതൽ മരണം വരെയുള്ള ശരീരത്തിന്റെ ക്രമേണയുള്ള വളർച്ചകളെയും; പ്രസവ വേദന ഉൾപ്പെടെയുള്ള അനന്തങ്ങളായ ജീവിതകാര്യങ്ങളിൽ ഓരോ മനുഷ്യനും ലഭിക്കുന്ന വൈവിധ്യങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദങ്ങളെയും; മരണത്തെയും മഹാഭരിക്കുന്നത് ശരീരം തന്നെയാണ്. ജീവാത്മാവിന് ഇടപെടാൻ കഴിയുന്നത് നാമമാത്രമോ ശൂന്യമോ ആണ്.

മേല്പറഞ്ഞ വസ്തുതകളെ വിശകലനം ചെയ്യുമ്പോൾ, ജനങ്ങളുടെ ജീവിത കാര്യങ്ങളിൽ സമനീതി നിർവ്വഹിക്കാൻ 'മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസും മറ്റും ഉൾപ്പെട്ട മനുഷ്യ- ഭരണാധികാരികൾക്കോ, സമൂഹത്തിലെ ഏതെങ്കിലും മനുഷ്യർക്കോ' കഴിയുന്നതല്ലാ എന്ന് സുവ്യക്തമാകുന്നതാണ്.

മഹാശക്തിയും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ ഏകദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് അവരുടെ ശരീരത്തിൽ ഗുണങ്ങളെയും ജന്മഗുണങ്ങളെയും സൃഷ്ടിച്ചുകൊണ്ടാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ശരീരം സൃഷ്ടിക്കുന്നതായിട്ട് പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയുന്ന ഗുണങ്ങളും ജന്മഗുണങ്ങളുമാണ് അഥവാ ശരീരമാണ് ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത്. ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയാണ് ജന്മഗുണങ്ങൾ എന്ന് മുമ്പ് വിശദമാക്കിയിരുന്നു.

ശരീരം മഹാനിർവ്വഹിക്കുന്ന മഹാനീതികാര്യങ്ങളെ ജീവാത്മാവിനു ചെയ്യാൻ കഴിയുന്നതല്ലാ എന്നതിന് ഒരു ഉദാഹരണം കുറിക്കാം : ഇന്നത്തെ ഭൂമിയിലെ സുമാർ 800 കോടി ജനങ്ങൾക്ക് 'തുല്യമായ സൗന്ദര്യം' നൽകിയാൽ മുഖഛായ, അവയവ രൂപം, നിറം, സ്ത്രീ-പുരുഷൻ എന്നിവയിലെ വ്യത്യാസങ്ങൾ അവസാനിക്കുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങളെല്ലാം കഷ്ടപ്പെടുന്നതുമാണ്. മുഖഛായ പോലെയുള്ള കാര്യങ്ങളെ നിർവ്വഹിക്കാൻ ജനങ്ങളെയോ (ജനങ്ങളുടെ) ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും നിലവിളിക്കുന്നതാണ്. മറ്റു ജന്മഗുണങ്ങളായ സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തത കൂടി ജീവാത്മാക്കളെ ഏല്പിക്കാനാവുമോ എന്നതും ചിന്തിക്കണം !

ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ഉൾപ്പെട്ട സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ജീവാത്മാവോ മറ്റുള്ള ജീവികളോ അല്ലാ എന്നത് വളരെ പ്രധാനമാണ്.

ഓരോ പ്രദേശങ്ങളിലെയും കാലാവസ്ഥ അല്പമൊന്ന് വ്യത്യാസപ്പെടുമ്പോൾ, ഉദാഹരണമായിട്ട് സൂര്യന്റെ ചൂട് കൂടുകയും നദികളും തോടുകളുമെല്ലാം വറ്റിവരളുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നത് തുടർന്നാൽ ഭരണാധികാരികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്കും മറ്റു ജീവികൾക്കും നാടും കാടും ഉപേക്ഷിക്കുകയോ ദാഹിച്ചു മരിക്കുകയോ വേണ്ടിവന്നേക്കും!

ജനങ്ങളുടെ ഏതാനും പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ഭരണകൂടം, ധർമ്മശാസ്ത്രപരമായോ ധർമ്മശാസ്ത്രപരമായിട്ടല്ലാതെയോ പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയോ പീഢിപ്പിക്കുകയോ ചെയ്യുന്നതാണ് ഭരണമെന്ന് ധരിച്ചിട്ടുള്ള കുഞ്ഞുങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചാലും. 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', ഓരോ മനുഷ്യനെയും വെവ്വേറെയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഓരോ മനുഷ്യന്റെയും മേലുള്ള മഹാനീതിയെന്നത് ജീവിതകാലത്ത് മുഴുവൻ ചിന്തിച്ചതും സംസാരിച്ചതും ചെയ്തതുമായ മുഴുവൻ കാര്യങ്ങളെയും; സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയാണ്.

ജീവിത കാര്യങ്ങളിൽ വ്യക്തികളുടെ പ്രവൃത്തികളെ കൂടാതെ; ജന്മഗുണങ്ങളിൽ ഒന്നായ ആയുസ്സിനെ മാത്രം 1-2-3-10-11-20-21-22-30-40-50-60-70-80-100 **എന്നിങ്ങനെ നിമിഷം, മിനുട്ട്, മണിക്കൂർ, ദിവസം, മാസം, വർഷം, തുടങ്ങിയ വ്യത്യസ്ത ആയുസ്സുകളിൽ വ്യക്തികൾ ജീവിക്കുന്നതും മരിക്കുന്നതും കണക്കുകൂട്ടിയാൽ, ഒരു ജന്മ ജീവിതത്തിലെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ നീതി വിധിക്കാനും നടപ്പാക്കാനും നൽകാനും കഴിയില്ലെന്നും,** 100 **മനുഷ്യ-ജന്മങ്ങളിലൂടെ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമേ മഹാനീതി നിർവ്വഹിക്കാൻ കഴിയൂവെന്നും മഹാനീതിയായ മഹാദേവി മഹാനിശ്ചയിച്ചിരിക്കുകയാണ്.**

സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, നിറം, സൗന്ദര്യം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയ ജന്മഗുണങ്ങളിലെ വ്യത്യാസം; സങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ- പിൻജന്മങ്ങൾ, കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന ബഹുവിധ കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ഒരു ജന്മ ജീവിതത്തിൽ ജീവാത്മാവിന് @ ജനസേവകരായ സൃഷ്ടികൾക്ക് ചെയ്യാനാവാത്ത മഹാനീതികാര്യങ്ങളാണ്.

അതായത് ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ ചെയ്തികളെയും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയും കണക്കാക്കി മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരമുള്ള മഹാനീതി നിർവ്വഹണം മാത്രമേ സമ്പൂർണ്ണമാവുകയുള്ളൂ. ഓരോ മനുഷ്യന്റെയും തനതു ജന്മത്തിലെ സമ്പൂർണ്ണ ജീവിതകാര്യങ്ങളുടെയും കണക്കുകളെ പോലും ഭൂരിപക്ഷം ജനങ്ങൾക്കും അറിയില്ല; അറിയണമെങ്കിൽ ദൈവാനുഗ്രഹം വേണം; ദൈവാനുഗ്രഹം വേണമെങ്കിൽ, ആത്മപരിശോധനകൾക്കും തിരുത്തലുകൾക്കും തയ്യാറാവുന്ന മനസ്സ് മനുഷ്യർക്കുണ്ടാവണം. കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ, മുജ്ജന്മ-തജ്ജന്മ-പിൻജന്മകാര്യങ്ങളുടെയെല്ലാം കണക്കുകളെ 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', മഹാസൂക്ഷിക്കുന്നുണ്ട്.

(ധർമ്മശാസ്ത്രപരമായി വ്യക്തിസ്വാതന്ത്ര്യത്തെ ഏവരും ഉപയോഗപ്പെടുത്തുമ്പോൾ മാത്രമാണ് അനന്തമായ ആനന്ദ കാര്യങ്ങളിലെല്ലാം സമൂഹത്തിൽ സമത്വവും സമാധാനവും ഉണ്ടാവുക.)

(3). എല്ലാ ജീവാത്മാക്കൾക്കും നിശ്ചിതമായ സമരൂപത്തെ ലഭിക്കുന്നത് മനുഷ്യാവസ്ഥയിൽ മോക്ഷം നേടുമ്പോൾ മാത്രമാണ്.

ജീവാത്മാവ് സുഖദുഃഖങ്ങളെ അനുഭവിക്കുമ്പോൾ, ജീവാത്മാവിനെ വഹിക്കുന്ന ജീവി-ശരീരവും, ശരീരത്തിന്റെ ഭക്ഷണ രൂപത്തിലുള്ള 'പഴങ്ങൾ, പച്ചക്കറി, മാംസം തുടങ്ങിയ ജീവി-ശരീരങ്ങളും' പ്രധാനമാണ് എന്നല്ലാതെ ജീവാത്മാവിന്റെ രൂപമല്ലാ വിഷയമാകുന്നത്. കാരണം ആനന്ദങ്ങളിലും ആനന്ദങ്ങളുടെ അളവുകളിലുമാണ് മഹാസമനീതിയെ മഹാഭദ്രമാക്കിയിട്ടുള്ളത്; ശരീരത്തെ ഉപയോഗപ്പെടുത്തി ശരീരം തന്നെ ചെയ്യുന്ന കാര്യങ്ങളാണ്!.

മഹാനീതിശാസ്ത്ര പാഠങ്ങൾ പഠിക്കുമ്പോൾ, മുകളിൽ ഹ്രസ്വമായി വിശദീകരിച്ചതുപോലെ, ജീവാത്മാവിന് ശരീരത്തിലൂടെ സമആനന്ദങ്ങളെയും വേദനകളെയും 'പ്രത്യക്ഷമായി' സമ്മാനിക്കുന്നത് സ്വന്ത-മെന്നോണമുള്ള ശരീരം സ്വയം തന്നെയാണെന്ന് ബോദ്ധ്യമാകുന്നതാണ്.

ജീവാത്മാവിന് ശരീരമാണ് പ്രധാനമെന്ന് മുമ്പ് വളരെയധികം വിശദീകരിച്ചതാണ്. അല്പം കൂടി:

വ്യക്തിപരമായ അസ്തിത്വങ്ങളെയും അഥവാ ജനനത്തെയും ജീവിതത്തെയും മരണത്തെയും, ആനന്ദങ്ങളെയും ആവിഷ്ക്കരിച്ചിട്ടുള്ളത് ശരീരത്തെ ആസ്പദമാക്കിയാണ്. അതായത് മനുഷ്യരെല്ലാം സ്വയം അറിയുന്നതും അന്യോന്യം അറിയുന്നതും സ്നേഹിക്കുന്നതും പ്രണയിക്കുന്നതും പരിചരിക്കുന്നതും ശുശ്രൂഷിക്കുന്നതും സഹായിക്കുന്നതും ശിക്ഷിക്കുന്നതും ഭരിക്കുന്നതും പ്രാർത്ഥിക്കുന്നതും വിനോദിക്കുന്നതും വേദനിക്കുന്നതും ആനന്ദിക്കുന്നതുമെല്ലാം ശരീരത്തെ ആധാരമാക്കിയാണ്. ചുറ്റുമുള്ളവരോടു നല്ലതു ചെയ്ത് ആനന്ദങ്ങളെയും പുണ്യത്തെയും നേടുന്നതും, അധർമ്മങ്ങളെ ചെയ്ത് അധാർമ്മികമായ ആനന്ദങ്ങളോടൊപ്പം പാപവും മാനുഷികമായ ശിക്ഷകളും ദൈവശിക്ഷകളും നേടുന്നതും, ശരീരത്തെ ആധാരമാക്കിയാണ്.

മഹാനീതിശാസ്ത്ര പ്രകാരം ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലും ജീവാത്മാവിന് പ്രധാനം ശരീരമാണ്; ആത്മാവല്ല. ശരീരത്തെ ഉപയോഗിച്ച് ജീവാത്മാവ് ചെയ്യുന്ന പ്രവൃത്തികളെ ആധാരമാക്കിയാണ് അനന്തമായ ആനന്ദങ്ങളെയും, മാനുഷികവും ദൈവീകവുമായ ശിക്ഷകളെയും ജീവാത്മാവ് എക്കാലവും അനുഭവിക്കുന്നത്.

ദൈവാംശമായ ശരീരം, കുഞ്ഞായ ജീവാത്മാവിന് ചെയ്യുന്ന സേവനങ്ങളെ (ശരീരം) ആരംഭിക്കുമ്പോൾ ജീവി ജനിക്കുകയും, ചെയ്തുപോന്ന സേവനങ്ങളെ ശരീരം അവസാനിപ്പിക്കുമ്പോൾ ജീവി മരിക്കുകയും ചെയ്യുന്നു. മഹാനിശ്ചയിക്കുന്നത് ദൈവാംശമായ ശരീരം മാത്രമാണ്; ജീവാത്മാവല്ല.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികൾ കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്കു വേണ്ടിയാണ്. ആകയാൽ, ജീവിയെ ശരീരവും ജീവാത്മാവുമായി പിരിച്ചു പറയുമ്പോൾ; പ്രത്യക്ഷ ദൈവമായ ശരീരത്തിനു പ്രധാനം കുഞ്ഞായ ജീവാത്മാവ് ആണെങ്കിൽ, ജീവാത്മാവിന് പ്രധാനം അസ്തിത്വം ഉൾപ്പെടെ സമസ്ത ആനന്ദങ്ങളെയും നൽകുന്നതായ ശരീരമാണ്. യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവ്, എല്ലാ ആനന്ദങ്ങളെയും നേടുന്നത് ജീവാത്മാവിന്റെ അവിഭാജ്യ ഘടകമായി ചേർന്ന ദൈവത്തിന്റെ അംശമായ ശരീരം കൊണ്ടാണ്.

എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്. എല്ലാ ജന്മങ്ങളിലും, ജീവാത്മാവിന് ശരീരം തന്നെയാണ് പ്രധാനം. മാറ്റം ഉണ്ടാകുന്നില്ല.

ജീവാത്മാവിന്റെ ശാരീരിക മാനസിക വളർച്ചകളെ പ്രത്യക്ഷ ദൈവമായ ശരീരം നിയന്ത്രിക്കുന്നത്, മഹാനീതിശാസ്ത്ര പ്രകാരം, കുഞ്ഞുങ്ങളുടെ നല്ലതിനു വേണ്ടി മാത്രമാണ്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവവും, ദൈവാംശമായ ശരീരവും, ജീവാത്മാവിനു സേവനം ചെയ്യുന്നത് സ്വയം മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ള മഹാവാത്സല്യത്തെ ആധാരമാക്കിയാണ്.

ജീവാത്മാവ് ശരീരം ഉൾപ്പെടെ ഏതൊന്നിനെയും സ്നേഹിക്കുകയും ഉപയോഗിക്കുകയും പരിചരിക്കുകയും മറ്റും ചെയ്യുന്നത് സ്വന്തം ആനന്ദങ്ങളെ കണക്കാക്കിയാണ്. ഉറ്റവരെ ആത്മാർത്ഥമായോ വേഷംകെട്ടലോടെയോ സ്നേഹിക്കുകയും സഹായിക്കുകയും പരിചരിക്കുകയും ചെയ്യുമ്പോൾ, തത്സമയ മനോഭാവവും ഉദ്ദേശവും ജീവാത്മാവിന്റെ നല്ലതോ മോശമോ ആയ ആനന്ദത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

മനുഷ്യൻ സ്വന്തം ശരീരത്തെ ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിച്ചാൽ ഭൂമിയിലെങ്ങും ധർമ്മ സംസ്ഥാപനം ഉണ്ടാകുന്നതാണ്; സ്വന്തമായ ശരീരത്തിൽ, ഇണയുടെ ശരീരവും ഉൾപ്പെടുന്നു; എങ്ങനെയെന്നാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ്; ഓരോ മനുഷ്യനും 2 ശരീരമുണ്ട്; സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങളായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. ഓരോ മനുഷ്യനും അവരവരുടെ രണ്ടാമത്തെ പകുതിയോട് - സ്ത്രീയോട് പുരുഷനും; പുരുഷനോട് സ്ത്രീയും - പുലർത്തേണ്ടതായ സ്നേഹത്തെയും പരസ്പര മര്യാദകളെയും വിശകലനം ചെയ്യുമ്പോൾ, ധർമ്മ ശാസ്ത്രത്തിന്റെ ഉന്നതമായ പാഠങ്ങളെ ലഭിക്കുന്നതാണ്.

ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ജീവാത്മാവിനെ വഹിക്കുന്ന, സ്വന്തമെന്നോണമുള്ള ശരീരത്തെ സൃഷ്ടിച്ചിരിക്കുകയാൽ, ശരീരത്തെ ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിക്കുന്നവർ, തങ്ങളറിയാതെ ഭൂമിയെ സ്നേഹിക്കുന്നവരായി മാറുന്നുണ്ട്. അതായത് സ്വന്തമായ ശരീരത്തെ ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിക്കുന്നതോടെ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം സംശുദ്ധമാവുന്നതാണ്; ആനന്ദകരവും. അതേസമയം ഓരോ മനുഷ്യനും, ശരീരം കൊണ്ട് ആനന്ദങ്ങളെയും വേദനകളെയും അനുഭവിച്ചു ജീവിക്കുന്നത് അവരവരുടെ ലോകത്താണെന്നതും, മരിക്കുമ്പോൾ ജീവാത്മാവിന് മരണം സംഭവിക്കുന്നില്ലെങ്കിലും **ജീവാത്മാവിന്റെ ഒരു മനുഷ്യജന്മത്തിന് മരണം സംഭവിക്കുന്നുണ്ട്** എന്നതും, മരണത്തെ 'മാതാപിതാക്കൾ ഉൾപ്പെടെ യാതൊരു ജീവികളുടെയും ശരീരവുമായി ബന്ധിപ്പിച്ചിട്ടില്ലാ' എന്നതും ഓരോ മനുഷ്യനും തനിപ്പെട്ട വ്യക്തിയാണെന്ന് സുവ്യക്തമാക്കുന്നുണ്ട്. സ്വന്തം ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടാൻ മനുഷ്യനിലെ സ്ത്രീ - പുരുഷ സമ്മേളനത്തെ ഉപയോഗിക്കാനാവില്ലായെന്നു ചുരുക്കി പറയാം.

മനുഷ്യാവസ്ഥയിൽ എത്തുന്ന ജീവാത്മാവ് 100 മനുഷ്യജന്മങ്ങളിലൂടെ (+ഒരു പശു/കാള ജന്മം) അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചും **ധർമ്മശാസ്ത്രപരമായി ജീവിച്ചും** മോക്ഷത്തെ **നേടുന്ന** വിധത്തിലാണ് ജീവിതകാര്യങ്ങളെ മഹാഒരുക്കിയിട്ടുള്ളത്; **ദൈവം നൽകുന്ന** വിധത്തിലല്ല.

ദൈവം മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്ന് കാലക്രമേണ മാത്രം ജീവാത്മാവ് തിരിച്ചറിയുന്ന വിധത്തിലാണ് മഹാസംവിധാനം ചെയ്തിട്ടുള്ളത്.

മോക്ഷം നേടും വരെയും ജീവാത്മാവിനു ലഭ്യമാവുന്ന ശരീരം, നിശ്ചിതമല്ലെന്നു പറയുമ്പോൾ അപ്രധാനമാണ് ശരീരം എന്ന് തെറ്റിദ്ധരിക്കരുത്. പുനർജ്ജന്മങ്ങൾ ഉൾപ്പെടെ ഓരോരോ ജന്മത്തിലും, മുകളിൽ വ്യക്തമാക്കിയതു പോലെ **ജീവാത്മാവിന്റെ അസ്തിത്വവും ജീവിതവും അതാതു ജന്മങ്ങളിൽ ലഭ്യമാവുന്ന ശരീരത്തെ ആധാരമാക്കിയാണ്.**

ജീവാത്മാവിന്റെ ആനന്ദം എന്നത് ശരീരത്തെ ആശ്രയിച്ചാണ് എന്ന് പറയുമ്പോൾ, ശരീരത്തിന് അംഗഭംഗമോ അംഗവൈകല്യമോ സംഭവിച്ചാൽ, ജീവാത്മാവിനെയും ബാധിക്കുന്നു എന്നതാണ് വാസ്തവം. ഒരാളെ അന്ധൻ, കോങ്കണ്ണൻ, പൊട്ടൻ, ബധിരൻ, ഊമ, മുടന്തൻ, ഒറ്റക്കൈയ്യൻ, ഒറ്റക്കാലൻ എന്നിങ്ങനെയെല്ലാം വിളിക്കുമ്പോൾ ജീവാത്മാവ് എന്ന സ്വത്വത്തെയാണ് യഥാർത്ഥത്തിൽ വിളിക്കുന്നത്. ജീവാത്മാവിന് അംഗവൈകല്യം സംഭവിക്കുന്നല്ലാ അതിന്നർത്ഥം. ശരീരത്തിന്റെ പ്രാധാന്യമാണ് വെളിവാക്കുന്നത്.

സമസ്ത ജീവികളുടെയും സ്വത്വങ്ങളായ ജീവാത്മാക്കൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 ജീവിരൂപങ്ങളിലൂടെയും മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാപരിണാമത്തെ സ്വീകരിക്കുന്നുണ്ട്.

മനുഷ്യാവസ്ഥയിൽ 100 മനുഷ്യ ജന്മങ്ങളെ ജന്മഗുണങ്ങളിലെ വ്യത്യാസങ്ങളോടെ ഭൂമിയിലെ ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും 'ജനിക്കുകയോ ജീവിക്കുകയോ ചെയ്ത്' അനുഭവിക്കുക തന്നെ വേണം. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്കെല്ലാം മനുഷ്യാവസ്ഥയിൽ മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത് ഓരോ ജീവിക്കും/ജീവാത്മാവിനും ഭൂമിയിലെ സർവ്വ ആനന്ദങ്ങളെയും മഹാസമമായിട്ട് അനുഭവിപ്പിച്ച ശേഷം മാത്രമാണ്; മഹാശക്തിയും മഹാമാതാവുമായ ദൈവം, മഹാനീതിയാവുന്നത് അങ്ങനെയാണ്.

മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്ത പ്രകാരം ജീവാത്മാവിനെ പുനർജ്ജനിപ്പിക്കുമ്പോൾ, എല്ലാ ജന്മങ്ങളിലും സമസ്ത ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കുന്നത് ശരീരത്തിലൂടെയാണ് എന്നത് 'ശരീരമാണ് പ്രധാനം, ആത്മാവല്ല' എന്നു സുവ്യക്തമാക്കുന്നുണ്ട്.

ജീവാത്മാവിന് അസ്തിത്വവും ആനന്ദങ്ങളും വേദനകളുമെല്ലാം നൽകുന്ന ശരീരത്തെ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായും തദ്വാരാ ദൈവമായും തിരിച്ചറിയാൻ കഴിയുമ്പോൾ, ശരീരം എന്ന സ്രഷ്ടാവിനു മുന്നിൽ ജീവാത്മാവ് എന്ന സൃഷ്ടി ഒന്നുമല്ലാ എന്നും, ഒന്നുമില്ലാ എന്നും ബോദ്ധ്യമാകും.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ മോക്ഷത്തിന് മുമ്പുള്ള ജീവിരൂപങ്ങളെല്ലാം, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവാത്മാക്കൾക്ക് മോക്ഷത്തെ നേടാനുള്ള ഉപാധികളാണെന്നതും ജഗത്തിന്റെ മഹാ ഔന്നത്യത്തെ ബോദ്ധ്യം വരുന്നവർക്ക്; മോക്ഷം നേടിയ ശേഷം ജീവിലോകത്തേക്കു മടങ്ങാൻ മഹാനീതിശാസ്ത്ര പ്രകാരം അവസരമുണ്ട് എന്നതും വിശിഷ്ടമാണ്. ജീവാത്മാവിനു ലഭ്യമാവുന്ന നിശ്ചിത സമരൂപത്തെപ്പറ്റിയും ഭൗതികമായ അസ്തിത്വത്തെ സംബന്ധിച്ചും മോക്ഷത്തെപ്പറ്റിയും മുകളിലും ചുവടെയുമുണ്ട്.

.....

പഞ്ചഭൂതങ്ങളുടെ യാഥാർത്ഥ്യത്തെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു:-

ഭൂമി, ആകാശം, വായു, വെള്ളം, അഗ്നി, എന്നിവ പഞ്ചഭൂതങ്ങൾ ആണെന്നും, അവ കൊണ്ടാണ് പ്രപഞ്ചത്തെയും ജീവികളെയും സൃഷ്ടിച്ചിട്ടുള്ളത് എന്നുമുള്ള ഭാരതത്തിലെ ആത്മീയ ദർശനത്തിൽ കടുത്ത പിഴവുകൾ സംഭവിച്ചിട്ടുണ്ട്.

ഭൂതം എന്നു പേരിട്ടതു തന്നെ തെറ്റാണ്.

'മണ്ണും ഭൂമിയുമായ ദൈവം' തന്നെയാണ് ആകാശം, വായു, വെള്ളം, അഗ്നി, എന്നിവയെ സൃഷ്ടിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

പഞ്ചഭൂതങ്ങൾ, അവയിലൊന്നായ ഭൂമിയിൽ ലയിക്കുന്നു. മണ്ണിലെ ജീവികൾക്ക് ആവശ്യമായ വായുവും ജലവും ഭക്ഷണവും അഗ്നിയും സൂര്യപ്രകാശവും ലഭ്യമാക്കുന്നത് ജീവികൾ സ്വയമല്ല. മണ്ണിൽ ജീവിക്കുന്നവർക്ക് അവയെല്ലാം ലഭ്യമാവുമ്പോൾ, മണ്ണ് /ഭൂമി ലഭ്യമാക്കുകയാണ്; മഹാഅനുഗ്രഹിച്ചു നൽകുകയാണ്. ആകാശം, ഭൂമി, വായു, വെള്ളം, അഗ്നി, എന്നിവയെല്ലാം മണ്ണുമായി ബന്ധപ്പെട്ടിരിക്കുകയാണ്. അവയുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് ഭൂമി @ മണ്ണ് തന്നെയാണെന്നും ഹ്രസ്വമായി വിശദീകരിക്കുമ്പോൾ പഞ്ചഭൂതങ്ങളെന്ന പേരുതന്നെ ശരിയല്ലെന്നു മനസ്സിലാക്കാനാവും. .... 'ഭൂമി മാത്രമാണ് ജീവികൾക്ക് ശരണം' എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. Quote :

ഭൂമിയുടെ ആവരണമായിട്ട് വായുവിനെ സൃഷ്ടിച്ചിട്ടുള്ളതും സംരക്ഷിക്കുന്നതും ഭൂമി അഥവാ മണ്ണ് തന്നെയാണ്. ഭൂമി, ചൊവ്വ, വ്യാഴം, ശനി, തുടങ്ങിയ ഗ്രഹങ്ങളെ വെറും പിണ്ഡങ്ങളായും പ്രപഞ്ചത്തിൽ എങ്ങനെയൊക്കെയോ സംഭവിച്ച സ്ഫോടനങ്ങളുടെ ഭാഗമായി രൂപപ്പെട്ടവയെന്നും മറ്റും കണക്കാക്കാതെ മണ്ണായ ദൈവത്തിന്റെ ഖരരൂപ-ഭാഗങ്ങളായും ഭൂമി/മണ്ണ് മഹാനിശ്ചയിക്കുമ്പോൾ അവിടങ്ങളിലെ വസ്തുക്കളിൽ നിന്ന് വെള്ളവും വായുവും അഗ്നിയും സൃഷ്ടിക്കപ്പെടുമെന്നും മനസ്സിലാവുന്ന മുറയ്ക്ക് ആധുനികശാസ്ത്രം കൂടുതൽ സത്യങ്ങളെ കണ്ടെത്തുന്നതാണ്..... മണ്ണിലെ മൂലകങ്ങളുമായും സംയുക്തങ്ങളുമായെല്ലാം ചേർന്ന് മണ്ണായ ദൈവത്തിന്റെ വാതകരൂപവും, ജീവികളുടെ ജീവനുമായ ഓക്സിജൻ മഹാഉചിതമായി പ്രവർത്തിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന ഹൈഡ്രജനുമായിട്ട് ഓക്സിജൻ ചേർന്നാൽ ജലമായി. നീരാവി, മഴ എന്നിവയുടെ പ്രവർത്തനത്തെ ഭൗതികമായ ചില പ്രതിഭാസങ്ങൾ എന്ന് വിലയിരുത്തുന്ന മാനുഷിക രീതികൾ മാറുന്നതാണ്. ഭൂമിയുടെ അകത്തും പുറത്തുമായിട്ട് ജലാശയങ്ങളായ കിണറുകളും തോടുകളും നദികളും കായലുകളും തടാകങ്ങളും സമുദ്രവും സ്ഥിതിചെയ്യുമ്പോൾ അവയിലെ ജലത്തെയും മഴയെയും മഞ്ഞുകട്ടകളെയും മഞ്ഞിനെയുമെല്ലാം സൃഷ്ടിച്ചിട്ടുള്ളതും സംരക്ഷിക്കുന്നതും മണ്ണ് അഥവാ ഭൂമി തന്നെയാണ്. ഭൂഗർഭ ജലം കൊണ്ട് മനുഷ്യരെ പ്രത്യേകമായി കരുതുന്ന മഹാവാത്സല്യത്തെയോ, ദൈവത്തിനു മാത്രമാണ് മഹത്വമെന്നോ, ഉചിതമായ രീതിയിൽ തിരിച്ചറിയാൻ പോലും മനുഷ്യർക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം.

ആകാശവും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം മണ്ണുമായിട്ട് അഥവാ ഭൂമിയിലെ ജീവി-ജീവിതവുമായിട്ട് ബന്ധപ്പെട്ടിരിക്കുകയാണ്. അങ്ങനെയല്ലെന്നു വാദിക്കുന്നവർ ഉണ്ടാവില്ല.

ഭൂമിയിലെ ജീവികൾക്ക് അഥവാ ജീവാത്മാക്കൾക്ക് സൂര്യനിൽ നിന്നും പ്രകാശവും ചൂടുമൊക്കെ ലഭിക്കുകയാണ്; ജീവികൾ സൂര്യനിൽ പോയി കൊണ്ടുവരികയല്ല. ശരീരവും മണ്ണും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ ജീവികൾക്ക് പ്രകാശവും ചൂടുമൊക്കെ ലഭ്യമാക്കുന്നതിനു വേണ്ടി സൂര്യനെയും ചന്ദ്രനെയും ഒക്കെ സൃഷ്ടിച്ചതായി മനസ്സിലാക്കാൻ എന്താണ് പ്രയാസം? ഓരോ ജീവിയുടെയും ജനനം മുതൽ മരണം വരെയുള്ള സർവ്വ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും സാധിച്ചു തരികയും, സാധിച്ചു തരാൻ ശക്തിയുള്ളതുമായ ഭൂമിയായ ദൈവത്തെ മനസ്സിലാക്കാൻ, ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് കഴിയാത്തത് കഷ്ടത്തിൽ കഷ്ടമാണ്.

ഭൂമിയായ ദൈവത്തിന്റെ വാതക ദ്രാവക ഖര രൂപങ്ങളായ ഓക്സിജൻ, ജലം, മണ്ണ്/ശരീരം എന്നിവയുടെ മഹാവാത്സല്യത്തെയും മഹാനീതിയെയും അനുഭവിച്ച്, ഭൂമിയിൽ ജീവിച്ചു കൊണ്ട്, ആകാശത്തിലെ ദൈവത്തെ അന്വേഷിക്കുന്നവർ ചെറുതും വലുതുമായ ദൈവനിന്ദ തന്നെയാണ് ചെയ്യുന്നത്.

ഭൂമിയിലെ ജീവിതം താല്ക്കാലികമാണെന്നും അപ്രധാനമാണെന്നും, സ്വർഗ്ഗത്തിലെ സുഖങ്ങൾ നിരന്തരമാണെന്നും, സ്വർഗ്ഗത്തെ നേടണമെങ്കിൽ വ്യത്യസ്ത മതങ്ങളിൽ പറയുന്നതു പോലെ (വ്യത്യസ്തമായി !?) ജീവിക്കണമെന്നും ആവശ്യപ്പെടുന്നവർ വിട്ടുപോയ ഒരു വലിയ സത്യമുണ്ട്. ഭൂമിയിലെ ജീവിതത്തെയും നന്മതിന്മകളെയും ആധാരമാക്കിയാണ് സ്വർഗ്ഗനരകങ്ങളെ നിശ്ചയിക്കുന്നതെന്നു പറയുമ്പോൾ,

ഭൂമിയും ഭൂമിയിലെ ജീവിതവും ഇല്ലെങ്കിൽ സൃഷ്ടികളും സ്വർഗ്ഗനരകങ്ങളും അവിടുത്തെ പൂച്ചാണ്ടി-ദൈവവും ഇല്ലെന്ന് അവർ തന്നെ സുവ്യക്തമാക്കുകയാണ്. ആവക കാര്യങ്ങളിൽ ലജ്ജിക്കാനും പശ്ചാത്തപിക്കാനും, മഹാമാതാവായ ഭൂമിയെയും ഭൂമിയുടെ അംശമായ ശരീരത്തെയും ബഹുമാനിക്കാനും, ധർമ്മശാസ്ത്രപരമായി ജീവിക്കാനും മനുഷ്യരുടെയെല്ലാം സ്വത്വമായ ജീവാത്മാക്കൾക്ക് ശ്രദ്ധിക്കാവുന്നതാണ്. മടിക്കുന്നവരെയും അഹംഭാവികളെയും സ്വയം തിരുത്തിപ്പിക്കാൻ പോന്ന കുറ്റമറ്റ പദ്ധതികൾ മഹാനീതിശാസ്ത്രത്തിലുണ്ട്. മണ്ണായ ദൈവം, സൂര്യചന്ദ്രന്മാരെയും നക്ഷത്രങ്ങളെയും മറ്റും മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് മഹാപ്രപഞ്ചസൃഷ്ടിയുടെ ഭാഗമായിട്ടാണ്. ഭൂമിയിൽ സംഹാരം ആരംഭിക്കുമ്പോൾ, ഭൂമിയിലെ ജീവികളുടെ പുനർജ്ജനനത്തെ ചന്ദ്രനിലാണ് മഹാനിർവ്വഹിക്കുക. നക്ഷത്രങ്ങളുടെ സൃഷ്ടിക്ക് ജീവികളുടെ മോക്ഷവുമായാണ് ബന്ധമുള്ളത്.

Unquote :

മഹാനീതിയായ ദൈവം ജന്മഗുണങ്ങളെ മഹാഭരിക്കുന്നത് മനുഷ്യരുടെ നല്ലതിനാണ്.

യാതൊരു മനുഷ്യർക്കും ഭരിക്കാനാവാത്ത വിധത്തിൽ മഹാ-സങ്കീർണ്ണങ്ങളാണ് ജന്മഗുണങ്ങളെന്ന് സുവ്യക്ത മായിരിക്കുമല്ലോ. അപ്പോൾ മഹാശക്തിയും മഹാനീതിയുമായ ദൈവം ജന്മഗുണങ്ങളെ മഹാ-ഭരിക്കുമ്പോൾ, മനുഷ്യർക്ക് ആശ്വസിക്കാനാകുന്നു, മനുഷ്യർ അറിയാതെയെ-ന്നോണം പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം നിർവ്വഹിക്കുന്ന മഹാ-പ്രതിഭാസമാകയാൽ അനേകർക്ക് ആനന്ദിക്കാൻ കഴിയുന്നില്ല എന്നേയുള്ളൂ. മുമ്പ് വ്യക്തമാക്കിയതുപോലെ, ജന്മഗുണങ്ങളിൽ വ്യത്യാസങ്ങളിരിക്കെ, മനുഷ്യ-ഭരണാധികാരികൾക്ക് യാതൊരിക്കലും സമനീതി നൽകുവാൻ സാധിക്കുന്നതല്ല എന്നു കൂടി വെളിപ്പെടുന്നു. സമനീതി-നൽകുമെന്നുള്ള സത്യ-പ്രതിജ്ഞകളെ മനുഷ്യ-ഭരണാധികാരികൾ നടത്താതിരിക്കുകയോ, രാഷ്ട്ര-ഭരണഘടനകൾ എന്ന അശാസ്ത്രീയ/അധമ പ്രമാണങ്ങളെ ചുട്ടുകരിക്കുകയോ, തിരുത്തി പരിഷ്ക്കരിക്കുകയോ ചെയ്യേണ്ടതായി വരുന്നു. മഹാനീതിയായ ദൈവത്തെ ഉചിതമായി പരാമർശിക്കാതെയും ബഹുമാനിക്കാതെയും പദങ്ങളെ ഉപയോഗിക്കുമ്പോൾ ദൈവനിന്ദ കടന്നുകൂടുന്നു.

വാക്കുകളെ കൊണ്ടുള്ള വ്യായാമത്തെ മാറ്റിനിർത്തി, (പ്രത്യക്ഷ ദൈവമായ) ശരീരം, കുഞ്ഞുങ്ങളുടെ മഹാ-ആനന്ദകരമായ ജീവിതത്തിനായി ജന്മഗുണങ്ങളെ സ്വയം നിർവ്വഹിക്കുന്നു എന്നു കരുതുമ്പോൾ സത്യം മാത്രമായ ദൈവീക തലത്തിലേക്ക് മനുഷ്യർ ഉയരുന്നു.

ദൈവം, ഗൂഢമെന്ന പോലെ ജന്മഗുണങ്ങളെ മഹാ-ഭരിക്കുമ്പോൾ, ജന്മഗുണങ്ങളെ മറന്നും അവഗണിച്ചും, തങ്ങൾക്കും തങ്ങളുടെ ചുറ്റിലുമുള്ള ഭൗതികാവസ്ഥകളുമായി പൊരുത്തപ്പെടുന്ന ജീവിതരീതി മനുഷ്യരിൽ ഉണ്ടാവുന്നു. മുമ്പു വിവരിച്ചതായ ഓരോ ജന്മഗുണത്തോടും അടിസ്ഥാനപരമായി താദാത്മ്യം പ്രാപിക്കുന്ന ഒരവസ്ഥ ഓരോ മനുഷ്യനിലും ഉണ്ടാകുന്നു. ഉദാഹരണം പറഞ്ഞാൽ (1) സൗന്ദര്യം കൂടിയതായാലും, കുറഞ്ഞതായാലും താൻ ചെറുപ്പം മുതൽ കണ്ടും അറിഞ്ഞും മനസ്സിലാക്കുന്ന തന്റെ മുഖഛായയെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന രീതിയിലേക്ക് ഭൂരിപക്ഷം ജനങ്ങളും ഉയരുന്നു. (2) തന്റെ മാതാപിതാക്കളെ കൂടുതലായി സ്നേഹിക്കുന്ന രീതിയിലേക്ക് ഭൂരിപക്ഷം കുട്ടികളും ഉയരുന്നു. (3) താൻ സ്വയമെന്നോണം തിരഞ്ഞെടുത്തതും താൻ ചെയ്യുന്നതുമായ ജോലിയിൽ ഭൂരിപക്ഷം ജനങ്ങളും സന്തോഷിക്കുന്നു. എന്തുകൊണ്ട് 'ഭൂരിപക്ഷം ജനങ്ങളും' എന്ന പദങ്ങൾ ഉപയോഗിച്ചു എന്നതും, എന്തുകൊണ്ട് എല്ലാ ജനങ്ങൾക്കും സന്തോഷിക്കാനാകുന്നില്ല എന്ന ചോദ്യവും പ്രസക്തമാണ്. ജന്മഗുണങ്ങളിലൂടെ, മഹാനീതിയായ ദൈവം, മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട അനേകം മഹാകാര്യങ്ങളെ നിർവ്വഹിക്കുന്നുണ്ട്. ചുവടെ വിവരിക്കുന്നുണ്ട്. ആവക മഹാകാര്യങ്ങളെ പഠിക്കുന്നതോടെ മനുഷ്യന് ദൈവീക തലത്തിൽ കൂടുതൽ സന്തോഷിക്കാൻ കഴിയുന്നതാണ്.

ജന്മഗുണങ്ങളും മഹാനീതിശാസ്ത്രവും

മഹാനീതിയായ ദൈവം എല്ലാ മനുഷ്യർക്കും ജീവിതകാര്യങ്ങളിൽ തുല്ല്യത ലഭ്യമാക്കുവാൻ ജന്മഗുണങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഉദാ :-

(1) **സ്ത്രീ-പുരുഷ സമത്വം.** സ്ത്രീയ്ക്കും പുരുഷനും എല്ലാ അർത്ഥത്തിലും സമത്വം ഉണ്ടാവണമെങ്കിൽ സ്ത്രീയ്ക്ക് പുരുഷനായും, പുരുഷന് സ്ത്രീയായും ജനിക്കാനും ജീവിക്കാനും സാധിക്കണമെന്നല്ലാതെ മറ്റു വഴികളില്ല. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വത്തിന്റെ പേരിൽ മനുഷ്യർ കാട്ടിക്കൂട്ടുന്നത് ശാസ്ത്രപര മല്ലാത്ത കോപ്രായങ്ങൾ മാത്രമാണ്. മഹാനീതിയായ ദൈവം സ്ത്രീ-പുരുഷ സമത്വം നിർവ്വഹിക്കുന്നതെങ്ങനെയെന്ന് ദൈവ നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ചുവടെ വിവരിക്കുന്നുണ്ട്.

(2) എല്ലാ മനുഷ്യർക്കും തുല്ല്യമായ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം തുടങ്ങിയവ ലഭ്യമാക്കാനുള്ള മഹാപദ്ധതി മഹാനീതിശാസ്ത്രത്തിലുണ്ട്, ജന്മഗുണങ്ങളുടെ മഹാഭരണത്തിലൂടെ ദൈവം നടപ്പാക്കുന്നുണ്ട്.

(3) എല്ലാ ജനങ്ങൾക്കും എല്ലാ തൊഴിലുകളും ധർമ്മശാസ്ത്രപരമായി ചെയ്യാനും സമമായ ആനന്ദം നേടാനുമുള്ള മഹാപദ്ധതി ജന്മഗുണങ്ങളുടെ മഹാഭരണത്തിലൂടെ ദൈവം നടപ്പാക്കുന്നുണ്ട്.

ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട് മഹാശക്തിയായ ദൈവം, മഹാനീതി നടത്തുന്നുവെന്നും, അങ്ങനെ മഹാനീതിയായ ദൈവം കൂടി ആയിത്തീരുന്നുവെന്നുമാണ് മുകളിലെ 3 ഖണ്ഡികകളുടെ ഉള്ളടക്കം. അതെങ്ങനെയെന്ന് മഹാശാസ്ത്രപരമായി വിശദീകരിക്കുകയാണ് അടുത്ത ഘട്ടം.

((ജന്മഗുണങ്ങളായും അല്ലാതെയും വർത്തിക്കുന്ന ഘടകങ്ങളുണ്ട്. ഉദാ:- വ്യക്തികളുടെ ജനനം, ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം, ശരീരവളർച്ച, അംഗവൈകല്യം, മുഖക്കുരു, മീശ, കഷണ്ടി, നര, ചുളിവ്, പാണ്ട്, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, ഉറ്റവരുടെ വിയോഗം/മരണം, സ്വന്തം മരണം, ശ്വസനം, രോഗങ്ങളും രോഗ/അപകട മുക്തികളും. അവകളെയും വെയിൽ, മഴ, ഭൂകമ്പം, ഉരുൾ പൊട്ടൽ, അഗ്നിപർവ്വതം, വെള്ളപ്പൊക്കം, കാറ്റ്, കൊടുങ്കാറ്റ്, കാട്ടുതീ, ഭൂഗുരുത്വാകർഷണം, വേലിയേറ്റം, വേലിയിറക്കം, തുടങ്ങിയ പ്രധാന കാര്യങ്ങളെയും എല്ലായ്പ്പോഴും മഹാഭരിക്കുന്നത് മഹാനീതിയായ ദൈവമാണ്.))

മഹാപുനർജ്ജന്മ സിദ്ധാന്തം

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഭൂമിയിലെ എല്ലാ മനുഷ്യരും (എല്ലാ ജീവികളും), മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമാണ് ജീവിക്കുന്നത്; മഹാനീതിയിലെ മഹാഗൂഢത ഉൾപ്പെടെയുള്ള കാര്യങ്ങളെ ചുവടെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.

ദൈവം, സമസ്ത ജനങ്ങളെയും മഹാപുനർജ്ജന്മസിദ്ധാന്ത പ്രകാരം, മഹാവാത്സല്യത്തോടെ തിരുത്തുകയും, സന്തോഷിപ്പിക്കുകയും, ഒക്കെ ചെയ്യുന്നതാണ്. മഹാശ്രേഷ്ഠമാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

ഭൂമിയിൽ മായ പ്രത്യക്ഷമാകുമ്പോൾ, സമസ്ത ജനങ്ങളും മഹാപുനർജ്ജന്മ സിദ്ധാന്തത്തെ അറിയാനും ഉൾക്കൊണ്ടു ജീവിക്കാനും ശ്രദ്ധിക്കുന്നതാണ്. ജനങ്ങൾക്ക് മറ്റു വഴികളില്ല.

സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്. ഏവരും ജനി(പ്പി)ക്കുന്നത് ജീവിക്കാനാണ്. ജീവിക്കുകയാണ് എല്ലാവരും ചെയ്യുന്നതും. മരണമെന്നത്, ജനനത്തിന്റെയോ ജീവിതത്തിന്റെയോ അവസാനമല്ല; മറിച്ച് മഹാനീതിയുമായി ബന്ധപ്പെട്ട ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്.

മഹാപ്രപഞ്ചത്തിൽ മഹാശക്തിയായ മഹാദേവി സൃഷ്ടിക്കുന്നതെന്തും മഹാ-അർത്ഥപുഷ്ടമാണ്. കുറ്റങ്ങളും കുറവുകളുമില്ല. അങ്ങനെയിരിക്കെ മരണവും പുനർജ്ജന്മങ്ങളുമുണ്ടാവുന്നത് പാപങ്ങൾ കൊണ്ടാണെന്നും പുനർജ്ജന്മങ്ങൾ ഉണ്ടാവാതിരിപ്പാനായി 'സന്യാസിമാരും മറ്റും ശരിയെന്നു കരുതുന്നതായ ആത്മീയ കാര്യങ്ങളിലേക്കും (അ)ധർമ്മകാര്യങ്ങളിലേക്കും ശ്രദ്ധപതിപ്പിക്കണമെന്നും' ഏറെ സന്യാസിമാരും മതപുരോഹിതന്മാരും മറ്റും ജനങ്ങളെ ഉപദേശിച്ചത് അജ്ഞാനം കൊണ്ടുള്ള ദൈവനിന്ദയാണ്. അവരുടെ മനോരോഗങ്ങളെ തിരിച്ചറിയാൻ ശ്രമിക്കാതെയും കഴിയാതെയും ജനങ്ങൾ സ്വീകരിച്ചപ്പോഴാണ് പിഴവ് സംഭവിച്ചത്..

സ്ത്രീപുരുഷ വ്യത്യാസം (ലിംഗം), ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ... തുടങ്ങിയ ജന്മഗുണങ്ങളിൽ ശാസ്ത്രീയ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ട് മഹാപ്രപഞ്ചത്തിലുള്ള എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമത്വം നൽകാനുള്ള മഹാനീതിയായ ഏകദൈവത്തിന്റെ മഹാ-പദ്ധതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

എല്ലാ കുഞ്ഞുങ്ങൾക്കും എല്ലാ ആനന്ദങ്ങളെയും മഹാ-സമമായി ആസ്വദിക്കുവാൻ അവസരം നൽകുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

എല്ലാ മനുഷ്യർക്കും 100 മനുഷ്യജന്മങ്ങളെ ദൈവം നിശ്ചയിച്ചിരിക്കുന്നു എന്നതും ഒരു സൃഷ്ടിചക്രമായ 10000 വർഷങ്ങളിലായിട്ട് 100 ജന്മങ്ങളെ പൂർത്തിയാക്കണമെന്നതും മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരമുള്ള മഹാപദ്ധതിയാണ്. കൃഷിക്കാരനായും, നെയ്ത്തുകാരനായും, വിമാന-പൈലറ്റായും, ഭരണാധികാരിയായും ഒക്കെ എല്ലാ ജോലികളിലും പ്രവർത്തിക്കാനും എല്ലാ ജോലികളെയും ആസ്വദിക്കുവാനും എല്ലാ ജനങ്ങൾക്കും അവസരം നല്കുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

ഭൂമിയിലൊക്കെയുമുള്ള വ്യത്യസ്ത രാജ്യങ്ങളിൽ ജനിക്കാനും, വ്യത്യസ്ത സൗന്ദര്യങ്ങളോടെയും വ്യത്യസ്ത സംസ്ക്കാരങ്ങളോടെയും, വ്യത്യസ്ത ഭാഷകളോടെയും, വ്യത്യസ്തങ്ങളായ കാലാവസ്ഥകളിൽ ജീവിക്കാനുള്ള മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

50 സ്ത്രീ ജന്മം, 50 പുരുഷ ജന്മം എന്നിങ്ങനെ ഓരോ മനുഷ്യനും 100 ജന്മങ്ങളിലൂടെ സ്ത്രീ-പുരുഷ സമത്വവും നേടുന്നു എന്ന് ശാസ്ത്രപരമായി തെളിയിക്കുമ്പോൾ, സ്ത്രീ-പുരുഷ സമത്വങ്ങളെ മംഗളപ്പെടുത്തുന്ന മഹാനീതിവ്യവസ്ഥിതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം. സമത്വങ്ങളുടെ പേരിൽ മനുഷ്യർ നടത്തുന്ന കോപ്രായങ്ങൾക്ക് അതോടെ അവസാനമുണ്ടാകുന്നതുമാണ്.

.. തീർന്നില്ല, മനുഷ്യരുടെ ഭരണത്തിന് അനുവദിച്ചിട്ടുള്ളതായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, നീതിശാസ്ത്രം എന്നിവയുടെ ഘടകങ്ങളിൽ മനുഷ്യർ പിഴവുകളെ വരുത്തുമ്പോൾ, അവയെ പരിഹരിക്കുവാനും, മനുഷ്യർക്ക് തെറ്റുകളെ തിരുത്തുവാൻ അവസരങ്ങൾ നൽകുന്നതിനും, സമനീതി നടപ്പാക്കുന്നതിനുമുള്ള മഹാ-പദ്ധതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

ഉദാഹരണത്തിന് ജീവിതത്തിന്റെ അവസാന വേളകളിൽ, തങ്ങൾ മുമ്പ് ചെയ്തുകൂട്ടിയ തെറ്റുകളെ തിരിച്ചറിയുകയും, അവയുടെ പേരിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് തെറ്റുകളെ തിരുത്തിക്കൊണ്ട് പുതിയ ജന്മത്തിൽ പുതിയ ശരീരത്തോടെ ജീവിക്കുവാൻ അവസരം നൽകുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

മഹാനീതിശാസ്ത്രം പ്രകാരം സമസ്ത ജീവികളെയും ശിക്ഷിക്കുവാനും തിരുത്തുവാനും, സമസ്ത ജീവികൾക്കും സമആനന്ദങ്ങളെയും അനന്തമായ മഹാ-ആനന്ദങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാപദ്ധതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

100 ജന്മങ്ങളിലൂടെ ഓരോ മനുഷ്യനും കടന്നു പോകുമ്പോൾ, ഭൂമിയിലുള്ള അനന്തമായ ജീവിതാനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും മനുഷ്യന് അവസരമുണ്ടാകുന്നു. ആത്മീയ സാക്ഷാത്ക്കാരം / മോക്ഷം എന്ന അദ്ധ്യായത്തിലും മറ്റും വിസ്തരിച്ചതുപോലെ, 100 ജന്മങ്ങൾക്കു ശേഷം ആത്മീയസാക്ഷാത്ക്കാരം നേടുമ്പോൾ, മനുഷ്യന് താൻ ഭൂമിയിൽ വച്ച് അനുഭവിച്ച അനന്തമായ ആനന്ദങ്ങളെ വീണ്ടും അനന്തമായി അനുഭവിച്ചു കൊണ്ടിരിക്കുവാൻ മഹാവാത്സല്യം കൂടിയായ മഹാമാതാവായ മഹാദേവി (എല്ലാ കുഞ്ഞുങ്ങളെയും) മഹാഅനുഗ്രഹിക്കുന്നു.

ജീവന്റെയും ജീവാത്മാവിന്റെയും വാതക-ഭൗതിക അസ്തിത്വവും, അവയുടെ പ്രവർത്തനങ്ങളും ഗൂഢമാക്കിയിരിക്കുന്നത് ജീവികളുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനാണ്.

മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരമുള്ള പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, മുജ്ജന്മ കാര്യങ്ങളെ വെളിപ്പെടുത്തരുതേ എന്ന് ഏറെ ജനങ്ങളും ദൈവത്തോട് കേഴുന്നതാണ്.

ആവക കാര്യങ്ങളെപ്പറ്റി ഹ്രസ്വമായി സൂചിപ്പിച്ചശേഷം മഹാപുനർജ്ജന്മസിദ്ധാന്തത്തെപ്പറ്റി തുടരാം :

(1) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, കഴിഞ്ഞ ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതം പ്രകാരമുള്ള തീവ്രവാദി ആയിരുന്നുവെങ്കിൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക. ഹിന്ദുമതത്തിൽ പുനർജ്ജന്മ സിദ്ധാന്തത്തെ വളരെയധികം സ്വീകരിച്ചിരിക്കെ, അങ്ങനെയൊരു സാദ്ധ്യതയെ തള്ളിക്കളയുവാൻ ഹിന്ദുമത പണ്ഡിതനു കഴിയുമോ ? പ്രസ്തുത പണ്ഡിതന്റെ വ്യക്തിഗത കാര്യത്തിൽ അത്തരം വിശേഷമുള്ളതിനെ തെളിയിച്ചാൽ ... ചിന്തിക്കുക.

മാനുഷിക നിഗമനങ്ങളെ അനുസരിച്ചല്ല മഹാശക്തിയായ ദൈവം പുനർജ്ജന്മങ്ങളെ നിർവ്വഹിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മത-ജാതി-ദേശ-വർണ്ണ-ഭാഷാ.. തുടങ്ങിയ ജന്മഗുണ വ്യത്യാസങ്ങളുടെ പേരിൽ കലഹിക്കുന്നവരും ബഹുവിധ തീവ്രവാദത്തിൽ ഏർപ്പെടുന്നവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും ഭോഷ്ക്കുകളും വളരെയധികം ഭീകരമാണ് എന്നും, ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്നവയും മാത്രമാണെന്നു തെളിയുന്നതാണ്.

(2) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, അടുത്ത ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതം പ്രകാരമുള്ള തീവ്രവാദി ആയാൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക.

(3) ഈ ജന്മത്തിൽ പാലസ്തീനിൽ ജീവിക്കുന്ന മുസ്ലീം-തീവ്രവാദി, കഴിഞ്ഞ ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ ക്രിസ്ത്യൻ തീവ്രവാദി ആയിരുന്നുവെങ്കിൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക. തെളിയിച്ചാൽ ... ചിന്തിക്കുക.

(4) ഈ ജന്മത്തിൽ പാലസ്തീനിൽ ജീവിക്കുന്ന മുസ്ലീം-തീവ്രവാദി, അടുത്ത ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ ക്രിസ്ത്യൻ തീവ്രവാദി ആയാൽ .... എന്നതിനെപ്പറ്റി ചിന്തിക്കുക.

(5) ഇന്നത്തെ മത തീവ്രവാദി, ഇന്നലെകളിൽ ജീവിച്ച മറ്റൊരു മതത്തിലെ തീവ്രവാദിയെ ഭർത്സിക്കുകയും അയാളെ മോശമാക്കിയുള്ള പ്രഭാഷണങ്ങളെ നടത്തുകയും ചെയ്യുമ്പോൾ, ഇന്നലെയിലെ തീവ്രവാദിയുടെ പുനർജ്ജനനമാണ് താനെന്ന് തെളിയിക്കപ്പെട്ടാൽ ..... ചിന്തിക്കുക.

(6) ഇന്നലെകളിലെ അനേകമനേകം പണ്ഡിതന്മാരും നേതാക്കളുമൊക്കെ ഇന്ന് മറ്റു ദേശങ്ങളിലും മറ്റു മതങ്ങളിലും മറ്റു തൊഴിൽ മേഖലകളിലും, എതിർ ലിംഗത്തിലും പെട്ടു ജീവിക്കുന്നതായി .... ചിന്തിക്കുക.

(7) മായ പ്രത്യക്ഷമാക്കിയ ശേഷം, ദൈവത്തെപ്പറ്റിയും മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാശാസ്ത്ര പ്രകാരം സുവ്യക്തമാക്കിയ ശേഷം മാത്രമേ സംഹാരം അഥവാ ആത്മീയസാക്ഷാത്ക്കാരം ആരംഭിക്കൂ എന്നിരിക്കെ, ഇന്നലെകളിൽ ജീവിച്ചു മരിച്ച പ്രഗത്ഭർ സ്വർഗ്ഗത്തിൽ പോയെന്നും ബ്രഹ്മത്തിൽ ലയിച്ചെന്നുമൊക്കെ കഥകളുണ്ടാക്കിയിട്ടുള്ളത് കടുത്ത അപരാധവും കടുത്ത ദൈവനിന്ദയും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്ന കാര്യവും ആണ്.

(8) തങ്ങളുടെയോ, എതിരാളിയായി കരുതുന്നവരുടെയോ, മുജ്ജന്മ പ്രതിമകൾക്ക് മാലയിട്ടു നടക്കുന്ന നികൃഷ്ട ജീവിതമാണ് ഇന്നത്തെ അനേകർ നയിക്കുന്നത് എന്നതിനെ പ്പറ്റി ചിന്തിക്കുക.

(9) ഇന്നലെകളിൽ ഉന്നത ജാതിക്കാരനായി ജീവിച്ചയാൾ, ദുർബ്ബലരോട് കാട്ടിയ തെറ്റുകളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹീന-ജാതിയെന്ന് വിശേഷിപ്പിക്കുന്ന ജാതികളിൽ പുനർജ്ജനിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. 20 വയസ്സുള്ള ഇന്നത്തെ താഴ്ന്ന ജാതിക്കാരൻ നൂറ്റാണ്ടുകളായി നാട്ടിൽ താഴ്ന്ന ജാതിക്കാർ ബഹുവിധ കഷ്ടപ്പാടുകളെ അനുഭവിക്കുന്നു എന്ന് അരിശത്തോടെയും അമർശത്തോടെയും പറയുമ്പോൾ, മേല്പടി 20 വയസ്സിനു മുമ്പ് ഉന്നത ജാതിക്കാരനായി ജീവിച്ച അയാളും അനേകരും താഴ്ന്ന ജാതിക്കാരെ ദ്രോഹിക്കുകയായിരുന്നു എന്നതറിയുന്നില്ല. ..... തെളിയിച്ചാൽ .... ചിന്തിക്കുക.

(10) ഇന്നലെകളിൽ ഇന്ത്യയിലും അമേരിക്കയിലും ജീവിച്ച അനേകം ധനവാന്മാർ, ഇന്ന് കടുത്ത ദാരിദ്ര്യത്തിൽ പെട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ ജീവിക്കുന്നതായി ചിന്തിക്കുക .... തെളിയിച്ചാൽ ..... ചിന്തിക്കുക.

(ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മേൽ കൊടുത്തവ എല്ലായ്പ്പോഴും ഭൂമിയിൽ സംഭവിച്ചുപോരുന്ന സത്യങ്ങൾ മാത്രമാണ്.)

മേൽ വിവരിച്ചതു കൂടാതെയുള്ള **മറ്റു ചില ഉദാഹരണങ്ങൾ ഇനി പറയാം :-**

(11) ഒരു കുടുംബത്തിലെ യുവതിയ്ക്ക്, തന്റെ മുജ്ജന്മത്തിലെ സ്നേഹസമ്പന്നയായ മാതാവ് അടുത്ത വീട്ടിലെ ചെറുപ്പക്കാരനായി ജന്മം എടുത്തിരിക്കുന്നത് തിരിച്ചറിയാൻ കഴിഞ്ഞാൽ .... ചിന്തിക്കുക.

(12) ഏതാനും വർഷം മുമ്പ് അപകടത്തിൽ മരിച്ച തന്റെ നല്ല ഭർത്താവ്, തന്റെ ബന്ധുവീട്ടിലോ, അടുത്ത വീട്ടിലോ, അയൽ നാട്ടിലോ കുഞ്ഞായി ജനിച്ചിരിക്കുന്നു എന്നു തിരിച്ചറിയാൻ കഴിഞ്ഞാൽ ..... ചിന്തിക്കുക.

(13) തന്റെ മുജ്ജന്മത്തിലെ (നല്ല) ഭർത്താവിന്റെയും (ഭാര്യയുടെയും) നല്ല കുട്ടികളുടെയും ഓർമ്മകളെ ലഭിക്കുന്ന വ്യക്തി, അവർ ജീവിച്ചിരിക്കുന്നത് / പുനർജ്ജനിച്ചിരിക്കുന്നത് എവിടെ എന്നും മറ്റും കണ്ടുപിടിക്കാനും അവരോടൊത്തു ജീവിക്കാനുമായി ഇറങ്ങിപ്പുറപ്പെടുകയും ചെയ്താൽ ..... ചിന്തിക്കുക.

(14) മുജ്ജന്മത്തിലെ ഭാര്യയെ അടുത്ത സുഹൃത്തിന്റെ/ മറ്റൊരാളുടെ ഭാര്യയായി തിരിച്ചറിയുകയും, സുഹൃത്തിനും /മറ്റൊരാൾക്കും ബന്ധുക്കൾക്കും മറ്റും അക്കാര്യത്തെപ്പറ്റിയുള്ള മുജ്ജന്മ ഓർമ്മകളെ ലഭിക്കാതിരിക്കുകയോ ലഭിക്കുകയോ ചെയ്താൽ ..... ചിന്തിക്കുക.

(15) തന്റെ മുജ്ജന്മത്തിലെ വലിയ സമ്പത്തിന്റെ കാര്യങ്ങൾ ഓർമ്മവരുമ്പോൾ, പ്രസ്തുത വലിയ സമ്പത്ത് തിരിച്ചു പിടിക്കാനായി ശ്രമിച്ചാൽ .... ചിന്തിക്കുക.

(16) തന്റെ ശത്രുക്കളായിരുന്നവർ ഉറ്റവരായും, മറിച്ചും പുനർജ്ജനിച്ചിരിക്കുന്നത് തിരിച്ചറിയാൻ മുജ്ജന്മ ഓർമ്മകളെ മുഴുവൻ ലഭിക്കുന്നതിലൂടെ ഭൂമിയിലെ ഒരു ചിലർക്കോ എല്ലാവർക്കുമോ സാധിച്ചാൽ ..... ചിന്തിക്കുക.

(17) കുടുംബനാഥനോ, നാഥയോ, കുട്ടിയോ, മാതാവോ, മുജ്ജന്മത്തിൽ കള്ളനോ, വേശ്യയോ, കൊലപാതകിയോ, ആഭാസനോ ആയി ജീവിച്ച ചരിത്രങ്ങളുടെ ഓർമ്മകളെ കുടുംബത്തിലെ ഒരംഗത്തിനോ, എല്ലാ അംഗങ്ങൾക്കുമോ, സമൂഹത്തിലെ അനേകർക്കുമോ ലഭിച്ചാൽ ..... ചിന്തിക്കുക.

(18) എല്ലാവരുടെയും മുജ്ജന്മങ്ങളെ എല്ലാവരെയും അറിയിച്ചാൽ ഭൂമിയിൽ മനുഷ്യർക്ക് ജീവിക്കാനാകുമോ എന്നു കുറേനേരം ചിന്തിക്കുക....

(19) തന്റെ അടുത്ത ജന്മത്തിന്റെയും ഇനിയുള്ള ജന്മങ്ങളുടെയും സൃഷ്ടിപരമായ വിധി പ്രകാരമുള്ള കണക്കുകളെ മുജ്ജന്മ-ഓർമ്മകളിലൂടെ മനസ്സിലാക്കാൻ / അനുമാനിക്കാൻ കഴിയുമ്പോൾ, ജീവിതം ആനന്ദിച്ച് ആസ്വദിക്കുക എന്നതിനു പകരം ജന്മങ്ങളുടെ കണക്കുകളുമായിട്ട് കാലം തള്ളുന്നവരായി മനുഷ്യർ അധഃപതിക്കുന്നതാണ്.

(20) ഇന്ന് മത-ദൈവ-കേമത്തങ്ങളെപ്പറ്റിയും മതാചാരങ്ങളെ പ്പറ്റിയും വാതോരാതെ സംസാരിക്കുന്നവർ മുജ്ജന്മത്തിൽ അതേ മത-ദൈവത്തെപ്പറ്റി ദൂഷണമോ, ദുഷ്ക്കർമ്മങ്ങളോ മാത്രം ചെയ്തു ജീവിച്ചതിന്റെ ഓർമ്മകളെ സമൂഹത്തിലെ എല്ലാവർക്കും ലഭിച്ചാൽ .... ചിന്തിക്കുക.

മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി തെളിയിക്കുക എന്നു പറഞ്ഞാൽ മുജ്ജന്മ ഓർമ്മകളെ ഓരോരുത്തർക്കും സുവ്യക്തമായി നൽകുക, എന്നും ജീവിതകാര്യങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെടുക എന്നുമാണ് അർത്ഥം.

മേൽ വിവരിച്ച അതിസങ്കീർണ്ണമായ ജീവിത-പ്രശ്നങ്ങൾ എങ്ങും നിലനിൽക്കെ, ഇനി പറയൂ .... മുജ്ജന്മഓർമ്മകളെ മനുഷ്യർക്കു നൽകേണമോ ?

വളരെ ചെറിയ നീതിബോധമെങ്കിലും ഉള്ളവർ വേണ്ടേ വേണ്ടാ എന്നും, മുജ്ജന്മ ഓർമ്മകളെ നൽകല്ലേ എന്നു ദൈവത്തോടു കെഞ്ചുന്നതുമാണ്.

മായ പ്രത്യക്ഷമാകുന്നതോടെ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ എല്ലാവരും വിശ്വസിക്കുന്നതാണ്. ദുശ്ശാഠ്യക്കാരായ ചില കുഞ്ഞുങ്ങൾക്കുവേണ്ടി മുജ്ജന്മ ഓർമ്മകളെ എല്ലാവർക്കും നൽകുവാനും, കുഞ്ഞുങ്ങളുടെ സന്തോഷം ഇല്ലാതാക്കാനും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി ഇഷ്ടപ്പെടുന്നില്ല. എന്നിരിക്കിലും, ഭൂമിയിലുള്ള ഒരു ചിലർക്ക് കാട്ടിയ കൊടുംകുറ്റങ്ങളെ ഏറ്റുപറയാനായും പരസ്യമായി ജനങ്ങളോട് ക്ഷമ ചോദിക്കാനായും, മുജ്ജന്മ ഓർമ്മകളെ നൽകുന്നുണ്ട്.

ഓംകാരനീതിശാസ്ത്രം മഹാശക്തിയാണ്, മഹാനീതിയാണ് ...

ഓംകാരനീതിശാസ്ത്രം ജന്മഗുണങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെയാണ് പ്രവർത്തിക്കുന്നതെന്ന് സുവ്യക്തമാക്കിക്കഴിഞ്ഞു. മഹാഹൃദയമായ ഓംകാരത്തിന് ഒരേയൊരു നീതിശാസ്ത്രം മാത്രം, മഹാശക്തിയായ ദൈവം ഒന്നെന്നപോലെ. മഹാപുനർജ്ജന്മസിദ്ധാന്തത്തിലൂടെ അഥവാ ഓംകാരനീതിശാസ്ത്രത്തിലൂടെ പ്രപഞ്ചത്തിലെ എല്ലാ ജീവി-കാര്യങ്ങളെയും മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തുന്നു.

മഹാഹൃദയമായ ഓംകാരത്തിൽ മനുഷ്യന്റെ ഭാവനകൾക്ക് അതീതമായ മഹാശക്തി ഉള്ളതുകൊണ്ടാണ് മഹാകാര്യങ്ങൾ മഹാ മംഗളകരമായി നിർവ്വഹിക്കപ്പെടുന്നതെന്ന് നിസ്സാരമായി മനസ്സിലാക്കാനാവുന്നു.

ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ ചിന്തകളും സംഭാഷണങ്ങളും പ്രവൃത്തികളും മാത്രമല്ല, മറ്റു ജീവികളുടെ കാര്യങ്ങളെയും ഓംകാര നീതി ശാസ്ത്രം മഹാഭദ്രപ്പെടുത്തുന്നുണ്ട്. സംഹാരം ആരംഭിക്കുമ്പോൾ മറ്റുള്ള ജീവികളിൽ പശു, കാള എന്നിവ ഒഴികെയുള്ളവയ്ക്ക് ചന്ദ്രവാസം ഉണ്ടാകുന്നുണ്ട്. അവയുടെ കാര്യവും ഓംകാര നീതിശാസ്ത്രം തന്നെയാണ് ക്രമപ്പെടുത്തുന്നത്. മഹാപ്രപഞ്ചം മുഴുവനും ഓംകാരത്തിനകത്താണ് എന്ന് ഓംകാരം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു.

പ്രത്യക്ഷ ദൈവവും മണ്ണും ഭൂമിയുമായ ശരീരത്തിലെ ശാസ്ത്രനിയമങ്ങൾ പ്രകാരമുള്ള ശരീര-അവയവങ്ങളും, അവയവ പ്രവർത്തനങ്ങളും മാത്രമാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ലഭിക്കുക / സാദ്ധ്യമാവുക.

മനുഷ്യരുടെ മത-ജാതി-രാഷ്ട്രീയ-ദേശീയ വിശ്വാസ കോപ്രായങ്ങൾ പ്രകാരം ശരീര-അവയവങ്ങളോ, അവയവങ്ങളുടെ പ്രവർത്തനങ്ങളോ കൂടുന്നുമില്ല; കുറയുന്നുമില്ല; മാറ്റങ്ങൾ ഉണ്ടാകുന്നുമില്ല.

പശു, കാള, എരുമ, പോത്ത്, ആട്, പട്ടി, ആന, കുരങ്ങ്, സിംഹം, പക്ഷികൾ, തുടങ്ങിയ ജീവികളെ അപേക്ഷിച്ച് വളരെയധികം ബുദ്ധിശക്തിയും ഓർമ്മശക്തിയും മറ്റും ലഭിച്ചിട്ടുള്ള ജീവിയാണ് 'സ്ത്രീയും പുരുഷനു'മായുള്ള മനുഷ്യൻ. എന്നാൽ **ലഭ്യമായ ബുദ്ധിശക്തികളെ മനുഷ്യർ ദുരുപയോഗം ചെയ്ത് മത-ജാതി-രാഷ്ട്രീയ-ദേശ ജീവികളായി അധഃപതിക്കുമ്പോൾ അതെല്ലാം തെറ്റാണെന്ന് ബോധ്യപ്പെടാൻ ലളിതമായ വഴിയുണ്ട്. മത-ജാതി-രാഷ്ട്രീയ-ദേശ വിശ്വാസങ്ങളെ എത്രതവണ മാറ്റിയാലും, കണ്ടും കേട്ടും അനുഭവിച്ചും അറിയുന്നപോലെ, മനുഷ്യൻ എന്ന ജീവിക്ക് അടിസ്ഥാന പരമായി ലഭ്യമായ അവയവ ഘടനയ്ക്കും അവയവ-പ്രവർത്തനങ്ങൾക്കും യാതൊരു മാറ്റവുമുണ്ടാകുന്നില്ല. മണ്ണും ഭൂമിയും ശരീരവുമായ ദൈവാംശം, മനുഷ്യരുടെ ശരീരത്തിൽ സൃഷ്ടിക്കുന്ന അവയവങ്ങളും കറുത്ത പാടുകളും മറ്റും അല്ലാതെ മത-ജാതി-രാഷ്ട്രീയ-ദേശ ചിഹ്നങ്ങൾ ശരീരത്തിൽ സൃഷ്ടിക്കപ്പെടുന്നുമില്ല. അതായത് മണ്ണും ഭൂമിയും ശരീരവുമായ ദൈവവും മണ്ണിലെ (ദൈവ) നിയമങ്ങളും ഒട്ടും അംഗീകരിക്കാത്ത / തള്ളിയ വിശ്വാസങ്ങളെയും കോപ്രായങ്ങളെയുമാണ് ബുദ്ധി ശക്തിയും ഓർമ്മ ശക്തിയും ശരീര-അവയവ ശക്തികളും വളരെയധികം ലഭിച്ചിട്ടുള്ള ഏകജീവിയായ മനുഷ്യൻ ചുമന്നു പോരുന്നത്.**

ഓംകാരനീതിശാസ്ത്രം മഹാനീതിയാണ്; മഹാനീതിയിൽ ശിക്ഷകളുമുണ്ട് !

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായ മനുഷ്യർ തങ്ങൾക്കു ദൈവം നൽകിയ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുമ്പോഴും തട്ടിയെടുക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട് എന്നു മുമ്പും സൂചിപ്പിച്ചിരുന്നു. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുണ്ട്; ശുദ്ധിപ്പെടുത്താൻ ഉചിതമായ ശിക്ഷ നൽകേണ്ടതുമുണ്ട്. ഓംകാര നീതിശാസ്ത്രത്തിന്റെ ഭാഗമായ മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെ മനുഷ്യർക്ക് ബഹുവിധ ശിക്ഷകളും നൽകുന്നുണ്ട്. മുമ്പ് (9), (10) എന്നീ ഉദാഹരണങ്ങളിൽ വിവരിച്ച കാര്യങ്ങൾ ആവർത്തിക്കുന്നു :

(9) ഇന്നലെകളിൽ ഉന്നത ജാതിക്കാരനായി ജീവിച്ചയാൾ, ദുർബ്ബലരോട് കാട്ടിയ തെറ്റുകളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹീന-ജാതിയെന്ന് വിശേഷിപ്പിക്കുന്ന ജാതികളിൽ പുനർജ്ജനിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. 20 വയസ്സുള്ള ഇന്നത്തെ താഴ്ന്ന ജാതിക്കാരൻ നൂറ്റാണ്ടുകളായി നാട്ടിൽ താഴ്ന്ന ജാതിക്കാർ ബഹുവിധ കഷ്ടപ്പാടുകളെ അനുഭവിക്കുന്നു എന്ന് അരിശത്തോടെയും അമർശത്തോടെയും പറയുമ്പോൾ, മേല്പടി 20 വയസ്സിനു മുമ്പ് ഉന്നത ജാതിക്കാരനായി ജീവിച്ച അയാളും അനേകരും താഴ്ന്ന ജാതിക്കാരെ ദ്രോഹിച്ചിരുന്നു എന്നതറിയുന്നില്ല. ..... തെളിയിച്ചാൽ .... ചിന്തിക്കുക.

(10) ഇന്നലെകളിൽ ഇന്ത്യയിലും അമേരിക്കയിലും ജീവിച്ച അനേകം ധനികർ, ഇന്ന് കടുത്ത ദാരിദ്ര്യത്തിൽ പെട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ ജീവിക്കുന്നതായി ചിന്തിക്കുക .... തെളിയിച്ചാൽ ..... ചിന്തിക്കുക.

ഓംകാരനീതിശാസ്ത്രം ദൈവത്തിന്റെ എല്ലാ കുഞ്ഞുങ്ങളെയും - മനുഷ്യരെയും - ശിക്ഷിക്കുക കൂടി ചെയ്യുന്നു എന്നല്ലാതെ ശിക്ഷിക്കാനുള്ളതല്ല; എന്നു പ്രത്യേകം മനസ്സിലാക്കണം. എല്ലാ മനുഷ്യർക്കും 100 ജന്മങ്ങൾ ഉള്ളതിൽ 75-ഉം സൗന്ദര്യം ഏറെയുള്ളവയാണ്. 25 ജന്മങ്ങളിൽ സൗന്ദര്യം കുറയുന്നു എന്നു പറയുമ്പോഴും 2 ജന്മങ്ങളിൽ മാത്രമാണ് വളരെ വൈരൂപ്യം ഉണ്ടാവുക. അങ്ങനെയിരിക്കെ ദൈവം നൽകിയ / നൽകുന്ന സൗന്ദര്യത്തിന്റെ പേരിൽ അഹങ്കരിക്കുന്നവർക്ക്, പ്രത്യേകിച്ച് മറ്റുള്ളവരെ അവജ്ഞയോടെ വീക്ഷിക്കുക കൂടി ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ളവർക്ക് 2-ലധികം വൈരൂപ്യ ജന്മങ്ങൾ ഉണ്ടാവുന്നതാണ്.

മനുഷ്യജന്മത്തിൽ, എല്ലാ ജീവികളും ആത്മീയ സാക്ഷാത്ക്കാരം നേടുന്നുവെന്നും, പശു, കാള എന്നീ ജീവികളെ മനുഷ്യാവസ്ഥയുടെ ഭാഗമായി ചേർത്തിരിക്കുന്നുവെന്നും 'ആത്മീയ സാക്ഷാത്ക്കാരം,' 'ഓക്സിജന് ഓക്സും (കാളയും) പശുവുമായി പ്രത്യേക ബന്ധമുണ്ട്,' എന്നീ രണ്ട് അദ്ധ്യായങ്ങളിലായി വിശദീകരിച്ചിരുന്നു. **മനുഷ്യർ ചെയ്തു കൂട്ടുന്ന അധമങ്ങളായ കാര്യങ്ങൾക്ക് മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെ ശിക്ഷിക്കുമ്പോൾ കൂടുതലും മനുഷ്യ-ജീവിയായിട്ടു തന്നെയാണ് ശിക്ഷകളെ ഏറ്റുവാങ്ങുക.**

എന്നാൽ, **അപൂർവ്വമായി** മറ്റു ചില ജീവി-ജന്മങ്ങളിലേക്കും ശിക്ഷ നീളുന്നതാണ്. മനുഷ്യർ ചെയ്തുകൂട്ടുന്ന വ്യത്യസ്ത തെറ്റുകളുടെയും കുറ്റങ്ങളുടെയും വ്യാപ്തി അനുസരിച്ചാണ് അത്തരം കാര്യങ്ങളെ നിശ്ചയിക്കുന്നത്. 2 ഉദാഹരണങ്ങൾ മാത്രം പറയാം :- (1) **ദൈവം** എന്ന പദത്തെ തിരിച്ചിട്ട് ശുദ്ധപ്പെടുത്തിയ പദമാണ് **വൈദ്യം**. ദൈവത്തിനു പകരമെന്നോണം ജനങ്ങളുടെ ആരോഗ്യ രക്ഷ ചെയ്യേണ്ടയാളാണ് **വൈദ്യൻ** / **ഡോക്ടർ**. കടുത്ത അധമത്തങ്ങൾ കാട്ടിയാൽ ജന്തു-ജീവിത ശിക്ഷകൂടി ഡോക്ടർക്കുണ്ട്. ഏതു ജന്തുവായിട്ടാണ് എന്നുള്ളത് ഡോക്ടർ എന്ന പദത്തിന്റെ ഉച്ചാരണത്തിൽ ഗൂഢമായി ഒളിപ്പിച്ചിട്ടുണ്ട്. ദൈവം എന്ന പദത്തെ തിരിച്ചിട്ട് ശുദ്ധപ്പെടുത്തിയ ഉന്നതമായ പദമാണ് വൈദ്യം എന്നതുപോലെ ഗോഡ് GOD എന്ന ഇംഗ്ലീഷ് പദത്തെ തിരിച്ചിടുമ്പോൾ പിശാചുമായിക്കൂടി ബന്ധമുള്ള ജന്തുവിന്റെ പേര് കിട്ടുന്നു. ഡോഗ്. ഡോക്ടർ എന്ന പദത്തിൽ ഡോഗ് എന്ന പദത്തെ ഒളിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വസ്തുതയെ ഉയർത്തി ഡോക്ടറെ അവമതിക്കാൻ ശ്രമിക്കുന്നവർക്കും അതേ ജന്തു-ശിക്ഷ ദൈവം നൽകിയേക്കും എന്നതറിഞ്ഞ് യാതൊരാളും മറ്റൊരാളെയും പരിഹസിക്കാതെ ശ്രദ്ധിക്കണം.

പൈശാചിക ബന്ധം കൂടിയുള്ള ജന്തുവാണ് പട്ടി. വളർത്തു മൃഗം ആയിരിക്കാൻ യോഗ്യതയില്ലാത്ത ഒന്നിനെ മനുഷ്യർ വളർത്തുന്നതിൽ ചില നീതിശാസ്ത്ര കാര്യങ്ങളുമുണ്ട്. പട്ടി-ജന്മത്തിലും, ദൈവീകമായ പശു/കാള-ജന്മത്തിലും ഇടയ്ക്ക് മുജ്ജന്മ ഓർമ്മകളെ നൽകുന്ന പദ്ധതിയുണ്ട്.

ശിക്ഷയുടെ ഭാഗമായി പട്ടി-ജന്മം സ്വീകരിക്കേണ്ടി വരുന്നയാൾ തന്റെ ഉറ്റ മനുഷ്യബന്ധുവിന്റെയോ ശത്രുവിന്റെയോ അടുത്ത് എത്തിപ്പെടുമ്പോഴാണ് പലപ്പോഴും മുജ്ജന്മ ഓർമ്മകൾ നല്കുക. പട്ടിയെ അടിക്കുമ്പോഴും, അത് തിരിഞ്ഞുകടിക്കാതെ വാലാട്ടിക്കൊണ്ട് സ്നേഹം പ്രകടിപ്പിക്കുന്നതു കാണുമ്പോൾ, നായ നന്ദിയുള്ള മൃഗമാണെന്ന് മനുഷ്യർ അഭിപ്രായം അറിയിക്കും. തന്റെ മകനോടും മകളോടും കൊച്ചുമകനോടും വാത്സല്യം കാട്ടുകയാവും നായയെന്ന് മനുഷ്യർ തിരിച്ചറിയുന്നില്ല ! നായയോട് കൂടുതൽ വാത്സല്യം കാട്ടുന്നത് തടഞ്ഞുകൊണ്ട് പേയ്-വിഷ ബാധ എന്ന പൈശാചിക രോഗത്തെ തന്നെ നായയുമായി ബന്ധിപ്പിച്ചിരിക്കുകയുമാണ്. ഇപ്പറഞ്ഞതിന്റെ അർത്ഥം നായയെ കൂടുതൽ വെറുക്കണമെന്നോ കൂടുതൽ സ്നേഹിക്കണമെന്നോ അല്ല. മനുഷ്യരുടെ ശവശരീരത്തിന് റീത്തുകളും പോലീസ് വെടി ആചാരങ്ങളും പോലെയുള്ള കോപ്രായങ്ങൾ കാട്ടുന്നവരും മറ്റു ജനങ്ങളും ഇപ്പോൾ പോലീസ് നായയും ആനയും പൂച്ചയും മറ്റും ചാകുമ്പോൾ അവയുടെ ശവത്തെ വച്ചും കോപ്രായങ്ങൾ കാട്ടുന്നത് അവസാനിപ്പിക്കുകയും വേണം. മനുഷ്യനും നായയും ഉൾപ്പെടെയുള്ള ഏതു ജീവിയോടും ധർമ്മശാസ്ത്രപരം മാത്രമായ കരുണ കാട്ടുവാൻ മനുഷ്യനു ബാദ്ധ്യതയുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട മനുഷ്യ- കുഞ്ഞുങ്ങളേ അറിയുക : എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമമായി സ്നേഹ-വാത്സല്ല്യങ്ങളെ നൽകുന്നതു കൊണ്ടാണ് ചിലർക്ക് ജന്തു-ശിക്ഷ നൽകുന്നത്. കടുത്ത ശിക്ഷ നൽകിക്കൊണ്ട്, വലിയ അപരാധിയെ പെട്ടെന്നു തിരുത്തുകയും, മഹാവാത്സല്യം നൽകി തന്നോട് ചേർത്തുനിർത്തുകയും, സകലർക്കും സമനീതി എന്ന അനന്തമായ ആനന്ദങ്ങളുടെ മഹാകലവറ തുറന്നുകൊടുക്കുകയുമാണ് ദൈവം.

(2) ഭരണാധികാരികൾ, ന്യായാധിപന്മാർ എന്നിവ സമൂഹത്തിലെ മൊത്തം കാര്യങ്ങളെ ബാധിക്കുന്ന **കീ-പദവികളാണ്.** (താക്കോലുകൾ). അവർക്കുള്ള ജന്തുശിക്ഷയിൽ **കീ-** 'key' എന്ന ഇംഗ്ലീഷ് പദം വരുന്ന മങ്കിയും (mon'key') ഡോങ്കിയും (don'key') ഉൾപ്പെടുന്നു. സമൂഹത്തിൽ **ആവശ്യമില്ലാതെ ചാടിക്കളിച്ചവർക്ക് തുടർന്നും ചാടിക്കളിക്കുവാൻ മങ്കിയിലൂടെയും, മറ്റുള്ളവരെ / ബുദ്ധിശക്തികളെ നിർദ്ദയം പരിഹസിച്ചവർക്ക് ഡോങ്കിയിലൂടെയും ശിക്ഷ നൽകുന്നു. ചെയ്ത പാപത്തിന്റെ തോതനുസരിച്ച് മറ്റ് ജന്തു-ജന്മങ്ങളും ഉണ്ടാവാം !** വിസ്തരിക്കുന്നില്ല.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, വ്യത്യസ്ത തെറ്റുകൾക്കും കുറ്റങ്ങൾക്കുമുള്ള ശിക്ഷകളെ അനവധി വർഷങ്ങൾക്കു മുമ്പ് ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയത് ചുവടെ ചേർത്തിട്ടുണ്ട്. മലയാള ഭാഷയിലെ തർജ്ജമ ആവശ്യമെങ്കിൽ, മഹാഇഷ്ടം പോലെ (If GOD wills) **മറ്റൊരിക്കൽ ഇ-മഹാഗ്രന്ഥത്തോടു ചേർക്കുന്നതാണ് / ചേർക്കാവുന്നതാണ്.**

ഇംഗ്ലീഷ് ഭാഷയിലുള്ള മേല്പടി വെബ് പേജ് അല്പമാത്രം പരിഷ്ക്കരിച്ച് ചുവടെ ചേർക്കുന്നു :-

(Quote ..)

PUNISHMENTS from the SUPREME JUSTICE (GOD) :

GOD avails Creature-forms including that of Human beings for the Creatures. Since people may not recognize GOD and/or GOD's indivisible part ParamaShivan, people shall apply the Science of Duties and Virtues immersed in Body / Soil / Earth for Good and Bad seemed to them. And when GOD and/or ParamaShivan disclose the Godly identity, No Debate / Discussion, GOD run the matter / game / MahaaVilayadal. Glory only to GOD (MahaaDevi).

ParamaShivan is an indivisible part of GOD / MahaaDevi, and MahaaDevi protects him from Bads and Wrongs. Human findings against ParamaShivan are invalid as His Words and Deeds are fully connected with the Maya-driven Omkara Science of Justice (Supreme Science of Justice). MahaaDevi sends him into the midst of various kinds of People, as in the case of Cryst, Gandhi, etc in order to correct them, take their pain, and even to bless them on behalf of GOD, MahaaDevi. (Mind it : GOD = MAHAASHAKTHI = the Single Supreme Power = MahaaDevi alone can bless people & all creatures.

Since MahaaDevi blesses own Part 'ParamaShivan' to act for MahaaDevi, he does bless knowingly or unknowingly with MahaaDevi's Right Hand Ë merged in his Right Hand by Maya.

The Dignity as well as the Limitations of Human Judiciary are explained in the E-BOOK. In order to serve Equal Justice, GOD is obliged to take care that No Human Laws/Activities bring Injustice into the Creation & Preservation (Protection) of the Universe. Hence the Supreme Science of Justice need to supersede and/or contain /correct the errors and sins developed by the Human Handling of Justice. It is important to know why GOD, the Supreme Justice create Differences of / in Birth Qualities such as Differences in Sex, Beauty, Age, Health, Color, etc., The Fanatics in Religion / Caste / Politics / Nationalism, etc. must learn it to reduce Sins. From the Supreme Science of Justice, people can understand how GOD serves Equal Justice to all Human beings through Reincarnations.

Though Reincarnations are generally done as Re-births in Human form, there are cases where GOD disposes Reincarnation as Re-births in Other Creatures in association with Punishments. During Re-births in Other Creatures, GOD gives them remembrance of past human births at many times. It will be painstaking to avail the remembrance when they meet their human or other close relatives as a kind of punishment.

It is not possible to mention here the Punishments for each & every Sin because the Sins are infinite. A general idea on the major sins are given so that people care more. More items / details will be added later, if GOD wills.

There is a general misunderstanding in many/most human beings that other creatures are very inferior to human beings and are at the control of human beings. From the Supreme Science (MahaaShaasthram), people can understand that other creatures are also basically living for themselves, and enjoy life. For example, the monkeys, donkeys, etc. are living happily. They enjoy life. They take part in games, enjoy food-tastes, sexual pleasure, etc. Such enjoyments are being under-estimated by human beings just because of his/her ignorance.

Further, it is proved that the Cows & Oxen are even superior to Human beings.

MahaaShakthi & ParamaShivan were availing Births as Creatures like Monkey, Elephant, Cow-Ox, etc. (1) to prove also that the lives of other creatures are also splendid, (2) to soothe the people fearing re-births as monkeys, etc., and (4) to warn the people involve in Sins. It is proved that GOD scientifically controls the Supreme Science of Justice. Though GOD does (should) not let Human beings to avail the Supreme Control over the Supreme Science of Justice, GOD is obliged to inform Human beings about the kind of Punishments set for in order that people may (or may not) care in their living styles. Since the Language of GOD is always Love, the people doing Sins need not worry. GOD punishes with Love. The Godly-Rebirth as Cow/Ox and the Evilly Rebirth as Dog are explained below for better understanding. All Human beings need to avail One /Two Births as Cow and Ox. The Godly Justice will be found as Supremely Perfect.

The Punishments for the people involved in (committed) various sins are detailed in many parts of the E-BOOK. They are either repeated herein below or given reference to the particular part/chapter/page.

The people who do the most Evilly acts, i.e. who act / live mostly in opposition to the Supreme Qualities of GOD, namely Truth, Duties & Virtues, and Justice avail the Evilly Re-birth (s) as Dog. The Supreme Science of Justice punish a certain people by giving them Re-births as Dogs with human memories at times decided by the Gaseous form of GOD, Oxygen. Depending upon the magnitude of their previous sins, they will be brought into the houses of their previous beloveds, etc. There they repent for the torture they did to many people. They express much love and gratefulness to their masters in the house, who actually were his/her close relatives/ grand-children, etc. The masters beat the Dog with stick, etc., but the Dog (grandpa/grandma) will swing his tail with love and man make the comment: "The Dog is a very grateful animal". The Dog cares the Properties of his close relatives/grand children etc. The man comments: "The Dog is good Security Guard". At the same time, GOD does not make Dog to have more pleasure. The human beings will get the worst disease Rabies if he loves the Evilly Dog more.

Not only that; the Dog births usually continue until the Dog is reborn in streets, beaten and stoned to Death in one birth. It is usually an Evilly birth. The Rabies-Dog can be seen fearing Water, the Liquid Form of GOD.

Those who do many worst acts generally avail the Evilly-Dog births. Rebirths as Dogs may occur besides the other punishments.

The people who decay the society and waste food in disrespect will have to avail pig-births. The pigs receive their human memories at times and reminded to clear dirt as much as possible to get release from pig-births.

The thieves as well as those who steal food, etc. by way of supplying reduced quantities, for e.g. the merchant who purposefully steals 1/2 kg rice when 5 kg sale etc made; will be allowed to continue stealing by way of availing birth as Rats (Mice). The mice will have to continue births until cat or snake kills it. Though the rats get their past human memories at times, they will not go to cat / snake to get released.

All Punishments are subject to change in accordance with the Protective Fate, wherein GOD bathes all Human beings with LOVE. GOD bless All People to overcome Punishments by doing GOOD. However; the Judges, the Political Rulers, etc. may find it difficult to overcome Sins because their Sins usually make big loss/suffering to many People. For them, doing GOOD to overcome Punishments may extend to cure the difficulty made by their sinful activity which is too tough. For e.g. the Writer had taken many steps to prevent the Governments in India, and Kerala, as well as the Highest Court in India erroneously named as the Supreme Court of India, the High Court in Kerala,etc.fromdoing/continuing some Sinful acts.

To Judges, Political Rulers (Ministers, King), Executives, etc. who avoid Truth, Duties & Virtues, and Justice.

GOD blesses All People to overcome Punishments by doing Good, vide Protective Fate. The following is NOT a general punishment, it should be understood as limited to people who do Severe Sins and differing from instance to instance. MAHAASHAKTHI who creates & protects this Universe has established everything perfectly including the Punishments. The Known Human History, the Religious Books, the Social/Political Revolutions, etc. etc. teach us that the KEYS of the Society / State / Nation are always held by the GOVERNMENT and/or the JUDICIARY. They are the 2 Keys. To People who do Severe Sins during their Services in the 2 Keys, the Government & the Judiciary, GOD has established 2 Creatures, arranged their Names also with Key. The KEY in Monkey & Donkey. (Man thinks he names People and Creatures. In fact GOD penetrates the Maya-Power in naming too.). Human Judges who disrespect Divine Laws will have to avail Re-births as Monkeys. The Monkeys will do (try to do) the Actions of Human beings. Thus the Monkeys (the reborn Judges) will start obeying with the Monkey-smile. The People who mock at Judges doing or not doing Sins may also avail Monkey-births. Hence people should not defame others. The Judges, Political Rulers, etc. who do not make any scientific verification of topics, but carry the old belief, will be given re-births as Donkeys so that they continue carrying DIRTY clothes, Luggage, etc.

It is a severe sin to penetrate evilly laws in the divinely given freedom to creatures. The Creator gives freedom to Creatures to do/use or not to do/use anything. The Human Judges or Ministers, etc. have no Power at all to restrict the Godly given freedom. Those Judges or Ministers etc who disregard the Godly given Freedom will have to undergo Re-births as Monkeys, and then caught by circus-men, etc. to cages for game-tricks / gimmicks.

Again I repeat : the same situation may happen to people who mock at Judges, etc. Hence Godly Punishments should be understood /used as matters for rectifying the wrong practices / styles.

Punishments may rise up or come down in accordance with the magnitude of Sins. Those positions are challenging. One can acquire the maximum Holiness during his birth as King, Minister, etc. The Wrongs may save him the maximum sins too. Persons with Divine Blessings / Experiences should only act as Judges; and as per the Supreme Science, the Rulers act as Judges.

To People who abuse /misuse the words "In the name of GOD".

GOD blesses All People to overcome Punishments by doing Good, vide Protective Fate. People without adequate / right Divine Blessings / Experiences should not use the words "In the name of GOD". Those who abuse / misuse it may have to undergo Re-births as the big-snake (python).

If the People using the words "In the name of GOD", are found misusing/abusing it, the King/Judges should beat them publicly, 101 times, that is 1 time more than the 100 births to be taken by human beings in order that GOD punish them less; not in all their births for the so great sin done by them. Human Governments/Judiciary may better NOT pardon those people. Take care that Blood don't come out during Beating; that is all Punishments are meant to correct the Soul; be in mind that Body is part of GOD / Soil / Earth. The very wrong people should always be sent to Forests for limited period.

To Judges, Rulers, etc. who avoid the People who use the words "In the name of GOD".

GOD blesses All People to overcome Punishments by doing Good, vide Protective Fate. The Judges, Political Rulers, etc should stop all their activities and listen to the words of People who use the words "In the name of GOD". It is to be understood that the People who genuinely use the words "In the name of GOD" has (had) had Blessings and advices/ instructions/orders from GOD intended to be carried out mainly by the Political Rulers/ Judges, etc which are to be considered as if it is from GOD for the benefit of the people involved /concerned. A King who lives on Public Bread is obliged to respect a Common Man as his Master and obey the Divine Request and/or Order carried to him by his Master (public) from the Supreme Justice (GOD). Thus the King / Ministers / Judges etc who rule a society /nation are obliged to obey the Genuine Requests and/or Orders from those People using the words "In the name of GOD". Their disregard is sure to bring big losses to the People in the Country. Hence the Sin acquiring for disrespect of the Godly words will be very big. The Punishments too. The People who use the words "In the name of GOD" may/shall be asked for Scientific Proofs and/or Divine (Maya-related) Proofs in accordance with their Demand/ Request/Order. The Judges, Political Rulers, etc are obliged to act in accordance with the subject brought about. The different losses causing to the People in the country due to the disregarding of a Godly Request/Order can be understood from the following example :

The Writer has passed a Request-cum-Order to the Govt in India as well as the Highest Court (s) in India to stop further political elections; and directed them to act according to the contents of the Request-cum-Order issued by Badsha, with the Powers conferred to him to act as the Supreme Justice for MAHAASHAKTHI (GOD). (The Order was sent to the President, PM, Deputy PM, Highest Court in India, High Court in Kerala, several Newspapers, TV, etc. by E-mail, Fax, Post & thru the Web site on 06 September 2003. Reminders were also sent. It was simple to understand from one or a few parts of the web site that his writings are all Divine. It was quite simple to verify his words scientifically. He also requests (ed) for the same. Since his demand was purely scientific, the Judges & Political rulers, etc only need (ed) to stop their activities related with conducting elections and do scientific verification of the web site & other activities of the Writer. ..

The Judges, Rulers, etc. who do not listen to the People who use the words "In the name of GOD", are doing very great Sins, and sure to take one or many births both as Monkeys and Donkeys with Tortures. The Judges / Kings / Ministers, etc. should always remember that a very common man living in a village-corner as a Butcher or Barber may rank more than a King in line with his past (many) births. Please remember : All People on Earth receive Equal Justice from the Supreme Justice. Nobody is bigger than a beggar and NOT smaller than a King/Emperor. (I had sent a few orders to the Political Rulers & Judges in India with national and international interests as well as to UNO.)

To People who abuse / misuse the words "According to DaivaShastram / Theology".

GOD blesses All People to overcome Punishments by doing Good, vide Protective Fate. The people who cannot clarify/explain topics scientifically should not use the words "According to DaivaShastram/Theology". Theology (Daiva Shastram = Divine Science) is the Mother-Science of all branches of Science. It is from GOD. It is to be understood that the Representative of GOD too receive the vast knowledge after many Divine Oaths / Swearing, and Tests, etc. People should not abuse / misuse Daiva Shastram. It will be Sin. Those abuse the Supreme Science will be given punishments in the re-births as Monkey and/or Donkey. Human Governments/Judiciary may better pardon those people and/or with light punishments.

To Judges, Rulers, etc. who avoid the People who use the words "According to DaivaShastram/Theology".

GOD blesses All People to overcome Punishments by doing Good, vide Protective Fate. The Judges, Political Rulers, etc. should listen with special attention to the words of People who use the words "According to DaivaShastram/Theology". They are obliged to verify it according to Vedas / Science, and if found true, approve it and obey them.

That is, the Actions of the Judges, Rulers, etc. towards the words of People who use the words "According to Daiva Shastram (Theology)" are to be almost the same as to those who use the words "In the name of GOD".

Since the King, Judges, etc. are (to be) experts in the True Vedas, it is a fact that Exciting matters do not occur normally.

If the statements, etc. of the People who use the words "According to DaivaShastram/Theology" are found not according to Vedas / Science, it is recommended not to punish the people. Let them be punished by GOD for they referred GOD's Shastram (Science). However, if those people made any Challenges to the Kingdom/Judiciary with regard to their statements, they may be punished after finding their statements wrong according to the True Vedas.

The Judges, Rulers, etc. who do not listen to the People who use the words "According to DaivaShastram/Theology", are doing great Sins, and sure to take one or many births both as Monkeys and Donkeys. Punishments may rise up or come down in accordance with the magnitude of Sins.

To Murderers, Torturers

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Ox, Cow, Pig, Deer, etc which will be killed and/or tortured by the Reborn Human beings and/or Dogs/Crow, etc.

To Assaulters to Women (Rapists, etc.)

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Cock, Hen, Goat, Hare (Rabbit), etc. and allowed to enjoy sex, but they will be killed and eaten. Many births have to be taken. In their last such re-birth, the Memories of Previous Human-birth (s) will be given.

To People doing Corruption, Bribe, etc.

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Ant, Honey-fly, the short-living fly which dies to the lamp, etc. + as Dog (depending upon the nature & size of sins).

To People who mock at Handicapped.

All People should recognize the Importance of the different Organs & Senses in our Body. The Applications of Science & Equipments, etc. can severe one or more Organs in our body. Coordinating all those factors, the Supreme Justice (GOD) has established that out of the 100 births, one shall be handicapped. GOD, the Supreme Justice gives Punishments also as Handicapped for severely torturing other People, parents, other creatures, etc.

It would in turn make people feel that a person born handicapped or developed as handicapped might be suffering the same out of the one common handicapped birth. However it is a fact that a Handicapped person will be further tortured mentally (and/or physically) if he/she be mocked. Hence all people should avoid it. Remember: the Supreme Science / an accident can make any Healthy Person handicapped even at the mocking time.

GOD blesses All People to overcome Punishments by doing Good, vide Protective Fate. For severe mocking, Handicaps will develop during their life as cow/ox or while punishments as re-births in other creatures.

To People who mock at People with Less Beauty, etc.

It is simple to learn the Supreme Science of Justice, where from one will understand the how's and why's regarding the Differences in Birth-Qualities. Since it is well understood that the Face Shape, Body Shape, Shape of different Organs, Color, etc are decided and supplied by GOD, People should only Praise/realize the Glory of GOD and NOT conduct any Beauty Contests.

GOD blesses All People to overcome Punishments by doing Good, vide Protective Fate. For severe mocking, accidents, etc. which may nullify the Beauty may happen even in the same birth. Be careful.

To People who mock at Non-Vegetarians

GOD blesses All People to overcome Punishments by doing Good, vide Protective Fate. As from the Opening of Maya in the present Supreme Creation Cycle, the Creational FATE would implement Vegetarianism, inducing All Creatures love each other. The Understanding of Vegetarianism will also be rightly placed as Eatables & Non-Eatables.

As per the Creature System : Fish - Plant - Bird - Animal - Human, FISH is before Plant and Eating FISH is thus with Less Sin compared to Plant, hence Vegetarianism (Eatables) would contain Fish first. FISH will be caught, but they will die so soon without any tilting giving no ill feeling to Human beings (in general).

The events of the 1st MahaaKaalaChakram has established a different style. If the vegetarians use ill-words / actions against non-vegetarians, they will be punished. They may have to take re-births as Cats. The cats will (steal) fish from the kitchen and eat (the uncooked) fish.

In regard to Non-vegetarians they have/had a special obligation : Since Man is supplied with extra wisdom which is not supplied to other Creatures, he is obliged to take protective measures also in the matter of other Creatures. Hence the Non-vegetarians always need to look after the animals more than the vegetarians. **(New Directive expected soon).**

Those who do not look after animals, cease the right to kill and/or eat them. The above situation does not make the non-vegetarians in any dilemma. Every family should keep Cows (& Oxen) and care them well. In return they are allowed to use the meat of goat/sheep and hen/cock. Man is part of the Universe and is obliged to respect the Food-Energy Law. With the little knowledge, Man need not worry upon killing and eating other animals, until and otherwise the SCIENCE gives special directives. (For e.g. the Dignity of Cows & Oxen is explained to Man and then asked him to decide whether to kill them or not.). He should use other creatures only to his actual requirement. All creatures are living in accordance with the Food-Energy Law explained separately.] **(New Directive expected soon).**

To People who avoid Family/Sexual Life

The people who avoid Family/Sexual Life must remember that they are created/born on this earth as products of family/sexual life. If all people tend to non-sexual life, the human beings will perish. GOD has hidden the highest pleasure in the Sex to please all Creatures. Creatures enjoy, and GOD does the Creation. Parents will neither argue that they make the semen, egg, embryo, etc. nor they decide the creation as well as differences in Birth Qualities, namely sex, color, beauty, face shape, organs, etc. etc.

The wise /blessed people should realize the Glory of GOD in programming in the tiny seed of a big tree with the Growth, Colour, Shape, Size, etc of the leaves, trunk/wood, fruits, tastes, etc etc. Then continue realizing the similar situation in the infinite number of all other creatures and try to contain/think then of the whole Creation & Protection of the Supreme Universe....

GOD blesses All People to overcome Punishments by doing Good, vide Protective Fate. Since it is a big sin, during Rebirths in human status, they may wish sexual pleasure but miss at many times. Further they may have to avail Re-births as Earthworm, nut-meg tree (a plant which can reproduce only when there are two plants cultivated nearby, that too with male & female difference !). Their sin will end only when they beg pardon to GOD many times.

To People who abuse/beat Parents

Parents are established by GOD as the Tools for one's Creation. Through Mother, Father and Guru (Teacher + everything in the Universe) one knows about his/her Real Creator (GOD). When he knows about his Real Creator (GOD), he should obey GOD and/or the Supreme Science from GOD (MahaaVedam). The Vedas (GOD) teach that a person should love more his Mother; and Obey always his Father; unless the Real Creator (GOD) intervenes and give him/her Directions.

GOD blesses All People to overcome Punishments by doing Good, vide Protective Fate. His/her respective Organ used to beat will be handicapped in the same birth or in the Births to follow. GOD less care whether the Parents prefer it or not. The Sinful children have to repent continuously self, to parents and look after or render services to old /sick, etc. to get pardon from GOD.

To People who abuse / beat Guru /Teacher

GOD blesses All People to overcome Punishments by doing Good, vide Protective Fate. (1) Those people may suffer from Memory loss during requirement. (2) The Wish/Curse of/from the Guru may be fulfilled by GOD. Please be informed that the Writer is not referring to the present kind of Guru; most of them are yet to learn what is Guru. The whole educational systems in all countries on earth will be modified according to Vedas as from the Opening of Maya.

To Egoism

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Joker at different levels. Ego will considerably reduced/vanished from the Opening of Maya. Since the Supreme Mother of the Universe has taken complete charge of the Creation & Protection of the Supreme Universe as from the present Supreme Creation Cycle, Ego will never develop worst in Future Creation Cycles too,

To Laziness, Avoidance of Duties, etc.

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Donkeys.

To People who purposefully go slow in Duties

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Tortoise with the Human Memories often.

To Vaidyans (Doctors) who do wrong.

The word Vaidyam and Vaidyan, doctor, etc. are too great. The Doctors represent GOD in the matter of caring the Body/Health of the People, and those who do Wrongs may be Punished with Births as Dogs, and it is hidden even in the pronunciation of their Designation title "Doctor". Rebirths as Female donkeys too. All People are requested NOT to misuse the above Sentences and consider this as a Divine Order. All People know that every field of life is immersed and /or ruled in/by Wrongs. Hence very less people enjoy the Freedom to accuse others and such very less people will always be blessed to soothe the Wrong-People.

GOD blesses All People to overcome Punishments by doing Good, vide Protective Fate.

To Gurus who do wrong

GOD blesses All People to overcome Punishments by doing Good, vide Protective Fate.. Rebirths as Donkey and/or Monkey.

To Parents who do wrongs to their Children

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths with no children and/or children (early) dying.

To Husbands who does wrongs to his Wife

GOD blesses All People to overcome Punishments by doing Good, vide Protective Fate. Mostly suffer in the same Birth or next births with sick, etc.

To Wife who does wrongs to her Husband

GOD blesses All People to overcome Punishments by doing Good, vide Protective Fate. Mostly suffer in the same Birth or next births with sick, etc.

To People who pretend to good, but cheat.

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Dog, etc.

To People who lies, steals, cheats, etc.

People who practise lies for Wrongs / Sins, thief, etc. are intended here. GOD blesses All People to overcome Punishments by doing Good, vide Protective Fate. The Re-births will be mostly as Rats / Mice. The thieves as well as those who steal food, etc. by way of supplying reduced quantities, for e.g. the merchant who purposefully saves 1/2 kg rice when 5 kg etc sale made; will be allowed to continue stealing by way of availing birth as Rats (Mice). The rice-stolen mice will have to continue births until cat or snake kills it.

To People who torture others in connection with Nationality, Job Status, Color, etc.

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths in more inferior position compared to the victims. For e.g. a king/president etc. who tortured the people in another country may have to reborn there in a very inferior position and suffer the products of his/her past sinful actions, perhaps with top hatred towards the king who made the situation so worse (not knowing it was him. His past associates will also join him in rebirths.)

To People who hunts animals, etc. in forests

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as animals in forests & will be hunted by other animals.

To People who torture other Creatures

GOD blesses All People to overcome Punishments by doing Good, vide Protective Fate. Those who torture severely & continuously will get handicapped either in same birth or in rebirths.

To People who disrespect Grandparents/Ancestors

GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Crow. It will continue until born or led to the place of last human birth and receive rice from children or grand children, close friends/relatives. This situation developed in the course of time as a wrong custom during the burial of dead bodies in Hinduism, etc. TRY not to talk ILL of others. Hate the Sins, but try not to hate the People who do sins; try to correct them. When we account their past births too, perhaps they have saved more good than who accuse them today. Remember : All Creatures including the Human Beings are Children of One & the same GOD.

To People who kill / torture Cows & Oxen

The Dignity of Cow (& Ox) are too high and detailed in a separate page. GOD blesses All People to overcome Punishments by doing Good, vide Protective Fate. Rebirths as Cows & Oxen : will be killed / tortured. Remember : All Creatures including the Human Beings are Children of One & the same GOD.

To People who abuse the Supreme Science, etc.

There are/were many people working and/or acting as Little-Gods, Super-Gods, Divine-Servants, Representatives of God, Representatives of Religious-Gods, misleading Public by False/Artificial Miracles, etc. It is easy to illustrate the activities of the Evil or Wrong Persons. Everyone will find them quoting only the Words from the different Religious Books, and they actually deliver nothing new in their Speeches. Thus they become a representative of one or many religion (s). His/Her Diary Notes, if received /opened after his/her death, one will find his / her incomplete Programs marked in the Diary (for the Future) remain as proofs for his/her Imperfection / Fraud. A good many of them are even declaring often that they will reborn after death and come to save people. Their such words make it very clear that they have less or no information about the Opening of Maya as well as about the Activities of GOD.

To People who abuse BRAHMAM.

Very Severe Punishment. It is very difficult to get out of the Punishment. Hence all people are strongly requested /warned NOT to abuse BRAHMAM.

PUNISHMENTS cannot / should not be attributed to PAST BIRTHS / ACTIONS alone.

It is to be understood that the Rebirths of Human beings as Cows & Oxen alone are a general affair. The Cows and Oxen are part of Human state and in fact rank above Human beings. Because Human beings reached the stage after passing the Fish-Plant-Bird-Animal stages, as detailed in the Supreme Science of Justice / Omkara Science of Justice..

That is, if Human beings avail Rebirths as other Creatures, generally it is part of the Punishments developed by Protective Fate. In other words, the Punishing Rebirths as other Creatures develop (ed) due to Sins committed by each Creature.

GOD establishes (d) the Creational Fate, for equalizing the Differences in Birth Qualities such as Sex, Beauty, Color, Nationality, Job Taste, Hobby Taste, Health, Age, etc. The Creational Fate is thus not intended to punish anybody; but to beautify the Life and the Universe.

As was detailed about the Supreme Qualities of GOD : the Truth, Duties & Virtues, and Justice are a must for protecting life (& Universe); and when Human beings act against those Supreme Qualities; GOD, the Supreme Justice is obliged to protect the Universe which necessitate Punishments to the Wrongs as to serve Equal Justice to all Creatures. Hence GOD intervenes into human life with punishing rebirths (at times) as other Creatures too. In short, GOD does it to correct People in order that they all get the GODLY status in the matter of Pleasure. Though Human beings are supplied with enough Wisdom to recognize the Logics in the above mentioned Punishing Laws carried out by GOD silently without troubling the Freedom to all people to do /use or not to do/use anything, he would become serious on the subject only after the Opening of Maya.

The common people as well as intellectuals should also have silent/less worries over punishments. The people doing big sins only need to avail big punishments. The human parents scold and/or beat children to correct them; hence punishing is expressing love to make good.

I repeat : People need not worry over their present troubles. They need not connect it to the imaginary sins in the past births (perhaps true). Care only the present life. Live happily as much as possible in line with Truth, Duties & Virtues, and Justice. Enough. People may Believe that GOD give Equal Justice and Godly status. Modifications, if any, in the Punishments, will be duly incorporated, if GOD wills.

Punishments stated are as per Revelations with Authority.

The Authority of the Writer is detailed in the E-BOOK. Modifications will be made later, if GOD wills.

Punishments should not affect the FOOD-ENERGY LAW.

Except the Godly-Rebirth as Cow/Ox and the Evilly Rebirth as Dog, all other creatures form also as part of general evolutions. Thus GOD places human beings to recognize Sheep, cat, rat, etc. as Creatures only, not as Punished Rebirths. The Food Energy Law and the Number of different Creatures, Delivery Time, Growth, Age, etc will be re-organized as from the Opening of Maya. The Eatables and Non-Eatables will be redefined then. The intellectuals should take care NOT to misinterpret the Punishments in the form of other Creatures which would trouble the Food-Energy Law as well as create mental allergy to the common people as to acquire Punishments. For example, (1) All Cocks, hen, sheep etc. are not punished-rebirths of human beings. (2) even if it is a punished rebirth, the Cock/Hen are intended to be killed/eaten which will only make them escape to Rebirths back as human beings. The situation applies to the relatives and/or friends of the so-called intellectuals as well as to themselves ! It is advisable NOT to eat the Evilly Dog and the Dirty Pig. However, like in the matter of Cows & Oxen, people are at liberty to use or not to use, to do or not to do, etc.

Worship MAHAASHAKTHI (GOD) scientifically

There are many kinds of Customs & Practices today for the Human beings as per the Different Religions & Castes. Worshipping GOD, Weddings, Burials of Dead body, etc. are all different. Those who learn about the Glory of MahaaShakthi (GOD) & the Universe will understand that GOD does not require People to praise GOD; but live according to the Supreme Qualities of GOD : the Truth, Duties & Virtues, and Justice; the definitions & explanations of which are all scientifically explained in the Supreme Science of Justice. Those. People who confuse / exploit people by doing and/or establishing unscientific customs & regulations for worshipping GOD, etc. will receive scientific punishments. **People must qualify to worship GOD.** The details for Qualifications to worship GOD, and other matters related to to are available in this E-book.

(Unquote....)

ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ മഹാശക്തിയും മഹാനീതിയും മഹാവാത്സല്യവുമാണ് ഉള്ളതെന്ന് ഓംകാരം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യർക്കെല്ലാം അനന്തമായ ആനന്ദങ്ങളെ സമമായി ഉറപ്പാക്കുകയാണ് ഓംകാരനീതിശാസ്ത്രം അടിസ്ഥാനപരമായി ചെയ്യുന്നതെന്നു പറയുമ്പോൾ മഹാവാത്സല്യമാണ് തെളിഞ്ഞു നിൽക്കുന്നത്. മഹാനീതിയുടെ ഭാഗമായിട്ട് കുഞ്ഞുങ്ങളെ ശിക്ഷിക്കുമ്പോഴും മഹാവാത്സല്യം പ്രകടമാണ്.

മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതികശാസ്ത്രത്തെയും ധർമ്മശാസ്ത്രത്തെയും ആത്മീയശാസ്ത്രത്തെയും ഒരേപോലെ ബഹുമതിക്കുന്ന 2 ഉദാഹരണങ്ങൾ പറയാം :-

(1.1) ബസ്, കാർ, ബൈക്ക്, ട്രെയിൻ തുടങ്ങിയ വാഹന അപകടങ്ങളിൽ പെട്ടും മറ്റും കൈയ്യ്, കാല് തുടങ്ങിയ അവയവങ്ങളെ നഷ്ടപ്പെടുന്നതിനെപ്പറ്റി അറിയാമല്ലോ. അപകടത്തിൽ പെട്ട് ഒരാളുടെ ഒരു കൈയ്യ് നഷ്ടപ്പെടുമ്പോഴും ജനനത്തോടെ പോളിയോ ബാധിച്ചോ മറ്റോ ഒരു കൈയ്യ് തളരുന്നതായി കണക്കാക്കുമ്പോഴും, ഭൗതികശാസ്ത്രപരമായി സംഭവിച്ച ഒരവസ്ഥയാണ്.

(1.2) സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ മഹാദേവി, മനുഷ്യന് 100 ജന്മങ്ങളെ മഹാനിശ്ചയിച്ചിട്ടുള്ളതിൽ ഒരു ജന്മത്തിൽ ജനനത്തോടെയോ പിന്നീടോ വികലാംഗത്വം ഉണ്ടാകുന്നതാണ്. ദൈവം നൽകിയ ശരീരത്തിന്റെയും ഓരോ ശരീര-അവയവങ്ങളുടെയും ഔന്നത്യം മനുഷ്യർ മനസ്സിലാക്കുവാനും, തന്റെയും മറ്റുള്ളവരുടെയും ശരീരത്തോട് അക്രമമോ ബഹുമാനമില്ലായ്മയോ കാട്ടാതിരിക്കാനും, ദൈവീക നീതിയെയും മഹാവാത്സല്യത്തെയും മഹത്വത്തെയും ശ്രദ്ധിക്കാനുള്ള വലിയ പദ്ധതി കൂടിയാണത്.

(1.3) മുജ്ജന്മത്തിൽ പോലീസായിരിക്കെ ഒരാളുടെ കൈയ്യ് തല്ലിയൊടിച്ചതിന് ആത്മീയ ശാസ്ത്രപരമായി അഥവാ മഹാനീതിശാസ്ത്രപരമായി ദൈവം കൊടുത്ത ശിക്ഷയായി കണക്കാക്കുമ്പോൾ, നീതിശാസ്ത്രപരമായി സംഭവിച്ച ഒരവസ്ഥയാണ്. ദൈവശിക്ഷയുടെ ഭാഗമായിട്ട് ഒന്നിലധികം ജന്മങ്ങളിൽ വികലാംഗത്വം ഉണ്ടാകുന്നതാണ്, ശിക്ഷയുടെ അളവനുസരിച്ച് 5 വരെയാകാം. കൊടുംപാപം ചെയ്തവർക്ക് ജന്തുശിക്ഷകൂടി ഉൾപ്പെടുത്തുന്നതാണ്. മനുഷ്യർ കാല് തല്ലിയൊടിച്ച പട്ടി മുജ്ജന്മത്തിലെ അതിക്രൂരനായ ഗുണ്ടയോ പോലീസോ ആകാം !

ജനനത്തോടെയോ, അപകടത്തിൽ പെട്ടോ, ഒരാളുടെ കൈയ്യ് / അവയവം നഷ്ടപ്പെടുമ്പോൾ, മേല്പടി (1.1) പ്രകാരം, ഭൗതികശാസ്ത്രപരമായ ഒരവസ്ഥയാണ് ; (1.2) പ്രകാരം, 100 ജന്മങ്ങളിൽ എല്ലാവർക്കും ബാധകമായ വികലാംഗത്വ ജന്മം ആവാം ; (1.3) പ്രകാരം, ദൈവീക മഹാനീതി നടത്തിപ്പിന്റെ ഭാഗമായുള്ള ശിക്ഷയാവാം.

എന്നാൽ ദൈവശിക്ഷയുടെ ഭാഗമാണെന്ന് ദൈവം അറിയിക്കാതെയോ, മുജ്ജന്മ-ഓർമ്മകളെ നൽകാതെയോ, യാതൊരാളും അറിയുന്നില്ല എന്നതുകൊണ്ട് ശിക്ഷയുടെ ഭാഗമായി അധിക-വികലാംഗ ജന്മങ്ങളെ അനുഭവിക്കുന്നവർ സമൂഹത്തിൽ അപഹസിക്കപ്പെടാതെ ദൈവം സംരക്ഷിക്കുന്നു. അപഹസിക്കപ്പെടുന്നില്ല എന്നതിനെ മാറ്റി നിർത്തിയാൽ **മഹാനീതിശാസ്ത്രം പ്രകാരം ദൈവം നൽകുന്ന ശിക്ഷയിലൂടെ ലഭിക്കുന്ന ശാരീരിക വേദനകളും മാനസിക വേദനകളും ഏതൊരാളും സഹിക്കുക തന്നെ വേണം.**

അതായത് ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്. സമൂഹത്തിൽ ബഹുവിധ തെറ്റുകളും കുറ്റങ്ങളും ചെയ്യുന്നവരെ തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷിക്കേണ്ടേ ? സമൂഹത്തിന്റെ ധർമ്മശാസ്ത്രപരമായ പൊതുആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കേണ്ടവരായ - ജനങ്ങളുടെ ദാസന്മാരായ - ഭരണാധികാരികൾ മദ്യ നിർമ്മാണം, മദ്യ വ്യാപാരം തുടങ്ങിയ അധമകാര്യങ്ങളെ നടത്തുന്നതു നിമിത്തം അനേകം കുടുംബങ്ങളിലെ ജീവിതം അലങ്കോലമായിരിക്കുന്നതിന് ഭരണാധികാരികളെയും ജഡ്ജിമാരെയും ഒക്കെ ശിക്ഷിക്കേണ്ടേ ?

മദ്യപാനിയായ മകന്റെയോ, അച്ഛന്റെയോ ഉപദ്രവങ്ങൾ അതികഠിനങ്ങളാകുമ്പോൾ, മറ്റു കുടുംബാംഗങ്ങൾ ഒറ്റയ്ക്കോ കൂട്ടുചേർന്നോ മദ്യപാനിയും ഉപദ്രവകാരിയും തങ്ങളുടെ പ്രിയപ്പെട്ടവനായിരുന്ന കുടുംബാംഗത്തെ നഷ്ടപ്പെടാനും കൊലപ്പെടുത്താനും തയ്യാറാകുന്ന സംഭവങ്ങൾ വളരെയുണ്ട്. തങ്ങളുടെ പ്രിയപ്പെട്ടവനായിരുന്ന കുടുംബാംഗത്തെ കടുത്ത മനോവിഷമങ്ങളോടെ വധിക്കുന്നതിനു കാരണക്കാരായ യഥാർത്ഥ പ്രതികൾ പോലീസുകാരും ഭരണാധികാരികളും ജഡ്ജിമാരും മദ്യവ്യാപാരികളും, മദ്യനിർമ്മാതാക്കളും ഒക്കെ ആണെന്നിരിക്കെ, അവർക്കെല്ലാം കടുത്ത ശിക്ഷ കൊടുക്കേണ്ടതിനു പകരം കടുത്ത മനോവിഷമങ്ങളെ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ വിചാരണചെയ്തും ജയിലിലടച്ചും കൊടുംഭീകരത്വം കാട്ടുന്ന ഭരണാധികാരികളെയും ജഡ്ജിമാരെയും ഒക്കെ കടുത്ത രീതികളിൽ ദൈവം ശിക്ഷിക്കേണ്ടേ ? ഓംകാരനീതിശാസ്ത്രം അതിനു കൂടിയുള്ളതാണ്.

മഹാശക്തിയായ മഹാദേവി, മഹാശക്തി, മഹാജ്ഞാനം, മഹാനീതി, മഹാവാത്സല്യം എന്നിവ കൊണ്ട് മഹാഭദ്രമാക്കിയിട്ടുള്ളതാണ് മഹാഹൃദയമായ ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഓംകാരനീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീര-കോശങ്ങളിലും മഹാസ്ഥാപിച്ചിട്ടുള്ള മഹാനീതിശാസ്ത്ര-നിയമങ്ങൾ പ്രകാരം, പ്രത്യക്ഷമല്ലാതെ എന്നോണവും സ്വാഭാവികമെന്നോണവും ജീവികൾ ശിക്ഷിക്കപ്പെടുന്നു.

ദൈവം 'മായ' പ്രത്യക്ഷമാക്കുമ്പോൾ, ശക്തിശാസ്ത്രവും ബാധകമാകുന്നതാണ്. മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് മഹാശക്തിയായ മഹാദേവി 70% മാത്രം ശക്തികളെ സ്വയം സ്വീകരിച്ചുകൊണ്ട് തന്റെ മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവന് 30% ശക്തികളെ മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാസംവിധാനമാണ് ശക്തി-വിതരണ ശാസ്ത്രം അഥവാ ശക്തിശാസ്ത്രം. മഹാ-അനുഗ്രഹത്തോടെ മറ്റൊരിക്കൽ വിസ്തരിക്കാം. കുഞ്ഞുങ്ങളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ മഹാമാതാവായ മഹാദേവി, പരമശിവനെക്കൊണ്ടു മാത്രം ശിക്ഷിക്കുകയും, സ്വയം മഹാവാത്സല്യം മാത്രമായി മഹാവർത്തിക്കുന്നതുമാണ്.

ഓംകാര നീതിശാസ്ത്രത്തിന്റെ മഹാ-ഭീമത്വം സാധാരണജനങ്ങളെ സന്തോഷിപ്പിക്കുക തന്നെയാണ് ചെയ്യുക. വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവർ, തീർച്ചയായും കടുത്ത ശിക്ഷകളെ ഏറ്റുവാങ്ങേണ്ടതുമുണ്ട്.

മഹാശക്തിയും മഹാനീതിയുമായ ഏകദൈവത്തിന് യാതൊരു സഹായികളുടെയും ആവശ്യമില്ല, സ്രഷ്ടാവിന്റെയും മനുഷ്യരുടെയും ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യമില്ല; ദൈവം സൃഷ്ടികളിൽ നിന്നും മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല; നിയമിക്കുകയുമില്ല. മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് പ്രവാചക സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

കുഞ്ഞുങ്ങളുടെ അജ്ഞാനം കൊണ്ടും ദുസ്വാർത്ഥം കൊണ്ടും ആണെങ്കിൽ പോലും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ തന്നെ ഭയക്കുന്നത് കർത്താവായ ദൈവം ഒട്ടും ഇഷ്ടപ്പെടുന്നില്ല. 1000 കോടി വർഷങ്ങളടങ്ങിയ ആദ്യ മഹാകാലചക്രത്തിൽ കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയായി കഴിയുകയും, മഹാപ്രപഞ്ചത്തിന്റെ ഭരണത്തെ മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നുമൊക്കെ വ്യത്യസ്ത മതങ്ങൾ പ്രകാരം അറിയപ്പെടുന്നവരെ ഏല്പിച്ചുകൊടുത്തത് തന്റെ കുഞ്ഞുങ്ങളെ മഹാശക്തി കൊണ്ടല്ലാതെ മഹാവാത്സല്യം കൊണ്ടു മാത്രം ജയിക്കാനും, മഹാവാത്സല്യമാണ് താനെന്ന് എല്ലാ അർത്ഥത്തിലും ബോദ്ധ്യമാക്കാനുമാണ്.

മഹാനീതിയായ ദൈവം, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായി മാത്രം അവതരിക്കുന്നതും' സമസ്ത ജീവികളുമായ തന്റെ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തു നിർത്താനാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

ഭൂമിയിൽ മുഴുവൻ സംഹാര കാഹളം കൂടിയായ ഓം തുടർച്ചയായി 3 മുതൽ 33 വർഷം മുഴക്കിയുള്ള ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, അസംബന്ധങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരാക്രമങ്ങളും അവസാനിക്കുന്നതാണ്.

സൃഷ്ടികൾക്കെല്ലാം ബാധകമായ മഹാപുനർജ്ജന്മ സിദ്ധാന്തം,

സൃഷ്ടികളായ ദേവതകൾക്കും ബാധകമാണ്; അവരെല്ലാം മനുഷ്യരായി ഭൂമിയിൽ ജീവിക്കുന്നുമുണ്ട്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

പുനർജ്ജനിച്ചു ജീവിക്കുന്ന ഏതാനും പഴയ കാല ദേവതകളുടെയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ചില പ്രമുഖരുടെയും കാര്യങ്ങളെ അല്പം കുറിക്കുന്നു :-

ഇതെഴുതുന്ന 2018 നവംബർ 24-ന് അതിരാവിലെ, ഭൂമിയിൽ ഉള്ളതായ (ദൈവം ഉൾപ്പെടെ) ഏതാനും മനുഷ്യരുടെ ജന്മ വിശേഷങ്ങൾ കുറിക്കുന്നു. ഉടൻ മായ / ദൈവം പ്രത്യക്ഷമാകുന്നതോടെ ഏതാനും മനുഷ്യർക്ക് മുജ്ജന്മ ഓർമ്മകളെ ലഭിക്കുന്നതാണ്.

ജനസേവകരായ അടിമകളെ ഭരണാധികാരികളെന്നു തെറ്റിദ്ധരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നത് വ്യക്തികളുടെ സ്വകാര്യമാണ്. അടിമകളുടെ മുജ്ജന്മങ്ങളെപ്പറ്റി യാതൊന്നും അറിയാതെ കാട്ടുന്ന കോനാംപീച്ചകൾ അവസാനിക്കാൻ പ്രധാന മന്ത്രിയുടെയും മറ്റും ഒരു പൈശാചിക മുജ്ജന്മത്തെ തെളിയിച്ചാലോ, 'ദൈവം അറിയിച്ചാലോ', പാപികളെ ക്കൊണ്ടു തന്നെ ചെയ്യിച്ചാലോ മതിയാകും; അതിന് സാദ്ധ്യത കൂടുതലാണ്.

'മഹാശക്തിയായ മഹാദേവിയും, ~ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവനും'

ഏക ദൈവം

ആണെന്നും, യഥാർത്ഥത്തിൽ ജീവികളോ സ്ത്രീകളോ പുരുഷന്മാരോ അല്ലാത്ത അവരെ പണ്യങ്ങളും പാപങ്ങളും ബാധിക്കുന്നതല്ല എന്നും, ജീവികളുടെ ആനന്ദങ്ങൾക്കെല്ലാം അതീതമായ അവർ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ആനന്ദത്തെ കരുതി മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ദൈവീക-ആനന്ദങ്ങളെ സ്വീകരിച്ചിരിക്കുകയാണ് എന്നും തിരിച്ചറിയണം.

'സത്യധർമ്മനീതികളായ ധർമ്മ ശാസ്ത്രത്തെ' സ്വന്തം ഭാവമായി നിശ്ചയിച്ചു കൊണ്ടാണ് മണ്ണടി മഹാഭദ്രകാളിയായ മഹാദേവി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ എല്ലായ്പ്പോഴും മഹാഭദ്രമാക്കിയിട്ടുള്ളത്. മാനുഷിക അവതാരത്തിലെ പിഴവുകൾ എന്ന് തോന്നിക്കുന്നവ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള മഹാവിളയാടലുകളും, കുഞ്ഞുങ്ങൾ നേടിയ വരങ്ങളെയും കരാറുകളെയും കുഞ്ഞുങ്ങളുടെ ആഗ്രഹങ്ങളെയും മറ്റും പൂർത്തിയാക്കലുമാണ്.

അനേകം ഗജപാതിമാർ (ഗണപതി) കേരളത്തിൽ തന്നെ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ഹിന്ദു മതത്തിൽ പെട്ട് ജീവിക്കുന്ന, ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠപുരുഷനും കൂടിയായ പ്രഥമ ഗജപാതിയുടെ മകളായിട്ടാണ് മഹാശക്തിയായ മഹാദേവി അവതരിച്ചിട്ടുള്ളത്. മുഖ്യ-മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവനായ ഗ്രന്ഥകാരനെ നേരത്തെ അയച്ചു; ജന്മം കൊണ്ട് ലഭിച്ച മതത്തെ 1991 -ൽ പരസ്യമായി കളയിച്ച്, മഹാശാസ്ത്രപരമായി പ്രവർത്തിപ്പിക്കുന്നു. ഗൗതമ ബുദ്ധൻ, ചാണക്യൻ, ക്രൈസ്റ്റ്, കാളിദാസൻ, ഷേക്സ്പിയർ, ഗാന്ധിജി.... എന്നിവരായി അയച്ചത് പശുപതിയായ പരമശിവനെയാണ് എന്ന് മഹാദേവി അറിയിച്ചിട്ടുണ്ട്. രാഷ്ട്രപിതാവ് എന്ന് സൃഷ്ടിയായ മനുഷ്യനെ പറയുന്നതിൽ അപാകതയുണ്ടെങ്കിലും പ്രപഞ്ചപിതാവായ പരമശിവന്റെ അവതാരമാകയാൽ ഗാന്ധിജിയുടെ കാര്യത്തിൽ തടസ്സം ഒഴിവാകുന്നു.

പരമശിവനെ മാനുഷിക അവതാരങ്ങളായി അയച്ചതിൽ ബുദ്ധൻ, ക്രൈസ്റ്റ്, ഗാന്ധിജി, ഗ്രന്ഥകാരൻ ... എന്നിവരിൽ ഏറെക്കുറെ സമാനമായി സത്യം, ധർമ്മം, അഹിംസ, തുടങ്ങിയ ഗുണങ്ങൾ കാണാം. ദൈവീകമായി മാത്രം സിദ്ധിക്കുന്ന വിഷയ ഗവേഷണങ്ങളും, ധർമ്മ ശാസ്ത്ര കണ്ടെത്തലുകളും, അവയെ കർശനമായി പാലിച്ചുള്ള പ്രവർത്തനങ്ങളും അവരെ ഒന്നായി ദർശിപ്പിക്കുന്നുണ്ട്. വിശ്വമാനവികത, കാരുണ്യം, സ്നേഹം, ദാസ്യം, വാത്സല്യം തുടങ്ങിയവ എല്ലാവരിലും ജ്വലിക്കുന്നുണ്ട്. മഹാദേവി നേരിട്ട് അറിയിച്ചവ ഉൾപ്പെടെയുള്ള ഈയുള്ളവന്റെ ചരിത്രം മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

ആദ്യ മഹാകാലചക്രത്തിൽ കടുത്ത പിഴവുകൾക്ക് ശിക്ഷിക്കപ്പെട്ട 'ഈശ്വരൻ, ശിവൻ എന്നെല്ലാം പേരുകളുള്ള പ്രധാന ദേവത', പുനർജ്ജനച്ച് ആദിശങ്കരൻ, വിവേകാനന്ദൻ തുടങ്ങിയ ഉന്നത ജന്മങ്ങൾ കടന്ന് ഇപ്പോൾ ഒരു ഇസ്ലാമിക കുടുംബത്തിൽ ജനിച്ച്, ഹൈന്ദവത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തി ജീവിക്കുന്നുണ്ട്. ആദിശങ്കരൻ ആയിരിക്കെ ബ്രഹ്മ പാഠങ്ങളെ ഭാഗികമായി ലഭിച്ചപ്പോൾ, വിഭ്രാന്തിയും ആവേശവും കൊണ്ട് 'ജഗത്തിനെ മിഥ്യയായി' ഉദ്ഘോഷിച്ചതും, വിവേകാനന്ദൻ ആയിരിക്കെയും തിരുത്താൻ കഴിയാഞ്ഞതും കടുത്ത അപരാധം ആയി. അദ്ദേഹത്തിന്റെ ഭാഗമായ ഭാര്യ 'അന്നപൂർണ്ണേശ്വരിയായ പാർവ്വതിയും' പുനർജ്ജനിച്ചിട്ടുണ്ട്.

ചില സൃഷ്ടികളുടെ സ്ഥാനങ്ങളിൽ ഉണ്ടായ മാറ്റത്തെ 14.03.2019-ന് രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 800 കോടി മനുഷ്യരെ, ഏറ്റവും വലിയ നീചനെ ഏറ്റവും മുന്നിൽ 1, രണ്ടാമത്തെ നീചനെ 2, മൂന്നാമത്തെ നീചനെ 3 എന്ന ക്രമത്തിൽ ഒരു വരിയിൽ നിർത്തിയാൽ, No. 9 എന്ന ഒമ്പതാമത്തെ ഏറ്റവും വലിയ നീചനായിരുന്നു; എന്നാൽ നീചന്മാരുടെ പട്ടികയിൽ നിന്നും സ്ഥിതി പരമായ വിധി പ്രകാരം അദ്ദേഹത്തിന് മോചനം ഉണ്ടായിട്ടുണ്ട്; വിശദീകരണം ലഭ്യമായിട്ടില്ല.

ആദ്യത്തെ 15 നീചർക്ക് ഒന്നോ അതിലധികമോ ജന്മങ്ങളിൽ പെരുമാളട്ട തുടങ്ങിയ നികൃഷ്ടമായ ജന്മങ്ങളെ ശിക്ഷയായി സ്വീകരിക്കേണ്ടി വരും ! അതികഠിനമായ സദ് പ്രവൃത്തികളിലൂടെ, സ്ഥിതി പരമായ വിധി പ്രകാരം ഏതൊരു കൊടിയ പാപിക്കും ശിക്ഷകളിൽ നിന്നും ഇളവ് നേടാൻ കഴിയും ! ഭൂമിയും മഹാനീതിയും മഹാമാതാവും മഹാവാത്സല്ല്യവുമായ മഹാദേവി, ഈ കുറിപ്പിൽ അതും ലക്ഷ്യമാക്കിയിട്ടുണ്ട്.

ഭൂമിയിലെ ഏറ്റവും കൊടിയ പിശാചായി അധഃപതിച്ച 'നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട നാരായണൻ എന്ന ദേവത' അനേകം ജന്മങ്ങൾ കൊണ്ട് വളരെയധികം പുണ്യം നേടിയിട്ടുണ്ട്. മഹാദേവി, മഹാദേവൻ എന്നിവരെ തിരിച്ചറിയാനും അനേകം തവണ ദർശിക്കാനുള്ള മഹാഭാഗ്യത്തെ, കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് ഹൈന്ദവത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തുകയും ഇപ്പോൾ ശാസ്ത്ര പരമായി ജീവിക്കുകയും ചെയ്യുന്ന നാരായണന് ലഭിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ ശിക്ഷിക്കപ്പെട്ട അനേകായിരം പൈശാചിക ശക്തികളെ നേരിൽ കാണാനും ചിലരുമായി സംഭാഷണം നടത്താനും അടുത്ത് ഇടപഴകാനും പുനർജ്ജനിച്ച നാരായണന് ഈ ജന്മത്ത് കഴിഞ്ഞിട്ടുണ്ട്.

അയാൾ ഏറ്റവും വലിയ നീചൻ No. 1.

അടുത്ത കാലത്ത് No. 9, 8, 3 എന്നിങ്ങനെ ക്രമേണ അധഃപതിച്ച അയാൾക്ക് കടുത്ത ശിക്ഷകളെ തുടർന്നു വരുന്ന ഏറെക്കുറെ എല്ലാ ജന്മങ്ങളിലും സ്വീകരിച്ചാൽ മാത്രം, ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ആദ്യം മോക്ഷം നേടാൻ കഴിഞ്ഞേക്കും ! ഓംകാര നീതിശാസ്ത്രത്തിന് ഭംഗം വരാതെ, മഹാദേവി, ക്രൈസ്റ്റായി അയച്ച പരമശിവനിലൂടെ നാരായണന്റെ കൊടിയ വിഷ-ക്കരാറിനെ അനുവദിച്ചതിന്റെ ഭാഗമാണത്. പരമശിവൻ നേരിട്ട എല്ലാ പിഴവുകൾക്കും വേദനകൾക്കും മുഖ്യഅപരാധി നാരായണനാണ്.

മുൻ സൃഷ്ടിചക്രങ്ങളിൽ വൻപിഴവുകൾ ചെയ്ത മുരുകൻ @ സുബ്രഹ്മണ്യൻ എന്ന ദേവത ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അശോക ചക്രവർത്തി, ഐസക് ന്യൂട്ടൺ, സുഭാഷ് ചന്ദ്രബോസ്, ഗ്രന്ഥകാരന്റെ മകൻ, എന്നീ ശ്രേഷ്ഠ ജന്മങ്ങളിലും പിഴച്ചു. മാതാപിതാക്കളോട് കൊടിയ പാപങ്ങൾ കാട്ടിയും മറ്റും **ഏറ്റവും വലിയ നീചൻ** No. 3 അവസ്ഥയിലായിരുന്നു. എന്നാൽ 2019 മാർച്ച് മാസത്തിലെ രണ്ടാമത്തെ ആഴ്ച്ചയിൽ മാതാപിതാക്കളോടുള്ള സമീപനത്തിൽ പുരോഗതി ഉണ്ടായപ്പോൾ, ശ്രേഷ്ഠന്മാരുടെ പട്ടികയിൽ സ്ഥാനംനേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ത്യയിലെ ഏറ്റവും വലിയ അടിമയായി, രാജാവ് (= പ്രധാന മന്ത്രി) ആയിട്ട് 130 കോടിയിലധികം ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും നന്മ ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള ഒരു അവസരത്തെ മഹാദേവി അദ്ദേഹത്തിനു നൽകുന്നതാണ് എന്ന മുൻ പദ്ധതി സ്ഥിതി പരമായ വിധി പ്രകാരം അദ്ദേഹത്തിന് ആവശ്യം ഇല്ല. ഘോരമായ പാപങ്ങളെ ചെയ്തിട്ടുള്ള നീചർക്ക് വേണ്ടി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളെ മാറ്റിമറിക്കേണ്ടതില്ല.

മുൻ No. 3 **മോന് വാട്സാപ്പ് മുഖേന** 2018 ഒക്ടോബർ 21ന് അയച്ച കത്തിലെ ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു. ബഹുവിധ കടങ്ങളും, രോഗങ്ങളും, വീട്ടു ചിലവിന് കാശില്ലാത്തതു കൊണ്ടുള്ള കഷ്ടപ്പാടുകളും, .. ദൈവ കാര്യങ്ങളും കൊണ്ട്, തൽക്കാലം മോൻ ആഗ്രഹിക്കുന്ന രീതിയിൽ മോനോട് സംസാരിക്കാനുള്ള ഒരു മാനസിക അവസ്ഥയിൽ അല്ല ഞാൻ. .. വിശേഷങ്ങൾ ചോദിക്കുന്ന മോനോട് എന്റെ വിഷമങ്ങൾ ആയിരിക്കുന്ന വിശേഷങ്ങൾ പറയാനും പറയാതിരിക്കാനും വയ്യാത്ത അവസ്ഥയിലും ആണ്.. ഒരു ശതമാനം പോലും ശരിയല്ലാത്ത വർത്തമാനം എന്ന് ഞാൻ കരുതുമ്പോൾ, മോന്റെ അറിവിനും ഇഷ്ടങ്ങൾക്കും അനുസരിച്ച് മോൻ പറഞ്ഞത് ശരിയാണ്. .. സംഭാഷണം വേണ്ട. ..വാട്സാപ്പ് മുഖേന ഫോട്ടോ, പാട്ട്, അവിടത്തെ വിശേഷങ്ങൾ, തുടങ്ങിയവ സാധിക്കുമെങ്കിൽ അയച്ചു തരിക.. **മോന്റെ പണം മേലിൽ സ്വീകരിക്കാൻ തൽക്കാലം എനിക്ക് ആവില്ല.** എന്റെ ഇപ്പോഴത്തെ സാമ്പത്തിക ദാരിദ്ര്യം എന്നെ കണ്ടമാനം കുഴയ്ക്കുമ്പോഴും, **ദൈവത്തെ മാത്രം ആശ്രയിക്കുകയും, വ്യക്തികളെ ആശ്രയിക്കാത്തതുമായ രീതിയെ തുടരാനും മുറുകെ പിടിക്കാനും ദൈവികമായി ഞാൻ ബാദ്ധ്യസ്ഥനാണ്. ഈയുള്ളവനിലൂടെ ദൈവം വെളിപ്പെടുത്തുന്ന ദൈവ കാര്യങ്ങളെ ഉൾക്കൊണ്ട് ജീവിക്കാനുള്ള സ്വയം ബാദ്ധ്യതയാണ് മോന്റെ കാര്യത്തിൽ എനിക്ക് വിഷയമായിട്ടുള്ളത്.** എങ്ങനെയെന്നാൽ, Supreme Justice GOD എന്ന ഒരു ഇ-മഹാഗ്രന്ഥം കഴിഞ്ഞ ആഴ്ച പ്രസിദ്ധീകരിച്ചത് അറിയാമല്ലോ. .. **മോനുമായും മറ്റും ബന്ധപ്പെട്ട വിഷയത്തിലേക്കു വരാം.** ഗ്രന്ഥത്തിൽ ഏതാനും ആൾക്കാരുടെ മുജ്ജന്മങ്ങളെ അറിയിച്ചത് കൂടാതെ, ഭൂമിയിലെ ഏറ്റവും നീചരായ രണ്ടു പേരെ പരാമർശിച്ചിരുന്നു. ഭൂമിയിലെ ഏറ്റവും നീചരായ 15 പേരുടെ ലിസ്റ്റ് വെളിപാടായി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. എനിക്ക് ഭ്രാന്താണെന്നും മറ്റും മോൻ ഉൾപ്പെടെയുള്ള അനേകർ പറയുമെങ്കിലും, വെളിപാടുകളെ പ്രസിദ്ധീകരിക്കാൻ **ദേവി** ആവശ്യപ്പെടുകയാണെങ്കിൽ ചെയ്യാതെ വയ്യ. ഭൂമിയിലെ ഏറ്റവും നീചരായ 15 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടി വന്നാൽ, .. മൂന്നാമത്തേത് ... ഉൾപ്പെടെ ഈയുള്ളവന്റെ അടുത്ത ബന്ധുക്കളുടെയും മറ്റും പേരുകളാണ്. മോനും .. ഒക്കെ എനിക്ക് കൂടുതൽ പണം അയച്ചു തരാത്തതു കൊണ്ടുള്ള വകതിരിവില്ലായ്മ എന്ന് ഈയുള്ളവനെ ആക്ഷേപിക്കാൻ കഴിയും. മുമ്പ് മോൻ അയച്ചു തന്ന പണം കൊണ്ട് വളരെയധികം കാര്യങ്ങളെ സാധിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. **എന്റെ സാമ്പത്തിക ദാരിദ്ര്യത്തിന്റെ പേരിൽ മോൻ ഉൾപ്പെടെ ആരോടും എനിക്ക് പരാതിയുമില്ല.** മോനും മറ്റും മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് മോനും മറ്റും ദൈവവുമായി പരിഹരിക്കേണ്ട വിഷയമാണ്. എന്റെ വിഷയം അല്ല. തദവസരത്തിലെ അറിവിനും ശക്തിക്കും അനുസരിച്ച് ധർമ്മം ചെയ്യുകയാണ് വ്യക്തി വേണ്ടത്. പണ്ട് പണം അയച്ചതിന്റെ പേരിൽ മോൻ മാതാപിതാക്കളെ കൊല്ലാക്കൊല ചെയ്തിട്ടുണ്ടെങ്കിലും, മോനെ വളർത്തിയതിന് ഞാൻ സാമ്പത്തിക കണക്കും അവകാശങ്ങളും പറഞ്ഞിട്ടില്ല. ഒന്നും ചെയ്തിട്ടില്ല എന്ന് മോൻ വാദങ്ങൾ നിരത്തിയാൽ തർക്കിക്കാനും ഇല്ല. ജയിൽ, **ദൈവ ശാസ്ത്രം, ..** ഭാര്യയും മക്കളും സഹോദരങ്ങളും ഉൾപ്പെടെ ഉറ്റവരുടെ കാര്യങ്ങൾ എന്നിങ്ങനെയെല്ലാം എനിക്ക് ഉണ്ടായിരുന്നതു പോലെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ മോനെ അലട്ടിയിട്ടില്ല. ചെറിയ ലോകത്തിൽ ഒതുങ്ങി സ്വന്തം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും ആനന്ദിക്കാനും ശ്രദ്ധിച്ചവരാണ് നിങ്ങൾ. **എന്റെ ആനന്ദം അന്നും ഇന്നും ചുറ്റുമുള്ളവരുടെ സന്തോഷവും ദൈവ കാര്യങ്ങളും ആയിരുന്നു.** പിന്നെ, കുഞ്ഞുങ്ങളെ പോറ്റാനും വളർത്താനും സാമ്പത്തിക ചിലവുകളും അദ്ധ്വാനവും ശ്രദ്ധയും ഒക്കെ വേണം എന്ന് മോൻ ഇന്ന് അനുഭവിച്ച് അറിയുന്നുണ്ട് എങ്കിൽ, ..കാര്യത്തിൽ അമ്മായും ഞാനും അവസ്ഥകൾക്ക് അനുസൃതമായ കടമ ചെയ്തിട്ടുണ്ട്... **ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മോനെയും ഏതൊരാളെയും ധാർമ്മികമായി ഉയർത്താൻ പ്രവർത്തിക്കുന്നു എന്നല്ലാതെ ആരുടെയും കുറ്റങ്ങളെ എണ്ണുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് എന്റെ ഉദ്ദേശമല്ല. എന്നിരിക്കിലും,** **മോന്റെ പേര് പരാമർശിച്ചുകൊണ്ട് മോന്റെ പണം ഞാൻ വാങ്ങിക്കൂടാ.** **ഓം** എന്ന അക്ഷരബ്രഹ്മത്തിലെ 3 ന് **ജീവിതത്തിലുടനീളമുള്ള പ്രാധാന്യം വച്ച് ലിസ്റ്റിലെ ആദ്യത്തെ 3 പേരോട് തൽക്കാലികമായി കൂടുതൽ കർശനമാകാൻ ഈയുള്ളവന് ദൈവിക ബാദ്ധ്യതയുണ്ട്.** **കൂടുതൽ സാമ്പത്തിക ഞെരുക്കം എങ്ങനെ താങ്ങുമെന്ന് ചോദിച്ചാൽ എനിക്ക് അറിഞ്ഞുകൂടാ...** **ദേവി ശരണം...** മോന്റെ കാറിന്റെ വില്പന കാര്യത്തിൽ, പിതാവ് ജീവിക്കുന്നതും മരിക്കുന്നതും വിഷയമല്ല, മോന് മോന്റെ കാറാണ് പ്രധാനമെന്ന് മുമ്പ് സുവ്യക്തമാക്കിയതാണ്. മോന്റെയും ആരുടെയും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽ ഞാൻ ഇടപെടില്ല. ഭാര്യ, മകൾ എന്നിവരുടെ കാര്യത്തിൽ മോന് പ്രസ്തുത സമീപനം ഉണ്ടാകാതിരിക്കട്ടെ എന്ന് അന്ന് ഞാൻ ആശംസിച്ചിരുന്നു. ബാക്കി വസ്തു വിൽക്കുമ്പോൾ മോനോടുള്ള സാമ്പത്തിക കണക്കുകൾ തീർക്കാം, **ദൈവേച്ഛ പോലെ.** **മോന്റെയും ഉറ്റവരുടെയും ചില കാര്യങ്ങളെ ദൈവ ശാസ്ത്ര ഗ്രന്ഥങ്ങളിൽ പരാമർശിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുകയാണ്. വിശദീകരണം ഉണ്ടാവില്ല എന്നാണ് അറിയുന്നത്... ആവർത്തിക്കുന്നു. ആരെയും ആക്ഷേപിക്കാൻ ഞാൻ ഒട്ടും ആഗ്രഹിച്ചിട്ടില്ല. എന്റെ മേലുള്ള ദൈവിക ബന്ധനങ്ങളെ കുഞ്ഞുങ്ങൾക്ക് മനസ്സിലാകണമെങ്കിൽ, ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളെയും സന്ദേശങ്ങളെയും യഥോചിതം പഠിക്കാനുള്ള ഭാഗ്യം ലഭിക്കണം.** ലഭിക്കട്ടെ ! ...മോനും, .. (മരു)മോൾക്കും, കുഞ്ഞിനും പൊന്നുമക്കൾ. ദൈവികമായ സ്നേഹ വാത്സല്യങ്ങളോടെ, ബാദ്ധ്യ പരമശിവൻ. 2018 ഒക്ടോബർ 21.. Ref. (1) **മഹാവേദം** .. (2) **നീതി വിധിക്കാൻ മനുഷ്യനു കഴിയില്ല.** www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf ഈ ഗ്രന്ഥത്തിന്റെഭാഗമായി സന്ദേശത്തിൽ പുതിയതായി ചേർത്തവ : (1) മുൻ സൃഷ്ടിചക്രത്തിലെ ഒരു ദേവതക്ക് മോന്റേതു പോലെ സമാനമായ പ്രശ്നം ഉണ്ടായിട്ടുണ്ട്. ഇസ്ലാമിലെ ബലി പെരുന്നാളും ഇബ്രാഹിം നബിയുടെ ചരിത്രവും അതാണ്. (2) മുരുകൻ, അശോകൻ, ന്യൂട്ടൺ, ബോസ്, തുടങ്ങിയ ജന്മങ്ങളെ അല്പം വിശകലനം ചെയ്താൽ, പ്രതിപ്രവർത്തന സ്വഭാവം ഉറച്ചപോലെ കാണാം ! .. (3) **മകനോടും, ഭൂമിയിലും പ്രപഞ്ചത്തിലുമുള്ള എല്ലാ കുഞ്ഞുങ്ങളോടും സ്നേഹ വാത്സല്യങ്ങൾ കൂടുതൽ ഉള്ളതുകൊണ്ടാണ് തെറ്റുകളെ പരസ്യമാക്കുന്നത്.** 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' പാഠമാകട്ടെ. കുഞ്ഞുങ്ങൾക്ക് തെറ്റുകളും കുറവുകളും ബോദ്ധ്യമാവാനും തിരുത്താനും കഴിയണം. പരസ്യമാക്കുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് വളരെയധികം പുണ്യം നേടാൻ കഴിയും. തെറ്റുകുറ്റങ്ങളെ സ്വയം ഏറ്റുപറയുമ്പോഴും പരസ്യമാക്കി മാർഗ്ഗദർശനം ചെയ്യുമ്പോഴും പുണ്യം കൂടുന്നതാണ്. **ഓംകാരനീതിശാസ്ത്രത്തിന്റെ വ്യാപ്തി വളരെ അറിയാവുന്ന ഒരു പിതാവ് എന്ന നിലയിൽ പരമശിവനു കാട്ടുവാവുന്ന പരമാവധി പ്രീതിയാണത്.**

ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് രാവണൻ എന്ന രാക്ഷസ രാജാവായി. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കഴിഞ്ഞ ജന്മത്ത് വല്ലഭായി പട്ടേലായി വന്നപ്പോൾ, ഗാന്ധിജിയുടെ കൂടെ നിൽക്കാനുള്ള അവസരങ്ങളെ മഹാവാത്സല്ല്യത്തോട മഹാദേവി ഒരുക്കി. വളരെയധികം പുണ്യം നേടാൻ അദ്ദേഹത്തിന് പ്രസ്തുത ജന്മത്തിൽ കഴിഞ്ഞുവെങ്കിലും, പഴയ കാല ഘോര പാപങ്ങൾ ഇനിയും ഏറെയുണ്ട്. കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ പുനർജ്ജനിച്ച് 60 കടന്ന പട്ടേൽ ഒരല്പം ഹിന്ദു വിരോധിയാണ്, ഭൂമിയിലെ 800 കോടി ജനങ്ങളിൽ **ഏറ്റവും വലിയ നീചൻ No. 6** എന്ന് ദൈവ വിപ്ലവത്തോടെ തെളിയുമ്പോൾ പ്രതിമ-ഭ്രാന്തർക്കും മറ്റും പലവിധ ദൈവ-ശിക്ഷകളുണ്ട് എന്നറിയണം ! പുനർജ്ജനിച്ച് മറ്റ് അവസ്ഥകളിൽ വ്യക്തി ഉണ്ടാകുമെന്ന് ചിന്തിക്കാൻ പോലും തയ്യാറാവാത്ത മൂഢരും അവിവേകികളും താന്തോന്നികളും കൂട്ടുനിൽക്കുന്നവരും ശിക്ഷകളെ വാരിക്കൂട്ടുന്നതാണ്. ചരിത്രം പ്രകാരം 182 മീറ്റർ (597 അടി) ഉയരമുള്ള ഒരു മനുഷ്യൻ അഥവാ രാക്ഷസൻ ഇന്ത്യയിലെ ഗുജറാത്തിൽ ജീവിച്ചതിനു തെളിവുകൾ ലഭിച്ചെന്ന വർത്തമാനം ഭാവിയിൽ ഉണ്ടാവാൻ ആധുനിക കാലത്തെ വിവരദോഷികൾ വഴിയൊരുക്കുന്നത് അവർ അറിയുന്നില്ല ! പ്രതിമ കൊണ്ട് പട്ടേലിന് യാതൊരു നേട്ടങ്ങളും ലഭിക്കുന്നില്ല; വിവരദോഷികൾക്ക് കോട്ടങ്ങൾ ഏറെ ഉണ്ടാകുന്നതുമാണ്. മണ്ണും ഭൂമിയുമായ ദൈവം, മണ്ണിന്റെ അംശമായ ശരീരത്തിലൂടെ നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദങ്ങളെ നേടുകയും, പങ്കിടുകയും, ആസ്വദിച്ച് ആനന്ദിക്കുകയും വേണം. പകരം തെമ്മാടികൾ = എമ്പോക്കികൾ, ജനങ്ങളിലെ ഭൂരിപക്ഷത്തിന്റെ അത്യാവശ്യങ്ങളെ മറന്നു കൊണ്ടും മറച്ചു കൊണ്ടും മറ്റും ടൂറിസം വികസനം എന്ന അധാർമ്മികമായ 'ധന സമ്പാദനം' ഉദ്ഘോഷിക്കുമ്പോൾ 'യഥാർത്ഥ സനാതന ധർമ്മം' തെറ്റിച്ചവർക്കെല്ലാം പാപങ്ങളും ശിക്ഷകളും ഉണ്ട്.

'പാപ-പ്രതിമയെ' ഉണ്ടാക്കിച്ചവരും ഉണ്ടാക്കിയവരും, ബഹുവധങ്ങളിൽ കൂട്ടുനിന്നവരും സ്വന്തം കീശകളിൽ നിന്ന് 'സാമ്പത്തിക നഷ്ടം' നികത്തുമ്പോഴും, പാപ-പ്രതിമയെ പരിണമിപ്പിക്കുമ്പോഴും, ഭാഗികമായ പരിഹാരം മാത്രമാണവ. കുഞ്ഞുങ്ങളെ, ഓംകാര നീതി ശാസ്ത്രം മഹാവാത്സല്ല്യമാണ് എന്നതിന് കൊടിയ തെമ്മാടിത്തങ്ങളെ ലാഘവത്തോടെ ക്ഷമിക്കുമെന്ന് ധരിച്ചു പോകരുത്. ആനന്ദങ്ങൾക്ക് അളവുകൾ ഉണ്ടെന്ന് ഗ്രന്ഥത്തിൽ വിശദീകരിച്ചതു പോലെ, ശരീരത്തിലെ അവയവങ്ങൾ, പ്രവൃത്തികൾ, ഊർജ്ജം, സമയം, സമ്പത്ത് ഉൾപ്പെടെ സർവ്വത്തിനും അളവുകൾ ഉണ്ട്; മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി ലഭ്യമാക്കിയിട്ടുണ്ട്. പാപങ്ങൾക്കും ശിക്ഷകൾക്കും അളവുകളുണ്ട്. മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാനീതി നടത്തിപ്പിന് ആവശ്യം ആണ്; സമനീതി ലഭിക്കുന്നതുമാണ്. സ്തുതികൾ, വഴിപാട് തുടങ്ങിയ ഹീനമായ മാർഗ്ഗങ്ങളിലൂടെ മഹാനീതിയായ മഹാദേവിയെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ, മഹാനീതി-പതിയായ പരമശിവനിലൂടെ ശിക്ഷകളെ വർദ്ധിപ്പിച്ചെന്നും വരും. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക. മലകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് ദുർദ്ദേവതയായി, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ ജീവിക്കുന്നു. 60 വയസ്സായ ഒരു മതഭ്രാന്തനാണ്, ഭൂമിയിലെ 800 കോടി ജനങ്ങളിൽ **ഏറ്റവും വലിയ നീചൻ** No. 7.

3, 8, 9 -ലെ വ്യക്തികൾക്ക് ഉണ്ടായ സ്ഥാനമാറ്റം കുറിച്ചിരുന്നു.

മഹാശക്തി എന്ന മഹാശാസ്ത്ര ദൈവ നാമത്തിലെ 'തി' ബന്ധമുള്ള, യഥാർത്ഥ സർവ്വ പ്രധാനിയായ ദേവത, 'അഗ്നിദേവൻ' എന്ന തെറ്റായ നാമത്തിൽ അറിയപ്പെടുന്ന 'അഗ്നിദേവത' കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് കുറെയേറെ സാധുവായ ഒരു ചെറുപ്പക്കാരനായി ജീവിക്കുന്നുണ്ട്. ഭൂമിയിലെ 800 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 10.

ഓംകാര നീതി ശാസ്ത്രം അടിസ്ഥാന പരമായി മഹാവാത്സല്ല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താൻ കുഞ്ഞുങ്ങൾക്കു വേണ്ടി സൃഷ്ടിച്ച ദേവതകൾ / മലക്കുകൾ / മാലാഖമാർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ച കാര്യങ്ങളെ മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നീതികാര്യങ്ങളുമായി ബന്ധപ്പെട്ട അവയ്ക്ക് ഭൗതികമായ അസ്തിത്വം ഉണ്ടാകുന്നത് അവ സത്യമാണെന്ന് ദൈവ വിപ്ലവം യാഥാർത്ഥ്യമാണെന്ന് തെളിയുമ്പോഴാണ്.

ഇനി, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ കാര്യം :-
ഭൂമിയിലെ എല്ലാ അടിമകൾക്കും / ഭരണാധികാരികൾക്കും മുകളിൽ പുണ്യം കൊണ്ടും ജന്മങ്ങളുടെ എണ്ണം കൊണ്ടും ശ്രേഷ്ഠത ഏറെ നേടിയ ഒരു കുട്ടി കേരളത്തിലെ കോൺഗ്രസ് സംഘടനയിൽ ഉണ്ട് : കെ.മുരളീധരൻ; ആയുസ്സിനു പ്രശ്നമുണ്ട്; സ്ഥിതി പരമായ വിധി കൊണ്ട് മാറിയേക്കാം! ജവഹർലാൽ നെഹ്രു നല്ലവനായ ഒരു അറബിയാണ്. ലെനിൻ, ഇന്ദിരാഗാന്ധി, ഖലീഫ ഉമർ, അബൂബക്കർ, നാരായണ ഗുരു, തുടങ്ങിയവർ കേരളത്തിൽ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്; ചിലർ മുൻകാല ദേവതകളാണ്. പോപ്പ് ജോൺ പോൾ 2 -ആയി വന്ന മുഹമ്മദ്, ഭൗതിക അസ്തിത്വം ഇല്ലാത്തതായ കുറെ നിയമങ്ങളെ വീണ്ടും തട്ടിക്കൂട്ടി, ഇപ്പോൾ ഒരു മുസ്ലീം കുടുംബത്തിൽ പുനർജ്ജനിച്ചിട്ടുണ്ട്. ദൈവ വിപ്ലവത്തോടെ, ബോദ്ധ്യപ്പെടും.

ഏറ്റവും വലിയ നീചർ Nos. 11 to 15

അഞ്ചു പേരും കേരളത്തിൽ, മുസ്ലീം ലേബലിൽ ജീവിക്കുന്നു; ആരും മതഭ്രാന്തരല്ല; 12 മുതൽ 14 വരെയുള്ള 3 പേരിൽ ഒരാൾ 'നാരായണ ഗുരുവിന്റെ' പുനർജ്ജന്മം ആണ്; മഹാദേവി അക്കാര്യത്തിൽ ഈയുള്ളവന് മറവി സൃഷ്ടിച്ചതിന് കാരണം ഉണ്ടാവും !

ഏറ്റവും വലിയ നീചൻ No. 5

കേരളത്തിൽ മുസ്ലിം ലേബലിൽ ജീവിക്കുന്നു; ശബരിമല, കൊല്ലൂർ, ഗുരുവായൂർ ഉൾപ്പെടെ ഏതൊരു മത-ദേവാലയത്തിലും ഭക്തിയോടെ പോകുന്ന അദ്ദേഹത്തിന് തൽക്കാലം അറിവ് വളരെ കുറവാണ്. ലെനിൻ, കൂടാതെ No. 1 -ന്റെ അംശാവതാരം എന്നിവ കൊണ്ട് കടുത്ത പാപിയും കൂടിയാണ്.

ഏറ്റവും വലിയ നീചൻ No. 4

കേരളത്തിലെ മുസ്ലീം കുടുംബത്തിൽ ജീവിക്കുന്നു; അക്ബർ ചക്രവർത്തിയുടെ പുനർജന്മം കൂടിയാണ്. ദൈവ വിപ്ലവ കാലത്ത് എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിച്ച് പുണ്യം വർദ്ധിപ്പിച്ചേക്കാം ! കൂടുതൽ പുണ്യം നേടാൻ മഹാദേവി നൽകിയ അവസരങ്ങളെ പാഴാക്കിയ പാപികളിൽ, Nos.4 to 15 ഉണ്ട്. കള്ളന്മാരെയും മറ്റും ഉദ്ധരിക്കാൻ ക്രൈസ്റ്റിലൂടെ ദൈവം ശ്രമിച്ചതു പോലെയാണ് ഈയുള്ളവൻ 4 to 7 (& മുൻ 9) കുഞ്ഞുങ്ങളെ തിരുത്താൻ പ്രയത്നിച്ചത്.

ഏറ്റവും വലിയ നീചർ Nos. 2 & No. 3.

ഭൂമിയിലെ ഏറ്റവും വലിയ പാപികളായ രണ്ടു പേരിൽ ഒരാൾക്ക് ഇപ്പോൾ (2018) ഇന്ത്യയിലെ പ്രധാനമന്ത്രിയും രണ്ടാമന് കേരളത്തിലെ മുഖ്യമന്ത്രിയും ആകാൻ സാധിച്ചെങ്കിൽ, മുജ്ജന്മ പാപങ്ങളെ ധർമ്മ ശാസ്ത്ര പരമായ പ്രവൃത്തികളെ കൊണ്ട് പുണ്യം വർദ്ധിപ്പിച്ച് ദൈവ ശിക്ഷകളെ കുറയ്ക്കാൻ മഹാവാത്സല്ല്യത്തോടെ മഹാമാതാവ് അവസരം നൽകുക കൂടിയായിരുന്നു. രണ്ടാമനെ കടത്തി വെട്ടും വിധം, മൂന്നാമന്റെ പാപങ്ങളും ശിക്ഷാ ശേഖരണവും കുതിച്ച് ഉയർന്നു കൊണ്ടിരിക്കുന്നു; കുഞ്ഞുങ്ങളെ, നിങ്ങളുടെ കാര്യത്തിലെ വേദനകൾ കൊണ്ട്, ഈ വാക്കുകൾ കുറിക്കുമ്പോൾ, ഈയുള്ളവന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ഒഴുകി ... നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയുന്നുവെങ്കിൽ, കുഞ്ഞുങ്ങളെ ധാർമ്മികമായി ഉയർത്താനും, ഓംകാര നീതി ശാസ്ത്രം പ്രകാരമുള്ള ശിക്ഷകളിൽ നിന്ന് ഒഴിവാക്കാനുമായി മഹാ-അവസരങ്ങളെ നൽകുന്ന മഹാമാതാവിന്റെ മഹാവാത്സല്ല്യത്തെ തിരിച്ചറിഞ്ഞ് ഉടൻ തന്നെ ധർമ്മ ശാസ്ത്ര വിരുദ്ധമായ നടപടികളെ അവസാനിപ്പിക്കുകയും, ധർമ്മ ശാസ്ത്ര പരമായ പ്രവൃത്തികളെ കൊണ്ട് അത്ഭുതം പ്രവർത്തിക്കുവിൻ ! താൻ പാതി ദൈവം പാതി എന്നതിൽ സ്വന്തം പകുതി ശുദ്ധമാക്കുക; രണ്ടാമത്തെ പകുതി മഹാശക്തിയായ മഹാദേവി @ ഭൂമി സത്യം ശിവം സുന്ദരമാക്കുന്നതാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ അടിമയ്ക്ക്/ ഭരണാധികാരിക്ക് അധികാരമില്ല.

നോട്ട് നിരോധനത്തിലൂടെ ഇന്ത്യയിൽ 120 കോടിയിലേറെ ജനങ്ങളെയും അതുപോലെ മറ്റു രാജ്യങ്ങളിലും ജനങ്ങളെ കഷ്ടപ്പെടുത്തിയതും അനേകർ വധിക്കപ്പെടാൻ കാരണമായതും ഒന്നാമന്റെ ഈ ജന്മ പാപങ്ങളെ ഏറ്റവുമധികം ഉയർത്തി! താൽക്കാലികമായ സാമ്പത്തിക ഡിജിറ്റലൈസേഷനും, ഒപ്പം അനേകായിരം കോടി രൂപ പാഴാക്കി വീണ്ടും കള്ളനാണയമായ പേപ്പർ കറൻസി അച്ചടിക്കുന്നതിനു പകരം ദൈവീകമായ സ്വർണം വെള്ളി ചെമ്പ് നാണയങ്ങളെ ഏർപ്പെടുത്താനും, **നികുതികളെ അവസാനിപ്പിക്കാനും, ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ നടപ്പാക്കാനും പരിശ്രമിക്കാമായിരുന്നു. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്ന തൊഴിൽ/വിഷയ വിഭജനം പാടേ തെറ്റിച്ച് ജീവിക്കുന്നു. അടിമകൾ ജീവിക്കുന്നത് ഉടമകൾക്കു വേണ്ടിയാവണം; വാക്കുകൾ കൊണ്ട് വേഷം കെട്ടിയാൽ ജനങ്ങളെ കബളിപ്പിക്കാൻ അല്പം കഴിഞ്ഞേക്കും; ദൈവത്തെ പറ്റില്ല. രണ്ടാമനേക്കാൾ ഈ ജന്മത്തിൽ അധഃപതിച്ച മൂന്നാമത്തെ അടിമ ധാർഷ്ട്യത്തിന്റെ പര്യായമായി.** ജനങ്ങളുടെ ചിലവിൽ ജീവിക്കാനും 'അടിമയായ' ഭരണാധികാരി ആവാനും പുണ്യം നേടി മുജ്ജന്മ പാപങ്ങളെ അതിജീവിക്കാനും ലഭിച്ച അവസരങ്ങൾ അനവധിയാണ്. അവസരങ്ങളെ മെച്ചമായി ഉപയോഗിക്കാൻ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളിൽ ഒരാളായ മൂന്നാമന് ഇനിയെങ്കിലും കഴിയട്ടെ ! (1) 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കം വിശകലനം ചെയ്യുക. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു വിടുന്നത് പോലെയുള്ള കാര്യങ്ങളിൽ, അടിമകൾ മാത്രമായ ഭരണകൂടം ഉചിതമായ മുന്നറിയിപ്പ് നൽകണം; മുന്നറിയിപ്പുകൾ സുവ്യക്തമാവണം. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു വിടുമ്പോൾ, പുഴയുടെ തീരത്തു നിന്നും ഇത്ര ദൂരം, ഇത്ര ഉയരത്തിൽ വെള്ളം പൊങ്ങുമെന്ന കണക്കും, അത് വരുത്തി വച്ചേക്കാവുന്ന ദുരിതങ്ങളുടെ കണക്കും, തടയാൻ ആവശ്യമായ നടപടികളും ജനങ്ങളെ ഉചിതമായി അറിയിക്കാനും ജനങ്ങളോട് ചേർന്നു പ്രവർത്തിക്കാനും അടിമകൾക്ക് കഴിയണം. അണക്കെട്ടുകൾ നിർമ്മിച്ച കാലത്ത് തന്നെ തയ്യാറാക്കേണ്ടതായ അത്തരം കണക്കുകളെ തയ്യാറാക്കാൻ ശ്രദ്ധിക്കാഞ്ഞ മന്ത്രിമാരും ഉദ്യോഗസ്ഥരും എല്ലാം കൊടിയ തെമ്മാടി = എമ്പോക്കികളാണ്. തീർന്നില്ല. വെള്ളപ്പൊക്കം ഉണ്ടാകാൻ കാരണമായ അടിമകൾ, രാജ്യത്ത് ലഭ്യമായ സൈന്യത്തിന്റെ സേവനം ഉചിതമായി ഉപയോഗിക്കാൻ തയ്യാറായില്ല. അത്തരം സന്ദർഭങ്ങളിൽ ധർമ്മ ശാസ്ത്ര പരമായി സ്വയം പ്രവർത്തിക്കാൻ, ദൈവ വിപ്ലവത്തോടെ പോലീസിനും സൈന്യത്തിനും ഉൾപ്പെടെ എല്ലാ അടിമകൾക്കും യജമാനർക്കും കഴിയുന്നതാണ്. ഭൂമിയിലെ ഏറ്റവും വലിയ പിശാചായി മാറിയ നാരായണന് ജയ് വിളിച്ചു നടക്കുന്ന ഏഭ്യന്മാർ ഏറെയുള്ള ജനതയാണ് കേരളത്തിൽ ഇന്നുള്ളത്. കടുത്ത അഹംഭാവികളെ പുനർജ്ജനിപ്പിക്കാനുള്ള മേഖല കൂടിയാണ് കേരളം എന്ന് വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. (2) ശബരിമല തീർത്ഥാടനം പോലെ വിഷയം അല്ലാത്ത വിഷയങ്ങളിൽ ഇടപെടാൻ ന്യൂനശക്തികളുടെ ചട്ടുകമായി മൂന്നാമത്തെ വലിയ നീചനും, പൂച്ചാണ്ടിക്കോടതികളിലെ ജഡ്ജിമാരും അധഃപതിച്ചു; ധാർമ്മിക സദാചാര നിയമങ്ങളെ കശക്കി ഞെരിച്ചത് അതിനു കാരണമായിട്ടുണ്ട്. (3) **ശരിക്കും പൊതുവായ ആവശ്യങ്ങളെ വിസ്മരിച്ചതു പോലെ ആയിരിക്കുന്നു !**

എല്ലാ ജനങ്ങളും മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതികമായ അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം പ്രകാരമുള്ള ജീവിതം നയിക്കണം; അതിനായി പരമാവധി പരിശ്രമിക്കണം എന്നതാണ് വസ്തുത.

കുഞ്ഞുങ്ങളും യജമാനരുമായ ജനങ്ങൾ പാർപ്പിടം ഇല്ലാതെ വിഷമിക്കുമ്പോൾ, ജനങ്ങളുടെ പണം കൊണ്ട് ഉണ്ടാക്കിയ സുഖ-മന്ദിരങ്ങളിൽ അടിമകൾ മാത്രമായ മന്ത്രിമാരും ജഡ്ജിമാരും ഉദ്യോഗസ്ഥരുമായ 'ഭരണാധികാരികൾ' എന്ന കള്ളപ്പേരോടെ വസിക്കുന്നത് കടുത്ത അപരാധമാണ്. സ്വന്തം പണമാണെങ്കിൽ പോലും സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നതിൽ അധികം ചികിത്സ സ്വീകരിക്കുന്നതിനു മുമ്പ് അടിമകൾ പദവി ഒഴിയണം എന്നതു പോലെ ധർമ്മ ശാസ്ത്ര വിചാരം വർദ്ധിക്കണം. മറ്റ് ജനങ്ങളെയും ദൈവത്തിന്റെ കുഞ്ഞുങ്ങളായി അറിയണം; പെരുമാറ്റ മര്യാദകളും..!

'ഇന്ന് ജീവിക്കുകയും, അടുത്ത ഒരു നാൾ മരിക്കുകയും ചെയ്യുന്ന മനുഷ്യ ക്കുഞ്ഞുങ്ങളുടെ ചരിത്രം' മഹാവേദ ഭാഗമായ ഈ ഗ്രന്ഥത്തിൽ, ചേർക്കണമായിരുന്നോ ? ദൈവവിപ്ലവത്തോടെ മഹാവേദത്തെ ചിട്ടപ്പെടുത്തുമ്പോൾ സൃഷ്ടികളുടെ നാമങ്ങളും ചരിത്രങ്ങളും ഉണ്ടാവില്ല. ഇപ്പോൾ കുഞ്ഞുങ്ങളെ തിരുത്താനും, ഭൂമിയിലെങ്ങും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങളുടെ പേരിൽ നിലനിൽക്കുന്ന വ്യക്തി-വിദ്വേഷം അവസാനിക്കാനും, പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കാൻ ഉദാഹരണങ്ങൾ ഉപകരിക്കും എന്നാണ് ഉദ്ദേശം. പാപികളെ കൂടുതൽ വെറുക്കുന്നവർക്ക് പാപികളെ കൂടുതൽ ശുദ്ധി വരുത്താൻ ശ്രമിക്കുന്നതിലൂടെ സ്വന്തം പാപങ്ങളെ കുറയ്ക്കാനും, പുണ്യത്തെ വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. കൂടുതൽ ആനന്ദത്തെയും നേടാം. അപ്പോഴും എപ്പോഴും അറിയുക : പാപികളെന്നു നിങ്ങൾ കരുതുന്ന മനുഷ്യരേക്കാൾ പാപി ഒരു പക്ഷേ നിങ്ങളാവും ! മഹാനീതി ശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തെ മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് പഠിക്കാൻ കഴിയുന്നവർക്ക് ബോദ്ധ്യമാകുന്നതാണ്. ഒരു ജന്മം കൊണ്ട് തീരാത്തതും 100 ജന്മങ്ങൾ കൊണ്ടു മാത്രം തീരുന്നതുമായ നീണ്ട മനുഷ്യ ജീവിതത്തിന്റെ തജ്ജന്മത്തിലെ ഏതാനും കാര്യങ്ങളെ അടിസ്ഥാനമാക്കി അന്യോന്യം മാർക്കിടരുത്. നീതി വിധിക്കാൻ മനുഷ്യന് കഴിയില്ല; കഴിവില്ല എന്നതിനൊപ്പം നീതി വിധിക്കാൻ മനുഷ്യന് കഴിയാത്തതാണ് നല്ലത് എന്നു കൂടി ബോദ്ധ്യമാകും. കുഞ്ഞുങ്ങൾക്ക് നല്ലതായ കാര്യങ്ങളെ മാത്രമേ മഹാദേവി ചെയ്യുന്നുള്ളു.

വിശകലനം ചെയ്തും ബോദ്ധ്യം വന്നും ഏറ്റവുമധികം നല്ലത് ചെയ്യാനും പുണ്യം വർദ്ധിപ്പിക്കാനും അടിമകൾക്കും യജമാനർക്കും കഴിയട്ടെ ! ഏറ്റവും കൊടിയ പിശാചുക്കളും, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളാണ്. താൽക്കാലികമായി വഴിതെറ്റിയ അവരെ തിരുത്തുവാൻ അവരുടെ മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിയും, മഹാപിതാവും മഹാനീതിപതിയുമായ മഹാദേവനും ഉണ്ട്. സ്വന്തം മുജ്ജന്മങ്ങളെയും പാപങ്ങളെയും പറ്റി യാതൊന്നും അറിയാത്തവർ, സഹോദരങ്ങളായ പാപികളെ സഹായിക്കുക എന്നല്ലാതെ അധർമ്മികളോട് വിരോധം അരുത്; അധർമ്മത്തെ ശക്തമായി എതിർക്കുകയും വേണം.

ആദ്യ മഹാകാലചക്രത്തിൽ, മനുഷ്യാവസ്ഥയിൽ മോക്ഷം നേടവേ ദേവതകൾ/ മാലാഖമാർ /മലക്കുകളായി പ്രത്യേക പദവി ലഭിച്ചവർ, കൊടിയ ദുർദ്ദേവതകളും പിശാചുക്കളുമായി അധഃപതിച്ച് കാട്ടിക്കൂട്ടിയ അപരാധങ്ങളെ കണക്കാക്കിയാൽ, മനുഷ്യരുടെ തെറ്റുകളും കുറ്റങ്ങളും ഗൗരവമാണെങ്കിലും, നിസ്സാരമായി തോന്നും.

യൂറോപ്പിൽ അനേകം പള്ളികൾ വിൽക്കാനുണ്ട് ! ആചാരങ്ങളുടെ പേരിലും മറ്റും കേരളത്തിൽ ശണ്ഠ ! ദൈവ വിപ്ലവത്തിനുള്ള ഒരുക്കമായ ന്യൂനശക്തികളുടെ തിരുത്തൽ പ്രവർത്തന - ഭാഗമായി ദേവാലയങ്ങളിലെ കാര്യങ്ങളെ ഗ്രഹിച്ചാൽ ശ്രേഷ്ഠമാണ് ! ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കാനുള്ള ദൈവീക നടപടികൾക്ക് കേരളത്തിൽ ആക്കം കൂടേണ്ടതുണ്ട് !

മഹാശാസ്ത്രം (മഹാവേദം) ഘടന

മൂന്ന് (3) വേദങ്ങൾ.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികൾക്കായിട്ട് മാറ്റിവയ്ക്കുന്ന മഹാജ്ഞാനത്തെ **ദൈവം** എന്ന പദത്തിലെ **ദ**, **വ** എന്നീ 2 അക്ഷരങ്ങൾ കൊണ്ട് ഉന്നതപ്പെടുത്തുമ്പോൾ **വേദം** എന്ന പദം ലഭിക്കുന്നു. ദൈവത്തിനു മാത്രം അവകാശപ്പെട്ട **മഹാ** എന്ന പദം ചേരുമ്പോൾ **മഹാവേദം** ആയി മാറുന്നു.

മഹാവേദത്തിന് 3 ശാഖകളുണ്ട്. 3 വേദങ്ങൾ. ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം. അവയെല്ലാം മണ്ണിൽ അഥവാ ഭൂമിയിൽ അഥവാ ഭൂമിയിലെ മൂലകങ്ങളിൽ മഹാലയിപ്പിച്ചിരിക്കുകയാണ്.

കാലമാറ്റത്തിനൊത്തും, ഭൂമിയിലെ ജനപ്പെരുപ്പത്തിനൊത്തും, അന്വേഷകരുടെ ധാർമ്മിക യോഗ്യതകൾക്കൊത്തും മണ്ണിന്റെ നിയമങ്ങളെ അഥവാ വേദങ്ങളെ ക്രമേണ അന്വേഷകർക്ക് അഥവാ ശാസ്ത്രജ്ഞന്മാർക്ക് ഭൂമി വെളിപ്പെടുത്തുന്നു. ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെട്ട് പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ യഥാർത്ഥമായ വേദങ്ങൾ വിസ്മൃതിയിലാവുന്നതാണ്.

ദൈവ വേദം: ഓംകാര നീതി ശാസ്ത്രം

1. മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും സൃഷ്ടി-സ്ഥിതി-സംഹാര നിയമങ്ങൾ മാത്രമാണ് മഹാശാസ്ത്രത്തിലുള്ളത്; മുമ്പ് വ്യക്തമാക്കിയതു പോലെ വേദങ്ങളുടെ ഉല്പത്തി ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെ, വേദങ്ങളിൽ / മഹാശാസ്ത്രത്തിൽ / ദൈവ ശാസ്ത്രത്തിൽ ചേർത്താൽ മാത്രമാണ് വിഷയങ്ങൾക്ക് സമ്പൂർണ്ണത ഉണ്ടാവുക എന്നതിനാൽ മാത്രം, ശാസ്ത്ര നിയമങ്ങളോടൊപ്പം സ്രഷ്ടാവായ ദൈവത്തിന്റെയും, ദൈവഭാഗമായ ഏകദാസന്റെയും കാര്യങ്ങൾ വേദങ്ങളോട്; പ്രത്യേകിച്ചും 'ഓംകാര നീതി ശാസ്ത്രത്തോടു' ചേർക്കുന്നതാണ്.

2. സൃഷ്ടികളുടെ പേരുകളോ ചിത്രങ്ങളോ ചരിത്രങ്ങളോ ഓംകാര നീതിശാസ്ത്രത്തിൽ ആവശ്യമില്ല / ഉണ്ടാവുകയുമില്ല.

ദൈവ വേദമായ ഓംകാര നീതി ശാസ്ത്രത്തിന് ജനനം, ജീവിതം, മരണം, ഓംകാര നീതി ശാസ്ത്രം എന്ന മഹാനീതി ശാസ്ത്രം, ദൈവ വിപ്ലവം, ദൈവരാജ്യം, സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം (മോക്ഷം), യുക്തി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

മഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്നാണ് എല്ലാ വേദങ്ങളും / ശാസ്ത്രങ്ങളും അവയുടെ ശാഖകളും ഉപശാഖകളും ഉത്ഭവിക്കുന്നത് എന്നതിനാൽ മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രത്തെ മഹാശാസ്ത്രം, ദൈവ വേദം, ഓംകാര നീതി ശാസ്ത്രം, മഹാനീതി ശാസ്ത്രം, നീതി ശാസ്ത്രം, ദൈവശാസ്ത്രം എന്നിങ്ങനെയെല്ലാം വിശേഷിപ്പിക്കാൻ സാധിക്കുന്നതാണ്.

സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ ദൈവം മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ മഹാഅവകാശിയും മഹാഭരണാധികാരിയും മഹാനീതിയും. മഹാനീതിയായ ദൈവം "ഓംകാര നീതി ശാസ്ത്രം" എന്ന മഹാനാമമുള്ള "മഹാനീതിശാസ്ത്ര" പ്രകാരം കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളെയെല്ലാം മഹാഅനുഗ്രഹിച്ച് മഹാസമനീതിയെന്ന മഹാസമത്വാനന്ദങ്ങളെ നൽകുന്നു.

മേൽ പ്രസ്താവിച്ച കാര്യങ്ങൾ ലളിതമാണെന്ന് തോന്നുമെങ്കിലും മഹാഭീമമാണ്. അക്കാരണത്താൽ മൊത്തമായി മഹാശാസ്ത്രം എന്നും മഹാവേദം എന്നും പേരിടുന്നു, ശേഷം ശാസ്ത്രങ്ങളും, ഉപശാഖകളും, ഉപ-ഉപശാഖകളും എന്നിങ്ങനെ പിരിച്ച് വിശദീകരിക്കുന്നു. ഏറ്റവും ഹ്രസ്വമായി ചുവടെ ചേർക്കുന്നു.

ജീവികളെല്ലാം മണ്ണിൽ അഥവാ ഭൂമിയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നു. ജനിക്കുന്നത് ജീവിക്കാനാണ്, ജീവികളെല്ലാം ജീവിക്കുകയാണ് ചെയ്യുന്നതും. ജീവിക്കുന്നത് ആനന്ദിക്കാനാണ്. അന്തമില്ലാതെയെന്നോണം ആനന്ദങ്ങളുടെ മഹാകലവറയെ ഭൂമിയിൽ മഹാഒരുക്കിയിരിക്കുന്നു. ഭൂമിയിലെ വസ്തുക്കളിലെ മൂലകങ്ങളിലും സംയുക്തങ്ങളിലുമുള്ള ശാസ്ത്രനിയമങ്ങളെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് വേറിട്ട് വിശദീകരിച്ചിട്ടുള്ളതു പോലെ അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

ദൈവ ശാസ്ത്രം എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ടങ്ങളായ വിശ്വാസങ്ങളെ പഠിപ്പിക്കുവാൻ ദൈവം യാതൊരു മദ്ധ്യസ്ഥന്മാരെയും ചുമതലപ്പെടുത്തിയിട്ടില്ല.

സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന് യാതൊരു സൃഷ്ടികളുടെയും സഹായം യാതൊരു കാര്യങ്ങൾക്കും ആവശ്യമില്ല. യാതൊരു ആരാധനകളും കേട്ട് സന്തോഷിക്കുന്ന ഒരു കോമാളിയല്ലാ ദൈവമെന്നും, ആരാധനകളെ ദൈവത്തിനു വേണ്ടെന്നും, ദൈവം നേരിട്ട് ഓരോ വ്യക്തിയെയും അനുവദിക്കാതെ ദൈവാരാധന എന്ന കള്ളപ്പേരിൽ കോപ്രായങ്ങൾ നടത്തുന്നവർക്കെല്ലാം ദൈവശിക്ഷ ഉണ്ടെന്നും അറിഞ്ഞുകൊള്ളണം.

ധർമ്മശാസ്ത്രം പ്രകാരം മനുഷ്യരെല്ലാം ജീവിക്കുകയേ വേണ്ടൂ. സാത്വികമായിട്ട് ആനന്ദങ്ങളെ ആസ്വദിച്ചുകൊള്ളുക, മറ്റുള്ളവരെ സാത്വികമായിട്ട് സ്നേഹിക്കുകയും സഹായിക്കുകയും ആവാം.

കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ ദൈവത്തെ വിസ്മരിക്കുന്നതും / വിസ്മരിക്കാത്തതും (വിഷയങ്ങളിൽ ഉൾപ്പെടുത്തുന്നതും അവഗണിക്കുന്നതും), ഏകമഹാശക്തിയും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാമാതാവും മഹാനീതിയും മഹാവാത്സല്യവുമായ മണ്ണും ഭൂമിയും മഹാദേവിയുമായ ഏകദൈവത്തിന് വിഷയമല്ല.

ശാസ്ത്ര പാഠങ്ങളെ എല്ലാ മനുഷ്യർക്കും ഗ്രഹിക്കാൻ കഴിയുന്നതല്ല; ആവശ്യമില്ല.

എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണം; ശാസ്ത്ര പാഠങ്ങളെ എല്ലാവർക്കും ഗ്രഹിക്കാൻ കഴിഞ്ഞാൽ അത് സാദ്ധ്യമാവുന്നതല്ല.

ശാസ്ത്ര പാഠങ്ങളും മനുഷ്യരിലെ ന്യൂറോണുകളുടെ പ്രവർത്തനവും ഹ്രസ്വമായി വിശദീകരിക്കുന്നു.

സമസ്ത ആറ്റങ്ങളിലും ശബ്ദബ്രഹ്മമായ ഓം ഉണ്ട് : എവിടെ ഓം ഉണ്ടോ അവിടെ മഹാദേവിയുടെ മഹാജ്ഞാനവും ഉണ്ട്. മഹാജ്ഞാനത്തിന്റെ ഒരു ഓഹരി മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം.

മനുഷ്യാവസ്ഥയിലെത്തുന്ന ജീവിക്ക് മഹാശാസ്ത്രം മുഴുവൻ ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനുഷ്യരുടെ തലയിലെ ന്യൂറോണുകളിൽ ശബ്ദ ബ്രഹ്മമായ ഓം വഴി മഹാശാസ്ത്രം മുഴുവൻ സ്ഥാപിച്ചിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഓരോ മനുഷ്യന്റെയും തലയിലെ ന്യൂറോണുകളിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും ഉൾക്കൊള്ളാനുള്ള ഇടമുണ്ട്.

മനുഷ്യന്റെ 100 ജന്മങ്ങളിൽ, ഒരു ജന്മത്തിൽ മാത്രം മഹാശാസ്ത്രം മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുന്നതും, പ്രസ്തുത ജന്മത്തിൽ മാത്രം മനുഷ്യൻ ദൈവത്തെ മഹാശാസ്ത്രപരമായി ആരാധിക്കുന്നതും, ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും സുവ്യക്തമായി അറിയുന്നതുമാണ്. മറ്റു ജന്മങ്ങളിലെ ജീവിതത്തിന് മനുഷ്യരുടെ ശിരസ്സിലുള്ള ന്യൂറോണുകളിൽ സുമാർ പൈ (= 3.14..) അളവിലുള്ള ന്യൂറോണുകൾ മാത്രമേ വേണ്ടതുള്ളൂ, ആകയാൽ അങ്ങനെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ, ബാക്കിയത്രയും നിർജ്ജീവം പോലെയുള്ള അവസ്ഥയിൽ ആണെന്നതിന്റെ കാരണമാണ് വിശദമാക്കിയത്. (പൈ = 3.14 : ഗണിതശാസ്ത്രത്തിലും, ജ്യോതിശ്ശാസ്ത്രത്തിലും മറ്റ് അനവധി ശാസ്ത്രശാഖകളിലും അത്ഭുതമായിരിക്കുന്ന പൈ-യുടെ ആവിഷ്ക്കാരത്തെപ്പറ്റി/ സൃഷ്ടിയെപ്പറ്റി മഹാപ്രപഞ്ചത്തിലെ ന്യൂനശക്തിൾ എന്ന അദ്ധ്യായത്തിൽ ഭാഗികമായി വിശദീകരിച്ചിട്ടുണ്ട്.).

തലച്ചോറിലെ ന്യൂറോണുകൾ കമ്പ്യൂട്ടറിലെ വിവരങ്ങൾ സൂക്ഷിക്കുന്ന മഹാ-ഹാർഡ് ഡിസ്ക് പോലെയാണ്. ചുരുക്കി പറയുമ്പോൾ, ഒരു ഭാഗത്ത് നിർജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങൾ; മറ്റൊരു ഭാഗത്ത് മനുഷ്യർ മുജ്ജന്മങ്ങളിലൂടെ നേടിയ പുണ്യങ്ങളും പാപങ്ങളും; ഇനിയുമൊരു ഭാഗത്ത് തജ്ജന്മത്തിലെ ചെയ്തികളും, അവയുടെ പുണ്യങ്ങളും പാപങ്ങളും.

തലയിലെ ഒരു ഭാഗത്ത് ന്യൂറോണുകളിലായി സൂക്ഷിച്ചിട്ടുള്ള നിർജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങളെപ്പറ്റി പറയുമ്പോൾ അവയെ 90 ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ഓരോരോ ജന്മങ്ങളിലും ഓരോ ഭാഗം /ചില ഭാഗങ്ങൾ മാത്രം പ്രവർത്തിക്കുന്നു. മനുഷ്യന് നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗം ചെയ്താൽ ഓരോ ഭാഗങ്ങളെയും മംഗളമായി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

മഹാശക്തിയായ ദൈവം മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴിൽ, വിനോദം, ആനന്ദം തുടങ്ങിയവയെ ജന്മഗുണങ്ങളായി മഹാനിശ്ചയിച്ചുകൊണ്ട് സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും നിയന്ത്രിക്കുന്നു. എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുന്നു. എല്ലാവർക്കും എല്ലാ തൊഴിലുകളും ചെയ്യാനുള്ള അവസരവും, ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം മഹാസമമായി ആസ്വദിക്കാനുള്ള അവസരവും അതിൽപെടുന്നു.

ഓം

മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ

ഗൂഢതയുടെ രഹസ്യം

വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ മഹായുക്തി കൂടിയായ മഹാജ്ഞാനത്തെ മായാശക്തികൾ കൊണ്ട് ഭൗതിക അസ്തിത്വമുള്ള ജഗത്ത് അഥവാ മഹാപ്രപഞ്ചമായി പരിണമിപ്പിച്ചു കഴിയുമ്പോൾ ജഗത്ത് സത്യം അഥവാ യാഥാർത്ഥ്യം ആകുന്നു. ജഗത്ത് മായ ആണ്; എന്നാൽ മിഥ്യ അല്ല.

ജഗത്തിൽ ജീവിക്കുന്നവർക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയണമെങ്കിൽ, ജഗത്തിലെ സർവ്വ വസ്തുക്കളിലും ജീവികളിലും ആനന്ദങ്ങളെ ഭൗതിക അസ്തിത്വത്തോടെ ലയിപ്പിക്കേണ്ടതുണ്ട്. ആനന്ദങ്ങളെ ആസ്വദിച്ച് അനുഭവിക്കുവാൻ ഗൂഢത കൂടിയേ കഴിയൂ. ഉദാഹരണത്തിന് മാമ്പഴത്തിൽ ഗൂഢമായിരിക്കുന്ന മാധുര്യവും പോഷകങ്ങളും ലഭിക്കുവാൻ മാമ്പഴം കഴിക്കണം. മാമ്പഴമോ മാമ്പഴച്ചാറോ കഴിക്കാതെ മാമ്പഴത്തിന്റെ മാധുര്യവും പോഷകങ്ങളും ലഭിച്ചാൽ ... പിന്നീട് മാമ്പഴം കഴിക്കുന്നത് എന്തിന് ? എല്ലാ ഭക്ഷണവും അങ്ങനെ തന്നെ.

മറ്റുള്ള ആനന്ദങ്ങളുടെ കാര്യവും അങ്ങനെ തന്നെ. ഉദാഹരണത്തിന് പാട്ട് കേൾക്കാതെ പാട്ടിൽ ഗൂഢമാക്കിയിട്ടുള്ള വൈവിധ്യമാർന്ന ആനന്ദങ്ങളെ ലഭിച്ചാൽ കുഴച്ചിലാവും. ഇണയുമായി സങ്കല്പത്തിൽ പോലും സല്ലപിക്കാത സമ്പൂർണ്ണമായ കാമാനന്ദം ലഭിച്ചാൽ ഭാവി തലമുറയുടെ കാര്യവും കുഞ്ഞുങ്ങളും വാത്സല്യവും കുഴച്ചിലാവും.

ജനനം, രോഗം, രോഗ മുക്തി, രോഗ ശയ്യയിലെ അനുഭവങ്ങൾ, ജീവിത നേട്ടങ്ങൾ, വിനോദം, വിവാഹം, മരണം, ദൈവ ദർശനം, തുടങ്ങിയ എല്ലാ കാര്യങ്ങളിലും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങൾ ഉണ്ട്. ഗൂഢമാക്കിയിട്ടുള്ള സുഖവും ദുഃഖവും കലർന്ന ആനന്ദങ്ങളെല്ലാം വിഷയ-വസ്തുത സംഭവിക്കാതെ മുൻകൂട്ടി അറിയാനും അനുഭവിക്കാനും കഴിയുമെന്ന് വന്നാൽ ജീവിതം ഇല്ല / സമ്പൂർണ്ണ കുഴച്ചിലാവും. അങ്ങനെയിരിക്കെ ദൈവം/മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് അപരാധം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ മനുഷ്യർ ചെയ്താൽ അത് അപരാധമാണ്.

മറ്റൊരു തരം ഗൂഢതയെപ്പറ്റി ഇനി കുറിക്കാം :-

മഹാദേവിയുടെ മഹാമായാ - ആവിഷ്ക്കാരമല്ലേ സർവ്വവും എന്നും, മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ, സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ചോദ്യങ്ങൾ 3 ഉണ്ട്; 3 ഉത്തരങ്ങളും പ്രത്യേകം വേണം.

(1) മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരം തന്നെയാണ് സർവ്വവും. മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് 'മായക്കളി' നടത്തി വിനോദിക്കുന്നതായി കണക്കാക്കിയാൽ അപരാധം ഉണ്ട്. ആനന്ദങ്ങളെ ഗൂഢമാക്കിയിട്ടുള്ളത് കുഞ്ഞുങ്ങളായ സൃഷ്ടികൾക്കു വേണ്ടിയുള്ള മഹാത്യാഗമായും മഹാവാത്സല്യമായും തിരിച്ചറിയാൻ കഴിഞ്ഞാൽ ശ്രേഷ്ഠം. സർവ്വത്തിനും അതീതമായ മഹാദേവി ക്രൂര വിനോദം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ ചെയ്യുന്നത് അപരാധമാണ്.

(2) മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ എന്നു ചോദിച്ചാൽ 'അതേ', എന്നാൽ ശിവ-ശക്തിചക്രങ്ങൾ മഹാപ്രപഞ്ചത്തിനും മുമ്പ്, ആദിയും അന്തവും ഇല്ലാത്ത അവസ്ഥയോടെ,

സർവ്വത്തിനും അതീതമായ ബ്രഹ്മം കാരണമായി സൃഷ്ടിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും ദീർഘമായി വിവരിച്ചതാണ്.

ബ്രഹ്മം രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും ! കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകാൻ വേണ്ടി മാത്രം (മഹാജീവിയെപ്പോലെ ജീവിക്കുന്ന !) ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ മഹാസൂക്ഷ്മമാക്കിയിട്ടുള്ളതും കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ്.

മഹാ-ദൈവകാര്യങ്ങളെ ക്രൂരതമാശകൾ പോലെ സംസാരിക്കുന്നത് അപരാധമാണ്. <u>മഹാവാത്സല്യവും കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവുമായ മഹാദേവിയെ അപമാനിച്ചാൽ</u> പതിയും, <u>കുഞ്ഞുങ്ങളുടെയെല്ലാം പിതാവുമായ</u> പരമശിവൻ ശിക്ഷിച്ചുതന്നെ തിരുത്തിയെന്നുവരും. പിതാവ് ശിക്ഷിക്കണ്ടേ, സ്വയം വിശകലനംചെയ്യുക.

(3) ദൈവത്തിന് സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, മുമ്പ് വ്യക്തമാക്കിയതാണ്.

കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദങ്ങളെയും വ്യക്തിസ്വാതന്ത്ര്യത്തെയും കണക്കാക്കി മഹാദേവി മഹാമര്യാദ കാട്ടുന്നു.

മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്രത്തെ നിവർത്തിക്കുന്നത് ഓംകാരം തന്നെയാണ്. പരമശിവന്റെ ഹൃദയത്തെയും ഉൾക്കൊണ്ട് പരമശിവനിൽ പ്രവർത്തിക്കുമ്പോൾ വേറിട്ട ശരീരമുള്ള പരമശിവനെ ക്കൂടി ഏറ്റെടുക്കുകയാണ് മഹാദേവി. സ്ഥിതി എന്ന ജീവിതത്തിൽ പുരുഷന് പ്രാധാന്യം എന്നത് ദൈവ കാര്യത്തിൽ വീഴ്ച്ച ഉണ്ടാവാൻ കാരണമായിക്കൂടാ.

ഇനി മഹാദേവിയായി അവതരിക്കുന്ന ബ്രഹ്മം ചേർന്ന മഹാശക്തിചക്രത്തിന്റെ മഹാവിശേഷം കുറിക്കാം.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അഭാവത്തിൽ മഹാദാസനായ പരമശിവന്റെ പത്നിയും ദാസിയുമെന്നോണം പ്രവർത്തിക്കുകയാൽ നേരിട്ട് മഹാകാര്യങ്ങളിൽ ഇടപെടാൻ ശക്തിയില്ല.

മഹാജ്ഞാനത്തെ ബ്രഹ്മ-മഹാദേവിയിൽ നിന്നും ഗ്രഹിച്ചിട്ടുള്ള പരമശിവൻ, പത്നിയായ മഹാദേവിയുടെ മഹാഅസാധാരണമായ സാധാരണത്തം അറിഞ്ഞും അനുഭവിച്ചും മഹാപാദ പൂജ ചെയ്തും മഹാവാഹനമായും ഒക്കെ മഹാദാസ്യ-സേവനം ചെയ്യാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കുന്നു. ആയതിന് മഹാഅനുഗ്രഹവും തേടുന്നു. പരമശിവന്റെ ഉള്ളിൽ കഴിയുന്ന മഹാഹൃദയമായ ഓംകാരം മഹാചിരിക്കുന്നു !

മഹാദാസനും മഹാദേവനുമായ പരമശിവന്റെ പത്നിയും സാധാരണ സ്ത്രീയുമായി കഴിയുന്ന മഹാദേവിക്ക്, പരമശിവനിൽ പ്രവേശിച്ചിട്ടുള്ള ഓംകാരം കനിയാതെ മായാശക്തികൾ ഇല്ല; ആകയാൽ മായാശക്തികൾക്കുവേണ്ടി മഹാദേവിയെ സൃഷ്ടികൾ സമീപിച്ചിട്ടു കാര്യമില്ല. മായാശക്തികളില്ലാതെ സാധാരണ സ്ത്രീയായി ജീവിക്കുന്ന ഏകദൈവത്തെ പാഠമാക്കണം. മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും എപ്പോഴും സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ സദാ മണ്ണിൽ മഹാലയിച്ചിരിക്കുകയാണ്. അവ പ്രകാരം ജീവിക്കാനാണ് മനുഷ്യർ ശ്രദ്ധിക്കേണ്ടത്. മായാശക്തികളെ ആഗ്രഹിച്ചു കൂടാ. മഹാദേവിയുടെ പ്രത്യക്ഷ സാന്നിദ്ധ്യവും മഹാശാസ്ത്ര പാഠങ്ങളും ഉൾക്കൊണ്ട് അത്യാനന്ദത്തോടെ ജീവിക്കാൻ സാധിക്കുന്നതാണ്.

വ്യക്തിസ്വാതന്ത്ര്യം ഒട്ടും ആഗ്രഹിക്കാതെ മഹാശക്തിയും മഹാനീതിപതിയുമായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ച് മാത്രം ജീവിക്കുന്നവനാക്കി എല്ലായ്പ്പോഴും മഹാഅനുഗ്രഹിക്കണമേ എന്ന് വിനീത വിധേയനായി പ്രാർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഓംകാരത്തെ പരമശിവനിൽ പ്രവേശിപ്പിച്ചതായി കണക്കാക്കിയാൽ പരമശിവന് സ്വന്തമായ ഇഷ്ടങ്ങളോ അഭിപ്രായങ്ങളോ പാടില്ല. ഗ്രഹങ്ങളെപ്പോലും നിസ്സാരമായി സൃഷ്ടിക്കുവാൻ ശക്തിയുള്ള ഓംകാരം മഹാ-പ്രവർത്തിക്കുന്നത് ഓംകാര നീതി ശാസ്ത്രം പ്രകാരം മാത്രമാവുന്നതാണ് സമസ്ത പ്രപഞ്ചത്തിലെയും കുഞ്ഞുങ്ങൾക്കു നല്ലത്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാദേവനും ഭർത്താവുമായ പരമശിവന് മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കുന്ന അധികാരി എന്ന നിലയ്ക്ക് ഓംകാരത്തെ ദുരുപയോഗം ചെയ്യാനുള്ള പ്രവണത ഉണ്ടായാൽ, അത് തടയാനായി പരമശിവന്റെ കഴുത്തിലെ കയർ പോലെയുള്ള ഓംകാര നാഗബന്ധനം മുറുകുന്നതും, പരമശിവനെ മഹാസംശുദ്ധനായി സംരക്ഷിക്കുന്നതുമാണ്. അപ്പോഴും എപ്പോഴും പ്രപഞ്ചത്തിലെ സമസ്ത കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടിയാണ് മഹാദേവി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്.

ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണ്ടതായ സന്ദർഭങ്ങളിൽ പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ 'മഹാപ്രപഞ്ചത്തിന്റെ മൊത്തം ശക്തിയിൽ 10 അളവുകളോടെ ശക്തിയുള്ള മഹാവലതുകൈ' അറിയാതെ-അറിഞ്ഞ് ഉയരുകയും മഹാഅനുഗ്രഹിക്കുന്നതുമാണ്.

പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ ഇടതുകാലിന് 10 അളവ്, വലതു കാലിന് 5, മഹാഹൃദയമായ ഓംകാരത്തിന് 20 എന്നെല്ലാം അളവുകളുണ്ട്. മഹാപ്രപഞ്ചത്തിന് ആവശ്യമായ മൊത്തം അഗ്നിയെ വലതുകൈയ്യിലെ ചൂണ്ടുവിരലും, മൊത്തം ജലത്തെ ഇടതുകൈയ്യിലെ ചൂണ്ടുവിരലും വഹിക്കുന്നുണ്ട്. കൈകൾ മാറിയോ എന്നോർമ്മയില്ല. വായുവിന്റെ കാര്യം ഉൾപ്പെടെ ചിലതും ഈയുള്ളവൻ മറന്നു പോയി. മഹാഉചിതമായി മഹാദേവി ഓർമ്മിപ്പിക്കുന്നതാണ് !

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാൽ മേലിൽ, സൃഷ്ടി ചക്രത്തിന്റെ മായ പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ മഹാശക്തിചക്രം കൂടിയായ മഹാദേവി, ഇടയ്ക്കെല്ലാം മായാശക്തികളെ പ്രകടിപ്പിച്ചു കൊണ്ട് പ്രത്യക്ഷമായേക്കാം ! മാത്രമല്ല; മഹാദേവിയുടെ ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിലെ ധാർമ്മിക അധഃപതനത്തെ സമ്പൂർണ്ണമായി തടയാനും മത-രാഷ്ട്രീയ പിശാചുക്കൾ ഇനിയൊരിക്കലും ഭൂമിയിൽ ഉണ്ടാവാതെ മഹാസംരക്ഷിക്കുവാനും ഉദ്ദേശിച്ചാണ്. ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും പിൻവലിക്കുന്നതാണ്. മഹാദേവി സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, ഓംകാര നീതി ശാസ്ത്രവും തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്. അല്പം കുറച്ചാലും വേണ്ടില്ല; മനുഷ്യരാണെന്നതു പോലും അവഗണിച്ച് മത-രാഷ്ട്രീയ-ദേശ പിശാചുക്കളുടെ കൊടിയും പിടിച്ച് കുഞ്ഞുങ്ങൾ തമ്മിൽ തല്ലി ചാകുന്നതു കാണുവാൻ മണ്ണും ഭൂമിയും മഹാവാത്സല്ല്യവുമായ മഹാമാതാവ് ഇഷ്ടപ്പെടുന്നില്ല ! ഓം ശാന്തി ! അമ്മേ ശിവ!

മനുഷ്യൻ എന്ന വ്യക്തിയുടെ/ജീവിയുടെ സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച ഏതാനും മഹാപാഠങ്ങളെ കൂടി ചുവടെ വെളിപ്പെടുത്തുന്നു.

തത്സമയ ജീവിശരീര-രൂപം, സ്ത്രീ പുരുഷ വ്യത്യാസം, മുഖഛായ, ചർമ്മഗന്ധം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം തുടങ്ങിയ ജന്മഗുണങ്ങൾ തന്നെ 2 വിധമുണ്ട്. ഗൂഢവും, പ്രകടവും. ജീവാത്മാവിന്റെ സൃഷ്ടിപരമായ ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, മാതാപിതാക്കളുടെ ഔന്നത്യം- സൃഷ്ടിപരമായ ആയുസ്സ് -ആരോഗ്യം- സാമ്പത്തിക ഭദ്രത എന്നിവ ഗൂഢ- ജന്മഗുണങ്ങളാണ്. ഒരു വ്യക്തിയെ കാണുമ്പോൾ, അഥവാ വ്യക്തിയുടെ ശരീരത്തിൽ നിന്നും മേല്പടി ജന്മഗുണങ്ങളെ അറിയാൻ കഴിയുന്നതല്ല; അറിയാവുന്ന അവസ്ഥ ഉണ്ടായും കൂടാ; ഉണ്ടായാൽ ജീവിതത്തിലെ ആനന്ദം കുറയുകയും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

പ്രകട ജന്മഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവാത്മാക്കൾ അന്യോന്യം കാണുകയും കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുക. ജീവിയുടെ ശരീര-രൂപം, സ്ത്രീ പുരുഷ വ്യത്യാസം, മുഖഛായ, ചർമ്മഗന്ധം, സൗന്ദര്യം, നിറം, എന്നിവ പ്രകട ജന്മഗുണങ്ങളാണ്. എന്നുവച്ചാൽ അവയെ പ്രത്യക്ഷമെന്നോണം ജീവിയുടെ ശരീരത്തിൽ ചേർക്കേണ്ടതുണ്ട്; ചേർത്തിട്ടുണ്ട്; അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുമുണ്ട്. മഹാനീതി ശാസ്ത്ര പ്രകാരം പ്രകട-ജന്മഗുണങ്ങളെ ശരീരത്തിൽ ചേർക്കുന്നത് ദൈവമാണെന്ന കാര്യം മനുഷ്യരുടെ ശ്രദ്ധയിൽ പെടുത്തുന്നില്ല. മനുഷ്യർക്ക് അതറിയാവുന്ന അവസ്ഥ ഉണ്ടായാൽ; ദൈവത്തിന്റെ പ്രത്യക്ഷ സാന്നിധ്യം ഉണ്ടാകും പോലെയാണ്; ജീവിതത്തിലെ ആനന്ദം കുറയുകയും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

സ്ത്രീ പുരുഷ ബീജങ്ങളിൽ ജീനുകൾ എന്ന പേരിലും മറ്റും രൂപപ്പെടുത്തുന്ന ജന്മഗുണങ്ങളെ ജീവാത്മാവിനോടൊപ്പം ഭ്രൂണത്തിന്റെ മൂല-ശരീരത്തിലേക്ക് പ്രവേശിപ്പിക്കുമ്പോഴും, 'ഭ്രൂണം' വളർന്ന് 'കുഞ്ഞ്, കുട്ടി, കുമാരൻ/കുമാരി, യുവാവ്/യുവതി, അച്ഛൻ/ അമ്മ, മുത്തച്ഛൻ/മുത്തശ്ശി, വൃദ്ധൻ/വൃദ്ധ എന്നിങ്ങനെ മാറ്റമുണ്ടാകുമ്പോൾ, മേല്പടി പ്രകട-ജന്മഗുണങ്ങൾ പ്രകടമാവണം. പ്രകടമാവണമെങ്കിൽ അവയെ ചേർക്കേണ്ടത് ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തിന്റെ ചർമ്മത്തിലാവണം.

പ്രകട ജന്മഗുണങ്ങളായ ശരീര-രൂപം, മുഖഛായ, സൗന്ദര്യം, നിറം, തനിപ്പെട്ട ഗന്ധം-ശബ്ദം, എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യർ അന്യോന്യം കാണുന്നതും അറിയുന്നതും ചർമ്മം ആവരണം ചെയ്തിരിക്കുന്ന ശരീരത്തെയാണ്. ജീവികളെല്ലാം ജീവാത്മാവിന്റെ ഭാവങ്ങളും ആനന്ദങ്ങളുമായ വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവ അനുഭവിക്കുന്നത് മുഖ്യമായും ചർമ്മം വഴിയാണ്. നാവ്, കണ്ണ്, ചെവി, മൂക്ക്, മുല, ലിംഗം, നാഭി, കൈപ്പത്തി, കാൽപ്പാദം, ... എന്നിവയുടെ ചർമ്മത്തെയും അവയിലൂടെ ലഭ്യമാകുന്ന ആനന്ദങ്ങളെയും പ്രത്യേകമായും സാധാരണമായും അനുഭവിച്ചു കൊണ്ട് ജീവാത്മാവ് ശരീരത്തിൽ മുഴുവൻ വ്യാപരിക്കുന്നു. ജീവാത്മാവിന് അസ്തിത്വത്തെ സംബന്ധിച്ച പിണ്ഡ ബോധം നൽകാതെ ചർമ്മത്തിലൂടെ വ്യാപരിപ്പിക്കുകയാണ് എന്നും അറിയണം. മാത്രമല്ല; ജീവാത്മാക്കൾക്ക് അന്യോന്യം അറിയാനും ബന്ധപ്പെടാനും ആനന്ദങ്ങളെ അനുഭവിക്കാനും 'പ്രകട ജന്മഗുണങ്ങളെ ചർമ്മവുമായി' ബന്ധിപ്പിക്കുമ്പോൾ, ഗൂഢ-ജന്മഗുണങ്ങളെ ശരീരത്തിലെ ഇതര അവയവങ്ങളുമായും കോശങ്ങളുമായും ഉചിതമായി ബന്ധിപ്പിച്ചിരിക്കുകയാണ്.

ജീവാത്മാവിന്റെ സ്വന്തമായ 'പ്രകട ജന്മഗുണങ്ങളെ' ചർമ്മത്തിലൂടെ പ്രകടമായും, 'ഗൂഢ ജന്മഗുണങ്ങളെ' ഗൂഢമായും വഹിക്കുന്ന 'ശരീരം' സമസ്ത ആനന്ദങ്ങളെയും ജീവാത്മാവിനു നൽകി ക്കൊണ്ട് ജീവാത്മാവിനു വേണ്ടി സദാ പ്രവർത്തിക്കുന്ന ദൈവീക-മഹാവാത്സല്ല്യത്തെ ജീവാത്മാവ് തിരിച്ചറിയുന്നില്ല എന്നേയുള്ളൂ. കുഞ്ഞുങ്ങളായ ജീവാത്മാക്കൾ ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കുക എന്നല്ലാതെ സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിനും, ദൈവാംശമായ ശരീരത്തിനും കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും വേണ്ട.

ചർമ്മത്തിലൂടെ ശരീരം മുഴുവനും ജീവാത്മാവാണെന്ന പ്രതീതിയെ സൃഷ്ടിച്ചും ജീവാത്മാവിനെ ശരീരം ആനന്ദിപ്പിക്കുന്നുണ്ടെന്ന് വിശകലനം ചെയ്താൽ ബോദ്ധ്യമാകും. മേല്പടി ബഹുവിധ കാരണങ്ങളാൽ ചർമ്മത്തെ, ശരീരത്തിൽ നിന്നും വേറിട്ട് വിശകലനം ചെയ്യണം.

...

ദൈവത്തിന്റെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരം ദൈവാംശവും, പ്രത്യക്ഷ ദൈവവുമായി ക്കൊണ്ട്, അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായി ഇല്ലാത്ത ആത്മാവിന് സമസ്ത ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനും വഴിയൊരുക്കുന്നു എന്ന് സ്വയം വിശകലനം ചെയ്താൽ തന്നെ ബോദ്ധ്യമാകും.

മണ്ണും ഭൂമിയും നാടുകളും ദേശങ്ങളും ശരീരങ്ങളും ആകാശവും സമസ്ത പ്രപഞ്ചവുമായി ആദിയും അന്തവും ഇല്ലാത്ത മഹാരൂപത്തെ സ്വീകരിച്ചു കൊണ്ട്, 'വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം, ഖര രൂപമായ മണ്ണ്' എന്നിങ്ങനെ ലഘുവായും ലളിതമായും കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ശാസ്ത്ര കാര്യങ്ങളെ അറിയിക്കുന്നുണ്ട് ദൈവം.

പ്രകടവും ഗൂഢവുമായ ജന്മഗുണങ്ങളെ മുഴുവൻ ദൈവാംശമായ ശരീരത്തോടു ബന്ധിപ്പിക്കുന്നത്, ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം എന്നിവയാണ്. ജീവികളുടെയെല്ലാം ജീവനും ശക്തിയും കൂടിയായ 'ഓക്സിജൻ' ജീവാത്മാവിനെ ശരീരത്തിൽ ബന്ധിക്കുന്നു. ജീവാത്മാവ് ശരീരം കൊണ്ട് നേടിയ ഭക്ഷ്യ പോഷകങ്ങളായ ശക്തികളെയും രോഗങ്ങളെയും ഗൂഢ-ജന്മഗുണങ്ങളെയും മറ്റും രക്തത്തിലെ ജലം 'ഓക്സിജന്റെ' സഹായത്തോടെ ശരീരത്തിൽ മുഴുവൻ വ്യാപരിപ്പിക്കുന്നു.

ചർമ്മം നീക്കം ചെയ്ത് മാംസമായിരിക്കുന്ന ശരീരത്തോടും, പൊട്ടിയ / വ്രണങ്ങളുള്ള ചർമ്മത്തോടും ആത്മാവിന് അഥവാ ജീവികൾക്ക് ഉണ്ടാകുന്ന വികാര വിചാരങ്ങൾ വ്യത്യസ്തമായിരിക്കും.

പാൽ, നെല്ലരി, ഗോതമ്പ്, കപ്പ, പഴങ്ങൾ, പച്ചക്കറികൾ, മുട്ട, മാംസം, മീൻ എന്നിവയിലെ ഒരേ വർഗ്ഗത്തിന് സമാനമായ രുചിയും മണവും ഗുണവും (പോഷകങ്ങളും) ആണെന്ന് മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും അനുഭവിച്ച് അറിയാം. ആട്, പോത്ത്, കോഴി, നെയ്മീൻ, മത്തി, അയല, കരിമീൻ എന്നിവയുടെ മാംസത്തെ ഭക്ഷിച്ച് അറിയാമെങ്കിൽ, ഭക്ഷിക്കാതെ തന്നെ ഭൂമിയിലെ മനുഷ്യരുടെ ശരീരത്തെ 'മാംസം' എന്ന ഭക്ഷണമായി കണക്കാക്കിയാൽ മാംസത്തിന് സമാനവും തനതുമായ രുചി ഉണ്ടാകുമെന്ന് നിസ്സാരമായി മനസ്സിലാക്കാൻ കഴിയും.

മാതാപിതാക്കളുടെ സ്വത്വമായ ജീവാത്മാക്കൾക്ക് 'സ്ത്രീയോ പുരുഷനോ ആയ കുഞ്ഞായ പുതിയ മനുഷ്യന്റെ' സൃഷ്ടിക്ക് കാരണമായ 'ബീജം എന്ന ജന്മഗുണങ്ങളെ ചേർത്ത ജീവാത്മാവിനെയും' അണ്ഡം എന്ന മൂല-ശരീരത്തെയും' സൃഷ്ടിക്കുന്നതിൽ, പങ്കില്ലെന്നും മാതാപിതാക്കളിലെ ശരീരത്തിനാണ് പങ്കെന്നും, ദൈവാംശം മാത്രമായ അവരിലെ ശരീരം സ്വയം നിർവ്വഹിക്കുകയാണെന്നും മുമ്പ് വിശദീകരിച്ചതാണ്. ഭ്രൂണത്തിന്റെ സ്ത്രീപുരുഷ-ലിംഗവ്യത്യാസത്തെ നിശ്ചയിക്കുന്നതിലും മാതാപിതാക്കളായ ജീവാത്മാക്കൾക്കു പങ്കില്ല... തെളിയിക്കുന്നു...

ശരീരത്തിന്റെ പൊതുവായ രൂപം, ഘടന, ഓരോരോ അവയവങ്ങളുടെയും രൂപം, എണ്ണം, നിർമ്മാണം, പ്രവർത്തനം, വളർച്ച, കോശങ്ങളുടെ നിർമ്മാണവും പ്രവർത്തനവും തുടങ്ങിയവ നിശ്ചയിക്കുന്നതും ചെയ്യുന്നതും ജീവിയുടെ സ്വത്വം, വ്യക്തി ബോധം, എന്നെല്ലാം അറിയപ്പെടുന്ന ജീവാത്മാവല്ല. പുറമെ നിന്ന് യാതൊരാളും പ്രത്യക്ഷമായി വന്ന് ശരീരത്തിൽ പ്രവർത്തിക്കുന്നില്ല. വേറിട്ട സ്വത്വത്തെ സ്വീകരിക്കാതെ, ശരീരം സ്വയം ജീവാത്മാവിനു വേണ്ടി യാതൊരു സ്വാർത്ഥങ്ങളും ഇല്ലാതെ മഹാവാത്സല്ല്യത്തോടെ പ്രവർത്തിക്കുന്ന മഹാഅത്ഭുതമാണ് സംഭവിക്കുന്നത്.

യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന് എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനുമായി ശരീരം സ്വയം ജീവാത്മാവിനു വേണ്ടി പ്രവർത്തിക്കുകയാണ്. ഉദാഹരണത്തിന്, ശരീരം വിശപ്പിനെ ഉണ്ടാക്കുമ്പോൾ, ശരീരത്തിലെ അവയവങ്ങൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് ജീവാത്മാവ് ആണെങ്കിൽ, പകരം ജീവാത്മാവിന് ബഹുവിധ രുചിയും മണവും ഗുണവും തൃപ്തിയും ചേർന്ന ഭക്ഷണ ആനന്ദത്തെ ശരീരം നൽകുകയും, ഒപ്പം അവയവ വളർച്ച, രോഗ മുക്തി, നര തുടങ്ങിയ അനേകം പ്രവൃത്തികളെ (ജീവാത്മാവിനു വേണ്ടി) ശരീരം സ്വയം ചെയ്യുന്നു.

ജീവാത്മാവിന് ഭക്ഷണ ആനന്ദത്തെ കൂടാതെ, സംഗീതം ഉൾപ്പെടെയുള്ള വിനോദങ്ങളിൽ നിന്നും, തൊഴിലിൽ നിന്നും; ഭക്തി, വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവയിൽ നിന്നും 'ആനന്ദങ്ങളെ' ലഭ്യമാക്കുന്നതും ശരീരമാണ്.

സ്വയം പ്രവർത്തിക്കുവാൻ മഹാശക്തിയായ ദൈവത്തിനും ദൈവാംശങ്ങൾക്കും മാത്രമേ കഴിയൂ. അനേകം കോടി ജീവാത്മാക്കൾ ഉള്ളതിനാൽ, ഓരോ ശരീരവും ദൈവാംശം മാത്രമാണെന്നു തെളിയുന്നു.

സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കുമ്പോൾ; യാതൊന്നും സ്വന്തമായി ഇല്ലാത്ത സൃഷ്ടിയായ ജീവികൾക്ക് പ്രത്യക്ഷമായ അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ശക്തികളും, ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും നൽകേണ്ടതായ കടമ സ്രഷ്ടാവിനുണ്ട്.

ആനന്ദങ്ങളെയെല്ലാം ദൈവം പ്രത്യക്ഷമായി ജീവികൾക്കു നൽകിക്കൊണ്ടിരുന്നാൽ, സ്രഷ്ടാവ് കാരണമായി ജീവികളെല്ലാം യാതൊന്നും ചെയ്യാൻ ഇല്ലാത്തവരും, സൃഷ്ടി അർത്ഥശൂന്യവുമായി മാറും. അത് ഒഴിവാക്കണമെങ്കിൽ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടിയായ ജീവികളുടെയും അസ്തിത്വം, സാന്നിദ്ധ്യം എന്നിവയിൽ ഭാഗികമായി ഗൂഢത കൂടി ഉണ്ടാവണം. അതിനായി ദൈവത്തിന്റെ അംശം ശരീരമായി ജീവാത്മാവിന്റെ ഒപ്പം കൂടിയിരിക്കുകയാണ്. ...

ജീവാത്മാവിന് ശക്തി ഉൾപ്പെടെയുള്ള ആനന്ദങ്ങളെയും നീതികളെയും ശരീരത്തിലൂടെ ലഭ്യമാക്കുന്നതിനു വേണ്ടി ശരീരം സ്വയം സദാ പ്രവർത്തിക്കുന്നു.

ശരീരം, ജീവാത്മാവിന് അനുവദിച്ചിട്ടുള്ള നാവ്, വിരലുകൾ, കൈകാലുകൾ, കീഴ്ത്താടി, ചുണ്ട്, കവിളുകൾ, കൺപോളകൾ **എന്നിവയുടെ ഭാഗികമായ ചലനങ്ങളെ കൊണ്ട് ജീവാത്മാവിന് ഇഷ്ടങ്ങളെ നേടാവുന്നതാണ്. ഉദാഹരണത്തിന് 1) വാത്സല്യം, സ്നേഹം, കാമം, ദാനം..... 2) നക്കുക, ഭക്ഷിക്കുക, കുടിക്കുക, നടക്കുക, ഓടുക, ... തൊഴിൽ ചെയ്യുക, സമ്പാദിക്കുക.**

ഓരോ ജീവിയുടെയും - ഓരോരോ പുരുഷന്റെയും സ്ത്രീയുടെയും ശരീരം ദൈവാംശം ആണെങ്കിലും, അടിസ്ഥാന പരമായി ഓരോ ശരീരവും പ്രവർത്തിക്കുന്നത് ഒരൊറ്റ വ്യക്തിക്കു വേണ്ടി മാത്രം ആവുകയാൽ, വ്യക്തിയെ സംബന്ധിച്ചിടത്തോളം വ്യക്തിക്ക് ലഭിച്ചിട്ടുള്ള ശരീരം വ്യക്തിയുടെ മാത്രം സ്വന്തമായ ദൈവാംശമാണ്; പ്രത്യക്ഷ ദൈവമാണ്. അതായത്, "എന്റെ" എന്ന 'അവകാശത്തെ' ശരീരം തന്നെ ജീവാത്മാവിന് നൽകാതെ നൽകുന്നുണ്ട്.

ജീവാത്മാവിനു വേണ്ടി മാത്രം പ്രവർത്തിക്കുന്ന ദൈവാംശമായ ശരീരത്തിനോട് ധർമ്മശാസ്ത്ര പ്രകാരം പെരുമാറാൻ ജീവാത്മാവിന് സ്വയം ബാദ്ധ്യതയുണ്ട്. ഉദാഹരണത്തിന്, ശരീരം, ജീവാത്മാവിനു വേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ള നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങൾക്കും കോശങ്ങൾക്കും അവയവങ്ങൾക്കും രോഗങ്ങളുടെ രൂപത്തിലും മറ്റും വിനാശം ഉണ്ടാക്കുന്നതായ മദ്യപാനം, പുകവലി, മയക്കുമരുന്ന്, തുടങ്ങിയവ ഒഴിവാക്കുവാൻ ജീവാത്മാവിനു വേണ്ടി ജീവാത്മാവ് ശ്രദ്ധിക്കണം. ജീവാത്മാവിന്റെ അലംഭാവം, അഹങ്കാരം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ,... എന്നിവയ്ക്ക് ആനുപാതികമായി അംഗവൈകല്ല്യം, കുഷ്ഠം, കാൻസർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങളെ, 'മൂലകങ്ങളിലെ ന്യൂനശക്തികളെ' കൊണ്ട് ഓംകാര നീതിശാസ്ത്ര പ്രകാരം ശരീരം നിർവ്വഹിക്കുന്നതാണ്.

ഏതാനും അവയവങ്ങളെയും, ശരീരത്തെ മൊത്തമായും ചലിപ്പിക്കുവാൻ ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യത്തെ നൽകുവാനും, പ്രസ്തുത നാമമാത്രമായ സ്വാതന്ത്ര്യം കൊണ്ട് ശരീരത്തെ മൊത്തം ഭരിക്കും പോലെയുള്ള തോന്നലും സന്തോഷവും ജീവാത്മാവിന് നൽകുവാനും ശരീരം ശ്രദ്ധിക്കുന്നു എന്നു പറയുമ്പോൾ, മഹാനീതി ശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ പ്രവേശിപ്പിക്കാനും, ജീവാത്മാവിന് ശരീരത്തെ ഒട്ടും ചലിപ്പിക്കാൻ കഴിയാത്ത പൂർണ്ണ തളർച്ചയെ സൃഷ്ടിക്കുവാനും ജീവാത്മാവിനെ ഫലത്തിൽ ഭാഗികമായോ പൂർണമായോ ബന്ദിയാക്കാനും ശരീരത്തിനു കഴിയും. ശരീരം അത് ചെയ്യുന്നുമുണ്ട്. ജീവാത്മാവിനെ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുന്നതും ശരീരത്തിൽ നിന്നും പുറത്താക്കുന്നതും, നിശ്ചയിക്കുന്നതും, ശരീരമാണെന്ന് പ്രത്യക്ഷമായി മറ്റുള്ള ജനങ്ങൾക്കും ജീവികൾക്കും സംഭവിക്കുന്ന ജനന-മരണങ്ങളിൽ നിന്നും മറ്റും സ്പഷ്ടമാണ്; ജനങ്ങൾ മനസ്സിലാക്കുന്നുമുണ്ട്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളിലും ശരീരവും, ആത്മാവും വേറിട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നു തെളിയുമ്പോൾ, ആത്മാവിനെ ഭരിക്കുന്ന ശരീരം പ്രവർത്തിക്കുന്നത് ആത്മാവിനു വേണ്ടി മാത്രമാണെന്നും, ആത്മാവിന് 'ജീവിയെന്ന അസ്തിത്വം നൽകിക്കൊണ്ട് ' ആത്മാവിന്റെ സ്വന്തമെന്നോണം പ്രവർത്തിക്കുകയാണു ചെയ്യുന്നത് എന്നും വ്യക്തമാണ്. ജീവാത്മാവ് ശരീരത്തെയല്ലാ, മറിച്ച് ശരീരം ജീവാത്മാവിനെയാണു ഭരിക്കുന്നത് എന്നതും, ജീവാത്മാവിന് 'ജീവി' എന്ന അസ്തിത്വം നൽകുന്നതും, 'സ്വയം അറിയാനും, ഉറ്റവരായ മറ്റുള്ളവരെ അറിയുവാൻ പോലും അത്യാവശ്യമായ ശരീരം തന്നെയാണ് ജീവാത്മാക്കൾക്ക് / ജീവികൾക്ക് മുഴുവൻ പ്രധാനം.

വിശകലനം ചെയ്യുമ്പോൾ, ശരീരം എന്താണെന്നു പോലും അറിയാതെയാണ് 'ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യന്റെ സ്വത്വമായ ജീവാത്മാവ് ' പോലും ശരീരത്തിലൂടെ ജീവിക്കുന്നതെന്ന് വെളിപ്പെടുന്നു !

'എന്റെ' എന്ന പദത്തിന്റെ അർത്ഥം വിശദമാക്കുന്നു.

"എന്റെ" എന്ന പദത്തിന്റെ സത്യവും വിപുലവുമായ അർത്ഥങ്ങളെ പഠിക്കാൻ കഴിഞ്ഞാൽ, ജീവാത്മാവിന് സ്വന്തം നിസ്സാരതയും, ശരീരം നൽകുന്ന ശ്രേഷ്ഠതയും ശരിയാംവണ്ണം ബോദ്ധ്യമാകുന്നതാണ്. ജീവാത്മാവിനെ അഥവാ വ്യക്തിയെ കുഞ്ഞായിട്ട് ജനിപ്പിക്കുമ്പോൾ മുതൽ മാതാപിതാക്കളിലൂടെയും ഉറ്റവരിലൂടെയും സ്നേഹ വാത്സല്യങ്ങളെ ദൈവം ലഭ്യമാക്കുന്നതു കൊണ്ടു കൂടിയാണ് ശരീരത്തിന്റെ പ്രാധാന്യത്തെ ജീവാത്മാവ് അറിയാതെ പോകുന്നത്. "എന്റെ" എന്ന പദത്തിന്റെ അർത്ഥം ചുവടെ ചേർത്തിരിക്കുന്നത് 'അറിയാമോ' എന്ന് ഓരോ വ്യക്തിയും സ്വയം പരിശോധിക്കുന്നത് നന്നായിരിക്കും.

"എന്റെ" എന്ന പദം അവകാശത്തെയും തദ്വാരാ അധികാരത്തെയും സൂചിപ്പിക്കുന്നതാണ്. വാസ്തവത്തിൽ, ഏതൊന്നും സൃഷ്ടിക്കുന്ന ശക്തിക്കു മാത്രമേ സ്വന്തം സൃഷ്ടിയുടെ മേൽ അവകാശവും അധികാരവും പ്രാപ്തമാകുകയുള്ളൂ.

മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെയോ, സ്വന്തം എന്ന് കരുതുന്ന ശരീരത്തെയോ സ്വയം സൃഷ്ടിച്ചതല്ലാ, എന്നും അഥവാ സ്രഷ്ടാവ് സ്വയം വ്യക്തി തന്നെയല്ലാ എന്നും ഓരോ വ്യക്തിക്കും അറിയാം. ആത്മാവിനെ വിഷയമാക്കാതെ പറയുമ്പോഴും, വ്യക്തി സ്വയം ആവിഷ്ക്കരിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യാത്തതായ സ്വന്തം അസ്തിത്വത്തിന്റെ മേൽ അവകാശവും അധികാരവും ഇല്ല.!

മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവിയും സ്വയം ഉണ്ടായതല്ലാ എന്നും, ജീവിയുടെ പ്രധാന ഭാഗങ്ങളായ ശരീരം, ജീവാത്മാവ് എന്നിവയുടെ സൃഷ്ടി, എപ്പോൾ എങ്ങനെ സംഭവിച്ചു എന്നു പോലും ജീവാത്മാവ് എന്ന വ്യക്തിക്ക് അറിയില്ല എന്നു ബോദ്ധ്യപ്പെടുമ്പോൾ, 'താൻ' ആരാണ് എന്നു പോലും അറിയാത്ത, അഥവാ 'സ്വന്തം അസ്തിത്വം പോലും അറിയാത്ത' മനുഷ്യൻ നിസ്സാരനാണെന്ന് സ്വയം അറിയുന്നു.!

മാതാപിതാക്കളിലൂടെ സൃഷ്ടിക്കപ്പെട്ടതുകൊണ്ട്, ജീവിയുടെ സ്വത്വമായ ജീവാത്മാവിന്റെയോ, വഹിക്കുന്ന ശരീരത്തിന്റെയോ സൃഷ്ടികർത്താവ് മാതാപിതാക്കൾ അല്ല. എന്തുകൊണ്ടെന്നാൽ :

പ്രസവിക്കുക, മുട്ടയിടുക, ആമ-ഓന്ത്-എലി-മനുഷ്യക്കുഞ്ഞ് എന്നിങ്ങനെ ഏതിനെ പ്രസവിക്കണം, സ്ത്രീ-പുരുഷന്മാരിലെ അണ്ഡ-ബീജ നിർമ്മാണം, ജനിക്കുന്ന കുഞ്ഞിന്റെ ആൺ-പെൺ വ്യത്യാസം, രൂപം സൗന്ദര്യം അവയവങ്ങൾ ഘടന വളർച്ച പ്രവർത്തനം തുടങ്ങിയവ നിശ്ചയിക്കുന്നതും ചെയ്യുന്നതും മാതാപിതാക്കൾ അല്ലെന്നും, കാമാനന്ദത്തിൽ ഏർപ്പെടുന്ന മാതാപിതാക്കൾ പോലും അറിയാതെ, ദൈവം എന്ന അനിർവ്വചനീയം കൂടിയായ മഹാശക്തി; ജീവാത്മാവിനെയും ശരീരത്തെയും വെവ്വേറെ സൃഷ്ടിക്കുകയും, ശേഷം ചേർത്ത് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയും സൃഷ്ടിക്കുകയാണ് എന്നും അറിയുമ്പോൾ, സൃഷ്ടിയായ മനുഷ്യൻ/ വ്യക്തി വീണ്ടും നിസ്സാരനായി മാറുന്നു. **ഗ്രന്ഥത്തിന്റെ തുടക്കത്തിൽ, സൃഷ്ടി**-സ്ഥിതി-സംഹാര പാത്രവും, **ആകാശവുമായ ശിവലിംഗത്തിലാണ് സമസ്ത ജീവികളും ജനിക്കുന്നത് എന്ന് തെളിയിച്ചിരുന്നു.**

അമ്മ, ഭൂമി എന്നീ പദങ്ങളെ അല്പം വിശകലനം ചെയ്ത ശേഷം "എന്റെ" എന്ന വിഷയം തുടരാം.

പ്രസവിച്ച അമ്മയെ "എന്റെ അമ്മ" എന്ന് കുഞ്ഞുങ്ങൾ വളരുമ്പോൾ വിളിക്കുമെങ്കിലും, അമ്മയ്ക്ക് ഒന്നിലധികമോ അനേകമോ മക്കളുണ്ടെങ്കിൽ, "എന്റെ മാത്രം അമ്മയല്ല." അമ്മ, അച്ഛൻ തുടങ്ങിയ വാക്കുകളും അർത്ഥങ്ങളും പോലും അമ്മയിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ പഠിക്കുന്നതാണ്.

അമ്മൂമ്മ, അപ്പൂപ്പൻ എന്നിവരിലൂടെ 'അമ്മയെ' സൃഷ്ടിച്ചത് ദൈവം ആണെന്നിരിക്കെ, അമ്മയുടെ മകനെന്നും മകളെന്നും സ്വയം കരുതുന്ന വ്യക്തിക്ക് അഥവാ ജീവാത്മാവിന് യഥാർത്ഥത്തിൽ അമ്മയും സ്വന്തമല്ല. എന്തുകൊണ്ടെന്നാൽ, അമ്മ ജനിച്ചതും വളർന്നതും പഠിച്ചതും വിവാഹം കഴിച്ചതും പ്രസവിച്ചതും, .. മരിക്കുന്നതും മറ്റും 'മകനെന്നും മകളെന്നും' കരുതുന്ന ജീവാത്മാവ് സ്വന്തം പ്രവൃത്തികളെ കൊണ്ട് ചെയ്തതോ നേടിയതോ ആയ വസ്തുതകളല്ല; ജീവാത്മാവ് അറിയുന്നു പോലുമില്ല; പിന്നെ എന്ത് അവകാശമാണ് അമ്മയുടെ മേൽ മകനും മകൾക്കും ഉള്ളത് ? ഗർഭത്തിൽ ചുമന്നതും, മുലപ്പാൽ ഊട്ടിയതും, മലവിസർജ്ജനങ്ങളെ ശുദ്ധി ചെയ്തതും വളർത്തി സംരക്ഷിച്ചതുമെല്ലാം അമ്മയും അച്ഛനും മറ്റ് ഉറ്റവരും കാട്ടിയ ഔദാര്യം ആണെന്നിരിക്കെ, "എന്റെ അമ്മ" എന്ന് അവകാശപ്പെടാൻ മക്കൾക്ക് യഥാർത്ഥത്തിൽ യാതൊരു അവകാശവും ഇല്ല തന്നെ. ഇനി അമ്മയെ സംബന്ധിച്ചു പറയുമ്പോൾ, എത്ര മക്കൾ ഉണ്ടെങ്കിലും, അത് അമ്മയുടെ മാത്രം മക്കളാണ്.

കാമവികാരം ഉണ്ടാകാതെ എല്ലില്ലാത്ത പുരുഷ ലിംഗം നിവരില്ലെന്നതു കൊണ്ടും, 'ജീവാത്മാവ് സ്വയം നിശ്ചയിച്ചു ചെയ്യുന്ന പ്രവൃത്തിയല്ലാ ബീജ /അണ്ഡ സൃഷ്ടി' എന്നതു കൊണ്ടും, കുഞ്ഞിനെ വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും പുലർത്തുന്ന ധർമ്മ ശാസ്ത്രപരമായ കടമകളുടെ പൂർത്തീകരണം കൊണ്ടു മാത്രമേ കുഞ്ഞുങ്ങളുടെ മേൽ പിതാവായ പുരുഷനും (ഭാഗികമായി മാതാവിനും) അവകാശവും അധികാരവും പ്രാപ്തമാകുകയുള്ളൂ എന്നത് വേറിട്ട വിഷയമാണ്.

ജ്ഞാനം വർദ്ധിക്കുന്ന മുറയ്ക്ക് ജീവാത്മാവിന് സ്വന്തം ചിന്തകളും പ്രവൃത്തികളും നിസ്സാരമായി അനുഭവപ്പെടുന്നതാണ്.

ഇനി, ജനിച്ച കുഞ്ഞ് വളർന്നു ജീവിക്കുന്നതിന് ആധാരമായിരിക്കുന്ന മണ്ണായ ഭൂമിയെ പ്പറ്റി പറയുമ്പോൾ, കുഞ്ഞ് വളരുന്തോറും മണ്ണായ ദേശത്തെയും ഭൂമിയെയും കുറെയൊക്കെ അറിയുന്നു എന്നല്ലാതെ, ഭൂമിയിലെ മൂലകങ്ങളിൽ പെട്ട ഓക്സിജൻ, കാർബൺ, ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, സൾഫർ, തുടങ്ങിയവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതും അതിലൂടെ ഭൂമിയുടെ അംശമാണ് ശരീരം എന്നും ശരിയാംവണ്ണം അറിയുന്നില്ല. സ്വന്തമെന്നു കരുതുന്നതായ ശരീരത്തെ പ്പോലും ശരിയാംവണ്ണം അറിയാതെ ജീവിക്കുന്നു എന്നതാണ് വാസ്തവം.

മണ്ണിലെ മൂലകങ്ങൾ കൊണ്ട് അഥവാ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ കൊണ്ട് രൂപപ്പെട്ട 'പ്രത്യക്ഷ ദൈവമായ ശരീരം' ജീവാത്മാവിനെ ശരീരത്തിൽ പ്രവേശിപ്പിക്കുകയും (ജനിപ്പിക്കുകയും) പുറത്താക്കുകയും (മരിപ്പിക്കുകയും) ചെയ്യുന്നു എന്നല്ലാതെ 'ശരീരം സ്വയം ചെയ്യുന്ന ശ്വസനം, കോശങ്ങളുടെ സൃഷ്ടി, ദഹനം, വിസർജ്ജനം, ഉറക്കം, രോഗങ്ങൾ, രോഗ മുക്തി, അണ്ഡ-ബീജ സൃഷ്ടി, ശരീര വളർച്ച, മരണം, തുടങ്ങിയ ബഹുവിധ പ്രവർത്തനങ്ങളിൽ ജീവാത്മാവിന് യാതൊരു പങ്കുമില്ലാതിരിക്കുകയോ നിസ്സാരമായ പങ്ക് മാത്രം ഉണ്ടായിരിക്കുകയോ ചെയ്യുന്നത്,' ജീവാത്മാവിനെ കൂടുതൽ നിസ്സാരനാക്കുന്നു.

ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തിന്റെ നിർമ്മിതിയും പ്രവർത്തനങ്ങളും, ഉദാഹരണത്തിന് തലമുടി, തലച്ചോർ, നെറ്റി, കണ്ണ്, കൺപോളകൾ, കൺപീലികൾ, ചെവി, മൂക്ക്, വായ, ചുണ്ട്, നാക്ക്, പല്ല്, കൈകാലുകൾ, വിരലുകൾ, ബഹുവിധങ്ങളായ അസ്ഥികൾ, രക്തക്കുഴലുകൾ, നെഞ്ച്, ശ്വാസകോശം, ഹൃദയം, കരൾ, ആമാശയം, ചെറുകുടൽ, വൻകുടൽ, കിഡ്നി, മൂത്രാശയം, ലിംഗം, ഗർഭാശയം, ത്വക്ക്, തുടങ്ങിയ അവയവങ്ങളെയും അവയുടെ സ്ഥാനങ്ങളെയും ഘടനകളെയും രൂപങ്ങളെയും നിറങ്ങളെയും പ്രവർത്തനങ്ങളെയും ഒക്കെ നിശ്ചയിച്ചിട്ടുള്ളതും നിശ്ചയിക്കുന്നതും ശരീരം തനിച്ചാണെന്നതും സ്വത്വമായ ജീവാത്മാവിന് യാതൊരു പങ്കുമില്ല എന്ന തിരിച്ചറിവ് ജീവാത്മാവിനെ ഏറ്റവും നിസ്സാരനാക്കുന്നു.

വേദനയില്ലാതെ വെട്ടിയൊതുക്കാൻ ജീവാത്മാവിനെ ശരീരം അനുവദിച്ചിട്ടുള്ള തലമുടി, നഖം, എന്നിവയുടെ വളർച്ചകൾക്ക് സാക്ഷിയാവുകയും അവയെ വെട്ടിയൊതുക്കുകയും ചെയ്യുന്ന ജീവാത്മാവിന് അവയുടെ വളർച്ച, ചുരുളൽ, നിറം തുടങ്ങിയവ പോലും സാധാരണ ഗതിയിൽ അറിയാനോ നിയന്ത്രിക്കാനോ കഴിവില്ലെന്നത് ചിന്തിച്ചാൽ ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യപ്പെടുന്നതാണ്.

50 - 60 വയസ്സെത്തിക്കൊണ്ട് അറിവും അനുഭവങ്ങളും ഏറെ നേടിയ മനുഷ്യർക്ക് സ്വന്തം എന്ന് പറയുന്ന ശരീരത്തിന്റെ വളർച്ച, മുടി കൊഴിച്ചിൽ, കഷണ്ടി, നര, ... മരണം തുടങ്ങിയ ബഹുവിധ കാര്യങ്ങളെ നിശ്ചയിക്കാനോ മുൻകൂട്ടി അറിയാൻ പോലുമോ കഴിവില്ലെന്നതും, ഒരു മുഴയോ മുഖക്കുരുവോ ശരീരത്തിൽ ഉണ്ടാകുന്നതു പോലും ശരീരത്തിന്റെ ഇഷ്ടം അനുസരിച്ചു മാത്രമാണെന്നതും, ജീവാത്മാവിനെ സ്വന്തം നിസ്സാരത ബോദ്ധ്യപ്പെടുത്തുന്നതാണ്.

ജീവാത്മാവിനെ വഹിക്കുന്ന ശരീരം പോലും ജീവാത്മാവിന്റെയോ മാതാപിതാക്കളുടെയോ സ്വന്തമല്ലാ എന്നതിനു പുറമേ, മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ശരീരം പ്രവർത്തിക്കുന്നത് ഭൂമിയുടെ (അംശങ്ങളായ) മൂലകങ്ങളിലെ നിയമങ്ങളും ശക്തികളും പ്രകാരമാണെന്ന് സുവ്യക്തമാകുന്നു. ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യപ്പെടുന്നതാണ്.

ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആയുസ്സ് 100 വയസ്സിൽ താഴെയാണ് എന്നു പറയുമ്പോൾ, 1000 കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയും ദേശങ്ങളും, ഇന്നത്തെ വ്യക്തി ജനിക്കുന്നതിന് എത്രയോ മുമ്പ് ഉണ്ടെന്നും, നാളെ വ്യക്തിയെ ശരീരം മരിപ്പിച്ച ശേഷവും ശരീരം വീണ്ടും മണ്ണായ ഭൂമിയിൽ ലയിച്ചു ചേരുകയും, ഭൂമിയും ദേശങ്ങളും നിലനിൽക്കുമെന്നും സുവ്യക്തമാണ്. **തുച്ഛമായ ആയുസ്സോടെ 'ജനിച്ചു ജീവിച്ചു മരിക്കുന്ന വ്യക്തി'**, 1000 **കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയെയും ദേശങ്ങളെയും 'എന്റെ ദേശമെന്നോ എന്റെ ഭൂമിയെന്നോ' പറയുന്നത് മറ്റൊരു ഭോഷത്തമായി മാറുന്നു; കൂടുതൽ നിസ്സാരനാവുകയും ചെയ്യുന്നു.** അതേസമയം, 1000 കോടിയിലധികം വർഷങ്ങൾ പ്രായമുള്ള മഹാമാതാവും മണ്ണുമായ ഭൂമിയെയും, അംശങ്ങളും അവയവങ്ങളുമായ ദേശങ്ങളെയും സംബന്ധിച്ചിടത്തോളം, എക്കാലവും സൃഷ്ടിച്ചു പരിപാലിച്ചതും മരിപ്പിച്ചതും മോക്ഷം നൽകിയതും, ഇപ്പോൾ പരിപാലിക്കുന്നതുമായ കുഞ്ഞുങ്ങൾ എല്ലാവരും തന്നെ 'ഭൂമിക്ക് സമ്പൂർണ്ണമായ അവകാശവും അധികാരവും ഉള്ളതായ ഭൂമിയുടെ സ്വന്തം കുഞ്ഞുങ്ങൾ തന്നെയാണ് '. പ്രസ്തുത ജ്ഞാനവും ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.

ഇന്നലെകളിൽ ജനിച്ച്, ഇന്നുകളിൽ ജീവിച്ച്, നാളെകളിൽ ശരീരത്തിൽ നിന്നും 'ദൈവാംശമായ **ശരീരത്തിന്റെ ഇഷ്ട പ്രകാരം' പുറത്താക്കപ്പെടുകയും (മരിക്കപ്പെടുകയും) ചെയ്യുന്ന ജീവാത്മാവിന് ആകാശം പോലെയുള്ള മഹാശൂന്യത്തിന്റെ വളരെ ചെറിയ അംശത്തെയോ, ഒരു തരി മണ്ണു പോലുമോ സ്വന്തമായി സൃഷ്ടിക്കാനോ, മരിക്കുമ്പോൾ കൂടെ കൊണ്ടു പോകാനോ കഴിവില്ല.**

അത് എത്രമാത്രം ശരിയാണെന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് ജീവാത്മാവ് കൂടുതൽ കൂടുതൽ നിസ്സാരനാകുന്നതാണ്. **"എന്റെ ദേശം, എന്റെ രാജ്യം, എന്റെ ഭൂമി" എന്നെല്ലാം ജീവാത്മാവ് പുലമ്പിയാൽ, അജ്ഞാനത്തിന്റെ കൊടുമുടിയിൽ കയറിയെന്ന് പുച്ഛിക്കേണ്ടതായി വരും.** പ്രസ്തുത ജ്ഞാനവും ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.

മനുഷ്യന്റെ ശരീരത്തെയും ആത്മാവിനെയും സൃഷ്ടിച്ച ശക്തിക്കു മാത്രമാണ് മനുഷ്യന്റെ മേൽ അവകാശവും അധികാരവും ഉള്ളത് എന്നിരിക്കെ, **അസ്തിത്വം പോലും സ്വന്തമല്ലാത്ത മനുഷ്യന് മറ്റെന്തെങ്കിലും "സ്വന്തമാണെന്ന്" അവകാശപ്പെടാനാവില്ല. "എന്റെ" എന്ന പദം ഉപയോഗിക്കാൻ പോലും അവകാശവും അധികാരവും ഇല്ലാതെ വരുന്നു.**

മണ്ണിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് ബഹുവിധ ഭക്ഷണ സാധനങ്ങളും, വസ്ത്രങ്ങളും, ആഭരണങ്ങളും, ഭവനങ്ങളും, വാഹനങ്ങളും, ... മൊബൈൽ ഫോണുകളും മറ്റും ഉണ്ടാക്കി ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുമ്പോൾ, മണ്ണിലെ മൂലകങ്ങളെയും, അവയിൽ ലയി(പ്പി)ച്ചിട്ടുള്ള ശക്തികളെയും നിയമങ്ങളെയും, ശരീരം നൽകിയ ശക്തികളെ കൊണ്ട് ജീവാത്മാവ് ഉപയോഗപ്പെടുത്തി എന്നല്ലാതെ യാതൊരു നിയമങ്ങളെയും ശക്തികളെയും അവ പ്രകാരമുള്ള മൂലകങ്ങളെയും സ്വന്തമായി സൃഷ്ടിക്കാൻ മനുഷ്യന് / ജീവാത്മാവിന് കഴിയില്ല; കഴിവില്ല എന്നത് ജീവാത്മാവിനെ കൂടുതൽ കൂടുതൽ നിസ്സാരനാക്കുന്നതാണ്.

ഒരു കസേരയോ മേശയോ കട്ടിലോ ഉണ്ടാക്കാൻ പോലും വിജ്ഞാനവും, തടി സാമാനങ്ങളും, ഉപകരണങ്ങളും, ഊർജ്ജം എന്ന ശക്തിയും, സമയവും, ക്ഷമയും, മറ്റും അത്യാവശ്യമാണെന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർ; മഹാത്ഭുതം കൂടിയായ മനുഷ്യന്റെ ആത്മാവിനെയും ശരീരത്തെയും ശരീരത്തിന്റെ പ്രവർത്തനങ്ങളെയും മറ്റുള്ള ജീവികളെയും മഹാപ്രപഞ്ചത്തെയും ലാഘവത്തോടെ തനിയെ ഉണ്ടാകുന്നതായി കണക്കാക്കുന്നത്, ലഭിച്ച ഉന്നതമായ ജ്ഞാനത്തെയും അവസരങ്ങളെയും ഉചിതമായി ഉപയോഗിക്കാത്ത മനുഷ്യനെ മൂഢനും നിസ്സാരനുമാക്കി മാറ്റുന്നുണ്ട്.

(യാതൊന്നും തനിയെ ഉണ്ടാകുന്നതല്ല എന്നത് ദൈവത്തിന്റെ കാര്യത്തിലോ എന്ന് ചോദിച്ചാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം ഉണ്ടായിട്ടില്ല എന്നും, ആദിയുള്ളത് ദൈവം അല്ലെന്നും അറിയുക. പ്രപഞ്ചത്തിനും അതീതമായ ദൈവം സദാ ഉണ്ടെന്നു ഗ്രഹിക്കാൻ ഈ ഗ്രന്ഥത്തിലെ 'ബ്രഹ്മ പാഠങ്ങൾ' ധാരാളമാണ്; മാത്രമല്ല, സാക്ഷ്യപ്പെടുത്തിക്കൊണ്ട് മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഓരോ അണുവിലും (atom) ശബ്ദ ബ്രഹ്മമായി കുടികൊള്ളുന്നുമുണ്ട്; എല്ലാ സൃഷ്ടി ചക്രങ്ങളിലും 3 മുതൽ 33 വർഷം ശബ്ദ ബ്രഹ്മം കൂടിയായ **ഓം** ഭൂമിയിൽ മുഴുവൻ മഹാശാസ്ത്ര പരമായി (ഉടൻ) മുഴങ്ങുന്നതോടെ സംശയങ്ങളും അഭിപ്രായങ്ങളും ചോദ്യങ്ങളും അവസാനിക്കുന്നതുമാണ്.)

സ്വന്തം എന്നു കരുതുന്ന ശരീരമോ, മാതാപിതാക്കളോ, മണ്ണോ, ദേശമോ, ഭൂമിയോ, സ്വന്തമല്ലെന്നും, യാതൊന്നിലും യാതൊരു അവകാശവും അധികാരവും ഇല്ലെന്നും, സ്വന്തം അസ്തിത്വമായ ജീവാത്മാവും ശരീരവും ഉൾപ്പെടെ സർവ്വവും ഭൂമി നൽകിയ ഔദാര്യങ്ങൾ മാത്രമാണെന്നു തിരിച്ചറിയുന്നത് സമസ്ത അഹംഭാവങ്ങളെയും അവസാനിപ്പിച്ചേക്കാം! ഭൂമിയുടെ ഔദാര്യങ്ങൾ മാത്രം കൊണ്ട് ജീവിയാകുന്ന ജീവാത്മാക്കളുടെ മേൽ, ജീവിത കാലത്തും മരണാനന്തരവും മഹാനീതി നടപ്പാക്കുവാൻ ഭൂമിക്കും, അംശമായ ശരീരത്തിനും മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. അതാണ് ശരിയെന്നും, അങ്ങനെ മാത്രമാണ് സംഭവിക്കുന്നത് എന്നും തിരിച്ചറിവ് ലഭിക്കുന്നവർ ഭാഗ്യവാന്മാരാണ്. ....

സർവ്വത്തിനും അതീതമായ സ്രഷ്ടാവും രക്ഷിതാവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ഭൂമിയ്ക്ക് യാതൊന്നും ആവശ്യമില്ല. ഭൂമി 'സ്വന്തം അംശമായ ശരീരത്തിലൂടെ' ശക്തികളെ നൽകാതെ യാതൊന്നും ചെയ്യാൻ ജീവാത്മാവിന് കഴിയുന്നതല്ല.

ഭൂമി നൽകുന്ന ഔദാര്യങ്ങൾ കൊണ്ട് ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് ഭൂമിക്കും അംശമായ നാടിനും വേണ്ടി യാതൊന്നും ചെയ്യാൻ കഴിവുമില്ല, കഴിയുകയുമില്ല; എന്നെല്ലാമുള്ള ജ്ഞാനം ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യപ്പെടാൻ സഹായിക്കുന്നതാണ്. ഇനി, വ്യക്തിയുടെ / ജീവാത്മാവിന്റെ ജീവിതത്തെ അല്പസ്വല്പം പരിശോധിക്കാം.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, മണ്ണും ഭൂമിയുമായ ഏകദൈവത്തിന് സ്വന്തം കുഞ്ഞായ ജീവാത്മാവിന് തന്റെ നിസ്സാരത ബോദ്ധ്യമാകുന്നതോ ദുഃഖിക്കുന്നതോ ഇഷ്ടമല്ല. നിശ്ചിത ജന്മങ്ങളിൽ മാത്രം അസ്തിത്വം സംബന്ധിച്ച ജ്ഞാനം നൽകി കൂടുതൽ ജ്ഞാനിയാക്കുന്നു എന്നല്ലാതെ ജീവാത്മാവിനെ വേദനിപ്പിക്കാൻ ഇടവരുത്താതെ ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും മഹാ-കരുതുന്നുണ്ട്. മാതാപിതാക്കൾ തുടങ്ങിയ ഉറ്റവരിലൂടെ നൽകുന്ന സ്നേഹ വാത്സല്യങ്ങൾ, ഉറ്റവരോടുള്ള കടമകളും കടപ്പാടുകളും, കുട്ടികളുടെ പരിചരണം, വിനോദം, വിശപ്പ് -ഭക്ഷണ ഗന്ധം, അനന്തമായ രുചി, ദഹനം, വിസർജ്ജന ആവശ്യങ്ങൾ, വേദന, ഇണയെ ഒഴികെ സർവ്വം മറക്കുന്ന കാമാനന്ദം ഉൾപ്പെടെയുള്ള ആനന്ദങ്ങൾ എന്നിവയിലൂടെ വിഷയ സംബന്ധമായി ജീവാത്മാവിന്റെ ചിന്തകൾ വർദ്ധിക്കാതെ, ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും മഹാ-കരുതുന്നുണ്ട്.

ജീവാത്മാവിന്റെ നിസ്സാരതയും, ഭൂമിയിൽ ലഭ്യമായ ആനന്ദങ്ങളെയും വിശകലനം ചെയ്ത്, പൊന്നോമന കുഞ്ഞുങ്ങളായി ഓരോ ജീവാത്മാവിനെയും ഭൂമി മഹാകരുതുന്നത് സ്വയം ബോദ്ധ്യപ്പെടാൻ കഴിയും.

മഹാവാത്സല്ല്യത്തോടെ പൊന്നോമന കുഞ്ഞുങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മഹാമാതാവായ ഭൂമി, കുഞ്ഞുങ്ങൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ ഭൂമിയിലെ മൂലകങ്ങളിൽ / വസ്തുക്കളിൽ മഹാഭദ്രപ്പെടുത്തുകയും അവയുടെ താക്കോലുകളാകുന്ന മഹാശാസ്ത്ര നിയമങ്ങളെ കാലഘട്ടത്തിനും ജനപ്പെരുപ്പത്തിനും മഹാനീതിശാസ്ത്രത്തിനും അനുസൃതമായി വെളിപ്പെടുത്തുമ്പോൾ, "എന്റെ" എന്ന ലളിതവും ലഘുവുമായ പദം ഉചിതമായി ഉപയോഗിക്കുവാനുള്ള അവകാശവും അധികാരവും നൽകുക കൂടിയാണ്.

മഹാവാത്സല്ല്യം ഒന്നു കൊണ്ടു മാത്രമാണ് കുഞ്ഞുങ്ങളിൽ നിന്ന് "എന്റെ" എന്ന പദത്തിന്റെ അർത്ഥം മറയ്ക്കുന്നതും മറപ്പിക്കുന്നതും. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ശരീരം ഉണ്ടാക്കിയിട്ടുള്ളത് മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട്.. എല്ലാ മനുഷ്യരും എല്ലാ ജീവികളും ശ്വസിക്കുന്നത് ഒരു വായു തന്നെ. രക്തത്തിലൂടെയും തത്തുല്ല്യമായ ദ്രാവകങ്ങളിലൂടെയും എല്ലാ ജീവികളുടെയും ശരീരത്തിൽ മുഴുവൻ സഞ്ചരിക്കുന്നതും, ജീവൻ നിലനിർത്താനായി കുടിക്കുന്നതും ഒരേ ഭൂമിയിലെ ജലം തന്നെയാണ്. 'എല്ലാ ജീവികൾക്കും ഭൂമിയിൽ ജീവിക്കാനുള്ള അവകാശവും അധികാരവും ഭൂമി നേരിട്ട് നൽകിയിരിക്കുകയാണ്. '..

ജീവിയെ സംബന്ധിച്ച് മുഖ്യ ഘടകങ്ങളായ ശരീരം, ജീവാത്മാവ് എന്നിവയിൽ 'ജീവാത്മാവിന്റെ ജന്മഗുണങ്ങൾ അല്ലാത്ത' എല്ലാ ആനന്ദങ്ങളെയും നൽകാനുള്ള ഘടകങ്ങളും, ഏതൊരു ആനന്ദത്തെയും ജീവാത്മാവിന് നേടി കൊടുക്കാനുള്ള ഘടകങ്ങളും ശരീരത്തിനുണ്ട്. 'ജീവാത്മാവിന്റെ ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള' എല്ലാ ആനന്ദങ്ങളെയും സ്വീകരിക്കാനുള്ള ഘടകങ്ങൾ ജീവാത്മാവിനും ഉണ്ട്; ശരീരം നൽകുന്നുണ്ട്. മനുഷ്യർ അനുഭവിച്ചറിയുന്നതും, വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാൻ കഴിയുന്നതുമായ വസ്തുതകളാണ്. ജീവാത്മാവിന് സ്വന്തമായതും ചർമ്മത്തിലൂടെ പ്രകടവുമായ ജന്മഗുണങ്ങളെ അറിയാതെയും വിശകലനം ചെയ്യാതെയും ആനന്ദിച്ചു ജീവിക്കാനാണ് ശരീരം ജീവാത്മാവിനെ പ്രേരിപ്പിക്കുന്നത്. അതേസമയം ശരീരവും ആത്മാവും ആരാണെന്നും മറ്റും ഇതേപോലെ ശാസ്ത്ര പരമായി വിശദീകരിക്കുമ്പോൾ, സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്ന കാര്യങ്ങളുമാണ്.

ജീവിയുടെ സ്വത്വം ജീവാത്മാവ് ആണെന്നറിഞ്ഞിട്ടും മനുഷ്യർ തനിച്ചും, സാമൂഹ്യ നീതിന്യായ സംവിധാനങ്ങൾ വഴിയും ശരീരത്തെ ശിക്ഷിക്കുന്നത് ജീവാത്മാവിന് സമസ്ത ആനന്ദങ്ങളെയും നൽകുന്ന ശരീരത്തിലൂടെ മാത്രമേ ജീവാത്മാവിനെ ശിക്ഷിക്കാൻ കഴിയൂ എന്നതു കൊണ്ടാണ്. ശരീരമാണ് പ്രധാനം എന്നാണ് അതും തെളിയിക്കുന്നത്. മറ്റുള്ള ജീവികളും ശരീരത്തെ ആധാരമാക്കി ജീവിക്കുന്നവയാണ്.

ശരീരം ദൈവാംശം ആയിരിക്കെ, ശരീരത്തെ ശിക്ഷിക്കുമ്പോൾ ദൈവത്തെ ശിക്ഷിക്കുന്നതായി വരില്ലേ എന്ന ചോദ്യമുണ്ട്. പ്രത്യക്ഷ ദൈവവും, ദൈവാംശവുമായ ശരീരം, ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യം അനുവദിച്ച് ശരീരത്തെ നൽകാതെ നൽകുകയാണ്. **ശരീരത്തെ, ജീവാത്മാവായ വ്യക്തിയുടെ ഇഷ്ട പ്രകാരം ഉപയോഗിക്കുമ്പോൾ വ്യക്തിക്കു ലഭിക്കുന്ന ആനന്ദങ്ങളും വേദനകളുമെല്ലാം വ്യക്തിക്കു മാത്രം അവകാശപ്പെട്ടതാണ്.** ഭക്ഷണ-ആനന്ദം ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളെയും ജീവാത്മാവിനു മാത്രം നൽകുന്നതു പോലെ, ശിക്ഷകളിലൂടെയും രോഗങ്ങളിലൂടെയും മറ്റും ലഭ്യമാകുന്ന സമസ്ത വേദനകളെയും ജീവാത്മാവിനു മാത്രമായി നൽകുന്നു. വേദനകൾ ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളയും ജീവാത്മാവിനു മാത്രം ലഭിക്കുന്ന വിധം ജീവാത്മാവിനെ, രക്തത്തിലെ ജലത്തിലൂടെ ന്യൂട്രോണുകളായി (?) ശരീരം മുഴുവൻ വ്യാപരിപ്പിക്കുന്നുണ്ട്. അപ്രധാനമാണെങ്കിലും, ഭൗതിക ശാസ്ത്ര ഗവേഷണം വിഷയങ്ങളിൽ നടക്കട്ടെ. ജീവികളുടെ ശരീരത്തെ ശിക്ഷിക്കുമ്പോൾ, ജീവിയുടെ സ്വത്വമായ ജീവാത്മാവിനാണ് വേദന എന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്നവരാണവർ. വേറിട്ട സ്വത്വം സ്വീകരിച്ചിട്ടില്ലാത്ത ശരീരം ദൈവാംശം ആകയാൽ ആനന്ദങ്ങൾക്കെല്ലാം അതീതവുമാണ്. ജീവാത്മാവാണ് പ്രധാനമെന്ന് പുലമ്പുകയും എഴുതുകയും മറ്റും ചെയ്യുന്ന എല്ലാവർക്കും ശരീരം കൊണ്ടു മാത്രമേ എന്തും ചെയ്യാൻ കഴിയുകയുള്ളൂ.

മരണാനന്തര ജീവിതം പ്രധാനമാണ്; എന്നാൽ സർവ്വപ്രധാനം ഭൂമിയിലെ ജീവിതമാണ്. എന്തുകൊണ്ടെന്നാൽ മരണാനന്തര ജീവിതത്തിൽ ആനന്ദങ്ങളെ ലഭിക്കുന്നതിന് ഭൂമിയിലെ ജീവിതത്തിലുള്ള നന്മതിന്മകളാണ് ആധാരം.

യഥാർത്ഥവും ലളിതവുമായ അർത്ഥം :

ഭൗതിക രൂപത്തിലുള്ള ഭൂമിയോ, ഭൂമിയിലെ ജീവിതമോ ജീവികൾക്ക് ഇല്ലെങ്കിൽ, മരണാനന്തര ലോകങ്ങൾക്കും, മരണാനന്തര ജീവിതങ്ങൾക്കും പ്രസക്തി ഇല്ല; അതിനാൽ ജീവികൾക്കെല്ലാം ഭൂമിയും ഭൂമിയിലെ ജീവിതവും മാത്രമാണ് പ്രധാനം.

'ദൈവം കൂടിയായ ഭൂമിയിൽ' ജീവിക്കുന്ന മനുഷ്യർ ഭൂമിയും ഭൂമിയിലെ ജീവിതവും പ്രധാനമല്ലെന്നുള്ള പ്രഭാഷണങ്ങളും സംഭാഷണങ്ങളും മറ്റും ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. പാപങ്ങളും ദൈവശിക്ഷകളും വാരിക്കൂട്ടുന്നതുമാണ്.

മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. മണ്ണിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.

ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുമ്പോൾ മനുഷ്യ-മാതാപിതാക്കൾ '-ലൂടെ' മാത്രമാണെന്നു തെളിയിക്കുന്നു.

മുഖഛായ ഉൾപ്പെടെയുള്ള ശരീരത്തിന്റെ രൂപത്തെ നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നത് ശരീരം മാത്രമാണ്. ജീവാത്മാവിനു വേണ്ടി ശരീരം നിർമ്മിക്കുന്ന രൂപത്തെ സ്വന്തം രൂപമായി ജീവാത്മാവ് സദാ കരുതുകയും വിശേഷിപ്പിക്കുകയും ചെയ്യുന്നു. ജീവാത്മാവിന്റെ ഫോട്ടോ / ചിത്രം എന്നത് ശരീരത്തിന്റെ ചിത്രമാണ്; ആനന്ദിക്കുന്നതും അഭിമാനിക്കുന്നതും ജീവാത്മാവ് മാത്രവുമാണ്. വിഷയത്തെ പ്രകട ജന്മഗുണങ്ങളുടെ ഭാഗമാക്കി ജീവാത്മാവിനെ ആനന്ദിപ്പിക്കുന്നതായും കാണാം.
മാതാപിതാക്കൾക്ക് കുട്ടികളുടെ മുഖഛായ ഉൾപ്പെടെയുള്ള ശരീര രൂപത്തെ നിർണ്ണയിക്കുന്നതിൽ പങ്കുണ്ടെന്ന് 'മുഖഛായ, ഡിഎൻഎ (DNA) പോലെയുള്ള ഘടകങ്ങൾ' തോന്നിപ്പിക്കുന്നതിലെ വാസ്തവത്തെ വിശകലനം ചെയ്താൽ, മാതാപിതാക്കളുടെ സ്വത്വമായ ജീവാത്മാക്കൾക്കല്ലാ പങ്കെന്നും, ദൈവാംശം മാത്രമായ ശരീരത്തിനാണ് പങ്കെന്നുമാണ്. പ്രകട ജന്മഗുണങ്ങളുടെ ഭാഗമാക്കി ജീവാത്മാവിനെ ആനന്ദിപ്പിക്കുന്നത് ഇവിടെയും കാണാം.

മാതാപിതാക്കളെ കുട്ടികളുമായി ബന്ധിപ്പിക്കാനും, മാതാപിതാക്കളുടെയും കുട്ടികളുടെയും ആനന്ദത്തെ കടമാപരമായി ത്തന്നെ വർദ്ധിപ്പിക്കാനും, ശരീരം സ്വയം മഹാശാസ്ത്രപരമായി പ്രവർത്തിക്കുകയാണ്. മനുഷ്യസ്ത്രീ ഉൾപ്പെട്ട ജീവികൾ ആമ, ഓന്ത്, പൂച്ച തുടങ്ങിയ ഏതു ജീവികളെ പ്രസവിച്ചാലും മുട്ടയിട്ടാലും മാതാപിതാക്കളായ ജീവാത്മാക്കൾക്ക് സാക്ഷികളെപ്പോലെ അനുഭവിക്കാൻ മാത്രമേ കഴിയൂ എന്നതിനെ ഗ്രഹിച്ചാൽ സംശയങ്ങൾ മാറുന്നതാണ്.

ശരീരം സ്വയം നിർമ്മിക്കുന്ന അണ്ഡം, ബീജം എന്നിവയുടെയും, അനന്തര നടപടികളായ ഭ്രൂണ സൃഷ്ടി, കോശങ്ങളുടെയും അവയവങ്ങളുടെയും സൃഷ്ടി, വളർച്ച എന്നിവയുടെയും കാര്യത്തിൽ നോക്കുകുത്തിയെന്നോണം ജീവിക്കുന്ന ജീവാത്മാക്കൾക്ക് യാതൊരു പങ്കുമില്ലെന്ന് സ്വയം അറിയാൻ കഴിയുന്ന കാര്യങ്ങളാണ്.

അമ്മയും അച്ഛനും ചേർന്നുള്ള കുടുംബ ബന്ധമാണ് ജീവികളെ നിലനിർത്തുന്നതും ജീവിതചക്രത്തെ മുന്നോട്ട് നയിക്കുന്നതും എന്നതിൽ നിന്ന് സ്ത്രീയോ പുരുഷനോ തനിച്ച് പൂർണ്ണരല്ലാ എന്നും തനിച്ചു ജീവിച്ചാൽ കുഞ്ഞുങ്ങൾ ഉണ്ടാവാതെ ജീവികളെല്ലാം ഉടൻ അവസാനിക്കുന്നതാണ്. ഇനി, (ദൈവത്തിന്റെ) സൃഷ്ടിയിലെ മറ്റു ചില സത്യങ്ങൾ അറിയണം. വ്യത്യസ്തങ്ങളായ ജീവിതധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും ഉള്ള സ്ത്രീയും പുരുഷനും എന്ന രണ്ടു വ്യക്തികൾ ചേരുന്നതാണ് മനുഷ്യൻ എന്ന ജീവി. രണ്ടു വ്യക്തികളാകയാൽ മനുഷ്യൻ എന്ന പദം ബഹുവചനവുമാണ്.

ആൺപെൺ-കുഞ്ഞുങ്ങളെ രണ്ടിനെയും പ്രസവിക്കുന്നതും പാലൂട്ടുന്നതും പരിചരിക്കുന്നതും സ്ത്രീ ആകയാൽ 'സൃഷ്ടിയിൽ സ്ത്രീക്കാണ് പ്രാധാന്യം.' സ്ത്രീകളും കുട്ടികളും ഉൾപ്പെടെ കുടുംബത്തെയും സമൂഹത്തെയും സംരക്ഷിക്കുന്നത് പുരുഷൻ ആകയാൽ 'സ്ഥിതിയിൽ പുരുഷനാണ് പ്രാധാന്യം.' 'മരണം എന്ന ഭാഗികമായ സംഹാരത്തിൽ' സ്ത്രീയും പുരുഷനും തുല്ല്യർ. മനുഷ്യൻ എന്ന ജീവിയുടെ ഓരോ പകുതി മാത്രമാണ് തങ്ങളെന്ന് സ്ത്രീയും പുരുഷനും മനസ്സിലാക്കുകയും, സ്നേഹം, സഹകരണം, പരസ്പര വിശ്വാസം, ധർമ്മം, എന്നിവയെ അടിസ്ഥാനമാക്കി ഒത്തൊരുമിച്ചു ജീവിക്കുകയും വേണം.

മകനെ / മകളെ / മക്കളെ പ്രസവിച്ചതും വളർത്തിയതും ഞങ്ങളാണെന്ന് പ്രസ്താവിക്കുന്ന അമ്മയുടെയും അച്ഛന്റെയും ഒക്കെ അവകാശവും അധികാരവും അഭിമാനവും സത്യമാണ്; എന്നാൽ ദൈവം പ്രസവിപ്പിക്കുകയും വളർത്തിപ്പിക്കുകയും ചെയ്തു എന്ന മഹാ സത്യമുണ്ട്. മാത്രമല്ല, മകന്റെ അഥവാ മകളുടെ പകുതിഭാഗത്തെ മാത്രമേ (അവർ) പ്രസവിക്കുകയും വളർത്തുകയും ചെയ്തിട്ടുള്ളൂ എന്ന വേറിട്ട സത്യവുമുണ്ട്. മകന്റെ / മകളുടെ രണ്ടാമത്തെ പകുതിയായ മരുമകളെ / മരുമകനെ മറ്റൊരു മാതാപിതാക്കൾ പ്രസവിക്കുകയും വളർത്തുകയും ചെയ്തിട്ടുണ്ട്; പ്രസ്തുത പകുതിഭാഗത്തെ മകനോട് / മകളോട് ചേർക്കുമ്പോൾ മാത്രമേ തങ്ങൾ പ്രസവിച്ചതും വളർത്തിയതുമായ മകൻ / മകൾ പൂർണ്ണജീവിയായ മനുഷ്യൻ ആവുകയുള്ളൂ. തീർന്നില്ല; മനുഷ്യ ജീവിതത്തിലെ ഏക ചടങ്ങായ വിവാഹത്തിൽ സ്ത്രീയും പുരുഷനും 'ഭാര്യാഭർത്താക്കന്മാർ' എന്ന പവിത്രമായ കൂട്ടുകൂടലിലൂടെ ഒന്നിക്കുമ്പോൾ മുതലാണ് മകന്റെ / മകളുടെ രണ്ടാമത്തെ പകുതിയായ മരുമകളെ / മരുമകനെ മാതാപിതാക്കൾക്കു ലഭിക്കുന്നത്. മകനെ / മകളെ 'പൂർണ്ണജീവിയായ മനുഷ്യൻ' ആക്കുന്ന മരുമകളോട് / മരുമകനോട് നന്ദി പ്രകാശനം വേണ്ടതില്ല; വിവാഹത്തോടെ മകന്റെ/മകളുടെ രണ്ടാമത്തെ പകുതിക്ക് സ്നേഹ വാത്സല്യങ്ങളെ പകർന്നു നൽകാൻ സാധിച്ചുതുടങ്ങിയതിനെ സുന്ദരമാക്കിയാൽ മതിയാകും.

മകന്റെ / മകളുടെ രണ്ടാമത്തെ പകുതി ആകയാൽ, മകളെന്ന് മരുമകളെയും മകനെന്ന് മരുമകനെയും വിളിക്കുന്നതും, പെരുമാറുന്നതുമാണ് ഏറ്റവും ഉചിതം; മൂന്നാമനോട് പരാമർശിക്കുമ്പോൾ 'മരു' ചേർക്കാം (Reported Speech). മരുമകൾക്ക് അഥവാ സ്ത്രീക്ക് തന്റെ രണ്ടാമത്തെ പകുതിയായ ഭർത്താവിനെ ലഭിക്കുമ്പോൾ, ഭർത്താവിന്റെ മാതാപിതാക്കൾ തന്റെയും മാതാപിതാക്കളായി മാറുന്നു. മകൾക്ക് ലഭിക്കുന്ന ഭർത്താവിന്റെ കാര്യത്തിലും സമാന അവസ്ഥയാണ്.

മനുഷ്യൻ എന്ന ജീവി, 'സ്ത്രീയും പുരുഷനും' ചേർന്ന ബഹുവചനം ആവുമ്പോൾ, ഓരോ സ്ത്രീക്കും ഓരോ പുരുഷനും ഈരണ്ട് മാതാപിതാക്കൾ ഉണ്ടെന്ന പരമ-യാഥാർത്ഥ്യം കൂടിയാണ് വെളിവാകുന്നത്.

വിവാഹ ബന്ധത്തിലൂടെ തങ്ങളുടെ രണ്ടാമത്തെ മാതാപിതാക്കളെ കണ്ടെത്തുന്ന ദമ്പതികൾ, മുമ്പ് കൊടുക്കാൻ സാധിക്കാഞ്ഞ സ്നേഹ വാത്സല്യങ്ങളെ പുതിയ മാതാപിതാക്കൾക്കു നൽകാൻ ഉത്സാഹം കാണിക്കണം. മാതാപിതാക്കൾ തിരിച്ചും ശ്രദ്ധിക്കണം. (മരു) മകൾ ഒരു കുഞ്ഞിനെ പ്രസവിക്കുന്നതോടെ 'അമ്മ' ആയും ..... കാലക്രമേണ 'അമ്മായിയമ്മ' ആയും മുത്തശ്ശി ആയും മാറുമ്പോൾ മേൽ വിവരിച്ച കാര്യങ്ങൾ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതാണ്. കുഞ്ഞിനെ പ്രസവിച്ചപ്പോൾ, മാതാപിതാക്കൾക്കും ഉറ്റവർക്കും ലഭിച്ച ഭാഗ്യം, കുഞ്ഞ് വളർന്ന് വിവാഹം കഴിക്കുമ്പോൾ, ഇരട്ട ഭാഗ്യമായി മാറുവാൻ കുട്ടികൾക്കും മാതാപിതാക്കൾക്കും ഉറ്റവർക്കും പരമഭാഗ്യം ഉണ്ടാവട്ടെ! മാതാപിതാക്കൾക്ക് ദൈവം കല്പിച്ചു നൽകിയിട്ടുള്ള ശ്രേഷ്ഠത ഉൾപ്പെടെയുള്ള കാര്യങ്ങളെ സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ബുദ്ധിശക്തി, ഓർമ്മശക്തി

ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ മുമ്പറഞ്ഞ 90 ഭാഗങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. **കൃഷിക്കാരനും ചിത്രകാരനും തങ്ങളുടെ തൊഴിൽ മംഗളമായി ചെയ്യുന്നതിന് അണുശാസ്ത്രജ്ഞന്റെയോ ജ്യോതിശ്ശാസ്ത്രജ്ഞന്റെയോ കണക്കപ്പിള്ളയുടെയോ ബുദ്ധിശക്തികള് ആവശ്യമില്ല. ആവശ്യമില്ലെന്നു മാത്രമല്ല, അവരുടെ ആനന്ദം കുറയാനും നഷ്ടപ്പെടാനും അവർക്കാവശ്യമില്ലാത്ത ബുദ്ധിശക്തികൾ കാരണമാകുന്നതാണ്.** ഇത്തരം അടിസ്ഥാന കാര്യങ്ങളെ മനുഷ്യർ വ്യക്തമായി ഉൾക്കൊള്ളേണ്ടതുണ്ട്. ബുദ്ധിശക്തികളിലും ഓർമ്മശക്തികളിലും അഹങ്കരിച്ചുകൂടാ. ബുദ്ധി, ഓർമ്മ എന്നിവയോടുകൂടി ശക്തി അഥവാ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ പ്രവർത്തിക്കുന്നതിന് അനുസരിച്ചുമാത്രമേ ഏതൊരാളും മന്ദബുദ്ധിയും, ബുദ്ധിശാലിയും, ബുദ്ധിജീവിയുമൊക്കെയാകുള്ളൂ എന്ന പരമസത്യം അറിയണം. കൊച്ചുകുട്ടികൾ പോലും മുതിർന്നവരായ ബുദ്ധിശാലികളെ പലപ്പോഴും ഉത്തരം മുട്ടിക്കുമ്പോഴും, തങ്ങൾക്ക് അറിയാവുന്ന വസ്തുത കൃത്യസമയത്ത് പറഞ്ഞ് മറ്റൊരാളെ വാക്കുകൊണ്ട് പരാജയപ്പെടുത്താൻ കഴിയാഞ്ഞതിലും, മറ്റൊരാൾ ജയിക്കുമ്പോഴും, മനസ്സിലാക്കേണ്ടത് ശക്തിയുടെ അഥവാ ഓക്സിജന്റെ മഹാനീതിശാസ്ത്രപരമായ മഹാപ്രവർത്തനമാണ് കാര്യങ്ങളെ മഹാനിശ്ചയിക്കുന്നത് എന്നാണ്.

തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ടെന്ന് മുമ്പ് വ്യക്തമാക്കിയത് ഗ്രാഹ്യ-സൗകര്യം കണക്കാക്കി ആവർത്തിക്കുന്നു :-
തൊഴിലുകളെയും വിനോദങ്ങളെയും വ്യക്തിക്ക് ലഭ്യമാവുന്ന ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്.

അതേസമയം ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.

സാധാരണ മനുഷ്യജീവിതം നയിക്കുന്ന വ്യക്തിയെ സാധാരണക്കാരായും തങ്ങളേക്കാൾ താണവരായും രാജാവും പണ്ഡിതന്മാരും മറ്റും കരുതിക്കൂടാ. ജന്മങ്ങളുടെ എണ്ണംകൊണ്ടും പുണ്യക്കൂടുതൽ കൊണ്ടും, ധർമ്മശാസ്ത്രപരമായ മറ്റു ഘടകങ്ങൾ കൊണ്ടും യോഗ്യത കൂടുതൽ ഉള്ളവരെങ്കിൽ, അവരിലെ ന്യൂറോണുകളെ മഹാനീതിശാസ്ത്രപ്രകാരം ദൈവം ശക്തിപ്പെടുത്തുമ്പോൾ, അവർ മഹാജ്ഞാനികളായി മാറുന്നതാണ്. മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനും മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായം പഠിക്കുമ്പോൾ ആവക കാര്യങ്ങൾ സുവ്യക്തമാകുന്നതാണ്.

യാതൊരു മത്സരങ്ങളും ദൈവീകമല്ല / ധർമ്മശാസ്ത്രപരമല്ലാ എന്നുകൂടിയാണ് വ്യക്തമാക്കിയത്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

മത്സരാർത്ഥി ജയിച്ചാലും തോറ്റാലും നഷ്ടമാണു നേടുക.!

എല്ലാ കുഞ്ഞുങ്ങളും സമ-ആനന്ദത്തോടെ മോക്ഷം നേടാനുള്ള മഹാപദ്ധതികളാണ് എല്ലാവരുടെയും മഹാപിതാവും മഹാമാതാവുമായ ഏകദൈവം മഹാഒരുക്കിയിട്ടുള്ളത്.

യാതൊരാളും മറ്റാരെയുംകാൾ കേമരോ മോശക്കാരോ അല്ല. യാതൊരാളും ഭൂമിയിലെ ഏറ്റവും കേമനായ രാജാവിനേക്കാൾ ചെറിയവനുമല്ല; ഭിക്ഷക്കാരേക്കാൾ വലിയവനുമല്ല. ദൈവത്തിനു മാത്രം മഹത്വം.

മഹാശാസ്ത്രത്തിന്റെ 3 ശാഖകളായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതി ശാസ്ത്രം/ ആത്മീയശാസ്ത്രം, എന്നിവയും അവയുടെ ശാഖകളും ഉപശാഖകളുമെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്ന് മഹാഉത്ഭവിക്കുമ്പോൾ, മനുഷ്യരുടെ മുന്നിലുള്ള എല്ലാ ശാസ്ത്രശാഖകളെയും അവ പ്രകാരമുള്ള ശാസ്ത്ര സൗകര്യങ്ങളെയും മഹാകാര്യങ്ങളായി മനസ്സിലാക്കാനും, പുതിയ വീക്ഷണത്തോടെ സമീപിക്കാനും മനുഷ്യർക്കു കഴിയുന്നതാണ്. എല്ലാ ജീവികളുടെയും ആദ്യസൃഷ്ടിയായ മത്സ്യത്തെ, ദൈവം സൃഷ്ടി എന്നതിന് ഉപരി കുഞ്ഞായിട്ടാണ് കണക്കാക്കുന്നത് എന്നു ബോദ്ധ്യമാകും.

മഹാശക്തിയുടെ മഹാഭാവങ്ങളായ സത്യ-ധർമ്മ-നീതികളെയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും, മഹാനീതിശാസ്ത്രത്തെയും അടിസ്ഥാനപ്പെടുത്തിയാണ് മഹാശാസ്ത്രത്തെ മുമ്പറഞ്ഞ 3 ശാഖകളായി അഥവാ 3 വേദങ്ങളായി മഹാവിഭജിച്ചിട്ടുള്ളത്. മഹാനീതിയുമായി ബന്ധപ്പെട്ടിരിക്കുകയാൽ മഹാപ്രപഞ്ചത്തിന്റെ ആത്മീയ ഭാഗത്തിന് ഗൂഢത കൂടുതലുണ്ട്. മഹാദേവി തന്റെ തന്നെ ഭാഗമായ പരമശിവനെ കാലാകാലങ്ങളിൽ ഭൂമിയിലയച്ച് ആത്മീയശാസ്ത്ര കാര്യങ്ങളെയും ധർമ്മശാസ്ത്ര കാര്യങ്ങളെയും ക്രമപ്പെടുത്തുന്നുണ്ട്.

ബ്രഹ്മമായിരിക്കുന്ന മഹാദേവിക്ക് ആദിയില്ലെങ്കിലും, മഹാദേവി സൃഷ്ടിക്കുന്നതായ മഹാപ്രപഞ്ചത്തിന് ആദിയുണ്ട്. അതേസമയം, ദൈവത്തിന്റെ മഹാരൂപമായി സൃഷ്ടിച്ചിരിക്കുകയാൽ മഹാപ്രപഞ്ചത്തിന്റെ ആദി അറിയാൻ സൃഷ്ടിക്ക് കഴിയില്ല.

അന്തമില്ലായ്മയും നിശ്ചലത്വവും ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ ഗുണങ്ങളെ എന്തും ഏകദൈവമായ മഹാദേവി മാത്രമാണ് എപ്പോഴും മഹാനിശ്ചയിക്കുന്നത്.

പ്രകൃതിയെയും പ്രകൃതിയിലെ ആകർഷണങ്ങളെയും മഹാ-സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു പോരുന്ന ദൈവം ഓരോരോ വിഷയങ്ങളിലും മഹാനിശ്ചയിച്ചിട്ടുള്ള നീതിയെന്തെന്ന് അറിയാൻ മനുഷ്യർ ശ്രമിക്കണം. ദൈവീകനിയമങ്ങൾ കണ്ടെത്തുവാൻ ദൈവീകശുദ്ധിയോടെ പരിശ്രമിക്കണം. പകരം തങ്ങൾക്കു തോന്നുമ്പോലെയെല്ലാം നിയമങ്ങളുണ്ടാക്കാനും പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കാനും മനുഷ്യർ തയ്യാറാവരുത്. ഭൂമിയിലെങ്ങും ധാർമ്മിക അധഃപതനത്തിന് അത് മുഖ്യ കാരണമാവും.

മനുഷ്യക്കഥകൾ ശാസ്ത്രനിയമങ്ങളല്ല.

മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം അഥവാ 'മഹാവേദം' അനന്തമാണ്, 'ശാസ്ത്ര നിയമങ്ങൾ' മാത്രമാണ്; മഹാലളിതവുമാണ്.

മഹാശക്തിയും മഹാനീതിയുമായ ദൈവം, ധർമ്മ ശാസ്ത്ര പരിമിതികളോടെ, മനുഷ്യർക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും നൽകുന്നുണ്ട്.

മഹാശക്തിയായ ദൈവത്തിന് യാതൊരു സൃഷ്ടികളുടെയും സഹായം യാതൊരു കാര്യങ്ങൾക്കും ആവശ്യമില്ല.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-കർത്താവായ ദൈവം മഹാശാസ്ത്രത്തെ മുഴുവൻ ദൈവത്തിന്റെ മഹാരൂപവും മണ്ണുമായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുണ്ട്. മഹാഉചിതമായ സമയത്ത് ദൈവം തന്റെ കുഞ്ഞുങ്ങൾക്കെല്ലാം നേരിട്ട് മഹാശാസ്ത്രത്തെ മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ഏകദൈവത്തിന്റെ ഭാഗവും പ്രതിനിധിയും ഏകദാസനും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ ദൈവശാസ്ത്ര കാര്യങ്ങളെ, കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്.

ദൈവശാസ്ത്രം @ മഹാശാസ്ത്രം 'ശാസ്ത്ര നിയമങ്ങൾ' മാത്രമാണ്. അവ അനന്തമാണ്; മഹാലളിതവുമാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം www.omsathyam.com എന്ന വെബ്സൈറ്റിലൂടെയും, മൊബൈൽ ഫോണിലൂടെയും ഒക്കെ വളരെ നീണ്ട ഒരു കാലഘട്ടം മഹാഗ്രന്ഥം മഹാപ്രചരിക്കുന്നതാണ്. മഹാഗ്രന്ഥത്തെ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനെ പ്പറ്റി മുമ്പ് സൂചിപ്പിച്ചിരുന്നു എങ്കിലും അച്ചടിക്കേണ്ടതായ ആവശ്യമില്ലെന്നാണ് വിഷയ വിശകലനം വ്യക്തമാക്കുന്നത്.

ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതിനാൽ, മഹാശാസ്ത്രത്തെ വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ, ഇ-ബുക്ക്, ഇത് കുറിക്കുന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷൻ, PDF ഫയലുകൾ, വെബ് സൈറ്റ്, തുടങ്ങിയവയ്ക്കെല്ലാം അടിസ്ഥാനപരമായിട്ട് ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ ഉണ്ടെന്നും, പേപ്പറുകളിലോ എഴുത്തോലകളിലോ മഹാശാസ്ത്രത്തെ പരിമിതപ്പെടുത്താൻ ഒട്ടും സാധിക്കില്ലെന്നും അറിയണം. ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കി ദൈവവിപ്ലവം ആരംഭിക്കുമ്പോൾ ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, എന്നിങ്ങനെ 3 വേദങ്ങളായിട്ട് മഹാവേദം എന്ന പേരിൽ മഹാശാസ്ത്രത്തെ അവതരിപ്പിച്ചേക്കാം. അപ്പോഴും ലിഖിത പ്രമാണങ്ങൾക്ക് പ്രസക്തിയില്ല.

മതങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും വിസ്മൃതിയിൽ ആവുന്നതോടെ മത-രാഷ്ട്രീയ വിമർശനങ്ങളും അവസാനിക്കും. നീണ്ട ഒരു കാലഘട്ടത്തിനു ശേഷം മഹാശാസ്ത്ര ഗ്രന്ഥങ്ങളും പ്രായേണ മഹാ-സംഹരിക്കപ്പെടുന്നതാണ്. മഹാവേദം എന്ന മഹാശാസ്ത്രം എല്ലായ്പ്പോഴും മണ്ണിലടിഞ്ഞ് മഹാഭദ്രമാണ്. സർവ്വം മണ്ണടി.

ഒന്നാമത്തെ /മൂന്നാമത്തെ വേദം : ഭൗതിക ശാസ്ത്രം

മഹാവേദമായ 'ഓംകാര ശാസ്ത്രത്തെ' മൂന്നായി വിഭജിച്ചിട്ടുള്ളതിൽ ഒന്നായ 'ഭൗതിക ശാസ്ത്ര'ത്തെ

സൃഷ്ടിയും കുഞ്ഞുങ്ങളുമായ മനുഷ്യരുടെ 'വ്യക്തിസ്വാതന്ത്ര്യം, അദ്ധ്വാനം, സമ്പത്ത്, അനന്തമായ ആനന്ദം' എന്നിവയുമായി മഹോന്നതമായി കൂട്ടിയിണക്കിയും

സൃഷ്ടി ശാസ്ത്രം എന്ന മഹാപദവി നൽകിയുമാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാമംഗളമാക്കിയിട്ടുള്ളത്.

ഭൗതിക ശാസ്ത്രത്തെ ആധാരമാക്കി ഓരോ സൃഷ്ടിചക്രത്തിനും

'ദൈവം പ്രത്യക്ഷമല്ലാത്ത' ആദ്യ പകുതിയും, 'ദൈവം പ്രത്യക്ഷമാകുന്ന' രണ്ടാം പകുതിയും മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്.

മഹാശാസ്ത്രത്തിന്റെ 3 ശാഖകളിൽ മുഖ്യ ശാഖ ഭൗതികശാസ്ത്രമാണ്. മഹാശക്തിയായ ദൈവം (തന്നെ), മഹാപ്രപഞ്ചത്തിന്റെ മഹാഭരണവും മഹാനീതിയും മഹാനിർവ്വഹിക്കേണം എന്നതുകൊണ്ട്, മഹാപ്രപഞ്ചത്തിലെ സൂക്ഷ്മമായ ആറ്റങ്ങളിൽ അതിസൂക്ഷ്മമായി സ്ഥാപിച്ചിട്ടുള്ള ഭൗതിക ഘടകങ്ങളുടെ മഹാനീതിപരമായ പ്രവർത്തന കാര്യങ്ങൾ ഒഴികെ, സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങൾ സർവ്വതും സുതാര്യമാണ്. ....

യുക്തിശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിങ്ങനെയുള്ള ശാഖകളും അവയുടെയെല്ലാം ഉപശാഖകളും ചേർന്ന മഹാശാസ്ത്ര ശാഖയാണ് ഭൗതികശാസ്ത്രം.

മഹാപ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളുടെയും, എല്ലാ വസ്തുക്കളുടെയും ഘടനകളും പ്രവര്ത്തനകാര്യങ്ങളും ദൈവം മനുഷ്യര്ക്ക് യഥാകാലം തുറന്നുകൊടുക്കുന്നുണ്ട്. എല്ലാ മൂലകങ്ങളുടെയും / വസ്തുക്കളുടെയും ഘടനകളും പ്രവര്ത്തനകാര്യങ്ങളും തന്നെയാണ് വ്യത്യസ്ത ഭൗതിക ശാസ്ത്രശാഖകളം ഉപശാഖകളുമായി അറിയപ്പെടുന്നത്.

മഹാപ്രപഞ്ചത്തിലെ യാതൊരു ശാസ്ത്രനിയമങ്ങളെയും മനുഷ്യർ സൃഷ്ടിക്കുന്നില്ല. കാലാകാലങ്ങളിൽ ദൈവം വെളിപ്പെടുത്തുന്നവയെ കണ്ടുപിടിച്ചു എന്നു പറഞ്ഞ് ഉപയോഗപ്പെടുത്തുക മാത്രമാണ് മനുഷ്യൻ.

മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സൃഷ്ടിക്ക് ആധാരമാക്കിയിട്ടുള്ളത് ഭൗതിക ശാസ്ത്രത്തെയാണ്. സൃഷ്ടി ഉണ്ടെങ്കിൽ മാത്രമേ സ്ഥിതി അഥവാ ജീവിതം വിഷയമാകൂ. മനുഷ്യരെ സംബന്ധിച്ച് വേദങ്ങളിൽ പ്രധാനമായത് ഭൗതിക ശാസ്ത്രവും, രണ്ടാമത് ധർമ്മ ശാസ്ത്രവുമാണെന്ന് ദൈവം മഹാനിശ്ചയിച്ചിരിക്കുകയാണ് !

ഭൗതിക ശാസ്ത്രത്തിന് പുതിയതായി രൂപപ്പെടുന്ന ശാഖകളും, ഉപശാഖകളും അവയിലെല്ലാമുള്ള അനന്തമായ നിയമങ്ങളും, ബന്ധപ്പെട്ട സാങ്കേതിക വികസനങ്ങളും, പുതിയ പുതിയ ഉല്പന്നങ്ങളും, അവയിലൂടെ മനുഷ്യർക്ക് സാദ്ധ്യമാകുന്ന അനന്തമായ ആനന്ദങ്ങളും എക്കാലവും മനുഷ്യർക്ക് മറയ്ക്കാൻ കഴിയാത്ത മഹാഅത്ഭുതമാണ്.

മനുഷ്യരുടെ സൃഷ്ടിക്കും, ജീവിത- ആനന്ദങ്ങൾക്കും ആധാരം ഭൗതികശാസ്ത്രവും, അതിൻ പ്രകാരം ജീവികളുടെ ശരീരം ഉൾപ്പെട്ട ഭൂമിയിലെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ശക്തികളുമാണ്.

വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും വിമാനങ്ങളും കപ്പലുകളും ഉപകരണങ്ങളും മരുന്നുകളും ചികിത്സകളും ടെലിവിഷൻ കമ്പ്യൂട്ടർ ഫോൺ തുടങ്ങിയവയും അനന്തമായ മഹാകാര്യങ്ങളിലെ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് !.

ജനി(പ്പി)ക്കുന്നത് ജീവിക്കാനാണ്; ജീവികളെല്ലാം ജീവിക്കുകയാണ് ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ് ജീവികൾ പ്രയത്നിക്കുന്നത്; ആനന്ദങ്ങളെയെല്ലാം ശാസ്ത്ര നിയമങ്ങളും അതിൻ പ്രകാരമുള്ള ശക്തികളുമായി ജീവികളുടെ ശരീരവും, ഭൂമിയിലെ വസ്തുക്കളും ഉൾപ്പെടെയുള്ള മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിരിക്കുകയാണ്.

ആകയാൽ, ഭൗതിക ശാസ്ത്ര ഗവേഷണങ്ങളിലും ബന്ധപ്പെട്ട സാങ്കേതിക വ്യാവസായിക വികസനങ്ങളിലും ജനങ്ങൾ ശ്രദ്ധിക്കുന്നതാണ്; അനുസൃതമായ ബുദ്ധി ശക്തികളെ നൽകി (ദൈവം) ശ്രദ്ധി(പ്പി)ക്കുന്നതാണ്.

ദൈവ സാന്നിധ്യം ഉണ്ടാവുകയോ, ജനങ്ങൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം ഇല്ലാതിരിക്കുകയോ ചെയ്താൽ, ഭൗതിക ശാസ്ത്ര ഗവേഷണങ്ങളിലും ബന്ധപ്പെട്ട സാങ്കേതിക വ്യാവസായിക വികസനങ്ങളിലും ജനങ്ങൾക്ക് ശ്രദ്ധിക്കാൻ കഴിയുന്നതല്ല.

ജനങ്ങളുടെ ആവശ്യവും അത്യാവശ്യവുമായി വിഷയത്തെ (ദൈവം) മഹാആവിഷ്ക്കരിച്ചിരിക്കുകയാണ് :

സൃഷ്ടിയും സ്വത്വവുമായ ജീവാത്മാവിന് സ്വന്തമായി യാതൊന്നും ഇല്ല; യാതൊരു ശക്തികളും ഇല്ല; യാതൊരു സമ്പത്തും ഇല്ല; സ്വത്വം പോലും ദൈവത്തിന്റെ മഹാദാനവും മഹാഔദാര്യവുമാണ്.

ജീവിക്കണമെങ്കിൽ, ജീവാത്മാവിന് ശക്തിയും സമ്പത്തും ലഭിക്കണം; ജീവാത്മാവിന് ആനന്ദം നൽകാൻ അവയ്ക്ക് സാധിക്കുകയും വേണം.

സ്വന്തമായി യാതൊന്നും ഇല്ലാത്ത ജീവാത്മാവിന് എന്തെങ്കിലും നൽകാൻ, എന്തെങ്കിലും സ്വന്തമായി ഉള്ളവർക്കു മാത്രമേ സാധിക്കൂ. സമസ്ത സൃഷ്ടികളും / ജീവാത്മാക്കളും എക്കാലവും യാതൊന്നും സ്വന്തമായി ഇല്ലാത്തവരാണ്.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിന് അഥവാ ദൈവത്തിന്റെ മഹാരൂപമായ ഭൂമിക്കു മാത്രമാണ് എന്തും എപ്പോഴും സ്വന്തമായി ഉള്ളത്. (ഭൂമിക്കു വെളിയിലുള്ള സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മറ്റും ഉൾപ്പെടുന്ന പ്രപഞ്ചം, ഭൂമിക്കു വിധേയമാകുന്നത് എങ്ങനെയാണെന്ന് ഓംകാര നീതി ശാസ്ത്രത്തിൽ വിശദീകരിച്ചിട്ടുണ്ട്.).

ഏകദൈവവും ഭൂമിയുമായ മഹാദേവി മഹാകനിഞ്ഞാൽ മാത്രമാണ് ജീവാത്മാവിന് ശക്തിയും സമ്പത്തും ആനന്ദങ്ങളും ഉൾപ്പെടെയുള്ള സർവ്വവും ലഭിക്കുക. അതിനായി

ദൈവം സ്വന്തം അംശത്തെ തന്നെ ജീവാത്മാവിന്റെ അവിഭാജ്യ ഘടകമായി 'ശരീരം' എന്ന പേരിൽ മഹാകനിഞ്ഞ് 'നൽകാതെ നൽകുന്നു.' (ഈ ഗ്രന്ഥത്തിൽ തന്നെ ശാസ്ത്ര പരമായി വിശദീകരിക്കുന്നുണ്ട്.)

ശരീരം, ജീവാത്മാവിന്റെ അവിഭാജ്യ ഘടകമാണ്. ജീവാത്മാവിന് അസ്തിത്വം ലഭിക്കുന്നതും, സ്വയവും അന്യോന്യവും അറിയുന്നതും അനുഭവിക്കുന്നതും ശരീരം കൊണ്ടാണ്; ശരീരത്തെ വേർപെടുത്തി ജീവിക്കാൻ (ശക്തി ഇല്ലാത്ത) ജീവാത്മാവിന് കഴിയുന്നതുമല്ല. അവിഭാജ്യ ഘടകമാകയാൽ, ശരീരത്തെ സ്വന്തമെന്നു വിശേഷിപ്പിക്കാവുന്ന 'അവകാശം' ഔദാര്യമായി ജീവാത്മാവിനു ലഭിക്കുന്നുണ്ട്. ശരീരത്തിലെ കൈകാലുകൾ, കണ്ണ്, ചെവി, മൂക്ക്, നാക്ക്, എന്നിങ്ങനെ ഏതാനും അവയവങ്ങളുടെ ബാഹ്യ ചലനങ്ങളെ ഭാഗികമായി ഭരിക്കാൻ മാത്രമാണ് ജീവാത്മാവിന് സ്വന്തം ശരീരത്തിൽ 'അവകാശമില്ലാത്ത' അധികാരമുള്ളത്.

ചില അവയവങ്ങളുടെ ബാഹ്യ ചലനങ്ങളെ ഭാഗികമായി ഭരിക്കുമ്പോൾ തന്നെ ശരീരത്തെ മുഴുവൻ ഭരിക്കുന്ന പ്രതീതി ജീവാത്മാവിന് ഉണ്ടാകുന്നതാണ്. ദൈവാംശമായ ശരീരം, സ്വന്തം കുഞ്ഞായ ജീവാത്മാവിനു നൽകുന്ന ഉന്നതമായ ഔദാര്യങ്ങളെ സ്വയം മറച്ച്, കുഞ്ഞിനെ സദാ ഉയർത്തുന്നതു കൊണ്ടാണത്.

ജീവാത്മാവിന് ശരീരം അനുവദിക്കുന്നതായ ഏതാനും അവയവങ്ങളുടെ ബാഹ്യ ചലനങ്ങളെയും ശക്തികളെയും സ്ഥിരമായോ താൽക്കാലികമായോ പിൻവലിക്കാൻ ശരീരത്തിനു കഴിയും എന്നു പറയുമ്പോൾ, ദൈവാംശമായ ശരീരം, സ്വന്തം അവകാശവും അധികാരവും നിലനിർത്തി ക്കൊണ്ട് ജീവാത്മാവായ കുഞ്ഞിന് 'അവകാശമില്ലാത്ത അധികാരത്തെ' ഭാഗികമായി മാത്രം നൽകിയിരിക്കുകയാണ് എന്നും സുവ്യക്തമാണ്. മഹാനീതി അടക്കം ജീവാത്മാവിനു വേണ്ടി ശരീരം ചെയ്തു പോരുന്ന അവയവങ്ങളുടെ ഘടന, ശ്വസനം, ദഹനം, വിസർജ്ജനം, ശരീര വളർച്ച, പനി- പക്ഷാഘാതം- അന്ധത -കഷണ്ടി -നര തുടങ്ങിയ രോഗങ്ങളും രോഗ ശാന്തിയും; അനന്തമായ ശരീര-പ്രവർത്തനങ്ങളും ജീവാത്മാവിനു ലഭ്യമാക്കുന്ന അനന്തമായ ആനന്ദങ്ങളും തുച്ഛമായ വേദനകളും പഠന വിധേയമാക്കുമ്പോൾ, ശരീരം കുഞ്ഞായ ജീവാത്മാവിനു സ്വയം 'നൽകാതെ നൽകുന്ന' സേവനങ്ങളെ ഉൾക്കൊള്ളാനാവാതെ കുഞ്ഞ് വിരളുന്നതാണ്. ..

മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് എന്തെങ്കിലും ചെയ്യാൻ ശക്തി ലഭിക്കേണ്ടത്, ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തമെന്ന് പലപ്പോഴും തെറ്റിദ്ധരിക്കുന്ന ദൈവാംശവും മണ്ണും ഭൂമിയും നാടുമായ ശരീരത്തിൽ നിന്നാണ്'. അതായത് ഏതൊന്നും/എന്തൊന്നും ചെയ്യാൻ 'ഞാൻ, ഞങ്ങൾ, നമ്മൾ, നീ, നിങ്ങൾ, താങ്കൾ, അവൻ, അവൾ, അവർ' എന്നെല്ലാം പറയുന്ന ജീവാത്മാവിന് / ജീവാത്മാക്കൾക്ക് ശക്തി നൽകുന്നത് ദൈവമാണ്; ദൈവാംശമായ ശരീരമാണ്; ശരീരമായ മണ്ണിന്റെ/നാടിന്റെ/ ഭൂമിയുടെ സൂക്ഷ്മമായ അംശമാണ്.

മഹാശാസ്ത്രപരമായ 'അവകാശം' ഉണ്ടെങ്കിൽ മാത്രമാണ് അധികാരമുള്ളത്.

മഹാശക്തിയും ഭൂമിയുമായ ദൈവമാണ് ജീവികളെല്ലാം ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ എല്ലാ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാനിർവ്വഹിക്കുന്നത്. അതായത് മഹാപ്രപഞ്ചത്തിലെ വസ്തുക്കളും ജീവികളുമെല്ലാം മണ്ണും ഭൂമിയുമായ ദൈവത്തിന്റേതാണ്; ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ്.

ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും ഭൂമിയുമായ ദൈവം, സൃഷ്ടികളെ ദാസരായിട്ടു കണക്കാക്കാതെ തന്റെ പൊന്നോമന-കുഞ്ഞുങ്ങളായിട്ട് അനുഗ്രഹിക്കുകയും, മഹാപിതാവും മഹാമാതാവുമായിക്കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം എപ്പോഴും കരുതുന്നത് ജീവികളുടെയെല്ലാം മഹാഭാഗ്യമാണ്.

വസ്തുതകളെ അറിയാതെയും അറിയാൻ ശ്രമിക്കാതെയും, ദുസ്വാർത്ഥങ്ങളെ നേടാനുള്ള സമ്പത്തായിട്ട് മാത്രം ഭൂമിയെ കണക്കാക്കിയാൽ മനുഷ്യ സമൂഹത്തിൽ ധാർമ്മിക അധഃപതനങ്ങൾ ഉണ്ടാകുന്നതാണ്. ദൈവികമായ സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട മഹാശാസ്ത്രം പഠിക്കാനും പാലിക്കുവാനും തയ്യാറാകുമ്പോൾ, വിഷയ ശുദ്ധീകരണം സാദ്ധ്യമാകുന്നതാണ്.

മണ്ണായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും മണ്ണിലും സമ്പത്തിലും ഭാഗീക-അവകാശവും അധികാരവും നൽകുന്നുണ്ട് !

മണ്ണായ ദൈവം, ജീവികൾക്കെല്ലാം (ദൈവമായ) മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണിൽ ജീവിക്കാൻ ജീവികൾക്കെല്ലാം സാധിക്കുന്നത്.

മണ്ണിന്റെ / മണ്ണിലെ മഹാഭീമമായ ഭൗതിക ശാസ്ത്ര നിയമങ്ങളെ അഥവാ മഹാശാസ്ത്രത്തെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യ-ജീവിക്ക് കൂടുതൽ അവകാശങ്ങളും അധികാരങ്ങളും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്.

ഭൂമിയായ ദൈവം, മനുഷ്യരെ സാമൂഹ്യ ജീവിയായി സൃഷ്ടിച്ചിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ഭൂമിയിൽ നിന്നും ലഭിക്കുന്ന/ ഭൂമി നൽകുന്ന ആനന്ദങ്ങളും വിജ്ഞാനവും, ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും പങ്കുവെക്കാൻ വ്യക്തിക്കും (ഭരണാധികാരിക്കും) ദൈവീകമായ സ്വയം ബാദ്ധ്യതയുണ്ട്. ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന പരമ-സത്യം ഉൾക്കൊണ്ട് വിശാലമായി വിജ്ഞാനവും ആനന്ദങ്ങളും പങ്കിട്ടാൽ, പകയും യുദ്ധങ്ങളും ഇല്ലാതെ ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയും. ഒരു ദേശത്തിലെ ശാസ്ത്ര സമൂഹത്തിന് വെളിപ്പെട്ടു കിട്ടിയ ശാസ്ത്ര പാഠം ലഭിക്കാൻ മറ്റു ദേശങ്ങളിൽ ഗവേഷണങ്ങളും ബന്ധപ്പെട്ട ബഹുവിധ കഷ്ടനഷ്ടങ്ങളും ഒഴിവാക്കാം.!

തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെ സ്രഷ്ടാവായ ദൈവം മഹാലയി(പ്പി)ച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ഭൗതിക ശാസ്ത്രമെന്നത്, വസ്തുക്കളിൽ / മൂലകങ്ങളിൽ ദൈവം ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ക്രമാനുഗതമായി ഭൗതിക ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖങ്ങളെ ആസ്വദിക്കുവാനും (ദൈവം) മഹാ-അനുവദിച്ചിരിക്കുകയാണ്.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, ആശാരിപ്പണി, മേശിരിപ്പണി, വൈദ്യം, വിമാനം-കപ്പൽ-ട്രെയിൻ ഉൾപ്പെടെയുള്ള ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ സ്ഥാനങ്ങളുണ്ടാകുന്നു.

ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്.

മഹാഭീമമായ ഭൗതിക ശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ഗവേഷകർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയ പേരുകളിൽ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്.

മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു.

അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

ശാസ്ത്ര പാഠങ്ങളും സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്.

മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാദേവനും മഹാദേവിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്.

മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമിയായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്.

എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണായ ദൈവം എല്ലാ ആനന്ദങ്ങളെയും തന്റെ മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും, കുഞ്ഞുങ്ങൾക്കു നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് 'മോക്ഷം' എന്ന ആത്മീയ സാക്ഷാത്ക്കാരം എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്.

ആത്മീയ സാക്ഷാത്ക്കാരത്ത വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രയത്നിക്കുന്നത്.

വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല. മണ്ണായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിപതിയാവുകയുള്ളൂ എന്നതും, അതിൻപ്രകാരമുള്ള നിയമങ്ങളെയും മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ടാവും എന്നും ചിന്തിക്കുവാൻ മനുഷ്യർക്കു കഴിയുന്നതാണ്; ഉയർന്ന ബുദ്ധിശക്തികളെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് ഉപയോഗപ്പെടണം. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറാകുമ്പോൾ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്.

നാടിനു വേണ്ടി യാതൊന്നും ചെയ്യാൻ യാതൊരു സൃഷ്ടിക്കും സാധിക്കുന്നതല്ല.

നാട്, ഭൂമി എന്നിവയുടെ യഥാർത്ഥ അർത്ഥവും സത്തയും എന്താണെന്ന് മനസ്സിലാക്കാനും, ഉൾക്കൊണ്ടു ജീവിക്കാനും സാധാരണ ബുദ്ധിശക്തി മതിയാകില്ല; അക്കാരണം കൊണ്ട് നാടിനു വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമോ; എന്തു ചെയ്തിട്ടുണ്ട്?

- എന്നെല്ലാം സാധാരണ മനുഷ്യർ അന്യോന്യമോ, സ്വയമോ, മന്ദബുദ്ധികളായ-ബുദ്ധിജീവികൾ സാധാരണക്കാരായ ജനങ്ങളോടോ ചോദിച്ചാൽ, ഉത്തരം പറയാൻ കഴിയാതെ അവരെല്ലാം വിഷമിച്ചേക്കാം. യഥാർത്ഥത്തിൽ നിസ്സാര ചോദ്യങ്ങളാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമാണ് ഭൂമി എന്നും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങളും അംശങ്ങളും മാത്രമാണ് നാടുകളും ദേശങ്ങളുമെന്നും, വ്യക്തിയുടെ സ്വത്വമായ ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തമെന്ന് പലപ്പോഴും തെറ്റിദ്ധരിക്കുന്ന (മണ്ണിലെ മൂലകങ്ങൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള) ശരീരം പോലും ദൈവാംശമാണെന്നും', തിരിച്ചറിയാൻ കഴിഞ്ഞാൽ ഉത്തരം അതിലുണ്ട്. 'സർവ്വത്തിനും അതീതവും ആദിയും അന്തവുമില്ലാത്ത മഹാശക്തിയും ഭൂമിയും നാടുകളും വസ്തുക്കളും ജീവി-ശരീരങ്ങളുമായ ദൈവത്തിന്റെ' മഹാഔദാര്യം കൊണ്ട് ജീവിക്കുന്ന ജീവാത്മാവിന് യാതൊന്നും ചെയ്യാൻ കഴിവില്ല; എന്തെങ്കിലും ചെയ്യാൻ ജീവാത്മാവിനു ശക്തി ലഭിക്കുന്നത് ദൈവാംശങ്ങളായ ശരീരവും നാടും മഹാകനിയുമ്പോൾ മാത്രമാണ്.

ഭൗതികശാസ്ത്രം എന്ന മുഖ്യ വേദത്തെയും, ബന്ധപ്പെട്ട കാര്യങ്ങളെയും കുറെ വിശദീകരിച്ചു.

ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം സമനീതിയും സമആനന്ദങ്ങളും ലഭിക്കണം എന്നതുമായി ബന്ധപ്പെട്ട് എങ്ങനെ ജീവിക്കണം എന്നത് വിഷയമാകുന്നു. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കണം എന്നതിനെ ഉചിതമായി മനസ്സിലാക്കാതെ തോന്നും പോലെ നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ദൈവീകത കുറയുന്നതും നഷ്ടപ്പെടുന്നതുമാണ്.

കാലമാറ്റം, ഭൂമിയിലെ ജനപ്പെരുപ്പം, അന്വേഷകരുടെ ധാർമ്മിക യോഗ്യതകൾ, വിഷയ ആവശ്യം, വിധി, എന്നിവ പ്രകാരം മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള മുഖ്യ വേദമായ ഭൗതിക ശാസ്ത്രത്തിലെയും, രണ്ടാമത്തെ വേദമായ ധർമ്മശാസ്ത്രത്തിലെയും നിയമങ്ങളെ ക്രമേണയായി അന്വേഷകർക്ക് / ശാസ്ത്രജ്ഞന്മാർക്ക് മണ്ണും ഭൂമിയുമായ ദൈവം വെളിപ്പെടുത്തുന്നു.

അടിസ്ഥാന പരമായി, ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം എന്നീ 2 വേദങ്ങൾ പ്രകാരം മനുഷ്യർ ജീവിക്കുകയേ വേണ്ടൂ.

ദൈവീകമായ കാര്യങ്ങളെ കുറിച്ച് മനുഷ്യരെ സുവ്യക്തമായി അറിയിക്കാനും; സംശയങ്ങളെ പരിഹരിക്കാനും, മഹാഉചിതമായ സമയത്ത്, ദൈവം സ്വന്തം ഭാഗമായ പരമശിവനെ അയച്ച് വേദങ്ങളെ ചിട്ടപ്പെടുത്തുകയും മഹാനീതിയും മോക്ഷവും ഉൾപ്പെട്ട ദൈവകാര്യങ്ങൾ വിവരിക്കുന്ന വേദങ്ങളുടെ വേദമെന്നു വിശേഷിപ്പിക്കാവുന്ന 'ഓംകാര നീതി ശാസ്ത്രം (ആത്മീയ ശാസ്ത്രം)' പരമശിവനിലൂടെ ഭൗതിക ശാസ്ത്ര സംവിധാനങ്ങൾ പ്രകാരം പ്രകടമായി മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്നു.

അതായത്, സംഹാരം ആരംഭിക്കും മുമ്പ്, ദൈവം, ഭൗതിക ശാസ്ത്രത്തെയും, മഹാപ്രപഞ്ചത്തെയും ഉന്നതപ്പെടുത്തുന്നു. ധർമ്മ ശാസ്ത്ര പ്രകാരമുള്ള 500 വർഷങ്ങൾ നീണ്ട പ്രപഞ്ചജീവിതത്തിന്റെ മറ്റൊരു പേരാണ് ദൈവരാജ്യം എന്നു പറയുമ്പോൾ, പ്രപഞ്ചത്തിന്റെയും പ്രപഞ്ച-ജീവിതത്തിന്റെയും മഹാഔന്നത്യം വെളിവാകുന്നു; അഥവാ ദൈവം മനുഷ്യരെ ബോദ്ധ്യപ്പെടുത്തുന്നു.

ദൈവരാജ്യത്തിൽ സമ്പൂർണ്ണ ആനന്ദങ്ങളെയും ഭൂമിയിലെ സമസ്ത ജനങ്ങളും ഒരേ കാലഘട്ടത്തിൽ അനുഭവിക്കുന്നതാണ് എന്നു പറയുമ്പോൾ ഭൗതിക ശാസ്ത്ര സാങ്കേതിക വികസനം പൂർത്തിയാവണം എന്നത് ആവശ്യമാണ്.

ദൈവ രാജ്യം കഴിഞ്ഞ് 5000 വർഷങ്ങൾ നീണ്ട സംഹാരം ആരംഭിക്കുമ്പോൾ, ഭൗതിക ശാസ്ത്ര കാര്യങ്ങളിൽ താൽപര്യം കുറഞ്ഞ് മഹാനീതിയും ഗോസംരക്ഷണവും മോക്ഷവും മുഖ്യ ജീവിത കാര്യങ്ങളായി പരിണമിക്കുന്നു. മൂന്നാമത്തെ വേദം മാത്രമായ ഓംകാര നീതി ശാസ്ത്രത്തെ ഒന്നാമത്തെ വേദമായി മനുഷ്യർ കരുതിത്തുടങ്ങുന്നു.

മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണത്തെ നേരിട്ട് ഏറ്റെടുത്തിട്ടുള്ള ഇപ്പോഴത്തെ രണ്ടാമത്തെ മഹാകാലചക്രം മുതൽ മായാശക്തികളെ യാതൊരു കാരണവശാലും സൃഷ്ടികൾക്ക് നൽകുന്നതല്ല എന്ന് മഹാനിശ്ചയിച്ചിരിക്കുന്നു.

അതിനാൽ ഭൗതിക ശാസ്ത്രത്തിന് കൂടുതൽ പ്രാധാന്യം നൽകി ജീവിക്കേണ്ടത് മനുഷ്യരുടെ അത്യാവശ്യമാകുന്നതാണ്; ഭൗതിക ശാസ്ത്ര സൗകര്യങ്ങളെ ധർമ്മ ശാസ്ത്ര പ്രകാരം ഉപയോഗിക്കുകയും ആസ്വദിച്ചു ജീവിക്കുകയും പങ്കിടുകയും മാത്രമേ മനുഷ്യർ ചെയ്യേണ്ടൂ.

ദൈവകാര്യങ്ങളായ ഓംകാര നീതിശാസ്ത്രത്തെ അറിയുക എന്നല്ലാതെ, അവ മനുഷ്യർ ചെയ്യുന്ന കാര്യങ്ങളല്ല. ദൈവ കാര്യങ്ങളായ മഹാനീതി കാര്യങ്ങളെ ദൈവം ചെയ്തു കൊള്ളും.

ദൈവ കാര്യങ്ങളിൽ മനുഷ്യർക്ക് ഇടപെടാൻ കഴിയുന്നതല്ല; ഇടപെടേണ്ട കാര്യവുമില്ല.

'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം' എന്ന് 'സംഹാര മന്ത്രത്തെ' പരസ്യമാക്കിയിട്ടുള്ളതാണ്; മഹാമാതാവായ മഹാദേവിയെ അവിശ്വസിക്കേണ്ട കാര്യം കുഞ്ഞുങ്ങൾക്ക് ഒട്ടും ഇല്ല തന്നെ. എല്ലാ ശാസ്ത്ര പാഠങ്ങളും മഹാതെളിവുകളുമാണ്.

തപസ്സ്, യാഗം, യജ്ഞം തുടങ്ങിയ അധമത്തങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും അനുവദിക്കുന്നതല്ല.

ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം എന്നിവയെ അറിഞ്ഞും അറിയാതെയും, ജീവിതത്തിൽ ഒന്നും രണ്ടും വേദങ്ങളായി കണക്കാക്കി ജീവിച്ചു പോന്ന മനുഷ്യർക്ക് മൂന്നാമത്തെ വേദമായിട്ടാണ് ഓംകാര നീതി ശാസ്ത്രത്തെ പരമശിവനിലൂടെ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയത്. സർവ്വം മഹാഭരിക്കുന്നത് ഓംകാര നീതി ശാസ്ത്രവുമാണ് !

ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ഓംകാര നീതി ശാസ്ത്രത്തെയും, മനുഷ്യർക്ക് ജീവിക്കാൻ അത്യാവശ്യമായ ഭൗതിക ശാസ്ത്രത്തെയും ഒന്നാമത്തെ വേദമായോ മൂന്നാമത്തെ വേദമായോ മനുഷ്യർ കണക്കാക്കുന്നതിന് പ്രസക്തിയില്ല. ദൈവ കാര്യങ്ങൾ ദൈവം അറിയിക്കുന്നു എന്നല്ലാതെ അവ മനുഷ്യരുടെ വിഷയമല്ല.

മനുഷ്യർക്ക്, ഭൗതിക ശാസ്ത്രവും ധർമ്മശാസ്ത്രവും മാത്രമാണ് പ്രധാനം.

ദൈവീകമായ തലത്തിൽ, 3 വേദങ്ങളായ 'ഓംകാര നീതിശാസ്ത്രം എന്ന മഹാനീതി ശാസ്ത്രം എന്ന ആത്മീയ ശാസ്ത്രം, ധർമ്മശാസ്ത്രം, ഭൗതിക ശാസ്ത്രം എന്നിവ ചേർന്ന 'ഓംകാര ശാസ്ത്രം' എന്ന 'മഹാശാസ്ത്രം അഥവാ മഹാവേദം' പ്രകാരമാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്നത്; അവയെല്ലാം ദൈവത്തിന് പ്രധാനങ്ങളാണ്. അതായത് ഓംകാരശാസ്ത്രം എന്ന മഹാവേദത്തിന് 3 വേദങ്ങളും/ശാഖകളും, അവയ്ക്ക് ഉപശാഖകളും ഉണ്ട്.

3 വേദങ്ങളും മണ്ണിൽ / ഭൂമിയിൽ / ഭൂമിയിലെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിരിക്കുകയാണ്.

ഭൂമിയിലെ വസ്തുക്കളിലും ജീവികളുടെ ശരീരങ്ങളിലുമായുള്ള സമസ്ത ആറ്റങ്ങളിലും

ഓം എന്ന ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും ആദിവചനവും സൃഷ്ടിമന്ത്രവും മഹാശാസ്ത്രമൂലവും സംഹാരകാഹളവും ഏകമഹാശബ്ദവും മഹാസംഗീതവും

മഹാദേവിയുടെ മഹാചിരിയും ആയാണ് ഓംകാര നീതി ശാസ്ത്രം മഹാലയിച്ചിരിക്കുന്നത്.

ഏകദൈവമായ മഹാദേവി, എല്ലാ സൃഷ്ടി ചക്രങ്ങളിലും 'മായ' പ്രത്യക്ഷമാക്കുന്നതിനു തൊട്ടുമുമ്പ് - മനുഷ്യ ഗവേഷകരുടെ പിഴവുകളെ ശിവഭാഗമായ പരമശിവനിലൂടെ തിരുത്തി യഥാർത്ഥ വേദങ്ങളെ വീണ്ടെടുക്കുന്നു.

'മായ' പ്രത്യക്ഷമാക്കുന്നതിനു തൊട്ടു മുമ്പ് ദൈവകാര്യങ്ങൾ മാത്രമായ 'ഓംകാര നീതി ശാസ്ത്രം' എന്ന ദൈവ/ദിവ്യ വേദത്തെ വെളിപ്പെടുത്തുവാൻ ദൈവം മഹാകനിയുന്നു. സ്വന്തം ഭാഗവും പ്രപഞ്ചപിതാവുമായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലൂടെ മാത്രമാണ് ദൈവകാര്യങ്ങളായ 'ഓംകാര നീതി ശാസ്ത്രം' വെളിപ്പെടുത്തുന്നത്. സൃഷ്ടി മാത്രമായ മനുഷ്യരെ ദൈവ കാര്യങ്ങളെ ഏല്പിക്കുന്നില്ല.

അതേസമയം, 'മായ' പ്രത്യക്ഷമല്ലാത്ത കാലത്ത് പരമശിവനെ 'ബുദ്ധൻ' പോലെയുള്ള മനുഷ്യനായി അയച്ച് ധർമ്മ ശാസ്ത്രത്തിലെയും ഓംകാര നീതി ശാസ്ത്രത്തിലെയും ചില പാഠങ്ങളെ വെളിപ്പെടുത്തിയെന്നു വരാം.

ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെട്ട് പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ യഥാർത്ഥമായ വേദങ്ങൾ വീണ്ടും വിസ്മൃതിയിലാവുന്നതാണ്.

മാനുഷിക തലത്തിൽ,

മായ പ്രത്യക്ഷമാകുന്നതിനു മുമ്പ്,

മുഖ്യ വേദമായ ഭൗതിക ശാസ്ത്രം ഒന്നാമത്തെ വേദമായി മാറുന്നു.

മായ പ്രത്യക്ഷമാകുമ്പോൾ, സൃഷ്ടിചക്രത്തിലെ സംഹാരം പൂർത്തിയാകും വരെയും ഭൗതിക ശാസ്ത്രം ജീവിതത്തിൽ ഒന്നാമത്തെ വേദം തന്നെയാണെങ്കിലും മാനസികമായി മാത്രം മൂന്നാമത്തെ വേദവുമായി മാറുന്നു.

മുമ്പ് സൂചിപ്പിച്ചതുപോലെ ഒന്നാമത്തെ വേദമായോ മൂന്നാമത്തെ വേദമായോ മനുഷ്യർ കണക്കാക്കുന്നതിന് പ്രസക്തിയില്ല. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കണം എന്നതാണ് പ്രധാനം.

ദൈവം സൃഷ്ടിച്ച 'പ്രപഞ്ചവും, പ്രപഞ്ചനിയമങ്ങളും' എന്നതാണ് സത്യം. എങ്ങനെയോ ഉണ്ടായ 'പ്രപഞ്ചവും, പ്രപഞ്ചനിയമങ്ങളും' എന്ന ചിന്താഗതി തെറ്റാണ്; പാടില്ല. മഹാശക്തിയായ ദൈവം, സുവ്യക്തമായ മഹാപദ്ധതികളോടെ മഹാആവിഷ്ക്കരിച്ചിട്ടുള്ളതാണ് ഭൗതിക ശാസ്ത്രം ഉൾപ്പെടെയുള്ള വേദങ്ങളും അവ പ്രകാരമുള്ള മഹാപ്രപഞ്ചവും എന്ന് തിരിച്ചറിയുന്നതാണ്. അതോടെ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളിലും ജീവിതത്തിലും മഹാവിപ്ലവം ഉണ്ടാകുന്നതാണ്.

ദൈവത്തിന്റെ 'മായ', 'മായാശക്തികൾ' എന്നിങ്ങനെ അറിയപ്പെടുന്ന 'ശക്തി' കൊണ്ട്, ഭൗതിക ശാസ്ത്രത്തെ ഉന്നതപ്പെടുത്തുകയാൽ, ദൈവീകത കൂടുതൽ ഉള്ളവർക്ക് മാത്രമേ ഭൗതിക ശാസ്ത്രത്തെ ദൈവത്തിന്റെ സൃഷ്ടി ശാസ്ത്രമായി തിരിച്ചറിയാൻ കഴിയൂ.

ഗവേഷകരുടെ വിഷയ താല്പര്യത്തെയും, അദ്ധ്വാനത്തെയും ദൈവീകമായ കാലനിശ്ചയങ്ങളെയും ആധാരമാക്കി ഭൗതിക ശാസ്ത്ര നിയമങ്ങളെ (ദൈവം) വെളിപ്പെടുത്തുന്നു. ദൈവ സാന്നിധ്യത്തെ പ്രത്യക്ഷമായി പ്രകടമാക്കിയാൽ മനുഷ്യർക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള **സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം** അർത്ഥശൂന്യമാകുന്നതാണ്. അതിനാൽ ഭൗതിക ശാസ്ത്ര നിയമങ്ങളെ മനുഷ്യരിൽ നിന്ന് ദൈവം മറയ്ക്കുന്ന പ്രതീതി ഉണ്ടാകുന്നുണ്ട്. മാത്രമല്ല; ഭൗതിക ശാസ്ത്രത്തിന് ദൈവവുമായി ബന്ധമില്ലെന്നു പോലും അനേകർ തെറ്റിദ്ധരിക്കുന്നതുമാണ്.

സൃഷ്ടികളായ മനുഷ്യർക്ക് അനന്തമായ ആനന്ദങ്ങളെ ലഭ്യമാക്കുന്നതിനു വേണ്ടി 'ദൈവവും മായയും' ഗൂഢമായി പ്രവർത്തിക്കേണ്ടത് മനുഷ്യരുടെ ആവശ്യവും അത്യാവശ്യവുമാണ്. ദിവ്യ വേദമായ ഓംകാര നീതി ശാസ്ത്രത്തിലെ 'ആനന്ദ ശാസ്ത്രം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ദൈവ-വിപ്ലവത്തോടെ ഭൗതിക ശാസ്ത്ര ശാഖകളിലെല്ലാം ഉണ്ടാകുന്ന മാറ്റങ്ങളെ ഹ്രസ്വമായി ചുവടെ വിവരിക്കുന്നു :

ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും ഒരല്പം കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ജഗത്ത് അഥവാ മഹാപ്രപഞ്ചം സത്യമാണ്; മിഥ്യയല്ല; മിഥ്യകളെ സൃഷ്ടിക്കുന്ന ഒന്നല്ല ദൈവം. ദൈവത്തിന്റെ (സത്യമായ) 'മായ / മായാശക്തി' കൊണ്ട് സൃഷ്ടിക്കപ്പെട്ടു എന്നതുകൊണ്ട് 'മിഥ്യ' ആകുന്നില്ല.

ദൈവത്തിന്റെ മഹാ-ഖര-നീതിരൂപമാണ് ഭൂമിയെന്നും, ദൈവത്തിന്റെ മഹാശരീരത്തിലെ അവയവങ്ങളും അംശങ്ങളും മാത്രമാണ് ഭൂമിയിലെ ദേശങ്ങളും നാടുകളും വസ്തുക്കളും ജീവി-ശരീരങ്ങളുമെന്നും തെളിയുന്നു.

ജീവികളുടെയെല്ലാം ശരീരം മാത്രമല്ല; ഭക്ഷണം, വീട്, മനുഷ്യരുടെ വസ്ത്രം, ആഭരണം, തുടങ്ങിയ അനന്തമായ ജീവിത സൗകര്യങ്ങളും ആനന്ദങ്ങളുമെല്ലാം മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ 'ശാസ്ത്ര നിയമങ്ങളും ശക്തികളുമായി' ഉള്ളടക്കം ചെയ്തിരിക്കുന്നു. ഭൂമിയിലുള്ള കൽക്കരി, ലോഹങ്ങൾ, പാറക്കെട്ടുകൾ, തുടങ്ങിയവ ഓരോരോ ആവശ്യങ്ങളെ കണക്കാക്കി 'ഭൂമി സൃഷ്ടിച്ചവയാണെന്ന് ' തിരിച്ചറിയുമ്പോൾ, 'ചുമ്മാതെ സൃഷ്ടിക്കപ്പെട്ടവ', 'എങ്ങനെയോ / തനിയെ ഉണ്ടായവ' എന്നിങ്ങനെയുള്ള ഭോഷത്ത ചിന്തകൾ അവസാനിക്കുന്നതാണ്.

ഭൂമി, ദൈവത്തിന്റെ മഹാരൂപമാവുമ്പോൾ, 'ഭൂമി' ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് എങ്ങനെയാണെന്ന് വിവരിക്കുകയും വേണം.

'ദൈവ-വേദം', 'ദിവ്യ വേദം' എന്നിങ്ങനെയും വിളിക്കാവുന്ന 'ഓംകാര നീതി ശാസ്ത്രം' പഠിക്കുമ്പോൾ, 'ശക്തി ചക്രം, ശിവ ചക്രം' എന്നിങ്ങനെ രണ്ടെന്ന പോലെ സ്വയം വിഭജിച്ചാണ് 'ഒന്നായ ദൈവം' പ്രവർത്തിക്കുന്നത് എന്നും, ഇങ്ങനെ ചെയ്യുന്നത് സൃഷ്ടികൾക്ക് മഹാനിശ്ചയിച്ചിട്ടുള്ള 'മാതാപിതാ-കുട്ടികൾ' എന്ന 'കുടുംബ ബന്ധ മഹാസംവിധാനം' ഒരുക്കാനാണെന്നും വ്യക്തമാക്കുന്നുണ്ട്.

മഹാശക്തി, ഓം, ഓംകാരം, ഓംകാര നീതി ശാസ്ത്രം, ശക്തി ചക്രം, ശിവ ചക്രം, തുടങ്ങിയ പദങ്ങളെല്ലാം ശാസ്ത്ര പരം മാത്രമാണ് എന്നതു തന്നെ ഗൗരവമാണ്.

'മഹാ-ശക്തി ചക്രമായ' ഭൂമി എന്ന ഏകദൈവത്തിന്റെ മഹാഇഷ്ടം പോലെ ശിവ ചക്രത്തെ 'നിർജീവ'മായും, ആവശ്യം അനുസരിച്ച് 'ജീവ'-മായും പ്രവർത്തിപ്പിക്കുന്നതാണ്.

ഭൂമിയിലെ സമസ്ത ആറ്റങ്ങളിലും ഉള്ള 'പ്രോട്ടോണും, ഇലക്ട്രോണും' ശക്തിചക്രവും ശിവചക്രവും ആണ്.

ജീവികളുടെ ശരീരം ഉൾപ്പെട്ട ഭൂമിയിലെ വസ്തുക്കളിൽ ശക്തി ചക്രവും ശിവ ചക്രവും സദാ പ്രവർത്തിക്കുന്നുണ്ട്; ആറ്റത്തിൽ 'പ്രോട്ടോണിനെ ഇലക്ട്രോൺ' സദാ ചുറ്റുന്നുമുണ്ട്.

ശക്തി-ശിവ ചക്രങ്ങളായ പ്രോട്ടോണും-ഇലക്ട്രോണും ചേർന്ന് മഹാപ്രപഞ്ചത്തിലെ സർവ്വവും ദൈവാംശമാക്കുന്നു. അതേസമയം, സ്രഷ്ടാവായ ദൈവത്തിനും, സൃഷ്ടിയായ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്കും വേറിട്ട അസ്തിത്വം ഉണ്ടാവുകയും വേണം. അതിനുവേണ്ടി ദൈവം, വാതക രൂപവും, ദ്രാവക രൂപവും, ഖര രൂപവും സ്വീകരിക്കുന്നു; കൂടാതെ സൃഷ്ടികൾക്കു വേണ്ടി ജീവിയുടെ രൂപവും.

സൃഷ്ടി മാത്രമായ ജീവിക്ക് / ജീവാത്മാവിന് അടിസ്ഥാന പരമായി 'വാതക രൂപം' മാത്രമാണു നൽകുന്നത്; പിന്നീട് വിശദീകരിക്കുന്നുണ്ട്.

ഭൂമിയുടെ മഹാഔദാര്യം കൊണ്ട് സൃഷ്ടിക്കപ്പെട്ട **ജീവാത്മാവ് എന്ന കുഞ്ഞിന്റെ സൃഷ്ടി സാർത്ഥകമാകണമെങ്കിൽ യാതൊന്നും തന്നെ സ്വന്തമായി ഇല്ലാത്തതായ ജീവാത്മാവിന് ശക്തിയും സമ്പത്തും ആനന്ദങ്ങളും നൽകണം. അതിനായി, മുമ്പ് സൂചിപ്പിച്ചതു പോലെ മഹാശക്തിചക്രം കൂടിയായ ഭൂമി,**

'ഭൂമിക്കുമാത്രം സ്വന്തമായ ശക്തികളെ', മൂലകങ്ങളായി ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതിനെ 'ശരീരം' എന്ന പേരിൽ പരിണമിപ്പിച്ച് ജീവാത്മാവിന്റെ അവിഭാജ്യ ഘടകമായി, 'നൽകാതെ നൽകുന്നു'.

സ്വന്തം അംശത്തെയാണ് മഹാകനിഞ്ഞ് ഭൂമി 'നൽകാതെ നൽകുന്നത് ' എന്നു വ്യക്തമാണ്.

'നൽകാതെ നൽകുന്നു' എന്നു പറയുമ്പോൾ, നിയന്ത്രണങ്ങളോടെ താൽക്കാലിക ഉപയോഗങ്ങൾക്കായി നൽകുന്നു എന്നാണ്. നിയന്ത്രണങ്ങളെ മഹാനിശ്ചയിക്കാൻ കാരണം, ജീവാത്മാവിന് ശക്തിയും രൂപവും സൗന്ദര്യവും സമ്പത്തും ആനന്ദങ്ങളും മറ്റും നൽകുന്നതോടൊപ്പം 'ശരീരത്തിലൂടെ' ഭൂമിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനീതി നിർവ്വഹിക്കുന്നതു കൊണ്ടാണ്.

ദൈവത്തിന്റെ മഹാ(-ഖര-നീതി)രൂപമായ ഭൂമിയുടെ (1) വാതക-സത്യരൂപമായ ഓക്സിജൻ, (2) ദ്രാവക -ധർമ്മരൂപമായ ജലം, (3) ഖര -മഹാനീതിരൂപമായ മണ്ണ് (ഭൂമി) എന്നിവയുടെ പ്രവർത്തനം ഏറ്റവും ഹ്രസ്വമായി വിശദീകരിക്കാം :

ദൈവ കാര്യങ്ങളിലെ മഹാവിശിഷ്ടത കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാ-സമ്പൂർണ്ണതയാണ്. അത് മഹാ-സാദ്ധ്യമാക്കിയിട്ടുള്ളത് 'സൃഷ്ടി' ഉൾപ്പെടെ ഏതൊരു കാര്യത്തിന്റെയും മഹാനീതിയെ ആദ്യം മഹാനിശ്ചയിച്ചിട്ടാണ്.

അതായത് 'സത്യം, ധർമ്മം, നീതി' എന്നതും, ജനനം/സൃഷ്ടി കഴിഞ്ഞ് ജീവിതം/സ്ഥിതി എന്നതും, ജീവിതം/സ്ഥിതി കഴിഞ്ഞ് മരണം/സംഹാരം/നീതി എന്നതും മാനുഷികമായ അഥവാ സൃഷ്ടിയായ ജീവിയുടെ രീതി മാത്രമാണ്.

ദൈവത്തിന് എന്തും സൃഷ്ടിക്കുന്നതിനു മുമ്പ് 'മഹാനീതിയെ' ആദ്യം നിശ്ചയിക്കേണ്ടതുണ്ട്. ജീവിയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലെ അനന്തമായ വിഷയങ്ങളും പ്രവർത്തനങ്ങളും വിഭാവന ചെയ്ത്, കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാ-സമ്പൂർണ്ണത നൽകുന്നതും മഹാനീതി ഉറപ്പാക്കുന്നതുമായ മഹാനീതിശാസ്ത്രത്തെ ആവിഷ്ക്കരിക്കണം. മഹാഭരണാധികാരിയും മഹാനീതിപതിയുമായ ദൈവത്തിനു മാത്രം മഹത്വം.

(ദൈവത്തിനു മാത്രം കഴിയുന്ന മഹാനീതികാര്യങ്ങളെ സ്വന്തം ജീവിത കാര്യങ്ങൾക്കു വേണ്ടി അറിയുക എന്നല്ലാതെ ദൈവത്തിനു മഹത്വം പാടാൻ കുഞ്ഞുങ്ങളായ മനുഷ്യർ ശ്രമിച്ചു കൂടാ; പാടില്ല; ദൈവം ശിക്ഷിക്കുന്നതാണ്; ആരാധനാ-കോപ്രായങ്ങൾ ദൈവത്തിനു വേണ്ടാ എന്നതും ദൈവ -മഹത്വത്തിന്റെ ഭാഗമാണ്.)

ദൈവത്തിന്റെ മഹാനീതി-ഖര-രൂപമായ 'മണ്ണിനെ' പ്പറ്റി ആദ്യം വിശദീകരിക്കണം എന്ന് വ്യക്തമായിരിക്കുന്നു.

മണ്ണായ ഭൂമി മഹാനിശ്ചയിക്കുന്ന മഹാനീതിശാസ്ത്ര പരമായ അസാധാരണ സാഹചര്യങ്ങളിൽ ഒഴികെ, മഹാനീതിക്ക് മാറ്റമുണ്ടാവാൻ പാടില്ല.

മഹാനീതിക്ക് നിശ്ചിത രൂപവും ഭാവവും /ഗുണങ്ങളും ഉണ്ടാവണം. ഖര-രൂപവും ഭൂമിയുമായ മണ്ണിനും, മണ്ണിലെ വസ്തുക്കൾക്കും നിശ്ചിത രൂപവും ഭാവവും / ഗുണങ്ങളും ഉണ്ട്.

ജീവികൾക്ക് 'രൂപം, സൗന്ദര്യം, ശക്തി, സമ്പത്ത്, ആനന്ദങ്ങൾ ' തുടങ്ങിയവ ചേർന്ന 'മഹാനീതി' കൊടുക്കാൻ, ജീവിക്ക് അടിസ്ഥാന പരമായി 'നിശ്ചിതമായ ഖര രൂപം' ഉണ്ടാവണം എന്നും ബോദ്ധ്യമാകുന്നു.

മണ്ണും ഭൂമിയും നാടുകളും വസ്തുക്കളും മൂലകങ്ങളുമായ ദൈവത്തിന്റെ ഖര-അംശങ്ങൾ കൊണ്ടു സൃഷ്ടിക്കുന്ന 'ശരീരത്തെ' ഖര-രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു.!

ജീവിയുടെ രൂപം ഖരമാവണം എന്നുമർത്ഥം. (ദൈവം, സൃഷ്ടികളുടെ സന്തോഷത്തിനായി ജീവി-രൂപത്തെ സ്വീകരിക്കുമ്പോഴും ഖരരൂപത്തെ സ്വീകരിക്കാൻ സ്വന്തം ശാസ്ത്ര പ്രകാരം ബാദ്ധ്യസ്ഥമാണ്.)

ജീവാത്മാവിന് ജീവിക്കുവാൻ ശക്തിയും, ജീവിക്കാൻ ആനന്ദങ്ങളും ഉദ്ദേശവും മാർഗ്ഗങ്ങളും ഖര-രൂപത്തിലുള്ള ശരീരത്തിലൂടെ ലഭിക്കുന്നുണ്ട്. ജീവാത്മാവ് എവിടെ നിന്ന് വരുന്നു ?

ജീവിയുടെ സ്വത്വമായ ജീവാത്മാവിന്റെ ഉല്പത്തിയെ ഇനി വിശദീകരിക്കാം.

മനുഷ്യ-ജീവിതത്തിലെ കുടുംബ ജീവിതത്തിന് സമാനമായി (ആദ്യ)ജീവിക്ക് മാതാവും പിതാവും ഉണ്ടാവണമെങ്കിൽ, ഏക ദൈവം, രണ്ടായി നിന്ന് സൃഷ്ടിക്കണം. ഏകദൈവം രണ്ടാവാതെ രണ്ടാവുന്ന മഹാവിദ്യ 'ഓംകാര നീതി ശാസ്ത്രം' എന്ന ദിവ്യ-വേദത്തിലെ 'ബ്രഹ്മം, പരബ്രഹ്മത്തെ സൃഷ്ടിക്കുന്നു' എന്ന വിഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഏറ്റവും ഹ്രസ്വമായി ആവർത്തിക്കുന്നു :

സത്യത്തിന് അഥവാ സൃഷ്ടിക്ക് വാതകവുമായും, സത്യത്തിന്റെ ഉദ്ദേശമായ ധർമ്മത്തിന്/ സ്ഥിതിക്ക് / ജീവിതത്തിന് ദ്രാവകവുമായും, സത്യത്തിന്റെ പൂർത്തീകരണമായ നീതിക്ക് മണ്ണുമായിട്ടാണ് / ഭൂമിയുമായിട്ടാണ് (ദൈവമായ ഭൂമി) ബന്ധിപ്പിച്ചിട്ടുള്ളത്. അതിൻ പ്രകാരം, ദൈവത്തിന്റെ സത്യ-ശക്തി-ഭാഗത്തിന് വാതക രൂപമാണ്, ഓക്സിജൻ എന്ന പേരിൽ ഭൂമിയിലെ വസ്തുക്കളിൽ ചേർന്ന് അവയെ മഹാസംരക്ഷിക്കുന്നു.

ദൈവത്തിന്റെ ശിവ-ഭാഗത്തിനും വാതക രൂപമാണ്, ഹൈഡ്രജൻ(+ഹീലിയം) എന്ന പേരിൽ ഭൂമിക്കു വെളിയിൽ സൂര്യനിൽ സ്ഥാപിക്കപ്പെട്ട്, ഭൂമിയായ ദൈവം മഹാനിശ്ചയിക്കുമ്പോലെ ഭൂമിയിലേക്കു വരുന്നു. ഹൈഡ്രജൻ (+ഹീലിയം) പ്രപഞ്ചപിതാവായ 'ശിവ ചക്രത്തിന്റെ സത്യ-വാതക രൂപവും ജീവികളുടെ പിതാവായ പരമാത്മാവുമാണ്.'

മണ്ണും ഭൂമിയും മഹാമാതാവുമായ ദൈവത്തിന്റെ സത്യ-വാതക രൂപമായ ഓക്സിജൻ, സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന പരമാത്മാവായ ഹൈഡ്രജനുമായി ചേർന്നുണ്ടാകുന്ന ജലം 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപ'മാണ്. ശിവ-ശക്തികളുടെ കൂടിച്ചേരൽ കൊണ്ട് ഭൂമിയിൽ മഹാസമുദ്രം ഉണ്ടായിരിക്കുന്നു.

മഹാസംയോഗം അർത്ഥപുഷ്ടമാക്കാനായി ശിവ ശക്തിചക്രങ്ങൾ രണ്ടു സ്ത്രീപുരുഷ മത്സ്യങ്ങളായി മഹാഅവതരിക്കുകയും രണ്ടു മത്സ്യക്കുഞ്ഞുങ്ങളെ സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കുകയും ചെയ്യുന്നു.

സ്ത്രീയും പുരുഷനുമായി രണ്ടു മത്സ്യക്കുഞ്ഞുങ്ങളെ സൃഷ്ടിക്കാനുള്ള കാരണം വ്യക്തമാക്കാം. ആദ്യ സൃഷ്ടിയെ മണ്ണിൽ തൊടീക്കാതെ ജലത്തിലാണ് സൃഷ്ടിക്കുന്നത്. ആദ്യ മത്സ്യ കുഞ്ഞുങ്ങളെ ശ്വസിപ്പിക്കുന്നതും ജലത്തിലെ ജീവനാണ്/ഓക്സിജനാണ്.

മഹാപ്രപഞ്ചത്തിലെ സർവ്വത്തിന്റെയും (സമസ്ത ആറ്റങ്ങളുടെയും) അംശവും, പരമാത്മാവും ശിവ ചക്രവും, സമസ്ത ഹൈഡ്രജൻ+ഹീലിയം ആറ്റങ്ങളും ചേർന്ന വാതക രൂപവുമുള്ള പ്രപഞ്ചപിതാവിന്റെ അംശവും കുഞ്ഞുമായ ഒരു ന്യൂട്രോൺ മാത്രമാണ് ജീവാത്മാവ് എന്നാണ് അറിയുന്നത്; അച്ഛനും മകനും / മകളും പോലെ. പരമാത്മാവ് എന്ന മഹാസമുദ്രത്തിലെ ഒരു തുള്ളി വെള്ളം മാത്രമാണ് ജീവാത്മാവ് എന്നിരിക്കെ ജീവാത്മാവും പരമാത്മാവും രണ്ടാണ്; ഒന്നല്ല. ദൈവത്തിന്റെ നിർജ്ജീവ ഭാഗമെന്ന് പലപ്പോഴും വിശേഷിപ്പിക്കാവുന്ന പരമാത്മാവിന്റെ അംശമാണ്; എന്നാൽ മഹാശക്തിചക്രമായ ദൈവത്തിന്റെ അംശം/ഭാഗം അല്ല ജീവാത്മാവ് എന്നും തെളിയുന്നു.

പരമാത്മാവായ ശിവന്റെ സമ്പൂർണ്ണ അംശം തന്നെയാണെങ്കിൽ, ഹൈഡ്രജനായ പരമാത്മാവിന്റെ ഒരു ആറ്റം മാത്രമാവണം; എന്നാൽ ഹൈഡ്രജൻ വാതകത്തിലെ ഇലക്ട്രോണിൽ ന്യൂട്രോൺ ചേർക്കപ്പെട്ട് ഹീലിയം (Helium = He) ഉണ്ടാവുകയാണ്.

((ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി ഭൗതിക ശാസ്ത്ര ഗവേഷണം പുരോഗമിക്കുമ്പോൾ, സമസ്ത കാര്യങ്ങളും സുവ്യക്തമാകുന്നതാണ്. പുതിയവ കണ്ടെത്താനും, ഈയുള്ളവൻ സത്യസന്ധമായി സൂചിപ്പിച്ചു പോരുന്നവയെ ആവശ്യമെങ്കിൽ തിരുത്താനും തയ്യാറാവണം. ഗവേഷണത്തിന് ആക്കം കൂട്ടുവാനും സൂചന നൽകാനും മറ്റും പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ ഉപകരിക്കും എന്നതു കൂടിയാണ് ഉന്നംവെച്ചിരുന്നത്. പിഴവുകളെയും തെറ്റുകളെയും തീർച്ചയായും ശാസ്ത്ര പരമായി തിരുത്തുകയും വേണം.))

പരമാത്മാവിൽ നിന്നും മഹാസൂക്ഷ്മമായ അംശത്തെ ജീവാത്മാവ് എന്ന പേരിൽ മഹാശക്തിചക്രം വേർപെടുത്തുമ്പോൾ പരമാത്മാവും നിർജ്ജീവമായ ജീവാത്മാവും അക്കാര്യങ്ങൾ അറിഞ്ഞിട്ട് ആവശ്യമില്ല; അതിനാൽ അറിയിക്കുന്നുമില്ല.

എന്തിനും ഏതിനും പരമാത്മാവായ ശിവ ചക്രത്തിന് ശക്തി ഉണ്ടാവണമെങ്കിൽ മഹാശക്തിചക്രം നൽകണം എന്നത് പരമാത്മാവിന്റെ അംശമായ ജീവാത്മാവിനും ബാധകമാണ്.

ജീവാത്മാവ് എന്ന കുഞ്ഞിന്റെ സൃഷ്ടി സാർത്ഥകമാക്കാനായി മുമ്പ് സൂചിപ്പിച്ചതുപോലെ മഹാശക്തിചക്രം കൂടിയായ ഭൂമി, ജീവാത്മാവിന്റെ അവിഭാജ്യ ഘടകമായി 'ശരീരം' എന്ന പേരിൽ സ്വന്തം അംശത്തെ മഹാകനിഞ്ഞ് 'നൽകാതെ നൽകുന്നു.'

ദൈവത്തിന്റെ അംശമാക്കാതെ ജീവിയെ കുഞ്ഞായി സൃഷ്ടിക്കുവാനുള്ള മഹാപദ്ധതിയുടെ വിവരണം പഠിക്കുന്നവർക്ക് അതീവ ശ്രദ്ധ ഉണ്ടാവണം. (ദൈവ സ്നേഹവും മഹത്വവും തുളുമ്പുന്ന പ്രവർത്തനങ്ങളെ ഉൾക്കൊണ്ട് വിനയവും ലാളിത്യവും ആനന്ദവും വിദ്യാർത്ഥികളുടെ മുഖത്ത് പ്രകടമാകുന്നില്ലാ എങ്കിൽ പാഠം പഠിക്കാനുള്ള യോഗ്യത തൽക്കാലം ഇല്ലെന്ന് തിരിച്ചറിഞ്ഞ് പഠനം മാറ്റിവെക്കുകയോ പിൻവാങ്ങുകയോ വേണം. മഹാവാത്സല്ല്യമായ ദൈവത്തെ നിന്ദിക്കാത്തവരായി കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ പ്രസ്താവിച്ചതാണ്.)

ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ടാണ് ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നു പറയുമ്പോൾ, മൂലകങ്ങളും ശരീരവും ദൈവാംശം ആകയാൽ സ്വയം സൃഷ്ടിക്കുകയാണ്.!

ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാനിർവ്വഹിക്കാനായി ദൈവവും ഭൂമിയും നാടുകളുമായ മണ്ണിലെ വസ്തുക്കളിൽ നിന്നും മണ്ണായ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ വേർപെട്ട് പ്രവർത്തനം തുടങ്ങുന്നു.

ദൈവത്തിന്റെ സത്യ-സൃഷ്ടി-വാതക-രൂപമായ ഓക്സിജൻ :

ദൈവത്തിന്റെ ഖരരൂപമായ മണ്ണിലുള്ള മൂലകങ്ങളുടെ ഓക്സൈഡുകൾ, സൾഫേറ്റ്, നൈട്രേറ്റ്, ഫോസ്ഫേറ്റ് തുടങ്ങിയ രൂപങ്ങളിൽ ഓക്സിജൻ ഉണ്ട്. ദൈവത്തിന്റെ മഹാനീതിരൂപം കൂടിയായ മണ്ണ്, സസ്യങ്ങൾക്ക് വേരുകളിലൂടെയും മറ്റും ഭക്ഷണവും വെള്ളവും കൊടുക്കുന്നതു പോലെ, സ്വയം മഹാനിശ്ചയിച്ച് മണ്ണിൽ നിന്നും ഓക്സിജനെ സ്വതന്ത്രമാക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മണ്ണായ ദൈവത്തിന്റെ 'സത്യ രൂപമായ ഓക്സിജൻ', മഹാഉചിതമായി, സ്വയം വാതക രൂപം സ്വീകരിക്കുന്നു. അന്തരീക്ഷവും അന്തരീക്ഷത്തിലെ 'വായു' വും രൂപപ്പെടുത്തുന്നത് മണ്ണാണെന്നും ഓക്സിജനാണെന്നും പറയാം.

പ്രത്യക്ഷ ദൈവവും, ജീവാത്മാവിന്റെ അവിഭാജ്യ ഘടകവുമായ ശരീരം, ശരീരത്തിലൂടെ ജീവാത്മാവിന് ശക്തി നൽകിയാൽ മാത്രമാണ് ജീവാത്മാവിന് പ്രവൃത്തി ചെയ്യാൻ കഴിയുക. ജീവാത്മാവിനെ സമ്പൂർണ്ണമായി ഭരിക്കാൻ ദൈവാംശമായ ശരീരത്തിനു കഴിയണമെങ്കിൽ, പ്രവൃത്തി ചെയ്യുന്നതിനിടയിൽ 'ശരീരം' ശക്തികളെ പിൻവലിച്ചാൽ, ജീവാത്മാവിന് യാതൊന്നും പ്രവർത്തിക്കുവാൻ കഴിയാതെ വരണം. അത് സാദ്ധ്യമാക്കുന്നത് സമസ്ത ജീവജാലങ്ങളെയും മഹാഭരിക്കുന്ന ശക്തിയായ 'ഓക്സിജനെ' മണ്ണായ ഭൂമിയുടെ ഭാഗമാക്കിയാണ്.

'മണ്ണും ശരീരവും ഭൂമിയുമായ ദൈവത്തിന്റെ വാതക രൂപമാണ് ഓക്സിജൻ' എന്നു പറയുമ്പോൾ ഓക്സിജൻ പ്രവർത്തിക്കുന്നത് മണ്ണും ശരീരവുമായ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരമാണ്. ഓക്സിജൻ ശരീരത്തിലും എവിടെയും പ്രവർത്തിക്കുന്നത് ഓക്സിജന്റെ /ദൈവത്തിന്റെ ഇഷ്ട പ്രകാരമാണ്; ശരീരത്തിന്റെയും/ഭൂമിയുടെയും ഇഷ്ടം അഥവാ നിയമങ്ങൾ അതു തന്നെയാണ്. **ജീവാത്മാവിന്റെ ഇഷ്ട പ്രകാരമല്ലാ എങ്കിലും ശരീരത്തിന്റെ ഇഷ്ടങ്ങളോട് പൊരുത്തപ്പെടുന്ന കാര്യങ്ങളിൽ വേർതിരിവ് വിഷയമാവില്ല.**

വാതകാവസ്ഥയിലുള്ള ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായി നയിക്കാൻ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ മഹാപ്രവർത്തിക്കുന്നതാണ്.

ജീവിതം സ്ഥിതിയാണ്. സ്ഥിതിയിൽ പരമാത്മാവും ശിവ ചക്രവുമായ ഹൈഡ്രജനുമായി, ശക്തി ആയ ഓക്സിജൻ ഒരുമിച്ചാണ് സ്ഥിതി-ദ്രാവക അവസ്ഥയായ ജലം ഉണ്ടാകുന്നത്.

എല്ലാ ആനന്ദങ്ങളെയും കുഞ്ഞായ ജീവാത്മാവിനു നൽകുന്നത് ദൈവത്തിന്റെ ദ്രാവക രൂപമായ ജലത്തിലൂടെയാണ്. മനുഷ്യർ ഉൾപ്പെടെയുള്ള ജന്തുക്കളിൽ, ജലം പ്രവർത്തിക്കുന്നത് രക്തത്തിലൂടെയാണ്. മഹാനിശ്ചയിക്കുന്നതു പോലെ രക്തം കട്ടപിടിച്ച് ഒഴുകാതായാൽ ബന്ധപ്പെട്ട ശരീര ഭാഗങ്ങൾ നിർജ്ജീവമാകുന്നതാണ്.

ജീവാത്മാവിന്റെ ഇഷ്ടങ്ങളും അഭിപ്രായങ്ങളും വിഷയമാക്കാതെ പ്രത്യക്ഷ ദൈവമായ ശരീരം സ്വയം മഹാഉചിതമായി പ്രവർത്തിക്കുകയാണ്. ശരീരത്തിൽ നടക്കുന്ന ഒട്ടുമിക്ക പ്രവർത്തനങ്ങളെയും ജീവാത്മാവ് അറിയുന്നതു പോലുമില്ല! വ്യക്തി എന്ന് വിളിക്കപ്പെടുന്ന ജീവാത്മാവ് ഉറങ്ങുമ്പോഴും, ബോധക്ഷയം സംഭവിക്കുമ്പോഴും, ശരീര ബോധം പോലും നൽകാതെ, ശരീരം സ്വയം മഹാശാസ്ത്ര പരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

ദൈവാംശമായ ശരീരം, കുഞ്ഞായ ജീവാത്മാവിന് ചെയ്യുന്ന സേവനങ്ങളെ (ശരീരം) ആരംഭിക്കുമ്പോൾ ജീവി ജനിക്കുകയും, ചെയ്തു പോന്ന സേവനങ്ങളെ ശരീരം അവസാനിപ്പിക്കുമ്പോൾ ജീവി മരിക്കുകയും ചെയ്യുന്നു. മഹാനിശ്ചയിക്കുന്നത് ദൈവാംശമായ ശരീരം മാത്രമാണ്; ജീവാത്മാവല്ല.

ജീവി മരിക്കുമ്പോൾ, ദൈവാംശവും മണ്ണിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നതുമായ ശരീരം വീണ്ടും മണ്ണിൽ അടിയുന്നു.

ഇനി, ഒരു ജന്മ ജീവിതത്തെ വിശകലനം ചെയ്യുക.

ജീവാത്മാവിന് ശക്തിയും സമ്പത്തും ആനന്ദങ്ങളും ഉൾപ്പെടെയുള്ള സർവ്വവും ലഭ്യമാക്കാൻ, ജീവാത്മാവിന്റെ അവിഭാജ്യ ഘടകമായി ചേർന്ന ദൈവത്തിന്റെ അംശമായ ശരീരം കൊണ്ട് തന്നെയാണ് ജീവാത്മാവ് സർവ്വവും നേടുന്നത്.

മാതാപിതാക്കളും ഉറ്റവരും ഉണ്ടെങ്കിലും
അടിസ്ഥാനപരമായി ജീവാത്മാവിനു സ്വന്തമാകുന്നത് ദൈവാംശമായ സ്വന്തമെന്നോണമുള്ള ശരീരമാണ്. എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്.

ജീവാത്മാവിന്റെ ശാരീരിക മാനസിക വളർച്ചകളെ പ്രത്യക്ഷ ദൈവമായ ശരീരം നിയന്ത്രിക്കുന്നത്, മഹാനീതിശാസ്ത്ര പ്രകാരം, കുഞ്ഞുങ്ങളുടെ നല്ലതിനു വേണ്ടി മാത്രമാണ്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവവും, ദൈവാംശമായ ശരീരവും, ജീവാത്മാവിനു സേവനം ചെയ്യുന്നത് സ്വയം മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ള മഹാവാത്സല്യത്തെ ആധാരമാക്കിയാണ്.

ജീവാത്മാവ് ശരീരം ഉൾപ്പെടെയുള്ള ഏതൊരു കാര്യങ്ങളെയും സ്നേഹിക്കുകയും ഉപയോഗിക്കുകയും പരിചരിക്കുകയും മറ്റും ചെയ്യുന്നത് സ്വന്തം ആനന്ദങ്ങളെ കണക്കാക്കിയാണ്. ഉറ്റവരെ ആത്മാർത്ഥമായോ വേഷംകെട്ടലോടെയോ സ്നേഹിക്കുകയും സഹായിക്കുകയും പരിചരിക്കുകയും ചെയ്യുമ്പോൾ, തത്സമയ മനോഭാവവും ഉദ്ദേശവും ജീവാത്മാവിന്റെ നല്ലതോ മോശമോ ആയ ആനന്ദത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ജീവിക്കാൻ സ്വാർത്ഥത അത്യാവശ്യമാണ്. ജീവാത്മാവായ വ്യക്തിയെ സംബന്ധിച്ച് പ്രത്യക്ഷ ദൈവമായ ശരീരമാണ് വ്യക്തിയെ ഏകനായി സൃഷ്ടിച്ചിട്ടുള്ളത്.

ജീവാത്മാവിന് ശക്തിയും സമ്പത്തും ആനന്ദങ്ങളും ഉൾപ്പെടെയുള്ള സർവ്വവും നൽകാനായി, ദൈവം സ്വന്തം അംശത്തെ തന്നെ ജീവാത്മാവിന്റെ അവിഭാജ്യ ഘടകമായി ശരീരം എന്ന പേരിൽ മഹാകനിഞ്ഞ് 'നൽകാതെ നൽകുന്നു' എന്ന് പ്രസ്താവിച്ചതിന്റെ ബാക്കി ഭാഗം ഇനി വിവരിക്കാം.

മഹാപ്രപഞ്ചത്തിലെ ജീവികളുടെയും വസ്തുക്കളുടെയും കാര്യങ്ങളിൽ സംഭവിച്ചവയും (സത്യം), സംഭവിച്ചുകൊണ്ടിരിക്കുന്നതും (ധർമ്മം), സംഭവിക്കാനാരിക്കുന്നതും (നീതി) എല്ലാം "സത്യത്തിന്റെ" 3 അവസ്ഥകൾ മാത്രമാണ്.

വാതകാവസ്ഥ സത്യത്തിന്റെ ഒന്നാമത്തെ അവസ്ഥയായ സത്യത്തെ തന്നെയും, ദ്രാവകാവസ്ഥ സത്യത്തിന്റെ രണ്ടാമത്തെ അവസ്ഥയായ ധർമ്മത്തെയും, ഖരാവസ്ഥ (മണ്ണ്) സത്യത്തിന്റെ മൂന്നാമത്തെ അവസ്ഥയായ (മഹാ)നീതിയെയും കുറിക്കുന്നു.

വാതകം, ദ്രാവകം, ഖരം എന്നീ 3 രൂപങ്ങളിലുമുള്ള വസ്തുക്കളും ജീവികളിലുണ്ട്. ജീവികളുടെയെല്ലാം രൂപത്തെയും അസ്തിത്വത്തെയും നിർണ്ണയിക്കുന്നത് മേല്പടി വസ്തുക്കളെ ഉപയോഗിച്ചാണ്.

ജീവാത്മാവ്, പരമാത്മാവ്, ശരീരം, ജീവൻ എന്നീ 4 ഘടകങ്ങളാണ് ജീവിയിൽ സമന്വയിച്ചു പ്രവർത്തിക്കുന്നത്.

മഹാപ്രപഞ്ചത്തിലെങ്ങും മഹാവ്യാപിച്ചിട്ടുള്ള ശിവചക്രത്തിന്റെ വാതകരൂപമായ ഹൈഡ്രജനാണ് പരമാത്മാവ്. പരമാത്മാവിന്റെ ഒരംശം മാത്രമാണ് ഓരോ ജീവിയുടെയും സ്വത്വമായ ജീവാത്മാവ്. പരമാത്മാവിന് ജീവിയിൽ മറ്റു പ്രവർത്തനങ്ങൾ ഉണ്ടാവുന്നത് ശക്തിചക്രത്തിന്റെ വാതകരൂപമായ ഓക്സിജൻ മഹാനിശ്ചയിക്കുമ്പോൾ മാത്രമാണ്.

ജീവനാണ് അഥവാ ശക്തിയാണ് മഹാപ്രപഞ്ചത്തിലെ വസ്തുക്കൾക്കും ജീവികൾക്കുമെല്ലാം പ്രവർത്തിക്കാനുള്ള ശക്തികളെ, (മഹാഅനുഗ്രഹിച്ചു) നൽകുന്നത്. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ആണ് "ജീവൻ". ജീവികൾക്കെല്ലാം 'ശ്വസനം' അത്യാവശ്യമാക്കിയിട്ടുള്ള 'ശരീരം/ഓക്സിജൻ/ദൈവം', ജീവികൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും പ്രാർത്ഥിക്കുന്നതും എല്ലാം എല്ലാം അപ്പപ്പോൾ ഭൗതിക ശാസ്ത്രപരമായി ത്തന്നെ അറിയുന്നുണ്ട്.!

ജീവിയുടെ ശരീരത്തിലെ ജീവന്റെ കേന്ദ്രം ഹൃദയം. ജീവാത്മാവിന്റെ കേന്ദ്രം പരമാത്മാവായ ശിവന്റെ മൂന്നാം കണ്ണിന്റെ സ്ഥാനമാണ്. സൂര്യനിൽ നിന്നാണ് ന്യൂട്രോണായി ജീവാത്മാവിനെ ഭൂമിയിലേക്ക് എത്തിക്കുന്നത് എന്നതും, സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊന്നും സൃഷ്ടിക്കാൻ കഴിയുന്ന മഹാസംവിധാനം ആണ് പരമശിവന്റെ മൂന്നാം കണ്ണ് എന്ന മഹാസൂര്യനേത്രമെന്നതും കൂട്ടിവായിക്കണം.

ജീവൻ അഥവാ ശക്തി അഥവാ ഓക്സിജൻ ശരീരത്തിൽ പ്രവർത്തിക്കുന്നത് ജീവന്റെ മഹാ ഇഷ്ടപ്രകാരമാണ്; മഹാനീതിശാസ്ത്ര പ്രകാരമാണ്. ജീവൻ അഥവാ ഓക്സിജൻ, ദൈവത്തിന്റെ ദ്രാവക രൂപമായ ജലമടങ്ങിയ രക്തത്തിലൂടെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്നു. പരമാത്മാവായ ഹൈഡ്രജനും പ്രത്യക്ഷദൈവമായ ശരീരത്തിന്റെ അഥവാ ജീവനായ ഓക്സിജന്റെ ഇഷ്ട പ്രകാരം അഥവാ മഹാശാസ്ത്ര പ്രകാരം പങ്കെടുക്കുന്നുണ്ട്.

ജീവനായ ഓക്സിജൻ തന്നെയാണ് രക്തത്തിലെ ജലത്തിലൂടെ ജീവാത്മാവിനെ ശരീരത്തിലെങ്ങും വ്യാപരിപ്പിക്കുന്നത്. അതിലൂടെ ജീവാത്മാവിന് ആനന്ദങ്ങളെയും (വേദനകളെയും) അനുഭവിക്കാൻ സാധിക്കുന്നു.

ഭൗതിക ശാസ്ത്രജ്ഞന്മാർക്ക് വെളിപ്പെടുത്താൻ കഴിഞ്ഞിട്ടില്ലാത്തതും, ദൈവം തന്റെ പ്രതിനിധി കൂടിയായ പരമശിവനിലൂടെ മാത്രം വെളിപ്പെടുത്താൻ മഹാനിശ്ചയിച്ചിട്ടുള്ളതുമായ എല്ലാ ശാസ്ത്രശാഖകളുടെയും അടിസ്ഥാന ഘടനയും ഉത്ഭവവും ഈ ഇ-മഹാഗ്രന്ഥത്തിൽ ലഭ്യമാണ്. പ്രകൃതി, പ്രകൃതി നിയമങ്ങൾ, പ്രകൃതിയുടെ സമതുന്തിലിതാവസ്ഥ എന്നിങ്ങനെയെല്ലാം മനുഷ്യർ ഓരോരോ പേരുകൾ ഇട്ടിട്ടുള്ളത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഓംകാരത്തിന്റെയും ഓംകാര നീതിശാസ്ത്രത്തിന്റെയും ഭാഗങ്ങളാണെന്നും വെളിപ്പെടുത്തിയിരിക്കുന്നു.

{ജീവിയുടെ സ്വത്വമായ ജീവാത്മാവിനെ അടിസ്ഥാന പരമായി 'വാതക രൂപത്തിൽ' മാത്രം സൃഷ്ടിക്കുന്നത് എന്തുകൊണ്ട് ! ദ്രാവക രൂപവും, ഖര രൂപവും എന്തുകൊണ്ട് നൽകുന്നില്ല എന്നീ ചോദ്യങ്ങളുണ്ട് ? ജീവിയുടെ സ്വത്വമായ ജീവാത്മാവ് ഒരു സൃഷ്ടി മാത്രമാണ്. ദൈവത്തിന്റെ സ്വന്തം കുഞ്ഞായിട്ടു സൃഷ്ടിക്കപ്പെടുന്ന ജീവാത്മാവിന്റെ അസ്തിത്വം തന്നെ ദൈവത്തിന്റെ മഹാഔദാര്യമാണ്.

ദൈവത്തിന്റെ ഒന്നാമത്തെ ഭാഗമായ ശിവചക്രത്തിന്റെ അംശമാണ് ജീവാത്മാവ് എന്ന് പറയുമ്പോൾ ജീവിയുടെ സ്വത്വമായ ജീവാത്മാവിന്റെ പിതാവ് ശിവചക്രമാണ്. ദൈവത്തിന്റെ രണ്ടാമത്തെ ഭാഗവും ശക്തിചക്രവുമായ ഭൂമിയുടെ അംശമാണ് ജീവാത്മാവിനെ വഹിക്കുന്നതും അസ്തിത്വവും ആനന്ദങ്ങളും മറ്റും നൽകുന്നതായ ശരീരം എന്ന് പറയുമ്പോൾ, ജീവാത്മാവിന്റെ മാതാവ് ഭാഗികമായി ശക്തിചക്രമാണ്.

ദൈവം, സ്വന്തം കുഞ്ഞായിട്ടും, ഏറെക്കുറെ സ്വതന്ത്രമായ വ്യക്തിത്വമുള്ള ജീവിയായിട്ടും, ജീവാത്മാവിനെ പരിണമിപ്പിച്ചിരിക്കുന്നു. എന്നാൽ, ശരീരം ഭാഗികമായി മാത്രം ഭൂമിയുടെ അംശമാണെന്നത് വ്യക്തമാവണം.

ഓരോ ജീവിയും സ്വന്തമെന്നു കരുതുന്ന അഥവാ തെറ്റിദ്ധരിക്കുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങൾ മൂന്നു വിധമാണ്. മുഖ്യ ഭാഗം, ജീവിയെ ഭരിക്കുന്ന ദൈവ-ഭാഗമാണ്; മഹാശക്തിചക്രവും മഹാമാതാവും മഹാനീതിപതിയുമായ ഭൂമിയുടെ അംശമായ ശരീരത്തിന്റെ പ്രസ്തുത മുഖ്യ ഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ ജീവിക്ക് ഒരു പങ്കുമില്ല; സാക്ഷിയല്ല; പ്രവർത്തനങ്ങളെ അറിയുന്നു പോലുമില്ല. ഉദാഹരണത്തിന് അവയവങ്ങളുടെ ഘടന+വളർച്ച; രോഗബാധ, മരുന്നുകളും ശരീരവും തമ്മിലുള്ള പ്രവർത്തനം, ദഹന-വിസർജ്ജനങ്ങൾ, കാമാനന്ദം ഉൾപ്പെടെയുള്ള ആനന്ദങ്ങളുടെയും, ശ്രവിക്കൽ, മണക്കൽ, സ്പർശം തുടങ്ങിയ ഇന്ദ്രിയങ്ങളുടെയും ഒരുക്കൂട്ട്, ഉറക്കം, ബോധക്ഷയം, രക്തം-ബീജം-അണ്ഡം എന്നിവയുടെയും ശരീരത്തിലെ അവയവങ്ങളുടെയും നിർമ്മാണം, സ്ത്രീ പുരുഷ ലിംഗം, മുഖഛായ, സൗന്ദര്യം, ജന്മസ്ഥലം, ബുദ്ധി ശക്തി തുടങ്ങിയ ജന്മഗുണങ്ങളിലെ വ്യത്യാസങ്ങൾ...

കുഞ്ഞായ ജീവാത്മാവിനു വേണ്ടി മഹാമാതാവായ ഭൂമിയുടെ അംശമായ ശരീരം മഹാവാത്സല്യത്തോടെ ജോലികൾ ചെയ്യുകയാണ്.

ശരീരത്തിലെ ഓരോ ആറ്റത്തിലും ശക്തി-ശിവ ചക്രങ്ങളായ പ്രോട്ടോണും-ഇലക്ട്രോണും ഉണ്ടെന്നു പറയുമ്പോൾ, ജീവാത്മാവിനു വേണ്ടി ദാസരായി ദൈവം പ്രവർത്തിക്കുകയാണ് എന്ന് മനസ്സിലാക്കണം. എന്തെന്നാൽ കുഞ്ഞായ ജീവാത്മാവിന് ധർമ്മശാസ്ത്ര പരമായ ആനന്ദങ്ങളെ നൽകുക മാത്രമാണ് ദൈവാംശമായ ശരീരത്തിന്റെ ഉന്നമെന്നത് ജീവാത്മാവ് അനുഭവിച്ച് അറിയുന്ന കാര്യമാണ്.

രണ്ടാമത്തെ ഭാഗം, ജീവാത്മാവിന്റെ പൂർണ്ണമോ ഭാഗികമോ ആയ ഇഷ്ട പ്രകാരമുള്ള ശരീര പ്രവർത്തനങ്ങളാണ്. ഭക്ഷിക്കുക, കുടിക്കുക, വിസർജ്ജിക്കുക, കൈകാലുകൾ, കണ്ണ്, ചെവി തുടങ്ങിയ അവയവങ്ങളെ ഉപയോഗിച്ച് തൊഴിൽ ചെയ്യുക, ചലിപ്പിക്കാൻ കഴിയുന്ന അവയവങ്ങളെ ഉപയോഗിച്ച് വിനോദിക്കുക തുടങ്ങിയവ.

വ്യക്തികളുടെ ജീവിത ചര്യകളും, വ്യക്തി സ്വാതന്ത്ര്യവും, ധാർമ്മിക ശുദ്ധിയും വിഷയമാണ്. കുഞ്ഞായ ജീവാത്മാവിന്റെ ഇഷ്ടം പോലെ പ്രവർത്തിക്കാൻ വേണ്ടി, മഹാപിതാവും മഹാമാതാവുമായ ഭൂമിയുടെ അംശമായ ശരീരം മഹാവാത്സല്യത്തോടെ ചില ശരീര ഭാഗങ്ങളെ (ജീവാത്മാവിനു) വിട്ടു കൊടുത്തിരിക്കുകയാണ്, നൽകുകയാണ്.

പരമാത്മാവായ ശിവ ചക്രത്തിന്റെ അംശവും കുഞ്ഞുമാണ് ജീവിയുടെ സ്വത്വമായ ജീവാത്മാവ്. ശിവ ചക്രത്തെ ആധാരമാക്കി പുതിയ ഒരു സൃഷ്ടി ആരംഭിക്കുകയാണ്.

അദൃശ്യമായ ഒരു വാതകം മാത്രമായ ജീവാത്മാവിന് അസ്തിത്വവും ശക്തികളായ ഗുണങ്ങളും ആനന്ദങ്ങളും നൽകുവാൻ സർവ്വശക്തികളും ഉള്ള മഹാശക്തിയായ ഭൂമിക്കു മാത്രമാണ് കഴിയുക. അതിനായി ഭൂമിയുടെ അംശത്തെ, ജീവാത്മാവിനോടു ചേർക്കുന്നു; മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'നൽകാതെ നൽകുന്നു'. ദൈവത്തിന്റെ മഹാ-ഖര-നീതിരൂപമാണ് ഭൂമിയുടെ ഖര-നീതി -അംശത്തെ 'ശരീരം' എന്ന പേരിൽ ജീവാത്മാവിനോടു ചേരുമ്പോൾ മാത്രമാണ് ജീവി ജനിക്കുന്നത്.

മഹാപിതാവും മഹാമാതാവും ശക്തിചക്രവുമായ ഭൂമിയുടെ കുഞ്ഞ് മാത്രമാണ് 'ജീവാത്മാവ് '; അംശമല്ല.

മൂന്നാമത്തെ ഭാഗം, ജീവാത്മാവിന്റെ സ്ത്രീ പുരുഷ ലിംഗ വ്യത്യാസത്തെ മഹാനിശ്ചയിക്കുന്നത് ശക്തി ചക്രമായ ഭൂമിയും, അംശമായ ശരീരവും ആണ്. പ്രത്യക്ഷ ദൈവമായ ശരീരം സ്വയം നിർമ്മിക്കുന്ന (ലൈംഗിക) അവയവങ്ങളും ഇന്ദ്രിയങ്ങളുമാണ് ജീവാത്മാവിന്റെ ലിംഗം നിർണ്ണയിക്കുന്നത്.

ജനിക്കുന്ന കുഞ്ഞിന്/ ജീവാത്മാവിന് ലിംഗബോധം ഇല്ല തന്നെ. ശരീര വളർച്ചയും ജ്ഞാന വർദ്ധനവും കൊണ്ടാണ് സ്ത്രീ പുരുഷ വ്യത്യാസം എന്താണ് എന്നു പോലും ജീവാത്മാവ് തിരിച്ചറിയുക.

ദൈവം സ്ത്രീയോ പുരുഷനോ ജീവിയോ അല്ലെന്ന് ദൈവാംശമായ ശരീരവും, ദൈവത്തിന്റെ ശിവഭാഗ-അംശമായ ജീവാത്മാവും വ്യക്തമാക്കുക കൂടിയാണ്.

ജീവിക്ക് മഹാശാസ്ത്ര ജ്ഞാനം ലഭിക്കുന്നത് മനുഷ്യാവസ്ഥയിൽ മാത്രമാണെന്നതു കണക്കാക്കി വിഷയത്തെ സാധൂകരിക്കുന്ന അവയവ ഘടനയും ആനന്ദവും മനുഷ്യരിൽ ഒരുക്കിയിട്ടുണ്ട് : പുരുഷന് മുലകളെ സൃഷ്ടിച്ചിട്ടുള്ളത് അതുകൊണ്ടു കൂടിയാണ്. മനുഷ്യാവസ്ഥയിൽ 50 സ്ത്രീ ജന്മങ്ങളും 50 പുരുഷ ജന്മങ്ങളും സ്വീകരി(പ്പി)ക്കുമ്പോൾ മാത്രമാണ് 'സ്ത്രീ-പുരുഷ സമത്വം' ജീവാത്മാവിനു ലഭിക്കുക. സമത്വം വിഷയമാക്കി സമൂഹത്തിൽ അരക്ഷിത വാദം ഉണ്ടാക്കുന്നത് ഭോഷത്വം മാത്രവുമാണ് !

(മനുഷ്യൻ എന്ന ജീവിയുടെ 2 ഭാഗങ്ങൾ മാത്രമാണ് സ്ത്രീയും പുരുഷനും. മനുഷ്യൻ എന്ന പദം തന്നെ ബഹുവചനമാണ്.) ശരീരത്തിന്റെ ഏത് അവയവത്തിന് ആനന്ദം, വീഴ്ച്ച, രോഗം തുടങ്ങിയവ സംഭവിച്ചാലും, അതിന്റെ ഗുണദോഷങ്ങൾ അനുഭവിക്കുന്നത് ജീവാത്മാവ് മാത്രമാണ്.

മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായി പ്രവർത്തിക്കുവാൻ സ്രഷ്ടാവിന് ചുമതലകൾ ഉണ്ട്. അതിനാൽ ധർമ്മശാസ്ത്ര പരമായ നിയന്ത്രണങ്ങൾ ജീവാത്മാവിന് ഏർപ്പെടുത്തുവാൻ ദൈവം ബാദ്ധ്യസ്ഥമാണ്. സമ്പൂർണ്ണമായും ജീവാത്മാവിനു വേണ്ടിയുള്ള മഹാസേവനങ്ങൾ മാത്രമാണ് ദൈവം നിർവ്വഹിക്കുന്നത്. സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം നൽകുമ്പോൾ, അക്കൂടെ ധർമ്മ ശാസ്ത്ര പരമായ നിയന്ത്രണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ എല്ലാ കുഞ്ഞുങ്ങൾക്കും സമനീതിയും സമആനന്ദങ്ങളും ലഭിക്കുകയുള്ളൂ.

ദൈവം സ്വന്തം ആനന്ദമായിട്ട്, സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെ മഹാനിശ്ചയിക്കുകയും, സൃഷ്ടികളെ സ്വന്തം പൊന്നോമന കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും മഹാകരുതുകയും, മനുഷ്യ- മാതാപിതാക്കൾ നൽകുന്നതിന്റെ 100 മടങ്ങ് സ്നേഹ-വാത്സല്ല്യങ്ങളെ നൽകുകയും ചെയ്യുന്നു. അതിനാലാണ് ജീവികൾക്കെല്ലാം, മനുഷ്യാവസ്ഥയിൽ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും വിഷയ വിചാരണ സാദ്ധ്യമാകുന്നതും എന്ന് അറിയുക.

ഓരോ കുഞ്ഞിനും ആസ്വദിച്ച് അനുഭവിക്കുവാൻ അനന്തമായ ആനന്ദങ്ങളെയും, അവ നേടാനുള്ള മാർഗ്ഗങ്ങളെയും മഹാഒരുക്കിയിരിക്കുന്നു. മോക്ഷവും അങ്ങനെ തന്നെ. ഇടയിൽ ദ്രാവക രൂപവും ഖര രൂപവും ജീവാത്മാവിന് വേറിട്ട ആവശ്യങ്ങളാവുന്നില്ല.}

ഭൗതിക ശാസ്ത്രത്തിൽ, ദൈവീകത കലരുമ്പോൾ, **ഭൂമിയാണ് 'സൂര്യൻ, ചന്ദ്രൻ എന്നിവരെ സൃഷ്ടിച്ചിട്ടുള്ളത് ' തുടങ്ങിയ വസ്തുതകൾ മഹാവിപ്ലവത്തെ സൃഷ്ടിക്കുന്നതാണ്. (ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും അസാധാരണമായ സാഹചര്യങ്ങളിൽ സൃഷ്ടിക്കപ്പെട്ടവയും വൈകാതെ പിൻവലിക്കപ്പെടുകയും ചെയ്യുന്നവയാണ്.).**

ജീവികളുടെ ആത്മീയ സാക്ഷാത്കാരം എന്ന മോക്ഷം എന്ന മഹാനീതി എന്ന പരബ്രഹ്മാനന്ദം ആണ് നക്ഷത്രകോടികൾ എന്നത് ഭൗതിക ശാസ്ത്രത്തെ ആത്മീയ ശാസ്ത്രം കൂടിയായ ഓംകാര നീതി ശാസ്ത്രത്തിൽ മഹാലയിപ്പിക്കുന്നതു പോലെയുള്ള മാറ്റങ്ങളാണ് ഉരുത്തിരിയുന്നത്.

അല്പം വിശദീകരിക്കാം :

മോക്ഷം = ആത്മീയ സാക്ഷാത്ക്കാരം = ജീവാത്മാവിന്റെ മുക്തി = നക്ഷത്രം ☆

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ള ദൈവം, ഓരോ ജീവാത്മാവിനെയും മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ മഹാനയിക്കുകയും പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുകയും; ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രമായിട്ട്,

ആകാശത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

മോക്ഷം പ്രാപ്തമാക്കുന്നതോടെ; മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന് സമ്പൂർണ്ണ മുക്തിയും; ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുവാനും, ഓരോ ജീവാത്മാവിനും സാധിക്കുന്നതാണ്. (സ്വയം രണ്ടായിട്ടു വിഭജിച്ച് തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓര്ക്കുകയും ചെയ്യുന്ന കാമാനന്ദമായ പരമാനന്ദത്തെയും സ്വന്തമായ ഇഷ്ടപ്രകാരം അനന്തകാലം ആസ്വദിക്കുവാൻ സാധിക്കുന്നതാണ്).

മഹാപ്രപഞ്ചവുമായി ബന്ധമില്ലാത്തതായ "ദൈവത്തിന്റെ ബ്രഹ്മം എന്ന അവസ്ഥയെപ്പോലെ" നിർഗ്ഗുണമായും മോക്ഷത്തിൽ - നക്ഷത്രമായിരിക്കെ - കഴിയാനാവും. സമസ്ത ആനന്ദങ്ങളെയും അനുഭവിച്ച് നക്ഷത്രങ്ങൾക്ക് ആകാശത്ത് സ്വതന്ത്രരായി അനന്തകാലം കഴിയാം.

ദൈവം, ജീവാത്മാവിനെ ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രമായിട്ട് ഉയർത്തുമ്പോൾ, ജീവാത്മാവിന്റെ മേൽ അതുവരെ മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിച്ചുപോന്ന മഹാനിയന്ത്രണങ്ങളും മഹാഭരണവും അവസാനിപ്പിച്ച് (മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന്) സമ്പൂർണ്ണ മുക്തിയെ മഹാഅനുഗ്രഹിച്ച് നൽകുകയാണ്. മോക്ഷം. മോക്ഷം പ്രാപിക്കുന്നതോടെ എല്ലാ ജീവികൾക്കും - ജീവാത്മാക്കൾക്കും - നക്ഷത്രം ☆ എന്ന സമ(ജീവി)രൂപത്തെ ലഭിക്കുന്നതുമാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ സഞ്ചരിച്ച ജീവാത്മാവ്, അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും നക്ഷത്രം എന്ന മോക്ഷത്തെയും പ്രാപ്തനാക്കുന്നു.

അതു കൊണ്ടാണ് നക്ഷത്രത്തിന് 5 കോണുകളുള്ളത്. ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ നക്ഷത്രങ്ങൾക്ക് 5 കോണുകൾ ഉള്ളതായിട്ട് കാണാനും കഴിയുന്നതാണ്.

മണ്ണും ഭൂമിയുമായ ദൈവം, ഓരോ മനുഷ്യനും (ജീവാത്മാവിനും) മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടെ; ജീവാത്മാവിന് സമ്പൂർണ്ണ മുക്തി ഉണ്ടാവുന്നതും; ഓരോ ജീവാത്മാവിനും നക്ഷത്രം എന്ന സത്യവും നിത്യവും, അ-'നിശ്ചിത' മഹാസമരൂപവുമായ വാതകരൂപം ലഭിക്കുന്നതും ഓരോ ജീവാത്മാവും തന്റെ രണ്ടാമത്തെ പകുതിയോടു മാത്രം ചേർന്ന് ആനന്ദ ജീവിതം നയിക്കുന്നതുമാണ്. ((ഓരോ മനുഷ്യനെയും / ജീവിയെയും സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായിട്ടു വിഭജിച്ചാണ് സൃഷ്ടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ആത്മീയ സാക്ഷാത്ക്കാരം നേടുന്ന സമയത്ത്, രണ്ടായിട്ടു നിൽക്കുന്നവരെ വീണ്ടും ഒന്നിപ്പിക്കുന്നുണ്ട്. ഉൽക്കൃഷ്ടമായ വസ്തുത കാലാന്തരത്തിൽ ദുഷിക്കുകയും ജീർണ്ണിക്കുകയും ചെയ്താണ് ഭർത്താവിന്റെ ചിതയിൽ ജീവിച്ചിരിക്കുന്ന ഭാര്യയെ തള്ളിയിട്ടും ചാടിച്ചു കൊല്ലുകയും ദഹിപ്പിക്കുകയും ചെയ്യുന്ന "സതി" എന്ന ദുരാചാരം ഉണ്ടായത്.)).

മോക്ഷം പ്രാപിക്കുന്ന എല്ലാ മനുഷ്യർക്കും നക്ഷത്ര☆മായിരിക്കുമ്പോൾ, ഭൂമിയിലെ ജീവികളെയും ജീവിതങ്ങളെയും ആകാശത്ത് നിന്ന് കാണാനാവും എന്നല്ലാതെ ഇടപെടാനാവില്ല. ഓസോൺ എന്ന മഹാനീതിശാസ്ത്ര ബന്ധനം അഥവാ ഓംകാര ബന്ധനം വഴി പരസ്പര-മുക്തി സ്ഥാപിച്ചിരിക്കുകയാണ്.

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ അഥവാ പരമായ അവസ്ഥ അഥവാ പരബ്രഹ്മം എന്നത് മഹാപ്രപഞ്ചമാണ് അഥവാ ജഗത്താണ് എന്ന് മോക്ഷത്തിൽ - നക്ഷത്രമായിരിക്കെ - തീർച്ചയായും ബോദ്ധ്യപ്പെടുന്നതാണ്. അതോടെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സന്തതിയായിട്ട് ഭൂമിയിൽ ജീവിക്കാൻ കാലക്രമേണ ആഗ്രഹിക്കുന്നതാണ്. മഹാശക്തിയും മഹാമാതാവും മഹാനീതിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവം, മഹാജ്ഞാനമാകുന്ന മഹാശാസ്ത്ര പ്രകാരം സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ജഗത്താണ് മഹാശ്രേഷ്ഠമെന്ന് നക്ഷത്രമായിരിക്കുന്ന ഓരോ കുഞ്ഞിനും ബോദ്ധ്യപ്പെടുന്നതാണ്. ഭൂമിയിലെ ജീവികളുടെയെല്ലാം ഇടയിൽ വീണ്ടും മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ സഞ്ചരിക്കാൻ നക്ഷത്രങ്ങൾ ആഗ്രഹിക്കുന്നതാണ്. മഹാശക്തിയും മഹാമാതാവും മഹാനീതിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളും നക്ഷത്രങ്ങളുമായ ജീവാത്മാക്കളെ മഹാഅനുഗ്രഹിക്കുകയും മനുഷ്യാവ-സ്ഥയിൽ വച്ച് വീണ്ടും മോക്ഷം നൽകുന്നതുമാണ്. കൂടാതെ, ദൈവത്തെ മകനും മകളുമായി ലഭിക്കുന്നതും പരിചരിക്കുന്നതും ഉൾപ്പെടെയുള്ള മഹാഭാഗ്യത്തെയും മഹാനീതിശാസ്ത്ര പ്രകാരം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

മോക്ഷത്തെ അഥവാ മുക്തിയെ ഓരോ മനുഷ്യനും/ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് ഭൂമിയിലെങ്ങുമുള്ള ഓരോ മനുഷ്യനെയും ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യുവാൻ ദൈവത്തിനു ബാദ്ധ്യതയുണ്ട്.

മാത്രമല്ല,

ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ആത്മസംതൃപ്തിയോടെ വിരമിക്കാനും മുക്തി നേടാനുമുള്ള കുറ്റമില്ലാത്ത മഹാശാസ്ത്രപരമായ സംവിധാനങ്ങളെ മഹാഒരുക്കാനും ദൈവത്തിനു ബാദ്ധ്യതയുണ്ട്. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം മനുഷ്യർക്കെല്ലാം ബന്ധുക്കളും ബന്ധങ്ങളും ഉണ്ടായിട്ടുള്ളതിൽ മണ്ണും ഭൂമിയുമായ ദൈവത്തിനു പങ്കുള്ളതുകൊണ്ടാണത്.

ദൈവത്തിൽ നിന്നുള്ള മുക്തി

മഹാശക്തിയും മഹാമാതാവും മഹാ-നീതിയുമായ ദൈവം, മണ്ണും ഭൂമിയുമായിക്കൊണ്ട് ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളതിൽ മഹാശ്രേഷ്ഠമായ മഹാ -പദ്ധതികളുണ്ട്. "മണ്ണും ഭൂമിയുമായ ദൈവത്തിന്റെ" അംശമായ മണ്ണുകൊണ്ടാണ് ജീവികളുടെയെല്ലാം ശരീരത്തെ മഹാസൃഷ്ടിച്ചിട്ടുള്ളത്; ശരീരത്തെ ഉപാധിയാക്കിയാണ് ജീവികളുടെയെല്ലാം ജനന-ജീവിത-മരണങ്ങളെയും ആനന്ദങ്ങളെയും ഭദ്രമാക്കീട്ടുള്ളത്. ദൈവം, ഓരോ കുഞ്ഞിനും മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ മണ്ണായ ശരീരത്തിലൂടെ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ദൈവം, കുഞ്ഞുങ്ങളുടെയെല്ലാം ശരീരങ്ങളായും, ആനന്ദങ്ങളായും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും മഹാവാത്സല്യത്തോടെ പ്രവർത്തിക്കുന്നത് സൃഷ്ടികളായ കുഞ്ഞുങ്ങൾക്കെല്ലാം വേണ്ടിയാണ്.

മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിക്കുകയും, മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ മഹാനീതി ശാസ്ത്ര പ്രകാരം മഹാപരിപാലിക്കുകയും മഹാപരിണമിപ്പിക്കുകയും ചെയ്യുമ്പോൾ ജീവാത്മാവിനെ **യാതൊരിക്കലും നേരിട്ട് മണ്ണിൽ തൊടീക്കുന്നില്ല.** അതായത് മണ്ണും ഭൂമിയുമായ **ദൈവത്തിന്റെ ഭാഗമല്ലാത്ത സൃഷ്ടിയും കുഞ്ഞും** മാത്രമാണ് ജീവാത്മാവ് അഥവാ ജീവി അഥവാ മനുഷ്യൻ. **മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന് വേറിട്ട ആകാശത്തിൽ അഥവാ സൂര്യനിൽ നിന്നു വന്ന പരമാത്മാവിൽ നിന്ന് സൃഷ്ടിച്ചിട്ടുള്ള ജീവാത്മാവിന് ഭൂമിയിലോ, ഭൂമിയിലെ വസ്തുക്കളിലോ അവകാശവും അധികാരവും ഇല്ല.**

ദൈവത്തിന്റെ കുഞ്ഞായ ജീവാത്മാവിന് മോക്ഷത്തെ (നക്ഷത്രം) മഹാഅനുഗ്രഹിച്ചു നൽകി ആകാശത്തിലേക്ക് ഉയർത്തുമ്പോഴും ഭൂമിയിലോ, ഭൂമിയിലെ വസ്തുക്കളിലോ അവകാശവും അധികാരവും ഇല്ല തന്നെ. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ, ഭൂമിയിൽ വച്ച്, മനുഷ്യാവസ്ഥയിൽ ജീവാത്മാവിന് ലഭ്യമാവുന്നതിനാൽ; **സ്വന്തമാണെന്നു തോന്നുന്നതായ ശരീരം പോലും സ്വന്തമല്ലെന്നും, മണ്ണും ഭൂമിയുമായ ദൈവം, (മണ്ണായ) ശരീരത്തെ മടക്കി വാങ്ങുന്നുവെന്നും നന്നായി പഠിക്കുന്നതാണ്. ഉറ്റവരും ചുറ്റുമുള്ളവരും മറ്റും മരിച്ചു മണ്ണടിയുന്നതും യാതൊരു സമ്പത്തുകളെയും കൂടെക്കൊണ്ടു പോവാൻ യാതൊരാൾക്കും കഴിയില്ലെന്നതും കണ്ടും കേട്ടും, സ്വയം അനുഭവിച്ചെന്നപോലെ അറിയുന്നുണ്ട്.**

മോക്ഷത്തെ അഥവാ മുക്തിയെ ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് ഭൂമിയിലെങ്ങുമുള്ള ഓരോ മനുഷ്യനും / ജീവാത്മാവിനും ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ആത്മസംതൃപ്തിയോടെ മുക്തി നേടാൻ കഴിയുന്നത് എങ്ങനെയെന്ന് മഹാശാസ്ത്രപരമായി ഇനി വിശദീകരിക്കാം :-

ഓരോ മനുഷ്യനും അവരവർക്കു ലഭിക്കുന്ന ശരീരവുമായി ബന്ധപ്പെട്ട ജീവിതം നയിക്കുന്നവരാണ്. (ശരീരത്തെ പ്രധാനമാക്കുന്ന) കുഞ്ഞായിട്ട് ഭൂമിയിലേക്കു പിറന്നു വീഴുമ്പോൾ അമ്മയുമായുള്ള പൊക്കിൾകൊടി ബന്ധം പോലും നീക്കംചെയ്ത് വെവ്വേറെയാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നതും, ശരീരം കൊണ്ട് ആനന്ദങ്ങളെയും വേദനകളെയും അനുഭവിച്ചു ജീവിക്കുന്നതും അവരവരുടെ ലോകത്താണെന്നതും, മനുഷ്യന്റെ ശരീരം മരിക്കുമ്പോൾ ജീവാത്മാവിന് മരണം സംഭവിക്കുന്നില്ലെങ്കിലും ജീവാത്മാവിന്റെ ഒരു മനുഷ്യ ജന്മത്തിന് മരണം സംഭവിക്കുന്നുണ്ട് എന്നതും, ശരീരത്തിന്റെ മരണത്തെ മാതാപിതാക്കളുടെ ഉൾപ്പെടെ യാതൊരു ജീവികളുടെയും ശരീരവുമായി ബന്ധിപ്പിച്ചിട്ടില്ലാ എന്നതും ഓരോ മനുഷ്യനും തനിപ്പെട്ട വ്യക്തിയാണെന്ന് സുവ്യക്തമാക്കുന്നുണ്ട്. എന്നാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ് എന്നതും; സ്ത്രീ, പുരുഷൻ എന്നിങ്ങനെ 2 ഭാഗങ്ങളായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും, ഓരോ വ്യക്തിക്കും അറിയുന്നതോ അറിയാത്തതോ ആയ ഇണയുണ്ടെന്ന് സുവ്യക്തമാക്കുന്നുണ്ട്.

വിശദീകരിക്കാം :-

മഹാശക്തിയും മഹാമാതാവും മഹാനീതിയും ഭൂമിയുമായ മഹാദേവിയാണ് ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ കാര്യങ്ങളെയും മഹാത്ഭുതകരമെന്നോണം മഹാഭരിക്കുന്നത്. ഓരോ മനുഷ്യന്റെയും എന്നതിൽ അമ്മ, അമ്മൂമ്മ, മുതുമുത്തശ്ശികൾ, അച്ഛൻ, അപ്പൂപ്പൻ, മുതുമുത്തച്ഛന്മാർ, തുടങ്ങിയ എല്ലാ മുൻഗാമികളും, മക്കളും കൊച്ചു മക്കളും കൊച്ചുകൊച്ചു കൊച്ചുമക്കളുമായ വരും-തലമുറകളും കൂടി ഉൾപ്പെടുന്നു. ഓരോ മനുഷ്യന്റെയും ശരീരത്തിലെ അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും; ജന്മഗുണങ്ങളായ സ്ത്രീ, പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തതകളെയുമെല്ലാം സദാ മഹാഭരിക്കുന്നതും മഹാസമനീതിയെ നൽകുന്നതും, ഭൂമിയിലെ സർവ്വ ജനങ്ങളുടെയും മഹാമാതാവും ഭൂമിയുമായ ദൈവമാണ്; മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവർക്ക് മനുഷ്യന്റെ ശരീര കാര്യങ്ങളിലും നീതി കാര്യങ്ങളിലും പങ്കില്ലായെന്നുമാണ് സുവ്യക്തമാക്കിയത്. ജീവാത്മാവിനെ സൃഷ്ടിക്കുന്നതും ദൈവം മാത്രമാണ്. ഓരോ മനുഷ്യന്റെയും ജനനത്തിലും ശൈശവത്തിലും മറ്റും അമ്മയുടെയും അച്ഛന്റെയും ഉറ്റവരുടെയും സ്ഥാനങ്ങൾ അടിസ്ഥാനപരമായിട്ട് 'ലൂടെ' മാത്രമാണ്.

കുടുംബ ജീവിതത്തിൽ വിഷയമാവുന്ന അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ തുടങ്ങിയ ബന്ധങ്ങളെല്ലാം പുനർജ്ജന്മങ്ങളിൽ തന്നെ (ക്രമേണ) വ്യത്യാസപ്പെടുന്നതാണ്.

മാത്രമല്ല; സ്വന്തമായ പകുതി (ഭാര്യ-ഭർത്താവ്) ഒഴികെയുള്ള ബന്ധങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും മറ്റും മോക്ഷത്തിൽ സമ്പൂർണ്ണമായും അവസാനിക്കുന്നതുമാണ്. ശരീര നിർമ്മിതിയിൽ പങ്കില്ലെങ്കിലും, മാതാപിതാക്കളും സഹോദരങ്ങളും മക്കളും ഉറ്റവരുമെല്ലാം അന്യോന്യം സ്നേഹിക്കാനും സന്തോഷിക്കാനും ഉറ്റവരുടെ സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, രോഗം, തുടങ്ങിയ ജന്മഗുണങ്ങളിൽ സാദൃശ്യങ്ങളെ സൃഷ്ടിക്കുവാൻ മണ്ണും ഭൂമിയുമായ ദൈവം മഹാകനിയുന്നുണ്ട്. ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള ശരീര സാദൃശ്യങ്ങളിൽ വ്യക്തിക്കോ മാതാപിതാക്കൾക്കോ യാതൊരു പങ്കുമില്ലായെന്നും മനുഷ്യക്കുഞ്ഞിനു പകരം ഓന്തിനെയോ ആമയെയോ പാമ്പിനെയോ പ്രസവിക്കുകയോ മുട്ട ഇടുകയോ ചെയ്താലും മാതാപിതാക്കൾക്ക് കാഴ്ചക്കാരെപ്പോലെ പ്രവർത്തിക്കാൻ മാത്രമേ കഴിയൂ.

ഓരോ മനുഷ്യന്റെയും ഏറ്റവും വലിയ സമ്പത്ത് മനുഷ്യന്റെ രണ്ടാമത്തെ പകുതിയാണ്; സ്ത്രീക്ക് പുരുഷനും പുരുഷന് സ്ത്രീയും. സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായിട്ടു വിഭജിച്ചാണ് ഓരോ മനുഷ്യന്റെയും സൃഷ്ടി ആരംഭിച്ചിട്ടുള്ളത് എന്നും ആത്മീയ സാക്ഷാത്ക്കാരത്തിൽ രണ്ടു ഭാഗങ്ങളും വീണ്ടും ഒന്നിച്ചു ചേരുമെന്നും മഹാനീതിശാസ്ത്രത്തിൽ പഠിക്കുന്നതാണ്.

(സൂര്യനിലും നക്ഷത്രങ്ങളിലും, ഹൈഡ്രജനും ഹീലിയവും നിരന്തരം പ്രതിപ്രവർത്തിക്കുന്നതിന് ജീവാത്മാവിന്റെ സ്ത്രീ-പുരുഷ വിഭജനവുമായി ബന്ധമുണ്ട്. മഹാശക്തിയായ ദൈവം, മഹാഉചിതമായ സമയത്ത് സമ്പൂർണ്ണമായും വെളിപ്പെടു ത്തുന്നതാണ്.).

ധ്യാനത്തിൽ മുഴുകുമ്പോൾ വ്യക്തിയുടെ ബന്ധുജനങ്ങളും ദൈവവും മനസ്സിൽ നിന്ന് പുറത്താകുന്നതും, ശൂന്യത അവശേഷിക്കുന്നതുമാണ്. മഹാശാസ്ത്ര കാര്യങ്ങളെ കുറിച്ച് കൂടുതൽ പഠിക്കുമ്പോൾ, വ്യക്തിയുടെ മനസ്സിലുള്ള അവ്യക്തമായ ചിന്തകളും രൂപങ്ങളും ക്രമേണ ഉണ്ടാകുന്ന ശൂന്യതയും വ്യക്തിയുടെ രണ്ടാമത്തെ പകുതിയിൽ വിലയം പ്രാപിക്കുന്നതാണ്.

മനുഷ്യർക്ക് ബന്ധുക്കളില്ലേ, ബന്ധുക്കൾ വേണ്ടേ എന്നിങ്ങനെ ചോദിച്ചാൽ, ഉണ്ട്. മഹാമാതാവായ മഹാദേവിയും, മഹാപിതാവു കൂടിയായ ദൈവത്തിന്റെ ഏക ദാസനും മാത്രമാണ് ഓരോ മനുഷ്യന്റെയും നിത്യരായ യഥാർത്ഥ ബന്ധുക്കൾ; യഥാർത്ഥമായ അമ്മയും അച്ഛനും. മനുഷ്യരുടെ ശരീരങ്ങളുടെയും ആത്മാക്കളുടെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളിൽ എല്ലായ്പ്പോഴും അവകാശവും അധികാരവുമുള്ളത് അവർക്ക് മാത്രമാണ്. എല്ലാ ആനന്ദങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്ന 'മഹാമാതാവും, ഭാഗമായ പ്രപഞ്ച പിതാവും ചേർന്ന ദൈവം' എല്ലാവരുടെയും ഏക ബന്ധുവാണ്; രണ്ടു ബന്ധുക്കളുമാണ്.

മനുഷ്യരെല്ലാം തങ്ങളുടെ ജീവിതത്തിലെ അമ്മ, അച്ഛൻ, സഹോദരങ്ങൾ, മക്കൾ, കൊച്ചുമക്കൾ തുടങ്ങിയവരെ അപ്രധാനമായി കാണാനല്ല; മറിച്ച് കൂടുതൽ ഉൽക്കൃഷ്ടമായി പെരുമാറാനാണ് ദൈവ-ബന്ധുജ്ഞാനം വഴിയൊരുക്കുക. അതെങ്ങനെയെന്ന് വിശദീകരിക്കാം :-

(1) സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ അനന്തമായ ആനന്ദങ്ങളെ പരിചയിപ്പിക്കുകയും മണ്ണും ഭൂമിയുമായ ദൈവം ഉൾപ്പെടെയുള്ള ബന്ധങ്ങളിൽ നിന്നും മോക്ഷം നൽകാനുമാണ് ദൈവം മഹാപ്രവർത്തിക്കുന്നത്; ബന്ധുക്കളെയും ബന്ധങ്ങളെയും സൃഷ്ടിക്കാനല്ല. ഉറ്റവരുടെ വേർപാടുകളും മരണവും ബന്ധങ്ങളിലെ ശ്രേഷ്ഠതകളോടൊപ്പം നിരർത്ഥകതയെയും ജീവിതത്തിൽ സദാ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും മാനുഷികമായ ബന്ധങ്ങളും കുടുംബ ജീവിതവും ലൂടെയായി പ്രവർത്തിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ടാണ്.

(2) മഹാശക്തിയായ ദൈവം, ഓരോ മനുഷ്യനെയും കുഞ്ഞായിട്ട് സൃഷ്ടിക്കുന്നതും, ഓരോ കുഞ്ഞിനും സമആനന്ദമെന്ന മഹാസമനീതിയെ നൽകുന്നതും മഹാപാഠമാണ്. അതായത് (ദൈവം) ഓരോ മനുഷ്യന്റെയും സമ്പത്തുകളായും ശക്തികളായും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായും മഹാദാസി-യായും മഹാപിതാവായും മഹാമാതാവായും മഹാനീതിപതിയായും മഹാഅവതരിച്ച്, ഓരോ മനുഷ്യനെയും മഹാകരുതുന്നതിനെ മനസ്സിലാക്കാനും; മഹാനീതിശാസ്ത്ര പ്രകാരം ജീവിക്കാനും ഓരോ മനുഷ്യനും സ്വയം ബാദ്ധ്യസ്ഥമാകുന്നതാണ്.

(3) ഏകമഹാശക്തിയായ ദൈവം, രണ്ടാവാതെ രണ്ടായിട്ടു വിഭജിച്ചാണ് പ്രവർത്തിക്കുന്നതെന്നും; മനുഷ്യരൂപത്തിൽ ഏകദൈവവും മഹാശിവയും മഹാദേവിയുമായ മഹാമാതാവും, ഏകദാസനും മഹാദേവനും പരമശിവനുമായ പ്രപഞ്ചപിതാവുമായും മഹാഅവതരിച്ചിട്ടുള്ളതിനെ ബ്രഹ്മ പാഠങ്ങളിലും മറ്റും വിശദീകരിച്ചിട്ടുണ്ട്. അതിനെ അനുകരിച്ച് സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായിട്ടു വിഭജിച്ചാണ് ഓരോ മനുഷ്യന്റെയും സൃഷ്ടി ആരംഭിച്ചിട്ടുള്ളത് എന്നതും, ഓരോ മനുഷ്യന്റെയും ഏറ്റവും വലിയ സമ്പത്ത് അവരവരുടെ രണ്ടാമത്തെ പകുതിയാണെന്നതും, ആത്മീയ സാക്ഷാത്ക്കാരത്തിൽ ഓരോ മനുഷ്യന്റെയും രണ്ടു ഭാഗങ്ങളും വീണ്ടും ഒന്നിച്ചു ചേരുമെന്നതും മഹാവിപ്ലവമാണ്. തങ്ങളുടെ അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, ശത്രുക്കൾ, തുടങ്ങിയവരിൽ ഒരാൾ തന്റെ രണ്ടാമത്തെ പകുതിയാവാനുള്ള സാദ്ധ്യത ഏറെയാണെന്നത് മനുഷ്യരിലെ സ്നേഹവാത്സല്യങ്ങളെ വർദ്ധിപ്പിക്കുന്നതാണ്.

അതാതു ജന്മത്തിലെ സ്ഥാനങ്ങളെ ഉൾക്കൊണ്ട്, അന്യോന്യം ഉചിതമായിട്ട് സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടുന്നത് വ്യക്തിയുടെ ആവശ്യമാക്കുന്ന മഹാസംവിധാനം കൂടിയാണത്. ഓരോരുത്തരും ഇപ്പോഴത്തെ തങ്ങളുടെ ഇണയെ ധർമ്മശാസ്ത്രപരമായിട്ട് സദാ പരിചരിക്കുന്നതോടെ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം സംശുദ്ധമാവുന്നതാണ്; പരമാനന്ദകരവും.

(4) ആത്മീയസാക്ഷാത്ക്കാരത്തിനു മുമ്പ്, ഓരോ മനുഷ്യനും പശു, കാള ജന്മങ്ങളെ സ്വീകരിക്കേണ്ടതുണ്ട് എന്ന മഹാപാഠം പ്രകാരം, മറ്റുള്ള ജീവികളെയും സ്നേഹിക്കുവാൻ കാരണമുണ്ടാകുന്നു. തങ്ങളുടെ രണ്ടാമത്തെ പകുതി പശു, കാള ജന്മത്തിലാവാം എന്ന് ചിന്തിക്കുമ്പോൾ വിഷയത്തിന് ഗൗരവം കൂടുന്നു.

(5) മഹാനീതിപതിയായ ദൈവം, മനുഷ്യാവസ്ഥയിലെ പുനർജ്ജന്മങ്ങളിൽ പുണ്യം, പാപം തുടങ്ങിയവയിലെ മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നുണ്ട്. എന്നാൽ, കടുത്ത അപരാധങ്ങൾ ചെയ്യുന്ന മനുഷ്യർക്ക് പട്ടി, പൂച്ച, എലി, കുരങ്ങ്, കഴുത തുടങ്ങിയ ജീവികളായിട്ട് അനവധി ജന്മങ്ങളിൽ ദൈവ ശിക്ഷ അനുഭവിച്ച് ധാർമ്മിക ശുദ്ധി നേടണമെന്ന് മഹാനീതിശാസ്ത്രം വിധിക്കുന്നത് അതീവഗൗരവങ്ങളാണ്; എല്ലാ കുഞ്ഞുങ്ങളെയും ശുദ്ധിചെയ്ത് മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവത്തിന്റെ മഹാവാത്സല്യമാണ്.

മേൽ വിവരിച്ച കാര്യങ്ങളെ ചുരുക്കി പറയുമ്പോൾ, ശൂന്യതയിൽ നിന്നെന്നപോലെ, തന്റെ ഭാഗവും ഏകദാസനും പ്രപഞ്ചപിതാവുമായ പരമാത്മാവിൽ നിന്ന് ദൈവം "ജീവാത്മാവിനെ" സൃഷ്ടിക്കുന്നു. ദൈവത്തിന്റെ മണ്ണായ ശരീരവും ജീവനായ ഓക്സിജനും "ജീവാത്മാവിന്" മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് കുഞ്ഞായിട്ടാണ് ജീവിയെ സൃഷ്ടിക്കുന്നത്. ജീവി മനുഷ്യാവസ്ഥയിൽ എത്തുമ്പോൾ അനന്തങ്ങളായ ആനന്ദങ്ങളോടൊപ്പം നക്ഷത്രം ☆ എന്ന മോക്ഷവും മഹാഅനുഗ്രഹിച്ചു നൽകുന്നു.

അതിന്നായിട്ട്, ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ഓരോ ജീവാത്മാവിനും ആത്മസംതൃപ്തിയോടെ മുക്തി നേടാനുള്ള മഹാസംവിധാനങ്ങളെയും ഒരുക്കിയിരിക്കുന്നു.

മോക്ഷത്തെ അഥവാ മുക്തിയെ ഓരോ മനുഷ്യനും/ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് മണ്ണും ഭൂമിയുമായ ദൈവത്തോടും, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളോടും കാട്ടിയിട്ടുള്ള തെറ്റുകുറ്റങ്ങൾക്കും ദ്രോഹങ്ങൾക്കും ഭൗതികമായിട്ട് പരിഹാരമുണ്ടാക്കാൻ ഭൂമിയിലെങ്ങുമുള്ള ഓരോ മനുഷ്യനും ധർമ്മശാസ്ത്രപരമായിട്ട് സ്വയം ബാദ്ധ്യതയുണ്ട്.

കടമകളെയും കടപ്പാടുകളെയും നിറവേറ്റാത്തവരെ ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യുവാൻ ദൈവത്തിനും ബാദ്ധ്യതയുണ്ട്.

വളരെ വളരെ വലിയ വിഷയമാണത്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളെയെല്ലാം തങ്ങളുടെ ദുസ്വാർത്ഥങ്ങളും ദുർനടപടികളും അധമ നിയമങ്ങളും / സംവിധാനങ്ങളും കൊണ്ട് അനേകം നീചജന്മങ്ങളിലായി അശുദ്ധപ്പെടുത്തിയ ജനങ്ങളെ അനേകം ജന്മങ്ങളിൽ ശിക്ഷിക്കുകയും എന്നാൽ 3 മുതൽ 33 വർഷം വരെ നീളുന്ന ദൈവ-വിപ്ലവ-കാലത്ത് ഭൂമിയിലെങ്ങുമുള്ള അധമത്തങ്ങളെ അടിസ്ഥാന പരമായി അവസാനിപ്പിക്കുകയും ചെയ്യുന്ന മഹാവിദ്യയും മഹാവാത്സല്യവുമാണത്.

മാനുഷിക ജീവിത ധർമ്മ വേദം:
ധർമ്മ ശാസ്ത്രം

മണ്ണിലെ അഥവാ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ മാത്രമേ മഹാപ്രപഞ്ചത്തിന് അഥവാ ജീവികളുടെയെല്ലാം ജീവിതത്തിന് ചേരുകയുള്ളൂ. ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം ജീവിച്ചാൽ എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെ ലഭിക്കാതെ വരുന്നതാണ്, സമൂഹ ജീവിതം മുഴു-നരകമാവുന്നതാണ്.

ഏക പരിഹാരം : മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറാകുന്നതാണ്.

രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന് സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ഭരണ തന്ത്രം, നീതിന്യായ ശാസ്ത്രം, യുക്തി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

മഹാശക്തിയായ മഹാദേവി ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതോടെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയായി ധർമ്മശാസ്ത്രം പുനഃസ്ഥാപിക്ക പ്പെടുന്നതാണ്. മഹാശാസ്ത്രത്തിന്റെ എല്ലാ ശാഖകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഭരണശാസ്ത്രം മഹാശുദ്ധവും മഹാമംഗളകരവുമായ ഭരണം സമൂഹത്തിൽ ഉറപ്പിക്കുന്നതാണ്.

ധർമ്മശാസ്ത്രപ്രകാരം ഭരണം നടക്കുമ്പോൾ മാത്രമേ, ഭരണകൂടത്തിനെ **രാജ്യത്തിന്റെ** എന്ന അവകാശം പറയാനാവൂ. ഉദാഹരണമായി കേരളത്തിലെ ഭരണകൂടം, ഇന്ത്യയിലെ ഭരണകൂടം, കേരളത്തിലെ വലിയ കോടതി എന്നൊക്കെയുള്ള ധര്മ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത പദങ്ങളെ മാത്രമേ നിലവിലുള്ള ധര്മ്മശാസ്ത്രപരമല്ലാത്ത ഭരണ സംവിധാനങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. ഇന്ത്യാ ഗവണ്മെന്റ്, കേരള സർക്കാർ തുടങ്ങിയവ ധർമ്മ ശാസ്ത്രത്തെ ഭരണഘടനയായി സ്വീകരിക്കുകയും ധർമ്മ ശാസ്ത്രം പ്രകാരം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രം ഉപയോഗിക്കാനുള്ളതാണ്.

ധർമ്മശാസ്ത്രം പ്രകാരം മനുഷ്യരെല്ലാം ജീവിക്കുകയേ വേണ്ടൂ. സാത്വികമായിട്ട് ആനന്ദങ്ങളെ ആസ്വദിച്ചുകൊള്ളുക, മറ്റുള്ളവരെ സാത്വികമായിട്ട് സ്നേഹിക്കുകയും സഹായിക്കുകയും ആവാം.

കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ ദൈവത്തെ @ ഭൂമിയെ വിസ്മരിക്കുന്നതും വിസ്മരിക്കാത്തതും, മഹാശക്തിയും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാനീതിയും മഹാമാതാവും മഹാവാത്സല്യവുമായ ദൈവത്തിന് വിഷയമല്ല.

സത്യം ശിവം സുന്ദരം.

മനുഷ്യ ഭരണകൂടിത്തിന് നീതിന്യായം നടത്തുവാൻ നിയമസംഹിത ആവശ്യമുള്ളതു പോലെ, മാനുഷിക കാര്യങ്ങളിൽ ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ സർവ്വ കാര്യങ്ങളിലെയും ധർമ്മശാസ്ത്രങ്ങളെ നിശ്ചയിക്കുന്നത് ദൈവമാണെങ്കിൽ മാത്രമേ ദൈവത്തിന് നീതി നടത്താനാവൂ എന്നത് അല്പം ചിന്തിച്ചാൽ വ്യക്തമാവുന്ന കാര്യമാണ്.

ബ്രഹ്മമായിരിക്കുന്ന മഹാദേവിക്ക് ആദിയില്ലെങ്കിലും, മഹാദേവി സൃഷ്ടിക്കുന്നതായ മഹാപ്രപഞ്ചത്തിന് ആദിയുണ്ട്. എന്നാൽ അന്തമില്ലായ്മയും നിശ്ചലത്വവും ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ ഗുണങ്ങളെ എന്തും മഹാദേവി മാത്രമാണ് എപ്പോഴും നിശ്ചയിക്കുന്നത്..

പ്രകൃതിയെയും പ്രകൃതിയിലെ ആകർഷണങ്ങളെയും മഹാ-സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു പോരുന്ന ദൈവം ഓരോരോ വിഷയങ്ങളിലും മഹാനിശ്ചയിച്ചിട്ടുള്ള നീതിയെന്തെന്ന് അറിയാൻ പോലും ശ്രമിക്കാതെ ദൈവത്തെത്തന്നെ മറന്ന രീതിയിൽ പ്രമാണങ്ങളും ഗ്രന്ഥങ്ങളും ചമയ്ക്കുവാൻ മനുഷ്യർ തയ്യാറായി. ദൈവീക നിയമങ്ങളെ കണ്ടെത്തുവാൻ ദൈവീകശുദ്ധിയോടെ പരിശ്രമിക്കേണ്ടതിനു പകരം തങ്ങൾക്കു തോന്നുമ്പോലെയെല്ലാം നിയമങ്ങളുണ്ടാക്കാനും തയ്യാറായി, ഭൂമിയിലെങ്ങുമുള്ള ധാർമ്മിക അധഃപതനത്തിന് അത് മുഖ്യ കാരണവുമായി.... മതങ്ങളിലെ മനുഷ്യക്കഥകൾ ശാസ്ത്രനിയമങ്ങളല്ല, മതങ്ങളിൽ ശാസ്ത്രനിയമങ്ങൾ കുറച്ചുമാത്രമാണുള്ളത് എന്നതിൽനിന്ന് മനസ്സിലാക്കേണ്ടത് അവ ഏറെയും അബദ്ധ ഭണ്ഡാരങ്ങൾ എന്നാണ്..

ഭൗതിക ശാസ്ത്രത്തോടൊപ്പം തന്നെ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള **ധർമ്മ ശാസ്ത്ര നിയമങ്ങൾ** മാത്രമേ മഹാപ്രപഞ്ചത്തിന് അഥവാ ജീവികളുടെയെല്ലാം ജീവിതത്തിന് ചേരുകയുള്ളൂ.

ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് തങ്ങൾക്ക് തോന്നുമ്പോലെ ജീവിച്ചാൽ എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെ ലഭിക്കാതെ വരുന്നതാണ്, സമൂഹ ജീവിതം മുഴു-നരകമാവുന്നതാണ്. **മണ്ണ്**ായ ഭൂമിയുടെ **നിയമങ്ങളെ ഉൾക്കൊണ്ടു** ജീവിപ്പിക്കാൻ ഭൂമിയായ മഹാദേവി ഓംകാര നീതി ശാസ്ത്രം പ്രകാരം പ്രവർത്തിക്കുന്നുണ്ട്.

2015 അവസാനം മുതൽ പ്രസിദ്ധീകരിച്ച ദൈവവിപ്ലവ വിശകലനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തിരുത്തലുകളും പരിഷ്ക്കാരങ്ങളും, കൂടാതെ അടുത്ത ഏതാനും നൂറ്റാണ്ടുകൾ കൊണ്ട് വെളിപ്പെടുന്ന ശാസ്ത്ര പാഠങ്ങളെയും ഭാവിയിൽ മഹാഗ്രന്ഥത്തിൽ ചേർക്കേണ്ടതാണ്.

മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം ആദിയും അന്തവും ഇല്ലാതെ മഹാശിവമാകുന്നതാണ്.. പരമശിവൻ.

മഹാശക്തിയായ മഹാദേവി; ശക്തിശിവൻ പ്രണയമന്ത്രവും / ശിവശിവ പ്രണയമന്ത്രവും, ആദിവചനവും, സൃഷ്ടിമന്ത്രവും, സംഹാര കാഹളവും, ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, മഹാശാസ്ത്ര മൂലവും, ഏക മഹാശബ്ദവും, മഹാസൂക്ഷ്മ ശബ്ദവും, സർവ്വദേശ ഭൂമിഗാനവും, മഹാസംഗീതവും, മഹാദേവിയുടെ മഹാചിരിയുമായ ഓം ഭൂമിയിലെങ്ങും - മഹാപ്രപഞ്ചത്തിലെങ്ങും - മുഴക്കിക്കൊണ്ട് ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ വ്യത്യസ്ത ശാസ്ത്ര ശാഖകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാരും ഭരണാധികാരികളും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മത-ജാതി പ്രസ്ഥാനങ്ങളിലും ഒക്കെ പ്രവർത്തിക്കുന്നവരും ഞെട്ടിത്തെറിച്ച് ധാർമ്മിക ശുദ്ധിയുടെ അത്യാവശ്യകത മനസ്സിലാക്കുന്നതാണ്; ശുചിത്വ ജോലികളെ അതിശീഘ്രം ഏറ്റവുമധികം ഭംഗിയായി ചെയ്യുന്നതുമാണ്.

ഭൂമിയുടെ വാതകരൂപമായ ഓക്സിജൻ ജീവികളുടെയെല്ലാം ശരീരങ്ങളെയും ഭൂമിയിലെ വസ്തുക്കളെയും മഹാനീതി ശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് ധർമ്മ ശാസ്ത്ര പാലനത്തെ ആധാരമാക്കിയാണ്. ഭൗതിക അസ്തിത്വമുള്ളതും മണ്ണിന്റെ മൂലകങ്ങളിൽ വായിച്ചിട്ടുള്ള തുണയായി ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവിച്ചാൽ മാത്രമേ ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം ആനന്ദകരമാവൂ. മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെയും ജീവികളുടെയും മേലുള്ള അവകാശവും അധികാരവും ഭൂമിയായ ദൈവത്തിനു മാത്രമാണെന്നത് മഹാജ്ഞാനമാകുന്ന മഹാശാസ്ത്ര പ്രകാരം മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

ദൈവത്തിന്റെ മഹാശക്തികളെയും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും മഹാലയിപ്പിച്ചാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നും മുമ്പ് വിശദമാക്കിയതാണ്. ഭൗതിക അസ്തിത്വമുള്ളതായ നിയമങ്ങൾ മാത്രമേ മഹാപ്രപഞ്ചത്തിന് ചേരുകയുള്ളൂ.

കാറും ബൈക്കും വിമാനവും ടെലിവിഷനും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ ഭൗതിക ശാസ്ത്ര നിയമങ്ങളുമായിട്ട് മഹാലയിപ്പിച്ചിട്ടുള്ളതുപോലെ; സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, യുക്തി ശാസ്ത്രം തുടങ്ങിയ ധർമ്മ ശാസ്ത്ര ശാഖകളുമായും മഹാലയിപ്പിച്ചിട്ടുണ്ട്. യഥോചിതം വിശകലനം ചെയ്താൽ ബോദ്ധ്യപ്പെടുന്നതാണ്. .... മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജനനം മുതൽ മരണം വരെയുള്ള ജീവിതകാലത്ത് ശരീരത്തിൽ അറിഞ്ഞും അറിയാതെയും ഒന്നു ചൊറിയുന്നതും, നഖവും മുടിയും മറ്റും വളരുന്നതും, ഉൾപ്പെടെയുള്ള ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും മഹാഭരിക്കുന്നത് മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ യഥാർത്ഥമായ വേദങ്ങൾ പ്രകാരമാണ്.

മനുഷ്യൻ / വ്യക്തി വസ്തുതകളെ തിരിച്ചറിയുന്നതോടെ അഹംഭാവങ്ങളും അഹങ്കാരങ്ങളും പൊങ്ങച്ചങ്ങളും കാപട്യങ്ങളും അസത്യങ്ങളും അധർമ്മങ്ങളും അനീതികളും അവിവേകങ്ങളും പോലെയുള്ള ദുർഗ്ഗുണങ്ങൾ മനുഷ്യനിൽ നിന്ന് അപ്രത്യക്ഷമാവുന്നതാണ്.

ജനങ്ങളുടെ ദാസന്മാർ മാത്രമായ ഭരണാധികാരികളും മറ്റും ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജനങ്ങൾക്കു വേണ്ടി ധർമ്മ ശാസ്ത്ര നിയമങ്ങളെ ഉണ്ടാക്കേണ്ടതില്ല. സൃഷ്ടി-സ്ഥിതി-സംഹാരകർത്താവായ ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും വേണ്ടതായ ധർമ്മ ശാസ്ത്ര നിയമങ്ങളെ മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ട്. ഭൗതിക അസ്തിത്വമില്ലാത്തതായ നിയമങ്ങളെ തട്ടിക്കൂട്ടിയാൽ, ഭൂമിയിലെ ജീവികൾക്കു ചേരുന്നതല്ല. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്. മാത്രമല്ല; മനുഷ്യർ തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെ പുറന്തള്ളാനായിട്ട് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികൾ മനുഷ്യരിലൂടെ പ്രവർത്തിക്കുന്നതും, സത്യാവസ്ഥയും ധാർമ്മിക ശുദ്ധിയും പുനഃസ്ഥാപിക്കും വരെ സമൂഹത്തിൽ തീവ്രവാദം ഉൾപ്പെടെയുള്ള അധർമ്മങ്ങളെ ഉണ്ടാക്കുന്നതും വർദ്ധിപ്പിക്കുന്നതും "ജന്മങ്ങളിലൂടെ വർദ്ധിച്ച /ബഹുവിധ ശിക്ഷകൾക്ക് അർഹരായവർ" ശിക്ഷിക്കപ്പെടുന്നതുമാണ്.

....

മോക്ഷം നേടാൻ മണ്ണും ഭൂമിയുമായ ദൈവത്തോട്, മനുഷ്യരെല്ലാം അവശ്യം പുലർത്തേണ്ടതായ ഏതാനും സാമ്പത്തിക മര്യാദകളെപ്പറ്റി മാത്രം ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നു :-

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സമ്പത്തുകളാണ് ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം എന്നതുപോലെ, ദൈവം തന്നെയാണ് 'മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വന്തമായ പകുതി ഒഴികെയുള്ള' സമ്പത്തുകളായിരിക്കുന്നത് എന്നതിനെയും, അതീവ ഗൗരവത്തോടെ വിശകലനം ചെയ്യണം.

ഓരോ മനുഷ്യന്റെയും ആനന്ദങ്ങളായും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും പ്രവർത്തിക്കുന്ന സമ്പത്തുകളും (ദൈവവുമായ) ഭൂമിയിലെ പ്രദേശങ്ങളെയും ഭൂമിയിലെ വസ്തുക്കളെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും നേടാനാണ് മനുഷ്യർ അദ്ധ്വാനിക്കുന്നത്. ആനന്ദങ്ങളെ യഥാർത്ഥത്തിൽ നേടുന്നതും നേടാനായിട്ട് പ്രയത്നിക്കുന്നതും സ്വന്തമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനാണ്. ഇവിടെ ധർമ്മശാസ്ത്രപരമായ ക്രമപ്രശ്നമുണ്ട്. മക്കളുടെയും കൊച്ചു മക്കളുടെയും ഉറ്റവരുടെയും ആനന്ദങ്ങളെയും, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെയും അറിഞ്ഞും അറിയാതെയും ഭരിക്കാനും നയിക്കാനും നിശ്ചയിക്കാനും ഒക്കെ വ്യക്തി തയ്യാറാകുന്നത് മണ്ണിന്റെ നിയമങ്ങളെ ധിക്കരിച്ചാവരുത്. **സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട് എന്നതുപോലെ സമ്പത്തുകളെ ധർമ്മശാസ്ത്രപരമായി ഉപയോഗിക്കേണ്ടതുമുണ്ട്. മോക്ഷം നേടുക എന്നത് ഗൗരവമായ വിഷയമാണ്.**

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് ആത്മീയ സാക്ഷാത്ക്കാരം അഥവാ മോക്ഷം എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും മുമ്പ് വ്യക്തമാക്കിയതാണ്.

ഭൂമിയിൽ വച്ച് ഓരോ ജന്മത്തിലും കുഞ്ഞായിട്ട് ജനിക്കുകയും, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് വളരുകയും, മണ്ണിൽ ജീവിക്കുകയും, മരണത്തോടെ (മണ്ണായ) ശരീരത്തെ വീണ്ടും മണ്ണ് ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ശരീരത്തെപ്പോലും ഓരോ ജന്മത്തിലും മണ്ണായ ദൈവം മടക്കി വാങ്ങുമ്പോൾ യാതൊരു ജനങ്ങൾക്കും യാതൊരു സമ്പത്തുകളിലും അവകാശമോ അധികാരമോ ഇല്ലെന്ന് തിരിച്ചറിഞ്ഞുകൊള്ളണം. മോക്ഷത്തെ നേടുമ്പോഴും മണ്ണായ ശരീരം ഉൾപ്പെടെയുള്ള സമ്പത്തുകളെ ഉപേക്ഷിക്കേണ്ടതുണ്ട്.

മഹാശക്തിയും ഭൂമിയും മണ്ണുമായ ദൈവം, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിലെ സമ്പത്തിനെ ഉപയോഗിക്കാനാണ് മണ്ണിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ മഹാഅനുഗ്രഹിച്ച് അനുവദിച്ചിട്ടുള്ളത്. തങ്ങൾക്ക് ശരിയെന്നു തോന്നുമ്പോലെയോ ഇഷ്ടംപോലെയോ ജീവിക്കാൻ മനുഷ്യർ തയ്യാറാവരുത് എന്ന താക്കീതും അതിലുണ്ട്. ഭൂമിയിലെ കുഞ്ഞുങ്ങൾക്കെല്ലാം സമമായിട്ട് എല്ലാ ആനന്ദങ്ങളെയും ലഭ്യമാക്കേണ്ടത് ദൈവത്തിന്റെ മഹാവാത്സല്യത്തെ മുൻനിർത്തിയുള്ള ചുമതലയാണ്.

ഭൂമിയായ ദൈവം തന്നെയാണ് ജീവികളുടെയെല്ലാം സമ്പത്തുകളായിരിക്കുന്നതെന്ന് സാമ്പത്തിക ശാസ്ത്രത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയെ സമ്പത്തായിട്ടോ, മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവമായിട്ടോ കണക്കാക്കുമ്പോൾ, ഭൂമിയുടെ (കുഞ്ഞുങ്ങളായ) ജീവികൾക്കെല്ലാം സമ അവകാശമാണ് ഉള്ളതെന്നും; മനുഷ്യരുടെ അദ്ധ്വാനത്തെ ആധാരമാക്കി ക്കൊണ്ട് മനുഷ്യർക്ക് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിരിക്കുകയാണ് എന്നും സുവ്യക്തമാണ്. ദൈവത്തിന്റെ സമ്പത്തിൽ അവകാശവും അധികാരവും നേടാൻ (ദൈവം) മഹാ അനുവദിച്ചിട്ടുള്ളത് മണ്ണിൽ അദ്ധ്വാനിക്കുന്നവർക്കു മാത്രമാണ്.

സമ്പത്തുകൊണ്ട് എപ്പോഴും ആനന്ദിച്ചു ജീവിക്കുവാൻ ജനങ്ങൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യമുണ്ട്; ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ആനന്ദിക്കുവാൻ ഓരോ മനുഷ്യനും സ്വയം ബാദ്ധ്യതയുമുണ്ട്. മറ്റുള്ളവരുടെ ധർമ്മ ശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്താൻ യാതൊരാൾക്കും ഒട്ടുംതന്നെ അവകാശമില്ല; യാതൊരാളും ആനന്ദിക്കുന്നത് മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ ആനന്ദത്തിന് തടസ്സമുണ്ടാക്കി ആവരുത്.

ഓരോ മനുഷ്യന്റെയും (ജീവിയുടെയും) ശരീരത്തെ മഹാഭരിക്കുന്നത് ദൈവാംശമായ ശരീരം സ്വയമാണ് അഥവാ ജീവനും ശക്തിയും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജനാണ്; എന്നാൽ മനുഷ്യന്റെ ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവാത്മാവാണ്. മുമ്പ് വിശദമാക്കിയതാണ്.

മഹാപിതാവും മഹാമാതാവും മഹാവാത്സല്യവും മഹാനീതിപതിയുമായ ദൈവം, കുഞ്ഞുങ്ങൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന് കുഞ്ഞുങ്ങളായ മറ്റു മനുഷ്യർ തങ്ങളുടെ അധമമായ ആഗ്രഹങ്ങൾ കൊണ്ട് തടസ്സമുണ്ടാക്കരുത്.

ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെല്ലാം ധർമ്മ ശാസ്ത്ര പ്രകാരം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനുഭവിച്ച് ആനന്ദത്തോടെ ജീവിക്കുകയേ വേണ്ടൂ. ആനന്ദിക്കുന്നതിന്, തങ്ങൾ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെയും സൽപ്പേരിനെയും ഉപയോഗിച്ച് മക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ വളർത്തി വലുതാക്കാനും പഠന സൗകര്യങ്ങളെ നൽകാനും തൊഴിൽ നേടാനും ധർമ്മ ശാസ്ത്രപരമായിട്ടു മാത്രം പ്രവർത്തിക്കാവുന്നതാണ്, സഹായിക്കാവുന്നതാണ്.

മാതാപിതാക്കളെയും സഹോദരങ്ങളെയും ഉറ്റവരെയും ധർമ്മശാസ്ത്രപരമായി മാത്രം എപ്പോഴും പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യാനാവും. ജീവിച്ചിരിക്കുമ്പോൾ അന്യോന്യം ധർമ്മശാസ്ത്ര പരമായിട്ട് സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ തങ്ങളുടെ മരണശേഷം മക്കളും കൊച്ചുമക്കളും ഉറ്റവരും ആനന്ദിച്ചു ജീവിക്കുന്നതിന്നു വേണ്ടി സമ്പാദിക്കാൻ യാതൊരാൾക്കും അവകാശമില്ല. മാതാപിതാക്കളും സഹോദരങ്ങളും മക്കളും ഉറ്റവരുമെല്ലാം അന്യോന്യം സ്നേഹിക്കുകയും, പരിചരിക്കുകയും, യഥോചിതം ശുശ്രൂഷിക്കുകയും, സഹായിക്കുകയും ചെയ്യേണ്ടുന്നത് മണ്ണായ ദൈവം അഥവാ മണ്ണിന്റെ നിയമങ്ങൾ അത്യാവശ്യമാക്കുന്നുണ്ട്.

അതു മനസ്സിലാക്കാൻ ഉറ്റവരുടെ മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, രോഗം, ജനനസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളിലെ സാദൃശ്യങ്ങൾ പ്രയോജനപ്പെടണം. അതേസമയം ഉറ്റവരുടെ ഉൾപ്പെടെ യാതൊരാളുടെയും ശാരീരിക സാദൃശ്യങ്ങളിൽ മറ്റുള്ളവർക്ക് യാതൊരു പങ്കുമില്ലെന്നും, മഹാവാത്സല്യവും മഹാനീതിപതിയുമായ ദൈവത്തിന്റെ മഹാനീതിശാസ്ത്രം അനുസരിച്ചു സംഭവിക്കുന്നതാണെന്നും സുവ്യക്തമായി അറിയണം. മനുഷ്യക്കുഞ്ഞിനു പകരം ഓന്തിനെയോ ആമയെയോ പാമ്പിനെയോ പ്രസവിക്കുകയോ മുട്ട ഇടുകയോ ചെയ്താലും മാതാപിതാക്കൾക്കും ഉറ്റവർക്കും കാഴ്ചക്കാരെപ്പോലെ പ്രവർത്തിക്കാനേ കഴിയൂ.

ധർമ്മ ശാസ്ത്രം എന്ന വേദത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രത്തെ ദീർഘമായി ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ശാസ്ത്രങ്ങളും അവയുടെ ശാഖകളും മഹാവാത്സല്യം കൂടിയായ ഓംകാര നീതി ശാസ്ത്ര പ്രകാരം പരസ്പരം ബന്ധിപ്പിക്കുന്ന പൂരകങ്ങളാണ്. മോക്ഷ പാഠങ്ങളിൽ വിവരിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര കാര്യങ്ങളിൽ അത് വ്യക്തമാണ്.

ധർമ്മ ശാസ്ത്രത്തെയും ഭൗതിക ശാസ്ത്രത്തെയും ബന്ധിപ്പിക്കുന്ന 3 ഉദാഹരണങ്ങളെ ഹ്വസ്വമായി ചുവടെ ചേർക്കുന്നു:

1) മറ്റുള്ള ജീവികൾ ഭക്ഷണ സാധനങ്ങളെ പ്രകൃതിയിൽ കണ്ടെത്തുന്നതും രുചികളെ ആസ്വദിക്കുന്നതും ഭക്ഷിക്കുന്നതും, നല്ലതും മോശവും മറ്റുമായി കണക്കാക്കുന്നതും, പൊതുവെ, മറ്റുള്ളവർ പറഞ്ഞിട്ടോ, പഠിപ്പിച്ചിട്ടോ അല്ല. ദൈവാംശമായ ശരീരം, ജീവാത്മാവിന് വിശപ്പ് ഉണ്ടാക്കുന്നത് മനുഷ്യരും അനുഭവിച്ച് അറിയുന്ന കാര്യമാണ്. വിഷക്കായ, വിഷ വസ്തുക്കൾ എന്നിവ ശരീരത്തിനും, തദ്വാരാ ജീവാത്മാവിനും ദോഷം ചെയ്യുമെന്ന് കണ്ടാൽ ഒഴിവാക്കുന്നതും അങ്ങനെ തന്നെ.

2) മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ ശരീരത്തിലെ നാഡീ വ്യവസ്ഥയുടെ താളം തെറ്റിക്കുമെന്നും, ശരീരത്തിനും ജീവാത്മാവിനും ദോഷം ചെയ്യുമെന്ന് ഭൗതിക ശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയും. ദോഷ വസ്തുക്കളെ/ ശക്തികളെ ഉപയോഗിക്കാതെ ശ്രദ്ധിക്കാൻ ലഭ്യമായ ബുദ്ധിശക്തികളെ കൊണ്ട് കഴിയും. ദൈവാംശമായ ശരീരം അറിയിക്കുന്ന പ്രസ്തുത ഭൗതിക-ധർമ്മ- ശാസ്ത്ര പാഠങ്ങളെ, പാലിക്കുവാൻ ജീവാത്മാവിന് ധാർമ്മിക ഉത്തരവാദിത്വം ഉണ്ട്. ദൈവീകമായി ലഭിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ സ്വീകരിക്കുമ്പോൾ, ഭൗതിക ശാസ്ത്ര പ്രകാരം രോഗങ്ങളും അപകടങ്ങളും മരണവും ഉണ്ടാകുന്നു; ധർമ്മ ശാസ്ത്ര പ്രകാരം വ്യക്തിക്കും തദ്വാരാ സമൂഹത്തിനും ധാർമ്മിക അധഃപതനങ്ങൾ ഉണ്ടാകുന്നു.

3) പേപ്പർ കറൻസി ധർമ്മശാസ്ത്രപരമല്ല (ദൈവീകമല്ല). സാമ്പത്തിക ക്രയ-വിക്രയ ഉപാധിയായി നിശ്ചയിക്കുന്ന ഒരു വസ്തുവിന് ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ യോഗ്യതകൾ ഉണ്ടാവണം.

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, നിരവധി രോഗാണുക്കളെ നിരന്തരം കൈമാറ്റംചെയ്ത് ചെറുതും വലുതുമായ രോഗങ്ങളെ ജനങ്ങൾക്കെല്ലാം നൽകുന്നവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന ഭരണാധികാരികളും ഏതൊരാളും കള്ളന്മാരാണ്. 'ഭരണാധികാരികളായ വലിയ കള്ളന്മാരുടെ കെടുകാര്യസ്ഥത കൊണ്ടാണ് ' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടു കൂട്ടരും ചെയ്യുന്നത് അധർമ്മങ്ങളാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക.

ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി.

ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് ഇല്ലാത്തതുകൊണ്ടാണ്.

ജനങ്ങളുടെ അദ്ധ്വാനത്തിന് മൂല്ല്യം നൽകുന്നതും, സമൂഹത്തിലെ ഏതൊരു വ്യക്തിക്കും നിർമ്മിക്കാൻ കഴിയുന്നതുമായ സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ സാമ്പത്തിക ക്രയ-വിക്രയ ഉപാധികളെ മണ്ണും ഭൂമിയുമായ ദൈവം മഹാനിശ്ചയിച്ചിട്ടുണ്ട്. മഹാഗ്രന്ഥത്തിലെ ധർമ്മ ശാസ്ത്ര പാഠങ്ങളിൽ ലഭ്യമാണ്.

ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ പരിഹാരം ഏതെങ്കിലും വിഷയത്തിൽ ലഭിക്കാതെ വന്നാൽ, അതിന്നുള്ള പരിഹാരം മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കാൻ കഴിയും.

ഭൗതികശാസ്ത്ര ശാഖകളുടെ ഉപ-ഉപ ശാഖകൾ പോലും മഹാഭീമമാണ്; അനന്തമാണ്.

അനന്തമായതിനെ ഗ്രന്ഥങ്ങളിൽ പരിമിതപ്പെടുത്താൻ സാധിക്കില്ല.

മാത്രമല്ല; ദൈവീകത കൂട്ടിച്ചേർക്കുമ്പോൾ മഹാസമ്പൂർണ്ണത നേടുന്നവയാണ് ഭൗതിക ശാസ്ത്ര പാഠങ്ങളും ഗവേഷണങ്ങളും. എങ്കിലും, അനന്തമായ ഭൗതികശാസ്ത്ര ശാഖകളുടെ നാമ മാത്രമായ വിശദീകരണം ഇ-മഹാഗ്രന്ഥത്തിൽ ഉടനീളമുണ്ട്. ചില ഭാഗങ്ങളെ അവ്യക്തമായി ദൈവം ബാക്കി വച്ചിരിക്കുന്നത് ഭാവിയിൽ മഹാഉചിതമായി വെളിപ്പെടുത്താനും ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെയും, ശാസ്ത്ര-സമൂഹത്തെയും ഉയർത്താനാണ്.

വികൃതി/വികട ചോദ്യങ്ങൾ, തർക്ക പ്രശ്നങ്ങൾ എന്നിവ ശാസ്ത്ര നിയമങ്ങളെ അഥവാ ദൈവശാസ്ത്രത്തെ ഉലയ്ക്കുന്നതല്ല എന്നും അറിയുക. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവികളും ഉൾപ്പെട്ട സർവ്വതിന്റെയും സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ശാസ്ത്ര പരമായി നിർവ്വഹിക്കപ്പെട്ടതാണ് എന്നതിനാൽ എല്ലാ വിഷയങ്ങൾക്കും ഭൗതിക അസ്തിത്വം ഉള്ളതും ശാസ്ത്രപരവുമായ ഉത്തരങ്ങളുണ്ട്.

ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾക്ക് അതീതമായ വിഷയങ്ങൾ, ദൈവ കാര്യങ്ങളെ വിശദീകരിക്കുന്ന ഓംകാര നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാണെന്ന് അറിയണം. ഭൗതിക അസ്തിത്വം ഇല്ലാത്ത വിഷയങ്ങൾക്കും യുക്തിശാസ്ത്ര പരമായ / യുക്തി ഭദ്രമായ ഉത്തരം ലഭിക്കുന്നതാണ്. മഹാശാസ്ത്രത്തിന്റെ ഉത്ഭവം, ദൈവത്തിന്റെ മഹായുക്തിയിൽ നിന്നാണെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും.

സദാചാര ശാസ്ത്രം

www.omsathyam.com/GodlyRevolution/MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ സാചാര ശാസ്ത്രത്തെ ദീർഘമായി വിശകലനം ചെയ്തിട്ടുണ്ട്; വിശദീകരിച്ചിട്ടുണ്ട്.

ആവർത്തിക്കുന്നില്ല.

സാമ്പത്തിക ശാസ്ത്രം

omsathyam.com/GodlyRevolution/MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രത്തെയും ദീർഘമായി വിശകലനം ചെയ്തിട്ടുണ്ട്; വിശദീകരിച്ചിട്ടുണ്ട്. കുറച്ചു ഭാഗം മാത്രം ചുവടെ ചേർക്കുന്നു.

എല്ലാ ജീവികൾക്കും അവയുടെ ആനന്ദത്തിനു കാരണമാകുന്നവയെല്ലാം അവയെ സംബന്ധിച്ച് സമ്പത്തുകളാണ്. .....

ഒരാൾക്ക് ഏറ്റവും വലിയ ആനന്ദം നല്കുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത്. അതായത് സമ്പത്ത് ആനന്ദവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.

മനുഷ്യര്ക്ക് കാമാനന്ദത്തെയാണ് പരമാനന്ദമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ആദ്യഭാഗമായ സ്ത്രീയും, രണ്ടാം ഭാഗമായ പുരുഷനും തങ്ങളെ ത്തന്നെ മറന്ന് പരമാനന്ദത്തില് മുഴുകുമ്പോള്, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു തെളിയുന്നു.

പ്രപഞ്ച പിതാവായ പരമശിവന് മഹാദേവിയോടുള്ള മഹാദാസ്യമാണ് പരമാനന്ദവും മഹാആനന്ദവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് മഹാദേവി തന്നെയാണ് പരമശിവന്റെ മഹാസമ്പത്ത്. മഹാമാതാവായ മഹാദേവിക്ക് മഹാപ്രപഞ്ചത്തിലുള്ള എല്ലാ ജീവികളോടുമുള്ള മഹാവാത്സല്യമാണ് മഹാആനന്ദമായി മഹാദേവി (സ്വയം) മഹാനിശ്ചയിച്ചിട്ടുള്ളത്. അതായത് എല്ലാ ജീവികളും ഉൾപ്പെട്ട മഹാപ്രപഞ്ചമാണ് മഹാദേവിയുടെ മഹാ-സമ്പത്ത്...

സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തിൽ

മഹാശക്തിയായ മഹാദേവി, വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, ഭൂമിയിലെങ്ങും ദൈവീകമായ സാമ്പത്തികശാസ്ത്രം സ്ഥാപിക്കപ്പെടുന്നതാണ് എന്ന മുഖവുരയോടെ തുടങ്ങട്ടെ.

മഹാശക്തിയായ മഹാദേവി, ആനന്ദങ്ങളുടെ അനന്തമായ കലവറ, തന്റെ കുഞ്ഞുങ്ങളായ ജീവികള്ക്കു വേണ്ടി മഹാഒരുക്കിയിട്ടുണ്ട്. കാമാനന്ദം പരമാനന്ദമാണെങ്കിലും മറ്റ് ആനന്ദങ്ങളുമുണ്ട്. ഓരോരോ ആനന്ദങ്ങളെയും നല്കുന്നവയായ വസ്തുക്കളും വസ്തുതകളും സമ്പത്തുകളാണ്. ചില സമ്പത്തുകള് പെട്ടെന്നു നശിക്കുന്നവയും, ചിലവ ദീർഘകാലം നിലനില്ക്കുന്നവയുമാണ്. വ്യത്യസ്ത കാലാവധികളോടെ നിലനില്ക്കുന്ന സമ്പത്തുകളെ മനുഷ്യര് കരുതിവയ്ക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി, തങ്ങള് ഉപയോഗിച്ച വീടും പുരയിടവും വാഹനങ്ങളും തങ്ങളുടെ (?) കുട്ടികള്ക്കും മറ്റും കൈമാറുമ്പോള്, ആനന്ദങ്ങളുടെ കൈമാറ്റം കൂടിയാണ് മനുഷ്യര് ചെയ്യുന്നത്.

മനുഷ്യർ നേടുന്നതായ സമ്പത്തുകളും, കൈമാറ്റം ചെയ്യുന്ന സമ്പത്തുകളും, ധര്മ്മശാസ്ത്രപരമായിട്ടു മാത്രം നിര്വ്വഹിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ ചെയ്തില്ലെങ്കിൽ സമൂഹത്തില് സാമ്പത്തിക അസമത്വം ഉണ്ടാകുകയും വര്ദ്ധിക്കുകയും ചെയ്യും. മഹാനീതി ശാസ്ത്രത്തിലൂടെ, മഹാനീതിപതിയായ ദൈവം മനുഷ്യര് കാട്ടുന്ന പോരായ്മകളെ തിരുത്തുമ്പോള്, ദൈവീക തലത്തിൽ സംശുദ്ധി ഉണ്ടാവുന്നു. എന്നാൽ മാനുഷിക തലത്തിൽ ഭൂമിയിലെ ജീവിത കാര്യങ്ങളിൽ അസമത്വങ്ങൾ നടമാടുന്നതായി തോന്നും. മഹാനീതിശാസ്ത്രം അറിയാത്തതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. അതേസമയം, മനുഷ്യര്ക്ക് ധര്മ്മശാസ്ത്രപരമായി സാമ്പത്തിക കാര്യങ്ങളെ ക്രമീകരിക്കാന് കഴിഞ്ഞാല്, ഭൂമിയില് പ്രകടമായി തോന്നുന്ന സാമ്പത്തിക അസമത്വം ഇല്ലാതാക്കാന് കഴിയും. ദൈവീകമായ സാമ്പത്തിക ശാസ്ത്രം അതിനുള്ളതാണ്. മനുഷ്യര് അവയെ പിന്പറ്റുമ്പോള് ഭൂമിയിലെ ജീവിതം സ്വര്ഗ്ഗ സുന്ദരമായി തോന്നുന്നതാണ്. പിന്പറ്റിയില്ലെങ്കിലും മഹാശക്തിയായ മഹാദേവി മഹാനീതിശാസ്ത്രത്തിലൂടെ മഹാനീതി ലഭ്യമാക്കുന്നതാണ് എന്നും എല്ലാക്കാലങ്ങളിലും എല്ലായ്പ്പോഴും മഹാനീതി ലഭ്യമാക്കി ക്കൊണ്ടേയിരിക്കുന്നു എന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളുക.

മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധര്മ്മശാസ്ത്രത്തിന്റെ ഒരു സുപ്രധാന ശാഖയാണ് സാമ്പത്തിക ശാസ്ത്രം. അതിന്റെ **മൂലരൂപം** മഹാദേവി തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവനെ **ക്രൈസ്റ്റായിട്ട്** അയച്ചപ്പോള്, അറിയിച്ചതാണ്. പ്രസ്തുത മൂലരൂപത്തെ **മഹാരൂപമായി വികസിപ്പിക്കുവാന് ശ്രദ്ധയുണ്ടായില്ല**, ശ്രദ്ധിച്ചില്ല.

ഈയുള്ളവനിലൂടെ തന്നെ പൂര്ത്തിയാക്കുന്നതാണ് മഹായോഗ്യമെന്ന് മഹാദേവി മഹാനിശ്ചയിച്ചത് യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, കര്മ്മശാസ്ത്രം (തൊഴില്), ഭരണശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ധര്മ്മശാസ്ത്ര ശാഖകളില് മനുഷ്യര് വരുത്തിയ പിഴവു കൊണ്ടുതന്നെയാണ്.

സാമ്പത്തികശാസ്ത്രം യഥാര്ത്ഥത്തില് ലളിതമാണ്. മനുഷ്യരുടെ ദുസ്വാര്ത്ഥം അതിനെ സങ്കീര്ണ്ണമാക്കിയിരിക്കുകയാണ്. മഹാശക്തിയായ മഹാദേവി, വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, എല്ലാ ശാസ്ത്രശാഖകളും ചിട്ടപ്പെടുമ്പോള്, സാമ്പത്തികശാസ്ത്രവും ചിട്ടപ്പെടുകയാണ് സംഭവിക്കുക.

അദ്ധ്യായത്തെ 20 മുഖ്യ കാര്യങ്ങളായും ഏതാനും ഉപ-കാര്യങ്ങളായും വിഭജിച്ച് ലളിതമാക്കാം :

(1) ദൈവത്തിന്റെ മഹാരൂപവുമായി ബന്ധപ്പെട്ടുള്ള സമ്പത്തുകള്, (2) സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാന് കഴിയണം, (3) ദൈവം മനുഷ്യര്ക്കായിട്ട് പ്രത്യേക-സമ്പത്ത് സൃഷ്ടിച്ചിരിക്കുന്നു, (4) പേപ്പര് കറന്സി ധര്മ്മശാസ്ത്രപരമല്ല (ദൈവീകമല്ല), (5) സമ്പത്തും മൂല്ല്യവും, (6) സ്വര്ണ്ണം, വെള്ളി, ചെമ്പ്, രത്നങ്ങള് (7) ധര്മ്മശാസ്ത്രപരമായി സമ്പത്ത് വര്ദ്ധിപ്പിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം, (8) സമ്പത്ത് ചിലവു ചെയ്യാന് വ്യക്തിക്ക് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുണ്ട്, (9) മരിക്കുമ്പോള്, സാധിക്കുമെങ്കില് സമ്പത്ത് കൂടെ കൊണ്ടുപോകാനും; മരിക്കാതിരിക്കാന് ശ്രമിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യം (10) സമ്പത്തുകൊണ്ട് കുട്ടികള് ഉള്പ്പെടെയുള്ള അന്യരെ ദ്രോഹിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം,

(11) മറ്റുള്ള ജീവികള് സമ്പത്തില് ശ്രദ്ധിക്കുന്നില്ല, (12) മറ്റുള്ള ജീവികള് അവയുടെ കുട്ടികള് മുതരുമ്പോള് അവയ്ക്ക് ഉപയോഗിക്കാനായി സമ്പത്ത് ചേര്ക്കുന്നില്ല,

(13) ഭൂമിയും മഹാപ്രപഞ്ചവും മനുഷ്യരും മറ്റുള്ള ജീവികളും ദൈവത്തിന്റെ സമ്പത്ത്, (14) സാമ്പത്തിക ശാസ്ത്രം : ദൈവം തന്റെ സമ്പത്തിലെ പകുതിയുടെ മേല് അവകാശം ഉന്നയിക്കാന് മനുഷ്യനെ അനുവദിക്കുന്നു. (14.1) ദൈവം തന്റെ സമ്പത്തിലെ ഒരോഹരി കുട്ടികള്ക്കുവേണ്ടി നിക്ഷേപിക്കുന്നു, (14.2) ദമ്പതികളും സമ്പത്തും, (14.3) മഹാ-പുനര്ജ്ജന്മ സിദ്ധാന്തവും സമ്പത്തും, (14.4) മാതാപിതാക്കളുടെ സമ്പത്തില് കുട്ടികള്ക്ക് കുട്ടി-ഓഹരി മാത്രം, (14.5) വില്പ്പത്രങ്ങള് അസാധുവാക്കപ്പെടുന്നു, (14.6) രാഷ്ട്രങ്ങള് തമ്മിലുള്ള കരാര്, (14.7) വ്യക്തികളുടെ സമ്പത്തും ഭരണകൂടവും, (14.8) ഭരണകൂടവും പൊതുഖജനാവും, (14.9) സക്കാത്ത്, (15) ബാങ്കിംഗ്, ലോട്ടറി (16) ഇന്ഷ്വറന്സ്, (17) ഓഹരികള്, (18) സംഹാരവും സമ്പത്തും, (19) സാമ്പത്തികശാസ്ത്രവും ന്യൂനശക്തികളും, (20) സാമ്പത്തികശാസ്ത്രം അടുത്ത സൃഷ്ടിചക്രത്തിൽ.

മേല്കൊടുത്തതു പോലെയുള്ള വിഭജനങ്ങൾ ഇനിയുമാകാം. പുതിയ വിഭജനങ്ങളെ വ്യാഖ്യാനിക്കുവാന്, മറ്റുള്ള വിഭജനങ്ങളിലെ വിശദീകരണങ്ങള് കൊണ്ടു സാധിക്കുന്നതാണ്.

(1) ദൈവത്തിന്റെ മഹാരൂപവുമായി ബന്ധപ്പെട്ടുള്ള സമ്പത്തുകൾ

വായു, വെള്ളം, മണ്ണ് (ഭൂമി) എന്നിവ യഥാക്രമം, മഹാശക്തിയായ ദൈവത്തിന്റെ വാതകരൂപം, ദ്രാവകരൂപം, ഖരരൂപം എന്നിങ്ങനെയാണെന്ന് സത്യരൂപം = വാതകരൂപം, ധര്മ്മരൂപം = ദ്രാവകരൂപം, നീതിരൂപം = ഖരരൂപം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. വായു, വെള്ളം, മണ്ണ് എന്നിവ മനുഷ്യന്റെ ആത്മാവും ശക്തിയും, ശരീരവുമായിക്കൂടി പ്രവര്ത്തിക്കുന്നുണ്ട്. അവയെ ഭൂമിയിലെങ്ങും പരക്കെ ലഭ്യമാക്കിയിരിക്കുകയാണ്. വായു, വെള്ളം, മണ്ണ് എന്നിവ മനുഷ്യന് ജീവിക്കാനാവശ്യമായ അടിസ്ഥാന ഘടകങ്ങളാണ്. അവയെ ദൈവം തന്നെയാണ് മഹാഭരിക്കുന്നത്. (1) ഭൂമിയില് ജീവിക്കുമ്പോള് **വായു** കരുതേണ്ടതില്ല. അങ്ങനെയല്ലായിരുന്നുവെങ്കില്, അയൽവാസിയുടെ വീട്ടില് പോകുമ്പോള്, ശ്വസിക്കുവാനുള്ള വായുവിനെ കൂടെ കരുതേണ്ടി വരുമായിരുന്നു ! ജീവിക്കാനായല്ലാതെ തീര്ത്ഥയാത്രകള്ക്കും, ഗവേഷണങ്ങള്ക്കും മറ്റുമായി പര്വ്വതം കയറുമ്പോഴും, ശൂന്യാകാശത്തില് പോകുമ്പോഴും, സമുദ്രജലത്തിനുള്ളില് പോകുമ്പോഴും വായു കരുതേണ്ടി വരുന്നത്, ആവക കാര്യങ്ങള്ക്ക് ഇറങ്ങിത്തിരിക്കുന്നവരുടെ മാത്രം ആവശ്യമാണ്.

(2) ഭൂമിയില് ജീവിക്കുമ്പോള്, **വെള്ളം** കരുതേണ്ടതില്ല. യാത്രയില് വെള്ളം കരുതുന്നത്, യാത്രക്കാരുടെ ആവശ്യമാണ്. കുപ്പിയില് വെള്ളം കൊണ്ടുപോവാനും തോടുവെട്ടാനും സാധിക്കുമെങ്കിലും വലിയ നദിയുടെ മേലോ, **സമുദ്രത്തിന്റെ മേലോ അധികാരം ചെലുത്താൻ മനുഷ്യര്ക്കു കഴിയുന്നതല്ല.**

(3) നീതി നിശ്ചിതമാണെന്നതുപോലെ നീതിയുടെ പ്രതീകവും ഖര-രൂപവുമായ മണ്ണില് അഥവാ ഭൂമിയിൽ താമസിക്കാനും, ഭൂമിയിലെ വസ്തുക്കള് ഉപയോഗിക്കാനും കഴിയുമെന്നല്ലാതെ ഭൂമിയെ അഥവാ ഒരു പ്രദേശത്തെ മറ്റൊരു പ്രദേശത്തിലേക്ക് കൊണ്ടു പോകാന് കഴിയുന്നതല്ല. **കേരളത്തെ ചുമന്നും മറ്റും ആഫ്രിക്കയിലോ അമേരിക്കയിലോ എത്തിക്കാനാവില്ല; മറ്റൊരു ദേശത്തെ ചുമന്ന് കേരളത്തിലോട്ടും എത്തിക്കാനാവില്ല.**

മഹാശക്തിയുടെ മഹാരൂപത്തിന്റെ 3 ഭാഗങ്ങളായ വായു, വെള്ളം, മണ്ണ് എന്നിവയെ ബഹുമതിച്ച് ഉപയോഗിക്കുക എന്നല്ലാതെ അവയെ യാതൊരാളുടെയും സമ്പത്തുകളായി കരുതാന് പാടില്ല. നദിയിലെ വെള്ളത്തിന്റെ പേരില് കലഹിക്കുന്നവര്ക്ക് ദൈവം മഴയും ഭൂഗര്ഭജലവും നല്കിയില്ലെങ്കില്, ... എന്ന രീതിയില് ചിന്തിക്കാനുള്ള ബുദ്ധിശക്തികള് നല്കിയിട്ടും മനുഷ്യര് കലഹിക്കുന്നത് മനുഷ്യരിലെ പൈശാചികത വര്ദ്ധിച്ചിരിക്കുന്നതു കൊണ്ടാണ്.

ദൈവത്തിന്റെ ഖര-രൂപമായ ഭൂമിയെ താമസിക്കാന് ഉപയോഗിക്കുക, പാട്ടത്തിന് ലഭ്യമാക്കുക, താല്ക്കാലികമായ കൈവശാവകാശം നല്കുക എന്നല്ലാതെ യാതൊരാള്ക്കും സ്ഥിരമായി ഉപയോഗിക്കാനാവില്ല.

ഭൂമി കൈവശം വച്ചിരിക്കുന്ന ഒരാള്ക്ക്, തങ്ങള്ക്കു തോന്നിയതുപോലെ ഭൂമി കൈമാറാന് അവകാശമില്ല, ധര്മ്മശാസ്ത്രപരമായി മാത്രം ചെയ്യേണ്ട കാര്യമാണത്.

ഭരണകൂടം അറിഞ്ഞുചെയ്യണം എന്നു പറയുമ്പോള്, ഭരണകൂടത്തിന് നികുതി ഏര്പ്പെടുത്തിക്കൊണ്ട് വ്യക്തികളെ കൊള്ളയടിക്കാനുള്ള സൗകര്യം ഉണ്ടാക്കുക എന്നല്ല അര്ത്ഥമാക്കേണ്ടത്. വസ്തുനികുതി, കെട്ടിട നികുതി, തുടങ്ങി യാതൊരു നികുതികളും ശാസ്ത്രപരമല്ല എന്നും ഭരണകൂടത്തിന്റെ പ്രവര്ത്തനങ്ങള്ക്ക് ആവശ്യമായ ധനം ധര്മ്മശാസ്ത്രപരമായി ദൈവം നല്കുന്നുണ്ടെന്നും/ വകയിരുത്തുന്നുണ്ടെന്നും ഈ അദ്ധ്യായത്തിൽ തന്നെ വിവരിക്കുന്നുണ്ട്.

ഭൂമിയിൽ മറ്റുള്ള ജീവികൾക്കും അവകാശമുണ്ട്.

ദൈവം ഭൂമി സൃഷ്ടിച്ചിട്ടുള്ളത് എല്ലാ ജീവികള്ക്കും വേണ്ടി ആയതുകൊണ്ടാണ് എല്ലാ ജീവികളും ഭൂമിയില് ജീവിക്കുന്നത്. മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് മനുഷ്യന്റെ അവസ്ഥ വളരെ ശോച്യമാകുമായിരുന്നു. വായു, വെള്ളം, മണ്ണ് ഇവ കഴിഞ്ഞാല് ഭക്ഷണകാര്യമാണ് മനുഷ്യന് ഏറ്റവും പ്രധാനം എന്നതുകൊണ്ടു മാത്രമല്ല, മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് ഭൂമി അസുന്ദരമാകുമായിരുന്നു.

മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും കാമകാര്യങ്ങളിലെ വ്യത്യാസങ്ങള് എന്ന അദ്ധ്യായത്തിലെ ഏതാനും വാക്യങ്ങൾ ഉദ്ധരിക്കുന്നു. :-

// മനുഷ്യൻ എന്ന ഒരേ ഒരു ജീവിക്കുമാത്രം ദൈവം ശാസ്ത്രജ്ഞാനം നല്കുകയും ശാസ്ത്രജ്ഞാനത്തിലൂടെ പ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങള് വളരെയധികം ഏല്പ്പിക്കുകയും ചെയ്തപ്പോള്, ഉത്തരവാദിത്തത്തോടെ പെരുമാറേണ്ടത് മനുഷ്യരുടെ ബാദ്ധ്യതയാണ്. മറ്റുള്ള ജീവികളെക്കൊണ്ട് പ്രപഞ്ചത്തെ മഹാസുന്ദരമാക്കിയതു കൂടാതെ അവയെ വളരെയധികം ഭരിക്കുവാനും മനുഷ്യനെ ശാസ്ത്രജ്ഞാനത്തിലൂടെ അനുവദിച്ചിട്ടുള്ളത് അവയെ പീഡിപ്പിക്കുവാനല്ല, മറിച്ച് അവയോടെല്ലാമൊത്ത് വളരെയധികം ആനന്ദിച്ചു ജീവിക്കുവാനാണ് എന്നറിയണം. സ്വാര്ത്ഥസുഖ ത്തിനായല്ലാതെ മറ്റുള്ള ജീവികളെ കരുതുവാൻ മനുഷ്യര്ക്കു കഴിയുന്നുണ്ടോ എന്നു ചിന്തിക്കണം.

മറ്റുള്ള ജീവികൾ പൊതുവെ മനുഷ്യനെ ഉപദ്രവിക്കുന്നില്ല എന്നതാണ് വാസ്തവം. ശാസ്ത്രജ്ഞാനവും അധികാരവും കൂടുതല് ലഭിച്ച മനുഷ്യർ മറ്റുള്ള ജീവികളെ പീഡിപ്പിക്കുന്നുണ്ട്. മറ്റുള്ള ജീവികളെ പീഡിപ്പിക്കുന്നവർ തീര്ച്ചയായും അവ തങ്ങളെ പീഡിപ്പിച്ചിരുന്നുവെങ്കില് എന്നത് ചിന്തിക്കണം. മനുഷ്യന് പശു-ജന്മം നല്കുന്നതിന്റെ ഒരു കാരണവും ജീവി-പീഡനത്തില്നിന്ന് മനുഷ്യൻ പിന്തിരിയാനാണ്.

ഭൂമിയെ അഥവാ മണ്ണിനെ സ്വന്തമാക്കാൻ മനുഷ്യന് സാധിക്കുമോ, അവകാശമുണ്ടോ എന്നെല്ലാം ചിന്തിക്കണം. മണ്ണ് അഥവാ സ്ഥലം സ്വന്തമാക്കാനായി മനുഷ്യൻ തത്രപ്പെടുമ്പോള്, മറ്റുള്ള ജീവികളെ കരുതുവാൻ കഴിയുന്നുണ്ടോ എന്നു ചിന്തിക്കണം.

ഭൂമിയില് അഥവാ മണ്ണില് ജീവിക്കാനും മറ്റുള്ള ജീവികളെ ഭാഗീകമായി ഭരിച്ചു ജീവിക്കാനും, അവസരം കിട്ടിയവർ, ഭൂമിയിൽ ജീവിക്കാൻ അവസരം കിട്ടിയിട്ടുള്ള മറ്റുള്ള ജീവികളെ കരുതുവാൻ ബാദ്ധ്യസ്ഥരാണ്. അവയോട് എങ്ങനെ പെരുമാറണം എന്നതിനെപ്പറ്റി ധര്മ്മശാസ്ത്രപരമായി ചിന്തിക്കാനും ബാദ്ധ്യസ്ഥരാണ്.

മനുഷ്യരുടെ വീട്ടിലും പുരയിടത്തിലും ഒക്കെ ജീവിക്കുന്ന എറുമ്പുകളും ചിലന്തികളും പൂച്ചകളും പാമ്പുകളും പക്ഷികളുമൊക്കെ മനുഷ്യരുണ്ടാക്കിയിട്ടുള്ള ഭൂമി-ആധാരങ്ങളെയും കെട്ടിട-ഉടമസ്ഥതകളെയും വിലയില്ലാത്തവയെന്ന് തെളിയിക്കുന്നുണ്ട്.

മനുഷ്യന് ബുദ്ധിശക്തികള് കൂടുതല് ലഭിച്ചിരിക്കെ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രജ്ഞാനം ലഭിക്കുന്നതനുസരിച്ച് അവയെ ഉള്ക്കൊണ്ട് ജീവിക്കേണ്ടതുണ്ട്.

ഭൂമിയും അതിലെ വസ്തുക്കളും മറ്റുള്ള ജീവികളും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യരല്ല, മറ്റുള്ള ജീവികളെപ്പോലെ മനുഷ്യരും ഭൂമിയിൽ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു എന്നല്ലാതെ ഞാൻ ഞാൻ എന്നവകാശപ്പെടുന്ന ശരീരത്തെപ്പോലും മരണത്തിൽ ഉപേക്ഷിക്കേണ്ടവരാണ്. ശരീരം ആത്മാവിനെ പുറത്താക്കുന്നതാണ് മരണം !

ഭൂമിയും ഭൂമിയിലെ വസ്തുക്കളും മറ്റുള്ള ജീവികളും ഏതാനും മനുഷ്യരുടെയോ മുഴുവന് മനുഷ്യരുടെയോ മാത്രം ഉപയോഗത്തിനുള്ളതല്ല എന്നറിയാമെങ്കിലും, അതു മറന്നുകൊണ്ടു തന്നെയാണ് പൊതുവെ മനുഷ്യർ ജീവിക്കുന്നത്.

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം ദൈവം വെളിവാക്കുന്നതും മനുഷ്യന് കൂടുതൽ ആനന്ദം നല്കുന്നതും വ്യക്തമായ ഉദ്ദേശത്തോടെയാണ്. ആനന്ദത്തിന്റെ കലവറകളെ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുവാനും ആത്മീയ സാക്ഷാത്ക്കാരത്തില് എല്ലാ ആനന്ദങ്ങളും അനന്തങ്ങളായി അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കാനുമാണത്.

മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രകാര്യങ്ങളെ ഉള്ക്കൊള്ളാനാവുന്ന ബുദ്ധിശക്തികളും ഓര്മ്മശക്തികളും മനുഷ്യൻ എന്ന ഒരു ജീവിക്കു നല്കിയതും, മറ്റുള്ള ജീവികള്ക്ക് അത് നല്കാതെ മനുഷ്യനു മാത്രമായി പരിമിതപ്പെടുത്തിയതും മനുഷ്യൻ എന്ന ജീവിയല്ല, സ്രഷ്ടാവായ **ദൈവമാണെന്നതും** മറ്റുള്ള ജീവികള്ക്കെല്ലാം പ്രസ്തുത ശാസ്ത്രബുദ്ധികൾ ലഭിച്ചിരുന്നുവെങ്കിൽ പ്രപഞ്ചഗതി മാറ്റപ്പെടുമായിരുന്നല്ലോ എന്നതുംകൂടി ഏതാനും നിമിഷം ചിന്തിച്ചശേഷം തുടരുക.

... മഹാശാസ്ത്രകാര്യങ്ങൾ മനുഷ്യനെ അറിയിക്കണമെങ്കിൽ, മനുഷ്യനെ മറ്റുള്ള ജീവികളുടെ ജീവിതരീതിയിൽ നിന്നും അകറ്റി പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ ജനസമൂഹവും രാഷ്ട്രവും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ ശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്. മഹാപ്രപഞ്ചത്തിൽ ലഭ്യമാക്കിയിട്ടുള്ള അനന്തങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദകാര്യങ്ങൾ, ആനന്ദ കാര്യങ്ങളെ ബന്ധിപ്പിക്കുകയും വര്ദ്ധിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്രവികസനം, മനുഷ്യരും മറ്റുള്ള ജീവികളിലും തമ്മിലുള്ള മുഖ്യ വ്യത്യാസങ്ങൾ, സൃഷ്ടിയിൽ സ്ത്രീയ്ക്കു മാത്രമുള്ള അധികാരം, ദൈവം മനുഷ്യനു നല്കുന്ന പരമപദം അഥവാ ആത്മീയ സാക്ഷാത്ക്കാരം തുടങ്ങിയവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രപരമായ ജീവിതപദ്ധതിയാണത്.

മഹാശാസ്ത്രത്തിന്റെ അനന്തമായ ശാഖകളിൽ വികസനം നടക്കണമെങ്കില് അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കില് ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളില്നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്.

//കര്ത്താവായ ദൈവം കൂടുതല് ബുദ്ധിശക്തികള് മനുഷ്യര്ക്കു നല്കിയിരിക്കെ, ഭൂമിയിൽ എന്തെല്ലാം അവകാശങ്ങളും അധികാരങ്ങളും മനുഷ്യര്ക്ക് കൂടുതലായുണ്ടെന്നും, അവയുടെ ഉദ്ദേശമെന്തെന്നും അഥവാ മനുഷ്യന്റെ ധര്മ്മങ്ങളെന്തെല്ലാം എന്നും ശാസ്ത്ര പ്രകാരം വിശകലനം ചെയ്യുവാൻ മനുഷ്യന് ബാദ്ധ്യതയുണ്ട്.

ജീവി-സൃഷ്ടിയിലെ അഞ്ചാമത്തേതും അവസാനത്തേതുമായ അവസ്ഥയാണ് മനുഷ്യാവസ്ഥയെന്നും, മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ലഭ്യമാവുകയും മഹാശക്തിയായ ദൈവത്തെ അറിയുകയും മഹാപ്രപഞ്ചത്തിലുള്ള **അനന്തമായ** ആനന്ദങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുവെന്നും വ്യക്തമാക്കി; കൂടാതെ, മഹാശാസ്ത്രം ലഭ്യമാകുവാൻ ധര്മ്മശാസ്ത്രപ്രകാരമുള്ള കുടുംബജീവിതം ആവശ്യമാണെന്നും സമൂഹത്തിലെ വ്യക്തികളെല്ലാം കുടുംബജീവിതത്തെ ശ്രേഷ്ഠപ്പെടുത്തണമെന്നും വ്യക്തമാക്കി. കുടുംബജീവിതം നയിക്കണമെങ്കിൽ വ്യക്തികള്ക്ക് തങ്ങളുടെ സ്വകാര്യ ഉടമസ്ഥതയിലെന്ന പോലെയോ പൊതു ഉടമസ്ഥതയിലെന്ന പോലെയോ സ്ഥലവും വീടും കെട്ടിടങ്ങളും വാഹനങ്ങളും ഒക്കെ ആവശ്യമുണ്ട്.

ദൈവം മനുഷ്യര്ക്ക് ശാസ്ത്രജ്ഞാനം നല്കുന്നു, മനുഷ്യരിലൂടെ ശാസ്ത്രവികസനം നടത്തുന്നു എന്നതിനെ മനുഷ്യന് ദൈവം ഉദ്ദേശിച്ചിട്ടുള്ള ധര്മ്മങ്ങളുമായി കൂട്ടിവായിക്കുമ്പോള് സ്ഥലവും വീടും കെട്ടിടങ്ങളും വാഹനങ്ങളും ഒക്കെ ദൈവം അനുവദിക്കുന്നു, അനുഗ്രഹിച്ചിരിക്കുന്നു എന്നാണര്ത്ഥം. അതേസമയം ശാസ്ത്ര വികസനത്തിലൂടെ മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അറിയുവാനും അനുഭവിക്കുവാനും ഭാഗ്യം ലഭിക്കുന്ന മനുഷ്യർ, മറ്റുള്ള ജീവികളെ പീഡിപ്പിക്കാതിരിക്കുവാനും പകരം അവയെ കരുതുവാനും അഥവാ അവയുടെ സന്തോഷത്തെ കരുതുവാനും കൂടി ശ്രദ്ധിക്കണമെന്ന് ധര്മ്മശാസ്ത്രം സുവ്യക്തമാക്കുന്നു.

ഭൂമിയിലെ കരപ്രദേശങ്ങളെ നാടും കാടുമായി രണ്ടായി തിരിച്ചാൽ മുഖ്യമായും നാട് മനുഷ്യര്ക്കായും, കാട് മറ്റുള്ള ജീവികള്ക്കായും കണക്കാക്കണം. കാടുകളായിരുന്ന കുന്നുകളെയും മലകളെയും മനുഷ്യർ വെട്ടിത്തെളിച്ച് കൃഷി ചെയ്യുമ്പോഴും, അവയുടെ പ്രകൃതി തന്നെ അവ കാടുകൾ ആയിരിക്കേണ്ടവയാണെന്ന് വ്യക്തമാക്കുന്നു. അതുപോലെ ഓരോ പ്രദേശങ്ങളിലുമുള്ള കന്നുകാലികള്ക്കു മേഞ്ഞുനടക്കുവാന് പച്ചപ്പുല്ല് സമൃദ്ധമായ താഴ്വരകളും കുന്നുകളോടു ചേര്ന്നുണ്ട്.

തങ്ങളുടെ ആനന്ദ ജീവിതത്തിനായി കൃഷിസ്ഥലങ്ങളും കെട്ടിടങ്ങളും മനുഷ്യർ ഒരുക്കുമ്പോൾ, പുരയിടങ്ങളുടെ ഇടയിൽ കാവുകൾ എന്ന പേരിൽ ചെറിയ കാടുകൾ ഉണ്ടാവുന്നതിനെ മനുഷ്യർ തടയരുത്. മറ്റുള്ള ജീവികളെ കരുതുന്നതിന്നു തങ്ങള്ക്കു ലഭിച്ച അധിക ബുദ്ധിശക്തികളെ പ്രയോജനപ്പെടുത്തിയെന്ന് അഭിമാനിക്കാൻ മനുഷ്യനു കഴിയണം.

കാട് മറ്റുള്ള ജീവികള്ക്കു മാത്രമുള്ളതല്ല. കര-പ്രദേശങ്ങളെ കുന്നുകളും മലകളും പര്വ്വതങ്ങളും തോടുകളും നദികളും കായലുകളും കടലും കൊണ്ട് ദൈവം വേര്തിരിച്ചിട്ടുള്ളതും, കടലില് ചെറുതും വലുതുമായ ദ്വീപുകളെ സൃഷ്ടിച്ചിട്ടുള്ളതും വ്യക്തമായ ഉദ്ദേശത്തോടെയാണ്, അഥവാ ധര്മ്മശാസ്ത്രപ്രകാരമാണെന്ന് തിരിച്ചറിയണം.

ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാത്തവര്ക്ക് നാട്ടിൽ ജീവിക്കാൻ അവകാശമില്ല, മറ്റുള്ള ജീവികളോടൊത്ത് ശാസ്ത്രസൗകര്യങ്ങളില്ലാതെ അവർ കാട്ടിലാണ് ജീവിക്കേണ്ടത്. കൂടുതൽ ശല്ല്യക്കാരായാൽ അവരെ നാടും കാടും കടത്താനായിട്ടാണ് വൻകരകളോട് അടുത്തായും അകലെയായും ദ്വീപുകളെ സൃഷ്ടിച്ചിട്ടുള്ളത് എന്നെല്ലാം വസ്തുക്കളുടെയും പ്രദേശത്തിന്റെയും ധര്മ്മങ്ങളെ വിശകലനം ചെയ്യുമ്പോൾ വ്യക്തമാവുന്നതാണ്. കൂടുതൽ വിസ്തരിക്കുന്നില്ല.

ജീവികൾക്ക് ജീവിക്കണമെങ്കിൽ ശുദ്ധമായ വായുവും, വെള്ളവും, മണ്ണും / ഭക്ഷണവും ലഭിക്കണം. മറ്റുള്ള ജീവികൾക്കും മനുഷ്യർക്കും വേണ്ടി നല്ലത് മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ.

മറ്റുള്ള ജീവികള്ക്ക് മനുഷ്യൻ ഭക്ഷണം കരുതണ്ട. **എന്നാൽ ദൈവം അവയ്ക്ക് കരുതിയിട്ടുള്ള വായുവും, വെള്ളവും, മണ്ണും / ഭക്ഷണവും തടയരുത്.**

ശാസ്ത്രജ്ഞാനം ലഭിച്ച മനുഷ്യരുടെ അശ്രദ്ധമൂലം അഥവാ വ്യക്തി- സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം മൂലം വായുവും ജലവും മണ്ണും അശുദ്ധമായി ക്കൊണ്ടിരിക്കുന്നു. ഫലത്തിൽ, മറ്റുള്ള ജീവികളുടെ ഓഹരിയിൽ മനുഷ്യർ അധര്മ്മവും അനീതിയും കാട്ടുന്നു. മഹാശാസ്ത്ര പ്രകാരം മഴയിലൂടെയും തീയിലൂടെയും ഒക്കെ ദൈവം പ്രകൃതിയെ ശുദ്ധിപ്പെടുത്തുമ്പോഴും മനുഷ്യര് സൃഷ്ടിക്കുന്ന പൈശാചിക ന്യൂനശക്തികള് നിമിത്തം പ്രകൃതി വളരെയധികം അശുദ്ധമാകുന്നുണ്ട്.

ദൈവത്തിന്റെ ധര്മ്മരൂപവും ദ്രാവകരൂപവുമായ ജലത്തോട് മാലിന്യങ്ങളെ ചേര്ക്കുവാൻ പാടില്ല. തോടുകളിലും നദികളിലും മറ്റ് ജലാശയങ്ങളിലുമല്ലാതെ കുളിക്കുന്ന ജലം അഥവാ കുളിമുറികളില് ശരീരം ശുചിചെയ്യുന്ന ജലം പോലും അധികമായുണ്ടെങ്കില് ഭൂമി കുഴിച്ച്-മണ്ണിലേക്ക് പ്രവേശിപ്പിക്കുക എന്നല്ലാതെ ഓടകളിലേക്കും തോടുകളിലേക്കും നദികളിലേക്കും കായലുകളിലേക്കും കടലിലേക്കും തള്ളാന് പാടില്ല. മനുഷ്യർ ഒഴികെയുള്ള ജീവികളെ ശ്രദ്ധിച്ചാൽ, അവയൊന്നും ചെയ്യാത്ത പാതകമാണ് മനുഷ്യർ ചെയ്യുന്നതെന്ന് മനസ്സിലാക്കാം. മറ്റു മനുഷ്യര്ക്കും, അന്യജീവികള്ക്കും കുടിവെള്ളമായി ഉപകരിക്കുന്ന ജലത്തെ മലിനപ്പെടുത്താൻ പാടില്ല. പ്രകൃതിക്ക് ദോഷമുണ്ടാക്കാത്ത ചില മാലിന്യങ്ങളെ കത്തിച്ചുകളയാവുന്നതാണ്.

മാലിന്യങ്ങളുടെ മേലും നീതി നിര്വ്വഹിക്കേണ്ടത് ദൈവത്തിന്റെ നീതിരൂപവും ഖരരൂപവുമായ മണ്ണിലൂടെയാവണം. ശവശരീരങ്ങളെ മണ്ണില് കുഴിച്ചിടുമ്പോലെ മാലിന്യങ്ങളെയും മണ്ണില് കുഴിച്ചുമൂടുക. മനുഷ്യന്റെ ഭക്ഷണ അവശിഷ്ടം കാക്ക, പന്നി തുടങ്ങിയ ജീവികള്ക്ക് ഭക്ഷണമാകുമ്പോള്, മനുഷ്യര്ക്ക് മാലിന്യമായി തോന്നിയതുകൊണ്ട് യാതൊന്നും മാലിന്യം ആകുന്നില്ല എന്നര്ത്ഥമാകുന്നു. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ധര്മ്മങ്ങളെ കോര്ത്തിണക്കുന്ന ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും ഉണ്ട്. ശാസ്ത്ര ജ്ഞാനം വളരെ നല്കിയിട്ടും, ധര്മ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ച്, തങ്ങളുടെയും ചുറ്റുമുള്ളവരുടെയും ശുചിത്വ ജീവിതത്തിന് വിനയാകും വണ്ണം മാലിന്യങ്ങളെ മനുഷ്യർ തോടുകളിലും നദികളിലും കായലുകളിലും കടലിലും തള്ളരുത് എന്നാണ് വ്യക്തമാക്കിയത്.

(2) സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാൻ കഴിയണം.

ഏതൊരാള്ക്കും തന്റെ സമ്പത്ത് ഭൂമിയിലെങ്ങും കൂടെ കൊണ്ടു പോകാന് കഴിയണം. പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു വിശദീകരിച്ചപ്പോള് ഏറ്റവും വലിയ സമ്പത്തിനെ കൂടെ കൊണ്ടുപോകാന് സ്ത്രീയ്ക്കും പുരുഷനും കഴിയുന്നു, അഥവാ ദൈവം അതിനെ ഏറ്റവും എളുപ്പമാക്കിയിരിക്കുന്നു എന്നു വ്യക്തമാണ്. അങ്ങനെയിരിക്കെ ചെറിയവ മാത്രമായ മറ്റു സമ്പത്തുകളെ ഭൂമിയിലെങ്ങും കൂടെ കൊണ്ടു പോകാനും കഴിയണം. ധര്മ്മശാസ്ത്രപരമായ ഒരു വലിയ സന്ദേശത്തെ ദൈവം അക്കൂടെ നല്കുന്നുമുണ്ട്. അസാധാരണ സാഹചര്യങ്ങളില് മാത്രമേ തങ്ങളുടെ ഏറ്റവും വലിയ സമ്പത്തിനെ പുരുഷനും സ്ത്രീയും ചുമക്കേണ്ടതായി വരുന്നുള്ളൂ. ഭാരങ്ങള് വഹിക്കാതെ നടന്നും, വാഹനങ്ങളെ ഉപയോഗിച്ചും പുരുഷനും സ്ത്രീയ്ക്കും സഞ്ചരിക്കാൻ കഴിയുന്നു. എന്നാൽ മറ്റു സമ്പത്തുകളെയെല്ലാം അവ ചെറിയവ ആണെങ്കില് പോലും, മനുഷ്യന് ചുമന്നു കൊണ്ടുപോവേണ്ടതുണ്ട്; പ്രത്യേകം കരുതേണ്ടതുമുണ്ട്. സമ്പത്തുകളെല്ലാം ആനന്ദങ്ങളുടെ ഭാഗമാണെന്നറിയുമ്പോള്, സമ്പത്തുകളെ കരുതുന്നതും, കൂടെകൊണ്ടു പോകുന്നതും ആവശ്യങ്ങളായി കണക്കാക്കണം. അവയെയും മിഥ്യകളായി വിശേഷിപ്പിക്കുന്ന ആത്മീയകാര്യങ്ങള് എന്ന കള്ളപ്പേരില് അറിയപ്പെടുന്ന മത-ചിന്തകളെയും മതവ്യാഖ്യാനങ്ങളെയും അനാവശ്യങ്ങളായും അസത്യങ്ങളായും അധര്മ്മങ്ങളായും തിരിച്ചറിയണം. മത-വ്യവസ്ഥിതിയുടെ ഭാഗങ്ങളായി സംരക്ഷിക്കപ്പെടുന്ന ദേവാലയങ്ങള് എന്നറിയപ്പെടുന്ന പൈശാചിക-ആലയങ്ങള്ക്കും മറ്റ് മത-സ്ഥാപനങ്ങള്ക്കും സമ്പത്തിനെ കരുതാം !

സാധാരണ ജനങ്ങള് അഥവാ വ്യക്തികൾ സമ്പത്തിനെ കരുതിക്കൂടാ ! കള്ളന്മാരുടെ സൂത്രത്തിൽ വീണ് ദൈവം നില്കിയ ആനന്ദങ്ങളെ വ്യക്തികൾ നഷ്ടപ്പെടുത്തരുത്.

വളര്ത്തു മൃഗങ്ങൾ, വീട്, ഫര്ണിച്ചർ, തുടങ്ങിയവ തങ്ങളുടെ സമ്പത്തുകളാണെങ്കിലും, അതേ-വളര്ത്തു മൃഗങ്ങൾ ഒഴികെയുള്ളവയെ മറുനാട്ടില് നിര്മ്മിക്കാനും വാങ്ങാനും കഴിയുമെന്നിരിക്കെ യാത്രയ്ക്കിടയില്, കൂടെ കൊണ്ടുപോകേണ്ടതില്ല. വളര്ത്തുമൃഗങ്ങളെ നല്ല കരങ്ങളില് ഏല്പ്പിക്കാമെന്നിരിക്കെ, അവയെയും കൂടെ കൊണ്ടു പോകുന്നത് അത്യാവശ്യമല്ല. (പശു, കാള എന്നീ മൃഗങ്ങളെയും മനുഷ്യരെയും സമ്പത്തുകൊണ്ട് വില നിശ്ചയിച്ചുകൂടാ. വില്ക്കാനും കൊടുക്കാനും പാടില്ല. ദാനമായി നല്കാം. പശു, കാള എന്നിവ മനുഷ്യാവസ്ഥയുടെ ഭാഗമായതുകൊണ്ടാണ് അവയെ വില്ക്കാനും വാങ്ങാനും പാടില്ലാത്തത്. എല്ലാ മനുഷ്യരും അടിസ്ഥാനപരമായി 1 അഥവാ 2 ജന്മങ്ങൾ പശു, കാള എന്നിങ്ങനെ എടുക്കേണ്ടതുണ്ട്. 100 ജന്മം പശുവായും കാളയായും ജനിക്കുന്ന പ്രത്യേക അവസ്ഥയുമുണ്ട്, ദൈവാനുഗ്രഹത്തോടെ മറ്റൊരിക്കല് വിശദീകരിക്കാം.).

സാമ്പത്തിക ശാസ്ത്രം തുടരാം :-

അപ്പോൾ പണക്കാരനും പാവപ്പെട്ടവനും, ഉള്പ്പെടെയുള്ള ജനങ്ങൾ തങ്ങളുടെ സമ്പത്തിനെ എങ്ങനെയാണ് കൊണ്ടുപോകേണ്ടത് ?

(3) ദൈവം മനുഷ്യര്ക്കായിട്ട് പ്രത്യേക-സമ്പത്ത് സൃഷ്ടിച്ചിരിക്കുന്നു.

മനുഷ്യര്ക്ക് അനായാസേന തങ്ങളുടെ സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാനുള്ള മാര്ഗ്ഗം ദൈവം സൃഷ്ടിച്ചിട്ടുണ്ട്. അനേകം വലിയ ഗ്രന്ഥങ്ങളെ ഒരു കമ്പ്യൂട്ടര് സിഡിയിലോ പെന്-ഡ്രൈവിലോ ചുരുക്കി സൂക്ഷിക്കുന്നതുമായി കഷ്ടിച്ച് സാമ്യപ്പെടുത്താം. സ്വര്ണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ ലോഹങ്ങളെ ഈ അദ്ധ്യായത്തില് പ്രത്യേകം വിവരിച്ചിട്ടുള്ളത് പഠിക്കുമ്പോള് വ്യക്തമാകുന്നതാണ്.

(7) ധര്മ്മശാസ്ത്രപരമായി സമ്പത്ത് വര്ദ്ധിപ്പിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം

ഏതൊരു വ്യക്തിക്കും ധര്മ്മശാസ്ത്രപരമായി സമ്പത്ത് വര്ദ്ധിപ്പിക്കുവാനുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദൈവം നല്കിയിട്ടുണ്ട്. പ്രത്യേകം അറിയേണ്ടത്, ഭരണകൂടം എന്നൊരു സംവിധാനത്തിന് വ്യക്തിയുടെ മേല് യാതൊരു വിധമായ നികുതികളും ചുമത്താന് അവകാശമോ അധികാരമോ ഇല്ല. കെട്ടിടനികുതി, വസ്തു നികുതി, സേവന നികുതി, വ്യാപാര നികുതി, ആദായ നികുതി, തുടങ്ങി യാതൊരു നികുതികളും ചുമത്താന് ഭരണകൂടത്തിന് അധികാരമില്ല. ഭരണകൂടത്തിന്റെ ചിലവുകള്ക്കുള്ള മാര്ഗ്ഗവും സാമ്പത്തികശാസ്ത്രത്തില് ഉണ്ട് എന്നറിയുക.

വ്യക്തി ഏത് തൊഴിൽ ചെയ്താലും, സ്ഥാപനത്തിന്റെ ഉടമയായിരുന്നാലും കൂടി, അയാള് ചെയ്യുന്നത് സേവനമാണ്. കൃഷിക്കാരൻ വിളവ് വില്ക്കുമ്പോഴും, വ്യവസായ ഉടമ ഉല്പന്നത്തിന് വില നിശ്ചയിക്കുമ്പോഴും, കച്ചവടക്കാരൻ താൻ വില്ക്കുന്ന വസ്തുവിന്മേൽ ലാഭമെടുക്കുമ്പോഴും, തൊഴിലാളി താൻ ചെയ്യുന്ന തൊഴിലിന് കൂലി വാങ്ങുമ്പോഴും, അവയെ എല്ലാം സേവനത്തിനുള്ള വേതനമായി കണക്കാക്കാൻ കഴിയും.

(മോഷണം, പിടിച്ചുപറി, കൊള്ള, സ്ത്രീ പീഢനം, തുടങ്ങിയ **ധര്മ്മശാസ്ത്രപരമല്ലാത്ത** പ്രവൃത്തികൾ **തൊഴിൽ** അല്ല; ചെയ്യാൻ വ്യക്തിസ്വാതന്ത്ര്യവുമില്ല.)

ധര്മ്മശാസ്ത്രത്തെ തെറ്റിച്ചും വ്യക്തിസ്വാതന്ത്ര്യത്തിന്റെ ദുരുപയോഗത്തിലൂടെയും തന്റെ സേവനത്തിന് വേതനം നിശ്ചയിക്കുന്ന കാര്യത്തില് വ്യക്തിക്ക് സമ്പൂര്ണ്ണ സ്വാതന്ത്ര്യം ഉണ്ട്. അതെന്തുകൊണ്ടെന്നാല്, **ധര്മ്മശാസ്ത്രത്തെ ഉള്ക്കൊണ്ട് തന്റെ വേതനം നിശ്ചയിക്കേണ്ടത് വ്യക്തിയുടെ സ്വയം ബാദ്ധ്യതയാണ്. വേതനം നിശ്ചയിക്കുന്ന കാര്യത്തിൽ ദൈവം അഥവാ ധര്മ്മശാസ്ത്രം ഇടപെട്ടാൽ വ്യക്തിക്ക് സ്വാതന്ത്ര്യത്തെ നല്കാതെ അടിമയാക്കുന്നു എന്നാണര്ത്ഥം.**

ധര്മ്മങ്ങളിൽ ചിലതോ, മുഴുവനുമോ തെറ്റിച്ച് അധിക വേതനം നേടുന്ന വ്യവസായികളും, കച്ചവടക്കാരും, വ്യവസ്യായ / വാണിജ്യ സ്ഥാപനങ്ങളിലെയും ഭരണ കാര്യാലയങ്ങളിലെയും തൊഴിലാളികൾ മേല്പടി വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്.

ലിംഗം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, തുടങ്ങിയവ കൂടാതെ ബുദ്ധിശക്തി, ഓര്മ്മശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ ജന്മഗുണങ്ങളായി ദൈവം നല്കുന്നവയാണെന്നത് മറന്നുകൊണ്ടും അവഗണിച്ചുകൊണ്ടും , വ്യക്തി അധികവേതനം ആവശ്യപ്പെടുന്ന സന്ദര്ഭങ്ങളില് വ്യക്തിയുടെ സേവനം ആവശ്യമുള്ളവര് വ്യക്തി ആവശ്യപ്പെടുന്ന വേതനം നല്കണം.
സാധാരണയില്ക്കവിഞ്ഞ വേതനം ആവശ്യമുള്ള വ്യക്തി തന്റെ വേതനം തൊഴില്ദായകനെ/സമൂഹത്തെ മുന്കൂര് അറിയിക്കുവാന് ബാധ്യസ്ഥനുമാണ്. ദൈവത്തിന് കൃഷിക്കാരുടെ കാര്യത്തില് പ്രത്യേക വാത്സല്യവും കരുതലും ഉള്ളതുകൊണ്ട്, ധര്മ്മശാസ്ത്രപരമായ കൃഷികള് ചെയ്യുന്നവര്ക്ക് സാധാരണഗതിയില് ന്യായമായ വേതനം മാത്രമാണ് ലഭിക്കുക. ഭരണകൂടം തുടങ്ങിയവരുടെ അധാര്മ്മിക ഇടപെടീല്കൊണ്ട് കൃഷിക്കാര് കഷ്ടപ്പെടുന്നത് മറ്റൊരു വിഷയമാണ്. ഭക്ഷണം, വസ്ത്രം, പാര്പ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങള്ക്കുള്ള കൃഷിയെ ആണ് ധര്മ്മശാസ്ത്രപരമായ കൃഷി എന്നു പറയുന്നത്. റബ്ബര് വ്യവസായ കൃഷി ആകയാല്, ധര്മ്മശാസ്ത്രപരമല്ല. മത്സ്യം വളര്ത്തല്, മാംസക്കച്ചവടത്തിനായി മൃഗങ്ങളെ വളര്ത്തല് തുടങ്ങിയവ കൃഷിയേ അല്ല.

വ്യക്തിയുടെ മരണത്തോടെ പിന്ഗാമികള്ക്ക് ധനം കൈമാറപ്പെടുന്ന ഇന്നത്തെ രീതിയെ ദൈവീകമായ സാമ്പത്തികശാസ്ത്രം മാറ്റിമറിക്കുന്നുവെന്നത് വ്യക്തി ദുരുപയോഗംചെയ്ത ധര്മ്മശാസ്ത്രവിരുദ്ധമായ സ്വാതന്ത്ര്യങ്ങളെ പിഴുതെറിയുന്നതോടെ ഭൗതികശുദ്ധീകരണവും, ആത്മാവിന്റെ മേല് മഹാനീതിയായ ദൈവം നടപ്പാക്കുന്ന മഹാനീതി ആത്മീയശുദ്ധീകരണവും നടത്തുന്നു.

(8) സമ്പത്ത് ചിലവു ചെയ്യാൻ വ്യക്തിക്ക് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുണ്ട്.

വ്യക്തിക്ക് താന് ചെയ്യുന്ന സേവനങ്ങള്ക്ക് അധിക വേതനം വാങ്ങിക്കൊണ്ട് അധിക സമ്പത്ത് ഉണ്ടാക്കാനാവുമെങ്കിലും, സമ്പത്ത് ചിലവു ചെയ്യുന്ന കാര്യത്തിൽ വ്യക്തിക്ക് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുണ്ട്. വ്യക്തിക്ക് ധര്മ്മശാസ്ത്രപരമല്ലാത്ത വേതനത്തിലൂടെ അധിക സമ്പത്തുകള് ഉണ്ടാക്കാമെന്നല്ലാതെ, തോന്നിയതുപോലെ ചിലവുകൾ ചെയ്യാനാവില്ല എന്നര്ത്ഥം.

സ്വന്തം കുടുംബാംഗങ്ങളുടെ ഭക്ഷണ ആവശ്യങ്ങള്ക്കും, തന്റെയും തന്നോടൊത്ത് താമസിക്കുന്നവരുടെയും വസ്ത്ര ആവശ്യങ്ങള്ക്കും, തങ്ങള്ക്ക് താമസിക്കുന്ന ഏക-ഭവനം നിര്മ്മിക്കുന്ന കാര്യത്തിലും, രോഗത്തിന് ചികിത്സിക്കുന്നതിലും, വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യമാണുള്ളത്. വ്യക്തിക്ക് തന്റെയും ഭാര്യയുടെയും മാതാപിതാക്കളുടെയും ജീവിതാവശ്യങ്ങള്ക്ക് കാർ മാത്രമല്ല, വിമാനവും വാങ്ങാൻ സ്വാതന്ത്ര്യമുണ്ട്. വിമാനം വാങ്ങുമ്പോഴും ഭരണകൂടം എന്നൊരു സംവിധാനത്തിന് വ്യക്തിയുടെ മേല് യാതൊരു വിധമായ നികുതികളും ചുമത്താൻ അവകാശമോ അധികാരമോ ഇല്ലായെന്നത് ആവര്ത്തിക്കുന്നു. **വിമാനം വാങ്ങുന്നതിനും മറ്റും സ്വത്തുണ്ടാക്കിയത് എങ്ങനെയെന്ന് ഭരണകൂടത്തെ ബോധിപ്പിക്കേണ്ടതായ കാര്യവുമില്ല.**

വ്യക്തികള്ക്ക് ധര്മ്മശാസ്ത്രപര മായല്ലാതെ വേതനം വാങ്ങുവാൻ വ്യക്തിസ്വാതന്ത്ര്യം ഉണ്ടെങ്കിലും ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികൾ ചെയ്യാൻ വ്യക്തിസ്വാതന്ത്ര്യമില്ല എന്നിരിക്കെ, ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികൾ വ്യക്തി ചെയ്താൽ അതു തടയേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്; തടയാൻ കഴിയാഞ്ഞതിന്റെ പേരില് വ്യക്തി അധികസമ്പത്ത് ഉണ്ടാക്കിയെങ്കിൽ, ഭരണാധികാരികൾ വരുത്തിയ വീഴ്ചയ്ക്ക് അവരെ ആദ്യം ശിക്ഷിച്ചശേഷം, ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികൾ ചെയ്തതിന് ധര്മ്മശാസ്ത്രപരമായി മാത്രം ശിക്ഷിക്കണം.

വ്യക്തിക്ക് തന്റെയും ഭാര്യയുടെയും മാതാപിതാക്കളുടെയും ജീവിതാവശ്യങ്ങള്ക്ക് കാർ വാങ്ങാൻ സ്വാതന്ത്ര്യം ഉണ്ട് എന്നതിൽ കുട്ടികളെ ചേര്ക്കാഞ്ഞത് മനഃപ്പൂര്വ്വമാണ്. വ്യക്തിക്ക് കുട്ടികളെയും സഹോദരങ്ങളെയും ബന്ധുജനങ്ങളെയും സുഹൃത്തുക്കളെയും നാട്ടുകാരെയും, താൻ ക്ഷണിക്കുമ്പോള് വരാൻ തയ്യാറാകുന്ന മറ്റുള്ളവരെയും കാറില് കയറ്റാം; എന്നാല് അവര്ക്കെല്ലാം കാറുകളും വാഹനങ്ങളും മൊബൈൽ ഫോണുകളും പോലെയുള്ളവ വാങ്ങിക്കൊടുക്കാൻ വ്യക്തിസ്വാതന്ത്ര്യമില്ല. കുട്ടികളെ ധര്മ്മകാര്യങ്ങള് പഠിപ്പിക്കാനും മിടുക്കരാക്കാനും മാതാപിതാക്കള്ക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട്. കുട്ടികൾ മുതിരുമ്പോൾ, അവര്ക്ക് അദ്ധ്വാനിച്ച് സമ്പത്തുണ്ടാക്കുവാനും മാതാപിതാക്കളും മറ്റും ചെയ്യുന്നതുപോലെ ധര്മ്മശാസ്ത്രപരമായി തങ്ങളുടെ ആവശ്യങ്ങള്ക്ക് പണം ചിലവാക്കാനും കാർ വാങ്ങാനുമൊക്കെ സ്വാതന്ത്ര്യമുണ്ട്.

കുട്ടികളുടെ ലിംഗം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, ബുദ്ധിശക്തി, ഓര്മ്മശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ ജന്മഗുണങ്ങളോടെ കുട്ടികളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണെന്നും, മഹാപിതാവും മഹാമാതാവും മഹാശക്തിയും മഹാനീതിപതിയുമായ ദൈവത്തിന് തന്റെ കുട്ടികളുടെ മേല് മഹാപദ്ധതികളുണ്ടെന്നും, അവ മനസ്സിലാക്കാതെയും, കുട്ടികള്ക്ക് ദൈവം നല്കിയിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യങ്ങളെ നിഷേധിച്ചും, കുട്ടികളുടെ കാര്യത്തില് ദൈവത്തിനുള്ള പദ്ധതികള്ക്ക് വിഘ്നമുണ്ടാക്കുന്ന രീതിയിൽ പ്രവര്ത്തിക്കുവാൻ മനുഷ്യ-മാതാപിതാക്കള്ക്ക് അവകാശമോ അധികാരമോ ഇല്ലായെന്നര്ത്ഥം. കുട്ടികള്ക്ക് ഭക്ഷണം, വസ്ത്രം, ധര്മ്മശാസ്ത്രപരമായ വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് സൗകര്യം ചെയ്തുകൊടുത്തുകൊണ്ടും, രോഗത്തിന് ചികിത്സിക്കുന്നതില് സഹായിച്ചുമൊക്കെ മാതാപിതാക്കളുടെ വാത്സല്യത്തെ പരിമിതപ്പെടുത്തേണ്ടിവരും ! ഉദാഹരണത്തിന് കുട്ടികള്ക്ക് വാഹനം വാങ്ങിക്കൊടുക്കുമ്പോള്, അവര്ക്ക് നടന്നു പോകാനും നടത്തയുടെ സുഖങ്ങളെ ആസ്വദിക്കുവാനും, പ്രകൃതി ഭംഗി ആസ്വദിക്കാനും, പ്രകൃതിയുമായി പൊരുത്തപ്പെടാനുമുള്ള അവകാശത്തെ മാതാപിതാക്കള് നിഷേധിക്കുന്നു. തീര്ന്നില്ല, മാതാപിതാക്കളുടെ ദുര്ന്നടപടി അവരെ മടിയന്മാരും അലസന്മാരും ആക്കിയേക്കാം, സ്വഭാവ ദൂഷ്യങ്ങളുണ്ടാക്കിയേക്കാം. തീര്ന്നില്ല, സമൂഹത്തിൽ ഒരു കാര്യവുമില്ലാതെ വാഹനവര്ദ്ധനവും, അധിക ഇന്ധനച്ചിലവും, അധിക വാഹന അപകടങ്ങളും ഉണ്ടാകുന്നു. റോഡുകളിൽ അധിക തിരക്കുണ്ടാകുന്നു.

ആവശ്യമില്ലാത്ത പാതകളും വാഹനങ്ങളും ഭൂമിയെയും വസ്തുക്കളെയും ഊർജ്ജത്തെയും മറ്റും ദുരുപയോഗം ചെയ്യലാണ്. ഭൂമിയിലെങ്ങും ഈ ദുരവസ്ഥ വര്ദ്ധിച്ചിരിക്കുകയാണ്.

കുട്ടികള്ക്ക് അഭിരുചിക്കൊത്ത് സ്വയം തൊഴിൽ കണ്ടെത്താനും സ്വയം സമ്പാദിക്കാനുമുള്ള മാര്ഗ്ഗങ്ങളെ തടസ്സപ്പെടുത്തുന്നത് മാതാപിതാക്കളുടെ അധമ വാത്സല്യം കൂടിയാണ്. കുട്ടികള്ക്ക് പണം കൊടുത്ത് അവരെ മദ്യപിപ്പിക്കുന്നതും മാതാപിതാക്കളാണ്.... കൊടും ഭീകരരായ ഭരണാധികാരികളുമാണ്. കുട്ടികൾ തമ്മിലുള്ള അസമത്വവും കുട്ടികളുടെയും കുട്ടികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മുതിര്ന്നവരുടെയും മത്സരചിന്തകളും സാമൂഹ്യജീവിതത്തെ ഏറ്റവും അധമമാക്കിയിരിക്കുന്നു. ഭൂമിയിലെങ്ങും മേല്പടി ദുരവസ്ഥകള്ക്ക് വിത്തു പാകുകയും വളര്ത്തുകയും ചെയ്യുന്ന മാതാപിതാക്കളെയും രക്ഷകര്ത്താക്കളെന്നു കരുതുന്നവരെയും, അവയെല്ലാം കണ്ട് കോമാളികളെപ്പോലെ വര്ത്തിക്കുന്ന ഭരണാധികാരികളെയും ശിക്ഷിക്കേണ്ടേ ?

മക്കള്ക്ക് ഫാക്ടറി ഉണ്ടാക്കിക്കൊടുക്കാനും, കച്ചവട സ്ഥാപനം ഉണ്ടാക്കി നല്കാനും, അവര്ക്കു താമസിക്കാന് പ്രത്യേകം വീടുണ്ടാക്കി നല്കാനും മാതാപിതാക്കള്ക്കും രക്ഷകര്ത്താക്കള്ക്കും അവകാശമോ അധികാരമോ ഇല്ലായെന്നാണ് വ്യക്തമാക്കിയത്. അധിക ധനത്തെ മാതാപിതാക്കൾ എന്തു ചെയ്യണം ?

(9) മരിക്കുമ്പോൾ സാധിക്കുമെങ്കിൽ സമ്പത്ത് കൂടെ കൊണ്ടുപോകാനും ; മരിക്കാതിരിക്കാൻ ശ്രമിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യംഏതൊരു വ്യക്തിക്കും, അവര് മരിക്കുമ്പോള്, സാധിക്കുമെങ്കില് സമ്പത്ത് കൂടെ കൊണ്ടുപോകാനുള്ള വ്യക്തിസ്വാതന്ത്ര്യം ദൈവം നല്കിയിട്ടുണ്ട്. കുട്ടികള്ക്കും ബന്ധുക്കള്ക്കും താൻ ആഗ്രഹിക്കുംപോലെ സമ്പത്ത് നല്കണമെന്ന് ആഗ്രഹിക്കുന്നവര്ക്ക് ഒരേ വഴി മരിക്കാതിരിക്കുക എന്നതാണ്. മരിക്കാതിരിക്കാൻ ശ്രമിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യവും അവര്ക്കുണ്ട് !

മരിക്കാതിരിക്കാൻ സാധിക്കില്ല എന്നു പറയുമ്പോൾ, തങ്ങളാരും കേമരല്ലാ എന്നും, മഹാശക്തിയായ ദൈവം നല്കിയാൽ മാത്രമേ ഏതൊരാള്ക്കും എന്തിനും ഏതിനും ശക്തി ഉണ്ടാവുന്നുള്ളൂ എന്ന സത്യം അംഗീകരിക്കാനും തയ്യാറാവണം; ദൈവത്തിന്റെ പദ്ധതികളെ അറിയാനും അതനുസരിച്ച് ജീവിക്കാനും തയ്യാറാവുകയും വേണം.

ഞാൻ ഞാൻ എന്ന് തന്റെ ശരീരത്തെയും ചേര്ത്ത് പറഞ്ഞുകൊണ്ടിരിക്കുന്ന വ്യക്തിക്ക് മരണത്തില് ശരീരം പോലും ഉപേക്ഷിക്കാതെ തരമില്ല. മരണത്തോടെ കൂടെ കൊണ്ടുപോകാൻ കഴിയാത്തവയുടെ പേരില് അവകാശങ്ങൾ ഉന്നയിക്കാൻ വ്യക്തിക്ക് അവകാശമില്ല. എന്നാൽ ഏതൊരാളുടെയും മരണശേഷം അയാളുടെ സമ്പത്തിലെ ചെറിയൊരു ഭാഗത്തിന് പിന്ഗാമികള്ക്ക് ദൈവം /ശാസ്ത്രം അവകാശം നല്കുന്നുണ്ട്. അത് പിന്നീട് വിസ്തരിക്കുന്നുണ്ട്.

മറ്റൊരാളുടേത് എന്നു നിങ്ങൾ കരുതുന്ന ഭൂമി, അയാളുടേതല്ല എന്ന് അയാൾ മരിക്കുന്നതോടെ എങ്കിലും നിങ്ങള്ക്കു മനസ്സിലാകുന്നു. നിങ്ങളുടേതെന്ന് നിങ്ങൾ പറയുന്ന കെട്ടിടവും സ്ഥലവും സമ്പത്തുകളും ഒക്കെ നിങ്ങളുടേതായിരുന്നില്ലെന്ന് നിങ്ങളുടെ മരണത്തോടെ മറ്റുള്ളവർക്ക് മനസ്സിലാകുന്നു.

ഞാൻ ഞാൻ എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ശരീരം പോലും സ്വന്തമല്ലെന്ന് മരണത്തോടെ വ്യക്തമാകുന്നു. അങ്ങനെയിരിക്കെ, എല്ലാവരുടെയും സുഖത്തിനായും സന്തോഷത്തിനായും ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ധനത്തെ ദുർവിനിയോഗം ചെയ്യുകയോ, ചൂഷണം ചെയ്യുകയോ, പൂഴ്ത്തി വയ്ക്കുകയോ ചെയ്താൽ കൊടും ദാരിദ്ര്യവും രോഗങ്ങളുമുള്ള മറുജന്മങ്ങളെ ദൈവം ശിക്ഷയായി നല്കിയാലോ ?

ധര്മ്മശാസ്ത്രപരമല്ലാത്ത വാത്സല്യം കുട്ടികള്ക്കു നല്കിയതിന്റെ പേരിലും മറ്റും നിങ്ങൾ ശിക്ഷിക്കപ്പെടുമ്പോൾ, കുട്ടികൾ ഉള്പ്പെടെ യാതൊരാള്ക്കും നിങ്ങളെ രക്ഷിക്കാൻ കഴിയുന്നതല്ല. മഹാനീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരണമുണ്ട്.

(10) സമ്പത്തുകൊണ്ട് കുട്ടികൾ ഉള്പ്പെടെയുള്ള അന്യരെ ദ്രോഹിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം

ജീവിതമെന്നത് ഒരു ചക്രം കൂടിയാണ്. ജനിക്കും, ജീവിക്കും, മരിക്കും, പുനര്ജ്ജനിക്കും, ... എന്നിങ്ങനെ ഓരോ ജീവാത്മാവും 100 തവണ പുതിയ പുതിയ ജന്മങ്ങളെ എടുത്തുകൊണ്ട് വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങളെ അറിയുകയും അനുഭവിക്കുകയും വേണം. അടിസ്ഥാനപരമായി യാതൊരു ജീവാത്മാവിനും അഥവാ യാതൊരു മനുഷ്യനും തങ്ങളുടെ മാതാപിതാക്കളുമായോ സഹോദരങ്ങളുമായോ കുട്ടികളുമായോ ബന്ധങ്ങളില്ല. ജീവിത ചക്രത്തിൽ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ മഹാദേവിയുടെ മഹാനീതിശാസ്ത്രമനുസരിച്ച് ജനനങ്ങളും പുനര്ജ്ജനനങ്ങളും നടക്കുന്നു. തങ്ങളുടെ കുഞ്ഞായിട്ട് ദൈവം സൃഷ്ടിച്ചിട്ടുള്ള ജീവാത്മാവിന് ആനന്ദം നല്കാനുള്ള ശ്രദ്ധയ്ക്കിടയിൽ, തങ്ങളുടെ മാതാപിതാക്കളും, തങ്ങളും തങ്ങളുടെ കുഞ്ഞും, തങ്ങളുടെ കുഞ്ഞ് വളര്ന്ന് യൗവ്വനത്തിൽ എത്തുമ്പോൾ വിവാഹം കഴിക്കുകയും കുഞ്ഞുണ്ടാവുകയും ചെയ്താൽ തങ്ങളുടെ കുഞ്ഞിന്റെ കുഞ്ഞുമെല്ലാം യഥാര്ത്ഥത്തിൽ മഹാമാതാവായ മഹാദേവിയുടെ മാത്രം കുഞ്ഞുങ്ങളാണെന്ന മൂലസത്യം തിരിച്ചറിയണം. കുഞ്ഞിനെ മഹാദേവി മരിപ്പിക്കുമ്പോൾ, മഹാനീതി നിര്വ്വഹണത്തിന്റെ ഭാഗമായി പുതിയൊരു ശരീരം നല്കാനുള്ള പുറപ്പാടാണ് അഥവാ പദ്ധതിയാണെന്ന് തിരിച്ചറിയണം.

ഈയുള്ളവന്റെ അച്ഛന്, തന്റെ മക്കളിൽ ഈയുള്ളവനോട് പ്രത്യേക സ്നേഹവും വാത്സല്യവും ഉണ്ടായിരുന്നു. അങ്ങനെ പാടുണ്ടോ എന്നു ചോദിച്ചാൽ, മഹാനീതിപതിയായ ദൈവം അത്തരം അടുപ്പം മാതാപിതാക്കളിലും കുട്ടികളിലും മഹാനീതി നടത്തിപ്പിന്റെ ഭാഗമായി ജനിപ്പിക്കുന്നുണ്ട്. ചിലേടങ്ങളില് മൂത്ത കുട്ടികള്ക്ക് കൂടുതല് കുടുംബ ഉത്തരവാദിത്തങ്ങള് ഏറ്റെടുക്കേണ്ടി വരുന്നത് പ്രസ്തുത മഹാനീതി നടത്തിപ്പിന്റെ ഭാഗമാണ്. മഹാസമത്വം ആനന്ദ കാര്യത്തില് എല്ലാ മനുഷ്യര്ക്കും 100 ജന്മങ്ങളിലൂടെ ലഭ്യമാവുക എന്നതിലാണ് കാര്യമുള്ളത്. ഇന്നത്തെ ജന്മത്തിലെ മൂത്ത കുട്ടി, അടുത്ത ജന്മത്തിൽ മറ്റൊരു കുടുംബത്തിലെ മദ്ധ്യകുട്ടിയോ ഇളയ കുട്ടിയോ ആയേക്കാം.

മുസ്ലീം മതത്തിൽ പെട്ട് ജീവിച്ച അച്ഛൻ, മരിച്ചു കഴിഞ്ഞ് പുനര്ജ്ജനിച്ചത് അടുത്തുള്ള ഒരു ഹിന്ദു-നായർ കുടുംബത്തിലാണ്, 2009 ജനുവരിയില് സുമാർ 25 വയസ്സുള്ള യുവാവാണ്. ഓംകാരനീതിശാസ്ത്ര കാര്യങ്ങളെ ഈയുള്ളവനെ പഠിപ്പിക്കുന്നതിന്റെ ഭാഗമായും, ഈയുള്ളവനിലൂടെ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന്റെ ഭാഗമായും ഏതാനും പേരുടെ മുജ്ജന്മങ്ങളെ മഹാദേവി അറിയിച്ചതിൽ ഒന്നാണത്. എന്നോട് പ്രത്യേക സ്നേഹ ബഹുമാനങ്ങളുണ്ടായിരുന്ന എന്റെ സുഹൃത്തിന്റെ. പിതാവ് മരിച്ച്, പുനര്ജ്ജനിച്ചത് സുഹൃത്തിന്റെ തന്നെ മകളായാണ്. ജവഹർലാലിനെ (നെഹ്രു) അറബിയായി അബുദാബിയിൽ കണ്ടു. ഈഴവരുടെ നേതാവായിട്ട് ഈഴവരും മറ്റുള്ളവരും അധഃപതിപ്പിച്ച നാരായണഗുരു കേരളത്തിലെ ഒരു മുസ്ലീം മദ്ധ്യവയസ്കനാണ്. ഹിന്ദു-നായർ നേതാവായിരുന്ന മന്നം, ലിബിയ എന്ന ആഫ്രിക്കന് രാജ്യത്ത് ഒരു മുസ്ലീമിന്റെ വെപ്പാട്ടി പോലെ ജീവിച്ചിരുന്നു (അടുത്ത കാലത്ത് മരിച്ചു; പുതിയ അവസ്ഥ തൽക്കാലം അറിയില്ല).

ഇഎംഎസ്, കാറൽ മാർക്സിന്റെ പുനര്ജ്ജനനമായിരുന്നു. മാർക്സിന്റെ സഹകാരിയായ ഏംഗല്സ്, ഇതാ കേരളത്തിൽ ബഹുഭാര്യത്വത്തെയും, ദയാവധത്തെയും, ക്രൈസ്തവ സഭകളുടെ സമ്പത്തിനെയുമൊക്കെ നിയമത്തിലൂടെ നിയന്ത്രിക്കാനാവുമെന്നു കരുതിക്കൊണ്ട് വയസ്സുകാലത്തും തനിക്കാവുമ്പോലെയെല്ലാം ഊറ്റം കാട്ടിയിരിക്കുന്നു. എന്തുകൊണ്ട് ദയാവധം അനുവദിക്കാം എന്നതിനെ ശാസ്ത്രീയമായി വിശദീകരിക്കാൻ അദ്ദേഹത്തിനും അദ്ദേഹത്തിനു ജയ് വിളിക്കുന്നവര്ക്കും കഴിഞ്ഞിട്ടില്ല. (വി.ആർ.കൃഷ്ണയ്യരായ പുനർജ്ജനിച്ച എംഗൽസ് അടുത്ത കാലത്ത് മരിച്ചു.). ദയാവധത്തെ ദൈവം അനുവദിക്കുന്നുണ്ട് എന്നതിനെ ധര്മ്മ ശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം എന്ന മഹാവേദ ഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ ഈയുള്ളവൻ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മുൻ സൃഷ്ടിചക്രങ്ങളിൽ വിഘ്നേശ്വര-പദവി വഹിച്ച ഏതാനും പേർ സമാന ശരീരികളായ ബുദ്ധിജീവികളും ഇടതുപക്ഷ നേതാക്കളും സമുദായ നേതാവുമൊക്കെയായി കേരളത്തിൽ തന്നെയുണ്ട്. തല്ക്കാലം അവരുടെ പേര് വെളിപ്പെടുത്തുന്നില്ല. മുജ്ജന്മങ്ങളെ സംബന്ധിച്ച വലിയ വെളിപ്പെടുത്തലുകൾ ഗ്രന്ഥത്തിൽ വേറെയുമുണ്ട്. പുനര്ജ്ജനിച്ചു ജീവിക്കുന്നവരായ വല്ലഭായ് പട്ടേലിനെയും, ആദിശങ്കരനെയും, പലപ്പോഴും കാണുന്നുവെങ്കിൽ ബുദ്ധന്റെ ശിഷ്യനായ ആനന്ദനെയും, ലെനിനെയും ഈയുള്ളവൻ മിക്കപ്പോഴും കാണുന്നു. പുനര്ജ്ജന്മ-കാര്യങ്ങളെ ശാസ്ത്രീയമായി തെളിയിക്കാന്, ഈ ഗ്രന്ഥത്തിലെ ശാസ്ത്രീയത മാത്രം മനസ്സിലാക്കിയാൽ മതിയാകും. മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ വിശദീകരിച്ചിട്ടുമുണ്ട്.

വൈകാതെ മായ പ്രത്യക്ഷമാകും എന്നിരിക്കെ, നാക്കിട്ടടിച്ച് യാതൊരാളും വെറുതെ പാപം വര്ദ്ധിപ്പിക്കേണ്ട.

ഒരു നീണ്ട മുഖവുര കൊടുത്തത് മാനുഷിക ബന്ധങ്ങളെ ശരിയായി മനസ്സിലാക്കാൻ മുതിർന്നവർ ശ്രമിക്കേണ്ടുന്നതിന്നാണ്. ആനന്ദം, പരമാനന്ദം, മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായം പഠിക്കുമ്പോള്, കുട്ടികളുടെ സൃഷ്ടിയില് മാതാപിതാക്കള്ക്ക് യാതൊരു പങ്കുമില്ലെന്ന് സുവ്യക്തമാകുന്നതാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളായവരെ പരിചരിക്കാൻ ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായവര്ക്ക് അവസരം കിട്ടുമ്പോള്, പരിചരിക്കേണ്ടത് ധര്മ്മശാസ്ത്രപരമായിട്ടാവണം. തങ്ങള്ക്കു തോന്നിയതുപോലെ പരിചരിച്ചാൽ, അത് കുഞ്ഞുങ്ങളുടെ മഹാസ്രഷ്ടാവും മഹാരക്ഷകയും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തോടു കാട്ടുന്ന അക്രമം ആയി ഭവിക്കുന്നതാണ്. അനേകർ അത്തരം അക്രമം കാട്ടുന്നു; പാപങ്ങളും ദൈവ ശിക്ഷകളും പിടിച്ചു വാങ്ങുന്നുണ്ട്. അതിന് മാറ്റമുണ്ടാവണം.

വിദ്യ തന്നെ മഹാധനം എന്നും, വിദ്യ കൊടുക്കുന്തോറും ഏറിടുന്നതാണ് എന്നും പറയുമ്പോൾ, മാതാപിതാക്കളും അദ്ധ്യാപകരും സമൂഹവും ഇന്നു കൊടുക്കുന്ന (**അ**)വിദ്യകളെല്ലാം ചേര്ന്ന് ഭീകരവാദങ്ങളെ വര്ദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ് ! **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായും മനുഷ്യരുടെ ജീവിതാനന്ദത്തിനായും ദൈവം ആവിഷ്ക്കരിച്ചതായ മഹാശാസ്ത്രം മാത്രമാണ് വിദ്യ, അതു മാത്രമാണ് മഹാധനം. വസ്തുക്കളിലെ ശക്തികളുടെ പ്രവര്ത്തനത്തെ നിശ്ചയിക്കുന്ന ശാസ്ത്രപാഠങ്ങളെയാണ് വിദ്യ കൊണ്ട് അർത്ഥമാക്കുന്നത്.**

ശാസ്ത്ര പാഠങ്ങൾ പഠിക്കുമ്പോൾ, തങ്ങളുടെ ജീവിതത്തിന് ആവശ്യമായ ധനവും ആനന്ദങ്ങളും അദ്ധ്വാനിച്ചു നേടുവാൻ കുട്ടികൾക്കു കഴിയുന്നു. വിദ്യ കൂടുതൽ ലഭിക്കുന്തോറും, കൊടുക്കുന്തോറും ശാസ്ത്രസൗകര്യങ്ങളും ആനന്ദകാര്യങ്ങളും സമാധാനവും ജീവിതത്തിൽ ഏറുന്നതാണ്.

കുട്ടികള്ക്കും മറ്റുള്ളവര്ക്കും വിദ്യ കൊടുത്ത് സഹായിക്കുക എന്നതിനപ്പുറം ധനം കൊടുത്തു സഹായിക്കുക എന്നത് മാതാപിതാക്കള് ഉള്പ്പെടെയുള്ള വ്യക്തിയുടെ ഉത്തരവാദിത്തമല്ല.

കുട്ടികളെ സ്വയം അദ്ധ്വാനിച്ച് ധനം നേടിക്കൊണ്ട്, ആത്മസംതൃപ്തിയോടെയും ഊര്ജ്ജസ്വലതയോടെയും ജീവിക്കാൻ അനുവദിക്കുക. അവരെ ദ്രോഹിക്കാതിരിക്കുക. ദൈവം അവര്ക്കായി ഒരുക്കിയിരിക്കുന്ന പദ്ധതികള്ക്ക് തടസ്സം ഉണ്ടാക്കാതിരിക്കുക. മാതാപിതാക്കാളും മറ്റും തടസ്സമുണ്ടാക്കുമ്പോള് ഓംകാരനീതിശാസ്ത്ര പ്രകാരം മറുജന്മങ്ങളില് അവര്ക്ക് വിപരീത പരിതസ്ഥിതികളെ ദൈവം നല്കുമ്പോള്, അവരെ ദ്രോഹിക്കുന്നത് മാതാപിതാക്കളാണ്, അശ്രദ്ധയും അമിതവാത്സല്യവുമാണ്. വ്യക്തിയുടെ സ്വഭാവങ്ങളും ജീവിത പ്രവര്ത്തനങ്ങളും മോശമാവാൻ മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും മറ്റും നടപടികൾ കാരണമായാൽ, കാരണക്കാരായ മാതാപിതാക്കളെ ദൈവം ശിക്ഷിക്കുന്നതാണ്.

ഞങ്ങൾ അതു ചെയ്തു, ഇതു ചെയ്തു, എന്നിട്ടും കുട്ടികൾ ഉത്തരവാദിത്തം ഇല്ലാത്തവരായി എന്നു പറഞ്ഞ് കുട്ടികളെ ശാസിക്കുകയും, കുട്ടികൾ കുറ്റം ചെയ്തതായി മാതാപിതാക്കൾ കണക്കാക്കുകയും ചെയ്യുമ്പോൾ, യഥാർത്ഥത്തിൽ അതു ചെയ്തും ഇതു ചെയ്തും കുട്ടികളെ മോശപ്പെടുത്തിയതും മോശപ്പെടുത്തുന്നതും മാതാപിതാക്കളും ബന്ധുജനങ്ങളും സമൂഹവുമാണ്.

ഭിക്ഷക്കാർ നാട്ടിലുണ്ടാവുന്നത് നാട്ടുകാര്ക്ക് അപമാനമാണ് എന്നതുപോലെ, ഭിക്ഷക്കാർ വീട്ടിലുണ്ടാവുന്നത് വീട്ടുകാര്ക്കും അപമാനമാണ്. ഇന്നത്തെ മാതാപിതാക്കളിൽ ഏറെയും അമിത വാത്സല്യത്തിലൂടെ, കുട്ടികളെ തങ്ങളുടേതെന്ന് തെറ്റിദ്ധരിക്കുകയും, കുട്ടികളെ ഭിക്ഷക്കാരാക്കുകയുമാണു ചെയ്യുന്നത്.

തനിക്ക് ദൈവം നല്കിയ ബഹു-വൈവിധ്യ കാര്യങ്ങളുടെ ഇടയിലും കുട്ടികളോട് പെരുമാറേണ്ടത് എങ്ങനെയെന്ന് ബോദ്ധ്യപ്പെടുത്തിയ ഒരു ഭൂമ്യൻ, ഭൂമിയിൽ ജീവിച്ചിരുന്നത് അടുത്ത കാലത്താണ്. എം.കെ.ഗാന്ധി. അദ്ദേഹം തന്റെ കുട്ടികളെ പ്രധാനമന്ത്രിയാക്കാനും പ്രസിഡന്റാക്കാനും നടന്നില്ല. ദക്ഷിണാഫ്രിക്കയിൽ വച്ച് കുട്ടികളെ ധര്മ്മശാസ്ത്രപരമായി വിദ്യാഭ്യാസം ചെയ്യിക്കാൻ ആ പിതാവ് പാടുപെട്ടത് ചില്ലറയല്ല. മാതാവായ കസ്തൂര്ബയും അതേപോലെയോ അതിലേറെയോ ചെയ്തു. ഗാന്ധിയുടെ മക്കളായി അറിയപ്പെട്ടവർ ഭരണകൂടത്തിന്റെ സാരഥികളായി മാറിയിരുന്നുവെങ്കിൽ, ഗാന്ധിയുടെ പേരിന് ദോഷം കൂടി ഭവിക്കുമായിരുന്നു; അതേ സമയം തനിക്ക് പേരുദോഷം ഉണ്ടാവാതിരിക്കാൻ അദ്ദേഹം മനപ്പൂർവ്വം പ്രവർത്തിച്ചതുമല്ല.

ഗാന്ധിജിയെ പ്രത്യേക ചുമതലകളോടെ ഭൂമിയിലേക്കയച്ച ദൈവം, അദ്ദേഹവും യാതൊരാളുമറിയാതെ അദ്ദേഹത്തെ നിയന്ത്രിച്ചു പോന്നു, ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിന്റെ മഹത്വം തിരിച്ചറിയുവാനും ദൈവീകമായി ജീവിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ഗാന്ധിയെപ്പോലെയും കസ്തൂര്ബയെപ്പോലെയും മാതൃകകളായി ജീവിക്കുവാൻ സമൂഹത്തിലെ ഓരോ മാതാപിതാക്കള്ക്കും കഴിയണം. കസ്തൂര്ബയെയും, ഗാന്ധിയെയും ഉദാഹരണത്തിലൂടെ ചൂണ്ടിക്കാട്ടുവാൻ ഈയുള്ളവനു കഴിഞ്ഞത് അവർ അന്ന് ഉന്നതമൂല്യങ്ങളോടെ ജീവിച്ചതുകൊണ്ടാണ്, വ്യക്തിസ്വാതന്ത്ര്യത്തെയും, സൃഷ്ടിപരമായ വിധിയെയും സ്ഥിതിപരമായ വിധിയെയും അടിസ്ഥാനമാക്കി ദൈവം അങ്ങനെ ജീവിപ്പിച്ചതുകൊണ്ടാണ്. ദൈവത്തിന്റെ മഹാ-ആവിഷ്ക്കാരമാണതെന്ന് ഈയുള്ളവൻ ഇതെഴുതുമ്പോൾ മാത്രം ഓർക്കുന്നു, അറിയുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

തങ്ങളുടെ കുട്ടികളായി ദൈവം ജനിപ്പിച്ചവരെ ഏറ്റവും ഉത്തമരായി വളര്ത്തുന്ന ഒരു കാര്യത്തിൽ മാതാപിതാക്കള്ക്ക് ദിവസവും തങ്ങളോടു തന്നെ മത്സരിക്കാം. അടുത്ത വീട്ടുകാരെ താരതമ്യം ചെയ്ത് മത്സരിക്കരുത്. മാതാവിന്റെയും പിതാവിന്റെയും ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണെന്ന് ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. കുട്ടികൾ ഉത്തമരാവുമ്പോൾ, തങ്ങൾക്കും സമൂഹത്തിനും അവരെല്ലാം പ്രിയപ്പെട്ടവരായി മാറുന്നു. അതാണ് ദൈവം ഇഷ്ടപ്പെടുന്നത്.

കുട്ടികളിൽ സ്വാശ്രയ ശീലം വളര്ത്തുന്നതിനു പകരം പണം കൊടുത്തും സുഖവസ്തുക്കളെ കൊടുത്തും അവരെ മോശപ്പെടുത്തുമ്പോൾ, സമൂഹത്തിൽ വൃദ്ധഭവനങ്ങൾ ആവശ്യമായി വരുന്നു. കൂടുതൽ കൂടുതൽ വൃദ്ധഭവനങ്ങൾ ആവശ്യമായി വരുന്നു. അടിസ്ഥാനപരമായി, തെറ്റു ചെയ്തത് കുട്ടികളുമല്ല .!

കുട്ടികളിൽ മത ചിന്തകളും രാഷ്ട്രീയ ചിന്തകളുമൊക്കെ ചെലുത്തി പാപം വര്ദ്ധിപ്പിച്ചതിൽ മാതാപിതാക്കളേക്കാള് പാപം ചെയ്തത് മതനേതൃത്വങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളുമാണ്. ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ വിസ്തരിച്ചിരുന്നു. വൈകാതെ മായ പ്രത്യക്ഷമാകും എന്നിരിക്കെ അത്തരം കാര്യങ്ങളില് പുതിയ കുണ്ഠിതങ്ങള് വേണ്ടതില്ല.

ധര്മ്മശാസ്ത്രവിരുദ്ധമായി കുട്ടികളെ മാതാപിതാക്കള് വളര്ത്തുന്നതിനെ തടയാന് കൂടിയുള്ളതാണ് ദൈവീകമായ ഗുരുകുല സമ്പ്രദായം. ആൺകുട്ടികളെ ഗുരുകുലത്തിൽ അയച്ച് അവിടെ കൃഷിചെയ്തും തൊഴിലുകൾ ചെയ്തും പരിശീലിക്കുകയും കൂട്ടത്തിൽ ശാസ്ത്രപാഠങ്ങൾ പഠിക്കുകയും ചെയ്യുന്ന രീതിയാണത്. **ബാല വേലയല്ല അത്. ബാലന്മാരെ വേലകൾ/തൊഴിൽ പഠിപ്പിച്ച് ഏറ്റവും യോഗ്യരാക്കുന്ന മഹാവേലയാണ്.** സമ്പത്തുകൊണ്ട് കുട്ടികൾ ഉള്പ്പെടെയുള്ള അന്യരെ ദ്രോഹിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യത്തെ, ദൈവം, മാതാപിതാക്കള് ഉള്പ്പെടെയുള്ള എല്ലാവര്ക്കും നല്കിയിട്ടുണ്ട്. മാതാപിതാക്കള് ഉള്പ്പെടെ ഏതൊരാളും ധര്മ്മശാസ്ത്രപരമായി മാത്രം സമ്പത്ത് ഉപയോഗിക്കേണ്ടതുണ്ട്, എന്തെന്നാൽ നിങ്ങളുടേതെന്ന് ധരിച്ച് നിങ്ങളുടെ പക്കല് സൂക്ഷിച്ചിട്ടുള്ള സമ്പത്തിന്റെ യഥാര്ത്ഥ അവകാശി ദൈവമാണ്. ഈ അദ്ധ്യായത്തിലെ (8) -ാം വിഭാഗത്തിൽ വിസ്തരിച്ചിട്ടുണ്ട്. ദൈവത്തിന്റെ സമ്പത്ത്, യാതൊരാള്ക്കും തങ്ങള്ക്കു തോന്നിയതുപോലെ ചിലവഴിക്കാനുള്ളതല്ല, ധര്മ്മശാസ്ത്രപരമായിട്ടു മാത്രം ചിലവഴിക്കാനുള്ളതാണ്.

ധര്മ്മശാസ്ത്ര വിരുദ്ധമായി ദൈവത്തിന്റെ കുഞ്ഞുങ്ങളെ വളര്ത്തുന്നവരെ ദൈവം ശിക്ഷിക്കുന്നതാണ്. മുമ്പ് വ്യക്തികളുടെ പുനര്ജ്ജന്മങ്ങളെപ്പറ്റി വിസ്തരിക്കുകയുണ്ടായി. കുട്ടികളെ വളര്ത്തുന്ന മാതാപിതാക്കള്ക്ക് മരിക്കാതിരിക്കാനുള്ള വഴികള് അറിയില്ലാ എന്നിരിക്കെയും, (ശരീരം) മരിക്കുമെന്നത് മനുഷ്യശരീരം സ്വീകരിക്കുന്ന പരമശിവനും, മഹാശക്തിയായ മഹാദേവിക്കും കൂടി ബാധകമാണെന്നിരിക്കെ, മാതാപിതാക്കൾ ജാഗരൂകരാവണം. മോക്ഷം എന്ന അദ്ധ്യായം ഒരാവര്ത്തി കൂടി വായിക്കുന്നതു നല്ലതാണ്. ധര്മ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന മാതാപിതാക്കളെയും ഏതൊരാളെയും മഹാനീതിപതിയായ ദൈവം വെറുതെ വിടില്ല. മഹാ-പുനര്ജ്ജന്മസിദ്ധാന്തം പ്രകാരം ലഘുവോ മധ്യമമോ കടുത്തതോ ആയ വിപരീത പരിസ്ഥിതികളിൽ പുനര്ജ്ജനിക്കേണ്ടി വരുന്നതാണ്. നമുക്കു നാമേ പണിവതു നാകം, നരകവും അതുപോലെ എന്ന വരികൾ സത്യമാകുന്നതാണ്.

ആവര്ത്തിക്കുന്നു.... എത്ര കടുത്ത പാപിയും മണ്ണും ഭൂമിയും മഹാദേവിയുമായ ദൈവത്തിനു സ്വന്തം കുഞ്ഞാണ്.

മഹാനീതിയായ മഹാദേവി, പരമശിവനിലൂടെ ശിക്ഷകൾ നല്കിയും പാപികളെ തിരുത്തുന്നതാണ്. മഹാവാത്സല്യവും മഹാമാതാവുമായ മഹാദേവി കുഞ്ഞുങ്ങളെ വാരിപ്പുണരുന്നതുമാണ്. മഹാനീതിയായ മഹാദേവി, ശിക്ഷിച്ചതിനു ശേഷവും, പാപം ചെയ്ത വ്യക്തികൾ ശിക്ഷകളെ അനുഭവിച്ച് യോഗ്യരായ ശേഷവും മാത്രമാണ് മഹാമാതാവായ മഹാദേവി മഹാവാത്സല്യം നല്കുന്നത് എന്നതറിയണം...

(11) മറ്റുള്ള ജീവികൾ സമ്പത്തിൽ ശ്രദ്ധിക്കുന്നില്ല,

(12) മറ്റുള്ള ജീവികൾ അവയുടെ കുട്ടികൾ മുതരുമ്പോള് അവയ്ക്ക് ഉപയോഗിക്കാനായി സമ്പത്ത് ചേര്ക്കുന്നില്ല,

ഭൂമിയില് മനുഷ്യര് കൂടാതെ വേറെയും ജീവികളുണ്ട്. മനുഷ്യര് വളര്ത്തുന്ന ജീവികള്ക്ക് ശാസ്ത്രവികസനത്തിലൂടെ മനുഷ്യന് ലഭ്യമാവുന്ന സുഖങ്ങളുടെയും ദുഃഖങ്ങളുടെയും ഒരു പങ്ക് ലഭിക്കുന്നുണ്ടെങ്കിലും മറ്റ് ഭൂരിപക്ഷം ജീവികള്ക്കും അത് ലഭിക്കുന്നില്ല. മനുഷ്യര് വളര്ത്തുന്നവയ്ക്ക് മനുഷ്യരില് നിന്നും കിട്ടുന്ന പീഢനങ്ങളെപ്പറ്റി ചിന്തിക്കുമ്പോള്, മറ്റുള്ള ജീവികൾ ഭാഗ്യവാന്മാർ എന്ന് സുവ്യക്തമാണ്. അപൂര്വ്വം ചിലവ ഭാഗ്യപ്പട്ടികയിലുണ്ട് എന്നതു വിസ്മരിക്കുന്നില്ല.

ദൈവം, മഹാനീതിശാസ്ത്രം പ്രകാരം എല്ലാ ജീവികള്ക്കും സമനീതി നല്കുന്നുണ്ട്. ദൈവനിന്ദയെപ്പറ്റിയും തൊഴിലുകളെപ്പറ്റിയും, ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും വിവരിക്കുന്ന അദ്ധ്യായങ്ങളില് മറ്റുള്ള ജീവികളെപ്പറ്റിയും, അവയ്ക്ക് ദൈവം, മഹാ-സമനീതി നല്കുന്നത് എങ്ങനെയാണെന്നും വിശദീകരിച്ചിരുന്നു.

ഇനി വിഷയത്തിലേക്കു കടക്കാം.

മനുഷ്യർ ഒഴികെയുള്ള യാതൊരു ജീവിയും ഭൂമി, കെട്ടിടം, സ്വര്ണ്ണം, ഫര്ണിച്ചര്, വാഹനങ്ങള്, തുടങ്ങിയ മാനുഷിക സമ്പത്തുകളെ ശേഖരിക്കുന്നില്ല. ജനിക്കുന്നു, ജീവിക്കുന്നു എന്നല്ലാതെ സമ്പത്ത് അവയുടെ വിഷയമല്ല. അവയിലെ മാതാപിതാക്കള്ക്കും വിഷയമല്ല, അവയുടെ കുട്ടികള്ക്ക് വിഷയമല്ല, മാതാപിതാക്കള് കുട്ടികള്ക്കുവേണ്ടി സമ്പത്തുകളെ ശേഖരിക്കുന്നുമില്ല, കൊടുക്കുന്നുമില്ല.

തീർച്ചയായും മറ്റുള്ള ജീവികളും ഭക്ഷണം, പാർപ്പിടം, ഇണ, കാമാനന്ദം, കുട്ടികൾ, വാത്സല്യം, പരിമിത-മറ്റ് ആനന്ദങ്ങൾ തുടങ്ങിയ സമ്പത്തുകളിൽ ശ്രദ്ധിക്കുന്നുണ്ട്. മാനുഷികമായ രീതികൾക്ക് സമാനമായ സമ്പത്തുകളല്ല അവ. മനുഷ്യർ ഏർപ്പെടുത്തുന്ന കൊള്ളകളും ഇല്ല. കൂടുതൽ വിസ്തരിക്കുന്നില്ല.

(13) ഭൂമിയും മഹാപ്രപഞ്ചവും മനുഷ്യരും മറ്റുള്ള ജീവികളും ദൈവത്തിന്റെ സമ്പത്താണ്.

ദൈവം സൃഷ്ടിച്ചിട്ടുള്ളവയാണ് മനുഷ്യരും മറ്റുള്ള ജീവികളും ഭൂമിയും ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം എന്നതുകൊണ്ട്, സര്വ്വവും ദൈവത്തിന്റെ സമ്പത്താകുന്നു.

ദൈവത്തിന്റെ ഇഷ്ടമനുസരിച്ചു മാത്രമേ ഏതൊരാള്ക്കും ദൈവത്തിന്റെ സമ്പത്ത് ഉപയോഗിക്കുവാന് അവകാശമുള്ളൂ. ദൈവം പ്രത്യക്ഷമല്ലെന്ന പേരില് ദൈവത്തിന്റെ സമ്പത്തിനെ ദുരുപയോഗം ചെയ്യാന് യാതൊരാള്ക്കും അവകാശമോ അധികാരമോ ഇല്ല. ദൈവത്തിന്റെ ഇഷ്ടത്തെ ധര്മ്മശാസ്ത്രം എന്ന പേരില് മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളിലും വസ്തുക്കളിലും പ്രത്യക്ഷമായും പ്രകടമായും മഹാലളിതമായും മഹാശക്തിയായ ദൈവം മഹാസ്ഥാപിച്ചിട്ടുണ്ട്. അതായത് ധര്മ്മശാസ്ത്രപ്രകാരം ദൈവത്തിന്റെ സമ്പത്തിനെ ഉപയോഗിക്കുവാന് എല്ലാ കുഞ്ഞുങ്ങളെയും മഹാമാതാവായ ദൈവം മഹാഅനുവദിച്ചിട്ടുണ്ട്, ഏതൊരാള്ക്കും ധര്മ്മശാസ്ത്രപ്രകാരം ദൈവത്തിന്റെ സമ്പത്തിനെ ഉപയോഗിക്കാനുള്ള അവകാശവും അധികാരവും മഹാവാത്സല്യമായ മഹാദേവി മഹാഅനുഗ്രഹിച്ചു നല്കിയിരിക്കുകയാണ്.

(14) സാമ്പത്തിക ശാസ്ത്രം :

ഈ അദ്ധ്യായത്തിലെ മഹാഗൗരവമായ ഭാഗത്തിലേക്ക് കടക്കുകയാണ്.

(14) സാമ്പത്തിക ശാസ്ത്രം : ദൈവം തന്റെ സമ്പത്തിലെ പകുതിയുടെ മേല് അവകാശം ഉന്നയിക്കാന് മനുഷ്യനെ അനുവദിക്കുന്നു. (14.1) ദൈവം തന്റെ സമ്പത്തിലെ ഒരോഹരി കുട്ടികള്ക്കുവേണ്ടി നിക്ഷേപിക്കുന്നു, (14.2) ദമ്പതികളും സമ്പത്തും, (14.3) മഹാ-പുനര്ജ്ജന്മ സിദ്ധാന്തവും സമ്പത്തും, (14.4) മാതാപിതാക്കളുടെ സമ്പത്തില് കുട്ടികള്ക്ക് കുട്ടി-ഓഹരി മാത്രം, (14.5) വില്പ്പത്രങ്ങള് അസാധുവാക്കപ്പെടുന്നു, (14.6) വ്യക്തികളുടെ സമ്പത്തും ഭരണകൂടവും, (14.7) ഭരണകൂടവും പൊതുഖജനാവും, (14.8) സക്കാത്ത്, (14.9) രാഷ്ട്രങ്ങള് തമ്മിലുള്ള കരാര്, എന്നിങ്ങനെ (14) മുതല് (14.9) വരെയുള്ള ഭാഗങ്ങളെ ഒന്നിച്ചാണ് വിശദീകരിക്കുന്നത്.

സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തെ ശുദ്ധി ചെയ്യേണ്ടതാണ്. ധർമ്മ ശാസ്ത്ര പരമായി ജീവിക്കുന്ന വ്യക്തികൾക്ക് ചെയ്യാവുന്നതാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാകരുണ, ദൈവത്തിന്റെ സമ്പത്തില് മനുഷ്യന് അവകാശം നല്കി മഹാഅനുഗ്രഹിക്കുന്നുണ്ട്. അതെങ്ങനെയെന്നു വിശദീകരിക്കാം.

മറ്റുള്ള ജീവികളും ജീവിക്കുന്നു, എന്നാൽ മഹാശക്തിയായ ദൈവം, മനുഷ്യനുമാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം നല്കി മഹാഅനുഗ്രഹിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായാണ് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്ന് മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്, വസ്തുക്കളില് ദൈവം ഉള്ളടക്കംചെയ്തിരിക്കുന്ന ശക്തികളെ പ്രവര്ത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ദൈവം ശാസ്ത്രപാഠങ്ങള് ക്രമാനുഗതം വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവര്ത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖ സൗകര്യങ്ങള് ആസ്വദിക്കുവാനും അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങള് വെളിപ്പെട്ടു കിട്ടാന് ഒരുകൂട്ടം മനുഷ്യര് ശാസ്ത്രജ്ഞന്മാരെന്ന പേരിലും ഗവേഷകര് എന്ന പേരിലും കര്മ്മം അഥവാ തൊഴില് ചെയ്യേണ്ടതുണ്ട്. ശാസ്ത്രപാഠങ്ങള് പ്രകാരം ശാസ്ത്രസൗകര്യങ്ങള് കണ്ടെത്താനും അവയെ ഏതൊരാള്ക്കും പൊതുജനങ്ങള്ക്കും ലഭ്യമാക്കുന്നതിനും വീണ്ടും കര്മ്മം ചെയ്യേണ്ടതുണ്ട്.

മനുഷ്യന്റെ എല്ലാ ജീവിതമേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായി ബന്ധിപ്പിച്ചിരിക്കുകയാല്, എല്ലാ മേഖലകളിലും ശാസ്ത്രസാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തങ്ങളോളമുള്ള വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖസൗകര്യങ്ങള് ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കര്മ്മം ചെയ്യിച്ചുകൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

ഒന്നുകൂടി വിശദമാക്കിയാല്, ശാസ്ത്രപാഠങ്ങളും ശാസ്ത്രസൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യര്ക്കു നല്കുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവര് അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവര് അറിയാതെ പോകുന്നു. ദൈവം അദ്ധ്വാനിപ്പിച്ചു എന്നത് സത്യമാണെന്നതുപോലെ, മനുഷ്യര് അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്. മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരമാണത്. മനുഷ്യര്ക്ക് ഭൂമിയിലെ വസ്തുക്കളില് അവകാശം ഉന്നയിക്കാനുള്ള അധികാരം ദൈവം തന്നെ മനുഷ്യര്ക്ക് നല്കുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാല്, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ച് ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാ-ആവിഷ്ക്കാരമാണത്.

ഇനിയുള്ളത്, ദൈവം തന്റെ സമ്പത്തിൽ എത്രമാത്രം അവകാശമാണ് മനുഷ്യര്ക്കു നല്കുന്നത് എന്നതാണ്. മഹാശക്തിയായ, മഹാമാതാവായ, മഹാനീതിപതിയായ മഹാദേവി ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങള്ക്കുമായി നല്കിയ സമ്പത്ത് സമമായി വീതിച്ച് ആനന്ദിക്കുവാന് കുഞ്ഞുങ്ങള് ശ്രദ്ധിക്കാത്തതിന്റെ പേരിലാണ്, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യം കാരണവും, മഹാനീതി കാരണവും മഹാദേവി കണക്കുകള് നല്കുന്നത്. കുഞ്ഞുങ്ങള് യോഗ്യരാണെങ്കില് ചുവടെയുള്ള കണക്കുകള് ആവശ്യമാകുമായിരുന്നില്ല എന്ന മുഖവുരയോടെ കണക്കുകള് ആരംഭിക്കുന്നു :

മഹാശാസ്ത്രത്തെ സൃഷ്ടിച്ചിട്ടുള്ളത് ദൈവം. മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് ദൈവം. അതായത് മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് ദൈവം. മഹാശാസ്ത്ര പ്രകാരം, മഹാപ്രപഞ്ചവസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശക്തികളെ പ്രവര്ത്തിപ്പിക്കാനുള്ള മഹാപദ്ധതി തയ്യാറാക്കിയിട്ടുള്ളത് ദൈവം. മനുഷ്യര്ക്ക് എന്തും ഏതും ചെയ്യാനുള്ള ശക്തി നല്കുന്നത് ദൈവം.

മഹാശാസ്ത്ര നിയമങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം കാലാകാലങ്ങളില് മനുഷ്യര്ക്കു തുറന്നു കൊടുക്കുവാന് മഹാപദ്ധതി മഹാ-രചിച്ചിട്ടുള്ളത് ദൈവം, മഹാശാസ്ത്ര നിയമങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം കാലാകാലങ്ങളിൽ മനുഷ്യര്ക്കു തുറന്നു കൊടുക്കുന്നത് അഥവാ വെളിപ്പെടുത്തുന്നത് ദൈവം, മഹാശാസ്ത്രപാഠങ്ങളെയും വസ്തുക്കളിലെ ശക്തികളെയും ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനെ കൊണ്ട് മഹാനിയന്ത്രിക്കുന്നത് ദൈവം,

മനുഷ്യരുടെ പ്രവര്ത്തനങ്ങളില് വലിയ അപകടങ്ങളുണ്ടാകാതെ പരിരക്ഷിക്കുന്നത് ദൈവം, മഹാശാസ്ത്രം പ്രകാരം എന്തെല്ലാം സുഖസൗകര്യങ്ങള് സാദ്ധ്യമാകുമെന്ന് യുക്തിശാസ്ത്രത്തിലൂടെ മനുഷ്യരെ ചിന്തിപ്പിക്കുന്നത് ദൈവം, മഹാശാസ്ത്രം പ്രകാരം സുഖസൗകര്യങ്ങള് സൃഷ്ടിക്കുവാന് മനുഷ്യരെ സഹായിക്കുന്നത് ദൈവം, മനുഷ്യന്റെ എല്ലാ അദ്ധ്വാനങ്ങളുടെയും മേല്നോട്ടം അഥവാ മഹാഭരണം നടത്തുന്നത് ദൈവം, വെളിവായിക്കിട്ടുന്ന സുഖസൗകര്യങ്ങളെ ഭൂമിയിലുള്ള ദൈവത്തിന്റെ എല്ലാ മക്കള്ക്കും സമമായി വീതിക്കുന്നതില് മനുഷ്യഭരണകൂടങ്ങള്ക്കു കഴിവില്ലാത്തതുകൊണ്ട് ഓംകാരനീതിശാസ്ത്രത്തിന്റെ മുഖ്യഘടകമായ മഹാ പുനര്ജ്ജന്മസിദ്ധാന്തത്തിലൂടെ മഹാനീതി നിർവ്വഹിക്കുന്നത് ദൈവം.

..... മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം അഥവാ മഹാദേവി മഹാ-നിര്വ്വഹിക്കുന്ന മേല്പടി മഹാകാര്യങ്ങളെപ്പറ്റി എത്ര മനുഷ്യര്ക്ക് ചിന്തിക്കാന് കഴിഞ്ഞിട്ടുണ്ട് എന്നും എത്രത്തോളം ചിന്തിച്ചിട്ടുണ്ടെന്നും സത്യസന്ധമായി അല്പനേരം വിലയിരുത്തുക. മഹാമാതാവായ മഹാദേവി മേല് കൊടുത്ത മഹാകാര്യങ്ങളെല്ലാം ചെയ്തിട്ട് അതിന്റെ ഉല്പന്നങ്ങളായ സുഖസൗകര്യങ്ങളെ മുഴുവന് മനുഷ്യര്ക്കു കൊടുക്കുന്നു. മഹാദേവിക്ക് യാതൊന്നും വേണ്ട.

മേല്പടി ഉല്പന്നങ്ങളുടെ സൃഷ്ടിയില് മനുഷ്യരുടെ പങ്കെന്താണ്. ദൈവം മനുഷ്യര്ക്കു നല്കിയ ശക്തികളും ബുദ്ധിയും ഉപയോഗിച്ചു. അഥവാ അദ്ധ്വാനിച്ചു. അത്രമാത്രം.

എല്ലാ ഫലങ്ങളും മനുഷ്യനു മാത്രം. ഇതു നീതിയാണോ ? മാനുഷിക കാഴ്ചപ്പാടില് അല്ലേയല്ല. എന്നാല് ദൈവം സര്വ്വവും സൃഷ്ടിച്ചിട്ടുള്ളത് കുഞ്ഞുങ്ങള്ക്കുവേണ്ടിയാണ് എന്നിരിക്കെ പിന്നെന്തു പറയാൻ ? അല്ലാ, പറയാനുണ്ട്. എല്ലാ കുഞ്ഞുങ്ങള്ക്കുമായി സൃഷ്ടിച്ചത് എല്ലാ കുഞ്ഞുങ്ങള്ക്കും കിട്ടണ്ടേ ?

അതായത് മഹാനീതി വിഷയമാകുന്നു. ഭൂമിയിലുള്ള എല്ലാ മനുഷ്യരും മഹാമാതാവായ മഹാദേവിയുടെ കുഞ്ഞുങ്ങളാണ്. ഒരു മനുഷ്യമാതാവിന് തന്റെ എല്ലാ കുഞ്ഞുങ്ങളും സുഖമായിരിക്കുന്നതാണ് സന്തോഷം, 10 കുട്ടികളുള്ള മാതാവിന്റെ 2-3 കുട്ടികള് സുഖസമൃദ്ധിയില് കഴിയുകയും, ബാക്കിയുള്ള കുട്ടികള് കൊടുംദാരിദ്ര്യത്തിലോ ദാരിദ്ര്യത്തിലോ കഴിയുകയും വിഷമങ്ങള് അനുഭവിക്കുകയും,

സുഖസമൃദ്ധിയിൽ കഴിയുന്നവര് ദാരിദ്ര്യത്തിലും വിഷമങ്ങളിലും കഴിയുന്ന സഹോദരങ്ങളെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്താല് മനുഷ്യമാതാവിന് ഒട്ടും സന്തോഷിക്കാനാവില്ല. വളരെയധികം ദുഃഖിക്കുകയും ചെയ്യുന്നതാണ്.

മനുഷ്യമാതാവ് നിസ്സഹായ ആയിരിക്കാം, മഹാശക്തിയായ മഹാമാതാവ് അങ്ങനെയല്ല. എല്ലാ കുഞ്ഞുങ്ങള്ക്കും സമമായി സുഖസൗകര്യങ്ങള് ലഭ്യമാക്കാന് മാനുഷിക ഭരണകൂടങ്ങള്ക്കു കഴിഞ്ഞില്ലെങ്കില്, മഹാനീതിശാസ്ത്രത്തിലൂടെ മഹാനീതിപതികൂടിയായ മഹാമാതാവിനു കഴിയുന്നതാണ്. മഹാനീതിശാസ്ത്രം മായ-യുമായി ബന്ധപ്പെട്ടതാണ്, ഗൂഢമാവേണ്ടതുണ്ട്. മാനുഷിക ഭരണകൂടങ്ങള്ക്കു കഴിഞ്ഞില്ലെങ്കില്, എന്നു പറയുമ്പോള്,

എങ്ങനെയാണ് ചെയ്യേണ്ടതെന്ന് അഥവാ എങ്ങനെ ചെയ്താലാണ് എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി ലഭ്യമാക്കാന് കഴിയുകയെന്ന് മഹാമാതാവായ ദൈവം മനുഷ്യര്ക്കു വിശദീകരിക്കേണ്ടതുണ്ട്. ദൈവീകമായ അഥവാ കുറ്റങ്ങളും കുറവുകളുമില്ലാത്തതായ സാമ്പത്തികശാസ്ത്രം മഹാദേവി അവതരിപ്പിക്കേണ്ടതുണ്ട് എന്നാണതിന്നര്ത്ഥം. ദൈവം ക്രൈസ്റ്റിലൂടെ മൂലതത്വം നല്കിയത് ധര്മ്മശാസ്ത്രപരമായി വികസിപ്പിക്കുവാന് ശ്രദ്ധിക്കാഞ്ഞത് മനുഷ്യരാവുമ്പോള്, അപരാധം ചെയ്തത് ദൈവമല്ല, മനുഷ്യര് തന്നെയാണ്.

ദൈവം സ്വന്തം സമ്പത്തിന്റെ പകുതിയിൽ അവകാശം ഉന്നയിക്കാൻ മനുഷ്യനെ മഹാഅനുഗ്രഹിക്കുന്നു.

മഹാനീതിപതിയായ മഹാദേവി, തന്റെ അദ്ധ്വാനത്തിന് പ്രതിഫലം നിശ്ചയിക്കുന്നു. ഏതൊരു ഉല്പന്നത്തിന്റെയും സൃഷ്ടിയില് ദൈവത്തിന്റെ അദ്ധ്വാനം എന്താണെന്നും, മനുഷ്യരുടെ അദ്ധ്വാനം എത്രമാത്രമാണെന്നും മുകളില് വിശദീകരിച്ചുവല്ലോ. ഉല്പന്നങ്ങളുടെ അളവിനെ 100 എന്നു നിശ്ചയിക്കുമ്പോള്, മഹാ-അദ്ധ്വാനം ചെയ്ത ദൈവത്തിന് 99 -ഉം അവകാശപ്പെടാമെങ്കിലും അതു ചെയ്യാതെ, ദൈവത്തിന് 50 ഭാഗമെന്നും, മനുഷ്യന് 50 ഭാഗമെന്നും മഹാ-നിശ്ചയിക്കുന്നു. അതായത് 100 രൂപയുടെ വരുമാനം മനുഷ്യന് ഉണ്ടെങ്കില് 50 രൂപ ദൈവത്തിനുള്ളതാണെന്നു കൂടിയാണ് അര്ത്ഥം. പതിനായിരം കോടി രൂപയുടെ സമ്പത്ത് നേടുന്നയാള്, അയ്യായിരം കോടി രൂപ ദൈവത്തിന് നല്കണമെന്നും ! പുരുഷൻ മാത്രമാണ് അദ്ധ്വാനിച്ച് സമ്പാദിക്കുക. സ്ത്രീ മുഖ്യമായും കുടുംബകാര്യങ്ങളാവും ചെയ്യുക.

ദൈവ നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പുരുഷന് ലഭ്യമാവുന്ന വരുമാനത്തിന്റെ അഥവാ ഉല്പന്നത്തിന്റെ നേര് -പകുതി അവകാശി സ്ത്രീയ്ക്കായി നിശ്ചയിച്ചിരിക്കുന്നു. സ്ത്രീയുടെ ഓഹരി ഉടൻ കൊടുക്കണമെന്ന് അര്ത്ഥമില്ല. സ്ത്രീയെ മൊത്തമുള്ള 50-ഉം ഏല്പിക്കാം എന്ന അര്ത്ഥവുമുണ്ട്.

ഇനി ദൈവത്തിന്റെ 50-നെപ്പറ്റി പറയാം. ദൈവം തന്റെ ഓഹരിയായ 50-ല് 10, കുടുംബത്തിലെ 10 വയസ്സിനു താഴെയുള്ള കുട്ടികളുടെ ചിലവുകള്ക്കായി നിക്ഷേപിക്കുന്നു.

അതായത് കുടുംബത്തിലെ 10 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ചിലവ് മഹാമാതാവായ ദൈവം ഏല്ക്കുന്നു. കുഞ്ഞുങ്ങളുടെ ലിംഗം, നിറം, സൗന്ദര്യം, ശരീര-അവയവങ്ങള്, ആരോഗ്യം, ബുദ്ധിശക്തി, തുടങ്ങിയ എല്ലാ കാര്യങ്ങളെയും മഹാനിശ്ചയിക്കുകയും മഹാസൃഷ്ടിക്കുകയും ചെയ്ത മഹാമാതാവ് കുഞ്ഞുങ്ങളുടെ ചിലവ് വഹിക്കാൻ തയ്യാറാവുമ്പോള്, മനുഷ്യ-മാതാപിതാക്കള്ക്ക് മറുത്തു പറയാൻ അവകാശമില്ല. ചുറ്റുമുള്ള മനുഷ്യരെ സഹായിക്കാനും, സമൂഹത്തിന്റെ പൊതു ആവശ്യങ്ങള് നിറവേറ്റാനും ഉപയോഗിക്കണം എന്ന വ്യവസ്ഥയോടെ, ദൈവത്തിന്റെ ബാക്കി 40-ഭാഗത്തെയും പുരുഷനെത്തന്നെ ഏല്പിക്കുന്നു.

ഇനി, പുരുഷനും സ്ത്രീയ്ക്കും കൂടി അവകാശപ്പെട്ട 50-നെപ്പറ്റി പറയാം. 10 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ചിലവുകള് ദൈവം നോക്കുന്നതായി അറിയിച്ചുവല്ലോ.

10 വയസ്സിനു മുകളിലുള്ള ആണ്കുട്ടികളെ ഗുരുകുലത്തിലയക്കണം. സ്വാശ്രയ ശീലത്തോടെ കൃഷി തുടങ്ങിയവ ചെയ്തും ശാസ്ത്ര പാഠങ്ങള് പഠിച്ചും അവര് ജീവിത കാര്യങ്ങള് നേടണം. അപ്പോള് ആണ്കുട്ടികള്ക്ക് മാതാപിതാക്കള് യാതൊരു സാമ്പത്തികച്ചിലവുകളും ചെയ്യേണ്ടതില്ല എന്നു വരുന്നു. 10 വയസ്സിനു മുകളില് പെണ്കുട്ടികളെ ഗാര്ഹിക-കാര്യങ്ങളില് പരിശീലിപ്പിക്കണം. ധര്മ്മശാസ്ത്രത്തിലെ പാഠങ്ങള് മാതാവു നല്കുന്നതുകൂടാതെ, ദേവാലയത്തില് പെണ്കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരുക്കിയിട്ടുള്ള കേന്ദ്രത്തില്, പ്രായവും പക്വതയുമുള്ള സ്ത്രീകള് പെണ്കുട്ടികളെ ശരീര ശാസ്ത്രം ഉള്പ്പെടെയുള്ള കാര്യങ്ങള് പഠിപ്പിക്കണം.

പെണ്കുട്ടികള് കുടുംബത്തില് അധികമായി ചെയ്യുന്ന ജോലികള്ക്കും, അവള് മാതാവിനും പിതാവിനും നല്കുന്ന വാത്സല്യത്തിനും പകരമായി അവളുടെ വിവാഹ വേളയില് മാതാവിന്റെ ഓഹരിയില് പകുതി അവള്ക്കു നല്കണം. പെൺകുട്ടികൾ ഒന്നിലധികമുള്ളപ്പോൾ വീതിച്ചു നല്കണം. ദാരിദ്ര്യ അവസ്ഥയുണ്ടെങ്കില് ഉമ്മ/വാത്സല്യ-ചുംബനം മാത്രം നല്കണം. ഈ ഖണ്ഡികയിലെ കണക്കില് തെറ്റുണ്ടോ എന്നു പരിശോധിക്കുക.

കുടുംബച്ചിലവുകളുടെ കണക്കുകള് സൂക്ഷിക്കേണ്ടത് ഭാര്യയും ഭര്ത്താവും ചേര്ന്നാവണം. പുരുഷന് തന്റെ സ്വകാര്യ ആനന്ദങ്ങള് വേണമെന്ന് തോന്നിയാല്, ഉദാഹരണത്തിന് കാർ വാങ്ങുക, തീര്ത്ഥയാത്ര തുടങ്ങിയവയ്ക്ക് ധനം കണ്ടെത്തേണ്ടത് മുമ്പറഞ്ഞ 50-ല് വീട്ടുചിലവുകള്ക്ക് ഉപയോഗിച്ചതിന്റെ ബാക്കി കൊണ്ടാവണം.

ദൈവത്തിന്റെ ഓഹരിയായ 50-ല് കുട്ടികള്ക്കുള്ള 10 കഴിച്ചുള്ള 40 പുരുഷനും സ്ത്രീയും തങ്ങള്ക്കു തോന്നിയതുപോലെ ചിലവു ചെയ്താല് ഓംകാരനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകള് തജ്ജന്മത്തിലോ, മഹാപുനര്ജ്ജന്മസിദ്ധാന്ത പ്രകാരം വരും ജന്മങ്ങളിലോ മഹാനീതിപതിയായ മഹാദേവി നല്കുന്നതാണ്. സമൂഹത്തിലെ പൊതു ആവശ്യങ്ങള്ക്കായിട്ട് ഭരണകൂടത്തെ ദൈവത്തിന്റെ ഓഹരിയായ 40-ല് പകുതി ഏല്പ്പിക്കാവുന്നതാണ്.

ഗുരുകുലത്തില് വിദ്യാഭ്യാസത്തിനു പോയ കുട്ടി 15 വയസ്സുവരെ മാത്രമാണ് അവിടെ പഠിക്കുക. അതിന്റെ അര്ത്ഥം 10 വയസ്സിനു മുമ്പുള്ള പ്രായത്തില്, കുടുംബത്തിലുള്ള മാതാവും മുത്തച്ഛനും മുത്തശ്ശിയും മറ്റു ബന്ധുജനങ്ങളും കുട്ടികളെ കഥകളിലൂടെയും മറ്റും ധര്മ്മശാസ്ത്ര പാഠങ്ങള് പഠിപ്പിക്കണമെന്നാണ്. ഗുരുകുലത്തില്, ശരിയായ അദ്ധ്യാപകര് കുട്ടികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കിക്കൊണ്ട് കുട്ടികള്ക്ക് തൊഴിൽ പരിശീലനം നല്കുന്നു. 15 വയസ്സിനു ശേഷം 3 മാസക്കാലം ഗുരുവിനും, 3 വര്ഷക്കാലം മാതാപിതാക്കള്ക്കും വേണ്ടി ആൺകുട്ടി സേവനം ചെയ്യണം. അതായത് തൊഴില് ചെയ്തു കിട്ടുന്ന വേതനം അവര്ക്കു നല്കണം. ഗുരു ചെയ്ത സേവനത്തിന് ഗുരുവിന് 3 മാസത്തെ വേതനം, മാതാപിതാക്കള് നല്കിയ പരിചരണത്തിന് 3 വര്ഷക്കാലത്തെ വേതനം. (ഈ ഖണ്ഡികയിലും, ചുവടെയുള്ള ഏതാനും ഖണ്ഡികകളിലുമുള്ള 3 മാസം, 3 വര്ഷം, 15 വയസ്സ്, തുടങ്ങിയ കാലഘട്ടങ്ങളെപ്പറ്റിയുള്ള വെളിപാട് പൂര്ണ്ണമായിട്ടില്ല. പ്രസ്താവിച്ചിട്ടുള്ള കണക്കുകള് ഏകദേശ ധാരണയ്ക്ക് മാത്രം പ്രയോജനപ്പെടുത്തുക.).

15 വയസ്സിനു മുകളില് പഠിക്കണ്ടേ എന്നൊരു ചോദ്യമുണ്ട്. ആവശ്യമുള്ളതെല്ലാം, ആവശ്യമുള്ളതായി തോന്നുന്നതെല്ലാം ജീവിതാവസാനം വരെ പഠിക്കാനും, താൻ ചെയ്യുന്ന ജോലിയെ പുഷ്ടിപ്പെടുത്തുവാൻ കൂടുതല് കൂടുതല് പഠിക്കുവാനുമുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ കുട്ടികള്ക്കുമുണ്ട്. തൊഴിലില് ഏര്പ്പെട്ടുകൊണ്ടു ചെയ്യാവുന്ന കാര്യമാണത്. ദൈവീകമായ വിദ്യാഭ്യാസത്തില് എന്ട്രന്സ് പരീക്ഷകളും മത്സരപരീക്ഷകളും ഇല്ലായെന്നത് കുട്ടികളുടെ ഊര്ജ്ജവും സമയവും പാഴാക്കാതെ സംരക്ഷിക്കുന്നു.

കൂടാതെ കുട്ടികളെ ഊര്ജ്ജസ്വലരാക്കുന്നു. അതായത് ആവശ്യമായ പാഠങ്ങള് മാത്രം പഠിക്കുകയും, പഠിക്കുന്നവ 100 ശതമാനവും മനസ്സിലാക്കി മുന്നോട്ടു പോവുകയുമാണു ചെയ്യുക. 40 മാര്ക്കുകൊണ്ടോ 90 മാര്ക്കുകൊണ്ടോ ജയിക്കുന്നില്ല. ഒരു മാര്ക്കുമില്ലാതെ 100 ശതമാനവും ഉള്ക്കൊണ്ട് ഓരോ പാഠത്തെയും ജയിക്കുകയാണ്. ആയിരം വാക്കുകളുടെ സ്പെല്ലിംഗ് ഉച്ചരിച്ചു പഠിക്കാനായി 10 ദിവസം ചിലവിടുകയും പരീക്ഷയിട്ടപ്പോള് 1000-ല് 10 വാക്കുകള് മാത്രം ശരിയായി എന്ന രീതിയെ തീര്ത്തും മാറ്റിക്കൊണ്ട്, 10 വാക്കുകള് മാത്രം ഒരു ദിവസം പഠിക്കുകയും, പഠിക്കുന്ന 10 വാക്കുകളുടെയും അര്ത്ഥവും സ്പെല്ലിംഗും ഉള്ക്കൊണ്ടു മുന്നോട്ടു പോകുന്നതുമായ രീതിയാണത്. എന്നാല് കുട്ടികളും മുതിര്ന്നവരും വിട്ടുപോകാൻ പാടില്ലാത്ത ഒരു വസ്തുതയുണ്ട്. ജീവിക്കുന്നതിന്റെ ഭാഗമാണ് പഠനം. അഥവാ ജീവിക്കുവാൻ പഠിത്തം വേണമെന്നല്ലാതെ പഠിക്കാനായി ജീവിക്കരുത്. ജീവിക്കുന്നത് പഠിക്കാനല്ല. ആനന്ദിക്കാനാണ്. ആനന്ദം, പരമാനന്ദം, മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

18 വയസ്സിനു ശേഷം, യുവാവായ ആണ്കുട്ടിക്ക് ലഭിക്കുന്ന വേതനം അയാളുടേതാണ്. അയാള്ക്ക് വധുവിനെ കണ്ടെത്താം. മാതാപിതാക്കളുടെയും മറ്റും സഹായം തീര്ച്ചയായും ഉണ്ടാവും. ധര്മ്മശാസ്ത്രപരമായി വിവാഹം ചെയ്യുന്നു. ചടങ്ങുകള് : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്. വിവാഹത്തില് അവര്ക്കു കുട്ടികള് ഉണ്ടാവുമ്പോള്, മഹാനീതിപതിയായ ദൈവം പഴയ കടം പിരിക്കാനെത്തുന്നു. നവദമ്പതികള് അവരുടെ ചെറുപ്പത്തില് കുഞ്ഞുങ്ങളും കുട്ടികളുമായിരിക്കെ ദൈവം അവര്ക്കുവേണ്ടി ചിലവുചെയ്ത 10 ഭാഗം മടക്കി നല്കണം. നവദമ്പതികളുടെ കുഞ്ഞുങ്ങള്ക്കുവേണ്ടി ചിലവഴിച്ചാൽ മതിയാകും. എല്ലാക്കാലത്തും എല്ലാ കുഞ്ഞുങ്ങളുടെയും ചിലവുകളെ അടിസ്ഥാനപരമായി ഏല്ക്കുന്നത് മഹാമാതാവായ മഹാദേവിയാണെന്ന് സാരം.

പുരുഷന്റെ മരണം ആദ്യം സംഭവിക്കുന്നുവെങ്കില് സമ്പത്തു മുഴുവന് സ്ത്രീയ്ക്കും, സ്ത്രീയാണ് ആദ്യം മരിക്കുന്നതെങ്കില് സമ്പത്തു മുഴുവന് പുരുഷനും ഉപയോഗിക്കുന്നു. രണ്ടു പേരുടെയും മരണശേഷം, അവരുടെ കൈവശമുണ്ടായിരുന്നതില് ദൈവത്തിന്റെ സമ്പത്താവും കൂടുതല് എന്നിരിക്കെ, ദൈവത്തിന്റെ സമ്പത്ത് തിരിച്ചെടുത്ത് പൊതു ഖജനാവിലേക്ക് ചേര്ക്കേണ്ടതുണ്ട്. മാതാപിതാക്കളുടെ രണ്ടുപേരുടെയും മരണശേഷം മാത്രമാണ് സമ്പത്ത് വിഭജിക്കേണ്ടത്. (മാതാപിതാക്കളെ ശുശ്രൂഷിക്കുവാന് കുട്ടികള് ധനത്തിന്റെ പേരില് തയ്യാറാവരുത് !). മരണം നടന്ന് 3 മാസങ്ങള്ക്കു ശേഷവും, ഒരു വര്ഷത്തിനകവും സമ്പത്ത് വിഭജിക്കണം. കുട്ടികള് ആഗ്രഹിക്കുന്നുവെങ്കില് 3 മാസത്തിനു മുമ്പും ആകാം.

ഏറ്റവുമടുത്ത ബന്ധുക്കളും പ്രാദേശിക ഭരണാധികാരിയും രാജഗുരുവായ അദ്ധ്യാപകനും ചേര്ന്നാവണം സമ്പത്ത് വിഭജിക്കേണ്ടത്. സമ്പത്ത് മുഴുവൻ അടിസ്ഥാനപരമായി ദൈവത്തിനുള്ളതാണ്. ദൈവത്തിന്റെ സമ്പത്ത് പൊതുകാര്യങ്ങള്ക്ക് ചിലവു ചെയ്യാനുള്ളതാണ്. എന്നാല്, ആ സമയത്ത് മഹാമാതാവായ മഹാദേവി, മക്കളുടെ ആവശ്യങ്ങളെ മുന്നിര്ത്തി ചില നീക്കുപോക്കുകള്ക്ക് തയ്യാറാവുന്നു. മാതാപിതാക്കളുടെ ആണ്മക്കള് സമ്പാദിച്ച സമ്പത്ത് അതിലുണ്ടാവും, അത് അവര്ക്കു നല്കുന്നു. അവരും മാതാപിതാക്കളും താമസിച്ചുവന്ന ഭവനവും പുരയിടവും വിലയ്ക്കു വാങ്ങാന് അവര്ക്ക് അവകാശമുണ്ട്. താമസിച്ചുവന്ന ഭവനവും പുരയിടവും മക്കള് വിലയ്ക്കു വാങ്ങുമ്പോള് ധര്മ്മശാസ്ത്രപരമായ ഇളവുകള് മക്കള്ക്കു നല്കണം. വിലയ്ക്കു വാങ്ങാനുള്ള പണം തികയാതെ വരുന്നുവെങ്കില്, അഥവാ ആണ്മക്കള് സമ്പാദിച്ച ധനം ഇല്ലായെന്നുണ്ടെങ്കില്, ആണ്മക്കള്ക്ക് സാമ്പത്തിക സഹായം ആവശ്യമുണ്ടെന്ന് ഭരണാധികാരികള്ക്ക് ധര്മ്മശാസ്ത്രപ്രകാരം ബോദ്ധ്യപ്പെടുന്നപക്ഷം, കടങ്ങള് അനുവദിക്കാനും, അതുപോലെ ഭവനവും പുരയിടവും വിറ്റുകിട്ടുന്നതിലെ ഓഹരി ആണ്മക്കളുടെ അത്യാവശ്യ ചിലവുകള്ക്കായിട്ട്, ആണ്കുട്ടികള്ക്ക് കടമായി നല്കുകയും വേണം. പെണ്കുട്ടികളെ വിവാഹം കഴിക്കുന്ന പുരുഷന്മാര്ക്കും അവസ്ഥയ്ക്കൊത്ത ഇളവുകള് നല്കാം. ഉദാഹരണത്തിന്, പൊതുഖജനാവിലേക്ക് ചെലുത്തേണ്ടതായ മാതാപിതാക്കളുടെ ധനം വളരെ കുറച്ചു മാത്രമാണ് ഉള്ളതെങ്കില്, ഉദാഹരണത്തിന്, വീടും 10 സെന്റ് പുരയിടവുമാണ് ശേഷിക്കുന്നതെങ്കില്, അതു വാങ്ങാനുള്ള ധനം മക്കളുടെ പക്കല് തികയാതെ വന്നാലോ, ഇല്ലെങ്കിലോ,

വീടിനും പുരയിടത്തിനും വില നിശ്ചയിച്ച് അവിടെ വാടകയ്ക്ക് താമസിക്കാൻ ആണ്കുട്ടികളെ /മക്കളെ അനുവദിക്കാം. ആണ്കുട്ടികള്ക്കും അവരുടെ ഭാര്യമാര്ക്കും കുട്ടികള്ക്കും, പെണ്കുട്ടികള്ക്കും അവരുടെ ഭര്ത്താക്കന്മാര്ക്കും കുട്ടികള്ക്കും ഒക്കെ ഒന്നിച്ചും താമസിക്കാം. അണുകുടുംബമായല്ലാതെ ഒത്തൊരുമിച്ചു ജീവിക്കാന് കഴിയുന്നത് കൂടുതല് ശ്രേഷ്ഠം.

വിഷയത്തെ മറ്റൊരു വിധത്തില് പറയുമ്പോള്, ഒരു മകന്റെ പക്കലുണ്ടായിരുന്നതായ മാതാപിതാക്കളുടെ ധനം പിടിച്ചെടുത്തപ്പോള്, മകന് സാമ്പത്തികമായി തകരുമെങ്കില്, ഭരണകൂടം പ്രജയെ സംരക്ഷിക്കുവാനുള്ള ധര്മ്മശാസ്ത്രപരമായ നടപടികള് എടുക്കുക തന്നെ വേണം. അത് ജീവിത പ്രശ്നമാണ്. അതേ സമയം കടമായിട്ടാണ് നല്കേണ്ടത്. അയാള് ഉള്പ്പെടെയുള്ള എല്ലാവരുടെയും നല്ലതിനു വേണ്ടി പ്രവര്ത്തിക്കുകയാണ് ഭരണകൂടം ചെയ്യുന്നതും, ചെയ്യേണ്ടതും.

ഇനി പെണ്മക്കള്ക്കു നല്കേണ്ടുന്ന ധനത്തെപ്പറ്റി പറയാം: തങ്ങള് ജീവിച്ചിരിക്കെ ഓരോ പെണ്മക്കള്ക്കും പരമാവധി 100 ഗ്രാം സ്വര്ണ്ണം മാത്രം നല്കാനാണ് മാതാപിതാക്കളെ ധര്മ്മശാസ്ത്രം അനുവദിക്കുന്നത്. മാതാപിതാക്കള് മരിക്കുമ്പോള്, അവരുടെയും സമൂഹത്തിലെ മരണപ്പെടുന്ന മറ്റുള്ളവരുടെയും ധനത്തെ പൊതുഖജനാവിലേക്ക് ചേര്ക്കുന്നതായ ഭരണാധികാരികള്, മരണപ്പെടുന്നവരുടെ ഓരോ പെണ്മക്കള്ക്കും 100 ഗ്രാം സ്വര്ണ്ണം നല്കേണ്ടുന്നത് ഭരണകൂടത്തിന്റെ ചുമതലയാവണം.

സ്ത്രീധനം എന്ന പേരില് ഇന്ത്യയിലും അതുപോലെയുള്ള രാജ്യങ്ങളിലും ഇന്നുള്ള നീചസമ്പ്രദായങ്ങളെ അവസാനിപ്പിച്ചുകൊണ്ട് എല്ലാ പെണ്കുട്ടികള്ക്കും ലഭ്യമാവുന്ന സാമ്പത്തിക സഹായത്തെ തുല്ല്യപ്പെടുത്തുക കൂടിയാണ് സംഭവിക്കുന്നത്. വിവാഹത്തോടൊപ്പമോ ശേഷമോ മേല്പ്പടി 100 ഗ്രം സ്വര്ണ്ണം കൂടാതെ; വാഹനം, ഫര്ണിച്ചര്, വസ്ത്രം, തുടങ്ങിയ യാതൊന്നും പെണ്കുട്ടിക്കോ, വരനോ, വരന്റെ കുടുംബത്തിനോ നല്കിക്കൂടാ. (വെളിപാട് പൂര്ണ്ണമായിട്ടില്ല എന്നും അറിയുക.).

ഭരണാധികാരികള്, രാഷ്ട്രീയപാര്ട്ടി നേതാക്കള്, മതപുരോഹിതന്മാര് തുടങ്ങിയവര് കൊടുംഭീകരരായി അധഃപതിച്ചിരിക്കുന്ന ഇന്നത്തെ ലോകത്ത് സാമ്പത്തികശാസ്ത്ര നടപടികള് സ്ഥാപിക്കാന് കഴിയുന്നത് വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ മാത്രമാണ്.

വ്യക്തികള് ജീവിച്ചിരിക്കുമ്പോഴും സമ്പത്ത് കൈമാറ്റത്തിന് മുകളില് കൊടുത്തിട്ടുള്ള ധര്മ്മശാസ്ത്രപരമായ / സാമ്പത്തികശാസ്ത്രപരമോയ കണക്കുകള് പ്രകാരമുള്ള നിബന്ധനകള് ഉണ്ടാവുന്നതാണ്. (ഈയുള്ളവന്റെ വ്യക്തിപരമായ വിഷയത്തിൽ സാമ്പത്തിക വിൽപ്പത്രം 2017-ൽ തയ്യാറാക്കുകയും ദൈവ വിപ്ലവ വിശകലനം 12-ന്റെ ഭാഗമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.).

ഭൂമിയില് സംഹാരം പുരോഗമിക്കുമ്പോള്, ജനങ്ങളുടെ എണ്ണം കുറയുന്നതും അനേകം ദമ്പതിമാര്ക്ക് കുട്ടികള് ഉണ്ടാവാതെ വരുന്നതും സാമ്പത്തികശാസ്ത്രത്തില് വിഷയമാകുന്നുണ്ട്. ആവക കാര്യങ്ങളെ ദൈവാനുഗ്രഹത്തോടെ മറ്റൊരിക്കല് വിശദീകരിക്കാം.

// കണക്കുകളിലെ പിഴവുകളെപ്പറ്റി പറയാം. കുട്ടികളുടെ വിവാഹം വരെയും അവര്ക്ക് വസ്ത്രങ്ങളും സമ്മാനങ്ങളുമൊക്കെ നല്കുകയും അവരെ സന്തോഷിപ്പിക്കുകയുമൊക്കെ ചെയ്യുന്ന മാതാപിതാക്കളുടെ വ്യക്തിപരമായ എല്ലാ കാര്യങ്ങളുടെയും സാമ്പത്തിക കണക്കുകള് അറിയാനോ സൂക്ഷിക്കുവാനോ ഉള്പ്പെട്ട വ്യക്തികള്ക്കു തന്നെ പ്രയാസമാണ്. അങ്ങനെയിരിക്കെ സമൂഹ-ഭരണാധികാരികള് കണക്കെടുപ്പുമായി നടക്കരുത്. അതിന്നായിട്ട് ധര്മ്മശാസ്ത്രപരമല്ലാത്ത പുതിയ തൊഴിലുകളെ സൃഷ്ടിക്കുകയും അരുത്. വ്യക്തികള് ധാര്മ്മിക ശുദ്ധിയോടെ സമൂഹത്തില് ജീവിക്കുമ്പോള്, ദൈവീകമായ സാമ്പത്തികശാസ്ത്രവും ഏറ്റവും ഭംഗിയായി പുലരുന്നതാണ്.

മഹാനീതിപതിയായ ദൈവം ഒഴികെ യാതൊരാള്ക്കും സാമ്പത്തികം ഉള്പ്പെടെയുള്ള ജീവിതകാര്യങ്ങളില് നീതി നടത്താനാവുന്നതല്ല. തനിപ്പെട്ട വിഷയങ്ങളില് നീതി നല്കുക, മൊത്തത്തില് എല്ലാവര്ക്കും സമനീതി നല്കുക എന്നിവ ദൈവത്തിന്റെ മാത്രം ചുമതലയില് പെട്ടതും ദൈവത്തിനു മാത്രം മഹാനിര്വ്വഹിക്കുവാന് കഴിയുന്നതുമായ കാര്യങ്ങളാണ്. ആകയാൽ **മനുഷ്യർ കണക്കുകളെ കണ്ടമാനം താലോലിക്കേണ്ട. കണക്കുകളുടെ കൃത്യതയെപ്പറ്റി സംവാദവും വിവാദവും നടത്തുന്ന അവസ്ഥയിലേക്ക് കൂപ്പുകുത്തരുത്.** മഹാദേവിയുടേതായി കണക്കുകള് നിരത്തിയത് മനുഷ്യര് നിര്ബ്ബന്ധിച്ചതുകൊണ്ടു മാത്രമാണ്, എന്നാൽ അവ പൂര്ണ്ണമാകണമെങ്കിൽ സത്യം ശിവം സുന്ദരം ചേര്ക്കേണ്ടതുണ്ട്. സത്യം ശിവം സുന്ദരം എന്ന ഭാഗത്ത് മുമ്പു നല്കിയ വ്യാഖ്യാനങ്ങളെ നിഷ്പ്രഭമാക്കുന്നതായ മഹാദേവിയുടെ മഹാപ്രഭാവം കാണാനാവും.

കണക്കുകളുമായി വഴക്കടിക്കുമ്പോള്, കണക്കുകളില് സത്യം ശിവം സുന്ദരം ചേര്ക്കണം. കുറ്റങ്ങളോടും കറവുകളോടുമുള്ള ഏതൊരു കണക്കുകളെയും പ്രശ്നങ്ങളെയും സത്യം ശിവം സുന്ദരം മഹാസംശുദ്ധപ്പെടുത്തുകയും മഹാസുന്ദരമാക്കുകയും ചെയ്യുന്നതാണ്. //

വ്യക്തികാര്യങ്ങളുമായി ബന്ധപ്പെട്ട കരാറുകള്ക്ക് മരണാനന്തര പ്രാബല്യം ഉണ്ടാവുന്നതല്ല ; ധര്മ്മശാസ്ത്രപരമായ അഥവാ സാമ്പത്തികശാസ്ത്രപരമോയ വില്പത്രങ്ങള് മാത്രമേ അനുവദിക്കുകയുള്ളൂ. അത്തരം കരാറുകളില് ഏര്പ്പെടുന്നവര്ക്ക് കരാറിലേര്പ്പെടുന്നവരില് ഒരാളുടെ മരണംകൊണ്ട് ഉണ്ടാകുന്ന നഷ്ടത്തെ സാമ്പത്തിക ശാസ്ത്രപരമായി വിലയിരുത്തേണ്ടതും ആവശ്യമെന്നാല് മറ്റംഗങ്ങളുടെ നഷ്ടം മുഴുവനുമോ ഭാഗികമോ നികത്തേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്.

രാഷ്ട്രങ്ങളുടെ പേരില് ഒരു ഭരണാധികാരി കരാറില് ഏര്പ്പെടുകയാണെങ്കില്, കരാര് ധര്മ്മശാസ്ത്രപരമായിരിക്കണം അഥവാ ദൈവീകമായിരിക്കണം എന്ന് നിര്ബ്ബന്ധമുണ്ട്, എന്തെന്നാല് രാഷ്ട്രം അഥവാ ദേശം അഥവാ മണ്ണ് ദൈവത്തിന്റെ ഖര രൂപമാണ്, മണ്ണിന്റെ നിയമങ്ങള് നിശ്ചയിക്കുന്നത് മണ്ണാണ്/ഭൂമിയാണ് ; ഭൂചലനങ്ങള് കൊണ്ട് മനുഷ്യനെ വിറപ്പിക്കുവാനും വിരട്ടുവാനും നിയന്ത്രിക്കുവാനും സംഹരിക്കുവാനും ഇന്നും എന്നും ഭൂമിക്ക് ഭൗതികശാസ്ത്രപരമായിത്തന്നെ കഴിയുമെന്നത് ചെറിയൊരു ഉദാഹരണം മാത്രം.

തുച്ഛമായ മനുഷ്യായുസ്സുമായി ജീവിക്കുന്ന ഭരണാധികാരികള് സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പേരില് 100 വര്ഷത്തെയും 1000 വര്ഷത്തെയുമൊക്കെ കരാറില് ഏര്പ്പെടുന്നത് കടുത്ത ദൈവനിന്ദയാണ്. കരാറില് ഏര്പ്പെടുന്ന ഭരണാധികാരി, ഭരണത്തില് തുടരുന്ന കാലം വരെപ്പോലും യാതൊരു കരാറുകള്ക്കും പ്രാബല്യം ഉണ്ടാകുന്നതല്ല. ധര്മ്മശാസ്ത്രപരമായ കരാറിനെ സംരക്ഷിക്കേണ്ടത് തുടര്ന്നുവരുന്ന ഭരണാധികാരിയുടെ കര്ത്തവ്യത്തില് പെടുന്നു. അതുപോലെ ധര്മ്മശാസ്ത്രപരമല്ലാത്ത കരാറിനെ ധര്മ്മശാസ്ത്രപരമായി പരിഷ്ക്കരിക്കാനാകുമോ എന്നു പരിശോധിക്കേണ്ടതും, സാദ്ധ്യമല്ലെങ്കില് ധര്മ്മശാസ്ത്രപരമല്ലാത്ത കരാറിനെ ഏകപക്ഷീയമായിത്തന്നെ കത്തിച്ചു കളയേണ്ടതും, പുതിയ ഭരണാധികാരിയുടെ ഉത്തരവാദിത്തമാണ്. തീര്ന്നില്ല, കരാറില് ഏര്പ്പെടുന്ന ഭരണാധികാരി ഭരണത്തില് തുടരുമ്പോള് തന്നെ, അദ്ദേഹത്തിന്റെ ചെയ്തികള് ധര്മ്മശാസ്ത്രപരമല്ലെങ്കില് അദ്ദേഹത്തെ അനുസരിക്കാതിരിക്കാനും, ആവശ്യമെങ്കില് പുറന്തള്ളാനുമുള്ള ഉത്തരവാദിത്തം ജനങ്ങളുടെ ചിലവില് ജീവിക്കുന്ന മന്ത്രിമാര്ക്കും മറ്റ് ഉദ്യോഗസ്ഥര്ക്കുമുണ്ട്. മുമ്പ് വിശദീകരിച്ചതുപോലെ, വ്യക്തികളെയല്ല അനുസരിക്കേണ്ടത്; **ധര്മ്മശാസ്ത്രത്തെ മാത്രം അനുസരിക്കുന്നവരാകണം. ധര്മ്മശാസ്ത്രത്തെ മാത്രം അനുസരിക്കുമ്പോള് അവര് ദൈവത്തെ മാത്രം അനുസരിക്കുന്നവരായി മാറുന്നു. ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുന്നവരാകുന്നു. മാത്രമല്ല, ധര്മ്മശാസ്ത്രപ്രകാരം പ്രവര്ത്തിക്കുന്ന ഏതൊരു വ്യക്തികളെയുംകൂടി അനുസരിക്കുന്നവരായി മാറുന്നു.**

വ്യക്തികള് ധര്മ്മംതെറ്റാതെ ജീവിക്കുന്നതിന് ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രയോജനപ്പെടുന്നതാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെ ഏകദേശ ധാരണ കിട്ടിയിരിക്കുമല്ലോ. മഹാനീതിപതിയായ ദൈവം അദ്ധ്വാനത്തിന്റെ പങ്ക് യഥാര്ത്ഥത്തില് വാങ്ങുന്നുണ്ടോ ? ഇല്ലേയില്ല. മഹാമാതാവായ മഹാദേവിയെ, മഹാനീതിപതിയായിക്കൊണ്ട് കണക്കുകള് നല്കുവാന് മനുഷ്യക്കുഞ്ഞുങ്ങള് നിര്ബ്ബന്ധിക്കുകയാണ്. എല്ലാ കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടി സാമ്പത്തിക ശാസ്ത്രത്തെ മഹാരചിക്കുക മാത്രമാണു ചെയ്യുന്നത്.

വ്യക്തികളുടെ സമ്പത്തും ഭരണകൂടവും, ഭരണകൂടവും പൊതുഖജനാവും എന്നിവയെപ്പറ്റി ഇനി വിശദീകരിക്കാം : ജനങ്ങള് പൊതുഖജനാവിന് നല്കേണ്ടതായ ദൈവത്തിന്റെ ഓഹരി പിടിച്ചുവാങ്ങുവാന് ഭരണാധികാരിക്ക് അവകാശമില്ല. ദൈവത്തിനുള്ള ഓഹരിയാണത്. തന്റെ കുഞ്ഞുങ്ങളെയെല്ലാം സ്നേഹിച്ച് അവര്ക്കെല്ലാം സമനീതി നല്കുന്ന ദൈവത്തിന്റെ മഹാപദ്ധതികളെ ഉള്ക്കൊണ്ട്, ധര്മ്മശാസ്ത്രപ്രകാരം മാത്രം പ്രവര്ത്തിക്കുന്ന ഭരണാധികാരി സമ്പത്ത് പിടിച്ചുവാങ്ങുന്നത് അവരെ സ്നേഹിക്കാനാവണം. ധര്മ്മശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം എന്ന അദ്ധ്യായത്തിലും ഭീകരവാദവും ഭരണകൂടങ്ങളും എന്ന അദ്ധ്യായത്തിലും വളരെയധികം വിശദീകരിച്ചിട്ടുണ്ട്.

ഭരണാധികാരികള്, ജനങ്ങളുടെ മേൽ യാതൊരു നികുതികളും ചുമത്താൻ പാടില്ല. ജനങ്ങളുടെ സമ്പത്ത് ധൂര്ത്തടിക്കാന് പാടില്ല. പൊതു ജനങ്ങളുടെ നല്ലതിന്നായിത്തന്നെ ഉപയോഗിക്കണം. ധര്മ്മശാസ്ത്രപരമായല്ലാതെ ജനങ്ങളുടെ സമ്പത്ത് ചിലവു ചെയ്തു കൂടാ. ഉദാഹരണത്തിന് ഒരു കുട്ടിക്ക് നില്ക്കാനും നടക്കാനും ഓടാനും ഒക്കെ കഴിയണമെങ്കില് ദൈവം ശക്തി നല്കാതെ പറ്റില്ല. ഓടുന്നതും കൂടുതല് വേഗത്തില് ഓടുന്നതും കേമത്തരമായി ഒരു കുട്ടി കണക്കാക്കുമ്പോള് കുട്ടി ദൈവത്തില് നിന്നും അഥവാ ധര്മ്മശാസ്ത്രത്തില് നിന്നും കൂടുതല് കൂടതല് അകലങ്ങളിലേയ്ക്കാണ് ഓടുന്നത്. മത്സരം ദൈവീകമല്ലാത്തതിനാല്, ഫിനിഷിംഗ് പോയിന്റില് നില്ക്കുന്നത് പിശാചാണ്. കുട്ടി ഓടിയടുക്കുന്നത് പിശാചിന്റെ അടുത്തേയ്ക്കാണ്.

കൂടുതൽ ഓടുകയോ, കൂടുതൽ വേഗത്തിൽ ഓടുകയോ ചെയ്ത കുട്ടിയുടെ അറിവില്ലായ്മയെയും അഹംഭാവത്തെയുമൊക്കെ കേമത്തമായി കാണുന്നവർ ഭരണാധികാരിയായിരിക്കാന് ഒട്ടും യോഗ്യതയില്ലാത്തവരാണ്.

അങ്ങനെയിരിക്കെ തനിക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ കൂടുതൽ വഷളാക്കിക്കൊണ്ട് പൊതുഖജനാവിൽ നിന്ന് കുട്ടിക്ക് സമ്മാനങ്ങള് നല്കുമ്പോൾ ഭരണാധികാരി കൊടും ഭീകരവാദിയായി മാറുന്നു. അജ്ഞാനിയോ അഹംഭാവിയോ ഒക്കെ ആയ കുട്ടിയെ തിരുത്താനും അയാള്ക്കായില്ല എന്നതു കൂടാതെ, സമൂഹത്തിലെ ജനങ്ങള്ക്ക് ധര്മ്മശാസ്ത്ര വിരുദ്ധമായ ഒരു സന്ദേശമാണ് ഭരണാധികാരിയായ അയാൾ നല്കുന്നത്.

യഥാർത്ഥത്തിൽ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ അടിമകളും മാത്രമായ ജനസേവകർ, ഭരണാധികാരി ആണെന്ന് തെറ്റിദ്ധരിച്ച്, അധമ പ്രവൃത്തികളെ ചെയ്യുകയാണ്. മന്ത്രിമാർ ഉൾപ്പെടെ ഏതൊരു വ്യക്തിക്കും തങ്ങളെ ആനന്ദിപ്പിക്കുന്നവര്ക്ക് സമ്മാനങ്ങള് നൽകാൻ വ്യക്തിസ്വാതന്ത്ര്യമുണ്ട്, എന്നാല് അത് അവരുടെ **സ്വകാര്യ സമ്പത്തിൽ നിന്നാകണം**.

പൊതുഖജനാവിൽ നിന്ന് വിനോദ കാര്യങ്ങൾക്ക് ധനം ചിലവു ചെയ്യാൻ പാടില്ല.

വ്യക്തിയാണ് ആനന്ദിക്കുന്നത്. സമൂഹമല്ല. സമൂഹത്തില് 100 കോടി പേരുണ്ടെങ്കില് ഒരാള്പോലും കുറയാതെ 100 കോടി പേരും ആനന്ദിക്കുമ്പോള് മാത്രമേ സമൂഹമോ, രാഷ്ട്രമോ ആനന്ദിക്കുന്നതായോ വേദനിക്കുന്നതായോ അവകാശപ്പെടാന് പാടുള്ളൂ. അനേകര് രോഗങ്ങളുമായി മല്ലിടുമ്പോഴും, അപകടങ്ങളില് പെട്ടും അല്ലാതെയും ഓരോ നിമിഷവും സമൂഹത്തില് വേദനിച്ചുകഴിയുന്നുണ്ട് എന്നിരിക്കെ 100 കോടി പേര്ക്കും ഒരുപോലെ ആനന്ദിക്കാനാവില്ല.

വിനോദ ആനന്ദം വ്യക്തിയുടെ സ്വകാര്യമാണ്. അതിനെ സമൂഹഭരണവുമായി ബന്ധിപ്പിക്കരുത്.

ശുചിത്വം, അത്യാവശ്യം, ആവശ്യം എന്നിങ്ങനെയുള്ള ജനങ്ങളുടെ പൊതുആവശ്യങ്ങള്ക്കു മാത്രമേ പൊതുഖജനാവ് ഉപയോഗിക്കാൻ പാടുള്ളൂ; വിനോദത്തിന് പാടില്ല.

ഭരണകൂടത്തെ സൃഷ്ടിക്കുന്നത് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനാണ്; കുറെപ്പേരുടെയോ മുഴുവൻ ആളുകളുടെയോ വിനോദങ്ങളെ പരിഹരിക്കാനല്ല.

വിനോദങ്ങളിൽ ഏർപ്പെടുന്നവർ സംഘടിക്കുന്നതും വിനോദിക്കുന്നതും അവരുടെ സ്വകാര്യമാണ്. വ്യക്തി സ്വാതന്ത്ര്യത്തെ ധർമ്മ ശാസ്ത്രപരമായി അവർ ഉപയോഗിക്കുന്നുവോ എന്ന് അവരുടെ ചിലവിൽ നിരീക്ഷിക്കാനും തെറ്റിച്ചാൽ നടപടി സ്വീകരിക്കാനും മാത്രമാണ് ഭരണകൂടം ശ്രദ്ധിക്കേണ്ടത്.

അധമമായ നികുതിയെയും അധമമായ പിഴയെയും വിവരിക്കുന്ന ഒരു ഉദാഹരണം ഇനി പറയാം : (1) വാഹനങ്ങളുടെ പുക നിയന്ത്രിക്കേണ്ടത് പൊതു ആവശ്യമാണ്. പുക നിയന്ത്രണത്തെ വാഹന നിര്മ്മാണത്തില് കര്ക്കശമാക്കണം. എന്നാല് വാഹനം ഉപയോഗിക്കുന്ന വ്യക്തിയല്ല വാഹനം ഉണ്ടാക്കിയത് എന്നിരിക്കെ വാഹനത്തിന് പുക അധികമായാല്, വാഹനനിര്മ്മാതാവും ഭരണകൂടവും, വാഹന-വര്ക്ക്ഷോപ്പുകളും ഭരണകൂടവും, തമ്മിലുള്ള പ്രശ്നങ്ങളാണ്. വ്യക്തികളുടെ ആരോഗ്യത്തെ കരുതി പ്രവര്ത്തിക്കാഞ്ഞതിന് ഭരണാധികാരി സമൂഹത്തിലെ പ്രജകളോട് മാപ്പിരക്കണം. പകരം വ്യക്തി ഉപയോഗിക്കുന്ന വാഹനത്തിന്റെ പുക-കാര്യങ്ങള് വ്യക്തിതന്നെ പരിശോധിപ്പിക്കണമെന്നും, അതിന്നായി **വ്യക്തി ധനവും ഊര്ജ്ജവും സമയവും പാഴാക്കണമെന്നും ഭരണാധികാരി ആവശ്യപ്പെടുമ്പോള്, ഭരണാധികാരി അധമനായ ഭീകരവാദിയായി മാറുന്നു. മനഃപ്പൂര്വ്വമോ അല്ലാതെയോ വാഹന-പ്പുക സര്ട്ടിഫിക്കറ്റ് സൂക്ഷിക്കാഞ്ഞതിന്റെ പേരില് വ്യക്തിക്ക് പിഴ വിധിക്കാന് ഭരണാധികാരി തയ്യാറാവുമ്പോള്, ഭരണാധികാരിയും അയാളുടെ കൂട്ടാളികളായ ന്യായാധിപന്മാര് എന്ന അതിനീചവര്ഗ്ഗവും മറ്റ് ഭരണതല-ഉദ്യോഗസ്ഥരും കൊടുംഭീകരവാദികളായിക്കഴിഞ്ഞു എന്നാണര്ത്ഥം. ഭരിക്കാനറിയാത്തവര് വേറെ പണി നോക്കെടോ, ഞങ്ങളെ ഒന്നു ഭരിച്ച് രക്ഷിക്കണേ എന്നു ജനങ്ങള് ആവശ്യപ്പെട്ടില്ലല്ലോ.**

നീച-ജനാധിപത്യത്തിലൂടെ അഥവാ അധാര്മ്മികമായി ഭരണത്തിലേറിയവന് തങ്ങള്ക്കു തോന്നിയതുപോലെ ജനങ്ങളെ ഭരിക്കാൻ അവകാശമുണ്ടെന്നു കരുതിപ്പോകരുത്. അവന്റെ നീചനിയമങ്ങളെ അനുസരിക്കാതിരിക്കാനും ധര്മ്മശാസ്ത്രത്തെ തിരിച്ചറിയാനും പരിശ്രമിക്കേണ്ടവരായ, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ഉദ്യോഗസ്ഥർ ജനങ്ങളെ പീഡിപ്പിക്കാനും പിഴകളെ ചുമത്താനും ഇറങ്ങുമ്പോൾ അവരും ഭീകരരോ കൊടുംഭീകരരോ ആയി മാറുന്നു.

തങ്ങളുടെ പൊതു ആവശ്യങ്ങള്ക്കായിട്ട് ഒരു ഭരണകൂടത്തെ വേണമോ എന്ന് ഓരോ പ്രദേശങ്ങളിലെയും ജനങ്ങളാണ് നിശ്ചയിക്കേണ്ടത്. ഭരണകൂടത്തെ നിശ്ചയിക്കുന്നതും നിലനിര്ത്തുന്നതും പിരിച്ചുവിടുന്നതും ജനങ്ങളാണ്.

പ്രാദേശികമായി ജനങ്ങള് നിശ്ചയിക്കുന്ന പ്രാദേശിക നേതാവിന്റെ അഥവാ കുട്ടി-രാജാവിന്റെ ധര്മ്മം ജനങ്ങള്ക്കു ദാസ്യസേവനം ചെയ്യുക എന്നതാണ്. പകരം ജനങ്ങളെ തങ്ങള്ക്കു തോന്നിയതുപോലെ ഭരിക്കാന് അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല. ജനങ്ങളും രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും അനുസരിക്കുന്നതും സല്യൂട്ട് ചെയ്യുന്നതും മഹാശാസ്ത്രത്തെ മാത്രമായിരിക്കും. **രാജാവു പറയുന്ന കാര്യങ്ങൾ ധര്മ്മശാസ്ത്രപരമല്ല എങ്കില് മന്ത്രിമാരോ ഉദ്യോഗസ്ഥരോ രാജാവിനെ അനുസരിക്കരുത് എന്നര്ത്ഥം. ക്രൈസ്റ്റിലൂടെയും ഗാന്ധിയിലൂടെയും ദൈവം അത് വെളിപ്പെടുത്തിയതാണ്.**

ശാസ്ത്രവും ലോക-രാജ്യ-കൂട്ടുകെട്ടും ഇന്നത്തേതുപോലെ വികസിച്ചിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ, അഹിംസയിലൂടെ തന്നെ നിസ്സഹകരിക്കാൻ കഴിയുന്നത് എങ്ങനെയെന്ന് ഗാന്ധിയിലൂടെയും അനുയായികളിലൂടെയും പ്രായോഗികമായി തെളിയിച്ചതാണ്.

സമൂഹത്തിലെ ധര്മ്മശാസ്ത്ര ബദ്ധത പരിശോധിക്കേണ്ടത് അദ്ധ്യാപകരാണ്, ഭരണകൂടത്തെ ഉപദേശിക്കേണ്ടത് അവരുടെ കര്ത്തവ്യമാണ്. തൊഴിലുകള് : ശുചിത്വം എന്ന അദ്ധ്യായത്തില് വിശദമാക്കിയതുപോലെ ഓരോരോ തൊഴിലുകളിലും പ്രാവീണ്യമുള്ളവരും 50 വയസ്സിനു മുകളില് പ്രായമുള്ളവരും പുണ്യസമ്പാദനത്തിന്റെ ഭാഗമായി കുട്ടികള്ക്ക് ഗുരുകുല വിദ്യാഭ്യാസത്തിലൂടെ ജ്ഞാനം പകരുകയാണ് ചെയ്യുന്നത്. സ്വയം ബാദ്ധ്യതയുടെ ഭാഗമായി അവര് ചെയ്യുന്ന കര്മ്മത്തിന് അവര് വേതനം വാങ്ങുന്നില്ല. പുണ്യം അഥവാ ആനന്ദങ്ങള് തജ്ജന്മത്തിലും വരും ജന്മങ്ങളിലും ദൈവം നല്കുന്നു.

സാമ്പത്തികശാസ്ത്രത്തെ പരിശുദ്ധമാക്കുന്നതിന്നായും മഹാപ്രപഞ്ചത്തില് ദൈവം സ്ഥാപിച്ചിട്ടുള്ള ന്യൂനശക്തികള് പ്രവര്ത്തിക്കുന്നുണ്ട്. ഭരണാധികാരികളായവര്ക്ക് കടുത്ത വിഷമം വേണ്ടാ. മഹാ-ധര്മ്മശാസ്ത്രപ്രകാരം സ്വയം തിരുത്തിക്കൊള്ളുക. ഇന്നത്തെ ഭരണാധികാരികളില് വലിയൊരു കൂട്ടര് ജന്മങ്ങളുടെ എണ്ണം കൊണ്ട് ബാല്യാവസ്ഥയിലാണ്.

പട്ടാളക്കാര് : ഏറ്റുമുട്ടലിലോ അല്ലാതെയോ മരിക്കുന്ന/വധിക്കപ്പെടുന്ന പട്ടാളക്കാരുടെ കുടുംബാംഗങ്ങള്ക്കും പൊതുഖജനാവില് നിന്ന് ധനം നല്കിക്കൂടാ. **ഭൂമിയിലൊക്കെയുമുള്ളവര് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്നരിക്കെ, ദൈവത്തിന്റെ കുഞ്ഞുങ്ങളെ കൊടുംഭീകരരായ ഭരണാധികാരികള്ക്കുവേണ്ടി കൊല്ലാൻ നടന്ന പട്ടാളക്കാരുടെ കുടുംബങ്ങളെ സാമ്പത്തികമായും അല്ലാതെയും സഹായിക്കേണ്ടത് കൊടും ഭീകരരായ ഭരണാധികാരികളുടെയും മതനേതൃത്വങ്ങളുടെയും സ്വകാര്യ ഉത്തരവാദിത്തമാണ്.**

ബോംബെ എന്ന മുംബൈയില് 2008-ല് നടന്ന ഭീകരാക്രമണത്തെ വിശകലനം ചെയ്യാന് ആഗ്രഹിക്കുന്നവരുണ്ടാകും. **മത-തീവ്രവാദം വിഷയമാകയാല്, ഇന്ത്യയിലുള്ള മതപ്പിശാചുക്കളും (എല്ലാ മതങ്ങളിലെയും), അവരെ സംരക്ഷിച്ച രാഷ്ട്രീയ പാര്ട്ടികളും, ഭരണാധികാരികളും തങ്ങളുടെ സ്വകാര്യ സ്വത്തുക്കളില് നിന്ന് പട്ടാളക്കാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക. അത്രമാത്രം.**
ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങള് സശ്രദ്ധം പഠിക്കുമ്പോള്, സുവ്യക്തമാകുന്നതാണ്. ഭൂമിയിലൊക്കെയുമുള്ള കൊടും ഭീകരവാദികളായ ഭരണാധികാരികളെയും മതനേതാക്കന്മാരെയും കൂടി മഹാമാതാവായ ദൈവം സ്നേഹിക്കുന്നുണ്ട് എന്നുമറിയുക.

പട്ടാളക്കാരും പോലീസും ഖേദിക്കേണ്ട. നിങ്ങളും ദൈവത്തിനു പ്രിയപ്പെട്ടവര് തന്നെ. മഹാദേവി വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള പട്ടാളക്കാര് പണി ഉപേക്ഷിക്കുന്നതാണ്. ഭരണാധികാരികൾ പദവിയിലിരുന്ന് ധര്മ്മശാസ്ത്രപരമായി ഭരിച്ചുതന്നെ പാപം തീര്ക്കേണ്ടതുമുണ്ട്.

(14.9) സക്കാത്ത്

എന്റെ മോൻ അഥവാ മോൾ ഡോക്ടറോ എഞ്ചിനീയറോ ആയിത്തീരണമെന്നു പറയുന്ന മാതാപിതാക്കളെയും എനിക്ക് ഡോക്ടര്.... എന്നിങ്ങനെയെല്ലാം ആയിത്തീരാനാണു മോഹം എന്നു പറയുന്ന കുട്ടികളെയും കണ്ടിട്ടുള്ളവരുണ്ടാകും. സ്വയവും അങ്ങനെയൊക്കെയാണ്. എന്നാൽ,

തങ്ങളുടെ കുഞ്ഞുങ്ങൾ തെണ്ടികളാകുന്നതാണ് ഇഷ്ടമെന്നു പറയുന്ന എത്ര മാതാപിതാക്കൾ ഭൂമിയിലുണ്ടാവുമെന്നും, തെണ്ടികളല്ലാത്തവരുടെ എത്ര കുട്ടികൾ തങ്ങള്ക്കു തെണ്ടികളാകുന്നതാണ് ഇഷ്ടമെന്നു പറയുമെന്നും ..... അല്പം ചിന്തിക്കുക.

ഒരു അതിന്യൂനപക്ഷം പേർ അവരുടെ അജ്ഞാനം കൊണ്ടും അവർ എത്തിപ്പെട്ടിരിക്കുന്ന ജീവിതസാഹചര്യങ്ങൾ കൊണ്ടും പറഞ്ഞെന്നിരിക്കും. **ബഹുഭൂരിപക്ഷവും തെണ്ടികളാവാൻ ആഗ്രഹിക്കില്ല.**

തങ്ങളുടെ കുഞ്ഞുങ്ങൾ തെണ്ടികളാവാൻ മനുഷ്യമാതാവു പോലും ആഗ്രഹിക്കില്ലാ എന്നിരിക്കെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും **മഹാമാതാവുമായ മഹാദേവിക്ക് മക്കൾ തെണ്ടുന്നത് ഒരിക്കലും ഇഷ്ടമാകില്ല. മാത്രമല്ലാ, മഹാമാതാവിന് കടുത്ത വേദന ഉണ്ടാകുന്നതാണ്.**

ദൈവീകമായ സാമ്പത്തികശാസ്ത്രം കുഞ്ഞുങ്ങള്ക്കെല്ലാം സാമ്പത്തികമായി സമനീതി നല്കുന്നു, നല്കാനുള്ളതാണ്. അതു മനസ്സിലാക്കി പ്രവര്ത്തിക്കേണ്ടത് ഭരണാധികാരികളുടെ ഉത്തരവാദിത്തമാണ്. ഭരണകൂടം ശരിയല്ലാത്തതു കൊണ്ടുകൂടിയാണ് ജനങ്ങള് തെണ്ടികളാവുന്നത് എന്നു സാരം.

തെണ്ടാൻ, അഥവാ ഭിക്ഷ യാചിക്കുവാൻ, ദൈവം യോഗ്യത നല്കിയിട്ടുള്ളത് പാട്ടുകാർക്കു മാത്രമാണ്. **സംഗീതം** (**ദൈവ**) **സിദ്ധി**യാണെന്നു സുവ്യക്തമാണ്. ഗായകർ തങ്ങള്ക്ക് സാമ്പത്തിക ക്ഷീണം ഉള്ളപ്പോഴും, പാവങ്ങളെ സഹായിക്കാനായും ദേവാലയങ്ങളിൽ ഗാനാമൃതം പകര്ന്ന്, അതിനു പ്രതിഫലമെന്നോണം കൈ നീട്ടണം അഥവാ പാത്രം നീട്ടണം. ലഭിക്കുന്ന ഭിക്ഷയില് അന്നത്തേയ്ക്ക് തന്റെയും കുടുംബത്തിന്റെയും ചിലവിനു വേണ്ടതായ ഓഹരിയെടുക്കുകയും, ബാക്കി ദേവാലയത്തിന്റെ 4 പാതകളില് ഒന്നായ ആവശ്യ-പാതയില് സ്ഥാനം ഉറപ്പിക്കുന്ന ദരിദ്രര്ക്ക് നല്കുകയും വേണം. ഭാഗം 3-ലെ ശാസ്ത്രീയമായ ആരാധന എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.

മനുഷ്യന്റെ അപ്പപ്പോഴുള്ള **ധർമ്മ**ശാസ്ത്രപരമായ സാമ്പത്തിക ആവശ്യങ്ങളെ പരിഹരിക്കുവാന് ഭരണകൂടത്തിന് കഴിയണം, അതിന് നിശ്ചിത ദിവസം തെണ്ടാന് അനുവദിക്കുക എന്നത് കൊടുംക്രൂരതയാണ്. ധനവാന്മാരുടെ അധിക സമ്പത്ത് പാവങ്ങളുടേതാണ്. അവര് തെണ്ടിനടന്നു ചോദിക്കുമ്പോഴല്ല അവരുടെ സമ്പത്ത് തിരിച്ചുകൊടുക്കേണ്ടത്.

പാവങ്ങളുടെ അടുത്തേയ്ക്ക് ധനവാന്മാര് സ്വയം പോവുകയും കൊണ്ടുക്കൊടുക്കുകയും വേണം. തങ്ങൾ സമൂഹത്തിലെ ജനങ്ങളോട് പൊതുവായി ചെയ്ത അപരാധം കൊണ്ടുകൂടിയാണ് പാവങ്ങള്ക്ക് വിഷമങ്ങള് ഉണ്ടായതെന്ന് ഏറ്റുപറയാന് ധനവാന്മാര്ക്ക് കൂച്ചലുണ്ടാവും. കൂച്ചൽ പരിഹരിക്കുന്നതിന് സാമ്പത്തികശാസ്ത്രം പ്രകാരം, ദൈവത്തിന് അര്ഹതപ്പെട്ട സമ്പത്ത് ഭരണകൂടത്തെ ഏല്പിക്കാവുന്നതാണ്. എന്നാൽ ഭരണാധികാരികൾ, പാവപ്പെട്ടവര്ക്കു നല്കിയോ എന്ന് നേരിട്ട് അന്വേഷിക്കുകയും ബോദ്ധ്യപ്പെടുകയും ചെയ്യുന്നതോടെ മാത്രമേ സമ്പന്നന്റെ പാപം മോചിക്കപ്പെടുള്ളൂ. അല്ലെന്നാൽ **നേരിട്ട് വിതരണം ചെയ്ത് മാപ്പു പറയണം.**

(15) ബാങ്കിംഗ്, ലോട്ടറി

നാണയങ്ങളും അദ്ധ്വാന മൂല്ല്യങ്ങളും ധര്മ്മശാസ്ത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതും, സ്വര്ണ്ണത്തിന്റെ മികവും ഈ അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളത് ഒരാവര്ത്തികൂടി വായിച്ചിട്ടു തുടരുന്നത് അനേകരുടെ കാര്യത്തില് നല്ലതാണ്.

പൊതുജനങ്ങളെ വളരെയധികം സേവിക്കുന്ന ഒരു മേഖല **പോലെ** ബാങ്കിംഗ് വളര്ന്നിട്ടുണ്ട്. ബാങ്കുകൾ ഇല്ലാതെ ഇന്നത്തെ ലോകത്ത് ജീവിക്കാനാവില്ല എന്നും തോന്നിപ്പോകുന്നതാണ്. യഥാര്ത്ഥത്തിൽ അങ്ങനെയല്ല.

സ്വകാര്യ ബാങ്കുകൾ പൊട്ടുമ്പോഴും, ഉടമകൾ ജനങ്ങളുടെ പണവും തട്ടിയെടുത്ത് മുങ്ങുമ്പോഴും എന്താണ് യഥാര്ത്ഥത്തിൽ സംഭവിച്ചത് ? സംഭവിക്കുന്നത് ?

പൊതുജനങ്ങളുടെ പൊതുആവശ്യങ്ങള് നിറവേറ്റേണ്ടത് ഭരണകൂടത്തിന്റെ സംവിധാനത്തിലൂടെ തന്നെയാവണം എന്നത് തിരിച്ചറിഞ്ഞ് സ്വകാര്യ ബാങ്കുകള് ഉണ്ടാവാതെ നോക്കുവാന് ഭരണകൂടത്തിന് കഴിഞ്ഞില്ല. ഭരണകൂടത്തിന് വീഴ്ച പറ്റി. വ്യക്തികൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണത്തെ എങ്ങനെ സംരക്ഷിക്കണമെന്ന് വിദ്യാലയങ്ങളിലോ പഞ്ചായത്തുകളിലോ പഠിപ്പിക്കുന്നില്ല. മതപ്പിശാചുക്കൾ, പണമെല്ലാം മതപ്പിശാചുക്കള്ക്കു കൊടുത്തേക്കാൻ പറഞ്ഞെന്നിരിക്കും, മാത്രമല്ല പണ്ട് **ഒരു പോപ്പു ചെയ്തതുപോലെ സ്വര്ഗ്ഗത്തിലേക്ക് ഒരു ടിക്കറ്റ് കൊടുത്തെന്നുമിരിക്കും.**

കേരളം പോലെയുള്ള പ്രദേശങ്ങളിലെ വലിയൊരു കൂട്ടം ജനങ്ങള്ക്ക് അദ്ധ്വാനത്തിന്റെ മൂല്ല്യത്തെപ്പറ്റി യാതൊന്നും അറിയില്ല. പാടത്തില് നെല്ല് കൃഷി ചെയ്യുമ്പോള്, വെള്ളവും ചെളിയും ഒരുക്കുന്നതും, ഞാറു നടുന്നതും, കള പറിക്കുന്നതും, ബഹുവിധങ്ങളില് ശുശ്രൂഷിക്കുന്നതും, കൊയ്യുന്നതും, ചുമക്കുന്നതു, സംഭരിക്കുന്നതും, കറ്റ ചവിട്ടി മെതിക്കുന്നതും, നെല്ല് പുഴുങ്ങുന്നതും, ഉണക്കുന്നതും, കുത്തുന്നതും, പാറ്റുന്നതും, അരിയും തവിടും ഉമിയും വേര്തിരിക്കുന്നതും, അരി പായ്ക്ക് ചെയ്യുന്നതും, അറിയാവുന്ന കുട്ടികള് അപൂര്വ്വമാണ്. അരി അഥവാ നെല്ലരി എന്നു പറയുന്നത് കടയില് പോയി കിലോയ്ക്ക് സുമാര് 20 രൂപാ കൊടുത്തു വാങ്ങുന്ന ഒരു സാധനമാണ്. രൂപ അഥവാ പണം എന്ന ഉപാധി, അരിയെ സൃഷ്ടിക്കുന്നു എന്നതുപോലെയുള്ള സമീപനവും അറിവുമാണ് ഓരോരോ വസ്തുക്കളുടെ കാര്യത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പണമെന്നത് രൂപ പോലെയുള്ള പേപ്പര് കറന്സികൾ ആകുമ്പോള് മൂല്ല്യമില്ല. പണമെന്നത് ധനം എന്ന സ്വര്ണ്ണം, കൃഷി വിഭവങ്ങള്, ഫര്ണിച്ചര് തുടങ്ങിയവ ആകുമ്പോള് മൂല്ല്യമുണ്ട്.

മണ്ണില് അദ്ധ്വാനിക്കാതെയുള്ള, ബാങ്കിംഗ് പോലെയുള്ള ജോലികള്ക്ക് പേപ്പർ കറന്സിയെപ്പോലെയുള്ള അപാകതകളുണ്ട്. മൂല്ല്യമില്ല. ജനങ്ങളുടെ പണത്തെക്കൊണ്ട് ഒരുതരം വ്യാപാരം ചെയ്യുകയാണ് ബാങ്കുകാര്. ഉയര്ന്ന വേതനങ്ങളും, ഉയര്ന്ന ആഫീസ് സൗകര്യങ്ങളും ഉണ്ടാക്കിയ ശേഷവും ബാങ്കുകള്ക്ക് അനേക കോടികള് ലാഭം ഉണ്ടാവുമ്പോള്, ഒരുപാട് മനുഷ്യര്ക്ക് നഷ്ടമുണ്ടാവുന്നുണ്ട് എന്നാണ് മനസ്സിലാക്കേണ്ടത്. ഇന്ത്യയില് അവിടെയും ഇവിടെയും ബാങ്ക് ലോണെടുത്ത അനേകം കര്ഷകര് ആത്മഹത്യ ചെയ്യുന്നത് ബാങ്കുകാര് കൊടുംഭീകരവാദികളായി പരിണമിച്ചതുകൊണ്ടാണ്. കസേരപ്പണി മാത്രം ചെയ്യുമ്പോള് മൂല്ല്യങ്ങള് അറിയാതെ പോകുന്നു. ഭൂമിയില് അദ്ധ്വാനിച്ച്, ഭൂമിയിലെ വസ്തുക്കളില് നിന്ന് ധനം ഉല്പാദിപ്പിക്കുന്ന ജോലികളിലാണ് മനുഷ്യര് ഏര്പ്പെടേണ്ടത്. മധ്യസ്ഥരെ വച്ചുള്ള പ്രവര്ത്തനങ്ങള് കൂടുന്തോറും ധര്മ്മശാസ്ത്രം അഥവാ ദൈവം അകലുന്നതാണ്. സ്രഷ്ടാവായ ദൈവത്തിനും, സൃഷ്ടിയായ മനുഷ്യനും ഇടയില് അഥവാ മഹാമാതാവായ മഹാദേവിക്കും, കുഞ്ഞായ മനുഷ്യനും ഇടയില് ഒരു പുരോഹിതന് വേണ്ടാ എന്നതുപോലെ മനുഷ്യന് തന്റെ സാമ്പത്തികാവശ്യങ്ങള് നിറവേറ്റാന് ഒരു ബാങ്ക് വേണ്ട. ചില പൊതു ആവശ്യങ്ങള് തീര്ച്ചയായും ഉണ്ട്, അത് നിവര്ത്തിക്കേണ്ടത് ഭരണകൂടം നേരിട്ടാവണം.

മധ്യസ്ഥരെ വച്ചുള്ള പ്രവര്ത്തനങ്ങൾ കൂടുന്തോറും ധര്മ്മശാസ്ത്രം അഥവാ ദൈവം അകലുന്നതാണ് എന്നതിനെ അല്പം വിശദീകരിക്കാം :

ദൈവത്തിന്റ ഖര-രൂപമാകയാല് മണ്ണിന് അഥവാ ഭൂമിയ്ക്ക് അനന്തമായ ശക്തികളാണുള്ളത്. മണ്ണിൽ അദ്ധ്വാനിക്കുമ്പോള്, അഥവാ മണ്ണുമായി ബന്ധപ്പെട്ട (ധര്മ്മശാസ്ത്രപരമായ) വ്യവസായങ്ങള് നടത്തുമ്പോള്, ഉന്നതമായ ഉല്പന്നങ്ങള് അനന്തമായി ലഭിക്കുന്നു, ധര്മ്മശാസ്ത്രപരമായിട്ട് ലഭിക്കുന്നു. ഭരണകൂടം പോലെയുള്ളവ വ്യവസായികളെ ഉപദ്രവിക്കുന്നു എന്നതാണ് യാഥാര്ത്ഥ്യം. അതു മാറ്റിവച്ച് വിഷയം തുടരുമ്പോള്, ബാങ്കിംഗ് പോലെയുള്ള ഒരു **മദ്ധ്യവര്ത്തിയുടെ വികസനമെന്നത് ഓരോരോ കാര്യങ്ങള്ക്കായി അവരെ സമീപിക്കുന്നവരെ ചൂഷണം ചെയ്താല് മാത്രമേ സാധിക്കുള്ളൂ.** ബാങ്കിന് കൂടുതല് വികസിക്കണമെങ്കില് കൂടുതല് ഇരകളെ ചൂഷണം ചെയ്യുകയോ, ഉള്ള ഇരകളെ അധികചൂഷണം ചെയ്യുകയോ വേണം. ബാങ്കുകൾ ബഹുശതം കോടിരൂപ ആദായമുണ്ടാക്കിയെന്നു പറയുമ്പോൾ ഇരകളെ കൊല്ലാതെ കൊല്ലുംവണ്ണം ചൂഷണം ചെയ്യുന്നുവെന്നാണ് അർത്ഥം.

മതപുരോഹിതന്മാരുടെയും മറ്റ് അനേകരുടെയും മധ്യസ്ഥതയും ചൂഷണം തന്നെയാണെന്ന് തിരിച്ചറിഞ്ഞ് അവരെയെല്ലാം ഒഴിവാക്കുന്നവർ ഭാഗ്യവാന്മാർ!

മുകളിൽ കൊടുത്ത കാര്യങ്ങളെ ധര്മ്മശാസ്തപരമായ പദങ്ങളെ ഉപയോഗിച്ച് ഇനി പറയാം: ഭക്ഷണം, വസ്ത്രം, പാര്പ്പിടം എന്നീ അത്യാവശ്യ ജീവിതഘടകങ്ങളുമായി ബന്ധപ്പെടാത്തതായ ഭരണകൂടം ഉള്പ്പെടെയുള്ള എല്ലാ സേവന മേഖലകളും, തൊഴില് വിഭജനത്തിലെ സമൂഹത്തിലെ ആവശ്യം വിഭാഗത്തില് പെടുന്നതിനാൽ, പ്രസ്തുത വിഭാഗങ്ങളിൽ പ്രവര്ത്തിക്കുന്നവരുടെ സാമ്പത്തിക ഉയര്ച്ച അത്യാവശ്യം എന്ന വിഭാഗത്തിൽ പ്രവര്ത്തിക്കുന്നവരായ കൃഷിക്കാർ, ഭക്ഷണ സാമഗ്രികളുടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, വസ്ത്രസാമഗ്രികളുടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, പാര്പ്പിട സാമഗ്രികളുടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, എന്നിവരുടെ സാമ്പത്തിക ഉയര്ച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അത്യാവശ്യ വിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ലാതെ സമൂഹത്തിന് വികസിക്കാനാവില്ല. അത്യാവശ്യ മേഖലകൾ ഉയരുമ്പോൾ, അക്കൂടെ മാത്രമേ ധര്മ്മശാസ്ത്രപരമായി അവര്ക്ക് ഉയരാൻ കഴിയൂ. അതല്ലാതെ ആവശ്യം വിഭാഗത്തിലുള്ള സേവന മേഖലകൾ വികസിക്കുന്നുവെങ്കില് അതിന്നര്ത്ഥം അവർ അത്യാവശ്യം വിഭാഗത്തിലുള്ളവരെ ചൂഷണം ചെയ്യുന്നുവെന്നാണ്.

അതായത് ഭരണകൂടം, ബാങ്കിംഗ്, ടെലഫോണ്, പോലീസ് തുടങ്ങിയ എല്ലാ സേവന മേഖലകളും അത്യാവശ്യ വിഭാഗങ്ങളെ ആശ്രയിച്ചാണ് തങ്ങൾ നിലകൊള്ളുന്നത് എന്നതു മറന്നും അവഗണിച്ചും തനതായ മാര്ഗ്ഗങ്ങളിലൂടെ അവരവരുടെ മേഖലകളിലെ ഉയര്ച്ചയ്ക്കായി പ്രവര്ത്തിച്ചാൽ, അത്യാവശ്യ മേഖലയ്ക്ക് ക്ഷീണമുണ്ടാകുന്നതാണ്, പ്രായേണ തകരുന്നതാണ്. **അത്യാവശ്യ മേഖല തകര്ന്നാല്, ഭക്ഷിക്കാന് ഭക്ഷണം വേണ്ടേ... ഉടുക്കാന് വസ്ത്രം വേണ്ടേ ..... താമസിക്കാന് വീടു വേണ്ടേ .... അവയ്ക്കെല്ലാം വില ഉയരും. അവയുമായി ബന്ധപ്പെട്ടവയ്ക്കെല്ലാം വില ഉയരും. പാറ, മണല്, ഇഷ്ടിക, സിമന്റ്, കമ്പി, ഇലക്ട്രിക്കല് സാധനങ്ങള്, പ്ലംബിംഗ് സാധനങ്ങള് തൊഴിലാളികളുടെ വേതനം, തുടങ്ങിയവ വീടുമായി ബന്ധപ്പെട്ട അടിസ്ഥാന വ്യവസായങ്ങള് ആണെന്നതുപോലെ, വസ്ത്രം, ഭക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് ഒരു വലിയ നിര വ്യവസായങ്ങളുണ്ട്.** അവയില് പലതിലും പിശാചിന്റെ സന്തതികളായ അധമ പരസ്യസമ്പ്രദായങ്ങള് കയറിപ്പറ്റിയിട്ടുണ്ട് എന്നത് മറ്റൊരു കാര്യമാണ്. അടിസ്ഥാന ആവശ്യങ്ങളില് തന്നെ ഭക്ഷണം കഴിഞ്ഞു മാത്രമേ മറ്റെന്തിനും സ്ഥാനമുള്ളൂ. ഭക്ഷണത്തിന് ദൗര്ലഭ്യം ഉണ്ടാകുമ്പോള്, വില ഉയരുമെന്നതു മാത്രമല്ല ദൗര്ലഭ്യം വര്ദ്ധിച്ചാൽ ഭക്ഷണമില്ലാതെ മരിക്കേണ്ടി വരും. സാധാരണ ജനങ്ങള് മാത്രമല്ല, കമ്പ്യൂട്ടറിന്റെ മുന്നിലിരുന്ന് **ചാന്ദ്രയാൻ** ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞനും, അമേരിക്കന് പ്രസിഡന്റും, ഇന്ത്യന് **പ്രധാനമന്ത്രിയുമൊക്കെ** ഭക്ഷണമില്ലാതെ മരിക്കേണ്ടിവരും .... സമൂഹത്തിലെ എല്ലാ മേഖലകളിലും വര്ത്തിക്കുന്ന കേമന്മാരെ ചുമക്കുന്നത് കൃഷിക്കാരാണ് കുഞ്ഞുങ്ങളേ.

മന്ത്രി കളിച്ചും നേതാവു കളിച്ചും ആഫീസർ കളിച്ചും കേമത്ത ചര്ച്ചകളുമായി നിങ്ങള് നടക്കുന്നത് കൃഷിക്കാരന്റെ അദ്ധ്വാനത്തിന്റെ മൂല്ല്യം കൊണ്ടാണ്. കേരളം പോലെയുള്ളവയില്, അന്യനാട്ടിലെ കൃഷിക്കാരുടെ അദ്ധ്വാന മൂല്ല്യം കൊണ്ടും !

2008-ല് അന്യസംസ്ഥാനങ്ങളില് നിന്ന് കേരളത്തിലേക്ക് അരി വരാതായപ്പോള് കേരളത്തിലെ ജനങ്ങള്ക്കുണ്ടായ വിഷമങ്ങളെ മാത്രം ചിന്തിച്ചാല് വിഷയം മനസ്സിലാകുന്നതാണ്. ഒരു സംസ്ഥാനത്തിന് ഒരു ഭരണകൂട-പദവി ഉണ്ടാവണമെങ്കില് പ്രസ്തുത സംസ്ഥാനത്തിലെ ജനങ്ങള്ക്കു വേണ്ടതായ എല്ലാ ഭക്ഷണസാധനങ്ങളും സംസ്ഥാനത്ത് ഉല്പ്പാദിപ്പിക്കാൻ കഴിയണം, പോരാ തൊട്ടടുത്തുള്ള ഏറ്റവും വലുതോ ചെറുതോ ആയ സംസ്ഥാനത്തിലെ പകുതി ജനസംഖ്യയെ പോറ്റാനുള്ള ഭക്ഷണം കൂടി അധികം ഉല്പ്പാദിപ്പിക്കണം. ക്ഷാമം വരുമ്പോള് പരസ്പരം സഹായിക്കാനാണത്. മറ്റു സംസ്ഥാനങ്ങളിൽ ഭക്ഷണസാധനങ്ങൾ അധികം ഉല്പാദിപ്പിക്കുന്നതുകൊണ്ടു മാത്രമാണ് അവര്ക്ക് കേരളം പോലെയുള്ളവയ്ക്കും ഏതൊരാള്ക്കും വില്ക്കാന് കഴിയുന്നതും കേരളത്തിലെ ജനങ്ങൾക്ക് വാങ്ങാൻ കഴിയുന്നതും. അവരുടെ പക്കൽ ഭക്ഷണസാധനങ്ങൾ അധികമായി ഇല്ലെങ്കിൽ, ... ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഇല്ലെങ്കിലോ .... അയലത്തെ രാജ്യങ്ങളിലോ മറ്റു രാജ്യങ്ങളിലോ ഇല്ലാതിരിക്കുകയോ നല്കാതിരിക്കുകയോ ചെയ്താൽ.! എല്ലാക്കാലത്തും ഭക്ഷണക്ഷാമം വരുത്തിയിരിക്കുന്ന കേരളം പോലെയുള്ളവയ്ക്ക് സംസ്ഥാന പദവി പാടില്ല, യോഗ്യതയില്ല.

ഭക്ഷണകാര്യത്തില് യോഗ്യതയുള്ള മറ്റേതെങ്കിലും സംസ്ഥാനത്തിലെ ജനങ്ങൾ കരുണ കാട്ടി കേരള രാജ്യത്തെയും കേരളത്തിലെ ജനങ്ങളെയും അവരോടു ചേര്ത്തില്ലെങ്കില്, നാടന് ഭാഷയില് പറഞ്ഞാല്, കേരളത്തിലെ ജനങ്ങളുടെ കാര്യം പോക്കാണ്, മനുഷ്യർ അന്യോന്യം ഭക്ഷിക്കുന്നതു കാണേണ്ടി വരും! വൈകാതെ മായ പ്രത്യക്ഷമാകുമ്പോള്, മഹാശക്തിയായ മഹാദേവി മഹാകരുണ കാട്ടിക്കൊണ്ട്, വിഷയത്തില് ഇടപെടുന്നതും, കേരളത്തെ ദൈവീകമായിട്ട് തമിഴ്നാടിനോടു ചേര്ക്കുന്നതുമാണ്. ആവിധ വിവരങ്ങളെ ഗ്രന്ഥത്തിലെ 2-ാം ഭാഗത്തില്, മഹാശാസ്ത്രപ്രകാരം കേരളത്തിനുള്ള പ്രത്യേകത : ദൈവത്തിന്റെ സ്വന്തം നാട് എന്ന അദ്ധ്യായത്തിലും, മഹാശാസ്ത്രപ്രകാരം തമിഴ്നാടിനുള്ള പ്രത്യേകത എന്ന അദ്ധ്യായത്തിലും വിവരിച്ചിട്ടുണ്ട്. .. വയനാട്ടിലും, ആന്ധ്രയിലും മറ്റും കൃഷിക്കാരെ കൊല്ലുന്ന ബാങ്കുകാർ, അവര് ചെയ്യുന്നതെന്താണെന്ന് അറിയുന്നില്ല. അന്യരുടെ അദ്ധ്വാനം കൊണ്ട് ചൂതുകളിക്കുന്നത് അദ്ധ്വാനമല്ല കുഞ്ഞുങ്ങളേ.

ചില പൊതുജന സാമ്പത്തിക ആവശ്യങ്ങളെ നിവര്ത്തിക്കുവാൻ ഒരു ഇടനിലക്കാരന്റെ ആവശ്യം ഇന്നത്തെ വ്യക്തികള്ക്ക് തീര്ച്ചയായും ഉണ്ട്. എന്നാല് അത് നിവര്ത്തിക്കേണ്ടത് ഭരണകൂടമാണ്, ബാങ്കുകൾ എന്ന പേരിലുള്ള തട്ടിപ്പുസംഘങ്ങളല്ല. ദൗര്ഭാഗ്യമെന്നു പറയട്ടെ, ബാങ്കുകാരെക്കാള് ഭീകരർ ആണ് ഭരണാധികാരികൾ. കൊടും ഭീകരരായ ഭരണാധികാരികളെ ആശ്രയിക്കാനാവില്ല ! അപ്പോള് പിന്നെ, ദൈവത്തെ മാത്രമേ ആശ്രയിക്കാനാവൂ. അങ്ങനെ ചെയ്യുക. വൈകാതെ മായ പ്രത്യക്ഷമാകുന്നതാണ്. മായ പ്രത്യക്ഷമാകുമ്പോള് ബാങ്കുകള്ക്കുണ്ടാകുന്ന പരിണാമത്തെപ്പറ്റി പറയാം.

(1) വ്യക്തികള് തങ്ങളുടെ സമ്പത്തിനെ, സ്വര്ണ്ണ നാണയങ്ങളായും വെള്ളി നാണയങ്ങളായും ചെമ്പു നാണയങ്ങളായും ഭവനങ്ങളില് സൂക്ഷിക്കുന്നു. വ്യക്തികള് തമ്മിലുള്ള അടുപ്പം വര്ദ്ധിക്കുന്നതാണ്. (ഇന്നത്തെ ബാങ്കുകൾ നിമിത്തം വ്യക്തികള്ക്ക് പരസ്പരമുള്ള വിശ്വാസത്തിന് കടുത്ത ചോര്ച്ച ഉണ്ടായിരിക്കുകയാണ്, വ്യക്തികള് അന്യോന്യം സഹായിച്ചും സഹകരിച്ചും ജീവിക്കുന്ന അവസ്ഥ മാറിയിരിക്കുന്നു, ദുസ്വാര്ത്ഥം നിമിത്തം സ്വന്തം കാര്യം സിന്ദാബാദ് എന്നായിരിക്കുന്നു. കൂടാതെ പൊങ്ങച്ചക്കാരും കാപട്യക്കാരുമായിരിക്കുന്നു. കൂടുതൽ വിസ്തരിക്കുന്നില്ല.). അവനവന്റെ പണം അവനവനാണ് സൂക്ഷിക്കേണ്ടത്. മദ്ധ്യസ്ഥനല്ല. ഇടയ്ക്ക് തങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ പണം കണ്ട് ഒന്നു സന്തോഷിക്കുക. കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾക്ക് / ധർമ്മശാസ്ത്രപരമായി വിനിയോഗിക്കാൻ കഴിഞ്ഞേക്കും.

(2) വ്യക്തികള്ക്ക് കൂട്ടുസംരംഭങ്ങളെ നടത്താൻ എളുപ്പമാകുന്നു. ദൈവീകത്വം ഉള്ളവര് അധികപ്പണം കൊണ്ട് ഒറ്റയ്ക്കോ കൂട്ടായോ സംരംഭങ്ങള് തുടങ്ങും. അവര്ക്കും പുതിയ തലമുറയ്ക്കും അത് ഗുണവും ചെയ്യും. കള്ളന്മാരെ ഭയക്കുന്നില്ല. അവര്ക്ക് പലിശയും വേണ്ട.

(3) അധികപ്പണം സൂക്ഷിക്കുന്നവര്ക്ക് ഉറക്കം കുറയുന്നു. കള്ളന്മാരെ ഭയക്കുന്നു. അങ്ങനെ വേണം. അപ്പോള് കൂട്ടുകുടുംബത്തിന്റെ ആവശ്യകതയും ശക്തിപ്പെടുന്നതാണ്. ദൈവീകമായ സാമ്പത്തികശാസ്ത്രത്തെപ്പറ്റി ചിന്തിക്കാനും തിരുത്താനും ന്യൂനശക്തികളെ ദൈവം സൃഷ്ടിച്ചിരിക്കുകയാണ്, മനുഷ്യരുടെ നല്ലതിനു വേണ്ടിക്കൂടിയാണത്.

(4) അധികപ്പണം സൂക്ഷിക്കുവാൻ ഭരണാധികാരിയെ സമീപിക്കാനാവുന്നു. ജനങ്ങളുടെ അധികപ്പണം സൂക്ഷിക്കുന്ന ഭരണാധികാരി അതിലെ ഒരോഹരി കൊണ്ട് ഉന്നതങ്ങളായ പൊതുജനസേവനങ്ങളെ ജനങ്ങള്ക്ക് ചെയ്യുന്നു, സേവനത്തിന് ന്യായമായ വേതനം മാത്രം വാങ്ങിക്കൊണ്ട്. ഉദാ: റെയില്വെ. കേരളം പോലെയുള്ള സംസ്ഥാനങ്ങളിലെ ഭരണാധികാരികൾ കേന്ദ്രം എന്നൊരു കൂടത്തിനു മുമ്പിൽ തെണ്ടികളായി നടക്കുന്ന അവസ്ഥ ലജ്ജാകരമാണ്. അവനവന്റെ വീട്ടില് ടിവി വാങ്ങുന്നതും കട്ടില് വാങ്ങുന്നതും സ്വകാര്യ ആവശ്യങ്ങളാണെന്നതുപോലെ, കേരളത്തില് റെയില്വെ അധികമായി ആവശ്യമുണ്ടെങ്കില് അതിനുള്ള വിഭവം സ്വയം കണ്ടെത്തണം. എംഎൽഎ-മാരെന്നും എംപി-മാരെന്നും സംസ്ഥാന-മന്ത്രിമാരെന്നും ഒക്കെ പേരുള്ള ഭരണാധികാരികൾ കേന്ദ്ര-ഭരണകൂടം എന്നൊരു കൂടത്തിനു മുമ്പിൽ തെണ്ടികളായി നടക്കരുത്.

(5) വ്യക്തികളുടെ മരണത്തോടെ, വ്യക്തികളുടെ പക്കലുള്ള ദൈവത്തിന്റെ സമ്പത്ത് തിരിച്ചു നല്കുന്ന കാര്യത്തില്, ധര്മ്മശാസ്ത്രപരമായ ഭരണകൂടത്തെ അധികപ്പണം ഏല്പ്പിക്കുന്ന സമ്പ്രദായം, വ്യക്തിക്കും ഭരണകൂടത്തിനും പൊതുസമൂഹത്തിനും ധര്മ്മശാസ്ത്രപരമായിട്ട് വളരെയധികം ഗുണംചെയ്യുന്നതാണ്.

.... (6) ബാങ്കുകളെ പിരിച്ചുവിടുകയും, താല്ക്കാലികമായി മാത്രമുള്ള ഏതാനും ബാങ്കിംഗ് ആവശ്യങ്ങളെ ഭരണകൂടം നിവര്ത്തിക്കുന്നതുമാണ്. കുടുതല് വിസ്തരിക്കുന്നില്ല.

ലോട്ടറിയെപ്പറ്റി പറയുമ്പോൾ, ഏറ്റവും അധമമാണ്. ഭരണകൂടങ്ങൾ വരെ ലോട്ടറി - നടത്തിപ്പുകാരായിരിക്കുന്നു ! അദ്ധ്വാനത്തിന്റെ മൂല്ല്യത്തെപ്പറ്റി അറിയാത്ത വിവരദോഷികൾ ഭരണാധികാരികളായാൽ ലോട്ടറിയും, മദ്യവ്യാപാരവും ഒക്കെയുണ്ടാവും.

(16) ഇൻഷ്വറൻസ്

ദൈവത്തെ വിശ്വസിക്കുന്നവൻ ഇന്ഷ്വറന്സ് പദ്ധതിയില് ചേരില്ല. സ്രഷ്ടാവിന് ഓരോ സൃഷ്ടിയെപ്പറ്റിയും പദ്ധതികളുണ്ട്. അങ്ങനെയിരിക്കെ ഇന്ഷ്വറന്സ് പദ്ധതികൾ കടുത്ത ദൈവനിന്ദയാണ്. അത് അനുവദിച്ചിരിക്കുന്ന ഭരണാധികാരികൾ കൊടും ഭീകരരുമാണ്. ഒരാവശ്യവുമല്ലാത്ത പേപ്പർ വര്ക്കുകളിലൂടെ ജനങ്ങളുടെ പണം തട്ടിയെടുത്ത് വലിയൊരു സംഘം അഭ്യസ്തവിദ്യരായ വിവരദോഷികൾ ജീവിക്കുന്നു. ... മണ്ണില് അദ്ധ്വാനിച്ചു പഠിക്കുവിൻ.

നാട്ടില് അപകടങ്ങള് ഉണ്ടാകുമ്പോള്, അപകടത്തില് പെടുന്നവര്ക്കും ആശ്രിതര്ക്കും ധനസഹായവും വൈദ്യസഹായവും എത്തിക്കുക എന്നത് സമൂഹത്തിന്റെ പൊതു ആവശ്യമാണ്. അത്തരം പൊതു ആവശ്യങ്ങള് നിറവേറ്റാനുള്ളതാണ് ഭരണകൂടം. അതായത് അപകടത്തിലും മറ്റും പെട്ട് ശാരീരിക അവശതകളും മരണവും ഒക്കെ സംഭവിക്കുമ്പോള് പ്രാദേശിക ഭരണകൂടം ഇടപെടുകയും അപകടത്തില് പെട്ടവരെയും ആശ്രിതരെയും ധര്മ്മശാസ്ത്രപരമായി സഹായിക്കുകയും വേണം.

അതിന്റെ പേരില് അധമസ്ഥാപനങ്ങള് രൂപംകൊണ്ടപ്പോള്, അവയെ തടയാന് കഴിയാഞ്ഞതും, അധമത്തങ്ങളെ മനസ്സിലാക്കാതെ ഭരണകൂടം പ്രവര്ത്തിക്കുന്നതും ഭരണകൂടം കൊടുംഭീകരവാദികളായതുകൊണ്ടാണ്. പൊതുകാര്യങ്ങള് ചെയ്യാന് വയ്യാത്തവരും കഴിവില്ലാത്തവരും ഭരണാധികാരികളായി തുടരരുത്. ധര്മ്മശാസ്ത്രം പ്രകാരമുള്ള യോഗ്യതകള് ഇല്ലാത്തവര് ഭൂമിയിലെങ്ങും ഭരണാധികാരികള് ആയിരിക്കുകയാണ് .! വിസ്തരിക്കുന്നില്ല.

(17) ഓഹരികൾ

ഏതൊരു പ്രസ്ഥാനവും ധര്മ്മശാസ്ത്രപരമാവണം. ദൈവത്തിന്റെ ഖരരൂപവും നീതിരൂപവുമായ മണ്ണില് നിന്നും ധനം ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാവണം. കൃഷി, നെയ്ത്ത്, കൂടാതെ യന്ത്രങ്ങളെല്ലാം മണ്ണിന്റെ ഭാഗമായി വരുന്നതാണ് എന്നറിയുക. ബാങ്കുകളിലും മറ്റുമുള്ള പേപ്പര് വര്ക്കുകള് അധമം ആണെന്നറിയിച്ചുവല്ലോ. ഒരു പ്രസ്ഥാനത്തിലെ പങ്കാളികള് പരസ്പരം അറിയണം. ഒരു പ്രസ്ഥാനത്തില് പങ്കാളികളാകുന്നവര്ക്ക് ശാസ്ത്രീയമായ പരിധി ഉണ്ട്. ദൈവം അനുവദിച്ചിട്ടുള്ളത് ഒരു കൈയ്യിലെ വിരലുകളുടെ എണ്ണമായ 5 ആണ്. വളരെ വലിയ പ്രസ്ഥാനങ്ങള്ക്ക് 100 വരെയാകാം. മഹാപ്രപഞ്ചത്തിലെ അനവധി കാര്യങ്ങള്ക്കും സ്വീകരിച്ചിട്ടുള്ള പരമാവധിയായ 100 പേരിൽ കവിയരുത്. അതിലും അധികം ആകുമ്പോൾ **ധർമ്മശാസ്ത്രം** അകലുകയാണ്. **ഓഹരി ഉടമകൾ പ്രസ്ഥാനത്തിന്റെ യഥാര്ത്ഥ പ്രവര്ത്തകൾ തന്നെയാവണം, അഥവാ പ്രസ്ഥാനത്തെ നയിക്കുന്നവർ തന്നെയാകണം. അങ്ങനെയല്ലാതെയുള്ള ഇന്നത്തെ രീതികള് അധമമാണ്. ചൂതുകളിക്ക് സമാനവുമാണ്.**

അനേകായിരം ഓഹരികളുള്ള ഇന്ത്യയിലെ ഒരു സ്ഥാപനത്തെത്തന്നെ ഉദാഹരണമായി എടുത്താല്, ഓഹരി ഉടമകളുടെ ഉന്നം ലാഭം മാത്രമാണ്. ധര്മ്മശാസ്ത്രം വിഷയമല്ലാതെ വരുന്നു.

ഇനി നൂറിലധികം തൊഴിലാളികളുള്ള ഒരു വ്യവസായ സ്ഥാപനത്തിന്റെയോ വാണിജ്യ സ്ഥാപനത്തിന്റെയോ കാര്യമെടുത്താല്, അതിന്റെ മുതലാളിക്ക് തന്റെ സ്ഥാപനത്തിലെ പല തൊഴിലാളികളെയും അറിയുകപോലുമില്ല. അനേക ശതം തൊഴിലാളികളുള്ള വലിയൊരു സ്ഥാപനത്തിന്റെ കാര്യത്തെ കുറിക്കുമ്പോള്, മുതലാളിക്ക് തന്റെ സ്ഥാപനത്തിലെ തൊഴിലാളികളിലെ ഏതാനും മാനേജര്മാരെ മാത്രമേ അറിയൂ എന്നതുപോലെ അനേകം തൊഴിലാളികള്ക്ക് തങ്ങളുടെ മുതലാളിയെ അറിയാമായിരിക്കില്ല; കണ്ടിട്ടുപോലുമുണ്ടാവില്ല. ഇത്തരം അധമ അവസ്ഥകള്ക്കു കാരണമായിട്ടുള്ളത് ദൈവീകമായ സാമ്പത്തികശാസ്ത്രം പുലരാത്തതുകൊണ്ടാണ്. പൊതുജനങ്ങളുടെ പൊതുആവശ്യങ്ങള് നിറവേറ്റേണ്ടത് ഭരണകൂടത്തിന്റെ സംവിധാനത്തിലൂടെ തന്നെയാവണം. വിസ്തരിക്കുന്നില്ല.

(18) സംഹാരവും സമ്പത്തും

ഭൂമിയിൽ സംഹാരം പുരോഗമിക്കുമ്പോള്, ജനങ്ങളുടെ എണ്ണം കുറയുന്നതും സ്വര്ണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ ജീര്ണ്ണിക്കാത്തതായ സമ്പത്തുകൾ കുമിഞ്ഞുകൂടുന്നതുമാണ്. അദ്ധ്വാന മൂല്ല്യത്തിനു പകരം നില്ക്കാൻ അവ പറ്റാതെ വരും. അപ്പോൾ ചരിത്രത്തില് കാണുമ്പോലെ, ജനങ്ങള് വസ്തുക്കളും സാമാനങ്ങളും വെച്ചുമാറുന്നതായ രീതി പുനഃസ്ഥാപിക്കപ്പെടുന്നതുമാണ്. കൂടുതൽ വിസ്തരിക്കുന്നില്ല. ചുവടെ ഭാഗം 6-ലെ സംഹാരം പഠിക്കുക.

(19) സാമ്പത്തികശാസ്ത്രവും, ന്യൂനശക്തികളും

ന്യൂനശക്തികളെ വ്യത്യസ്ത തലങ്ങളില് വിവരിക്കുന്ന അദ്ധ്യായങ്ങള് ഗ്രന്ഥത്തിലുള്ളത് ഒരാവര്ത്തി കൂടി വായിക്കുകയോ സ്മരിക്കുകയോ ചെയ്താല് ചുവടെയുള്ള ഭാഗം എളുപ്പമായി.

മനുഷ്യന് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കുന്നതിന്നായും, മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികള്ക്കും ആനന്ദകരമായി ജീവിക്കുന്നതിനുവേണ്ടിയും, വൈവിധ്യങ്ങളായ ആനന്ദങ്ങളെ (നീതിയെ) അനുഭവിക്കാനായും ആനന്ദങ്ങള്ക്ക് അളവുകള് നിശ്ചയിക്കാനായും മഹാസത്യമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കാര്യങ്ങളിലെല്ലാം ന്യൂനശക്തികളെ അഥവാ വിരുദ്ധശക്തികളെക്കൂടി ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തില് ന്യൂനശക്തികളെ ഉള്ക്കൊള്ളുന്ന ശാസ്ത്രം ഉള്പ്പെട്ടിരിക്കുന്നു. ജീവികളുടെ ശരീരം ഉള്പ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്രപ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചില്-ചിരി, തുടങ്ങിയ അധികാവസ്ഥയും ന്യൂനാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

കള്ളനും കൊള്ളക്കാരനും

സമൂഹത്തിൽ (ദൈവീകമായ) സാമ്പത്തികശാസ്ത്രം നടപ്പാവുമ്പോള്, കള്ളവുമില്ല ചതിയുമില്ല, എള്ളോളമില്ല പൊളിവചനം എന്ന അവസ്ഥ ഉണ്ടാകുന്നതാണ്. ജനജീവിതം വളരെ സന്തുഷ്ടമായിരിക്കും. എന്നാല് സാമ്പത്തികശാസ്ത്രത്തെ അവമതിക്കുകയും ജനങ്ങളില് സാമ്പത്തിക അസമത്വം ഉണ്ടാവുകയും ചെയ്യുമ്പോള്, ക്രമാനുഗതമായി മഹാപ്രപഞ്ചത്തിലെ വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ന്യൂനശക്തികൾ പ്രവര്ത്തിക്കുന്നതാണ്. അതിന്റെ ഫലമായി കള്ളനും കള്ളിയും, കൊള്ളക്കാരനും കൊള്ളക്കാരിയും ഉണ്ടാകുന്നതാണ്. കള്ളനും കള്ളിയും തങ്ങള്ക്കുവേണ്ടി മാത്രം മോഷ്ടിക്കുന്നവരാണ്. അവര് അതു ചെയ്യുന്നത് ഒളിച്ചും പതുങ്ങിയുമാണ്. കൊള്ളക്കാര് തങ്ങള് ഉള്പ്പെടെയുള്ള പാവങ്ങള്ക്കുവേണ്ടിയോ, തങ്ങള്ക്ക് ശരിയെന്നു തോന്നുന്നതായ സ്വാര്ത്ഥങ്ങള്ക്കുവേണ്ടിയോ പരസ്യമായി സമ്പത്ത് പിടിച്ചെടുക്കുന്നവരാണ്. സമ്പത്തെന്നു പറയുമ്പോള് അത് ആനന്ദങ്ങളെ നല്കുന്ന ഏതുതരത്തിലുള്ള സമ്പത്തുമാവാം. പരസ്യമായി

ചെയ്യുകയാല് കൊള്ളക്കാര് ആയുധങ്ങളും ഉപയോഗിക്കുന്നതാണ്. എതിര്ക്കാന് വരുന്നവരെ അമര്ച്ച ചെയ്യാന് അവര്ക്ക് അതാവശ്യമാണ്. എതിരാളികളെ അവര് വധിച്ചെന്നും വരും. എതിരാളികളെ ക്രൂരമായി കൊല്ലുന്നതില് ആനന്ദം അനുഭവിക്കുന്ന അതിനീചരായ കൊള്ളക്കാരുമുണ്ട്. പാവപ്പെട്ടവരായ അനേകര്ക്ക് ചില കൊള്ളക്കാര് ദൈവത്തെപ്പോലെ സഹായികളായി മാറുന്നു. നാട്ടിലെ രാജാവ് ചെയ്യേണ്ടിയിരുന്നതായ സഹായങ്ങളെ രാജാവ് ചെയ്യാതിരിക്കുകയും, ആവശ്യപ്പെടാതെ തന്നെ കൊള്ളക്കാർ ചെയ്യുകയുമാവുമ്പോള് അവരെ സംബന്ധിച്ച് രാജാവ് അധമനാണ്, സത്യമായ വസ്തുതയാണ്. വിഷയത്തിന്റെ പ്രത്യേക അംശത്തില് അത് ശരിയാണ്. അതുപോലെ അനേകം അംശങ്ങളില് രാജാവ് പിഴയ്ക്കുകയും, കൊള്ളക്കാർ യോഗ്യരാവുകയും ചെയ്യുമ്പോൾ, ഭരണാധികാരിയായ കൊടും ഭീകരവാദിയെ മാറ്റിക്കൊണ്ട് ഭീകരവാദിയായ കൊള്ളക്കാരുടെ നേതാവിനെ ഭരണാധികാരിയാക്കുന്നതു തന്നെയാണ് തമ്മിൽ മെച്ചം.

വസ്തുക്കളിലെ ന്യൂനശക്തികൾ സൃഷ്ടിക്കുന്നതായ തിരുത്തൽ ശക്തികളാണ് കൊള്ളക്കാർ. ആകയാൽ സമൂഹത്തില് കള്ളനും കൊള്ളക്കാരും ഉണ്ടായാൽ, അതിന്റെയര്ത്ഥം ഭരണകൂടം പിഴച്ചു തുടങ്ങിയിരിക്കുന്നു എന്നാണ്.

ന്യൂനശക്തികൾ സൃഷ്ടിക്കുന്ന മറ്റൊരു കൂട്ടം ജനവിഭാഗങ്ങളുണ്ട്. കാവല്ക്കാർ ഉള്പ്പെടെയുള്ള വീട്ടുവേലക്കാർ ! അനേകര്ക്ക് അവരില്ലാതെ പറ്റില്ലെന്നായിട്ടുണ്ട്.

വേലക്കാർ എന്ന പേരിൽ സമൂഹത്തിലെ ഒരു കൂട്ടരെ തരം താഴ്ത്തുന്ന അവസ്ഥ അത്യാവശ്യമായിട്ടുള്ളത് കൂട്ടുകുടുംബങ്ങളുടെ മഹാ-ശ്രേഷ്ഠതയെ ഒഴിവാക്കിക്കൊണ്ട് അണുകുടുംബത്തിന്റെ ശ്രേഷ്ഠതയെ സ്വീകരിക്കുന്നതുകൊണ്ടാണ്. വിസ്തരിക്കുന്നില്ല. മനുഷ്യർ അന്യോന്യം സഹായിക്കുക എന്നതിനപ്പുറം ഒരാൾ മറ്റൊരാളുടെ ദാസ്യരാവുന്നത് ദൈവീകമല്ല. **അതേ സമയം, ഭരണകാര്യാലയങ്ങളിൽ പ്രവര്ത്തിക്കുന്നവരായ രാജാവ് ഉള്പ്പെടെയുള്ളവർ ജനങ്ങളുടെ ദാസരാണ്. പൊതുജനങ്ങൾ പരാതിയുമായി സഭയിലെത്തിയാൽ, രാജാവിന്റെ യജമാനന്മാർ കൂടിയായ പൊതുജനങ്ങളെ ആദ്യം എഴുന്നേറ്റ് ബഹുമാനിക്കുവാനും മുന്തിയ ഇരിപ്പിടം നല്കാനും രാജാവും മന്ത്രിമാരും ഉള്പ്പെടെയുള്ളവർ ബാദ്ധ്യസ്ഥരാണ്. അതുപോലെ രാജമന്ദിരത്തിൽ നീതിന്യായ വിചാരണ നടത്തുമ്പോള്, രാജാവും മന്ത്രിമാരും സ്നേഹമുള്ള യജമാനരും ദാസരുമാവണം.**

ന്യൂനശക്തികളെ സൃഷ്ടിച്ചുകൊണ്ട്, ധര്മ്മശാസ്ത്രത്തെ സംരക്ഷിക്കുന്നതായ മഹാശക്തിയുടെ മഹാസംവിധാനത്തില് കുറ്റങ്ങള് കണ്ടെത്താന് കഴിയുന്നവരുണ്ടെങ്കില്, ഈ ഗ്രന്ഥം സശ്രദ്ധം പഠിക്കാത്തതിന്റെ തകരാറാണ് ; അല്ലെന്നാല് നിങ്ങള് ഒട്ടും യോഗ്യരല്ലാ എന്ന് ന്യൂനശക്തികളിലൂടെ ദൈവം നിങ്ങളെ അറിയിക്കുന്നു എന്നാണര്ത്ഥം.

(20) സാമ്പത്തികശാസ്ത്രം അടുത്ത സൃഷ്ടിചക്രത്തിൽ

പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോള് മായ അഥവാ ദൈവ സാന്നിദ്ധ്യം വീണ്ടും അപ്രത്യക്ഷമാകുന്നതാണ്. പുതിയ കുഞ്ഞുങ്ങള് വീണ്ടും മഹാപ്രപഞ്ചത്തിന്റെ ഭൗതിക ശാസ്ത്രത്തെയും, ദൈവത്തെയും അന്വേഷിക്കും. സാമ്പത്തിക ശാസ്ത്രവും ജീവികളുടെ കൈമാറ്റത്തില് നിന്ന് കുറേശ്ശെയായി വികസിച്ചുവരുന്നതാണ്. എന്നാല് യാതൊരു ന്യൂനശക്തികളും പൈ (3.14..) എന്ന മഹാശാസ്ത്ര പരിധി മേലിൽ കടക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണത്തിൽ നിന്ന് ദേവതകളെ ഒഴിവാക്കി ക്കൊണ്ട്, സമ്പൂർണ്ണമായും സ്വയം ഏറ്റെടുത്തു കഴിഞ്ഞു .....

ദൈവീകമായ സാമ്പത്തികശാസ്ത്രത്തിന്റെ വിശ്വരൂപം മനസ്സിലാക്കാനായാല് ഇന്നത്തെ സാമ്പത്തികശാസ്ത്രജ്ഞര് മഹത്വം ദൈവത്തിനു മാത്രം എന്ന് ഉച്ചത്തിൽ ആരാധിക്കാൻ ഒരുമ്പെട്ടെന്നു വരും; അറിയുക: യോഗ്യത നേടാതെ ആരാധിക്കാൻ അവകാശമില്ല, മറിച്ച് ചെയ്താൽ അതിനു ശിക്ഷയുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 80)

സാമ്പത്തികശാസ്ത്രം : ആത്മീയ സാക്ഷാത്ക്കാരത്തിൽ

ആത്മീയ സാക്ഷാത്ക്കാരത്തില്, നീതിയുടെ രൂപമായ മണ്ണില്ല. നീതികാര്യങ്ങള് കഴിഞ്ഞ് യോഗ്യത നേടിക്കഴിഞ്ഞവരാണ്. ദൈവീകമായി പറയുമ്പോള്, ദൈവം മഹാഅനുഗ്രഹിച്ച് വ്യത്യസ്തമായ ആനന്ദങ്ങളെ അനന്തമായി ആസ്വദിച്ചു ജീവിക്കാനുള്ള മഹാഭാഗ്യം ലഭിച്ചു ജീവിക്കുന്നവരാണ്.

മണ്ണിൽ വച്ച് അഥവാ ഭൂമിയില് വച്ച് മണ്ണിനെ ശരീരമാക്കിക്കൊണ്ട് ജീവിക്കുവാനും അനന്തങ്ങളായ സുഖങ്ങളെ മനസ്സിലാക്കാനും പരബ്രഹ്മാനന്ദം എന്ന ആത്മീയസാക്ഷാത്ക്കാരം നേടിയ മനുഷ്യര്ക്കു കഴിഞ്ഞിട്ടുണ്ട്. മറ്റുള്ള ജീവികളായിരിക്കെ; ഭക്ഷണം സമ്പാദിക്കുക, ഭക്ഷിക്കുക, വിസര്ജ്ജിക്കുക, ഉറങ്ങുക, കളിക്കുക, രതിക്രീഢ നടത്തുക, തുടങ്ങിയ ഏതാനും കാര്യങ്ങളില് മാത്രം ഒതുങ്ങുന്ന ജീവിതവും ആനന്ദങ്ങളുമാണ് ഒരു ആത്മാവിന് അഥവാ വ്യക്തിക്ക് അനുഭവിക്കാന് കഴിയുക. മനുഷ്യാവസ്ഥയിലാണ് അനന്തങ്ങളായ സുഖങ്ങളെ അറിയുന്നതും ആസ്വദിക്കുന്നതും. അനന്തങ്ങളായ സുഖങ്ങളെ ആത്മീയസാക്ഷാത്ക്കാരത്തില് തുടര്ന്ന് ആസ്വദിക്കുവാന് അവര്ക്ക് ശരീരം വേണ്ടായെന്നത് ദൈവീകമായ അവസ്ഥയാണ്. ബ്രഹ്മാവസ്ഥയാണ്. ആഗ്രഹിക്കുന്ന സുഖങ്ങളെ അനുഭവിക്കുന്ന അവസ്ഥ. സത്യാവസ്ഥയുടെ രൂപം വാതകമാണ്. സത്യരൂപം = വാതകരൂപം, ധര്മ്മരൂപം =

ദ്രാവകരൂപം, നീതിരൂപം = ഖരരൂപം എന്ന അദ്ധ്യായത്തില് വിസ്തരിച്ചിട്ടുണ്ട്. ആഗ്രഹിക്കുന്ന ആനന്ദങ്ങളെ സൃഷ്ടിക്കാനും അനുഭവിക്കാനും കഴിയുമ്പോള്, മഹാ-ആനന്ദ അവസ്ഥയാണ്. ഭൂമിയിലെ സാമ്പത്തികശാസ്ത്രം സത്യാവസ്ഥയിൽ ആവശ്യമാകുന്നില്ല.

ഒരാള്ക്ക് ഏറ്റവും വലിയ ആനന്ദം നല്കുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത് എന്നതും, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നതും പരബ്രഹ്മാനന്ദം എന്ന ആത്മീയസാക്ഷാത്ക്കാരത്തിൽ പുതിയ മാനത്തോടെയാണ് വര്ത്തിക്കുന്നത്. ഏക ജീവിയെ ഭൂമിയില് വച്ച് സ്ത്രീയും പുരുഷനുമായി വിഭജിച്ചുവെങ്കില്, ആത്മീയ സാക്ഷാത്ക്കാരത്തില് അവരെ വീണ്ടും ഒന്നിപ്പിക്കുന്നു. സ്ത്രീയും പുരുഷനുമായി സ്വയം രണ്ടായി വിഭജിച്ചുകൊണ്ട് പരമാനന്ദമായ കാമാനന്ദത്തെ തങ്ങളെത്തന്നെ മറന്ന് ആസ്വദിക്കുവാനും ആത്മീയ സാക്ഷാത്ക്കാരത്തിൽ കഴിയുന്നുണ്ട്. നക്ഷത്രത്തിലെ ഹൈഡ്രജൻ-ഹീലിയം ബന്ധത്തെ മുമ്പ് ഹ്വസ്വമായി വിശദീകരിച്ചിരുന്നു.

ജീവിക്കാൻ പണം വേണം, എന്നാൽ പണത്തിനു വേണ്ടി ജീവിക്കരുത് എന്നു പറയുമ്പോള് പണം അനവധി സുഖങ്ങളെ നേടിത്തരുന്ന മാധ്യമം ആകയാൽ, **ഭൂമിയിലെ** ജീവിതത്തില് പണത്തിന് അഥവാ **സമ്പത്തിന്** തീര്ച്ചയായും വലിയ **പ്രാധാന്യമുണ്ട്. എന്നാൽ**,

ആത്മീയ സാക്ഷാത്ക്കാരത്തിൽ, സാമ്പത്തികശാസ്ത്രം ഉള്പ്പെടെയുള്ള എല്ലാ ശാസ്ത്രങ്ങളും അപ്രത്യക്ഷമാകുകയാണ്. അവിടെ ഒരു ശാസ്ത്രമേയുള്ളൂ ആനന്ദശാസ്ത്രം.

ആനന്ദത്തിന്റെ ഭാഗമായിട്ട് മഹാദേവീ ദര്ശനം അവര് ആഗ്രഹിച്ചാല്, നീതി വിഷയമാകുന്നതാണ്. അപ്പോള് അവര് നീതിരൂപമായ, ഖരരൂപമായ, മണ്ണിലേക്ക് അഥവാ ഭൂമിയിലേക്ക് വരേണ്ടതുണ്ട്. മണ്ണില്, മണ്ണിന്റെ മഹാശാസ്ത്രം അനുസരിച്ചു മാത്രമാണ് നീതിയും മഹാനീതിയും ലഭിക്കുക. അവരുടെയും ഏവരുടെയും സ്രഷ്ടാവും മഹാപിതാവും മഹാമാതാവുമായ മഹാദേവിയെ ദര്ശിക്കുവാനും മഹാവാത്സല്യം നുകരാനും, മഹാദേവി നിശ്ചയിക്കുന്നതായ മനുഷ്യജന്മങ്ങള് എടുക്കേണ്ടതായി വരും, പശു-കാള ജന്മങ്ങളും. മാത്രമല്ല, ഏകജീവിയായവര് വീണ്ടും സ്ത്രീയും പുരുഷനുമായി വിഘടിക്കപ്പെടുന്നതുമാണ്. സ്ത്രീ-ഭാഗത്തെ പവിത്രയായി അപ്പോഴും മഹാദേവി സംരക്ഷിക്കുന്നതുമാണ്. ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.

മഹാദേവിയെ കുഞ്ഞായിട്ട് ലഭിക്കാൻ ആഗ്രഹിക്കുന്നവര്ക്ക് മത്സ്യം മുതല് വീണ്ടും ജീവി-ജീവിതം ആരംഭിക്കേണ്ടതുണ്ട്. മഹാപ്രപഞ്ചത്തിലെ ജീവിതത്തെ മഹത്തരമായി മനസ്സിലാക്കിയ അവര്ക്ക് അത് വിഷയമാകുന്നില്ല. എന്നാല് പരമാനന്ദങ്ങളെ മാറ്റിവച്ച് മഹാദേവിയെ കുഞ്ഞായി ലഭിക്കുവാൻ ആഗ്രഹിക്കുന്നത് മഹാ-വിശിഷ്ഠത തന്നെയാണ്. അങ്ങനെയുള്ളവരെ മഹാദേവി നിരാശപ്പെടുത്തില്ല. എന്നാൽ അത് പ്രോത്സാഹിപ്പിക്കില്ല. ഭക്തി-ഭ്രാന്ത് അനാവശ്യമാണ്. മഹാദേവിക്ക് മാത്രം മഹത്വം എന്ന് മനുഷ്യര് ആരാധിച്ചതുകൊണ്ട് ആനന്ദിക്കുന്ന ഒന്നല്ല മഹാദേവി. അടിസ്ഥാനപരമായിട്ട് മഹാദേവി ജീവിയല്ല, അനന്ത മഹാശാസ്ത്രവും അനന്തമഹാശക്തികളും ചേര്ന്നതായ, വിശദീകരണങ്ങള്ക്ക് അതീതമായ മഹാശക്തി മാത്രമാണ്.

ആത്മീയസാക്ഷാത്ക്കാരത്തില് നിന്നും മടങ്ങി വീണ്ടും ഭൂമിയിലെ കാര്യങ്ങളിലേക്കു വരാം :-

സാമ്പത്തികശാസ്ത്രവും സാമ്പത്തിക കാര്യങ്ങളും പരമ പ്രധാനമാണ്. മനുഷ്യന്റെ ജീവിത-ആനന്ദങ്ങളെ ദൈവം മഹാരീതികളിലാണ് സമ്പത്തുമായി കൂട്ടിയിണക്കിയിട്ടുള്ളത്.

മനുഷ്യര്ക്ക് ഭൂമിയിലെ വസ്തുക്കളില് അവകാശം ഉന്നയിക്കാനുള്ള അധികാരം ദൈവം തന്നെ മനുഷ്യര്ക്ക് നല്കുന്നത് എങ്ങനെയെന്നും വിസ്തരിച്ചുവല്ലോ. ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള സാമ്പത്തികശാസ്ത്ര പാഠങ്ങളെ അനുസരിച്ചു ജീവിക്കാതെ യാതൊരാള്ക്കും മുന്നോട്ടു പോകാന് കഴിയില്ല. ദൈവം നല്കുന്ന സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ, 100 ജന്മങ്ങളിലായിട്ട്, സ്ഥിതിപരമായ വിധിയെയും ചേര്ത്ത് ചിട്ടപ്പെടുത്തുന്ന ജന്മഗുണങ്ങളിലൂടെ ദൈവം നിയന്ത്രിക്കുന്നുണ്ട് എന്നു മനസ്സിലാക്കുമ്പോള്, തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും ഭൂമിയില് എല്ലാ ആനന്ദങ്ങളും ലഭ്യമാക്കുന്നതോടൊപ്പം, ഭൂമിയില് വച്ചും സമനീതി നല്കുന്നുണ്ട് എന്നുകൂടി തെളിയുന്നു...

ദൈവത്തിന്റെ സമ്പത്താണ് ഭൂമിയെന്നും, പരമമായി ദൈവത്തിന്റെ സമ്പത്തായിത്തന്നെ തുടരുമെന്നും, ജനിച്ചും ജീവിച്ചും മരിച്ചും പുനര്ജ്ജനിച്ചും പുനര്ജ്ജീവിച്ചും പരബ്രഹ്മാനന്ദത്തിലേക്കു പ്രവേശിക്കുന്നതോടെ മനുഷ്യന് സമ്പത്തോ, സാമ്പത്തികശാസ്ത്രമോ ഒട്ടും വിഷയമല്ലാതെ വരുമെന്നും തെളിഞ്ഞുകഴിഞ്ഞു. അനേകര് സാമ്പത്തിക ദാരിദ്ര്യത്തില്പെട്ടു ജീവിക്കുന്നതിന് ഭരണാധികാരികളും മതപുരോഹിതന്മാരും ഉള്പ്പെടെയുള്ളവരുടെ അറിഞ്ഞും അറിയാതെയുമുള്ള കൊടുംഭീകരപ്രവര്ത്തനങ്ങള് കാരണമാകുന്നുവെന്നും കണ്ടു.

ദൈവം തന്റെ ഭാഗവും ഏകദാസനുമായ പരമശിവനെ സാമ്പത്തിക പരാധീനതകളില് പെടുത്തിയിരിക്കുന്നു ..

ശക്തി-സംഖ്യാശാസ്ത്ര പ്രകാരം ദൈവത്തിന്റെ സമ്പത്തായ ഭൂമിയുടെ 30% പരമശിവന് അവകാശപ്പെട്ടതാണ്; ദൈവത്തിന്റെ പ്രതിനിധിയായിരിക്കുമ്പോള്, മുഴുവന് ഭൂമിയിലും പരമശിവന് അവകാശവും അധികാരവുമുണ്ട്. ദൈവം പരമശിവനായിട്ട് നിയോഗിച്ചിട്ടുള്ള ഗ്രന്ഥകാരന്, മാനുഷിക അവസ്ഥയിലുള്ള കടങ്ങള് വീട്ടാനും, കടമകള് പൂര്ത്തിയാക്കാനും, ദൈവശാസ്ത്ര പ്രവര്ത്തനങ്ങളെ മുന്നോട്ടു നയിക്കാനും പണമില്ലാതെ അനവധി വര്ഷങ്ങളായിട്ട് വിഷമിച്ചുപോരുന്നു. ദൈവത്തിന്റെ ഏകദാസനായ പരമശിവനുണ്ടായിട്ടുള്ള ഈ അവസ്ഥയ്ക്ക് ആരാണ് കാരണക്കാര് ? ധര്മ്മശാസ്ത്രത്തെ തെറ്റിച്ചു ജീവിക്കുന്നവരെല്ലാം കാരണക്കാരാണ് എന്നത് പൊതുവായുള്ള ശരിയാണെങ്കില്, പരമശിവൻ ഉള്പ്പെട്ടു ജീവിക്കുന്ന ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും ഭരണകൂടങ്ങള്ക്ക് കൂടുതല് ഉത്തരവാദിത്തങ്ങളുണ്ട്.

നാട്ടിലെ വിവരങ്ങള് അറിയാനും അന്വേഷിക്കാനും പഞ്ചായത്ത് മുതല് മേലോട്ടുള്ള എല്ലാ ഭരണാധികാരികള്ക്കും ബാദ്ധ്യതയുണ്ട്. എന്നിരിക്കിലും, അതു വിഷയമാക്കാതെ പഞ്ചായത്ത് ഉള്പ്പെടെ മേലോട്ടുള്ള അധികാരികളെയെല്ലാം ഈയുള്ളവന് നടത്തിപ്പോരുന്ന മഹാശാസ്ത്ര പ്രവര്ത്തനങ്ങള് കാലാകാലങ്ങളില് അറിയിച്ചുപോന്നിട്ടുണ്ട്. 1990-ല് ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചതു മുതല് ഗ്രന്ഥങ്ങളുടെ കോപ്പികളും, ലേഖനങ്ങളുടെ കോപ്പികളുമൊക്കെ രാഷ്ട്രപതി, കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും ഏതാനും മന്ത്രിമാര്,

കേരളത്തിലെ ഹൈക്കോടതിയിലെ ഏതാനും ജഡ്ജിമാര്, മുഖ്യ രാഷ്ട്രീയ പാര്ട്ടികളിലെ ചില പ്രമുഖര്, ഏതാനും നിരീശ്വരവാദികള്, പത്രങ്ങള്, ടെലിവിഷന്, ഏതാനും ദേവാലയങ്ങള്, സമൂഹത്തിലെ അനേകം പ്രമുഖര്, കേരളത്തിലെയും ഡല്ഹിയിലെയും കല്ക്കട്ടയിലെയുമൊക്കെ മുഖ്യ ലൈബ്രറികള്, കേരളത്തിലെ സര്വ്വകലാശാലകള് എന്നിങ്ങനെ അനേകര്ക്ക് പോസ്റ്റല് മെയിലായി അയച്ചുകൊടുത്തിട്ടുണ്ട്. ഈയുള്ളവന് അയച്ചുകൊടുത്തവ കിട്ടിയെന്ന് ഇന്ത്യയിലെ ഭരണകൂടത്തിന്റെ നായകനായ രാഷ്ട്രപതിയുടെ ആഫീസില് നിന്ന് ഒരിക്കല് ഒരു കത്ത് ലഭിച്ചു; അതിലറിയിച്ചത്, ഇന്ത്യയിലെ പ്രധാനമന്ത്രിയുടെ ആഫീസിലെ സെക്രട്ടറിയ്ക്ക് അവ അയച്ചുകൊടുത്തുവെന്നാണ്. രാഷ്ട്രപതിയുടെ ആഫീസില് നിന്നു ലഭിച്ച കത്ത് ഓംസത്യം ഡോട്ട്കോം എന്ന വെബ്സൈറ്റില് ചേര്ത്തിട്ടുണ്ട്. സുപ്രീം കോടതി എന്ന തെറ്റായ പേരു സ്വീകരിച്ചിരിക്കുന്ന ഡല്ഹിയിലെ കോടതിയില് നിന്നും ഒരിക്കല് ഒരു കത്ത് ലഭിച്ചു; അയച്ചുകൊടുത്തവ കിട്ടിയെന്നും അത്തരം കാര്യങ്ങള് അവര് പരിഗണിക്കില്ലെന്നോ മറ്റോകൂടി അറിയിക്കുകയുണ്ടായി. ... 2001 മുതല് ചിലവുകുറഞ്ഞ ഇ-മെയിലിനെയാണ് കൂടുതല് ആശ്രയിച്ചിട്ടുള്ളത്. കേന്ദ്രഭരണകൂടത്തിലെയും കേരളത്തിലെ ഭരണകൂടത്തിലെയും തമിഴ്നാട് ഭരണകൂടത്തിലെയും ഏതാനും മന്ത്രിമാര്, ഭരണകൂടത്തിലെ സെക്രട്ടറിമാര്, കളക്ടര്മാര്, പോലീസ് സേനയിലെ ഉന്നതാധികാരികള്, തുടങ്ങി അനേകര്ക്ക് അനവധി ഇ-മെയിലുകള് അയക്കുകയുണ്ടായി. 2009 -ല് അവര്ക്കും മറ്റനേകര്ക്കും മൊബൈല് ഫോണിലൂടെ sms -ഉം അയക്കുകയുണ്ടായി.

ഇപ്പോഴും, ദൈവത്തിന്റെ ഇഷ്ടംപോലെ, വല്ലപ്പോഴുമൊക്കെ ചെയ്യുന്നുമുണ്ട്.

ഭരണകൂടത്തിനും പ്രജകള്ക്കും ആവശ്യമായതും, അവരുടെയെല്ലാം ജീവിതങ്ങളെ കൂടുതല് ആനന്ദങ്ങളിലേക്ക് നയിക്കുന്നതുമായ കാര്യങ്ങളാണ് ശാസ്ത്രജ്ഞന്മാരിലൂടെ ദൈവം വെളിപ്പെടുത്തുന്നത് എന്നതുകൊണ്ട് ശാസ്ത്രജ്ഞന്റെ പ്രവര്ത്തനങ്ങള്ക്കും ജീവിതാവശ്യങ്ങള്ക്കും ആവശ്യമായ സമ്പത്ത് നല്കുവാന് ഭരണകൂടത്തിന് ബാദ്ധ്യതയുണ്ട്. ശാസ്ത്രജ്ഞന് എന്ന സ്ഥാനത്തോടെ സമൂഹത്തിന് ആവശ്യമായ ശാസ്ത്രപാഠങ്ങളെ കണ്ടെത്തുവാന് ഗവേഷണംചെയ്യുന്നവരെ സാമ്പത്തികമായി സഹായിക്കുക എന്നതും ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. ഈയുള്ളവൻ ഗവേഷണം മാത്രമല്ല ചെയ്തത്. മഹാപ്രപഞ്ചത്തിന്റെ അത്യുന്നതങ്ങളും അതിഗൂഢങ്ങളുമായ അനവധി മഹാശാസ്ത്രപാഠങ്ങളെ ദൈവം ഈയുള്ളവനിലൂടെ വെളിപ്പെടുത്തി. കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തിക ശാസ്ത്രം അതിലൊന്നു മാത്രമാണ്. ശാസ്ത്രജ്ഞനായ പരമശിവന് സാമ്പത്തിക സഹായം ചെയ്യുവാന് ഭരണകൂടത്തിന് ബാദ്ധ്യതയുണ്ടെന്നര്ത്ഥം. മുൻ ഗ്രന്ഥങ്ങളിലൂടെയും ഓംസത്യം ഡോട്ട്കോം എന്ന വെബ്സൈറ്റിലൂടെയും പ്രസ്തുത വിവരം ഭരണകൂടത്തെയും കോടതികളെയുമൊക്കെ അറിയിച്ചതാണ്. 1990 മുതൽ അഭ്യര്ത്ഥിച്ചിട്ടും, ഈ വരികള് എഴുതുന്ന 2009 ജൂണ് 21 വരെ ഒരു പൈസ പോലും യാതൊരാളും ശാസ്ത്രജ്ഞനായ ഈയുള്ളവന് നല്കുകയുണ്ടായില്ല; ഇനി വേണ്ടതില്ലായെങ്കിലും ചില കാര്യങ്ങൾ അറിയിക്കുന്നു:-

ഗ്രന്ഥകാരന് ഉള്പ്പെടെ ഏതൊരു ശാസ്ത്രജ്ഞന്റെയും മാനുഷിക അവസ്ഥയിലെ ധര്മ്മശാസ്ത്രപരമായ ആവശ്യങ്ങളെ നിറവേറ്റുവാനും കടങ്ങള് വീട്ടാനും, കുടുംബപരമായ കടമകളെയും ചുമതലകളെയും പൂര്ത്തിയാക്കാനും, ധനത്തിന്റെ ആവശ്യം ഉണ്ട്. കടങ്ങളും കടമകളും പൂര്ത്തിയാക്കാൻ ഈയുള്ളവന് ജീവിതകാലത്ത് സമ്പാദിക്കാനായ 25 സെന്റ് സ്ഥലവും കെട്ടിടവും മതിയാകുമെന്ന് ഇന്നു തോന്നുന്നു - ദൈവത്തിന്റെ ഇഷ്ടംപോലെ നടക്കട്ടെ. ഗ്രന്ഥകാരന്റെ കാര്യത്തില്, മഹാശാസ്ത്ര പ്രവര്ത്തനങ്ങളെ മുന്നോട്ടു നയിക്കാനും ഗവേഷണം തുടരാനും ധന-ആവശ്യം ഉണ്ടോയെന്നും, എങ്ങനെ വേണമെന്നും നിശ്ചയിക്കുന്നത് സമ്പൂര്ണ്ണമായും ദൈവം തന്നെയാണ്, ഈയുള്ളവൻ -ലൂടെ മാത്രമാണെന്ന് മുമ്പും വ്യക്തമാക്കിയിരുന്നതാണ്. സാമ്പത്തികശാസ്ത്രം അനുസരിച്ച് കടലാസ് കറന്സി അധമമാണ്, മൂല്ല്യമുള്ള സ്വര്ണ്ണമായിട്ട് ഗ്രന്ഥകാരനെ സഹായിക്കേണ്ടിയിരുന്നു. ദൈവം മായ പ്രത്യക്ഷമാക്കുമ്പോഴേ അത്തരം പാഠങ്ങളെ ഉള്ക്കൊണ്ട് സമൂഹവും ഭരണകൂടവും പ്രവര്ത്തിക്കുകയുള്ളൂ എന്നതുകൊണ്ട് പ്രസക്തിയില്ലെങ്കിലും, ഗ്രന്ഥകാരന് ഇനി ആവശ്യമില്ലെങ്കിലും ഭരണകൂടങ്ങൾ ചെയ്യേണ്ടിയിരുന്നതായ സാമ്പത്തികചുമതലയെപ്പറ്റി തുടര്ന്നു വിശദീകരിക്കാം. അടൂര് പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ ഭരണകൂടംഈയുള്ളവന് പൈ-കിലോഗ്രം സ്വര്ണ്ണമോ തത്തുല്യമായ സമ്പത്തോ നല്കണമായിരുന്നു; (22 / 7 = പൈ = 3.14..); കേരളത്തിലെ ഭരണകൂടമാണെങ്കില് പഞ്ചായത്ത് നല്കേണ്ടതിന്റെ 100 ഇരട്ടിയും, ഇന്ത്യയിലെ ഭരണകൂടമാണ് നല്കുന്നതെങ്കില് കേരളത്തിലെ ഭരണകൂടം നല്കേണ്ടതിന്റെ 100 ഇരട്ടിയും നല്കേണ്ടിയിരുന്നു.

തല്ക്കാലം കൂടുതല് വിസ്തരിക്കുന്നില്ല !
മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളും പൈ-യുമായുള്ള ബന്ധം, കേരളത്തിനുള്ള പ്രത്യേകത, സൃഷ്ടിപരമായ വിധി പ്രകാരമുള്ള ജനസംഖ്യ തുടങ്ങിയ ശാസ്ത്ര വ്യവസ്ഥകള് പ്രകാരമുള്ള സമ്പത്താണത് (സ്ഥിതിപരമായ വിധി പ്രകാരം കാര്യങ്ങള് വ്യത്യാസപ്പെടുന്നതിനെപ്പറ്റി ഗ്രന്ഥത്തിലുണ്ട്). ഓരോ വ്യക്തികള്ക്കും ഈയുള്ളവന്റെ ഇതുവരെയുള്ള മഹാശാസ്ത്ര പ്രവര്ത്തനങ്ങള്ക്കുള്ള പ്രതിഫലമായിട്ട് സഹായിക്കുവാൻ മുമ്പ് ശ്രമിക്കാമായിരുന്നു. .. എന്നാല് ഇനി വേണ്ടതില്ലാ. വിഷയസംബന്ധമായുള്ള ധര്മ്മശാസ്ത്ര വിശകലനം നടത്തിയിരിക്കുന്നു എന്നല്ലാതെ, യാതൊരാളും ഈയുള്ളവന് പണം അയച്ചുകൂടാ. ഈയുള്ളവന്റെ എല്ലാ കാര്യങ്ങളും ദൈവത്തിന്റെ ഇഷ്ടംപോലെ നടക്കണമേ എന്നിങ്ങനെയാണ് പ്രാര്ത്ഥന. ഭരണകൂടവും വ്യക്തികളും ഈയുള്ളവനെ സാമ്പത്തികമായി സഹായിക്കാന് തയ്യാറാവേണ്ടിയിരുന്നതും മറ്റു ശാസ്ത്രജ്ഞരെ സഹായിക്കുവാന് മേലില് തയ്യാറാവേണ്ടതും ശാസ്ത്രപാഠങ്ങളെ സമ്മാനിച്ച ശാസ്ത്രജ്ഞനെയാവണം.
ശാസ്ത്രത്തെ ആയുധമാക്കി പ്രവര്ത്തിക്കുന്ന ശാസ്ത്രായുധനായ പരമശിവൻ ഭരണകൂടത്തിന്റെയും ജനങ്ങളുടെയും ചുമതലകളെ ധർമ്മശാസ്ത്രപരമായി അറിയിക്കുക മാത്രമാണു ചെയ്തത്. ദൈവാനുഗ്രഹത്താല്, ദൈവദാസനായ പരമശിവന് സമ്പത്ത് ആവശ്യമില്ലെന്നു വ്യക്തമായല്ലോ. ദൈവത്തെയോ ദൈവദാസനെയോ സഹായിക്കുന്നു എന്ന ചിന്താഗതിയോടെ മുമ്പ് ആരെങ്കിലും പണം നല്കിയിരുന്നുവെങ്കിൽ, പുണ്യം ലഭിക്കുന്നതിനു പകരം പാപം ലഭിക്കുമായിരുന്നു, ദൈവാനുഗ്രഹത്താൽ അതൊഴിവാകുകയും ചെയ്തു.

ഭരണാധികാരികൾ ഉള്പ്പെടെയുള്ളവർ അവരുടെ ചുമതലകളെ നിറവേറ്റുന്നതും നിറവേറ്റാത്തതും പുണ്യം നേടുന്നതും പാപം നേടുന്നതും ധര്മ്മശാസ്ത്രപരമായി പറയുമ്പോള് അവരുടെ കാര്യമാണ്. വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗവും ദുരുപയോഗവും ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ ദൈവം എല്ലാവര്ക്കും മഹാഅനുഗ്രഹിച്ചു നല്കിയിട്ടുണ്ട്.

പരമശിവനിലൂടെയുള്ള മഹാശാസ്ത്ര പ്രവര്ത്തനങ്ങളെ ഇതുവരെ മുന്നോട്ടു നയിച്ചത് മഹാശക്തിയായ മഹാദേവി തന്നെയാണ്. മഹാദേവിയുടെ മഹാഇഷ്ടങ്ങളനുസരിച്ചുള്ള പ്രവര്ത്തനങ്ങളെ മനുഷ്യര്ക്കു നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തിന്റെ ദുര്വ്വിനിയോഗത്തിലൂടെ അഥവാ അങ്ങനെ ഉരുവാകുന്ന സ്ഥിതിപരമായ വിധിയിലൂടെ കുറെ അസുന്ദരമാക്കുവാന് അനേകര്ക്കു കഴിഞ്ഞാല് പോലും, പരമമായി സൃഷ്ടിപരമായ വിധി പ്രകാരവും മഹാനീതിശാസ്ത്രപ്രകാരവും, മഹാശാസ്ത്ര പ്രവര്ത്തനങ്ങള് മഹാമംഗളമാകുന്നതാണ്. ശാസ്ത്രജ്ഞനല്ല വലുത്, ശാസ്ത്രമാണ് വലുത്. ശാസ്ത്രജ്ഞന്മാര് ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതാണ്, ശാസ്ത്രമോ എന്നും നിലനില്ക്കുന്നു. മനുഷ്യന് കാലോചിതമായി മാത്രം വെളിപ്പെട്ടുകൊണ്ട് ശാസ്ത്രം എന്നും മഹാപ്രപഞ്ചത്തില് അന്തര്ലീനമായിരിക്കുന്നു. (മതങ്ങളും രാഷ്ട്രീയങ്ങളുമൊക്കെ ധര്മ്മശാസ്ത്രപരമല്ലാത്തതിനാല് അവയും നശിക്കുന്നതാണ്). ദൈവത്തെ പ്രതിനിധീകരിക്കുന്ന ശാസ്ത്രത്തെ സംരക്ഷിക്കുവാന് ദൈവത്തിന് മഹാപദ്ധതിയുണ്ട്. ശാസ്ത്രജ്ഞനായ പരമശിവന്, ദൈവത്തിന്റെ പ്രതിനിധി കൂടിയാകയാല്, പരമശിവനെ സംരക്ഷിക്കുവാനും ദൈവം ശ്രദ്ധിക്കുന്നതാണ്.

ഭൂമിയിലെങ്ങുമുള്ള രാജ്യങ്ങളില് കടുത്ത സാമ്പത്തിക ദാരിദ്ര്യത്തില് പെട്ടിരിക്കുന്നവരെ ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം ഉദ്ധരിക്കേണ്ടത് പ്രത്യക്ഷമായി ഭരണകൂടത്തിന്റെ ചുമതലയാണ്. **പരോക്ഷമായി ഓംകാരനീതി ശാസ്ത്രത്തിലൂടെ, മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം, ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് ദൈവം എല്ലാവര്ക്കും മഹാനീതി നല്കുന്നുണ്ട്. ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ജനങ്ങള്ക്ക് അത് ബോദ്ധ്യമാകുന്നതുമാണ്**. വ്യക്തികളും ഭരണകൂടവും സ്വയം ബാദ്ധ്യതയോടെ ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം വൈകാതെ പ്രവര്ത്തിച്ചുതുടങ്ങുന്നതോടെ, സമൂഹത്തിലെ എല്ലാ ജനങ്ങള്ക്കും അടിസ്ഥാനപരമായ സാമ്പത്തിക സമത്വം ഉണ്ടാകുന്നതാണ്. ദൈവത്തിന്റെ മഹാചിരിയും മഹാസംഗീതവും ഒക്കെയായ ഓം 3-33 വർഷക്കാലം ഭൂമിയിലെങ്ങും തുടര്ച്ചയായി മുഴക്കിക്കൊണ്ട് ദൈവം മായ പ്രത്യക്ഷമാക്കുമ്പോള്, സാമ്പത്തിക അസമത്വങ്ങള് ഉള്പ്പെടെയുള്ള എല്ലാ ഭീകരവാദങ്ങളും അവസാനിക്കുവാന് ഓം കാരണമാകുന്നതും, മഹാചിരികൊണ്ടുമാത്രം ഭൂമിയില് സ്വര്ഗ്ഗരാജ്യം രൂപപ്പെടാൻ വഴിതുറപ്പിക്കുന്നതുമാണ്.

ആനന്ദ നിന്ദ (സദാചാരശാസ്ത്രം: കാമാനന്ദം)

ഈ അദ്ധ്യായത്തെ വളരെയധികം വിപുലമായി www.omsathyam.com/GodlyRevolution/MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. അല്പം മാത്രം ചുവടെ ചേർക്കുന്നു.

മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നവും അത്യന്തം ശ്രേഷ്ഠവുമായാണ് മനുഷ്യന്റെ കാമകാര്യങ്ങളെ ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളത്. മനുഷ്യജീവി കുടുംബം, ബന്ധം, സമൂഹജീവിതം, ശാസ്ത്രവികസനം, ശാസ്ത്ര സൗകര്യ ആസ്വാദനം എന്നിങ്ങനെ നാട്ടുവാസി മാത്രമാകുന്നത് കാമസദാചാരം നിർബ്ബന്ധം ആവുമ്പോൾ മാത്രമാണ്. മറ്റുള്ള ജീവികളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയും പുരുഷനും കുടുംബ ബന്ധത്തിനുള്ളിൽ ലഭ്യമായ ശാസ്ത്ര സൗകര്യങ്ങളോടെ സ്വകാര്യമായിട്ട് ആസ്വദിക്കേണ്ടതായ അത്യുന്നതമായ ആനന്ദമായാണ് സെക്സിനെ ധർമ്മശാസ്ത്രം അഥവാ ദൈവം വിധിച്ചിട്ടുള്ളത്. ധർമ്മശാസ്ത്ര വിധി പഠിക്കാനോ ഉൾക്കൊള്ളാനോ ശ്രമിക്കാതെ സിനിമ, ടെലിവിഷൻ, മോഡലിംഗ്, റേഡിയോ, പത്രപ്പരസ്യം, പോസ്റ്റർപരസ്യം, ഉല്പന്നപരസ്യം, വാർത്ത, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, പുസ്തകം, ചിത്രകല, ശില്പകല, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയിലൂടെയും ധർമ്മശാസ്ത്ര പ്രകാരമല്ലാത്ത മറ്റ് വ്യവസ്ഥിതികളിലൂടെയും ദൈവീകമായ സെക്സിനെ വ്യക്തികൾ ഇന്ന് വഴിപിഴപ്പിച്ചിരിക്കുകയാണ്.

സ്വകാര്യമായതിനെ പരസ്യമാക്കി ക്കൊണ്ട് ജന്തുജീവിതത്തെക്കാൾ അധമമാക്കിയിരിക്കുന്നു. വ്യക്തികളെ ഭരിക്കുന്ന കോടതി ഉൾപ്പെടെയുള്ള ഭരണകൂടവും രാഷ്ട്രീയപാർട്ടികളും മതവ്യവസ്ഥിതികളും അതുതന്നെചെയ്യുന്നു. തങ്ങളുടെ അമ്മയുടെയും ഭാര്യയുടെയും സഹോദരിയുടെയും മകളുടെയും നഗ്നത കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹം മേല്പറഞ്ഞ മാധ്യമങ്ങളിലൂടെ ആസ്വദിക്കുന്നതിനെ അംഗീകരിക്കാത്ത പുരുഷന്മാർ പരസ്ത്രീകളുടെ നഗ്നത കാണാൻ ആഗ്രഹിച്ചുപോലും കൂടാ. സ്ത്രീകൾ തിരിച്ചും.

ഇന്നത്തെ സമൂഹത്തെ ഞെട്ടിക്കുന്നതു പോലെയുള്ള ഒരു ഉദാഹരണം കുറിക്കാം : നൃത്തം അഥവാ ഡാൻസിന്റെ അധിപനായി ദൈവം മഹാനിശ്ചയിച്ചിരിക്കുന്നത് നടരാജനെയാണ്, ശിവനെയാണ്, ശിവപത്നിയെയല്ല; നൃത്തശാലകളിലും മറ്റും നടരാജവിഗ്രഹം കണ്ടിരിക്കുമല്ലോ; സ്ത്രീ തന്റെ ഭർത്താവിന്റെ മുമ്പിലും ഭർത്താവിനോടൊത്തും മാത്രം സ്വകാര്യമായി നൃത്തംചെയ്യുക, ആനന്ദിക്കുക എന്നതിനുപരി കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹത്തെ കാമപരമായി ദുഷിപ്പിക്കുന്ന ഇന്നത്തെ നൃത്തസമ്പ്രദായങ്ങൾ ധർമ്മശാസ്ത്രം അഥവാ ദൈവം അനുവദിക്കുന്നില്ല. ഇന്ന് സമൂഹത്തിൽ വ്യാപകമായിരിക്കുന്ന സംഗീത - നൃത്ത - ആഭാസങ്ങൾ പ്രദർശനമായിട്ടായാലും മത്സരമായിട്ടായാലും ധർമ്മശാസ്ത്രപരമല്ല അഥവാ ദൈവീകമല്ലാ. വ്യക്തി / വ്യക്തികൾ അധമ ആനന്ദം നേടുമ്പോൾ, സമൂഹത്തെ അഥവാ സമൂഹജീവിതത്തെ ധർമ്മശാസ്ത്രപരമായി വളരെയധികം ദുഷിപ്പിക്കുകയാണ്.

വ്യക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന് നല്ല സന്ദേശങ്ങളെ നൽകുന്നവ അല്ലെങ്കിൽ, അത്തരം പ്രവർത്തനങ്ങളെ സമൂഹത്തിൽ അഥവാ പൊതുസഭകളിൽ അവതരിപ്പിച്ചുകൂടാ. വ്യക്തിയുടെ സ്വകാര്യ ആനന്ദങ്ങളായി പരിണമിക്കേണ്ടവ പരസ്യമാക്കിക്കൂടാ.

നൃത്തം കാണുന്ന കുട്ടികൾ /കുമാരന്മാർ ഉൾപ്പെടെയുള്ള പുരുഷന്മാരുടെ/സ്ത്രീകളുടെ കണ്ണുകൾ നർത്തകിയുടെ/ നർത്തകന്റെ ശരീരഭാഗങ്ങൾ ഉഴിയുമ്പോൾ മിക്കപ്പോഴും കണ്ണുകൾ കൊണ്ടുള്ള ബലാത്സംഗം ആയി അത് പരിണമിക്കുന്നുണ്ട്. ബഹുഭൂരിപക്ഷം സിനിമാനടികളെയും, അറിയുന്നതും കണ്ടിട്ടുള്ളതുമായ അനേകം സ്ത്രീകളെയും പെൺകുട്ടികളെയും മറ്റും സങ്കല്പിച്ച് രതിക്രീഡ ചെയ്യാത്ത കുമാരന്മാരും യുവാക്കളും വിവാഹിതരായ മുതിർന്നവരും സമൂഹത്തിൽ വളരെ കുറവായിരിക്കും. മതങ്ങളുടെയും രാഷ്ട്രീയ-ഇസങ്ങളുടെയും ഭാഗമായിക്കൊണ്ട് ജീവിക്കുന്നവരിൽ ഭൂരിപക്ഷവും അത്തരം കാമകാര്യങ്ങൾ ചെയ്യുമ്പോൾ, മതവിശ്വാസികളായും രാഷ്ട്രീയക്കാരായും ജീവിക്കുന്നത് എത്ര നീചമായിരിക്കുന്നു ! മേല്പടി ശരീരസങ്കല്പങ്ങളിലൂടെ കാമനിവൃത്തി നേടുന്ന പുരുഷന്മാരെ ഏകപക്ഷീയമായി കുറ്റപ്പെടുത്താനാവില്ല. ശരീരഭാഗങ്ങളെ വളരെയധികം പരിധിവിട്ട് പ്രദർശിപ്പിച്ചുകൊണ്ടും സ്വകാര്യമായ സെക്സിനെ പരസ്യമാക്കി ക്കൊണ്ടുമുള്ള കടുത്ത അധാർമ്മിക പ്രവൃത്തികളും പ്രവർത്തനങ്ങളുമാണ് നടന്നുകൊണ്ടിരിക്കുന്നത്.

സെക്സിനെ പവിത്രമായി സംരക്ഷിക്കാത്ത നടികളും മറ്റുമായ യുവതികളും സ്ത്രീകളും അവരുടെ ബന്ധുജനങ്ങളും ഫിലിം വ്യവസായികളും പരസ്യക്കാരും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ മേല്പടി അധമ അവസ്ഥയ്ക്ക് കാരണക്കാരാണ്. ഭരണാധികാരികളും ജഡ്ജിമാരും വരെ സ്വകാര്യമായോ രഹസ്യമായോ സാത്വികമല്ലാത്ത കാമജ്വരത്തിൽ പെട്ടിരിക്കുന്നവരാണ്. തങ്ങളുടെ ഭാര്യ/ഭർത്താവ്, സഹോദരൻ/സഹോദരി, അമ്മ/അച്ഛൻ തുടങ്ങിയവർ മറ്റുള്ളവരുടെ കാമസങ്കല്പങ്ങളായി പരിണമിക്കുന്നത് തങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അന്യരെ കാമസങ്കല്പങ്ങളിൽ പെടുത്താൻ തങ്ങൾക്ക് യുക്തിപരമായിപ്പോലും അവകാശമില്ല എന്നത് വ്യക്തികൾ മറന്നിരിക്കുന്നു!

മുമ്പ് വ്യക്തമാക്കിയതുപോലെ, സമൂഹത്തിന്റെ മൊത്തത്തിലുള്ള ആനന്ദകരമായ ജീവിതത്തിന് വിരുദ്ധമായതിനെ നാട്ടിൽ അനുവദിച്ചുകൂടാ എന്നാണ് സദാചാരശാസ്ത്രം അനുശാസിക്കുന്നത്. സദാചാരശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കു മാത്രമേ നാട്ടിൽ താമസിക്കുവാനും ശാസ്ത്രവികസനം നേടിത്തരുന്ന സുഖസൗകര്യങ്ങളെ ആസ്വദിക്കുവാനും അവകാശമുള്ളൂ. ജന്തുക്കൾക്ക് മഹാഅനുവദിച്ചിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർക്ക് കാട്ടിൽ ജീവിക്കാനാണ് ശാസ്ത്രവിധി. ഇന്നത്തെ ഭൂമിയിലെ വലിയൊരു വിഭാഗം ജനങ്ങളെ ഉടുതുണി മാത്രം നല്കി കാട്ടിലയക്കേണ്ടതായ അവസ്ഥയാണുള്ളത്. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഉടൻ തിരുത്തുവിൻ.

സെക്സ്-പരമായ കാര്യങ്ങളെ കൂടുതലായി വിശകലനം ചെയ്യുമ്പോൾ, സ്ത്രീയുടെയോ പുരുഷന്റെയോ രണ്ടുപേരുടെയുമോ നഗ്നത പ്രദർശിപ്പിക്കാത്ത പരസ്യങ്ങൾ ഇന്ന് വളരെ കുറവായിരിക്കുന്നു. ചിലർ കുട്ടികളെയും പരസ്യത്തിൽ പെടുത്തുന്നുണ്ട്. ഇന്നത്തെ ഡാൻസുകളും മോഡലിങ്ങുകളും പരസ്യങ്ങളും അധമങ്ങളാണ്. അതുപോലെ പ്രശസ്തരായ നടന്മാരും നടികളുമൊക്കെ ഉല്പന്നങ്ങളുടെ പരസ്യങ്ങളുമായി നടക്കുമ്പോൾ അവരും ഉല്പന്ന വ്യവസായികളും കച്ചവടക്കാരും ഭരണാധികാരികളും ഒക്കെ പാപം സമ്പാദിക്കുന്നുണ്ട്. വ്യക്തി തൊഴിൽ ധർമ്മങ്ങളെയും (ശാസ്ത്രത്തെയും) പിൻപറ്റേണ്ടതുണ്ട്. പരസ്യങ്ങൾക്ക് ശാസ്ത്രപരമായ ശോഭ നൽകുമ്പോൾ, ഇന്നത്തെ ഉല്പന്ന പരസ്യങ്ങളിൽ ഏറെക്കുറെ 100 ശതമാനവും അധമങ്ങളും ആവശ്യമില്ലാത്തവയുമാണ്. ആവക വിവരങ്ങൾ ഇവിടെ വിസ്തരിക്കുന്നില്ല. ജീവിക്കുവാൻ ധനവും വേണം എന്നല്ലാതെ ധനത്തിനുവേണ്ടി ജീവിക്കുന്ന അവസ്ഥ ഉണ്ടായിക്കൂടാ.

ഉന്നതമായ സെക്സിനെ ഏറ്റവും മോശമായി അധഃപതിപ്പിച്ചു കൊണ്ടിരിക്കുന്നതിന്റെ സാമൂഹിക ഉത്തരവാദിത്തം മുഖ്യമായും ഭരണാധികാരികൾക്കും മത-ജാതി-രാഷ്ട്രീയ-നേതൃത്വങ്ങൾക്കും കോടിതികൾക്കുമാണ്. സെക്സ് വിഷയങ്ങളെ ശുദ്ധിപ്പെടുത്തുവാൻ അവർ ഒന്നും ചെയ്തില്ല, കൂടുതൽ വഷളാക്കുവാൻ വളരെയധികം ചെയ്തു, ചെയ്യുന്നുമുണ്ട്.

മൊബൈൽ ഫോണുകളിലൂടെയും ഇന്റർനെറ്റിലൂടെയും മറ്റും സ്വകാര്യമായ സെക്സിനെ പരസ്യമാക്കുന്നതും, മോർഫിങ്ങിലൂടെയും അധമ രീതികളിലൂടെയും വ്യക്തികളെ അപമാനിക്കുന്നതും വഞ്ചിക്കുന്നതും സാമ്പത്തിക ചൂഷണങ്ങൾ ചെയ്യുന്നതും സാർവ്വത്രികമായിരിക്കുമ്പോൾ, അവയെ നിയന്ത്രിക്കാൻ ഭരണകൂടത്തിന് കഴിയുന്നില്ലെന്നു മാത്രമല്ല, പൊതുജനങ്ങളെ വിവര സാങ്കേതിക വിദ്യയിൽ സംഭവിച്ച അപചയങ്ങളെ അറിയിക്കുന്നതിലും ബോദ്ധ്യപ്പെടുത്തുന്നതിലും പോലും ശ്രദ്ധയില്ലാത്തവർ ആയിരിക്കുകയാണ്. ശാസ്ത്രപരമായി ഭരിക്കാൻ കഴിവില്ലാത്തവർ വേറെ പണി നോക്കെടോ, ഞങ്ങളെ ഒന്നു ഭരിച്ചു രക്ഷിക്കണേ എന്നു ജനങ്ങൾ ആവശ്യപ്പെട്ടില്ലല്ലോ ..... എന്നെല്ലാം പറയാൻ ജനങ്ങൾ ആഗ്രഹിച്ചാലും, കുറ്റങ്ങളും കുറവുകളുമില്ലാത്ത ഭരണം ആഗ്രഹിച്ചാലും തൽക്കാലം സാധിക്കില്ല. ബഹുവിധ രാഷ്ട്രീയപ്പാർട്ടികളുടെയും മത-ജാതികളുടെയും മറ്റും നീരാളിപ്പിടുത്തങ്ങളിൽ പെട്ടു കിടക്കുന്ന മനുഷ്യരല്ലാത്ത മത-രാഷ്ട്രീയ ഇസ ജീവികളുടെ നിസ്സഹായ അവസ്ഥ അങ്ങനെയെല്ലാമാണ്.

മുമ്പ് സൂചിപ്പിച്ചതുപോലെ 90 %-ലധികം ജനങ്ങളും മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളുടെ ഭാഗമായിരിക്കെ, തെറ്റുകൾ ചെയ്യുന്നത് അവരിൽ പെട്ടവരാണ്, അവരാണ്. ശാസ്ത്രം അറിയാത്തവരുടെയും പഠിക്കാത്തവരുടെയും ധർമ്മശാസ്ത്രപരമായി ഭരിക്കാൻ തയ്യാറാകാത്ത വരുടെയും ലോകം ഉരുത്തിരിഞ്ഞിരിക്കുകയാണ്.

സത്യം പറയാനോ, ധർമ്മം പ്രവര്ത്തിക്കാനോ നീതി നടപ്പാക്കാനോ ഉള്ളതല്ല, മറിച്ച് അവയെല്ലാം വേഷംകെട്ടലുകളായി പുലർത്തിയാൽ മതിയാകും എന്നായിരിക്കുന്നു. കാമകാര്യങ്ങൾ ഉൾപ്പെടെ യാതൊരു കാര്യങ്ങളിലും വേഷംകെട്ടലുകൾ ദൈവത്തോടു വേണ്ട. മനുഷ്യൻ ചിന്തിക്കുന്നതുപോലും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ അറിയുന്നുണ്ട്. അതേസമയം തെറ്റുകളുടെയും കുറ്റങ്ങളുടെയും കാര്യത്തിൽ വിഷമിച്ചു കൊണ്ടിരിക്കേണ്ടതില്ല. പശ്ചാത്തപിച്ചു കൊണ്ടും ദൈവത്തോടു മാപ്പിരന്നുകൊണ്ടും തിരുത്തലുകൾ നടത്തുക. വ്യക്തികളുടെ അധഃപതനം സമൂഹത്തെ വഴിതെറ്റിക്കുന്നതു മനസ്സിലാക്കി സാത്വികമായ തിരുത്തലുകൾക്ക് തയ്യാറാവുക. പെൺകുട്ടികൾ ശരീര വളർച്ചയെ മാനദണ്ഡമാക്കി സുമാർ 10 വയസ്സുവരെ മാത്രമേ പരസ്യമായി നൃത്തംചെയ്യാൻ പാടുള്ളൂ. വസ്ത്രധാരണത്തിൽ, അടിസ്ഥാനപരമായി പാലിക്കേണ്ടതായ കാര്യം മാത്രം പറയാം. തല ഒഴികെയുള്ള ശരീരഭാഗങ്ങളെ പ്രദർശിപ്പിക്കുന്നതിന് സ്ത്രീകൾക്ക് ധര്മ്മശാസ്ത്രപരമായി കൂടുതൽ നിയന്ത്രണങ്ങളുണ്ട്. കണ്ഠാഭരണത്തോട് അഥവാ മാലയോടു ചേർന്നും ഏറെക്കുറെ കൈമുട്ടുകളോളം നീണ്ടും, വയർ പ്രദർശിപ്പിക്കാത്തതുമായ രണ്ടാംവസ്ത്രവും (ബ്ലൗസ്), ശരീര വളർച്ചയ്ക്കൊത്ത് സാരി പോലെയുള്ള മേൽ വസ്ത്രവും, പൊക്കിൾക്കൊടിയും കാൽവണ്ണയും മറയ്ക്കുന്ന ഒന്നാം വ്സത്രവും സ്ത്രീയ്ക്ക് സദാചാരശാസ്ത്രം നിര്ബ്ബന്ധമായി നിർദ്ദേശിക്കുന്നു.

മണ്ണുമായി കൂടുതൽ ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്ന പുരുഷന്മാർക്ക് ഷർട്ട് നിർബ്ബന്ധമല്ല, എന്നാൽ കാൽമുട്ടും പൊക്കിൾകൊടിയും മറയുന്ന ഒന്നാംവസ്ത്രം ഏതുതൊഴിൽ ചെയ്യുമ്പോഴും പുരുഷന് നിർബ്ബന്ധമാണ്.

വസ്ത്രത്തെ കുറച്ചും ശരീരത്തെ പ്രദർശനവസ്തുവാക്കിയും ജീവിക്കുന്നവരും ആഢ്യത്വം അഭിനയിക്കുന്നവരുമായ പെൺകുട്ടികളും സ്ത്രീകളും വർദ്ധിച്ചിരിക്കുന്നു, അവരുടെ ഇടയിൽ നിന്ന് രസിക്കുന്ന പുരുഷന്മാരും നേതാക്കന്മാരും വർദ്ധിച്ചിരിക്കുന്നു. വ്യക്തിയുടെ ഏതു പ്രവൃത്തിയും ധർമ്മശാസ്ത്ര പരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. വ്യക്തി വസ്ത്രമില്ലാതെയോ ഉപേക്ഷിച്ചോ, പരസ്യമായിട്ട് ഭാഗികമായോ മുഴുവനായോ നഗ്നമായിരിക്കുമ്പോൾ, വ്യക്തിയുടെ മനോഭാവത്തിലാണ് ദൈവീകനീതി നടപ്പാവുന്നത്; അതേസമയം വസ്ത്രമുറ പരസ്യമായി തെറ്റിച്ച് നാട്ടിൽ ജീവിക്കാൻ അവകാശമില്ല. വസ്ത്രമുറ പരസ്യമായി തെറ്റിച്ചും, വസ്ത്രം പൂർണ്ണമായി ഉപേക്ഷിച്ചും, (വസ്ത്രമില്ലാതെയും) മറ്റുള്ള ജീവികളെപ്പോലെ ജീവിക്കാൻ കാടുള്ളപ്പോൾ, നാട്ടിൽത്തന്നെ വസ്ത്രമുറ തെറ്റിച്ചു ജീവിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റുതന്നെയാണ്. ഓക്സിജനെപ്പറ്റി പഠിക്കുമ്പോൾ മറ്റുള്ളവരുടെ നഗ്നതയോട് ഓരോരുത്തരും പുലർത്തുന്ന മനോഭാവങ്ങളും പ്രവൃത്തികളുമെല്ലാം ഉൾപ്പെടെ മനുഷ്യരുടെ ചിന്തകളെപ്പോലും ദൈവം ഭൗതിക ശാസ്ത്രപരമായിട്ടു തന്നെ അറിയുന്നുണ്ട് എന്നും അവരുടെമേൽ മഹാനീതി നടപ്പാവുന്നുമുണ്ട് എന്നുകൂടി തിരിച്ചറിയണം.

ഓരോ വ്യക്തിയും സദാചാരങ്ങൾ അഥവാ സദാചാരശാസ്ത്രം പിൻപറ്റേണ്ടതുണ്ട്. സ്ത്രീ പീഢനങ്ങളും സ്ത്രീധനങ്ങളും മദ്യവും അഴിമതികളും ഒക്കെ ഒക്കെ അവസാനിക്കുവാനും ഓരോ വ്യക്തികളുടെയും ജീവിതം സംശുദ്ധമാവാനും, അങ്ങനെ സമൂഹം മൊത്തത്തിൽ സംശുദ്ധമാവാനും ധർമ്മശാസ്ത്രങ്ങൾ പ്രകാരം തന്നെ ജീവിക്കേണ്ടതുണ്ട്. സമൂഹത്തിലെ അധമ വൃത്തികളെല്ലാം ഒന്നിനൊന്നോട് ബന്ധപ്പെട്ടിരിക്കുന്നവയാണ്. എല്ലാ ശാസ്ത്രങ്ങളും എല്ലാ വസ്തുക്കളും പരസ്പര ബന്ധങ്ങളോടെയാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആകയാൽ സൂത്രപ്പണി കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതല്ല.

സ്വകാര്യവും ദൈവീകവുമായ സെക്സിനെ ഏറ്റവും അധമമായി വഴിപിഴപ്പിക്കുവാൻ രാഷ്ട്രീയ വ്യവസ്ഥിതികൾ കൂട്ടുനിൽക്കുന്ന തിനാൽ കുടുംബജീവിതവും സമൂഹജീവിതവും കെട്ടുറപ്പില്ലാതെ ഇന്ന് ആടിയുലയുകയാണ്.

മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്ന ദൈവത്തെയും ധർമ്മശാസ്ത്രങ്ങളെയും മറന്നും അവഗണിച്ചും സുഖലോലുപതയുടെ അധമ മാനങ്ങളിലേക്ക് കുതിക്കുന്ന ഒന്നായി ടൂറിസത്തെ കയറൂരി വിട്ടിരിക്കുകയാണ് ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും. വായിച്ചു മറിക്കുന്ന വാചകങ്ങൾക്കുപരിയായി തന്റെ അമ്മയ്ക്കും ഭാര്യക്കും സഹോദരിക്കും മകൾക്കുമൊക്കെ ലൈംഗികതൊഴിലും ചൂഷണവും അപമാനവും ഉണ്ടാകുവാനും ജീവിതം താറുമാറാകാനും, പുരുഷന്മാരും ഇന്നത്തെ വ്യവസ്ഥിതികളും കാരണമാകുന്നത് ഭാവന ചെയ്യാനെങ്കിലും വ്യക്തികൾക്കു കഴിയണം.

കാമകാര്യങ്ങളിൽ മനുഷ്യർ ദിവസം തോറും കൂടുതൽ കൂടുതൽ അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. അല്ലെന്നു പറയുവാൻ രാഷ്ട്രീയ ഭരണാധികാരികൾക്കോ, മതഭരണാധികൾക്കോ, മറ്റു നേതാക്കന്മാർക്കോ, ബുദ്ധിജീവികൾക്കോ, സാധാരണ ജനങ്ങൾക്കോ സാധാരണ ഗതിയിൽ കഴിയുന്നതല്ല. കാമപരമായ അധമത്തങ്ങളെ സ്വന്ത കാര്യത്തിൽ ആസ്വദിക്കുവാനും, മറ്റുള്ളവർ കാട്ടുന്നത് സമൂഹജീവിതത്തിന് ദോഷം ചെയ്യുമെന്നും പറയുന്നവരും കരുതുന്നവരുമായ ഒരു വലിയ ജനത തന്നെ ഉണ്ടായിരിക്കുകയാണ്. നൂറ്റാണ്ടുകളായി മതങ്ങളും രാഷ്ട്രീയ-ഇസങ്ങളുമൊക്കെ പ്രവർത്തിച്ചുകൂട്ടിയ പദ്ധതികളുടെ വലിയ നേട്ടമെന്നത്, അനുദിനം വർദ്ധിക്കുന്നതും, അവരെക്കൊണ്ട് നിയന്ത്രിക്കാൻ കഴിയാതെ സമൂഹത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നതുമായ കാമവെറികളാണ്. രോഗ കാരണം മനസ്സിലാക്കി ചികിത്സിക്കുവാൻ യോഗ്യനായ ഡോക്ടർക്കേ കഴിയൂ. രോഗലക്ഷണങ്ങൾക്കു ചികിത്സിക്കുന്ന മുറിവൈദ്യന്മാർ മാത്രമാണ് മതങ്ങളിലും രാഷ്ട്രീയങ്ങളിലുമൊക്കെ ഉള്ളത്. രോഗം അതീവ അപകടാവസ്ഥയിലേക്കു നീങ്ങുകയാണ്. ഓരോ രോഗിയും ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും അനേകർക്ക് രോഗം പകർന്നു നൽകയാൽ രോഗികളുടെ എണ്ണം മാനുഷിക നിയന്ത്രണങ്ങളെ എന്നേ കടന്നിരിക്കുന്നു.

വാഹന അപകടങ്ങൾ കൂടിയിരിക്കുന്നു എന്ന് മനുഷ്യർ വിലയിരുത്തുമ്പോൾ, മനുഷ്യ-ഡ്രൈവറന്മാരെ സഹായിക്കാൻ ദൈവം കൂടി വാഹനം ഓടിക്കുന്നതുകൊണ്ടാണ് എത്രയോ മടങ്ങായി വർദ്ധിക്കുമായിരുന്ന വാഹന അപകടങ്ങൾ കുറഞ്ഞിരിക്കുന്നത് എന്നതാണ് വസ്തുത. അതുപോലെ, കാമവെറികൾ കൂടിയിരിക്കുന്നു എന്ന് മനുഷ്യർ വിലയിരുത്തുമ്പോൾ, ദൈവം വളരെ വളരെ വളരെ വളരെ വളരെ ഇടപെടുന്നതു കൊണ്ടുമാത്രമാണ് എത്രയോ മടങ്ങായി വര്ദ്ധിക്കുമായിരുന്ന കാമവെറികൾ കുറഞ്ഞിട്ടുള്ളതെന്ന് ബുദ്ധിജീവികളായി തങ്ങളെ കണക്കാക്കുന്നവർ പോലും മനസ്സിലാക്കുന്നില്ല.

ദൈവികത്വം കുറഞ്ഞിരിക്കുന്നതു കൊണ്ടാണ് സത്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്തത്. ധർമ്മശാസ്ത്രത്തിന്റെ ഉപശാഖയായ സദാചാര ശാസ്ത്ര പ്രകാരം കാമകാര്യങ്ങളിൽ നിയന്ത്രണങ്ങൾ പാലിച്ചില്ലെങ്കിൽ, ദൈവം ഇടപെട്ടില്ലെങ്കിൽ, ഭൂമിയിലെ മനുഷ്യജീവിതം കുടുതൽ അധഃപതിച്ച് എങ്ങനെ ആയിത്തീരുമെന്ന് ബുദ്ധിശക്തികളെ അധികമായി ലഭിച്ചവർ ചിന്തിക്കണം. ദൈവീകമായി ചിന്തിക്കണം. അപ്പോൾ മനുഷ്യർ നടത്തിപ്പോരുന്ന ആനന്ദനിന്ദയും ദൈവനിന്ദയും അവസാനിപ്പിക്കാനായി ധർമ്മശാസ്ത്ര കാര്യങ്ങളെ സമ്പൂർണ്ണമായി അംഗീകരിക്കാൻ കഴിയുന്നതാണ്. മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ദൈവ നിന്ദ: മത്സരങ്ങൾ പാടില്ല.

മഹാനീതിശാസ്ത്ര പാഠങ്ങളും, ശാസ്ത്രീയമായ തൊഴിൽ വിഭജനങ്ങളും വിവരിക്കുന്ന അദ്ധ്യായങ്ങളും പഠിക്കുമ്പോൾ, സൗന്ദര്യം, നിറം, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, ദേശീയത, തുടങ്ങിയവയെല്ലാം ജന്മഗുണങ്ങളാണെന്ന് സുവ്യക്തമാകുന്നുണ്ട്. അങ്ങനെയിരിക്കെ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടെ യാതൊരു ജീവിത കാര്യങ്ങളിലും മനുഷ്യരുടെ ഇടയിൽ മത്സരം പാടില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങൾ തമ്മിൽ മത്സരിക്കുന്നതും ഒരാൾ മറ്റൊരാളേക്കാൾ കേമരാവാൻ ശ്രമിക്കുന്നതും വേദനാജനകമാണ്. യാതൊരാളും കേമരല്ല, ദൈവം നൽകുന്നവ അറിവുകളെയും ശക്തികളെയും കൊണ്ട് കേമത്തങ്ങൾ കാട്ടുന്നത് തെറ്റാണ്; ധർമ്മശാസ്ത്രപരമായിട്ട് കർമ്മങ്ങൾ ചെയ്തും ആനന്ദിച്ചും ജീവിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. ആനന്ദങ്ങളുടെ അനന്തമായ കലവറ ആസ്വദിച്ചു ജീവിക്കാൻ അതോടെ എല്ലാ മനുഷ്യർക്കും കഴിയുന്നതാണ്. പകരം ചുറ്റുമുള്ളവരെ വേദനിപ്പിക്കുന്ന കാര്യങ്ങൾ ചെയ്താൽ പാപം ഉണ്ടാകുന്നതാണ്.

ഇന്നത്തെ ലോകത്ത് വ്യക്തികൾ മത്സര രംഗത്താണ്. ദൈവത്തെ അടിസ്ഥാനപരമായി മറന്നതുകൊണ്ടും, ദൈവത്തിന്റെ പേരിൽ കപടവേഷമാടുന്ന വ്യത്യസ്ത മതനേതൃത്വങ്ങൾക്ക് ദൈവമെന്തെന്നും ശാസ്ത്രം എന്തെന്നും ഒക്കെ അറിയാതെ പോയതുകൊണ്ടു സംഭവിച്ച ഒരു പിഴവാണത്.

കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ മത്സരം നടത്തുന്ന മാതാപിതാക്കളും, വിദ്യാലയങ്ങളും, ഭരണകൂടവും ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ പറയാം :- സമൂഹത്തിലെ ചിലരെയോ അനേകരെയോ ഭാഗ്യം കുറഞ്ഞവരായും തങ്ങളേക്കാൾ ബുദ്ധി കുറഞ്ഞവരായും ഒരു ചിലരെ മന്ദബുദ്ധികളായും മനസ്സിലാക്കുമ്പോൾ, അത്തരം വിവേചനങ്ങളെ മത്സരത്തിനും പരിഹാസത്തിനും അവജ്ഞയ്ക്കും ഉപയോഗപ്പെടുത്തിക്കൂടാ.

ഉദാഹരണമായിട്ട്, ശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം നടത്തുവാനുള്ള ബുദ്ധിശക്തികളെ ഒരു കുട്ടിക്കും, ആശാരി പ്പണിയിലുള്ള വാസന മറ്റൊരു കുട്ടിക്കും, കൃഷിവാസന മൂന്നാമതൊരു കുട്ടിക്കും, എന്നിങ്ങനെ നൽകുമ്പോൾ, അവരിൽ കേമനായിട്ട് ശാസ്ത്രജ്ഞനെ കരുതുന്ന ഇന്നത്തെ രീതികൾ തീർത്തും തെറ്റാണ്. എല്ലാ തൊഴിലുകളും ചെയ്യാൻ സമൂഹത്തിൽ ആളുണ്ടാവണം. അല്ലെങ്കിൽ ജനങ്ങളെല്ലാം വളരെയധികം വിഷമിക്കുന്നതാണ്; സമൂഹ ജീവിതം സ്തംഭിക്കുന്നതാണ്; സാദ്ധ്യമല്ലാതെ വരുന്നതാണ്. സമൂഹ ജീവിതത്തെ സുന്ദരമാക്കാനായിട്ട് മഹാനീതിശാസ്ത്ര പ്രകാരം തൊഴിൽ അഭിരുചി ഉൾപ്പെടെയുള്ള ജന്മഗുണങ്ങളെ മഹാഭരിക്കുമ്പോൾ, അത് തിരിച്ചറിയാൻ കഴിയാത്തത് ദൈവീകത കുറയുന്നതു കൊണ്ടാണ്. അഹംഭാവങ്ങളും പാപങ്ങളും കുറയ്ക്കാൻ പരിശ്രമിക്കുക. ആവക കാര്യങ്ങൾ തൊഴിലുകളെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

ഇന്നത്തെ ശാസ്ത്രജ്ഞൻ മഹാനീതിശാസ്ത്ര പ്രകാരം അടുത്ത ജന്മത്തിൽ മന്ദബുദ്ധിയായി ജനിച്ചേക്കാം ! മറിച്ചും ! ബുദ്ധിശക്തി-വ്യത്യാസങ്ങൾ മഹാനീതിശാസ്ത്രത്തിന്റെ ഭാഗം മാത്രമാണ്. സ്രഷ്ടാവും രക്ഷിതാവുമായ ദൈവം മഹാനീതി നടപ്പാക്കുവാനായി മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം മഹാനിശ്ചയിക്കുന്നതും മഹാനിർവ്വഹിക്കുന്നതുമായ ഗുണങ്ങളാണവ. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയുമായും അവ ബന്ധപ്പെട്ടിരിക്കുന്നു. മന്ദബുദ്ധിയെന്ന് ഒരാളെ പരിഹാസത്തോടെയോ അവജ്ഞയോടെയോ വിളിച്ചാൽ മന്ദബുദ്ധിയായി സൃഷ്ടിച്ച ദൈവത്തെയാണ് പരിഹസിക്കുന്നത്. വാക്കുകൾ ഉപയോഗിക്കുന്നതും ജാഗ്രതയോടെ വേണം.

വിദ്യാർത്ഥികൾക്ക് മാർക്കിടുന്നതും ഗ്രേഡ് നിശ്ചയിക്കുന്നതുമെല്ലാം തെറ്റാണ്. സൃഷ്ടിപരമായ വിധി പ്രകാരം ദൈവം കുട്ടികളിൽ സ്ഥാപിക്കുന്ന ജന്മഗുണങ്ങളെയും ദൈവത്തിന്റെ പ്രവർത്തനത്തെയും അവഗണിച്ചുള്ള രീതികളെ മാതാപിതാക്കളും അദ്ധ്യാപകരും ഭരണകൂടവും പുലർത്തിക്കൂടാ. പുലർത്തിയാലും, മഹാനീതിശാസ്ത്രപ്രകാരം മാത്രമേ കാര്യങ്ങൾ ഉരുത്തിരിയുകയുള്ളൂ. ഉദാഹരണത്തിന് വക്കീൽ-വിദ്യാഭ്യാസത്തിൽ ലഭിച്ച മാർക്കുമായി ഗാന്ധിയുടെ ജീവിതത്തിന് വലിയ ബന്ധമില്ല. ഈയുള്ളവന് പ്രീഡിഗ്രി വിദ്യാഭ്യാസത്തിലൂടെ ലഭിച്ച അറിവ് തുച്ഛമാണ്.

മഹാവേദഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളതുപോലെ, മഹാദേവി ഈയുള്ളവനിലേക്ക് മത്സ്യാവതാരത്തെ പ്രവേശിപ്പിച്ചതും, ഈയുള്ളവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ ഓം മഹാ-കുറിച്ചതും, ഓംകാരം മഹാഅനുഗ്രഹിച്ചു നൽകിയതും പോലെയുള്ള മഹാകാര്യങ്ങൾക്ക് അദ്ധ്യാപകരുടെയോ ഭരണാധികാരികളുടെയോ മാർക്കുകളുമായോ ഗ്രേഡുകളുമായോ ബന്ധമില്ല. യാതൊരു തെറ്റുകളുമില്ലാതെ ഗ്രേഡുകൾ നിശ്ചയിക്കാനും മാർക്കിടാനും മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ എന്നും സ്രഷ്ടാവ് എന്ന നിലയ്ക്കും രക്ഷകൻ എന്ന നിലയ്ക്കും മഹാ-അവകാശവും മഹാ-അധികാരവും ദൈവത്തിനു മാത്രമേ ഉള്ളൂ എന്നും അറിയണം.

വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിയിലെങ്ങുമുള്ള വിജയം-തോൽവി സമ്പ്രദായങ്ങളും, ബിരുദങ്ങളും, തൊഴിൽ മികവിന്റെ പേരിൽ വ്യക്തികളെ ആദരിക്കുന്നതിന് സ്ഥാപനങ്ങളും ഭരണകൂടങ്ങളും നൽകുന്ന ബിരുദങ്ങളും ഒക്കെ അധമമാണ് എന്നർത്ഥം. ഭൂമിയിലൊക്കെയുമുള്ള ബിരുദങ്ങൾക്കോ, ബിരുദം നേടുന്ന വിദ്യാർത്ഥികൾക്കോ, ബിരുദം നൽകുന്ന വ്യക്തികൾക്കോ, യാതൊരിക്കലും തുല്ല്യത ഉണ്ടാവില്ലെന്ന് മഹാഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം എന്ന ഭാഗം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്.

ബി.എ., ബി.എസ്.സി., ഡിപ്ലോമ, എം.എ., എം.കോം., ബി.എഡ്., എം.ബി.എ., ബി.ടെക്., സി.എ., പി.എച്ച്.ഡി., എം.ബി.ബി.എസ്., എം.ഡി., തുടങ്ങിയ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും, ഡോക്ടറേറ്റ്, പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, ഭാരതരത്നം, ജ്ഞാനപീഠം, ഓസ്ക്കാർ, തുടങ്ങിയവയും ദൈവീകമല്ല എന്നാണ് അറിയിച്ചത്. പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, എന്നിങ്ങനെ താമരപ്പൂവുമായി ബന്ധപ്പെട്ട നീച-ബഹുമതികളുടെ കാര്യത്തിൽ കുതന്ത്രങ്ങളിലൂടെ ദൈവമാകാൻ ശ്രമിച്ച - പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച-നാരായണന്റെ പ്രവർത്തനങ്ങൾ ഉണ്ടെന്നതും വസ്തുതയാണ്. ഭരണാധികാരികളും മറ്റും നൽകുന്ന ബഹുമതികളെ സ്വീകരിച്ച് കേമരായി കഴിയുന്നവരേക്കാൾ വളരെയധികം ശ്രേഷ്ഠരായ അനേകർ സാധാരണക്കാരായിട്ട് സമൂഹത്തിൽ ജീവിക്കുന്നതിനെപ്പറ്റി മഹാനീതിശാസ്ത്രത്തിലൂടെ പഠിക്കുമ്പോൾ മാനുഷിക-ബഹുമതികളുടെ തുച്ഛത്വം ബോദ്ധ്യമാകുന്നതാണ്. മഹാപ്രപഞ്ചത്തിൽ മൂല്ല്യമുള്ള ഒരു ബിരുദം മാത്രമേ ഉള്ളൂ. ഓം. ദൈവം തന്റെ ഏകദാസനും, ജീവികളുടെയെല്ലാം പിതാവുമായ പരമശിവനിലൂടെ, മനുഷ്യന്റെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിലൊന്നിൽ ഓരോരുത്തരുടെയും നാവിൽ ഓം കുറിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവൻ മനുഷ്യൻ ഗ്രഹിക്കുന്നു. ഏവർക്കും തുല്ല്യജ്ഞാനം പകർന്നുനൽകുന്ന ഏകമഹാബിരുദമാണത്.

വിജയം-തോൽവി സമ്പ്രദായങ്ങളും, ബിരുദ-സമ്പ്രദായങ്ങളും, മനുഷ്യരിൽ ഉച്ചനീചത്തങ്ങളെ സൃഷ്ടിക്കുന്നതാണ്, ഇന്ന് അതു സംഭവിച്ചിരിക്കുകയാണ്. ഉയർന്ന വിദ്യാഭ്യാസം നേടാത്ത എത്രയോ പേർ രാഷ്ട്രങ്ങളിലെ മുഖ്യഭരണാധികാരികളും, ശാസ്ത്രജ്ഞന്മാരും ഒക്കെ ആയിരിക്കുന്നു എന്നതിൽ നിന്നുതന്നെ ഇന്നത്തെ ഭൂമിയിലെങ്ങുമുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളെയും, തൊഴിലുകളെയും, തൊഴിൽ നിയമന രീതികളെയും സമ്പൂർണ്ണമായും അഴിച്ചു പണിയേണ്ടതുണ്ട് എന്നു സുവ്യക്തമാകുന്നുണ്ട്. സൃഷ്ടിപരവും സ്ഥിതിപരവുമായ വിധികൾ പ്രകാരം കുട്ടികളിൽ വികസിക്കുന്ന സാമർത്ഥ്യങ്ങളെ തിരിച്ചറിയാൻ കഴിയുന്ന അദ്ധ്യാപകരും മാതാപിതാക്കളും ഉണ്ടാകണം. കുട്ടികളുടെ പഠന കാര്യങ്ങളെയും തൊഴിൽ കാര്യങ്ങളെയും ശാസ്ത്രീയമായി നയിക്കുക മാത്രമേ വേണ്ടൂ. തൊഴിലുകൾ: ശുചിത്വം എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരണമുണ്ട്.

തൊഴിലുകളെപ്പറ്റിയുള്ള അദ്ധ്യായം പഠിക്കുമ്പോൾ, തൊഴിൽ പരമായുള്ള മത്സരങ്ങളും ധർമ്മശാസ്ത്രപരമല്ല എന്നു വെളിവാകുന്നതാണ്. ഉദാഹരണം:- നാട്ടിലെ സർക്കാർ ആഫീസിൽ ഉൾപ്പെടെ ഏതൊരു കാര്യാലയത്തിലും ഒരു ഗുമസ്ത ജോലിക്കോ, ടെക്നിക്കൽ ജോലിക്കോ, അന്തർദ്ദേശീയ കാര്യങ്ങളെ മുഴുവൻ ചോദ്യാവലിയാക്കുന്ന പരീക്ഷാ മത്സരങ്ങളെ നടത്തുന്ന ഇന്നത്തെ രീതികൾ അതിനീചമാണ്.

അല്പം വിദ്യാഭ്യാസമുള്ള ഒരാൾക്ക് ഏതാനും ദിവസങ്ങൾ കൊണ്ട് നല്ലൊരു ഗുമസ്തനാവാൻ കഴിയുമെന്നതാണ് വാസ്തവം. ശാസ്ത്രപരമല്ലാത്ത വേതനങ്ങളും ആനുകൂല്യങ്ങളും നല്കിപ്പോരുന്നതു കൊണ്ടാണ് സർക്കാർ ജോലിക്കായിട്ട് ഉദ്യോഗാർത്ഥികൾ ഉത്സാഹിക്കുന്നതെന്നും, അത്തരം ജോലികൾ ചെയ്യാനും ഭരണകൂടത്തെ മെച്ചപ്പെടുത്തുവാനുമുള്ള ഉത്സാഹമല്ല അതെന്നും വ്യക്തമാണ്. ശാസ്ത്രപരമല്ലാത്ത തൊഴിലുകളും, ശാസ്ത്രപരമല്ലാത്ത വേതനങ്ങളും അവസാനിപ്പിക്കുമ്പോൾ ശാസ്ത്രപരമല്ലാത്ത ഇന്നത്തെ തൊഴിൽ പരീക്ഷകളും അവസാനിക്കുന്നതാണ്. ദൈവ-വിപ്ലവത്തോടെ സാദ്ധ്യമാകുന്നതാണ്. ഒരു മണിക്കൂറോ ഒരു ദിവസമോ ഒരു ഉദ്യോഗാർത്ഥിയെ ക്കൊണ്ട് ഒരു തൊഴിൽ ചെയ്യിക്കുമ്പോൾ, അയാളെ പണിക്കു പറ്റുമോ എന്നറിയാം. നന്നായിട്ട് വാഹനം ഓടിക്കുന്നയാളെ ഡ്രൈവറായി നിയമിക്കുക എന്നതിനു പകരം അന്തർദ്ദേശീയ ചോദ്യാവലിയോടെ മത്സരപരീക്ഷ നടത്തുന്നവരും, അതിനെ അനുകൂലിക്കുന്ന ഭരണാധികാരികളും കോടതികളും ഉൾപ്പെട്ട സംവിധാനമാണ് ബുദ്ധിപരമായി മന്ദാവസ്ഥയിലുള്ളത്.

വിനോദങ്ങളിലും മത്സരം പാടില്ല തന്നെ. തൊഴിലുകൾ : വിനോദം എന്ന മഹാഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ ധർമ്മശാസ്ത്രപരമായിട്ട് 'നല്ലതും മോശവും' എന്നിങ്ങനെ വിനോദങ്ങളെ തരംതിരിക്കുന്നുണ്ട്. സ്വകാര്യമായ വിനോദങ്ങളെ പരസ്യമാക്കുമ്പോൾ ധർമ്മശാസ്ത്രത്തിന് കളങ്കമുണ്ടാകുന്നതാണ്.

സിനിമകളിലെയും മറ്റും നൃത്തം, റിയാലിറ്റി ഷോകൾ എന്നിവ ഉദാഹരണം. മത്സരങ്ങളിൽ വിജയിക്കാത്തവർക്കും സഹായികൾക്കും വേദനയും അസൂയയും പകയും മറ്റും ഉണ്ടാകുവാൻ മത്സരം ഇടയാക്കുന്നുവെങ്കിൽ, അതിനു കാരണമായ ഒന്നിനെ വിനോദം എന്നു വിളിക്കുന്നത് ദൈവീകമല്ല. മഹാപ്രപഞ്ചത്തെ ഒരു വീടായും, ദൈവത്തെ മാതാപിതാക്കളായും കണക്കാക്കിയാൽ, വീട്ടിലുള്ള കുഞ്ഞുങ്ങളിൽ ചിലർ ജയിച്ചു സന്തോഷിക്കുകയും, മറ്റു ചിലർ തോറ്റു വിഷമിക്കുകയും ചെയ്താൽ, മാതാപിതാക്കൾക്ക് ആനന്ദിക്കാനാകുമോ എന്ന രീതിയിൽ കാര്യങ്ങളെ ഉൾക്കൊള്ളണം.

ഇന്നു നടത്തിപ്പോരുന്ന മത്സരങ്ങളിൽ ഏറ്റവും അധമം ഏതെന്നുകൂടി നോക്കാം. സ്ത്രീകൾ വസ്ത്രം ഏറെക്കുറെ മുഴുവനായും ഉപേക്ഷിച്ചുകൊണ്ടു നടത്തുന്ന സൗന്ദര്യ മത്സരങ്ങളാണ് ഏറ്റവും അധമമായ മത്സരം. ദൈവമാണ് ഏതൊരാൾക്കും അടിസ്ഥാനപരമായ സൗന്ദര്യം നൽകുന്നത് എന്നതു മനസ്സിലാക്കാൻ പ്രത്യേക പാഠങ്ങളൊന്നും വേണ്ടതില്ല. അത്ര ലളിതമായി മനസ്സിലാക്കാവുന്ന പാഠമാണത്. അങ്ങനെയിരിക്കെ പരസ്യമായിട്ട് വസ്ത്രത്തോടെയോ, വസ്ത്രമില്ലാതെയോ, വസ്ത്രമുടുത്തതായി തോന്നിപ്പിച്ചോ നടത്തുന്ന ഏതൊരു സൗന്ദര്യമത്സരവും ഏറ്റവും അധമമാണ്. തങ്ങളുടെ പെൺമക്കൾ തുണിയുടുക്കാതെ ശരീരപ്രദർശനം നടത്തുന്നതും മത്സരിച്ച് സമ്മാനങ്ങളും എന്തോ ചില (ദുഷ്)ക്കീർത്തികളും നേടുന്നതും അഭിമാനകരമായിട്ട്, മാതാപിതാക്കളും, ഇന്ത്യ ഉൾപ്പെടെയുള്ള അനേകം രാജ്യങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങളും കൂടി കണക്കാക്കുമ്പോൾ, പൈശാചിക ശക്തികൾ ഏറ്റവും അധമമായി വലുതായിരിക്കുന്നു എന്നുകൂടിയാണ് അർത്ഥം.

സാമൂഹ്യ അധഃപതനം മൂർച്ഛിക്കുമ്പോൾ, ധർമ്മ സംസ്ഥാപനത്തിനായിട്ട് ദൈവീക നടപടികൾ ഉടനുണ്ടാകും എന്നൊരു സൂചനയും അതു നൽകുന്നുണ്ട്. ഇന്ത്യയുടെ ശ്രേഷ്ഠതയെ എടുത്തു പറയുവാനുള്ള കാരണം മഹാഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തിലുണ്ട്. അജ്ഞാനികളായ സ്ത്രീകളെ അധമ കാര്യങ്ങളിലേക്ക് നയിച്ചവരായ ഭരണാധികാരികളും കുടുംബാംഗങ്ങളും ഉൾപ്പെടെയുള്ളവർ തീർച്ചയായും മത്സരിച്ച സ്ത്രീകളേക്കാൾ കൂടുതൽ പാപം നേടിയെന്നുവരാം. സെക്സിലെ സ്വകാര്യതയും, ശാസ്ത്ര വികസനത്തിന് മനുഷ്യരിലെ പ്രത്യേകമായ കാമവ്യവസ്ഥിതിയുടെ നിർബ്ബന്ധവും, മുൻ അദ്ധ്യായത്തിലും മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും കാമകാര്യങ്ങളിലെ വ്യത്യാസങ്ങൾ എന്ന അദ്ധ്യായത്തിലും വിശദീകരിച്ചിരുന്നു. സൗന്ദര്യം കുറച്ചുമാത്രവും ശരാശരി ബുദ്ധിശക്തികളുമുള്ള സ്ത്രീകൾ മേല്പടി കാര്യങ്ങളോട് പെട്ടെന്നു യോജിക്കുന്നതാണ്. മഹാനീതിശാസ്ത്ര പ്രകാരം എല്ലാ മനുഷ്യർക്കും 50 പുരുഷജന്മങ്ങൾ, 50 സ്ത്രീ ജന്മങ്ങൾ എന്നിവയുണ്ടെന്നും, സ്ത്രീജന്മങ്ങളിൽ സൗന്ദര്യമില്ലാത്ത ജന്മവും എല്ലാവർക്കും ഉണ്ടെന്നതും, ജീവിതത്തിന്റെ അർത്ഥങ്ങളും, മനസ്സിലാക്കിയാൽ മത്സരങ്ങളെ ഒഴിവാക്കണമെന്നു വാദിക്കുന്നതാണ്.

വ്യക്തിസ്വാതന്ത്ര്യവും നീതിശാസ്ത്രവും : സ്ത്രീപുരുഷ സമത്വം.

സ്ത്രീയ്ക്ക് സമസ്വാതന്ത്ര്യം എന്നു വാദിക്കുന്നവർ, ദൈവത്തെ മറന്നിരിക്കുന്നു, ദൈവീകനീതി എന്തെന്ന് അറിയാൻ ആഗ്രഹിക്കാത്തവരോ അന്വേഷിക്കാത്തവരോ ആയിരിക്കുന്നു.

സ്ത്രീയെ പുരുഷന്റെ യജമാനയായിട്ടാണ് ദൈവം മഹാഉയർത്തിയിട്ടുള്ളത്, സമമായിട്ടോ താഴെയായിട്ടോ അല്ല. ദൈവ-വിപ്ലവത്തോടെ ഉടൻ ഭൂമിയിലെങ്ങും ജീവിതത്തിൽ സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്ന മഹാഅവസ്ഥ ഉണ്ടാകുന്നതുമാണ്. അങ്ങനയിരിക്കെ സ്ത്രീ-പുരുഷ സമത്വ വാദങ്ങൾ, ശാസ്ത്രങ്ങളറിയാതെ പുലമ്പുന്ന വാഗ്ധോരണികളും ഭോഷത്തങ്ങളും മാത്രമാണ്. (2)-ൽ വിശദമാക്കിയിരുന്നു. അല്പം ആവർത്തിക്കുന്നു. മാനുഷിക-ജന്മഗുണങ്ങളിൽ ആദ്യത്തേതാണ് സ്ത്രീ-പുരുഷ വ്യത്യാസമെന്നും, അവയിൽ നീതി നടപ്പാക്കാൻ മാനുഷിക ഭരണസമ്പ്രദായങ്ങൾക്ക് കഴിയില്ല/കഴിവില്ല എന്നുമറിയണം. മനുഷ്യരുടെ കാര്യത്തിൽ, സ്ത്രീയ്ക്ക് സൃഷ്ടിയിൽ ദൈവം ചില പ്രത്യേക അവകാശങ്ങൾ നൽകിയിരിക്കുന്നതിനെ പ്പറ്റി ഇനി കുറിക്കാം. മഹാശക്തിയായ ദൈവം സ്ത്രീയെ സൃഷ്ടിയുടെ സമ്പൂർണ്ണ അധികാരിയാക്കിരിക്കുകയാണ്. സ്ത്രീയ്ക്ക് 100%. പുരുഷന് 0 %. ... ശാസ്ത്ര വികസനത്തോടെ, പുരുഷബീജമില്ലാതെയും ഭ്രൂണം സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാകുമ്പോഴും, ഗർഭവും പ്രസവവും സ്ത്രീയുടെ സ്വന്തമാണ്. തന്റെ ശരീരം

സ്വീകരിക്കുന്ന ഭക്ഷണത്തിന്റെ ഓഹരി സ്ത്രീയുടെ ശരീരാവയവങ്ങളിലൂടെ കുഞ്ഞിന് നൽകപ്പെടുകയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. പ്രസവിച്ചു കഴിയുമ്പോൾ മുലയൂട്ടുന്നതും സ്ത്രീയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. കുഞ്ഞിനെ പരിചരിക്കുന്നതിലും മുഖ്യപങ്ക് സ്ത്രീയ്ക്കാണ്. പുരുഷന് ഒരു കുട്ടിയുടെ മേൽ അവകാശമുണ്ടാകുന്നത് പുരുഷൻ സ്ത്രീയോടും കുട്ടിയോടും ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോഴാണ്, അവരെ യഥോചിതം പരിചരിക്കുമ്പോൾ മാത്രമാണ്. ഭാവി തലമുറയെക്കൂടി സംരക്ഷിക്കുന്ന സ്ത്രീയുടെ ദാസനായിട്ട് പുരുഷൻ വർത്തിക്കേണ്ടതുണ്ട്. ഏറ്റവും നന്നായി സ്ത്രീയെ പരിചരിക്കുന്ന പുരുഷന് കുട്ടിയുടെ മേൽ 30% മാത്രമാണ് ശക്തിശാസ്ത്രമനുസരിച്ച് അവകാശമുണ്ടാവുക. ..പുരുഷന്മാർക്ക് യാതൊരു അവകാശങ്ങളും സൃഷ്ടികാര്യത്തിൽ ദൈവം നൽകുന്നില്ലായെന്നത് വ്യക്തമായ ഉദ്ദേശത്തോടെയാണ്. തന്റെ ശുദ്ധവൃത്തി കൊണ്ട് പുരുഷൻ കുട്ടികളുടെ മേൽ അവകാശം സമ്പാദിക്കണമെന്നാണ് ധർമ്മശാസ്ത്രം. ഭാര്യയിൽ മാത്രം കാമാനന്ദം ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് പുരുഷനെ നയിക്കുക കൂടിയാണത്. സമൂഹത്തിലെ വ്യക്തികളുടെ ജീവിതം മംഗളമാകുവാൻ അതാവശ്യമാണ്. പരസ്ത്രീകളെയും പരപുരുഷന്മാരെയും ആഗ്രഹിക്കുകയും പ്രാപിക്കുകയുമൊക്കെ ചെയ്യുന്ന അവസ്ഥ വ്യക്തികൾക്ക് ഉണ്ടാകാൻ പാടില്ല.

മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തെ ദൈവം മഹാആവിഷ്ക്കരിച്ചതിന്റെയും മനുഷ്യന്റെ സൃഷ്ടി വ്യത്യാസപ്പെടുത്തിയതിന്റെയും ഉദ്ദേശം ഫലിക്കണം.. (ഇന്നത്തെ സമൂഹത്തിൽ വളരെയധികം പാളിച്ച സംഭവിച്ചുകഴിഞ്ഞു. അത് ഉടൻ തിരുത്തപ്പെടണം).

സ്ത്രീയുടെ സമ്മതമില്ലാതെ പുരുഷൻ സ്ത്രീയെ പ്രാപിച്ചാലും സ്ത്രീ ഗർഭവതിയായെന്നു വരും; ലൈംഗികബന്ധമില്ലാതെ പുരുഷബീജങ്ങളെ പ്രവേശിപ്പിച്ചും, കൂടാതെ ക്ലോണിങ്ങിലൂടെയും മറ്റും സ്ത്രീയ്ക്ക് ഗർഭവതിയാവാനും പ്രസവിക്കാനും കഴിഞ്ഞെന്നു വരും; എന്നതെല്ലാം സ്രഷ്ടാവ് ദൈവമാണെന്ന് സ്ത്രീയെയും സമൂഹത്തെയും ഓർമ്മിപ്പിക്കുന്നുണ്ട്. ഭ്രൂണത്തിന് കാരണമാകുന്ന അണ്ഡത്തെ സ്ത്രീയിൽ സൃഷ്ടിക്കുന്നത് സ്ത്രീയല്ല എന്നതും, സ്ത്രീയുടെ ശരീരത്തിൽ ഭ്രൂണം സൃഷ്ടിക്കപ്പെടുമ്പോഴും വളരുമ്പോഴുമുള്ള പ്രവർത്തനങ്ങളും സ്ത്രീയുടെ അഥവാ ജീവാത്മാവിന്റെ നിയന്ത്രണത്തിലല്ല എന്നതും സ്രഷ്ടാവ് ദൈവമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ കുഞ്ഞിനെ പ്രസവിക്കുന്നത് അഥവാ സൃഷ്ടി നടത്തുന്നത് സ്ത്രീയിലൂടെ ആകയാൽ ദൈവം സ്ത്രീയെ ആശ്രയിക്കുന്നതു പോലെയുള്ള ഒരവസ്ഥ ഉണ്ടാക്കപ്പെടുന്നുണ്ട് ; സ്ത്രീയെ ഉയർത്തുവാൻ ദൈവം തന്നെ മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാപദ്ധതിയാണത്, മഹാശാസ്ത്രത്തെ ആവിധത്തിൽ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം തന്നെയാണ്. ദൈവത്തിന് ആശ്രയം വേണ്ടതന്നെ.

സൃഷ്ടിയുടെ മഹാഅധികാരി ദൈവമാണെങ്കിലും സ്ത്രീയോട് പ്രത്യേക വാത്സല്യം കാട്ടിക്കൊണ്ട് സ്ത്രീയെ പുനർസൃഷ്ടികളിലെ അധികാരിയായി ഉയർത്തിയിരിക്കുകയാണ്. സൃഷ്ടിയുമായി ബന്ധപ്പെട്ട മേല്പടി അധികാരം സ്ത്രീയ്ക്ക് ദൈവം നൽകിയില്ലെങ്കിൽ സ്ത്രീയുടെ സ്ഥാനവും പുരുഷനെപ്പോലെ മറ്റൊരു പൂജ്യമാകുന്നതാണ്.

സ്ത്രീയെയും കുഞ്ഞിനെയും പുരുഷൻ പരിചരിച്ചില്ലെങ്കിൽ ഗർഭം ഉപേക്ഷിക്കുവാനും, അതേപോലെ കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ച് തന്റെ ഗർഭം നിലനിർത്തുവാനും ദൈവം സ്ത്രീയ്ക്ക് സമ്പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. പുരുഷനോ സമൂഹ ഭരണകൂടത്തിനോ അത്തരം വ്യക്തിസ്വാതന്ത്ര്യ - കാര്യങ്ങളിൽ കൈകടത്താൻ അവകാശമില്ല. നിരാലംബയായ സ്ത്രീയ്ക്ക് ഏതു മാർഗ്ഗത്തിലൂടെയും ഗർഭം നിലനിർത്തുവാനും കുഞ്ഞിനെ വളർത്തുവാനും അധികാരമുണ്ടെന്നു പറയുമ്പോൾ കാമാനന്ദം ആഗ്രഹിക്കുന്ന പുരുഷന്മാരോട് മുൻകൂട്ടി വേതനം അറിയിച്ചും വാങ്ങിക്കൊണ്ടും ചെയ്യുന്ന കാമസേവനം എന്ന വേശ്യാവൃത്തിയും ഉൾപ്പെടുന്നതാണ്. സ്ത്രീയ്ക്ക് ശരീരഭാഗങ്ങളെ കാമപരമായി പ്രദർശിപ്പിക്കാതെയും, പരസ്യമായല്ലാതെയും, കാമസേവനം സ്വകാര്യതയോടെ നടത്തുവാനും കാട്ടിൽ പോകാതെ നാട്ടിൽതന്നെ ജീവിക്കുവാനും ധർമ്മശാസ്ത്രം അനുവദിക്കുന്നു എന്നാണർത്ഥം. നിരാലംബയായ സ്ത്രീയെ സംരക്ഷിക്കുന്നതിൽ സമൂഹവും ഭരണകൂടവും പരാജയപ്പെടുമ്പോൾ മാത്രമാണ് മേല്പറഞ്ഞ കാമസേവന-വൃത്തി സ്ത്രീ ചെയ്യേണ്ടി വരുന്നത് എന്നത് സമൂഹത്തിലെ വ്യക്തികളെയും ഭരണകൂടത്തെയുമാണ് ലജ്ജിപ്പിക്കേണ്ടത്.

നിരാലംബരായ സ്ത്രീകൾ കാമസേവനത്തിന് തയ്യാറാവുന്ന നാട്ടിൽ ഭരണാധികാരികൾ/ ന്യായാധിപന്മാർ ഉണ്ടെന്നു പറയുന്നത് ദൈവികമല്ല. അവരെ ഭരണാധികാരി എന്നു വിളിച്ചുകൂടാ. ഭരണാധികാരികളുടെ ഭരണപരമായ വീഴ്ചകൊണ്ട് സ്ത്രീയ്ക്ക് നീചമാർഗ്ഗം സ്വീകരിക്കേണ്ടി വന്നതിനാൽ ഭരണാധികാരിയെ കൂട്ടിക്കൊടുപ്പുകാരൻ എന്നുതന്നെയാണ് വിളിക്കേണ്ടത്. ഭൂമിയിൽ ഇന്നുള്ള ജഡ്ജിമാർ ഉൾപ്പെടെയുള്ള ഭരണാധികാരികളെല്ലാം പ്രസ്തുത അപരനാമത്തിന് അർഹരാണ്.

നിരാലംബരായ സ്ത്രീകൾ മറ്റുള്ളവർക്ക് വലിയ ശല്യമുണ്ടാക്കാതെ കാമകാര്യങ്ങളിലെ സ്വകാര്യത സൂക്ഷിച്ച് കാമസേവനം നടത്തി ജീവിക്കുമ്പോൾ, അവരെയും ഇടപാടുകാരെയും പീഡിപ്പിക്കുവാൻ ഇന്നത്തെ ഭരണകൂടങ്ങൾ തയ്യാറാവുന്നത് ധർമ്മശാസ്ത്രപരമല്ല എന്നുമർത്ഥം. സിനിമകളും ടെലിവിഷനും ഇന്റർനെറ്റും മറ്റ് മാധ്യമങ്ങളും ഒക്കെയാണ് യഥാർത്ഥത്തിൽ കടുത്ത-അധമങ്ങളായിരിക്കുന്നത്. അവയിലെ പ്രവർത്തകരും അവയെ അനുവദിച്ചിരിക്കുന്ന ഭരണകൂടവുമാണ് ഏറ്റവും വലിയ കാമപരമായ-അധമർ. ധർമ്മശാസ്ത്ര പരമായിട്ട് മുഖ്യമായി ശിക്ഷിക്കേണ്ടതും തിരുത്തേണ്ടതും ഭരണകൂടത്തിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ള മേല്പടി അധമരെയാണ്. സ്ത്രീ കാമാനന്ദത്തിനായി കാമസേവനത്തിന് തയ്യാറാവുമ്പോൾ അതിന്റെ ഭാഷ്യം മാറുന്നതാണ്, അങ്ങനെ വരുമ്പോൾ, തെറ്റു തിരുത്തുവാൻ സ്ത്രീ സ്വമേധയാ തയ്യാറാവുകയോ, അല്ലാത്തപക്ഷം, കാട്ടിലേക്കു പോവുകയോ വേണം.

ജന്തു-കാമവ്യവസ്ഥിതി കാട്ടിലാകാം, നാട്ടിൽ പാടില്ല. അതേസമയം, സ്ത്രീ സ്വമേധയാ കാട്ടിൽ പോകാൻ തയ്യാറായില്ലെങ്കിൽ മഹാഉചിതമായി മഹാഭരണാധികാരിയായ ദൈവം ഇടപെടുന്നതാണ് എന്നല്ലാതെ നാട്ടിലെ മനുഷ്യ-ഭരണകൂടമോ, നാട്ടുകാരോ തങ്ങൾക്കു തോന്നുമ്പോലെ നീതി നടത്താൻ പാടില്ല.

പരസ്ത്രീ-പുരുഷ ഗമനങ്ങൾ അസാദ്ധ്യമാകുന്നതോടെയും, വ്യക്തികൾ സ്വയം ദുരാചാരങ്ങളെ വെറുക്കുന്നതോടെയും, സെക്സ്-കോപ്രായങ്ങളും അസ്തമിക്കുന്നതാണ്.

ദൈവദത്തമായ സൗന്ദര്യത്തിൽ സ്ത്രീകൾ മത്സരിക്കുന്നത് ഉൾപ്പെടെയുള്ള മത്സരകോപ്രായങ്ങളും അശാസ്ത്രീയമായ സൗന്ദര്യവർദ്ധന സമ്പ്രദായങ്ങളും അവസാനിക്കുന്നതാണ്. ഭർത്താവ് ഒഴികെയുള്ളവർക്ക് തങ്ങൾ അമ്മയെപ്പോലെ ആവണം എന്ന രീതിയിൽ വസ്ത്രധാരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുവാനും ശരീരത്തെ പ്രദർശന വസ്തുവാക്കാതെ സൂക്ഷിക്കുവാനും സ്ത്രീയ്ക്ക് ഉത്തരവാദിത്തമുണ്ട്. എന്നാൽ ശരീരത്തിന്റെ സ്വകാര്യത കാക്കാതെ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന സ്ത്രീകളെ ശിക്ഷിക്കുവാൻ ഭർത്താവ് ഉൾപ്പെടെ യാതൊരു വ്യക്തികളെയും സമൂഹത്തെയും/ഭരണകൂടത്തെയും ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. യഥാർത്ഥമായും തെറ്റുചെയ്തവർക്ക് കനത്ത ശിക്ഷ മഹാനീതിശാസ്ത്ര പ്രകാരം ദൈവം നേരിട്ടു നല്കുന്നതാണ്. പുരുഷന്മാർ കല്ലെറിയാൻ നടക്കേണ്ടെന്നും സാരം. ഇന്നത്തെ പുരുഷൻ നാളത്തെ/ അടുത്ത ജന്മത്തിലെ സ്ത്രീയാവാം എന്നതും ഓർക്കാവുന്നതാണ്. ദാമ്പത്യ ജീവിതത്തിൽ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന പുരുഷനോട് എങ്ങനെ പെരുമാറണമെന്നതും സ്ത്രീ നിശ്ചയിക്കുക,

സ്ത്രീയും കുട്ടികളും കൂടി നിശ്ചയിക്കുക, സ്ത്രീയ്ക്ക് ഉപദേശമോ സഹായമോ ആവശ്യമുണ്ടെങ്കിൽ ഭരണകൂടം സഹായിക്കുക എന്നിങ്ങനെയാണ് ധർമ്മശാസ്ത്രം.

സ്ത്രീയെ ലൈംഗികമായി പീഡിപ്പിക്കുന്ന പുരുഷന്റെ/ പുരുഷന്മാരുടെ മേൽ നീതി ന്യായം വിധിക്കുവാൻ കോടിതികൾക്കും ഭരണകൂടത്തിനുമല്ല അവകാശവും അധികാരവും, മറിച്ച് (എപ്പോഴും) പീഡിപ്പിക്കപ്പെട്ട സ്ത്രീയ്ക്കു തന്നെയാണ് ; പീഡിപ്പിച്ച പുരുഷനെ/പുരുഷന്മാരെ വധിക്കുവാൻ പോലുമുള്ള തീരുമാനം പീഡിപ്പിക്കപ്പെട്ട സ്ത്രീ തനിച്ചോ ബന്ധുജനങ്ങളുടെ ഉപദേശങ്ങളോടെയോ സ്വീകരിക്കുന്നതാണ്. സ്ത്രീയ്ക്ക് ശാസ്ത്രീയമായ ഉപദേശം ആവശ്യമുണ്ടെങ്കിൽ നൽകുക, കുറ്റവാളിയെ പിടിച്ചുകെട്ടി സ്ത്രീയുടെ മുന്നിൽ ഹാജരാക്കുക, ശിക്ഷ വിധിക്കാനും നടപ്പാക്കാനും സ്ത്രീയെ ധർമ്മശാസ്ത്രപരമായി സഹായിക്കുക, സ്ത്രീയ്ക്ക് മാനസികമായോ ശാരീരികമായോ ആരോഗ്യമില്ലെങ്കിൽ ധർമ്മശാസ്ത്രങ്ങൾ അറിയാവുന്നവരും ദൈവാനുഭവങ്ങൾ ഉള്ളവരുമായ വ്യക്തികളെക്കൊണ്ട് ന്യായവിധി നടത്തിക്കുക, പീഡിപ്പിക്കപ്പെട്ട സ്ത്രീ വധിക്കപ്പെടുകയാണെങ്കിൽ കുറ്റവാളിയെ ഒറ്റപ്പെട്ട ദ്വീപിലേക്ക് 10-15 വർഷം എന്നിങ്ങനെ നിശ്ചിതമായ കാലത്തേക്ക് നാടുകടത്തുക തുടങ്ങിയവ മാത്രമാണ് ഭരണകൂടത്തിന്റെ കടമ.

ആധുനിക കാലത്ത് മൊബൈൽ ഫോണുകളിലൂടെയും, ഇന്റർനെറ്റിലൂടെയും, ടെലിവിഷൻ പത്രം മാഗസിനുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെയും, സ്ത്രീയുടെ സ്വകാര്യ ശരീരത്തെ, (സ്ത്രീയുടെ സമ്മതമില്ലാതെയും സമ്മതത്തോടെയും) അശ്ലീലപരമായി പ്രദർശിപ്പിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സ്ത്രീ-പീഢനത്തിൽ പെടുന്നു. ആവിധത്തിൽ പീഢിപ്പിക്കുന്നവരെയും സ്ത്രീയുടെ ഇച്ഛപോലെ ശിക്ഷിക്കുവാൻ മേല്പറഞ്ഞതുപോലെ ഭരണകൂടം ഇടപെടേണ്ടതുണ്ട്. സ്ത്രീ സമ്മതിച്ചാൽ പോലും സ്ത്രീ ശരീരത്തെ അശ്ലീലപരമായി പൊതുസമൂഹത്തിൽ പ്രദർശിപ്പിക്കുവാനും, ചിത്രങ്ങളും ശില്പങ്ങളും വരയ്ക്കുവാനും/നിർമ്മിക്കുവാനും പ്രസിദ്ധീകരിക്കുവാനും/പ്രദർശിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും യാതൊരാൾക്കും അവകാശമില്ല. അധമമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഥവാ ധർമ്മശാസ്ത്രപരമല്ലാത്ത ആനന്ദങ്ങൾ പുലർത്തുവാൻ വ്യക്തികൾക്ക് നാട് ഉപേക്ഷിച്ച് കാട്ടിലെ ജീവിതം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്.

മഹാശാസ്ത്രം അഥവാ ദൈവം, കുഞ്ഞുങ്ങളുടെ സൃഷ്ടിയിലൂടെ സ്ത്രീയെ സൃഷ്ടിയുടെ അധികാരിയാക്കുമ്പോഴും, സ്ത്രീയ്ക്ക് പ്രത്യേക സ്നേഹവാത്സല്യങ്ങളും അധികാരങ്ങളും നൽകുമ്പോഴും, സ്ത്രീയ്ക്ക് കുഞ്ഞുങ്ങളുടെ കാര്യത്തിൽ വർദ്ധിച്ച ഉത്തരവാദിത്തങ്ങൾ ഉണ്ട്.

സമൂഹത്തിൽ ധാർമ്മികശുദ്ധി പൂർത്തിയാവുന്നത് സ്ത്രീകൾ കുടുംബകാര്യങ്ങളിൽ ശ്രേഷ്ഠമാവുമ്പോഴാണ്; ഗൃഹജോലികൾ ഉൾപ്പെട്ട കുടുംബഭരണം സ്ത്രീയെ ഏല്പിച്ചുകൊണ്ട് കുടുംബത്തിന്റെ യജമാനയായി ദൈവം സ്ത്രീയെ മഹാഉയർത്തിയിരിക്കയാണ്. ഭാവി തലമുറയുടെ സൃഷ്ടിയും ധാർമ്മിക ശുദ്ധിയോടെയുള്ള വളർച്ചയും ശ്രദ്ധിക്കേണ്ടതും സ്ത്രീ തന്നെ. (നൂറ്റാണ്ടുകളായി ഇക്കാര്യത്തിൽ സംഭവിച്ച പിഴവുകൾ സമൂഹത്തിൽ ഇന്നുള്ള ധാർമ്മിക അധഃപതനത്തിന് ഒരു മുഖ്യ കാരണമാണ്.). കൂടാതെ സ്ത്രീകൾക്കായുള്ള വൈദ്യം, അദ്ധ്യാപനം, വസ്ത്രം തുന്നൽ തുടങ്ങിയ ഏതാനും തൊഴിലുകളും സ്ത്രീകൾക്കായുണ്ട്. പശുക്കളെ വളർത്തുക എന്നുള്ളതും സ്ത്രീയുടെ മുഖ്യമായ ഗൃഹജോലികളിൽ പെടുന്നുണ്ട്. സ്ത്രീയെ പശുപാലനത്തിൽ പുരുഷൻ സഹായിക്കേണ്ടതുണ്ട്. (സ്ത്രീയുടെ ഔന്നത്യത്തെപ്പറ്റി ദീർഘമായി വിവരിക്കുന്ന പ്രത്യേക പേജ് ഓംസത്യം ഡോട്ട്കോം വെബ്സൈറ്റിലുണ്ട്.).

ശക്തി-ശാസ്ത്രപ്രകാരം സ്ത്രീയ്ക്ക് കുടുംബത്തിൽ 70 ശതമാനം അധികാരവും പുരുഷന് 30 ശതമാനം മാത്രം അധികാരവുമാണ് ദൈവം വിധിച്ചിട്ടുള്ളത്. സ്ത്രീയുടെയും കുടുംബത്തിന്റെയും ആനന്ദത്തിനു വേണ്ടി പുരുഷനെ കുടുംബത്തിന്റെ നായകനാക്കേണ്ടതും നായകസ്ഥാനം പിൻവലിക്കണമോ എന്നു നിശ്ചയിക്കേണ്ടതും സ്ത്രീയാണ്. ആനന്ദകരമായ പ്രസ്തുത അധികാരങ്ങൾ മായ പ്രത്യക്ഷമാകുന്നതോടെ സ്ത്രീയ്ക്ക് സമ്പൂർണ്ണമായും ലഭിക്കുന്നതുമാണ്.

സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്നതാണ്; അത്യാനന്ദകരമായ ദാസത്വമാണ് ഉരുത്തിരിയുന്നത്, അഹംപരമല്ല. സദാചാരശാസ്ത്രത്തിന്റെ മികവ് വിശകലനം ചെയ്യുമ്പോൾ ആയത് ഏവർക്കും ബോധ്യമാകുന്നതാണ്. ഗൃഹത്തെയും കുടുംബത്തെയും ഭാവിതലമുറയെയും മംഗളമായി സംരക്ഷിക്കുവാനുള്ള ഉന്നത കടമകളെ നിവർത്തിക്കേണ്ട സ്ത്രീ ആഫീസുകളിലും വയൽ പാടങ്ങളിലും മറ്റുമല്ല ജോലിചെയ്യേണ്ടത്.

// അച്ഛന് പ്രാധാന്യം കൊടുക്കുന്ന സാമൂഹ്യരീതി തെറ്റാണെന്നും മുകളിലെ വിശദീകരണങ്ങളിൽ നിന്നും സുവ്യക്തമാണ്. മാത്രമല്ല, അമ്മയ്ക്ക് ഏതൊരു കുട്ടിയെയും കാമസേവനം ചെയ്തുപോലും വളർത്താൻ ധർമ്മശാസ്ത്രം അഥവാ ദൈവം മഹാഅനുവദിച്ചിരിക്കുകയാണ്. **വളരുമ്പോഴും വളർന്നശേഷവും അമ്മമാരുടെ സ്വഭാവശുദ്ധിയെ ചോദ്യംചെയ്യുന്ന ചില കുട്ടികളുടെ രീതി തെറ്റാണ്. തള്ളക്കിളി ചുണ്ടിൽ ഭക്ഷണവുമായി വരുന്നത് പലപ്പോഴും അനവധി പ്രയാസങ്ങൾ തരണംചെയ്താണ്, എന്നാൽ വായ് പിളർന്ന് ഭക്ഷണത്തിനായി ആർത്തിയോടെ കാത്തിരിക്കുന്ന കുഞ്ഞുകിളികൾ, തള്ളക്കിളി കൊണ്ടുവരുന്ന ഭക്ഷണം വെട്ടിവിഴുങ്ങുന്നതല്ലാതെ അതെങ്ങനെ കിട്ടി, തള്ളക്കിളി ഭക്ഷിച്ചോ എന്നതൊന്നും വിഷയമാക്കുന്നില്ല.** ഹേയ് മനുഷ്യക്കുഞ്ഞുങ്ങളെ, കുഞ്ഞായിരിക്കെ ഭക്ഷണത്തിന് ആർത്തി കാണിച്ചതല്ലാതെ അമ്മയെങ്ങനെ ഭക്ഷണം നൽകിയെന്നതോ, അമ്മ ഭക്ഷിച്ചോ എന്നതും നിങ്ങൾക്കും വിഷയമല്ലായിരുന്നു. നിങ്ങളുടെ അമ്മ /വളർത്തമ്മ വഴിവിട്ട് സഞ്ചരിച്ചുവെങ്കിൽ അതിനു കാരണം അമ്മയല്ല, സമൂഹ-ഭരണകൂടമാണ്.

ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ ലജ്ജിക്കട്ടെ. കുഞ്ഞിനെ വളർത്തുവാൻ ത്യാഗങ്ങൾ സഹിച്ച അമ്മയുടെ /വളർത്തമ്മയുടെ പേരിൽ അഭിമാനിക്കുന്നവരായി മാത്രം തല ഉയർത്തുവിൻ. **കാമസേവന വൃത്തി ചെയ്ത് മക്കളെ പരിപാലിക്കുന്ന ഒരമ്മയുടെ ശ്രേഷ്ഠത, ഇന്നത്തെ ഭരണ കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കില്ല എന്നു തന്നെയാണ് വ്യക്തമാക്കിയത്.** ജീവിതകാര്യങ്ങളിൽ പ്രയാസമുണ്ടാകുമ്പോൾ കാമസേവന-വൃത്തിയെ കുറുക്കുവഴിയായിട്ടു സ്വീകരിക്കുന്ന സ്ത്രീയ്ക്ക് തീർച്ചയായും ശിക്ഷയുണ്ട് എന്നതും അറിഞ്ഞു കൊള്ളണം. അമ്മയെ കൂടുതൽ സ്നേഹിക്കണം എന്നു പറയുമ്പോൾ, ധർമ്മശാസ്ത്ര പരമായിട്ട് ജീവിക്കുന്ന അച്ഛനെയും സ്നേഹിക്കുക തന്നെ വേണം. //

മനുഷ്യന് 50 സ്ത്രീജന്മങ്ങൾ, 50 പുരുഷജന്മങ്ങൾ, എന്നിവ ചേർന്ന 100 ജന്മങ്ങൾ ഉള്ളത് ശാസ്ത്രപരമായി ബോധ്യപ്പെടുന്നതോടെ സ്ത്രീപുരുഷ സമത്വം എന്ന അധമ-വാദം അസ്തമിക്കുന്നതാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം, സംഹാരത്തിൽ ഇരുവരും തുല്യർ എന്നിങ്ങനെ സ്ത്രീയ്ക്കും പുരുഷനും സമത്വം നല്കുന്ന ദൈവത്തിന്റെ മഹാനീതി കാര്യങ്ങളെ പഠിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് പെട്ടെന്നു മനസ്സിലാകുന്നതാണ്. 90 മുതലുള്ള ജന്മങ്ങളിലൊന്നിൽ പുരുഷന് അർദ്ധമഹാദേവിയായ പരമശിവനിലൂടെ ദൈവം മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുകയും ദൈവാരാധനയ്ക്ക് യോഗ്യനാക്കുകയും ചെയ്യുമ്പോൾ തന്റെ ഭാര്യയായി വർത്തിക്കുന്ന സ്ത്രീ, തന്നെക്കാൾ ശ്രേഷ്ഠയാണെന്നും, കൂടാതെ തന്റെ ഭാര്യയുടെ ഒരു ഭാഗമാണ് താനെന്നുകൂടി തിരിച്ചറിയുന്നതാണ്.

ഒരു സ്ത്രീയ്ക്ക് പുരുഷനായി ജനിക്കാനും ജീവിക്കാനും കഴിയുകയും, പുരുഷന് സ്ത്രീയായി ജനിക്കാനും ജീവിക്കാനും കഴിയുമ്പോൾ മാത്രമേ ഭൗതികശരീരരൂപം കൊണ്ടു പോലും സമത്വം സാദ്ധ്യമാകൂ എന്നിരിക്കെ, സ്രഷ്ടാവ് മഹാനിശ്ചയിക്കുകയും മഹാനിർവ്വഹിക്കുകയും ചെയ്യുന്ന സമത്വം എന്തെന്ന് ധർമ്മശാസ്ത്രപരമായി അന്വേഷിക്കാൻ പരിശ്രമിക്കാതെ സമത്വത്തിന്റെ പേരിൽ കോപ്രായങ്ങൾ കാട്ടുന്നത് ധർമ്മശാസ്ത്രപരമല്ല, അഥവാ ദൈവീകമല്ല. അജ്ഞാനം കൊണ്ടും അവിവേകം കൊണ്ടുമുള്ള ദൈവനിന്ദയാണ്.

പുരുഷജന്മത്തിൽ ദൈവത്തിന്റെ പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനുമുള്ള യോഗ്യത നേടിക്കൊണ്ട് ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സ്ത്രീജന്മത്തിലാണ് വ്യക്തിക്ക് ദൈവത്തെ മഹാജഗദംബയായി ദർശിക്കാൻ കഴിയുന്നതും, മഹാദേവിയുടെ മടിയിൽ തലവെച്ചുകിടന്ന് സ്നേഹവാത്സല്യങ്ങൾ നുകരാൻ കഴിയുന്നതും. സ്ത്രീജന്മത്തിൽ അതുണ്ടാവുമ്പോൾ കാമകാര്യങ്ങളിലെ മഹാ-ഔന്നത്യം പാലിക്കപ്പെടുക കൂടിയാണ്. കാമപരമായ പവിത്രത സംരക്ഷിക്കപ്പെടണമെന്ന് മനുഷ്യരെയെല്ലാം ഉദ്ബോധിപ്പിക്കുന്ന ചൂണ്ടുപലകയാണത്. ദൈവം പോലും സ്ത്രീരൂപമെടുക്കുമ്പോൾ, വാത്സല്യ പ്രകടനത്തിന് താൻ മനുഷ്യർക്കായി മഹാനിശ്ചയിച്ചിട്ടുള്ള സദാചാരശാസ്ത്ര കാര്യങ്ങളെ ഉന്നതപ്പെടുത്തുന്നതായും, മനുഷ്യരും അത് പിൻപറ്റണമെന്നും മനസ്സിലാക്കണം.

മഹാമാതാവ് നേരിട്ട് കുഞ്ഞുങ്ങളെ പ്രസവിക്കുന്നില്ലാ എന്നതും മനുഷ്യമാതാവിനെ അക്കാര്യത്തിൽ ഉയർത്തിയിരിക്കുകയാണ് എന്നതും മനുഷ്യമാതാവിന് ദൈവം മഹാ അനുഗ്രഹിച്ചു നൽകുന്ന പ്രത്യേക ബഹുമതിയാണ്. മനുഷ്യമാതാവ് ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ഓരോ അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും മഹാമാതാവായ ദൈവമാണെന്നതും കൂടി തിരിച്ചറിയേണ്ടതുണ്ട്.

മനുഷ്യൻ, വ്യക്തി എന്നീ സമീപനത്തെ മാറ്റിനിർത്തിക്കൊണ്ട്, സ്ത്രീയെ സംബന്ധിച്ച് മാത്രം പറയുമ്പോൾ, മഹാദേവിയുടെ മടിയിൽ കിടക്കാൻ കഴിയുന്നതും മഹാവാത്സല്യങ്ങളെ നുകരാൻ കഴിയുന്നതും സ്ത്രീയ്ക്കു ലഭിക്കുന്ന അഥവാ സ്ത്രീജന്മത്തിൽ മാത്രം ഓരോ വ്യക്തിക്കും ലഭിക്കുന്ന മഹാ-ബഹുമതിയാണ്, മഹാഭാഗ്യമാണ്, മഹാആനന്ദമാണ്. പുരുഷന് ലഭിക്കാത്ത മഹാ ബഹുമതിയാണത് എന്ന വ്യാഖ്യാനത്തിൽ സ്ത്രീ-പുരുഷ സമത്വമില്ല എന്നു വാദിക്കുന്നത് എത്ര മൗഢ്യമാണെന്ന് പുരുഷന് മഹാശാസ്ത്രം ലഭിക്കുമ്പോഴും, സ്ത്രീജന്മമെടുക്കുമ്പോഴും തെളിയുന്നു. ദൈവം മഹാ-സമത്വത്തെ മഹാനിർവ്വഹിക്കുന്നു ! മഹാനീതിയാണ് ദൈവം. മഹത്വം മണ്ണും ഭൂമിയും മഹാഗോമാതാവും മഹാദേവിയുമായ ദൈവത്തിനു മാത്രം...

ആധുനിക കാലത്തെ ആണും പെണ്ണും കെട്ട മത-ജാതി-രാഷ്ട്രീയ മനോരോഗികളായ യുവാക്കളുടെയും മുതിർന്നവരുടെയും ഏതാനും മനോരോഗങ്ങളെ ചൂണ്ടിക്കാട്ടുന്നത് അവരോടുള്ള ദൈവീകമായ സ്നേഹവാത്സല്യങ്ങൾ കൊണ്ട് മാത്രമാണ്.

ഏതാനും മനോരോഗങ്ങളെ ഒന്നൊന്നായി വിശകലനം ചെയ്യാം :-

1. സന്ദേശങ്ങളെ അയക്കാൻ ഉപയോഗിക്കുന്ന ആധുനിക കാലത്തെ സ്മാർട്ട് മൊബൈൽ ഫോണുകളിലെ വാട്സ്ആപ് സന്ദേശങ്ങളെ പ്പറ്റി ആദ്യം കുറിക്കുന്നു. ഒരു കൂട്ടം ആളുകൾ അതിരാവിലെ മുതൽ ഇഷ്ട ദേവതകളുടെ ചിത്രങ്ങളും വീഡിയോകളും, മത്സര ബുദ്ധിയോടെ മറ്റുള്ളവർക്കും ഗ്രൂപ്പുകളിലും അയച്ചു കൊടുക്കുന്നത് പതിവാക്കിയിട്ടുണ്ട്. പ്രമുഖരുടെയും, ഗ്രന്ഥങ്ങളിലെയും, മതപരമല്ലാത്ത ധർമ്മ കാര്യങ്ങളെയും സന്ദേശങ്ങളെയും സൂത്രത്തിൽ മതജാതിപരമാക്കുകയും മതത്തിലൂടെ പ്രചരിപ്പിച്ച് മതങ്ങളെ ശരിവെക്കുന്ന കുതന്ത്രം എല്ലാ മതങ്ങളും (പ്രമുഖ പുരോഹിതരും പണ്ഡിതരും മറ്റും) പയറ്റുന്നുണ്ട്.

മതങ്ങളുടെയും അവയിലെ ദേവതകളുടെയും യാഥാർത്ഥ്യങ്ങളെ നേരിട്ട് അറിയാതെയും, അന്വേഷിക്കാതെയും, തങ്ങളുടെ ബന്ധുക്കളല്ലാത്ത ദേവതകളുടെയും മറ്റും ചിത്രങ്ങൾ പ്രചരിപ്പിക്കാനും പൂജിക്കാനും ആരാധിക്കാനും ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ആധുനിക കാലത്തെ വിവരദോഷികളെ എങ്ങനെ ശിക്ഷിക്കണമെന്ന് സ്വയം വിശകലനം ചെയ്തു പറയട്ടെ. മഹാനീതിയായ ദൈവം കേൾക്കട്ടെ ....! മത ദേവതകൾ പലരും കൊടിയ ദുർദ്ദേവതകളാണ്, അവരുടെ പലതരത്തിലുള്ള ഫോട്ടോകൾ വാട്സ്ആപ് ഗ്രൂപ്പുകളിലും, തനിച്ചും മറ്റും പ്രസിദ്ധപ്പെടുത്തുന്നവർ എന്ത് ഉദ്ദേശത്തോടെയാണ് അങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കണം. ദൈവമായും ദേവതയായും അനേകർ തെറ്റിദ്ധരിച്ചിരിക്കുന്നത് ദുർദ്ദേവതകളെയാണ്. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യരുടെ പരസ്യങ്ങളും കോപ്രായങ്ങളും കണ്ടും കേട്ടും സന്തോഷിക്കുന്ന കോമാളിയല്ല. ..

മറ്റൊരു കൂട്ടർ പ്രാദേശികമോ ദേശീയമോ അന്തർദ്ദേശീയമോ ആയ കളിക്കാര്യങ്ങളാവും വാട്സ്ആപ് വഴിയും മറ്റും കൈമാറുക. ഏകമഹാശരി എന്തെന്ന് അറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ സ്വന്തം ഇഷ്ടപ്രകാരം, ശരിയെന്നു തോന്നുന്നതും സന്തോഷം ലഭിക്കുന്നതുമായ കാര്യങ്ങൾ ഇതുപോലെ ചെയ്യുന്നു .... കുഞ്ഞുങ്ങളെ ... കുറച്ചു കൂടി ഗൗരവമുള്ളതും, നിങ്ങൾക്കും ചുറ്റുമുള്ളവർക്കും പ്രയോജനകരവുമായ കാര്യങ്ങളിൽ ഏർപ്പെട്ടാൽ .... ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ മഹാഉചിതമായി ഉപയോഗിച്ചാൽ തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്. അവസരങ്ങളെ നഷ്ടപ്പെടുത്തുന്നത് ഭാഗികമായി ശിക്ഷകളുടെ ശേഖരണവുമാണ്. ഏറ്റവും കുറഞ്ഞത് ചുറ്റുമുള്ളവരെ ഉപദ്രവിക്കാതെ ... അവരുടെ ഊർജ്ജവും സമയവും മറ്റും പാഴാക്കാൻ പ്രേരിപ്പിക്കാതെ കഴിയാൻ ശ്രദ്ധിക്കണം.

അധിക സമയം ഉള്ളവർ, മാതാപിതാക്കളോടും ഇണയോടും കുട്ടികളോടും മറ്റ് ഉറ്റവരോടുമുള്ള കടമകളെ പൂർത്തിയാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കണം; വീഴ്ചകളെയും പോരായ്മകളെയും ശക്തിക്കൊത്ത് പരിഹരിക്കണം. വൃദ്ധരായ മാതാപിതാക്കളെയും മറ്റ് ഉറ്റവരെയും ശുശ്രൂഷിക്കാനും പരിചരിക്കാനും, അമ്മയ്ക്കും അച്ഛനും പതിവായി ഒരു ഉമ്മയെങ്കിലും ആത്മാർത്ഥമായി കൊടുക്കാനും, ശ്രദ്ധിക്കുക. ഉറ്റവർ ജീവിച്ചിരിക്കുമ്പോൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരായി എല്ലാവരും ഉയരട്ടെ. കള്ളമതങ്ങൾ പ്രകാരം മരിച്ചുകഴിഞ്ഞ് കെങ്കേമമായി അടിയന്തിര കർമ്മങ്ങൾ നടത്തി കൂടുതൽ പാപങ്ങളെ നേടാതെ .... ജീവിച്ചിരിക്കുന്നവരെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുക. കുഞ്ഞു മുതൽ കുട്ടി-യുവജനങ്ങൾ-വൃദ്ധർ വരെയുള്ളവരുടെ ഇടയിൽ 'മക്കളും മാതാപിതാക്കളും' എന്ന മാനുഷിക ബന്ധം ഉണ്ടെങ്കിലും അവരെല്ലാം തന്നെ മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് - മഹാസത്യത്തിലെ ഒരു പ്രധാന ഘടകമാണത്.

അതേസമയം പലപ്പോഴും മാതാപിതാക്കളുടെയും ഉറ്റവരുടെയും മുഖഛായ, നിറം, ഉയരം, ചില സ്വഭാവങ്ങൾ തുടങ്ങിയവ മക്കൾക്ക് നൽകിക്കൊണ്ട് മാതാപിതാക്കളെയും മക്കളെയും ഉറ്റവരെയും ദൈവം കൂടുതൽ ആനന്ദിപ്പിക്കാറുണ്ട്. അപൂർവ്വമായി വേദനിപ്പിക്കാറുമുണ്ട്.

ജീവാത്മാവ് നേടിയിട്ടുള്ള പുണ്യത്തിന്റെ അളവ്, സമാനത, മഹാനീതിശാസ്ത്രപരമായ ആവശ്യം എന്നിവയാണ് സ്വഭാവം പകരുന്നതായി തോന്നുന്നതിന്റെ രഹസ്യം. ചെറുപ്പത്തിൽ മക്കളെ കൂടുതൽ കൂടുതൽ സ്നേഹിക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന ഒരു ഘടകം തന്നെയാണത്. മാതാപിതാക്കൾക്ക് വയസ്സാകുമ്പോൾ, അവരെ സ്നേഹിക്കാനും പരിചരിക്കാനും മക്കൾക്ക് ഉത്തേജക മരുന്നുപോലെ പ്രയോജനപ്പെടണം; ഉറ്റവർക്ക് ചൂണ്ടിക്കാട്ടാനും; പുതിയ തലമുറകൾക്ക് പാഠമാവാനും.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നതാവണം ജീവിത ക്രമം. മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോട് ചെയ്യേണ്ടതായ കടമകളെയും കടപ്പാടുകളെയും മറന്നും അവഗണിച്ചും കൊണ്ട് വാട്സ്ആപ്, ഫെയ്സ്ബുക്ക്, തുടങ്ങിയവയിൽ ദേവതകളുടെയും ദുർദ്ദേവതകളുടെയും കളിക്കാരുടെയും ഫോട്ടോകളും സന്ദേശങ്ങളും പ്രസിദ്ധീകരിക്കാൻ നടന്നാൽ, ദൈവത്തിന്റെ കുഞ്ഞുങ്ങളായ മുതിർന്നവർക്കും ചെറുപ്പക്കാർക്കും പാപം വർദ്ധിക്കുമെന്ന് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം.

അത്യാവശ്യമോ ആവശ്യമോ അല്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതും അവയ്ക്ക് മുൻഗണന നൽകുന്നതും പലപ്പോഴും പാപം പിടിച്ചു വാങ്ങാൻ ഇടയാക്കും എന്നറിഞ്ഞാൽ നന്ന്. ദൈവീക കാര്യങ്ങളെ സുവ്യക്തമായി അറിയാതെ അവിടെയും ഇവിടെയും കാണുന്നതും കേൾക്കുന്നതും ശരിയെന്നു കരുതി പ്രചരിപ്പിക്കരുത്. മുൻകാല പാപികൾ അങ്ങനെ ചെയ്തതു കൊണ്ടുകൂടിയാണ് പാവം ദൈവത്തിന്റെ പേരിൽ അനേകശതം മതങ്ങളുണ്ടായത്.

2. അതിരാവിലെ മുതൽ ദേവാലയം എന്നറിയപ്പെടുന്ന ക്ഷേത്രങ്ങളിലും പള്ളികളിലും, മറ്റും, മൈക്കുകളിലൂടെ ആരംഭിക്കുകയും രാത്രി വരെ തുടരുകയും ചെയ്യുന്ന സ്തുതി ഗീതങ്ങൾ, ബാങ്ക് വിളി, മത-ജാതി-രാഷ്ട്രീയ പ്രഭാഷണം, തുടങ്ങിയ മത കോപ്രായങ്ങളെ സ്വയം വിശകലനം ചെയ്യുക. മറ്റൊരു മതത്തിലെ ഗാനങ്ങളെയും പ്രഭാഷണങ്ങളെയും മറ്റും വ്യക്തി യഥാർത്ഥമായും ഇഷ്ടപ്പെടുന്നുണ്ടോ ? ഒരു ബോംബ് ലഭിക്കുകയും ആരും അറിയില്ലെന്ന് ഉറപ്പാവുകയും ചെയ്താൽ ഇഷ്ടമില്ലാത്ത ദേവാലയത്തിനു നേരെ വലിച്ചെറിയുന്നവരാവും കൂടുതൽ.

ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും ചെയ്യാതെ ജീവിക്കുന്നവരായ മനോരോഗികൾ ശക്തി നേടും വരെയും ഒതുങ്ങി ജീവിക്കുകയും സഹിക്കുകയും ചെയ്യുന്നു എന്നേയുള്ളൂ. ചിലർ എപ്പോഴും ശക്തികൾക്കൊത്ത് ഇഷ്ടമില്ലാ ത്തവയെ തോന്നിയപോലെ എതിർത്തു കൊണ്ടിരിക്കും. മിക്ക രാജ്യങ്ങളിലെയും തീവ്രവാദ പ്രവർത്തനങ്ങളുടെ പിന്നിലെ പരസ്യമായ രഹസ്യം അതാണ്.

ശബ്ദ ശല്ല്യം ഉണ്ടാക്കുന്ന മത-രാഷ്ട്രീയ-മനോരോഗികളെ ഉപദേശിക്കാൻ ശ്രമിച്ചാലോ :- "മണ്ണായ ഭൂമിയിൽ സമസ്ത ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളെയും അധികാരങ്ങളെയും നൽകിയിട്ടുള്ളത് ഭൂമി (ദൈവം) തന്നെയാണ്. ഭൂമിയിലെ വസ്തുക്കളെ തോന്നുമ്പോലെ ഉപയോഗിക്കാൻ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളും അധികാരങ്ങളും ഇല്ല. പക്ഷികൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും വായിലൂടെയും മൂക്കിലൂടെയും, കൈകാലുകൾ കൂട്ടിയടിച്ചും മറ്റും ശബ്ദം ഉണ്ടാക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്. ആനയ്ക്കും സിംഹത്തിനും മറ്റും വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്; എലിക്കും പൂച്ചയ്ക്കും പോത്തിനും നീർക്കുതിരക്കും മറ്റും താരതമ്യേന കുറവാണ്. ആവശ്യത്തിനു മാത്രം ശബ്ദം വെയ്ക്കാനും, അനാവശ്യമായി ഉച്ചത്തിൽ ശബ്ദം വെയ്ക്കാതിരിക്കാനും മറ്റുള്ള ജീവികൾ ശ്രദ്ധിക്കുന്നുണ്ട്.

ഹോറൺ, മൈക്ക്, സ്പീക്കർ തുടങ്ങിയ മാധ്യമങ്ങളെ അഥവാ വസ്തുക്കളെ ഉപയോഗിച്ച് വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുന്നത് മനുഷ്യർ മാത്രമാണ്. മണ്ണിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങളെ മനുഷ്യർക്കു വെളിപ്പെടുത്തുമ്പോൾ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാക്കിയിട്ടുള്ള വസ്തുക്കൾ, ഭക്ഷണം, വസ്ത്രം, വാഹനങ്ങൾ, മൊബൈൽ ഫോൺ തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ ഉപയോഗിക്കുമ്പോൾ, ധർമ്മ ശാസ്ത്രപരമായ നിബന്ധനകളും മണ്ണ് നൽകുന്നുണ്ട്. അതായത് മണ്ണിലെ വസ്തുക്കളെ എങ്ങനെയെല്ലാം ഉപയോഗിക്കണം, എങ്ങനെയെല്ലാം ഉപയോഗിച്ചു കൂടാ എന്നിങ്ങനെയുള്ള നിയമങ്ങളും മണ്ണിലുണ്ട്; മണ്ണിലെ വസ്തുക്കളെ ഉപയോഗിക്കുന്നവർക്ക് മണ്ണിന്റെ നിയമങ്ങളെ പാലിക്കുവാനുള്ള ബാദ്ധ്യതകളുമുണ്ട്."

"ഭൂമിയിലെ ജീവിത കാര്യങ്ങളെ തോന്നിയതു പോലെ വിശ്വസിച്ചും, തോന്നിയതു പോലെ നിയമങ്ങളെ ഉണ്ടാക്കിയും, തോന്നിയതു പോലെ ജീവിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവും ഇല്ല. സ്വയം ജനിക്കുമ്പോഴും സ്വന്തമായി എന്തെങ്കിലും സൃഷ്ടിക്കുമ്പോഴും മാത്രമാണ് അതിനെല്ലാമുള്ള അവകാശവും അധികാരവും ഉണ്ടാവുക."

മനുഷ്യനും ദൈവത്തിനും ഇടയിൽ മധ്യസ്ഥരെ വെയ്ക്കാൻ പാടില്ല; കുഞ്ഞുങ്ങളോട് ഇടപെടാൻ ദൈവത്തിന് മധ്യസ്ഥരെ വേണ്ട; മാതാപിതാക്കളേക്കാൾ 100 മടങ്ങ് സ്നേഹ വാത്സല്യങ്ങൾ നൽകുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോട് ഇടപെടാൻ കുഞ്ഞുങ്ങൾക്ക് (മനുഷ്യർക്ക്) മധ്യസ്ഥരെ വേണമെന്ന് പറയുന്നത് ലജ്ജാകരമാണ്; മഹാപിതാവും മഹാമാതാവുമായ ദൈവത്തെ അപമാനിക്കലാണ്. 'ദൈവകാര്യങ്ങളെന്ന പേരിൽ ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന മൈക്ക് മാധ്യമം /മധ്യസ്ഥൻ ആണ്; ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. പുരോഹിതൻ, വഴിപാട്, പ്രസാദം, ആചാരങ്ങളും അനുഷ്ഠാനങ്ങളും, യജ്ഞം, മതഗ്രന്ഥ പാരായണം, മതപ്രഭാഷണം, വാട്സ്ആപ് വഴിയും മറ്റുമുള്ള മതമനോരോഗ-പ്രചരണം, തുടങ്ങിയവയും മധ്യസ്ഥനാണ്.'

ദേവാലയം എന്ന പേരിൽ മനുഷ്യർ നിർമ്മിക്കുന്ന മന്ദിരങ്ങളും ഭാഗികമായി മാധ്യമം/മധ്യസ്ഥൻ ആണ്. മാത്രമല്ല; മനുഷ്യരുടെ ദൈവീകമായ ആവശ്യങ്ങൾക്കു വേണ്ടി ദൈവത്തിന്റെ വീട് എന്ന അർത്ഥത്തിലുള്ള ദേവാലയത്തെ, ദൈവത്തിന്റെ ഇഷ്ടമായ 'മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം നിർമ്മിക്കേണ്ടതുണ്ട്. '

ദേവാലയം നിർമ്മിക്കേണ്ടത് എങ്ങനെയാണെന്ന് ഈ ഗ്രന്ഥത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

3. ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതു പോലും തിരിച്ചറിയാതെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ മനോരോഗികൾ ജീവിക്കുന്നു.

ഏറ്റവും ഹ്രസ്വമായി കുറിക്കാം :- ജനനം, മരണം എന്നിവ വ്യക്തി ചെയ്യുന്ന കാര്യങ്ങളല്ല. വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാനങ്ങളായ രണ്ട് സംഭവങ്ങളാണവ. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ ഏക ചടങ്ങ് വിവാഹമാണ്.

ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമവും വ്യക്തമാണ്. മാത്രമല്ല, മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി പുരോഹിതന്മാർക്കുള്ള താക്കീതും അതിലുണ്ട്. ജനിച്ചിട്ടുള്ളത് ജീവിക്കാൻ ആണെന്നും, ജീവിക്കുകയാണ് ചെയ്യുന്നതെന്നും, സാത്വികമായിട്ട് ജീവിക്കുകയേ വേണ്ടൂ എന്നും മരിക്കുന്നതും ശവമടക്കലും വ്യക്തിയുടെ വിഷയമല്ലായെന്നുമുള്ള പാഠം മണ്ണ് തരുന്നുണ്ട്. മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ) ശരീരങ്ങളെ മണ്ണിന് മടക്കി നൽകുകയേ വേണ്ടൂ.

ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്. ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. മഹാപ്രപഞ്ച ത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്, അധമങ്ങളും അസംബന്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, മതങ്ങൾക്കെല്ലാം അതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്.

ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേ താണോ, നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മരിപ്പിക്കുകയും ചെയ്ത ശരീരത്തെ മണ്ണിൽ ലയിപ്പിക്കുന്നു. ശവശരീരത്തെ മണ്ണിന് മടക്കി നൽകിയില്ലെങ്കിൽ, മണ്ണിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്, മണ്ണിന്റെ നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല. മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ ശീതീകരിച്ച് സൂക്ഷിക്കുമ്പോലെ ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു പറയുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നത്. ഏതൊരു ജീവിയുടെയും പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം, സ്വയം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണിലെ മൂലകങ്ങൾ കൊണ്ടാണ്. മണ്ണ് മണ്ണോടു ചേരുന്നു. മണ്ണ് അഥവാ മണ്ണായ ശരീരം, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് സ്വയം ശരീരത്തെ സൃഷ്ടിക്കുന്നു. പാലും പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും ഇലക്കറികളും മത്സ്യമാംസാദികളും മുട്ടയും ഉൾപ്പെടെ എല്ലാ ഭക്ഷണ സാധനങ്ങളും എല്ലാ ജീവികളും ഭക്ഷിക്കുമ്പോഴും ശരീരമെന്ന മണ്ണ് ശരീരമെന്ന മണ്ണോടു ചേരുക തന്നെയാണു സംഭവിക്കുന്നത്. മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ശരീരങ്ങളും. അതുകൊണ്ട് ഭൂമിയിൽ എവിടെയും (എല്ലാ മണ്ണിലും) ശരീരവും ശവശരീരവും ലയിച്ചു ചേരുന്നതാണ്.

മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതു പോലെയും മുമ്പ് വ്യക്തമാക്കിയതു പോലെയും; മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും; ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും; കത്തിച്ചാലും; തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചാലും; വ്യത്യസ്ത മതജാതി- ജീവികളുടെ ഭവനങ്ങളിലോ ദേവാലയങ്ങളിലോ - ഉള്ളിലോ പുറത്തോ -കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ് (ശരീരമെന്ന) മണ്ണോടു ചേരുന്നതാണ്.

4. ഭക്ഷണ നോയമ്പുകൾ അധമമാണ്, മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു. നോയമ്പ് എന്ന പേരിലും മറ്റും ഭക്ഷണം കഴിക്കുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇന്നത്തെ മതങ്ങളിലെല്ലാം ഉണ്ട്. അവയൊന്നും യഥാർത്ഥത്തിൽ ദൈവീകമല്ല.

വിശദീകരിക്കാം :- മഹാശക്തിയായ ദൈവം, കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കിയും, ആനന്ദിച്ചു ജീവിക്കുവാൻ മഹാഅനുഗ്രഹിച്ചിട്ടുണ്ട്. ഭക്ഷണ ആനന്ദമെന്നത് പ്രഥമവും ആനന്ദങ്ങളിൽ സർവ്വ പ്രധാനവുമാണ്. ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാലഘട്ടത്തിലും എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്. ഭക്ഷണ സാധനങ്ങളെ പാകംചെയ്ത് ഭക്ഷണ ആനന്ദത്തെ വർദ്ധിപ്പിക്കാൻ മനുഷ്യരെ മഹാഅനുഗ്രഹിച്ചിട്ടുണ്ട്.

ബഹുവിധ ഭക്ഷണങ്ങളെ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് മനുഷ്യരാണെങ്കിലും, ഭക്ഷണവുമായി ബന്ധപ്പെട്ട അതിപ്രധാനങ്ങളായ ശാരീരിക പ്രവർത്തനങ്ങൾ ചെയ്യുന്നത് ദൈവമാണ്. ഭക്ഷണ സാധനങ്ങളെയും മരുന്നുകളെയും മറ്റും ദഹിപ്പിക്കുകയും, മനുഷ്യന് ആവശ്യമായ ശക്തികളെ നൽകുകയും ശരീരത്തിലെ കോശങ്ങളെയും അസ്ഥികളെയും മറ്റും നിർമ്മിക്കുകയും ചെയ്യുന്നത് ദൈവമാണ്; രോഗമുക്തിയും പ്രതിരോധങ്ങളുമെല്ലാം ദൈവത്തിന്റെ പ്രവർത്തനം കൊണ്ടാണ്.

വിസർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ദൈവം തന്നെയാണ് ചെയ്യുന്നത്. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതകാലം മുഴുവൻ -സദാസമയവും - ശ്വസനത്തെയും ഹൃദയ പ്രവർത്തനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിക്കുകയാണ്. തന്റെ കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയുള്ള മഹാവാത്സല്യമാണത്.

പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് അല്പം ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ദഹന രസങ്ങളുടെയും നാഡീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം സ്വത്വ ബോധത്തോടെ മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും; അങ്ങനെയായാൽ, ജീവികളുടെയെല്ലാം ജീവിതം മുഴു-നരകമാവുന്നതാണ്.

മഹാശക്തിയായ ദൈവം, മനുഷ്യന്റെ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും എല്ലായ്പ്പോഴും മഹാനിർവ്വഹിക്കുമ്പോഴും, അനന്തങ്ങളെന്നോണമുള്ള ഭക്ഷണ രുചികളിലൂടെയും ദഹന സംതൃപ്തികളിലൂടെയും മനുഷ്യർക്കെല്ലാം ആനന്ദങ്ങളെ ലോഭമില്ലാതെ നൽകുന്നുണ്ട്. വിശപ്പുണ്ടാക്കുക, ദാഹിപ്പിക്കുക, ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും തോന്നിപ്പിക്കുക, വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതുപോലെയുള്ള ആശ്വാസം കൊടുക്കുക, തുടങ്ങിയ കാര്യങ്ങളെ മഹാശക്തിയായ ദൈവം ചെയ്യുന്നത് മനുഷ്യർക്കു വേണ്ടിയാണ്; മഹാനീതിശാസ്ത്ര പ്രകാരം, മനുഷ്യ ശരീരത്തിന്റെ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ്.

മഹാശക്തിയായ ദൈവം, മഹാവാത്സല്യത്തോടെയും മഹാനീതിശാസ്ത്ര പ്രകാരവും, 'മനുഷ്യർക്കു വേണ്ടി', മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിച്ചില്ലെങ്കിലും, ഭാരപ്പെടുത്തിയെന്ന് ശാസ്ത്രപരമായി വാദിക്കുവാൻ യാതൊരാൾക്കും കഴിയുന്നതല്ല.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവത്തിന് മനുഷ്യരുടെ നന്ദി പ്രകടനങ്ങളെ ആവശ്യമില്ല. എന്നാൽ ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട്. അനന്തമായ ഭക്ഷണ രുചി /ആനന്ദത്തെ നൽകുന്നതിനാൽ, ദൈവം മനുഷ്യരെ ഭാരപ്പെടുത്താതെ, മഹാവാത്സല്യത്തോടെ മഹാ-കരുതുകയാണ്.

ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ശക്തികളെ സാത്വികമായിട്ട് ഉപയോഗിച്ച് ഭക്ഷണത്തെ നേടുകയും ഭക്ഷിക്കുകയും വേണം; ഭക്ഷണ ആനന്ദത്തെ ശ്രദ്ധിക്കാതെ ഭക്ഷിക്കുന്നവർക്കും ഭക്ഷണ ആനന്ദത്തെ നൽകുവാൻ മഹാവാത്സല്യവുമായ ദൈവം മഹാശ്രദ്ധിക്കുന്നുണ്ട്. ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ശരീര വളർച്ചയും ഒക്കെ തനിയെ പ്രവർത്തിക്കുമെന്ന് വാദിക്കുവാൻ നിരീശ്വരവാദിക്കും, മഹാശാസ്ത്രപരമായി വിശദീകരിക്കാൻ മതവിഴുപ്പുകളെ കൊണ്ട് ജീവിക്കുന്ന തട്ടിപ്പുകാർക്കും (മത പുരോഹിതന്മാർക്കും) കഴിയുന്നതല്ല.

((ദൈവം വിശപ്പുണ്ടാക്കുമ്പോൾ, മനുഷ്യന് വിശക്കുന്നു, വിശക്കുമ്പോൾ തിന്നണം. വിശപ്പ് ഉണ്ടാക്കുന്നത് ദൈവം ആകയാൽ, ഒരാൾ വിശന്നിട്ട് ഭക്ഷണത്തിനു വേണ്ടി മറ്റുള്ളവരോട് യാചിച്ചാൽ, ദൈവവും കാരണക്കാരനും കാരണക്കാരിയും ആവുന്നതാണ്. അന്നദാനം മഹാദാനം ആവുന്നത് അങ്ങനെയാണ്. ഭക്ഷണത്തിനു വേണ്ടി യാചിക്കുന്ന മുതിർന്നവർക്ക് പാകം ചെയ്ത ഭക്ഷണത്തെ ഭിക്ഷയായിട്ടു നൽകുമ്പോൾ, സാധിക്കുമെങ്കിൽ ധർമ്മ ശാസ്ത്ര വിശകലനം ചെയ്യണം; നിർബ്ബന്ധമല്ല. ഭിക്ഷ കൊടുക്കുന്നയാൾക്ക് പാപം ഉണ്ടാകുന്നില്ല; എന്നാൽ ഭിക്ഷ യാചിക്കുന്നയാൾക്ക് പാപം ഉണ്ടാവാതിരിക്കാനോ, പാപം കുറയാനോ പ്രവർത്തിക്കുമ്പോൾ ഭിക്ഷ കൊടുക്കുന്നയാൾക്ക് പുണ്യം വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന്, ആരോഗ്യവും, ഭക്ഷണം പാകംചെയ്യാനുള്ള സൗകര്യങ്ങളും ഉള്ളവർ ഭിക്ഷ യാചിച്ചാൽ അരി കൊടുക്കുക, ചോറ് കൊടുക്കരുത്; വിശപ്പിനു ഭക്ഷണം യാചിക്കുമ്പോൾ "പാകംചെയ്ത ഭക്ഷണം" കൊടുക്കുക. ഭിക്ഷ കൊടുക്കുന്നതും കൊടുക്കാതെ യിരിക്കുന്നതും ഏതൊരാളുടെയും വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന വിഷയമാണ്; ഭരണകൂടം വ്യക്തിയെ ഭാരപ്പെടുത്തരുത്.

യാചകരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ടുള്ള ദൈവത്തിന്റെ മഹാവാത്സല്യത്തെ, സാത്വികമായിട്ട് ചെയ്യേണ്ടതുണ്ട്; ക്രൂരമായ വചനങ്ങളെക്കൊണ്ട് യാചകരെ വേദനിപ്പിച്ചാൽ പാപം കിട്ടുന്നത് യാചകാവസ്ഥ ഉണ്ടാവാൻ ഒരു കാരണക്കാരായ (ജനങ്ങളുടെ ദാസരായ) ഭരണാധികാരികൾക്കാണ്. വിശപ്പിനല്ലാതെ യാചിക്കുന്നവരെ, അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ജനങ്ങളെല്ലാം അവഗണിക്കുകയോ, ഓടിക്കുകയോ വേണം; അത്തരം യാചകരെ പരിഗണിക്കേണ്ടുന്നത് (ജനങ്ങളുടെ ദാസരായ) ഭരണാധികാരികളാണ്.

എന്നാൽ ധർമ്മശാസ്ത്രപരമായ ഭരണസമ്പ്രദായങ്ങൾ സമൂഹത്തിൽ ഇല്ലാത്ത സ്ഥിതിക്ക്, ദൈവ-വിപ്ലവം വരെ കാത്തിരിക്കുകയേ നിർവ്വാഹമുള്ളൂ; അല്ലെന്നാൽ മാനുഷികമായ ഊറ്റത്തെ ധർമ്മശാസ്ത്രപരമായിട്ട് പ്രകടിപ്പിക്കാൻ ജനങ്ങൾക്ക് കഴിയണം.))

മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശരീരമായ ദൈവാംശത്തിന്റെ ജോലികൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട് എന്ന വിശദീകരണം തുടരുന്നു. (ദൈവം) വിശപ്പും ദാഹവും ഉണ്ടാക്കുമ്പോൾ, മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തോടെ ഭക്ഷണ പാനീയങ്ങളെ രുചിച്ച് ആസ്വദിച്ചുകൊണ്ട് വിശപ്പിനും ദാഹത്തിനും ആനന്ദകരമായ പരിഹാരമുണ്ടാക്കാൻ, ശാസ്ത്ര നിയമങ്ങൾ പ്രകാരം ദൈവം ആവശ്യപ്പെടുകയാണ്. ജീവിക്കുന്നത് ആനന്ദിക്കാനാണ്; തങ്ങളുടെ ആനന്ദത്തിന്നായിട്ട് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും അവർക്കെല്ലാം വേണ്ടി ഭക്ഷണ പാനീയങ്ങളെ കഴിക്കുകയും ചെയ്യുന്നു. മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സവുമില്ല; തടസ്സമുണ്ടാക്കിയാൽ ദൈവനിന്ദയാണ്. പൊതുവായ വസ്തുതയാണ്; എല്ലാ മനുഷ്യരും ജനനം മുതൽ മരണം വരെ നിരന്തരം പാലിക്കേണ്ടതുമുണ്ട്.

സർജറി, രോഗം, ചികിത്സ തുടങ്ങിയ അവസരങ്ങളിൽ വായിലൂടെ ഭക്ഷണം കഴിക്കുന്നതിന് സാധിക്കാതെ വരുമ്പോൾ, മൂക്കിലൂടെയും മറ്റും കുഴലിട്ട് ഭക്ഷണത്തെ ദ്രാവക രൂപത്തിൽ കൊടുക്കുന്നത് എല്ലാവരുടെയും ആവശ്യമല്ല; അഥവാ പൊതുവായ വസ്തുതയല്ല. ഒരു ചിലർക്ക് മാത്രം ഭൗതിക ശാസ്ത്ര പരമായി ആവശ്യമാക്കുന്ന സ്വകാര്യമാണത്. ഭൗതിക ശാസ്ത്ര /വൈദ്യ ശാസ്ത്രപരമായ കാരണങ്ങളാൽ 'സ്വകാര്യമായ ഭക്ഷണ നിയന്ത്രണം' ചെയ്യുമ്പോൾ ദൈവനിന്ദയില്ല; എന്തെന്നാൽ ഭൗതിക ശാസ്ത്രമെന്നത്, "ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രിന്റെ അംശവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ശാസ്ത്രവും, ഒന്നാമത്തെ വേദവുമാണ്."

ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് ജീവികളെല്ലാം ഭക്ഷണം കഴിക്കണം എന്നിരിക്കെ, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവ അധികമായി ലഭിച്ച മനുഷ്യ ജീവി മാത്രം ഒരു ചിലരുടെ അധമമായ മത-ആത്മീയ ചിന്താഗതികളെ ശരിയെന്നു തെറ്റിദ്ധരിച്ച് ദൈവത്തിന്റെ പേരിൽ ഭക്ഷണ നിയന്ത്രണം ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. മതഭ്രാന്തുകളെയും മറ്റും വിഷയമാക്കാതെ, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം 'സ്വന്തമായ (സ്വകാര്യമായ)' ഭക്ഷണ നിയന്ത്രണം ചെയ്യുമ്പോഴും ദൈവനിന്ദയുണ്ട്, കടുത്തത് അല്ലെന്നേയുള്ളൂ. എന്നാൽ, സ്വകാര്യമായതിനെ നല്ലതെന്നു വിശേഷിപ്പിക്കുകയോ, മറ്റുള്ളവരും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ ഒക്കെ ചെയ്താൽ ദൈവനിന്ദയുടെയും പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതാണ്. മത പുരോഹിതന്മാരും മറ്റും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുന്നുണ്ട്.

അജ്ഞാനവും അവിവേകവും ദുസ്വാർത്ഥങ്ങളും മറ്റും നിമിത്തമാണ് വളരെ പേർ പടുകുഴിയിൽ പെട്ടിരിക്കുന്നത്. "അജ്ഞാനം കാരണമായ ദൈവ ശിക്ഷകളുടെ" കാര്യത്തിൽ, ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാവുകയും ദൈവ-വിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതു വരെ മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം "മഹാനീതിശാസ്ത്ര പ്രകാരമുള്ള പ്രത്യേകമായ ഇളവുകളെ" അനുവദിക്കുന്നതാണ്. പകൽ സമയത്ത് ഭക്ഷണ പാനീയങ്ങളെ കഴിക്കാതെ നോയമ്പ് എന്ന പേരിലും മറ്റുമുള്ള അനുഷ്ഠാനങ്ങളെ പിൻപറ്റുകയും, അത് ദൈവീകമാണെന്നു തെറ്റിദ്ധരിക്കുകയും ചെയ്യുന്ന മൂഢരെ തിരുത്താനായിട്ട് കടുത്ത വായ്നാറ്റത്തെ നൽകി ദൈവം ശിക്ഷിക്കുന്നുണ്ട്. വായ്നാറ്റത്തിനു പകരം റോസാപ്പൂവ്, മുല്ലപ്പൂവ് എന്നിവകളുടെ സുഗന്ധത്തെ നൽകിയിരുന്നു വെങ്കിൽ, നോയമ്പ് ദൈവീകമാണെന്നു പ്രചരിപ്പിക്കാൻ മൂഢന്മാർ കൂടുതൽ ആവേശപ്പെടുമായിരുന്നു !

മണ്ണിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാശുദ്ധീകരണ ത്തെപ്പറ്റി ഗ്രാഹ്യം ഉണ്ടാകുന്നതോടെ അനേകം മൂഢവിശ്വാസങ്ങൾ മണ്ണടിയുന്നതാണ്. ഉദാഹരണത്തിന്; മലം, മൂത്രം, തുടങ്ങിയ മനുഷ്യ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെ മണവും രുചിയും (ദൈവം) നൽകിയാൽ, മനുഷ്യർ കക്കൂസുകളെ ഉണ്ടാക്കുന്നതല്ല; തങ്ങളുടെയും മറ്റുള്ളവരുടെയും മലത്തെ ഭക്ഷിക്കുന്നതാണ്! വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള അന്യ ജീവികളുടെ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെയും മറ്റും മണവും രുചിയും (ദൈവം) നൽകിയാൽ, അവയുടെ വിസർജ്ജ്യങ്ങൾക്ക് വേണ്ടി അവയെ മനുഷ്യർ വധിക്കുകയും, നേടാനായിട്ട് മനുഷ്യർ മത്സരിക്കുകയോ തമ്മിലടിക്കുകയോ ചെയ്യും!

ഭക്ഷണ നിയന്ത്രണത്തെപ്പറ്റി ഭോഷത്തങ്ങളോടെ വാചാലരാകുന്നവർ, ശരീരത്തിലെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്ന ദൈവം, വിശപ്പും ദാഹവും മാത്രമല്ല; ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും (ദൈവം) തോന്നിപ്പിക്കുന്നുണ്ടെന്നതും വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതു പോലെയുള്ള ആശ്വാസത്തെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും (ദൈവം) കൊടുക്കുന്നതും സ്വയം വിചാരണ ചെയ്യണം. ഭക്ഷണത്തെ നിയന്ത്രിക്കാൻ തയ്യാറാകുന്നതുപോലെ വിസർജ്ജനങ്ങളെ നിയന്ത്രിക്കുന്നതിലും കേമത്തം കാട്ടണം. ലളിതമായി പറഞ്ഞാൽ, (ദൈവം) പകൽ സമയത്ത് വിശപ്പ് ഉണ്ടാക്കുമ്പോൾ / തിന്നാൻ മുട്ടുമ്പോൾ തിന്നാത്തവർ, തൂറാൻ മുട്ടുമ്പോൾ തൂറരുത്; മൂത്രം ഒഴിക്കരുത്, തുമ്മരുത്, ഛർദ്ദിക്കരുത്, ചുമയ്ക്കരുത്..

5. തഴമ്പിലെ ദൈവീകതയും പൈശാചികതയും.

ഏതാനും വർഷങ്ങൾക്കു മുമ്പ്, മുസ്ലീം ലേബലിനെ പൊക്കിപ്പറയുന്ന സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഈയുള്ളവനോട് രഹസ്യമായി ഒരു ഉപദേശം ചോദിച്ചു. 'നമസ്കാരം നിമിത്തം' ആ വെളുത്ത കുട്ടിയുടെ നെറ്റിയിൽ വർദ്ധിച്ചുവരുന്ന "കറുത്ത തഴമ്പ് സൗന്ദര്യത്തെ കുറയ്ക്കുന്നു ... നമസ്കാരം ഒഴിവാക്കാതെ, തഴമ്പ് ഇല്ലാതാവാൻ ഒരു മാർഗ്ഗം ഉപദേശിക്കാൻ കഴിയുമോ?" നമസ്കാരം ചെയ്യാതെ, തഴമ്പ് ലഭിക്കാനും, കൃത്രിമമായി തഴമ്പ് ഉണ്ടാക്കാനും വേഷം കെട്ടുന്നവരുടെ ഇടയിലെ മറ്റൊരു മത-മനോരോഗി ആയിരുന്നു അത്!

ഈയുള്ളവൻ നൽകിയ മറുപടി : "കുഞ്ഞേ, പതിവായി കൂന്താലിയും തൂമ്പയും പിടിക്കുന്ന കൃഷിക്കാരന്റെ കൈയ്യിലെ തഴമ്പ് കണ്ടിട്ടുണ്ടോ? പതിവായി കോടാലി പിടിക്കുന്നവർക്കും വാഹനത്തിന്റെ സ്റ്റിയറിംഗ് പിടിക്കുന്നവർക്കും ഒക്കെ കൈപ്പത്തികളിൽ തഴമ്പ് സൃഷ്ടിക്കുന്നത് മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യമാണ്; വീണ്ടും പണിയെടുക്കുമ്പോൾ കൈപ്പത്തികൾ വേദനിക്കാതിരിക്കാനുള്ള മഹാസംരക്ഷണമാണ്. ഇനി, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാതെ ദൈവത്തിനു വേണ്ടിയും മരണാനന്തര ജീവിതത്തിനു വേണ്ടിയുമെന്നു പറഞ്ഞു പാഴാക്കുന്ന മൂഢ ജനങ്ങൾക്ക് ശിക്ഷകൾ വേണ്ടേ? നെറ്റിയിൽ നൽകുന്ന തഴമ്പിന്റെ ഉപയോഗങ്ങൾ എന്തെല്ലാമാണ് എന്ന് ചിന്തിച്ചു നോക്കൂ. വലിയ ഒരു പൂജ്യം എന്നതാണ് സത്യം. കൃഷിക്കാരന്റെ കൈപ്പത്തികളിൽ മഹാഅനുഗ്രഹിച്ചു നൽകുന്ന തഴമ്പുകളുടെ ഉപയോഗങ്ങൾ അനന്തമാണ്; ദൈവീകമാണ്." ഈയുള്ളവന്റെ വാക്കുകളെ കേട്ട ചെറുപ്പക്കാരന് അനേകരെ പ്പോലെ, ദൈവീകമായ ഊറ്റം ഇല്ലാത്തതിനാൽ, അറിഞ്ഞു കൊണ്ട് മൂഢവിശ്വാസങ്ങളെ ഇന്നും ചുമന്നു പോരുന്നതായാണ് അറിവ്. ഈ ചരിത്രം ശരിവെക്കാൻ അദ്ദേഹം സ്വയം തയ്യാറായാൽ അല്പം പുണ്യം നേടാം!

തൊഴിലുകൾ

രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്റെ ഒരു ശാഖയായ കർമ്മശാസ്ത്രത്തെ അഥവാ തൊഴിലിനെ നാലായിട്ട് ദൈവം വിഭജിച്ചിട്ടുണ്ട്. ഭൂമിയിലെ എല്ലാ തൊഴിലുകളും, ജീവികളുടെ എല്ലാ ജീവിത കാര്യങ്ങളും എപ്പോഴും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ 4 ശാസ്ത്രവിഭാഗങ്ങളിൽ പെടുന്നു.

ജനങ്ങളും സമൂഹത്തിലെ ഭരണകൂടങ്ങളും പ്രവർത്തിക്കേണ്ടത് തൊഴിൽ വിഭജനങ്ങളെ ആധാരമാക്കിയാണെന്നും, ധർമ്മ ശാസ്ത്രങ്ങളെ ആധാരമാക്കിയാണെന്നും വ്യാഖ്യാനിച്ചാൽ രണ്ടും ശരിയാണ്; അവ തമ്മിൽ ലയ-ബന്ധമാണുള്ളത്.

Ref. www.omsathyam.com/GodlyRevolution/MahaaVedam.pdf

തൊഴിലുകളും ആനന്ദവും

ജീവിക്കുന്നവരാണ് ജീവികൾ; ജീവികളെല്ലാം ജീവിക്കുകയാണു ചെയ്യുന്നത്; ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുന്നത് ആനന്ദിച്ചാവണം.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 തൊഴിൽ വിഭാഗങ്ങളിലും 5 അളവിലുള്ള ആനന്ദത്തെ ദൈവം ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം 4 × 5 = 20 അളവ്.

മോഷണം, പിടിച്ചു പറി, കൊള്ള, മത-ജാതി-രാഷ്ട്രീയ പ്രവർത്തനങ്ങൾ, നികുതി പിരിവ്, ഇൻഷ്വറൻസ്, കോടതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാനത്തിനായുള്ള മദ്യ നിർമ്മാണവും വിതരണവും, കുട്ടിദൈവങ്ങളായി വേഷം കെട്ടി ജനങ്ങളെ കബളിപ്പിക്കൽ തുടങ്ങിയവ തൊഴിൽ അല്ല; അധമ പ്രവൃത്തികൾ മാത്രമാണ് എന്നതിനാൽ അത്തരം ഹീന വൃത്തികൾ ചെയ്യുമ്പോൾ ലഭിക്കുന്ന ആനന്ദത്തിന് തൊഴിലുമായോ, തൊഴിൽ പരമായ ആനന്ദങ്ങളുമായോ ബന്ധമില്ല. അത്തരം അധമ ആനന്ദങ്ങളെ വിനോദം എന്ന ഭാഗത്ത് വേറിട്ട് വിശദീകരിക്കുന്നുണ്ട്.

മനുഷ്യർ അറിയുന്നതും അനുഭവിക്കുന്നതും പോലെ ശാസ്ത്രസാങ്കേതിക വികസനത്തിന് ആനുപാതികമായി ജീവിത മേഖലകളിലെല്ലാം പുതിയ പുതിയ തൊഴിലുകൾ ഉണ്ടാകുന്നു. ഉദാഹരണത്തിന് വിമാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ശാസ്ത്രനിയമം വെളിപ്പെട്ട് വിമാനം ഒരു യാഥാർത്ഥ്യം ആയപ്പോൾ പൈലറ്റ്, ടെക്നിഷ്യൻസ്, തുടങ്ങി നിരവധി തൊഴിലുകളും, കമ്പ്യൂട്ടർ വികസനത്തോടെ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട നിരവധി തൊഴിലുകളും ഉണ്ടായി.

എത്രയെല്ലാം പുതിയ തൊഴിലുകൾ ഉണ്ടായാലും അവയെല്ലാം ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 ശാസ്ത്ര വിഭാഗങ്ങളിൽ പെടുന്നതാണ്. ഏതൊരാൾക്കും തൊഴിലുകളെ വിശകലനം ചെയ്ത് സ്വയം ബോദ്ധ്യപ്പെടാവുന്നതാണ്.

എല്ലാ സൃഷ്ടി ചക്രങ്ങളിലും ഏറെക്കുറെ സമാനമായി സംഭവിക്കുന്നത് പോലെ മുൻ സൃഷ്ടിചക്രത്തിൽ മായ പ്രത്യക്ഷപ്പെട്ട് സംഹാരം തുടങ്ങും മുമ്പ് യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുത്തപ്പോൾ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 തൊഴിൽ വിഭജനങ്ങളും പുനഃസ്ഥാപിക്കപ്പെടുകയുണ്ടായി. കാലാന്തരത്തിൽ അവ ജീർണ്ണിച്ചതാണ് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന് ഭാരതത്തിൽ അവശേഷിക്കുന്ന ചാതുർവർണ്യം. ചാതുർവർണ്യം ദൈവീകമല്ല എന്നുമർത്ഥം. ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ 4 തൊഴിൽ വിഭജനങ്ങളുണ്ട് എന്നതിന്റെ ഒരു സൂചന ഹിന്ദുമതത്തിൽ ഉണ്ടെന്നും, മറ്റു മതങ്ങളിൽ അതുമില്ല എന്നു വ്യാഖ്യാനിച്ചാൽ, ഏറെ ജീവിത കാര്യങ്ങളിലും **ശാസ്ത്രവുമായി കൂടുതൽ അടുപ്പമുള്ള മതം ഹിന്ദുമതങ്ങളാണെന്നും സംരക്ഷിക്കുന്നത്, പ്രദേശം / ദേശം / ഭാരതം / ഭൂമി / ദൈവം തന്നെയാണെന്നും ബോദ്ധ്യമാകും.**

ജീവിതത്തിന്റെ ഉദ്ദേശത്തെ മനസ്സിലാക്കാൻ ശ്രമിക്കുക പോലും ചെയ്യാതെ വലിയ ഒരു വിഭാഗം രാഷ്ട്രീയ ഭരണാധികാരികളും ഉദ്യോഗസ്ഥരും തോന്നും പോലെ പ്രവർത്തിച്ച് പാപവും ശിക്ഷകളും വാരിക്കൂട്ടുകയാണ്. മറ്റൊരിടത്ത്, ജനങ്ങളെ ചൂഷണം ചെയ്ത് ഭൗതികമായ ആനന്ദങ്ങളെ സ്വന്തമാക്കി ജീവിക്കുന്ന മതപ്പരിഷകൾ ജനങ്ങളുടെ ജനനത്തെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിക്കുന്നു !

ധർമ്മ ശാസ്ത്രം പ്രകാരം ആനന്ദിച്ചു ജീവിക്കുക എന്നതിനു പകരം ജീവിക്കാൻ ആവശ്യമില്ലാത്ത ദൈവകാര്യങ്ങളിൽ മനുഷ്യൻ ഇടപെട്ടു കൂടാ. ദൈവത്തിന്റെ 'മഹാജ്ഞാനം കൂടിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' പ്രകാരമല്ലാത്ത യാതൊന്നും ദൈവീകമല്ല. ദൈവകാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്ര കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ, ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിൽ മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കുമ്പോൾ മാത്രമാണ് ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയശാസ്ത്രത്തെ സമ്പൂർണ്ണമായി പഠിക്കാനും പഠിപ്പിക്കാനും മനുഷ്യൻ യോഗ്യത നേടുക.

ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, തങ്ങൾക്ക് ശരിയെന്നു തോന്നുന്നതോ, ആരെങ്കിലും തട്ടിക്കൂട്ടിയതോ ആയ കാര്യങ്ങളെ ന്യായീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും തയ്യാറായാൽ ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല എന്നാണ് അർത്ഥം. ദൈവം പാതി, മനുഷ്യൻ പാതി എന്നതിൽ സ്വന്തം പകുതി സംശുദ്ധമാവാൻ ഓരോരുത്തരും ശ്രദ്ധിക്കണം.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ എല്ലാ ജന്മഗുണങ്ങളെയും, അവ പ്രകാരം മഹാസമനീതി നൽകുന്നതിനെയും വിശദീകരിച്ചിട്ടുണ്ട്.

സർവ്വത്തിനും അതീതമായ ദൈവം കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം ആനന്ദകരമാക്കാൻ മനുഷ്യർ പാലിക്കേണ്ടതിനായി ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്. അവയ്ക്ക് ഭൂമിയിലെ മതങ്ങളുമായും മത-ദേവാലയങ്ങളുമായും രാഷ്ട്രീയ പാർട്ടികളുമായും **ബന്ധമില്ല.**

ദൈവീകമായി മനുഷ്യർ പാലിക്കേണ്ടതായ ആചാരങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് ആവശ്യമായ ധർമ്മ ശാസ്ത്രവും ഒന്നു തന്നെയാണ്. യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, എന്നീ ശാഖകൾ ഉള്ളതും, യഥാർത്ഥ വേദങ്ങളിൽ രണ്ടാമത്തേതുമായ ധർമ്മ ശാസ്ത്രവും ഭൂമിയിലെ മൂലകങ്ങളിൽ, ഭൗതിക ശാസ്ത്ര ത്തോടൊപ്പം ലയിപ്പിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ധർമ്മ ശാസ്ത്രം മാത്രമാണ് എവിടെയും പാലിക്കുവാൻ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും സ്വയം ബാദ്ധ്യതയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും; അവയ്ക്കെല്ലാം ഭൗതികമായ അസ്തിത്വവും ഉണ്ട്.

പ്രവൃത്തികളിലെ ശരിയും തെറ്റും; പുണ്യവും ശിക്ഷയും നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ദൈവീകമായ നീതിയാണ്. ആകയാൽ വ്യക്തികളെ സംബന്ധിച്ച് സർവ്വ പ്രധാനമായ കാര്യം ദൈവീകമായ ശരിയും നീതിയുമാണ്.

സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ ഒന്നു മാത്രമാണ് ബുദ്ധിശക്തി. ചുറ്റുമുള്ള മനുഷ്യർക്കും, മൃഗങ്ങൾ -പക്ഷികൾ-സസ്യങ്ങൾ-മത്സ്യങ്ങൾ എന്നിങ്ങനെ മറ്റുള്ള ജീവികൾക്കും ബുദ്ധിശക്തികളെ ഓംകാര നീതിശാസ്ത്ര പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുകയാണ്.

ഓംകാര നീതിശാസ്ത്രം എല്ലാ ജീവികൾക്കും മഹാസമ ആനന്ദം എന്ന മഹാസമനീതിയെ നൽകുന്നു. ജന്മഗുണമായി വ്യവസ്ഥ ചെയ്തിട്ടുള്ള ബുദ്ധിശക്തിയിൽ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ സമം ആയാൽ തൊഴിൽ അഭിരുചി എന്ന ജന്മഗുണത്തെ സ്ഥാപിക്കാൻ കഴിയുന്നതല്ല. സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ എന്നിങ്ങനെ ഏതെങ്കിലും ഒരാളുടെ ബുദ്ധിശക്തി മാത്രം നൽകേണ്ടുന്ന അവസ്ഥയാണ് ഉണ്ടാവുക. ഉദാഹരണത്തിന്, എല്ലാവരും ഡോക്ടർമാർ ആയാൽ, കൃഷി, നെയ്ത്, തയ്യൽ, മേശിരി, ആശാരി, ലേബർ, ഡ്രൈവർ, മുക്കുവൻ, വിമാന പൈലറ്റ്, തുടങ്ങിയ തൊഴിലുകളും, ചെയ്യാൻ ആളും ഇല്ലാത്ത അവസ്ഥ ഉണ്ടാകും. ഇനി ഭൂമിയിലൊക്കെയും ഇന്നുള്ള ഏറെക്കുറെ 800 കോടി ജനങ്ങളും മറ്റൊരു രാജ്യത്തിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. സമ്പൂർണ്ണ സാക്ഷരത ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും ഏറെ ചിന്തിക്കുക. അതായത്, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. (ഓരോ ജന്മ ഗുണവും അതേപോലെ അതീവ ഗൗരവമാണ്).

കൃഷിക്കാർ, മുക്കുവർ, തുടങ്ങിയ സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും കൂടുതൽ ബുദ്ധിശക്തി ലഭിച്ചാലും, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. ദൈവം കുഞ്ഞുങ്ങളായ മനുഷ്യരുടെ നല്ലതിനു വേണ്ടി നൽകുന്ന ബുദ്ധിശക്തികളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുമ്പോൾ, ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ, **കുറച്ചു ലഭിച്ചവരെ മന്ദബുദ്ധി, ബുദ്ധിയില്ലാത്ത കഴുത എന്നെല്ലാം വിളിച്ചാൽ, അറിഞ്ഞും അറിയാതെയും അവർ ആക്ഷേപിച്ചത് മഹാനീതിയായ ദൈവത്തെയാണ്.**

ദൈവം നൽകിയ തൊഴിൽ അഭിരുചികളുടെ അടിസ്ഥാനത്തിൽ ഇഷ്ടമുള്ള തൊഴിലുകൾ ചെയ്യാൻ വ്യക്തിക്ക് എപ്പോഴും **അവകാശമുണ്ട്.**

സമൂഹത്തിലെ വ്യക്തികൾക്കു വേണ്ടി സൃഷ്ടിക്കപ്പെടുന്ന ഭരണകൂടത്തിന്റെ പ്രഥമ കർത്തവ്യം വ്യക്തികൾക്ക് എല്ലാവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഉറപ്പാക്കുക എന്നതാണ്, നിയന്ത്രിക്കുകയോ കവർന്നെടുക്കുകയോ അല്ല.

കൃഷി ചെയ്യാനും, വസ്ത്രം നെയ്യാനും, ചുമട് എടുക്കാനും, വൈദ്യം പഠിക്കാനും, പഠിപ്പിക്കാനുമൊക്കെ ഓരോ വ്യക്തിക്കും സ്രഷ്ടാവ് നൽകിയിട്ടുള്ള സ്വാതന്ത്ര്യം ഇന്ന് തൊഴിലാളി യൂണിയനുകളും ഭരണാധികാരികളും മതനേതൃത്വങ്ങളു മൊക്കെ കവർന്നെടുത്തിരിക്കുകയാണ്.

വൈദ്യൻ അഥവാ ഡോക്ടർ ആകാൻ കുട്ടിക്കും, ഒരു കുട്ടിയെ വൈദ്യം പഠിപ്പിക്കാൻ ഒരു ഡോക്ടർക്കും വ്യക്തിസ്വാതന്ത്ര്യം ഉണ്ട് എന്നത് ഉൾക്കൊണ്ടു പ്രവർത്തിക്കുമ്പോൾ ഇന്ത്യയെ പോലുള്ള രാജ്യങ്ങളിലെ ഇന്നത്തെ മെഡിക്കൽ ഉൾപ്പെടെയുള്ള വിദ്യാഭ്യാസമേഖലകളിലെ അധമത്വം അവസാനിക്കുന്നതാണ്.

ജീവിതത്തിൽ തൊഴിലിന്നുള്ള പ്രാധാന്യവും പദവിയും വളരെ വലുതാണ് എന്നതു പോലെ ചെറുതുമാണെന്ന് വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ജനങ്ങൾ തിരിച്ചറിയുന്നതാണ്. വ്യാഖ്യാനിക്കുമ്പോൾ, ജീവിക്കാൻ പണം വേണം എന്നല്ലാതെ പണത്തിനു വേണ്ടിയല്ല ജീവിക്കുന്നത്; ജീവിക്കാൻ തൊഴിൽ വേണം എന്നല്ലാതെ, തൊഴിൽ ചെയ്യാനല്ല ജീവിക്കുന്നത്. ജീവിക്കുന്നത് **എന്തിനുവേണ്ടിയാണ് എന്ന ചോദ്യത്തിന് അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും പരമാനന്ദം നുകരാനുമാണെന്ന് ബോദ്ധ്യമാകുന്നതാണ്.**

ഇഷ്ടമുള്ള തൊഴിൽ ചെയ്യാൻ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട് എന്നു പറയുമ്പോൾ, ഭരണാധികാരിയാവാനും അഥവാ രാജാവാകാനും സ്വാതന്ത്ര്യമുണ്ടോ എന്നു സംശയമുള്ളവർ ഉണ്ടാകും. സ്വാതന്ത്ര്യം ഉണ്ടെന്നു മാത്രമല്ല, അവസരവും ലഭിക്കുന്നതാണ്. അതേസമയം, രാജാവിന്റേത് **ഒരു തൊഴിലായി കണക്കാക്കേണ്ട; മുഖ്യമായും ഒരു ദാസ്യ-വൃത്തിയാണത്. ഒരു ഭാഗത്ത്,** ഏറ്റവും വലിയ നീചരായി അധഃപതിച്ചവർക്ക് അനേകരായ നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ നന്മകളെ ചെയ്ത് പാപങ്ങളും ശിക്ഷകളും കുറയ്ക്കാനും, അപൂർവ്വമായി പുണ്യംകൂടി നേടാനുമുള്ള അവസരം മാത്രമാണവ എങ്കിൽ, മറുഭാഗത്ത് നന്മകളും സത്യസന്ധതയും ഏറെയുണ്ടെന്ന് തോന്നുന്ന വ്യക്തിയെ ജനങ്ങൾ നിർബ്ബന്ധിക്കുന്നതു കൊണ്ട് മാത്രം ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ വ്യക്തി തയ്യാറാവുകയാണ്. മഹാനീതിയും മഹാവാത്സല്ല്യവുമായ മഹാദേവി മേല്പടി രണ്ടു കാര്യങ്ങളെയും മായ കൊണ്ട് ഗൂഢമായി ബന്ധിപ്പിക്കുന്നത് ജനങ്ങളും, അവരുടെ അടിമ മാത്രമായ രാജാവും അറിയാതെ പോകുന്നത് ജീവിതത്തിലെ ആനന്ദം വർദ്ധിക്കുവാൻ, ഭൂമിയുടെ കുഞ്ഞുങ്ങൾ മാത്രമായ ഇരുകൂട്ടർക്കും നല്ലതാണെന്ന ദൈവീക വ്യവസ്ഥ പ്രകാരമാണ്. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ഇന്നുള്ളത് യഥാർത്ഥ ജനാധിപത്യമല്ല. അടിമകൾ മാത്രമായ ജനസേവകരെ തിരഞ്ഞെടുക്കണമെന്ന് ഉടമകളായ ജനങ്ങളെ ഉടമകളുടെ ധനം ധൂർത്തടിച്ച് നിർബ്ബന്ധിക്കുന്നതും, ജനങ്ങൾക്ക് രാഷ്ട്രീയക്കാരായ അടിമകൾ അണിനിരത്തുന്ന ആരെയെങ്കിലും തിരഞ്ഞെടുക്കാതെ മറ്റു വഴികളില്ലാ എന്നതും യഥാർത്ഥ-ജനാധിപത്യത്തിൽ ഇല്ല തന്നെ. ഏറ്റവുമധികം പുണ്യവും, അതേപോലെ പാപവും സമ്പാദിക്കാൻ ഉപാധിയാകുന്ന ഒന്നാണ് ഭരണം എന്ന് ഓംകാര നീതി ശാസ്ത്രം വ്യക്തമാക്കുന്നുണ്ട്. സമൂഹത്തിലെ ഏതെങ്കിലും വ്യക്തി (കൾ) ഗാന്ധിജിയെപ്പോലെ ശുചിത്വ-ജോലികൾക്കായി ജീവിതം സമർപ്പിക്കുമ്പോൾ, അത്തരം വ്യക്തികളെ നിലവിലെ രാജാവ് ഉൾപ്പെടെയുള്ള ജനങ്ങൾ, നിർബ്ബന്ധിച്ചു ഭരണം ഏല്പിക്കുകയാണു ചെയ്യുന്നത്. മാത്രമല്ല, സേനകളും മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടെ എല്ലാ ജനങ്ങളും എല്ലായ്പ്പോഴും അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രം മാത്രമാണ്; രാജാവിനെയോ മന്ത്രിമാരെയോ അല്ല.

രാജാവ് /പ്രധാനമന്ത്രി /മുഖ്യമന്ത്രി/മന്ത്രി പുറപ്പെടുവിക്കുന്ന ധർമ്മ ശാസ്ത്ര വിരുദ്ധമായ ആജ്ഞയെ അനുസരിക്കാതിരിക്കുക എന്നതും ആവശ്യമെങ്കിൽ അവരെ പുറത്താക്കേണ്ടതും സേനയുടെയും ഉദ്യോഗസ്ഥരുടെയും പ്രജകളുടെയും കർത്തവ്യമാണ്. രാജാവിന്റെ പ്രവൃത്തികളെ ധർമ്മ ശാസ്ത്രപരമായി വിശകലനം ചെയ്യാൻ ധർമ്മ ശാസ്ത്രം നിശ്ചയമുള്ള അദ്ധ്യാപകരും മറ്റും ഉണ്ടായിരിക്കുന്നതാണ്.

സർവ്വ തൊഴിലുകൾക്കും സമപദവിയും സമവേതനവുമാണ് ദൈവം അഥവാ മഹാശാസ്ത്രം നിശ്ചയിച്ചിട്ടുള്ളത്; തുല്ല്യങ്ങളായ തൊഴിലുകളിൽ ഒന്നാമത്തേതായി ഭൗതികമായ അസ്തിത്വം ഉള്ളതായ ശാസ്ത്ര നിയമങ്ങളിലൂടെ കൃഷിയെയും നിശ്ചയിച്ചിട്ടുണ്ട്. കൃഷി സ്തംഭിച്ചാൽ, ഭക്ഷണത്തിനായി രാജാവും മന്ത്രിയും പട്ടാളവും ആത്മീയാചാര്യനുമെല്ലാം കൃഷിക്കാരന്റെ പിന്നാലെ ഓടും വിധമാണ്, ഭക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്ന കൃഷിയെ ഉയർത്തി ക്കൊണ്ട് ദൈവം മഹാശാസ്ത്രവും ജീവിതവും ആവിഷ്ക്കരിച്ചിട്ടുള്ളത്. തങ്ങൾ കേമരാണെന്നും ഉന്നതരാണെന്നും ധരിക്കുന്നവരുടെ അഹങ്കാരങ്ങളും അജ്ഞാനങ്ങളും അകലുവാൻ ഭക്ഷണത്തിന് മുട്ടുണ്ടായാൽ മതിയാകും. ദൈവീകമായ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികൾ കൃഷി കാര്യങ്ങളെ ചെയ്യുന്നതും കൃഷിയുടെ ഔന്നത്യം മനസ്സിലാക്കുന്നതുമാണ്. ഭക്ഷണകാര്യത്തിൽ സമ്പന്നമല്ലാത്ത ഒരു സമൂഹം, മറ്റെന്തുണ്ടായാലും സമ്പന്നമേ അല്ല എന്നതാണു ശാസ്ത്രസത്യം. സമൂഹത്തെ ഭക്ഷണ കാര്യത്തിൽ അധഃപതിപ്പിച്ചിട്ടുള്ള വ്യക്തികളും ഭരണാധികാരികളും അധമരാണ്. അത്തരക്കാരെ സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുന്ന ഭരണകൂടത്തിൽ നിയമിച്ചു കൂടാ. ഏറ്റവും വലിയ ഉദാഹരണമായി കേരളത്തെ ചൂണ്ടിക്കാട്ടാം. വീടുകളോടു ചേർന്നുള്ള പുരയിടങ്ങളിൽ ഭക്ഷണത്തിന് ഉപയോഗിക്കാവുന്ന കപ്പ, കാച്ചിൽ, ചേന, തെങ്ങ്, പ്ലാവ്, മാവ് തുടങ്ങിയ കൃഷികൾ മാത്രമേ പാടുള്ളൂ എന്നതും, റബ്ബർ പോലെയുള്ളവ ഒട്ടും പാടില്ലാ എന്നതും (പോലും) തിരിച്ചറിയാൻ സാധിക്കാത്ത ജനങ്ങളും ഭരണാധികാരികളും പൈശാചിക തലങ്ങളിലാണ് ജീവിക്കുന്നത്.

മണ്ണിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെ സമൂഹവും ഭരണകൂടവും പിൻപറ്റണം. പാലിക്കാതിരുന്നാലോ ദുരുപയോഗം ചെയ്താലോ, മഹാനീതിയും മണ്ണുമായ ഭൂമി, മണ്ണിലെ ന്യൂനശക്തികളിലൂടെ അധമരായ വ്യക്തികളെ തീർച്ചയായും ശിക്ഷിച്ചു തിരുത്തുന്നതാണ്.

സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ സ്രഷ്ടാവായ ദൈവം എല്ലാ വ്യക്തികൾക്കും നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യക്തിക്ക് തന്റെ വേതനം നിശ്ചയിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. ലിംഗം, സൗന്ദര്യം, നിറം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, തുടങ്ങിയവ കൂടാതെ ബുദ്ധിശക്തി, ഓർമ്മ ശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ ജന്മഗുണങ്ങളായി ദൈവം നൽകുന്നവയാണെന്നത് മറന്നു കൊണ്ടും അവഗണിച്ചുകൊണ്ടും, വ്യക്തി അധിക വേതനം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ വ്യക്തിയുടെ സേവനം ആവശ്യമുള്ളവർ വ്യക്തി ആവശ്യപ്പെടുന്ന വേതനം നൽകണം. സാധാരണയിൽ ക്കവിഞ്ഞ വേതനം ആവശ്യമുള്ള വ്യക്തി തന്റെ വേതനം തൊഴിൽ ദാതാവിനെ മുൻകൂട്ടി അറിയിക്കുവാൻ ബാധ്യസ്ഥനുമാണ്.

വ്യക്തിയുടെ മരണത്തോടെ പിൻഗാമികൾക്ക് ധനം കൈമാറപ്പെടുന്ന ഇന്നത്തെ രീതി ദൈവീകമായ സാമ്പത്തിക ശാസ്ത്രം മാറ്റിമറിക്കുന്നുവെന്നത് വ്യക്തി ദുരുപയോഗം ചെയ്ത അശാസ്ത്രീയവും അധാർമ്മികവുമായ സ്വാതന്ത്ര്യങ്ങളെ പിഴുതെറിയുന്നതോടെ ഭൗതികശുദ്ധീകരണവും, ആത്മാവിന്റെ മേൽ മഹാനീതിയായ ദൈവം @ ഭൂമി നടപ്പാക്കുന്ന മഹാനീതി ആത്മീയ ശുദ്ധീകരണവും നടത്തുന്നു. കുറ്റങ്ങളും കുറവുകളുമില്ലാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രം www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സ്രഷ്ടാവ് നൽകുന്ന തൊഴിൽ അഭിരുചിക്കൊത്ത് വിദ്യാഭ്യാസം ചെയ്യുവാൻ സമൂഹത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭരണരീതികളും അധമ വ്യവസ്ഥിതികളിലൂടെ തടസ്സമുണ്ടാക്കുമ്പോൾ, അത്തരം അധമ രീതികൾക്ക് മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രത്തെ അട്ടിമറിക്കാൻ കഴിയുന്നു എന്നു ധരിച്ചുപോവരുത്. സൃഷ്ടിപരമായ വിധിയെ അശാസ്ത്രീയതയിലൂടെ ഭരണകൂടം ഉൾപ്പെടെയുള്ള സമൂഹം മലിനപ്പെടുത്തുകയും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യുന്നത് കടുത്ത കുറ്റവും അനീതിയും ആണെങ്കിലും അവയിലൂടെ രൂപപ്പെടുന്ന സ്ഥിതി അഥവാ സ്ഥിതിപരമായ വിധി സംശുദ്ധപ്പെടുത്തുവാൻ മഹാനീതിയായ ദൈവത്തിന്റെ മഹാനീതി ശാസ്ത്രത്തിൽ കുറ്റങ്ങളും കുറവുകളുമില്ലാത്ത പദ്ധതിയുണ്ട്. ജന്മഗുണങ്ങളിലും വ്യക്തികളുടെ മനോഭാവങ്ങളിലും മറ്റും വ്യത്യാസപ്പെടുത്തി തജ്ജന്മത്തിലും, കൂടാതെ പുനർജ്ജന്മങ്ങളിലൂടെയും സർവ്വവും നിസ്സാരമായി ദൈവം ക്രമപ്പെടുത്തുന്നുണ്ട്; ഓംകാര നീതി ശാസ്ത്രം പഠിക്കുമ്പോൾ ബോദ്ധ്യമാകുന്നതാണ്.

സ്ഥിരജോലി എന്നൊന്നില്ല.

വീടുപണിക്ക് വിളിക്കുന്ന / വരുന്ന ആശാരിക്കും മേശിരിക്കും മറ്റു ജോലിക്കാർക്കും സ്ഥിരജോലി നൽകുവാൻ വീട്ടുകാർക്ക് കഴിയുന്നതല്ല, ആവശ്യംകഴിഞ്ഞ് ശാസ്ത്രശുദ്ധിയോടെ പിരിയുന്നു, ജനന-ജീവിത-മരണങ്ങളിലെല്ലാമുള്ള ലളിതമായ ഈ ശാസ്ത്ര തത്വത്തെ വഴിപിഴപ്പിക്കുകയാണ് ഇന്നത്തെ തൊഴിലാളി യൂണിയനുകളും ഭരണകൂടവുമൊക്കെ ചെയ്തിട്ടുള്ളത്. സർക്കാർ ആഫീസുകളിലെ തൊഴിൽ സ്ഥിരത തൊഴിലാളികളുടെ അവകാശമായിക്കൂടാ. സർക്കാർ ജോലിക്കാർ തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളിൽ/ കുടുംബ കാര്യങ്ങളിൽ എങ്ങനെ തങ്ങളുടെ ആവശ്യം കഴിഞ്ഞോ അല്ലാതെയോ വ്യക്തിസ്വാതന്ത്ര്യ പ്രകാരം ആശാരിയെയും മേശിരിയെയും ഒക്കെ തിരികെ അയക്കുന്നുവോ അതേപ്രകാരം സമൂഹഭരണം കൈയ്യാളുന്ന ജനസഭയ്ക്ക് / ചെറു-രാജാവിന് കഴിയണം.

സമൂഹത്തിൽ ആവശ്യമില്ലാത്ത (സർക്കാർ) തൊഴിലാളിയെ ഒരു നിമിഷംകൊണ്ട് തിരികെ അയക്കുവാനും, വീണ്ടും ആവശ്യം വന്നാൽ ഒരു നിമിഷംകൊണ്ട് പുതിയതോ പഴയതോ ആയൊരു തൊഴിലാളിയെ നിശ്ചയിക്കാനും കഴിയണം, കഴിയുന്നതാണ്. സർക്കാർ ജോലിക്കാർക്ക് കാര്യക്ഷമതയില്ല എന്നു പറഞ്ഞ് അവരെയും തൊഴിലിനെയും അവമതിക്കുന്ന ഇന്നത്തെ അധമ ഭരണ സംവിധാനങ്ങൾ അതോടെ മാറും; കാര്യങ്ങൾ മംഗളമാകും. കൂടാതെ **സർക്കാർ ജോലി, സ്വകാര്യ ജോലി, എന്നിങ്ങനെ ഇന്നുള്ള അധമ രീതികളും അവസാനിക്കുന്നതാണ്.**

സാമ്പത്തിക ക്ഷീണങ്ങളുള്ളവർക്ക്, സാമ്പത്തികസഹായം നൽകുവാൻ സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടം തയ്യാറാവുക എന്നതിനപ്പുറം, ജനപ്രതിനിധികൾക്കും സർക്കാർ ജീവനക്കാർക്കും മറ്റും പെൻഷൻ എന്ന പേരിൽ ഇല്ലാത്ത സേവനത്തിന് വേതനം നൽകുന്നത് ദൈവീകമല്ല / ശാസ്ത്രീയമല്ല. പൊതുഖജനാവ് ദുരുപയോഗം ചെയ്യാൻ ഭരണകൂടത്തിന് അധികാരമില്ല. സർക്കാർ ജീവനക്കാരെന്നോ സ്വാകാര്യ ജീവനക്കാരെന്നോ വ്യത്യാസമില്ലാതെ, എല്ലാവരും തൊഴിലാളികളാണ് എന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ തൊഴിലാളികൾക്കും അഥവാ എല്ലാ പ്രജകൾക്കും, തുല്ല്യമായ പെൻഷൻ കൊടുക്കുവാനാണ്, സാമ്പത്തിക ഭദ്രതയുള്ള ഒരു ഭരണകൂടം തയ്യാറാവേണ്ടത്. എന്നാൽ സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന്റെ പ്രവർത്തനത്തിൽ അതു പെടുന്നു എന്നല്ലാതെ, **തൊഴിലാളികളുടെ സാമ്പത്തിക ഭദ്രതയ്ക്കായി പ്രവർത്തിക്കേണ്ടുന്നത് തൊഴിലാളികൾ തന്നെയാണെന്നും, തൊഴിലാളികളുടെ സ്വകാര്യ ആവശ്യങ്ങൾ ഭരണകൂടത്തിന്റെ ഭാഗമല്ലെന്നും അറിയണം.**

എല്ലാ ജനങ്ങളുടെയും പൊതുവായ ആവശ്യങ്ങളെ മാത്രം ധർമ്മ ശാസ്ത്രപരമായി പരിഹരിക്കുകയാണ് ഭരണകൂടം ചെയ്യേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ, സാമ്പത്തിക ക്ഷീണങ്ങളുള്ളവർക്ക്, സഹായം നൽകുവാൻ, സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടം തയ്യാറാവുക എന്നതിന് അപ്പുറമുള്ള കസർത്തുകൾ വേണ്ടാ.

മത-ജാതി-ദേശ വ്യത്യാസങ്ങൾ ദൈവീകമല്ല എന്ന് തെളിയുന്നതോടെ എല്ലാവിധ സാമുദായിക -പ്രാദേശിക / ദേശീയ റിസർവ്വേഷനുകളും അധമവും അശാസ്ത്രീയവും ആണെന്നു തെളിയുന്നു; അവസാനിക്കുന്നു.

സമൂഹത്തിലെ ഓരോരോ മേഖലകളിലും അശാസ്ത്രീയത അഥവാ അധമത്തം ബാധിച്ചും വ്യാപിച്ചുമാണ് ഭൂമിയിലെ ജനസമൂഹങ്ങൾ മൊത്തത്തിൽ ധാർമ്മികമായി അധഃപതിച്ചിട്ടുള്ളത്.

ദൈവം, സമൂഹ ജീവിയായി സൃഷ്ടിച്ചിട്ടുള്ള മനുഷ്യന്റെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുന്ന പഞ്ചായത്തുകൾ അഥവാ ജനസഭ ഓരോ പ്രദേശത്തും ഉണ്ടാവണം, ജനസഭയല്ലാതെ ജനങ്ങളെ **നേരിട്ട് സംരക്ഷിക്കുന്ന / ഭരിക്കുന്ന മറ്റൊരു സംരക്ഷണകൂടം / ഭരണകൂടം നാട്ടിലുണ്ടാവില്ല**. ഇന്നത്തെ ബഹുവിധ തൊഴിലാളി യൂണിയനുകൾ അസ്തമിക്കുന്നതാണ്. പഞ്ചായത്തു ഭരണം, ബ്ലോക്കു ഭരണം, ജില്ലാ ഭരണം, സംസ്ഥാന ഭരണം, കേന്ദ്ര ഗവണ്മെന്റ് ഭരണം, രാഷ്ട്രീയ പാർട്ടികളുടെ ഭരണം, തൊഴിലാളി വർഗ്ഗ ഭരണം, മത ഭരണം, ജാതി ഭരണം, ദേവാലയ ഭരണം, വ്യത്യസ്ത ക്ലബ്ബുകളുടെ ഭരണം എന്നിങ്ങനെ ജനങ്ങളെ വീർപ്പുമുട്ടിക്കുന്ന സമ്പ്രദായങ്ങളെല്ലാം അസ്തമിക്കുന്നതാണ്. ദൈവം ഉടനെ **മായ** പ്രത്യക്ഷമാക്കുന്നതോടെ മത്സരമില്ലാത്ത തെരഞ്ഞെടുപ്പുകൾ നടപ്പാവുന്നതാണ്.

സമാധാനപരമായും ശാസ്ത്രീയമായും നടപ്പാക്കുവാൻ **മായ** പ്രത്യക്ഷമാകുന്നതിനു മുമ്പ് സാധിക്കണമെങ്കിൽ ജനങ്ങൾക്ക് ധർമ്മ ശാസ്ത്രപരമായ ജ്ഞാനവും ആർജ്ജവവും വർദ്ധിക്കേണ്ടതുണ്ട്.

ജനസഭയെന്നത് ജനങ്ങളും, അവരുടെ 'അടിമകളായ രാജാവും മന്ത്രിമാരും പോലീസ് സേനയും ഉദ്യോഗസ്ഥരും' ചേർന്നതാണ്; അതേസമയം ജനങ്ങളുടെ സാന്നിധ്യത്തെ നിശ്ചയിക്കുന്നത് ആവശ്യക്കാരായ ജനങ്ങൾ തന്നെയാവണം.

ധർമ്മ ശാസ്ത്രപ്രകാരം മാത്രം ജനങ്ങളുടെ യഥാർത്ഥമായ പൊതു ആവശ്യങ്ങളെ രാജാവും മന്ത്രിമാരും നിർവ്വഹിക്കുകയാണു ചെയ്യുന്നത്. ജനങ്ങളുടെ അടിമകളായ രാജാവ്, മന്ത്രിമാർ, പോലീസ് സേന, ഉദ്യോഗസ്ഥർ തുടങ്ങിയവരെ തെരഞ്ഞെടുക്കുന്ന ജനങ്ങളിൽ നിന്നും ദൈവീകമായ സാമ്പത്തിക ശാസ്ത്രം പ്രകാരം ജനസഭയുടെ പൊതു ഖജനാവിലേക്ക് ധനം ചേരുന്നതാണ്. ജനസഭകളിൽ നിന്ന് വേതനം നൽകി ജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന-കേന്ദ്രഭരണകൂടങ്ങളെ നിശ്ചയിക്കുന്നതാണ് എന്നല്ലാതെ അത്തരം ഭരണകൂടങ്ങൾക്ക് ജനങ്ങളുടെ മേൽ നികുതികൾ ഉൾപ്പെടെ യാതൊരു നിയമങ്ങളും നേരിട്ട് ചെലുത്താനാവുന്നതല്ല; ഭൂമിയിലൊക്കെയും സംഭവിക്കുന്ന കാര്യങ്ങളാണവ; **ദൈവീകമായ** അഥവാ **ധർമ്മ ശാസ്ത്രപരമായ സാമ്പത്തിക ശാസ്ത്രത്തിൽ നികുതികളില്ല** എന്നും അറിയുക. www.omsathyam.com/GodlyRevolution/**Mahaavedam.pdf** **എന്ന** മഹാവേദ ഗ്രന്ഥത്തിലെ പ്രത്യേക അദ്ധ്യായത്തിൽ സാമ്പത്തിക ശാസ്ത്രം വിവരിക്കുന്നുണ്ട്.

ചെറുപ്പക്കാർ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് തൊഴിൽ നൽകുന്നത് ഭരണകൂടത്തിന്റെ പണിയല്ല. തൊഴിൽ അഭിരുചി, (ദൈവീകമായി) ലഭ്യമാകുന്ന അവസരങ്ങൾ, സമസ്ത തൊഴിലുകൾക്കും സമ പദവിയും സമ വേതനവും തുടങ്ങിയവ ഉൾക്കൊണ്ട് തൊഴിൽ ചെയ്യുക; ജീവിക്കുക അത്രയേ വേണ്ടൂ.

തൊഴിലുകൾ : ശുചിത്വം

മഹാപ്രപഞ്ചത്തിന്റെ ധർമ്മശാസ്ത്രപ്രകാരം മനുഷ്യർ ജീവിച്ചാൽ, ആനന്ദങ്ങളുടെ കലവറയായ ഭൂമിയിലെ ആനന്ദങ്ങളെ ആസ്വദിച്ച് സങ്കല്പത്തിലെ സ്വർഗ്ഗത്തെ അനുഭവിക്കുന്ന യാഥാർത്ഥ്യമാക്കി മാറ്റാൻ കഴിയും. ഭൂമിയിലെ ആനന്ദജീവിതം ഉറപ്പിക്കാനായിട്ട്, സമൂഹത്തിലെ എല്ലാ വ്യക്തികളെയും വസ്തുക്കളെയും വ്യവസ്ഥിതികളെയും പ്രശ്നങ്ങളെയും പദ്ധതികളെയും ധർമ്മ ശാസ്ത്രപരമായി ശുചിയാക്കേണ്ടതുണ്ട്.

ധർമ്മ ശാസ്ത്രപരമായി സമൂഹ ജീവിതത്തെ ശുചിയാക്കുന്ന തൊഴിലുകളെല്ലാം ശുചിത്വ വിഭാഗത്തിൽ പെടുന്നു. സംഗീതം, സാമൂഹ്യ പ്രവർത്തനം, ശാസ്ത്രവികസനം, അദ്ധ്യാപനം, റോഡുകളും തെരുവുകളുമെല്ലാം ശുചിയാക്കൽ, തുടങ്ങിയവകളിൽ പ്രവർത്തിക്കുന്നവർ ശുചിത്വ വിഭാഗത്തിലാണ്.

ശുചിത്വ വിഭാഗത്തിലും മറ്റു വിഭാഗങ്ങളിലും മുഖ്യധാരയായി പ്രവർത്തിക്കുവാൻ എല്ലാ ജനങ്ങൾക്കും മഹാനീതിശാസ്ത്ര പ്രകാരം അവസരം കിട്ടുന്നുണ്ട്. ഒരേ ജന്മത്തിൽ നാലു വിഭാഗങ്ങളിലും പ്രവർത്തിക്കാനും കഴിയുമെന്നതിന് ഏറ്റവും വലിയ തെളിവായി ഗാന്ധിജിയുടെ ജീവചരിത്രം ലഭ്യമാണ്. ഒരു വിഭാഗത്തിൽ പ്രവർത്തിക്കുന്നവർ മറ്റു വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരേക്കാൾ അടിസ്ഥാനപരമായി ശ്രേഷ്ഠരാകുന്നില്ല.

സംഗീതം ശുചിത്വത്തിലെ ആദ്യത്തെ ഇനമാണ്, സംഗീതത്തെ (ദൈവ) സിദ്ധിയാണെന്ന് തിരിച്ചറിയിക്കുന്നതാണ് അതിനു മുഖ്യ കാരണം. സംഗീതം ഉൾപ്പെടെ ഏതൊരു തൊഴിലും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം, എന്നിങ്ങനെ നാലു വിഭാഗങ്ങളിലും പ്രവർത്തിക്കുന്നതാണ്.

ഓരോ വിഭാഗത്തിലും സംഗീതം എങ്ങനെയെല്ലാം പ്രവർത്തിക്കുന്നു / പ്രവർത്തിക്കണം എന്നു വിശദീകരിക്കാം.

സംഗീതം ശുചിത്വത്തിൽ :

ദൈവസിദ്ധിയാണ് സംഗീതം എന്ന് പ്രത്യക്ഷമായി ബോധ്യപ്പെടുത്തുമ്പോൾ, പ്രസ്തുത സിദ്ധി നൽകിയതിന് ദൈവത്തിന് വ്യക്തമായ ഉദ്ദേശമുണ്ട് എന്നറിയണം. അതിന്റെ അർത്ഥം വ്യക്തിസ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങളുണ്ടാകുന്നു എന്നുകൂടിയാണ്. മനുഷ്യരെ തമ്മിൽ സ്നേഹം കൊണ്ട് ബന്ധിപ്പിക്കുവാനും ദൈവത്തിലേക്ക് സർവ്വരെയും ചേർത്തു നിർത്തുവാനും സംഗീതം പ്രഥമമായി ഉപകരിക്കണം.

ദൈവത്തോട് ചേർത്ത് നിർത്തുക എന്നു പറയുമ്പോൾ, മഹാവാത്സല്ല്യത്തെ കുഞ്ഞുങ്ങൾക്ക് പകരാനും അവരുടെ നല്ലതിനു വേണ്ടി മാത്രമാണ് എന്നും, ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം കുഞ്ഞുങ്ങൾക്ക് നൽകുന്ന സംഗീതത്തിൽ ദൈവം ആനന്ദിക്കുന്നില്ല എന്നും തിരിച്ചറിയണം.

ആരാധനാപരമായി അഥവാ സ്തുതിപരമായി സംഗീതം ആലപിക്കുമ്പോൾ, ദൈവത്തെ മാത്രം സ്തുതിക്കുന്ന സംഗീതമാണ് ഉയരേണ്ടത്. ഏകമഹാശക്തിയായ ദൈവത്തെ അല്ലാതെയുള്ളവരെ സ്തുതിക്കുന്ന ഗീതങ്ങൾ ദൈവീകമല്ല അഥവാ ശാസ്ത്രീയമല്ല.

സംഗീതം അത്യാവശ്യത്തിൽ :

ദൈവസിദ്ധിയാണെന്ന് തിരിച്ചറിയുന്നതായ സംഗീതത്തെ ജീവിത-തൊഴിലായി സ്വീകരിക്കുമ്പോൾ, ദൈവസിദ്ധിയാണെന്ന തിരിച്ചറിവ് പുലർത്തേണ്ടതുണ്ട്. സംഗീത ആലാപനത്തിന് പണം സ്വീകരിക്കാൻ പാടില്ല. സമൂഹത്തിൽ ഭിക്ഷയാചിക്കുവാൻ ദൈവം അഥവാ ശാസ്ത്രം അവകാശം നൽകി ഉന്നതപ്പെടുത്തിയിരിക്കുന്നത് സംഗീതജ്ഞരെ മാത്രമാണ്.

ഇന്ത്യയിലും മറ്റും ഇന്ന് വ്യാപകമായിട്ടുള്ളതു പോലെ സംഗീതജ്ഞർക്ക് മത്സരിക്കാനും ധനം സമ്മാനമായോ വേതനമായോ വാങ്ങാനും അവകാശമില്ല. ദേവാലയങ്ങളിൽ ദൈവസ്തുതികൾ പാടുകയും, പാത്രത്തിൽ ഭിക്ഷ സ്വീകരിക്കുകയും തനിക്ക് ജീവിത ആവശ്യങ്ങൾക്ക് വേണ്ടതിന്റെ ബാക്കി ദേവാലയത്തിൽ വച്ചുതന്നെ ദരിദ്രർക്കും ദേവാലയത്തിൽ അന്നദാനം നടത്തുന്നതിനും, പാവങ്ങൾക്കും നൽകുന്ന ശാസ്ത്രരീതിയാണ് പിൻപറ്റേണ്ടത്.

സംഗീതം ആവശ്യത്തിൽ :

ജനസഭകളിലെ അഥവാ സമൂഹത്തിലെ സമ്മേളനങ്ങളിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ചെയ്യുന്ന മഹാശക്തിയായ ദൈവത്തെ നാലുവരി കവിതയിലൂടെ ഓർമ്മിപ്പിച്ചു കൊണ്ടുള്ള ശുദ്ധസംഗീതം ആലപിക്കുന്നത് ശ്രേഷ്ഠമാണ്.

ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് സ്വഭാവ ശുദ്ധി വർദ്ധിക്കുവാൻ അത്തരം നടപടികൾ സ്വീകരിക്കുന്നത് നല്ലതാണ് എന്നല്ലാതെ ഭൂമി @ ദൈവം @ മഹാദേവി പ്രീതിപ്പെടുമെന്ന് ധരിച്ചു പോകരുത്. ഏക ദൈവത്തിന്റെ @ ഭൂമിയുടെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ സമസ്ത ജനങ്ങളും എന്ന തിരിച്ചറിവോടെ അന്യോന്യം സഹായിക്കുകയും സഹകരിക്കുകയും ചെയ്തു ജീവിക്കുക എന്നത് മാത്രമാണ് മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ള മഹാമാതാവിനെ പ്രീതിപ്പെടുത്തുവാനുള്ള ഏക പോംവഴിയെന്ന് സ്തുതികളും ആരാധനയും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സംഗീതം വിനോദത്തിൽ :

സംഗീതസിദ്ധി ലഭിച്ചിട്ടുള്ളവർക്ക് വീടുകളിലും സമൂഹത്തിലും സംഗീതം ആലപിച്ച് വിനോദിക്കാം. മറ്റുള്ളവർക്ക് ശബ്ദ ശല്ല്യമുണ്ടാക്കരുത്. ചുറ്റുമുള്ളവർക്കു വേണ്ടി ശബ്ദംവെച്ച് പാടാവുന്നതാണ്. അതുപോലെ ആഘോഷ വേളകളിൽ വിനോദത്തിന്റെ ഭാഗമായി 'ദൈവീക സിദ്ധിയായ സംഗീത ആലാപനം' നിർബ്ബന്ധമാക്കുന്നത് നല്ലതാണ്. സാമ്പത്തിക ഭദ്രത ഇല്ലാത്തവർക്ക് മാത്രം അവർ ആവശ്യപ്പെടുന്ന സാമ്പത്തിക ഭിക്ഷ നൽകുവാൻ കഴിയുമെങ്കിൽ നല്ലതാണ്; ആഘോഷ നടത്തിപ്പുകാർക്ക് തോന്നുന്ന പോലെയും ഭിക്ഷ നൽകാം.

സംഗീതത്തെ വിനോദമാക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കണം. ധർമ്മ ശാസ്ത്രപ്രകാരം മാത്രം വിനോദിക്കണം. ധർമ്മ ശാസ്ത്ര വിരുദ്ധമായ സംഗീതം പൈശാചിക കോപ്രായങ്ങളെ ഉണ്ടാക്കും. ചില പാട്ടുകൾ കേൾക്കുമ്പോൾ നൃത്തമറിയാത്തവർ തങ്ങൾ വലിയ നൃത്തം ചെയ്യുകയാണ് എന്ന ധാരണയോടെയും മറ്റും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ അതു ബോധ്യമാക്കുന്നതാണ്.

അദ്ധ്യാപനം :

ഓരോരോ ശാസ്ത്രങ്ങളിൽ പാണ്ഡിത്യവും പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട തൊഴിലുകളിൽ പരിചയമുള്ളവരും, ശരാശരി മനുഷ്യായുസ്സായ 50 വയസ്സിനു മുകളിൽ പ്രായമുള്ളവരും അദ്ധ്യാപന അഭിരുചി ഉള്ളവരുമാണ് അദ്ധ്യാപകരാവാൻ യോഗ്യതയുള്ളവർ എന്ന് ഏകദേശമായി പറയാം എന്നല്ലാതെ യോഗ്യതകളെ മണ്ണായ ഭൂമി നിജപ്പെടുത്തുന്നില്ല.

പ്രത്യേകമായി ശ്രദ്ധിക്കുക :-

ഈ ചെറിയ ഗ്രന്ഥത്തിലും മുൻ ഗ്രന്ഥങ്ങളിലും, വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിലുള്ള വാചകങ്ങൾ അവിചാരിതമായോ അബദ്ധത്തിലോ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവയെല്ലാം, മുകളിലും താഴെയും ഉള്ള സെല്ലുകളിലെ വാക്യങ്ങളുടെ മാതൃകയിൽ തിരുത്തേണ്ടതാകുന്നു. മണ്ണിലെ നിയമങ്ങളിൽ ഓംനീതി-യുടെ ഭാഗമായി വേറിട്ട് അസ്തിത്വമുള്ള 'ശരാശരി മനുഷ്യായുസ്സായ 50 വയസ്സ് ' പോലെയുള്ള കാര്യങ്ങളാണ് പലപ്പോഴും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രകൃതം കാണിക്കുക എന്നുമറിയുക.

ജീവിതത്തിന്റെ അർത്ഥം അറിയാത്തവരെ അദ്ധ്യാപകരായി ഭരണകൂടം / സമൂഹം നിയമിച്ചുകൂടാ.

അതേസമയം, വ്യക്തികൾക്ക് ആരെയും അദ്ധ്യാപകരായി സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. മണ്ണും കല്ലും മരവും ഇലയും എറുമ്പും പശുവും ആടും കോഴിയും പട്ടിയും പൂച്ചയും കിളികളും പൂക്കളും പഴങ്ങളും പച്ചക്കറികളും എല്ലാം എല്ലാം ഓരോരോ വിധങ്ങളിൽ മനുഷ്യരുടെ അദ്ധ്യാപകരാണ് എന്നിരിക്കെ തൊഴിലുകൾ ചെയ്യാനുള്ള യോഗ്യത മണ്ണായ ഭൂമി നിജപ്പെടുത്തുന്നില്ല.

അദ്ധ്യാപനം എന്നത് അടിസ്ഥാനപരമായി വേതനമില്ലാത്ത തൊഴിലാണ്. ജീവിതാനന്ദങ്ങളെ അനുഭവിച്ചറിഞ്ഞ ശേഷം ഭാവി തലമുറയെ ശ്രേഷ്ഠപ്പെടുത്താനുള്ള കർമ്മം ചെയ്ത് പുണ്യം വർദ്ധിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമാണ് അദ്ധ്യാപനം.

കാട്ടുവാസികളെ ശുദ്ധിപ്പെടുത്താൻ കൂടി ഉപകരിക്കും വിധം പാഠശാലകളെ നദീതീരങ്ങളിലും വനപ്രാന്തങ്ങളിലും സ്ഥാപിക്കുന്നതാണ് കൂടുതൽ ദൈവീകം. കുട്ടികളെ സ്വാശ്രയ ശീലത്തോടെ പഠിപ്പിക്കുന്ന ഗുരുകുല സമ്പ്രദായങ്ങൾ ഉരുത്തിരിയുന്നതാണ്. കുട്ടികൾ അഥവാ വിദ്യാർത്ഥികൾ നിലവിൽ സമർത്ഥരായിരിക്കുന്ന വിഷയങ്ങളെ സാക്ഷ്യപ്പെടുത്തുക എന്നതിനപ്പുറം അവർക്ക് മാർക്ക് നിശ്ചയിക്കാനോ വിജയ-പരാജയങ്ങളെ കുറിക്കാനോ, ചില വിഷയങ്ങളിൽ കൊള്ളില്ല എന്നു നിശ്ചയിക്കുവാനോ അദ്ധ്യാപകന് അവകാശമില്ല. കാലം അഥവാ ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളിൽ അദ്ധ്യാപകർ ഉൾപ്പെടെ യാതൊരാളും ഇടപെട്ടുകൂടാ.

'ദൈവനിന്ദ : മത്സരങ്ങൾ പാടില്ല' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചതു പോലെ പ്രത്യക്ഷമായും പരോക്ഷമായും മണ്ണിൽ അദ്ധ്വാനിച്ച് മണ്ണിൽ നിന്നും ധനമുണ്ടാക്കി ജീവിക്കുക എന്ന ശാസ്ത്രത്തെ പിൻപറ്റുവാനും പാലിക്കാനും അദ്ധ്യാപകർക്കും ശിഷ്യന്മാർക്കും കഴിയണം. കുട്ടികൾ സമ്പാദിച്ചതല്ലാത്ത ധനം കൊണ്ട് അഥവാ മാതാപിതാക്കളുടെയും മറ്റും സമ്പത്തുകൊണ്ട് മൊബൈൽ ഫോൺ വാങ്ങാനും, വാഹനം വാങ്ങുവാനും, മദ്യം കഴിക്കാനും ഇന്നു കഴിയുന്നതുകൊണ്ടു കൂടിയാണ് ഭാവി തലമുറ ധാർമ്മികമായി അധഃപതിക്കുന്നത്. ആവക വിവരങ്ങളെ സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

കാമപരങ്ങളായ കാര്യങ്ങളെ ധർമ്മ ശാസ്ത്രപരമായി വിശദീകരിക്കുന്ന ഗുരുവായി ഒരു പുരുഷന് / പിതാവിന് പെരുമാറാൻ കഴിയുന്നത് പുരുഷ-വിദ്യാർത്ഥികളോടു മാത്രമാണ്. ആവക കാര്യങ്ങളെ പുരുഷനായ ഗുരു, സ്ത്രീകളെ/പെൺകുട്ടികളെ പഠിപ്പിക്കുന്നതും, അതുപോലെ പുരുഷ- വിദ്യാർത്ഥികളെ ഒരു സ്ത്രീ അഥവാ മാതാവ് കാമകാര്യങ്ങളെ പഠിപ്പിക്കുന്നതും സദാചാര ശാസ്ത്രപ്രകാരം സഭ്യമല്ല. പെൺകുട്ടികൾക്കായി സ്ത്രീകൾ നടത്തുന്ന സ്ത്രീസഭ എന്ന ലളിതമായ പാഠശാല ദേവാലയത്തോടു ചേർന്ന് ഉണ്ടാക്കാവുന്നതാണ്.

പാഠ്യവിഷയങ്ങളെപ്പറ്റി പറയുമ്പോൾ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാണ് വിദ്യാർത്ഥികൾക്ക് പകരുക. 100 മനുഷ്യജന്മങ്ങൾ ഉള്ളതിൽ പകുതിയിലേറെ പിന്നിട്ടവർക്കും പുണ്യം ഏറെ സമ്പാദിച്ചിട്ടുള്ളവർക്കും മാത്രമേ സുഗമമായി ശാസ്ത്ര പാഠങ്ങളെ ഗ്രഹിക്കാനാവുകയുള്ളൂ എന്ന മുഖവുരയോടെ തുടരട്ടെ. കാലാനുസൃതം സംഹാരം ആരംഭിക്കുന്നതോടെ ശാസ്ത്രവിഷയങ്ങളും ശാസ്ത്രവികസനവും ശോഷിക്കുന്നതാണ്, ആവക വിവരങ്ങൾ സംഹാരം എന്ന അദ്ധ്യായത്തിലുണ്ട്.

ഭൂമിയിലെങ്ങും കുട്ടിദൈവങ്ങളായും സൂപ്പർ ദൈവങ്ങളായും പ്രവർത്തിക്കുന്നവർ ശുചിത്വ വിഭാഗത്തിലാണെന്ന് ധരിച്ചു പോവരുത്. അവർ കാട്ടിക്കൂട്ടുന്ന അധമ കാര്യങ്ങളെ ദൈവ നിന്ദ : കപടദൈവങ്ങളെയും കുട്ടിദൈവങ്ങളെയും ആരാധിച്ചുകൂടാ എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്. ആവശ്യം എന്ന വിഭാഗം ദുഷിച്ചുണ്ടായതാണ് കുട്ടിദൈവങ്ങളും സൂപ്പർ ദൈവങ്ങളുമായി ഒട്ടുമിക്ക ദേശങ്ങളിലും വേഷം കെട്ടിപ്പോരുന്ന നീചർ.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നത് ചുവടെ കൊടുക്കുന്നതും മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നതുമായ **സത്യം ശിവം സുന്ദരം -ന് വിധേയമാണ്.**

സത്യം ശിവം സുന്ദരം

മഹാപ്രപഞ്ചം ഉൾപ്പെട്ട സർവ്വം സത്യമാണ്. മഹാപ്രപഞ്ചം ആയിരം കോടി വർഷങ്ങൾക്കു മുമ്പ് ഉണ്ടായതായി ശാസ്ത്രജ്ഞന്മാർ യുക്തിഭദ്രമായ നിഗമനങ്ങൾ നടത്തുന്നതിന്റെ കൃത്യത മാറ്റിവെച്ചാൽ, പ്രപഞ്ചവും, പ്രപഞ്ച ഭാഗമായി ജീവികളും ഭൂമിയിൽ ജീവിക്കുന്നു എന്നത് സത്യമാണ്. മനുഷ്യരും മൃഗങ്ങളും പക്ഷികളും സസ്യങ്ങളും മത്സ്യങ്ങളും ഒക്കെ ചത്തൊടുങ്ങുന്നതും, പുതിയ കുഞ്ഞുങ്ങൾ ജനിക്കുന്നതും വളരുന്നതും ജീവിക്കുന്നതും കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും കഴിയുന്ന സത്യങ്ങൾ മാത്രമാണ്.

സത്യം ശിവമാണ്.

പ്രപഞ്ചം എന്ന സത്യം ഉണ്ടായിട്ടുള്ളത് ശിവം കാരണമാണ്. ശിവയും ശിവനും ചേർന്നതാണ് ശിവം. ശിവം കാരണം പ്രപഞ്ചം എന്ന സത്യം ഉണ്ടാവുകയാൽ, ശിവം, ശിവ, ശിവൻ എന്നിവ പ്രപഞ്ചത്തിനും അതീതമാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവികളും മഹാമംഗളമായ നിയമങ്ങളോടെ മഹാഭദ്രമാക്കപ്പെട്ടിരിക്കുന്നു. ആകയാൽ ശിവം മംഗളമാണ്.

ശിവം സുന്ദരവുമാണ്. സത്യം ശിവം സുന്ദരം.

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവികളും മഹാഭദ്രമാക്കപ്പെട്ടിട്ടുള്ളത് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ 3 ശാസ്ത്രങ്ങൾ പ്രകാരം ആകയാൽ, സൃഷ്ടിപരമായ വിധിയും സ്ഥിതിപരമായ വിധിയും പ്രപഞ്ചത്തിലെ സർവ്വ സൃഷ്ടികൾക്കും ബാധകമാണ്. സൃഷ്ടികൾക്ക് നൽകിയ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ ശാസ്ത്ര പ്രകാരം തന്നെ പരസ്യമായും രഹസ്യമായും ഏകദൈവമായ ശിവയ്ക്ക് 'മായ' കൊണ്ട് കഴിയുമെങ്കിലും അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമേ ശിവ ഇടപെടുന്നുള്ളൂ. മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളിൽ സഞ്ചാര സ്വാതന്ത്ര്യം ഉള്ളവ സ്വന്തമായി അന്യോന്യം ജാഗ്രത പാലിക്കണമെന്ന് അത് വ്യവസ്ഥ ചെയ്യുന്നു. ഉദാഹരണമായി, നടന്നോ വാഹനത്തിലോ സഞ്ചരിക്കുന്ന വ്യക്തികൾ നടപ്പും പാതയും ശ്രദ്ധിച്ചാലും, മറ്റുള്ളവർ അശ്രദ്ധമായി വാഹനം ഓടിച്ചും, മരം വീണും, ഉരുൾ പൊട്ടിയും, കൊടുങ്കാറ്റ്, ഭൂചലനം, തുടങ്ങിയവ കൊണ്ടും അപകടം ഉണ്ടാവാം !

എല്ലാ സൃഷ്ടി ചക്രങ്ങളിലും ഭൂമിയിൽ 'ദൈവം / മായ' പ്രത്യക്ഷമായി ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ, 'സത്യം ശിവം സുന്ദരം' എന്ന പേരിൽ ഒരു പ്രസ്ഥാനം ഉണ്ടാകുന്നതാണ്. **മഹാദേവി,** സ്വന്തം ഭാഗമായ പരമശിവനിലൂടെ, മനുഷ്യരുടെ നാവിൽ **ഓം** കുറിച്ച് മഹാശാസ്ത്ര ജ്ഞാനത്തെ നൽകുന്നത് ലഭിച്ചവർ മുന്നിൽ നിന്ന് മുഖ്യമായും ആത്മീയ ശാസ്ത്ര വിദ്യാഭ്യാസം ഉൾപ്പെട്ട ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മഹാജ്ഞാനത്തെ ലഭിക്കുന്ന മനുഷ്യർക്ക് നീതിന്യായ വിശകലനം ചെയ്യാനും മഹാ ഉചിതമായ തീരുമാനങ്ങൾ എടുക്കാനും പ്രാപ്തി ഉണ്ടായിരിക്കുന്നതാണ്. മഹനീയമായ ഈ അവസ്ഥയ്ക്കും 'സത്യം ശിവം സുന്ദരം' എന്ന് ലളിതമായി പറയുന്നതാണ്.

ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം **സത്യം** ആണ്; 'സത്യം **ശിവം സുന്ദരം**' ആണ്. 'മഹാപ്രപഞ്ചം ഇല്ലെങ്കിലും സത്യമായതും, സർവ്വത്തിനും അതീതവുമായ ദൈവത്തെ' വിശേഷിപ്പിക്കാൻ 'സത്യം, മഹാസത്യം' എന്നിങ്ങനെ മഹാപ്രപഞ്ചവുമായി ബന്ധമുള്ള പദങ്ങളും വഴികളും പോരാതെ വരുന്നു. അതായത്, പ്രപഞ്ചത്തിലെ സൃഷ്ടികൾക്ക് പ്രപഞ്ചത്തിന് അതീതമായ ദൈവത്തെ മനസ്സിലാക്കാനാവില്ല. ദൈവത്തിന്റെ പ്രപഞ്ചത്തിനും അതീതമായ മഹാഅവസ്ഥ മനസ്സിലാക്കാൻ 'സത്യം ശിവം സുന്ദരം' പ്രകാരം '**ബ്രഹ്മം**' എന്ന പേര് ദൈവം തന്നെ കുഞ്ഞുങ്ങളും സൃഷ്ടികളുമായ മനുഷ്യർക്ക് മഹാഅനുഗ്രഹിച്ചു നൽകുന്നു.

തൊഴിലുകൾ : അത്യാവശ്യം

വ്യക്തിക്ക് ജീവിക്കുവാൻ അടിസ്ഥാനപരമായി അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുമായി ബന്ധപ്പെട്ട തൊഴിലുകൾ 'അത്യാവശ്യം' വിഭാഗത്തിൽ പെടുന്നു.

ആധുനിക ജീവിതത്തിൽ അത്യാവശ്യങ്ങളുടെ അനന്തമായ നിരയുണ്ട്, എന്നാൽ അവയെല്ലാം കാലവ്യത്യാസം, ശാസ്ത്രപുരോഗതി, ജനപ്പെരുപ്പം എന്നിവയ്ക്ക് അനുസരിച്ചു രൂപപ്പെട്ടവ മാത്രമാണ്. മഹാശാസ്ത്രപ്രകാരം സംഹാരം ആരംഭിക്കുന്നതോടെ ശാസ്ത്ര സൗകര്യങ്ങൾ കുറയുന്നതിനെപ്പറ്റിയും ജനങ്ങൾ മോക്ഷം @ ആത്മീയ സാക്ഷാത്ക്കാരം നേടുന്നതിനൊപ്പിച്ച് സന്താനങ്ങൾ വളരെ കുറയുന്നതിനെ പ്പറ്റിയും സന്താനസൗഭാഗ്യം വ്യക്തിപരമായും സാമൂഹ്യപരമായും ഒരു പ്രധാന പ്രശ്നമായും രൂപപ്പെടുന്നതിനെ പ്പറ്റിയും, സമൂഹത്തിൽ അഥവാ രാജ്യത്തിൽ ഏതാനും വ്യക്തികൾ മാത്രമാകുന്നതിനെ പ്പറ്റിയും ചിന്തിക്കാനായാൽ അത്യാവശ്യമായ തൊഴിലുകളെപ്പറ്റി ശരിയായ ധാരണ ഉണ്ടാകുന്നതാണ്.

ഏതാനും വ്യക്തികൾ മാത്രമുള്ള സമൂഹത്തിൽ ഭരണകൂടമോ പൂച്ചാണ്ടിക്കോടതികളോ ആഫീസുകളോ വാർത്താ വിനിമയസൗകര്യങ്ങളോ വിഷയങ്ങളല്ല. ഇന്ന് അത്യാവശ്യ തൊഴിലുകളായിരിക്കുന്നവ തീർച്ചയായും ഇന്നിന്റെ മാത്രം അത്യാവശ്യമാണ്, ഇന്നിന്റെ മാത്രം.

സംഹാരം പുരോഗമിക്കുമ്പോൾ, ഉരുത്തിരിയുന്ന അവസ്ഥകൾക്ക് അനുസരിച്ച്, ഉദാഹരണമായി, **വിമാനസൗകര്യങ്ങൾ നാളെ പിൻവലിക്കപ്പെടുമ്പോൾ വിമാനവുമായി ബന്ധപ്പെട്ട് ഇന്ന് അത്യാവശ്യമെന്നു കരുതുന്ന തൊഴിലുകൾ ആവശ്യങ്ങൾ പോലുമാവാതെ, വിമാനം കണ്ടെത്തും മുമ്പുള്ള അവസ്ഥപോലെ അപ്രത്യക്ഷമാകുന്നതാണ്.**

എല്ലാ തൊഴിലുകൾക്കും തുല്ല്യപദവിയാണ് ശാസ്ത്രം അഥവാ ദൈവം നൽകുന്നത്, എന്നാൽ തുല്യങ്ങളിൽ ഒന്നാമതായി കൃഷിയെ ഉന്നതപ്പെടുത്തിയിട്ടുണ്ട്. കൃഷി സ്തംഭിച്ചാൽ / കൃഷിക്കാരൻ പണിമുടക്കിയാൽ ഭക്ഷണം സ്തംഭിക്കും; മുമ്പ് വിശദമാക്കിയിരുന്നു. ശരീരത്തിന് കേൾവി ശക്തിയോ സംസാര ശക്തിയോ ഇല്ലെന്നാൽ മൊബൈൽ ഫോൺ ആവശ്യമില്ല. ഇന്നലത്തെ പ്രമുഖ നേതാവായിരുന്നു ഒരാൾ എന്നതിനും ഇന്നു പ്രസക്തിയില്ല ; ഇന്നലത്തെ മത-ജാതിനേതാവായി അറിയപ്പെട്ടയാളെ, അനുയായികളെന്ന് സ്വയം അവകാശപ്പെടുന്നവർ ഇന്ന് പ്രതിമകൾ വച്ചും ചിത്രങ്ങൾ വച്ചും പൂജിച്ചും, മുദ്രാവാക്യങ്ങൾ മുഴക്കി കീർത്തിച്ചും കഴിയുമ്പോൾ, അദ്ദേഹം പുനർജ്ജനിച്ച് മറ്റൊരു രാജ്യത്തിലെ മറ്റൊരു മതക്കാരന്റെ വെപ്പാട്ടിയെന്നോണമുള്ള രണ്ടാം ഭാര്യയായി കഴിയുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ, മനുഷ്യർ കാട്ടിക്കൂട്ടുന്ന കസർത്തുകളുടെ കഥയില്ലായ്മ വ്യക്തമാണ്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് മുകളിൽ വിവരിച്ച സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

തൊഴിലുകൾ : ആവശ്യം

കാലഘട്ടത്തിനൊത്തുള്ള ശാസ്ത്ര സൗകര്യങ്ങളോടെ വ്യക്തിക്ക് ജീവിക്കുവാൻ ആവശ്യമായ വസ്തുക്കളും ജീവിത സൗകര്യങ്ങളും അവയുമായി ബന്ധപ്പെട്ട തൊഴിലുകളും **ആവശ്യം എന്ന വിഭാഗത്തിൽ** പെടുന്നു.

ഇന്നലെയുടെ വിനോദം ഇന്നത്തെ ആവശ്യവും നാളത്തെ അത്യാവശ്യവും .... കുറേക്കഴിഞ്ഞ്, സംഹാരം പുരോഗമിക്കുമ്പോൾ, പിൻവാങ്ങിയുമുള്ള അവസ്ഥയാണ് മഹാപ്രപഞ്ചത്തിലുള്ളത്. ഇന്ന് മൊബൈൽ ഫോൺ അത്യാവശ്യമായിരിക്കുന്നു; ഇന്നലെകളിൽ അത് ആവശ്യം മാത്രമായിരുന്നു; മിനിഞ്ഞാന്ന് വിനോദവും; അതിനു മുമ്പ് മൊബൈൽ ഫോൺ എന്നൊരു ഉപകരണം തന്നെ ഇല്ലായിരുന്നു.

ആവശ്യം, വിനോദം എന്നീ വിഭാഗങ്ങളിലുള്ളവരാണ് ശുചിത്വകാര്യങ്ങളെ കൂടുതലായി മറയ്ക്കുന്നതും അവഗണിക്കുന്നതും. ശുചിത്വ കാര്യങ്ങളെ അവഗണിക്കുന്നു എന്നു പറയുമ്പോൾ ധർമ്മ ശാസ്ത്രത്തെ അവഗണിക്കുന്നു എന്നാകയാൽ സമൂഹത്തിൽ ധാർമ്മിക അധഃപതനം ഉണ്ടാവുകയും വർദ്ധിക്കുകയും ചെയ്യുന്നു. കാലഘട്ടത്തിനൊത്ത് സമൂഹത്തിൽ ആവശ്യമായ തൊഴിലുകളിൽ മിക്കതും ഇന്ന് ധാർമ്മിക മൂല്ല്യം നഷ്ടപ്പെട്ടു പ്രവർത്തിക്കുകയാണ്. ഉദാഹരണമായി, ഒരാൾക്ക് ചെയ്യാനാവുന്ന ജോലി, ആവശ്യമില്ലാത്ത പേപ്പർ വർക്കുകളിലുടെയും അധമ നിയമങ്ങളിലൂടെയും വലിച്ചുനീട്ടി 25 - പേരെക്കൊണ്ടോ അതിലധികമോ പേരെക്കൊണ്ട് ചെയ്യിക്കുന്ന സംവിധാനം ഭരണ കാര്യാലയങ്ങളിൽ വ്യാപിച്ചിരിക്കുന്നു.

തൊഴിലിനുണ്ടായ ധാർമ്മിക ഭ്രംശം നിമിത്തം, തൊഴിൽ ചെയ്യുമ്പോൾ ലഭിക്കുന്നതായ ധർമ്മശാസ്ത്രപരമായ ആനന്ദത്തെ ഇല്ലാതാക്കിയിരിക്കുന്നു. സേവനത്തിന് വേതനം എന്നത് അവഗണിക്കപ്പെടാനും, സേവനമില്ലെങ്കിലും വേതനം വേണം എന്നിങ്ങനെ അധമരീതി വികസിക്കാനും ഇടയായിട്ടുണ്ട്. തൊഴിൽ ലഭിക്കാനും തൊഴിലിലുള്ള ആനന്ദം ലഭിക്കാനും ഉദ്യോഗാർഥികൾ ആഗ്രഹിക്കാത്ത അവസ്ഥ പോലും ഉണ്ടായിരിക്കുന്നു; തൊഴിലുകളുടെ ലക്ഷ്യം വേതനങ്ങളും വേതന-വർദ്ധനവുകളും, സേവനം ഒഴിവാക്കിയുള്ള വേതന-ലഭ്യതയുമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. കൈക്കൂലി തുടങ്ങിയ അഴിമതികൾ കൊണ്ട് തൊഴിലുകളിൽ വിനോദം കൂടി കൃത്രിമമായി ഉണ്ടാക്കപ്പെടുന്നു എന്നതും വസ്തുതയാണ്.

ദൈവം മായ പ്രത്യക്ഷമാക്കുമ്പോൾ, ധർമ്മ ശാസ്ത്രപ്രകാരം ഇന്നത്തെ തൊഴിൽ സംവിധാനങ്ങളെ പരിഷ്ക്കരിക്കുന്നതാണ്. ഏതാനും ഉദാഹരണങ്ങൾ :

അനവധി ഭരണകാര്യാലയങ്ങൾ അധമ സംവിധാനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട് സ്വയം തന്നെ അവസാനിക്കുന്നതാണ്. ഉദാഹരണമായി, ആവശ്യമില്ലാത്ത റിപ്പോർട്ടുകളും സാക്ഷ്യങ്ങളും സാക്ഷികളും, കൂടാതെ കള്ള റിപ്പോർട്ടുകളും കള്ള സാക്ഷികളും, ഒക്കെച്ചേർന്ന് ഇന്നത്തെ കോടതികൾ പത്തോ പതിനഞ്ചോ വർഷം നീണ്ട അധമവ്യായാമം നടത്തുന്ന കേസ്, ധർമ്മ ശാസ്ത്രങ്ങളെ അറിയാവുന്ന പഞ്ചായത്ത് ഭരണാധികാരി എന്ന കൊച്ചുരാജാവും സഹകാരികളും ഏതാനും മിനുട്ടുകൾ കൊണ്ട് തീർപ്പാക്കുന്നതാണ്.

പോലീസ് സേന ഉൾപ്പെടെയുള്ള പ്രാദേശിക സേവകരെ തിരഞ്ഞെടുക്കുന്നതും നിയമിക്കുന്നതും പിരിച്ചുവിടുന്നതുമൊക്കെ പഞ്ചായത്ത് അഥവാ ജനസഭയ്ക്കു വേണ്ടി ജനസഭയുടെ രാജാവും (5 മന്ത്രിമാരും) തന്നെ ആയിരിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പി.എസ്.സി., ബാങ്കുകൾ, ഓഹരി-വിപണികൾ, ഇലക്ഷൻ കമ്മീഷനുകൾ, (ദുർ)ഭരണകൂടങ്ങൾ തുടങ്ങിയ അനവധി കാര്യാലയങ്ങൾ അസ്തമിക്കുന്നതാണ്. ഇന്നത്തെ ബാങ്കുകളെപ്പറ്റി ഒരു കാര്യം എടുത്തു പറയാതെ വയ്യ. അക്കൗണ്ടിൽ ഏറ്റവും കുറഞ്ഞത് ഇത്ര തുക ഉണ്ടാവണമെന്ന് ബാങ്കിന്റെ ഭരണകൂടും തീരുമാനിക്കുകയും, കുറഞ്ഞ തുക സൂക്ഷിക്കാൻ കഴിയാത്തവരുടെ നിക്ഷേപത്തിൽ നിന്നും 500, 1000, എന്നിങ്ങനെയെല്ലാം പിഴകളെന്ന പേരില് അഥവാ നിക്ഷേപകർ കുറ്റംചെയ്തെന്ന പേരിൽ **നിക്ഷേപകരുടെ അനുവാദം പോലും ചോദിക്കാതെ പണം തട്ടിയെടുക്കുന്നത്, പിടിച്ചുപറിക്കാരെക്കാൾ അധമരീതിയാണ്. കൊടുംനീചക്കൂട്ടങ്ങളായിരിക്കുന്നു.** അതേസമയം, അധമ നിയമങ്ങളിലൂടെയുള്ള അതിലും വലിയ കൊള്ളകളെ സംസ്ഥാനഭരണകൂടങ്ങളും കേന്ദ്രഭരണകൂടവും; രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി യൂണിയനുകൾ, മതസംഘടനകൾ എന്നിവകളും ചെയ്യുമ്പോൾ, ബാങ്കുകൾക്കും മറ്റും നാണം വേണ്ടതില്ല! സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിൽ ബാങ്കുകളുടെ സൃഷ്ടിതന്നെ അശാസ്ത്രീയം ആയിരിക്കുന്നത് എന്തുകൊണ്ടാണെന്നും, ശാസ്ത്രീയമായി അവ പൻവലിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നുണ്ട്.

ദൈവത്തെ നിന്ദിക്കുന്ന ഇൻഷ്വറൻസ് പോലെയുള്ള സ്ഥാപനങ്ങളും അസ്തമിക്കുന്നതാണ് (ഇൻഷ്വറൻസ് പോലെയുള്ളവ കടുത്ത ദൈവനിന്ദയാണു ചെയ്യുന്നതെന്ന് വിവിധ മതനേതൃത്വങ്ങൾക്ക് ബോദ്ധ്യമാകാഞ്ഞതിന്റെ മൂലകാരണം മതദൈവ-വിശ്വാസികളായ അവർ മതവിശ്വാസികളോ ദൈവ-വിശ്വാസികളോ അല്ലാത്തതുകൊണ്ടും 'മതങ്ങൾ' ദൈവശാസ്ത്രം അല്ലാത്തതു കൊണ്ടുമാണ്. ലോട്ടറി പോലെയുള്ള അധമവൃത്തികളും **മായ** പ്രത്യക്ഷമാകുന്നതോടെ അവസാനിക്കുന്നതാണ്.

ഭരണാധികാരികൾ **ആവശ്യം** വിഭാഗത്തിലാണ്. സാമൂഹ്യ / രാഷ്ട്ര / സംസ്ഥാന / കേന്ദ്ര ഭരണകൂടങ്ങളിലെ ഭരണാധികാരികളെയാണ് ഉദ്ദേശിച്ചത്. മത-രാഷ്ട്രീയ-വർഗ്ഗ സംഘടനകളിലെ ഭരണാധികളും നേതാക്കളുമൊക്കെ ആവശ്യം എന്ന വിഭാഗം ജീർണ്ണിച്ച് ഉണ്ടായവയാണെന്നും, ഭൗതിക അസ്തിത്വം ഇല്ലാത്ത അത്തരം അതിനീച സംഘടനകളെ ശൂന്യതയിൽ മറവു ചെയ്യേണ്ട കാലം എന്നേ കഴിഞ്ഞുവെന്നും ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ വിശദീകരിച്ചിരുന്നു.

ധർമ്മ ശാസ്ത്രപരമായ രാജഭരണസമ്പ്രദായം ജനസഭകളിലൂടെ ഉരുത്തിരിയുന്നതും, ജനങ്ങളുടെ ദാസരായി പ്രവർത്തിക്കുന്ന രാജാവും മന്ത്രിമാരും സേനയും ഉണ്ടാകുന്നതുമാണ്. ഓരോ വ്യക്തിക്കും ധർമ്മ ശാസ്ത്ര പരമായ ആധിപത്യം ഉറപ്പാക്കുന്ന ജനാധിപത്യം ആണ് നടപ്പിലാവുക. മുമ്പ് സൂചിപ്പിച്ചതുപോലെ, ആവശ്യം വിഭാഗത്തിലുള്ള രാജാവ് ആകാൻ എല്ലാ ജനങ്ങൾക്കും മഹാനീതിശാസ്ത്രപ്രകാരം അവസരം ലഭിക്കുന്നതാണ്.

ഇന്നത്തെ ഭരണകൂടങ്ങൾ നിർവ്വഹിക്കുന്ന നീതിന്യായ സംവിധാനത്തിലെ അധമ കാര്യങ്ങളെപ്പറ്റി അല്പം വിസ്തരിക്കാം :-

1) സമൂഹത്തിലെ ഭരണകൂടത്തിന് തങ്ങളുടെ സാമൂഹ്യ സ്ഥാനമെന്തെന്നോ തങ്ങൾ ആരെന്നോ അറിയില്ല. ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ തൊഴിൽ വിഭജനത്തിൽ ആവശ്യം എന്ന മൂന്നാം വിഭാഗത്തിലാണ് ഭരണകൂടം പെടുന്നത് എന്നതുപോലെ തന്നെ, **സമൂഹത്തിലെ (വ്യക്തികളുടെ) നീതി-ന്യായ ആവശ്യങ്ങളിലും ഭരണകൂടം മൂന്നാം കക്ഷി മാത്രമാണെന്നത് അറിഞ്ഞും അറിയാതെയും ഇന്ന് പ്രവർത്തിക്കുകയാണ്.**

ഭരണകൂടമെന്നത് സമൂഹത്തിന്റെ മൊത്തത്തിലുള്ള പൊതു ആവശ്യങ്ങളിൽ ഓരോ വ്യക്തിയെയും ധർമ്മ ശാസ്ത്ര പരമായി സഹായിക്കാനുള്ള സംവിധാനമാണ്; ഉപദ്രവിക്കാനുള്ളതല്ല.

ഭരണകൂടം കടമ അഥവാ ഉത്തരവാദിത്തം ഒട്ടുംതന്നെ അറിയാത്ത പോലെയാണ് ഇന്ന് പ്രവർത്തിക്കുന്നത്. മൂന്നാം കക്ഷിയായ ഭരണകൂടം നിശ്ചയിക്കുന്ന നീതിന്യായ സംവിധാനങ്ങളല്ല നീതിന്യായം നടത്തേണ്ടത്.

ഏതാനും ഉദാഹരണങ്ങളോടെ വിശദമാക്കാം :

(1) **ഒരു വ്യക്തിയോടോ, വ്യക്തിയുടെ മാതാപിതാക്കളോടോ, ഭാര്യയോടോ/ ഭർത്താവിനോടോ, കുട്ടികളോടോ, സഹോദരങ്ങളോടോ, മറ്റുള്ള ഉറ്റവരോടോ, ഏതൊരാളോടോ അക്രമം കാട്ടുന്നവരെ ധർമ്മ ശാസ്ത്രപരമായി ശിക്ഷിക്കുവാൻ വ്യക്തിക്ക് കഴിയാതെ വരുമ്പോൾ മാത്രമാണ് ഭരണകൂടത്തിന്റെ സഹായം ആവശ്യമുള്ളത്.**

(2) കള്ളനെ കണ്ടാലും പിടിക്കാൻ കഴിഞ്ഞാലും അതുചെയ്യാതെ പകരം കക്കാൻ അനുവദിക്കണമെന്നും പോലീസ് സേനയെ വിവരം അറിയിച്ചാൽ മാത്രം മതിയെന്നും പറഞ്ഞാൽ എങ്ങനെയിരിക്കും ?

(3) ഭാര്യയോടും സഹോദരിയോടും മാതാവിനോടും മക്കളോടും മറ്റും കടുത്ത അക്രമം കാട്ടുന്നവരെ തടയാനുള്ള **പ്രാപ്തി** ഉണ്ടെങ്കിൽ പോലും, അക്രമിയെ തുരത്താനോ ശിക്ഷിക്കാനോ ശ്രമിക്കാതെ പകരം അക്രമം നടത്താൻ അനുവദിച്ചുകൊണ്ട് പോലീസ് സേനയെ തേടിപ്പോകണമെന്നു പറഞ്ഞാൽ എങ്ങനെയിരിക്കും ?

(4) പട്ടി കുരച്ചുകൊണ്ട് (കടിക്കാനായിട്ടാവാം) ഓടിവരുമ്പോൾ, കല്ലെടുത്തോ, വടിയെടുത്തോ, ചെരുപ്പൂരിയോ, അല്ലാതെയോ പട്ടിയെ ഭയപ്പെടുത്താനോ, അതുമല്ലെങ്കിൽ സ്വയം ഓടി രക്ഷപെടാനോ ഒക്കെ, ശ്രമിക്കാതെ പകരം മൊബൈൽ ഫോണെടുത്ത് പോലീസിനെ വിളിക്കണമെന്നു പറഞ്ഞാൽ എങ്ങനെയിരിക്കും ?

രണ്ടോ അതിലധികമോ വ്യക്തികൾ എതിരാളികളായി ചേരിതിരിയുമ്പോൾ, അധർമ്മം ചെയ്തവരെ ധർമ്മ ശാസ്ത്ര പ്രകാരം ശിക്ഷിക്കുവാൻ അവർക്കു തന്നെ സാധിക്കുന്നുവെങ്കിൽ അവിടെ ഭരണാധികാരിയുടെ ആവശ്യമില്ല എന്നാണർത്ഥം.

ഒരാളുടെ ഭാര്യയെയോ ഏതെങ്കിലും പെൺകുട്ടിയെയോ കടന്നുപിടിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്ന അക്രമിയെ വധിക്കേണ്ടുന്ന സാഹചര്യം ഭാര്യയ്ക്കോ ഭർത്താവിനോ ഏതെങ്കിലുമൊരു വ്യക്തിക്കോ ഉണ്ടായാൽ, അക്രമിയെ വധിച്ചുവെന്നു വരും. വധിക്കപ്പെട്ടയാളെ ശവമടക്കുക എന്ന ജോലി മാത്രമാണ് ഭരണകൂടത്തിനുള്ളത്. പകരം വധിച്ചയാളെ കൊലയാളിയെന്നു മുദ്രകുത്താനും വിചാരണചെയ്യാനും ജയിലിലടയ്ക്കാനും ഭരണകൂടത്തിന് അവകാശമോ അധികാരമോ ഇല്ല.

നീച കാര്യങ്ങൾക്കായി ഊർജ്ജവും സമയവും പൊതുസമ്പത്തും പാഴാക്കാനും ഭരണകൂടം തയ്യാറായിക്കൂടാ. പോലീസ് സേന ഉൾപ്പെടെയുള്ള ഭരണാധികാരികളുടെ ഭരണവൈകല്യം കൊണ്ടാണ് നാട്ടിൽ അക്രമങ്ങൾ ഉണ്ടാവുന്നതെങ്കിൽ, കാര്യക്ഷമതയില്ലാത്തവർ സ്വയം പിരിഞ്ഞുപോവുകയും, അല്ലാത്തവരെ പിരിച്ചുവിടുകയും മാറ്റിസ്ഥാപിക്കുകയും ഒക്കെയാണ് ചെയ്യേണ്ടത്.

ലഭ്യമായ ചരിത്രത്തിൽ രാജഭരണകാലത്ത് രാജാക്കന്മാരും ഭടന്മാരും സാധാരണ ജനങ്ങളുമൊക്കെ ധർമ്മ ശാസ്ത്രപരമായിട്ട് അധർമ്മികളെ ശിക്ഷിച്ചിട്ടുള്ള സംഭവങ്ങളുണ്ട്.

ധർമ്മ ശാസ്ത്രവും നീതിശാസ്ത്രവും അറിയാവുന്നവരും അനുസരിച്ചു ജീവിക്കുന്നവരുമായ ജനങ്ങളാണ് നിയമവും നീതിയും കൈയ്യിലെടുക്കേണ്ടത്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. ജനങ്ങൾ നിയമം കൈയ്യിലെടുക്കുകയാണെങ്കിൽ പോലീസെന്തിന് എന്ന ചോദ്യമുണ്ട് : ഒരാൾ മറ്റൊരാളെ പീഡിപ്പിക്കുമ്പോൾ, ആരോഗ്യവും സൗകര്യങ്ങളും കുറഞ്ഞ വ്യക്തിയുടെ പക്ഷമാണ് ന്യായമെങ്കിൽ, അയാളെ സഹായിക്കാനായും, പൊതു വിചാരണ ആവശ്യമുള്ള കാര്യങ്ങളിൽ അതുചെയ്യാനും പോലീസും ജനസഭയിലെ അംഗങ്ങളും ആവശ്യമാണ്. കൊലയും കൊള്ളകളും നടക്കുമ്പോൾ, പലപ്പോഴും പ്രതികളാരെന്ന് അറിയാത്ത സന്ദർഭങ്ങളിൽ പോലീസ് സേനയെ ആവശ്യമുണ്ട്. മായ പ്രത്യക്ഷമായ ശേഷം കൊലയും കൊള്ളകളും അത്യപൂർവ്വമായിരിക്കും എന്നുമറിയുക. പോലീസിനെ ക്കൊണ്ട് ആവശ്യമായ കാര്യങ്ങൾ സമൂഹത്തിലുണ്ട് എന്നതിന് സമൂഹത്തിലെ എല്ലാ ക്രമപ്രശ്നങ്ങൾക്കും പോലീസാണ് പരിഹാരമുണ്ടാക്കേണ്ടത് എന്നു കരുതുമ്പോഴാണ് ധർമ്മശാസ്ത്ര വിരുദ്ധമാകുന്നത്. **ജനങ്ങൾ ധർമ്മ ശാസ്ത്രപരമായി ജീവിക്കുന്ന നാട്ടിലെ, 'പോലീസ് സേന ഉൾപ്പെടെയുള്ള ഭരണാധികാരികൾ @ ജനസേവകർ' മുഖ്യമായും നിരീക്ഷക ജോലി മാത്രമാണു ചെയ്യേണ്ടത്.**

സമൂഹത്തിലെ പൊതുആവശ്യങ്ങൾക്കും ക്രമപ്രശ്നങ്ങൾക്കും ധർമ്മ ശാസ്ത്രപരമായ പരിഹാരം ഉണ്ടാക്കുക എന്നതാണ് ആവശ്യം എന്നതു തിരിച്ചറിയുമ്പോൾ ആരുചെയ്യണം എന്നത് അപ്രസക്തമാകുന്നു.

രാജാവിനും പോലീസ് സേനയക്കും സാധാരണ ജനങ്ങൾക്കുമെല്ലാം അടിസ്ഥാനപരമായി തുല്ല്യ-അധികാരങ്ങൾ മാത്രമാണ് ഉള്ളതെന്ന് അറിയണം. **പ്രശ്നങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ജനങ്ങൾക്കാണ് ഏറ്റവും ഉചിതമായ പരിഹാരം ആദ്യം ഉണ്ടാക്കാൻ കഴിയുക എന്നതിന്റെ അടിസ്ഥാനത്തിൽ, ജനങ്ങൾ @ വ്യക്തി ധർമ്മ ശാസ്ത്രപരമായിട്ട് ഒരു സാമൂഹ്യ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നുവെങ്കിൽ അതിനെ അംഗീകരിക്കുകയും അനുമോദിക്കുകയുമാണ് രാജാവും സേനയും മറ്റും ചെയ്യേണ്ടത്. സമൂഹത്തെ യഥാർത്ഥത്തിൽ ഭരിക്കുന്നത് ധർമ്മ ശാസ്ത്രം ആവുകയും, രാജാവ്, മന്ത്രി, സേന, പ്രജകൾ തുടങ്ങിയവരെല്ലാം ധർമ്മ ശാസ്ത്രത്തെ പരിപാലിക്കുന്ന ഉപകരണങ്ങൾ മാത്രമാവുകയും ചെയ്യുമ്പോൾ, തെറ്റു ചെയ്യുന്ന രാജാവിനെയും മന്ത്രിയെയും..... ഏതൊരാളെയും തിരുത്താനും ശിക്ഷിക്കാനും ആവശ്യമെങ്കിൽ കാട്ടിലേക്ക് തുരത്താനും നാട്ടിലെ ഏതൊരു വ്യക്തിക്കും ധർമ്മ ശാസ്ത്ര പ്രകാരം അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.**

സൂത്രത്തിൽ നൂറ്റാണ്ടുകളിലൂടെ ജനങ്ങളെ ഭരണകാര്യങ്ങളിൽ നിന്നും നീതിന്യായ കാര്യങ്ങളിൽ നിന്നും ഭരണാധികാരികളും അവരുടെ ഭാഗമായ പോലീസും കോടതികളും അകറ്റുകയുണ്ടായി. ഇന്നത്തെ ഭരണാധികാരികളും പരിചയിച്ചിട്ടുള്ളത് ശാസ്ത്രപരമല്ലാത്ത പോലീസ് സംവിധാനത്തെയും ഭരണകൂടത്തെയുമാണ്. പോലീസ് സേനയെ നവീകരിക്കണമെന്നു പറയുമ്പോഴും, നിലവിലുള്ള ചട്ടക്കൂടുകളുടെ അകത്തു നിന്നുള്ള പരിഷ്ക്കാരങ്ങൾ മാത്രമേ അവരുടെ മനസ്സിൽ തെളിയുകയുള്ളൂ. അതെന്തുകൊണ്ടെന്നാൽ, നൂറ്റാണ്ടുകളായിട്ട് ഭരണകൂടം ദൈവീകമല്ല അഥവാ ധർമ്മ ശാസ്ത്രപരമല്ല. ഭരണാധികാരികൾ കൊടുംപാപികളാണെന്നും, അശാസ്ത്രീയമാണെന്നും ദൈവീകമല്ലെന്നും ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ വ്യക്തമായി വിസ്തരിച്ചിട്ടുണ്ട്. ജനങ്ങൾക്കു വേണ്ടി എന്ന പേരിൽ, ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്ന ഭരണാധികാരികളും പോലീസ് സേനയും ചേർന്ന് നീതി നടത്തണമെന്ന രീതി ദൈവീകമല്ല. ജനങ്ങൾ തീറ്റിപ്പോറ്റുന്നവരും ജനസേവകരും ജനങ്ങളുടെ ഒരു ഭാഗം മാത്രവുമായ പോലീസ്, ഇന്ന് ജനങ്ങളുടെ ഭാഗമല്ലാതെ എന്നോണം പ്രവർത്തിക്കുകയും, ധർമ്മശാസ്ത്രത്തെ അനുസരിക്കുന്നതിനു പകരം ഭരണാധികാരികൾ എന്ന കള്ളപ്പേരിലും ജനങ്ങളുടെ ചിലവിലും ജീവിക്കുന്ന മുഖ്യ-ജനസേവകരെ @ അടിമകളെ അനുസരിക്കുന്നവരായി അധഃപതിച്ചിരിക്കുകയാണ്.

ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്നവരായ ഭരണാധികാരികൾ ആവശ്യപ്പെട്ടാൽ, ജനങ്ങളുടെ സമ്പത്തുകൊണ്ട് തീറ്റിപ്പോറ്റുന്ന പോലീസ് സേന, ജനങ്ങളെ തല്ലുകയും വെടിവെയ്ക്കുകയും കൊല്ലുകയും ചെയ്യുമെന്നായിരിക്കുന്നു. ജനങ്ങളും പോലീസും തമ്മിൽ ശത്രുക്കളെപ്പോലെയുള്ള രീതികൾ ഉണ്ടായിരിക്കുന്നു.

ധർമ്മ ശാസ്ത്രവും നീതിശാസ്ത്രവും അറിയുകയും പുലർത്തുകയും ചെയ്യുന്ന ജനങ്ങളെ നിയമവും നീതിയും കൈയ്യിലെടുക്കുന്നതിൽ നിന്ന് തടയുകയും, അവ അറിയുകയോ സ്വയം പാലിക്കുകയോ ചെയ്യാത്തവരെ പോലീസ് സേനയുടെ ഭാഗമാക്കിയിരിക്കുകയാണ്. അറിഞ്ഞും അറിയാതെയും ഭരണകൂടം പുലർത്തിപ്പോന്ന നീച നിയമങ്ങളെ പൊളിച്ചെഴുതിയ ദൈവീകമായ ഗാന്ധിയൻ രീതിയെ ഭരണകൂടങ്ങൾ ഉപേക്ഷിക്കുകയും നീച നിയമങ്ങളെ അധമ-ഭരണഘടനകളിലൂടെ ഭാരതത്തിലും ഭൂമിയിലെ എല്ലാ രാഷ്ട്രങ്ങളിലും പ്രതിഷ്ഠിച്ചിരിക്കുകയുമാണ്.

മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളുടെയും ഒന്നാം കക്ഷി മഹാനീതിയായ ദൈവമാണെന്നു കാണാം. സമൂഹത്തിലെ ഏതെല്ലാം വ്യക്തികൾ തമ്മിൽ പോരിട്ടാലും, വാദിയും പ്രതിയും ഉൾപ്പെടെയുള്ളവരെല്ലാം രണ്ടാം കക്ഷികൾ മാത്രമാണ്. സ്രഷ്ടാവായ ദൈവം ഒന്നാം കക്ഷിയാണ്. മഹാനീതി വിധിക്കുന്ന മഹാനീതി തന്നെയാണ്. ഒരാൾ വേദനിച്ചതിന് മനുഷ്യർ അറിയാത്ത കാരണങ്ങളുണ്ടാകും. തന്നെയോ കുടുംബത്തെയോ ഭൗതികമായോ അല്ലാതെയോ ആക്രമിച്ചവരോട് ക്ഷമ കാട്ടുവാൻ അഥവാ മാപ്പു കൊടുക്കുവാൻ വ്യക്തി നിശ്ചയിക്കുമ്പോഴും ഭരണകൂടം അപ്രസക്തമാണ്. **മൂന്നാം കക്ഷി മാത്രമായ ഭരണകൂടം ആവശ്യമില്ലാത്ത കാര്യങ്ങളെ ഇന്നു ചെയ്യുന്നു എന്നാണ് വ്യക്തമാക്കിയത്.**

ജയിൽശിക്ഷാ സംവിധാനം ശാസ്ത്രീയമല്ല. സമൂഹത്തിൽ ധർമ്മ ശാസ്ത്രപരമായി ജീവിക്കുവാൻ തയ്യാറാകാത്തവർക്ക് ശാസ്ത്രപരമായ സൗകര്യങ്ങളെ നിഷേധിച്ചുകൊണ്ട് കാട്ടിൽ ജീവിക്കുവാനും ദ്വീപിൽ ജീവിക്കുവാനും ശിക്ഷിക്കുന്നതിനെപ്പറ്റി ചുവടെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാം, ഇനി ഭൂമിയിൽ സാദ്ധ്യമാകണമെങ്കിൽ, ദൈവം മായ പ്രത്യക്ഷമാക്കുന്നതിലൂടെ മാത്രമേ കഴിയൂ. മതങ്ങളും, രാഷ്ട്രീയ പാർട്ടികളും, മത-ജാതി സംഘടനകളും, വർഗ്ഗ സംഘടനകളുമെല്ലാം ഏറ്റവും അധമമായി മാറിയിരിക്കെ ദൈവീക നടപടികളിലൂടെ മാത്രമേ കഴിയുകയുള്ളൂ. ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വിശദീകരണമുണ്ട്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് ഗ്രന്ഥത്തിലെ ഒരു ഭാഗമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

---------- മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല എന്നു ബോദ്ധ്യമാകുന്നതാണ്. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനും ഉള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങൾക്കും അവയെ ഉറപ്പുവരുത്തുവാൻ ധർമ്മ ശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു.

ആത്മീയ സാക്ഷാത്ക്കാരത്തിൽ, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാൻ മഹാശക്തിയും മഹാമാതാവും കൂടിയായ ദൈവം മഹാഅനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും കീർത്തികളുടെയും സ്മാരക-നിർമ്മാണങ്ങളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

തൊഴിലുകൾ : വിനോദം

ജീവിക്കുന്നവരാണ് ജീവികൾ; ജീവികളെല്ലാം ജീവിക്കുകയാണു ചെയ്യുന്നത്; ജനിക്കുന്നത് ജീവിക്കാനാണ്; **ജീവിക്കുന്നത് ആനന്ദിച്ചാവണം. ജീവിക്കുവാൻ വിനോദവും വേണം, എന്നല്ലാതെ വിനോദത്തിനായി ജീവിക്കരുത്. ഭൂമിയിലെ ജീവിതത്തിന്റെ 'മോക്ഷം' ഉൾപ്പെട്ട ഉദ്ദേശത്തെ ഉൾക്കൊണ്ടു ജീവിക്കണം.**

തൊഴിൽ അഭിരുചിയും വിനോദ അഭിരുചിയും മഹാനീതിശാസ്ത്രപ്രകാരം മനുഷ്യന് ലഭിക്കുന്ന ജന്മഗുണങ്ങളാണ്. തൊഴിൽ അഭിരുചി എന്നതിലെ അഭിരുചിയിൽ വിനോദം ഉൾപ്പെട്ടിട്ടുണ്ട്. അതായത് തൊഴിൽ ചെയ്യുമ്പോൾ വിനോദിക്കുക കൂടി ചെയ്യുന്നുണ്ട്; ചെയ്യണം. തൊഴിലുകളിൽ ധാർമ്മികച്യുതി ഉണ്ടാവുമ്പോൾ വിനോദം നഷ്ടമാകുന്നതിനെപ്പറ്റി മുകളിൽ ആവശ്യം എന്ന തൊഴിൽ വിഭാഗത്തിൽ സൂചിപ്പിച്ചിരുന്നു.

വിനോദം അഥവാ വിനോദ കാര്യങ്ങൾ തൊഴിലായി സ്വീകരിക്കുന്നവർ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടതുണ്ട്. ധാർമ്മിക അധഃപതനം സമൂഹത്തിലുണ്ടാവുമ്പോൾ, വിനോദ കലകളിലും സാഹിത്യകാര്യങ്ങളിലും മറ്റും പ്രവർത്തിക്കുന്നവർക്ക് വിനോദകാര്യങ്ങളെ മാറ്റിവയ്ക്കുവാനോ അവയെ സാമൂഹ്യ ഉയർച്ചയെ മുൻനിർത്തി ശുചിത്വ വിഭാഗമായി പ്രവർത്തിപ്പിക്കുവാനോ ബാധ്യതയുണ്ട്. സ്വയം ബാധ്യതയെന്ന പേരിലുള്ള ദൈവീകമായ അഥവാ ധർമ്മ ശാസ്ത്രപരമായ ഉത്തരവാദിത്വമാണത്. ഇന്നത്തേതുപോലെയുള്ള കാലഘട്ടത്തിൽ എല്ലാ രാഷ്ട്രങ്ങളിലെയും സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും വിനോദകാര്യങ്ങളെ ശുചിത്വ വിഭാഗങ്ങളിലേക്ക് നയിക്കുവാൻ ബാധ്യതയുണ്ട്.

വിനോദങ്ങൾ എല്ലാവിധത്തിലും ധാർമ്മികമാവണം. ഒരു വീട്ടിലെ ഒരു മുറിയിൽ അമ്മയോ അച്ഛനോ രോഗാവസ്ഥയിൽ വേദനകൊണ്ട് കരയുകയും പരസഹായം തേടുകയും ചെയ്യുമ്പോൾ അതു ശ്രദ്ധിക്കാതെ അടുത്ത മുറിയിൽ മക്കളും കൊച്ചുമക്കളും ടെലിവിഷനിലെ മിമിക്രി കണ്ട് പൊട്ടിച്ചിരിക്കുകയോ ക്രിക്കറ്റ് കളി ആസ്വദിക്കുകയോ ചെയ്താൽ അത് ശരിയല്ല എന്നതും, തൊട്ടടുത്ത വീട്ടിൽ മരണം നടന്ന് ശവസംസ്ക്കാരം നടത്തിക്കൊണ്ടിരിക്കെ തന്റെ വീട്ടിന്റെ മുറ്റത്ത് കൈകൊട്ടിക്കളി നടത്തുന്നത് ശരിയല്ല എന്നതും അതുപോലെയുള്ള കാര്യങ്ങളും ഉൾക്കൊള്ളാൻ മനുഷ്യനു കഴിയണം. പലേടങ്ങളിലും ഇന്ന് മറിച്ചുള്ള അവസ്ഥ ഉണ്ടായിരിക്കുന്നു !

ശുചിത്വകാര്യങ്ങളും അത്യാവശ്യകാര്യങ്ങളും തകരാറിലായിരിക്കുന്ന ഒരു സമൂഹത്തിൽ വിനോദങ്ങളെന്ന പേരിൽ അധമകാര്യങ്ങൾ നടത്തുന്നതും ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ കൂട്ടുനിൽക്കുന്നതും അതിന് പൊതുഖജനാവ് ദുരുപയോഗപ്പെടുത്തുന്നതും കടുത്ത തെറ്റാണ്. സമൂഹത്തെ പ്രദേശം, ജില്ല, സംസ്ഥാനം, ദേശം, അന്തർദ്ദേശീയം എന്നിങ്ങനെ വിലയിരുത്തുമ്പോൾ, പ്രസ്തുത ധാർമ്മിക മാനദണ്ഡം പാലിക്കുവാൻ ഓരോ ഭരണാധികാരിക്കും കഴിയണം. പ്രാദേശിക തലത്തിൽ പോലും കലാമേളകൾ നടത്താൻ ധാർമ്മികമായി യോഗ്യതയില്ലാത്തവർ ഇന്ന് ജില്ലാ - സംസ്ഥാന - ദേശീയ - അന്തർദേശീയ തലത്തിലും മറ്റും കായിക- കലാമേളകളെ നടത്തുന്നത് കടുത്ത പൈശാചികത്വമാണ്. ഉദാഹരണമായി ആഫ്രിക്കയിലും ഏഷ്യയിലും ലാറ്റിനമേരിക്കയിലും മറ്റുമായി ഭൂമിയിലെ 50-ലധികം രാജ്യങ്ങളിലെ ജനങ്ങൾ ഭക്ഷണ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ, അതിൽ തന്നെ 30-ലധികം രാജ്യങ്ങളിൽ കടുത്ത ഭക്ഷണ ദാരിദ്ര്യം ബാധിച്ചിരിക്കുമ്പോൾ, ഒളിമ്പിക്സ് പോലെയുള്ള അന്താരാഷ്ട്ര വിനോദങ്ങളും മറ്റും നടത്തുന്നത് കടുത്ത പൈശാചികത്വമാണ്.

ഭരണാധികാരികളും ബഹുവിധ നേതാക്കന്മാരും ഉൾപ്പെടെ ബുദ്ധിശക്തികളെ അധികമായി ലഭിച്ചിട്ടുള്ളവർ തങ്ങളെ ഈ പ്രപഞ്ചത്തിന്റെ മാതാവായി ഒന്നു ഭാവന ചെയ്യുക :

തന്റെ വളരെയധികം മക്കൾ ഭക്ഷണം ഉൾപ്പെടെയുള്ള ദാരിദ്ര്യത്തിൽ പെട്ടിരിക്കുമ്പോൾ, വിഷമാവസ്ഥയിലുള്ള സഹോദരങ്ങളെ രക്ഷിക്കുക എന്ന ആദ്യ ഉത്തരവാദിത്വം മറന്നുകൊണ്ട് കുറേ മക്കൾ സ്വാർത്ഥ സുഖങ്ങൾക്കും അധമ വിനോദങ്ങൾക്കുമായി പായുന്നതു ശരിയല്ല എന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

ധാർമ്മികമായി ജീവിച്ചുകൊണ്ട് ദൈവം നൽകിയ ശക്തിക്കൊത്ത് അന്യരായി കഴിയുന്ന സഹോദരങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയാണ് അത്യാവശ്യം. തനിക്കും കുടുംബത്തിലെ അംഗങ്ങൾക്കും വേണ്ടി പ്രവർത്തിച്ചു കൊണ്ട്, സമൂഹ കാര്യങ്ങളിലേക്ക് കടക്കുകയാണ് അത്യാവശ്യം. സമൂഹത്തിലെ പാപികളെ കുറ്റം പറയാൻ നടക്കാതെ, സ്വയം തിരുത്തിയ ശേഷം അവരെ തിരുത്തുവാനും ശാസ്ത്രപരമായി മാത്രം ശിക്ഷിച്ചു-സ്നേഹിക്കുവാനും ശക്തിക്കൊത്ത് പ്രവർത്തിക്കുകയുമാണ് അത്യാവശ്യം. വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ഏതാനും വ്യക്തികൾ സമൂഹത്തിൽ അധാർമ്മിക വിനോദങ്ങളുമായി മുന്നോട്ടു പോകുമ്പോൾ, അധമരായ അവരെ പിന്തുണയ്ക്കുന്നവരായി ഭരണാധികാരികളും മറ്റും അധഃപതിക്കരുത്. തെറ്റുകൾക്ക് തീർച്ചയായും പാപവും ശിക്ഷയും മഹാഭരണാധികാരിയായ ദൈവത്തിൽ നിന്നും ലഭിക്കുമെന്നറിയണം. ഉദാഹരണമായി, ദീപശിഖ എന്ന പേരിൽ കുറെ കളിക്കാരും ഭരണാധികാരികളും പന്തവും കൊളുത്തി ഓടുന്നതും അതിന് ഭരണാധികാരികൾ കൊടിവീശുന്നതും പോലീസ് സേനയുടെ വർദ്ധിച്ച സംരക്ഷണം കൊടുക്കുന്നതും അവയ്ക്കെല്ലാം പൊതുഖജനാവിൽ നിന്ന് ചെലവു ചെയ്യുന്നതും പൈശാചികം മാത്രമാണ്.

നാട്ടിൽ വലിയ ഗൗരവമായ പ്രശ്നങ്ങളുള്ളപ്പോൾ മെഡലുകൾ എന്ന അധമ സൂത്രങ്ങളുടെ എണ്ണം കൂട്ടാൻ ആഗ്രഹിക്കുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർ പാപം സമ്പാദിക്കുകയാണ്. കുഞ്ഞുങ്ങളേ, ഇത്ര അധമരാകുവാൻ എങ്ങനെ കഴിയുന്നു ?

ധർമ്മ ശാസ്ത്രപരമായി, പ്രാദേശിക തലത്തിന് അപ്പുറമായി വിനോദങ്ങൾക്ക്, യാതൊരു വികസനങ്ങളും അത്യാവശ്യമോ ആവശ്യമോ അല്ല. ഓരോരോ പ്രദേശങ്ങളിലെയും ജനങ്ങൾ കുറേ വിനോദിക്കുക എന്നതിനപ്പുറം വിനോദത്തിനു വേണ്ടി ജീവിക്കുന്ന അധമാവസ്ഥ ഉണ്ടാവാൻ പാടില്ല. മനുഷ്യൻ എന്ന വ്യക്തിയാണ് ജീവിക്കുന്നത്. സമൂഹത്തിന്റെ മൊത്തത്തിലുള്ള ധാർമ്മിക നിലവാരമെന്നത് വ്യക്തിയല്ല. വ്യക്തി എന്തു നേടുന്നു, മഹാനീതി ശാസ്ത്രപ്രകാരം മാത്രം വിനോദിക്കുന്നുവോ എന്നതാണ് പ്രധാനം.

വിനോദത്തെ തൊഴിലായി സ്വീകരിക്കുന്ന വ്യക്തിയെ സന്തോഷിപ്പിക്കുവാൻ സമൂഹഭരണകൂടം തയ്യാറാവുന്നതിന് ധർമ്മശാസ്ത്ര നിബന്ധനകളുണ്ട്.

വിനോദത്തെ തൊഴിലാക്കുന്ന വ്യക്തിക്ക് സമൂഹത്തിലെ ഒന്നൊഴിയാതെ എല്ലാ ജനങ്ങളെയും സന്തോഷിപ്പിക്കുവാൻ /വിനോദിപ്പിക്കുവാൻ കഴിയുമ്പോൾ മാത്രമേ പൊതുഖജനാവ് വിനോദ ആവശ്യങ്ങൾക്കു ചിലവിടുവാൻ ഭരണകൂടത്തിന് അവകാശമുള്ളൂ. അതായത് 120 കോടി ജനങ്ങൾ ഉണ്ടെങ്കിൽ, അവരെ മുഴുവൻ വിനോദിപ്പിക്കുന്ന കാര്യങ്ങൾക്കു മാത്രമേ പൊതുഖജനാവ് ഉപയോഗിക്കാൻ പാടുള്ളൂ. ഓപ്പറേഷൻ തിയേറ്ററിലുള്ള രോഗികൾക്കും ഡോക്ടർക്കും മറ്റും മറ്റും വിനോദം നൽകാൻ സാദ്ധ്യമല്ലെന്നിരിക്കെ സ്പോർട്സുകൾക്കും കലകൾക്കും മറ്റും പൊതുഖജനാവിൽ നിന്ന് ധനവും സമ്മാനങ്ങളും നൽകുന്ന ഇന്നത്തെ രീതി അധമമാണ്.

വ്യക്തികളുടെ അഥവാ ജനങ്ങളുടെ സ്പോർട്സ് മികവുകളും കലാ മികവുകളുമൊക്കെ രാജാവിനെയോ മന്ത്രിയെയോ പൗരന്മാരെയോ ഒക്കെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുവാൻ സ്വന്തം സമ്പാദ്യങ്ങളിൽ നിന്ന് ധനവും സമ്മാനങ്ങളും നൽകാൻ അവർക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട് എന്നല്ലാതെ പൊതുഖജനാവിൽ നിന്ന് അത്തരം സമ്മാനങ്ങൾ പാടില്ല.

പൗരന്മാരുടെ അഥവാ വ്യക്തികളുടെ ജയങ്ങളെയും പരാജയങ്ങളെയും മറ്റും അടിസ്ഥാനപ്പെടുത്തി നാടിനെ അഥവാ രാജ്യത്തെ അവമതിക്കുന്ന ഇന്നത്തെ രീതി ഉടൻ അവസാനിപ്പിക്കേണ്ടതുണ്ട്. ഉദാഹരണമായി, ഇന്ത്യ ജയിച്ചു, ഇന്ത്യ തോറ്റു, കേരളം തോറ്റു എന്നിങ്ങനെയുള്ള ഭാഷാപ്രയോഗങ്ങൾ കടുത്ത ദൈവനിന്ദയാണ്.

മണ്ണ് അഥവാ നാട് മഹാശക്തിയായ ദൈവത്തിന്റെ നീതി-രൂപമാണ്. ദൈവം ഒരിക്കലും എവിടെയും തോൽക്കുന്നില്ല. യഥാർത്ഥത്തിൽ ഭൂമിയിലെ സമസ്ത ജീവികളും മഹാലിംഗത്തിന്റെ അകത്താണ് ജനിച്ചിട്ടുള്ളത് എന്നതറിയാതെ, ഇന്ത്യയിൽ അഥവാ പ്രത്യേക ദേശത്തിൽ ജനിക്കുകയും / ജീവിക്കുകയും ചെയ്യുന്നവരായി കണക്കാക്കുകയും, ചില വ്യക്തികൾ കലാകായിക- സാഹിത്യ -മത്സരങ്ങൾ എന്ന അധമ പരിപാടികളിൽ തോറ്റു, ജയിച്ചു എന്നിവയെ ഇന്ത്യ / ദേശം തോറ്റതായോ ജയിച്ചതായോ പ്രസ്താവിക്കുന്ന രീതികൾ പാടേ അവസാനിക്കണം.

അതുപോലെ മരിച്ച/വധിക്കപ്പെട്ട /ജീവിച്ചിരിക്കുന്ന

സൈനികനെ ആദരിക്കുന്നതിന്റെ ഭാഗമായി രാജാവിനും മന്ത്രിമാർക്കുമൊക്കെ സൈനികന്റെ മൃതശരീരത്തെയോ ബന്ധുജനങ്ങളെയോ ഒക്കെ ആദരിക്കുകയോ അനാദരിക്കുകയോ ചെയ്യാനുള്ള വ്യക്തിസ്വാതന്ത്ര്യം ഉണ്ട്, അതിനെ രാഷ്ട്രം സൈനികനെ നമിക്കുന്നു എന്നിങ്ങനെ പ്രസ്താവിച്ച് ദൈവത്തെ അവമതിക്കരുത്.

രാഷ്ട്രത്തെ മനുഷ്യർ നമിക്കുക എന്നതാവണം രീതി. ദൈവത്തെ ബഹുമാനിക്കാൻ ദൈവം ആവശ്യപ്പെടുന്നില്ല. അപമാനിക്കാതിരുന്നു കൂടേ ? മഹാമാതാവായ ഭൂമിയെ നിന്ദിക്കുന്ന പാപത്തിന് കടുത്ത ശിക്ഷയുണ്ട്.

ശുചിത്വ വിഭാഗത്തിലെ ആദ്യ ഇനമായ **സംഗീതം** തന്നെയാണ് വിനോദ- വിഭാഗത്തിലെയും ആദ്യ ഇനം. സംഗീതത്തെപ്പറ്റി ശുചിത്വ വിഭാഗത്തിൽ വിസ്തരിച്ചുവല്ലോ. ജലമേള ഉൾപ്പെടെ കേരളത്തിലെ ഓണക്കളി-കളിൽ പലതും വിനോദപരങ്ങളാണ്. എന്നാൽ വിനോദം ഉൾപ്പെടെ യാതൊരു കാര്യങ്ങളിലും മനുഷ്യർ മത്സരിക്കാൻ പാടില്ല എന്ന് ആവർത്തിക്കുന്നു. **മഹാശക്തി**യായ ദൈവം നൽകുന്ന **ശക്തികൊണ്ടാണ് ഏതൊന്നും മനുഷ്യർ ചെയ്യുന്നത് എന്നിരിക്കെ മത്സരം ദൈവീകമല്ല. അഹംഭാവവും അഹങ്കാരവും അധർമ്മങ്ങളും വളരാൻ മത്സരം കാരണമാകുന്നതാണ്.**

മത്സരം നല്ലതെന്നു തോന്നുന്നത് മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികൾ, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചതായ ന്യൂനവസ്തുക്കളുടെ അഥവാ ന്യൂനശക്തികളുടെ ദുരുപയോഗംകൊണ്ടാണ്.

ഏതാനും അധമ വിനോദങ്ങളെപ്പറ്റി പറയാം :- ശീട്ടുകളി, ബോക്സിംഗ്, ക്രിക്കറ്റ്, കോഴിപ്പോര്, ആടുപോര്, കാളപ്പോര്, മരമടി, മൃഗങ്ങളെ ഉപയോഗിച്ചുള്ള സർക്കസ് തുടങ്ങിയവയെല്ലാം അധമ വിനോദങ്ങളിൽ പെടുന്നു.

അധമ വിനോദങ്ങളെ അനുവദിക്കുന്നവരും ഇഷ്ടപ്പെടുന്നവരുമായ വ്യക്തികളും ഭരണകൂടവും അധമം തന്നെ. ഇന്ന് ഇത്ര സെക്കന്റുകൊണ്ട് ഒരാൾ ഇത്രദൂരം ഓടി പുതിയ റെക്കാർഡിട്ടു എന്നു പറയുമ്പോൾ, ഓടിയവരും കൂട്ടുനിന്നവരുമായ അനേകം വ്യക്തികളിൽ ദൈവനിന്ദ വര്ദ്ധിച്ചിരിക്കുന്നുവെന്നാണ് അർത്ഥം.

വർദ്ധിതമായ ന്യൂനശക്തിക്ക് പൈശാചിക ശക്തിയായി പരിണാമം ഉണ്ടാവുമ്പോൾ പുതിയ പുതിയ റെക്കോർഡുകൾ അവതരിക്കുന്നതാണ്. ന്യൂനനേട്ടങ്ങൾ കൊണ്ട് വ്യക്തിക്കോ സമൂഹത്തിനോ ദോഷമല്ലാതെ യാതൊരു ഗുണങ്ങളും യഥാർത്ഥത്തിൽ ഉണ്ടാകുന്നില്ല. ചെറുപ്പത്തിൽ ഓടിയെത്തിയ റെക്കോർഡിന്റെ ഒരംശം വാർദ്ധക്യ കാലത്തോ രോഗാവസ്ഥയിലോ അപകടാവസ്ഥയിലോ സാധിക്കുന്നതല്ല എന്ന തിരിച്ചറിവും അധമവിനോദങ്ങളെ വിവേചിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ദൈവീകമല്ലാത്ത ഓട്ട-മത്സരത്തിൽ പങ്കെടുക്കുന്നവർ ദൈവത്തിന്റെ അടുക്കൽ നിന്നു കൂടിയാണ് ഓടി അകലുന്നത്; ഫിനിഷിംഗ് പോയിന്റിൽ അവർ പിശാചിന്റെ അടുക്കലേക്കാണ് ഓടിയെത്തുന്നത്.

ക്രിക്കറ്റ് കളിക്കുകയോ കണ്ടിരിക്കുകയോ ചെയ്യുന്ന ചെറുപ്പക്കാരനോട്, ഓടിവാ നിന്റെ അമ്മ കിണറ്റിൽ വീണു എന്നു പറഞ്ഞാൽ, (കളിയിലെ) 2 ഓവർ കൂടി **കഴിഞ്ഞുവരാം** എന്നുള്ള മറുപടി കിട്ടും. 2 ഓവർ കഴിയുമ്പോഴേക്കും അയാളുടെ അമ്മ ഓവറായിട്ടുണ്ടാവും (മരിച്ചിട്ടുണ്ടാവും). മാത്രമല്ല, 1 ഓവറിൽ തന്നെ അയാൾ അമ്മ കിണറ്റിൽ വീണ വിവരം മറക്കുകയും ചെയ്യും !

ഇന്നലെ ഉന്നത സ്കോറുകൾ നേടിയ ഒരാളെ ഇന്നലെ വാനോളം പുകഴ്ത്തിയ അധമ സമൂഹം, സ്കോറുകളെ നേടാൻ അയാൾക്ക് ഇന്നു കഴിഞ്ഞില്ലെങ്കിൽ കൂവുന്നതാണ്. ന്യൂനശക്തി അഥവാ പിശാചിന്റെ പ്രവർത്തനം ബാധിക്കുന്ന വിനോദം എന്ന പേരിലുള്ള അധമ കോപ്രായങ്ങൾക്കെല്ലാം കൂടിയും കുറഞ്ഞും പ്രസ്തുത അവസ്ഥയുണ്ടാവും.

ധർമ്മ ശാസ്ത്രപരമായ അഥവാ ദൈവീകമായ വിനോദങ്ങൾക്ക് മേല്പറഞ്ഞ ദുരവസ്ഥ ഉണ്ടാകുന്നതല്ല.

ജീവിത പ്രവൃത്തികളെ മാറ്റിവെച്ച് ക്രിക്കറ്റ് കളി കാണാനും അതേപ്പറ്റി സംസാരിക്കാനും ജനങ്ങൾ പാഴാക്കുന്ന ഊർജ്ജവും സമ്പത്തും സമയവും കണക്കാക്കാൻ ശ്രമിക്കാതെ അതിലും വോട്ടുബാങ്ക് ലക്ഷ്യം വെച്ച് പ്രവർത്തിക്കുകയും പൊതുഖജനാവിൽ നിന്ന് അധമവിനോദങ്ങൾക്ക് സമ്മാനങ്ങളെ നൽകുകയും ചെയ്യുന്ന അധമ ഭരണകൂടങ്ങളും മറ്റു പ്രസ്ഥാനങ്ങളുമാണ് എല്ലാ രാജ്യങ്ങളിലും വർദ്ധിച്ചു കൊണ്ടിരിക്കുന്നത്.

സഹോദരനെന്നോ സുഹൃത്തെന്നോ ചിന്തിക്കാതെ കളിയുടെ ലഹരിയിലുള്ള വൈരാഗ്യത്തിൽ കത്തികയറ്റി കൊല്ലുന്ന കളിയാണ് ശീട്ടുകളി, കൊലയ്ക്കോ അടിപിടിയ്ക്കോ ശേഷമാണ് കാട്ടിയതോർത്ത് വ്യക്തി കുണ്ഠിതപ്പെടുക.

മിമിക്രി പരേഡുകൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി വ്യക്തികളെ തേജോവധം ചെയ്യുന്നതും അശ്ലീല-ആഭാസങ്ങൾ നടത്തുന്നതും ധർമ്മ ശാസ്ത്രപരമല്ല.

സംഗീത-ഡാൻസ് മത്സര പോഗ്രാമുകളെ നടത്തി ധാർമ്മികച്യുതി വർദ്ധിപ്പിക്കുന്നതും മറ്റ് അധമകാര്യങ്ങളെ ആസ്വദിക്കുന്നതും ആസ്വദിപ്പിക്കുന്നതും ഉടനെ തിരുത്തേണ്ടതുണ്ട്.

നൃത്ത-കാര്യത്തിലുള്ള ശാസ്ത്ര- നിബന്ധനകളെ 'ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം/സെക്സ്)' എന്ന അദ്ധ്യായത്തിൽ കൂടുതൽ വിവരിച്ചിട്ടുണ്ട്.

ജനസഭയുടെ ജനസംരക്ഷണസേന കാര്യക്ഷമമാക്കുവാൻ ഗുസ്തി, അടിതട, ഓട്ടം, ചാട്ടം, തുടങ്ങിയവ പരിശീലിപ്പിക്കുന്നത് ജനകീയ ആവശ്യമാണ്. സേനാംഗങ്ങളെ വിനോദപരമായി ക്കൂടി മിടുക്കരാക്കുക എന്നല്ലാതെ അവ വിനോദമല്ല, മത്സരവും പാടില്ല.

ഒരു ഭരണകൂടത്തിന് സാമ്പത്തിക ശേഖരണം ആവശ്യമുള്ളപ്പോൾ വിനോദ വിഭാഗങ്ങളിൽ നികുതി ഏർപ്പെടുത്താനോ വർദ്ധിപ്പിക്കാനോ, ധർമ്മ ശാസ്ത്രം അനുവദിക്കുന്നു, എന്നാൽ, ദൈവീകമായ സാമ്പത്തികശാസ്ത്രം ഉത്തമമായി പരിപാലിച്ചാൽ ഭരണകൂടത്തിന് സാമ്പത്തിക ആവശ്യങ്ങൾ ഉണ്ടാകുന്നതല്ല. ആവശ്യം എന്ന വിഭാഗത്തിൽ ഭരണകൂടം ചെയ്യുന്ന സേവനത്തിന് ന്യായമായ വേതനം വാങ്ങണം, ഉദാഹരണം : ഇലക്ട്രിസിറ്റി, ട്രാൻസ്പോർട്ട്, പെട്രോൾ പോലെയുള്ള ഇന്ധന വിതരണം. സേവനത്തിന് വേതനം വാങ്ങുക എന്നതിന് 20 രൂപയ്ക്ക് വാങ്ങുന്ന പെട്രോള് 80 രൂപയ്ക്കു വിറ്റ് ജനങ്ങളെ കൊള്ളയടിക്കുക എന്ന അർത്ഥമില്ല. അത്യാവശ്യം എന്ന വിഭാഗത്തിൽ ഭരണകൂടം ചെയ്യുന്ന സേവനം സൗജന്യമോ, കുറഞ്ഞ വേതനം വാങ്ങിയോ ചെയ്യണം, ഉദാഹരണം : പൊതുജനങ്ങൾക്ക് നൽകുന്ന വെള്ളത്തിന് പണം വാങ്ങിക്കൂടാ; വൈദ്യകാര്യങ്ങൾക്ക് ജനങ്ങളുടെ സാമ്പത്തിക ശക്തി കണക്കാക്കി സൗജന്യമായും അല്ലാതെയും ആനുപാതികമായി ചെയ്യണം.

ശുചിത്വം എന്ന വിഭാഗത്തിൽ ഭരണകൂടം ജനങ്ങളെ ക്കൊണ്ടു തന്നെ ശുചിത്വ കാര്യങ്ങളെ ചെയ്യിക്കുകയാണ്. ആരോഗ്യം, ജീവിത സാഹചര്യം തുടങ്ങിയവ നിമിത്തം ചിലർക്ക് സാധിക്കാതെ വരുമ്പോൾ തീർച്ചയായും സേവനം ആവശ്യമുണ്ട്. ജനങ്ങളിൽ ചിലർ ചെയ്യുന്ന അധിക സേവനത്തിന് അധികമായ വേതനം നൽകുകയും വേണം. ഉദാഹരണം : പൊതുനിരത്തുകളെ ശുചിയായി സൂക്ഷിക്കൽ. വൃത്തികേടാക്കുന്ന വ്യക്തിയെക്കൊണ്ട് പരസ്യമായി വൃത്തിയാക്കിക്കുക, അധിക വേതനത്തിൽ അന്യരെക്കൊണ്ട് ശുചിയാക്കുക, ആരോഗ്യഹീനരോട് ദയവുകാട്ടുക, തുടങ്ങിയവ, ശാസ്ത്രപരമായും ദൈവീക സ്നേഹത്തോടെയും സ്വന്തമായി ചെയ്യേണ്ടതും, ജോലിക്കാരെ വച്ചും വെയ്ക്കാതെയും ചെയ്യിക്കേണ്ടത് ജനങ്ങളുടെ അടിമയായ രാജാവിന്റെ ചുമതലയാണ്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

ഭരണകൂടങ്ങൾ ചെയ്യുന്ന പൈശാചികമായ നികുതി സമ്പ്രദായങ്ങളെപ്പറ്റി അല്പം കുറിക്കുന്നു :

യാതൊരു നികുതികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല. നികുതി കാര്യാലയങ്ങളും, നിയമസഭ, കോടതി, ലോട്ടറി -ഇൻഷ്വറൻസ്- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തുടങ്ങിയ അധമ സംവിധാനങ്ങളും പാടില്ല.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി നിയമിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ആയ അടിമകൾ സ്വയമോ മറ്റുള്ളവരുടെ പ്രേരണയാലോ ഭരണാധികാരികളാണെന്നു തെറ്റിദ്ധരിച്ചും കടമകളെ അറിയാൻ പോലും ശ്രമിക്കാതെ തങ്ങൾക്ക് ശരിയെന്നു തോന്നുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ അധമ നിയമങ്ങളെ തട്ടിക്കൂട്ടി ക്കൊണ്ടാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും നികുതികൾ ചുമത്തിയുള്ള അധമ ഭരണത്തെ സേവനം എന്ന കള്ളപ്പേരിൽ ചെയ്യുന്നത്.

ധർമ്മശാസ്ത്രപരമായ പ്രവൃത്തികൾ മാത്രമാണ് തൊഴിൽ. അവയ്ക്കെല്ലാം ഭൗതിക അസ്തിത്വം ഉണ്ട്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രീയവുമായ 4 വിഭാഗങ്ങളായ ഭൂമിയിലെങ്ങുമുള്ള എല്ലാ തൊഴിലുകളും മണ്ണുമായിട്ട് അഥവാ ഭൂമിയുമായിട്ട് അഥവാ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു.

മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്തതായ പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം 'അധമ ചെയ്തികൾ' മാത്രമാണെന്നും 'തൊഴിലുകൾ അല്ലാ' എന്നും സുവ്യക്തമാണ്.

കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല.

മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഢനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. മണ്ണിൽ ജോലി ചെയ്തും അല്ലാതെയും ജനങ്ങൾ നേടുന്ന സമ്പത്തിനെ നികുതി / നികുതികൾ എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്. അധമ പ്രവൃത്തിയാണത്; തൊഴിൽ അല്ല. യാതൊരു നികുതികളും ദൈവീകമല്ല.

ജനാധിപത്യ ഭരണം, സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ കള്ളപ്പേരുകളോടെ ജനങ്ങളെ പറ്റിച്ച് ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും!

അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നതും ദൈവീകമല്ല. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.

"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി പോലീസ് സേന ജീവൻ കളഞ്ഞും ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, യജമാനന്മാരായ ജനങ്ങളെ മറന്നുകൊണ്ട് പിഴച്ചവരായ ഭരണാധികാരികളെ അനുസരിക്കുന്ന മറ്റൊരു അധമ-നീച സങ്കേതമായിരിക്കുന്നു. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്.

ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം എപ്പോഴുമുണ്ട് : അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. 'ഭരണാധികാരി' എന്നാൽ 'അടിമ' എന്ന് മേലിൽ പഠിക്കുക.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ ധനം മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭ്യമാണ്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രത്തെ വിശദീകരിച്ചിട്ടുണ്ട്.

ദൈവ-വിപ്ലവം ഉടനെ ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.

യാതൊരു ജാതി-മത പ്രസ്ഥാനങ്ങളും സംഘടനകളും രാഷ്ട്രീയ പാർട്ടികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല.

ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.

അറിഞ്ഞും അറിയാതെയും മണ്ണിന്റെ നിയമങ്ങളെ അവഗണിച്ച് ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമങ്ങളെ തട്ടിക്കൂട്ടി ജനസേവനം എന്ന കള്ളപ്പേരിൽ ഊട്ടുന്ന ജനങ്ങളെ പീഡിപ്പിച്ചു ഭരിക്കുന്ന ഭരണാധികാരികൾ/ അടിമകൾ യഥാർത്ഥത്തിൽ കൊടും കൊള്ളക്കാരും കൊടിയ ഭീകരവാദികളുമാണ്.

സാമൂഹ്യപ്രവർത്തകരും നിരീശ്വരവാദികളും ശാസ്ത്രപരമായ തൊഴിൽ വിഭജനത്തിലെ ശുചിത്വം എന്ന വിഭാഗത്തിൽ പെടുന്നുവെന്ന് ഈ ഗ്രന്ഥത്തിലെ തൊഴിലുകൾ : ശുചിത്വം എന്ന അദ്ധ്യായം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്. രാഷ്ട്രീയ ചിന്തകളെയും മതചിന്തകളെയും ഉപേക്ഷിക്കാൻ കഴിയുന്നവരും കഴിയാത്തവരുമുണ്ട്; എങ്കിലും, അവയെ വളരെയധികം മാറ്റിനിർത്തിക്കൊണ്ട്, ജനങ്ങൾക്കു വേണ്ടി ശക്തിക്കൊത്ത് പ്രവർത്തിക്കുകയാണ് പൊതുവെ സാമൂഹ്യപ്രവർത്തകർ ചെയ്യുന്നത്.

മാനുഷിക കാര്യങ്ങൾക്കുവേണ്ടി എന്നു പറയുമ്പോൾ, മനുഷ്യർക്കു നന്മ ചെയ്യുന്നതും, മനുഷ്യജീവിതത്തെ ആനന്ദകരമാക്കുന്നതും, ശാന്തിയും സമാധാനവും സമൂഹത്തിൽ ഉറപ്പിക്കുന്നതുമെന്നാണ് മനസ്സിലാക്കേണ്ടത്. മഹാശാസ്ത്രത്തെപ്പറ്റി നിശ്ചയമില്ലാത്ത അവർ; ഭീകരവാദികളെയും, ഭീകരവാദികളെ സൃഷ്ടിച്ച കൊടുംഭീകരവാദികളെയും മാനുഷിക ഉത്തരവാദിത്തങ്ങളെ ബോദ്ധ്യപ്പെടുത്താൻ പരിശ്രമിക്കുകയും, കൂടാതെ തങ്ങൾക്കു ശരിയെന്നു തോന്നുമ്പോലെയും ആവുമ്പോലെയും വിഷയങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുകയുമാണു ചെയ്യുന്നത്.

സമൂഹത്തിലെ ഭരണകൂടമോ വ്യവസ്ഥിതികളോ അധികാരം നൽകിയാലും ഇല്ലെങ്കിലും യഥാർത്ഥ സാമൂഹ്യപ്രവർത്തകർ ശുചിത്വപരമായ കാര്യങ്ങളെ ചെയ്തുകൊണ്ടിരിക്കും. അധിക ജന്മങ്ങളിലൂടെ അവർ നേടിയ പുണ്യങ്ങൾ അവരെ സത്പ്രവൃത്തികളുമായി കൂടുതൽ അടുപ്പിക്കുന്നതു കൊണ്ടാണത്.

ഭരണാധികാരികളുടെ സമ്മതമോ അധികാരമോ ഇല്ലാതെ ശുചിത്വ കാര്യങ്ങളെ ചെയ്യുമ്പോൾ, തങ്ങൾ പോലും അറിയാതെ കൊടുംഭീകരപ്രവർത്തകരായ ഭരണാധികാരികളെയും മതപുരോഹിതരെയും എതിർക്കുകയാണ് അവർ ചെയ്യുന്നത്. അതായത് വ്യക്തിയിൽ നിന്നും ഭരണവ്യവസ്ഥിതി ആവശ്യപ്പെടാത്ത സമൂഹ-ശുചിത്വകാര്യങ്ങളെ വ്യക്തി ചെയ്യുവാൻ ഒരുമ്പെടുമ്പോഴും ചെയ്യുമ്പോഴും, വ്യക്തി ചെയ്യുന്നത് നല്ലകാര്യമെങ്കിൽ അതിന്നർത്ഥം ഭരണാധികാരി ചെയ്യേണ്ടുന്ന കാര്യം ഭരണാധികാരി ചെയ്തില്ലെന്നും അതു ചെയ്യാൻ കഴിവില്ലാത്ത ഭരണാധികാരിയുടെയും ഭരണ സംവിധാനത്തിന്റെയും മുകളിൽ വ്യക്തി ഉയർന്നുവെന്നുമാണ്.

സാധുജന സംരക്ഷണ കേന്ദ്രങ്ങൾ, വൃദ്ധഭവനുകൾ, അഭയ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, ഭിക്ഷാടക സംരക്ഷണ കേന്ദ്രങ്ങൾ, തുടങ്ങിയ പേരുകളിൽ വ്യക്തികൾ സാമൂഹ്യപ്രവര്ത്തനം നടത്തുമ്പോൾ, സമൂഹത്തിലെ ഭരണകൂടം ചെയ്യേണ്ടുന്ന ജോലി വ്യക്തി/ഏതാനും വ്യക്തികൾ ചെയ്യുകയാണ്.

സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള സംവിധാനമാണ് ഭരണകൂടം എന്നിരിക്കെ, പ്രദേശങ്ങളിലെ **ഭരണാധികാരികൾ (യഥോചിതം) നിറവേറ്റാഞ്ഞ പൊതു ആവശ്യത്തെ സാമൂഹ്യ പ്രവർത്തകൻ തന്റെ ശക്തിക്കൊത്തും തോന്നിയപോലെയും നിറവേറ്റുമ്പോൾ, സാമൂഹ്യപ്രവര്ത്തകൻ ഏറ്റെടുത്ത കാര്യത്തിൽ ഭരണാധികാരിയായിരിക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ അറിഞ്ഞോ അറിയാതെയോ ഭരണാധികാരി സമ്മതിക്കുക കൂടിയാണത്.** അത് മനസ്സിലാക്കാനും ധർമ്മ ശാസ്ത്രപരമായി ഭരണകൂടത്തെ തിരുത്താനും ഭരണാധികാരികൾക്ക് കഴിയാത്തത് അവർ കൊടുംപാപികളും അജ്ഞാനികളുമായി തുടരുന്നതുകൊണ്ടാണ്.

ജന-സേവനശാസ്ത്രം @ ഭരണ ശാസ്ത്രം എന്തെന്നറിയാത്ത ജനസേവകർ/അടിമകൾ സ്വയം ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് ജനസേവനം എന്ന കള്ളപ്പേരിൽ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുത്തും സാമ്പത്തികം ഉൾപ്പെടെയുള്ള പീഢനങ്ങളും കൊടുംഭീകര പ്രവർത്തനങ്ങളും നടത്തുമ്പോൾ, ക്രൈസ്റ്റിനെയും ചാണക്യനെയും ഗാന്ധിയെയും പോലെയുള്ള സാമൂഹ്യപ്രവർത്തകർ, ഭരണാധികാരികൾക്കു മുകളിൽ പ്രവർത്തിക്കുന്നതാണ്.

നീതിപതികളെന്ന് കഷ്ടിച്ച് വിശേഷിപ്പിക്കാവുന്ന ക്രൈസ്റ്റ്, ഗാന്ധിജി എന്നിവർ ഭരണകൂടത്തിനു മുകളിലാവുന്നത് നീതിന്യായശാസ്ത്രം 'ജനസേവന ശാസ്ത്രമെന്ന' ഭരണശാസ്ത്രത്തിനു മുകളിലായതുകൊണ്ടാണ്.

ധർമ്മ ശാസ്ത്രപരമല്ലാത്ത ഇന്നത്തെ കോടതികൾ ഭരണകൂടത്തിനു മുകളിലാണെന്ന് തെറ്റിദ്ധരിക്കരുത്. ഇന്ന് ഗാന്ധിജി ഉണ്ടായിരുന്നെങ്കിൽ കോടതികൾ ഉൾപ്പെടെയുള്ള എല്ലാ ഭരണ കാര്യാലയങ്ങളെയും ജീവനക്കാരെയും കൊടുംഭീകരവാദികൾ എന്ന് പേരിടുമായിരുന്നു.

ഒരുപക്ഷേ കോടതികളിലെ ഉദ്യോഗസ്ഥർക്ക് അതറിയില്ലെങ്കിലും ജനസേവകർ എന്ന കപടവേഷം കെട്ടുന്ന ഭരണാധികാരികളെ മുഴുവൻ ഗാന്ധിജി എതിർക്കുമായിരുന്നുവെന്ന് അവർക്ക് നന്നായറിയാം. ഇന്നത്തെ രാഷ്ട്രീയക്കാരും മതനേതാക്കളും ഒക്കെ, സാമൂഹ്യപ്രവർത്തകരാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം ചെയ്യേണ്ടത് അശുദ്ധിയുടെയും ദുർഗ്ഗന്ധത്തിന്റെയും കേന്ദ്രങ്ങളായിരിക്കുന്ന സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളിലെ കക്കൂസുകൾ സ്വന്തം കൈകൾ ഉപയോഗിച്ച് സന്തോഷത്തോടെ വൃത്തിയാക്കുകയും ശുചിത്വകാര്യങ്ങളെ സ്വയംചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെ ശാസ്ത്രപ്രകാരം പൊതുജനങ്ങളെ പഠിപ്പിക്കുകയുമാണ്. രണ്ടാമതു ചെയ്യേണ്ടത് ധർമ്മ ശാസ്ത്രപ്രകാരം മാത്രം ഭക്ഷണം കഴിക്കുവാൻ പ്രേരിപ്പിക്കുകയാണ്. മദ്യപാനം പോലെയുള്ളവ സദാചാര ശാസ്ത്രത്തെ കളങ്കപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന ദൈവനിന്ദയാണ് എന്നു വിവരിക്കുന്ന പാഠങ്ങൾ പ്രത്യേകം പഠിച്ച്, പരിചയിക്കണം.

സാമൂഹ്യപ്രവർത്തനത്തിന് ഉപകരിക്കേണ്ടുന്നതായ സംഗീതം, ശാസ്ത്രഗവേഷണം, അദ്ധ്യാപനം തുടങ്ങിയവ തൊഴിൽ പരമായി ശുചിത്വ വിഭാഗത്തിൽ പെടുന്നു എന്നു പറയുമ്പോൾ, ഇന്നത്തെ സംഗീതജ്ഞരും, ശാസ്ത്രജ്ഞരും, അദ്ധ്യാപകരും ശുചിത്വ വിഭാഗത്തിൽ പെടുന്നില്ല. എന്തുകൊണ്ടാണതെന്ന് തൊഴിലുകൾ : ശുചിത്വം ; ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം) എന്നീ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

സാമൂഹ്യപ്രവർത്തകരുടെ ഔന്നത്യം വ്യക്തമാക്കിയല്ലോ. എന്നാൽ **സമൂഹത്തിന്റെ പൊതുവായ കാര്യങ്ങൾക്കു വേണ്ടി ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുന്നവർ മാത്രം ഭരണാധികാരികളാവുമ്പോഴും, സമൂഹത്തിലെ പൊതുവായ ആവശ്യങ്ങൾ മംഗളകരമായി നടക്കുമ്പോഴും, സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ സമൂഹത്തിൽ ഉണ്ടാവില്ല എന്നും ഉണ്ടാവേണ്ടതില്ലാ എന്നും തിരിച്ചറിയണം.**

ജനസേവകരുടെ പോരായ്മകളെ കൊണ്ടാണ് സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ ഉണ്ടാവുന്നത് എന്നർത്ഥം. ഭൂമിയിലുള്ള എല്ലാ ഭരണകൂടങ്ങളും തിരിച്ചറിയേണ്ടതായ ഗൗരവമായ വസ്തുതയാണത്.

സാമൂഹ്യ പ്രവർത്തകർ അല്ലാത്തവർ സാമൂഹ്യപ്രവർത്തകരായി വേഷംകെട്ടുമ്പോൾ, സമൂഹത്തിൽ ഭീകരവാദം ഉണ്ടാകുന്നതാണ്. അതായത്, സാമൂഹ്യ കാര്യങ്ങളിൽ ധർമ്മശാസ്ത്രപരം അല്ലാതെ പ്രവർത്തിക്കുന്നവർ സാമൂഹ്യ പ്രവർത്തകരല്ല, മറിച്ച് സാമൂഹ്യദ്രോഹികളാണെന്നു തിരിച്ചറിയണം. മതം, ജാതി, ഉപജാതി, രാഷ്ട്രീയം, വർഗ്ഗം, തൊഴിൽ, ഭാഷ, പ്രദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ, ജനങ്ങളെ വേർതിരിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ അടിസ്ഥാന പരമായി സാമൂഹ്യദ്രോഹികളാണ്. സമൂഹത്തിലെ ജനങ്ങളെ ഒരു ദൈവത്തിന്റെ മക്കളായി കാണാൻ കഴിയാതെ, ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് പ്രത്യേകം വിഭാഗങ്ങളായി ജനങ്ങളെ വേർതിരിച്ച് ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ പ്രവർത്തിക്കുമ്പോൾ ഒരു വിഭാഗം ജനങ്ങളെ സന്തോഷിപ്പിക്കാനായി ചെയ്യുന്നവ മറ്റു വിഭാഗങ്ങളെ ദോഷപ്പെടുത്തുന്നതാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സഹായിക്കേണ്ടതും ഉദ്ധരിക്കേണ്ടതും ജനസേവകരുടെ/സമൂഹഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്, വ്യക്തിയുടേതല്ല.

ഉദാഹരണമായി സാമ്പത്തിക അവശതകൾ അനുഭവിക്കുന്ന എല്ലാ ജനങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നത് ധനശേഷിയുള്ള ഭരണകൂടത്തിന്റെ കർത്തവ്യമാണ്. പകരം ധർമ്മ ശാസ്ത്ര വിരുദ്ധമായ അഥവാ ദൈവീകമല്ലാത്ത മത-ജാതി വ്യവസ്ഥിതികളെ ഉന്മൂലനം ചെയ്യേണ്ടവരായ ജനസേവകർ / ഭരണാധികാരികൾ മത-ജാതി വിഭാഗങ്ങളെ വേർതിരിച്ച് സഹായിക്കാനായി തയ്യാറാവുമ്പോൾ അത് ധർമ്മശാസ്ത്രപരമല്ല. അഥവാ ദൈവീകമല്ല. ഭീകരവാദത്തിനുള്ള വിത്ത് പാകലാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായി ജനങ്ങളെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി വിഭജിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ, ജനങ്ങളെ അനവധി സംഘടനകളായി തിരിക്കുമ്പോൾ, അനവധി ചെറിയ ഭരണകൂടങ്ങളായിട്ടാണ് യഥാർത്ഥത്തിൽ മാറ്റിയെടുക്കുന്നത്. ജനങ്ങളുടെ മൊത്ത ഭരണത്തിനായുള്ള ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറിയ ചെറിയ ഭരണകൂടങ്ങൾ രാഷ്ട്രീയ - മത - ജാതി - തൊഴിലാളി വർഗ്ഗ സംഘടനകൾ, സഭകൾ തുടങ്ങിയ പേരുകളിൽ നിലകൊള്ളുമ്പോൾ സമൂഹഭരണം പിഴയ്ക്കുകയാണു ചെയ്യുന്നത്. എല്ലാ രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ളത് മറ്റൊന്നല്ല. ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറുതും വലുതുമായ ഭരണകൂടങ്ങളായി സമൂഹത്തിൽ സംഘടനകൾ നിലനിന്നുകൂടാ. മാത്രമല്ല, പ്രത്യേകം പ്രത്യേകം സംഘടനകളായി ജനവിഭാഗങ്ങളെ വിഭജിക്കുമ്പോൾ ഭീകരവാദികളെ സൃഷ്ടിക്കുക കൂടിയാണത്.

മതസ്ഥാപനങ്ങളുടെയും വ്യക്തികളുടെയും മറ്റും നന്മ കൊണ്ടോ ദുസ്വാർത്ഥം കൊണ്ടോ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ എന്നിവയെ, സാമൂഹ്യ ആവശ്യം എന്ന് ബോദ്ധ്യമായാൽ, പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം.

തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും മതവിദ്യാലയങ്ങളും ഒക്കെ അശാസ്ത്രീയമാണെന്നും പാടില്ലായെന്നും തന്നെയാണ് ധർമ്മശാസ്ത്രപരമായി വ്യക്തമാക്കിയത്. തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും ഉൾപ്പെടെ എല്ലാ പ്രസ്ഥാനങ്ങളെയും പിരിച്ചുവിടുന്നതോടെയും അവയെല്ലാം ശൂന്യമാകുന്നതോടെയും ബന്ദുകളും ഹർത്താലുകളും കൂടി അവസാനിക്കുന്നതാണ്. ബന്ദുകളും ഹർത്താലുകളും പോലെ സമൂഹത്തിലെ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുക്കുന്ന ഹീനരീതികളെ അവസാനിപ്പിക്കുവാൻ, മായാപരം അല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം മറ്റു വഴികളില്ല.

ദൈവീകമായ, കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തികശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ വിസ്തരിച്ചിട്ടുള്ളതു പഠിക്കുമ്പോൾ, വർഗ്ഗവ്യത്യാസങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളും വാദങ്ങളും അസംബന്ധങ്ങൾ മാത്രമാണെന്ന് വ്യക്തമാകുന്നതാണ്. ഭരണകൂടത്തിനെ ധർമ്മ ശാസ്ത്രപരമായി ഉയർത്തേണ്ടതിനു പകരം, കൂടുതൽ മോശപ്പെടുത്തുകയാണ് ഇന്നത്തെ സംഘടനകൾ ചെയ്യുന്നത്. ധർമ്മ ശാസ്ത്രപരമായ തൊഴിൽ വിഭജനത്തെ പഠിക്കാനായാൽ തന്നെ സംഘടനകൾക്ക് സ്വയം ശൂന്യമാകാൻ കഴിയുന്നതാണ്.

സാമുദായിക നേതാക്കന്മാരായി സാമുദായിക പ്രവർത്തനം നടത്തിയവരും നടത്തുന്നവരും യഥാർത്ഥത്തിൽ സാമൂഹ്യപ്രവർത്തകരല്ല എന്നും സാമൂഹ്യദ്രോഹികളാണ് എന്നുകൂടിയാണ് വ്യക്തമാക്കിയത്.

ഭരണാധികാരികളുമായി താരതമ്യം ചെയ്യുമ്പോൾ അവർ മെച്ചമെന്നു തോന്നുന്നത് ശരിയാണെങ്കിലും അത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. മഹാനീതിശാസ്ത്രം പ്രകാരം ദൈവം മഹാനീതി നടത്തുന്നുണ്ട് എന്നതു മനസ്സിലാക്കാതെ മനുഷ്യരെ ഭിന്നിപ്പിക്കുന്ന ദൈവനിന്ദാപരമായ പ്രവർത്തനങ്ങളെ നടത്തുന്നവർക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷയുണ്ട് എന്നറിയണം. ഉദാഹരണമായി, ഇന്നലെ ഹിന്ദുമതത്തിലെ ഒരു ജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച നേതാവിന് ഇന്ന് ആഫ്രിക്കയിലെ ലിബിയയിൽ ഭീകരവാദം നടത്തി മരണപ്പെട്ട അന്നാട്ടുകാരനായ ഒരു മുസ്ലീമിന്റെ രണ്ടാം ഭാര്യയെപ്പോലെയുള്ള വെപ്പാട്ടിയായി അടുത്ത കാലംവരെ കഴിഞ്ഞതിനെപ്പറ്റി ചിന്തിക്കുക. യാതൊരു സാമൂഹ്യ പ്രവർത്തനവും ഇല്ലാതെ ജീവിക്കുന്ന ആ സ്ത്രീയുടെ മുജ്ജന്മപ്രതിമയ്ക്ക് ഇന്നത്തെ നേതാക്കൾ പൂമാലകൾ ചാർത്തുന്നതു കൊണ്ടോ ഗൃഹങ്ങളിൽ സൂക്ഷിക്കുന്ന ചിത്രങ്ങൾക്ക് മാല ചാർത്തുന്നതു കൊണ്ടോ, ചാർത്തുന്നവർക്ക് പാപം കിട്ടും എന്നല്ലാതെ, പഴയ ആചാര്യനായ ഇന്നത്തെ മുസ്ലീം വനിതയ്ക്ക് യാതൊരു പുണ്യവും കിട്ടില്ല. മഹാനീതിശാസ്ത്രത്തിൽ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്.

ഭരണകൂടം എന്ന ജനസേവന സംവിധാനത്തെ ധർമ്മശാസ്ത്ര പരമാക്കുവാൻ പ്രവർത്തിക്കേണ്ടത് യഥാർത്ഥമായ സാമൂഹ്യ പ്രവർത്തകരും അദ്ധ്യാപകരുമാണ്. ഓരോ വ്യക്തിയുടെയും ഏക-ബാഹ്യഭരണാധികാരി, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം അഥവാ ദൈവം ആണെന്ന് ഭാവി തലമുറകളെ വിദ്യാർത്ഥികളിലൂടെ ബോദ്ധ്യപ്പെടുത്തുവാൻ കഴിയുന്ന, മഹാശാസ്ത്രകാര്യങ്ങളെ അറിയാവുന്ന അദ്ധ്യാപകർ ഉണ്ടാവണം. രാജാവിനെയും മന്ത്രിമാരെയുമല്ല ഭരണ-ഉദ്യോഗസ്ഥരും പട്ടാളവും പോലീസും ജനങ്ങളും അനുസരിക്കേണ്ടത്, ധർമ്മ ശാസ്ത്ര നിയമങ്ങളെയും, അതിൻ പ്രകാരമുള്ള നടപടികളെയും മാത്രമാണ്. പ്രസ്തുത ധര്മ്മശാസ്ത്ര പാഠം എല്ലാ വിഭാഗം ജനങ്ങളെയും പഠിപ്പിക്കുവാനും, അത് പാലിക്കപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കുവാനും അദ്ധ്യാപകർക്കു കഴിയണം. അദ്ധ്യാപകർ ഭരണകൂടത്തിന്റെ ഉൾപ്പെടെ സമൂഹത്തിന്റെ മുഴുവനും അദ്ധ്യാപകരായി തുടരേണ്ടതുണ്ട്. അവരാണ് ഭരണാധികാരികളെ ഉപദേശിക്കേണ്ടത്. സമൂഹത്തിലെ ഏതെങ്കിലും ജനവിഭാഗങ്ങൾക്ക് ധർമ്മശാസ്ത്രപരമായ നീതി ഭരണകൂടത്തിൽ നിന്നും ലഭിച്ചില്ലെങ്കിൽ, ഭരണകൂടത്തെ ബോദ്ധ്യപ്പെടുത്തേണ്ടതും അദ്ധ്യാപകരാവണം. ഭരണകൂടം ധർമ്മശാസ്ത്രങ്ങളെ അവഗണിച്ചാൽ അവർക്കെതിരെ നീതി നടപ്പാക്കുവാനുള്ള ചുമതല അദ്ധ്യാപകരുടേതാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായ ഭരണനടപടികൾക്കെതിരെ വിദ്യാർത്ഥികളെയും, അവരിലൂടെ മുഴുവൻ ജനങ്ങളെയും ഭരണകൂടത്തിനെതിരെ തിരിക്കേണ്ടതും, ശുദ്ധമായ ഭരണകൂടത്തെ സ്ഥാപിക്കേണ്ടതും രാജഗുരു കൂടിയായ അദ്ധ്യാപകരുടെ കടമയാണ്. ഇത് സാദ്ധ്യമാണെന്ന് ദൈവം ഇന്ത്യയിൽ തന്നെ ചാണക്യനിലൂടെയും ശിഷ്യഗണങ്ങളിലൂടെയും തെളിയിച്ചിട്ടുണ്ട്. അദ്ധ്യാപകരെയും ജനങ്ങളെയും പ്രസ്തുത അവസ്ഥയിൽ എത്തിക്കുന്നത് ഭരണാധികാരിയായ രാജാവിന്റെയും മന്ത്രിമാരുടെയും ദുർഭരണത്തിനു കൂട്ടുനിൽക്കുന്ന പോലീസും പട്ടാളവും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ വൃന്ദമാണ്.

ഓരോ ഉദ്യോഗസ്ഥനും, ഓരോ പ്രജയും തങ്ങളുടെ യഥാർത്ഥ മേലധികാരിയായി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവത്തെ അറിയണം. ദൈവത്തിന്റെ മഹാശാസ്ത്രത്തെ അനുസരിക്കുമ്പോൾ അവർ യഥാർത്ഥ മേലധികാരിയായ ദൈവത്തെയും അനുസരിക്കുന്നവരായി മാറുന്നു. **യാതൊരാളും മനുഷ്യ-രാജാവിന്റെ ഉൾപ്പെടെ മറ്റൊരാളുടെ അടിമയല്ല, അടിമയായും കൂടാ.**

ധർമ്മശാസ്ത്രങ്ങൾ പ്രകാരം പ്രവർത്തിച്ച അദ്ധ്യാപകർ കൂടിയായിരുന്നു ഗാന്ധി, ചാണക്യൻ തുടങ്ങിയവർ. ധർമ്മശാസ്ത്രപരമല്ലാത്ത ഭരണകൂടത്തിനെതിരെ അവർ ജനങ്ങളെ മൊത്തത്തിൽ അണിനിരത്തുകയായിരുന്നു, മത-ജാതി-വർഗ്ഗ സംഘടനകളായി വിഭജിച്ച് അണിനിരത്തുകയായിരുന്നില്ല എന്നതറിയണം. കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം പ്രായേണ സ്വരാജ് ആയിത്തീർന്നപ്പോൾ, പ്രസ്തുത ലക്ഷ്യം സാധിച്ചതോടെ കോൺഗ്രസ് പ്രസ്ഥാനത്തെ പിരിച്ചുവിടാൻ ഗാന്ധിജിക്ക് ഉപദേശിക്കാനായതും, കോൺഗ്രസ്സിന്റെ പരമോന്നത നേതാവായിട്ടും അംഗത്വം പോലും എടുക്കാഞ്ഞതും ദൈവാനുഗ്രഹം കൊണ്ടാണ്. ദൈവം അത്രമേൽ അദ്ദേഹത്തെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. (ഈ ഗ്രന്ഥത്തിൽ ചിലപ്പോഴൊക്കെ ഗാന്ധിയെ പരാമർശിക്കുന്നതിന്റെ ഒരു കാരണം മഹാവേദഗ്രന്ഥത്തിൽ പ്രത്യേകം ചേർത്തിട്ടുണ്ട്.)

സമൂഹത്തിലെ ഇതര വ്യക്തികളോ വിദ്യാലയങ്ങളോ രാഷ്ട്രഭരണാധികാരികളോ സാമൂഹ്യപ്രവർത്തകർക്കു നൽകുന്ന സർട്ടിഫിക്കറ്റുകളെ യഥാർത്ഥ സാമൂഹ്യപ്രവർത്തകർ സ്വീകരിക്കില്ല. ദൈവത്തിൽ നിന്നു നേരിട്ടോ, ദൈവത്തിന്റെ ഏക പ്രതിനിധി കൂടിയായ പരമശിവനിലൂടെയോ അല്ലാതെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് യാതൊരു വിലയുമില്ല. സാമൂഹ്യ പ്രവർത്തനത്തിന് പ്രതിഫലം നൽകുന്നത് ദൈവമാണ്. ഒരു വ്യക്തി സാമൂഹ്യപ്രവർത്തനം നടത്തിയിട്ടുണ്ടോ, എത്രത്തോളമുണ്ട് തുടങ്ങിയ കാര്യങ്ങളും, ആ വ്യക്തിയുടെ മുജ്ജന്മങ്ങളും പിജ്ജന്മങ്ങളും സംബന്ധിച്ച പദ്ധതികളും അറിയുന്നത് ദൈവമാണ്.

ഒരു പക്ഷേ നിശ്ചയിക്കുന്നതും, ഉദാഹരണത്തിന് ചാണക്യൻ, ക്രൈസ്റ്റ്, ഗാന്ധിജി എന്നിവരുടെ സാമൂഹ്യ പ്രവർത്തനത്തെ ആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം ആണെന്നിരിക്കെ, ആവക കാര്യങ്ങളിൽ മനുഷ്യർ ഇടപെടരുത്; മനുഷ്യർക്ക് ഇടപെടാൻ കഴിയില്ല എന്ന് സുവ്യക്തിമായി അറിഞ്ഞിട്ടും തങ്ങൾ നിശ്ചയിച്ച് നടപ്പാക്കുന്നതുപോലെ രാഷ്ട്രീയ നേതാക്കളും മറ്റും ഭാവിക്കുന്നത് കടുത്ത പാപമാണ്. കൂടാതെ, ആദ്യമഹാകാലചക്രത്തിലെ ഭരണത്തിനായി നിയോഗിച്ചവരിൽ രണ്ടുപേർ ദൈവമാകാൻ ശ്രമിച്ചതിനെപ്പറ്റിയും അനേകർ അവർക്കു കൂട്ടുനിന്നതിനെപ്പറ്റിയും മഹാവേദ ഗ്രന്ഥത്തിൽ വിവരിച്ചിരുന്നു. അവരുടെയും ഒപ്പം നിന്നവരുടെയും ദുർന്നടപടികൾ ഭൂമിയിലെ മനുഷ്യജീവിതത്തിൽ അപാകതകൾ ഉണ്ടാവാൻ കാരണമായിട്ടുണ്ട്.

ദൈവം, മഹാശാസ്ത്രപരമായി ജന്മഗുണങ്ങളിലൂടെ മഹാനീതി നടത്തുന്ന കാര്യങ്ങളിലും അജ്ഞാനം നിമിത്തം സാമൂഹ്യ പ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും ഇടപെടുന്നുണ്ട്. എന്നാൽ മഹാനീതിശാസ്ത്രം അപ്പോഴും എപ്പോഴും പിഴയ്ക്കാതെ മുന്നോട്ടുപോകുന്നുമുണ്ട്.

സാമൂഹ്യപ്രവർത്തകർ സ്ഥാപിച്ചതോ ആരംഭമിട്ടതോ ആയ കൈത്തറി, കൃഷിഭവൻ, പശു പാലനം തുടങ്ങിയ വ്യവസായ കൂട്ടായ്മകളുടെയും, വിവിധ സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും നിലനിൽപ്പിനെ പ്പറ്റിയും, സാമ്പത്തിക അച്ചടക്കത്തെ പ്പറ്റിയും, ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ ബന്ധപ്പെടുത്തി 3 കാര്യങ്ങൾ പ്രസ്താവിക്കേണ്ടതുണ്ട്.

(1) **സൃഷ്ടിപരം :** ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ ഒരു സംഘടനയെ അഥവാ സഭയെ ഉണ്ടാക്കുന്നത് വ്യക്തിയുടെ അഥവാ ഏതാനും വ്യക്തികളുടെ സ്വകാര്യമാണ് എന്നു തോന്നുമെങ്കിലും, ധർമ്മശാസ്ത്രപരമായി അത് സ്വകാര്യമല്ല.

വ്യക്തിയുടെ ഉദ്ദേശവും പ്രവർത്തനവും ധർമ്മശാസ്ത്രപരം എങ്കിൽ അതിന്നർത്ഥം, വ്യക്തി ആരംഭിച്ച സാമൂഹ്യ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ സമൂഹത്തിലെ ഭരണകൂടം ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുന്നില്ല എന്നാണ്. ഭരണകൂടത്തിന്റെ കാര്യക്ഷമതയില്ലായ്മകൊണ്ടും മറ്റും വ്യക്തി അഥവാ വ്യക്തികൾ ധർമ്മശാസ്ത്രപരമായ സംഘടനകളെ സൃഷ്ടിക്കുമ്പോൾ, ഭരണകൂടം തെറ്റു മനസ്സിലാക്കുകയും വ്യക്തി ആരംഭിച്ചതിനെ, വ്യക്തി ജീവിച്ചിരിക്കെയോ, മരണശേഷമോ, പൊതുകാര്യമായി മനസ്സിലാക്കി ഏറ്റെടുക്കുകയും പിഴവുകളുള്ള സംഘടനകളെ ധർമ്മശാസ്ത്രപരമായി തിരുത്തുകയും വേണം. ഇന്നത്തെ സാമൂഹ്യ - രാഷ്ട്രീയ - വർഗ്ഗ - മത സംഘടനകളും മാത്രമല്ല, സാമൂഹ്യസേവനം ചെയ്യുന്ന ആശുപത്രികളും, വിദ്യാലയങ്ങളും, സാധുജന സംരക്ഷണകേന്ദ്രങ്ങളും, വൃദ്ധഭവനുകളുമൊക്കെ അതിൽ പെടുന്നതാണ്. ഭരണകൂടം ഏറ്റെടുത്തില്ലെങ്കിൽ മുമ്പ് വ്യക്തമാക്കിയതുപോലെ അത്തരം സംഘടനകൾ ചെറിയ ഭരണകൂടങ്ങളായി സമൂഹത്തിൽ പ്രവർത്തിക്കുന്നതാണ്. മതസംഘടനകൾ യാതൊരിക്കലും ധർമ്മ ശാസ്ത്ര പരമായിരുന്നില്ല അഥവാ ദൈവീകമായിരുന്നില്ല എന്നത് പ്രത്യേകം അറിയണം. മഹാപ്രപഞ്ചത്തിന് ഒരു ദൈവമേയുള്ളൂ എന്നതുപോലെ ഒരു രാജ്യത്ത് ഒരു ഭരണകൂടമേ പാടുള്ളൂ. മഹാഭരണാധികാരിയായ ദൈവം പ്രത്യക്ഷമായി ഭരിക്കാതെ, മനുഷ്യരുടെ ഒരു ചില കാര്യങ്ങളിലെ ഭരണനിർവ്വഹണം മനുഷ്യരിലൂടെ നടത്തുന്നതും, മനുഷ്യരെ ഭാഗികമായി ഭരണാധികാരി ആക്കുന്നതും, മനുഷ്യർക്കു വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നതും, മനുഷ്യരെ ദൈവത്തിന്റെയും യാതൊരാളുടെയും അടിമകളല്ലാതാക്കുന്നതും മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

വ്യക്തികളുടെ സംഘടന, വ്യക്തികളെ പരമമായി രക്ഷിക്കില്ല എന്നറിയണം. വ്യക്തിയെ സൃഷ്ടിച്ചതും, ജന്മഗുണങ്ങളെ നൽകിയിട്ടുള്ളതും പരിപാലിക്കുന്നതും മഹാനീതി നൽകുന്നതുമൊക്കെ ദൈവമാണ്.

മനുഷ്യസംഘടനകൾക്കോ നേതാക്കന്മാർക്കോ വ്യക്തിയെ പരമമായി രക്ഷിക്കാനാവില്ല; മാത്രമല്ല, നേതാക്കളെന്നു കരുതുന്നവർ മഹാനീതിയായ ദൈവത്തിന്റെ ദയാവായ്പിനുവേണ്ടി കൂടുതൽ കരയേണ്ടിവരും. ഓരോ വ്യക്തിയും അടിസ്ഥാനപരമായി ഒരു വർഗ്ഗമാണ് എന്നറിയണം. ഓരോ വ്യക്തിയായിട്ടാണ് ദൈവം സൃഷ്ടിക്കുന്നത്, ഓരോ വ്യക്തിയെയുമാണ് അഥവാ ഓരോ കുഞ്ഞിനെയുമാണ് ദൈവം പരിപാലിക്കുന്നതും നീതി നൽകുന്നതും. ഓരോരോ വ്യക്തികളും ചേർന്നതാണ് സമൂഹമെങ്കിലും, നീതി അഥവാ സുഖവും ദുഃഖവും അഥവാ പുണ്യവും പാപവും നൽകുന്നത് ഓരോരോ വ്യക്തിയുടെയും പ്രവർത്തനങ്ങൾക്കാണ്, ഓരോരോ വ്യക്തിക്കുമാണ്. രാജാവ്, മന്ത്രി, നേതാവ്, രാജഗുരു തുടങ്ങിയ പദവികൾ ധർമ്മശാസ്ത്രപരമായി നിർവ്വഹിച്ചില്ലെങ്കിൽ പ്രസ്തുത പദവികൾ വഹിച്ചവർ കടുത്ത ശിക്ഷ വാങ്ങേണ്ടി വരുന്നതാണ്. സമൂഹത്തിലെ വ്യക്തികളുടെയെല്ലാം പൊതുകാര്യങ്ങളെ നിർവ്വഹിക്കാനുള്ള സംവിധാനമാണ് ഭരണകൂടം. അതിനെ ധർമ്മശാസ്ത്രപരമായി ബലപ്പെടുത്തേണ്ടവരായ വ്യക്തികൾ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ സംഘടനകളിലൂടെയും മറ്റും അനവധി ഭരണകൂടങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുകയും സമൂഹത്തിലെ വ്യക്തികളെ അനേകം വിഭാഗങ്ങളായി വിഭജിക്കുകയും ചെയ്താൽ ഭരണകൂടത്തിന് ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കാൻ കഴിയില്ല.

അനേകം സംഘടനകളെ ഉണ്ടാക്കുമ്പോൾ, അതാത് സംഘടനകളിൽ പെട്ടവർക്കു മാത്രമായി ചെറിയ ചെറിയ ദേശങ്ങളും സംഘടനയുടെ ഭരണവ്യവസ്ഥിതി അനുസരിച്ച് മാത്രമുള്ള ജീവിതവും സാദ്ധ്യമാകുമോ എന്നു നോക്കുക.

ഉദാഹരണമായി കൃഷിക്കാർ മാത്രമുള്ള ദേശമോ, നെയ്ത്തുകാർ മാത്രമുള്ള ദേശമോ, വാഹന മെക്കാനിക്കുകൾ മാത്രമുള്ള ദേശമോ സാദ്ധ്യമാകുമോ എന്നു നോക്കുക. കൃഷിക്കാരുടെ ദേശത്തിൽ ഉടുക്കാൻ തുണിയും, യാത്രചെയ്യാൻ വാഹനവും ചികിത്സയ്ക്ക് ഡോക്ടറും ഒക്കെ വേണം.

അതുപോലെ ഓരോരോ തൊഴിലാളി വർഗ്ഗത്തിനായി മാത്രം ദേശങ്ങളെ രൂപീകരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല എന്നു കാണാം. അങ്ങനെയിരിക്കെ എല്ലാ തൊഴിലുകളും ചെയ്യുന്നവർ ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കി ശാസ്ത്രപരമായി ജീവിക്കണം, അത്യാനന്ദകരമായി ജീവിക്കാനാവും. ഒരു രാജ്യത്തിൽ ഒരു ഭരണകൂടമേ പാടുള്ളൂ എന്നത് ഉൾക്കൊണ്ടു ജീവിക്കണം.

(പുരോഹിതന്മാരെ പോലെയുള്ള കള്ള-ക്കൊള്ള-ക്കൂട്ടങ്ങൾക്കു മാത്രമായി ദേശത്തെ രൂപപ്പെടുത്തിയാൽ അവർക്ക് കൊള്ളയടിച്ചും കബളിപ്പിച്ചും ജീവിക്കാൻ ഇര / ജനങ്ങൾ ഇല്ലാതെ വരും എന്ന് തിരിച്ചറിഞ്ഞ് എന്നേ അവർ ധർമ്മശാസ്ത്രപരമായ തൊഴിലുകൾ തേടേണ്ടിയിരുന്നു; ചെയ്യേണ്ടിയിരുന്നു.)

ധർമ്മ ശാസ്ത്രപരമായി ജനസേവനം ചെയ്യാത്തവരുമായി / ഭരിക്കാത്തവരുമായി നിസ്സഹകരിക്കാനും ഭരണാധികാരിയെ മാറ്റാനും ജനങ്ങൾക്കു സാധിക്കുന്നതാണ്. ധർമ്മശാസ്ത്രപ്രകാരം ഓരോ പ്രദേശത്തെയും ജനസഭയാണ് ഭരിക്കുന്നത്, രാഷ്ട്രത്തിലെ കേന്ദ്രഭരണകൂടത്തിനോ സംസ്ഥാന ഭരണകൂടങ്ങൾക്കോ ജനങ്ങളുടെ മേൽ യാതൊരു നികുതികളും ചുമത്താൻ കഴിയുന്നതല്ല, ഇന്നത്തെ പേപ്പർ-ജോലികളുടെ 90%-ലധികവും ആവശ്യമില്ലാത്തതാണ് എന്നതുപോലെ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആവശ്യമില്ലാത്തതാണ് തുടങ്ങിയ കാര്യങ്ങളെ ശാസ്ത്രപരമായ തൊഴിൽ വിഭജനത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ പഠിക്കുമ്പോൾ സുവ്യക്തമാകുന്നതാണ്.

(2) സ്ഥിതിപരം : ഇന്നലെകളിലെ സംഘടനകളെ ഇന്നലെകളിലെ ലക്ഷ്യങ്ങൾക്കായി ഇന്നലെകളിലെ ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ സൃഷ്ടിച്ചതാണെന്നും, സ്ഥാപകരുടെയോ സംഘനടകളുടെയോ പേരിൽ ഊറ്റംകൊള്ളാൻ ഇന്നത്തെ പ്രവർത്തകർക്ക് അവകാശമോ അധികാരമോ ശാസ്ത്രപരമായി ഇല്ലാ എന്നുമറിയണം.

ഇന്നലെകളിൽ ജീവിച്ചവരും മറ്റു സംഘടനയിൽ പ്രവർത്തിച്ചവരും ഇന്ന് മഹാനീതിശാസ്ത്രപ്രകാരം വേറെ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളിലാണ് പുനർജ്ജനിച്ചു പ്രവർത്തിക്കുന്നതെങ്കിൽ മുൻകാല സംഘടനകൊണ്ട് വ്യക്തിപരമായി നേട്ടമില്ല. കോട്ടമുണ്ടായെന്നും വരാം.

സംഘടനാ പ്രവർത്തനങ്ങൾ വ്യക്തിക്ക് അടിസ്ഥാനപരമായി ഗുണംചെയ്യുന്നതല്ല. സംഘടനയെ സൃഷ്ടിക്കുന്ന വ്യക്തി, തന്റെ സ്വകാര്യ ആനന്ദമായി സംഘടനയെ കാണുകയും, മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആഹ്വാനം ചെയ്യുകയും വേണം. അനേക വ്യക്തികൾ ചേർന്ന് സൃഷ്ടിച്ചവയെങ്കിൽ, സ്ഥാപക നേതാക്കളുടെയെല്ലാം മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആവശ്യപ്പെടേണ്ടതുണ്ട്. ജീവിച്ചിരിക്കെ, അതിനായുള്ള പദ്ധതികളും ഒരുക്കേണ്ടതുണ്ട്. ഉദാഹരണമായി ഇന്നത്തെ പോപ്പോ, ഹൈന്ദവ സന്ന്യാസിയോ, മുസ്ലീം രാഷ്ട്രീയ നേതാവോ, മുജ്ജന്മത്തിൽ പാക്കിസ്ഥാനിൽ ജീവിച്ച മതഭ്രാന്തനായ മുസ്ലീം അല്ലായിരുന്നെന്ന് പുനർജ്ജന്മങ്ങളിൽ വിശ്വസിക്കുന്ന ഹിന്ദുസന്ന്യാസിക്ക് തെളിയിക്കാൻ കഴിയുമോ ? മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, അങ്ങനെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് സുവ്യക്തമാവുന്നതാണ്. ഇന്നലെ ഇന്ത്യക്കാരനെ ചുട്ടുകൊന്ന വെള്ളക്കാരൻ അംഗവൈകല്ല്യമുള്ള കറുത്തവർഗ്ഗക്കാരനായി ആഫ്രിക്കയിൽ ജീവിക്കുന്നത് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമാണ്. **ഇന്നലെകളിൽ ബ്രാഹ്മണനായിരിക്കെ ശൂദ്രരോട് കടുത്ത ദ്രോഹം ചെയ്തയാൾ മരിച്ച് ഇന്ന് ശൂദ്രനായി പുനർജ്ജനിച്ച്** 20 **വയസ്സുള്ളപ്പോൾ തന്നെ നൂറ്റാണ്ടുകളായിട്ട് ശൂദ്രർ പീഡിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് വാദിക്കുമ്പോൾ മനുഷ്യമനസ്സുകളിലെ അധർമ്മങ്ങളും അവിവേകങ്ങളുമാണ് വെളിപ്പെടുന്നത്.** മത-ജാതി സഭകൾ ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും എന്നേ കാലഹരണപ്പെടേണ്ടിയിരുന്നു എന്നും സാരം.

ഇന്നലെ നല്ല മനുഷ്യനായി ജീവിക്കുവാൻ ഗാന്ധിക്ക് (ദൈവാനുഗ്രഹത്താൽ) കഴിഞ്ഞുവെങ്കിൽ അത് ഗാന്ധിയുടെ കാര്യമാണ്, അതിൽ ഊറ്റം കൊള്ളാൻ അഥവാ സന്തോഷിക്കാൻ അന്നു ജീവിച്ചവരെ മാത്രമാണ് ദൈവം അനുഗ്രഹിച്ചത്. അവരവർ ചെയ്യുന്ന കാര്യങ്ങൾക്ക് അനുസരിച്ചാണ് പുണ്യവും പാപവും ലഭിക്കുക. ഇന്ന് കോൺഗ്രസ്സിൽ പ്രവർത്തിക്കുന്നവർ കൂടുതലും അന്ന് ഗാന്ധിയെയും കൂട്ടരെയും ദ്രോഹിച്ചവരാണെന്നതിന് പ്രത്യക്ഷ ഉദാഹരണമാണ് പ്രസ്ഥാനം പിരിച്ചുവിടപ്പെടാതെ നിലനിന്നു എന്നത്. **ഗാന്ധിയുടെയോ ക്രൈസ്റ്റിന്റെയോ പേരിൽ മാത്രമല്ല, സംഘടനകളുടെയും സഭകളുടെയും അവയിലെ നേതാക്കളുടെയും പേരിൽ ഏതെങ്കിലും വ്യക്തിയോ അനേകം വ്യക്തികളോ പുതിയ നേതാക്കളോ ഊറ്റംകൊണ്ടിട്ടും ഒരു കാര്യവുമില്ല കുഞ്ഞുങ്ങളേ. ദൈവം നൽകിയ ശക്തികൾ ക്കൊത്ത് ഗാന്ധിയും ക്രൈസ്റ്റുമൊക്കെ ചെയ്ത നല്ല കാര്യങ്ങളെ സ്വയം ചെയ്യാതെ ഗാന്ധിയെ പുകഴ്ത്തുന്നവർക്ക് വേഷംകെട്ടലിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. സംഘടനകളും സഭകളും സ്മാരകങ്ങളും ഇന്ന് പാപകേന്ദ്രങ്ങൾ മാത്രമാണ് എന്നുമറിയുക.**

(3) സംഹാരപരം : ഇന്നലെകളിൽ ജീവിച്ചവർ, ആരംഭിച്ചതായ ധർമ്മശാസ്ത്ര വിരുദ്ധമായ സംഘടനകളെയും സഭകളെയും പിരിച്ചുവിടാനുള്ള പദ്ധതികളെ അവരുടെ മരണത്തിനു മുമ്പ് ഒരുക്കുന്നതിൽ പരാജയപ്പെട്ടത് അവരുടെ തെറ്റാണ്, പാപമാണ്. എന്നാൽ അവർക്ക് അവസാനിപ്പിക്കാൻ കഴിയാതെ പോയ ധർമ്മശാസ്ത്ര വിരുദ്ധമായ സംഘടനകളെ നിലനിർത്തുവാനും സ്വാർത്ഥം നേടുവാനും ഇന്നു ജീവിക്കുന്നവർ ശ്രമിച്ചുകൂടാ. ഇന്നലെകളിൽ സൃഷ്ടിക്കപ്പെട്ട സംഘടനകളെ ശാസ്ത്രപരമായി വിശകലനം ചെയ്യുവാൻ ഇന്നു ജീവിക്കുന്നവർക്ക് ബാദ്ധ്യതയുണ്ട്. മഹാശാസ്ത്രം നൽകുന്ന സുഖങ്ങളെ അനുഭവിച്ച് ഭൂമിയിൽ ജീവിക്കുന്ന എല്ലാവർക്കുമുള്ള സ്വയം ബാദ്ധ്യതയാണത്.

മഹാശാസ്ത്രത്തോടും ദൈവത്തോടുമുള്ള ബാദ്ധ്യത കൂടിയാണത്. **കാലാവധിത്തീയതി എന്നേ കഴിഞ്ഞവയാണ് ഇന്ന് സമൂഹത്തിലുള്ള എല്ലാ മത-ജാതി-വർഗ്ഗ-രാഷ്ട്രീയ സംഘടനകളും മറ്റ് സംഘടനകളും എന്ന് തിരിച്ചറിയാനുള്ള ശാസ്ത്രബോധം ദൈവം നൽകിയിട്ടുണ്ട്.**

ദൈവീകമായ **സാമ്പത്തികശാസ്ത്രം** പഠിക്കുമ്പോൾ, സമ്പത്ത് പിൻഗാമികൾക്ക് കൈമാറ്റം ചെയ്യുവാൻ സംഘടനകളുടെ നടത്തിപ്പുകാർക്കും മറ്റുള്ളവർക്കും അധികാരമില്ലെന്നു വ്യക്തമാകുന്നതാണ്. ഞാൻ ഞാൻ എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ശരീരം പോലും സ്വന്തമല്ലെന്നും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമാണെന്നും ശരീരം ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കുന്നതാണ് മരണം എന്നും, ദൈവാംശമായ ശരീരത്തിന്റെ ഇഷ്ടം പോലെ മരണം നടക്കുമെന്ന തിരിച്ചറിവുണ്ടാകണം. തങ്ങളുടെ മക്കൾ, മാതാപിതാക്കൾ തുടങ്ങി സമസ്ത ജീവികളുടെയും മഹാമാതാവും (മഹാപിതാവും) ദൈവമാണെന്നും മഹാനീതിശാസ്ത്ര പ്രകാരം ദൈവം അവരെയും സംരക്ഷിക്കുമെന്ന് അറിയണം. മഹാപ്രപഞ്ചത്തിലെ വസ്തുക്കളും മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്രഷ്ടാവായ ദൈവത്തിന്റെ സ്വത്താണ്. അത് എങ്ങനെ മാത്രം ഉപയോഗിക്കണമെന്ന് കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തിക ശാസ്ത്രത്തിലൂടെ ദൈവം അറിയിക്കുന്നുണ്ട്. ഭൂമിയിലുള്ള ദൈവത്തിന്റെ എല്ലാ മക്കൾക്കും ധർമ്മശാസ്ത്ര പരമായ അവകാശം ഉള്ളതായ ദൈവത്തിന്റെ സമ്പത്ത് തങ്ങൾക്കു തോന്നുംപോലെ കൈമാറാൻ രക്ഷകർത്താക്കൾക്ക് അവകാശമില്ല. മക്കൾക്ക് സമ്പത്തിന്റെയും ജീവിതത്തിന്റെയും മൂല്ല്യം മനസ്സിലാകാതെ പോകാനും അവർ പാപികളാവാനുമാണ് രക്ഷകർത്താക്കൾ കൈമാറുന്ന ദൈവത്തിന്റെ സമ്പത്ത് കാരണമാകുന്നതെങ്കിൽ, മക്കളെ വഴിതെറ്റിച്ചതിനുള്ള ശിക്ഷയും മാതാപിതാക്കൾ വാങ്ങേണ്ടതുണ്ട്. കുട്ടികൾക്ക് അല്പം സ്വത്ത് കൈമാറുന്ന വലിയ സൗമനസ്യം മഹാശാസ്ത്രപ്രകാരം തീർച്ചയായും ദൈവം കാട്ടുന്നുണ്ട്.

ഭരണകൂടം ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുമ്പോൾ, വ്യക്തികൾക്ക് ആനന്ദത്തോടെ ജീവിക്കുവാൻ കഴിയുന്നതാണ്.

ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം, സംഘടനകളുടെ പേരിൽ വ്യക്തികൾ സ്വരൂപിച്ച സമ്പത്ത് ആദ്യകാല സംഘാടകർക്ക് ധർമ്മശാസ്ത്രപ്രകാരമുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ വിനിയോഗിക്കാം എന്നല്ലാതെ സംഘടനകളെ തങ്ങൾക്കുശേഷം നിലനിർത്തുവാനുള്ള പദ്ധതികൾ ശാസ്ത്രപരമല്ല. പുതിയ അംഗങ്ങളെ സംഘടനയിൽ ചേർക്കുവാനോ സമ്പത്ത് കൈമാറാനോ അവകാശമില്ല. സാധാരണ വ്യക്തികളും, സംഘടനകളെ ഉണ്ടാക്കിയ വ്യക്തികളും തങ്ങളുണ്ടാക്കിയ സംഘടനകളും സമ്പത്തും സാധിക്കുമെങ്കിൽ മരിക്കുമ്പോൾ കൂടെക്കൊണ്ടു പോയിക്കൊള്ളുക; ഒരു എറുമ്പിനെയോ മണൽത്തരിയോ പോലും സൃഷ്ടിക്കാനോ, ദൈവം ശക്തി നൽകിയില്ലെങ്കിൽ ഒരു പുൽക്കൊടി ഉയർത്താനോ പോലും ശക്തിയില്ലാത്ത മനുഷ്യകീടങ്ങൾ ഭൂമി പോലെ എന്തെങ്കിലും സ്വന്തമായി സൃഷ്ടിച്ച് തങ്ങളുടെ സംഘടനയെ സംരക്ഷിച്ചു കൊള്ളുക എന്നല്ലാതെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രം പ്രകാരമുള്ള കാര്യങ്ങളെ മാത്രമേ അനുവദിച്ചിട്ടുള്ളൂ, നിലനിൽക്കുകയുള്ളൂ. ആദ്യകാല സംഘാടകർ മരിക്കുമ്പോൾ, സംഘടനയും സമ്പത്തും ജനസേവന കേന്ദ്രമായ ഭരണകൂടത്തിൽ ലയിപ്പിക്കാനുള്ളതാണ്. നിലവിൽ അവ തുടർന്നു നിലനിൽക്കുന്നത് ഭൂമിയിൽ യാതൊരു ദേശത്തും ശാസ്ത്രപരമായ ഭരണകൂടങ്ങൾ ഇല്ലാത്തതു കൊണ്ടാണ്. വ്യക്തികളും സംഘടനകളുമൊക്കെ സമൂഹത്തിൽ സ്ഥാപിക്കുന്ന സംവിധാനങ്ങളെ ദൈവീകമായ സാമ്പത്തികശാസ്ത്രം ശുദ്ധിചെയ്യുന്നുണ്ട് എന്നു സാരം.

ക്രൈസ്റ്റിനെയും ഗാന്ധിയെയും പോലെയുള്ളവരെ പ്രത്യേക നിയോഗത്തോടെ ദൈവം ഭൂമിയിലേക്ക് അയച്ചപ്പോൾ, വ്യക്തിജീവിതത്തിൽ അവർ വളരെയധികം കഷ്ടങ്ങളെ സഹിച്ചു. അവരുടെ ചുറ്റുമുള്ളവരെ സംബന്ധിച്ച് ജന്മങ്ങളുമായി ബന്ധപ്പെട്ട മഹാനീതികാര്യങ്ങൾ ഉണ്ടെന്നത് വസ്തുതയാണ്.

സാമൂഹ്യപ്രവർത്തകരായ വ്യക്തികൾക്ക് ജീവിതാനന്ദം നിഷേധിക്കുന്ന സാമൂഹ്യ വിപ്ലവങ്ങളും ഭീകരവാദങ്ങളും സമൂഹത്തിൽ ഉണ്ടാവാതെ കാക്കുവാൻ ദൈവീകമായ ഏക ജനസേവന കേന്ദ്രം/ ഭരണകൂടം സമൂഹത്തിൽ ഉണ്ടാവണം. മുമ്പ് പറഞ്ഞതുപോലെ, പ്രസ്തുത സമൂഹത്തിലെ ഓരോ വ്യക്തിയും ഭരിക്കുന്ന രാജാവിനേക്കാളും ചെറിയവരുമല്ല, ഭിക്ഷക്കാരേക്കാൾ വലിയവരുമല്ല. ഏറ്റവും വലിയ നിലയിലെത്താൻ ഏറ്റവും താണതെന്നു തെറ്റിദ്ധരിച്ചിട്ടുള്ള മഹാകാര്യങ്ങളെ ചെയ്യേണ്ടതുണ്ട്, ആയതിന് തൊട്ടിയും തൂക്കി മലം വാരാൻ പോയ ഗാന്ധിയെ പാഠമാക്കാവുന്നതാണ്. വൈകാതെ 'മായ' പ്രത്യക്ഷമാകുന്നതാണ്, എല്ലാ ജീവിതകാര്യങ്ങളും ദൈവാനുഗ്രഹത്താൽ ധർമ്മശാസ്ത്ര പരം ആകുന്നതാണ്, മഹാമംഗളമാകുന്നതാണ്, കുഞ്ഞുങ്ങളെ.

ദൈവ-വിപ്ലവത്തോടെ, ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതുകൊണ്ട് മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും ചുമന്നുനടന്നവർ തന്നെ അവയെ ചുട്ടെരിക്കുന്നതുമാണ്. എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ദൈവീകമായ സാമ്പത്തിക ശാസ്ത്രവും, ദൈവീകമായ ഭരണ സംവിധാനങ്ങളും നടപ്പാകുന്നതാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മഹാവേദ ഗ്രന്ഥത്തിൽ, മഹാപ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളെയും മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. മണ്ണിന്റെ നിയമങ്ങളെ പാലിക്കേണ്ടത് മോക്ഷം ലഭിക്കാൻ, ഓരോ മനുഷ്യന്റെയും ആവശ്യമാകുന്നതാണ്.

മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വ്യവസായ ഉല്പന്നങ്ങളെ മനുഷ്യൻ നിർമ്മിക്കുമ്പോൾ ധർമ്മ ശാസ്ത്ര നിയമങ്ങളും ഒപ്പം ഉണ്ടെന്ന് മുകളിൽ വിശദീകരിച്ചിരുന്നു.

ദൈവകാര്യങ്ങൾ മൂലകങ്ങളിൽ ഓം ആയിട്ടുണ്ട്.

എന്നാൽ, നികുതികൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവ മണ്ണിലെ മൂലകങ്ങളിലും ഉല്പന്നങ്ങളിലും ഇല്ല; അവയ്ക്ക് ഭൗതിക അസ്തിത്വവും ഇല്ല; ധർമ്മ ശാസ്ത്രവുമായി ബന്ധമില്ലാത്ത അധമ സംവിധാനം മാത്രമാണ്. ധർമ്മ ശാസ്ത്ര വിരുദ്ധമായ നിയമങ്ങളും പ്രവൃത്തികളും നടത്തുവാൻ വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടമായോ തയ്യാറായാൽ, അവയെ തിരുത്തി ശുദ്ധി ചെയ്യാൻ ഭൗതിക അസ്തിത്വം ഉള്ള നിയമങ്ങളും ഘടകങ്ങളും ന്യൂനശക്തികളായി മണ്ണിലെ മൂലകങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂനശക്തികളുടെ പ്രവർത്തനത്തെ തടയാൻ മനുഷ്യർക്കു കഴിയുന്നതല്ല. ന്യൂനശക്തികളെപ്പറ്റി അടുത്തൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിക്കും രണ്ടാമതായി ഒരു ഭാഗം കൂടിയുണ്ട്; പുരുഷന് സ്ത്രീയും, സ്ത്രീക്ക് പുരുഷനും. ആകയാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ്.

മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ സർവ്വത്തെയും നേടാനും അനുഭവിക്കാനുമായി 'ശരീരത്തെയും ഉചിതമായ അവയവങ്ങളെയും' ദൈവം സൃഷ്ടിച്ച്, ജീവികളുടെ സ്വത്വമായ ആത്മാവിനോട് ചേർത്തിട്ടുണ്ട്.

ബുദ്ധിശക്തി കുറച്ചു ലഭിച്ചവർ എന്ന് മനുഷ്യൻ കരുതുന്ന മറ്റുള്ള ജീവികൾ പോലും, ലഭ്യമായ അവയവങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിക്കുന്നത്. ബുദ്ധി ശക്തി കൂടുതൽ ലഭിച്ചിട്ടുണ്ട് എന്ന് പറഞ്ഞ് ജീവിക്കുന്നവരായ മനുഷ്യനെ ഭരിക്കാനും ശിക്ഷിക്കാനും മറ്റുമായി അവരുടെ ശരീരത്തിന്റെ ഭാഗമോ അവയവങ്ങളോ അല്ലാത്ത ഭരണാധികാരികളെ 'മണ്ണും ഭൂമിയുമായ ദൈവം' നിശ്ചയിക്കുകയോ നിയമിക്കുകയോ ചെയ്തിട്ടില്ല.

മണ്ണിന്റെ നിയമങ്ങളിൽ യാതൊരു ജീവികൾക്കും ജീവിക്കാൻ ഭരണാധികാരികളെ വേണ്ടാ. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവർ ജനങ്ങളുടെ സേവകർ മാത്രമാണ്. യജമാനരും ഭരണാധികാരികളും എപ്പോഴും ജനങ്ങൾ മാത്രമാണ്.

യജമാനരായ ജനങ്ങൾ എല്ലായ്പ്പോഴും സേവകരെയാണ് ഭരിക്കേണ്ടത്; മറിച്ചല്ല.

ഐഡന്റിറ്റി കാർഡ്, ആധാർകാർഡ്, ഹെൽമെറ്റ്, യൂണിഫോം വസ്ത്രങ്ങൾ, പിഴ, തുടങ്ങിയവ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും പൊതുജനസേവകരുമായ പോലീസ് സേന, ഉദ്യോഗസ്ഥർ, മന്ത്രി, രാജാവ് എന്നിവർക്ക് നിർബ്ബന്ധമാക്കണമോ എന്ന് മണ്ണിലെ ധർമ്മ ശാസ്ത്ര പ്രകാരം യജമാനരായ ജനങ്ങൾ നിശ്ചയിക്കേണ്ട കാര്യങ്ങളാണ്.

സനാതന ധർമ്മം

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് ഏകമഹാശക്തിയായ മഹാദേവിയുടെ 'മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും' മഹാസൂക്ഷ്മമായ അംശങ്ങളും 'ശബ്ദ ബ്രഹ്മവും' ചേർത്താണ്. മഹാജ്ഞാനത്തിന്റെ പ്രസ്തുത ഓഹരിയെ മഹാവേദം, മഹാശാസ്ത്രം, ഓംകാര ശാസ്ത്രം എന്നും പറയാം. മഹാപ്രപഞ്ചത്തിലെ മൂലകങ്ങളുടെ ആറ്റങ്ങളിൽ ശക്തിശിവൻ പ്രണയമന്ത്രം, സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, മഹാശാസ്ത്ര മൂലം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, മഹാസൂക്ഷ്മ ശബ്ദം, ഏക മഹാശബ്ദം, ദൈവ വിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി എന്നിവയായി കുടികൊള്ളുന്ന ഓം മഹാജ്ഞാനത്തിന്റെ ഓഹരിയായ മഹാശാസ്ത്രത്തോടു ചേരുമ്പോൾ മഹാശാസ്ത്രം സമ്പൂർണ്ണമായും മഹാജ്ഞാനമായി പരിണമിക്കുകയും ചെയ്യുന്നു.

ഓംകാര ശാസ്ത്രം എന്നുകൂടി അറിയപ്പെടുന്ന മഹാവേദത്തിന്റെ ഭാഗങ്ങളും, 3 വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതിശാസ്ത്രം എന്നിവ മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ എക്കാലവും ഭൗതിക അസ്തിത്വത്തോടെ മഹാലയിച്ചിരിക്കുകയാൽ അവ സനാതന ധർമ്മം കൂടിയാണ്; കാലാതീതമാണ്.

ഒരു മഹാകാല ചക്രം = 100 പരമകാല ചക്രങ്ങൾ; ഒരു പരമകാല ചക്രം = 100 കാല ചക്രങ്ങൾ; ഒരു കാല ചക്രം = 100 സൃഷ്ടി ചക്രങ്ങൾ; ഒരു സൃഷ്ടി ചക്രം = 10000 വർഷങ്ങൾ എന്നതിൻ പ്രകാരം, ആയിരം കോടി വർഷങ്ങൾ ചേർന്നതാണ് ഒരു മഹാകാല ചക്രം.

ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാല ചക്രമാണ്; അതിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്; ഏറെക്കുറെ 4500 വർഷം ആവുന്നു; കൃത്യം 4500 വർഷം പൂർത്തിയാകുമ്പോൾ, എല്ലാ സൃഷ്ടി ചക്രങ്ങളിലും 3 മുതൽ 33 വർഷക്കാലം ഭൂമിയിൽ മുഴുവൻ തുടർച്ചയായി ഓം മുഴങ്ങുന്നതാണ്. ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയുന്നതാണ്. ഓം മുഴങ്ങുന്ന ദിവസം മുതൽ പുതിയ കലണ്ടർ 01.01.0001 എന്ന് 28 ദിവസങ്ങൾ ഉള്ള 13 മാസങ്ങളോടെ ആരംഭിക്കും.

28 × 13 = 364 + 1 ദേവീ ആഘോഷ ദിവസം = 365;

4 വർഷത്തിലെ അധിക ദിവസ-രാത്രി = ശിവരാത്രി.

മുകളിലുള്ള കാലഗണനയിൽ നിന്നും സനാതന ധർമ്മത്തിന് മഹാപ്രപഞ്ചത്തിന്റെ പ്രായം ഉണ്ടെന്ന് വ്യക്തമാണ്; ആയിരം കോടിയിൽ അധികം വർഷങ്ങൾ.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ മനുഷ്യർ ഭയക്കാതിരിക്കാനും, ദൈവവും ഓംകാര നീതിശാസ്ത്രവും മഹാവാത്സല്ല്യമാണെന്ന് ബോദ്ധ്യപ്പെടുത്താനും കൂടിയാണ് മഹാമാതാവായ മഹാദേവിയായി ദൈവം രൂപമെടുത്തിട്ടുള്ളത്. മഹാദേവിയും, ~ഭാഗമായ പരമശിവനും, പശു-പശുപതി, നാഗങ്ങൾ എന്നീ രൂപത്തിൽ സൃഷ്ടികളെ സേവിക്കുകയും, അവരിൽ നിന്ന് മോക്ഷം നേടിയവരെ ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായ ദേവതകളായി നിയമിച്ചതും, ഇപ്പോൾ പിൻവലിച്ചിട്ടുള്ളതും സനാതന ധർമ്മത്തെ ഉയർത്താൻ കൂടിയാണ്.

ഏതാനും ദശകങ്ങൾ കൊണ്ട് ജീവിച്ചു മരിക്കുന്ന മനുഷ്യന് സാധാരണ ജന്മത്തിൽ സനാതന ധർമ്മം എന്ന മഹാവേദത്തെ ഗ്രഹിക്കാൻ കഴിയുന്നതല്ല.

സനാതന ധർമ്മം അറിയുന്നത് എപ്പോൾ ?

ഭൂമിയിൽ ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിച്ച ശേഷം, 5000 വർഷം കൊണ്ട് അനുക്രമമായി ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിലെ ഒരു ശിവരാത്രിയിൽ പ്രപഞ്ചപിതാവും അർദ്ധമഹാദേവിയുമായ പരമശിവൻ ഓരോ മനുഷ്യന്റെയും നാവിൽ ഏക ദൈവീക-ബിരുദവും അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിച്ച് മഹാദേവിയുടെ മഹാജ്ഞാനമായ മഹാവേദത്തെ നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകും. മഹാഭീമമായ മഹാശാസ്ത്രം ഭയപ്പെടുത്തുന്നതുമാണ്. സ്ത്രീകളായും പുരുഷന്മാരായും വ്യത്യസ്ത ദേശങ്ങളിലും മതങ്ങളിലും ജാതികളിലും വർഗ്ഗങ്ങളിലും തൊഴിലുകളിലും മറ്റും പെട്ട് ഓരോ മനുഷ്യനും പിന്നിട്ട ജന്മങ്ങളെയും തെറ്റുകുറ്റങ്ങളെയും പറ്റിയുള്ള ഓർമ്മകളും ലഭിക്കും. മഹാനീതിയും മഹാമാതാവുമായ മഹാദേവിയുടെ മഹാവാത്സല്ല്യവും മഹത്വവും തിരിച്ചറിഞ്ഞ് ഓരോ വ്യക്തിയും വിതുമ്പി വിതുമ്പി കരയുകയും 'അർദ്ധ-മഹാദേവിയായ പരമശിവനോട് കുമ്പസരിക്കുകയും' ചെയ്യും.

സനാതന ധർമ്മം എന്താണെന്ന് അനുഭവിച്ച് അറിയുകയും സത്യം ശിവം സുന്ദരം എന്ന സനാതന ധർമ്മം പ്രകാരം ജീവിച്ചു തുടങ്ങുന്നതും അപ്പോഴാണ്. മോക്ഷം ലഭിക്കും വരെയുള്ള ശിഷ്ട ജന്മങ്ങളിൽ ഉപകരിക്കും വിധത്തിൽ സനാതന ധർമ്മ തത്ത്വങ്ങൾ ജീവാത്മാവിൽ ലയിച്ചു ചേരുന്നതുമാണ്.

സൂചിത മഹാവേദ ഗ്രന്ഥത്തിൽ മഹാപ്രപഞ്ചത്തിലെ ഏതൊരു വിഷയത്തിനും ചോദ്യത്തിനുമുള്ള ശാസ്ത്ര പരമായ ഉത്തരം ഉണ്ട്. കൂടുതൽ വിശദീകരണങ്ങളെ ആഗ്രഹിക്കുന്നവർക്ക് സ്വയം തേടാനും നേടാനുമുള്ള വഴികളുമുണ്ട്.

1 2 3 4 5 6 7 8 9 10 11 ....19 .. 20 .. 29 .. 100 **എന്നിങ്ങനെ ശാസ്ത്ര പാഠങ്ങൾക്ക് സ്വന്തം അഭിരുചി പ്രകാരം സ്ഥാനം കൊടുക്കുമ്പോൾ പോലും, ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം മഹാഭീമമാണെന്നും അവയിലെ പാഠങ്ങളെ അതാത് ജന്മത്തിലെ ദൈവദത്തമായ അഭിരുചികളും ആവശ്യങ്ങളും പ്രകാരം പഠിക്കുകയേ വേണ്ടൂ എന്നും സുവ്യക്തമാണ്. വിദ്യാഭ്യാസം ചെയ്യാൻ മനുഷ്യഗുരു നിർബ്ബന്ധമല്ല എന്ന പാഠം അതിലുണ്ട്. മറ്റുള്ള ജീവികളും അത് കാണിച്ചു തരുന്നുണ്ട്. മനുഷ്യ ഗുരുക്കന്മാർ വേണ്ടാ എന്നോ പാടില്ലാ എന്നോ ദുർവ്യാഖ്യാനിച്ചു കൂടാ.**

അഭിരുചി പ്രകാരം പാഠങ്ങളെ പകർന്നു നൽകാനും, മുറ പ്രകാരം പാഠങ്ങളെ പഠിക്കാനും കഴിയുന്നതു നല്ലതാണ്. എന്നാൽ അത്യാവശ്യമോ ആവശ്യമോ അല്ല. എന്തെന്നാൽ ജീവിക്കുന്നത് ആനന്ദിക്കാനാണ്; പഠിക്കാനല്ല; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും ധർമ്മശാസ്ത്ര പ്രകാരം ജീവിക്കാനും പഠനം ആവശ്യമാണ് എന്നേയുള്ളൂ. പ്രത്യേക മുറകൾ പ്രകാരം പാഠങ്ങളെ പഠിപ്പിക്കാൻ നാവിൽ ഓം ലഭിച്ച് സത്യം ശിവം സുന്ദരം എന്ന സനാതന ധർമ്മം പ്രകാരം ജീവിക്കുന്ന വ്യക്തിക്കോ, മഹാദേവിക്കോ, ~ഭാഗമായ മഹാദേവനോ മാത്രമേ കഴിയൂ.

ജ്ഞാനം വർദ്ധിപ്പിക്കാനും വ്യക്തി ചെയ്യേണ്ടുന്ന പകുതി പൂർത്തിയാക്കുവാനും തയ്യാറാവണം. വിഷയ താല്പര്യമുള്ളവർ, മരണം വരെയും പുതിയ പാഠങ്ങളെ ഗവേഷണത്തോടെ പഠിക്കുന്നതാണ്.

ഭൗതികപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും ജീവികളെയും ഭൗതികമായിട്ടു തന്നെ നിയന്ത്രിക്കുന്നതിന്നായിട്ട് വായു, വെള്ളം, മണ്ണ്, ജീവികളുടെ ശരീരം തുടങ്ങിയ എല്ലാ വസ്തുക്കളിലും, ദൈവം ഭൗതികനിയമങ്ങളെയും ഉള്ളടക്കംചെയ്തിരിക്കുന്നു. സർവ്വവും പ്രവർത്തിക്കുന്നത് അതാതു വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിട്ടുള്ള നിയമങ്ങൾ പ്രകാരമാണ്. വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിട്ടുള്ള നിയമങ്ങൾ പ്രകാരമല്ലാതെ വസ്തുക്കളെ പ്രവർത്തിപ്പിക്കുവാൻ ജീവികൾക്ക് സാധിക്കുന്നതല്ല. കാലാനുസൃതമായി വെളിപ്പെടുത്തുവാനായിട്ട് ദൈവം സജ്ജമാക്കിയിട്ടുള്ള മഹാശാസ്ത്രത്തെ ഏതെങ്കിലും പ്രത്യേക വ്യക്തിക്ക് മാത്രമോ, പുരാതനകാലത്തിലോ വെളിപ്പെടുത്താൻ കഴിയുന്നതല്ല.

ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിൽ എത്തുന്ന അവസരത്തിൽ, പ്രപഞ്ചത്തിന്റെ ശ്രേഷ്ഠത്വം സ്പഷ്ടമായി വിശദീകരിച്ചു കൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തും മാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രത്തിന്റെ ക്രോഡീകരണം നടത്തപ്പെടുകയുള്ളൂ. ഏകദൈവവും ബ്രഹ്മവും കൂടിയായ മഹാദേവിക്ക് സ്വന്തം ഭാഗമായ പരമശിവനിൽ 'മത്സ്യാവതാരം, ഓം' തുടങ്ങിയവ ബന്ധിപ്പിച്ചു കൊണ്ട് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ഓംകാര നീതിശാസ്ത്രം എന്നീ യഥാർത്ഥ വേദങ്ങളെ വീണ്ടെടുത്തു നൽകുന്ന മഹാപദ്ധതിയുണ്ട്.

ദൈവം മഹാകനിഞ്ഞു നൽകിയിട്ടുള്ള ശക്തികളെയും ബുദ്ധിശക്തികളെയും സ്വതന്ത്രമായും ശുദ്ധമായും ഉപയോഗിക്കുവാൻ ഭാഗ്യമുണ്ടാകുന്ന ആധുനിക കാലത്തെ മനുഷ്യർക്ക് മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളെ മുഖ്യമായും 3 വിഭാഗങ്ങളായിട്ട് (3 വേദങ്ങളായിട്ട്) മനസ്സിലാക്കാനാവുന്നതാണ്. ഒന്നാമത്തെ വേദം ഭൗതികശാസ്ത്രമാണ്; യുക്തിശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജീവിശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്. രണ്ടാമത്തെ വേദം ധർമ്മശാസ്ത്രമാണ്; യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, നീതിന്യായശാസ്ത്രം, ഭരണതന്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽ, തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്. മൂന്നാമത്തെ വേദം ആത്മീയശാസ്ത്രം/നീതിശാസ്ത്രമാണ്; യുക്തിശാസ്ത്രം, ദൈവം, പ്രപഞ്ചസൃഷ്ടി, ദൈവീക മഹാനീതിശാസ്ത്രം, ജീവികളുടെ ജനനം, ജീവിതം, മരണം, മോക്ഷം, തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

നാലാമത്തെ വേദം എന്ന് മുമ്പ് വിശേഷിപ്പിച്ചിരുന്നത് വർജ്ജ്യമായ മന്ത്രശാസ്ത്രത്തെയാണ്. മന്ത്രപൂജാസിദ്ധിശാസ്ത്രം, ആയുർവ്വേദം എന്നീ ശാഖകളുണ്ട്. സൃഷ്ടിക്ക് ആധാരമായിട്ടുള്ളത് ദൈവത്തിന്റെ 'മഹാമായ' ആകയാലാണ്, വർജ്ജ്യമെങ്കിലും മന്ത്രശാസ്ത്രത്തെ (മുമ്പ്) നിലനിർത്തിയിരുന്നത്.

ശാസ്ത്രനിയമങ്ങൾ മാത്രമായ ദൈവശാസ്ത്രത്തിൽ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികളുടെയും ചരിത്രങ്ങളോ നാമങ്ങളോ ഉണ്ടാവുന്നതല്ല; ദൈവശാസ്ത്രങ്ങളെന്ന് അവകാശപ്പെടുന്ന മതഗ്രന്ഥങ്ങളെല്ലാം തന്നെ മനുഷ്യപുരാണങ്ങളോ ഒരുചില വെളിപാടുകൾ ഉൾപ്പെട്ട ചരിത്രങ്ങളോ ആണ്. സ്രഷ്ടാവായ മഹാദേവിയുടെയും ഭാഗമായ പരമശിവന്റെയും നാമങ്ങൾ മാത്രം കുഞ്ഞുങ്ങൾക്കു വേണ്ടി ഉചിതമായി ഉൾപ്പെടുന്നതുമാണ്.

കാലഘട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ദൈവം പ്രപഞ്ചത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ള മഹാശാസ്ത്രത്തെ ഗവേഷകരിലൂടെയും മറ്റും വെളിപ്പെടുത്തുന്നു എന്നല്ലാതെ ദൈവശാസ്ത്ര അവതരണത്തിനായിട്ട് പ്രത്യേക വ്യക്തികളെ ദൈവത്തിന് ആവശ്യമില്ല. മഹാശക്തിയായ ദൈവത്തിന് യാതൊരാളുടെയും സഹായം ആവശ്യമില്ല എന്നതും ദൈവം ശക്തി നൽകാതെ യാതൊന്നിനും യാതൊരാൾക്കും ശക്തി ഉണ്ടാകുന്നതല്ല എന്നതും മഹാനീതിയാണ് ദൈവം എന്നതും കൂട്ടിവായിച്ചാൽ അനവധി അന്ധവിശ്വാസങ്ങൾ അവസാനിക്കുന്നതാണ്. പഴയകാലങ്ങളിലെ ആവശ്യത്തിനൊത്തും അന്വേഷകരുടെ യോഗ്യതകൾക്കൊത്തുമുള്ള ചില വെളിപാടുകൾ തീർച്ചയായും ഉണ്ടായിട്ടുണ്ട്; എന്നാൽ അവയെല്ലാം ഗവേഷണ-ഭാഗങ്ങൾ മാത്രമായിരുന്നു; സമ്പൂർണ്ണ ദൈവശാസ്ത്രം ആയിരുന്നില്ല. (ശാസ്ത്ര-വിശദീകരണങ്ങൾക്ക് : www.omsathyam.com).

ഭൂമിയിലെ ഭൗതിക അസ്തിത്വം ഉള്ളതായ ഓക്സിജൻ, കാർബൺ, ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, സൾഫർ, തുടങ്ങിയ മൂലകങ്ങളിലും, അവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെയെല്ലാം ശരീരം, സംയുക്തങ്ങൾ, എന്നിവയിലും മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് എല്ലാ ആനന്ദങ്ങളെയും (ദൈവം) മനുഷ്യന് ലഭ്യമാക്കുന്നത്. എങ്ങനെയാണ് മനുഷ്യൻ ജീവിക്കേണ്ടത് എന്ന് വിവരിക്കുന്ന ധർമ്മ ശാസ്ത്രവും ഭൂമിയിലെയും, ഓരോ വ്യക്തിയുടെ ശരീരത്തിലെയും, മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

ഭൗതിക ശാസ്ത്ര പാഠങ്ങളെ വെളിപ്പെടുത്തുന്നതു പോലെ ഉചിതമായ സമയത്ത് (മഹാപിതാവും) മഹാമാതാവും മഹാവാത്സല്ല്യവുമായ ദൈവം, ആത്മീയ ശാസ്ത്രം ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെയും വെളിപ്പെടുത്തുന്നതാണ് എന്ന് വിശ്വസിക്കാൻ, ദൈവം നൽകിയ ബുദ്ധിശക്തി കൊണ്ട് കഴിയുന്നതാണ്.

ദൈവം മഹാവാത്സല്ല്യത്തോടെ നൽകുന്നതായ ശക്തികളെയും ബുദ്ധിശക്തികളെയും വ്യക്തി സ്വാതന്ത്ര്യത്തെയും ദുരുപയോഗിച്ച് വ്യത്യസ്തങ്ങളായ മത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ദേവാലയങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും നൂറ്റാണ്ടുകളായി തട്ടിക്കൂട്ടുകയും, പിന്നീട് അവയെ അനുകൂലിച്ചും പ്രതികൂലിച്ചും യുദ്ധങ്ങളും കൂട്ടക്കൊലകളുമായി ജീവിക്കുകയാണ് ഭൂമിയിലെങ്ങുമുള്ള മനുഷ്യർ ചെയ്തു പോരുന്നത്.

ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയശാസ്ത്ര വിഷയങ്ങളെ വഴിപിഴപ്പിച്ചതിന്റെ തുടർച്ചയായി ഉചിതമായ വിശകലനത്തെയും മതപ്പിശാചുക്കൾ തടയുകയുണ്ടായി. ഹൃദയം, കണ്ണ്, കിഡ്നി, ... ഫിസിക്സ്, കെമിസ്ട്രി, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളെ ചർച്ച ചെയ്യാൻ അതാത് വിഷയങ്ങളിൽ ഏറെക്കുറെ സമാന വിജ്ഞാനം ഉള്ള ഡോക്ടർമാർ, ശാസ്ത്ര ഗവേഷകർ, എഞ്ചിനീയർമാർ എന്നിവരാണ് പങ്കെടുക്കേണ്ടത്. അതേപോലെ 1, 2, 3, 9, എന്നീ സ്റ്റാൻഡേർഡുകളിലെ വ്യത്യസ്ത വിജ്ഞാനം ഉള്ളവർ, സാമൂഹ്യ വേദികൾ, ടെലിവിഷൻ ചാനൽ, വാട്സാപ്പ് എന്നിവയിലും മറ്റും ചർച്ച ചെയ്യുമ്പോൾ, തൽക്കാലത്തെ ചെറിയ ജ്ഞാനം കൊണ്ട് ഗൗരവമായ ദൈവകാര്യങ്ങളിലും മറ്റും വാക് പയറ്റു നടത്തിയാൽ 'മുറിവൈദ്യൻ ആളെ കൊല്ലും' എന്നതു പോലെ അവിവേകവും 'ശാസ്ത്ര നിന്ദ എന്ന ദൈവ നിന്ദയും' ഉണ്ടാകും. ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണെന്നിരിക്കെ, വിമർശന ബുദ്ധിയുള്ള കാഴ്ച്ചക്കാരും വിദ്യാർത്ഥികളുമായി മാറിയാൽ അവർക്കും സമൂഹത്തിനും ഗുണം ചെയ്യുന്നതാണ്.

മതാചാര്യന്മാർക്ക് ശരിയെന്നു തോന്നിയവ മതഗ്രന്ഥങ്ങളായി പരിണമിച്ചതിനെ വ്യത്യസ്ത മതപണ്ഡിതന്മാരും പുരോഹിതന്മാരും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ചുമന്നു പോരുകയാണ്; സ്വയം തേടിയതോ നേടിയതോ അല്ല. ദൈവമാണ് ദൈവകാര്യങ്ങളെ അറിയിക്കുന്നതെന്ന് മനസ്സിലാക്കാനും തയ്യാറല്ല !

ദൈവം നൽകുന്ന ബുദ്ധിശക്തിയും ശരീര ശക്തികളും ഉപയോഗിച്ച് ഭക്ഷണം തേടുകയും നേടുകയും, വാത്സല്യം, സ്നേഹം, സഹകരണം, കാമം, ഇത്യാദി ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുകയും ചെയ്യുന്ന മനുഷ്യൻ ഒഴികെയുള്ള യാതൊരു ജീവികളുടെ ഇടയിലും പുസ്തകങ്ങൾ, വിദ്യാലയങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മതങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, തുടങ്ങിയവ ഇല്ല.

(മറ്റുള്ള ജീവികൾക്കും മനുഷ്യർക്കു ലഭിച്ച പോലെയുള്ള ബുദ്ധിശക്തി ലഭിച്ചിരുന്നുവെങ്കിൽ ഭൂമിയിൽ ജീവിക്കാനും കഴിയില്ല!)

മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്ത പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം "അധമ ചെയ്തികൾ" മാത്രമാണെന്നും "തൊഴിലുകൾ അല്ലാ" എന്നും സുവ്യക്തമാണ്. കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് അടിപിടി-കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല. ദൈവത്തിന്റെ നീതി/ആത്മീയ കാര്യങ്ങളിലെ മാനുഷിക ഇടപെടൽ, ജനസേവനം എന്ന വേഷം കെട്ടൽ, മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഡനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. സൂചിത മഹാവേദ ഗ്രന്ഥത്തിൽ ദൈവീകമായി / ശാസ്ത്ര പരമായി തൊഴിലുകളെ വിശദീകരിച്ചിട്ടുണ്ട്;

ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണകൂടങ്ങൾ നടത്തുന്ന പൈശാചികമായ നികുതി സമ്പ്രദായങ്ങളേക്കാൾ ഹീനമാണ് ദൈവത്തിന്റെ പേരിൽ വ്യത്യസ്ത മതജാതി പുരോഹിതരും ബന്ധപ്പെട്ടവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ.

മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാജ്ഞാനമായ മഹാശാസ്ത്ര പ്രകാരം മഹാശക്തിയായ ദൈവം നിർവ്വഹിക്കുമ്പോൾ, ദൈവം നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ കവർന്നെടുത്തു കൊണ്ട്, ദൈവത്തിന്റെ മനുഷ്യക്കുഞ്ഞുങ്ങളെ മത-ജാതി-രാഷ്ട്രീയ ജീവികളായി അധഃപതിപ്പിച്ചും തമ്മിലടിപ്പിച്ചും കൊല്ലിച്ചും ബഹുവിധ ചൂഷണങ്ങളെ ചെയ്യുന്ന കൊടിയ പാപികളാണവർ. ദൈവത്തിന് പ്രസ്തുത പാപികളെയും ശുദ്ധി ചെയ്ത് മറ്റു കുഞ്ഞുങ്ങളോട് ചേർക്കേണ്ടതുണ്ട് എന്നും അറിയണം!.

ദൈവത്തിന് എല്ലാ സൃഷ്ടികളും പൊന്നോമന കുഞ്ഞുങ്ങളാണ്; ദൈവത്തിന് ദാസന്മാരുടെയോ മദ്ധ്യസ്ഥന്മാരുടെയോ ആവശ്യവും ഇല്ല.

വിവരദോഷികളായ കുഞ്ഞുങ്ങൾ സ്വയമോ അന്യോന്യമോ 'ദൈവ ദാസൻ, ദാസി, പ്രതിപുരുഷൻ, പ്രതിനിധി, മാങ്ങാത്തൊലി' എന്നെല്ലാം വിശേഷിപ്പിച്ചാൽ' മൂഢത്തവും ദൈവനിന്ദയുമാണ്.

മതജാതി-ജീവികൾ തട്ടിക്കൂട്ടുന്ന മതജാതി-ജീവികളുടെ സഭകൾക്ക് 'ദൈവ സഭ' എന്നും, ദൈവത്തിന്റെ നേരിട്ടുള്ള അംഗീകാരമോ, മഹാശാസ്ത്രപരമോ അല്ലാത്തതും വ്യത്യസ്ത മതജാതി പരങ്ങളുമായ മന്ദിരങ്ങളെ മതജാതി-ജീവികൾ തട്ടിക്കൂട്ടിയിട്ട് സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ആലയങ്ങൾ എന്നും ദേവാലയം എന്നും കള്ളപ്പേരിടുന്ന പോലെ നീചമാണത്.

പ്രപഞ്ചത്തിൽ ഒരു ദൈവമേയുള്ളൂ എന്ന് പറയുമ്പോൾ ഭൂമിയിലെങ്ങുമുള്ള 'ദേവാലയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും'.. സമാനമാവണം.

ദൈവവും ഭൂമിയും കൂടിയായ മണ്ണിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-അസ്തിത്വം ഉള്ളതായ ഭൗതിക + ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം മനുഷ്യർ ജീവിക്കുക എന്നതു മാത്രമാണ് 'ഏകദൈവത്തിന്റെ ഇഷ്ടം.' ദൈവത്തിന്റെ പേരിൽ വ്യത്യസ്ത മതജാതി പരങ്ങളും വ്യത്യസ്ത രൂപഭാവങ്ങളും ഉള്ളതായ വിശ്വാസങ്ങളും ദേവാലയങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരിക്കുന്നതിനെ മഹാശാസ്ത്ര പരമായി വിശകലനം ചെയ്യുന്നത് യഥാർത്ഥത്തിൽ ലളിതമാണ്.

ജനസേവകരായ ഭരണാധികാരികൾ എല്ലാ മതങ്ങളെയും ശുദ്ധി ചെയ്യാൻ പരിശ്രമിക്കുമായിരുന്നു; അതോടെ മതങ്ങളെല്ലാം അവസാനിച്ച് മഹാശാസ്ത്രം മാത്രം അവശേഷിക്കുമായിരുന്നു !

മണ്ണായ ഭൂമിയിലെയും, അംശമായ ശരീരത്തിലെയും, മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും യഥാർത്ഥമായ വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിവയെ വീണ്ടെടുക്കാനും, ദൈവ കാര്യങ്ങളെ ക്രമപ്പെടുത്താനും ദൈവത്തിന് മഹാശാസ്ത്ര പദ്ധതികൾ ഉണ്ട്. **ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവും, മഹാവാത്സല്ല്യവുമായ മഹാദേവി, ~ 'സ്വന്തം ഭാഗത്തെ',** പ്രപഞ്ച പിതാവ്, പരമശിവൻ, ക്രൈസ്റ്റ്, ദൈവത്തിന്റെ ഏക പ്രതിനിധി, യഥാർത്ഥ റസൂൽ, ഏകദാസൻ, മഹാദാസൻ, തുടങ്ങിയ മഹാനാമങ്ങളോടെ പ്രവർത്തിപ്പിക്കുന്നുണ്ട്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലെങ്ങും ഉടൻ ആരംഭിക്കുന്ന ദൈവവിപ്ലവത്തെയും വിവരിക്കുന്നുണ്ട്.

ശാസ്ത്ര പാഠങ്ങളെ എല്ലാ മനുഷ്യർക്കും ഗ്രഹിക്കാൻ കഴിയുന്നതല്ല; ആവശ്യമില്ല. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണം; ശാസ്ത്ര പാഠങ്ങളെ എല്ലാവർക്കും ഗ്രഹിക്കാൻ കഴിയുന്ന സമ-ബുദ്ധിശക്തികളെ എല്ലാ ജന്മങ്ങളിലും നൽകിയാൽ എല്ലാ തൊഴിലുകളും ചെയ്യാൻ സമൂഹത്തിൽ ആളുകൾ തയ്യാറാവുന്നതല്ല.

ദൈവകാര്യങ്ങളായ മഹാനീതിയെ മനുഷ്യർക്ക് ചെയ്യാൻ കഴിയില്ല; കഴിയുന്നില്ല; കഴിയുന്നതുമല്ല. മഹാനീതിയായ ദൈവം ചെയ്തു കൊള്ളും. ദൈവകാര്യങ്ങളിൽ മനുഷ്യർക്ക് ഇടപെടാൻ കഴിയുന്നതല്ല; ഇടപെടേണ്ട കാര്യവുമില്ല. ഉടൻ ദൈവ വിപ്ലവം ആരംഭിക്കുമ്പോഴും അങ്ങനെ തന്നെ.

ജീവിക്കാൻ അത്യാവശ്യമല്ലാത്ത ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയ ശാസ്ത്ര വിഷയങ്ങളെ 'വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ദേവാലയങ്ങൾ എന്നിവയെ വ്യത്യാസമായി വിളമ്പുന്ന മതങ്ങളുടെയും' മറ്റും പേരിൽ അധഃപതിപ്പിച്ച്, വഴക്കുകളും പീഢനങ്ങളും ഭീകരാക്രമണങ്ങളും കൊല്ലുംകൊലകളും ഉണ്ടാക്കുകയും മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിൽ വിനാശം ഉണ്ടാക്കുന്നതും, ബുദ്ധിശക്തി കൂടുതൽ ലഭിച്ച 'മനുഷ്യൻ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന' അയഥാർത്ഥ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികൾ മാത്രമാണ്.

മഹാദേവി, ഈയുള്ളവന് പരമശിവൻ എന്ന മഹാപദവി നൽകി ഉയർത്തിയിട്ടുണ്ട്. ദൈവ വിപ്ലവത്തിനു മുന്നോടിയായി മഹാശാസ്ത്രം @ യഥാർത്ഥ വേദങ്ങളെ ഈയുള്ളവനിലൂടെ മഹാശാസ്ത്ര പരമായി വീണ്ടെടുത്തിട്ടുള്ളതിന്റെ ഭാഗം മാത്രമാണീ ദിവ്യഗ്രന്ഥം.

ഭൂമിയിൽ തോന്നും പോലെ ജീവിക്കാൻ കഴിയില്ല എന്ന് എല്ലാവരും, പ്രത്യേകിച്ചും, കൊടും പാപികളെയാണ് പാപം കുറയ്ക്കാനും പുണ്യം നേടാനുമായി ജനങ്ങളുടെ അടിമകൾ മാത്രമായ ജനസേവകർ/ മന്ത്രി/ രാജാവ് തുടങ്ങിയ പേരുകളിൽ മഹാനീതി ശാസ്ത്ര പ്രകാരം ഗൂഢമായി ദൈവം നിയമിച്ചിട്ടുള്ളത് എന്നു തിരിച്ചറിഞ്ഞ് തിരുത്തി ജീവിക്കണം. മഹാനീതിശാസ്ത്രവും മേല്പടി ഇ-മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഗൗരവമായ പാഠങ്ങളെ ശാസ്ത്ര പരമായി പഠിക്കാൻ കഴിയുന്നതാണ്. തിരുത്താൻ ലഭിച്ച അവസരങ്ങളെ നഷ്ടപ്പെടുത്തിയ പാപികൾക്ക് പട്ടി, പന്നി, എലി, കഴുത തുടങ്ങിയ ജന്തു-ശിക്ഷകളും, പെരുമാൾ-അട്ട, ഈച്ച തുടങ്ങിയ അതിനീച ജന്മങ്ങളും അനേകം തവണ സ്വീകരിക്കേണ്ടി വരുമ്പോൾ, ശിക്ഷ പിടിച്ചു വാങ്ങുകയാണ്; മഹാവാത്സല്ല്യമായ ദൈവം വേദനയോടെ ശിക്ഷിച്ചു തിരുത്താൻ തയ്യാറാവുകയാണ്.

All people, especially the sinners, must realize that GOD separately give Chances to the top most Sinners on Earth in order that they serve as Slaves to a very large number of people in Countries / States whereby they can reduce their so huge Sins accrued in Past births, and perhaps earn extra a little Holiness too. The Supreme Science of Justice has been added to the Supreme e-book. The Sinners who miss the Godly given opportunities, will have to avail punishing animal births such as dogs, pig, rats, monkeys and donkeys, as well as Leech (Perumal-Atta), house fly (Eecha) etc in many times. In fact those wicked children are grabbing punishments. The Supreme Mother so punish with grief for correction.

എത്ര കൊടിയ പാപിയാണെങ്കിലും, വഴിതെറ്റി ജീവിക്കുന്ന ഒരു കുഞ്ഞിനെയും ദൈവം ഉപേക്ഷിക്കുന്നതല്ല.

ജീവിയോ, പുരുഷനോ സ്ത്രീയോ അല്ലാത്ത മഹാശക്തി മാത്രമായ ദൈവം, മഹാമാതാവ് എന്ന സ്ത്രീ രൂപം സ്വീകരിക്കുന്നതിന്റെ ഒരു മുഖ്യ ഉദ്ദേശ്യം പാപികളായ കുഞ്ഞുങ്ങൾ മഹാനീതിപതി കൂടിയായ ദൈവത്തെയും മഹാനീതിശാസ്ത്രത്തെയും ഭയക്കാതിരിക്കാനാണ്. ശിക്ഷിച്ചു തിരുത്തേണ്ടത് മഹാസമനീതി നടപ്പാക്കാൻ ആവശ്യമാണ്. ശിക്ഷിച്ചുതിരുത്തിയ കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടെ സമ-ആനന്ദത്തെ അനുഗ്രഹിച്ചു നൽകുന്നതുമാണ്.

Even though the Sinner is extremely bad, GOD will not abandon a child/ baby going astray/wrong.

Although GOD is Neither any Creature Nor Woman/ Man; but the Supreme Power, GOD appear as a woman @ the Supreme Mother of the Universe, mainly for the reason that Sinners who are also Babies of GOD, should not fear the Supreme Justice GOD as well as the Supreme Science of Justice. It is necessary to punish and correct to enact Supreme Justice. After punishing & correcting, GOD care to bless with Supreme Motherly love & Equal Pleasures to all Children/ Babies.

മഹാനീതി ശാസ്ത്രം തീർച്ചയായും കടുത്തതാണ് എന്നതിനും ഉപരിയായി മഹാവാത്സല്ല്യമാണ്.

മഹാവാത്സല്ല്യമായ മഹാമാതാവിന്റെ മഹാഹൃദയമായ ഓംകാരം മഹാവാത്സല്ല്യമാണ്.

എല്ലാ ആനന്ദങ്ങളെയും സൃഷ്ടിച്ചിട്ടുള്ള ദൈവം എല്ലാ ആനന്ദങ്ങൾക്കും അതീതമാണ് എന്നിരിക്കെ, സൃഷ്ടികളെ പൊന്നോമന കുഞ്ഞുങ്ങളായി കരുതി, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ ഏക മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളതും ഓംകാര നീതി ശാസ്ത്രം എന്ന മഹാനാമം മഹാനീതി ശാസ്ത്രത്തിന് നൽകിയിട്ടുള്ളതും അർത്ഥപുഷ്ടമാണ്; മഹാവാത്സല്ല്യം കൊണ്ടാണ്.

The Supreme Science is certainly hard; but more than that it's Supreme Motherly Love.

The Supreme Mother's Supreme Heart named as OMKARAM is Supreme Motherly Love.

Since GOD created all the pleasures, it's evident that GOD is beyond all Pleasures. When GOD places the 'Supreme Motherly Love' as GOD's Single Supreme Pleasure, it is vital that GOD considers the Creatures as 'Golden Beloved Babies' with Supreme Motherly Love is meaningful.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദൈവം നേരിട്ട് ഭരിക്കാതെ, മനുഷ്യരിൽ നിന്നും മോക്ഷം നേടിയ കുഞ്ഞുങ്ങൾക്ക് ദേവതകൾ @ മാലാഖമാർ @ മലക്കുകൾ എന്ന പേര് നൽകി അവരിലൂടെ ഭരണം നടത്തിയതും അക്കാലമത്രയും പശുവും പശുപതിയുമായി കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനുമായി പാദസേവ ഉൾപ്പെടെ എല്ലാ സേവനങ്ങളും നാവുകൊണ്ട് ചെയ്തതും, രണ്ടാമത്തെ മഹാകാല ചക്രത്തിൽ ഭരണം നേരിട്ട് ഏറ്റെടുത്ത ശേഷവും ചെയ്തു പോരുന്നതും മഹാനീതി കൂടിയായ മഹാദേവി അടിസ്ഥാനപരമായി മഹാവാത്സല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താനും ഭയം അകറ്റാനുമാണ്. മേല്പടി ഇമഹാവേദ ഗ്രന്ഥത്തിൽ വിശദീകരണമുണ്ട്.

In the First MahaaKaala Chakram consisting of 1000 Crores of years, GOD did not rule the Creatures direct, but entrusted human beings received Moksham @ Salvation, renaming them as Devatas @ Angels, to rule the Creatures, and was serving all Babies @ Creatures all the time even cleaning their feet too with Tongue, as COW & OX. Even after taking up the DIRECT Rule in the Second MahaaKaala Chakram, MAHAADEVI @ the Supreme Justice, serve the Children /Creatures with Supreme Motherly Love as their Servants, making all Human beings realize that GOD is basically Supreme Motherly Love, and to end up their Fear. Detailed in the Supreme E-book mentioned above.

അവകാശം ഉണ്ടെങ്കിൽ മാത്രമാണ് അധികാരമുള്ളത് എന്ന മഹാശാസ്ത്ര നിയമത്തിന് കളങ്കമുണ്ടാകുന്നില്ല; എന്തെന്നാൽ ജീവികളുടെയും വസ്തുക്കളുടെയും മൂലകങ്ങളിലുള്ള ആറ്റങ്ങളിലെല്ലാം ശക്തിചക്രവും ശിവചക്രവും ഉണ്ട്. മഹാനീതിശാസ്ത്ര പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവികളുടെ ശരീരങ്ങളിലൂടെ മഹാനിർവ്വഹിക്കുന്നുണ്ട്.

മഹാശക്തിയായ ശക്തിചക്രം അഥവാ മഹാശക്തിചക്രം കൂടിയായ മഹാദേവി മഹാനിശ്ചയിക്കുന്നതു പോലെ, മഹാപ്രപഞ്ചത്തിലെ ആവശ്യങ്ങൾക്ക് അനുസരിച്ച്, നിർജ്ജീവമായോ, ദാസനായോ, മഹാശക്തനായ ദാസനായോ, മഹാദേവനായോ, പ്രതിനിധിയായോ, ഒക്കെ പ്രവർത്തിക്കുന്ന മഹാഅവസ്ഥയെ ശിവചക്രം കൂടിയായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്നു.

ഭൂമിയും മഹാശക്തിയും മഹാശക്തിചക്രവും ബ്രഹ്മവുമായ മഹാദേവി മഹാആവിഷ്ക്കരിച്ച മഹാശാസ്ത്രപ്രകാരമുള്ള സ്വത്വം മാത്രമായും അല്ലാതെയും ശിവചക്രത്തിന് ഏതൊരു സ്ഥാനവും നിശ്ചയിക്കുന്നത് മഹാശക്തിചക്രമാണ്. സ്വത്വത്തെപ്പറ്റിയുള്ള അറിവും ശക്തിയും എന്തും ശിവചക്രത്തിനു ലഭിക്കുന്നതും മഹാശക്തി മഹാകനിയുമ്പോഴാണ്.

മണ്ണായ ഭൂമിയെ ദൈവത്തിന്റെ മഹാരൂപമായിട്ടു മനസ്സിലാക്കാൻ കഴിയുമ്പോൾ, ശിവചക്രമായ ഏകദാസനെ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഭാഗമാക്കിയിട്ടുള്ളതും സുവ്യക്തമാണ്.

പ്രപഞ്ചത്തിലെ വസ്തുക്കളുടെ മൂലകങ്ങളിലെ തന്മാത്ര-കളിൽ ഉള്ളത് ആറ്റങ്ങളാണെങ്കിൽ (atom), ആറ്റങ്ങളിലെ പ്രോട്ടോണുകളും ഇലക്ട്രോണുകളും ശക്തിചക്രവും ശിവചക്രവുമാണ്. പ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാശക്തിചക്രം ആണെങ്കിലും, 'മഹാപിതാവ്' എന്ന സ്ഥാനം സ്വയം ഉപേക്ഷിച്ച്, ഓരോ ആറ്റത്തിലും സ്ഥാനവും അവകാശവും നൽകിക്കൊണ്ട് ഏകദാസനായ ശിവചക്രത്തിന് പ്രപഞ്ചപിതാവ് എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകുകയാണ്.

ഏകമഹാശക്തിയായ ദൈവം, സ്ത്രീ രൂപത്തിൽ മഹാമാതാവായ മഹാദേവി മാത്രമായി ക്കൊണ്ട് മഹാവാത്സല്യത്തെ ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ, മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയെല്ലാം ഉചിതമായി ഉപദേശിക്കാനും ശാസിക്കാനും ശിക്ഷിക്കാനും പ്രപഞ്ചപിതാവായ ശിവചക്രത്തെ അധികാരപ്പെടുത്തുന്നു.

സ്ത്രീ പുരുഷന്മാരായിട്ട് ഭൂമിയിലെ മനുഷ്യരെ രണ്ടായിട്ടു വിഭജിച്ചതിലൂടെ മനുഷ്യർക്ക് മാതാവിനെയും പിതാവിനെയും സൃഷ്ടിച്ചിട്ടുണ്ട്. ജീവിയല്ലാത്ത ദൈവം, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെ സന്തോഷത്തെ കണക്കാക്കി,

പ്രപഞ്ചമഹാമാതാവായും പ്രപഞ്ചപിതാവായും മഹാശാസ്ത്രപരമായിട്ട് മഹാശക്തി-ശിവചക്രങ്ങൾ രൂപമെടുക്കുന്നതിനെ 'ജീവികളെ കുഞ്ഞുങ്ങളാക്കി സൃഷ്ടിച്ച് മഹാവാത്സല്യത്തോടെ' അനന്തമായ ആനന്ദങ്ങളെ നൽകാനാണെന്ന് അറിയണം.

മഹാശക്തിചക്രം, ശിവചക്രത്തെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പാണെന്നതും, മഹാദിവ്യമായ മഹാശക്തി-ശിവ-വിവാഹത്തിന് സാക്ഷികളില്ലെന്നും, സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാഭദ്രപ്പെടുത്തുവാനായിട്ട് മഹാശക്തിയായ മഹാദേവി ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന ദിവ്യമഹാവിദ്യയാണ് അതെന്നും, സ്രഷ്ടാവായ 'മഹാദേവി+ദേവന്റെ' ആനന്ദത്തെ, സൃഷ്ടികളായ മനുഷ്യരുടെയും മറ്റും ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

മുകളിൽ വിശദീകരിച്ച കാര്യങ്ങൾക്കെല്ലാം ദൈവവുമായും, മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായും' മാത്രമാണ് ബന്ധം.

മഹാദേവിയുടെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്. എന്നാൽ മഹാപ്രപഞ്ചത്തിന് അതീതമാണ് ദൈവ കാര്യങ്ങൾ. ദൈവം, ദൈവ രൂപം, മായ, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, എന്നിവ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കുന്നത് 'ശബ്ദ ബ്രഹ്മം' കൂടിയായ ഓം കൊണ്ടാണ്.

ദൈവ കാര്യങ്ങളെ മഹാഉചിതമായ സമയത്ത് ദൈവ-ഭാഗമായ പരമശിവനിലൂടെ ദൈവമായ മഹാദേവി വെളിപ്പെടുത്തുന്നു. മഹാശിവയായ മഹാദേവിയുടെ സൃഷ്ടി-അംശം മത്സ്യാവതാരം എടുത്ത് പരമശിവനായി അവതരിക്കുന്ന ശിവചക്രത്തിന്റെ മനുഷ്യാവതാരത്തിൽ പ്രവേശിക്കുന്നു. മഹാബ്രഹ്മമായ മഹാദേവി, ശിവചക്ര-മനുഷ്യ നാവിൽ അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിച്ച് യഥാർത്ഥമായ വേദങ്ങളെ വീണ്ടെടു(പ്പി)ക്കുന്നു. മഹാശക്തിയായ ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട മഹാകാര്യങ്ങൾ സൃഷ്ടികളെ ഏല്പിച്ചു കൂടാ. മായാശക്തികളുമായി ബന്ധപ്പെട്ട മഹാശാസ്ത്ര പാഠങ്ങളെ പഠിക്കാൻ മനുഷ്യർക്കു കഴിയണമെങ്കിലും ദൈവം മനുഷ്യരുടെ നാവിൽ അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിക്കേണ്ടതുണ്ട്.

ദൈവ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവിയുടെ രൂപത്തിൽ, ഓരോ മനുഷ്യന്റെയും അടുത്തേക്ക് പ്രത്യേകമായിട്ട് അയച്ച്, പ്രത്യേകം സൃഷ്ടിച്ച പൊന്നുമോനാണെന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, ഓരോ മനുഷ്യന്റെയും നാവിൽ ഓം കുറിക്കുന്നു.

മഹാശാസ്ത്ര ജ്ഞാനത്തെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ, ദൈവം പുരുഷനോ, സ്ത്രീയോ, ജീവിയോ അല്ലാ എന്നും മനുഷ്യന് ബോദ്ധ്യമുണ്ടാകുന്നതാണ്. സൃഷ്ടിയിൽ സ്ത്രീക്കും സ്ഥിതിയിൽ പുരുഷനും പ്രാധാന്യം നൽകുന്ന ഓംകാരനീതിശാസ്ത്ര പ്രകാരം, 'മായ' പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്ത് പരമശിവനെ മുന്നിൽ നിർത്തിയാണ് സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ പ്രത്യക്ഷമായി ചെയ്യുന്നത് ... സർവ്വം ചെയ്യുന്നത് പരമശിവനാണെന്ന് തോന്നുംപോലെയുള്ള മഹാസംവിധാനമാണത്. മഹാശക്തിയായ ദൈവത്തിനും, ദൈവ-ഭാഗമായ പരമശിവനും സൃഷ്ടികളിൽ നിന്ന് യാതൊരു സഹായവും യാതൊരിക്കലും വേണ്ടാ.

മണ്ണും ഭൂമിയുമായ ദൈവം ശക്തി നൽകിയാൽ മാത്രമേ, ചെറുവിരൽ അനക്കാൻ പോലും കഴിയൂ എന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർ അഹംഭാവം, അന്ധവിശ്വാസം, അസത്യം, അധർമ്മം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുഷ്ക്കീർത്തി, ദുസ്വാർത്ഥം തുടങ്ങിയവ ഉണ്ടാകാതെ ധർമ്മശാസ്ത്രപരമായി ആനന്ദിച്ച് ജീവിക്കണം. സർവ്വ കാര്യങ്ങളെയും ശാസ്ത്ര പരമായി വിശകലനം ചെയ്യാൻ ശ്രദ്ധിക്കണം.

മറ്റുള്ളവരിൽ മാത്രമല്ല; സ്വന്തം സ്വത്വമായ ജീവാത്മാവ്, സ്വന്തം എന്നു കരുതുന്ന ശരീരം, എന്നിവയിൽ പോലും അവകാശമോ, നീതി നടത്താനുള്ള കഴിവോ, ആവശ്യമോ, ഇല്ലാത്ത 'മനുഷ്യൻ എന്ന കുഞ്ഞിനെ' മഹാവാത്സല്ല്യത്തോടെ ദൈവം കരുതുന്നു.

സ്ത്രീ പുരുഷ വ്യത്യാസം, നിറം, ആയുസ്സ്, ആരോഗ്യം, ഉയരം, വണ്ണം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, തുടങ്ങിയ എല്ലാ ജന്മഗുണങ്ങളും, സൃഷ്ടിപരവും സ്ഥിതിപരവുമായ അനുഗ്രഹങ്ങൾ കൊണ്ട് ഉണ്ടാകുന്ന രോഗങ്ങളും രോഗ ശാന്തിയും, എല്ലാം എല്ലാം സമം ആക്കാതെ, ഓരോ മനുഷ്യനെയും ഓരോ വർഗ്ഗമായി ദൈവം സൃഷ്ടിച്ചിരിക്കുകയാണ് എന്നും, മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം 100 മനുഷ്യ ജന്മങ്ങളിലൂടെ മഹാനീതിയായ ദൈവം മഹാശാസ്ത്ര പരമായി സമനീതി എന്ന സമ ആനന്ദത്തെ എല്ലാ മനുഷ്യർക്കും നൽകുന്നുണ്ട് എന്നും, മനുഷ്യർക്കു ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല നീതി നടത്തിപ്പ് എന്നും, മനുഷ്യന് അതിനുള്ള യോഗ്യത ഇല്ലെന്നും, അവകാശം ഉണ്ടെങ്കിൽ മാത്രമാണ് അധികാരം ഉള്ളത് എന്ന ലളിതമായ പാഠം പ്രകാരം മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയെല്ലാം സൃഷ്ടിക്കുകയും കരുതുകയും/ പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തിന് മാത്രമാണ് അവകാശവും അധികാരവും ഉള്ളതെന്നും, സൃഷ്ടികളെ കുഞ്ഞുങ്ങളായും അവരവരുടെ രാജാക്കന്മാരായും ഉയർത്തി മഹാവാത്സല്ല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകാനാണ് ദൈവം ഓംകാര നീതിശാസ്ത്രത്തെ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് മുമ്പ് വ്യക്തമാക്കിയതാണ്.

ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരിക്കുന്നുണ്ട്.

അതായത് മറ്റുള്ളവരിൽ മാത്രമല്ല; 'സ്വന്തം സ്വത്വമായ ജീവാത്മാവ്, സ്വന്തം എന്നു കരുതുന്ന ശരീരം', എന്നിവയിൽ പോലും അവകാശമോ, നീതി നടത്താനുള്ള കഴിവോ, ആവശ്യമോ, ഇല്ലാത്ത 'മനുഷ്യൻ എന്ന കുഞ്ഞിനെ' ഭാരപ്പെടുത്താതെ മഹാവാത്സല്ല്യത്തോടെ ദൈവം കരുതുകയാണ്. ലഭ്യമായ ബുദ്ധിശക്തി കൊണ്ട് ദൈവത്തിന്റെ മഹാകരുതൽ സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാൻ മനുഷ്യന് കഴിയുന്നതുമാണ്.

നീതി നടത്തുന്നത് ദൈവം ആയിരിക്കെ, ജനസേവകൻ, ഭരണാധികാരി, ഭരണകൂടം എന്നെല്ലാം പറയുന്ന സംവിധാനം വേണ്ടേ ?

വേണം. മനുഷ്യരൂപം സ്വീകരിക്കുമ്പോൾ, ഭവനം പോലും സ്വീകരിക്കാതെ ആനന്ദങ്ങൾക്ക് അതീതമായിക്കൊണ്ട് സൃഷ്ടികൾകളെ മഹാവാത്സല്ല്യത്തോടെ കരുതുന്ന ദൈവത്തെ അനുകരിക്കാൻ പരിശ്രമിക്കണം. ഒരു ജന്മത്തിൽ ഏറ്റവും കൂടുതൽ പുണ്യം നേടാൻ മനുഷ്യർക്കു ലഭിക്കുന്ന അവസരമാണ് ശരിയായ ജനസേവനം.

1000 കോടി വർഷങ്ങൾ നീണ്ടതായ
ആദ്യത്തെ മഹാകാല ചക്രത്തിൽ,

മഹാനീതിയായ മഹാദേവിയും
മഹാനീതിപതിയായ പരമശിവനും

പശുവും പശുപതിയും ആയി
സൃഷ്ടികളെ മുഴുവനും, മനുഷ്യനെ
പ്രത്യേകമായും പരിപാലിച്ചിരുന്നു;
കൂടാതെ നാഗങ്ങളായും.

1000 കോടി വർഷങ്ങൾ നീണ്ടതായ
രണ്ടാമത്തെ മഹാകാല ചക്രത്തിലെ
ഇപ്പോഴത്തെ ആദ്യ-സൃഷ്ടിചക്രം മുതൽ

മഹാനീതിയായ മഹാദേവിയും
മഹാനീതിപതിയായ പരമശിവനും
മനുഷ്യരൂപം സ്വീകരിക്കുകയാണ്;
ഓംകാര നീതി ശാസ്ത്ര പ്രകാരം
മറ്റ് ജീവി-രൂപങ്ങളും സ്വീകരിക്കുന്നതാണ്.

ഭൂമിയിൽ മുഴുവൻ നടന്നും, ഭവനം സ്വീകരിക്കാതെയും,
മനുഷ്യൻ ഉൾപ്പെട സർവ്വ സൃഷ്ടികളെയും
പൊന്നോമന കുഞ്ഞുങ്ങളായി കരുതിയും,
മഹാവാത്സല്ല്യം നൽകിയും, പ്രകടമായും ഗൂഢമായും,
കുഞ്ഞുങ്ങളുടെ ദാസരായി പരിചരിക്കുന്നതാണ്.

സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള ഏതൊന്നും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രവും, ഏതൊരു ആയുധവും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലവും, ശിരസ്സിലെ മുടിക്കെട്ടിൽ ഇടതു ഭാഗത്ത് ചന്ദ്രനെയും മുകളിൽ നക്ഷത്രത്തെയും ചൂടുന്ന മഹാശക്തനും മഹാദാസനുമായ പരമശിവന് മഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെ മഹാനരസിംഹം ഉൾപ്പെടെയുള്ള വാഹനങ്ങൾ ആയിരിക്കാനുള്ള മഹാഭാഗ്യം ഉണ്ട്.

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ ഭാഗവും, ഭർത്താവും, പ്രപഞ്ചപിതാവും, പരമാത്മാവും, മഹാദേവനുമായ പരമശിവൻ, മഹാദേവി ആവശ്യപ്പെടാതെ തന്നെ, മഹാദേവിയുടെ ആവശ്യങ്ങളെ അറിഞ്ഞ് മഹാദേവിയുടെ ഏകദാസൻ, മഹാദാസൻ, അടിമ, തുടങ്ങി മഹാദേവിയുടെ ഇഷ്ടം പോലെയെല്ലാം പ്രവർത്തിക്കുന്നതാണ്.

അടിമ ?

അടിമ എന്ന പദ പ്രയോഗം ഒരു പ്രമുഖ മതമായ ഇസ്ലാമിൽ കടന്നു കൂടിയതിനെ അല്പം വിവരിക്കാം :

ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ സൃഷ്ടി ശാസ്ത്രത്തെ ഹ്രസ്വമായി വിവരിച്ചപ്പോൾ, കൊടുത്ത പട്ടിക ആവർത്തിക്കുന്നതിൽ, ദൈവത്തിന്റെ കുഞ്ഞാണെന്ന് അവകാശപ്പെടാൻ ഓരോ മനുഷ്യനെയും അനുഗ്രഹിച്ച് അനുവദിക്കുന്നത് കാണാം.

സൃഷ്ടി ശാസ്ത്രം : ആദ്യമായി ഒരു ശൂന്യതയെയും, പിന്നീട് ശൂന്യതയിൽ എന്തെങ്കിലുമൊക്കെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രകടമാക്കുന്ന പ്രവൃത്തിയെന്ന് സൃഷ്ടിക്കുക എന്ന പദത്തെ നിർവ്വചിക്കാം. സൃഷ്ടിക്കപ്പെട്ടത് 'സൃഷ്ടി. ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാശാസ്ത്രം' പ്രകാരം 'ആദിയും അന്തവുമില്ലാത്ത ആകാശം' എന്ന 'സൃഷ്ടി-സ്ഥിതി-സംഹാര പാത്രത്തിന്റെ' ഉള്ളിലാണ് 'സമസ്ത സൃഷ്ടിയും' മഹാഭദ്രമാക്കിയിട്ടുള്ളത്. ആദി സൃഷ്ടി മാത്രമല്ലാ; ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ജീവികളെ അവരുടെ മാതാപിതാക്കളിലൂടെ പുനർസൃഷ്ടി നടത്തുന്നതും യഥാർത്ഥത്തിൽ 'ആകാശത്തിന്റെ' ഉള്ളിൽ തന്നെയാണ്. എങ്ങനെയെന്നാൽ 'ആകാശം' എന്ന 'മഹാശൂന്യതയുടെ മഹാസൂക്ഷ്മമായ അംശങ്ങളാണ് ' മനുഷ്യൻ ഉൾപ്പെടെയുള്ള സ്ത്രീ-ജീവികളിലെ (ദൈവാംശമായ ശരീരത്തിന്റെ ഭാഗമായ) 'ഗർഭപാത്രം' എന്ന 'ശൂന്യത-യിലേക്കുള്ള ശൂന്യവീഥി'. ശൂന്യത യഥാർത്ഥത്തിൽ ജീവികളുടെ അവയവം അല്ല. മഹാശൂന്യതയായ ആകാശത്തിന് മഹാശാസ്ത്ര പ്രകാരം 'മഹാലിംഗം, മഹാശക്തി ലിംഗം, ശക്തി ലിംഗം, മഹാശിവലിംഗം, ശിവലിംഗം' ..എന്നീ മഹാനാമങ്ങൾ ഉണ്ട്.

എല്ലാ ജീവികളെയും എല്ലായ്പ്പോഴും ജനിപ്പിക്കുന്നത് മഹാശിവ കൂടിയായ ദൈവത്തിന്റെ മഹാലിംഗമായ ആകാശത്തിന്റെ അകത്ത് മാത്രമാണെന്നും, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ പ്രദേശങ്ങളുടെ ഭാഗമാക്കുന്നില്ല എന്നും; ഏതെങ്കിലും ദേശക്കാരെന്ന് അവകാശപ്പെടാൻ യാതൊരു ജീവികൾക്കും യാതൊരു അവകാശവും ഇല്ലെന്നും തെളിയുന്നു. അക്കൂടെ, ദൈവത്തിന്റെ കുഞ്ഞാണെന്ന് മഹാശാസ്ത്രപരമായി അവകാശപ്പെടാൻ ദൈവം മഹാവാത്സല്ല്യത്തോടെ ഓരോ വ്യക്തിയെയും പ്രത്യേകം അനുഗ്രഹിക്കുകയുമാണ്.

ദൈവത്തിന്റെ സാന്നിദ്ധ്യം പോലും ഗൂഢമാക്കി ക്കൊണ്ട് മനുഷ്യന് സമ്പൂർണ്ണമായ വ്യക്തി സ്വാതന്ത്ര്യം കൊടുത്തിട്ടുള്ളത് ഓരോരുത്തരും അനുഭവിച്ചറിയുന്ന വസ്തുതയുമാണ്. അത്തരം വ്യക്തിസ്വാതന്ത്ര്യത്തെ **ഒരിക്കലും അടിമയ്ക്ക് യജമാനൻ കൊടുക്കില്ല; ആവശ്യവുമില്ല.**

നീതിയെ കുറിച്ച് ക്രൈസ്റ്റിലൂടെ ദൈവം അറിയിച്ച മഹത് വചനങ്ങളുടെ ഗൗരവം, തെറ്റുകളും കുറ്റങ്ങളും ഏറെയുള്ളപ്പോൾ തന്നെ മറ്റു മതങ്ങളെ അപേക്ഷിച്ച് ശാസ്ത്ര സത്യങ്ങളെ കൂടുതൽ സംരക്ഷിക്കുന്ന ഹിന്ദു മതങ്ങളിലെ മഹാ വിശിഷ്ടത, എന്നിവയ്ക്ക് സമാനം അല്ലെങ്കിലും, ശാസ്ത്ര കാര്യങ്ങളുടെ ചെറിയ കഷണങ്ങൾ ഇസ്ലാം മതത്തിലും വീണു കിടപ്പുണ്ട്. (1) ദൈവ ശാസ്ത്രം എന്ന മഹാശാസ്ത്രം മഹാഭീമവും മഹാസങ്കീർണ്ണവും കൂടി ആകയാൽ, **സംഹാര കാഹളം (ഓം)** മുഴങ്ങും വരെ ഏറ്റവും ശുദ്ധമായും ലളിതമായും ജീവിച്ച് ഏറ്റവുമധികം പുണ്യം നേടാൻ കഴിയുന്ന ഒരു ചെറിയ പദ്ധതി മാത്രമാണ് മുഹമ്മദിന് വെളിപാടായി നൽകിയത്.

" ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിലെത്തുന്ന അവസരത്തിൽ, മഹാപ്രപഞ്ചത്തിന്റെ ഔന്നത്യം സ്പഷ്ടമായി വിശദീകരിച്ചുകൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തുമാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രം അഥവാ മഹാശാസ്ത്രം അവതരിക്കുകയുള്ളൂ " എന്നതിനെ ഉൾക്കൊള്ളാനും, പുൽക്കൊടി ഉയർത്താൻ പോലും ദൈവം ശക്തി കൊടുക്കേണ്ടതായ സൃഷ്ടികളുടെ സഹായം ദൈവ ശാസ്ത്രത്തെ വീണ്ടെടുക്കാൻ ദൈവത്തിന് വേണ്ടെന്നുമുള്ള ജ്ഞാനം മതാചാര്യനും മറ്റും ഉണ്ടായില്ല.

(2) ദൈവ ശാസ്ത്രം എന്ന മഹാശാസ്ത്രത്തെ ലളിതമായി വെളിപ്പെടുത്തുമ്പോൾ, ഏകദൈവത്തിന്റെ ഏക പ്രതിനിധി, ദാസൻ എന്നതിനും ഉപരി 'ദൈവത്തിന്റെ **അടി**' തന്നെ വാങ്ങാൻ തയ്യാറായി പ്രവർത്തിക്കുന്ന അടിമയും വിശ്വസ്തനും ദൂതനുമായ പരമശിവനെ ഉൾപ്പെടുത്തേണ്ടതുണ്ട്. ഏകദൈവം, ഏകദാസനായ പരമശിവനെ **മുഹമ്മദ്** എന്ന പേരോടെ അവതരിപ്പിച്ച് ദൈവ വിപ്ലവത്തിനു മുമ്പ് സമ്പൂർണ്ണമായ ദൈവശാസ്ത്രത്തെ വീണ്ടെടുക്കുന്നതാണ് എന്നു നൽകിയ വെളിപാടിനെ അട്ടിമറിച്ചു.

ഏക **ദൂതനു**മായ = റസൂലായ പരമശിവന്റെ ശിരസ്സിലെ മുടിക്കെട്ടിൽ ഇടതു ഭാഗത്ത് ചന്ദ്രനും നക്ഷത്രവും ഉണ്ട്; അത് ഇസ്ലാമിന്റെ ചിഹ്നവുമായി.

ഏകദൈവമായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം നിർവ്വഹിക്കുമ്പോൾ, സ്ഥിതിപരമായ വിധി പ്രകാരം ഏകദാസൻ കൂടിയായ പരമശിവൻ **അടിമയായും എന്തുമായും** പ്രവർത്തിക്കണം. ദൈവത്തിന്റെ ആവശ്യങ്ങൾക്ക് സൃഷ്ടികളെ പങ്കെടുപ്പിക്കാതെ, നിർവ്വഹിക്കുന്നതിനു വേണ്ടി ക്കൂടിയാണ് മഹാദേവിയുടെ സ്വന്തം ഭാഗമായി പരമശിവനെ ഒരുക്കിയിട്ടുള്ളത്. **പരമശിവൻ ചെയ്യുന്ന ഏറെക്കുറെ എല്ലാ പ്രവൃത്തികളും മഹാദേവി ചെയ്യുന്നതായി കണക്കാക്കുന്നു.** ശാസ്ത്ര നിയമങ്ങൾ മാത്രമാണ് ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിയിലെ വസ്തുക്കളിൽ/ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ളത്; അതിൽ സൃഷ്ടികളുടെ നാമങ്ങളും ചരിത്രങ്ങളും ഇല്ല. ബ്രഹ്മപാഠ ഭാഗമായി ആറ്റങ്ങളിൽ കുടികൊള്ളുന്ന **ഓം** വിശദമാക്കുമ്പോൾ മാത്രമാണ് മഹാദേവിയുടെയും ~ഭാഗമായ പരമശിവന്റെയും മഹാനാമങ്ങൾ വെളിപ്പെടുന്നത്. രാജാക്കന്മാരുടെയും മറ്റും ചരിത്രം കോർത്തിണക്കി തട്ടിക്കൂട്ടിയ മതങ്ങളെല്ലാം അബദ്ധ ഭണ്ഡാരങ്ങൾ മാത്രമാണെന്നതിന് മറ്റു തെളിവുകൾ വേണ്ട. (3) മഹാശാസ്ത്ര പരമായി **ഓം** എന്ന സംഹാര കാഹളം മുഴങ്ങുമ്പോൾ, ഇല്ലാത്ത മലക്കിന്റെ കൊമ്പുവിളി ശരിവച്ച അനേകം വിഡ്ഢികൾ മലക്കുന്നതാണ്. (4) **മഹാദേവിയുടെ അടിമയായും എന്തുമായും പരമശിവൻ പ്രവർത്തിക്കണം, എന്നതിന് സമാനമായി സമൂഹത്തിലെ പാപികളും നീചരും അടിമകളായി പ്രവർത്തിച്ച് പാപ-പരിഹാരവും പുണ്യവും നേടണം. ദൈവം നൽകുന്ന അവസരങ്ങളിൽ ശോഭിക്കണം. കഴിഞ്ഞില്ലെങ്കിൽ കടുത്ത ശിക്ഷകൾ ഉറപ്പാണ്. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരുടെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലു വിഭാഗങ്ങളായി വിഭജിക്കാൻ കഴിയുമെന്ന് സ്വയം വിശകലനം ചെയ്ത് ഏതൊരാൾക്കും ബോദ്ധ്യപ്പെടാനാവും. തൊഴിലുകൾ എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുമുണ്ട്.**

ആവശ്യം എന്ന തൊഴിൽ വിഭാഗത്തിൽ പെടുന്ന, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരായ ജനസേവകർക്ക് ജനങ്ങളുടെ അടി വാങ്ങുന്ന അടിമകളായി ജീവിക്കുവാനും ബാദ്ധ്യതയുണ്ട്.

ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന അടിമകൾ, യജമാനരായ ജനങ്ങളുടെ പണം ദുർവ്യയം ചെയ്യുകയോ, കടമകളിൽ വീഴ്ച്ച വരുത്തുകയോ, ജനങ്ങളെ കബളിപ്പിക്കുകയോ, മർദ്ദിക്കുകയോ, പീഡിപ്പിക്കുകയോ, ഒക്കെ ചെയ്താൽ, ഓംകാര നീതിശാസ്ത്ര പാഠങ്ങളിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുള്ളതു പോലെ, അനേകം ജന്മങ്ങളിൽ ഏറ്റവും താഴ്ന്ന ജന്മഗുണങ്ങളെയും ജന്തുജന്മശിക്ഷയും സ്വീകരിക്കേണ്ടതായി വരും.

ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്ന 'പ്രജ എന്ന യജമാനന് ലഭ്യമായിട്ടുള്ള ജീവിത സൗകര്യങ്ങൾ', എല്ലായ്പ്പോഴും, അടിമയായ ജനസേവകന് ലഭിക്കുന്ന ജീവിത സൗകര്യങ്ങളേക്കാൾ കൂടുതലായിരിക്കണം എന്ന് ചുരുക്കി പറയാം.

യജമാനരായ പ്രജകളുടെ ഭവനത്തിൽ (മന്ത്രി മന്ദിരങ്ങളിൽ) താമസിക്കുകയും, ചിലവിൽ ജീവിക്കുകയും ചെയ്യുന്ന അടിമ, യജമാനരെ പുറത്താക്കാനും കൊല്ലാനും വരെ മടിക്കുന്നില്ല !

യജമാനരായ പ്രജകൾ ബസ്സിലും ട്രെയിനിലും കഷ്ടപ്പെട്ട് യാത്ര ചെയ്യുമ്പോൾ, യജമാനന്റെ ചിലവിൽ അടിമകളുടെ എസ്കോർട്ടോടെ അടിമ (മന്ത്രി) സഞ്ചരിക്കുന്നത് പാപമാണ്.

യജമാനരായ പ്രജകളുടെ ചിലവിൽ അടിമ ചികിത്സിക്കരുത്.. ഇതേപോലെയുള്ള കാര്യങ്ങളെ യജമാനർ കൂട്ടിച്ചേർക്കുക ! ആത്മപരിശോധനയ്ക്കും തിരുത്തലിനും അടിമകൾ പരസ്യമായി തയ്യാറായാൽ വരും ജന്മങ്ങളിൽ ശിക്ഷ കുറയും !

ജനമദ്ധ്യത്തിൽ ജനങ്ങളുടെ അടിമകളായ പോലീസുകാരെ ക്കൊണ്ടും മറ്റും 'പോലീസും രാജാവും മന്ത്രിമാരും മറ്റും ഉൾപ്പെടെയുള്ള അടിമകൾക്ക് ' അടി തന്നെ കൊടുത്താലും തീരാത്ത വിധം അടിമകളെല്ലാം ദൈവ ശിക്ഷകളെ വാരിക്കൂട്ടി കഴിഞ്ഞു; പാപ-ശേഖരണം തുടരുകയും ചെയ്യുന്നു. എല്ലാ രാജ്യങ്ങളിലെയും അടിമകളുടെ അവസ്ഥ ഏറെക്കുറെ സമാനമാണ്.രാജ്യങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രി, പോലീസ് സേന, ജഡ്ജി അല്ലാത്ത ജഡ്ജി, കളക്ടർ, വ്യത്യസ്ത ഭരണ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ ... അവരെല്ലാം ജനങ്ങളുടെ അടിമകളാണെന്ന് സ്വയം വിശകലനം ചെയ്ത്, ശരിയെന്നു ബോദ്ധ്യം വന്ന ശേഷം, അവരവർക്കു വേണ്ടി തിരുത്തുക.

മഹാശക്തിയായ ദൈവത്തിനു വേണ്ടി,
തെമ്മാടി =എമ്പോക്കികളായി അധഃപതിച്ച രാഷ്ട്രീയ-മതജാതി നേതാക്കളും പുരോഹിതരും പ്രവർത്തകരും മറ്റുമായ അടിമകൾ യാതൊന്നും ചെയ്യണ്ട.
അവരവർക്കു വേണ്ടി തിരുത്തുക. ഓംകാര നീതി ശാസ്ത്ര പ്രകാരം എക്കാലവും നടന്നു പോരുന്ന ശിക്ഷകൾ ദൈവ വിപ്ലവത്തോടെ ജനങ്ങൾക്ക് ബോദ്ധ്യമാകുന്നതാണ് !

രാജ്യങ്ങളിലെയും സംസ്ഥാനങ്ങളിലെയും ഭരണാധികാരികളെന്ന് തെറ്റിദ്ധരിച്ചു കൊണ്ട് 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ അടിമകളുമായ ജനസേവകർക്കായി' ഏതാനും ധർമ്മശാസ്ത്ര പാഠങ്ങൾ :-

1. മഹാനീതിപതിയും മഹാഭരണാധികാരിയും, സൃഷ്ടികളുടെ (മഹാപിതാവും) മഹാമാതാവുമായ '(മഹാദേവനും) മഹാദേവിയുമായ ദൈവം പോലും, സൃഷ്ടികളുടെ ദാസരായിട്ടാണ് മഹാവാത്സല്ല്യത്തോടെ, 'ഓംകാര നീതിശാസ്ത്ര പ്രകാരം' പരിപാലിക്കുന്നത്.

ഭരണാധികാരിയോ നീതിപതിയോ ആകുവാൻ മനുഷ്യന് സാധിക്കുകയില്ല എന്ന് ബോദ്ധ്യം ഉള്ളവരും, ജനങ്ങളുടെ സേവകരും അടിമകളുമായി മാത്രം പ്രവർത്തിക്കുവാൻ തയ്യാറുള്ളവരും, അപ്രകാരം ജീവിക്കുന്നതിനെ മാത്രം സ്വന്തം ആനന്ദമായി കരുതുന്നവരും, മാത്രം ജനസേവകരാവുക.

ഒരു ജന്മത്തിൽ ഏറ്റവും കൂടുതൽ പുണ്യവും, വീഴ്ച്ച സംഭവിച്ചാൽ ഏറ്റവും കൂടുതൽ പാപവും നേടുന്ന വിശിഷ്ട ജന്മമാണ് ജനസേവകരുടേത്; ജനങ്ങളുടെ അടിമകൾ മാത്രമായ അവർ യാതൊരിക്കലും യജമാനരോ നീതിപതിയോ ഭരണാധികാരിയോ ആണെന്ന് ചിന്തിക്കാൻ പോലും പാടില്ലെന്ന് ആത്മാവിൽ ഉറപ്പിക്കണം.

2. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ശാസ്ത്ര നിയമങ്ങൾ മണ്ണിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ളതിനെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യൻ, അവയെ ആദരിച്ചു കൊണ്ട് അഥവാ അനുസരിച്ചു കൊണ്ട് ജീവിക്കാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കണം; മഹാസമ്മേളിച്ചു പ്രവർത്തിക്കുന്ന ശാസ്ത്ര നിയമങ്ങളെയും ന്യൂനശക്തികളെയും അറിഞ്ഞോ അറിയാതെയോ അനാദരിച്ചാൽ / തെറ്റിച്ചാൽ ഭൂമിയിലുള്ള ബഹുവിധ ദുരിതങ്ങളും ദുരന്തങ്ങളും ഉൾപ്പെട്ട പ്രതിഭാസങ്ങൾക്ക് കാരണമാകുന്നതാണ്. ന്യൂനശക്തികളെ സംബന്ധിച്ച ശാസ്ത്ര പാഠങ്ങളെ അതീവ ഗൗരവത്തോടെ കാണണം.

വിഷയത്തിന്റെ വൈവിധ്യമാർന്ന തലങ്ങൾ പ്രകാരം, നിയമസഭ, കോടതി, സെക്രട്ടേറിയറ്റ്, പാർലമെന്റ്, മന്ത്രി മന്ദിരങ്ങൾ, കോടതികൾ, അഭിഭാഷകർ, പബ്ലിക് സർവീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നികുതികൾ, നികുതി കാര്യാലയങ്ങൾ, ഹെൽമെറ്റ് പരിശോധന, പിഴകൾ, ഇൻഷ്വറൻസ്, ലോട്ടറി, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള നിയമങ്ങളുമായി പൊരുത്തപ്പെടാത്ത മതവിശ്വാസങ്ങളും-ആചാരങ്ങളും-അനുഷ്ഠാനങ്ങളും - രാഷ്ട്രീയ പാർട്ടികളും, രാഷ്ട്രങ്ങളിലെ ആയുധങ്ങളും സൈന്യങ്ങളും ഒക്കെ എന്നന്നേക്കുമായി; ഏറ്റവും കുറഞ്ഞത് സൃഷ്ടി-ചക്രത്തിലെ സംഹാരം പൂർത്തിയാകും വരെ അവസാനിക്കുന്നതാണ്. എല്ലാ രാജ്യങ്ങളിലെയും സൈന്യങ്ങളെ ഉടൻ പിരിച്ചു വിടും ! മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നേടാനുള്ള പ്രത്യക്ഷ ദൈവമാണ് ശരീരം എന്നറിയണം.

ഇസ്രായേൽ, മക്ക, കൈലാസ നിരകൾ, ശബരിമല എന്നിങ്ങനെ വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മറിച്ച് പൈശാചിക ശക്തികളാണ് നടമാടുന്നത് എന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ വിശ്വാസങ്ങളും ദേവാലയങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം മഹാശാസ്ത്ര പരമായി ശുദ്ധി ചെയ്യേണ്ടതായി വരും.

മനുഷ്യരുടെ നിയമനിർമ്മാണവും നീതിന്യായ കോടതികളും തെറ്റാണെന്നും മനുഷ്യന് നീതി വിധിക്കാനുള്ള യോഗ്യത ഇല്ലായെന്നും മുമ്പ് മഹാശാസ്ത്രപരമായി തെളിയിച്ചിരുന്നു. ഭൗതിക വസ്തുക്കളിലെ ന്യൂനശക്തികളുടെ പ്രവർത്തനം കൊണ്ട് സാധിക്കുന്നതും, ധർമ്മശാസ്ത്ര വിരുദ്ധവുമായ മനുഷ്യ ജീവിതത്തിലെ കാര്യങ്ങൾക്ക് നീതിന്യായം, നീതി നടത്തിപ്പ് എന്നിവയുമായി യാതൊരു ബന്ധവുമില്ല. ആധാരമായി ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ഉദാഹരണത്തിന് അണ്ടൻ എന്ന ജനസേവകന് അഥവാ പ്രദേശ ഭരണാധികാരി, മന്ത്രി എന്നെല്ലാം അറിയപ്പെടുന്ന തെമ്മാടി = എമ്പോക്കിക്ക് സാധന വിലയുടെ 10% നികുതി എന്നും, കുണ്ടൻ എന്ന മറ്റൊരു എമ്പോക്കിക്ക് വിലയുടെ 100% നികുതി എന്നും, നിശ്ചയിക്കാൻ സാധിക്കണമെങ്കിൽ, മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക / ധർമ്മ ശാസ്ത്ര നിയമങ്ങളിൽ അവ ഉണ്ടാകണം; തെളിയിക്കാനും കഴിയണം എന്ന് മുമ്പ് സുവ്യക്തമാക്കിയിരുന്നു.

ദൈവ വിപ്ലവം ആരംഭിക്കാതെ ധീരമായ നടപടികൾ സ്വീകരിക്കാൻ മനുഷ്യ-രൂപികൾക്ക് ആർജ്ജവം ഉണ്ടാകില്ലെന്ന് ഊഹിച്ചും അറിയാം !

3. **സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും. നീതി വിധിക്കാനുള്ള യോഗ്യത ഇല്ലാത്ത മനുഷ്യർ നീതി വിധിക്കേണ്ട.**

ധർമ്മ ശാസ്ത്രത്തെയും ന്യൂനശക്തികളെയും മുമ്പ് വിശദമാക്കിയ പാഠങ്ങളെ ഗ്രഹിച്ച ശേഷം മാത്രം ചുവടെയുള്ള കാര്യങ്ങളെ പഠിക്കുക.

അടിമകളായ ജനസേവകർ തങ്ങളെ ജനങ്ങളുടെ ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് മുമ്പ് തട്ടിക്കൂട്ടിയ നിയമങ്ങളെല്ലാം ഭൗതിക അസ്തിത്വമില്ലാത്തവയും, യജമാനരായ മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമാകുന്നവയുമാണ്.

ജാഗ്രത !

മണ്ണായ ഭൂമിയുടെ മക്കളാണെന്ന ബോധമില്ലാതെ ജീവിക്കുന്ന ജനസേവകരും മറ്റും മണ്ണിന്റെ മക്കളാവാൻ പ്രയത്നിച്ചു പുണ്യം നേടുക.

ഭൂമിയെന്ന ഏകമഹാരാജ്യത്തെ സ്നേഹിക്കുകയും, പ്രത്യേക രാജ്യങ്ങളുടെ പേരിൽ കേമത്തം ഭാവിക്കാത്തവരുമായ കൃഷിക്കാർ ഉൾപ്പെടെ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന എല്ലാ ജനങ്ങൾക്കും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിയും ഏകദൈവവും മഹാമാതാവുമായ മഹാദേവിയും, ~ഭാഗവും മഹാദാസനും മഹാദേവനും പ്രപഞ്ചപിതാവും മഹാനീതി-പതിയുമായ പരമശിവനും, ദാസരായിരിക്കുമെന്ന് മഹാവാത്സല്യത്തോടെ അറിയിക്കുന്നു.

മണ്ണും പ്രദേശവും ഭൂമിയും മഹാമാതാവും മഹാനീതിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ പ്രാദേശികത്വം അവകാശപ്പെടില്ലെന്നും ഭൂമിയുടെ കുഞ്ഞ് എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും ചുരുക്കം. ലഭ്യമായ ശക്തിക്ക് അനുസരിച്ച് പ്രയത്നിക്കുന്നവർക്കെല്ലാം തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്. മണ്ണിന്റെ നിയമങ്ങൾ ധർമ്മശാസ്ത്രപരമായ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ഓരോ മനുഷ്യനും നൽകിയിട്ടുള്ളത് യഥാർത്ഥത്തിൽ യാതൊരാളുടെയും സ്വാതന്ത്ര്യങ്ങളെ കുറയ്ക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ എല്ലാ രാജ്യങ്ങളിലുമുള്ള ഓരോ മനുഷ്യനും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും സമആനന്ദമെന്ന മഹാസമനീതിയെയും പ്രത്യേകം പ്രത്യേകമായിട്ട് മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാആവിഷ്ക്കാരം കൂടിയാണ് ധർമ്മ ശാസ്ത്രം. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ പ്രപഞ്ച ജീവിതത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്നു.

നീതി നടത്താൻ മനുഷ്യർക്കു കഴിയില്ല എങ്കിൽ അതിന്റെ അർത്ഥം ആരും ആരെയും ഭരിക്കുന്നില്ല, ഭരിക്കാൻ കഴിയുകയുമില്ല.

യജമാനരായ ജനങ്ങളും, അടിമകളായ ജനസേവകരും ഉൾപ്പെടെയുള്ള ഓരോ വ്യക്തിയും ധർമ്മശാസ്ത്ര പരമായി ജീവിക്കുക / വിഷയങ്ങളിൽ പ്രവർത്തിക്കുക / ഏതൊന്നും ഉപയോഗിക്കുക മാത്രമാണ് ചെയ്യേണ്ടത്.

വിഷയത്തിൽ ദൈവത്തിന്റെ സാന്നിധ്യവും പ്രഭാവവും ഉൾക്കൊണ്ട് പഠനം നടത്തണം.

മനുഷ്യർ ചെയ്യുന്നതും ചെയ്യിക്കുന്നതുമായ ധർമ്മങ്ങളുടെ മേൽ, ഗൂഢമെന്നോണം ദൈവം നീതി നടത്തുമ്പോൾ, നീതിയും നീതിപതിയും ദൈവമാണ്.

മനുഷ്യജീവികൾക്ക് സാദ്ധ്യമായ ഭൗതിക ശാസ്ത്ര ഗവേഷണവും സാങ്കേതിക വികസനവും, അതിലൂടെ വർദ്ധിപ്പിക്കാൻ കഴിയുന്ന ഭൗതികസുഖസൗകര്യങ്ങളും; ഒപ്പം വെളിപ്പെടുന്ന ധർമ്മശാസ്ത്ര പാഠങ്ങളും

നാട്ടുവാസി, കാട്ടുവാസി എന്ന ധർമ്മശാസ്ത്ര വിഭജനത്തെ മനുഷ്യർക്ക് നിർബ്ബന്ധമാക്കുന്നുണ്ട്.

ധർമ്മ ശാസ്ത്രം പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ച്, ഭൗതികശാസ്ത്ര സൗകര്യങ്ങളെ ആസ്വദിച്ച് നാട്ടിൽ സന്തോഷമായി ജീവിക്കുന്ന നാട്ടുവാസി, ധർമ്മ ശാസ്ത്ര ബന്ധനങ്ങളില്ലാതെ, കാട്ടിൽ സന്തോഷമായും ഇഷ്ടം പോലെയും ജീവിക്കുന്ന ജന്തുക്കളെപ്പോലെ, ഭൗതിക ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കുന്ന കാട്ടുവാസി എന്നിങ്ങനെ മനുഷ്യരെ രണ്ടായി വിഭജിക്കാൻ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്രം ആവശ്യമാക്കുന്നുണ്ട്.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് ജലം ഇലയിലും പാത്രത്തിലും ശേഖരിച്ച് കുടിക്കുന്നതിൽ ആരംഭിച്ച്, അഗ്നി ഉപയോഗിച്ചുള്ള പാചകം, പാർപ്പിടം, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, ആശാരി-മേശിരിപ്പണി, വൈദ്യം, ചക്രം-കപ്പൽ-ട്രെയിൻ-വിമാനം തുടങ്ങിയ ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയവ മനുഷ്യന്റെ ജീവിത-ഭാഗമാകുന്നു.

ധർമ്മ ശാസ്ത്രം പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ച്, കുടുംബ ജീവിതം നയിച്ചാൽ മാത്രമാണ് ഭൗതികശാസ്ത്ര ഗവേഷണങ്ങളിലും വികസന പ്രവർത്തനങ്ങളിലും സജീവമായും ഉചിതമായും ശ്രദ്ധിക്കാനും, ലഭ്യമാകുന്ന പുതിയ പുതിയ ശാസ്ത്രസൗകര്യങ്ങളെ ആസ്വദിച്ച് നാട്ടിൽ സന്തോഷമായി ജീവിക്കാനും കഴിയുക.

സാധാരണക്കാരായും, നേതാക്കളായും മതജാതി-രാഷ്ട്രീയ-പ്പരിശകളായും, ഒക്കെ ജീവിക്കുന്ന ജനങ്ങളുടെ 'അദ്ധ്വാനങ്ങളും ആനന്ദങ്ങളും' പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്താനായി ദൈവം ആവിഷ്ക്കരിച്ച ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.

വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാഹനങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, .. മൊബൈൽ ഫോൺ ... ജീവിത സൗകര്യങ്ങൾ തുടങ്ങിയവ അദ്ധ്വാനിച്ചു നേടിയതും അല്ലാത്തതുമായ പണം കൊണ്ട് വില കൊടുത്തു വാങ്ങി ഉപയോഗിക്കുന്നവരിൽ ഏറെയും അനന്തമായ ആനന്ദങ്ങളെ നേടാൻ സാധിക്കുന്നത് എങ്ങനെയാണെന്ന് അറിയാത്ത മൂഢാവസ്ഥയിലാണ്. നെല്ലരി എന്നാൽ ഇത്ര പണം കൊടുത്ത് കടയിൽ നിന്നും വാങ്ങാൻ കിട്ടുന്ന ഭക്ഷണ ധാന്യം എന്നതിനപ്പുറം നെൽകൃഷിയുടെ വിവിധ ഘട്ടങ്ങളും വിഷമതകളും സങ്കീർണ്ണതകളും അറിയാത്ത മൂഢാവസ്ഥ !

ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ, ഒപ്പമുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ടും അനന്തമായ ആനന്ദങ്ങളുമായിട്ടും, ബന്ധിപ്പിച്ചിരിക്കുകയാണ് എന്ന് വിദ്യാർത്ഥികൾ ഉൾപെടെയുള്ള ജനങ്ങൾ ഉചിതമായി അറിയണം; അദ്ധ്വാനിച്ച് അറിയണം.

മഹാഭീമമായ ഭൗതിക ശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ഗവേഷകർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയ പേരുകളിൽ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. അതെല്ലാം അറിയണം.

മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു.

അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് ഭൗതിക ശാസ്ത്ര ഗവേഷണത്തിൽ തുടങ്ങുന്ന ബഹുവിധ കർമ്മങ്ങൾ ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭദ്രപ്പെടുത്തുന്ന ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചും ഒത്തൊരുമിച്ചും പ്രവർത്തിക്കുകയാൽ, മുഖ്യജീവിയായ മനുഷ്യർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചാൽ, അവസ്ഥകൾക്ക് അനുസരിച്ച് ന്യൂനശക്തികൾ തിരുത്തൽ ശക്തികളായും പൈശാചിക ശക്തികളായും പ്രവർത്തിക്കുന്നതാണ്. നൂറ്റാണ്ടുകളായി സംഭവിച്ചുപോരുന്നതു പോലെ, ഭൂമിയിൽ ബഹുവിധ ദുരന്തങ്ങളും ദുരിതങ്ങളും അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും യുദ്ധങ്ങളും ഉൾപ്പെട്ട സങ്കീർണ്ണമായ പ്രതിഭാസങ്ങൾക്ക് കാരണമാകുന്നതാണ്.

പോംവഴി തീർച്ചയായും ഉണ്ട് :-

ഭൗതിക ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ലഭ്യമാകുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനുള്ള / അനുഭവിക്കാനുള്ള

യോഗ്യത

ഓരോ വ്യക്തിയും നേടണം.

ധർമ്മ ശാസ്ത്ര പരമായ യോഗ്യത ഇല്ലാത്തവർ ഭൗതിക ശാസ്ത്ര വികസനത്തിലൂടെ ലഭിക്കുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനോ അനുഭവിക്കാനോ പാടില്ല. പാചകം ചെയ്ത ഭക്ഷണ സാധനങ്ങൾ, വസ്ത്രങ്ങൾ, ആധുനിക വീടുകൾ, കെട്ടിടങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, കടകൾ, ആഭരണങ്ങൾ, ഉപകരണങ്ങൾ, കറിക്കത്തി മുതലുള്ള ആയുധങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ, ടെലിവിഷൻ, മൊബൈൽ ഫോൺ, എല്ലാം അതിൽ പെടും.

ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് മനുഷ്യൻ ഉല്പന്നങ്ങളെ നിർമ്മിക്കുമ്പോൾ, പ്രസ്തുത ഉല്പന്നങ്ങളുടെ ധർമ്മ ശാസ്ത്രത്തെ പാലിക്കണം എന്ന് മുമ്പ് വിശദീകരിച്ചതാണ്. ഉദാഹരണത്തിന് ഭൗതിക ശാസ്ത്ര നിയമങ്ങൾ പ്രകാരം സാദ്ധ്യമാകുന്ന മദ്യം നിർമ്മിക്കുമ്പോൾ, ദൈവം ചിട്ടപ്പെടുത്തിയ നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങളെ മദ്യം താളം തെറ്റിക്കുന്നു എന്ന് വ്യക്തമാണ്. മദ്യപാനവും പുകവലിയും കഞ്ചാവും മയക്കുമരുന്നും പാടില്ല. പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ ജനങ്ങൾ ചെല്ലും ചെലവും കൊടുത്ത് നിയമിച്ച ജനസേവകർ തന്നെ മദ്യ നിർമ്മാണവും വ്യാപാരവും മദ്യപാനവും ചെയ്തു കൊണ്ട് മദ്യം കഴിച്ച് വാഹനം ഓടിക്കാൻ പാടില്ല എന്ന് നിയമവും തെറ്റിക്കുന്നവർക്ക് പിഴകളും (കൈക്കൂലിയും), അതിനായി ജനങ്ങളുടെ ചിലവിൽ തന്നെ പോലീസിനെയും മറ്റും ഏർപ്പെടുത്തുന്നത് മണ്ണിന്റെ നിയമങ്ങളെ അറിയാൻ പോലും ശ്രമിക്കാത്ത പലവിധ അപരാധങ്ങളായി മാറുന്നു.

നാട്ടിലെ ജനങ്ങളുടെ കുടുംബ ജീവിത സദാചാര ബോധം, സമൂഹ ജീവിതത്തിന് യോജിച്ചതാവണം. ഉദാഹരണത്തിന്, കുടുംബ ജീവിതം ഭംഗിയാകണം എന്നുണ്ടെങ്കിൽ ഏക-പത്നി / ഏക പുരുഷ സംവിധാനം ആവശ്യമാണ്; സ്ത്രീ പുരുഷ സെക്സ് സ്വകാര്യമാണ് എന്നതിനാൽ സെക്സ് സംബന്ധമായ സിനിമ, പരസ്യം, തുടങ്ങിയവ പാടില്ല.

ഭൂമി, വാഹനം, മൊബൈൽ ഫോൺ തുടങ്ങിയ ഭൗതികമായ ഓരോ ആനന്ദത്തെയും സമമായി അനുഭവിക്കാൻ എല്ലാവർക്കും കഴിയണമെങ്കിൽ മണ്ണിന്റെ നിയമങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രത്തെ പാലിക്കണം.

ഇനി, മതദൈവങ്ങളുടെയും മതങ്ങളുടെയും പേരിൽ, മതപ്പരിഷകൾ, നൂറ്റാണ്ടുകളായി ഭൗതിക ശാസ്ത്ര ഗവേഷണത്തെ തടഞ്ഞും ദ്രോഹിച്ചും, അനേകം ഭൗതിക ശാസ്ത്രജ്ഞന്മാരെ കൊന്നും കൊല്ലാക്കൊല ചെയ്തും കൊണ്ട്, അവരുണ്ടാക്കിയ ഭൗതിക ശാസ്ത്ര സൗകര്യങ്ങളെ യാതൊരു ഉളുപ്പുമില്ലാതെ ഉപയോഗിക്കുന്നതിനെ പ്പറ്റി വിശകലനം ചെയ്യുക. ദേവാലയങ്ങളെ അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുകയും, ഏറ്റവും മുന്തിയ വാഹനങ്ങളും പാർപ്പിടം ഉൾപ്പെടെയുള്ള ജീവിത ആനന്ദങ്ങളും / സൗകര്യങ്ങളും ജനങ്ങളുടെ ചിലവിൽ ആസ്വദിച്ചു കൊണ്ട് ആത്മീയ തോന്നിവാസം വിളമ്പുകയും, വിഡ്ഢിക്കൂട്ടങ്ങളെ കുമ്പസരിപ്പിച്ചും മറ്റും വിനോദിക്കുകയും ചെയ്യുന്നത് മതപുരോഹിതന്മാരുടെ അവകാശം പോലെ ആയിട്ടുണ്ട്. മണ്ണിലെ ന്യൂനശക്തികൾ പ്രതിപ്രവർത്തനം എല്ലായ്പ്പോഴും നടത്തുന്നുണ്ട് :-

മഹാനീതി ശാസ്ത്ര പ്രകാരം എല്ലാ മനുഷ്യരുടെയും ആത്മാക്കളെ 100 ജന്മങ്ങളിലൂടെ പുനർജ്ജനിപ്പിക്കുമ്പോൾ സ്ത്രീ പുരുഷ നിർണ്ണയം, ആയുസ്സ്, ആരോഗ്യം, അംഗവൈകല്യം, നിറം, മുഖഛായ, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, ജന്മദേശം /സ്ഥലം, സാമ്പത്തിക ദാരിദ്ര്യം, തുടങ്ങിയ ജന്മഗുണങ്ങളെ നിയന്ത്രിച്ച് സമൂഹ ദ്രോഹം ചെയ്തവരും വഴിതെറ്റിയവരുമായ കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്താനും നേർവഴിക്ക് നടത്താനും ന്യൂനശക്തികൾ എല്ലായ്പ്പോഴും പ്രതിപ്രവർത്തനം നടത്തുന്നുണ്ട്.

മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.

'ദൈവത്തിന്റെ / ദൈവത്തിനു വേണ്ടിയുള്ള / ദൈവത്തെ സ്തുതിക്കാനും മറ്റുമുള്ള ..... ആലയം = ദേവാലയം' ആയിട്ട് വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള പള്ളികളെയും മന്ദിരങ്ങളെയും വിഗ്രഹങ്ങളെയും മറ്റും മനുഷ്യരൂപികളായ മതജാതിപ്പരിഷകൾ = തെമ്മാടികൾ = എമ്പോക്കികൾ തട്ടിക്കൂട്ടുമ്പോൾ, അവരെല്ലാം നിശ്ചയിക്കും പോലെ 'മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം' അവിടെയൊക്കെ വന്ന് ഹാജരാകണം / വസിക്കണം / മത-മനുഷ്യരുടെ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും ശരിവയ്ക്കണം എന്നെല്ലാം 'സൃഷ്ടികളായ മനുഷ്യർ', ദൈവത്തിനു കല്പനയിട്ട് പാപവും ശിക്ഷയും സമ്പാദിക്കുന്ന നീച ചരിത്രമാണ് എങ്ങുമുള്ളത്. ഉദാ :-

വ്യക്തിയുടെ ഇഷ്ടം പ്രകാരം ദേവാലയത്തെയോ വിഗ്രഹത്തെയോ കണ്ടിട്ട്, ദൈവത്തിന് ഇഷ്ടമായതു ചെയ്തു എന്നും, 'ദൈവത്തെ' കണ്ടെന്നും പറയുന്നത് 'കള്ളം' ആണ്. കള്ളങ്ങൾ പറയുന്നതും, 'യേശുവിന്റെ രക്തക്കറ പുരണ്ട വസ്ത്രം, സംസം വെള്ളം, മകര വിളക്ക് ' തുടങ്ങിയ കള്ളത്തരങ്ങൾ കാട്ടുന്നതും മതപുരോഹിതന്മാരുടെയും മത-വിശ്വാസികളുടെയും അവരെല്ലാം കൂടി പ്രചരിപ്പിക്കുന്ന അസത്യങ്ങളായ വിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും, ദുരനുഷ്ഠാനങ്ങളുടെയും പ്രത്യക്ഷ-മുദ്രയാണ്. ദൈവം മനുഷ്യരിലൂടെ ജനിപ്പിച്ച ദൈവത്തിന്റെ കുഞ്ഞുങ്ങൾ പല രാജ്യങ്ങളിലും വിശന്നു വലയുമ്പോൾ, ദേവാലയ രക്ഷ / രാജ്യരക്ഷ എന്നീ പേരുകളിൽ ഭീമമായ ധനം പാഴാക്കുന്നതും, ദൈവത്തിനെന്ന പേരിൽ മൃഗ ബലി നടത്തുന്നതും, പകൽ സമയത്ത് ലക്ഷദീപം തെളിയിച്ച് വിഗ്രഹത്തിൽ പാലും തേനും നെയ്യും ഒഴിച്ച് പാഴാക്കി കളയുന്നതും ഒക്കെ അതിനീചമാണ്. എമ്പോക്കികളെ 'ന്യൂനശക്തികൾ' ശിക്ഷിക്കുന്നതാണ്.

ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കാതെ ദൈവ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്നതു പോലും അറിയാത്ത 'കള്ളക്കൂട്ടങ്ങളെ ഗുരുക്കന്മാരെന്നും പുരോഹിതന്മാരെന്നും കരുതുകയും, അവരെ അനുസരിച്ചും മറ്റും തോന്നും പോലെ ജീവിക്കുവാൻ തയ്യാറായാൽ, ഇന്ന് അനുഭവിക്കുന്ന പോലെ, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങൾക്ക് നൂറ്റാണ്ടുകളായി തുടരുന്നതു പോലെ 'മതജാതിപ്പരിഷകളായി അധഃപതിച്ച് അന്യോന്യം ശണ്ഠ കൂടിയും കൊന്നും, ദൈവം നൽകിയ ജീവിതവും ആനന്ദങ്ങളും നഷ്ടപ്പെടുത്താം.'

'മതങ്ങളിൽ വിശ്വസിക്കുന്നവർ മതവിശ്വാസികളും,' മതങ്ങൾക്കും **'സർവ്വത്തിനും അതീതമായ ദൈവത്തിൽ വിശ്വസിക്കുന്നവർ ദൈവ വിശ്വാസികളും ആണെന്ന ശാസ്ത്ര സത്യം' പ്രകാരം ഭൂമിയിലെ ദൈവ വിശ്വാസികളെ വിരലിൽ എണ്ണാനാവും!**

ദൈവം പ്രത്യക്ഷമാകുന്ന 'സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതി' ആരംഭിക്കുന്നതോടെ ഏകദൈവമായ മഹാദേവിയെയും, ~ഭാഗമായ മഹാദേവനെയും എല്ലാ മനുഷ്യർക്കും സ്വന്തം കണ്ണുകളെ കൊണ്ട് നേരിൽ കാണാൻ കഴിയുന്നതാണ്. മഹാശാസ്ത്ര പ്രകാരമുള്ള നടപടികൾ മാത്രമാണവ. മണ്ണായ ഭൂമിയിലെ മൂലകങ്ങളിലുള്ള എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകളും പ്രോട്ടോണുകളുമായി ഏകദൈവത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമായ ശിവനും ശിവയും ഉണ്ട്; മാത്രമല്ല; ശക്തി പകർന്നു കൊണ്ടും സദാ മഹാചിരിച്ചു കൊണ്ടും 'ബ്രഹ്മകണം' കൂടിയായ 'ഓം' ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്നുമുണ്ട്. ഓരോ ആറ്റവും അറിയിക്കുന്ന ബ്രഹ്മ പാഠം കൂടിയാണത്. ദൈവത്തെ ഉടൻ നേരിൽ കാണാൻ എല്ലാ മനുഷ്യർക്കും കഴിയുന്നതാണ്.

യോഗ്യത ഇല്ലാത്തവർ ശാസ്ത്ര വികസനത്തിലൂടെ ലഭിക്കുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനോ അനുഭവിക്കാനോ പാടില്ല. മറിച്ചായാൽ ന്യൂനശക്തികൾ തിരുത്തൽ ശക്തികളായും പൈശാചിക ശക്തികളായും പ്രവർത്തിക്കുന്നതും, ഇന്നത്തെ ഭൂമിയിൽ സർവ്വ സാധാരണമായ ബഹുവിധ ദുരിതങ്ങളും ദുരന്തങ്ങളും അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും യുദ്ധങ്ങളും ഉൾപ്പെട്ട സങ്കീർണ്ണമായ പ്രതിഭാസങ്ങൾ ഉണ്ടാകുന്നതാണ്.

ധർമ്മശാസ്ത്രപരമായ യോഗ്യത

ഇല്ലാത്തവർക്കും ദൈവം വ്യക്തിസ്വാതന്ത്ര്യം അനുവദിക്കണം ! അതിനുള്ള വഴി :

സദാചാരശാസ്ത്രപ്രകാരം, നാട്ടുവാസത്തിന് ചേരാത്ത മദ്യം പോലെയുള്ളവ ഉപയോഗിക്കുന്നവരെയും, മറ്റുള്ള ജീവികളുടേതു പോലെയുള്ള സെക്സ് ആഗ്രഹിക്കുന്നവരെയും, നിശ്ചിത കാലങ്ങളിലേയ്ക്ക് കാട്ടിലേക്ക് അയക്കുന്നതാണ്. കള്ളം പറഞ്ഞും, അധർമ്മം ചെയ്തും, ധർമ്മശാസ്ത്രത്തെ തെറ്റിക്കുന്നവരെയും കാട്ടിലയച്ചെന്നുവരാം. തെറ്റിച്ച് നാട്ടിലേക്കു വന്നാൽ അവരെ പരസ്യമായി (കെട്ടിയിട്ട്) ജനമധ്യത്തിൽ വെച്ച് പൃഷ്ടത്തിലോ കാൽ വണ്ണയിലോ ചൂരൽ പ്രയോഗം നടത്തി, ആവശ്യമെങ്കിൽ വീണ്ടും നാടുകടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നു. ധർമ്മ ശാസ്ത്ര പ്രകാരം, ആവശ്യമെന്നാൽ അധർമ്മികളെ ഭൗതിക ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാത്ത ദ്വീപുകളിലേക്ക് താല്ക്കാലികമായോ സ്ഥിരമായോ കടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നുണ്ട്.

ശിക്ഷയെന്നതിന് ഉപരിയായി, ധർമ്മ ശാസ്ത്രപരമായ നിയന്ത്രണങ്ങൾ ഇല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യം നൽകാൻ, ധർമ്മ ശാസ്ത്രത്തെ പിൻപറ്റുന്നവർ വിശാലമനസ്സും സ്നേഹവും, ദൈവം മഹാവാത്സല്ല്യവും കാട്ടുന്നതായി കണക്കാക്കണം. അതായത് അവരെ സ്നേഹിക്കുന്നതു കൊണ്ട്, അവർക്ക് ആവശ്യമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്ന അവസ്ഥകളിലേക്ക് അവരെ അയക്കുന്നു.

യോഗ്യത ഇല്ലാത്തവർ സാധാരണ ജനങ്ങളെ ചൂഷണം ചെയ്ത് അധമരാക്കുകയായിരുന്നു എന്ന് എടുത്തു പറയുമ്പോൾ, കൊള്ളക്കാരും വഞ്ചകരുമായ കൊടിയ ഭീകര പ്രവർത്തകരെ ആദ്യം കാട്ടിലേക്ക് അയക്കേണ്ടതുണ്ട്.

മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും മറ്റും അവതരിപ്പിക്കുന്ന ദൈവങ്ങളും ദേവതകളും മതഗ്രന്ഥങ്ങളും ആശയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വിഗ്രഹങ്ങളും ചിത്രങ്ങളും വീഡിയോകളും സാമ്പത്തിക പദ്ധതികളും പരിപാടികളും മണ്ണായ ഭൂമിയിലെ മൂലകങ്ങിൽ ഇല്ല. അതിനാൽ അവയ്ക്ക് ഭൗതികമായ അസ്തിത്വവും ഇല്ല; മതം മാറ്റം, രാഷ്ട്രീയ മാറ്റം എന്നിവ സാദ്ധ്യമാകുന്നതും അതുകൊണ്ടാണ്. ദൈവം നൽകിയ ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ ദുരുപയോഗം ചെയ്യുന്ന അവയുടെ നേതാക്കന്മാർക്കും പ്രവർത്തകർക്കും നാട്ടിൽ ജീവിക്കാനുള്ള യോഗ്യത ഇല്ല; മൃഗ സമാനരായി അവർ കാട്ടിൽ ജീവിക്കട്ടെ ! ഇഷ്ടമുള്ള മത വിശ്വാസങ്ങളെയും ആചാരങ്ങളെയും കോലങ്ങളെയും കോപ്രായങ്ങളെയും പൂജിക്കുകയോ തുള്ളിക്കളിക്കുകയോ ഒക്കെ ചെയ്തു കൊള്ളട്ടെ !

നാട്ടിൽ നിന്നും യാത്രയാക്കപ്പെടുന്ന ജനങ്ങളുടേതെന്ന് കരുതപ്പെടുന്ന സ്വത്തുക്കൾ താൽക്കാലികമായോ സ്ഥിരമായോ പൊതു-ഖജനാവിൽ ചേർക്കാനും ധർമ്മശാസ്ത്രം വിധിക്കുന്നു ; മഹാപ്രപഞ്ചത്തിലെ എല്ലാ സമ്പത്തുകളും മഹാശക്തിയായ ദൈവത്തിന്റേതാണ്, മനുഷ്യന് അവയിൽ ശാസ്ത്രപരമായി എത്രത്തോളം അവകാശം ദൈവം നല്കിയിരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിലും, മുകളിൽ ഭാഗികമായും ലഭ്യമാണ്.

അധമകാര്യങ്ങളെ നിയന്ത്രിക്കുവാനും തടയുവാനും കൂടി ചുമതലയുള്ള ജനസേവകർ (അടിമകൾ) മദ്യനിർമ്മാതാക്കളായും, കച്ചവടക്കാരായും, സെക്സ് ഉൾപ്പെടുത്തിയുള്ള പരസ്യങ്ങളെ ചെയ്യുന്നവരായും തടയാത്തവരായും, മറ്റും ഇന്ന് അധഃപതിച്ചിരിക്കുകയാണ്. ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാകുന്നതോടെ ദൈവീകനിയമങ്ങൾ സ്ഥാപിക്കപ്പെടുന്നതാണ്.

കാട് കയ്യേറുവാനോ കാട് ഭരിക്കുവാനോ നാട്ടുവാസികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല. നാട്ടിൽ, സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടകളോടെ കൃഷി ചെയ്യുന്നു; കാട്ടിൽ (അത്തരം) കൃഷി പൊതുവെ ഇല്ല ; സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടയില്ലാതെ ഇടതൂർന്ന് വളരുന്നു, കാടിന്റെ സൃഷ്ടി അങ്ങനെയാണ് ; ജീവിത കാര്യങ്ങളിൽ ചിട്ടകൾ അഥവാ ശാസ്ത്രം ഇല്ലാതെ ജീവിക്കുന്ന ജന്തുക്കൾക്കൊപ്പം ജീവിക്കുവാൻ നാട്ടിലെ ചിട്ടകൾ (ശാസ്ത്രം) തെറ്റിച്ചു ജീവിക്കുന്നവരെ കാട്ടിലയക്കുകയാണ് ചെയ്യുന്നത്. കാട്ടുവാസികൾ നാട്ടുവാസികളെ ഉപദ്രവിച്ചാൽ കാട്ടിലേക്ക് സേനയെ അയച്ച് ശിക്ഷിക്കാവുന്നതുമാണ്.

ധർമ്മ ശാസ്ത്രം തെറ്റിച്ചു ജീവിക്കുന്നവർക്ക് ഭൗതികശാസ്ത്ര സൗകര്യങ്ങൾ യാതൊന്നും കാട്ടിലേക്ക് കൂടെ കൊണ്ടു പോകാൻ അനുവദിച്ചും കൂടാ. ഉടുവസ്ത്രത്തോടെ മാത്രമാണ് കാട്ടിലേക്ക് യാത്ര അയക്കേണ്ടത്. അധമനായ രാജാവിനോടും മന്ത്രിമാരോടുമെല്ലാം അങ്ങനെ തന്നെ.

മത-രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെ ഭൂമിയിലെ ജനങ്ങളിൽ വലിയൊരു വിഭാഗം കാട്ടുവാസത്തിന് യോഗ്യരായിരിക്കുന്നു എന്ന് പെട്ടെന്ന് മനസ്സിലാക്കാം.

ദശാബ്ദങ്ങളോ ശതാബ്ദങ്ങളോ കൊണ്ട് ദുഷിച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥിതികളുടെ ഭാഗമായിരിക്കയാലും, മഹാപ്രപഞ്ചത്തിലെ മഹാസത്യങ്ങളെ അറിയാതെ അജ്ഞാനം നിമിത്തം സംഭവിച്ച പിഴവുകളാകയാലും, ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിൽ വിവരിച്ചതായ ദുർദ്ദേവതകളും കാരണക്കാരാവുകയാലും, മായ പ്രത്യക്ഷമാകുന്നതോടെ പെട്ടെന്ന് മാനസിക പരിവർത്തനം ഉണ്ടാകും എന്നതിനാലും, ഇന്നത്തെ നാട്ടുവാസികളെ കാട്ടിൽ അയക്കേണ്ടിവരില്ല.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി, സമൂഹത്തിൽ സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും. ധർമ്മ ശാസ്ത്രത്തെ മുറുകെ പിടിക്കുന്ന അടിമകളെ രാജാവ്, മന്ത്രി തുടങ്ങിയ നാമം നൽകി ജനങ്ങൾ ആദരിക്കുന്നു!

ആധുനിക കാലത്തെ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സമസ്ത ഉദ്യോഗസ്ഥരും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള അടിമകളാണ്.

പോലീസ് സേന, ജില്ലാ കളക്ടർ, ഉദ്യോഗസ്ഥർ, രാജാവ്, മന്ത്രിമാർ, തുടങ്ങിയവരും അടിമകൾ തന്നെ. അടിമകൾ അന്യോന്യം അകമ്പടി സേവിക്കാനോ സല്യൂട്ട് ചെയ്യാനോ പാടില്ല. ജനങ്ങളും അടിമകളും എല്ലാം അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. അടിമകൾ നീതി വിധിക്കേണ്ട; യജമാനർ ചെയ്തു കൊള്ളും. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാത്തവരെ യജമാനർ കാട്ടിലേക്കോ, 'ശാസ്ത്ര സൗകര്യങ്ങൾ' ഇല്ലാത്ത ദ്വീപിലേക്കോ അയക്കുക. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതുമാണ്.

കാട്ടിലെ ജീവികൾ അന്യരല്ല. അവരും ദൈവത്തിന്റെ - മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നതാണ് ജീവി ചക്രം. 100 മൃഗജന്മങ്ങൾ പിന്നിടുന്ന മൃഗം അടുത്ത ജന്മത്തിൽ മനുഷ്യനാണ്.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ഓരോ അവസ്ഥയിലും ജീവികൾക്ക് പ്രത്യേക ധർമ്മങ്ങളുണ്ട്. അതേസമയം എല്ലാ കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്ന മഹാധർമ്മം എല്ലായ്പ്പോഴും ഏകദൈവമായ മഹാദേവിക്ക് ഉണ്ട്. ചെയ്യുന്നുമുണ്ട്.

ഓരോ സൃഷ്ടിചക്രത്തിന്റെയും ആരംഭത്തിൽ കാട്ടുവാസി, ആദിവാസി എന്നിങ്ങനെ ഏതാനും ആൾക്കാർ മാത്രമാണ് ഭൂമിയിൽ ഉണ്ടാവുക.

ആദിവാസി എന്ന പദം ഓരോ സൃഷ്ടി ചക്രത്തിന്റെയും ആരംഭത്തിലെ മനുഷ്യനെ കുറിക്കുന്നു. ലഭ്യമായ ചരിത്രം സാക്ഷ്യവുമാണ്. ആദിവാസി കാട്ടുവാസി കൂടിയാകയാൽ, നാണം വിഷയമാകുന്നവർ മരങ്ങൾ, മൃഗങ്ങൾ എന്നിവയുടെ തോലും, ഇലകളും കൊണ്ട് വസ്ത്രങ്ങൾ ധരിക്കുന്നതാണ്.

മൃഗവേട്ട, ഫലങ്ങൾ എന്നിവയിൽ നിന്നും കൃഷിയിലേക്ക് ക്രമേണ ജീവിത മാറ്റമുണ്ടാകുന്നു. മണ്ണായ ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് സാങ്കേതിക വികസനങ്ങൾ കാലാനുസൃതമായി നേടുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവിത ഘടകങ്ങൾ ആദ്യ അത്യാവശ്യങ്ങളാവുന്നു. ക്രമേണ അനേകം നൂറ്റാണ്ടുകളിലൂടെ ബഹുവിധ ഭക്ഷണം, കാറ്, ബൈക്ക്, കപ്പൽ, വിമാനം, ഹെലികോപ്റ്റർ, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിങ്ങനെ ആനന്ദങ്ങളെ അനന്തമായി നൽകുന്ന വസ്തുക്കളുടെയും മറ്റും പട്ടിക നീളുന്നു. **ആദിവാസിയും കാട്ടുവാസിയും ആയിരുന്ന മനുഷ്യന് നാട്ടുവാസിയായി പരിവർത്തനം ഉണ്ടാകുന്നതിന് (ദൈവം) ആധാരമാക്കിയിട്ടുള്ളത് മുഖ്യമായും ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങളെയാണ്.**

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം ദൈവം വെളിവാക്കുന്നതും മനുഷ്യന് കൂടുതൽ ആനന്ദം നല്കുന്നതും വ്യക്തമായ ഉദ്ദേശത്തോടെയാണ്. ആനന്ദത്തിന്റെ അനന്തമായ കലവറകൾ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുവാനും 'മോക്ഷ'ത്തിൽ എല്ലാ ആനന്ദങ്ങളും അനന്തങ്ങളായി അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കാനുമാണത്.

മഹാശാസ്ത്രകാര്യങ്ങളെ അറിയിക്കണമെങ്കിൽ, മനുഷ്യർക്ക് മറ്റുള്ള ജീവികളുടെ ജീവിത രീതിയിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥയോടെ പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ കുടുംബവും, ജനസമൂഹവും, നാടുകളും, രാഷ്ട്രങ്ങളും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ മഹാശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്. മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഏറ്റവും ചുരുക്കി കുറിക്കുന്നു:- മനുഷ്യരുടെ ചുറ്റുമുള്ള പശു, ആട്, പൂച്ച, മുയൽ, പട്ടി, എരുമ, പുലി, സിംഹം തുടങ്ങിയ ജീവികളെല്ലാം രക്തബന്ധങ്ങൾ വിഷയമല്ലാതെ കാമബന്ധങ്ങളിൽ ഏർപ്പെടുമ്പോലെ മനുഷ്യജീവിയും ഏർപ്പെടുകയാണെങ്കിൽ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികൾ സാധ്യമല്ലാതെ വരും. അതു കണക്കാക്കിക്കൊണ്ട് മഹാശക്തിയായ ദൈവം മനുഷ്യരുടെ ജനന- ജീവിത- മരണങ്ങളിലെ എല്ലാ അവസ്ഥകളും മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നമായി സംവിധാനം ചെയ്തിരിക്കയാണ്.

രണ്ട് ഉദാഹരണങ്ങൾ കുറിക്കുന്നു :

1) ഒരു ആട് 2-3 കുട്ടികളെ പ്രസവിക്കുമ്പോൾ ഏതാനും മിനുട്ടുകൾ കൊണ്ടുതന്നെ ആട്ടിൻകുട്ടികൾ എണീറ്റ് ചാടുകയും ഓടുകയും ചെയ്യുന്നു, ആടിന്റെ പാൽ ഉൾപ്പെടെയുള്ള പരിചരണം ആട്ടിൻകുട്ടികൾക്ക് കുറഞ്ഞ നാളുകളിലേക്ക് മതിയാകുന്നു. ഏതാനും ആഴ്ചകൾകൊണ്ട് ആട്ടിൻകുട്ടികളും പശുക്കിടാവുകളും പൂച്ചക്കുഞ്ഞുങ്ങളും മുയൽ കുഞ്ഞുങ്ങളും മറ്റും പ്രായപൂർത്തിയാകുന്നു. അവയുടെ ഇണകളായി സഹോദരങ്ങളും മാതാവും പിതാവുമൊക്കെ പരിണമിക്കുന്നുണ്ട്; എന്നാൽ മനുഷ്യരുടേതു പോലെയുള്ള രക്തബന്ധ രതിനിയന്ത്രണബോധം മറ്റുള്ള ജീവികൾക്ക് വേണമെന്ന് മതനേതൃത്വങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യർ പറയില്ല, മനുഷ്യർക്ക് നിയന്ത്രിക്കാനാവുന്ന കാര്യങ്ങളുമല്ല അവ. നിയന്ത്രിക്കേണ്ടതായ ആവശ്യവും ഉണ്ടാകുന്നില്ല. അതേസമയം, അവയുടെ സ്രഷ്ടാവും രക്ഷകനും മഹാനീതിയുമായ ദൈവം അത്തരം കാമബന്ധങ്ങളെ മറ്റുള്ള ജീവികൾക്ക് അനുവദിച്ചിരിക്കുന്നു എന്ന് പ്രകടമായും വെളിപ്പെടുന്നുണ്ട്.

2) മനുഷ്യക്കുഞ്ഞിനെ പ്രസവിക്കുമ്പോൾ കുഞ്ഞിന് ചരിഞ്ഞുകിടക്കുവാൻ പോലും പരസഹായം ആവശ്യമാക്കിക്കൊണ്ട് പരസ്പര സഹകരണം എന്ന അടിസ്ഥാനഘടകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, കുഞ്ഞ് കുട്ടിയാവാനും കുട്ടി കുമാരനോ കുമാരിയോ ആവാനും യുവാവോ യുവതിയോ ആവാനും വൃദ്ധനോ വൃദ്ധയോ ആവാനും .... നീണ്ട വർഷങ്ങൾതന്നെ ആവശ്യമാക്കിയിരിക്കുന്നു. പ്രായേണ ശാസ്ത്രജ്ഞാനം ഉണ്ടാകുംവിധം ശാരീരിക വളർച്ച ഉൾപ്പെടെയുള്ള കാര്യങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു; അങ്ങനെയല്ലാതെ മനുഷ്യക്കുഞ്ഞുങ്ങൾ ഒരുവർഷക്കാലം കൊണ്ട് യുവാവോ യുവതിയോ ഒക്കെയായി വളർന്നിരുന്നെങ്കിൽ മനുഷ്യരുടെ ജീവിതം മറ്റുള്ള ജീവികളുടേതുപോലെ തന്നെ ആകുമായിരുന്നു എന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്.

മനുഷ്യ ജീവികളിലെ ഭൂരിപക്ഷത്തിനും നാട്ടുവാസികളായി പരിവർത്തനം ഉണ്ടാകുമ്പോൾ; അവർക്ക് 'മറ്റുള്ള ജീവികളെയും പരിവർത്തനമുണ്ടാകാത്ത ആദിവാസികളെയും' ഭരിക്കാൻ അവകാശവും അധികാരവും ഉണ്ടെന്ന് തെറ്റിദ്ധരിച്ചു കൊണ്ട് പ്രവർത്തിക്കുമ്പോഴാണ് കൊടുംപാതകവും കടുത്ത ദൈവനിന്ദകളും ആരംഭിക്കുന്നത്.

മറ്റുള്ള ജീവികളെയും സർവ്വരെയും സൃഷ്ടിച്ച ദൈവത്തിനു മാത്രമാണ് മഹാനീതി വിധിക്കാനും നടപ്പാക്കാനും അവകാശവും അധികാരവും ഉള്ളതെന്നു തിരിച്ചറിഞ്ഞ് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തെ പിൻപറ്റുവാൻ തയ്യാറാകുമ്പോൾ, കാട്ടിലും, കാട്ടിൽ ജീവിക്കുന്നവർക്കും, തങ്ങളെ പ്പോലെ സ്വാതന്ത്ര്യം ഉണ്ടാവണം എന്ന് ഉറപ്പിച്ച് കാട്ടിൽ നിന്നും സമ്പൂർണ്ണമായി പിന്മാറാൻ നാട്ടുവാസികൾക്കു കഴിയുന്നതാണ്. കാട് കയ്യേറുവാനോ കാട് ഭരിക്കുവാനോ നാട്ടിലെ ജനസേവകർക്ക്/ ഭരണാധികാരികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

മണ്ണായ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള 'ഭൗതിക അസ്തിത്വം ഉള്ളതായ' ധർമ്മശാസ്ത്രം പ്രകാരമുള്ള നിയമങ്ങളെ അനുസരിച്ചും, ഭൗതിക ശാസ്ത്രസൗകര്യങ്ങളെ ആസ്വദിച്ചും നാട്ടിൽ ജീവിക്കുന്നവരെ നാട്ടുവാസി എന്നും; ധർമ്മശാസ്ത്രം പ്രകാരം അല്ലാതെ, ജന്തുക്കളെപ്പോലെ കാട്ടിൽ ജീവിക്കുന്നവരെ കാട്ടുവാസി എന്നും വിഭജിക്കുക കൂടിയാണ് ചെയ്യുന്നത്.

സമൂഹ ജീവിതകാര്യങ്ങളിൽ ചിട്ടകളെ അഥവാ ശാസ്ത്ര നിയമങ്ങളെ പാലിക്കാതെ, ജന്തുക്കളെ പ്പോലെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ, തിരുത്താൻ തയ്യാറായില്ലെങ്കിൽ, അവർക്ക് നാട്ടിൽ ജീവിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല; അവരെ കാട്ടിലയക്കേണ്ടതുണ്ട് എന്ന ധർമ്മശാസ്ത്ര പാഠവും മണ്ണ് തരുന്നു. അതായത് ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക്, അതിനുള്ള സൗകര്യം തരപ്പെടുത്തിക്കൊടുക്കുവാൻ കൂടി കാടിനെ ഉദ്ദേശിച്ചിട്ടുണ്ട്.

ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുന്നവർക്ക് ഭൗതികശാസ്ത്ര സൗകര്യങ്ങൾ യാതൊന്നും കാട്ടിൽ അനുവദിച്ചുകൂടാ. ഉടുവസ്ത്രത്തോടെ മാത്രമാണ് കാട്ടിലേക്ക് യാത്ര അയക്കേണ്ടത്. അധമനായ രാജാവിനോടും അങ്ങനെ തന്നെ. അതേസമയം, സ്ത്രീകൾ അത്യപൂർവമായി ശിക്ഷിക്കപ്പെട്ടോ ഉറ്റവരെ അനുഗമിച്ചോ, കാട്ടിൽ പോകുമ്പോൾ, അവർക്ക് ചുമന്നു കൊണ്ടു പോകാൻ കഴിയുന്നത്ര സ്വന്തം വസ്ത്രങ്ങൾ കൊണ്ടു പോകാം.

ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിൽ ഇന്നുള്ള ശിക്ഷാസമ്പ്രദായങ്ങൾ മുഴുവൻ ധർമ്മശാസ്ത്ര വിരുദ്ധമാണ്. അധർമ്മികളെയും നിരവധി കുറ്റവാളികളെയും കാട്ടിലേക്ക് അയക്കുമ്പോൾ, ജയിലുകൾ പോലെയുള്ള അധമ സംവിധാനങ്ങൾ ഒഴിവാകുന്നതാണ്.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും ആരംഭത്തിലെ ആദിവാസികളാണ് / കാട്ടുവാസികളാണ് 100 മനുഷ്യജന്മങ്ങളിലെ 80-90 പുനർജന്മങ്ങളിലൂടെ 'മായ' പ്രത്യക്ഷമാകുന്ന കാലത്ത് നാട്ടിലുണ്ടാവുക എന്നത് കണക്കാക്കിയാൽ കാട്ടുവാസികളെ തരം താണവരായി കാണില്ല. മായ /ദൈവം ഉടൻ ഭൂമിയിലെങ്ങും പ്രത്യക്ഷമാകുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകമഹാശക്തിയും മഹാനീതിയും മഹാമാതാവുമായ മഹാദേവി എല്ലാ സൃഷ്ടി ചക്രങ്ങളിലെയും ജനങ്ങൾക്ക് മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്, ~ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെയാണെന്ന് പ്രസ്താവിക്കുമ്പോൾ പരമശിവന്റെ വസ്ത്രം മൃഗത്തോലായത് കാരണം ഉണ്ടായിട്ടാണ്. സർവ്വത്തിനും അതീതമായ ദൈവവും, പ്രതിനിധി കൂടിയായ പരമശിവനും, കാലാതീതരാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ, സൃഷ്ടിചക്രം ആരംഭിക്കുമ്പോഴും ലഭ്യമായ 'കാലാതീതമായ മൃഗത്തോലിനെ' വസ്ത്രമായി 'പ്രതിനിധിക്ക്' മഹാദേവി അനുഗ്രഹിച്ചു നൽകുന്നു.

ഭൂമിയിലെങ്ങും മഹാശാസ്ത്രമൂലവും, ആദിവചനവും സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും, അക്ഷര ബ്രഹ്മവും, ഏകമഹാശബ്ദവും, മഹാസംഗീതവും, സംഹാര കാഹളവും, സർവ്വ ദേശ ഭൂമിഗാനവും, മഹാദേവിയുടെ മഹാചിരിയുമായ **ഓം** മുഴക്കി ക്കൊണ്ട് മായ/ദൈവം പ്രത്യക്ഷമാകുമ്പോൾ, 01.01.0001 എന്ന പുതിയ കലണ്ടറോടെ 33 വർഷം ദൈവ വിപ്ലവം, 500 വർഷം ദൈവ രാജ്യം, 5000 വർഷത്തെ സൃഷ്ടിചക്ര സംഹാരം എന്നിവയാണ് എല്ലാ സൃഷ്ടി ചക്രങ്ങളിലും തുടരുക. ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ നേടിയവ ഒന്നൊന്നായി അവസാനിക്കുന്നതും, സംഹാരം പൂർത്തിയായിട്ട് അടുത്ത സൃഷ്ടി ചക്രങ്ങളിലെ 33 വർഷങ്ങളിൽ മരത്തോൽ, മൃഗത്തോൽ, ഇലകൾ എന്നിവ മാത്രമായി വസ്ത്രങ്ങൾ ചുരുങ്ങുന്നതും, ക്രമേണ അന്നത്തെ ആദിവാസികളുടെ ചര്യകൾക്ക് പരിവർത്തനം ഉണ്ടാകുന്നതുമാണ്.

വേദങ്ങൾ = ഭൗതിക + ധർമ്മ + ആത്മീയ ശാസ്ത്രങ്ങൾ = മഹാശാസ്ത്രം സനാതനമായി ദൈവത്തിന്റെ ഖരരൂപവും മണ്ണുമായ ഭൂമിയിൽ മഹാലയിച്ചിരിക്കുന്നതുമാണ്.

ജനങ്ങളുടെ സ്വകാര്യമായ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും ധർമ്മ ശാസ്ത്രപരമായി പ്രവർത്തിക്കുന്നതോടൊപ്പം ജന്തുക്കൾ ചെയ്യുന്ന പോലെ പ്രതിരോധ നീതിയെ നടപ്പാക്കാൻ ജനങ്ങൾക്ക് അവകാശവും ദൈവീകമായ പോലീസ് അധികാരവും ഉണ്ട്; അസാധാരണമായ സാഹചര്യങ്ങളിൽ ആക്രമിക്കുകയും ചെയ്യാം.

മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ, മറ്റുള്ള ജീവികൾക്കെല്ലാം ബുദ്ധിശക്തി ഏറെ കുറവാണ്.

മറ്റുള്ള ജീവികളെയോ, അവർക്ക് പ്രിയപ്പെട്ടവരെയോ ആരെങ്കിലും ഉപദ്രവിക്കാനോ ആക്രമിക്കാനോ വന്നാൽ, അവർക്ക് പോലീസില്ല; ആരെയും കാത്തിരിക്കണ്ട. ശക്തിക്കൊത്ത് പൊരുതുകയും, ചിലപ്പോൾ വധിക്കുകയും, വധിക്കപ്പെടുകയും ഒക്കെ ചെയ്യും. വാദികളെയും പ്രതികളെയും പോലീസ് വന്നു പിടിക്കുകയോ, പോലീസ് മർദ്ദിക്കുകയോ, കൈക്കൂലി കൊടുക്കേണ്ടതായി വരികയോ, ഓച്ഛാനിച്ചും ഭയന്നും മാനംകെട്ടും ജീവിക്കേണ്ടി വരികയോ, കള്ള രേഖകൾ ഹാജരാക്കി വക്കീലന്മാർ വാദിക്കുകയോ, അവർക്കും അവർ നിർദ്ദേശിക്കുന്ന കോടതി ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും പണവും പാരിതോഷികങ്ങളും നൽകുകയോ, ജാമ്യം എടുക്കേണ്ടി വരികയോ ജയിലിൽ പോകേണ്ടി വരികയോ, അവിടെയും പീഢനം അനുഭവിക്കേണ്ടി വരികയോ .. വേണ്ട; മന്ത്രിയും ഇല്ല.

മറ്റുള്ള ജീവികൾക്ക് മതാചാര്യന്മാരുടെയും മതപുരോഹിതന്മാരുടെയും ദുസ്വാതന്ത്ര്യങ്ങളെയും കൊള്ളകളെയും സഹിക്കേണ്ടി വരുന്നുണ്ടോ ? പേരിടാനും മാമോദീസാ മുക്കാനും ചുക്രിയുടെ ചർമ്മാഗ്രം ഛേദിക്കാനും വിവാഹം കഴിപ്പിക്കാനും ശവമടക്കാനും വ്യത്യസ്ത മതപുരോഹിതർ ഉണ്ടോ ? രാഷ്ട്രീയക്കാരുടെ കൊള്ളകളും നികുതികളും നികുതി വർദ്ധനവും ഉണ്ടോ ? അതും ഇല്ല. ഹർത്താലുകളും ബന്ദുകളും ? ഇല്ല.

മറ്റുള്ള ജീവികൾ ഭാഗ്യവാന്മാർ ! മനുഷ്യർക്ക് ദുരവസ്ഥ എങ്ങനെ വന്നു ? ദുരവസ്ഥയ്ക്കുള്ള പരിഹാരം 'ദൈവീക പോലീസ് സേന' എന്ന അടുത്ത അദ്ധ്യായത്തിലുണ്ട്.

ഭൗതികമായ അസ്തിത്വം ഇല്ലാത്തതും, അധമർ തട്ടിക്കൂട്ടിയതുമായ ആശയങ്ങളെ നിയമങ്ങളായും, കോപ്രായങ്ങളെ നീതിന്യായ നടപടികളായും, മണ്ണിൽ ഇല്ലാത്തതും ദൈവം നേരിട്ട് പഠിപ്പിക്കാത്തതുമായ അന്ധവിശ്വാസങ്ങളെ ദൈവ കാര്യങ്ങളായും, സ്വീകരിക്കാൻ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മനുഷ്യരുടെ എല്ലാ കാര്യങ്ങളിലും അവകാശവും അധികാരവും ഉള്ളതുമായ ദൈവം നേരിട്ട് പറഞ്ഞിട്ടില്ല. മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ളതായ ഭൗതിക ധർമ്മ ആത്മീയ ശാസ്ത്രങ്ങൾ വഴി ഏക അധികാരിയായ ദൈവം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. സഹായികളെ ആവശ്യമില്ലാത്ത മഹാശക്തിയായ ദൈവത്തിന് മദ്ധ്യസ്ഥരെയും വേണ്ട.

പിന്നെന്താണ് ? ഭരണാധികാരികളും ഉദ്യോഗസ്ഥരും ഒക്കെ എവിടെ നിന്ന് എങ്ങനെ എപ്പോൾ എന്തിന് വന്നു ?

പുരുഷനും സ്ത്രീയും എന്ന രണ്ട് വ്യക്തികളെ ചേർത്ത് മനുഷ്യൻ എന്ന ജീവിയെ സൃഷ്ടിച്ചിരിക്കുകയാണ്. മനുഷ്യൻ എന്ന പദം ബഹുവചനം ആണ്; സമൂഹമാണ്. സമൂഹ ജീവികളുടെ കൂട്ടത്തിൽ ബുദ്ധിശക്തി, കായിക ശക്തി, ആരോഗ്യം, എന്നിവയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണമല്ലോ. ഉപദേശങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിഷയങ്ങളിൽ ആവശ്യമാകും. ഉപദേശിക്കാനും അഭിപ്രായ വ്യത്യാസങ്ങളെ നിയന്ത്രിക്കാനും സഹായിക്കുന്നവർക്ക് സമൂഹത്തിൽ ക്രമേണ മേൽക്കോയ്മ ഉണ്ടാകുന്നു. അനേകം ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പ്രദേശങ്ങളിലെ കാലാവസ്ഥ, കടൽ, നദികൾ, പർവ്വതം, മലകൾ, വനങ്ങൾ തുടങ്ങി ബഹുവിധ ഘടകങ്ങളും, വ്യത്യസ്തങ്ങളായ ജനസമൂഹങ്ങളെ രൂപപ്പെടുത്തുന്നു. ജനപ്പെരുപ്പം, ചിലയിടങ്ങളിൽ രൂപം കൊള്ളുന്ന മതങ്ങൾ, മുതലാളിത്തം ഫ്യൂഡലിസം കമ്മ്യൂണിസം തുടങ്ങിയ വ്യവസ്ഥിതികൾ, അതിർത്തി തർക്കങ്ങൾ, പ്രാദേശികവും ദേശീയവുമായ വളർച്ച, സാമ്പത്തിക ചൂഷണങ്ങൾ, യുദ്ധങ്ങൾ, ശാസ്ത്ര സാങ്കേതിക വളർച്ചയും ജീവിത സൗകര്യങ്ങളുടെ വർദ്ധനവും തുടങ്ങിയവ നൂറ്റാണ്ടുകൾ കൊണ്ട് ഗ്രാമം, നഗരം, ജില്ല, സംസ്ഥാനം, ദേശം, കോമൺവെൽത്ത്- യൂറോപ്യൻ യൂണിയൻ- ഒപ്പെക് - എന്നിങ്ങനെ കൂട്ടായ്മകളെയും ചേരിതിരിവുകളെയും, തദടിസ്ഥാനങ്ങളിൽ ഭരണകൂടങ്ങളെയും സൃഷ്ടിച്ചിരിക്കുകയാണ്.

മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ളതായ ഭൗതിക ശാസ്ത്ര നിയമങ്ങൾക്കൊപ്പം ധർമ്മ ശാസ്ത്രം ലഭ്യമാണെന്നത് ശ്രദ്ധിക്കാൻ പോലും ആളുണ്ടായില്ല.

തോന്നും പോലെ ഭരണകൂടം പ്രവർത്തിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് സൗജന്യമായി പൊതുജന സേവനം ചെയ്തു തുടങ്ങിയത്, കാലക്രമത്തിൽ പ്രതിഫലം മോഹമായും, ആവശ്യമായും, ജനങ്ങളെ കബളിപ്പിച്ചും കൊള്ളയടിച്ചും ആനന്ദങ്ങളെ നേടാനുള്ള മാർഗ്ഗമായി വളർന്നു.

ജനസമൂഹങ്ങൾ പ്രദേശ വാസികൾ, ദേശ വാസികൾ എന്നിങ്ങനെ വളർന്നപ്പോൾ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ഭരണാധികാരികൾ എന്ന പേരിൽ ജനവിഭാഗം ആവശ്യമായി,
ഭരണാധികാരികൾക്ക് ജനങ്ങളെ കബളിപ്പിച്ചും, കൊള്ളയടിച്ചും, ഭരിച്ചും, കൊണ്ട് ജനങ്ങളുടെ ചിലവിൽ തന്നെ ബഹുവിധങ്ങളായ ആനന്ദങ്ങളെ നേടാനുള്ള മാർഗ്ഗമായി ഏറ്റക്കുറച്ചിലുകളോടെ എല്ലാ രാജ്യങ്ങളിലെയും സമൂഹങ്ങളിൽ വളർന്നു, എന്നിവ വിശകലനം ചെയ്താൽ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ആര് എന്നതും, ആര് ആർക്കു വേണ്ടി പ്രവർത്തിക്കുന്നു എന്നതും, എങ്ങനെ പ്രവർത്തിക്കുന്നു എന്നതും, തുടങ്ങിയ കാര്യങ്ങൾ ആധാര ഘടകങ്ങളാണ്. അടിമകൾ ജീവിക്കേണ്ടത് യജമാനരുടെ ആവശ്യങ്ങളെ നിർവ്വഹിക്കാനാവണം.

പകരം, യജമാനരായ ജനങ്ങളെ അടിമകളാക്കി കൊണ്ട്, യഥാർത്ഥ അടിമകൾ 'ഭരണാധികാരികൾ' എന്ന കള്ളപ്പേരിൽ, 'പോലീസ്, പട്ടാളം, ഉദ്യോഗസ്ഥർ തുടങ്ങിയ അടിമകളെ' സമർത്ഥമായി ദുർവ്വിനിയോഗിച്ച്, യജമാനരായ ജനങ്ങളെ പീഡിപ്പിച്ചു ജീവിക്കുന്ന കൊടിയ പൈശാചിക അവസ്ഥയാണ് എല്ലാ രാജ്യങ്ങളിലും പരക്കെ ഉണ്ടായിട്ടുള്ളത്.

അടിമകൾക്കും കൂട്ടാളികൾക്കും അറിയാത്തതും വിട്ടുപോയതും അവഗണിച്ചതുമായ മുഖ്യ വസ്തുത മഹാനീതിയെ സദാ ദൈവം നിർവ്വഹിക്കുന്നു എന്നതാണ്. സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ല എന്നതു കൊണ്ട് നീതി കാര്യങ്ങളെ പ്രകടമായി അറിയാൻ കഴിയുന്നില്ല എന്നേയുള്ളൂ.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകുന്നതോടെ തകർന്നടിയുന്ന ചീട്ടുകൊട്ടാരങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും ഭരണ കാര്യാലയങ്ങളിലും മതകേന്ദ്രങ്ങളിലും ഏറെക്കുറെ പൂർണ്ണമായും / പരക്കെ ഉണ്ടായിരിക്കുന്നത്. ഭരണാധികാരികളും ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടികളുടെയും മതങ്ങളുടെയും ജാതികളുടെയും മറ്റും നേതാക്കളായി വിലസുന്നവരും തൽക്കാലം അറിയുന്നില്ല എന്നതാണ് വസ്തുത.

ദൈവ കാര്യങ്ങളെന്ന പേരിൽ എല്ലാ രാജ്യങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ സ്ഥാനം ഉറപ്പിച്ച മതങ്ങളിലെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ ദൈവം നൽകിയ ശക്തി, സമ്പത്ത്, ജീവൻ, ആരോഗ്യം, സമയം എന്നിവ പാഴാക്കി ക്കൊണ്ട് വാചക കസർത്തുകളും ജാഥകളും നയിക്കുകയും മറ്റുള്ളവർക്ക് ദൈവം നൽകിയിട്ടുള്ള സഞ്ചാര സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള ആവശ്യങ്ങളെയും ആനന്ദങ്ങളെയും ഹനിക്കുന്നവർ കടുത്ത ദൈവ നിന്ദയും പാപങ്ങളുമാണ് ചെയ്തു പോരുന്നത്. മത-ദൈവങ്ങളുടെ പേരിൽ കോപ്രായങ്ങൾ കാട്ടുന്ന അവർ ചെയ്യുന്നതെന്തെന്ന് അവർ (തൽക്കാലം) അറിയുന്നില്ല.

മനുഷ്യനും മറ്റുള്ള ജീവികളും ജീവിക്കുന്നതും തൊഴിൽ ചെയ്യുന്നതും ആർക്കു വേണ്ടി / എന്തിനു വേണ്ടി ?

ആനന്ദത്തെ വർദ്ധിപ്പിച്ചു ജീവിക്കാനാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ഓരോ ജീവിയും പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്.

സമസ്ത ജനങ്ങളും ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്. ഭാര്യക്കും മക്കൾക്കും വേണ്ടി ജീവിക്കുന്നു/തൊഴിൽ ചെയ്യുന്നു എന്ന് കരുതുന്ന ഭർത്താവും, ഭർത്താവിനും മക്കൾക്കും വേണ്ടി ജീവിക്കുന്നു എന്ന് കരുതുന്ന ഭാര്യയും, മറ്റു കുടുംബാംഗങ്ങളും, യഥാർത്ഥത്തിൽ ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്.

മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നു/തൊഴിൽ ചെയ്യുന്നു എന്ന് കരുതുന്നവർ വിശകലനം ചെയ്താൽ തെറ്റിദ്ധാരണ മാറും. ആർക്കു വേണ്ടിയാണ് ജീവിക്കുന്നത് / പ്രവർത്തിക്കുന്നത് എന്നു കരുതുന്നത്, അവർക്ക് ലഭിക്കുന്ന സാത്വികമോ അധമമോ ആയ ആനന്ദത്തിൽ, വ്യക്തി ആനന്ദിക്കുന്നു എന്നതാണ് പ്രഥമവും പ്രധാനവുമായ വസ്തുത.

പ്രപഞ്ചത്തിലെ ഏറ്റവും കഠിനമായ ജോലി കുഞ്ഞുങ്ങളെ പരിചരിക്കലും സംരക്ഷിക്കലുമാണെന്നു പറയുമ്പോൾ, ഏറ്റവും നീണ്ട ആനന്ദമായ വാത്സല്യവും സ്നേഹവും സന്തോഷവും അതിലുണ്ട്. അതിന്റെ തുടർച്ചയായി വൃദ്ധരും അവശരുമായ മാതാപിതാക്കളെയും ഉറ്റവരെയും മക്കൾ പരിചരിക്കാനും ശുശ്രൂഷിക്കാനും സന്തോഷിപ്പിക്കാനും ശ്രദ്ധിക്കേണ്ടത് മക്കളുടെ കടമ ആണ്. പിഴവ് സംഭവിച്ചാൽ പാപവും ദൈവശിക്ഷകളും വാരിക്കൂട്ടുന്നതുമാണ്.

ഓരോരുത്തരും മണ്ണായ ഭൂമിയിലും, അംശമായ ശരീരത്തിലും മഹാലയിച്ചിട്ടുള്ള ഭൗതിക-അസ്തിത്വം ഉള്ളതായ ധർമ്മശാസ്ത്ര പ്രകാരം തൊഴിൽ ചെയ്താൽ മാത്രമേ സാത്വികമായ ആനന്ദത്തെ അനുഭവിക്കാൻ കഴിയൂ. 'തൊഴിലിൽ നിന്നും ലഭിക്കുന്ന ഫലത്തിന്റെ ശുദ്ധിയിൽ' വ്യക്തിക്ക് സംശയം ഉണ്ടായാൽതന്നെ ധർമ്മശാസ്ത്ര വിരുദ്ധമായ തൊഴിലാണ് ചെയ്യുന്നതെന്ന് ഉറപ്പിക്കാം. ഭൗതിക അസ്തിത്വം ഇല്ലാത്തതും ധർമ്മശാസ്ത്ര വിരുദ്ധവുമായ തൊഴിൽ സാത്വികമായ ആനന്ദത്തെയോ പുണ്യത്തെയോ നൽകുന്നതല്ല. ആനന്ദം ഒട്ടും നൽകിയില്ലെന്നും വരാം; ആനന്ദിക്കാനാണ് ജീവിക്കുന്നത് എന്നതിനാൽ കൈക്കൂലി എന്ന അധമ ആനന്ദത്തെ അനേകർ ആശ്രയിക്കുന്നത് അതുകൊണ്ടു കൂടിയാണ്.

മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്നു എന്നു കരുതി ഒരാൾ തൊഴിൽ ചെയ്യുമ്പോൾ, പിഴവ് സംഭവിച്ചതായി അറിയണം. സേവനം ചെയ്യാൻ/തൊഴിൽ ചെയ്യാൻ മറ്റുള്ളവരോ, അവരിലൂടെ ദൈവമോ ഒരു അവസരം നൽകുന്നതായി തിരിച്ചറിഞ്ഞാൽ, വ്യക്തിയുടെ നന്മയും പുണ്യവും വർദ്ധിച്ചു തുടങ്ങിയതായി കണക്കാക്കാം.

വീടിനു പുറത്ത് ഏറ്റവുമധികം ആനന്ദിക്കുന്നത് മണ്ണിൽ ജോലി ചെയ്യുന്ന കൃഷിക്കാരനാണ്. മണ്ണായ ദൈവം ബഹുവിധങ്ങളിൽ ആനന്ദിപ്പിക്കുന്നത് അനുഭവിച്ച് അറിയണം. ഉദാഹരണത്തിന് ഏതാനും മാസങ്ങൾക്കു മുമ്പ് ഒരു തെങ്ങിൻതൈ നടുമ്പോൾ ഈയുള്ളവൻ മൂന്നു തവണ കുഴിയിൽ വീണ്ടും വീണ്ടും വീണപ്പോൾ വളരെയധികം ആനന്ദിച്ചു; കാരണം മണ്ണ് ഈയുള്ളവനുമായി കളിച്ച് വിനോദിക്കുവാൻ പോകുന്നു എന്ന വെളിപാട് ആദ്യമേ കിട്ടിയിരുന്നു. കുഴിക്കു പുറത്ത് നിൽക്കുന്നവർക്ക്, ഹൃദ്രോഗിയായ വയസ്സൻ വേണ്ടാത്ത പണിക്കു പോകുന്നതായി തോന്നും.

ദൈവം കുഞ്ഞുങ്ങളെ ജനിപ്പിക്കുമ്പോൾ അഥവാ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുമ്പോൾ, ദൈവത്തിനും സ്വാർത്ഥം ഉണ്ടാകുന്നുണ്ട്; എന്നാൽ എല്ലാ കുഞ്ഞുങ്ങളോടുമുള്ള മഹാവാത്സല്ല്യത്തെ മഹാആനന്ദമായി മഹാനിശ്ചയിച്ച് ആനന്ദങ്ങൾക്കെല്ലാം അതീതമായും നിസ്വാർത്ഥമായും ദൈവം മഹാശോഭിക്കുന്നു.

സർവ്വത്തിനും അതീതമായ ദൈവത്തിനോ, ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിക്കു വേണ്ടിയോ, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ ദേശങ്ങൾക്കും നാടുകൾക്കും സ്വന്തമെന്ന് തെറ്റിദ്ധരിച്ചു പോരുന്ന മണ്ണിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിനു വേണ്ടിയോ മനുഷ്യൻ യാതൊന്നും ചെയ്യണ്ട. ദൈവാംശമായ ശരീരം നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കുകയേ വേണ്ടൂ.

രാഷ്ട്രീയ പാർട്ടികളുടെയോ, മതപുരോഹിതരുടെയോ വാക്കുകളെ, സ്വന്തം ശരീരത്തിലോ മണ്ണിന്റെ മൂലകങ്ങളിലോ ഉള്ള ഭൗതിക-ധർമ്മശാസ്ത്ര നിയമങ്ങളിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ ഓരോ മനുഷ്യനും, പ്രത്യേകിച്ച് ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ സ്വയവും ദൈവത്തോടും ബാദ്ധ്യസ്ഥരാണ്. മണ്ണിന്റെ നിയമങ്ങളിൽ ഇല്ലെങ്കിൽ, രണ്ട് മാർഗ്ഗങ്ങളെയാണ് മണ്ണിൽ ജീവിക്കുന്നവർക്ക് മണ്ണും ഭൂമിയുമായ ദൈവം, മഹാവാത്സല്ല്യത്തോടെ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കുന്നത്.

(1) മണ്ണിലെ നിയമങ്ങളിൽ ഇല്ലാത്ത കാര്യങ്ങളിൽ സഹകരിക്കാതിരിക്കുക. ദൈവീകമായ ഗാന്ധിയൻ നിസ്സഹകരണം ആണത്.

(2) ദൈവം നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് തങ്ങൾക്ക് തോന്നും പോലെ വിഷയങ്ങളിൽ പ്രവർത്തിക്കുക. തോന്നും പോലെ പ്രവർത്തിക്കുമ്പോൾ, പാപങ്ങളും ദൈവ ശിക്ഷകളും ഉണ്ടാവാതിരിക്കാൻ, ദൈവീകമായ ഒരു മാർഗ്ഗം കൂടി മണ്ണിന്റെ നിയമങ്ങൾ കർശനമായി അറിയിക്കുന്നുണ്ട്.

നാട്ടുവാസി, കാട്ടുവാസി എന്ന ദൈവീകമായ മനുഷ്യ-വിഭജനത്തെ പാലിക്കണം. അതായത്, 'ഭൗതിക - ധർമ്മ ശാസ്ത്രങ്ങളെ' പാലിക്കാൻ മത-ജാതി-രാഷ്ട്രീയ പ്രവർത്തകർക്ക് ശരിക്ക് കഴിയുന്നതല്ല; അത്തരക്കാർക്ക് 'ഭൗതിക ശാസ്ത്ര പ്രകാരമുള്ള' ആനന്ദങ്ങളെ അനുഭവിക്കാനുള്ള ദൈവീക യോഗ്യത ഇല്ല : പാകം ചെയ്ത ഭക്ഷണം, വസ്ത്രം, ആധുനിക വീട് / ആശുപത്രി, വാഹനം, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കാതെ മൃഗ-സമാനരായി അവർ (കാട്ടിൽ) ജീവിക്കണം. ദൈവീക മാർഗ്ഗത്തെ സ്വീകരിക്കാതെ, പകരം സമരങ്ങൾക്കും മറ്റും ഇറങ്ങി പുറപ്പെട്ടാൽ പാപം ശേഖരിക്കാനും ദൈവ ശിക്ഷകൾ വർദ്ധിക്കാനും കാരണമായി തീരും.

പാർട്ടികളുടെ നേതാക്കളും പ്രവർത്തകരും മതപുരോഹിതരും മറ്റും, പാവം ജനങ്ങളെ വഴിതെറ്റിക്കുന്നതിന് തീർച്ചയായും കടുത്ത ശിക്ഷാ നടപടികളെ സ്വീകരിക്കേണ്ടതുണ്ട്.

(മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി ജീവിക്കുന്നവർ ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ വീണ്ടും ദൈവം സൃഷ്ടിച്ച മനുഷ്യരായി മാറുന്നതാണ്.)

ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്ന മുറ മറന്നും അവഗണിച്ചും വിനോദത്തെ പ്രധാനമാക്കി അടിമകളും യജമാനരായ ജനങ്ങളും ജീവിത ബോധം നഷ്ടപ്പെടുത്തി ജീവിക്കുന്ന ഏറ്റവും ഹീനമായ അവസ്ഥ സമൂഹത്തിൽ പരക്കെ ഉണ്ടായിരിക്കുന്നു.

മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തോടു കൂടി മണ്ണിൽ ജീവിക്കുകയും, മരണം വരെ എല്ലാ ആനന്ദങ്ങളെയും മണ്ണിൽ നിന്നും സ്വീകരിക്കുകയും ചെയ്യുന്നവർ മണ്ണിന്റെ നിയമങ്ങളെ അവഗണിക്കുന്നത് കൂടാതെ, മണ്ണ് വ്യക്തിസ്വാതന്ത്ര്യത്തെ മനുഷ്യന് നൽകിയിട്ടുള്ള പോലെ, മണ്ണിനും മണ്ണിലെ മറ്റുള്ള ജീവികൾക്കും, ദേവതകൾക്കും വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകണം എന്നും, അവനവന്റെ കാര്യം നോക്കാതെ, ദേവതകളുടെയും മറ്റും കാര്യത്തിൽ ഇടപെടാനുള്ള അവകാശവും അധികാരവും മനുഷ്യൻ എന്ന കീടത്തിന് ഇല്ലെന്നും മനസ്സിലാക്കണം; ഉൾക്കൊണ്ടു ജീവിക്കണം.

അടുത്ത അദ്ധ്യായം യജമാനരായ ജനങ്ങളെ, ദൈവികമായ പോലീസ് സേന സഹായിച്ച് ജനങ്ങളുടെ ഭാഗമാകുന്നത് സംബന്ധിച്ചാണ്.

ദൈവീകമായ പോലീസ് സേന

ജനങ്ങളുടെ സ്വകാര്യമോ പൊതുവായതോ ആയ ഏതൊരു വിഷയത്തിലും ധർമ്മ ശാസ്ത്രപരമായി വ്യക്തിയെയും സമൂഹത്തെയും സഹായിക്കാൻ തയ്യാറാകുന്ന ജനസേവകരാണ് പോലീസ് സേന.

ഗ്രാമ പഞ്ചായത്തുകളിലൂടെ ജനങ്ങൾ നിയമിച്ച് ജനങ്ങളുടെ ചിലവിൽ പ്രവർത്തിക്കുന്ന ജനവിഭാഗം ആകയാൽ ജനങ്ങളുടെ അടിമകളുമാണ്. അവർക്ക് ജനങ്ങളുമായും ധർമ്മശാസ്ത്രങ്ങളുമായാണ് ബന്ധം. ഏറ്റവും കൂടുതൽ പുണ്യം നേടാൻ കഴിയുന്ന അവസരം അവർക്ക് ലഭിക്കുന്നു. മുഖ്യ അടിമയായ രാജാവ്/മന്ത്രി തുടങ്ങിയ പദവികളെ വഹിക്കുന്നവർ പിഴയ്ക്കാതെ, അവരെ ശുദ്ധീകരിക്കാനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും പോലീസിന് കഴിയണം. അപ്പോഴാണ് അവർ ജനങ്ങളുടെ ഭാഗവും, ദൈവീകവുമായി ഉയരുക.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്. **എല്ലാ വിഷയങ്ങളെയും ശാസ്ത്രപരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് അവർക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക. അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് അധമരും 'യഥാർത്ഥത്തിൽ അടിമകളുമായ ഭരണാധികാരികളുടെ' അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത് എന്നത് പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും ദൈവ വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്.**

അനേകം നൂറ്റാണ്ടുകളായി സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ട് തൊഴിൽ നേടിയവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകി സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ ആചാരം പോലെ ശ്രദ്ധിക്കുന്നുണ്ട്. പ്രസ്തുത അപരാധവും, കടുത്ത ദൈവനിന്ദയും ചെയ്ത് **പോലീസിനെയും സൈന്യത്തെയും** ധർമ്മ ശാസ്ത്ര പ്രകാരം **വിഷയ**-വിശകലനത്തെ **കടമയാക്കാത്തവരും**,'ജനങ്ങളുടെ **അടിമകളായ ഭരണാധികാരികളുടെ' അടിമകളുമാക്കി.** ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. വ്യത്യസ്ത രാജ്യങ്ങളിലെ പട്ടാളക്കാരും ജനങ്ങളും അന്യോന്യം ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായി. **ജനങ്ങളുടെ സേവകരും അടിമകളുമാണ് മന്ത്രിമാരും പോലീസും സൈന്യവും എന്നത് മറച്ചും മറന്നും ജീവിക്കുന്നു.** ഉദാഹരണത്തിന്, 2018 ഒക്ടോബർ 18, 19 തീയതികളിൽ **ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന 'ജനസേവകർ, മന്ത്രിമാർ എന്നീ അടിമകളെ' അനുസരിച്ച്, ചില സ്ത്രീകളുടെ വകതിരിവില്ലായ്മ സാധിച്ചു കൊടുക്കാൻ 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന** ഐജി ഉൾപ്പെടെയുള്ള **പോലീസ് സേന' ശബരിമല അകമ്പടിപോയതും, നാണംകെട്ടതും ധർമ്മശാസ്ത്ര വിരുദ്ധമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച മന്ത്രിമാർ ഉൾപ്പെട്ട ജനസേവകർ എമ്പോക്കികളായി തരംതാണപ്പോൾ അടിച്ചും അവരെ തിരുത്തുന്നതിനുപകരം, ദൈവികമായ പൊലീസ് സേന, യജമാനരായ ജനങ്ങളെ മർദ്ദിച്ചു പോരുന്നത് കടുത്ത അപരാധമാണ്. 'ദൈവം നേരിട്ട് ഏല്പിക്കാത്ത ദൈവവേല ചെയ്ത് ദൈവത്തെ രക്ഷിക്കാൻ നടക്കുന്ന അജ്ഞാനികളുമായി പോര് കൂടിയതും, കൂടുന്നതും, ജീവനും സമ്പത്തും ശാന്തിയും മറ്റും നഷ്ടപ്പെടാൻ ഇടയാക്കുന്നതും ശരിയല്ല. 'ദൈവ കാര്യങ്ങൾ ഉൾപ്പെടെ ജീവിതവിഷയങ്ങളിൽ ശാസ്ത്രജ്ഞാനം നേടാനും, ഊട്ടുന്ന ജനങ്ങൾക്ക് വിജ്ഞാനം പകരാനും ശ്രദ്ധിക്കാതെ ജീവിക്കുന്ന' അടിമകളായ ജനസേവകരും, അടിമകളുടെ അടിമകളായി മാറിയ പോലീസും മർദ്ദിക്കുന്നത് യജമാനരായ ജനങ്ങളെയാണ്. ജനങ്ങളുടെ ദൈവീക- സേവകരായ പോലീസ് സേന, അടിമകളായ മന്ത്രിമാരുടെ അടിമ അല്ലെന്ന് തിരിച്ചറിയണം. അടിമകൾ ഉണ്ടാക്കിയ പദവികൾ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. ജന്മഗുണങ്ങൾ പ്രകാരം ബുദ്ധിശക്തി, തൊഴിൽ അഭിരുചി എന്നിവയെ ദൈവം വ്യത്യാസപ്പെടുത്തുന്നത് എല്ലാ തൊഴിലുകളും ചെയ്യാൻ നാട്ടിൽ ആളുകൾ ഉണ്ടാവണം എന്നതിനാണ്. യാതൊരാളും രാജാവിനേക്കാൾ ചെറുതും ഭിക്ഷക്കാരനേക്കാൾ വലുതുമല്ല. രാജാവ്, മന്ത്രിമാർ, തൂപ്പുകാർ തുടങ്ങി ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി തൊഴിൽ ശാസ്ത്രം വിഭജിക്കുമ്പോൾ തുല്ല്യങ്ങളിൽ ഒന്നാമത് കൃഷിയാണ്. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള 'ഏകസിവിൽ കോഡ്' കൂടിയായ 'ധർമ്മശാസ്ത്രം' ഉടനെയുള്ള ദൈവ വിപ്ലവത്തോടെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടന ആവും; സമവേതനവും നടപ്പാകുന്നതാണ് ! 'യജമാനരും അവശരുമായ' ജനങ്ങൾക്ക് പോലീസ് എസ്കോർട്ട് ആവാം; രാജാവിനും പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും മറ്റും പാടില്ല; ധർമ്മശാസ്ത്രപരമല്ല/ദൈവീകമല്ല.**

(മഹാപിതാവും) മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും പോലീസും ജനങ്ങളുമെല്ലാം എന്നത് മനസ്സിലാക്കണം. 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഡിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. **വധിക്കാൻ കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്കും, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം.**

ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു ദൈവമാണെന്നു പറഞ്ഞു നടക്കുന്ന മതഭരണാധികാരികളും മതപുരോഹിത-പ്പരിശകളും ദൈവത്തിന്റെ കുഞ്ഞുങ്ങൾ യുദ്ധം ചെയ്യുന്നതും വധിക്കപ്പെടുന്നതും ഉചിതമായി തടഞ്ഞില്ല. ആയുധങ്ങളെയും പട്ടാളക്കാരെയും മറ്റും ഒരുക്കുന്നത് അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാഞ്ഞതിനും കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്. മറക്കുകയോ, മറയ്ക്കുകയോ, അറിയാതെ പോവുകയോ ചെയ്തതാണെങ്കിൽ; **സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവൻ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം എന്നു പ്രസംഗിച്ചുകൊണ്ട്, ദൈവം നേരിട്ട് ഏല്പിക്കാത്തതും ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള നിയമങ്ങളിൽ ഇല്ലാത്തതുമായ പണികളെ ചെയ്ത് ദൈവത്തെ കബളിപ്പിക്കാൻ ശ്രമിച്ചതിന് ദൈവശിക്ഷകളുണ്ട്. തീർന്നില്ല; ദൈവത്തിന്റെ പേരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധമ-നീച അനുഷ്ഠാനങ്ങളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് ജനങ്ങളെ ചൂഷണം ചെയ്ത് ജീവിച്ചതിനും, ജീവിക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്.**

ദൈവത്തിന്റെ പാവം കുഞ്ഞുങ്ങൾ കൂടിയായ ഇന്നത്തെ പട്ടാളക്കാരും പോലീസുകാരും 'അടിമകളായ ഭരണാധികാരികളുടെ' അടിമകളല്ലെന്നും, മറിച്ച് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവും, ജനങ്ങളുടെ മാത്രം അടിമകളാണെന്നും തിരിച്ചറിയണം. ധർമ്മ ശാസ്ത്രപ്രകാരം പോലീസിൽ സ്ത്രീകൾ അരുത്.

'പോലീസുകാരും, സൈന്യവും', ജനങ്ങളുടെയും രാജ്യങ്ങളുടെയും പൊൻകിരീടമാണെന്നും മാങ്ങാക്കുലയാണെന്നും മറ്റും പറഞ്ഞു പറ്റിക്കാൻ, ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ അധമ - ഭരണാധികാരികളും മറ്റും ശ്രദ്ധിച്ചിരുന്നു.

നീചത്തങ്ങളെ ശരിവയ്ക്കുന്ന എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റുമാരും / രാജാക്കന്മാരും പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മന്ത്രിമാരും ന്യായാധിപന്മാരും തോക്കുകളും മറ്റ് ആയുധങ്ങളുമായിട്ട് അതിർത്തികളെ സംരക്ഷിക്കട്ടെ. അവരുടെ പൊൻകിരീടവും 'രക്തസാക്ഷികളും ബലിമൃഗങ്ങളുമായ' പട്ടാളക്കാർ കുടുംബാംഗങ്ങളെയും ഉറ്റവരെയും സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തും സ്നേഹ-പരിചരണങ്ങളെ മടക്കി വാങ്ങിയും പട്ടാള ജോലിക്കാലത്ത് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ ഏതെങ്കിലും പട്ടാളക്കാരെയോ ജനങ്ങളെയോ വധിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉചിതമായിട്ട് പശ്ചാത്തപിച്ചും, പാപങ്ങളുടെ ബാക്കിപത്രമായ കീർത്തിമുദ്രകളെയും മദ്യപാനത്തെയും ഉപേക്ഷിച്ച് സംശുദ്ധരാവാൻ പരിശ്രമിക്കണം; സംശുദ്ധരാവണം.

ഉടൻ ഭൂമിയിലെങ്ങും ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, 'ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും പോലീസും സൈന്യവും സ്വീകരിക്കേണ്ടതായ നടപടികളെയാണ് ' അറിയിച്ചത്.

ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണന്നും, യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.

മണ്ണായ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള ലഘുവും ലളിതവുമായ ധർമ്മശാസ്ത്ര നിയമങ്ങൾ പ്രകാരം ജനങ്ങൾക്ക് സാമാന്യ നീതി നടപ്പാക്കാൻ സ്വയം കഴിയുമെന്നിരിക്കെ, യഥാർത്ഥമായുള്ള പൊതു ആവശ്യങ്ങൾക്ക് മാത്രമാണ് ഗ്രാമസഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന പോലീസ് സേനയുടെ ആവശ്യം ഉണ്ടാവുക.

ധർമ്മശാസ്ത്രത്തെ അനുസരിച്ച് ജനങ്ങളും, അവരുടെ ഭാഗമായ പോലീസ് സേനയും പ്രവർത്തിക്കുന്നു എന്നല്ലാതെ തെറ്റും ശരിയും വിഷയമാക്കാതെ വ്യക്തികളെയും മുഖ്യ-അടിമകളെയും അനുസരിക്കുന്ന ഇന്നത്തെ മൂഢ/വഷളൻ സമ്പ്രദായം ഉണ്ടാവില്ല.

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം കടമകളെയും കടപ്പാടുകളെയും നിറവേറ്റണം. ധർമ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും മറ്റും തട്ടിക്കൂട്ടുന്ന അധമരായ 'മുഖ്യ അടിമകളായ മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും മറ്റും ഉൾപ്പെട്ട മനുഷ്യ - ഭരണാധികാരികളെ' ധിക്കരിക്കണം; അത്യാവശ്യമെങ്കിൽ നീചരെ പരസ്യമായി കെട്ടിയിടാനും, വേണ്ടിവന്നാൽ തല്ലാനും, ജനങ്ങളുടെ ദാസന്മാരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയ്ക്ക് ധർമ്മശാസ്ത്രപരമായ ചുമതലയുള്ളത് നിറവേറ്റണം. അപ്പോഴാണ് പോലീസ് സേന, ജനങ്ങളുടെ ഭാഗമാവുന്നതും, സഹായികളാവുന്നതും.

ധർമ്മ ശാസ്ത്ര പ്രകാരം, പോലീസ് സേന ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായാണ് പ്രവർത്തിക്കേണ്ടുന്നത്. സംശുദ്ധമായിട്ട് പ്രവർത്തിക്കാനും ജനങ്ങൾക്കെല്ലാം ആവശ്യമായ സഹായങ്ങൾ ചെയ്തു കൊണ്ട് പുണ്യം വാരിക്കൂട്ടാനും പോലീസ് സേനയ്ക്ക് കഴിയുന്നതാണ്. ഭരണാധികാരികളെയും ഉദ്യോഗസ്ഥ മേധാവികൾ ഉൾപ്പെടെയുള്ളവരെയും അനുസരിക്കാൻ പോലീസ് സേനയ്ക്കും യാതൊരാൾക്കും ബാദ്ധ്യതയില്ല. മഹാശക്തിയായ ദൈവം, തൊഴിലുകൾക്കെല്ലാം തുല്ല്യപദവിയാണ് മഹാശാസ്ത്ര പ്രകാരം മഹാനിശ്ചയിച്ചിട്ടുള്ളത് എന്നതും തുല്യങ്ങളിൽ ഒന്നാമത്തേതായിട്ട് കൃഷിയെയും കൃഷിക്കാരെയും മഹാഉയർത്തുന്നു എന്നതും ഉൽക്കൃഷ്ടമാണ്.

ആധുനിക കാലത്ത്, "ആവശ്യം" വിഭാഗത്തിലെ മന്ത്രിമാരെയും ന്യായാധിപന്മാരെയും മറ്റും "അത്യാവശ്യം" വിഭാഗമാക്കാനും, സമൂഹത്തിലെ പ്രധാനികളാക്കാനും ശ്രമങ്ങളുണ്ട്. അധമ സംവിധാനങ്ങളെ ഉപയോഗിച്ചും, ജനങ്ങളുടെ പണത്തെ പിടിച്ചുപറിച്ചും മറ്റും ഭരണാധികാരികൾ കാട്ടിക്കൂട്ടുന്ന ശ്രമങ്ങൾക്ക് മണ്ണിൽ അഥവാ ഭൂമിയിൽ സ്ഥാനം പിടിക്കാൻ കഴിയുന്നതല്ല. ഏതു കാലത്തും, എവിടെയും കൃഷിക്കാർ പണിമുടക്കിയാൽ സമൂഹത്തിൽ ഭക്ഷണത്തിനു വേണ്ടിയുള്ള പരാക്രമങ്ങൾ ഉണ്ടാകുന്നതാണ്. രാജാവും മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസുകാരും പട്ടാളക്കാരും ഉൾപ്പെടെയുള്ള ജനങ്ങളെല്ലാം സർവ്വതും ഉപേക്ഷിച്ചുകൊണ്ട് ഭക്ഷണത്തിനു വേണ്ടി പായുന്നതാണ്. ഭൂമിയിലെങ്ങുമുള്ള എല്ലാ ജനങ്ങളെയും (ദൈവം) തീറ്റിപ്പോറ്റുന്നത് കൃഷിക്കാരിലൂടെയാണ്.

അനേകം അധമ കാര്യാലയങ്ങളും അധമ പ്രവൃത്തികൾ ചെയ്യുന്നവരും ഭൂമിയിലെങ്ങും ധാരാളമാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണംചെയ്ത് അഥവാ അധമ പ്രവൃത്തികൾ ചെയ്തു ജീവിക്കുന്നവരാണ് ബാങ്കുകൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, പബ്ലിക് സർവീസ് കമീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ലോട്ടറി, കോടതി, സംസ്ഥാന-കേന്ദ്രനിയമസഭകൾ, തുടങ്ങിയവ. ദൈവ-വിപ്ലവത്തോടെ അധമ സ്ഥാപനങ്ങളെല്ലാം അവസാനിക്കുന്നതാണ്.

കൊള്ളസംഘങ്ങളെ നയിക്കുന്ന രാഷ്ട്രീയക്കാരും മത-ജാതി നേതാക്കളും മറ്റും ധാർമ്മികമായിട്ട് അധഃപതിക്കുവാനുള്ള മുഖ്യ കാരണം മതപണ്ഡിതന്മാർക്കു പോലും ദൈവം എന്താണെന്നും ദൈവീകമായ നീതി നിർവ്വഹണം എങ്ങനെയാണെന്നും അറിയാതെ പോയതാണ്. ദൈവഭയം ഇല്ലാതെ വന്നു. വ്യത്യസ്ത മതങ്ങളിലെ പരസ്പര വിരുദ്ധങ്ങളും അശാസ്ത്രീയങ്ങളുമായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ചേര്ന്ന്, ദൈവത്തെയും ദൈവീക നീതിയെയും അറിയാതെയും വിഷയമാക്കാതെയും തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം ജീവിക്കുന്ന മത-ജാതി-ഉപജാതി-രാഷ്ട്രീയ ജീവികളായിട്ട് മനുഷ്യരെ പരിവർത്തനപ്പെടുത്തി.

ഇന്നത്തെ മന്ത്രിമാരും, പോലീസും മാത്രമല്ല, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ എല്ലാ ഭരണ-കാര്യാലയങ്ങളിലെയും സമസ്ത ഉദ്യോഗസ്ഥരും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ജനങ്ങളുടെ അടിമകളാണ്.

അടിമകൾ അന്യോന്യം അകമ്പടി സേവിക്കാനോ സല്യൂട്ട് ചെയ്യാനോ പാടില്ല. ജനങ്ങളും അടിമകളും എല്ലാം അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. അടിമകൾ നീതി വിധിക്കേണ്ട; യജമാനർ ചെയ്തു കൊള്ളും. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാത്തവരെ യജമാനർ കാട്ടിലേക്കോ, 'ശാസ്ത്ര സൗകര്യങ്ങൾ' ഇല്ലാത്ത ദ്വീപിലേക്കോ അയക്കുക. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതുമാണ്.

നീതിന്യായം പറയാൻ, ധർമ്മ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കുന്ന എല്ലാവർക്കും അവകാശമുണ്ട്. രാജാവ്, മന്ത്രി, തുടങ്ങിയ എല്ലാ ജനസേവകരും 'തെമ്മാടി = എമ്പോക്കികളായി അധഃപതിക്കാതെ' അവർ ജനങ്ങളുടെ അടിമകളായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്താൻ, ജനങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട അടിമകളായ പോലീസ് സേന എല്ലായ്പ്പോഴും ശ്രദ്ധിക്കണം.

'പലപ്പോഴും ജനങ്ങളും പോലീസും ഒന്നിച്ചു ചേർന്ന് ' ശിക്ഷിച്ചു കഴിഞ്ഞ തെമ്മാടികളെ കാട്ടിലയക്കുക, സ്ത്രീപീഡനം പോലെയുള്ള കടുത്ത അപരാധത്തിന് പീഡിപ്പിക്കപ്പെട്ടവരോ ഉറ്റവരോ തനിച്ചോ സേനയുടെ സഹായത്തോടെയോ വധിച്ചവരുടെ ശവമടക്കുക എന്നിങ്ങനെ സേനയുടെ സേവനം പുനഃക്രമീകരിക്കപ്പെടുന്നു. പീഡനത്തിനിരയായ വ്യക്തികൾക്കും ഉറ്റവർക്കും പ്രതികളെ ശിക്ഷിക്കാനും മാപ്പ് നൽകാനും ദൈവീകമായ ശിക്ഷാ സമ്പ്രദായത്തിൽ അവസരമുണ്ട്. അതിന് ഉപരിയായി കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാനീതി നിർവ്വഹണത്തെ മഹാനീതിയായ മഹാദേവി, നിർവ്വഹിക്കുന്നത് എങ്ങനെയാണെന്ന് 'ഓംകാര നീതിശാസ്ത്രം' / മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ/മൂലകങ്ങളിൽ ഭൗതിക ശാസ്ത്രം പോലെ ധർമ്മശാസ്ത്രവും മഹാലയി(പ്പി)ച്ചിട്ടുള്ളതിനാൽ നിയമ സഭകളുടെ ആവശ്യം ഉണ്ടാകുന്നതല്ല. ദൈവീകമായ രാജഭരണ സമ്പ്രദായം അനുസരിച്ച് രാജാവും 4/5 മന്ത്രിമാരും ചേർന്ന് നീതി ന്യായ വിചാരണ തത്സമയം ചെയ്യുന്നതോടെ കോടതി സമ്പ്രദായവും ഒഴിവാകുന്നതാണ്. ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നീ 4 തൊഴിൽ വിഭജനം പ്രകാരം 4 മന്ത്രിമാർ + പരമാവധി 1 അധികം. അധികമാക്കിയ അഞ്ചാമനെ കാട്ടിലെ കാര്യങ്ങളെ കുറിച്ച് പഠിക്കാനും, ശിക്ഷാ നടപടികളെ അവലോകനം ചെയ്യാനും, രാജാവ് എന്ന മുഖ്യ-അടിമയുടെ പകരക്കാരനായും ഒക്കെ കണക്കാക്കാം. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതും എങ്ങനെയാണെന്ന് നാട്ടുവാസിയും കാട്ടുവാസിയും എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിരുന്നു.

ദൈവത്തിന്റെ ഖരരൂപമായ ഭൂമി എല്ലാ ജീവികളുടെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഭദ്രപ്പെടുത്തിയിട്ടുള്ളത് ദൈവത്തിന്റെ മഹാജ്ഞാനം = മഹാശാസ്ത്രം = 3 ശാസ്ത്രങ്ങൾ = ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ = 3 വേദങ്ങൾ = മഹാവേദം പ്രകാരമാണ്. വേദങ്ങൾ സൃഷ്ടിക്കു മുമ്പും മുകളിലുമാണെന്ന് വ്യക്തമാണ്. ദൈവം ശാസ്ത്രത്തെയും, മോക്ഷത്തെയും ബന്ധിപ്പിച്ചിട്ടുള്ള ജീവിയുടെ മനുഷ്യാവസ്ഥയിൽ, ജീവിക്കാൻ പാലിക്കേണ്ടതും അനുസരിക്കേണ്ടതും, 'മനുഷ്യരുടെ ജീവിതമായ സ്ഥിതിയെ' നയിക്കുന്നതും, ലളിതവുമായ 'ധർമ്മശാസ്ത്രം' മാത്രമാണ്.

സൃഷ്ടി മാത്രമായ മനുഷ്യന് യാതൊരു മാഹാത്മ്യവും ഇല്ലെന്ന് ബോദ്ധ്യമാവാൻ തജ്ജന്മത്തിലെ നിഗൂഢ ചെയ്തികളെയോ ഒരു മുജ്ജന്മ ചരിത്രമോ ചൂണ്ടിക്കാട്ടിയാൽ മതി.

തജ്ജന്മത്തിലെ കീർത്തിയെ ആനന്ദമായി സ്വീകരിച്ചാൽ അയാൾക്കും സ്തുതി പാഠകർക്കും പുണ്യത്തെ നേടാൻ കഴിയുന്നതല്ല; മുജ്ജന്മങ്ങളിൽ ശേഖരിക്കാൻ കഴിഞ്ഞ പുണ്യത്തിന് ശോഷണം ഉണ്ടായെന്നും വരും.

പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, സംസ്ഥാന മുഖ്യമന്ത്രിമാർ-മന്ത്രിമാർ തുടങ്ങിയവർ മരിച്ചും, അപകടത്തിൽ പെട്ടും, വധിക്കപ്പെട്ടും, ജയിലിൽ പെട്ടും ഒഴിഞ്ഞ പദവികളിൽ ഭരണ പരിചയമോ, വലിയ പഠിപ്പോ ഇല്ലാത്ത സ്ത്രീകൾ ഉൾപ്പെട്ട ബന്ധുക്കൾ, ഭരിച്ച് വ്യക്തിയും പദവിയും വലിയ കാര്യമല്ലെന്ന് പലതവണ ഇന്ത്യയിൽ തന്നെ തെളിയിച്ചിട്ടുണ്ട്.

പദവികൾ ?

ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാൻ കഴിയുമെന്ന് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ ധർമ്മ ശാസ്ത്ര ശാഖയായ 'തൊഴിൽ ശാസ്ത്രം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. മണ്ണിലെ മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വത്തോടെ തൊഴിലുകൾ ഉണ്ട് എന്നു കൂടിയാണ് അതിന്നർത്ഥം.

മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം ലഭിച്ച ജന്മഗുണങ്ങളോടെ, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുന്നതിനു വേണ്ടി ഓരോ മനുഷ്യനും തൊഴിൽ ചെയ്യണം. മണ്ണായ ഭൂമിയിൽ നിന്നും അനന്തമായ ആനന്ദങ്ങളെ നേരിട്ടും, വ്യവസായ ഉല്പന്നങ്ങൾ വഴിയും ലഭിക്കുന്നു. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുകൾ ഉണ്ടാവണം എന്നത് കണക്കാക്കി തൊഴിൽ അഭിരുചിയെ ജന്മഗുണമാക്കി മഹാനീതിയായ ദൈവം തന്നെ മഹാപരിപാലിക്കുന്നുണ്ട്.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായി ജനങ്ങൾ വേതനം കൊടുത്ത് തൊഴിലാളികളെ നിയമിക്കുമ്പോൾ, ജനങ്ങൾ യജമാനരും, ജനങ്ങളുടെ ചിലവിൽ കഴിയുന്ന തൊഴിലാളികൾ സേവകരും, ഏല്പിച്ച പണി ധർമ്മ ശാസ്ത്രപരമായി ചെയ്തില്ലെങ്കിൽ 'സേവകർ അടി വാങ്ങേണ്ടുന്ന അടിമകളുമാണ്.' രാഷ്ട്രങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും മന്ത്രിമാരും, പൂച്ചാണ്ടി ക്കോടതികളിലെ ന്യായാധിപന്മാർ, ഭരണ-കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ജനങ്ങളുടെ അടിമകളാണ്.

യജമാനരായ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകൾ, മണ്ണിലെ മൂലകങ്ങളിൽ ഇല്ലാത്തതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ ബഹുവിധ പദവികളെ അടിമകളുടെ ഇടയിൽ സ്വയം തട്ടിക്കൂട്ടി ക്കൊണ്ട് യജമാനരെ കബളിപ്പിക്കാനും, യജമാനരുടെ പൊതുവായ ആവശ്യങ്ങളെന്ന പേരിൽ അടിമകൾക്ക് ശരിയെന്നു തോന്നുന്നതും ഇഷ്ടപ്പെടുന്നതുമായ കാര്യങ്ങളെ നിശ്ചയിക്കാനും, യജമാനരുടെ ധനം ബഹുവിധങ്ങളിൽ കൊള്ളയടിക്കാനും, യജമാനരായ ജനങ്ങൾക്ക് സ്രഷ്ടാവ് നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ കവരാനും ഹനിക്കാനുമുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്തു. യജമാനർ അറിയാതെ എന്നോണം അടിമകൾ യജമാനരായി.

പൊതു മേഖലയെ അനുകരിച്ച് സ്വകാര്യ മേഖലയിലും അടിമകൾക്ക് പദവികൾ ഉണ്ടായി !

'തൊഴിലുകൾ' അന്യോന്യം ഭരിക്കാനുള്ള 'പദവികളായി' മാറിയാൽ 'ധർമ്മ ശാസ്ത്ര വിരുദ്ധമാണ്'. തൊഴിലാളികളും അടിമകളും ഉൾപ്പെടെ എല്ലാ ജനങ്ങളും പാലിക്കേണ്ടതും അനുസരിക്കേണ്ടതും 'മനുഷ്യരുടെ ജീവിതമായ സ്ഥിതിയെ' നയിക്കുന്നതും, ലളിതവുമായ 'ധർമ്മശാസ്ത്രം' മാത്രമാണ്.

ദൈവ വിപ്ലവത്തോടെ, മണ്ണിൽ മഹാലയിച്ചിട്ടുള്ള 'സദാചാര ശാസ്ത്രം, നീതി ന്യായ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, തുടങ്ങിയ ശാഖകൾ ഉള്ളതായ ധർമ്മശാസ്ത്രത്തെ' സമസ്ത ദേശങ്ങളിലെയും ഭരണഘടനയായി പുനഃസ്ഥാപിക്കുന്നതാണ്. എല്ലാ സൃഷ്ടി ചക്രങ്ങളിലും സമാനമായി സംഭവിക്കുന്നതാണ്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതു പോലെ, 'ഭൗതിക ധർമ്മ ശാസ്ത്രങ്ങളെ' പാലിക്കാൻ മത-ജാതി-രാഷ്ട്രീയ പ്രവർത്തകർക്ക് കഴിയുന്നതല്ല. യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന്, ദൈവത്തിന്റെ ഖര രൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ അനന്തമായ ആനന്ദങ്ങളെ ഭൂമി നൽകുമ്പോൾ, മൂലകങ്ങളിൽ ലയി (പ്പി)ച്ചിട്ടുള്ള 'ശാസ്ത്രങ്ങൾ പ്രകാരം നൽകിയിട്ടുള്ള ബുദ്ധിശക്തികളെ ഉപയോഗിക്കാതെ, ശാസ്ത്ര പരമല്ലാത്ത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കാൻ നടക്കുന്ന കീടങ്ങൾക്ക് 'ശാസ്ത്രജ്ഞരെ കൊല്ലാക്കൊല ചെയ്തുപോന്ന മതപ്പരിഷകളെ അതിജീവിച്ച് അനേകം നൂറ്റാണ്ടുകളിലെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ കൊണ്ട് ശാസ്ത്ര സമൂഹം നേടിയ സ്മാർട്ട് ഫോണും ഇന്റർനെറ്റും വാട്സാപ്പും വാഹനങ്ങളും, തീ ഉപയോഗിച്ചു പാചകം ചെയ്ത ഭക്ഷണം പോലും, ആസ്വദിച്ചു ജീവിക്കാൻ ധർമ്മ ശാസ്ത്രപ്രകാരം യോഗ്യത ഇല്ല.' അവർ മൃഗസമാനരായി കാട്ടിൽ ജീവിക്കണം.

ധർമ്മ ശാസ്ത്രത്തിന്റെയും ന്യൂനശക്തികളുടെയും ഭൗതിക അസ്തിത്വത്തെ ഒരല്പം വിവരിക്കുന്നു. ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു.

മേല്പടി മഹാവേദ ഗ്രന്ഥത്തിൽ നിന്നും ഒരല്പം ഉദ്ധരിക്കുന്നു.

ആനന്ദങ്ങളെ ദൈവാംശമായ ശരീരത്തിലെ ശക്തികളെ കൊണ്ട് മനുഷ്യൻ / ജീവാത്മാവ് നേടണം എന്ന് ആവിഷ്ക്കരിച്ചിരിക്കുകയാണ്. പ്രത്യക്ഷ ദൈവാംശമായ ശരീരവും ദൈവമായ ഭൂമിയും സമ ആനന്ദം എന്ന മഹാസമനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്നതാണ്.

വ്യക്തി സ്വാതന്ത്ര്യവും, സമനീതിയും ഉറപ്പാക്കാനും, സ്വയം എന്നോണം ജീവാത്മാവ് ആനന്ദങ്ങളെ നേടുക തന്നെ വേണം.

ഭൂമിയിലെ മൂലകങ്ങളിൽ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം തന്നെ, 'സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ എല്ലാ ധർമ്മശാസ്ത്ര ശാഖകളെയും' ലയിപ്പിച്ചാണ് ഭൂമിയായ ദൈവം, സൃഷ്ടികൾക്ക് / മനുഷ്യർക്ക് ആനന്ദങ്ങളെയെല്ലാം ലഭ്യമാക്കിയിട്ടുള്ളത്. 'ഭൗതിക ശാസ്ത്ര നിയമങ്ങളിൽ' അന്തർലീനമായ 'ധർമ്മ ശാസ്ത്ര നിയമങ്ങളെ' ഗവേഷകരും സമൂഹവും ഉചിതമായി ശ്രദ്ധിക്കുന്നില്ല എന്ന പോരായ്മ വർദ്ധിച്ചിട്ടുണ്ട്.

പ്രകൃതിയിലെ വിഭവങ്ങളുടെയും, അവയിലെ (വസ്തുക്കളിലെയും, ജീവികളുടെ ശരീരങ്ങളിലെയും) മൂലകങ്ങളിൽ ഭൗതികശാസ്ത്ര നിയമങ്ങളെ സാങ്കേതികമായി ഉപയോഗിച്ച് മനുഷ്യൻ/ജീവാത്മാവ് ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെയും, ആവശ്യങ്ങളും ആനന്ദങ്ങളും ഗുണദോഷങ്ങളുമാണ് അവയുടെ ധർമ്മശാസ്ത്രത്തിന്റെ മാനുഷികമായ ഭാഗം എന്ന് ചുരുക്കി നിർവ്വചിക്കാം.

(ഭൗതിക-ധർമ്മ ശാസ്ത്രങ്ങളെ കുഞ്ഞുങ്ങളായ മനുഷ്യർക്കു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം ആണെന്നതും, അവയെ മൂലകങ്ങിൽ ലയിപ്പിച്ചു കൊണ്ട് ദൈവം ഗൂഢമായിരിക്കുന്നത് കുഞ്ഞുങ്ങൾക്ക് ഭക്തിഭ്രാന്ത് പിടിച്ച്, അവരുടെ ആനന്ദം കുറയാതിരിക്കാൻ ആണെന്നതും, കുഞ്ഞുങ്ങൾ ഏറെയും അറിയാതെ പോകുന്നു !)

മഹാപ്രപഞ്ചത്തിലെ ജീവികളുടെ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളും/ സർവ്വവും പ്രവർത്തിക്കുന്നത് അവയുടെ മൂലകങ്ങളിൽ (Elements) 'ദൈവം ലയി(പ്പി)ച്ചിട്ടുള്ള ന്യൂനശക്തി-നിയമങ്ങൾ ഉൾപ്പെട്ട പ്രകടമായ ഭൗതിക ശാസ്ത്ര നിയമങ്ങളും പ്രകടമല്ലാത്ത അഥവാ ഗൂഢമായി ലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളും പ്രകാരമാണ്.'

ധർമ്മശാസ്ത്ര നിയമങ്ങളും, ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം തന്നെ ശാസ്ത്രജ്ഞന്മാർക്ക് യഥാർത്ഥത്തിൽ വെളിപ്പെടുന്നുണ്ട്.

അക്കാര്യത്തെ ശാസ്ത്രജ്ഞരും, ശാസ്ത്രജ്ഞരേക്കാൾ അനേകം മടങ്ങുകളിൽ ജനസമൂഹങ്ങളെ നയിക്കുന്നവരും, ഭാഗികമായി ജനങ്ങളും, അറിയാതെ പോകുന്ന അവസ്ഥ എല്ലാ രാജ്യങ്ങളിലും വ്യാപകമായി സംഭവിച്ചു.

കാരണം : ഏറെക്കുറെ എല്ലാവരും സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയ ധർമ്മശാസ്ത്ര ശാഖകളും മൂലകങ്ങളിലെ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം ലഭ്യമാണെന്നത് മനസ്സിലാക്കാൻ പോലും ശ്രമിക്കാതെ, മാനുഷികമായി തങ്ങൾക്ക് ശരിയെന്നു തോന്നുന്നതും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ നിയമങ്ങളെ തട്ടിക്കൂട്ടിയും നടപ്പാക്കിയും വളരെയധികം അധഃപതിച്ചു.

ദൈവത്തിന്റെ കുഞ്ഞുങ്ങളെ വധിക്കാൻ പോലും 'അടിമകൾ സ്വയം ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് ', അധമ വ്യവസ്ഥിതികളെ ദൈവീകമെന്ന കള്ളപ്പേരിൽ പോലും, പ്രചരിപ്പിച്ചും ആചരിച്ചും ആചരിപ്പിച്ചും കൊണ്ട് തയ്യാറായി.

ദൈവത്തിന്റെ മഹാജ്ഞാനവും യഥാർത്ഥ മഹാവേദവുമായ മഹാശാസ്ത്രത്തിലെ ഭൗതിക ശാസ്ത്ര നിയമങ്ങളുടെ ഭൗതിക അസ്തിത്വമാണ് വസ്തുക്കളും പ്രപഞ്ചവും എന്നും, 'മഹാശാസ്ത്രം, മഹാശക്തി' എന്നിവയുടെ അംശങ്ങളോട് 'സംഹാര കാഹളം, സൃഷ്ടി മന്ത്രം, ആദിവചനം, മഹാശാസ്ത്ര മൂലം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ഏകമഹാശബ്ദം, മഹാസംഗീതം, ഭൂമിഗാനം, മഹാദേവിയുടെ മഹാചിരി എന്നിവയായ ഓം ചേർത്താണ് മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നും ഏറെക്കുറെ ബോദ്ധ്യമായിട്ടുണ്ടെങ്കിലും വസ്തുക്കളിൽ ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളെ പ്പറ്റി ഇന്നും മനുഷ്യർക്ക് ബോദ്ധ്യമില്ല / വേണ്ടത്ര അറിവില്ല.

ഭൗതിക പ്രതിഭാസങ്ങളെ തിരിച്ചറിയാത്തവരും ഉണ്ട്.

ഭൂമിയിൽ സംഭവിക്കുന്ന വെള്ളപ്പൊക്കം, അഗ്നിപർവ്വതം, കൊടുങ്കാറ്റ്, ഭൂചലനം, കാലാവസ്ഥ തുടങ്ങിയവ ദുരന്തങ്ങളെ ഉണ്ടാക്കുമ്പോൾ, അത് മനുഷ്യരുടെ കുറ്റം കൊണ്ടല്ല എന്നും, ആണെന്നും വാദിക്കുന്നവരുണ്ട്. മരങ്ങളെ വെട്ടിനശിപ്പിച്ചും, അശാസ്ത്രീയ മണൽ വാരൽ, പാറ പൊട്ടിക്കൽ, ജലാശയങ്ങളിലും മറ്റും മാലിന്യങ്ങൾ തള്ളുന്നത് തുടങ്ങി ബഹുവിധ കാരണങ്ങളെ ശാസ്ത്ര പരമായി നിരത്തുമ്പോൾ മനുഷ്യരുടെ കുറ്റം കൊണ്ടാവാം എന്നതിനെ ശരിവയ്ക്കുന്നവർ ഉണ്ട്. ഭൂകമ്പം, അഗ്നിപർവ്വതം, കൊടുങ്കാറ്റ്, സമുദ്രങ്ങളിലെ ഉഷ്ണ/ശീത ജലപ്രവാഹങ്ങൾ തുടങ്ങിയവയ്ക്ക് ദൈവവുമായി ബന്ധമില്ല എന്ന് കരുതുന്നവർ ഏറെയുണ്ട് ! പ്രകൃതിയുടെ പ്രതിഭാസങ്ങൾ, നിയമങ്ങൾ എന്നിങ്ങനെ (തലയും വാലും ഇല്ലാതെ) പറഞ്ഞു വയ്ക്കും; എന്നല്ലാതെ എങ്ങനെ / എന്തുകൊണ്ട് ഉണ്ടാകുന്നു, പരിഹാരം ഉണ്ടെങ്കിൽ എന്താണ് തുടങ്ങിയവ ശാസ്ത്ര പരമായി വിശദീകരിക്കാൻ അവർക്ക് കഴിയില്ല; ലഭിച്ച ബുദ്ധി ശക്തികളെ ഉപയോഗിക്കുകയുമില്ല. പുരോഹിതന്മാരും മറ്റും മതവിശ്വാസങ്ങളെ ദുരന്തങ്ങളുമായി കൂട്ടിപ്പിടിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യാനുള്ള വഴിവെട്ടുകയും ചെയ്യും !

ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് മഹാശക്തിയായ ദൈവം ആണെന്നു വിശ്വസിക്കുന്നവർക്ക്, ജീവികളുടെയെല്ലാം ജീവിതത്തിന് ആധാരമായി വർത്തിക്കുന്ന കര, സമുദ്രം, കടൽ, കായൽ, നദി, തോട്, മല, കാട്, തുടങ്ങിയവ ഉൾപ്പെടുന്ന ഭൂമിയുടെയും, ഭൂമിയിലെ വസ്തുക്കളുടെയും, ഭൂമിയിലെ എല്ലാവിധ പ്രതിഭാസങ്ങളുടെയും കാര്യകാരണങ്ങൾ ദൈവം മാത്രമാണെന്ന് ലളിതമായി ബോദ്ധ്യമാകും.

ദൈവം വളരെയധികം ബുദ്ധി ശക്തിയും മറ്റ് ശക്തികളും മനുഷ്യന് നൽകിയിട്ടുണ്ട്. പിന്നെ എന്തുകൊണ്ട് മനുഷ്യർ തിരിച്ചറിയുന്നില്ല എന്നു ചോദിച്ചാൽ, അവർ മനുഷ്യർ ആണെന്നതു പോലും തിരിച്ചറിയുന്നില്ല എന്നതാണ് ദുരവസ്ഥ. വ്യത്യസ്ത മതപ്പിറാസുകളെ ചുമന്നു പോരുന്ന മത-ജാതി ജീവികൾ മാത്രമായവർക്ക് ദൈവത്തേയും ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും തിരിച്ചറിയാൻ തൽക്കാലം കഴിഞ്ഞിട്ടില്ല !

രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന് യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം (ഭരണ ശാസ്ത്രം), നീതിന്യായ ശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപ-ഉപ ശാഖകളും ഉണ്ടെന്നും, അവയെല്ലാം മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം, ദൈവം വെളിപ്പെടുത്തുന്നുണ്ട് എന്നും അറിയിച്ചതിനെ ലഘുവായും ലളിതമായും മഹാശാസ്ത്രപരമായും തെളിയിക്കാൻ കഴിയുന്നതാണ്.

(1) അമ്മ കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്നു. മതിവരുവോളം കുടിച്ചു കഴിഞ്ഞാൽ കുഞ്ഞ് കുടി നിർത്തുന്നു. പാലിന്റെ ദ്രാവക രൂപമോ ഘടനയോ അളവോ നിറമോ ഗുണങ്ങളോ പോഷകങ്ങളോ പാൽ എന്നൊന്നു തന്നെയോ നിശ്ചയിച്ചതും ഉണ്ടാക്കിയതും 'അമ്മ' എന്ന ജീവാത്മാവല്ല. ജലമോ നാരങ്ങാനീരോ ഏതെങ്കിലും വിഷദ്രാവകമോ മറ്റോ മുലയിൽ നിന്നോ മറ്റേതെങ്കിലും ശരീര ഭാഗങ്ങളിൽ നിന്നോ വന്നാലും അമ്മയും മറ്റുള്ളവരും ശരീരത്തിന്റെ മേല്പടി പ്രവർത്തനത്തെ ജീവാത്മാവിന്റെ പ്രവർത്തനം എന്ന് അവകാശപ്പെടും ! കുഞ്ഞിന്റെ ആൺ പെൺ വ്യത്യാസം മുഖഛായ ശരീര രൂപം നിറം അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളും തുടങ്ങിയ കാര്യങ്ങളെ നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്തത് ശരീരം ആണെങ്കിലും, എന്റെ കുഞ്ഞ് എന്ന് അവകാശപ്പെടാൻ മാതാവും പിതാവും ആവേശപ്പെടും ! മനുഷ്യക്കുഞ്ഞിനു പകരം ആമക്കുഞ്ഞ്, എലിക്കുഞ്ഞ്, പൂച്ചക്കുട്ടി, വാഴയ്ക്ക, എന്നിവയിൽ ഒന്നോ രണ്ടോ, മുട്ടയിടുകയോ ആണ് ചെയ്തതെങ്കിൽ ശരീരം ആണ് പ്രവർത്തിച്ചത് എന്നത് മറന്ന് ജീവാത്മാവ് അവകാശം പറയുമായിരുന്നു !

ദൈവാംശമായ ശരീരം, ജീവികളിലൂടെ പുനഃസൃഷ്ടി നടത്തുമ്പോൾ, കുഞ്ഞിന്റെയും പാലിന്റെയും അവകാശത്തെ നൽകി ക്കൊണ്ട് ജീവാത്മാവിനെ ഉയർത്തുകയും, കുഞ്ഞിന്റെയും പാലിന്റെയും യഥാർത്ഥ സ്രഷ്ടാവായി (ഗൂഢമായി) പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. മാനുഷികമായ അതി-പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ല; ആവശ്യവുമില്ല എങ്കിലും, ജീവാത്മാവിനെ പങ്കെടുപ്പിച്ചും അവരിലൂടെ നിർവ്വഹിച്ചും സൃഷ്ടിയെ ധർമ്മം ആയി മാറ്റുന്നു. മാതാപിതാക്കൾക്കും ഉറ്റവർക്കും കുഞ്ഞുമായി ബന്ധപ്പെട്ട് കുഞ്ഞിനെ പരിചരിക്കാനും ശുശ്രൂഷിക്കാനും ഉൾപ്പെടെ ഓരോരോ ധർമ്മങ്ങളെ ലഭ്യമാക്കുന്നു. ഭൂമിയിലെ മൂലകങ്ങൾ/വസ്തുക്കൾ ഉപയോഗിച്ച് വ്യവസായ നിർമ്മാണങ്ങൾ ഇല്ലാത്ത, കുഞ്ഞിന്റെ സൃഷ്ടി, വളർച്ച, പാൽ തുടങ്ങിയ കാര്യങ്ങളിലും ഭൗതിക ശാസ്ത്ര പരമായ പ്രവർത്തനങ്ങൾ നടക്കുന്നു എന്നും അവയെല്ലാം ധർമ്മ ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് തെളിഞ്ഞത്. ഇതേ വിഷയത്തിൽ ഭൗതിക ശാസ്ത്ര ശാഖയായ വൈദ്യ ശാസ്ത്രത്തെയും സാങ്കേതിക വിദ്യയുടെ വികസനങ്ങളെയും ഉൾപ്പെടുത്തുമ്പോൾ ധർമ്മ ശാസ്ത്ര നിയമങ്ങൾക്കും ആനുപാതികമായി മാറ്റം ഉണ്ടാകുന്നതാണ്. മറ്റുള്ള ജന്തുക്കളേതിൽ നിന്ന് വ്യത്യസ്തമായി സർജറി നടത്തിയും മറ്റും പ്രസവ സമയത്തെ മനുഷ്യൻ ഏറെയും ദുസ്വാർത്ഥങ്ങൾ കൊണ്ട് മനുഷ്യർ നിശ്ചയിക്കുമ്പോൾ, അമ്മയുടെ ശരീരം പാൽ വൈകിക്കുന്നു ! പ്രസവിക്കുന്ന പശു, ആട്, പൂച്ച, എലി, ആന തുടങ്ങിയ ജന്തുക്കളെ കണ്ട് സർജറിക്കാരായ മനുഷ്യരും അവരുടെ പഠിത്തം കൂടിയ ഡോക്ടർമാരും അനേകം കാര്യങ്ങളെ പഠിക്കണം ! (2) ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും, ഒന്നാമത്തെ അടിസ്ഥാന ആവശ്യവുമായ ഓക്സിജനെ അശുദ്ധമാക്കാൻ യാതൊരു സൃഷ്ടികൾക്കും കഴിയുന്നതല്ല. എന്നാൽ മാലിന്യങ്ങൾ തള്ളിയും പ്ലാസ്റ്റിക് കത്തിച്ചും മറ്റും അന്തരീക്ഷത്തിൽ മാലിന്യങ്ങൾ വർദ്ധിപ്പിച്ചാൽ, മനുഷ്യർക്കും, ചെയ്യാത്ത അപരാധത്തിന് മറ്റുള്ള ജീവികളും ശുദ്ധ വായു ശ്വസിക്കാൻ കഴിയാതെ രോഗങ്ങളെ സ്വീകരിക്കേണ്ടതായി വരും.

(3) ദൈവത്തിന്റെ ദ്രാവക രൂപവും, ജീവികളുടെയെല്ലാം രണ്ടാമത്തെ അടിസ്ഥാന ആവശ്യവുമായ ജലത്തിന്റെ ഉപയോഗങ്ങളെ വിശകലനം ചെയ്താൽ അനന്തമാണെന്നും ജലം ഇല്ലാതെ യാതൊരു ജീവികൾക്കും ജീവിക്കാൻ കഴിയുന്നതല്ല എന്നും ബോദ്ധ്യമാകും. ജലത്തിന്റെ അസാധാരണമായ സ്വഭാവ വിശേഷങ്ങളും, ഭൂമിയിലെ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള പൊരുത്തങ്ങളും ഉൾപ്പെടുത്തി ക്കൊണ്ട് ജീവിക്കുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. നദീതട സംസ്കാരത്തിന്റെ കാര്യ കാരണങ്ങളും വെളിപ്പെടുന്നു. മറ്റൊരു ദ്രാവകങ്ങൾക്കും ഇല്ലാത്തതായ ജലത്തിന്റെ അസാധാരണമായ വികാസം, ഐസ്, ഐസ്ക്രീം, തുടങ്ങിയവ ഉന്നതമായ പാഠങ്ങളെ നൽകുന്നുണ്ട്.

(4) ദൈവത്തിന്റെ ഖര രൂപവും, ജീവികളുടെയെല്ലാം മൂന്നാമത്തെ ആവശ്യമെന്നു തോന്നുന്നതുമായ 'മണ്ണായ ഭൂമി' യഥാർത്ഥത്തിൽ ഒന്നാമത്തെ അടിസ്ഥാന ആവശ്യമാണ്. ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ശരീരം സ്വയം ഉണ്ടാക്കിയിട്ടുള്ള ശരീരം കൊണ്ടാണ് ജീവാത്മാവ് അസ്തിത്വം ഉൾപ്പെടെ അനന്തമായ എല്ലാ ആനന്ദങ്ങളെയും നേടുന്നതും അനുഭവിക്കുന്നതും എന്നു പറയുമ്പോൾ, ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നൽകാനും, ധർമ്മ ശാസ്ത്രത്തെ പാലിക്കുന്നതിനെ ആധാരമാക്കി മഹാസമനീതി എന്ന സമആനന്ദത്തെ നൽകാനുമായി പ്രത്യക്ഷ ദൈവവും ദൈവാംശവുമായ ശരീരമായി ഒപ്പം കൂടിയിരിക്കുകയാണ് എന്നു സാരം. ദൈവത്തിന്റെ ഖരരൂപമായ ഭൂമിയുടെ അംശമായ ശരീരം കൊണ്ടും -ലൂടെയും വേണം ദൈവത്തിന്റെ വാതക രൂപമായ ഓക്സിജന് സൃഷ്ടിയായ ജീവാത്മാവിന് ജീവൻ നൽകേണ്ടത് എന്നതിൽ നിന്ന് 'മണ്ണായ ഭൂമിയും അംശമായ ശരീരവും' ഒന്നാമത്തെ അടിസ്ഥാന ആവശ്യമാണെന്ന് തെളിയുന്നുണ്ട്.

ദൈവത്തിന്റെ **ഖര ദ്രാവക വാതക** രൂപങ്ങളായ **മണ്ണ്, ജലം, ഓക്സിജൻ** എന്നിവ **മൊത്തത്തിൽ ഭൂമിയായ ദൈവം** ആണ്; സൃഷ്ടികളായ ജീവാത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിപ്പിക്കുക എന്ന ധർമ്മം ചെയ്യുകയുമാണ്.

(5) അമ്മ ചോറ് ഉണ്ടാക്കുമ്പോൾ, അടുപ്പ് കൂട്ടി വിറകോ, ഗ്യാസോ കത്തിച്ച്, പാത്രത്തിൽ വെള്ളം തിളപ്പിച്ച് അരിയിട്ട് വേവിക്കണം. വിറക്, ഗ്യാസ്, അരി, തീ ഉൾപ്പെടെ ചിലവാക്കുന്ന ഊർജ്ജം, തുടങ്ങിയ ഓരോന്നിനും ഭൗതിക ശാസ്ത്ര നിയമങ്ങൾ ഉണ്ട്. ഉപയോഗം, ആവശ്യം, സമയം എന്നിവയെ അടിസ്ഥാനമാക്കി ഓരോന്നിനും വേണ്ടതും വേണ്ടാത്തതുമായ ധർമ്മങ്ങളുമുണ്ട്.

ഏഴോ എട്ടോ അംഗങ്ങളുള്ള കുടുംബത്തിന് രണ്ടു നേരം ഉണ്ണാൻ രണ്ടു പറ നെല്ലിന്റെ അരി വേവിക്കേണ്ടതില്ല. രണ്ടോ മൂന്നോ പേർക്കും ജോലിക്കാർക്കും ചോറും കറികളും ഉണ്ടാക്കുന്നതും, ഗ്യാസ്, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയവ ചെലവാക്കുന്നതും, ജോലിക്കാർ ആവശ്യമില്ലാത്ത എട്ടോ പത്തോ അംഗങ്ങളുള്ള വലിയ കുടുംബത്തിനായി ചിലവാക്കുന്ന സാധനങ്ങളും ചിലവുകളും തമ്മിൽ അംഗസംഖ്യ കണക്കാക്കിയാൽ ആദ്യത്തേത് ധൂർത്തും, സഹായത്തിന് വേണ്ടത്ര ആളില്ലാത്ത അസുരക്ഷിത നിസ്സഹകരണ ദുരുപയോഗ ദുസ്വാർത്ഥ ജീവിതം ആണെന്ന് കാണാം. കുട്ടികൾക്ക് ചെറുപ്പത്തിൽ തന്നെ സ്നേഹ വാത്സല്യങ്ങൾ കുറച്ചു ലഭിക്കുകയും മാനുഷിക മൂല്യങ്ങൾക്ക് തകർച്ച വർദ്ധിക്കുന്നതും അനുഭവിച്ച് അറിഞ്ഞു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

ഭൂമിയിലെ വസ്തുക്കളെ അതേപടി ഉപയോഗിക്കുമ്പോഴും, വസ്തുക്കളിലെ നിയമങ്ങളെ ഉപയോഗിച്ച് പാചകം ചെയ്ത് ബഹുവിധ ഭക്ഷണം ഉണ്ടാക്കുമ്പോഴും, ഉപകരണങ്ങൾ, വസ്ത്രം, പാർപ്പിടം, ആയുധങ്ങൾ, യന്ത്രസാമഗ്രികൾ, വിമാനം-കപ്പൽ-കാർ-ബസ്, ലോറി, ട്രക്കർ, ട്രെയിൻ തുടങ്ങിയ വാഹനങ്ങൾ, റേഡിയോ, ടെലിവിഷൻ, ചികിത്സാ സൗകര്യങ്ങൾ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ഉണ്ടാക്കുമ്പോഴും ഗുണങ്ങളും ദോഷങ്ങളും വെളിപ്പെടുന്നത് വസ്തുക്കളുടെ / ഉല്പന്നങ്ങളുടെ ധർമ്മ ശാസ്ത്ര നിയമങ്ങളാണ്. വസ്തുക്കളിൽ ലയിച്ചു പ്രവർത്തിക്കുന്ന ധർമ്മ ശാസ്ത്ര നിയമങ്ങളെ ഉൾക്കൊണ്ട് ജീവിക്കുകയേ വേണ്ടൂ; മനുഷ്യൻ ധർമ്മ ശാസ്ത്ര നിയമങ്ങളെ ഉണ്ടാക്കേണ്ട.

(6) തടി കൊണ്ടും ഗ്ലാസ്സു കൊണ്ടും മറ്റും കസേരയും മേശയും ഒക്കെ ഉണ്ടാക്കുമ്പോൾ; അവയുടെ കാലുകൾ ഉറപ്പിക്കണം; സാന്ദ്രത, ഘനം എന്നിവയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് താങ്ങാൻ കഴിയുന്ന വസ്തുക്കളുടെ പരമാവധി ഭാരം എത്രയെന്ന് ഉണ്ട്. അവയുടെ മേൽ ജലം, ജ്യൂസ് എന്നിവ വീണാൽ കുഴപ്പമില്ല; എന്നാൽ തീയ്, ആസിഡ് എന്നിവ പാടില്ല. ഓരോരോ വസ്തുക്കൾക്കും ബാധകമായ അത്തരം ഗുണങ്ങൾ, അവയുടെ ധർമ്മ ശാസ്ത്രമാണ്.

(7)

മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ ശരീരത്തിലെ നാഡീ വ്യവസ്ഥയുടെ താളം തെറ്റിക്കുമെന്നും, ശരീരത്തിനും ജീവാത്മാവിനും ദോഷം ചെയ്യുമെന്ന് ഭൗതിക ശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയും. ദോഷ വസ്തുക്കളെ/ ശക്തികളെ ഉപയോഗിക്കാതെ ശ്രദ്ധിക്കാൻ ലഭ്യമായ ബുദ്ധിശക്തികളെ കൊണ്ട് കഴിയും. ദൈവാംശമായ ശരീരം അറിയിക്കുന്ന പ്രസ്തുത ഭൗതിക-ധർമ്മ-ശാസ്ത്ര പാഠങ്ങളെ, പാലിക്കുവാൻ ജീവാത്മാവിന് ധാർമ്മിക ഉത്തരവാദിത്വം ഉണ്ട്. ദൈവീകമായി ലഭിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ സ്വീകരിക്കുമ്പോൾ, ഭൗതിക ശാസ്ത്ര പ്രകാരം രോഗങ്ങളും അപകടങ്ങളും മരണവും ഉണ്ടാകുന്നു; ധർമ്മ ശാസ്ത്ര പ്രകാരം വ്യക്തിക്കും തദ്വാരാ സമൂഹത്തിനും ധാർമ്മിക അധഃപതനങ്ങൾ ഉണ്ടാകുന്നു. കുറച്ചു കൂടി വിവരിക്കുന്നു :

മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്; ഒപ്പം അവയുടെ ധർമ്മ ശാസ്ത്ര നിയമങ്ങളെയും അറിയിക്കുന്നു. മണ്ണും ഭൂമിയും ശരീരവും കൂടിയായ ദൈവം, ജീവാത്മാവിന്റെ നല്ലതിനു വേണ്ടി ചിട്ടപ്പെടുത്തിയ നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുകയും **ബഹുഭൂരിപക്ഷം കോശങ്ങൾക്കും അവയവങ്ങൾക്കും രോഗങ്ങളുടെ രൂപത്തിലും മറ്റും വിനാശം ഉണ്ടാക്കുന്നതുമായ** മദ്യം, മയക്കുമരുന്ന്, പുകയില, തുടങ്ങിയവ ഉപയോഗിക്കാതെയും, അസാധാരണമായ സാഹചര്യങ്ങളിൽ മരുന്നുകളായി മാത്രം ഉപയോഗിക്കേണ്ടതും, **ജീവാത്മാവിനു വേണ്ടി ജീവാത്മാവ് സ്വയം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങളാണ്.**

(8) **സ്വർണ്ണം** : 79 **ഇലക്ട്രോൺ**, 79 **പ്രോട്ടോൺ**, 118 **ന്യൂട്രോൺ, ഏതാനും മറ്റ് അതിസൂക്ഷ്മമായ ഘടകങ്ങൾ എന്നിവ കൊണ്ടാണ് സ്വർണ്ണത്തിന്റെ ആറ്റം ഉണ്ടാക്കിയിട്ടുള്ളത്**. Atomic weight: 196,97, Phase: solid, Crystal structure: face-centered cubic, Electronegativity: 2,54, Density: 19.3 g/cm3, Electrical resistivity: 22.14 no.m, Oxidation states: -III, -11,-1, I, II, III, Element category: Transition metals, Radioactive element: No, Group: I.B, Electron configuration: [Xe]4f14 5d10 6s1 **എന്നിങ്ങനെ സാധാരണ ജനങ്ങൾക്ക് വിഷയമല്ലാത്ത ഭൗതിക ശാസ്ത്ര കാര്യങ്ങളെ മാറ്റി നിർത്തി സ്വർണ്ണത്തിന്റെ ഉപയോഗങ്ങളെയും ഗുണദോഷങ്ങളെയും വിവരിക്കുന്ന ധർമ്മ ശാസ്ത്ര കാര്യങ്ങളെ വിശകലനം ചെയ്താൽ അതിവിശിഷ്ടത കാണാൻ കഴിയും.**

നിറവും ശോഭയും ഉൾപ്പെടെ ബഹുവിധ സവിശേഷതകൾ കൊണ്ട് ആഭരണങ്ങൾ നിർമ്മിക്കാൻ ഏറ്റവും ഉചിതമായ ലോഹമാണ് സ്വർണ്ണം. അക്കാരണങ്ങളാൽ, മനുഷ്യർക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തുവാണ്. സ്വർണ്ണാഭരണങ്ങൾ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നതാണ്; കൂടുതൽ അണിയാനും ശേഖരിക്കാനുമുള്ള കൊതിയും. ഭൂമിയിൽ സ്വർണ്ണത്തിനുള്ള ദൗർലഭ്യം, ഖനനം നടത്താൻ ചെലുത്തുന്ന വർദ്ധിച്ച ഊർജ്ജം തുടങ്ങിയവ കൊണ്ട് സ്വർണ്ണത്തിന് ഭൂമിയിലെങ്ങും മൂല്ല്യം കൂടുതലാണ്. ഭൂമിയിൽ മുഴുവൻ സ്വർണ്ണത്തോട് കമ്പമുണ്ട്; സമ്പത്ത് എന്ന സ്ഥാനവും. വീടും പുരയിടവും പറമ്പും കൂടെ കൊണ്ടു പോകാൻ കഴിയാത്ത സമ്പത്താണ് എങ്കിൽ, നാണയങ്ങളും ആഭരണങ്ങളും പാത്രങ്ങളും മറ്റുമായി യാത്രയിലും മറ്റും കൂടെ കൊണ്ടു പോകാൻ കഴിയുന്ന സമ്പത്താണ് സ്വർണ്ണം. സ്വർണ്ണത്തിനോടുള്ള കമ്പം കൊണ്ട് ധർമ്മ ശാസ്ത്രത്തെ അവഗണിച്ച് കർമ്മങ്ങൾ ചെയ്യാൻ സ്ത്രീകളും പുരുഷന്മാരും കുട്ടികളും തയ്യാറാകുന്ന സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാവാറുണ്ട്. 'കനകം (സ്വർണ്ണം) മൂലം കാമിനി മൂലം കലഹം പലവിധം ഉലകിൽ സുലഭം' എന്ന ചൊല്ല് ഉണ്ടാവാൻ അതാണ് കാരണം. ഒരാളുടെ ധാർമ്മിക നിലവാരത്തെ അളക്കാൻ സഹായിക്കുന്ന ഒരു ഉപാധിയായി സ്വർണ്ണത്തെ കണക്കാക്കാൻ കഴിയും എന്ന വസ്തുതയും അതിലുണ്ട്. സ്വർണ്ണത്തിന്റെ കാര്യം പറയുമ്പോൾ, പേപ്പർ കറൻസിയെ ആധാരമാക്കിയിട്ടുള്ളത് സ്വർണ്ണവുമായിട്ടാണ്.

പേപ്പർ കറൻസി ധർമ്മശാസ്ത്രപരമല്ല (ദൈവികമല്ല).

സാമ്പത്തിക ക്രയ-വിക്രയ ഉപാധിയായി നിശ്ചയിക്കുന്ന ഒരു വസ്തുവിന് ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ യോഗ്യതകൾ ഉണ്ടാവണം.

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, നിരവധി രോഗാണുക്കളെ നിരന്തരം കൈമാറ്റംചെയ്ത് ചെറുതും വലുതുമായ രോഗങ്ങളെ ജനങ്ങൾക്കെല്ലാം നൽകുന്നവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന, യഥാർത്ഥത്തിൽ (അടിമകളായ) ഭരണാധികാരികളും, ഏതൊരാളും കള്ളന്മാരാണ്.

'ഭരണാധികാരികളായ വലിയ കള്ളന്മാരുടെ കെടുകാര്യസ്ഥത കൊണ്ടാണ് ' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടു കൂട്ടരും ചെയ്യുന്നത് അധർമ്മങ്ങളാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക.

കള്ളക്കൂട്ടങ്ങൾ ജനങ്ങളെ ഭാരപ്പെടുത്താനും കഷ്ടപ്പെടുത്താനും കബളിപ്പിക്കാനും എത്ര നീചമായി തയ്യാറാകുന്നു എന്നതിന് മറ്റൊരു ഉദാഹരണമാണ് വലതു വശത്ത് കാണുന്ന 'ബാങ്കിന്റെ അറിയിപ്പ് '.


State Bank of India
THE BANKER TO EVERY INDIAN

As per RBI and Govt. notification No. 563F/MC/RBI/NSK/2016 dated 9/11/2016 Any new 2000 and 500 notes will be invalid if any kind of writing (by pen/marker/sketch pen) found on it. No Bank will accept notes having writing or stapled.

Note : Please inform every one. Do not write on notes and do not accept such notes. Use pencil (when needed).

അല്പം അഴുക്ക് പിടിച്ച നോട്ട് ശ്രദ്ധിക്കാതെ വാങ്ങിച്ചു പോയാലും കഷ്ടപ്പെടുന്നതാണ്.

ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് ഇല്ലാത്തതുകൊണ്ടാണ്.

ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ "പണമായിട്ട്" മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ് അവയെ ഉപയോഗിക്കുമ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്.

അദ്ധ്വാന മൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ പണമായിട്ട് ഉപയോഗിക്കാം; ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല. എന്നാൽ ഭരണാധികാരികൾ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരു കാര്യവും ചെയ്യുന്നത് യജമാനന്മാരായ ജനങ്ങളുടെ സമ്മതത്തോടെയും ബോദ്ധ്യപ്പെടുത്തിയും ആവണം. ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളെ യഥാർത്ഥമായ അടിമകളാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ "പണമായിട്ട് " (സ്വയം) നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും" സ്വയമോ പൊതുഖജനാവിലോ സൂക്ഷിക്കുന്നതുമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യമാണ് സാമ്പത്തിക ക്രയവിക്രയ മാധ്യമമായ 'പണം' എന്നിരിക്കെ എപ്പോഴും ജനങ്ങളുടെ അടിമകൾ മാത്രമായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടുന്നതും ജനങ്ങളെ പീഡിപ്പിക്കുന്നതും കടുത്ത അപരാധമാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ മറ്റൊരാൾക്ക്/ അടിമയ്ക്ക്/ ഭരണാധികാരിക്ക് അധികാരമില്ല. അങ്ങനെയിരിക്കെ അടുത്ത കാലത്ത് നോട്ട് നിരോധനത്തിലൂടെ ഇന്ത്യയിൽ 120 കോടിയിലേറെ ജനങ്ങളെയും അതുപോലെ മറ്റു രാജ്യങ്ങളിലും ജനങ്ങളെ കഷ്ടപ്പെടുത്തുന്നതിന് അനേകം ജന്മങ്ങളിൽ അടിമകളെയും / ഭരണാധികാരികളെയും ഭരണകൂട സംവിധാനങ്ങളിൽ പെട്ടവരെയും മഹാനീതിശാസ്ത്ര പ്രകാരം ബഹുവിധങ്ങളിലായിട്ട് ശിക്ഷിക്കുന്നതാണ്. അതേസമയം മഹാമാതാവും മഹാനീതിയുമായ ദൈവം ഏതൊരു കുഞ്ഞിനെയും ശിക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യാനാണെന്നും എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെയും മോക്ഷത്തെയും അനുഗ്രഹിച്ചു നൽകാനാണ് എന്നും അറിയണം. ..

(9) യാതൊരു നികുതികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല. നികുതി കാര്യാലയങ്ങളും, നിയമസഭ, കോടതി, ലോട്ടറി-ഇൻഷ്വറൻസ്- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തുടങ്ങിയ അധമ സംവിധാനങ്ങളും പാടില്ല.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി നിയമിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ആയ അടിമകൾ സ്വയമോ മറ്റുള്ളവരുടെ പ്രേരണയാലോ ഭരണാധികാരികളാണെന്നു തെറ്റിദ്ധരിച്ചും കടമകളെ അറിയാൻ പോലും ശ്രമിക്കാതെ തങ്ങൾക്ക് ശരിയെന്നു തോന്നുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ അധമ നിയമങ്ങളെ തട്ടിക്കൂട്ടി ക്കൊണ്ടാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും നികുതികൾ ചുമത്തിയുള്ള അധമ ഭരണത്തെ സേവനം എന്ന കള്ളപ്പേരിൽ ചെയ്യുന്നത്.

ധർമ്മശാസ്ത്രപരമായ പ്രവൃത്തികൾ മാത്രമാണ് തൊഴിൽ. അവയ്ക്കെല്ലാം ഭൗതിക അസ്തിത്വം ഉണ്ട്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രീയവുമായ 4 വിഭാഗങ്ങളായിട്ട് ഭൂമിയിലെങ്ങുമുള്ള എല്ലാ തൊഴിലുകളും വിഭജിക്കപ്പെട്ടിരിക്കുന്നു. തൊഴിലുകളെല്ലാം മണ്ണുമായിട്ട് അഥവാ ഭൂമിയുമായിട്ട് അഥവാ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു.

മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്തതായ പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം 'അധമ ചെയ്തികൾ' മാത്രമാണെന്നും 'തൊഴിലുകൾ അല്ലാ' എന്നും സുവ്യക്തമാണ്.

കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല.

മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഢനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. മണ്ണിൽ ജോലി ചെയ്തും അല്ലാതെയും ജനങ്ങൾ നേടുന്ന സമ്പത്തിനെ നികുതി / നികുതികൾ എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്. അധമ പ്രവൃത്തിയാണത്; തൊഴിൽ അല്ല. യാതൊരു നികുതികളും ദൈവീകമല്ല.

ജനാധിപത്യ ഭരണം, സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ കള്ളപ്പേരുകളോടെ ജനങ്ങളെ പറ്റിച്ച് ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും!

അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു.

കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നതും ദൈവീകമല്ല.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.

"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി പോലീസ് സേന ജീവൻ കളഞ്ഞും ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, യജമാനന്മാരായ ജനങ്ങളെ മറന്നുകൊണ്ട് പിഴച്ചവരായ ഭരണാധികാരികളെ അനുസരിക്കുന്ന മറ്റൊരു അധമ-നീച സങ്കേതമായിരിക്കുന്നു. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്.

ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം എപ്പോഴുമുണ്ട് : അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. 'ഭരണാധികാരി' എന്നാൽ 'അടിമ' എന്ന് മേലിൽ പഠിക്കുക.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ ധനം മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭ്യമാണ്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രത്തെ വിശദീകരിച്ചിട്ടുണ്ട്.

(10) മണ്ണായ ഭൂമിയുടെ നിയമങ്ങളിൽ യാതൊരുവിധ മത-ജാതി പ്രസ്ഥാനങ്ങളും/ ദേവാലയങ്ങളും, രാഷ്ട്രീയ പാർട്ടികളും ഇല്ല.

ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ 'പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും **'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്ത പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും തിരിച്ചറിയുന്നതാണ്.**

അറിഞ്ഞും അറിയാതെയും മണ്ണിന്റെ നിയമങ്ങളെ അവഗണിച്ച് ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമങ്ങളെ തട്ടിക്കൂട്ടി ജനസേവനം എന്ന കള്ളപ്പേരിൽ ഊട്ടുന്ന ജനങ്ങളെ പീഡിപ്പിച്ചു ഭരിക്കുന്ന ഭരണാധികാരികൾ/ അടിമകൾ യഥാർത്ഥത്തിൽ കൊടും കൊള്ളക്കാരും കൊടിയ ഭീകരവാദികളുമാണ്.

സാമൂഹ്യപ്രവർത്തകരും നിരീശ്വരവാദികളും ശാസ്ത്രപരമായ തൊഴിൽ വിഭജനത്തിലെ ശുചിത്വം എന്ന വിഭാഗത്തിൽ പെടുന്നുവെന്ന് ഈ ഗ്രന്ഥത്തിലെ തൊഴിലുകൾ : ശുചിത്വം എന്ന അദ്ധ്യായം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്. രാഷ്ട്രീയ ചിന്തകളെയും മതചിന്തകളെയും ഉപേക്ഷിക്കാൻ കഴിയുന്നവരും കഴിയാത്തവരുമുണ്ട്; എങ്കിലും, അവയെ വളരെയധികം മാറ്റിനിർത്തിക്കൊണ്ട്, ജനങ്ങൾക്കു വേണ്ടി ശക്തിക്കൊത്ത് പ്രവർത്തിക്കുകയാണ് പൊതുവെ സാമൂഹ്യപ്രവർത്തകർ ചെയ്യുന്നത്.

മാനുഷിക കാര്യങ്ങൾക്കുവേണ്ടി എന്നു പറയുമ്പോൾ, മനുഷ്യർക്കു നന്മ ചെയ്യുന്നതും, മനുഷ്യജീവിതത്തെ ആനന്ദകരമാക്കുന്നതും, ശാന്തിയും സമാധാനവും സമൂഹത്തിൽ ഉറപ്പിക്കുന്നതുമെന്നാണ് മനസ്സിലാക്കേണ്ടത്. മഹാശാസ്ത്രത്തെപ്പറ്റി നിശ്ചയമില്ലാത്ത അവർ; ഭീകരവാദികളെയും, ഭീകരവാദികളെ സൃഷ്ടിച്ച കൊടുംഭീകരവാദികളെയും മാനുഷിക ഉത്തരവാദിത്തങ്ങളെ ബോദ്ധ്യപ്പെടുത്താൻ പരിശ്രമിക്കുകയും, കൂടാതെ തങ്ങൾക്കു ശരിയെന്നു തോന്നുമ്പോലെയും ആവുമ്പോലെയും വിഷയങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുകയുമാണു ചെയ്യുന്നത്.

സമൂഹത്തിലെ ഭരണകൂടമോ വ്യവസ്ഥിതികളോ അധികാരം നൽകിയാലും ഇല്ലെങ്കിലും യഥാർത്ഥ സാമൂഹ്യപ്രവർത്തകർ ശുചിത്വപരമായ കാര്യങ്ങളെ ചെയ്തുകൊണ്ടിരിക്കും. അധിക ജന്മങ്ങളിലൂടെ അവർ നേടിയ പുണ്യങ്ങൾ അവരെ സത്പ്രവൃത്തികളുമായി കൂടുതൽ അടുപ്പിക്കുന്നതു കൊണ്ടാണത്.

ഭരണാധികാരികളുടെ സമ്മതമോ അധികാരമോ ഇല്ലാതെ ശുചിത്വ കാര്യങ്ങളെ ചെയ്യുമ്പോൾ, തങ്ങൾ പോലും അറിയാതെ കൊടുംഭീകരപ്രവർത്തകരായ ഭരണാധികാരികളെയും മതപുരോഹിതരെയും എതിർക്കുകയാണ് അവർ ചെയ്യുന്നത്. അതായത് വ്യക്തിയിൽ നിന്നും ഭരണവ്യവസ്ഥിതി ആവശ്യപ്പെടാത്ത സമൂഹ-ശുചിത്വകാര്യങ്ങളെ വ്യക്തി ചെയ്യുവാൻ ഒരുമ്പെടുമ്പോഴും ചെയ്യുമ്പോഴും, വ്യക്തി ചെയ്യുന്നത് നല്ലകാര്യമെങ്കിൽ അതിന്നർത്ഥം ഭരണാധികാരി ചെയ്യേണ്ടുന്ന കാര്യം ഭരണാധികാരി ചെയ്തില്ലെന്നും അതു ചെയ്യാൻ കഴിവില്ലാത്ത ഭരണാധികാരിയുടെയും ഭരണ സംവിധാനത്തിന്റെയും മുകളിൽ വ്യക്തി ഉയർന്നുവെന്നുമാണ്.

സാധുജന സംരക്ഷണ കേന്ദ്രങ്ങൾ, വൃദ്ധഭവനുകൾ, അനാഥാലയങ്ങൾ, ഭിക്ഷാടക സംരക്ഷണ കേന്ദ്രങ്ങൾ, അഭയ കേന്ദ്രങ്ങൾ, മതദേവാലയങ്ങൾ തുടങ്ങിയ പേരുകളിൽ വ്യക്തികൾ സാമൂഹ്യപ്രവർത്തനം നടത്തുമ്പോൾ, സമൂഹത്തിലെ ഭരണകൂടം ചെയ്യേണ്ടുന്ന ജോലി വ്യക്തി/ഏതാനും വ്യക്തികൾ ചെയ്യുകയാണ്.

സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള സംവിധാനമാണ് ഭരണകൂടം എന്നിരിക്കെ, പ്രദേശങ്ങളിലെ ഭരണാധികാരികൾ (യഥോചിതം) നിറവേറ്റാഞ്ഞ പൊതു ആവശ്യത്തെ സാമൂഹ്യ പ്രവർത്തകൻ തന്റെ ശക്തിക്കൊത്തും തോന്നിയപോലെയും നിറവേറ്റുമ്പോൾ, സാമൂഹ്യപ്രവര്ത്തകൻ ഏറ്റെടുത്ത കാര്യത്തിൽ ഭരണാധികാരിയായിരിക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ അറിഞ്ഞോ അറിയാതെയോ ഭരണാധികാരി സമ്മതിക്കുക കൂടിയാണത്. അത് മനസ്സിലാക്കാനും ധർമ്മ ശാസ്ത്രപരമായി ഭരണകൂടത്തെ തിരുത്താനും ഭരണാധികാരികൾക്ക് കഴിയാത്തത് അവർ കൊടുംപാപികളും അജ്ഞാനികളുമായി തുടരുന്നതുകൊണ്ടാണ്.

ജന-സേവനശാസ്ത്രം @ ഭരണ ശാസ്ത്രം എന്തെന്നറിയാത്ത ജനസേവകർ/അടിമകൾ സ്വയം ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് ജനസേവനം എന്ന കള്ളപ്പേരിൽ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുത്തും സാമ്പത്തികം ഉൾപ്പെടെയുള്ള പീഢനങ്ങളും കൊടുംഭീകര പ്രവർത്തനങ്ങളും നടത്തുമ്പോൾ, ക്രൈസ്റ്റിനെയും ചാണക്യനെയും ഗാന്ധിയെയും പോലെയുള്ള സാമൂഹ്യപ്രവർത്തകർ, ഭരണാധികാരികൾക്കു മുകളിൽ പ്രവർത്തിക്കുന്നതാണ്.

നീതിപതികളെന്ന് കഷ്ടിച്ച് വിശേഷിപ്പിക്കാവുന്ന ക്രൈസ്റ്റ്, ഗാന്ധിജി എന്നിവർ ഭരണകൂടത്തിനു മുകളിലാവുന്നത് നീതിന്യായശാസ്ത്രം 'ജനസേവന ശാസ്ത്രമെന്ന' ഭരണശാസ്ത്രത്തിനു മുകളിലായതുകൊണ്ടാണ്.

ധർമ്മ ശാസ്ത്രപരമല്ലാത്ത ഇന്നത്തെ കോടതികൾ ഭരണകൂടത്തിനു മുകളിലാണെന്ന് തെറ്റിദ്ധരിക്കരുത്. ഇന്ന് ഗാന്ധിജി ഉണ്ടായിരുന്നെങ്കിൽ കോടതികൾ ഉൾപ്പെടെയുള്ള എല്ലാ ഭരണ കാര്യാലയങ്ങളെയും ജീവനക്കാരെയും കൊടുംഭീകരവാദികൾ എന്ന് പേരിടുമായിരുന്നു.

ഒരുപക്ഷേ കോടതികളിലെ ഉദ്യോഗസ്ഥർക്ക് അതറിയില്ലെങ്കിലും ജനസേവകർ എന്ന കപടവേഷം കെട്ടുന്ന ഭരണാധികാരികളെ മുഴുവൻ ഗാന്ധിജി എതിർക്കുമായിരുന്നുവെന്ന് അവർക്ക് നന്നായറിയാം. ഇന്നത്തെ രാഷ്ട്രീയക്കാരും മതനേതാക്കളും ഒക്കെ, സാമൂഹ്യപ്രവർത്തകരാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം ചെയ്യേണ്ടത് അശുദ്ധിയുടെയും ദുർഗ്ഗന്ധത്തിന്റെയും കേന്ദ്രങ്ങളായിരിക്കുന്ന സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളിലെ കക്കൂസുകൾ സ്വന്തം കൈകൾ ഉപയോഗിച്ച് സന്തോഷത്തോടെ വൃത്തിയാക്കുകയും ശുചിത്വകാര്യങ്ങളെ സ്വയംചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെ ശാസ്ത്രപ്രകാരം പൊതുജനങ്ങളെ പഠിപ്പിക്കുകയുമാണ്. രണ്ടാമതു ചെയ്യേണ്ടത് ധർമ്മ ശാസ്ത്രപ്രകാരം മാത്രം ഭക്ഷണം കഴിക്കുവാൻ പ്രേരിപ്പിക്കുകയാണ്. മദ്യപാനം പോലെയുള്ളവ സദാചാര ശാസ്ത്രത്തെ കളങ്കപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന ദൈവനിന്ദയാണ് എന്നു വിവരിക്കുന്ന പാഠങ്ങൾ പ്രത്യേകം പഠിച്ച്, പരിചയിക്കണം.

സാമൂഹ്യപ്രവർത്തനത്തിന് ഉപകരിക്കേണ്ടുന്നതായ സംഗീതം, ശാസ്ത്രഗവേഷണം, അദ്ധ്യാപനം തുടങ്ങിയവ തൊഴിൽ പരമായി ശുചിത്വ വിഭാഗത്തിൽ പെടുന്നു എന്നു പറയുമ്പോൾ, ഇന്നത്തെ സംഗീതജ്ഞരും, ശാസ്ത്രജ്ഞരും, അദ്ധ്യാപകരും ശുചിത്വ വിഭാഗത്തിൽ പെടുന്നില്ല. എന്തുകൊണ്ടാണതെന്ന് തൊഴിലുകൾ : ശുചിത്വം ; ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം) എന്നീ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

സാമൂഹ്യപ്രവർത്തകരുടെ ഔന്നത്യം വ്യക്തമാക്കിയല്ലോ. എന്നാൽ **സമൂഹത്തിന്റെ പൊതുവായ കാര്യങ്ങൾക്കു വേണ്ടി ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുന്നവർ മാത്രം ഭരണാധികാരികളാവുമ്പോഴും, സമൂഹത്തിലെ പൊതുവായ ആവശ്യങ്ങൾ മംഗളകരമായി നടക്കുമ്പോഴും, സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ സമൂഹത്തിൽ ഉണ്ടാവില്ല എന്നും ഉണ്ടാവേണ്ടതില്ലാ എന്നും തിരിച്ചറിയണം.**

ജനസേവകരുടെ പോരായ്മകളെ കൊണ്ടാണ് സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ ഉണ്ടാവുന്നത് എന്നർത്ഥം. ഭൂമിയിലുള്ള എല്ലാ ഭരണകൂടങ്ങളും തിരിച്ചറിയേണ്ടതായ ഗൗരവമായ വസ്തുതയാണത്.

സാമൂഹ്യ പ്രവർത്തകർ അല്ലാത്തവർ സാമൂഹ്യപ്രവർത്തകരായി വേഷംകെട്ടുമ്പോൾ, സമൂഹത്തിൽ ഭീകരവാദം ഉണ്ടാകുന്നതാണ്. അതായത്, സാമൂഹ്യ കാര്യങ്ങളിൽ ധർമ്മശാസ്ത്രപരം അല്ലാതെ പ്രവർത്തിക്കുന്നവർ സാമൂഹ്യ പ്രവർത്തകരല്ല, മറിച്ച് സാമൂഹ്യദ്രോഹികളാണെന്നു തിരിച്ചറിയണം. മതം, ജാതി, ഉപജാതി, രാഷ്ട്രീയം, വർഗ്ഗം, തൊഴിൽ, ഭാഷ, പ്രദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ, ജനങ്ങളെ വേർതിരിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ അടിസ്ഥാന പരമായി സാമൂഹ്യദ്രോഹികളാണ്. സമൂഹത്തിലെ ജനങ്ങളെ ഒരു ദൈവത്തിന്റെ മക്കളായി കാണാൻ കഴിയാതെ, ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് പ്രത്യേകം വിഭാഗങ്ങളായി ജനങ്ങളെ വേർതിരിച്ച് ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ പ്രവർത്തിക്കുമ്പോൾ ഒരു വിഭാഗം ജനങ്ങളെ സന്തോഷിപ്പിക്കാനായി ചെയ്യുന്നവ മറ്റു വിഭാഗങ്ങളെ ദോഷപ്പെടുത്തുന്നതാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സഹായിക്കേണ്ടതും ഉദ്ധരിക്കേണ്ടതും ജനസേവകരുടെ/സമൂഹഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്, വ്യക്തിയുടേതല്ല.

ഉദാഹരണമായി സാമ്പത്തിക അവശതകൾ അനുഭവിക്കുന്ന എല്ലാ ജനങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നത് ധനശേഷിയുള്ള ഭരണകൂടത്തിന്റെ കർത്തവ്യമാണ്. പകരം ധർമ്മ ശാസ്ത്ര വിരുദ്ധമായ അഥവാ ദൈവീകമല്ലാത്ത മത-ജാതി വ്യവസ്ഥിതികളെ ഉന്മൂലനം ചെയ്യേണ്ടവരായ ജനസേവകർ / ഭരണാധികാരികൾ മത-ജാതി വിഭാഗങ്ങളെ വേർതിരിച്ച് സഹായിക്കാനായി തയ്യാറാവുമ്പോൾ അത് ധർമ്മശാസ്ത്രപരമല്ല. അഥവാ ദൈവീകമല്ല. ഭീകരവാദത്തിനുള്ള വിത്ത് പാകലാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായി ജനങ്ങളെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി വിഭജിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ, ജനങ്ങളെ അനവധി സംഘടനകളായി തിരിക്കുമ്പോൾ, അനവധി ചെറിയ ഭരണകൂടങ്ങളായിട്ടാണ് യഥാർത്ഥത്തിൽ മാറ്റിയെടുക്കുന്നത്. ജനങ്ങളുടെ മൊത്ത ഭരണത്തിനായുള്ള ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറിയ ചെറിയ ഭരണകൂടങ്ങൾ രാഷ്ട്രീയ - മത - ജാതി - തൊഴിലാളി വർഗ്ഗ സംഘടനകൾ, സഭകൾ തുടങ്ങിയ പേരുകളിൽ നിലകൊള്ളുമ്പോൾ സമൂഹഭരണം പിഴയ്ക്കുകയാണു ചെയ്യുന്നത്. എല്ലാ രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ളത് മറ്റൊന്നല്ല. ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറുതും വലുതുമായ ഭരണകൂടങ്ങളായി സമൂഹത്തിൽ സംഘടനകൾ നിലനിന്നുകൂടാ. മാത്രമല്ല, പ്രത്യേകം പ്രത്യേകം സംഘടനകളായി ജനവിഭാഗങ്ങളെ വിഭജിക്കുമ്പോൾ ഭീകരവാദികളെ സൃഷ്ടിക്കുക കൂടിയാണത്.

മതസ്ഥാപനങ്ങളുടെയും വ്യക്തികളുടെയും മറ്റും നന്മ കൊണ്ടോ ദുസ്വാർത്ഥം കൊണ്ടോ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ എന്നിവയെ, സാമൂഹ്യ ആവശ്യം എന്ന് ബോദ്ധ്യമായാൽ, പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം.

തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും മതവിദ്യാലയങ്ങളും ഒക്കെ അശാസ്ത്രീയമാണെന്നും പാടില്ലായെന്നും തന്നെയാണ് ധർമ്മശാസ്ത്രപരമായി വ്യക്തമാക്കിയത്. തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും ഉൾപ്പെടെ എല്ലാ പ്രസ്ഥാനങ്ങളെയും പിരിച്ചുവിടുന്നതോടെയും അവയെല്ലാം ശൂന്യമാകുന്നതോടെയും ബന്ദുകളും ഹർത്താലുകളും കൂടി അവസാനിക്കുന്നതാണ്. ബന്ദുകളും ഹർത്താലുകളും പോലെ സമൂഹത്തിലെ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുക്കുന്ന ഹീനരീതികളെ അവസാനിപ്പിക്കുവാൻ, മായാപരം അല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം മറ്റു വഴികളില്ല.

ദൈവീകമായ, കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തികശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ വിസ്തരിച്ചിട്ടുള്ളതു പഠിക്കുമ്പോൾ, വർഗ്ഗവ്യത്യാസങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളും വാദങ്ങളും അസംബന്ധങ്ങൾ മാത്രമാണെന്ന് വ്യക്തമാകുന്നതാണ്. ഭരണകൂടത്തിനെ ധർമ്മ ശാസ്ത്രപരമായി ഉയർത്തേണ്ടതിനു പകരം, കൂടുതൽ മോശപ്പെടുത്തുകയാണ് ഇന്നത്തെ സംഘടനകൾ ചെയ്യുന്നത്. ധർമ്മ ശാസ്ത്രപരമായ തൊഴിൽ വിഭജനത്തെ പഠിക്കാനായാൽ തന്നെ സംഘടനകൾക്ക് സ്വയം ശൂന്യമാകാൻ കഴിയുന്നതാണ്.

സാമുദായിക നേതാക്കന്മാരായി സാമുദായിക പ്രവർത്തനം നടത്തിയവരും നടത്തുന്നവരും യഥാർത്ഥത്തിൽ സാമൂഹ്യപ്രവർത്തകരല്ല എന്നും സാമൂഹ്യദ്രോഹികളാണ് എന്നുകൂടിയാണ് വ്യക്തമാക്കിയത്.

ഭരണാധികാരികളുമായി താരതമ്യം ചെയ്യുമ്പോൾ അവർ മെച്ചമെന്നു തോന്നുന്നത് ശരിയാണെങ്കിലും അത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. മഹാനീതിശാസ്ത്രം പ്രകാരം ദൈവം മഹാനീതി നടത്തുന്നുണ്ട് എന്നതു മനസ്സിലാക്കാതെ മനുഷ്യരെ ഭിന്നിപ്പിക്കുന്ന ദൈവനിന്ദാപരമായ പ്രവർത്തനങ്ങളെ നടത്തുന്നവർക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷയുണ്ട് എന്നറിയണം. ഉദാഹരണമായി, ഇന്നലെ ഹിന്ദുമതത്തിലെ ഒരു ജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച നേതാവിന് ഇന്ന് ആഫ്രിക്കയിലെ ലിബിയയിൽ ഭീകരവാദം നടത്തി മരണപ്പെട്ട അന്നാട്ടുകാരനായ ഒരു മുസ്ലീമിന്റെ രണ്ടാം ഭാര്യയെപ്പോലെയുള്ള വെപ്പാട്ടിയായി അടുത്ത കാലംവരെ കഴിഞ്ഞതിനെപ്പറ്റി ചിന്തിക്കുക. യാതൊരു സാമൂഹ്യ പ്രവർത്തനവും ഇല്ലാതെ ജീവിക്കുന്ന ആ സ്ത്രീയുടെ മുജ്ജന്മപ്രതിമയ്ക്ക് ഇന്നത്തെ നേതാക്കൾ പൂമാലകൾ ചാർത്തുന്നതു കൊണ്ടോ ഗൃഹങ്ങളിൽ സൂക്ഷിക്കുന്ന ചിത്രങ്ങൾക്ക് മാല ചാർത്തുന്നതു കൊണ്ടോ, ചാർത്തുന്നവർക്ക് പാപം കിട്ടും എന്നല്ലാതെ, പഴയ ആചാര്യനായ ഇന്നത്തെ മുസ്ലീം വനിതയ്ക്ക് യാതൊരു പുണ്യവും കിട്ടില്ല.

മഹാനീതിശാസ്ത്രത്തിൽ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ മഹാശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്. ....

ഇന്നലെകളിലെ സംഘടനകളെ ഇന്നലെകളിലെ ലക്ഷ്യങ്ങൾക്കായി ഇന്നലെകളിലെ ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ സൃഷ്ടിച്ചതാണെന്നും, സ്ഥാപകരുടെയോ സംഘനടകളുടെയോ പേരിൽ ഊറ്റംകൊള്ളാൻ ഇന്നത്തെ പ്രവർത്തകർക്ക് അവകാശമോ അധികാരമോ ശാസ്ത്രപരമായി ഇല്ലാ എന്നുമറിയണം. ഇന്നലെകളിൽ ജീവിച്ചവരും മറ്റു സംഘടനയിൽ പ്രവർത്തിച്ചവരും ഇന്ന് മഹാനീതിശാസ്ത്രപ്രകാരം വേറെ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളിലാണ് പുനജ്ജനിച്ചു പ്രവർത്തിക്കുന്നതെങ്കിൽ മുൻകാല സംഘടനകൊണ്ട് വ്യക്തിപരമായി നേട്ടമില്ല. കോട്ടമുണ്ടായെന്നും വരാം. സംഘടനാ പ്രവർത്തനങ്ങൾ വ്യക്തിക്ക് അടിസ്ഥാനപരമായി ഗുണംചെയ്യുന്നതല്ല. സംഘടനയെ സൃഷ്ടിക്കുന്ന വ്യക്തി, തന്റെ സ്വകാര്യ ആനന്ദമായി സംഘടനയെ കാണുകയും, മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആഹ്വാനം ചെയ്യുകയും വേണം. അനേക വ്യക്തികൾ ചേർന്ന് സൃഷ്ടിച്ചവയെങ്കിൽ, സ്ഥാപക നേതാക്കളുടെയെല്ലാം മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആവശ്യപ്പെടേണ്ടതുണ്ട്. ജീവിച്ചിരിക്കെ, അതിനായുള്ള പദ്ധതികളും ഒരുക്കേണ്ടതുണ്ട്. ഉദാഹരണമായി ഇന്നത്തെ പോപ്പോ, ഹൈന്ദവ സന്ന്യാസിയോ, മുസ്ലീം രാഷ്ട്രീയ നേതാവോ, മുജ്ജന്മത്തിൽ പാക്കിസ്ഥാനിൽ ജീവിച്ച മതഭാന്തനായ മുസ്ലീം അല്ലായിരുന്നെന്ന് പുനർജ്ജന്മങ്ങളിൽ വിശ്വസിക്കുന്ന ഹിന്ദുസന്ന്യാസിക്ക് തെളിയിക്കാൻ കഴിയുമോ ? മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, അങ്ങനെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് സുവ്യക്തമാവുന്നതാണ്. ഇന്നലെ ഇന്ത്യക്കാരനെ ചുട്ടുകൊന്ന വെള്ളക്കാരൻ അംഗവൈകല്ല്യമുള്ള കറുത്തവർഗ്ഗക്കാരനായി ആഫ്രിക്കയിൽ ജീവിക്കുന്നത് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമാണ്. **ഇന്നലെകളിൽ ബ്രാഹ്മണനായിരിക്കെ ശൂദ്രരോട് കടുത്ത ദ്രോഹം ചെയ്തയാൾ മരിച്ച് ഇന്ന് ശൂദ്രനായി പുനർജ്ജനിച്ച് 20 വയസ്സുള്ളപ്പോൾ തന്നെ നൂറ്റാണ്ടുകളായിട്ട് ശൂദ്രർ പീഢിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് വാദിക്കുമ്പോൾ മനുഷ്യമനസ്സുകളിലെ അധർമ്മങ്ങൾ വെളിപ്പെടുന്നു !**

മത-ജാതി സഭകൾ ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും എന്നേ കാലഹരണപ്പെടേണ്ടിയിരുന്നു എന്നും സാരം.

ഇന്നലെ നല്ല മനുഷ്യനായി ജീവിക്കുവാൻ ഗാന്ധിക്ക് (ദൈവാനുഗ്രഹത്താൽ) കഴിഞ്ഞുവെങ്കിൽ അത് ഗാന്ധിയുടെ കാര്യമാണ്, അതിൽ ഊറ്റം കൊള്ളാൻ അഥവാ സന്തോഷിക്കാൻ അന്നു ജീവിച്ചവരെ മാത്രമാണ് ദൈവം അനുഗ്രഹിച്ചത്. അവരവർ ചെയ്യുന്ന കാര്യങ്ങൾക്ക് അനുസരിച്ചാണ് പുണ്യവും പാപവും ലഭിക്കുക. ഇന്ന് കോൺഗ്രസ്സിൽ പ്രവർത്തിക്കുന്നവർ കൂടുതലും അന്ന് ഗാന്ധിയെയും കൂട്ടരെയും ദ്രോഹിച്ചവരാണെന്നതിന് പ്രത്യക്ഷ ഉദാഹരണമാണ് പ്രസ്ഥാനം പിരിച്ചുവിടപ്പെടാതെ നിലനിന്നു എന്നത്. ഗാന്ധിയുടെയോ ക്രൈസ്റ്റിന്റെയോ പേരിൽ മാത്രമല്ല, സംഘടനകളുടെയും സഭകളുടെയും അവയിലെ നേതാക്കളുടെയും പേരിൽ ഏതെങ്കിലും വ്യക്തിയോ അനേകം വ്യക്തികളോ പുതിയ നേതാക്കളോ ഊറ്റംകൊണ്ടിട്ടും ഒരു കാര്യവുമില്ല കുഞ്ഞുങ്ങളേ. ദൈവം നൽകിയ ശക്തികൾ ക്കൊത്ത് ഗാന്ധിയും ക്രൈസ്റ്റുമൊക്കെ ചെയ്ത നല്ല കാര്യങ്ങളെ സ്വയം ചെയ്യാതെ ഗാന്ധിയെ പുകഴ്ത്തുന്നവർക്ക് വേഷംകെട്ടലിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. സംഘടനകളും സഭകളും സ്മാരകങ്ങളും ഇന്ന് പാപകേന്ദ്രങ്ങൾ മാത്രമാണ് എന്നുമറിയുക.

...

മുകളിൽ (1) മുതൽ (10) വരെയുള്ള ഉദാഹരണങ്ങളിൽ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വ്യവസായ ഉല്പന്നങ്ങളെ മനുഷ്യൻ നിർമ്മിക്കുമ്പോൾ ധർമ്മ ശാസ്ത്ര നിയമങ്ങളും ഒപ്പം ഉണ്ടെന്ന് വിശദീകരിച്ചിരുന്നു.

ദൈവ കാര്യങ്ങൾ മൂലകങ്ങളിൽ ഓം ആയിട്ടുണ്ട്.

എന്നാൽ, നികുതികൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവ മണ്ണിലെ മൂലകങ്ങളിലും ഉല്പന്നങ്ങളിലും ഇല്ല; അവയ്ക്ക് ഭൗതിക അസ്തിത്വവും ഇല്ല; ധർമ്മ ശാസ്ത്രവുമായി ബന്ധമില്ലാത്ത അധമ സംവിധാനം മാത്രമാണ്. ധർമ്മ ശാസ്ത്ര വിരുദ്ധമായ നിയമങ്ങളും പ്രവൃത്തികളും നടത്തുവാൻ വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടമായോ തയ്യാറായാൽ, അവയെ തിരുത്തി ശുദ്ധി ചെയ്യാൻ ഭൗതിക അസ്തിത്വം ഉള്ള നിയമങ്ങളും ഘടകങ്ങളും ന്യൂനശക്തികളായി മണ്ണിലെ മൂലകങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂനശക്തികളുടെ പ്രവർത്തനത്തെ തടയാൻ മനുഷ്യർക്കു കഴിയുന്നതല്ല. ന്യൂനശക്തികളെപ്പറ്റി

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

മഹാവേദ ഗ്രന്ഥത്തിലെ പ്രത്യേകമായ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിക്കും രണ്ടാമതായി ഒരു ഭാഗം കൂടിയുണ്ട്; പുരുഷന് സ്ത്രീയും, സ്ത്രീക്ക് പുരുഷനും. ആകയാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ സർവ്വത്തെയും നേടാനും അനുഭവിക്കാനുമായി 'ശരീരത്തെയും ഉചിതമായ അവയവങ്ങളെയും' ദൈവം സൃഷ്ടിച്ച്, ജീവികളുടെ സ്വത്വമായ ആത്മാവിനോട് ചേർത്തിട്ടുണ്ട്.

ബുദ്ധിശക്തി കുറച്ചു ലഭിച്ചവർ എന്ന് മനുഷ്യൻ കരുതുന്ന മറ്റുള്ള ജീവികൾ പോലും, ലഭ്യമായ അവയവങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിക്കുന്നത്. ബുദ്ധി ശക്തി കൂടുതൽ ലഭിച്ചിട്ടുണ്ട് എന്ന് പറഞ്ഞ് ജീവിക്കുന്നവരായ മനുഷ്യനെ ഭരിക്കാനും ശിക്ഷിക്കാനും മറ്റുമായി അവരുടെ ശരീരത്തിന്റെ ഭാഗമോ അവയവങ്ങളോ അല്ലാത്ത ഭരണാധികാരികളെ 'മണ്ണും ഭൂമിയുമായ ദൈവം' നിശ്ചയിക്കുകയും നിയമിക്കുകയും ചെയ്തിട്ടില്ല.

മണ്ണിന്റെ നിയമങ്ങളിൽ യാതൊരു ജീവികൾക്കും ജീവിക്കാൻ ഭരണാധികാരികളെ വേണ്ടാ. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവർ ജനങ്ങളുടെ സേവകർ മാത്രമാണ്. യജമാനരും ഭരണാധികാരികളും എപ്പോഴും ജനങ്ങൾ മാത്രമാണ്.

യജമാനരായ ജനങ്ങൾ എല്ലായ്പ്പോഴും സേവകരെയാണ് ഭരിക്കേണ്ടത്; മറിച്ചല്ല.

ഐഡന്റിറ്റി കാർഡ്, ആധാർകാർഡ്, ഹെൽമെറ്റ്, യൂണിഫോം വസ്ത്രങ്ങൾ, പിഴ, തുടങ്ങിയവ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും പൊതുജനസേവകരുമായ പോലീസ് സേന, ഉദ്യോഗസ്ഥർ, മന്ത്രി, രാജാവ് എന്നിവർക്ക് നിർബ്ബന്ധമാക്കണമോ എന്ന് മണ്ണിലെ ധർമ്മ ശാസ്ത്ര പ്രകാരം യജമാനരായ ജനങ്ങൾ നിശ്ചയിക്കേണ്ട കാര്യങ്ങളാണ്.

ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ പരിഹാരം ഏതെങ്കിലും വിഷയത്തിൽ ലഭിക്കാതെ വന്നാൽ, അതിന്നുള്ള പരിഹാരം മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാണെന്ന് അറിയണം. നീതി, നീതിന്യായം എന്നിവയെ വിവരിക്കുന്നതിനു മുമ്പ്, ന്യൂനശക്തികളെ പ്പറ്റി വിശദീകരിക്കേണ്ടത് അത്യാവശ്യമാണ്.

ദൈവത്തിന്റെ ശക്തി-വിശേഷമായ 'ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥയെ' പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളും, ജീവി-ശരീരങ്ങളും സദാ പ്രകടിപ്പിക്കുന്നതാണ്. എല്ലാം ഉണ്ടായിട്ടുള്ളത് ദൈവത്തിന്റെ മഹാജ്ഞാനം എന്ന മഹാശാസ്ത്രം, മഹാശക്തി, എന്നിവയുടെ അംശങ്ങളും, 'ഓം' എന്ന ശബ്ദബ്രഹ്മവും ചേർന്നാണ്.

ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ മൂന്നു വേദങ്ങൾക്കും അവയുടെ ശാഖകൾക്കും ഉപ-ഉപ ശാഖകൾക്കും, അവയുടെ ഭൗതിക അസ്തിത്വമായ വസ്തുക്കൾക്കും, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലായ്മ എല്ലായ്പ്പോഴും ഉണ്ടാകുന്നതാണ്. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ പ്രകടിപ്പിക്കണമെന്നത് ദൈവീകമായ ആവശ്യം തന്നെയാണ്.

- .. -100, -99, .. -10,.. -1, 0, +1, ..+10.., +99, +100, .. + എന്നിങ്ങനെ ദോഷങ്ങളും ഗുണങ്ങളും സമസ്ത കാര്യങ്ങളിലും ഉണ്ടാകണം; ഉണ്ട്. 1-നും 2-നും ഇടയ്ക്ക് ബഹുവിധങ്ങളിൽ അനന്തമായ ഭിന്നസംഖ്യകൾ ഉണ്ടായിരിക്കുന്നതും, നിറം, രൂപം, രുചി, ആയുസ്സ്, മുഖഛായ, ഉയരം, വണ്ണം, സാന്ദ്രത, രോഗം, രോഗമുക്തി, ചികിത്സ, ഭക്ഷണം, വാഹനം, കെട്ടിടം, ഫലം, മത്സ്യം, സസ്യം, പക്ഷി, മൃഗം, തുടങ്ങി ഏതൊന്നും ഭൗതിക അസ്തിത്വത്തോടെ അനന്തമായി സൃഷ്ടിക്കാൻ ദൈവത്തിനു കഴിയുമെന്നത് മനുഷ്യർ അറിഞ്ഞും അനുഭവിച്ചും കഴിയുന്ന കാര്യങ്ങളാണ്.

രോഗങ്ങളും, രോഗങ്ങൾക്കുള്ള മരുന്നുകളും മാത്രമല്ല, മയക്കുമരുന്നുകളും, വിഷങ്ങളുമെല്ലാം അനന്തമായി സൃഷ്ടിക്കാൻ ഭൗതിക ശാസ്ത്ര പ്രകാരം ദൈവം ബാദ്ധ്യസ്ഥമാണ്.

ന്യൂനശക്തികൾ

ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ് മണ്ണും ഭൂമിയുമായ ദൈവം ഭൗതിക ശാസ്ത്രത്തിനും തദ്വാരാ സൃഷ്ടിക്കും 'അനന്തതയെ' ഭദ്രമാക്കുന്നത്. മൂലകങ്ങളിലുള്ള ന്യൂനശക്തികളുടെ അളവിനെ 20% ലും താഴെയായി കുറച്ചു കൊണ്ടും, അവയുടെ സാന്നിധ്യത്തെ ജീവികൾക്ക് ജീവിക്കാൻ അത്യാവശ്യമായ ഘടകങ്ങളായി ആവിഷ്ക്കരിച്ചും, ദൈവത്തിന്റെ ഖരരൂപമായ ഭൂമി അത്ഭുതം പ്രവർത്തിക്കുന്നുമുണ്ട്. ന്യൂനശക്തികളെ പറ്റി സൂചിത മഹാവേദ ഗ്രന്ഥത്തിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

ന്യൂനശക്തികളെ പറ്റി അല്പം മാത്രം കുറിക്കുന്നു: വ്യത്യസ്തങ്ങളായ മധുരങ്ങളെ മാത്രം ദൈവം സൃഷ്ടിക്കുകയാണെങ്കിൽ, കൈയ്പിനെ പ്പറ്റി അറിയാതെ പോകും. കൈയ്പും വേദനകളും ഇല്ലെങ്കിൽ ജീവികളുടെയും ജീവിതത്തിന്റെയും ആനന്ദം സുന്ദരമാവില്ല. ഉദാഹരണത്തിന്, മാസങ്ങളായി പുരോഗമിക്കുന്ന ഉദര വീർപ്പും, പ്രസവ വേദന ഉൾപ്പെടെയുള്ള ബഹുവിധ വേദനകളും ഇല്ലെങ്കിൽ സമൂഹത്തിൽ കാമകാര്യങ്ങളിലെ സദാചാരം സുന്ദരമാകില്ല. ഗർഭകാലത്ത് ചുമന്നതും വേദനകളെ അനുഭവിച്ച് വളർത്തിയതിന്റെയും കണക്കുകൾ ധർമ്മശാസ്ത്ര പരമായി അവതരിപ്പിക്കാനും ആവശ്യമാണ് ! അശ്രദ്ധമായി നടന്ന്, കല്ലിൽ കാല് തട്ടുമ്പോൾ വേദന ഉണ്ടായില്ലെങ്കിൽ, അശ്രദ്ധ വർദ്ധിക്കുന്നതാണ്. മരുന്നുകളെല്ലാം വ്യത്യസ്ത മധുര ക്കൂട്ടുകളായാൽ, ഭക്ഷണസാധനങ്ങളും പലഹാരങ്ങളുമായി മരുന്നുകളെ കുട്ടികളും മുതിർന്നവരും, ആവശ്യമോ അളവുകളോ വിഷയമാക്കാതെ ഭക്ഷിക്കുന്നതാണ്.

മലം : മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും വിസർജ്യങ്ങൾക്ക് വിവിധതരം ബിരിയാണി, പലഹാരങ്ങൾ, .. എന്നിവയുടെ മണവും രുചിയും ഉണ്ടാവുകയാണെങ്കിൽ, വിസർജ്യങ്ങളെ നേടാനും ഭക്ഷിക്കാനുമായി അടിപിടി കൂടുന്ന മനുഷ്യരെ എവിടെയും കാണുന്നതാണ്; കുടുംബങ്ങളിൽ പാചകം ഉപേക്ഷിച്ചെന്നും വരും !

ചന്ദനത്തൈലത്തിന്റെ സുഗന്ധം ഉണ്ടായിരുന്നുവെങ്കിൽ ശരീരത്തിലും വസ്ത്രത്തിലും മലം പുരട്ടി നടക്കുമായിരുന്നു! എല്ലാ വസ്തുക്കളുടെയും മണം, രുചി, നിറം, തുടങ്ങിയ ഗുണങ്ങളെ ഭൗതികമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നത് അഥവാ ന്യൂനശക്തികളെ സ്ഥാപിച്ചിട്ടുള്ളത് ജീവികളുടെ ആനന്ദത്തിനു വേണ്ടിത്തന്നെയാണ്.

അടിക്കും ഇടിക്കും മറ്റും വേദന ഇല്ലാതെ വന്നാൽ, പോലീസും രാഷ്ട്രീയക്കാരും മറ്റും മാത്രമല്ല, കുട്ടികളെ ശാസിക്കാനും ശിക്ഷിക്കാനും കഴിയാതെ മാതാപിതാക്കളും ഉറ്റവരും വിഷമിക്കും. വേദനകൾ ഇല്ലാതെ വന്നാൽ, വന്യമൃഗങ്ങളെയും ഭയമില്ലാതെ വരും.

കൈയ്പുകളും വേദനകളും ഭയവും ഇല്ലെങ്കിൽ ജീവിതത്തിന്റെ ആനന്ദങ്ങളും സൗന്ദര്യവും നഷ്ടപ്പെടുമെന്ന് കൂടുതൽ ഉദാഹരണങ്ങളെ ചേർത്ത് സ്വയം വിശകലനം ചെയ്താൽ മതിയാകും. മണ്ണും ഭൂമിയുമായ ദൈവം, ജീവികളുടെ ജീവിതം സുന്ദരമാക്കാൻ മുകളിൽ സൂചിപ്പിച്ചതുപോലെ അനന്തമായ വിഷയങ്ങളിൽ നിയന്ത്രണം നടത്തുന്നത് ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ്.

ആനന്ദം എന്ന നീതി, ജീവിതത്തിൽ വിഷയമാകുവാൻ എല്ലാ വസ്തുക്കൾക്കും ഗുണങ്ങളും ദോഷങ്ങളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട് എന്നു കണ്ടു. കൃഷിചെയ്യുമ്പോഴും, വസ്ത്രം നെയ്യുമ്പോഴും, മീൻ പിടിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, രതിലീല ഉൾപ്പെടെയുള്ള ആനന്ദകാര്യങ്ങളിൽ ഏർപ്പെടുമ്പോഴും, കുഞ്ഞുങ്ങളെ പുന്നരിക്കുമ്പോഴുമൊക്കെ **ക്ഷീണം** എന്ന ഒരവസ്ഥ കൂടി സൃഷ്ടിക്കപ്പെടുന്നില്ലായെങ്കിൽ, ആരംഭിക്കുന്ന പ്രവൃത്തി നിർത്തില്ലാതെ തുടർന്നെന്നിരിക്കും !

അമിത മധുരം, അമിത ഉപ്പ്, അമിത സന്തോഷം, അമിത വാത്സല്യം തുടങ്ങിയവ : സന്തോഷം അഥവാ ആനന്ദം നല്കുന്ന കാര്യങ്ങളും അധികമായാൽ ആനന്ദം നല്കാതെയും പകരം ദോഷം ചെയ്തുമുള്ള അവസ്ഥ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. **നീതി നിശ്ചിതമായിരിക്കണം, ധർമ്മ ശാസ്ത്ര പ്രകാരവുമായിരിക്കണം. നീതിക്ക് നിശ്ചിത അളവില്ലെന്നു വന്നാൽ ധർമ്മവും, അതിലൂടെ സ്ഥിതിയും, സൃഷ്ടിയും, സത്യവും പിഴയ്ക്കുന്നതാണ്; അങ്ങനെ സംഭവിച്ചുകൂടാ.**

ഉദാഹരണമായി ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോൾ, സമ്പത്ത് കുട്ടികൾക്ക് കൈമാറുവാൻ ദൈവം അനുവദിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളും കുട്ടികളും അവരുടെ കുട്ടികളും എല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

മാതാപിതാക്കളുടെ അമിതവാത്സല്യം കുട്ടികളെ ധർമ്മശാസ്ത്രം തെറ്റിയുള്ള ജീവിതത്തിന് വഴിയൊരുക്കിയാൽ, കുട്ടികൾ പാപം ചെയ്യുന്നതിന് മാതാപിതാക്കളും കാരണക്കാരാവുകയാണ്. കുട്ടികളും അവരെ വഴിതെറ്റിക്കുവാൻ പ്രേരകമായതിന് മാതാപിതാക്കളും (ബന്ധുജനങ്ങളുമൊക്കെ) പാപങ്ങൾക്കുള്ള ശിക്ഷ സ്വീകരിക്കേണ്ടതായും വരും.

കുട്ടികളുടെ നല്ലത് കരുതുവാൻ, കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സർവ്വരെയും പൊന്നോമന കുഞ്ഞുങ്ങളായി മഹാവാത്സല്ല്യത്തോടെ കരുതുന്ന മഹാമാതാവായ ദൈവമുണ്ട്.

ദൈവം, മനുഷ്യന് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ദൈവം സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ബുദ്ധി ശക്തി ഉൾപ്പെടെയുള്ള ശക്തികളെ നൽകി ക്കൊണ്ട് ആനന്ദങ്ങളെയെല്ലാം നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള മഹാപദ്ധതികളാണ് ഒരുക്കിയിട്ടുള്ളത്. കുഞ്ഞുങ്ങൾ ഭിക്ഷക്കാരെപ്പോലെ ദൈവത്തോട് യാചിക്കുകയോ / പ്രാർത്ഥിക്കുകയോ ചെയ്യാതെ ദൈവം ഓരോ മനുഷ്യനും/ ജീവിക്കും നൽകിയിട്ടുള്ള ദൈവാംശമായ ശരീരം കൊണ്ട് അനന്തമായ ആനന്ദങ്ങളെ സ്വയമെന്നോണം നേടണം. സൃഷ്ടിചക്രങ്ങളുടെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമാകാതെ ഗൂഢമായിരിക്കുന്നത് തന്നെ കുഞ്ഞുങ്ങൾ അലസരും മടിയരും പൊങ്ങച്ചക്കാരും മറ്റുമായി അധഃപതിക്കാതെ ജീവിക്കാനാണ്.

മനുഷ്യന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിന്നായി മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളെ ഒരല്പം വ്യത്യാസപ്പെടുത്തുവാൻ മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. വളരെ ഗൗരവമുള്ള കാര്യമാണത്. വിശദമാക്കാം :- മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തിൽ ന്യൂനശക്തികളെ ഉൾക്കൊള്ളുന്ന ശാസ്ത്രം ഉൾപ്പെട്ടിരിക്കുന്നു എന്നുകൂടിയാണ് അർത്ഥം. ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്ര പ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചിൽ-ചിരി, തുടങ്ങിയ ന്യൂനാവസ്ഥയും അധികാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

ന്യൂനാവസ്ഥയെ സത്യമാക്കുന്ന യുക്തിശാസ്ത്രവും ഗണിതശാസ്ത്രവും ഫിസിക്സും രസതന്ത്രവും വൈദ്യശാസ്ത്രവുമൊക്കെ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് ; കൂടാതെ പ്രസ്തുത ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക വസ്തുക്കളെ സൃഷ്ടിച്ചിട്ടുമുണ്ട്. ഭൗതികപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഭൗതികശാസ്ത്രപരമായാണ് ദൈവം മഹാനിർവ്വഹിക്കുന്നത്.

100-ല് 50 ന്യൂനം എന്നത് ഗണിതശാസ്ത്രപരമായി ശരിയാണെങ്കിലും മഹാകാരുണ്യമായ ദൈവം 14.29% മുതൽ 17.43% / 19.44% വരെ മാത്രം ന്യൂനവസ്തുക്കളെ സൃഷ്ടിച്ചുകൊണ്ട് ജീവികളെ സ്നേഹിക്കുകയും, അർദ്ധ ന്യൂനഭാവം പ്രപഞ്ചത്തിന്റെ ഗണിതശാസ്ത്രത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരിക്കയാണ്. 14.29% മുതല് 17.43% / 19.44% വരെയുള്ള ന്യൂനവസ്തുക്കളിലെ വ്യത്യാസമായ 3.14% / 5.19% വ്യക്തിസ്വാതന്ത്ര്യ ഉപയോഗങ്ങളുടെ തോത് നിശ്ചയിക്കുന്നു.

മഹാപ്രപഞ്ച സൃഷ്ടിയ്ക്ക് 100 എന്ന മഹാ-അളവ് നൽകുകയും, 7 എന്ന ആഴ്ച-ക്കാലത്തെ 100-മായി കൂട്ടിയിണക്കിക്കൊണ്ട് 100-നെ 7-കൊണ്ട് ഭാഗിച്ചാണ് 14.29 മഹാനിശ്ചയിച്ചിട്ടുള്ളത്. 14.29%-ത്തോട് പൈ-യുടെ മൂല്ല്യമായ 3.14 ചേർക്കുമ്പോഴാണ് 17.43 കിട്ടുന്നത്. (ശതമാനക്കണക്കുകളിലെ വെളിപാട് ഇനിയും പൂര്ണ്ണമായിട്ടില്ല എന്നുകൂടി അറിയിക്കുന്നു, എന്നാൽ വസ്തുക്കളുടെയും വസ്തുതകളുടെയും പ്രവര്ത്തനം ബോദ്ധ്യമാകുന്നതിന് ന്യൂനശക്തികളെ സംബന്ധിച്ച വെളിപ്പെടുത്തലുകൾ ഉപയോഗപ്പെടുന്നു എന്നതും, കൃത്യമായ ശതമാനക്കണക്കുകൾ തൽക്കാലം അത്യാവശ്യമല്ല എന്നതും അറിയണം. ന്യൂനവസ്തുക്കളുടെ വർദ്ധിച്ച അളവിനെ 17.43% / 19.44% എന്നു കാണിക്കുവാൻ കാരണം ഒന്നാം മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ ദുർന്നടപടികളാണ്. ന്യൂനശക്തികളുടെ തുടർച്ച എന്ന പേരിൽ മഹാവേദ ഗ്രന്ഥത്തിൽ ആവക കാര്യങ്ങളുടെ വിശദീകരണം ലഭ്യമാണ്.).

ന്യൂനാവസ്ഥയ്ക്കു ശേഷം മാത്രമാണ് അധികാവസ്ഥയ്ക്ക് സ്ഥാനമുള്ളത്. ആയത് ലളിതമായി മനസ്സിലാക്കുവാൻ -അനന്തത, -.., -100, -99, ..-, -10, -9, ..-, -1, 0, +1, ..+, +9, +10, ..+, +99, +100, ..+, +അനന്തത എന്നിങ്ങനെയുള്ള ഗണിതശാസ്ത്ര പാഠം ശ്രദ്ധിച്ചാൽ മതിയാകും.

ന്യൂനശക്തികളും ധർമ്മ ശാസ്ത്രബന്ധനവും

ഗൗരവമായി വിശകലനം ചെയ്യുമ്പോൾ, ന്യൂനശക്തികളുടെ സൃഷ്ടിയും ധര്മ്മവും എത്ര മഹത്തരമാണെന്നും തങ്ങൾക്ക് ഇഷ്ടപ്പെട്ടവയെ നല്ലതെന്നും ഇഷ്ടപ്പെടാത്തതിനെ ചീത്തയെന്നും പേരിടാൻ മനുഷ്യന് അവകാശമില്ല എന്നും സുവ്യക്തമാകുന്നു.

മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഓരോരോ വിധങ്ങളിൽ നല്ലതാണ്. നല്ലതല്ലാത്തത് യാതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നർത്ഥം.

ഓരോരോ ജീവി-ഇനങ്ങള്ക്കും ഓരോരോ ജീവിതരീതി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, ഭക്ഷണ സമ്പാദനം, കാഴ്ച, രാത്രിക്കാഴ്ച, പാര്പ്പിട രീതി, ഇണചേരൽ, ഇണയെ ആകര്ഷിക്കുന്ന രീതി, ഭയപ്പാടുകളിലെ പ്രത്യേകത, ആക്രമണ രീതികളിലെ പ്രത്യേകത, പെരുമാറ്റം, തുടങ്ങിയ അനേകം കാര്യങ്ങൾ ചേര്ന്നതാണ് ഓരോ ജീവിയുടെയും ജീവിതരീതി. മനുഷ്യരുടേതും അങ്ങനെ തന്നെ.

മറ്റുള്ള ജീവികളെ തങ്ങളുടെ ജീവിതാവശ്യങ്ങള്ക്ക് ഏറെ പ്രയോജനപ്പെടുത്തുകയും ഏറ്റവുമധികം ഉപദ്രവിക്കുന്നതും മനുഷ്യർ തന്നെയാണ്. മറ്റുള്ള ജീവികൾ മനുഷ്യരെ ഏറ്റവും കുറച്ചുമാത്രമാണ് ഉപദ്രവിക്കുന്നത് എന്നതും വസ്തുതയാണ്.

നല്ലതു മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എങ്കിൽ, ഭൂമിയിലൊക്കെയുമുള്ള കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും നല്ലതാണോ, അവയെ സൃഷ്ടിച്ചത് ദൈവം തന്നെയല്ലേ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പെട്ടെന്ന് അനേകരിൽ ഉണ്ടാകുന്നതാണ്.

ചുവടെ ന്യൂനശക്തികളുടെ വിശദീകരണത്തിലേക്കു കടക്കുമ്പോൾ ജീവികള്ക്ക്, പ്രത്യേകിച്ചു മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നല്കാനായി ഒരു നിശ്ചിത ശതമാനം ശക്തികളെ മാറ്റിവച്ചിട്ടുണ്ട് എന്നു കാണാം.

വ്യക്തിസ്വാതന്ത്ര്യം നല്കിയില്ലെങ്കിൽ മനുഷ്യരെ ദൈവം അടിമകളാക്കുന്നതായി വരും. വ്യക്തികൾ സ്വയം നല്ലതും കെട്ടതും തിരിച്ചറിഞ്ഞു ജീവിക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്.

മനുഷ്യരും, ഒന്നാം മഹാകാലചക്രത്തിലെ ഭരണത്തിനായി സൃഷ്ടിച്ചതായ മാലാഖമാരും/മലക്കുകളും/ദേവതകളും തങ്ങള്ക്കു ലഭിച്ച വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതുകൊണ്ടും, അതിലൂടെ ന്യൂനശക്തികളുടെ അളവ് വർദ്ധിച്ചതു കൊണ്ടുമാണ് ഭൂമിയിലാകെ കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും ഒക്കെ ഉണ്ടായിരിക്കുന്നത്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, മഹാശക്തിയായ മഹാജഗദംബ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം സമ്പൂർണ്ണമായി ഏറ്റെടുക്കുന്നതോടെ, മനുഷ്യരുടെ ജീവിതകാര്യങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.

ന്യൂനശക്തികളെപ്പറ്റി തുടരാം :

സദാചാരം എങ്ങനെ ശാസ്ത്രമാകും, ഭൗതിക ശാസ്ത്ര നിയമങ്ങളുമായി എങ്ങനെ പൊരുത്തപ്പെടും, നല്ലതും നല്ലതല്ലാത്തതും വേര്തിരിക്കുന്നതിന്റെ അളവുകോലെന്ത്, ദൈവം നല്ലത് മാത്രം സൃഷ്ടിക്കാതെ നല്ലതല്ലാത്തും സൃഷ്ടിച്ചതെന്തിന്, നല്ലതല്ലാത്തത് സൃഷ്ടിക്കുന്ന ദൈവത്തിന്റെ ഭാവം സത്യ - ധര്മ്മ - നീതികളാണെന്ന് എങ്ങനെ പറയാനാവും, തുടങ്ങിയ ചോദ്യങ്ങളെല്ലാം നിഷ്പ്രഭമാകുന്നതും നിരര്ത്ഥകമാകുന്നതും എങ്ങനെയെന്ന് ന്യൂനശക്തികളുടെ സൃഷ്ടിയും സ്ഥിതിയും സംബന്ധിച്ച കാര്യങ്ങൾ ശാസ്ത്രപരമായി വിശദമാക്കുന്നുണ്ട്.

ജീവികളുടെ ആനന്ദം സ്രഷ്ടാവിന് പരമപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവും (മഹാപിതാവും) കൂടിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാഇഷ്ടമാണത്. സൃഷ്ടികളെ കുഞ്ഞുങ്ങളായും, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായും നിശ്ചയിച്ചു കൊണ്ട് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം മഹാഭദ്രപ്പെടുത്തുന്നത് ജീവികളുടെ മഹാഭാഗ്യം ; അല്ലായിരുന്നെങ്കിലോ.... എന്നു ചിന്തിച്ചാൽ, തന്റെ മഹാശക്തികളെ കൊണ്ട് സൃഷ്ടിക്കുന്ന ജീവികള്ക്ക് നരകയാതനകളെ നൽകി കഷ്ടപ്പെടുത്തുകയും അവയുടെ കഷ്ടതകളെ കണ്ട് വിനോദിക്കുകയും ചെയ്യുന്ന സ്രഷ്ടാവായിരുന്നെങ്കിലോ എന്നു ചിന്തിച്ചാൽ, മനുഷ്യരുടെ എത്രയോ ചോദ്യങ്ങളും സംശയങ്ങളും വിവേകശൂന്യങ്ങളാണെന്ന് ബോദ്ധ്യമാകും.

കാർബൺ (കരി) ഉൾപ്പെടെയുള്ള ഏതാനും മൂലകങ്ങളുമായും കറുപ്പുനിറം, ഇരുട്ട്, രാത്രി തുടങ്ങിയവയുമായും ബന്ധപ്പെട്ടാണ് ന്യൂനശക്തികൾ പ്രവര്ത്തിക്കുന്നത്. കരിക്കട്ടയും, കറുത്തമഷിയുമൊക്കെ എഴുതാനും അച്ചടികാര്യങ്ങള്ക്കും പ്രയോജനപ്പെടുന്നതും, ജീവികളിലെ ഊര്ജ്ജകാര്യങ്ങളില് ഉള്പ്പെടെ അനന്തമായ മഹാപ്രപഞ്ച കാര്യങ്ങളിൽ കാർബൺ ഉന്നത സ്ഥാനം വഹിക്കുന്നതും ദൈവം കാർബണെ ഉന്നതപ്പെടുത്തിയിട്ടുള്ളതു കൊണ്ടുതന്നെയാണ്.

ഭൂമിയിലെ എല്ലാ വസ്തുക്കളിലും ദൈവം സ്ഥാപിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങൾ പ്രകാരമാണ് എല്ലാ വസ്തുക്കളും പ്രവര്ത്തിക്കുന്നത്. വസ്തുക്കളും ജീവികളും ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ ഏതൊന്നിന്റെ മേലും മനുഷ്യര്ക്ക് പ്രവര്ത്തിക്കാനാകുന്നത് മേല്പ്പടി ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്.

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കൾ 14.29% മുതല് 19.44% വരെ മാത്രമാണെന്നും, കാലാനുസൃതം ശാസ്ത്രവികസനത്തിനും ജനപ്പെരുപ്പത്തിനും ഒപ്പം 14.29% മാത്രം ന്യൂനവസ്തുക്കൾ സ്ഥിരമായി ഉള്പ്പെടുമ്പോൾ മാത്രമേ ജീവിതം സമ്പൂര്ണ്ണമായും ആനന്ദകരമാവുകയുള്ളൂ എന്നും വിശദീകരിക്കുകയുണ്ടായി. ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവ് ധര്മ്മശാസ്ത്രപ്രകാരം ആണെന്നും അത് മഹാശക്തിയായ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ജീവിതക്രമമാണെന്നും കൂടിയാണ് അർത്ഥം. ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവ് ധര്മ്മശാസ്ത്രപ്രകാരം വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ബന്ധിക്കുന്നുണ്ട്.

അതേ സമയം പ്രസ്തുത മഹാ ധര്മ്മശാസ്ത്ര ബന്ധനം സര്വ്വ ജീവികളുടെയും മംഗളത്തിനായുള്ള മഹാ പദ്ധതിയാണ്. മഹാധര്മ്മശാസ്ത്ര ബന്ധനത്തെ അഥവാ ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവിനെ അഥവാ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവിനെ അവഗണിച്ചു കൊണ്ട് വ്യക്തി(കൾ) ജീവിക്കുമ്പോള്, ന്യൂനവസ്തുക്കളുടെ അളവ് വര്ദ്ധിക്കുന്നു. പുതിയ വസ്തുക്കള് ഉണ്ടാക്കാനാവുന്നതും ഒരു എനര്ജിയെ മറ്റൊരു എനര്ജിയായി മാറ്റാമെന്നുമുള്ള വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങള് പ്രകാരമാണ് ഇത് സംഭവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടപ്രകാരം അല്ലാത്ത സ്വാതന്ത്ര്യം വ്യക്തി ഉപയോഗിക്കുന്നതു കൊണ്ട് സംഭവിക്കുന്നതാണത്. പ്രസ്തുത അവസ്ഥ ദൈവം അനുവദിച്ചില്ലെങ്കില് ദൈവം സൃഷ്ടികളെ അടിമയാക്കുന്നു എന്ന വസ്തുതയും ആരോപണവും ഉണ്ടാകുന്നതാണ്.

മഹാപ്രപഞ്ചത്തില് 14.29% മുതല് 17.43% /19.44% വരെ അളവിലെ വ്യത്യാസമായ 3.14% / 5.15% അളവ് മാത്രം ന്യൂനവസ്തുക്കളെക്കൊണ്ട്, വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ ഉണ്ടാവുന്നതാണ്. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്ന മഹാമനസ്ക്കത ദൈവം കാണിക്കുമ്പോഴും, മഹാനീതി കൂടിയാണ് ദൈവമെന്നും ; വ്യക്തിയുടെ ആരോഗ്യം, ആയുസ്സ് തുടങ്ങിയ ഘടകങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നും വ്യക്തി ഓര്ക്കേണ്ടതും, ദൈവം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ദുര്വ്വിനിയോഗം ചെയ്യാതെ, എല്ലാ ജീവികളുടെയും ആനന്ദ-ജീവിതത്തിനായി ദൈവത്തിന്റെ ഇഷ്ടപ്രകാരം അഥവാ ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാൻ പരിശ്രമിക്കേണ്ടതുമാണ്.

മഹാപ്രപഞ്ചത്തിലെ നക്ഷത്ര കോടികൾ ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കയാൽ ന്യൂന വസ്തുക്കൾ അവയെ ബാധിക്കുന്നില്ല. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളും അവയുടെ ചന്ദ്രന്മാരും താല്ക്കാലിക സൃഷ്ടിയാണെന്നും വൈകാതെ പിൻവലിക്കപ്പെടുമെന്നും മുമ്പ് വിസ്തരിച്ചിരുന്നു. അപ്പോൾ പിന്നെ ഭൂമിയെയും ചന്ദ്രനെയും മാത്രമാണ് ന്യൂനവസ്തുക്കൾ ബാധിക്കുക. ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാൻ ആഗ്രഹിക്കുകയും, അതിന്നായി പ്രാര്ത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുമ്പോൾ, സുഖദുഃഖങ്ങളെ സമനിലയിൽ ആസ്വദിച്ചുകൊണ്ട് ജീവിക്കുവാൻ വ്യക്തിക്ക് സാധിക്കുന്നതാണ്. വ്യക്തിയുടെ ജീവിതക്രമങ്ങളെ ആവിഷ്ക്കരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം പോലെ, അഥവാ ധര്മ്മശാസ്ത്ര പ്രകാരമായി മാറുന്നു. ധര്മ്മശാസ്ത്രപരമായി ജീവിക്കുക മാത്രമേ വ്യക്തി ചെയ്യേണ്ടതുള്ളൂ. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം താൻ അനുഭവിക്കുന്നതായി ബോദ്ധ്യപ്പെടുന്നതും സമ്പൂര്ണ്ണ മനസ്സുഖം ലഭിക്കുന്നതുമാണ്. ജീവിതകാര്യങ്ങളെല്ലാം അനായാസമായും ഒഴുക്കോടെയും നടക്കുന്നതാണ്. ഞാനെന്ന ഭാവം തീണ്ടാതെ വ്യക്തിക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയുന്നതുമാണ്.

എന്നാൽ വ്യക്തിയുടെ ഇഷ്ടങ്ങൾ അഥവാ സ്വാതന്ത്ര്യങ്ങൾ പ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ജീവിതക്രമം കൂടി വ്യക്തി ആവിഷ്ക്കരിക്കുകയാണ്. ധർമ്മ ശാസ്ത്ര പ്രകാരമല്ലാത്ത ജീവിതമാണത്. ഉദാ: കുട്ടികള്ക്കു വേണ്ടി വ്യക്തി കരുതുന്നതും അവര്ക്കു വേണ്ടി കെട്ടിടം വെയ്ക്കുന്നതുമൊക്കെ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. ദൈവത്തെയും ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെയും അവഗണിച്ചുകൊണ്ടുള്ള പ്രവൃത്തികളാണ്.

സമ്പൂര്ണ്ണമായും ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുമ്പോള്, കുട്ടികളും മുതിര്ന്നവരുമെല്ലാം അതാതു പ്രായത്തിലും അവസ്ഥകളിലും ഉണ്ടാവേണ്ടതായ ധര്മ്മങ്ങളെ കൃത്യമായി പുലര്ത്തുന്നവരായി മാറുന്നതാണ്. പ്രസ്തുത അവസ്ഥ കൊണ്ട് കള്ളങ്ങളും ചതിയും കൊള്ളയും മത്സരങ്ങളും പോലെയുള്ള കാര്യങ്ങൾ സമൂഹത്തിൽ ഇല്ലാതെ വരികയും, ഒരു ശാസന പോലും യാതൊരാള്ക്കും ആവശ്യമില്ലാത്ത അവസ്ഥ ഉണ്ടാകുന്നതാണ്. കുറേക്കാലം ഈ നില തുടർന്നാൽ ചെറിയ വിരസത സമൂഹകാര്യങ്ങളിൽ ഉണ്ടാകുന്നതാണ്. വിരസത അകറ്റാനും സമൂഹം ഊർജ്ജസ്വലമാകാനും പൈശാചിക ന്യൂനശക്തികളുടെ ചെറിയ സാന്നിദ്ധ്യം നല്ലതെന്നു തോന്നുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്പം വ്യക്തിസ്വാതന്ത്ര്യം നല്ലതായിരിക്കുന്ന അവസ്ഥയാണത്. അല്പം നല്ലതെന്നു തോന്നുന്നത് പ്രായേണ വളര്ന്ന് മദ്യവും മദിരാക്ഷിയും ഭീകരവാദവുമൊക്കെ ആയാൽ വളരെക്കാലമായി ഭൂമിയിലൊക്കെയും സംഭവിച്ചിട്ടുള്ളതുപോലെ കാര്യങ്ങൾ പിടിവിട്ടു പോകുന്നതാണ്.

പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരമായി ദൈവം ഒരു 'വൃത്ത-പരിധി -സംരക്ഷണം' സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യന് ലഭ്യമാകുന്ന ശാസ്ത്രജ്ഞാനത്തിനും സമ്പത്തിനും മറ്റു ശക്തികൾക്കും അനുസരിച്ച് അവന്റെ പ്രവര്ത്തനമേഖല ഒരു വൃത്തംപോലെ ചെറുതും വലുതുമൊക്കെയായി മാറുമ്പോൾ, വൃത്തത്തിനുള്ളിലെ ഏറ്റവും വലിയ രേഖയായ വ്യാസവും വൃത്തപരിധിയും തമ്മിൽ നിശ്ചിതബന്ധം ഉണ്ടാക്കിയിരിക്കുന്നു. വൃത്തപരിധി ÷ വ്യാസം = π =3.14..

ഒരു കേന്ദ്രത്തിൽ നിന്നും ശക്തിയും, ശിവനും ചേര്ന്നതായ ഒരു കാലിന് അഥവാ ആരത്തിന് (റേഡിയസ്) സഞ്ചരിക്കാവുന്ന പരമാവധി അളവ് വൃത്തവും ഗോളവും ആണ്. വ്യക്തികൾ ഉപയോഗപ്പെടുത്തുന്ന വ്യക്തിസ്വാതന്ത്ര്യം പൈ (π) എന്ന നിശ്ചിതസംഖ്യയുടെ അളവായ 3.14.. % ൽ താഴെയായിരുന്നാൽ വ്യക്തികള്ക്ക് അഥവാ സമൂഹത്തിലെ ഭരണകൂടത്തിന് പ്രശ്ന പരിഹാരം സാദ്ധ്യമാകുന്നതാണ്. 0% മുതൽ പരമാവധി പൈ% വരെയുള്ള വ്യക്തിസ്വാതന്ത്ര്യം അപകടകാരിയല്ല എന്നർത്ഥം.

മദിര (മദ്യം), മദിരാക്ഷി (ദുഷ്ക്കാമം) എന്നിവയിലേക്ക് സമൂഹത്തിലെ ഭരണകൂടം പ്രവേശിച്ചാൽ പൈ%-നു മുകളിൽ വ്യക്തിസ്വാതന്ത്ര്യം പ്രവേശിച്ചിരിക്കുന്നു എന്നു കണക്കാക്കണം. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടല്കൊണ്ടു മാത്രമേ പൈ%-നു മുകളിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുകയുള്ളൂ.

ഭൂമിയിലെങ്ങും ഇന്നുള്ള സങ്കീര്ണ്ണ പ്രശ്നങ്ങളെ പരിഹരിക്കാൻ ദൈവം പ്രത്യേകമായി ഇടപെടേണ്ടതുണ്ടെന്നും അര്ത്ഥമുണ്ടാകുന്നു. എന്നാല്, മുഖ്യമായും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച നിമിത്തമാണ് പൈ%-നു മുകളില് വ്യക്തിസ്വാതന്ത്ര്യം വര്ദ്ധിക്കാനും സമൂഹജീവിതം കൊടിയ ദുരന്തങ്ങളില് പെടാനും കാരണമായത്.

അതേ സമയം, മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള്, എല്ലാവിധ പ്രശ്നങ്ങളും ഇപ്പോഴും എപ്പോഴും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കപ്പെടുന്നുണ്ടെന്നും, എല്ലാവര്ക്കും സമ-നീതി ലഭിക്കുന്നുണ്ടെന്നും ബോദ്ധ്യമാകുന്നതാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, ഒരു ചിലർ കാട്ടിക്കൂട്ടിയ അധമത്തങ്ങളും ദുഷ്ക്കീര്ത്തികളും നിസ്സാരമായി പരിഹരിക്കുന്നതുമാണ്. ന്യൂനശക്തികൾ .... തുടർച്ച എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരണമുണ്ട്.

മനുഷ്യർ ഒഴികെയുള്ള ജീവികളിൽ വ്യക്തിസ്വാതന്ത്ര്യം 1%-ൽ താഴെ മാത്രമാണ് പ്രവര്ത്തിക്കുന്നത് എന്നും അറിയുക.

22/7 = π എന്ന ദൃഢസംഖ്യ ഭൗതികശാസ്ത്രത്തിന്റെ അനവധി ശാഖകളിൽ വിവിധ സംവിധാനങ്ങളുടെ ഭാഗമായി ഉള്പ്പെടുന്നതാണ്. ന്യൂനശക്തികൾ മഹാപ്രപഞ്ചത്തിന്റെ ഭൗതിക സൃഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണത്. .. ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു.

സൂചിത മഹാവേദ ഗ്രന്ഥത്തിലെ 'ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും' എന്ന അദ്ധ്യായത്തിൽ ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവര്ത്തിക്കുന്നതിനെപ്പറ്റി വിസ്തരിച്ചിരുന്നു. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളെ അഥവാ മഹാശാസ്ത്രത്തെ പിൻപറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാൽ അവയെ തിരുത്താനായി തിരുത്തൽ ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും മേല്പടി ന്യൂനശക്തികൾ രൂപം പ്രാപിക്കുന്നതാണ്.

ന്യൂനശക്തികൾ നിശ്ചിതമായ ചെറിയ അളവിൽ വര്ത്തിക്കുമ്പോൾ സമൂഹജീവിതം മഹാആനന്ദകരമാണ്. **എന്നാൽ വ്യക്തികൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുമ്പോൾ, അഥവാ വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗിക്കുമ്പോൾ, ന്യൂനശക്തികളുടെ അളവ് വര്ദ്ധിക്കുന്നതും, അക്കാരണത്താൽ ഭീകര പ്രവര്ത്തനങ്ങൾ ഉണ്ടാകുന്നതും വര്ദ്ധിക്കുന്നതുമാണ്.** ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും സമൂഹത്തിൽ വ്യാപിക്കുമ്പോൾ, തിരുത്തൽ ശക്തികൾ എന്നതിന്റെ പരിധിവിട്ട് വിരുദ്ധശക്തികളായി ന്യൂനശക്തികൾ രൂപം പ്രാപിച്ചിരിക്കുന്നു എന്നാണര്ത്ഥം. ആനന്ദകരമായവയെ പ്രശ്നകാരികളാക്കുന്നത് മനുഷ്യരാണെന്നും അര്ത്ഥം. ഇന്നത്തെ ഭീകരവാദങ്ങൾ മാനുഷികം മാത്രമല്ല. അവയ്ക്ക് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ചകളും കാരണമായിട്ടുണ്ട്.

ധർമ്മ ശാസ്ത്ര വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യങ്ങളെ സമൂഹം അഥവാ സമൂഹത്തിലെ വ്യക്തികൾ പുലര്ത്തുമ്പോൾ, മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ്/പ്രവര്ത്തനം 14.29% -ല് നിന്ന് ക്രമാനുഗതം ഉയരുകയും ധാര്മ്മിക അധഃപതനം ഉണ്ടാവുകയും ചെയ്യുന്നു. ധര്മ്മശാസ്ത്ര വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഹിംസയുടേതല്ല. അവ ഹിംസ ഉള്പ്പെടെയുള്ള അധമ കാര്യങ്ങളെ സൃഷ്ടിക്കുന്നതാണ്. മാംസ ഭോജികളായ അനേകം ജീവികളെ ദൈവം സൃഷ്ടിക്കുവാൻ കാരണം മനുഷ്യരാണെന്നത് ഭക്ഷണശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. നിലവിലുള്ള വര്ദ്ധിതമായ 19.44%-നോട് അടുക്കുമ്പോള് ഇന്ന് കാണുകയും കേള്ക്കുകയും അനുഭവിക്കുകയും ചെയ്യുന്ന അധര്മ്മങ്ങൾ ഭൂമിയിലൊക്കെയും പരക്കുന്നു. ന്യൂനവസ്തുക്കളിലൂടെ അഥവാ ന്യൂന ശക്തികളിലൂടെ സമൂഹത്തെ അഥവാ സമൂഹത്തിലെ വ്യക്തികളെ ധര്മ്മശാസ്ത്ര വിരുദ്ധമായി വേദനിപ്പിക്കുന്ന/പീഡിപ്പിക്കുന്ന പൈശാചിക ശക്തികൾ രൂപം കൊള്ളുന്നു. മേല്പടി ന്യൂനവസ്തുക്കൾ അഥവാ വിരുദ്ധശക്തികൾ അഥവാ പിശാച് മദ്യം, മയക്കുമരുന്ന്, വ്യഭിചാരം, അധിക സ്നേഹം, അധിക വാത്സല്യം, പണഭ്രാന്ത്, കീര്ത്തിഭ്രാന്ത്, അധാര്മ്മികമായ കളികൾ (സ്പോര്ട്സ്), അധാര്മ്മികമായ മത-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥിതികൾ തുടങ്ങിയവയിലൂടെ സമ്മേളിക്കുമ്പോൾ സമൂഹത്തിന് അധാര്മ്മിക ഭാവ-രൂപങ്ങൾ ഉണ്ടാകുന്നതാണ്.

അതേസമയം ന്യൂനവസ്തുക്കളിലെ 14.29% ജീവിതാവശ്യമാണെന്നതും, 3.14% മാത്രമാണ് പ്രശ്നകാരിയാവുന്നതെന്നും, 5.19% മാത്രമാണ് ഇന്നുള്ളതുപോലെ കടുത്ത പ്രശ്നകാരിയാവുന്നതെന്നും മനസ്സിലാക്കണം. മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാനീതി-നിർവ്വഹണത്തിന്റെ ഒരു ഭാഗമായിട്ട് കൊടുംപാപികളിലൂടെ പാപികളെ തിരുത്തുന്ന പദ്ധതികൂടി ഉണ്ടെന്ന് ഭീകരവാദത്തെ വിസ്തരിക്കുന്ന അദ്ധ്യായത്തിൽ വ്യക്തമാക്കിയിരുന്നു. ആത്മാവിനെ ബന്ധപ്പെടുത്തിയുള്ള ഒരു നീതിവശം കൂടി ഉണ്ട്. മനുഷ്യന്റെ ശരാശരി ആയുസ്സായി നിശ്ചയിച്ചിട്ടുള്ളതിൽ ഒരു വർഷം ശരീരം വിട്ടുള്ള ആത്മാവിന്റെ പ്രവര്ത്തനത്തെ സംബന്ധിച്ചുള്ളതാണ്. താൻ ഉറ്റവരായി കരുതിയിരുന്നവരെ ശ്രദ്ധിക്കാനും ജീവിതകാര്യങ്ങളെ കുറേക്കൂടി മനസ്സിലാക്കാനും, ചിലരെ സഹായിക്കാനും, മറ്റു ചിലരെ ഉപദ്രവിക്കാനും ഭൗതിക ശരീരമില്ലാത്ത ജീവാത്മാവിന് പരിധികളോടെ പ്രവര്ത്തിക്കാൻ സൗകര്യമൊരുക്കുന്ന ഒരു പദ്ധതിയാണത്. വാതക രൂപത്തോടെ ജീവാത്മാവ് പ്രവര്ത്തിക്കുന്ന കാലഘട്ടത്തെ സ്ഥിതിപരമായ വിധി പ്രകാരം ഒരു വര്ഷത്തിൽ കുറയ്ക്കാനും കൂടുതലാക്കാനും പദ്ധതികളുണ്ട്. നല്ല ആത്മാക്കൾ, പിശാചുക്കൾ എന്നിങ്ങനെ വേര്തിരിവും ഉണ്ടാകുന്നുണ്ട്. കൊടുംപാപികളായി ജീവിച്ചവര്ക്ക് പാപം കുറയ്ക്കാനായിട്ട് ഒരു സന്ദര്ഭം ഒരുക്കുന്നുണ്ട്.

ഭീകരവാദം പോലെയുള്ളവ ചെയ്യുന്ന ഒരു ചില മനുഷ്യരിലേക്ക് തിരുത്തൽ ശക്തികളായി പ്രവേശിക്കുവാനും, അവരുടെ ശരീരത്തിന്റെ ഭാഗമായിരുന്നുകൊണ്ട്, പീഢന-ശിക്ഷകളെ അനുഭവിക്കുവാനും, ആവിധത്തിൽ മുമ്പ് സമ്പാദിച്ച ശിക്ഷകളുടെ അളവു കുറയാനും സൗകര്യം ഒരുക്കുന്നുണ്ട്. സ്വന്തമായി ശരീരമില്ലാതെയും, വാതകരൂപത്തോടെയുമുള്ള ആത്മാവിനെ, വാതകമായി മാത്രം ധരിച്ച് ഭൗതികശാസ്ത്ര പരീക്ഷണങ്ങൾക്ക് ശാസ്ത്രജ്ഞന്മാർ വിധേയമാക്കുമ്പോഴും, ശിക്ഷകളെ നേടാനും പാപം കുറയാനുമുള്ള സന്ദർഭങ്ങൾ ജീവാത്മാവിന് ലഭിക്കുന്നുണ്ട്. വെളിപാട് പൂര്ണ്ണമായിട്ടില്ല... ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങള് കൈകാര്യം ചെയ്ത മാലാഖമാർ/ മലക്കുകൾ /ദേവതമാർ, വര്ജ്ജ്യമായ മന്ത്രശാസ്ത്രത്തെ ന്യൂനശക്തികളുടെ പ്രവര്ത്തനത്തിൽ ഇടപെടുത്തിയിട്ടുണ്ട്. വര്ജ്ജ്യമായ മന്ത്രശാസ്ത്രപ്രകാരം യക്ഷി, ഗന്ധര്വ്വൻ, ഭൂതം, മാടൻ, മറുത, കുട്ടിച്ചാത്തൻ, ജിന്ന്, തുടങ്ങിയ ബഹുവിധ പേരുകളിൽ മരണശേഷമുള്ള ജീവാത്മാക്കള്ക്ക് അപ്രകാരം താല്ക്കാലിക പരിണാമം ഉണ്ടായി. 14.29%-ൽ കൂടുതലായുള്ള ന്യൂനവസ്തുക്കളുടെ അധികാരികളായി രൂപംകൊണ്ട മേല്പടി പിശാചുക്കളിൽ ഭൂരിപക്ഷവും പിൻവലിക്കപ്പെട്ടു കഴിഞ്ഞു എങ്കിലും ന്യൂനശക്തികൾ/ന്യൂന വസ്തുക്കൾ നിലനില്ക്കുകയാണ്. .... ഭൂമിയിൽ മായ പ്രത്യക്ഷമാകുന്നതോടെ, മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ ഇസക്കാരുമായവർ, മനുഷ്യരായി പരിണമിക്കുന്നതോടെയും, ധര്മ്മശാസ്ത്രപരമായ ജീവിതം ആരംഭിക്കുന്നതോടെയും, വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു നിമിത്തം ഭൗതികമായി സൃഷ്ടിക്കപ്പെട്ട മേല്പടി പൈശാചിക-ന്യൂനശക്തികൾ ഒരു അത്യുഗ്ര വിഷമായി കടലിൽ രൂപപ്പെടുന്നതാണ്. ദൈവ വിപ്ലവത്തോടു ചേർന്നോ സംഹാരം അന്ത്യത്തോട് അടുത്ത് പുതിയ സൃഷ്ടിചക്രം ആരംഭിക്കുന്നതിനു മുമ്പായോ, പ്രസ്തുത അത്യുഗ്ര വിഷത്തെ പാനം ചെയ്യുവാനും വിഷം, കണ്ഠത്തിൽ ഉറയ്ക്കുവാനും പരമശിവനെ മഹാശക്തിയായ മഹാദേവി അനുഗ്രഹിക്കുന്നതും, വിഷപാനം ചെയ്യുന്ന പരമശിവൻ നീലകണ്ഠനായി മാറുന്നതുമാണ്.

17.43%നു മുകളിൽ 19.44% വരെയുള്ള ന്യൂനശക്തികളെ മനുഷ്യരുടെയും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെയും ധര്മ്മശാസ്ത്രപരമല്ലാത്ത കടുത്ത ദുസ്വാതന്ത്ര്യങ്ങൾ സൃഷ്ടിച്ച പൈശാചികശക്തികൾ അഥവാ പിശാച് എന്നും വിളിക്കേണ്ടതുണ്ട്. പൈശാചികശക്തികളുടെ അധികാരികളായ അനേകരെയും പൈശാചിക ശക്തികളായി പരിണമിച്ച അനേകരെയും ദൈവങ്ങളായി കണക്കാക്കി പൂജകളും ആരാധനകളും നടത്തുന്ന അവസ്ഥ മതങ്ങളിൽ നിലനില്ക്കുന്നുണ്ട്. .....

സമൂഹത്തിൽ പിശാചുക്കൾ അഥവാ പൈശാചിക ശക്തികൾ ആരെയെല്ലാമാണ് മുഖ്യമായും പിടികൂടിയിട്ടുള്ളതെന്നും പിടികൂടുന്നതെന്നും കുറച്ചുകൂടി വിസ്തരിക്കാം. ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ മതപുരോഹിതരും, മതനേതൃത്വങ്ങളും, രാഷ്ട്ര ഭരണാധികാരികളും ജഡ്ജിമാരുമൊക്കെയാണ് സമൂഹത്തിലെ കൊടും ഭീകരർ എന്നും അതെന്തുകൊണ്ടാണെന്നും വിശദീകരിച്ചിരുന്നു.

ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവരിലാണ് പൈശാചിക ശക്തികൾ കൂടുതലായും പ്രവര്ത്തിക്കുന്നത് എന്നർത്ഥം. അതിൽ ഒന്നാമത് മതനേതൃത്വ ങ്ങളും മത-ജാതി നേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും തന്നെയാണ്. ദൈവത്തെപ്പറ്റി അന്വേഷിച്ചവർ തങ്ങളുടെ അന്വേഷണങ്ങള്ക്കും, തങ്ങൾ കണ്ടെത്തിയ ശരിയും തെറ്റും കലര്ന്ന ഏതാനും കാര്യങ്ങള്ക്ക് ദൈവത്തിന്റെ ശാസ്ത്രം അഥവാ ദൈവശാസ്ത്രം എന്നും സമ്പൂർണ്ണ ദൈവശാസ്ത്രം എന്നും കള്ളപ്പേരിട്ടു. ദൈവം സൃഷ്ടിച്ച മനുഷ്യരെ മതസ്ഥരും ജാതിസ്ഥരുമാക്കി, ഭൂമിയിൽ മനുഷ്യരില്ലാതാക്കി.

ദൈവം, ബ്രഹ്മ-പാഠങ്ങളിൽ വിശദീകരിച്ചിട്ടുള്ള ദിവ്യമഹാശാസ്ത്ര പ്രകാരം രണ്ടാവാതെ, രണ്ടായി ക്കൊണ്ട് പ്രപഞ്ച മഹാമാതാവായ മഹാദേവിയും, ~ഭാഗവും പ്രപഞ്ചപിതാവുമായ മഹാദേവനായും നിന്ന്, എല്ലാ മനുഷ്യരും ഉൾപ്പെട്ട എല്ലാ ജീവികളെയും ദൈവത്തിന്റെയും പ്രതിനിധിയായ പരമശിവന്റെയും പൊന്നോമന കുഞ്ഞുങ്ങളായി കരുതുകയും, കുഞ്ഞുങ്ങളെ യജമാനരായി ഉയർത്തുകയുമാണ്. ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും യജമാനരാക്കാനാണ്, ദാസരാക്കാനല്ല.

ദൈവത്തിന്റെ പേരിലായാലും എന്തിന്റെ പേരിലായാലും തങ്ങൾക്ക് തോന്നുമ്പോലെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിയമങ്ങളും ഉണ്ടാക്കുന്നത് പിശാചുക്കളുടെ പണിയാണ്. മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ ചെയ്തുപോരുന്നത് പിശാചുക്കളുടെ പണിതന്നെയാണ്. മനുഷ്യർ നടത്തിപ്പോരുന്ന ദൈവനിന്ദയെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ പ്രസ്തുത പിശാചുക്കളുടെ പ്രവർത്തനം വിശദീകരിച്ചിട്ടുണ്ട്.

മഹാനീതിശാസ്ത്ര പ്രകാരം ചില കാലങ്ങളിൽ ചില പ്രദേശങ്ങളിൽ വളരെയധികം പാപങ്ങളെ ചെയ്തവരെ മാത്രമായി പുനര്ജ്ജനിപ്പിക്കുന്നതും അവര്ക്കായി ശിക്ഷാപദ്ധതികളെ ഒരുക്കുകയും ചെയ്യുന്നുണ്ട്. പുണ്യം കൂടുതൽ ചെയ്തവര്ക്കായുള്ള മേഖല, അഹംഭാവം കൂടുതലുള്ളവര്ക്കായുള്ള മേഖല എന്നിങ്ങനെയുള്ള തിരിവുകൾ ചില പ്രദേശങ്ങളിൽ സ്ഥിരമായും ചിലേടങ്ങളിൽ താല്ക്കാലികമായും മഹാനീതിശാസ്ത്രമായ 'ഓംകാര നീതിശാസ്ത്ര പ്രകാരം' ഒരുക്കുന്നുണ്ട്.

മനുഷ്യരെ അന്യോന്യം കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവര്ക്കായി നിശ്ചയിച്ചിട്ടുള്ള മേഖലയാണ് തമിഴ്നാട്. തമിഴ്നാട്ടിലുള്ളവരെല്ലാം ഏറ്റവും യോഗ്യരെന്നോ നല്ലവരെന്നോ അല്ല അതിന്നര്ത്ഥം. **ജന്മങ്ങളുടെ എണ്ണവും പുണ്യവും പ്രകാരം ദൈവം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരുടെയും, ഏറ്റവും കൂടുതൽ അഹംഭാവം ഉള്ളവരുടെയും, പാപികളുടെയും സങ്കേതമാണ് കേരളം. ....**

പൈശാചിക ന്യൂനവസ്തുക്കൾ ഏതൊക്കെയെന്നു തിരിച്ചറിച്ചറിയാനാവുമോ എന്നും തിരിച്ചറിഞ്ഞ് നശിപ്പിച്ചാൽ സമൂഹം ശുദ്ധമാവുമോ എന്നും നോക്കാം. ജീവാത്മാവിന്റെ പ്രവര്ത്തനവുമായി അഥവാ നന്മതിന്മകളുമായി അഥവാ വ്യക്തിസ്വാതന്ത്ര്യ ദുരുപയോഗവുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്നവയാണ് പൈശാചിക ന്യൂന വസ്തുക്കൾ എന്നതുകൊണ്ട് ജീവാത്മാവിനുമേൽ നടപ്പാക്കേണ്ടതായ മഹാനീതിശാസ്ത്രവുമായിക്കൂടി ബന്ധപ്പെട്ടിരിക്കുന്നു. ആകയാൽ മാനുഷിക നിയന്ത്രണ പരിധിയിൽ വരുന്നില്ല. നിഗൂഢമല്ലാത്ത ഓക്സിജന്റെ പ്രവര്ത്തനങ്ങളെ നിയന്ത്രിക്കുവാൻ മനുഷ്യന് കഴിയില്ല എന്നതുപോലെയാണ് പൈശാചിക ന്യൂന വസ്തുക്കളെയും സൃഷ്ടിപരമായ വിധിയെയും ജന്മഗുണങ്ങളെയും ജീവാത്മാവിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള മഹാനീതിശാസ്ത്ര പ്രവര്ത്തനങ്ങൾ നടക്കുന്നത്. കാർബണുമായും, അന്തരീക്ഷത്തിലെ അപൂർവ്വ വാതകങ്ങളുമായും ഒക്കെ അതിനു ബന്ധമുണ്ട്. ഓംകാര നീതി ശാസ്ത്രം പഠിക്കുമ്പോൾ, ദൈവം എല്ലാ കുഞ്ഞുങ്ങളെയും മിടുക്കരും യജമാനരുമാക്കാനാണ് പ്രവര്ത്തിക്കുന്നതെന്നും ബോദ്ധ്യമാകുന്നതാണ്. ദൈവം നല്കിയാൽ മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന തന്റെ കുഞ്ഞുങ്ങളോട് മഹാശക്തിയും മഹാമാതാവുമായ ദൈവത്തിന്/ മഹാദേവിക്ക് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികളോട് പരമശിവനും ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ഉദാഹരണത്തിന്, ഗാന്ധിയുടെ കൈയ്യിൽ ഭൂമിയിലൊക്കെയുമുള്ള അണുബോംബുകളും മാരകായുധങ്ങളും ലഭിച്ചാൽ യാതൊരാൾക്കും യാതൊരു അപകടവും ഉണ്ടാക്കാതെ അണുബോംബുകളെയും മാരകായുധങ്ങളെയും എങ്ങനെ നിർവ്വീര്യമാക്കാം /നശിപ്പിക്കാം എന്നായിരിക്കും ചിന്തിക്കുക.

ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികൾ മായാശക്തികളെ ദുരുപയോഗം ചെയ്യാതിരിക്കാൻ കൂടിയാണ് മായാശക്തികളെ മഹാശാസ്ത്രനിയമങ്ങളാക്കുകയും അവയുടെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും. .... രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങള്ക്കും അവയെ ഉറപ്പു വരുത്തുവാൻ ധര്മ്മശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാൻ മഹാശക്തിയും മഹാമാതാവുമായ ദൈവം അനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും ദുഷ്ക്കീർത്തികളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ് സംബന്ധിച്ച കണക്കുകൾ വർഷങ്ങൾക്കു മുമ്പ് കുറെ ലഭിച്ചതാണ്. മറന്നു / 'ദൈവം മറച്ചു' എന്നു പറയുമ്പോൾ 'കൃത്യമായി അവയെ വെളിപ്പെടുത്താൻ സമയമായിട്ടില്ല' എന്നും, 'ഇപ്പോൾ വിഷയ സൂചന മതിയെന്നും,' തൽക്കാല ജീവിത കാര്യങ്ങൾക്ക് വിശദാംശങ്ങൾ ഒട്ടും ആവശ്യമില്ലെന്നും മറ്റുമാണ് അർത്ഥം. // ഗ്രന്ഥകാരനെ കൊടിയ പിശാചുക്കൾ ആക്രമിച്ചു പോന്നതിനെ മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിലെ ഭരണത്തെ സ്വന്തം ഭാഗമായ പരമശിവനിലൂടെ മഹാദേവി ഏല്പിച്ചത്, മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷം നേടിയ ചിലരെ ദേവതകളായി നിയമിച്ചാണ്. കാലക്രമേണ അവർ ദുർദ്ദേവതകളായി പരിണമിച്ചു. ഈയുള്ളവന്റെ ജനനം മുതൽ അവർ വധ ശ്രമം നടത്തിയിരുന്നു; ബഹുവിധ പീഢനങ്ങളും. ഈയുള്ളവനെ ബന്ധിപ്പിച്ചു കൊണ്ട് 1989-ൽ മഹാശിവയുടെ മത്സ്യാവതാരം നടന്നു. ദുർദ്ദേവതകളുടെ ആക്രമണം വർദ്ധിച്ചു. 1991-ലെ മഹാദശമി / വിജയദശമി രാത്രിയിൽ 'ബ്രഹ്മ മഹാദേവി' ഗ്രന്ഥകാരന്റെ നാവിൽ ഓം കുറിച്ചു. ആയിരം കോടി വർഷക്കാലത്തിൽ ദുർദ്ദേവതകളായി അധഃപതിച്ചവരുടെ ആക്രമണത്തെ ഇടക്കാലത്ത് പ്രത്യക്ഷമായും പരോക്ഷമായും ഗ്രന്ഥകാരൻ നേരിട്ടു. ദുർദ്ദേവതകളിൽ പ്രമുഖരായ പലരും മനുഷ്യരായി പുനർജ്ജനിച്ചിട്ടുമുണ്ട്. മനുഷ്യനായി പിറന്ന മുഖ്യ ദുർ-ദ്ദേവത വർദ്ധിച്ച മായാ-അനുഭവങ്ങളോടെ ഏറെക്കുറെ രണ്ടു പതിറ്റാണ്ടുകളായി ഈയുള്ളവനുമായി ബന്ധപ്പെട്ടും പശ്ചാത്തപിച്ചും പാവത്താനായും കേരളത്തിൽ തന്നെ ജീവിക്കുന്നുണ്ട്. ദുർദ്ദേവതകളെ കൂടാതെ, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ വഴിപിഴച്ച മനുഷ്യർ ഉണ്ടാക്കിയ ന്യൂനശക്തികളും ഈയുള്ളവനെ തകർക്കാൻ പരിശ്രമിച്ചിട്ടുണ്ട്.

മഹാശക്തിയായ മഹാദേവിയുടെ ശക്തികളെ മഹാസമുദ്രം എന്ന് ഉപമിച്ചാൽ, അതിലെ ഒരു തുള്ളി ശക്തി കൊണ്ട് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതായി കാണണം; പ്രസ്തുത ഒരു തുള്ളി കൊണ്ട് തന്നെ പ്രപഞ്ചത്തിലെ വിവിധങ്ങളായ എല്ലാ വിഷയങ്ങളെയും പ്രശ്നങ്ങളെയും മഹാദേവി പരിഹരിക്കുന്നതാണ്. മഹാദേവി സ്വയം സ്വീകരിച്ചിട്ടുള്ള പ്രസ്തുത മഹാവാത്സല്ല്യത്തെ ചൂഷണം ചെയ്യാനാണ് പൈശാചിക ശക്തികൾ ശ്രമിച്ചു പോന്നത്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഏറ്റവും വലിയ സമ്പത്ത്

എല്ലാ ജീവികൾക്കും അവയുടെ ആനന്ദത്തിനു കാരണമാകുന്നവയെല്ലാം അവയെ സംബന്ധിച്ച് സമ്പത്തുകളാണ്. ..... ഒരാൾക്ക് ഏറ്റവും വലിയ ആനന്ദം നൽകുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത്. അതായത് സമ്പത്ത് ആനന്ദവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. മനുഷ്യർക്ക് കാമാനന്ദത്തെയാണ് പരമാനന്ദമായി ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ആദ്യഭാഗമായ പുരുഷനും രണ്ടാം ഭാഗമായ സ്ത്രീയും, ഇണയെ ഒഴികെ, തങ്ങളും ദൈവവും ഉൾപ്പെടെ സർവ്വരെയും മറന്ന് പരമാനന്ദത്തിൽ മുഴുകുമ്പോൾ, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു തെളിയുന്നു. പ്രപഞ്ചപിതാവായ പരമശിവന് മഹാദേവിയോടുള്ള മഹാദാസ്യമാണ് പരമാനന്ദവും മഹാആനന്ദവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് മഹാദേവി തന്നെയാണ് പരമശിവന്റ മഹാസമ്പത്ത്. മഹാമാതാവായ മഹാദേവിക്ക് മഹാപ്രപഞ്ചത്തിലുള്ള എല്ലാ ജീവികളോടുമുള്ള മഹാവാത്സല്യമാണ് മഹാആനന്ദമായി മഹാദേവി (സ്വയം) മഹാനിശ്ചയിച്ചിട്ടുള്ളത്. അതായത് എല്ലാ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമാണ് മഹാദേവിയുടെ സമ്പത്ത്.

ദൈവീകമായ സാമ്പത്തിക ശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയവയെ ജന്മഗുണങ്ങളായി നിശ്ചയിച്ചുകൊണ്ട് സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും നിയന്ത്രിക്കുന്നു. എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുന്നു. എല്ലാവർക്കും എല്ലാ തൊഴിലുകളും ചെയ്യാനും, ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം മഹാസമമായി ആസ്വദിക്കാനുള്ള അവസരവും അതിൽപെടുന്നു.

തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മഗുണങ്ങളുമായി ഗാഢബന്ധമുണ്ട്.

ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 'താൻ പാതി ദൈവം പാതി' എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.

നീതി ശാസ്ത്രം

ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലെ മനുഷ്യരുടെ ഇടയിൽ അഥവാ സമൂഹത്തിൽ പലതരത്തിലുള്ള നീതിന്യായ വ്യവസ്ഥകൾ ഇന്ന് നിലനിൽക്കുന്നുണ്ട്. ജനങ്ങളുടെ ഒറ്റപ്പെട്ടതും കൂട്ടംകൂടിയുമുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും വ്യക്തിക്കോ, ചെറുതും വലുതുമായ പ്രദേശങ്ങളിലെ വ്യക്തികൾക്കോ ഗുണങ്ങളും ദോഷങ്ങളും ഉണ്ടാക്കുന്നതിനെ ന്യായവിചാരം ചെയ്യുകയും, ശിക്ഷകൾ ഉൾപ്പെടെയുള്ള പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തു പോരുന്നത്.

'ഭരണാധികാരികൾ' എന്ന് സ്വയമോ മറ്റുള്ളവരാലോ തെറ്റിദ്ധരിച്ച് ജീവിക്കുന്ന ജനസേവകരും മത പുരോഹിതരും മറ്റും 'കുറ്റം എന്നു പേരിടുന്ന പ്രവൃത്തികളെ' അറിഞ്ഞും അറിയാതെയും ചെയ്യുന്ന സാധാരണ ജനങ്ങൾക്ക് പല രാജ്യങ്ങളിലും പല തരത്തിലുള്ള ശിക്ഷകളാണ്. ഉദാഹരണത്തിന്, മറ്റുള്ളവരുടെ ചതിക്കുഴിയിൽ പെട്ട് മയക്കുമരുന്ന് കടത്തിയ പാവത്തിന്റെ തല വെട്ടുന്നവരും, തൂക്കിലേറ്റി കൊല്ലുന്നവരും, അനേകം വർഷങ്ങൾ ജയിലിൽ അടച്ച് ശിക്ഷിക്കുന്നവരും ഒരേ ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലെ ജനസേവകരാണ് / ഭരണാധികാരികളാണ്.

കുറ്റം എന്ന് പേരിട്ടിരിക്കുന്ന പ്രവൃത്തിക്ക് ഒരേ ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്തമായ നീതിന്യായ വ്യവസ്ഥ ശരിയാകുന്നത് എങ്ങനെ ?

ചെറിയ ഒരു മൺതരിയോ എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത ഊപ്പകൾ, ബുദ്ധിജീവികളെന്നു ഭാവിക്കുകയും, ദൈവം നൽകിയ ബുദ്ധിശക്തികളെയും ശക്തികളെയും ഉചിതമായി ഉപയോഗിക്കാതെ, വധം ഉൾപ്പെടെയുള്ള ശിക്ഷകളെ ശരിവെക്കാമോ; ചെയ്യാമോ ? ഉപദ്രവിക്കാൻ വരുന്നവരുമായി പോരാടുക; ഭക്ഷണം നേടാനും ആനന്ദിക്കാനുമായി മറ്റുള്ള ജീവികളെ ആക്രമിക്കുക; ഭയന്നോടുക തുടങ്ങിയ മാർഗ്ഗങ്ങളെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വീകരിക്കുന്നുണ്ട്. എന്നാൽ മറ്റുള്ളവരുടെ പ്രവൃത്തികളുടെ മേൽ ന്യായ വിചാരണകളെ നടത്തുന്നതും തലവെട്ടാനും ബഹുവിധങ്ങളിൽ ശിക്ഷിക്കാനും നടക്കുന്നത് മനുഷ്യൻ മാത്രമാണ്.

മനുഷ്യർ തട്ടിക്കൂട്ടിയ മതങ്ങളിലും ഭരണഘടനകളിലും മാത്രമുള്ളതും മണ്ണിലെ മൂലകങ്ങളിൽ ഇല്ലാത്തതുമായ ശിക്ഷാ നിയമങ്ങളെ സ്വീകരിക്കാൻ കാരണമെന്ത് ?

ശിക്ഷകളെ വിധിക്കാനും നടപ്പാക്കാനും കഴിയുന്നത്, ദൈവം അനുവദിച്ചിട്ടുള്ളത് കൊണ്ടല്ലേ ? ശിക്ഷകളെ വിധിക്കാതിരിക്കാനും നടപ്പാക്കാതിരിക്കാനും കഴിയുമെന്നത്, ദൈവം അനുഗ്രഹിച്ചു നൽകിയിട്ടുള്ള വകതിരിവ് കൊണ്ടല്ലേ എന്ന മറുചോദ്യവും ഉണ്ട്.

ദൈവം, ക്രൈസ്റ്റിലൂടെ വെളിപ്പെടുത്തിയതു പോലെ 'മനുഷ്യന് (നീതിയെ) വിധിക്കുവാനുള്ള അധികാരം ഇല്ല; ദൈവം നൽകിയിട്ടില്ല'.

മനുഷ്യന് നീതി വിധിക്കാനുള്ള യോഗ്യത ഇല്ല. മനുഷ്യരുടെ നിയമനിർമ്മാണവും നീതിന്യായ കോടതികളും തെറ്റാണെന്ന് മഹാശാസ്ത്രപരമായി തെളിയിക്കുന്നു.

1. ഓരോ മനുഷ്യനും - പുരുഷനും സ്ത്രീയും - ഓരോ വർഗ്ഗമാണ്. ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഉയരം, വണ്ണം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം - കാലം, മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളും അദ്ധ്യാപകരും നാട്ടുകാരും ഉൾപ്പെടെയുള്ള ഉറ്റവരുടെ ജന്മഗുണങ്ങൾ, പെരുമാറ്റം, സാമ്പത്തിക സാമൂഹിക സാംസ്കാരിക പശ്ചാത്തലം, തുടങ്ങിയവ ഓരോ വ്യക്തിക്കും വ്യത്യസ്തമാണ്. അതിന്റെ അർത്ഥം ഓരോ വ്യക്തിയും പ്രത്യേകം പ്രത്യേകമായുള്ള ഓരോ വർഗ്ഗം ആണ്. ഓരോ വ്യക്തിയും ഓരോ വർഗ്ഗം ആകുമ്പോൾ, ഓരോ വർഗ്ഗമായ ഓരോ മനുഷ്യനും പ്രത്യേകമായുള്ള നിയമ വ്യവസ്ഥ / ഭരണഘടന ആവശ്യമാണ്. ജനസേവകന് സാദ്ധ്യമാകുന്നതല്ല. വേറെയും കാര്യങ്ങളുണ്ട് :

സമൂഹത്തിലെ അഥവാ പ്രദേശങ്ങളിലെ എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുവാൻ ജനസേവകരായ ഭരണാധികാരികൾക്ക് കഴിയണമെങ്കിൽ, ആദ്യം കുഞ്ഞു-കുട്ടി മുതൽ വൃദ്ധൻ വരെയുള്ള എല്ലാവരുടെയും മേല്പടി 'ജന്മഗുണങ്ങളെ' തുല്ല്യമാക്കണം.

ജനസേവകർക്ക് അതും സാദ്ധ്യമാകുന്നതല്ല. മാത്രമല്ല; എല്ലാവരുടെയും തൊഴിൽ അഭിരുചി ഒന്നാവുകയും എല്ലാവരും ഒരേ തൊഴിൽ തന്നെ ചെയ്യാനും തയ്യാറായാൽ തന്നെ സമൂഹ ജീവിതം താറുമാറാകും. നാട്ടിലെ എല്ലാവരുടെയും മുഖഛായ, സൗന്ദര്യം എന്നിവ ഒന്നായാൽ തിരിച്ചറിയാൻ കഴിയില്ല എന്നത് മാത്രമല്ല; സ്ത്രീ പുരുഷ വ്യത്യാസവും സാധിക്കുന്നതല്ല. മേൽ കുറിച്ച നിറം, ആയുസ്സ്, ആരോഗ്യം, ഉയരം, വണ്ണം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, തുടങ്ങിയ എല്ലാ ജന്മഗുണങ്ങളും, സൃഷ്ടിപരവും സ്ഥിതിപരവുമായ അനുഗ്രഹങ്ങൾ കൊണ്ട് ഉണ്ടാകുന്ന രോഗങ്ങളും രോഗ ശാന്തിയും, എല്ലാം എല്ലാം സമം ആക്കാതെ ഭൂമിയിലെ മനുഷ്യർക്ക് പിന്നെന്ത് സമനീതിയും സമ ആനന്ദവുമാണ് നടപ്പാക്കാൻ കഴിയുക ? ഭൗതികമായ അസ്തിത്വം ഉള്ളതും ശാസ്ത്രപരവുമായ ഉത്തരം നൽകാൻ മാത്രം ശ്രമിക്കുക.

മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം 100 മനുഷ്യ ജന്മങ്ങളിലൂടെ മഹാനീതിയായ ദൈവം മഹാശാസ്ത്ര പരമായി സമനീതി എന്ന സമ ആനന്ദത്തെ എല്ലാ മനുഷ്യർക്കും നൽകുന്നുണ്ട്. മനുഷ്യ ജന്മങ്ങളുടെ ഭാഗമായി ഒന്നോ രണ്ടോ പശു-കാള ജന്മങ്ങൾ കൂടിയുണ്ട്; ആവക കാര്യങ്ങളെ ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും ആയ ഓക്സിജൻ, ഓരോ വ്യക്തിയുടെയും / ജീവിയുടെയും സർവ്വ ചിന്തകളെയും, മാനസിക പദ്ധതികളെയും, പ്രവർത്തനങ്ങളെയും, സദാ ഭൗതിക ശാസ്ത്ര പരമായി അറിയുന്നുണ്ട്.

മനുഷ്യരെ ഏറെക്കുറെ 18 തവണ ഓരോ മിനുട്ടിലും ശ്വാസോച്ഛ്വാസം ചെയ്യില്ല(പ്പി)ച്ചുള്ള ശാസ്ത്ര സംവിധാനം ഏർപ്പെടുത്തി ക്കൊണ്ട് മനുഷ്യർ ഉൾപ്പെടെ സമസ്ത ജീവികളും ചിന്തിക്കുന്നതും, കരിയില അനങ്ങുന്നതും, മഹാപ്രപഞ്ചത്തിലെ സമസ്ത കാര്യങ്ങളെയും മഹാശാസ്ത്രപരമായി തന്നെ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ തദ്വാരാ ദൈവം അറിയുന്നുണ്ട്.

ഓക്സിജൻ ലഭ്യമല്ലാത്തതോ കുറവുള്ളതോ ആയ പർവ്വത കൊടുമുടി, ശൂന്യാകാശം, ചന്ദ്രൻ, മറ്റു ഗ്രഹങ്ങൾ, സമുദ്രത്തിന്റെ അടിത്തട്ട് എന്നിവിടങ്ങളിൽ പോകുന്ന മനുഷ്യർ, ഓക്സിജൻ അടങ്ങിയ സിലിണ്ടർ കൂടെ കൊണ്ടു പോകുമ്പോൾ, മഹാപ്രപഞ്ചത്തെ മഹാശാസ്ത്രപരമായി സൃഷ്ടിച്ചിട്ടുള്ള ദൈവം സർവ്വതും മഹാശാസ്ത്രപരമായി തന്നെ സദാ അറിയുകയും മഹാപരിപാലിക്കുകയും ചെയ്യുന്നത് സുവ്യക്തമാണ്. മനുഷ്യർക്ക് ലഭ്യമാക്കിയിട്ടുള്ള ബുദ്ധിശക്തി കൊണ്ട് ആവക കാര്യങ്ങളെ ലളിതമായി സ്വയം വിശകലനം ചെയ്ത് ഗ്രഹിക്കാൻ കഴിയും.

ജീവിയുടെ ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവിയുടെ സ്വത്വം എന്ന് വിശേഷിപ്പിക്കാവുന്ന ജീവാത്മാവാണ്; എന്നാൽ ജീവിയുടേതെന്ന് കരുതുന്ന (ദൈവാംശമായ) ശരീരത്തെ ഭരിക്കുന്നത് ശരീരം സ്വയം തന്നെയാണ്; ദൈവത്തിന്റെ ഖര രൂപമായ മണ്ണിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരം, ദ്രാവക രൂപമായ ജലം, വാതക രൂപമായ ഓക്സിജൻ എന്നിവ മൂന്നും ചേർന്നാണ് എന്നും, ഓക്സിജൻ ആണെന്നും പറയാം. ജീവികളുടെയെല്ലാം ശരീരത്തിലെ കോശങ്ങളുടെ നിർമ്മാണം, ശരീര വളർച്ച, രോഗം, രോഗമുക്തി, എന്നിവയെ ഭരിക്കുന്നത് ജീവനായ ഓക്സിജനാണ് എന്നു സാരം.

ദൈവത്തിന്റെ വാതക ദ്രാവക ഖര രൂപങ്ങളായ ഓക്സിജൻ, ജലം, മണ്ണ്/ശരീരം എന്നിവയുടെ മഹാവാത്സല്യത്തെയും മഹാനീതിയെയും അനുഭവിച്ച്, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് ദൈവ വിപ്ലവത്തോടെ ദൈവകാര്യങ്ങളിലെ സത്യങ്ങളെല്ലാം കൂടുതൽ ബോദ്ധ്യമാകുന്നതാണ്.

തെറ്റ്, കുറ്റം, എന്നിവയുടെ നിർവ്വചനങ്ങളും ശിക്ഷകളുടെ മാനദണ്ഡങ്ങളും എന്തെല്ലാമാണ് ?

ഭൗതികമായ അസ്തിത്വത്തോടെയും അളവുകളോടെയും പ്രപഞ്ചത്തിലെ മൂലകങ്ങളിൽ ന്യൂനശക്തികൾ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഗുണങ്ങളെയും ദോഷങ്ങളെയും ജീവികളുടെ ധർമ്മശാസ്ത്രപരമായ ആനന്ദ ജീവിതത്തിന് തടസ്സമുണ്ടാക്കുന്ന വിധത്തിൽ സ്വത്വമായ ജീവാത്മാക്കൾ പെരുമാറുന്നതിനെയാണ് തെറ്റ്, കുറ്റം എന്നെല്ലാം പറയുന്നത്. ന്യൂനശക്തികൾ എന്ന അദ്ധ്യായത്തെ ശാസ്ത്രീയമായി സ്വയം വിശകലനം ചെയ്ത് അത്തരം ഒരു നിർവ്വചനത്തെ സ്വന്തമായി രൂപപ്പെടുത്താൻ കഴിയും.

2. ഭൗതിക വസ്തുക്കളിലെ ന്യൂനശക്തികളുടെ പ്രവർത്തനം കൊണ്ട് സാധിക്കുന്നതും, ധർമ്മശാസ്ത്ര വിരുദ്ധവുമായ 'പരീക്ഷാ-മാർക്ക് ഇടീൽ, അവാർഡ് ദാനം, സമ്മാനം നൽകൽ, നികുതി പിരിവ്, പിഴ, ജയിൽവാസം, വധം,' തുടങ്ങിയ മനുഷ്യ ജീവിതത്തിലെ കാര്യങ്ങൾക്ക് നീതിന്യായം, നീതി നടത്തിപ്പ് എന്നിവയുമായി യഥാർത്ഥത്തിൽ യാതൊരു ബന്ധവുമില്ല.

ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ വ്യവസായ സാങ്കേതിക വികസനങ്ങളിൽ ഉപയോഗിച്ചാണ് അനന്തമായ ആനന്ദങ്ങളെ മണ്ണിൽ നിന്നും നേടാൻ മണ്ണിൽ ജീവിക്കുന്ന മനുഷ്യന് സാധിക്കുന്നത്. **ഭൗതികമായ അസ്തിത്വവും, അളവുകളും സർവ്വത്തിനും വേണമെന്ന് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ്. അങ്ങനെയിരിക്കെ, ദൈവം ബുദ്ധിശക്തി ഏറെ നൽകിയിട്ടുള്ള ജനങ്ങൾക്ക് 'നീതി കാര്യങ്ങളെയും' ഭൗതിക ശാസ്ത്ര പരമായി വിശദീകരിക്കാൻ കഴിയണം.**

അതായത് മേൽപ്പറഞ്ഞ പരീക്ഷാ-മാർക്ക് ഇടീൽ, അവാർഡ് ദാനം, സമ്മാനം നൽകൽ, നികുതി പിരിവ്, പിഴ, ജയിൽ വാസം, വധം, തുടങ്ങിയ കാര്യങ്ങളിലെ നീതിന്യായം, നീതി നടത്തിപ്പ് എന്നിവയ്ക്ക് ഭൗതികമായ അസ്തിത്വവും അളവുകളും ഹാജരാക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്; ആധാരമായി ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ചൂണ്ടിക്കാട്ടാനും തീർച്ചയായും കഴിയണം.

ഉദാഹരണത്തിന് അണ്ടൻ എന്ന ജനസേവകന് അഥവാ പ്രദേശ ഭരണാധികാരി, മന്ത്രി എന്നെല്ലാം അറിയപ്പെടുന്ന തെമ്മാടി = എമ്പോക്കിക്ക് സാധന വിലയുടെ 10% നികുതി എന്നും, കുണ്ടൻ എന്ന മറ്റൊരു എമ്പോക്കിക്ക് വിലയുടെ 100% നികുതി എന്നും, നിശ്ചയിക്കാൻ സാധിക്കണമെങ്കിൽ, മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക / ധർമ്മ ശാസ്ത്ര നിയമങ്ങളിൽ അവ ഉണ്ടാകണം; തെളിയിക്കാനും കഴിയണം.

3. മനുഷ്യന്റെ ഒരു ജന്മ ആയുസ്സിന്റെ അടിസ്ഥാനത്തിൽ നീതി നടപ്പാക്കാൻ കഴിയില്ല. 100 ജന്മങ്ങളിലൂടെ സത്യമാകുന്ന തുല്ല്യ-ആയുസ്സിലാണ് ദൈവം നീതി നടപ്പാക്കുന്നത്.

ഒരു മാസമോ 10 വർഷമോ മാത്രം ആയുസ്സിൽ മരിക്കുന്ന കുട്ടിയുടെ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരാണ് യഥാർത്ഥത്തിൽ ശിക്ഷിക്കപ്പെടുന്നത് എന്നതിനെ കണക്കാക്കിയാൽ, പുനർജ്ജന്മങ്ങളിലൂടെ 100 ജന്മങ്ങൾ നീണ്ട സമ- ആയുസ്സുമായാണ് നീതി ബന്ധപ്പെട്ടിരിക്കുന്നത് എന്ന് സുവ്യക്തമാണ്. അക്കാരണത്താൽ മാനുഷിക ചിന്താഗതി വച്ചുള്ള 'ഒരു ജന്മ നീതി പരിഗണന' തെറ്റാണ്. മുമ്പ് വിശദമാക്കിയിരുന്നു.

ഉദാഹരണത്തിന്, സൃഷ്ടിപരമായ വിധി പ്രകാരം ഒരു വ്യക്തിയുടെ ആയുസ്സ് 50 വയസ്സാണെങ്കിൽ, ചെറു പ്രായത്തിൽ ആയുധം കൊണ്ട് മാരകമായി മുറിവ് ഉണ്ടാവുകയോ, മാരക രോഗം കൊണ്ടോ, ട്രെയിൻ തട്ടുകയോ, ആന ചവിട്ടി കൂട്ടുകയോ ഒക്കെ ചെയ്താൽ, ജീവാത്മാവിനെ പുറത്താക്കാനും, സ്വയം പുറത്ത് പോകാനും ജീവികളുടെയെല്ലാം ജീവനായി പ്രവർത്തിക്കുന്ന ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ ഭൗതിക ശാസ്ത്ര പ്രകാരം ബാദ്ധ്യസ്ഥമാണ്. അസാധാരണമായ സാഹചര്യങ്ങളിൽ ജീവിയെ ഭൗതിക ശാസ്ത്ര പരമായി തന്നെ നിലനിർത്താൻ ഓക്സിജൻ തയ്യാറാകുമെങ്കിലും, സാധാരണ ഗതിയിൽ, സ്ഥിതി പരമായി ആയുസ്സ് ഏതാനും മാസങ്ങളോ വർഷങ്ങളോ മാത്രമായി അവസാനിപ്പിക്കുന്നതാണ്.

'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', ഓരോ മനുഷ്യനെയും വെവ്വേറെയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ ചെയ്തികളെയും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയുള്ള നീതി നടത്തിപ്പ് മാത്രമേ സമ്പൂർണ്ണമാവുകയുള്ളൂ. ദൈവത്തിനു മാത്രമാണ് അത് കഴിയുക.

ഓരോ മനുഷ്യന്റെയും തനതു ജന്മത്തിലെ സമ്പൂർണ്ണ ജീവിതകാര്യങ്ങളുടെയും കണക്കുകളെ പോലും യാതൊരു മനുഷ്യർക്കും അറിയില്ല; ഏതാനും ദിവസങ്ങളിലെ കാര്യങ്ങളെ പോലും സമ്പൂർണ്ണമായി ഓർക്കില്ല. ദൈവം ഓർമ്മകളെ കുറയ്ക്കുന്നത് കുഞ്ഞുങ്ങളുടെ ജീവിതം കൂടുതൽ ആനന്ദകരമാക്കാനാണ്. കൂടുതൽ ഓർമ്മിക്കണമെങ്കിൽ കൂടുതൽ ദൈവാനുഗ്രഹം വേണം. ദൈവാനുഗ്രഹം കൂടണമെങ്കിൽ, ആത്മപരിശോധനയ്ക്കും തിരുത്തലുകൾക്കും തയ്യാറാവുന്ന മനസ്സ് മനുഷ്യർക്ക് ഉണ്ടാവണം. കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ, മുജ്ജന്മ-തജ്ജന്മ-പിൻജന്മകാര്യങ്ങളുടെയെല്ലാം കണക്കുകളെ 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', മഹാസൂക്ഷിക്കുന്നുണ്ട്.

ദൈവം ശക്തി നൽകിയില്ലെങ്കിൽ ഒരു പുൽക്കൊടി പോലും ഉയർത്താൻ കഴിവില്ലാത്ത സൃഷ്ടികൾ, സ്വന്തം നിസ്സാരതയെ തിരിച്ചറിയാൻ ആദ്യം പഠിക്കണം.

കൈകാലുകൾ, വിരലുകൾ, നാവ്, ചുണ്ട്, കീഴ്ത്താടി, കവിളുകൾ, കൺപോളകൾ തുടങ്ങി ഏതാനും അവയവങ്ങൾക്ക് ഭാഗികമായ 'ചലന സ്വാതന്ത്ര്യത്തെ' മാത്രം നൽകുകയും; എന്നാൽ ശരീരത്തെ മൊത്തത്തിൽ ഭരിക്കുന്ന പ്രതീതിയെ മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് നൽകി ആനന്ദിപ്പിക്കുകയും ചെയ്യുന്ന ശരീരം ദൈവാംശമാണ്; ഓരോ വ്യക്തിക്കും എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനും ലഭിച്ചിട്ടുള്ള പ്രത്യക്ഷ ദൈവമാണ്. ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാൻ ഉപയോഗിക്കേണ്ടുന്ന ശരീരത്തെ ഇന്ന് അനേകർ ദുരുപയോഗം ചെയ്യുകയാണ്.

ഭരണാധികാരികളാണെന്നും കേമരാണെന്നും മറ്റും സ്വയമോ, മറ്റുള്ളവർ പറഞ്ഞിട്ടോ തെറ്റിദ്ധരിച്ച് ജീവിക്കുന്നവർക്ക് ശാസ്ത്ര പരമായി വിശകലനം ചെയ്യാൻ ലഘുവും ലളിതവുമായ ഏതാനും വസ്തുതകളെ ചൂണ്ടിക്കാട്ടുന്നു :-

ഓരോരോ ജീവിക്കും, രൂപത്തിലും ഘടനയിലും പ്രവർത്തനങ്ങളിലും ജന്മഗുണങ്ങളിലും അനുയോജ്യമായ വ്യക്തിസ്വാതന്ത്ര്യത്തെ 'പ്രത്യക്ഷമായി' മഹാഅനുഗ്രഹിച്ചു നൽകുന്നത് 'പ്രത്യക്ഷ ദൈവവും, ദൈവാംശവുമായ ശരീരമാണ്.'

ഓരോ ജീവിയുടെയും **സ്വത്വം** എന്ന വിശേഷണമുള്ള ജീവാത്മാവിന്റെ ഇഷ്ടങ്ങൾക്കൊത്ത് ജീവിയുടെ 'ശരീരം' നിർവ്വഹിക്കുന്ന 'പ്രത്യക്ഷമായ' പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ 'കുടിക്കുക, തിന്നുക, കരയുക, ചിരിക്കുക, നോക്കുക, കേൾക്കുക, രുചിക്കുക, മണക്കുക, കളിക്കുക, കൈകാലുകളെ ചലിപ്പിച്ചും ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തിയും തൊഴിലുകൾ ചെയ്യുക', തുടങ്ങിയവയാണെന്നു കാണാം. ചെയ്യുന്നത് ശരീരമാണ് എങ്കിലും ജീവാത്മാവിന്റെ ഇഷ്ടങ്ങളെ അനുസരിച്ചാണവ എന്നത് സുവ്യക്തമാണ്. ഭക്ഷണം, മരുന്നുകൾ, യോഗ പോലെയുള്ള കായിക അഭ്യാസങ്ങൾ തുടങ്ങിയവയിലൂടെ ശരീരത്തെ പുഷ്ടിപ്പെടുത്താനും മെലിയിക്കാനും ശക്തിപ്പെടുത്താനും കൈകാലുകളെയും വിരലുകളെയും നാവിനെയുമൊക്ക 'ആവശ്യം പോലെയും ഇഷ്ടംപോലെയും ശക്തിക്കൊത്തും' ചലിപ്പിക്കുവാനും ജീവാത്മാവിനു കഴിയുന്നതാണ്.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നു. അതായത് ലഭ്യമാവുന്ന അറിവിനും ശക്തിക്കുമൊത്ത് 'ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ആവശ്യമായ വിധത്തിൽ', ഏതാനും ശരീര-അവയവങ്ങളെ ചലിപ്പിക്കുവാൻ വ്യക്തിയുടെ സ്വത്വമായ ജീവാത്മാവിന് സാധിക്കുന്നതാണ്.

ജീവാത്മാവിന് ശരീരത്തിനു മേൽ ഉള്ളതായ സ്വാതന്ത്ര്യം അഥവാ 'അവകാശവും അധികാരവും' യഥാർത്ഥത്തിൽ ശരീരം ജീവാത്മാവിന് നൽകുന്ന ദാനം മാത്രമാണ്. ശരീരത്തിന്റെ അനന്തമായ പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, 'ജീവാത്മാവിനു നൽകുന്ന സ്വാതന്ത്ര്യങ്ങൾ' നാമമാത്രമാണെന്നു മനസ്സിലാകും. എന്നാൽ ഏവരുടെയും ജീവിത അനുഭവങ്ങളെ സാക്ഷ്യമാക്കുമ്പോൾ, **ജീവാത്മാവിന് ശരീരത്തിനു മേൽ ആവശ്യമായ സ്വാതന്ത്ര്യത്തെയും അവകാശത്തെയും തദ്വാരാ അധികാരത്തെയും ശരീരം നൽകിയിട്ടുണ്ട് എന്നതും പ്രസ്തുത അളവുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തോടെ സ്വന്തം കാര്യങ്ങളിലും സമൂഹ കാര്യങ്ങളിലും പ്രവർത്തിക്കുവാൻ ജീവാത്മാവിനു കഴിയുമെന്നതും സത്യമാണ്.**

ജീവാത്മാവിന് വ്യക്തിസ്വാതന്ത്ര്യത്തെ ശരീരം അനുവദിച്ചിരിക്കുകയാലും, ജീവാത്മാവിനെയും ശരീരത്തെയും മഹാലയിപ്പിച്ചു പ്രവർത്തിപ്പിക്കുകയാലും, 'മരണം വരെ', അഥവാ 'ശരീരത്തിൽ നിന്നും ജീവാത്മാവിനെ പുറത്താക്കും വരെ', "എന്റെ ശരീരം" എന്ന് പറയാനും പ്രസ്തുത ശരീരത്തിലൂടെ ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനും ജീവാത്മാവിന് സാധിക്കുന്നു. മഹാഅനുവാദമുണ്ട് എന്നും സാരം.

ഭക്ഷണം, മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്.

പനി, ചുമ, ഉളുക്ക്, ശരീര തളർച്ച, പക്ഷാഘാതം, ഹൃദ്രോഗം, എന്നിങ്ങനെ ചെറുതും വലുതുമായ രോഗങ്ങളിലൂടെയും മരുന്നുകളിലൂടെയും മറ്റും, **ജീവാത്മാവിനു നൽകിപ്പോരുന്ന സ്വാതന്ത്ര്യങ്ങളെ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ തിരിച്ചെടുക്കാൻ ശരീരത്തിനു കഴിയുന്നതാണ്.** മാത്രമല്ല, ശരീരത്തിലേക്ക് കടുത്ത വിഷത്തെ കുത്തിവയ്ക്കുകയോ, കുടിക്കുകയോ ചെയ്താൽ ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കിക്കൊണ്ട് ജീവിക്കു **മരണത്തെ നൽകുവാനും** ശരീരം തയ്യാറായെന്നു വരാം.

വിശകലനം ചെയ്യുമ്പോൾ, **'പ്രത്യക്ഷ ദൈവവും,** ദൈവാശവുമായ ശരീരം, ജീവാത്മാവിന് 'ചലന സ്വാതന്ത്ര്യത്തെ അനുവദിച്ചിട്ടുള്ള അവയവങ്ങളെയും, വ്യക്തിസ്വാതന്ത്ര്യത്തെയും, ഉപയോഗിച്ച് ജീവാത്മാവിന്റെ ഇഷ്ട പ്രകാരം, കർത്താവായ ജീവാത്മാവ് ചെയ്യുന്ന പ്രവൃത്തികളുടെ ഫലങ്ങളെ അനുഭവിക്കുന്ന '**കർമ്മം**' ജീവാത്മാവ് മാത്രമോ മറ്റ് ജീവാത്മാക്കൾ ഉൾപ്പെട്ടോ ആണ്.

ജീവാത്മാവിന് ജീവി എന്ന അസ്തിത്വത്തെ നൽകുന്ന ശരീരവും ജീവാത്മാവും തീർത്തും ഭിന്നമാണ്. അപ്പോൾ 'ശരീരത്തെ' മനസ്സിലാക്കാൻ മഹാനീതിശാസ്ത്ര പ്രകാരവും മഹാശാസ്ത്രപ്രകാരവും തയ്യാറാവണം:

ജീവാത്മാവിന്റെ ഇഷ്ടങ്ങളെ വിഷയമാക്കാതെ അദൃശ്യ (വാതകമായ) ജീവാത്മാവിന് 'ശരീരം' നൽകുന്ന 'ശരീരത്തിൽ' മുമ്പു പറഞ്ഞ 'സ്ത്രീ-പുരുഷൻ, ആയുസ്സ്, സൗന്ദര്യം' തുടങ്ങിയ ജന്മഗുണങ്ങളെ സമ്മാനിക്കുകയും, ജീവി എന്ന അസ്തിത്വത്തെ 'പ്രത്യക്ഷമായി' നൽകുകയും ചെയ്യുന്നത് ശരീരമാണ്.

മഹാനീതിശാസ്ത്ര പരമായിട്ടു വിശകലനം ചെയ്യുമ്പോൾ, ദൈവത്തിന്റെ അംശമായിട്ടോ, ഉപാധിയായിട്ടോ ശരീരം പ്രവർത്തിക്കുന്നു എന്ന് സാരം. 'പ്രത്യക്ഷമായ' കർത്താവാണ് ശരീരം എന്നതിനാൽ 'ഉപാധി' എന്നതിന് ഉപരി, 'ദൈവത്തിന്റെ അംശമായിട്ടാണ് ' അഥവാ 'ദൈവമായിട്ടാണ് ' ശരീരം പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കാം.

ഇനി മഹാശാസ്ത്രപരമായിട്ടു വിശകലനം ചെയ്യാം:- 'മണ്ണായ ഭൂമി' എന്ന മഹാരൂപത്തെ 'ദൈവം' സ്വീകരിച്ചിരിക്കുകയാണ് എന്നതും മണ്ണിലെ വസ്തുക്കളെ/ മൂലകങ്ങളെ ഉപയോഗിച്ചാണ് എല്ലാ ജീവികളുടെയും ശരീര-അവയവങ്ങളെ അഥവാ ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും ചേർത്തു നോക്കുമ്പോൾ എല്ലാം സുവ്യക്തമാണ്. ഭൂമിയിലെ മൂലകങ്ങളും സംയുക്തങ്ങളുമായ ഓക്സിജൻ, കാർബൺ, സോഡിയം, തുടങ്ങിയവയെ നിശ്ചയിച്ചതും, ചേർത്ത് ശരീരവും ശരീരത്തിലെ അവയവങ്ങളും നിർമ്മിച്ചതും 'ഭൂമിയായ ദൈവത്തിന്റെ അംശങ്ങളായ' ശരീരം സ്വയമാണ്; സ്വത്വം അറിയുന്നതു പോലും, അനുഭവിക്കുമ്പോൾ മാത്രമാണ്. ഉദാഹരണത്തിന് മുഖക്കുരുവിന്റെ സാന്നിധ്യം !

മണ്ണായ ഭൂമിയിലെ അനവധി മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും 'ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് ' എന്നു വ്യക്തമാകുമ്പോൾ, ശരീരത്തോടും പ്രത്യുതാ ഭൂമിയോടും ഓരോ ജീവാത്മാവിനും കടപ്പാട് ഉണ്ടാകുന്നു. ശരീരമായിരിക്കുന്ന ദൈവാംശങ്ങൾ അനുഗ്രഹിച്ചു നൽകുന്ന രൂപവും അറിവും ശക്തികളുമാണ് ജീവികളെ പോലും അന്യോന്യം വ്യത്യാസപ്പെടുത്തുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും !

ശരീരമായി രൂപാന്തരപ്പെടുന്ന മണ്ണിലെ വസ്തുക്കളുടെ സ്വഭാവങ്ങൾക്കും ഗുണദോഷങ്ങൾക്കും ജീവാത്മാവിനു മേൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നതിന് വ്യത്യസ്ത ഭക്ഷണ സാധനങ്ങളും മരുന്നുകളും മറ്റും സൃഷ്ടിക്കുന്ന പ്രഭാവം സാക്ഷ്യവുമാണ്. അതായത് പ്രത്യക്ഷമായി കർത്താവായിട്ടു പ്രവർത്തിച്ചത് ദൈവമാണ്; ഭൂമിയാണ്; ശരീരമാണ്. ജീവാത്മാവ് അറിയുന്നതു പോലുമില്ല ! മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത് ഭൂമിയുടെ ഭാഗമായല്ല എന്നും, 'തത്ത്വമസി' ക്ക് യഥാർത്ഥത്തിൽ ശരീരവുമായാണ് ബന്ധം; ആത്മാവുമായല്ല; എന്നും കൂടിയാണ് അതിന്നർത്ഥം.

ഓരോ ജീവാത്മാവിന്റെയും സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള ശരീരം, പ്രത്യക്ഷമായിട്ട് ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് എങ്ങനെയെന്ന് ഹ്രസ്വമായി വിശദീകരിക്കുന്നു.

മനുഷ്യ ജീവിതത്തിൽ അതിപ്രധാനങ്ങളായ ഏതാനും കാര്യങ്ങളെ മാത്രമാണ് ചുവടെ പരാമർശിക്കുന്നത്. (ആവർത്തനങ്ങൾ വിശദീകരണത്തിന് ആവശ്യമായിട്ടുണ്ട്.)

(1). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെ, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനന്തമായ ആനന്ദങ്ങളെയും ജീവാത്മാക്കൾക്കു നൽകുന്നു. ഉദാഹരണമായിട്ട് പാൽ, മുട്ട, പഴങ്ങൾ, പഴച്ചാറുകൾ, പായസം, കഞ്ഞി, ഊണ്, ബിരിയാണി, പിസാ, ഐസ് ക്രീം, തുടങ്ങിയ അനന്തമായ ഭക്ഷണ സാധനങ്ങളെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ രുചിച്ച് ആനന്ദിക്കുന്നു. എന്നാൽ ഭക്ഷണത്തെ ദഹിപ്പിക്കുന്നത് ഉൾപ്പെടെ ബഹുവിധ കാര്യങ്ങളെ 'ചെയ്യുന്നത് ശരീരമാണ്'; ജീവാത്മാവല്ല. കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെയുള്ള 'ദൈവാംശമായ ശരീരത്തിന്റെ മഹാവാത്സല്യമാണത്.'

പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, വിസർജ്ജനങ്ങളും, നാഡീവ്യവസ്ഥയും, ശരീര വളർച്ചയും, ദഹന രസങ്ങളുടെയും നാഡീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം ബോധത്തോടെ ജീവാത്മാവ് ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും.

അതായത്, ജീവാത്മാവ് ഉറങ്ങുമ്പോഴും, ബോധം നഷ്ടപ്പെടുമ്പോഴും, ധാർമ്മികമോ അധാർമ്മികമോ ആയ ആനന്ദങ്ങളിൽ മുഴുകുമ്പോഴുമെല്ലാം ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം, ജീവാത്മാവിനു വേണ്ടി വളരെയധികം പ്രവർത്തനങ്ങളെ സ്വയം ചെയ്തു കൊണ്ടിരിക്കുകയാണ്. ജീവാത്മാക്കളുടെയെല്ലാം ജീവിതം മുഴു-നരകമാവാതെ ജീവാത്മാവിനെ ശരീരം സദാ സംരക്ഷിക്കുന്നു എന്ന് ചുരുക്കം. **ശരീരം സ്വയം നിർവ്വഹിക്കുന്ന മേല്പടി മഹാപ്രവർത്തനങ്ങൾക്ക് മഹാശാസ്ത്രപരമായ വിശദീകരണം നൽകാൻ മതജാതിജീവികൾക്കും നിരീശ്വരവാദികൾക്കും മറ്റും കഴിയുന്നതല്ല.**

(2). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്കെല്ലാം, മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നു.

മഹാനീതിശാസ്ത്ര പ്രകാരം, ജീവാത്മാവിന് ഭക്ഷണം, തൊഴിൽ, സംഗീതം, ഭക്തി, കലകൾ, സാഹിത്യം, ദാനം, സ്നേഹം, പ്രേമം, കാമം, ദാസ്യം, വാത്സല്യം എന്നിവയിലൂടെ അനന്തങ്ങളായ ആനന്ദങ്ങളെയും വേദനകളെയും നൽകുന്നത് ശരീരത്തെ ഉപാധിയാക്കി കൊണ്ടാണ്.

മന്ത്രിമാർ ഉൾപ്പെടെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും അഥവാ ജീവാത്മാക്കളുടെയും, ശരീരത്തിലുണ്ടാവുന്ന ചൊറിച്ചിൽ, മുഖക്കുരു, പാണ്ഡ്, മുഴ, പനി, ജലദോഷം, ചുമ, പല്ലുവേദന, വയറ്റുവേദന, ഹെർണിയ, കിഡ്നി കല്ല് വേദന, വെരിക്കോസ് വെയ്ൻ, ശ്വാസംമുട്ടൽ, ക്ഷയം, മഞ്ഞപ്പിത്തം, വസൂരി, മലമ്പനി, കാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, തുടങ്ങിയ രോഗങ്ങളെയും; അപകടങ്ങളിലൂടെയും മറ്റും ശരീരത്തിന് സംഭവിക്കുന്ന മുറിവുകളെയും ക്ഷതങ്ങളെയും അംഗവൈകല്യങ്ങളെയും; മരുന്നുകളെയും, ജനനം മുതൽ മരണം വരെയുള്ള ശരീരത്തിന്റെ ക്രമേണയുള്ള വളർച്ചകളെയും; പ്രസവ വേദന ഉൾപ്പെടെയുള്ള അനന്തമായ ജീവിതകാര്യങ്ങളിൽ ഓരോ മനുഷ്യനും ലഭിക്കുന്ന വൈവിധ്യങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദങ്ങളെയും; മരണത്തെയും മഹാഭരിക്കുന്നത് ശരീരം തന്നെയാണ്. ജീവാത്മാവിന് ഇടപെടാൻ കഴിയുന്നത് നാമമാത്രമോ ശൂന്യമോ ആണ്.

മുകളിലുള്ള വസ്തുതകളെ വിശകലനം ചെയ്യുമ്പോൾ, ജനങ്ങളുടെ ജീവിത കാര്യങ്ങളിൽ സമനീതി നിർവ്വഹിക്കാൻ 'മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസും മറ്റും ഉൾപ്പെട്ട മനുഷ്യ- ഭരണാധികാരികൾക്കോ, സമൂഹത്തിലെ ഏതെങ്കിലും മനുഷ്യർക്കോ' കഴിയുന്നതല്ലാ എന്ന് സുവ്യക്തമാകുന്നതാണ്.

മഹാശക്തിയും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ ഏകദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് അവരുടെ ശരീരത്തിൽ ഗുണങ്ങളെയും ജന്മഗുണങ്ങളെയും സൃഷ്ടിച്ചുകൊണ്ടാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, **ശരീരം സൃഷ്ടിക്കുന്നതായിട്ട് പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയുന്ന അതാത് അവസ്ഥാ ഗുണങ്ങളും, ജന്മഗുണങ്ങളുമാണ് അഥവാ ശരീരമാണ് ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ പ്രകടമായും നൽകുന്നത്. ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയാണ് ജന്മഗുണങ്ങൾ എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു.**

ശരീരം മഹാനിർവ്വഹിക്കുന്ന മഹാനീതികാര്യങ്ങളെ ജീവാത്മാവിനു ചെയ്യാൻ കഴിയുന്നതല്ലാ എന്നതിന് ഒരു ഉദാഹരണം കുറിക്കാം : ഇന്നത്തെ ഭൂമിയിലെ സുമാർ 800 കോടി ജനങ്ങൾക്ക് 'തുല്യമായ സൗന്ദര്യം' നൽകിയാൽ മുഖഛായ, അവയവ രൂപം, നിറം, സ്ത്രീ-പുരുഷൻ എന്നിവയിലെ വ്യത്യാസങ്ങൾ അവസാനിക്കുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങളെല്ലാം കഷ്ടപ്പെടുന്നതുമാണ്. **മുഖഛായ പോലെയുള്ള കാര്യങ്ങളെ നിർവ്വഹിക്കാൻ ജനങ്ങളെയോ (ജനങ്ങളുടെ) ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് സേവകർ / ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും ഒഴിയുന്നതാണ്.** മറ്റു ജന്മഗുണങ്ങളായ സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തത കൂടി ജീവാത്മാക്കളെ ഏല്പിക്കാനാവുമോ എന്നതും ചിന്തിക്കണം ! ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ-പിൻജന്മങ്ങൾ, കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന ബഹുവിധ കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ജീവാത്മാവിനു ചെയ്യാൻ കഴിയാത്തതായ മഹാനീതികാര്യങ്ങളാണ്.

കൂടാതെ ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ഉൾപ്പെട്ട പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ജീവാത്മാവോ മറ്റുള്ള ജീവികളോ അല്ലാ എന്നത് വളരെ പ്രധാനമാണ്. ഓരോ പ്രദേശങ്ങളിലെയും കാലാവസ്ഥ അല്പമൊന്ന് വ്യത്യാസപ്പെടുമ്പോൾ, ഉദാഹരണമായിട്ട് സൂര്യന്റെ ചൂട് കൂടുകയും നദികളും തോടുകളുമെല്ലാം വറ്റിവരളുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നത് തുടർന്നാൽ **ഭരണാധികാരികൾ** ഉൾപ്പെടെയുള്ള ജനങ്ങൾക്കും മറ്റു ജീവികൾക്കും **നാടും കാടും ഉപേക്ഷിക്കുകയോ ദാഹിച്ചു മരിക്കുകയോ വേണ്ടിവന്നേക്കും!**

ജനങ്ങളുടെ ഏതാനും പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ഭരണകൂടം, ധർമ്മശാസ്ത്രപരമായോ ധർമ്മശാസ്ത്ര വിരുദ്ധമായോ പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയോ പീഢിപ്പിക്കുകയോ ചെയ്യുന്നതാണ് ജനസേവനം/ ഭരണം എന്ന് ധരിച്ചിട്ടുള്ള കുഞ്ഞുങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചാലും.

മുമ്പ് പ്രസ്താവിച്ചതു പോലെ ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ ചെയ്തികളെയും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയുള്ള നീതി നടത്തിപ്പ് മാത്രമേ സമ്പൂർണ്ണമാവുകയുള്ളൂ. ദൈവത്തിനു മാത്രമാണ് അത് കഴിയുക. ജനസേവകൻ, ഭരണാധികാരി എന്നെല്ലാം പറയുന്ന മനുഷ്യന് അത് കഴിയില്ല. ജനസേവകൻ, ഭരണാധികാരി എന്നെല്ലാം പറയുന്ന സംവിധാനം വേണമോ വേണ്ടയോ തുടങ്ങിയ കാര്യങ്ങളെ മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഭൂമിയിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്രങ്ങളെപ്പറ്റി ചിന്തിക്കുക പോലും ചെയ്യാതെ, തോന്നും പോലെ ഭൗതിക അസ്തിത്വം ഇല്ലാത്തതായ നിയമങ്ങളെ തട്ടിക്കൂട്ടിയാൽ, അവയെ തിരുത്താനുള്ള ഭൗതിക ശാസ്ത്ര സംവിധാനങ്ങളെ ഭൂമി ഒരുക്കിയിട്ടുണ്ട് എന്നറിയുക.

മഹാപ്രപഞ്ചത്തിലെ ജീവികളുടെ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളും/ സർവ്വവും പ്രവർത്തിക്കുന്നത് അവയുടെ മൂലകങ്ങളിൽ (Elements) 'ദൈവം @ ഭൂമി' ലയി(പ്പി)ച്ചിട്ടുള്ള **ന്യൂനശക്തികളും** അവയുടെ പ്രവർത്തന നിയമങ്ങളും ഉൾപ്പെട്ട പ്രകടമായ ഭൗതിക ശാസ്ത്ര നിയമങ്ങളും പ്രകടമല്ലാത്ത അഥവാ ഗൂഢമായി ലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളും പ്രകാരമാണ്.' www.omsathyam.com/Godly Revolution/SupremeJusticeGOD.pdf ഇ-മഹാവേദഗ്രന്ഥത്തിൽ വിശദീകരണമുണ്ട്.

It should be understood that the EARTH has established Supreme Infrastructure to set right any and all unrighteous systems and laws without physical/ material existence, which do not match with Dharma Shaasthram @ the Science of Duties & Virtues.

Everything in the Universe, including the Bodies of the Creatures operate also incorporating the MINUS POWERS and Laws Governing them dissolved by GOD in their elements, besides the Physical Science and the Science of Duties & Virtues. The Supreme E-book www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf gives details.

മൂലകങ്ങളിൽ (Elements) 'ദൈവം @ ഭൂമി' ലയി(പ്പി)ച്ചിട്ടുള്ള **ന്യൂനശക്തികളും** അവയുടെ പ്രവർത്തന നിയമങ്ങളും, മനുഷ്യർ ഭൗതിക ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ വർദ്ധിപ്പിക്കുന്ന തീകത്തിച്ചുള്ള പാചകം മുതലുള്ള എല്ലാ ആനന്ദങ്ങളെയും ഉപയോഗിക്കാൻ **ധർമ്മ ശാസ്ത്ര ബന്ധനം** നിർവ്വഹിക്കുന്നുണ്ട്. അതിനാൽ ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും എല്ലാ മനുഷ്യരും രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്ര പ്രകാരമുള്ള **യോഗ്യത** നേടേണ്ടതുണ്ട്.

The MINUS Powers and their Operating Laws merged in the Elements by Earth @ GOD apply Tying up as per the Science of Duties & Virtues @ Dharma Shaasthram for Enjoying all Pleasures obtained by the Physical Science @ Bhouthika Shaasthram, from Cooking of Food by using Fire to all achievements in Science and Technology. Hence, all human beings have to obtain the **Qualifications** according to the 2nd Vedam = Dharma Shaasthram @ the Science of Duties and Virtues, to achieve and enjoy the Pleasures.

'എല്ലാ മനുഷ്യരും എല്ലാ ജീവികളും ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാകയാൽ', എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദം എന്ന മഹാ-സമനീതി നൽകുവാൻ ഭൂമി ശ്രദ്ധിക്കുന്നു; മഹാകരുതുന്നു. എല്ലാവർക്കും സമആനന്ദം ലഭിക്കാൻ ഓരോ മനുഷ്യനും ധർമ്മ ശാസ്ത്ര ബന്ധനത്തെ സ്വയം സ്വീകരിക്കണം. കുഞ്ഞുങ്ങളെ പ്രത്യക്ഷമായി നിയന്ത്രിക്കാതെ, കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം കൊടുക്കുവാൻ കൂടി കരുതുന്ന മഹാവാത്സല്ല്യം, ഓരോ മനുഷ്യനും ധർമ്മ ശാസ്ത്ര ബന്ധനത്തെ ഏർപ്പെടുത്തിയിട്ടുണ്ട്.	'Since all Creatures are EARTH's beloved babies,' EARTH care that all Creatures/ human beings get Equal Pleasures @ Equal Justice. At the same time, each human being should take up self-obligation as per the Science of Duties & Virtues @ Dharma Shaasthram that all Creatures/ human beings get Equal Pleasures @ Equal Justice. The EARTH pours the Supreme Motherly Love Tie upon human beings so that the Freedom blessed with are also NOT curtailed.

ദൈവത്തിന്റെ ഖര രൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ദൈവാംശമായ ശരീരത്തിലൂടെ (ദൈവം) നൽകുന്ന ജ്ഞാനവും ശക്തിയും കൊണ്ടും, കുടുംബ - സാമൂഹ്യ ജീവിതം കൊണ്ടും, ഭൗതികശാസ്ത്ര വികസനം കൊണ്ടുമാണ് ഭൂമിയിലുള്ള സർവ്വത്തിലും അനന്തമായ ആനന്ദങ്ങളെ കണ്ടെത്താൻ സാമൂഹ്യ ജീവിയായ മനുഷ്യന് സാധിക്കുന്നത്. ഭൂമിയിലെ സർവ്വത്തിലും ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ചു മാത്രമേ മനുഷ്യന് ഏതൊരു ഉല്പന്നവും നിർമ്മിക്കാനും സംരക്ഷിക്കാനും/ സൂക്ഷിക്കാനും കഴിയൂ. ഭൂമിയിൽ ലഭ്യമായ മൗലിക വസ്തുക്കളിലും, അവയെ കൊണ്ട് മനുഷ്യൻ സൃഷ്ടിച്ച എല്ലാ ഉല്പന്നങ്ങളിലും, ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം തന്നെ ലഭ്യമായ ധർമ്മ ശാസ്ത്ര നിയമങ്ങളെയും പാലിച്ചാൽ മാത്രമാണ് രണ്ടിൽ നിന്നും ലഭിക്കുന്ന എല്ലാ ആനന്ദങ്ങളെയും അനുഭവിക്കാൻ മനുഷ്യൻ **യോഗ്യത നേടുക.**

Man could find the endless Pleasures in the earth only with the Wisdom and Power given by GOD through Body made up of the elements of the Earth which is the solid form of GOD, added to the family-social life and the scientific development. Man can produce, and protect/preserve any product only with the use of laws in the Physical Science.

Human beings should also **qualify** to enjoy all the pleasures in the Raw materials on Earth & the Products made by Him out of the material objects available on/ in the earth, only if man obey the Science of Duties & Virtues merged with the laws of Physical Science.

ധർമ്മ ശാസ്ത്രത്തിന്റെ ശാഖകളായ യുക്തി ശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം എന്നിവയിൽ ഓരോന്നിലെയും നിയമങ്ങളെ പാലിക്കുവാൻ ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുന്ന മനുഷ്യന് ബാദ്ധ്യത ഉണ്ട്. മോക്ഷത്തെയും ബന്ധിച്ചിട്ടുണ്ട്. ധർമ്മ ശാസ്ത്ര ബന്ധനം, ഓംകാര (നാഗ) ബന്ധനം, ഭൂമി സൂര്യനു മേൽ നിർവ്വഹിക്കുന്ന ഓസോൺ O3 ബന്ധനം എന്നിങ്ങനെയും പറയാം.

www.omsathyam.com/ Godly Revolution/SupremeJusticeGOD.pdf എന്ന ഇ-മഹാവേദഗ്രന്ഥത്തിൽ വിശദീകരണം ലഭ്യമാണ്.

To enjoy the Infinite Pleasures from the earth, the human beings need to follow the Laws in all branches of Dharma Shaasthram @ the Science of Duties & Virtues, namely Rational/Logical Science, Moral/ Ethical Science, Economics, Job Science, Political Science and the Science of Justice. Moksham @ Salvation is also tied up. The Tying as per the Science of Duties & Virtues is also called Omkara (Snake) bond, the Earth's Ozone (O3) Bond upon the Sun, etc.

The Supreme E-book www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf gives details.

നൃത്തം മുഖ്യമായും പുരുഷകലയാണ് :

പുരുഷനായ 'നടരാജന്റെ വിഗ്രഹം' സുവ്യക്തമാക്കുന്നുണ്ട്. കുട്ടികളല്ലാത്ത സ്ത്രീകൾ നൃത്തം പഠിക്കുന്നതും, നൃത്തം ചെയ്യുന്നതും, തിരുവാതിരക്കളി പോലെ സ്ത്രീകളോടൊപ്പമാവണം; പുരുഷന്മാർ കാണെ ആവരുത്; അതേസമയം ഭർത്താവിനോടൊത്ത് സ്വകാര്യമായിട്ട് നൃത്തം ചെയ്യുകയും വിനോദിക്കുകയും ആവാം. അമ്മ-പെങ്ങൾ-മക്കൾ മനോഭാവം ഇല്ലാത്ത അന്യപുരുഷന്മാർ കാൺകെ സ്ത്രീ നൃത്തം ചെയ്താൽ, സ്ത്രീയുടെ അവയവങ്ങളിലൂടെ പുരുഷന്റെ കണ്ണുകൾ സഞ്ചരിച്ചെന്നും, കണ്ണുകൾ കൊണ്ട് കാമകേളി നടത്തിയെന്നും മറ്റും വരാം. സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെയെല്ലാം പരമാനന്ദമായിട്ട് നിശ്ചയിച്ചിട്ടുള്ള കാമാനന്ദത്തെ ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട്. കുടുംബ ബന്ധങ്ങളെ ഭദ്രപ്പെടുത്താനും അത് ആവശ്യമാണ്.

മത്സരം ദൈവീകമല്ല.

മഹാശക്തിയും മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവം, മനുഷ്യർക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയാണ് ജന്മഗുണങ്ങൾ. ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ-പിൻജന്മകാര്യങ്ങൾ; കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന മഹാനീതികാര്യങ്ങളാണ്.

ഒരു ഉദാഹരണം : ഇന്നത്തെ ഭൂമിയിലെ സുമാർ 800 കോടി ജനങ്ങൾക്ക് തുല്യമായ സൗന്ദര്യം നൽകിയാൽ ഒരേ മുഖഛായ ഉണ്ടാവുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങൾ കഷ്ടപ്പെടുന്നതുമാണ്. മുഖഛായ ഉൾപ്പെടെയുള്ള ജന്മഗുണങ്ങളിലെ വ്യത്യസ്തതകളെ നിർവ്വഹിക്കാൻ ജനങ്ങളെയോ, ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും നിലവിളിക്കുന്നതാണ് !

ദൈവം നൽകിയതെന്ന് ഉറപ്പായും അറിയുന്ന ശരീര-സൗന്ദര്യ മത്സരങ്ങളാണ് ഏറ്റവും ഹീനമായത്; കായിക കലാ-സാഹിത്യ മത്സരങ്ങളാണ് തൊട്ടു പിന്നിൽ.

ആനന്ദിച്ചു ജീവിക്കുന്നതിനു പകരം തങ്ങളുടെ മക്കൾ, മത്സരിച്ചുകൊണ്ട് ജീവിക്കുന്നതിനെയും ചില മക്കൾ വിജയിക്കുന്നതും മറ്റു മക്കൾ തോൽക്കുന്നതും മനുഷ്യ-മാതാപിതാക്കൾ ഇഷ്ടപ്പെടുമോ?! ഏതൊരു പ്രവൃത്തിയും ധർമ്മശാസ്ത്രപരമാവണം.

സൃഷ്ടികളെ ദാസരായിട്ടു കരുതാതെ, പൊന്നോമന -കുഞ്ഞുങ്ങളായി അനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവും മഹാനീതിയും മാത്രമായിക്കൊണ്ട്, കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ മഹാകരുതുകയുമാണ് ദൈവം ചെയ്യുന്നത്. ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെ കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാസമമായിട്ട് നൽകുന്നതിന്നായിട്ട് മഹാഅനുഗ്രഹിച്ചു സൃഷ്ടിച്ചിട്ടുള്ള ജന്മഗുണങ്ങളുടെയും മറ്റ് ജീവിതകാര്യങ്ങളുടെയും പേരിൽ മനുഷ്യർ മത്സരിക്കുന്നത് അതിനീചമാണ്; കടുത്ത ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

ആവർത്തിക്കുന്നു : മഹാനീതിയായ ഏകദൈവത്തിന്റെയും, സൃഷ്ടികളായ മനുഷ്യരുടെയും ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യമില്ല. സ്രഷ്ടാവായ ദൈവം, സൃഷ്ടികളിൽ നിന്നും മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല; നിയമിക്കുകയുമില്ല. മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് പ്രവാചക സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

ഭൂമിയിലുള്ള മതങ്ങൾ മുഴുവൻ ദൈവീകമല്ലെന്നും, പൈശാചികമാണെന്നും, മത നിയമങ്ങളെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നവരും, പ്രചരിപ്പിക്കുന്നവരും, പാലിക്കുന്നവരും, കടുത്ത ദൈവ നിന്ദ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ മതങ്ങളും മതപുരോഹിതരും തന്നെ അവരറിയാതെ മുന്നോട്ടു വെക്കുന്ന ശാസ്ത്രീയ മാർഗ്ഗമാണ് സ്തുതികളും ആരാധനകളും..... എങ്ങനെയെന്നാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടികളുടെ സ്തുതികളിലും ആരാധനകളിലും വഴിപാടുകളുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രീതിപ്പെടുകയില്ല. എന്നു മാത്രമല്ല, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനായി ദൈവം നൽകിയ/ നൽകുന്ന ശക്തിയും സമ്പത്തും വസ്തുക്കളും സമയവും മറ്റും പാഴാക്കുന്നതിന് ശിക്ഷിക്കുന്നതുമാണ്. പ്രീതിപ്പെട്ടാൽ, ഇന്നത്തെ സർക്കാർ ആഫീസുകളെയും മത-ദേവാലയങ്ങളെയും പോലെ ദൈവം @ സത്യധർമ്മനീതികൾ അധഃപതിക്കും; സൃഷ്ടികളായ 'പഴയ കാല ദേവതകളും മനുഷ്യരും' ഏറെക്കുറെ പൂർണ്ണമായും അധഃപതിച്ചു കഴിഞ്ഞു.....

മത-ദേവാലയങ്ങളും സ്തുതിയും ആരാധനയും

ദൈവം, സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതാനും മഹാസമനീതി എന്ന മഹാസമആനന്ദത്തെ ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകാനുമായി മഹാവാത്സല്ല്യത്തെ സമസ്ത ജീവികളോടുമുള്ള ദൈവത്തിന്റെ ഏക-മഹാആനന്ദമായി നിശ്ചയിച്ചിരിക്കുന്നു എന്ന് മുമ്പ് തെളിയിച്ചിരുന്നു.

ദേവാലയങ്ങളുമായി ബന്ധപ്പെട്ട ജീവിത കാര്യങ്ങളെ ആദ്യം സാമാന്യ ബുദ്ധിശക്തി/യുക്തി (= ശാസ്ത്ര-ത്തിന്റെ ആദ്യ ഘട്ടം) പ്രകാരം വിശദീകരിക്കുന്നു.

(1) ശബരിമല, മക്ക, വത്തിക്കാൻ, വേളാങ്കണ്ണി, തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും നടത്തിപ്പുകാരെയും, അവിടങ്ങളിൽ ദർശനം/ സന്ദർശനം നടത്തുന്ന വ്യക്തികളെയും, ബന്ധിപ്പിക്കുന്നത് **മതപരമായ വിശ്വാസങ്ങൾ, വ്യക്തിപരമായ താല്പര്യങ്ങൾ,** പരമമായി ഇരുകൂട്ടർക്കും ലഭിക്കുന്ന ആനന്ദങ്ങൾ എന്നിവയാണ്.

മതവും മതദൈവങ്ങളും ഉൾപ്പെടുകയാൽ, വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിക്കുന്നതും പാലിക്കാത്തതും, ദേവാലയ നടത്തിപ്പുകാരും സന്ദർശകരായ വ്യക്തികളും എന്ന 2 കക്ഷികളും തമ്മിലുള്ള വ്യക്തിപരങ്ങളും മതപരങ്ങളുമായ വിഷയമാണ്.

(2) സമൂഹത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ അല്ലാത്തതും, ഒരു വിഭാഗം വ്യക്തികളുടെ മതപരമോ മറ്റെന്തെങ്കിലുമോ വിധത്തിൽ സ്വകാര്യവുമായ കാര്യങ്ങളെ, പൊതുസമൂഹത്തിന്റെ വിഷയമാക്കാനും, അതുവഴി സമൂഹത്തിന്റെ ശാന്തിയും സമാധാനവും കൂട്ടായ്മയും നഷ്ടപ്പെടാനും ഇടവന്നു കൂടാ. ആകയാൽ പൊതുജനങ്ങൾ, പൊതുജനങ്ങളുടെ അടിമകൾ മാത്രമായ - മന്ത്രിമാർ, പോലീസ്, ജഡ്ജിമാർ, രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ - എന്നിവർക്ക് മതവിഷയങ്ങളിൽ ഇടപെടാൻ സാമാന്യ ബുദ്ധിശക്തി പ്രകാരം അവകാശമില്ല.

(3) മത-ദേവാലയ കാര്യനിർവ്വാഹകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ദുഷ്ക്കീർത്തി, ദുസ്വാർത്ഥം, അജ്ഞാനം, അവിവേകം, തുടങ്ങിയവ കൊണ്ട് ദേവാലയം സന്ദർശിക്കുന്ന വ്യക്തികളെ, ചന്തിയിൽ പച്ച ഈർക്കിൽ കൊണ്ട് 4 പെടപെടച്ചും മറ്റും തുരത്താൻ, ദേവാലയ നടത്തിപ്പുകാർക്ക് / കാര്യനിർവ്വാഹകർക്ക് കഴിയുന്നതാണ്.

(4) കേരളത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടവരും, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും, ജനങ്ങളുടെ സേവകരും അടിമകളുമായ മന്ത്രിമാരും ജഡ്ജിമാരും പോലീസും മറ്റും ശബരിമല വിഷയത്തിൽ, ഒരു വിഭാഗം വ്യക്തികളുടെ മതപരമോ മറ്റെന്തെങ്കിലുമോ വിധത്തിൽ 'സ്വകാര്യമായ വിഷയങ്ങളിൽ അനാവശ്യമായി ഇടപെട്ടതാണ്' വിഷയ സംബന്ധമായി ശബരിമലയിൽ ഉണ്ടായ വലിയ പിഴവ്.

അനാവശ്യമായി ഇടപെട്ടവർ പിൻവാങ്ങി കഴിഞ്ഞാൽ, സാമാന്യ ബുദ്ധിശക്തി പ്രകാരം 'മാത്രം' വിഷയം അവസാനിക്കുന്നു. പ്രശ്നം വഷളാക്കിയ 'ജനസേവകരായി വേഷം കെട്ടുന്ന അടിമകൾ' മാപ്പ് പറയുകയും, സ്വന്തം കീശയിൽ നിന്നും നഷ്ടപരിഹാരം കൂടി ചെയ്താൽ, നാട്ടിലെ സമാധാനത്തിന് ഭംഗം ഉണ്ടാവില്ല !

(5) കാലത്തിന്റെ ഒഴുക്കിൽ പെട്ട്, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും ചേർന്ന 'ജനങ്ങളുടെ **അടിമകളുടെ' അടിമകളായി പ്രവർത്തിക്കേണ്ടി വന്നതാണ്** പോലീസിൽ **ഇന്ന് കടുത്ത വീഴ്ച്ചയുണ്ടാവാൻ** മുഖ്യ കാരണം. അവർ മനുഷ്യരാണെന്നതു മറന്നുള്ള പരിഹാസവും ഒരു കാരണമാണ്. വിരലിലെണ്ണാവുന്ന മന്ത്രിമാരുടെയും മറ്റും തോന്നിയാസങ്ങളെയും ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും, അനുസരിക്കുന്ന **നാണംകെട്ട** ജീവിതത്തിൽ നിന്നും പോലീസ് സേനക്ക് മുക്തി ഉടൻ! **'ദൈവികമായ പോലീസ് സേനക്ക്' ഉന്നതമായ സ്ഥാനമുണ്ട്. വൈകാതെ** ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷക്കാലം തുടർച്ചയായി **ഓം** മുഴക്കി **ദൈവ വിപ്ലവം** ആരംഭിക്കുമ്പോൾ, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ മാത്രം സേവകരുമായ പോലീസ് സേന, ഗ്രാമ പഞ്ചായത്തുകളുടെ ഭാഗമായി മാറും. അപ്പോഴാണ്, മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ശരിയാണോ' എന്ന് സ്വയം പരിശോധിച്ച് പ്രവർത്തിക്കുന്ന 'ദൈവം സൃഷ്ടിച്ച സ്വതന്ത്ര ജീവികളും യഥാർത്ഥ ജനസേവകരും ജനങ്ങളുടെ ഭാഗവുമായി' പോലീസ് മാറുക. ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ശബരിമലയിലും മറ്റും ദർശനമോ സന്ദർശനമോ നടത്താൻ, ആചാരങ്ങളെ തെറ്റിച്ച് പണി ഇല്ലാതെയും ദുസ്വാർത്ഥങ്ങളോടെയും പോകുന്ന സ്ത്രീകളുടെയും അടിമകളായ മന്ത്രിമാരുടെയും മറ്റും, വാലുപോലെ നടക്കുന്നത് ധർമ്മ ശാസ്ത്ര വിരുദ്ധമാണെന്ന് മനസ്സിലാക്കി സംരക്ഷണം കൊടുക്കാൻ പോലീസ് സേന തയ്യാറായില്ല എങ്കിൽ, മേല്പടി സ്ത്രീ ജനങ്ങൾ മുഖാന്തരം സമൂഹത്തിൽ അശാന്തി ഉണ്ടാകില്ല. മേല്പടി നാണംകെട്ട വാൽപണി സ്വന്തം ചിലവിൽ മന്ത്രിമാരും ജഡ്ജിമാരും ചെയ്ത് വിജയിക്കട്ടെ !

വലിയ ഒരു വിഭാഗം ജനങ്ങളുടെ അടിമകളായി പ്രവർത്തിച്ച്, വളരെപ്പേർക്ക് നന്മ ചെയ്ത് പാപം കുറയ്ക്കാനും, പറ്റിയാൽ പുണ്യം കൂടി നേടാനും അതിനീചരായ പാപികൾക്ക് ദൈവം നൽകിയ അവസരത്തെയാണ് മന്ത്രി എന്ന ലേബലിൽ അനേകർ നഷ്ടപ്പെടുത്തുന്നത്.

അതിഗൗരവമായ ഒരു ദൈവീക പ്രസ്താവനയാണ് മുകളിൽ കൊടുത്തത്. തക്കതായ ആധാരം ഇല്ലാതെ ചെയ്തു കൂടാ.

ആധാരം :- ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതുമായ ഏകദൈവമായ മഹാദേവി ഈയുള്ളവന്റെ നാവിൽ, അക്ഷര ബ്രഹ്മവും, മഹാശാസ്ത്ര മൂലവും മറ്റുമായ ഓം കുറിച്ചിട്ടുണ്ട്; മഹാശിവയുടെ 'മത്സ്യാവതാരം' ഈയുള്ളവനിൽ പ്രവേശിച്ചിട്ടുണ്ട്, ദിവ്യമഹാദർശനം അനേകം തവണ ലഭിച്ചിട്ടുണ്ട്; അനേകം മായാപരമായ മഹാകാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ, മഹാദേവനും പ്രപഞ്ചപിതാവുമായ പരമശിവൻ തുടങ്ങിയ മഹാപദവികളും, ബന്ധപ്പെട്ട അവകാശങ്ങളും അധികാരങ്ങളും ലഭിച്ചിട്ടുണ്ട്. അവയെല്ലാം ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ അവസാനം വിവരിച്ചിട്ടുണ്ട് / തെളിയിച്ചിട്ടുണ്ട്. മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മായാശക്തികളെ ആക്ടിവേറ്റ് ചെയ്തിട്ടില്ല / സമയമായില്ല !

മതപരമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും സാമാന്യ ബുദ്ധിശക്തി/യുക്തി പ്രകാരം പരിപാലിക്കുന്നതിനെ വിവരിച്ചുവല്ലോ. അടുത്തത്, ഭൂമിയിലെ മുഴുവൻ ദേവാലയങ്ങൾക്കും സർവ്വത്തിനും ബാധകമായ 'മഹാശാസ്ത്രം' പ്രകാരമുള്ള ഏറ്റവും ഹ്രസ്വമായ വിശകലനമാണ്. ശാസ്ത്രം സ്ഥാപിച്ചു കഴിഞ്ഞാൽ, ശാസ്ത്രത്തിൽ ലയിച്ച് യുക്തി അവസാനിക്കുന്നതാണ്.

ദൈവം ജീവികളെയും, അവയിൽ ഒന്നായിട്ട്, 'മോക്ഷത്തെ ബന്ധിപ്പിച്ച് കൂടുതൽ ബുദ്ധിശക്തികളും മറ്റു ശക്തികളും, നൽകി മനുഷ്യൻ എന്ന ജീവിയെയും സൃഷ്ടിക്കുന്നു'; എന്നല്ലാതെ; മത-ജാതി രാഷ്ട്രീയ ജീവികളെ സൃഷ്ടിക്കുന്നില്ല.

ദൈവത്തിന്റെ ഖരരൂപവും മണ്ണുമായ ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം കൊണ്ട്, യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവ്, എല്ലാ ആനന്ദങ്ങളെയും ഭൂമിയിൽ നിന്നും നേടിയാണ് ജീവിക്കുന്നത്. **മനുഷ്യൻ എന്ന ജീവി മാത്രമാണ് ദൈവമോ ഭൂമിയോ ശരീരമോ ആവശ്യപ്പെടാതെ, അപക്വമായി ദൈവകാര്യങ്ങളെ അന്വേഷിക്കാനും, അന്വേഷിച്ചവർക്ക് ശരിയെന്നു തോന്നുന്നതും തോന്നിയതുമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ചേർത്ത് മതങ്ങളെ തട്ടിക്കൂട്ടാനും പിൽക്കാലത്ത് അനേകർ തട്ടിക്കൂട്ടിയ അനേകം മതങ്ങളിലെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ കലഹിക്കാനും കൊല്ലാനും യുദ്ധം ചെയ്യാനും ജീവിതം ധാർമ്മികമായി അധഃപതിപ്പിക്കാനും പ്രവർത്തിച്ചു പോരുന്നത്.**

ഇസ്രായേൽ, മക്ക, കൈലാസ നിരകൾ, ശബരിമല എന്നിങ്ങനെ വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മറിച്ച് പൈശാചിക ശക്തികളാണ് നടമാടുന്നത് എന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

ദൈവത്തിന്റെ ആലയം/വീട്, ദൈവം വസിക്കുന്ന വീട്, ദൈവത്തോട് പ്രാർത്ഥിക്കാനും സ്തുതിക്കാനുമുള്ള വീട് എന്നിങ്ങനെ വിവിധ അർത്ഥങ്ങളോടെ മനുഷ്യർ പണ്ടു കാലം മുതൽ ഇന്നും ഉണ്ടാക്കിപ്പോരുന്ന കെട്ടിടങ്ങൾക്ക് ദേവാലയം, പള്ളി, മസ്ജിദ്, ക്ഷേത്രം, മന്ദിരം, എന്നെല്ലാം പേരുകളുണ്ട്. ദേവാലയങ്ങളും മറ്റ് പ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ള ഭൂമിയിലെ എല്ലാ വിഷയങ്ങളെയും സൃഷ്ടി സ്ഥിതി സംഹാരം പ്രകാരം അഥവാ ഭൗതിക-ധർമ്മ- ആത്മീയ ശാസ്ത്രങ്ങൾ ചേർന്ന മഹാശാസ്ത്രം പ്രകാരം വിശകലനം ചെയ്യുന്നതാണ് സദാ മഹാഉചിതം.

(1) സൃഷ്ടിപരം. ദേവാലയങ്ങളെ ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരും അവിടങ്ങളിൽ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഏർപ്പെടുത്തിപ്പോരുന്നു എന്നല്ലാതെ

സർവ്വത്തിനും അതീതവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം, ദേവാലയങ്ങളെ സൃഷ്ടിച്ചിട്ടില്ല;

അതുകൊണ്ടു തന്നെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവത്തിന് വിഷയവുമല്ല; സർവ്വത്തിനും അതീതമാണ് !.

സ്രഷ്ടാവായ ദൈവത്തിന്റെ ആവശ്യത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാവുക എന്നുവച്ചാൽ സർവ്വത്തിനും അതീതമല്ലാതായി ത്തീരുക; ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ ഇല്ലെന്നുകൂടിയാണ് അർത്ഥം. ദൈവത്തിന്റെ ഇഷ്ടങ്ങളെ മനുഷ്യന് നിശ്ചയിക്കാൻ കഴിയില്ല എന്നിരിക്കെ, ഭാവിക്കുന്നതു പോലും കടുത്ത ദൈവ നിന്ദയാണ്.

ദൈവത്തിന് **ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇല്ലേ ?**

സർവ്വത്തിനും അതീതമായ ദൈവം കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം ആനന്ദകരമാക്കാൻ മനുഷ്യർ പാലിക്കേണ്ടതിനായി ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്.

അവയ്ക്ക് ഭൂമിയിലെ മതങ്ങളുമായും മത-ദേവാലയങ്ങളുമായി ബന്ധമില്ല.

മാത്രമല്ല; ദൈവം, മനുഷ്യർക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ള 'ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും' പാലിക്കുന്നതോ, അവ പ്രകാരം നിർമ്മിച്ചതോ ആയ ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല. കേരളത്തിലെ തൃശൂർ വടക്കുംനാഥ ക്ഷേത്രം, മക്ക എന്നിവ അല്പം പരിഷ്ക്കരിച്ചാൽ ദേവാലയങ്ങളായി മാറ്റാൻ കഴിയുന്നതാണ്. www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ദൈവീകമായി മനുഷ്യർ പാലിക്കേണ്ടതായ ആചാരങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് ആവശ്യമായ ധർമ്മ ശാസ്ത്രവും ഒന്നു തന്നെയാണ്.

യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, എന്നീ ശാഖകൾ ഉള്ളതും, യഥാർത്ഥ വേദങ്ങളിൽ രണ്ടാമത്തേതുമായ ധർമ്മ ശാസ്ത്രവും ഭൂമിയിലെ മൂലകങ്ങളിൽ, ഭൗതിക ശാസ്ത്ര ത്തോടൊപ്പം ലയിപ്പിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ധർമ്മ ശാസ്ത്രം മാത്രമാണ് ഭൂമിയിലെ ദേവാലയങ്ങൾ ഉൾപ്പെടെ എവിടെയും പാലിക്കുവാൻ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും സ്വയം ബാദ്ധ്യതയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും; അവയ്ക്കെല്ലാം ഭൗതികമായ അസ്തിത്വവും ഉണ്ട്.

ശബരിമല തീർത്ഥാടന വിഷയത്തിലും മറ്റും കേരളത്തിലെ ഗവണ്മെന്റിന്റെ നിലപാട്, ഇടപെടീൽ എന്നിവ തീർത്തും തെറ്റാണെന്ന് തെളിയിച്ചു കൊണ്ട് വിഷയം തുടരാം.

ദൈവത്തിന്റെ ഖര രൂപവും മണ്ണുമായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം, മണ്ണായ ദേശങ്ങളുടെ **ഭരണഘടന** ആണെന്നും, **ധർമ്മശാസ്ത്രം പ്രകാരമാണ് ഭൂമിയിലെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ഭൂമി മഹാസമനീതിയെ നൽകുന്നത് എന്നും മനസ്സിലാക്കി, ജനസേവകരുടെയും സമസ്ത ജനങ്ങളുടെയും ഭരണഘടനയും ജീവിത-ആചാരങ്ങളുമായി ധർമ്മ ശാസ്ത്രത്തെ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്ന ജനസേവകർക്ക് / ഗവണ്മെന്റിനു മാത്രമാണ് മതങ്ങളെയും, മതദേവാലയങ്ങൾ ഉൾപ്പെട്ട മതാചാരങ്ങളെയും ഖണ്ഡിക്കാനും അവരുടെ വിഷയങ്ങളിൽ ഇടപെടുവാനും യോഗ്യത ഉണ്ടാവുക. തെമ്മാടികൾ = എമ്പോക്കികൾ മാത്രമായ കേരളത്തിലെ ഉൾപ്പെടെ ഭൂമിയിലെ യാതൊരു ഭരണകൂടങ്ങൾക്കും യോഗ്യത ഇല്ല തന്നെ.**

'നീതി വിധിക്കാൻ മനുഷ്യന് അവകാശം ഇല്ല' എന്നും **'കോടതി ധർമ്മ ശാസ്ത്രവിരുദ്ധമാണ്' എന്നും അറിയാത്ത ജഡ്ജിമാർ** ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മറ്റൊരു കൂട്ടം അടിമകളാണ്. അവരുടെ അധമ-തീർപ്പുകളുടെ അടിസ്ഥാനത്തിൽ അജ്ഞാനികളായ ഭക്തരെയും മറ്റും ദ്രോഹിച്ച് ജീവിക്കുന്ന അടിമകളായ മന്ത്രിമാരും, ജഡ്ജിമാരും, ധർമ്മ ശാസ്ത്രത്തെ അനുസരിക്കേണ്ടതിനു പകരം, 'മന്ത്രിമാർ എന്ന അടിമകളുടെ' അടിമകളായി ക്കൊണ്ട് പ്രവർത്തിക്കുന്ന പോലീസ് സേനയും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുകയാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് പാപികളും എന്നതിനാൽ ദൈവം കൈവിടില്ല, പക്ഷേ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാസമനീതി നടപ്പാക്കാൻ ആവശ്യമാകയാൽ ശിക്ഷകൾ ഉറപ്പാണ്.

ഭൂമിയിലെ എല്ലാ ജനങ്ങളും സദാ അനുസരിക്കേണ്ടത് ഭൂമിയുടെ മൂലകങ്ങളിൽ/വസ്തുക്കളിൽ ദൈവം@ഭൂമി ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. പകരം, അധമരായ ജനങ്ങൾ തട്ടിക്കൂട്ടിയ ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും പദവികളെയും അനുസരിക്കുമ്പോഴാണ് പിഴവുകൾ സംഭവിക്കുന്നത്.

പ്രവൃത്തികളിലെ ശരിയും തെറ്റും; പുണ്യവും ശിക്ഷയും നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ദൈവീകമായ നീതിയാണ്. ആകയാൽ വ്യക്തികളെ സംബന്ധിച്ച് സർവ്വ പ്രധാനമായ കാര്യം ദൈവീകമായ ശരിയും നീതിയുമാണ്.

മഹാനീതിയായ ദൈവം ഓരോ വ്യക്തിയുടെയും പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിക്കുമാണ് നീതി നൽകുന്നത്; ജീവികളോ വസ്തുക്കളോ അല്ലാത്തതും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ പ്രസ്ഥാനങ്ങൾക്കല്ല. അപ്പോൾ ഓരോ വ്യക്തിയും / ജീവാത്മാവും ശ്രദ്ധിക്കേണ്ടത് അവരവരുടെ ചിന്തകളും ആശയങ്ങളും അഭിപ്രായങ്ങളും പ്രവൃത്തികളും ധർമ്മ ശാസ്ത്ര പ്രകാരമാവാൻ മാത്രമാണ്. സ്വതന്ത്രമായ ബുദ്ധിശക്തി ഏറെ ലഭിച്ച ഏക ജീവിയായ മനുഷ്യനെ വഴിതെറ്റിക്കാൻ ശാസ്ത്ര വിരുദ്ധമായ ദേവാലയം, മതം, രാഷ്ട്രീയപാർട്ടി തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ പ്രവർത്തിക്കുന്നവർക്ക്/ പരിശ്രമിച്ചവർക്ക് തീർച്ചയായും ദൈവ ശിക്ഷ കൂടുന്നതുമാണ്.

മണ്ണായ ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലെയും ദേശങ്ങളിലെയും വായു, ജലം, ഭക്ഷണ വിഭവങ്ങൾ എന്നിവ അടിസ്ഥാന പരമായി എല്ലാ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും യഥാക്രമം ശ്വസിക്കാനും, കുടിക്കാനും കുളിക്കാനും, ഭക്ഷിക്കാനും കഴിയും, ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് ചേരും എന്നതു പോലെ, ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും, വസ്തുക്കളെയും ഉപയോഗിച്ച് മനുഷ്യർക്ക് നിർമ്മിക്കുന്ന സ്മാർട്ട് ഫോണും ഇന്റർനെറ്റും വാട്സാപ്പും ടെലിവിഷനും വിമാനവും കാറും തീവണ്ടിയും മറ്റുമായ വാഹനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും വീടുകളും കെട്ടിടങ്ങളും ഭക്ഷണങ്ങളും എല്ലാം എല്ലാം പൊതുവായ വസ്തുതകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്ക് ദൈവം സൃഷ്ടിക്കുന്ന ശരീരങ്ങളും രക്തവും അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളുമെല്ലാം ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയിച്ചിട്ടുള്ള ഭൗതിക- ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ കൊണ്ടും ഭൗതിക-അസ്തിത്വം ഉള്ള പൊതുവായ വസ്തുതകളാണ്. **പൊതുവായ മേല്പടി വസ്തുക്കളിലും വസ്തുതകളിലും മതം, ജാതി, മത-ദേവാലയം, രാഷ്ട്രീയം, വർഗ്ഗം, തുടങ്ങിയ വ്യത്യാസങ്ങൾ ഇല്ല തന്നെ; അതായത് അവ ഒരു വ്യക്തിയുടെയോ ഏതാനും/അനേകം വ്യക്തികളുടെയോ സ്വകാര്യം മാത്രമാണ്.**

ദൈവ കാര്യങ്ങളെ കുറിക്കുന്ന മതമോ, ദേവാലയമോ, രാഷ്ട്രീയ പാർട്ടിയോ ഒക്കെ സ്വകാര്യം അല്ലാതെ പൊതുവായത് ആവണമെങ്കിൽ, അവയുടെ ഘടനയും രൂപവും ഭാവവും ഒന്നാവണം, ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക-അസ്തിത്വവും ഉണ്ടാകണം. അങ്ങനെ വരുമ്പോൾ ഒന്നിലധികം മതങ്ങളും രാഷ്ട്രീയങ്ങളും ഏക മഹാശാസ്ത്രത്തിന്റെ ഭാഗമായി മാറുന്നതാണ്. സമസ്ത ദേവാലയങ്ങൾക്കും ഒരേ രൂപവും ഭാവവും ഉണ്ടാകും!

ഭൂമിയിൽ ഇന്നുള്ള മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും, അവിടങ്ങളിലെല്ലാം ഉള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വകാര്യം ആണെന്ന് ശാസ്ത്ര പരമായി തെളിയിച്ചിരിക്കുന്നു, എന്ന് പറയുമ്പോൾ, വ്യത്യസ്ത മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും സ്വകാര്യമാണല്ലോ; മുസ്ലീങ്ങളുടേതാണ് മക്ക; ഹിന്ദുക്കളുടേതാണ് കാശി വിശ്വനാഥ ക്ഷേത്രം, ക്രിസ്ത്യാനികളുടേതാണ് വേളാങ്കണ്ണി പള്ളി എന്നെല്ലാം പെട്ടെന്ന് തോന്നും. ശാസ്ത്ര സത്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത് സാമാന്യ ബുദ്ധി ശക്തി കൊണ്ട് തിരിച്ചറിയാൻ കഴിയുമെങ്കിലും ശ്രമം ഉണ്ടാകുന്നില്ല. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെ മഹാനീതി ശാസ്ത്ര പ്രകാരം ഭൂമിയിലെ സത്യങ്ങളെ സംരക്ഷിക്കാൻ പദ്ധതികളുണ്ട്. മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല; അവകാശവും ഇല്ല എന്ന ഇ-മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

വ്യത്യസ്ത മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും ഉൾപ്പെടെ സ്വകാര്യമായ ഏതൊന്നിനെയും സംരക്ഷിക്കേണ്ടത് ധർമ്മ ശാസ്ത്ര പ്രകാരമാവണം. കാലാവധി ത്തീയതി കഴിഞ്ഞവ ധർമ്മ ശാസ്ത്ര വിരുദ്ധമായി ഭൂമിയിൽ/ സമൂഹത്തിൽ നിലകൊണ്ടാൽ ദോഷങ്ങളും നഷ്ടങ്ങളും ധാർമ്മിക അധഃപതനങ്ങളും ഉണ്ടാകുന്നതാണ്; ന്യൂനശക്തികൾ ഉണ്ടാക്കുന്നതാണ്... ദേവാലയങ്ങളെ ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരും മരണപ്പെടുമ്പോൾ അവരുടെ ശരീരം മണ്ണിൽ അടിഞ്ഞ്; വീണ്ടും മണ്ണിന്റെ സ്വന്തമാകുന്നതു പോലെ ആദ്യ നിർമ്മാതാക്കൾ മരണപ്പെടുമ്പോൾ അവർ ഉണ്ടാക്കിയ മന്ദിരങ്ങൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റേതാകുന്നു.

കുഞ്ഞുങ്ങളായ മനുഷ്യർക്ക് സ്രഷ്ടാവായ ദൈവം അനുവദിച്ചിട്ടുള്ള വ്യക്തി സ്വാതന്ത്ര്യത്തെ സദുപയോഗമോ ദുരുപയോഗമോ ചെയ്ത് വ്യക്തി / വ്യക്തികൾ ആരംഭിച്ചു വച്ച / വാങ്ങിയ / ഉണ്ടാക്കിയിട്ടുള്ള / തട്ടിക്കൂട്ടിയ വസ്തുക്കളെയും മതം ജാതി മത-ദേവാലയം രാഷ്ട്രീയം വർഗ്ഗം തുടങ്ങിയ പ്രസ്ഥാനങ്ങളെയും മരണത്തോടെ കഴിയുമെങ്കിൽ കൂടെക്കൊണ്ടു പോവുക എന്നല്ലാതെ കൈമാറ്റം ചെയ്യാൻ വ്യക്തിക്കോ, സ്വന്തമായ അദ്ധ്വാനം കൊണ്ട് നേടാത്തവ സ്വീകരിക്കാനോ സ്വന്തമാക്കാനോ ജീവിച്ചിരിക്കുന്നവർക്കോ മണ്ണായ ഭൂമി അവകാശം നൽകുന്നില്ല.

www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഉണ്ടാക്കിയ/ ഉണ്ടാക്കിച്ച വ്യക്തികളുടെ സ്വകാര്യം മാത്രമായ മത-ദേവാലയങ്ങളെ പ്പറ്റി പറയുമ്പോൾ, സ്വന്തം കാര്യത്തിൽ ഭൂമിയിൽ നിലനിൽക്കാൻ കഴിവില്ലാത്തവരും, ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം പ്രത്യക്ഷമായി വിധിക്കുന്ന മരണത്തിന് കീഴടങ്ങുന്നവരുമായ ജീവാത്മാക്കൾക്ക് അവർ ഉണ്ടാക്കിയ മന്ദിരങ്ങളെ ഭൂമിയിൽ നിലനിർത്താൻ കഴിയില്ല; കൂടെക്കൊണ്ടു പോവാനും കഴിയില്ല. ധർമ്മ ശാസ്ത്ര പ്രകാരം ഭൂമിയുടെ സ്വന്തമായി മാറുന്ന മതദേവാലയം, മത-രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആഫീസുകളും തുടങ്ങിയവ, സ്ഥാപകരുടെ മരണത്തോടെ പൊതു ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകളും ജനസേവകരുമായ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ വരണം.

'ഇന്ത്യൻ നാഷണൽ കോൺഗ്രസ്' പിരിച്ചുവിടാൻ **ഗാന്ധിജി** ഉപദേശിച്ചതിനെ തള്ളിയവരും ഏവരും അറിയേണ്ടത് എല്ലാ രാഷ്ട്രീയ പാർട്ടികളും കാലാവധി തീയതി കഴിഞ്ഞു; അവയുടെ ചീഞ്ഞളിഞ്ഞ ശവങ്ങൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി നിലകൊണ്ട് സമൂഹത്തിൽ ബഹുവിധ മാരക രോഗങ്ങൾ പരത്തുകയാണ് !

വ്യക്തി / വ്യക്തികൾ ആരംഭിച്ചു വച്ച / ഉണ്ടാക്കിയിട്ടുള്ള / തട്ടിക്കൂട്ടിയ മതം, ജാതി, മത-ദേവാലയം, രാഷ്ട്രീയം, വർഗ്ഗം, തുടങ്ങിയവയിൽ മത-ദേവാലയം, മന്ദിരങ്ങൾ / ആഫീസുകൾ തുടങ്ങിയവ ഭൗതിക അസ്തിത്വം ഉള്ളവയാണ്; ഭൂമിയിലെ വസ്തുക്കളെ സദുപയോഗമോ ദുരുപയോഗമോ ചെയ്ത് ഉണ്ടാക്കിയവയാണ്. അശാസ്ത്രീയമായി ഉണ്ടാക്കിയവ, ബന്ധപ്പെട്ട വ്യക്തികൾക്ക് മഹാനീതി ശാസ്ത്ര പ്രകാരം പാപവും ശിക്ഷകളും തീർച്ചയായും നൽകുന്നതാണ്. ഭൗതിക അസ്തിത്വം ഉള്ളതായ മന്ദിരങ്ങളെയും അവയുമായി ബന്ധപ്പെട്ട മറ്റ് സമ്പത്തുകളെയും ഏറ്റെടുക്കുക എന്നതിൽ മത-ജാതി പരങ്ങളായി തട്ടിക്കൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഭരണകൂടത്തിലെ ഏറെക്കുറെ മുഴുവൻ സേവകർക്കും മുകളിൽ സാമൂഹ്യ സേവനത്തിൽ ഏർപ്പെടുന്ന വ്യക്തി ധാർമ്മികമായി ഉയരുമ്പോഴാണ്, ഭരണകൂടം ശ്രദ്ധിക്കേണ്ടതും ചെയ്യേണ്ടതുമായ വൃദ്ധ സദനങ്ങൾ, അനാഥ മന്ദിരങ്ങൾ, ശ്മശാനം തുടങ്ങിയവ പലപ്പോഴും വ്യക്തി(കൾ) ചെയ്തു തുടങ്ങുന്നത്.

അതേസമയം അടിസ്ഥാന പരമായി സ്വകാര്യമായവ (അവയെ) ആദ്യം ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരുമായ വ്യക്തികളുടെ മാത്രം സ്വന്തമാണ്; സ്വകാര്യമാണ്. കൂട്ടുചേരാൻ തയ്യാറാകുന്ന ഏതൊരാൾക്കും വസ്തുതകളെ മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം വിശദീകരിക്കാൻ കഴിയണം.

വ്യക്തി / വ്യക്തികൾ ആരംഭിക്കുന്ന സ്വകാര്യമായ സംരംഭങ്ങളുടെ സ്വഭാവം മതം, ജാതി, രാഷ്ട്രീയം, വർഗ്ഗം, പ്രാദേശികം, ദേശീയം, എന്നിങ്ങനെ ഇടുങ്ങിയതായാൽ, സമൂഹത്തിന്റെ പൊതുവായ ഐക്യത്തിനും ഐശ്വര്യത്തിനും ദോഷമാകും എന്നു തിരിച്ചറിയാനും, ജനങ്ങളെ ബോധ്യപ്പെടുത്തി തടയാനും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകളും ജനസേവകരുമായ ഭരണകൂടത്തിനു കഴിയണം. സ്വകാര്യമായ രാഷ്ട്രീയ പാർട്ടികളുടെ ഭാഗവും തെമ്മാടികളുമായി ജനസേവകർ അധഃപതിച്ചതിനാലാണ് പുതിയ മതദേവാലയങ്ങളും പ്രസ്ഥാനങ്ങളും നാട്ടിൽ ഉണ്ടാകുന്നത്.!

ദേവാലയങ്ങളെയും രാഷ്ട്രീയ പാർട്ടികളുടെ ആഫീസുകളെയും ഒക്കെ സ്ഥാപകരുടെ മരണത്തോടെ ഏറ്റെടുക്കേണ്ടത് പൊതു ജനങ്ങളുടെ പൊതുവായ ആവശ്യം ആവണം. എന്നാൽ റോഡ് നന്നാക്കണം, കുടിവെള്ളം വിതരണം മുടങ്ങരുത്, ഗ്യാസ് പെട്രോൾ വില കുറയ്ക്കണം, ബസ് ചാർജ് കുറയണം, ട്രെയിൻ വേണം/ കൂടുതൽ വേണം എന്നിങ്ങനെ പൊതുവായ ആവശ്യങ്ങൾ നാട്ടിൽ ഉണ്ടെങ്കിലും, പൊതുജനങ്ങൾ ഇല്ല. മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക അസ്തിത്വം ഇല്ലാത്തതായ മതം, ജാതി, രാഷ്ട്രീയം, തൊഴിൽ വർഗ്ഗം, തുടങ്ങിയ വ്യത്യാസങ്ങൾ പ്രകാരം ഭിന്നിച്ചു ജീവിക്കുകയും കലഹിക്കുകയും കൊല്ലുകയും, യുദ്ധം ചെയ്യുകയും, ഒളിപ്പോര് നടത്തുകയും, വെള്ളപ്പൊക്കവും സുനാമിയും കൊടുങ്കാറ്റും തീപിടിത്തവും പോലെയുള്ള ദുരന്തങ്ങൾ നാട്ടിൽ ഉണ്ടാകുമ്പോൾ കുറെയൊക്കെ ഒന്നിക്കുകയും, ശേഷം വീണ്ടും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി ഭിന്നിച്ചു തമ്മിലടിക്കുകയും ചെയ്യുന്ന അവിവേകികളാണ് ഭൂമിയിലെങ്ങും കൂടുതൽ !

പൊതുജനങ്ങൾ എന്ന പേര് ഉപയോഗിക്കണം എന്നുണ്ടെങ്കിൽ, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി തമ്മിലടിച്ചു ജീവിക്കുന്നവർക്ക് മനുഷ്യരായി പരിണാമം ഉണ്ടാകണം.

(2) സ്ഥിതി പരം.

മഹാനീതിയായ ദൈവത്തിന്റെ ഖര രൂപമായ ഭൂമിയുടെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ പ്രത്യക്ഷ ദൈവാംശമായ ശരീരത്തിലൂടെ, സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ വ്യത്യാസങ്ങളെ സൃഷ്ടിച്ചു കൊണ്ട് 100 മനുഷ്യ ജന്മങ്ങളിലൂടെയാണ് **ഭൂമി @ ദൈവം മനുഷ്യർക്ക് മഹാസമനീതിയും, ഭൂമിയിൽ നിന്നും മോക്ഷവും നൽകുന്നത്. ജന്മഗുണങ്ങളെ തുല്ല്യമാക്കിയാൽ, ഉദാഹരണമായി, സൗന്ദര്യം തുല്ല്യമായാൽ എല്ലാവരും ഒരേപോലെ ആയിരിക്കും, സ്ത്രീ പുരുഷ വ്യത്യാസം പോലും സാദ്ധ്യമാവില്ല. ഒരു ജന്മത്തിലെ തുച്ഛമായ ആയുസ്സുമായി ഭൂമിയിലെ ഏതെങ്കിലും പ്രദേശത്ത്, അടിസ്ഥാന പരമായി ഭൂമിയുടെ ഇഷ്ടം അനുസരിച്ച് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ബുദ്ധി ശക്തി കൂടുതൽ ലഭിച്ച വിവരദോഷികൾ മതം, ജാതി, രാഷ്ട്രീയം, വർഗ്ഗം, പ്രാദേശികം, ദേശീയം, എന്നിങ്ങനെ ഇടുങ്ങിയ ചിന്താഗതികളുമായി സമൂഹത്തിലെ ശാന്തിയും സമാധാനവും സന്തോഷവും കെടുത്തുന്ന പ്രവൃത്തികളെ ചെയ്യുന്നത് കടുത്ത അപരാധമാണ്. ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്. ഒരു ജന്മഗുണത്തിൽ പോലും സമനീതി നടപ്പാക്കാൻ കഴിയാത്ത മത-രാഷ്ട്രീയ നേതാക്കൾ, ദൈവത്തിന്റെ മഹാനീതി കാര്യങ്ങളെ കുറിച്ച് ഏകദേശമായ അറിവ് നേടാൻ പോലും ശ്രമിക്കാതെ, വിഡ്ഢിത്തങ്ങൾ പുലമ്പുന്നത് അവർക്കു വേണ്ടി അവസാനിപ്പിക്കണം; അതീവ ജാഗ്രതയും പുലർത്തണം.**

ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർക്ക് ചുറ്റുമുള്ള ജനങ്ങളെ 'കള്ളങ്ങളും തെറ്റുകളും' പഠിപ്പിക്കാതെ; പാപങ്ങളും ദൈവ ശിക്ഷകളും സമ്പാദിക്കാതെ, അവരവർക്കു വേണ്ടി ശ്രദ്ധിക്കാനുള്ള സ്വയം ബാദ്ധ്യതയുണ്ട്. മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ തലമുറകളായി ചെയ്തു പോരുന്ന പാപക്കറ ഉടൻ കഴുകിക്കളയുക. സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ ഒന്നു മാത്രമാണ് ബുദ്ധിശക്തി. ചുറ്റുമുള്ള മനുഷ്യർക്കും, മൃഗങ്ങൾ-പക്ഷികൾ-സസ്യങ്ങൾ-മത്സ്യങ്ങൾ എന്നിങ്ങനെ മറ്റുള്ള ജീവികൾക്കും ബുദ്ധിശക്തികളെ ഓംകാര നീതിശാസ്ത്ര പ്രകാരം ഏറ്റക്കുറച്ചിലുകളോടെ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും മഹാസമ ആനന്ദം എന്ന മഹാസമനീതിയെ വ്യവസ്ഥ ചെയ്യുന്ന മഹാആവിഷ്ക്കാരമാണത്. ജന്മഗുണമായി വ്യവസ്ഥ ചെയ്തിട്ടുള്ള ബുദ്ധിശക്തിയിൽ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ സമം ആയാൽ തൊഴിൽ അഭിരുചി എന്ന ജന്മഗുണത്തെ സ്ഥാപിക്കാൻ കഴിയുന്നതല്ല. സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ എന്നിങ്ങനെ ഏതെങ്കിലും ഒരാളുടെ ബുദ്ധിശക്തി മാത്രം നൽകേണ്ടുന്ന അവസ്ഥയാണ് ഉണ്ടാവുക. ഉദാഹരണത്തിന്, എല്ലാവരും ഡോക്ടർമാർ ആയാൽ, കൃഷി, നെയ്ത്, തയ്യൽ, മേശിരി, ആശാരി, ലേബർ, ഡ്രൈവർ, മുക്കുവൻ, വിമാന പൈലറ്റ്, തുടങ്ങിയ തൊഴിലുകളും, ചെയ്യാൻ ആളും ഇല്ലാത്ത അവസ്ഥ ഉണ്ടാകും. ഇനി ഭൂമിയിലൊക്കെയും ഇന്നുള്ള 800 കോടി ജനങ്ങളും മറ്റൊരു രാജ്യത്തിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. സമ്പൂർണ്ണ സാക്ഷരത ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും ഏറെ ചിന്തിക്കുക. അതായത്, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. (ഓരോ ജന്മ ഗുണവും അതേപോലെ അതീവ ഗൗരവമാണ്).

കൃഷിക്കാർ, മുക്കുവർ, തുടങ്ങിയ സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും കൂടുതൽ ബുദ്ധിശക്തി ലഭിച്ചാലും, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. ദൈവം കുഞ്ഞുങ്ങളായ മനുഷ്യരുടെ നല്ലതിനു വേണ്ടി നൽകുന്ന ബുദ്ധിശക്തികളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുമ്പോൾ, ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ,

ബുദ്ധിശക്തി കുറച്ചു ലഭിച്ചവരെ മന്ദബുദ്ധി, ബുദ്ധിയില്ലാത്ത കഴുത എന്നെല്ലാം വിളിച്ചാൽ, അറിഞ്ഞും അറിയാതെയും അവർ ആക്ഷേപിച്ചത് മഹാനീതിയായ ദൈവത്തെയാണ്.

മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിക്കോ, മഹാപിതാവും മഹാനീതിപതിയും പരമശിവനുമായ മഹാദേവനോ കുഞ്ഞുങ്ങൾ തങ്ങളെ ആക്ഷേപിക്കുന്നതിന്റെ പേരിൽ ശിക്ഷിക്കുന്നതല്ല. എന്നാൽ അവർ വേദനിപ്പിച്ച 'ബുദ്ധിശക്തി കുറച്ചു ലഭിച്ച കുഞ്ഞുങ്ങൾ' വേദനിക്കുന്നതിന്റെ അളവിന് ആനുപാതികമായി ശിക്ഷിക്കേണ്ടി വരും! ആകയാൽ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ ജാഗ്രത കാട്ടണം.

മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.'

ജീവിതം ആനന്ദിക്കാനാണ്; അന്യോന്യം ഭരിക്കാനല്ലാ.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കു നിയോഗിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ അടിമകൾ വഴിപിഴച്ചതു കാരണം, മറ്റുള്ള ജീവികൾക്കുള്ള സ്വാതന്ത്ര്യവും സന്തോഷവും പോലും മനുഷ്യർക്ക് ഇല്ലാതെ വന്നു.

സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയെല്ലാം ജനിപ്പിക്കുന്നത് / ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുകയാണ് ജീവികളെല്ലാം ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ഭൗതിക ശാസ്ത്ര സാങ്കേതിക നിയമങ്ങളും വികസനങ്ങളും കൊണ്ട് അനന്തമായ ആനന്ദങ്ങളെ നേടാനും കൂടുതൽ ആനന്ദിച്ചു ജീവിക്കാനുമാണ് മനുഷ്യർ പ്രയത്നിച്ചു പോരുന്നത്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം, സൃഷ്ടികൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകുന്നു; ജീവാത്മാക്കളായ കുഞ്ഞുങ്ങൾ സ്വീകരിക്കുന്നു.

Life is to Enjoy;
Not for Ruling in between.

The Slaves living at the expense of the people who were assigned to do the general needs of the people gave up Virtues, and People are at the state of Not getting the Freedom and Joy of the other creatures even !

The Purpose of Creation of all Creatures, including human beings, are born to live; all creatures are living & Life is to Enjoy. Human beings are trying to achieve endless pleasures and enjoy life with the science and technology techniques and development. GOD who created the Infinite Pleasures is beyond all the pleasures, supplies/ delivers the endless joy / pleasures to human beings with Supreme Motherly love; the Creatures@ Children@Souls receive it.

100 **മനുഷ്യ ജന്മങ്ങളിലൂടെ ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങളെയെല്ലാം അറിയാനും അനുഭവിക്കാനും, ശേഷം നക്ഷത്രം എന്ന മോക്ഷം നേടുമ്പോൾ, അനന്ത കാലം ആനന്ദങ്ങളെ ആസ്വദിക്കാനുമാണ് ജീവിതം. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് മനുഷ്യാവസ്ഥയിൽ എത്തിയിട്ടുള്ള മനുഷ്യന്, ജന്തുനീതി ചെയ്യാനുള്ള അവകാശവും പോലീസ് അധികാരവും മൃഗാവസ്ഥയിൽ നേടിയ മുൻസ്വത്താണ്; മനുഷ്യാവസ്ഥയിൽ കൂടുതൽ അവകാശവും അധികാരവും കൈവരികയാണ്. എന്നാലും സ്വന്തം ആവശ്യമായി ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കുന്ന നിലയിലേക്ക് വ്യക്തി ഉയരുകയും വേണം.**	The Human Life is to know & enjoy the infinite pleasures from Earth in a life span of 100 Reincarnations, and then avail Moksham @ Salvation wherein enjoy the Pleasures for Infinite Time as Star ō . The human state reached after the respective evolutions from fish- plant- bird - animal empower Human beings with the Animal Justice with Police Powers pre-secured at the Animal stage. Although the Rights & Power increase in the human stage, a person be stuck to the Science of Duties & Justice for Him.

ജീവിതത്തിന്റെ ഉദ്ദേശത്തെ മനസ്സിലാക്കാൻ ശ്രമിക്കുക പോലും ചെയ്യാതെ വലിയ ഒരു വിഭാഗം രാഷ്ട്രീയ ഭരണാധികാരികളും ഉദ്യോഗസ്ഥരും തോന്നും പോലെ പ്രവർത്തിച്ച് പാപവും ശിക്ഷകളും വാരിക്കൂട്ടുകയാണ്. മറ്റൊരിടത്ത്, ജനങ്ങളെ ചൂഷണം ചെയ്ത് ഭൗതികമായ ആനന്ദങ്ങളെ സ്വന്തമാക്കി ജീവിക്കുന്ന മതപ്പരിഷകൾ **ജനങ്ങളുടെ ജനനത്തെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിക്കുന്നു !**

ധർമ്മ ശാസ്ത്രം പ്രകാരം ആനന്ദിച്ചു ജീവിക്കുക എന്നതിനു പകരം ജീവിക്കാൻ ആവശ്യമില്ലാത്ത ദൈവകാര്യങ്ങളിൽ മനുഷ്യൻ ഇടപെട്ടു കൂടാ. ദൈവത്തിന്റെ 'മഹാജ്ഞാനം കൂടിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' പ്രകാരമല്ലാത്ത യാതൊന്നും ദൈവീകമല്ല. ദൈവകാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്ര കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ, ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിൽ മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കുമ്പോൾ മാത്രമാണ് ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയശാസ്ത്രത്തെ സമ്പൂർണ്ണമായി പഠിക്കാനും പഠിപ്പിക്കാനും മനുഷ്യൻ യോഗ്യത നേടുക.

ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, തങ്ങൾക്ക് ശരിയെന്നു തോന്നുന്നതോ, ആരെങ്കിലും തട്ടിക്കൂട്ടിയതോ ആയ കാര്യങ്ങളെ ന്യായീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും തയ്യാറായാൽ ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല എന്നാണ് അർത്ഥം. ദൈവം പാതി, മനുഷ്യൻ പാതി എന്നതിൽ സ്വന്തം പകുതി സംശുദ്ധമാവാൻ ഓരോരുത്തരും ശ്രദ്ധിക്കണം.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ഓംകാര **നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ എല്ലാ ജന്മഗുണങ്ങളെയും, അവ പ്രകാരം മഹാസമനീതി നൽകുന്നതിനെയും വിശദീകരിച്ചിട്ടുണ്ട്.**

വീണ്ടും ദേവാലയ കാര്യങ്ങളെ കുറിച്ച് തുടരാം :

ശബരിമല, മക്ക, ജെറുസലേം, വേളാങ്കണ്ണി തുടങ്ങിയ ഏതൊരു ദേവാലയ കാര്യത്തിലും പരമമായ ദൈവീക ശരി അന്വേഷിക്കാനും അറിയാനും ജനങ്ങളെ പഠിപ്പിക്കാനും പരിശ്രമിക്കേണ്ടത് മുഖ്യമായും രണ്ടു വിഭാഗം മനുഷ്യരുടെ കടമകളിൽ പെടുന്നുണ്ട്. (1) ബുദ്ധിശക്തികളും സൗകര്യങ്ങളും അവസരങ്ങളും (ദൈവത്തിൽ നിന്നും) കൂടുതൽ ലഭിച്ച വ്യക്തികൾക്ക് സാമൂഹ്യ കടമയുണ്ട്; സ്വയം ബാദ്ധ്യതയുമാണ്. (2) ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ശ്രദ്ധിക്കേണ്ടവരും, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ 'മന്ത്രിമാരും രാജാവും ഉൾപ്പെടെയുള്ള ജനസേവകർ എന്ന അടിമകളുടെ കടമകളിൽ പെടുന്നു.'

(1) ബുദ്ധിശക്തിയും വിവേകവും വിജ്ഞാനവും ഏറെയുണ്ടെന്നും, തങ്ങളുടെ വിശ്വാസങ്ങൾ മാത്രമാണ് ശരിയെന്നും ഉറപ്പിച്ചു വിശ്വസിക്കുന്നവർ വർദ്ധിച്ചിട്ടുണ്ട്. മതപരമായും രാഷ്ട്രീയപരമായും മറ്റുള്ള അനേകർ വളരെ അധഃപതിച്ചു കഴിയുന്നു എന്ന് കരുതുന്നവരും ഉപദേശിക്കുന്നവരും വർദ്ധിച്ചിട്ടുണ്ട്. വ്യക്തികളെ സംബന്ധിച്ചിടത്തോളം അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്. ഭൂരിപക്ഷം വരുന്ന 'സാധാരണ ജനങ്ങളായ ദൈവത്തിന്റെ കുഞ്ഞുങ്ങളെ' മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകൾ കൊണ്ട് വഴിതെറ്റിച്ചതും മനസ്സു കൊണ്ട് മനുഷ്യൻ അല്ലാതാക്കിപ്പോരുന്നതും എക്കാലവും ന്യൂനപക്ഷം വരുന്ന ബുദ്ധിജീവികളാണ് അഥവാ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവരാണ്. സാധാരണ ജനങ്ങളെ വഴിതെറ്റിച്ച ബുദ്ധിജീവികൾക്ക് പണ്ടും ഇന്നും വഴിതെറ്റിയതു കൊണ്ടാണ് ധാർമ്മിക അധഃപതനം സംഭവിച്ചത്. ബുദ്ധിജീവികൾക്ക് എന്തുകൊണ്ടാണ് വഴിതെറ്റിയത്?

അധർമ്മങ്ങളും, ദുസ്വാർത്ഥങ്ങളും മാത്രമല്ലാ കാരണം. ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല. മറ്റുള്ളവരുടെ വിശ്വാസങ്ങൾ തെറ്റിയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ സ്വന്തം വിശ്വാസങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ തയ്യാറാകുന്നില്ല എങ്കിൽ, ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിക്കാത്തവരാണ്. പരിശോധിക്കേണ്ടത് എങ്ങനെയാണ് ?

സനാതനമായ അഥവാ എക്കാലവും മാറ്റമില്ലാത്ത ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊരു കാര്യവും പരിശോധിക്കേണ്ടത്. രോഗ നിർണ്ണയം, മരുന്നുകൾ, രക്തം, മൂത്രം, എക്സ്റേ, സ്കാൻ തുടങ്ങി സർവ്വതും ഭൗതിക ശാസ്ത്ര പരമായി ലാബിൽ ടെസ്റ്റ് ചെയ്യാൻ തയ്യാറാകുന്ന എല്ലാ മത-പുരോഹിതന്മാരും മത-വിശ്വാസങ്ങളെ കലർത്താൻ വന്നാൽ, മതപ്പരിഷകളെ ആട്ടിയകറ്റണം; ശാസ്ത്രപരമായി മാത്രം പരിശോധിക്കണം. തെറ്റുകളെ തിരുത്തുകയും വേണം. മുമ്പ് വ്യക്തമാക്കിയതു പോലെ, ഒരു ജന്മത്തിലെ തുച്ഛമായ ആയുസ്സുമായി ഭൂമിയിലെ ഏതെങ്കിലും പ്രദേശത്ത്, അടിസ്ഥാന പരമായി ഭൂമിയുടെ ഇഷ്ടം അനുസരിച്ച് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ബുദ്ധി ശക്തി കൂടുതൽ ലഭിച്ച വിവരദോഷികൾ തജ്ജന്മത്തിലെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകളെ അധമങ്ങളും അബദ്ധങ്ങളും മണ്ടത്തരങ്ങളും ദുസ്വാർത്ഥങ്ങളും എന്നെല്ലാം തിരിച്ചറിഞ്ഞു തിരുത്തി ജീവിക്കണം.

(2) മതപ്പരിഷകൾ ജനങ്ങളെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിച്ച്, ചൂഷണം ചെയ്ത് ജീവിക്കുന്നതിൽ പങ്കുചേരാൻ മന്ത്രിമാരും മറ്റുമായ അടിമകളും തയ്യാറായിരിക്കുന്നു !

സമൂഹത്തിലെ ഒരു വ്യക്തിയോ അനേകം വ്യക്തികളോ, മത വിശ്വാസം, ആചാരം, അനുഷ്ഠാനം, ദേവാലയം, തുടങ്ങിയവയിൽ പ്രവർത്തിക്കുന്നതോടൊപ്പം തട്ടിപ്പുകൾ കൂടി നടത്തി ചൂഷണം ചെയ്യുന്നതിനെ അറിഞ്ഞിട്ടും, തിരുത്താനും നേർവഴിക്ക് നയിക്കാനും ശ്രമിക്കാതെ അടിമകൾ പ്രവർത്തിക്കുന്നത് കടുത്ത അപരാധമാണ്. മകരവിളക്ക് തട്ടിപ്പ് അടുത്ത കാലം വരെ അരങ്ങേറിയതും, കള്ളവിളക്കാണെന്ന് തെളിഞ്ഞിട്ടും തുടരുന്നതും പോലെ വ്യത്യസ്ത മത-ദേവാലയങ്ങളിലെ എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും അടിസ്ഥാന പരമായി ഭൗതിക അസ്തിത്വം ഇല്ലാത്തതായ തട്ടിപ്പുകൾ മാത്രമാണ്.

ദൈവത്തിന്റെ നീതി കാര്യങ്ങളെപ്പറ്റി യാതൊന്നും അറിയാത്തവരും, ഇടപെടാൻ കഴിയാത്തവരും, ശ്രമിച്ചു കൂടാത്തവരും, ഓരോരോ അബദ്ധങ്ങളും അധമത്തങ്ങളും കാട്ടിക്കൂട്ടിയിട്ട്, തങ്ങൾ ചെയ്തതാണ് ശരിയെന്നും, ദൈവം അതിനെ ശരിവെക്കുന്നു എന്ന നിലയിൽ പ്രവർത്തിക്കുന്നതും, അറിഞ്ഞും അറിയാതെയും ചെയ്യുന്ന ദൈവ നിന്ദയാണ്. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും. നീതി വിധിക്കാനുള്ള യോഗ്യത ഇല്ലാത്ത മനുഷ്യർ നീതി വിധിക്കേണ്ട.

ധർമ്മശാസ്ത്ര പരമായ പ്രവൃത്തികൾ മാത്രമാണ് തൊഴിൽ. തൊഴിലുകൾക്കെല്ലാം ഭൗതിക അസ്തിത്വം ഉണ്ട്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രീയവുമായ 4 വിഭാഗങ്ങളായിട്ട് ഭൂമിയിലെ എല്ലാ തൊഴിലുകളും വിഭജിച്ചിരിക്കുന്നു. തൊഴിലുകളെല്ലാം മണ്ണുമായിട്ട് അഥവാ ഭൂമിയുമായിട്ട് അഥവാ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു. മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ആവർത്തിക്കുന്നു : ഭൂമിയിലുള്ള മതങ്ങൾ മുഴുവൻ ദൈവീകമല്ലെന്നും, പൈശാചികമാണെന്നും, മതജാതി-രാഷ്ട്രീയ നിയമങ്ങളെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നവരും, പ്രചരിപ്പിക്കുന്നവരും, പാലിക്കുന്നവരും, കടുത്ത ദൈവ നിന്ദ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ മതങ്ങളും മതപുരോഹിതരും തന്നെ/മറ്റും അവരറിയാതെ മുന്നോട്ടു വെക്കുന്ന ശാസ്ത്രീയ മാർഗ്ഗമാണ് സ്തുതികളും ആരാധനകളും..... എങ്ങനെയെന്നാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടികളുടെ സ്തുതികളിലും ആരാധനകളിലും വഴിപാടുകളുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രീതിപ്പെടുകയില്ല. എന്നു മാത്രമല്ല, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനായി ദൈവം നൽകിയ/ നൽകുന്ന ശക്തിയും സമ്പത്തും വസ്തുക്കളും സമയവും മറ്റും പാഴാക്കുന്നതിന് ശിക്ഷിക്കുന്നതുമാണ്.

പ്രീതിപ്പെട്ടാൽ, ഇന്നത്തെ സർക്കാർ ആഫീസുകളെയും മത-ദേവാലയങ്ങളെയും പോലെ ദൈവം @ സത്യധർമ്മനീതികൾ അധഃപതിക്കും; സൃഷ്ടികളായ പഴയ കാല ദേവതകളും മനുഷ്യരും ഏറെക്കുറെ പൂർണ്ണമായും അധഃപതിച്ചു കഴിഞ്ഞു.....

ദേവാലയം

യഥാർത്ഥ ദേവ / വേദ ഭാഷയായ മലയാള ഭാഷയിലെ ദേവാലയം എന്ന പേര് കൂടുതൽ നന്ന്.

ദേവനും ദേവിയുമായ ദൈവത്തിന്റെ ആലയം അഥവാ വീട് എന്നു പേരിടുന്നതും, ദേവാലയം നിർമ്മിക്കുന്നതും മനുഷ്യർക്കു വേണ്ടി ത്തന്നെയാണ്. ദൈവം, സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതാനും മഹാസമനീതി എന്ന മഹാസമആനന്ദത്തെ ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകാനുമായി മഹാവാത്സല്ല്യത്തെ സമസ്ത ജീവികളോടുമുള്ള ദൈവത്തിന്റെ ഏക-മഹാആനന്ദമായി നിശ്ചയിച്ചിരിക്കുന്നു എന്ന് മുമ്പ് തെളിയിച്ചിരുന്നു. അതേപോലെ കുഞ്ഞുങ്ങളുടെ ഇഷ്ടത്തെ ധർമ്മ ശാസ്ത്ര പ്രകാരം അനുവദിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് പ്രാർത്ഥിക്കാനും, ദൈവത്തെ ഒരല്പം സ്തുതിക്കാനും ദേവാലയം നിർമ്മിക്കാൻ അനുവദിക്കുന്നതായി മനസ്സിലാക്കാം.

ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തോടെ' ഭൂമിയിലെ എല്ലാ ദേവാലയങ്ങൾക്കും ഒരൊറ്റ ഘടനയും രൂപവും സ്വഭാവവും ഉണ്ടാകുന്നതാണ്. ദേവാലയം എന്ന പേരിൽ ഒരു ആലയം ദൈവത്തിന് നൽകിക്കഴിഞ്ഞാൽ പിന്നെയത് ദൈവത്തിന്റേതാണ്. ദൈവത്തിന് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് ദൈവത്തിന്റെ ആലയമായ ദേവാലയത്തിനും ബാധകമാണ്. ആത്മനിർവൃതിക്കും പ്രാർത്ഥനയ്ക്കും മറ്റും സന്ദർശനം നടത്തുന്ന വ്യക്തികൾ/ ഉപയോഗിക്കുന്നവർ ദേവാലയത്തെ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക എന്നല്ലാതെ ദൈവത്തിന് ജോലിക്കാരെ വേണ്ടാ. പിന്നീട് വിശദീകരിക്കുന്നുണ്ട്.

മഹാപ്രപഞ്ചം മുഴുവനും ദൈവത്തിന്റെ സമ്പത്താണ്. സ്വകാര്യമായോ, ഏതെങ്കിലും പ്രദേശത്തുള്ള (സമൂഹത്തിലെ) ജനങ്ങൾ ഒന്നിച്ച് പൊതുവായോ, ഭൂമിയിൽ എവിടെ നിർമ്മിക്കുന്ന ദേവാലയങ്ങളും, ഗൃഹങ്ങളും ഉൾപ്പെടെയുള്ള ഏതൊരു സ്ഥാപനങ്ങളും, ഉണ്ടാക്കിയവരുടെ അഥവാ ഉണ്ടാക്കിച്ചവരുടെ മരണത്തോടെ, ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ ഭാഗമായി മാറുന്നതു പോലെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ (മാത്രം) സ്വത്തായി മാറുന്നതാണ്. മക്കൾക്കും ഉറ്റവർക്കും സമ്പത്തുകളെ കൈമാറാൻ വ്യക്തികൾക്ക്, രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രം പ്രകാരം, അനുവാദം ഇല്ല. സ്വകാര്യങ്ങൾ, വ്യക്തിയും ഭാഗമായ ഇണയും മരിക്കുന്നതു വരെ മാത്രം. ആകയാൽ, മഹാശാസ്ത്ര പ്രകാരം അല്ലാതെ, ഭവനത്തിന്റെ ഭാഗമായി വ്യക്തികൾ, ഉണ്ടാക്കുന്ന ദേവാലയങ്ങൾ, ഉണ്ടാക്കിയ/ ഉണ്ടാക്കിച്ച ആദ്യ വ്യക്തികളുടെ മരണത്തോടെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച ജനസേവകർ @ മന്ത്രിമാർ @ ജനങ്ങളുടെ അടിമകൾ ഏറ്റെടുക്കേണ്ടതും, മഹാശാസ്ത്രപരമല്ലാത്തവയെ പൊളിച്ച് / പരിണമിപ്പിക്കുകയും ചെയ്യേണ്ടതാണ്. ദേവാലയം സ്വകാര്യമല്ല എന്നു കൂടിയാണ് സുവ്യക്തമാക്കിയത്.

ദേവാലയത്തിൽ എന്തെല്ലാം ഉണ്ടായിരിക്കണം എന്നു നോക്കാം :

ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നതിനു വേണ്ടി മനുഷ്യർ നിർമ്മിച്ച് ദേവാലയം എന്ന പേരിട്ടിരിക്കുന്നതായ ദൈവത്തിന്റെ വീട്ടിലേക്ക് ഏതൊരു മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ഏതൊരു സമയത്തും കയറിവരാനും പ്രാർത്ഥിക്കാനും ആരാധിക്കാനുമുള്ള സൗകര്യം ദേവാലയത്തിൽ ഉണ്ടാവണം. ദേവാലയത്തിലേക്ക് വരുന്നവരെ തടസ്സപ്പെടുത്തുന്ന വാതിലുകളും അടപ്പുകളും (കതകുകളും) മാനുഷിക പരിശോധനകളും മറ്റും ഉണ്ടായിരിക്കാൻ പാടില്ല.

ദൂരെ സ്ഥലത്തുനിന്നും ദേവാലയത്തിൽ വരുന്നവർക്ക് തങ്ങളുടെ ശരീരവും വസ്ത്രവും ശുചിയാക്കാനുള്ള സംവിധാനങ്ങളായ കിണർ അഥവാ കുളം, കുളിക്കാനും മല-മൂത്ര വിസർജ്ജനങ്ങൾക്കുമായി ശൗചാലയം എന്നിവ ഉണ്ടാവണം.

ദൈവത്തെ ആരാധിക്കാനും ദൈവത്തോട് പ്രാർത്ഥിക്കാനും വരുന്ന പുരുഷന്മാർ ശൗചാലയത്തെ ശുദ്ധമായി സംരക്ഷിക്കുന്നുവോ എന്ന് അത്യാവശ്യമായും അറിയുകയും, തോന്നിയാൽ നേരിട്ട് പരിശോധിക്കുകയും /ആവശ്യമെങ്കിൽ സ്വയം ശുചിയാക്കുകയും വേണം. സാമ്പത്തിക ശക്തി കുറവുള്ള ഒരു ജനതയാണ് നാട്ടിലുള്ളതെങ്കിൽ, മനുഷ്യരുടെ ശരീര-ശുദ്ധിക്ക് ഉതകുന്നതായ നല്ല ശൗചാലയം ഉണ്ടാക്കുകയും സംരക്ഷിക്കുകയും ചെയ്യുക. **സമൂഹത്തിന് ഏറ്റവും അത്യാവശ്യമായ ശൗചാലയം തന്നെയാണ് ആദ്യ-ദേവാലയം.** ശരീരത്തെ ശുദ്ധമാക്കുകയും, മല-വിസർജ്ജനങ്ങളെ നിർവ്വഹിച്ച് ആശ്വസിക്കുകയും ചെയ്യുമ്പോൾ ഒരു നിമിഷം ദൈവത്തെയും ഓർത്തുകൊള്ളും. മഹാശക്തിയായ ദൈവത്തെ ഒരു ജീവിയെന്ന പോലെ മഹാദേവിയായി കണക്കാക്കുമ്പോൾ, ജീവിയായ മഹാദേവിക്ക് ജീവിക്കാൻ ഏറ്റവും അത്യാവശ്യമായ ശുദ്ധിയുള്ള ശൗചാലയം നിർമ്മിക്കുന്നതായി കണക്കാക്കിയാൽ മതിയാകും. കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം കക്കൂസുകൾ വേണ്ടാ എന്നതുപോലെ മഹാമാതാവിനും, മക്കളായ മനുഷ്യർക്കും പ്രത്യേകം കക്കൂസുകൾ വേണ്ട.

സാമ്പത്തിക ശക്തി മെച്ചമായുള്ള ഒരു ജനതയാണ് നാട്ടിലുള്ളതെങ്കിൽ, ചുവടെ ശാസ്ത്രപരമായി വിവരിക്കും പോലെയുള്ള താമസ സൗകര്യം മഹാദേവിക്ക് ഉണ്ടാക്കി ക്കൊടുക്കുക.

മഴയും വെയിലും ഏൽക്കാൻ കഴിയുന്നതും സൂര്യപ്രകാശം ലഭിക്കുന്നതുമായ പരമാവധി 100 ഏക്കർ വരെ സ്ഥലം ദേവാലയത്തിന് ആവാം; വൃത്താകൃതിയിൽ, ഒരു ചെറിയ കുന്നിൻപുറം പോലെ.

കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രത്തിന്റെയും സൗദി അറേബ്യയിലെ മക്കാ-പള്ളിയുടെയും പരിഷ്ക്കരിച്ച ഒരു ശാസ്ത്ര രൂപമാണ് ചുവടെ വിവരിക്കുന്നതെന്നു പറയുമ്പോൾ, നിർമ്മാണ കാര്യങ്ങൾക്ക് എളുപ്പവും സുവ്യക്തതയും ഉണ്ടാകുന്നതാണ്.

സ്ഥല വിസ്തീർണ്ണം 100 ഏക്കറിൽ കൂടാത്തതു നല്ലത്, എത്ര വേണമെങ്കിലും കുറയാം. 10 ഏക്കറാവാം. 1 ഏക്കറാവാം. അതിലും കുറയാം. പുര അഥവാ വീട് വയ്ക്കാനുള്ള ഇടമാകയാൽ പുരയിടം എന്നു പറയുന്നു.100 ഏക്കറുള്ള സ്ഥലത്തെപ്പറ്റി പറയുമ്പോൾ, വാഹനത്തിന് ചുറ്റിക്കറങ്ങാവുന്ന റിംഗ് റോഡ് ഉണ്ടാക്കുക. പുരയിടത്തിന്റെ കേന്ദ്രത്തിൽ സുമാർ 1 ഏക്കർ വരുന്ന സ്ഥലം നിരപ്പാക്കുക. 4 ദിക്കുകളിൽ കൂടിയും പുരയിടത്തിന്റെ കേന്ദ്രത്തിലേക്ക്, പരമാവധി 10 പേർക്ക് നിരന്ന് നടന്നു പോകാവുന്ന തരത്തിൽ നടപ്പാത നിർണ്ണയിക്കുക. അതായത് 4 ദിക്കുകളിൽ കൂടിയും മഹാദേവിക്ക് നിർമ്മിക്കുന്ന വീട്ടിലേക്ക് പോകാൻ കഴിയണം. 4 നടപ്പാതകൾ. മദ്ധ്യത്തിലായിട്ട് വൃത്താകൃതിയിൽ 1 ഏക്കർ സ്ഥലമോ, 10 സെന്റ് സ്ഥലമോ, മഹാദേവിയുടെ മഹാ-പുരയ്ക്കായി മാറ്റിവയ്ക്കുന്നു. മഹാപുര എന്ന ഇരിപ്പിടത്തെപ്പറ്റി പിന്നീട് വിസ്തരിക്കാം. 4 നടപ്പാതകളും ചെന്നു ചേരുന്നത് മേല്ക്കൂരയുള്ളതും കല്ലുപാകിയിട്ടുള്ളതുമായ ഒരു നടപ്പന്തലിന് ഇടയിലൂടെ മഹാശിവലിംഗ-പ്രതിഷ്ഠയുടെ ചുറ്റുമുള്ള മണ്ണുകൊണ്ടുള്ള റിംഗ് പാതയിലേക്കാണ്.

നടപ്പന്തലിന്റെ ഉള്ളിലൂടെ മണ്ണ് കൊണ്ടുള്ള നടപ്പാത തന്നെ ആകണം. പന്തലിനെപ്പറ്റി പിന്നീട് വിസ്തരിക്കാം. പുരയിടത്തിന്റെ എല്ലാ വശങ്ങളിലും, അഥവാ സ്ഥലത്തിനു ചുറ്റും ഒരു വേലിയെന്നപോലെ പ്ലാവ്, മാവ്, തെങ്ങ്, തുടങ്ങിയ ഫല വൃക്ഷങ്ങൾ മാത്രം നട്ടുവളർത്തുക. വൃക്ഷങ്ങൾ വളരുമ്പോൾ ഉള്ളിലേക്കുള്ള നടപ്പാതയെ മറയ്ക്കരുത് എന്നതു കരുതി മരം നടുക. മഹാദേവിയുടെ മഹാ-പുരയിലേക്കുള്ള 4 നടപ്പാതകളുടെയും ഒരുവശത്ത് സുഗന്ധപുഷ്പങ്ങളെ നൽകുന്ന ചെടികളും മറുവശത്ത് ഇന്നത്തെ ആയുർവ്വേദവുമായി ബന്ധപ്പെട്ട പച്ചമരുന്നു ചെടികളും, പിന്നെ ചെന്തെങ്ങും വാഴയും സപ്പോട്ടയും മറ്റും നടുക. ജീവിയായിരിക്കുന്ന മഹാദേവിക്ക് ജീവിക്കാൻ അത്യാവശ്യമായ ഫലങ്ങളും, രോഗം വന്നാൽ അവശ്യം ചികിത്സിക്കാൻ പച്ചമരുന്നുകളും ഒരുക്കുകയാണു ചെയ്യുന്നത്. കരിക്കായി, വാഴപ്പഴമായി. പോരല്ലോ, പാൽ വേണ്ടേ ? അമ്മ കുഞ്ഞുങ്ങള്ക്ക് ആദ്യം നൽകുന്നത് പാലാണ്.

മനുഷ്യരിലെ കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ പശുവിന്റെ പാൽ കുടിക്കുന്നുണ്ട്. അങ്ങനെയിരിക്കെ ജീവിയായ മഹാദേവിക്ക് കുടിക്കാൻ പാൽ വേണം. ഒരു പശുവിനെയും പശുപതിയെയും (കാള) ദാനമായി നൽകാൻ പൊങ്ങച്ചമില്ലാത്തവർ തയ്യാറുണ്ടെങ്കിൽ സ്വീകരിക്കുക. ദാനമായി നൽകാൻ ആരും തയ്യാറല്ലെങ്കിൽ, തയ്യാറായ ശേഷമാണ് മഹാദേവിക്ക് മഹാ-പുര പണിയുക. എന്നാൽ അതിന്റെ പേരിൽ മറ്റു പണികൾ തൽക്കാലം മുടങ്ങണ്ട. 4 നടപ്പാതകൾ ചേർന്ന് 4 ഭൂമി-ഭാഗങ്ങളെ ഉണ്ടാക്കുന്നുണ്ട്. അതിലൊന്നിൽ പശുവിനും പശുപതിക്കും തിന്നാനുള്ള പുല്ല് വളരാൻ അനുവദിക്കുക. പുല്ലിന്റെ കൂടെ മനുഷ്യനും പശുവിനും ഭക്ഷിക്കാവുന്ന, കപ്പ പോലെയുള്ള കൃഷികളുമാവാം. പുല്ല് വളരും വരെ, മഹാമാതാവിനെ കാണാൻ വരുന്ന മക്കളായ മനുഷ്യർ പശുവിനും പശുപതിക്കുമുള്ള പുല്ല് കൊണ്ടുവരണം. പശുവിനും പശുപതിക്കും മഴ നനയാതെയും വെയിലു കൊള്ളാതെയും ഒരു ഓലപ്പുര (പശുപ്പുര) കൂടി പ്രസ്തുത ഒന്നാം തുണ്ടു ഭൂമിയിൽ നിർമ്മിക്കണം. അത്യാവശ്യമെങ്കിൽ മാത്രം പശുവിനെയും പശുപതിയെയും ബന്ധിക്കുകയാവണം പൊതുരീതി.

രണ്ടാമത്തെ തുണ്ടു ഭൂമിയുടെ 1/3 ഭാഗത്ത് സുഗന്ധ പുഷ്പ ചെടികളെ നട്ടുള്ള പൂന്തോട്ടം ഉണ്ടാക്കുക. ബാക്കി 2/3 ഭാഗത്തും കപ്പ, വാഴ, കാച്ചിൽ, ചേന, ചേമ്പ്, പയർ തുടങ്ങിയവ കൃഷി ചെയ്യുക. പശുവിന്റെയും പശുപതിയുടെയും ചാണകവും, കുളത്തിൽ നിന്നുള്ള വെള്ളവും ഫലവൃക്ഷങ്ങൾക്കും കൃഷിവിളകൾക്കും നൽകേണ്ടതുണ്ട്. പശുവിനെ കറന്നു പാലെടുക്കാനും, അത് പാത്രത്തിൽ എടുത്ത് മഹാപുരയിൽ വയ്ക്കാനുമുള്ളതാണ്. ആവക കാര്യങ്ങളെ പിന്നീട് വിസ്തരിക്കാം. മഹാദേവിയെ കാണാൻവരുന്ന മക്കളായ മനുഷ്യർക്കും മഹാമാതാവിന്റെ ഭവനമായ ദേവാലയ-പുരയിടത്തിലുള്ള ഫലങ്ങളെ ഭക്ഷിക്കാം. വിശപ്പും ദാഹവും ഉണ്ടെങ്കിൽ, അഥവാ ആവശ്യമെങ്കിൽ, കരിക്കിട്ടു കുടിക്കാം. കൊച്ചു കുഞ്ഞുങ്ങൾക്ക് മഹാപുരയിൽ കരുതിയിട്ടുള്ള പാലും കുടിക്കാം. അത്യാവശ്യമെങ്കിൽ മുതിർന്നവർക്കും പാൽ കുടിക്കാവുന്നതാണ്. പാൽ ചൂടാക്കാതെ കുടിക്കാം കുഞ്ഞുങ്ങളെ, നിങ്ങളെല്ലാം അമ്മയുടെ മുലപ്പാൽ കുടിച്ചത് നേരിട്ടാണ്, അടുപ്പിൽ വച്ച് ചൂടാക്കിയ ശേഷമല്ല.

മൂന്നാമത്തെ തുണ്ടു ഭൂമിയിൽ, കിണർ, കുളം, കുളിമുറി, കക്കൂസ്, സ്റ്റോർ, കഞ്ഞിസദ്യക്കുള്ള പാചകപ്പുര, അഴുക്കുതുണികളും മറ്റും കത്തിച്ചുകളയുവാനുള്ള സൗകര്യം, തുടങ്ങിയവ ഒതുക്കമായി പുരയിടത്തിന്റെ അതിർത്തിയോടടുത്തായി വിഭാവന ചെയ്യണം. ചെറിയ അഴുക്കുവെള്ളത്തെ ഭൂമിയിലേക്കും വൃക്ഷ ച്ചുവട്ടിലേക്കു മൊക്കെ കടത്തി വിടാനുള്ള കുഴികളും ചാലുകളും ഉണ്ടാവണം. വീടുകളിൽ ബാത്ത് അറ്റാച്ച്ഡ് ബെഡ് റൂമുകളെ ഉണ്ടാക്കുന്നവർ, ദേവാലയ വളപ്പിനുള്ളിൽ കുളിമുറിയും കക്കൂസുമൊക്കെ പാടുണ്ടോ എന്നു ചോദിക്കരുത്. ജീവിയായി വന്നിരിക്കുന്ന ദേവിക്ക് ജീവി-പരമായ സൗകര്യങ്ങളെ നിഷേധിച്ചുകൂടാ. മഹാമാതാവായ ദേവിക്കുവേണ്ടി ഉണ്ടാക്കുന്ന ശൗചാലയങ്ങൾ ആവശ്യക്കാരായ മക്കൾക്കെല്ലാം ഉപയോഗിക്കാൻ കഴിയണം. സംഹാരം പുരോഗമിക്കുമ്പോൾ, കുളിമുറിയും കക്കൂസുമൊക്കെ ഇരിക്കുന്ന പ്രദേശം ചെറിയ കാട് അഥവാ കാവായി രൂപാന്തരപ്പെടുന്നതാണ് എന്നു മാത്രം തല്ക്കാലം അറിയുക. കൂടുതൽ വിസ്തരിക്കുന്നില്ല.

നാലാമത്തെ തുണ്ട് ഭൂമിയിൽ സംഗീത സദസ്സ്, സ്ത്രീകള്ക്കായുള്ള ശാസ്ത്ര വിദ്യാഭ്യാസം, ആഘോഷകാര്യങ്ങൾ തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്.

മഹാശക്തിയും മഹാമാതാവും മഹാദേവിയും **മഹാനീതിയുമായ ദൈവത്തിന്റെ വീട്ടിലേക്ക് വരുന്നവർക്ക് അവരുടെ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള കുറേ ശാസ്ത്ര സംവിധാനങ്ങളുണ്ട്.**

കൂടാതെ, ഒരു നാട്ടിലെ മനുഷ്യജീവിതം സുന്ദരമായിരിക്കുന്നുവോ, അധഃപതിച്ചിരിക്കുന്നുവോ, ഏത് അവസ്ഥയിലാണ് എന്നിവ മനസ്സിലാക്കുവാനും, പരിഹാരം കാണാനുമെല്ലാം ദൈവത്തിനു തയ്യാറാക്കുന്ന വീടും പരിസരവും കണ്ടാൽ ബോദ്ധ്യമാകണം. അതിനുള്ള കാര്യങ്ങളെപ്പറ്റി ഇനി പറയാം :-

ഒരു വലിയ വൃത്താകൃതിയിലുള്ള ഭൂമിയെ 4 ആയി വിഭജിക്കുകയും മദ്ധ്യഭാഗം മഹാ-പുരയ്ക്കായി മാറ്റിവയ്ക്കുകയുമാണു ഇതുവരെ ചെയ്തത്. മേല്പടി 4 വിഭജനങ്ങൾ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ശാസ്ത്രീയമായ തൊഴിൽ വിഭജനങ്ങളെയാണ് കുറിക്കുന്നത്. മഹാദേവിയുടെ മഹാ-പുരയിലേക്കുള്ള 4 നടപ്പാതകളും ധർമ്മശാസ്ത്രപരമാണ്. (1) പൊതുപാതയിൽ നിന്ന് ദേവാലയത്തിലേക്കുള്ള ആദ്യനടപ്പാതയിലൂടെ ശുചിത്വ-വിഭാഗത്തിലുള്ള തൊഴിലുകൾ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. സംഗീതജ്ഞന്മാർ, ശാസ്ത്രജ്ഞന്മാർ, അദ്ധ്യാപകർ തുടങ്ങിയവർ പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് ശുചിത്വ-പാത എന്നു പേരുവയ്ക്കുന്നു. (2) ശുചിത്വ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ അത്യാവശ്യ-വിഭാഗത്തിലുള്ള തൊഴിലുകൾ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. കൃഷിക്കാർ, നെയ്ത്തുകാർ, ആശാരി, മേശിരി, കൂലിപ്പണിക്കാർ, തുടങ്ങിയവർ പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് അത്യാവശ്യ-പാത എന്നു പേരുവയ്ക്കുന്നു.

(3) അത്യാവശ്യ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ ആവശ്യ-വിഭാഗത്തിലുള്ള തൊഴിലുകൾ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. ജനങ്ങളുടെ സേവകരും അടിമകളുമായ പോലീസ് സേന, രാജാവ്, മന്ത്രിമാർ, തുടങ്ങിയവര് പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് ആവശ്യ-പാത എന്നു പേരുവയ്ക്കുന്നു. (4) ആവശ്യ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ വിനോദ-വിഭാഗത്തിലുള്ള തൊഴിലുകളെ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. ചിത്രകാരന്മാർ, നൃത്തക്കാർ, വാദ്യമേളക്കാർ, സാഹിത്യകാരന്മാർ തുടങ്ങിയവർ പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് വിനോദ-പാത എന്നു പേരുവയ്ക്കുന്നു.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ശാസ്ത്രീയമായ തൊഴിൽ വിഭജനത്തെ പ്രത്യേകം അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. സംഗീതം ഉൾപ്പെടെ ഓരോ തൊഴിലും മറ്റു വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്നും വിവരിച്ചിട്ടുണ്ട്.

ശുചിത്വ-പാത, അത്യാവശ്യ-പാത, ആവശ്യ-പാത, വിനോദ-പാത എന്നീ 4 നടപ്പാതകളിലൂടെയും എത്തുന്നവർ മേൽക്കൂര ഇല്ലാത്തതായ മഹാദേവിയുടെ മഹാപുരയിലാണ് എത്തുക. ചുറ്റോടുചുറ്റും ഒരുപോലെ എല്ലാവരെയും ദർശിച്ചു കൊണ്ടിരിക്കുന്ന മഹാദേവിയുടെ മഹാശാസ്ത്ര-പ്രതിഷ്ഠ അവിടെ വളരെ ലളിതമായി നിർമ്മിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കും മുമ്പ് മേല്പടി പാതകളുമായും മറ്റും ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി വിസ്തരിക്കാനുണ്ട്. (1) മേല്പടി 4 പാതകളും മനുഷ്യരെയും മനുഷ്യജീവിതത്തെയും ശ്രേഷ്ഠപ്പെടുത്താൻ ഉള്ളതാണ്, മോശപ്പെടുത്താനുള്ളതല്ല. മഹാ-പുരയിലേക്ക് വന്നു മടങ്ങുമ്പോൾ തങ്ങൾക്കിഷ്ടമുള്ള പാതയിലൂടെ മടങ്ങാൻ വ്യക്തിസ്വാതന്ത്ര്യമുണ്ട്. മഹാ-പുരയിലേക്ക് വരുമ്പോൾ, അവർ ആരാണെന്നും തൊഴിലെന്താണെന്നും ഓർക്കണം. ആകയാൽ പാത-തെറ്റി പ്രവേശിക്കുന്നത് ദൈവീകമല്ല, ധർമ്മ ശാസ്ത്രപരമല്ല. എന്നാലും അധമമായ സ്വാതന്ത്ര്യത്തിലൂടെ പാപം സമ്പാദിക്കാൻ സാധിക്കും. (അതിലും നല്ലത് ദേവാലയത്തിൽ വരാത്തതാണ്!).

ആരോഗ്യത്തിനെ ആസ്പദമാക്കിയും അസാധാരണമായ സാഹചര്യങ്ങളിലും വ്യത്യാസം ആവാം. ആവശ്യ-പാതയിലൂടെ വരുന്നവർ, ശുചിത്വ-പാതയിലൂടെ മടങ്ങണം. ശുചിത്വ-പാതയിലൂടെ വരുന്നവർ ആവശ്യ-പാതയിലൂടെയും. മേല്പടി നാലു പാതകളുടെയും തുടക്കത്തിലും അവസാനത്തിലും പാതകളുടെ പേരും ദിശാ-ചിഹ്നവും (ചൂണ്ടു-ചിഹ്നവും) വലിപ്പത്തിൽ പ്രദർശിപ്പിക്കണം. (ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നിങ്ങനെ Clockwise ആയി പാതകളെ രചിക്കുകയാൽ പാതകളുടെ പേരും ബോർഡുകളും അത്യാവശ്യം അല്ലെന്നും, ആവശ്യം ആണെന്നും, അറിയുക). ഭിക്ഷാടനം ചെയ്യുന്നവർക്കും, സാമ്പത്തിക ആവശ്യങ്ങൾ ഉള്ളവർക്കും ആവശ്യ-പാതയിൽ ഒരു വരിയായി ആരോഗ്യത്തെ ആസ്പദമാക്കി നിൽക്കുകയോ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യാം.

ഭരണകാര്യങ്ങൾ ചെയ്യുന്നവരായ ആവശ്യം-വിഭാഗത്തിലുള്ളവർ തങ്ങളുടെ ധർമ്മം കാര്യക്ഷമമായി നിറവേറ്റിയാൽ ആവശ്യ-പാതയിൽ ഭിക്ഷക്കാരുണ്ടാവില്ല.

മായ പ്രത്യക്ഷമാക്കുന്നതോടെ, ഭിക്ഷാടനം ചെയ്യുവാൻ സംഗീതജ്ഞന്മാരെ മാത്രമേ ദൈവം അനുവദിച്ചിട്ടുള്ളൂ എന്നു തെളിയുന്നതാണ്. പിന്നെയും, ഭിക്ഷയെടുക്കുന്നവരെയും അതിനു കാരണക്കാരായ ഭരണാധികാരികളെയും അധമരായി കണക്കാക്കുന്നതാണ്, കണക്കാക്കേണ്ടതാണ്. ആവശ്യ-പാതയിൽ നിൽക്കുന്ന പാവങ്ങളോടും ഭിക്ഷക്കാരോടും അവരുടെ ആവശ്യ-വിവരങ്ങളെ ചോദിച്ചറിയേണ്ടത്, ആവശ്യ-പാതയിലൂടെ ദേവാലയത്തിൽ പ്രവേശിക്കുന്നവരുടെ സ്വയം ബാദ്ധ്യതയാണ്. അവർ അതു ചെയ്യാതിരുന്നാൽ അവർക്ക് പാപം ഉണ്ടാകുന്നതാണ്. **ആവശ്യം-വിഭാഗത്തിൽ പ്രവർത്തിക്കുന്ന 'ജനങ്ങളുടെ അടിമകളായ ഭരണവർഗ്ഗം' ചോദിക്കാതെ തങ്ങളുടെ പ്രശ്നങ്ങളെ പറഞ്ഞുകൂടാ,** എന്നിരുന്നാലും പറയാൻ പാവങ്ങൾ തയ്യാറാവുന്നത് പറയുന്നവരുടെ വ്യക്തിസ്വാതന്ത്ര്യവും, അതിനെ നിഷേധിക്കുന്നത് ഭരണവർഗ്ഗത്തിന്റെ അധമമായ വ്യക്തിസ്വാതന്ത്ര്യവുമാണ്.

ശാസ്ത്രം ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്നതുകൊണ്ട്, ധർമ്മശാസ്ത്രപരമായ തിരുത്ത് ഏതൊരാൾ ചൂണ്ടിക്കാട്ടിയാലും, അദ്ദേഹത്തിനും, (അദ്ദേഹത്തെ അയച്ച ദൈവത്തിനും) നന്ദി പറഞ്ഞുകൊണ്ട് പ്രവർത്തിക്കുവാൻ ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർക്ക് ബാധ്യതയുണ്ട്.

ശുചിത്വം വിഭാഗത്തിലുള്ള സംഗീതജ്ഞന്മാർക്ക് ദേവാലയത്തിൽ വച്ച് സ്തുതി ഗീതങ്ങൾ പാടാനും ജനങ്ങളെ ആനന്ദിപ്പിക്കാനും കഴിയുന്നതാണ്. ആനന്ദിപ്പിക്കുന്നതിന് പ്രതിഫലമെന്നോണം ദേവാലയത്തിനുള്ളിൽ വച്ച് ഭിക്ഷയെടുക്കാൻ അവർക്ക് ദൈവീകമായ അവകാശമുണ്ട്. തങ്ങളുടെ അന്നന്നുള്ള ജീവിതാവശ്യങ്ങൾക്കുള്ള ധനത്തെ മാറ്റിവച്ച്, ബാക്കിയുള്ളത്, ആവശ്യ-പാതയിൽ ഭിക്ഷാടനം നടത്തുന്ന പാവങ്ങൾക്ക് തുല്ല്യമായോ, മനസ്സിൽ തോന്നുമ്പോലെയോ വീതിച്ചു നൽകാം!

ശുചിത്വ-പാതയിൽ, ശാസ്ത്ര വിഷയങ്ങളിൽ സംശയങ്ങൾ ഉള്ളവർക്കും, സമൂഹത്തിലെ അധമകാര്യങ്ങളെപ്പറ്റി പരാതികൾ ഉള്ളവർക്കും ഒരു വരിയിൽ ക്യൂ-ആയിട്ട് നിൽക്കുകയോ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യാവുന്നതാണ്. ദേവാലയത്തിൽ വരുന്ന ശുചിത്വ-വിഭാഗക്കാരോട് സംശയം ചോദിക്കാനും പരിഹാരം തേടാനും ശ്രമിക്കാവുന്നതാണ്. ശുചിത്വ-വിഭാഗക്കാർ സ്വയം ബാദ്ധ്യതയായി അവരുടെ പ്രശ്നങ്ങളെ ചോദിച്ചറിയാനും പരിഹാരം ഉണ്ടാക്കാനും പരിശ്രമിക്കേണ്ടതാണ്. ആവശ്യം വിഭാഗത്തിലെ തൊഴിലുകൾ ചെയ്യുന്നവർ മടങ്ങുന്നത് ശുചിത്വ-പാതയിലൂടെയാവണം, മാത്രമല്ല, ശുചിത്വ-പാതയിൽ നിൽക്കുന്നവരുടെ ആക്ഷേപങ്ങളെയും പരാതികളെയും അഭിപ്രായങ്ങളെയും കേൾക്കുകയോ, അവരെ രാജമന്ദിര-ത്തിലേക്ക് കൂട്ടിക്കൊണ്ടു പോയിട്ട് ആദരിച്ച് ഇരുത്തുകയും, ജനങ്ങളുടെ അടിമകളായ രാജാവിനും മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെങ്കിൽ, നിന്നുകൊണ്ട് അതിവിനയത്തോടെയും ധർമ്മശാസ്ത്ര പരമായും അവരുടെ പ്രശ്നങ്ങളെ ഒന്നൊന്നായി ചോദിച്ചറിയുകയും പരിഹാരം ഉണ്ടാക്കുകയും വേണം.

അത്യാവശ്യം, വിനോദം എന്നീ പാതകളിൽ ഭിക്ഷക്കാർ ഉൾപ്പെടെ യാതൊരാളും പരാതികളോ പ്രശ്നങ്ങളോ ആയി നിന്നുകൂടാ. പ്രഥമമായി, സ്ത്രീകൾക്കും കുട്ടികൾക്കും സ്വസ്ഥമായും ആനന്ദത്തോടെയും ദേവാലയത്തിൽ വന്നുപോകുവാനുള്ള വഴികളാണവ. കൂടാതെ അത്യാവശ്യം വിഭാഗത്തിലും വിനോദം വിഭാഗത്തിലും പ്രവർത്തിക്കുന്ന കൃഷിക്കാർക്കും കലാകാരന്മാർക്കു മൊക്കെ ഒക്കെ സ്വസ്ഥമായും ആനന്ദത്തോടെയും ദേവാലയത്തിൽ വന്നുപോകുവാനുള്ള വഴികളാണവ. എന്നിരിക്കിലും അവർക്ക് മടങ്ങുമ്പോൾ, തങ്ങൾക്ക് ഇഷ്ടമുള്ള പാത തിരഞ്ഞെടുക്കാം. (2) മഹാദേവി, മഹാനീതിപതി കൂടിയാണെന്നിരിക്കെ, സമൂഹത്തിലുള്ള ജനങ്ങൾക്ക്, തങ്ങളുടെ നീതിപരമായ ആവശ്യങ്ങൾക്ക് പരിഹാരം തേടാനും നേടാനുമുള്ള മഹാ-സംവിധാനം മഹാദേവിയുടെ ഭവനത്തിലുണ്ടാവണം.

ഒട്ടും യോഗ്യതയില്ലാത്തവർ മഹാനീതി(പതി)യുടെ ഭവനത്തിലേക്ക് വന്നുകൂടാ, അല്ലെന്നാൽ ശിക്ഷ വാങ്ങാനും തയ്യാറാവണം, എന്നുകൂടിയുള്ള സന്ദേശം അതിലുണ്ട്. ഇന്നത്തെ കാലഘട്ടത്തെ ഉദാഹരണമായി എടുത്താൽ ആവശ്യ-പാതയിൽ ഭിക്ഷക്കാരും പാവങ്ങളുമൊക്ക ഏറെയുണ്ടാവും. ശുചിത്വ-പാതയിൽ സമൂഹത്തിലെ ബഹുവിധ അധമകാര്യങ്ങളെപ്പറ്റി ആക്ഷേപങ്ങളും പരാതികളും അഭിപ്രായങ്ങളും ഉള്ളവരുടെ വളരെ വലിയ കൂട്ടം ഉണ്ടാകും. ദൈവത്തിന്റെ വീടിന് പോലീസിന്റെയും പട്ടാളത്തിന്റെയും ഒക്കെ കാവൽ പാടില്ലാ എന്നിരിക്കെ രാഷ്ട്ര-രാഷ്ട്രീയ-മത വ്യവസ്ഥിതികളിൽ ഭരണാധികാരികൾ ആയവർക്ക് ദേവാലയങ്ങളിൽ പ്രവേശിക്കാൻ കഴിയാതെ വന്നേക്കാം.

(3) മഹാമാതാവായ മഹാദേവി മഹാവാത്സല്യം കൂടിയാണെന്നറിയാമല്ലോ. മഹാനീതിയായ മഹാദേവിയുടെ ഭവനത്തിൽ പോകാൻ യോഗ്യതയില്ലാത്തവരെയും ആരോഗ്യം ഇല്ലാത്തവരെയും/ കുറഞ്ഞവരെയും മഹാമാതാവായ മഹാദേവി ആശ്വസിപ്പിക്കുന്നുണ്ട്. കുഞ്ഞുങ്ങളേ, നിങ്ങൾ സ്വന്തം ഭവനം, കുളിമുറി, കക്കൂസ്, യാത്ര തുടങ്ങി എവിടെ വച്ചും, ഉറങ്ങാൻ കിടക്കുമ്പോഴും ഒക്കെ, പ്രാർത്ഥിക്കാതെ വയ്യെങ്കിൽ പ്രാർത്ഥിക്കാം.

'ഇണയെ ഒഴികെ' സ്വയവും ദൈവവും ഉൾപ്പെടെ സർവ്വതും ജീവികളുടെ പരമാനന്ദമായ കാമാനന്ദത്തിൽ മുഴുകുന്ന ജീവികൾ മറക്കുമെന്ന് ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, കാമാനന്ദത്തിൽ മുഴുകുമ്പോൾ മാത്രം പ്രാർത്ഥിക്കാനുള്ള ശ്രമവും കുറ്റബോധവും വേണ്ട. മഹാദേവിയുടെ വാതകരൂപമായ ഓക്സിജൻ എല്ലാവരുടെയും പ്രാർത്ഥനകളെയും ചിന്തകളെയും അറിയുകയും കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്. **മാത്രമല്ലാ; ഓരോ ജീവാത്മാവിനും ലഭിച്ചിട്ടുള്ള ശരീരം, ദൈവാംശവും പ്രത്യക്ഷ ദൈവവും ആണ്. ദൈവാംശമായ ശരീരത്തിലെ ചർമ്മത്തിലൂടെയും രക്തത്തിലൂടെയും ശരീരം മുഴുവൻ വ്യാപരിക്കുന്ന ജീവാത്മാവിന് എല്ലാ ആനന്ദങ്ങളെയും നൽകുന്ന ശരീരത്തെ ധർമ്മശാസ്ത്ര പ്രകാരം മാത്രം ഉപയോഗിക്കാനും, ജലം/മണ്ണ് /വായു കൊണ്ട് ഉചിതമായി ശരീര ശുദ്ധി ചെയ്യാനും ജീവാത്മാവ് ശ്രദ്ധിച്ചാൽ ഏറ്റവും വലിയ പ്രാർത്ഥന അതാണ്. അതായത് കുഞ്ഞുങ്ങൾ നിരീശ്വര വാദം നടത്തി ക്കൊണ്ടും ജീവിക്കുന്നത് ശരീരത്തെയും മനസ്സിനെയും ധർമ്മശാസ്ത്ര പ്രകാരം പരിപാലിച്ചാണെങ്കിൽ 100/100 മാർക്കുണ്ട്.**

യോഗ്യതയില്ലാത്തവർക്ക് മഹാനീതിയായ മഹാദേവിയുടെ ഭവനത്തിലേക്ക് വരാൻ തടസ്സമുണ്ട്.

യോഗ്യതയില്ലാത്തവർക്ക് മഹാമാതാവിന്റെ ഭവനത്തിൽ ഒളിച്ചുവരാനുള്ള മാർഗ്ഗമാണ് വേഷപ്രച്ഛന്നരായി വരിക എന്നുള്ളത്. ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ ഉൾപ്പെടെയുള്ള കള്ളന്മാർക്ക്, കള്ളവേഷത്തിൽ വന്നു പോകാം. മഹാനീതിയായ മഹാദേവി, മഹാമാതാവുകൂടി ആകയാൽ കണ്ണടച്ചെന്നു വരും. (4) മഹാദേവിയുടെ ഭവനത്തിലേക്കു വരുന്നവർ, മഹാദേവിക്ക് പണമോ സമ്മാനങ്ങളോ നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തങ്ങൾക്കാവുമ്പോലെയുള്ള ഉപഹാരങ്ങളെ മാത്രം കൊണ്ടു വരികയും, ആവശ്യ-പാതയിൽ ഒരു വരിയായി നിൽക്കുന്ന മഹാദേവിയുടെ കുഞ്ഞുങ്ങൾക്ക് തങ്ങൾക്കു തോന്നുമ്പോലെ വിതരണം ചെയ്യുകയും, ശേഷം മാത്രം, മഹാദേവിയുടെ ഭവനത്തിലേക്ക് വരികയും ചെയ്യുക.

മഹാദേവിയുടെ ഭവനത്തിലേക്ക് പൂക്കൾ, പൂമാല, വിളക്ക്, പണം, തുടങ്ങി യാതൊന്നും കൊണ്ടുവന്നുകൂടാ. മഹാദേവിയുടെ പുരയിടത്തിൽ നിന്ന് പൂപറിച്ച് തലയിൽ ചൂടാമെന്നല്ലാതെ, അത്യാവശ്യം അല്ലെങ്കിൽ വീട്ടിലെ ആവശ്യങ്ങൾക്കായി കൊണ്ടുപോയിക്കൂടാ. വിശപ്പും ദാഹവും ഉള്ളവർക്ക് മഹാദേവിയുടെ പുരയിടത്തിലെ ഫലങ്ങൾ പറിച്ചുതിന്നാം, എന്നല്ലാതെ അത്യാവശ്യമല്ലെങ്കിൽ വീട്ടിലുള്ളവർക്കായി കൊണ്ടുപോയിക്കൂടാ. അത്തരം ആവശ്യങ്ങൾക്ക്, ആവശ്യ-പാതയിൽ നിന്ന് ഭിക്ഷയെടുക്കുന്നതും ആലോചിച്ചു ചെയ്യാം. മഹാശക്തിയായ മഹാദേവി കൊടുക്കുന്നു, എന്നല്ലാതെ സൃഷ്ടികളിൽ നിന്നും യാതൊന്നും യഥാർത്ഥത്തിൽ വാങ്ങുന്നില്ല; സൃഷ്ടികൾ അനുഭവിക്കുന്ന ആനന്ദങ്ങളെ മുഴുവനും പ്രത്യക്ഷ ദൈവമായ ശരീരത്തിലൂടെ നേടിയവ മാത്രവുമാണ്.

(5) **മഹാമാതാവായ മഹാദേവിക്ക് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് മഹാദേവിയുടെ ആലയമായ ദേവാലയം ഉൾപ്പെടെ സർവ്വത്തിനും ബാധകമാണ്. ദേവാലയത്തെ ആവശ്യമുള്ളവർ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക.** പുരയിടത്തിൽ കൃഷി ചെയ്യാൻ തയ്യാറാകുന്നവർ ഉൾപ്പെടെയുള്ള ഏതൊരാൾക്കും അവിടെയുള്ള ഭക്ഷണസാധനങ്ങളെ ഭക്ഷിക്കാം. മഹാമാതാവായ മഹാദേവിക്ക് ഇഷ്ടമില്ലാത്ത അഥവാ ധർമ്മ ശാസ്ത്ര വിരുദ്ധമായ കാര്യങ്ങളെ ചെയ്താൽ മഹാനീതിയായ മഹാദേവി കോപിക്കുന്നതാണ്; മഹാനീതി-പതിയും പ്രപഞ്ച പിതാവും മഹാദേവനുമായ പരമശിവനിലൂടെ ശിക്ഷിച്ചെന്നും വരും. കുഞ്ഞുങ്ങൾ ധർമ്മശാസ്ത്ര വിരുദ്ധമായവ ചെയ്യരുതെന്ന് സാരം. **വെളിച്ചത്തെ സൃഷ്ടിക്കുന്ന മഹാദേവിക്ക് വെളിച്ചം വേണ്ട.** ഇരുട്ടത്ത് കണ്ണുകാണാത്ത മനുഷ്യനാണ് വെളിച്ചം വേണ്ടത്. അവരവർക്കുവേണ്ടി വിളക്കുകൾ കൊണ്ടുവരിക. സഞ്ചാരികൾക്കു വേണ്ടി രാത്രിയിൽ രണ്ട്/ആവശ്യത്തിന് വിളക്കുകൾ തെളിച്ചാൽ നല്ലത്. സഞ്ചാരികൾ വിളക്കുകൾ കൂടി കരുതുന്നത് അവർക്ക് നല്ലത്. മഹാനീതിയായ മഹാദേവിയുടെ ഭവനത്തിലും പുരയിടത്തിലും ധർമ്മശാസ്ത്ര വിരുദ്ധമായ യാതൊരു വസ്തുക്കളും സൂക്ഷിക്കാൻ പാടില്ല.

(6) മഹാമാതാവായ മഹാദേവിയുടെ ഭവനത്തിൽ കള്ളൻ കയറിയാൽ, ശിക്ഷിക്കാൻ ജനങ്ങൾക്ക് അവകാശമില്ല. മഹാശക്തിയും മഹാനീതിയുമായ മഹാദേവി മൗനം പാലിച്ചെന്നും വരും. ഒരുവനെ കള്ളനാക്കിയത് പെരുങ്കള്ളനായ ഭരണാധികാരിയാണെങ്കിൽ, അവരെയാണല്ലോ ആദ്യം ശിക്ഷിക്കേണ്ടത്. മഹാദേവിയുടെ ഭവനവും പുരയിടവും വലുതാണെങ്കിലും, മോഷണത്തിനു പറ്റിയവ കുറവായിരിക്കും. പശുവിനെയും പശുപതിയെയും കള്ളൻ കൊണ്ടുപോയാലോ ? മഹാമാതാവായ മഹാദേവിക്ക് പശുവിനെയും പശുപതിയെയും ദാനം ചെയ്യാനുള്ള മഹാഭാഗ്യം മറ്റാർക്കെങ്കിലും വീണ്ടും ലഭിക്കുന്നു. ആകയാൽ ആവശ്യക്കാർ പരസ്യമായി എന്തും ഏതും എടുത്തുകൊണ്ടുപോയിക്കൊള്ളുക എന്നല്ലാതെ മോഷ്ടിക്കേണ്ടതില്ല. പശുവിനെയും പശുപതിയെയും ദാനം ചെയ്യാൻ ആഗ്രഹിക്കുന്നവർക്കും ദാനം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും സൗകര്യമുണ്ടാക്കേണ്ടത് ഭരണകൂടമാണ്. ദേവാലയത്തിന്റെ ഭാഗമായല്ല അതു ചെയ്യേണ്ടത്. ദേവാലയത്തിൽ ഒരു പശു, പശുപതി, അവയുടെ കുട്ടികൾ എന്നതിനപ്പുറം വേണമോ തുടങ്ങിയ എല്ലാ കാര്യങ്ങളും ദേവാലയങ്ങളെ ഉപയോഗിക്കുന്നവർ ധർമ്മ ശാസ്ത്ര പ്രകാരം തീരുമാനിക്കുകയേ വേണ്ടൂ. പശുക്കുടുംബം വളരുമ്പോൾ, ദേവാലയത്തിൽ നിന്നും ദാനം നൽകുക ! ആദ്യം ദാനം നൽകേണ്ടത്, ദേവാലയത്തിന് ആദ്യ പശുവിനെയും പശുപതിയെയും ദാനം ചെയ്തവർക്കോ അവർക്കു വേണ്ടി മറ്റുള്ളവർക്കോ ആവാം.

(7) മേല്പറഞ്ഞ കാര്യങ്ങളെ ആരെല്ലാമാണ് ചെയ്യേണ്ടത് എന്ന ചോദ്യമുണ്ട്. ലഘുവായ ഉത്തരം പറയാം. **നാട്ടിൽ ആർക്കെല്ലാമാണോ, ദേവാലയം അത്യാവശ്യമായിട്ടുള്ളത് അവരെല്ലാമാണ് ചെയ്യേണ്ടത്.** സമൂഹത്തിലെ മുഴുവൻ ജനങ്ങൾക്കും ദേവാലയത്തിന്റെ ആവശ്യകത ഉണ്ടെന്നറിഞ്ഞ് ഭരണാധികാരികളുടെ മേൽനോട്ടത്തിലാണ് ദേവാലയം നിർമ്മിക്കേണ്ടതെന്ന് ധർമ്മശാസ്ത്രപരമായി അറിയിക്കുന്നു. ഭരണാധികാരിയുടെ സൗജന്യമോ കേമത്തമോ അല്ല, മറിച്ച് ഭരണപരമായ ഉത്തരവാദിത്തം മാത്രമാണത്.

മേല്പറഞ്ഞ കാര്യങ്ങളെ ചെയ്യാൻ ഒരുക്കമെല്ലെങ്കിൽ, ശൗചാലയം എന്ന ആദ്യ ഭാഗത്തിൽ ദേവാലയത്തെ ഒതുക്കുക. അതിനും തയ്യാറല്ലെങ്കിൽ ദേവാലയം എന്ന പദ്ധതി ഉപേക്ഷിച്ചേക്കുക.

ദൈവത്തിന് വീടുണ്ടാക്കി ത്തരണമെന്ന് ദൈവം ആരോടും ആവശ്യപ്പെട്ടില്ല. ദൈവത്തിന് താമസിക്കാൻ ഒരു വീടു വേണമെന്ന് മനുഷ്യർ ആഗ്രഹിക്കുന്നത് നല്ലതാണെങ്കിൽ, ദൈവം ഇഷ്ടപ്പെടുന്ന രീതിയിൽ, അഥവാ മഹാശാസ്ത്രപരമായി മാത്രമുള്ള വീട് ഉണ്ടാക്കി നൽകണം.

പകരം മനുഷ്യർ തങ്ങൾക്കു തോന്നുമ്പോലെയുള്ള ഒരു വീട് ഉണ്ടാക്കിയിട്ട്, അവിടെ വന്നു താമസിക്കാൻ മഹാശക്തിയായ മഹാദേവിയോട് കല്പിക്കുന്നതോ, ക്ഷണിക്കുന്നതോ, അധമമാണ്. കുഞ്ഞുങ്ങളെ, മഹാപ്രപഞ്ചത്തെ മുഴുവൻ ചെറിയൊരു പന്തു പോലെ തന്റെ ചെറുവിരലിൽ കറക്കുകയും, മഹാ-ഹൃദയത്തിലൊതുക്കുകയും ചെയ്യുന്ന മഹാദേവി, ധർമ്മശാസ്ത്ര വിരുദ്ധമായ ഭവനത്തിൽ താമസിക്കണമോ ?

മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്ര-പ്രതിഷ്ഠ

ദൈവം എന്നാലെന്താണെന്ന്
www.omsathyam.com/GodlyRevolution/MahaaVedam.pdf
എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

വിശേഷമായ ജന്മങ്ങളിൽ മാത്രമാണ് ദൈവം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുക. ഏക മഹാപ്രപഞ്ചത്തിൽ ഏക ദൈവമേയുള്ളൂ. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ ഒരു ഭൂമി, ഒരു ചന്ദ്രൻ, ഒരു സൂര്യൻ, ഒരു ദൈവം.

മഹാലിംഗത്തെ വിശദീകരിച്ച് തുടങ്ങിയ ഏതാനും വാചകങ്ങളെ അടിവരയിട്ടു ചുവടെ ചേർത്തിരിക്കുന്നു.

ശിവലിംഗം മഹാശാസ്ത്രപരമാണ്. ശിവലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ല. മഹാശക്തിയായ ദൈവം ജീവിയല്ലെന്ന് ഗ്രഹിക്കാൻ കഴിയുന്നവർക്കും, ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കും, ദൈവത്തിന്റെ മഹാഅനുഗ്രഹം ലഭിക്കുന്നവർക്കും ഒന്നുതന്നെയായ മഹാലിംഗം, മഹാശിവലിംഗം, ശിവ ലിംഗം, ശക്തി ലിംഗം, മഹാശക്തി ലിംഗം, എന്നീ പദങ്ങളെ മനസ്സിലാക്കാൻ എളുപ്പമാണ്.

ആകാശം എന്ന മഹാലിംഗം

ഈ ഗ്രന്ഥത്തിലെ ഒരു മുൻ അദ്ധ്യായത്തിൽ ആകാശവും, ശിവലിംഗവും, മഹാശൂന്യതയും, സൃഷ്ടി-സ്ഥിതി-സംഹാര പാത്രവുമായ മഹാലിംഗത്തെ വിശദീകരിക്കുന്നുണ്ട്. ആവർത്തിക്കുന്നില്ല.

ദൈവത്തിന്റെ ശാസ്ത്ര നാമം മഹാശക്തി എന്നു മാത്രമാണെന്ന് മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിരുന്നു. ഒരു മനുഷ്യ-സ്ത്രീയുടെ രൂപത്തിലും, കടുകിലും, കല്ലിലും, കല്ലുകൊണ്ടോ എന്തുകൊണ്ടോ ഉള്ള വിഗ്രഹത്തിലും, എന്തിലും എങ്ങനെയുമിരുന്നു കൊണ്ടും, മഹാപ്രപഞ്ചം ഉൾപ്പെടെയുള്ള എന്തും ഏതും സൃഷ്ടിക്കാനും രക്ഷിക്കാനും കഴിവുണ്ടെങ്കിൽ മാത്രമേ ദൈവത്തെ മഹാശക്തി അഥവാ ആദിയും അന്തവുമല്ലാത്ത ശക്തി എന്നു വിളിക്കാൻ കഴിയൂ.

ദൈവം വിഗ്രഹത്തിനുള്ളിൽ വർത്തിക്കുന്നതും, വിഗ്രഹാരാധനയും രണ്ടാണ്.

മഹാശക്തിയായ ദൈവത്തിന് മഹാശാസ്ത്രപരമായ ഒരു വിഗ്രഹ-പ്രതിഷ്ഠ അഥവാ മഹാപ്രതിഷ്ഠ സ്വീകരിക്കുവാൻ കഴിയുന്നതാണ്. എന്തിനുവേണ്ടിയാണിത് എന്നു ചോദിച്ചാൽ ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടിയാണ്. മഹാപ്രതിഷ്ഠയെപ്പറ്റി വിശദീകരിച്ചു കഴിയുമ്പോൾ കുഞ്ഞുങ്ങൾക്ക് സന്തോഷമുണ്ടാകുന്നതാണ്. അതിനു മുമ്പ് വിഗ്രഹാരാധന ശരിയാണോ എന്ന് ശാസ്ത്രപരമായി പരിശോധിക്കാം :

വിഗ്രഹത്തെ ആരാധിക്കുന്നതിനെ വിഗ്രഹാരാധന എന്നു പറയുന്നു. ദൈവത്തെയാണോ വിഗ്രഹത്തെയാണോ ആരാധിക്കേണ്ടത് ? ദൈവത്തെയാണ് ആരാധിക്കേണ്ടത്. ഏകമഹാശക്തിയും ഭൂമിയുമായ മഹാദേവിയെ അല്ലാതെ മറ്റൊന്നിനെയും ആരാധിക്കുന്നതിനെ ചിന്തിക്കുക പോലും അരുത്. ആരാധിക്കുവാൻ ദൈവത്തിന്റെ നേരിട്ടുള്ള അനുവാദം വേണം; സ്തുതിക്കാൻ വേണ്ടെന്നിരിക്കെയും, **സ്തുതിക്കുന്നതും മഹാദേവിയെ മാത്രമാവണം. വിഗ്രഹത്തെ ആരാധിക്കാൻ പാടില്ലായെന്ന് സുവ്യക്തമായി. വിഗ്രഹത്തെ ആരാധിക്കാതെ, പകരം വിഗ്രഹത്തിനുള്ളിലും എന്തിലും വർത്തിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെയാണ് ആരാധിക്കുന്നതെങ്കിൽ അത് വിഗ്രഹാരാധനയല്ല.**

എന്നാൽ ദൈവത്തെ ആരാധിക്കുന്നു എന്ന പേരിൽ കല്ല്, മരം, ലോഹം തുടങ്ങിയവകൊണ്ടു നിർമ്മിച്ച വിഗ്രഹത്തെ വിളക്കുകൊണ്ട് ഉഴിയുകയും, വിഗ്രഹത്തിൽ പുഷ്പാർച്ചന നടത്തുകയും, വിഗ്രഹത്തിൽ പാലും നെയ്യുമൊക്കെ ഒഴിച്ചുകളയുകയും, അവയെല്ലാം ചെയ്യുമ്പോൾ ജപങ്ങളും മന്ത്രോച്ചരണങ്ങൾ എന്ന പേരിലുള്ള അധര-വ്യായാമങ്ങളും നടത്തുമ്പോൾ, വിഗ്രഹത്തെക്കൂടി ആരാധിക്കുകയാണ്. ദൈവത്തെ സങ്കല്പിച്ചാണു ചെയ്യുന്നതെന്നു പറയുന്നത് ധർമ്മശാസ്ത്രപരമല്ല. മനുഷ്യർക്കു തോന്നുമ്പോലെ യൊക്കെ സങ്കല്പിച്ചു ചെയ്യാനുള്ളതല്ല ദൈവകാര്യങ്ങൾ. മനുഷ്യർക്ക് വ്യക്തിസ്വാതന്ത്ര്യം നൽകിയിരിക്കെ, ദൈവത്തിന്റെ കാര്യത്തിൽ ദൈവത്തിനും മഹാശാസ്ത്രപരമായ സ്വാതന്ത്ര്യമുണ്ട്. ദൈവത്തിന്റെ സ്വാതന്ത്ര്യത്തിനു മേൽ കൈവെയ്ക്കാൻ മനുഷ്യന് എന്തവകാശം ? മാത്രമല്ല, വിഗ്രഹത്തെ ഉഴിയുന്ന വിളക്കിലും പുരോഹിതന്റെ കൈയ്യിലും തറയിലും ഒക്കെ മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശമായ പരമാണുക്കൾ തന്നെയാണുള്ളത്, അഥവാ അവയിലെല്ലാം ദൈവത്തിന്റെ മഹാശക്തി തന്നെയാണുള്ളത്. **ദൈവം, ദൈവത്തെ ഉഴിയുക എന്നു പറയുന്നതും ചെയ്യുന്നതും മ്ലേച്ഛവുമാണ്.** കുറച്ചുകൂടി വിശദീകരിക്കാം :- **വിഗ്രഹത്തിൽ ദൈവം വർത്തിക്കുന്നതായി സങ്കല്പിക്കുമ്പോൾ, മനുഷ്യർക്ക് അത് സങ്കല്പമാണെങ്കിലും, യഥാർത്ഥത്തിൽ അത് സങ്കല്പമല്ല. ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഓം എന്ന ശബ്ദബ്രഹ്മമായും അക്ഷര ബ്രഹ്മമായും മറ്റും വർത്തിക്കുന്നുണ്ട്. ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.** വിഗ്രഹത്തിലും, വിളക്കിലും, ഉഴിയുന്ന കൈകളിലും, അത് **കാണുന്ന ഭക്തരുടെ കണ്ണുകൾ ഉൾപ്പെടെ എല്ലാ ശരീര അവയവങ്ങളിലും ദൈവം ഉണ്ട്. ഭൂമിയിലുണ്ട്, വായുവിലുണ്ട്, ആകാശമായ ശൂന്യത്തിലുമുണ്ട്.** അങ്ങനെയിരിക്കെ ശാസ്ത്രപരമായ വിഗ്രഹപ്രതിഷ്ഠ നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല.

വിഗ്രഹത്തിൽ നിന്ന് മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോൾ, അഥവാ പ്രത്യക്ഷപ്പെടുമ്പോൾ, മഹാദേവിയെ ആണ് ആരാധിക്കേണ്ടത് ; കല്ല്, മരം, ലോഹം, തുടങ്ങിയവ കൊണ്ട് നിർമ്മിച്ച വിഗ്രഹത്തെയല്ല. ഏകമഹാശക്തിയായ, മഹാദേവിയും മഹാമാതാവും, മഹാനീതിയുമായ ദൈവത്തെ മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാശക്തിയായ മഹാദേവി, ~ഭാഗമായ പരമശിവനിലൂടെ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയവർക്കു മാത്രമാണ് മഹാദേവിയെ ആരാധിക്കുവാൻ യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ.
അതായത് വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചും പ്രതിഷ്ഠിക്കാതെയും എല്ലാ മത-ദേവാലയങ്ങളിലും അനേകം നൂറ്റാണ്ടുകളായി കാട്ടിക്കൂട്ടി പ്പോരുന്നത് ദൈവികമല്ലാത്ത ആരാധനകളാണ്. അഥവാ ഇന്നത്തെ ആരാധനകളെല്ലാം തീർത്തും അധമവും, ദൈവനിന്ദയുമാണ്. //
മഹാശാസ്ത്രപരവും ലളിതവുമായ വിഗ്രഹ-പ്രതിഷ്ഠയെപ്പറ്റി ഇനി വിശദീകരിക്കാം: മഹാശാസ്ത്രപരമായ പ്രതിഷ്ഠയെന്നു പറയുമ്പോൾ, മഹാശക്തിയുടെ മഹാഭാവങ്ങളായ സത്യ- ധർമ്മ- നീതികളെയും, മഹാജ്ഞാനമായ മഹാശാസ്ത്ര ത്തെയും, മഹാകർമ്മമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെയും ശരിവയെക്കുന്ന പ്രതിഷ്ഠ എന്നാണ് അർത്ഥമാക്കേണ്ടത്. കഥ പോലെ പറയാം. തെങ്ങ് ബ്രഹ്മവൃക്ഷമാണ്. എന്നുവച്ചാൽ ബ്രഹ്മത്തിന്റെ അനേകം / എല്ലാ ഗുണങ്ങളെയും അഥവാ സ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്ന വൃക്ഷം എന്ന് തൽക്കാലം മനസ്സിലാക്കുക. കമുക് പൈശാചിക വൃക്ഷമാണ്. ആവക വിവരങ്ങളെ മറ്റൊരിക്കൽ വിസ്തരിക്കാം. ജന്തുക്കളിൽ നാഗത്തിനുമുണ്ട് ഇതേ പോലെ ബ്രഹ്മ ബന്ധം. ദൈവീകമായ നാഗ സംവിധാനങ്ങളും പൈശാചികമായവയും ഉണ്ട്. നാഗവും മണ്ണിരയും പോലെ കൈകാലുകളില്ലാതെ ദൈവത്തിന്റെ ഖരരൂപമായ മണ്ണുമായി ഗാഢബന്ധം പുലർത്തുന്ന ജീവികൾ കുറവാണ്. തെങ്ങിന്റെ കാര്യം തുടരാം. തെങ്ങിൻചുവട്ടിലുള്ള നൂറുകണക്കിനുള്ള ചെറുവേരുകൾ മണ്ണിനെ എത്രശക്തമായി ചേർത്തുപിടിച്ചിരിക്കുന്നു !

ശേഷം, ആകാശത്തേക്ക് അനന്തമായെന്നോണം വളരുന്ന ഒറ്റത്തടി വൃക്ഷമായ പടുകൂറ്റൻ തെങ്ങിനെ മണ്ണ് അഥവാ ഭൂമി എങ്ങനെ താങ്ങുന്നു എന്നും അല്പം ചിന്തിക്കുക. അത്യപൂർവ്വമായി രണ്ടോ അതിലധികമോ തലകളും തടിയുമായിരിക്കുന്ന തെങ്ങുകളുണ്ട്. അങ്ങനെയും സൃഷ്ടി നടത്താൻ കഴിയും, പക്ഷേ അങ്ങനെ ദൈവം ചെയ്യുന്നില്ല എന്നറിയിക്കുന്ന സന്ദേശമായി അതിനെ കാണാനാവും. മുഖഛായ ഉൾപ്പെടെയുള്ള ശരീര അവയവങ്ങൾ ഒരുപോലെയുള്ള ഇരട്ടക്കുട്ടികളെ സൃഷ്ടിക്കുന്നതിലൂടെ മനുഷ്യർക്കും അത്തരം പാഠങ്ങളെ ദൈവം നൽകുന്നുണ്ട്. ഭൂമിയിലുള്ള സകലരെയും ഒരേ മുഖഛായയോടെ, അഥവാ സിംഹങ്ങൾക്കും പുലികൾക്കും ഒക്കെയുള്ളതായ കടുത്ത സാമ്യത്തോടെ സൃഷ്ടിക്കാനും ദൈവത്തിനു കഴിയും, എന്നാൽ ഒരേ മുഖഛായയുള്ള 800 കോടിയിലധികം ജനങ്ങൾ ഭൂമിയിലുണ്ടായാൽ മനുഷ്യജീവിതം തകരാറിലാവും എന്നതുകൊണ്ട് ദൈവം അതു ചെയ്യുന്നില്ലാ എന്ന സന്ദേശം മഹാഗൗരവമുള്ളതാണ്. തെങ്ങിന്റെ കാര്യം തുടരാം. തെങ്ങിന്റെ ഉപയോഗങ്ങൾ അനന്തമാണ്. തെങ്ങിൻ തടി പുരയുടെ ഉത്തരത്തിന്, കഴുക്കോലിന്, പട്ടികയ്ക്ക്..., തെങ്ങോലകൾ പുര മേയാൻ, വെളിച്ചം കാട്ടാൻ ചൂട്ടിന്, അടുപ്പിൽ തീയ്ക്ക്, മുറ്റമടിക്കാൻ ചൂലിന്, ചിരട്ട തവിയ്ക്ക്, തീകത്തിക്കാൻ, ഇസ്തിരിയിടാൻ കനലുണ്ടാക്കാൻ, തേങ്ങാ എണ്ണ, തേങ്ങാ, തേങ്ങാവെള്ളം, തൊണ്ട്, കയര്, ചവിട്ടുമെത്ത, വിറക്, ... എന്നിങ്ങനെ അനന്തമായിത്തന്നെ പട്ടിക നീളുന്നതാണ്. ദാഹം ശമിപ്പിക്കാനും ലഘുഭക്ഷണമായിരിക്കാനും, ശരീരസുഖത്തിനും, ബഹുവിധ രോഗങ്ങൾക്ക് പ്രതിവിധിയായും കരിക്കിനെ പ്പോലെ മറ്റൊരു ഫലത്തെ നൽകുന്ന വൃക്ഷം വേറെയില്ല. അമൃതായ ദാഹശമനിയെ കരിക്ക് എന്ന പേരോടെ മനുഷ്യർക്കായി മഹാസംരക്ഷിച്ചു വച്ചിരിക്കുകയാണ്. സൂര്യപ്രകാശം ലഭിക്കുന്നതിനു തടസ്സമുണ്ടായാൽ, ആരോടും പരിഭവമില്ലാതെ വളഞ്ഞു വളരും എന്നല്ലാതെ പൊതുവെ തെങ്ങു വളരുന്നത് നേരെയുള്ള ഒറ്റത്തടിയായാണ്. രണ്ടു ബിന്ദുക്കളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേർ രേഖ ഒന്നേ ഉണ്ടാവുകയുള്ളൂ എന്നതുപോലെ സൃഷ്ടിയെയും സ്രഷ്ടാവിനെയും ബന്ധിപ്പിക്കുന്ന സത്യമായ ശാസ്ത്രം ഒന്നേ ഉണ്ടാവുകയുള്ളൂ, എന്നതിനെ തെങ്ങിന്റെ തടി സർവ്വം ശരിവെയ്ക്കുന്നുണ്ട്.

തെങ്ങിന്റെ ചുവട്ടിനെയും, മണ്ടയെയും ബന്ധിപ്പിക്കുമ്പോൾ വളരെ നീളമുള്ള ഒരു നേർ രേഖ 1 എന്ന അക്കത്തെ സൂചിപ്പിക്കുന്ന സിലിണ്ടർ രൂപത്തിൽ കിട്ടുന്നു. സിലിണ്ടർ ആകൃതിയുള്ള തടിയെ നിരവധി കഷണങ്ങൾ ആക്കിയാൽ അനവധി സിലിണ്ടർ-തടിക്കഷണങ്ങൾ ലഭിക്കുന്നതാണ്. ഓരോ തടിക്കഷണത്തെയും കുത്തിനിർത്തിയാൽ വൃത്താകൃതിയിലുള്ള 2 അറ്റങ്ങളെ നേർരേഖയിൽ ബന്ധിപ്പിക്കുന്ന 1 എന്ന ആകൃതിയിലുള്ള ഒരു സിലിണ്ടർ-തടിക്കഷണമാണ്. ചുറ്റോടു ചുറ്റും നടന്നു നോക്കിയാലും, ഗോളത്തിൽ വൃത്തം കാണുമ്പോലെ, 1 തെളിഞ്ഞു നില്ക്കും. രണ്ടറ്റവും വൃത്താകൃതിയിലുള്ള സിലിണ്ടർ-തടിക്കഷണങ്ങളെ ചേർത്തു വയ്ക്കുമ്പോൾ വളരെ വലിയ 1 കിട്ടും. ചുവട്ടിലെ തടിക്കഷണത്തിൽ വേരുകളുടെ കൂട്ടമാണുള്ളതെങ്കിൽ, മണ്ടയിലെ ഓലകളെ നീക്കം ചെയ്താൽ ഒരു അർദ്ധഗോളവുമായി സാമ്യമുള്ള ഒരു ഭാഗം മുകളിലത്തെ വൃത്താകൃതിയിൽ ചേർത്തുവച്ചപോലെ കാണാം. ഓലകളെ നീക്കംചെയ്യാതിരുന്നാലോ, കുടപോലെയുള്ള ഒരു വലിയ ഗോളത്തെയോ മുക്കാൽ-ഗോളത്തെയോ ഇലകൾ ആകാശത്തിൽ അഥവാ അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്നതായി കാണാം. ഗോളാകൃതിയും ബ്രഹ്മവും തമ്മിലുള്ള ബന്ധത്തെ **ഓം** എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. അർദ്ധ ഗോളാകൃതിയിൽ ഒരു കുടപോലെയുള്ള ആകാശത്തിലാണ് ദൈവം മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നും, (ദൈവം) കുടപോലെയുള്ള ആകാശത്തിന്റെ വ്യാസം വർദ്ധിപ്പിച്ചു കൊണ്ട് നക്ഷത്രകോടികളെ എത്രവേണമെങ്കിലും മഹാപ്രപഞ്ചത്തിൽ കൂട്ടിച്ചേർക്കുന്നതാണെന്നും വിസ്തരിച്ചിരുന്നു. തെങ്ങിന്റെ കാര്യത്തിൽ, പുതിയ പുതിയ ഫലങ്ങളും, ഇലകളും, ചൂട്ടും, കൊതുമ്പുമൊക്കെ നൽകിക്കൊണ്ട്, തെങ്ങ് അനന്തമെന്നോണം ഉയരങ്ങളിലേക്ക് വളരുകയാണ്. തെങ്ങിന്റെ ആയുസ്സ് മനുഷ്യന്റെ ആയുസ്സു പോലെയുമാണ് !

ഉയരം കൂടിയ തെങ്ങിനെ മറന്നു കൊണ്ട്, ഉയരം കുറഞ്ഞ തെങ്ങിലേക്ക് വരുമ്പോൾ, തടിയുടെ ഉയരം കുറയുന്നതൊഴിച്ചാൽ, ചുവടിന്റെയും തടിയുടെയും മണ്ടയുടെയും ആകൃതികൾക്ക് ഒരു മാറ്റവും ഉണ്ടാകുന്നില്ല.

തെങ്ങിന്റെ ഓലകളെ നീക്കംചെയ്തിട്ട് കിട്ടുന്ന ആകൃതി, മുമ്പ് പറഞ്ഞതു പോലെ സിലിണ്ടർ-ആകൃതിയിലുള്ള ഒരു തടിക്കഷണത്തിന്റെ ചുവട്ടിൽ നൂറുകണക്കിന് ചെറുവേരുകളും, മണ്ടയിൽ ഒരു അർദ്ധഗോളം കമഴ്ത്തിയതു പോലെയുമാണ്. ജീവികളിൽ, പ്രത്യേകിച്ചും മനുഷ്യരിലെ പുരുഷന്മാരുടെ ലിംഗത്തിന് മേല്പടി ആകൃതിയല്ലേ ഉള്ളത് എന്നു ചിന്തിച്ചുനോക്കുക. അയ്യേ, ലിംഗമോ എന്നൊരു രീതി അനേകർക്കുണ്ട്. അതിനുള്ള വിശദീകരണം 'ആനന്ദം, ... മഹാലിംഗം' എന്ന അദ്ധ്യായത്തിലുണ്ട്.

മഹാദേവിയായ മഹാസ്ത്രീയും മഹാമാതാവുമാണ് ദൈവം; മഹാദേവനായ മഹാപുരുഷനും മഹാപിതാവും ദൈവത്തിന്റെ ഭാഗവുമാണ്. മഹാദേവനും മഹാദേവിയും അടിസ്ഥാന പരമായി ഒന്നാകയാലും മനുഷ്യരൂപത്തിലാകയാലും പുരുഷലിംഗവും സ്ത്രീലിംഗവും ചേർന്നുള്ള രൂപമാണ് മഹാ-ലിംഗത്തിന് ഉണ്ടാവുക.

പുരുഷലിംഗവും സ്ത്രീലിംഗവും ചേർന്നുള്ള രൂപമെന്താണ് ? പുരുഷലിംഗം സ്ത്രീലിംഗത്തിലേക്കു പ്രവേശിക്കുമ്പോൾ സ്ത്രീലിംഗത്തിൽ ചേർന്നിരിക്കുമ്പോൾ, സ്ത്രീലിംഗത്തിന്റെ ആകൃതി, പുരുഷലിംഗത്തിന്റേതു തന്നെയാണ്. അതായത് **സൃഷ്ടി നടത്തുന്നത് ദൈവത്തിന്റെ മഹാലിംഗമാണ്. ദൈവം ഏകമാകയാലും, മഹാദേവിയും മഹാദേവനും, മഹാപിതാവും മഹാമാതാവും, ഒന്നുതന്നെയാകയാലും, മഹാലിംഗം സ്ത്രീ-പുരുഷ ബന്ധങ്ങൾക്ക് അതീതമാണ്.**

സൃഷ്ടി നടത്തുന്നത് (മഹാപിതാവും) മഹാമാതാവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവമായ മഹാദേവി ആണെന്നും മഹാലിംഗം സൃഷ്ടിയുടെ പ്രതീകമാണെന്നും വ്യക്തമാകുന്നു.

(മഹാപിതാവും) മഹാമാതാവുമായ **ദൈവം**, മഹാ-മാതാവായ **മഹാദേവി** മാത്രമായി മനുഷ്യസ്ത്രീ രൂപത്തിൽ വർത്തിക്കുന്നത് മനുഷ്യരുടെ ലിംഗവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുന്നു. നൂറുകണക്കിനു വേരുകളുള്ള തെങ്ങിൻ ചുവട്ടിൽ നിന്ന് ഒരു സിലിണ്ടർ പോലെ മേലോട്ട് തെങ്ങിന്റെ തടി വളർന്നു നിൽക്കുന്നതുപോലെ, രോമക്കൂട്ടങ്ങളായ വേരുകളുടെ ചുവട്ടിൽ നിന്ന് ഒരു സിലിണ്ടർ പോലെ പുരുഷലിംഗം, ഇലയില്ലാത്ത തെങ്ങിന് മണ്ടയുമായി സാദൃശ്യമുള്ള മുകൾ ഭാഗത്തോടെ കാണാം. ഒരു വ്യത്യാസമുള്ളത്, പുരുഷൻ നിൽക്കുമ്പോഴും, ഇരിക്കുമ്പോഴും, ഭൂമിക്ക് സമാന്തരമായിട്ടല്ലാതെ മേലോട്ട് അഥവാ കുത്തനെ കാണില്ല. അതു വേണമെങ്കിൽ പുരുഷൻ മലർന്നു കിടക്കുകയും കാമചിന്തകൾ ഉണ്ടാവുകയും വേണം. കാമബന്ധത്തിൽ, പുരുഷൻ കമഴ്ന്നാലാണ് മംഗളമാകുക. അപ്പോഴും പുരുഷലിംഗം മേലോട്ടാവുന്നില്ല. **ദൈവത്തിന്റെ വീട്ടിൽ മഹാവാത്സല്യം തേടിയെത്തുമ്പോൾ, കാമകാര്യങ്ങൾക്ക് സ്ഥാനമില്ല.** പുരുഷലിംഗത്തിന്റെ ആകൃതി തന്നെയാണ് സ്ത്രീയുടെ ലിംഗത്തിനും എന്നു വ്യക്തമാക്കിയിരിക്കെ, സ്ത്രീലിംഗത്തിന്റെ ദിശ നോക്കാം. സ്ത്രീ നില്ക്കുമ്പോഴും, ഇരിക്കുമ്പോഴും, ലിംഗം ഭൂമിക്ക് കുത്തനെ അഥവാ ഭൂമിയിൽ തെങ്ങ് നിൽക്കുമ്പോലെ ആയിരിക്കും. വീണ്ടും ദൈവീകതലത്തിലേക്ക് വരിക. മഹാമാതാവായ മഹാദേവി, ഭൂമിയിൽ നിൽക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോൾ, മഹാദേവിയുടെ മഹാലിംഗം ഭൂമിക്ക് കുത്തനെ അഥവാ ഭൂമിയിൽ തെങ്ങ് നിൽക്കുമ്പോലെ ആയിരിക്കും. ദേവാലയത്തിൽ മഹാലിംഗം പ്രതിഷ്ഠിച്ചാൽ, ഇരിക്കുകയോ നിൽക്കുകയോ ചെയ്തുകൊണ്ട്, മഹാലിംഗം ഒഴികെയുള്ള ശരീരഭാഗങ്ങളെ അപ്രത്യക്ഷമാക്കിയിരിക്കുന്ന മഹാദേവിയുടെ മഹാലിംഗമായി പരിണമിക്കുന്നു. ദേവാലയത്തിൽ എത്തുന്നവർ മഹാലിംഗത്തിനു മുന്നിൽ അഭിമുഖമായി നിൽക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോൾ, മഹാദേവിയും നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്നതായി കരുതാനാവുന്നു. ഇതുവരെയുള്ള കാര്യങ്ങളെ ചുരുക്കി പറയുമ്പോൾ, മഹാശക്തിയായ മഹാദേവി ബ്രഹ്മവൃക്ഷമായി തെങ്ങ് സൃഷ്ടിച്ചു.

ഓലകളെ മാറ്റിയ തെങ്ങിന്റെ രൂപത്തിൽ സ്ത്രീലിംഗവും പുരുഷലിംഗവുമുണ്ടാക്കി. ദൈവീക തലത്തിൽ പറയുമ്പോൾ, മഹാലിംഗം സൃഷ്ടിച്ചു. സൃഷ്ടിച്ചുവോ, എന്നു ചോദിച്ചാൽ കല്ലുകൊണ്ടോ, ലോഹം കൊണ്ടോ, എന്തുകൊണ്ടുമോ, സിലിണ്ടർ ആകൃതിയിലും, ഒരറ്റത്തെ അർദ്ധഗോളാകൃതിയിലും ഒരു രൂപമുണ്ടാക്കി അതിനെ ഭൂമിക്ക് ലംബമാക്കി നിർത്തിയാൽ മഹാലിംഗത്തിന്റെ പ്രതീകമായി. ചുറ്റി നടന്നു നോക്കുമ്പോഴും ഒരേ ആകൃതി മാത്രം. മനുഷ്യർ തങ്ങളുടെ നാവ് പുറത്തേക്കു നീട്ടിയാൽ ലഭിക്കുന്ന നാവിന്റെ ആകൃതിയാണ് മഹാലിംഗത്തെ എങ്ങനെ ചുറ്റിയാലും കാണുക. **സൃഷ്ടിയുടെ പ്രതീകമായി മഹാലിംഗത്തെ സ്വീകരിക്കുമ്പോൾ സത്യം അഥവാ ഭൗതികരൂപം മാത്രമേ ആയുള്ളൂ. ധർമ്മകാര്യങ്ങളും നീതികാര്യങ്ങളും ബാക്കിയുണ്ട്. അഥവാ സ്ഥിതി, സംഹാരം എന്നിവയ്ക്ക് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം.** മുകളിൽ ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സ്ഥിതിയിൽ / മനുഷ്യ ജീവിതത്തിൽ / ധർമ്മങ്ങളിൽ ലിംഗത്തിനുള്ള പദവിയും വിശേഷതകളുമാണ് വിവരിച്ചത്. അച്ഛനും അമ്മയ്ക്കും. മകനും മകൾക്കും ഒക്കെ പരമാനന്ദമായിരിക്കുന്ന കാമാനന്ദത്തെ അവരവർക്കു നൽകിയ ലിംഗത്തിലൂടെ മഹാമാതാവായ മഹാദേവിയുടെ മഹാലിംഗം ലഭ്യമാക്കിയിരിക്കുന്നു. ആകയാൽ സ്ഥിതിയുടെ @ ധർമ്മത്തിന്റെ പ്രതീകമായി മഹാലിംഗത്തെ സ്വീകരിക്കേണ്ടതുണ്ട്. ഇനിയുള്ളത് നീതികാര്യങ്ങളാണ്. അതായത്, **സംഹാരം** എന്ന ആത്മീയ സാക്ഷാത്ക്കാരത്തിന് @ **മോക്ഷത്തിന് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം : സംഹാരമെന്നതുകൊണ്ട് ജീവികളുടെ മനുഷ്യാവസ്ഥയിലെ മോക്ഷത്തെയാണ് ഉദ്ദേശിക്കുന്നത്. മോക്ഷത്തിലും പരമാനന്ദമായ കാമാനന്ദം തന്നെയാണ് സൃഷ്ടികൾക്ക് മുഖ്യം എന്നത് സംഹാരത്തെയും ലിംഗവുമായി ബന്ധിപ്പിക്കുന്നു. മോക്ഷമായ നക്ഷത്രത്തിലെ ന്യൂട്രോൺ-ഹീലിയം ബന്ധം പരമാനന്ദത്തെ കുറിക്കുന്നു.**

മറ്റുള്ള ജീവികളെപ്പറ്റി പറയുമ്പോൾ, ആദി സൃഷ്ടിയായ മത്സ്യം മാത്രം നേരിട്ടും, പിന്നെയുള്ള മത്സ്യങ്ങളും മറ്റുള്ള ജീവികളും പരിണാമത്തിലൂടെയും നടത്തപ്പെടുന്നു. സംഹാരദേവനായി പരമശിവനെ നിയമിച്ചിട്ടുണ്ടല്ലോ എന്ന് ചിന്തിക്കേണ്ട. പരമശിവനിലൂടെ സംഹാരം നിർവ്വഹിക്കുന്നു എന്നേയുള്ളൂ. ബന്ധപ്പെട്ട എല്ലാ ശക്തികളും മഹാശക്തിയായ മഹാദേവിയുടെ മഹാലിംഗത്തിൽ കുടികൊള്ളുന്നു. മനുഷ്യരിൽ പ്രസവം എന്ന സൃഷ്ടി നടത്തുന്നത്, മഹാലിംഗത്തിൽ നിന്നും ഉത്ഭവിക്കുന്നതായി കണക്കാക്കുമ്പോൾ, ദൈവീകതലമാവുന്നു. പ്രസവത്തോടെ മറുപിള്ള എന്ന പേരിലുള്ള ഗർഭ-ആവരണം പുറത്തുപോകുമ്പോൾ, മഹാലിംഗത്തിലൂടെയുള്ള സൃഷ്ടിപ്രക്രിയ പൂർത്തിയാവുക കൂടിയാണ്. മുട്ടയിലൂടെ കുഞ്ഞുങ്ങളെ സൃഷ്ടിക്കാൻ മഹാനിശ്ചയിച്ചിട്ടുള്ള ജീവികളിൽ അത് മുട്ടകളുടെ തോടാണ്. മഹാദേവി, തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്നതായ മഹാഹൃദയം എന്ന ഓംകാരത്തെ പ്രവർത്തിപ്പിക്കുന്നത് മഹാശക്തി ലിംഗം എന്നുകൂടി വിശേഷിപ്പിക്കാവുന്ന മഹാലിംഗമാണ്, എന്നും തെളിയുകയാണ്. അങ്ങനെയാകുമ്പോൾ, മഹാദേവിയെ അഥവാ മഹാശക്തിയായ ദൈവത്തെ മഹാലിംഗ പ്രതിഷ്ഠ കൊണ്ട് പ്രതീകമാക്കുന്നത് മഹാശാസ്ത്രപരമാണെന്ന് തെളിയുന്നു. ബ്രഹ്മവുമായി ബന്ധപ്പെടുത്തുകയാലാണ് ഓം, ഓംകാരം, മഹാലിംഗം എന്നിവയെ വിശദീകരിക്കുമ്പോൾ, അവ ഓരോന്നും മഹാദേവി ആണെന്ന് തോന്നിപ്പോകുന്നത്. ബ്രഹ്മത്തിന്റെ മായാ-പ്രകടനത്തിൽ മനുഷ്യന്റെ ചിന്തകളെ താലോലിക്കേണ്ടതില്ല. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മുഴുവനും മഹാശക്തിയും, മഹാനീതിയും, മഹാദേവിയുമായ മഹാജഗദംബ മാത്രമാണ് നിർവ്വഹിക്കുന്നത് എന്നു മനസ്സിലാക്കിയാൽ കാര്യങ്ങൾ ലളിതമാകുന്നു. മഹാലിംഗം വിഗ്രഹം അല്ല. അതേസമയം മഹാശക്തിയായ ദൈവത്തെ പ്രതീകമാക്കുന്ന ലഘു-വിഗ്രഹം പോലെ പ്രതിഷ്ഠിക്കാൻ കഴിയുമെന്ന് മഹാശാസ്ത്രപരമായി തെളിയിച്ചിരിക്കുന്നു.

മഹാദേവിയുടെ മഹാസാന്നിദ്ധ്യം, മഹാലിംഗ നിർമ്മാണം, മഹാലിംഗത്തോടുള്ള മനുഷ്യരുടെ പെരുമാറ്റം, മഹാലിംഗത്തെ മുൻനിർത്തിയുള്ള പ്രാർത്ഥന, മഹാലിംഗത്തെ മുൻനിർത്തിയുള്ള ആരാധന, മഹാലിംഗത്തിൽ പരമശിവനെ പ്രത്യക്ഷമാക്കൽ, മഹാദേവി മഹാലിംഗത്തിൽ പ്രത്യക്ഷമാകുന്നത് തുടങ്ങിയ കാര്യങ്ങളെ ഇനി വിശദീകരിക്കാം.

മഹാദേവിയുടെ മഹാസാന്നിദ്ധ്യം

മഹാപ്രപഞ്ചത്തിലെ ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഉണ്ട്. എന്നാൽ, മഹാശാസ്ത്രപ്രകാരമുള്ള ഭവനം കുഞ്ഞുങ്ങൾ മഹാദേവിക്ക് നിർമ്മിച്ചു നൽകുമ്പോൾ, കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കുന്നതിനായിട്ട് മഹാമാതാവായും, മഹാശക്തിയായും, മഹാനീതിയായും മഹാദേവി മഹാഎഴുന്നെള്ളുന്നതാണ്. ധർമ്മശാസ്ത്രപരമായിട്ട് മഹാദേവിയുടെ വീടിനോടും മഹാദേവിയോടും പെരുമാറുമ്പോൾ മഹാദേവിയുടെ പ്രത്യേക മഹാ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. ധർമ്മശാസ്ത്ര പരമായിട്ട് പെരുമാറിയില്ലെങ്കിൽ മഹാദേവിയുടെ പ്രത്യേക മഹാസാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതുമല്ല.

മഹാലിംഗ പ്രതിഷ്ഠ നിർമ്മാണം





മഹാലിംഗത്തിന്റെ ആകൃതി വേണമെന്നല്ലാതെ കല്ലുകൊണ്ടോ, ലോഹം കൊണ്ടോ, മനുഷ്യരുടെ സൗകര്യം പോലെ നിർമ്മിക്കുകയേ വേണ്ടൂ. മഹാദേവിയെയോ മഹാലിംഗത്തെയോ അല്ല, വെറുമൊരു പ്രതീക-പ്രതിഷ്ഠയാണ് നിർമ്മിക്കുന്നതെന്നും, മഹാശാസ്ത്രപ്രകാരം അറിയിച്ച സൗകര്യങ്ങളെ ചെയ്തുകൊണ്ടല്ലാതെ മഹാദേവിയോട് വന്നു താമസിക്കുന്നതിന് അഭ്യർത്ഥിക്കുവാൻ മനുഷ്യന് യോഗ്യതയില്ലെന്നും അറിയണം ....

1 അടി മുതൽ മേലോട്ട് എത്ര അടിവരെ ഉയരത്തിലും മഹാലിംഗപ്രതിഷ്ഠ നിര്മ്മിക്കാവുന്നതാണ്. വലിയ വീടാണ് നിര്മ്മിക്കുന്നതെങ്കിൽ പ്രതിഷ്ഠയ്ക്ക് 5 അടി ഉയരം നല്ലത്. എന്നാൽ, ഉയരം കൂട്ടിയാൽ, മാനുഷികമായി കഴുകാൻ സാധിക്കുന്നതല്ല, ഏണി പോലെയുള്ളവ പാടില്ലാ എന്നറിയണം. തെങ്ങിന്റെ ചുറ്റളവ് മഹാലിംഗത്തിനു സ്വീകരിക്കാവുന്നതാണ് എന്നല്ലാതെ ആവക കാര്യങ്ങളിൽ കണക്കുകളുണ്ടാക്കി വിഷയത്തിന്റെ സത്തയെ മോശപ്പെടുത്തരുത്. മഹാലിംഗത്തെ മണ്ണ് മാന്തി പ്രതിഷ്ഠിക്കുക എന്നല്ലാതെ പീഠം വേണ്ടതില്ല.

മനുഷ്യർക്ക് തൊടാൻ സാധിക്കാത്ത ദൂരത്തിൽ വേലിപോലെ ഒരു തടസ്സം സൃഷ്ടിക്കേണ്ടതുണ്ട്. തൊട്ടതു കൊണ്ട് ദോഷം ഉണ്ടെന്നോ, തൊട്ടാൽ എന്തെങ്കിലും വിശേഷ ഗുണം ഉണ്ടെന്നോ ധരിച്ചു പോകരുത്. മനുഷ്യർക്ക് ഇഷ്ടമുള്ള സുഗന്ധ പുഷ്പച്ചെടികളെ ക്കൊണ്ട് ഒരു റിംഗ് പോലെയുണ്ടാക്കാവുന്നതാണ്. 2 അടിയിൽ കൂടുതൽ ഉയരമില്ലാത്ത കുറ്റിച്ചെടികൾ മതിയാകും. മഹാലിംഗം ശുദ്ധിപ്പെടുത്തുന്ന ജലം കൊണ്ട് അവ നനഞ്ഞുകൊള്ളും, പ്രത്യേകം നനയ്ക്കേണ്ടതില്ല.

ചെടികൾക്കു വെളിയിൽ ചുറ്റോടു ചുറ്റും മണ്ണുകൊണ്ടു തന്നെയുള്ള റിംഗാകൃതിയിലുള്ള നടപ്പാത. നടപ്പാതയുടെ വീതി എത്രവേണമെങ്കിലും ആകാം. എന്നിരിക്കിലും 10 അടിയിൽ കുറയാതിരുന്നാൽ നല്ലത്.

നടപ്പാതയ്ക്കു വെളിയിൽ വീണ്ടും റിംഗ്പോലെ നടപ്പന്തൽ. നടപ്പന്തലിലേയ്ക്കാണ് പുരയിടത്തിനു വെളിയിൽ നിന്നുമുള്ള 4 പാതകളും എത്തിച്ചേരുന്നത്. 4 പാതകളും ഒഴികെയുള്ള ഭാഗത്താണ് പന്തൽ അഥവാ മേൽക്കൂര കെട്ടേണ്ടത്. നടപ്പന്തലിന്റെ വീതി 20 അടിയിൽ കുറയാതിരുന്നാൽ നല്ലത്. നടപ്പാത ഒഴികെയുള്ള തറയിൽ കരിങ്കല്ലുപാകി സുന്ദരമാക്കാം. മഴയത്തും വെയിലത്തും ദേവാലയത്തിൽ വരുന്നവർക്ക് കയറി നിൽക്കാനും, ഇരിക്കാനും കിടക്കാനും, വിശ്രമിക്കാനുമായാണ് പന്തൽ കെട്ടുന്നത്. തെങ്ങോല കൊണ്ടോ, അതാതു കാലങ്ങളിൽ ലഭ്യമാകുന്ന മെച്ചമായ മറ്റു വസ്തുക്കൾ കൊണ്ടോ മേൽക്കൂരയാകാം.

പന്തലിനു മുമ്പിലുള്ള പ്രാർത്ഥനയ്ക്കുള്ള നടപ്പാതയിലും, പന്തലിലും ഒക്കെ വെള്ളം കെട്ടിനിൽക്കാതെ പുറത്തേയ്ക്ക് ഒഴുകി വൃക്ഷങ്ങൾക്ക് ലഭിക്കും വണ്ണം വെള്ളച്ചാൽ ഉണ്ടാക്കണം. മഴവെള്ളം മണ്ണിൽ ഒഴുകുക എന്നല്ലാതെ കല്ലുകൾ തറയിൽ പാകി മണ്ണിനോട് അനീതി കാട്ടണ്ട. മഹാശക്തിയായ മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയവർക്കു മാത്രമാണ് ദൈവത്തെ ആരാധിക്കുവാൻ യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ.

മഹാലിംഗ പ്രതിഷ്ഠയോടുള്ള മനുഷ്യരുടെ പെരുമാറ്റം : മഹാലിംഗം എന്ന വിഗ്രഹം അല്ലാത്ത വിഗ്രഹപ്രതിഷ്ഠ ശാസ്ത്രപരമായി നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ലായെന്നും; വിഗ്രഹത്തിൽ നിന്നോ എന്തിലും നിന്നോ മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോൾ / പ്രത്യക്ഷപ്പെടുമ്പോൾ, മഹാദേവി അനുവദിക്കുന്നുവെങ്കിൽ മഹാദേവിയെ ആണ് ആരാധിക്കേണ്ടത് എന്നും; കല്ലുകൊണ്ടോ മരംകൊണ്ടോ ലോഹംകൊണ്ടോ ഒക്കെ നിർമ്മിച്ച വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല എന്നും ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ വിശദീകരിച്ചിരുന്നു. വിഗ്രഹം എന്നു വിശേഷിപ്പിക്കുന്നത് മഹാലിംഗത്തെയാണ്. മഹാശക്തിയും, മഹാദേവിയും, (മഹാദേവനും), (മഹാപിതാവും) മഹാമാതാവും, മഹായജമാനയും, മഹാനീതിയുമായ ദൈവത്തെ മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാപ്രപഞ്ചത്തെ പ്രസവിച്ച മഹാലിംഗമായി കരുതുമ്പോൾ, ദൈവീക തലത്തിലാവണം മനുഷ്യന്റെ ചിന്തകൾ. അതേ സമയം, മനുഷ്യ-മഹാമാതാവായി എഴുന്നെള്ളുകയാൽ മാനുഷിക തലങ്ങളെയും ചേർക്കേണ്ടതുണ്ട്. **അന്യരുടെ ലിംഗത്തിൽ തൊടാനും, തങ്ങളുടെ ലിംഗത്തിൽ അന്യരെക്കൊണ്ട് തൊടീക്കാനും, ലിംഗത്തിൽ പുഷ്പങ്ങൾ വിതറാനും മനുഷ്യർ തയ്യാറായിക്കൂടാ എന്നതുപോലെ, മഹാദേവിയുടെ + മഹാദേവന്റെ മഹാലിംഗത്തെ മനുഷ്യർ തൊടുന്നതും (പൂവിട്ട്) പൂജിക്കുന്നതും മറ്റും സഭ്യമല്ല. മഹാദേവി മഹാപ്രപഞ്ചത്തിൽ സൃഷ്ടിച്ചിട്ടുള്ള പൂക്കളോ വസ്തുക്കളോ കൊണ്ടല്ലാതെ മനുഷ്യർക്ക് പൂജിക്കാൻ കഴിയില്ലെന്നിരിക്കെ, മഹാദേവി സൃഷ്ടിക്കുന്ന പൂക്കളെ കൊണ്ട് മഹാദേവിക്കുതന്നെ പൂജ ചെയ്യുന്നത് ഭോഷ്ക്കാണ്.**

കുഞ്ഞുങ്ങളുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി ദൈവം നൽകിയവയെ, ദൈവത്തിനെന്ന പേരിൽ തിരിച്ചു നൽകുന്നത്, അറിഞ്ഞും അറിയാതെയും ദൈവത്തെ നിന്ദിക്കുകയാണ്.

ദൈവം നൽകിയ പാൽ, പഴങ്ങൾ, നെയ്യ്, തേൻ, ചന്ദനം, എണ്ണം, പലഹാരങ്ങൾ തുടങ്ങിയ ഭൗതിക വസ്തുക്കളെയും ശക്തിയും ദൈവത്തിനു തന്നെ തിരിച്ചു നൽകണമെന്ന് വല്ലാത്ത മോഹമാണെങ്കിൽ, ഓരോരുത്തരും തങ്ങളുടെ സർവ്വ സമ്പത്തുകളെയും, ഭക്ഷണം, ഉടുത്തിരിക്കുന്ന വസ്ത്രം ഉൾപ്പെടെ ഉള്ളവയെയും, പോരാ ശരീരത്തെയും ആത്മാവിനെയും ദൈവത്തിനു തിരിച്ചു നൽകേണ്ടിവരും.

ദൈവത്തെ നേരിൽ കാണുവാൻ ഭാഗ്യമുണ്ടാകുമ്പോൾ, അത്തരം സമർപ്പണത്തെപ്പറ്റി ചിന്തിക്കാൻ കഴിയുന്നുവെങ്കിൽ അത് അപ്പോഴത്തെ കാര്യമാണെന്നല്ലാതെ കല്ല്, ലോഹം തുടങ്ങിയ പ്രതിഷ്ഠയുടെ മേലല്ല അഭ്യാസങ്ങളും കുശുകുശു മന്ത്രങ്ങളും കൊണ്ട് ദൈവനിന്ദ ചെയ്യേണ്ടത്. മഴയും വെയിലും മനുഷ്യർക്കു വേണം എന്നതുപോലെ മഹാദേവിക്കും വേണം (ഭാവന!). മഹാലിംഗത്തിന് (പ്രതിഷ്ഠയ്ക്ക്) മേൽക്കൂര പാടില്ല. ഭൂമിയിലൊക്കെയുമുള്ള തന്റെ അനേകം കുഞ്ഞുങ്ങൾ മഴയും വെയിലുമേറ്റു കഴിയുമ്പോൾ, മഹാദേവിയും അവ ഏൽക്കട്ടെ; ഇനിയൊന്ന് മഴയെയും വെയിലിനെയും ആനന്ദമായി കാണണം എന്നതാണ്. മാത്രമല്ല, യോഗ്യതയില്ലാത്തവർ മഹാലിംഗത്തെ ശുദ്ധിചെയ്യുന്നത് മഹാദേവിക്ക് ഇഷ്ടമല്ല. മഴയും വെയിലും കാറ്റും മറ്റും കൊണ്ട് സ്വയം ശുദ്ധമാകുന്നെങ്കിൽ ശുദ്ധമായാൽ മതി. സ്ത്രീകൾക്ക് സഹിക്കാൻ വയ്യാതെ മഹാലിംഗത്തെ വെള്ളമൊഴിച്ച് ശുദ്ധി ചെയ്യാൻ തോന്നിയാൽ, അവർ ആദ്യം മഹാദേവിയുടെ പശുപ്പുരയിൽ ചെല്ലുകയും, അവിടം വൃത്തിയാക്കിയ ശേഷം മാത്രം, മഹാലിംഗത്തെ വെള്ളം മാത്രമൊഴിച്ച് കഴുകുകയും ചെയ്യുക. മഹാദേവിയെ സ്മരിക്കാം, ദേവീ ശരണം, ഓം ശിവായ നമഃ, ഓം നമഃ ശിവായ, **അമ്മേ ശിവാ** എന്നിവയിൽ ഒന്ന് വേണമെങ്കിൽ ഉച്ചരിക്കാമെന്നല്ലാതെ മന്ത്രങ്ങൾ എന്ന പേരിൽ വേഷംകെട്ടലുകൾ പാടില്ല. ഒരു ചില പുരുഷന്മാർക്ക് മഹാലിംഗത്തെ (പ്രതിഷ്ഠയെ) വെള്ളമൊഴിച്ച് ശുദ്ധി ചെയ്യാൻ തോന്നിയാൽ അവർ ആദ്യം മഹാദേവിയുടെ വീട്ടിലെയും സ്വന്തം വീട്ടിലെയും കക്കൂസ്, കുളിമുറി എന്നിവ വൃത്തിയാക്കിയ ശേഷം മാത്രം, മഹാലിംഗത്തെ വെള്ളം മാത്രം കൊണ്ട് കഴുകുക. **ദേവീ ശരണം, ഓം ശിവായ നമഃ, ഓം നമഃ ശിവായ, അമ്മേ ശിവാ** എന്നിവയിൽ ഒന്ന് ഉച്ചരിക്കാം.

മന്ത്രങ്ങളും ജപവും അധമം ആണ്. അടുത്ത അദ്ധ്യായത്തിൽ യഥാർത്ഥ മന്ത്രങ്ങളെ വിവരിക്കുന്നുണ്ട്.

മനുഷ്യർ തങ്ങളുടെ ലിംഗത്തിന്റെ അടുത്ത് വിളക്കു വെയ്ക്കില്ല എന്നതുപോലെ, മഹാലിംഗത്തിന്റെ അടുത്ത് യാതൊരു വിളക്കുകളും പാടില്ല. രാത്രിയിൽ മഹാലിംഗത്തിനു വളരെ ദൂരത്തായിട്ട്, മനുഷ്യരുടെ ആവശ്യത്തിന് വിളക്കു വെയ്ക്കാം. ദേവാലയത്തിൽ വരുന്നവർ ചെരുപ്പ് ദേവാലയ-പ്പുരയിടത്തിനു വെളിയിൽ ഉപേക്ഷിച്ച്, നഗ്നപാദരായി നടപ്പാതയിലൂടെ വരുന്നത് നല്ലത് എന്നല്ലാതെ ചെരുപ്പ് ഉപയോഗിക്കുന്നവരെ വിലക്കിക്കൂടാ. വസ്ത്രധാരണത്തെപ്പറ്റി പറയുമ്പോൾ, ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാര ശാസ്ത്രം:കാമാനന്ദം /സെക്സ്) എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശരീര അവയവങ്ങളെ ധർമ്മശാസ്ത്രപരമായി മറയ്ക്കുക എന്നല്ലാതെ വസ്ത്ര കാര്യങ്ങളിൽ മറ്റ് നിബന്ധനകളില്ല. പുരുഷന്മാർ പൊക്കിളും കാൽമുട്ടും മറച്ചുള്ള വസ്ത്രം ധരിക്കണം. ഷർട്ട്/ഉടുപ്പ് നിർബ്ബന്ധമല്ല. ഷർട്ടില്ലാതെയും പ്രവേശിക്കാമെന്നും, വ്യക്തിക്ക് അസൗകര്യമില്ലെങ്കിൽ **ഷർട്ട് ഇടണം** എന്നുമാണ്. മഹാദേവിക്കായി ഉണ്ടാക്കിയ വീട്ടിൽ (ദേവാലയത്തിൽ) മഹാലിംഗം പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ എല്ലാമായി.

സൗദി അറേബ്യയിലുള്ള മക്കയിലെ പള്ളിയിലുള്ള കഅ്ബയെ ചുറ്റുമ്പോലെ ഒരു തവണ ചുറ്റിനടന്ന് കാണാം. മഹാലിംഗത്തിനു മുന്നിൽ സാഷ്ടാംഗം നമസ്ക്കരിക്കാൻ മഹാദേവി അനുവദിച്ചിട്ടുള്ളത് മഹാശാസ്ത്രം ലഭിച്ച് മഹാദേവിയെ ആരാധിക്കാൻ യോഗ്യത നേടിയ ശേഷം മാത്രം മഹാദേവിയുടെ ഖര രൂപമാണ് ഭൂമി എന്ന് സുവ്യക്തമായി അറിഞ്ഞ്, ഭൂമിയായ മഹാദേവിയെ സാഷ്ടാംഗം നമസ്ക്കരിക്കുകയാണ് !

മഹാലിംഗം കൊണ്ടുമാത്രം മഹാദേവിക്ക് ആലയം / വീട് ഉണ്ടാക്കുന്നത് ശിവം അല്ല. മഹാശക്തിയായ ദൈവത്തെ, മഹാദേവിയെന്ന രീതിയിൽ കാണുമ്പോൾ, മാനുഷിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കണം.

മഹാദേവിയെ കാണാനെന്ന പോലെ, മഹാലിംഗത്തെ ദർശിക്കാനും പ്രാർത്ഥിക്കാനും എത്തുന്നവർക്ക് മനുഷ്യരിലൂടെ തന്നെ പരിഹാരം ഉണ്ടാവണം. സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആശ്രയമുണ്ടാവണം. പാവപ്പെട്ടവർ ദേവാലയ ഭൂമി കൈയ്യേറിയാൽ, അവരെ തടഞ്ഞുകൂടാ. ദേവാലയത്തെ പരസ്യമായി അവർ നശിപ്പിച്ചാലും അവരെ തടഞ്ഞുകൂടാ. പാവപ്പെട്ടവരുടെ പ്രശ്നങ്ങളെ പരിഹരിക്കാത്ത ഭരണാധികാരികളും ജനങ്ങളും വസിക്കുന്ന നാട്ടിൽ മഹാദേവിക്ക് മനുഷ്യ രൂപത്തിൽ വസിക്കാനാവില്ല.

സഞ്ചാരികൾക്ക് യാത്രയ്ക്കിടെ വിഗ്രഹ പ്രതിഷ്ഠ നടത്തിത്തന്നെ പ്രാർത്ഥിക്കാൻ കൊതി തോന്നിയാൽ, 2 കൈക്കുമ്പിളിലുമായി മണ്ണെടുത്ത് 10 സെക്കന്റിൽ താഴെ സമയംകൊണ്ട് കൈകൾകൊണ്ടു തന്നെ അമർത്തി ഭൂമിയിൽ വച്ചാൽ അത് മഹാലിംഗമായി. പ്രാർത്ഥന കഴിഞ്ഞ് മഹാലിംഗപ്രതിഷ്ഠയെ കൈകൾ കൊണ്ടു തന്നെ ഉടച്ചുകളയുക. ഭൂമിയിലെങ്ങും തെങ്ങുകളുടെയും കുന്നുകളുടെയും പർവ്വതങ്ങളുടെയും രൂപത്തിൽ മഹാലിംഗം നിറഞ്ഞിരിക്കുകയാണ്. തീർന്നില്ല, മനുഷ്യർ നിർമ്മിക്കുന്ന മിക്ക യന്ത്രഭാഗങ്ങളിലും മഹാലിംഗമുണ്ട്.

മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള പ്രാർത്ഥന

മഹാദേവിയുടെ ഭവനത്തിലെത്തുന്ന ജനസേവകരും ജനങ്ങളുടെ അടിമകളുമായ ഭരണാധികാരികൾ ഉൾപ്പെടെയുള്ള ഭരണകാര്യാലയത്തിലെ ജോലിക്കാരിലൂടെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് ഉടനെ ഭൗതിക പരിഹാരം ഉണ്ടാക്കുന്നു. ശുചിത്വം വിഭാഗത്തിൽ പ്രവർത്തിക്കുന്നവരെ സാമൂഹ്യ പ്രശ്നങ്ങളിൽ ജാഗരൂകരാക്കുന്നു. കൂടുതൽ വിസ്തരിക്കുന്നില്ല.

പ്രാർത്ഥനയെപ്പറ്റി വിവരിക്കുന്ന പ്രത്യേകം അദ്ധ്യായം തന്നെ മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്.

പ്രാർത്ഥിക്കുന്നതും പ്രാർത്ഥനയുടെ ഉള്ളടക്കവും വ്യക്തിയുടെ സ്വകാര്യമാണ്. വ്യക്തിക്ക് ദൈവത്തോടുള്ള അഭ്യർത്ഥനയും, ആവശ്യം അറിയിക്കലും കൂടിയാണ് പ്രാർത്ഥന എന്നു പറയുമ്പോൾ പ്രാർത്ഥനയുടെ ഉള്ളടക്കവും / വാക്കുകളും വാചകങ്ങളും, സമയവും എല്ലാം വ്യക്തിയാണ് നിശ്ചയിക്കുന്നതും നിശ്ചയിക്കേണ്ടതും. മറ്റുള്ളവർക്ക് ശരിയെന്നു തോന്നുന്ന പ്രാർത്ഥന അവരവരുടെ അറിവിനും ആവശ്യങ്ങൾക്കും ചേർന്നതാണ്. മതങ്ങൾ/ പുരോഹിതന്മാർ തട്ടിക്കൂട്ടുന്ന കൂട്ടപ്രാർത്ഥനയിൽ പെടുന്ന അനേകർക്ക് മലവിസർജനം മുട്ടുമ്പോൾ, പ്രാർത്ഥന പെട്ടെന്ന് അവസാനിച്ചിരുന്നുവെങ്കിൽ എന്നും മറ്റും ആഗ്രഹിക്കും. ആഗ്രഹത്തിന്റെ മറ്റൊരു പേര് കൂടിയാണ് പ്രാർത്ഥന.

ദൈവം നീതി നൽകുന്നത് വ്യക്തിയുടെ (വാക്കുകളുടെയും) പ്രവൃത്തികളുടെയും നന്മ തിന്മകളെ അഥവാ ധർമ്മ ശാസ്ത്രത്തെ ആധാരമാക്കിയാണ്; പ്രാർത്ഥന, സ്തുതി എന്നിവയുടെ അടിസ്ഥാനത്തിലല്ലാ. ആത്മശുദ്ധീകരണത്തിനും, ആത്മ വിശ്വാസം വർദ്ധിപ്പിക്കാനും ധർമ്മ ശാസ്ത്ര പരമായ പ്രാർത്ഥന നല്ലതാണ്. ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ധർമ്മ ശാസ്ത്ര പരമായ രണ്ടു പ്രാർത്ഥനകളെ ചേർത്തിട്ടുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, പരമശിവനും പ്രാർത്ഥിക്കുന്നുണ്ട്. പ്രാർത്ഥന അടിസ്ഥാന പരമായി പരമശിവന്റെയും സ്വകാര്യമാണ്; മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരിഷ്ക്കരിക്കുന്നതുമാണ്.

പ്രാർത്ഥനകൾ കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് മാറണമെന്നത് എല്ലാവർക്കും, ... എല്ലാ മനുഷ്യർക്കും ബാധകമാണ്.

മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള ആരാധന

ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടണം. മുകളിൽ പലയിടങ്ങളിലും പരാമർശിച്ചിരുന്നു. ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട്, ആരാധനയ്ക്ക് എത്തുന്നവർക്ക്, മഹാദേവിയെ പ്രത്യക്ഷമായി കാണാൻ കഴിയുന്നില്ലെങ്കിൽ പോലും, മഹാലിംഗ പ്രതിഷ്ഠയുടെ മുന്നിൽ വന്ന് ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും കഴിയുമ്പോൾ ഒരു പ്രത്യേക മനസ്സുഖം ലഭിക്കുന്നതാണ്.

മഹാലിംഗ പ്രതിഷ്ഠയുടെ മുന്നിൽ മണ്ണിൽ 10 നിമിഷങ്ങളെങ്കിലും കിടന്ന്, ആരോഗ്യത്തിന് അനുസൃതമായി, അവർ സാഷ്ടാംഗം നമസ്ക്കരിക്കണം, എന്നാൽ മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവരെ അത്തരം കാര്യങ്ങൾ ഉപദേശിക്കേണ്ടതില്ല. അവർക്കറിയാം, എന്തു വേണം, എങ്ങനെ വേണമെന്ന്. പൊതുജനങ്ങളുടെ അറിവിലേക്കായി പറയുമ്പോൾ ശാസ്ത്രീയമായ ആരാധനാ വാചകം, 1 തവണ മുതൽ 3 തവണവരെ ചൊല്ലുകയാണ് അവർ ചെയ്യുന്നത്. ദേവാലയത്തിൽ തിരക്കില്ലെങ്കിൽ സാഷ്ടാംഗം കിടന്നുകൊണ്ട് 3 തവണ ചൊല്ലണം, തിരക്കുണ്ടെങ്കിൽ ഒരു തവണയും. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്നാണ് ചൊല്ലുക. മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവർക്ക് മഹാദേവിയുടെ ഭവനം ശുചിയാക്കാനും മഹാലിംഗത്തെ വെള്ളംകൊണ്ട് കഴുകുവാനും അവകാശവും അധികാരവുമുണ്ട്. അവർ സ്വയം ചെയ്യുന്നതുമാണ്. മാത്രമല്ല, ശുചിത്വ പാതയിലും, ആവശ്യ-പാതയിലും നിൽക്കുന്നവരെ കാണുകയും കേൾക്കുകയും ചെയ്ത് പരിഹാരമെടുക്കാൻ അവർ, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളോട് മഹാശാസ്ത്രപ്രകാരം ആജ്ഞാപിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. ദേവാലയത്തിൽ സ്വയം പൂജാരികളോ പുരോഹിതരോ ആവാൻ ശ്രമിക്കില്ലാ എന്നതുപോലെ, പുരോഹിത-രീതികൾ ഉണ്ടാവാതെ കാക്കാൻ അവർ ശ്രദ്ധിക്കുന്നതുമാണ്. ധർമ്മ ശാസ്ത്രപരമായ സ്വയം ബാദ്ധ്യതയാണത്. കൂടുതൽ വിസ്തരിക്കുന്നില്ല.

മഹാദേവി, മഹാലിംഗ പ്രതിഷ്ഠയിലും എവിടെയും, മഹാഇഷ്ടം പോലെയെല്ലാം മഹാപ്രത്യക്ഷമാകുന്നതാണ് !

മഹാദേവിയുടെ മഹാഇഷ്ടമെന്നത്, വ്യക്തികളുടെ ധർമ്മശാസ്ത്ര പാലനത്തെ ആശ്രയിച്ചിരിക്കുന്നു.

പരമശിവനെ മഹാവാഹനമായ മഹാനരസിംഹമായി മഹാ-അനുഗ്രഹിച്ച്, മഹാനരസിംഹത്തിന്റെ ചുമലിൽ മഹാദേവി മഹാ-പ്രത്യക്ഷമാകുന്നതാണ്.

മഹാദേവി പ്രസ്തുത മഹാഭാഗ്യം എല്ലായ്പ്പോഴും പരമശിവനു മാത്രം മഹാ-അനുഗ്രഹിച്ചു നല്കുന്നതാണ്. മഹാനരസിംഹത്തെപ്പറ്റി പറയുമ്പോൾ, ചിത്രങ്ങളിലും സിനിമയിലും ഒക്കെ കണ്ടിട്ടുള്ളതായ രൂപത്തിന് ഉപരിയായിട്ടുള്ള മഹാരൂപമാണെന്നാണ് അറിഞ്ഞിട്ടുള്ളത്. മഹാദേവി പൂർണ്ണമായും വെളിപ്പെടുത്തിയിട്ടില്ല. കൂടുതൽ വിശദീകരണങ്ങൾ നൽകാൻ തൽക്കാലം കഴിവില്ല. ഈയുള്ളവനെ മഹാനരസിംഹമായ അവിടുത്തെ വാഹനമാക്കുവാൻ എല്ലായ്പ്പോഴും കനിയേണമേ.... ഈയുള്ളവൻ അറിഞ്ഞും അറിയാതെയും കാട്ടിയിട്ടുള്ള പിഴവുകൾക്ക്, അല്ലയോ മഹാദേവി, മനുഷ്യരെല്ലാം കാൺകെ ഈയുള്ളവന്റെ ചെവിക്കു പിടിച്ചും ശരീരത്തിൽ ചവിട്ടി മെതിച്ചും മഹാശിക്ഷിച്ച് ഈയുള്ളവനെ എല്ലായ്പ്പോഴും മഹാസംശുദ്ധനാക്കി കരുതണമേ ...

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാലിംഗ പ്രതിഷ്ഠയിൽ, പരമശിവനെ പ്രത്യക്ഷമാക്കുന്നതാണ് !

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ പ്രതിനിധിയും മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനെ, മഹാദേവിയുടെ മഹാ-ഇഷ്ട പ്രകാരം, മഹാലിംഗത്തിൽ പ്രത്യക്ഷമാക്കുന്ന സന്ദർഭങ്ങൾ ഏറെ ഉണ്ടാകുന്നതാണ്. മഹാശക്തിയായ മഹാദേവി, തന്റെ ഭാഗവും മഹാദാസനുമായ പരമശിവന് നൽകുന്ന മറ്റൊരു ബഹുമതിയാണത്. പരമശിവന് 4-ാമത്തെ സ്ഥാനമാണ് മഹാശക്തിചക്രത്തിലുള്ളത്. ആദ്യ 3 സ്ഥാനങ്ങളിലൂടെ മഹാദേവി മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും, രക്ഷകയും മഹാനീതിയുമായിരിക്കുന്നു. പരമശിവൻ ചേരുമ്പോൾ സത്യം ശിവം സുന്ദരം ആകുന്നതിന് വീട്, മുറി, ഭിത്തി, എന്നിങ്ങനെ പ്രപഞ്ച കാര്യങ്ങളിലെല്ലാം മഹാദേവി 4-നെ ഉയർത്തിയിട്ടുണ്ട്; മഹാനീതിയുടെ വളരെച്ചെറിയ ഒരു ഭാഗത്തെയാണ് പരമശിവനിലൂടെ മഹാദേവി ചെയ്യുന്നതെങ്കിലും.

മനുഷ്യരുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി മഹാദേവി മഹാ-രചനകളെ നാടകങ്ങൾ പോലെ ആവിഷ്ക്കരിക്കുന്നതും, മഹാദേവിയുടെ മഹാ-ഇഷ്ടങ്ങൾ പ്രകാരം, പരമശിവൻ മഹാരചനകളിലെ ഏകനായകനായും, മഹാദേവി മഹാനായികയായും അവതരിക്കുന്നതാണ്. കൂടുതൽ വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദേവാലയങ്ങൾ എന്ന പേരിൽ ഭൂമിയിലെങ്ങും ഇന്നുള്ളവ ദേവാലയങ്ങളല്ല.

മഹാശക്തിയായും ബ്രഹ്മമായും മഹാഭരണാധികാരിയായും മഹാനീതി-പതിയായും മഹാമാതാവായും മഹാപിതാവായും മഹാദേവനായും മഹാദേവിയായും സൃഷ്ടി - സ്ഥിതി - സംഹാര കർത്താവായ ദൈവത്തെ കരുതാനാവുമെന്നും, ശാസ്ത്രീയമായ പ്രാർത്ഥനകളും പ്രാർത്ഥനാ രീതികളും ആരാധനാ കാര്യങ്ങളും എന്തൊക്കെയാണെന്നും എങ്ങനെയൊക്കെ ആണെന്നും അടിസ്ഥാനപരമായി വിശദീകരിച്ചു കഴിഞ്ഞു.

മഹാശക്തിയായ മഹാദേവി, ഉടനെ ഭൂമിയിൽ **മായ** പ്രത്യക്ഷമാക്കുമ്പോൾ മഹാശാസ്ത്രപരമായ ദേവാലയങ്ങൾ നിർമ്മിക്കപ്പെടുന്നതാണ്. ഭൂമിയിലെങ്ങും ഇന്നുള്ള യാതൊരു ദേവാലയങ്ങളും ധർമ്മശാസ്ത്രപരമായി നിർമ്മിച്ചവയോ; പ്രവർത്തിക്കുന്നവയോ അല്ല.

ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും ധർമ്മ ശാസ്ത്ര വിരുദ്ധമായ വീട്/ആലയം ഉണ്ടാക്കുകയും, മത-മനുഷ്യരുടെ തോന്നിയവാസങ്ങളെ കാട്ടാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുകയുമാണ്. കടുത്ത കടുത്ത കടുത്ത ദൈവനിന്ദയാണ് നടന്നുകൊണ്ടിരിക്കുന്നത്. പൈശാചികത്വം മൂത്ത്, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ കൊല്ലാനുള്ള ബോംബുകളും മറ്റ് ആയുധങ്ങളും സൂക്ഷിക്കാനും പരിശീലിപ്പിക്കാനുമുള്ള കേന്ദ്രങ്ങളാക്കി അനേകം ആലയങ്ങളെ മാറ്റിയിട്ടുമുണ്ട്. പൈശാചിക-ആലയങ്ങളാകയാൽ അവയ്ക്കെല്ലാം ജനങ്ങളുടെ ചിലവിൽ പോലീസ് സംരക്ഷണം എന്ന സംരക്ഷണമില്ലാത്ത സംരക്ഷണവും നടത്തുകയാണ്.

പോലീസിനെ സംരക്ഷിക്കാൻ മറ്റൊരുകൂട്ടാം പോലീസിനെയും, അവരെ സംരക്ഷിക്കാൻ വേറൊരു കൂട്ടം പോലീസിനെയും എന്നിങ്ങനെ ആവശ്യമാക്കുന്ന വ്യവസ്ഥിതികളാണ് ഇന്നുള്ളത്. ചുരുക്കത്തിൽ ധർമ്മശാസ്ത്രപരമായിട്ട് ഒരു സമ്പൂർണ്ണ അഴിച്ചുപണി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആവശ്യമുണ്ട്. ദേവാലയം എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെപ്പറ്റി തുടരുമ്പോൾ കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രം, സൗദി അറേബ്യയിലെ മക്കയിലുള്ള പള്ളി എന്നിങ്ങനെ നാമ-മാത്രമായ ദേവാലയങ്ങളെ മാത്രമാണ് ധർമ്മശാസ്ത്രപരമായിട്ട് പരിഷ്ക്കരിക്കാൻ കഴിയുക. അല്ലാത്തവയെ പൊളിച്ചുതന്നെ കളയേണ്ടി വരും, എന്നാൽ പൊളിച്ചു കളയുന്നതും ധർമ്മശാസ്ത്രപര മായിത്തന്നെ വേണം. കേരളത്തിലെ മൂന്നാറിൽ നല്ല കെട്ടിടങ്ങളെ പൈശാചികമായി പൊളിച്ചു കളഞ്ഞതുപോലെ ആവരുത്. ദേവാലയങ്ങൾ എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെ ഭരണകൂടം ഏറ്റെടുത്ത് സത്രം, ആഡിറ്റോറിയം, ശൗചാലയം, എന്നിങ്ങനെ ജനങ്ങളുടെ മറ്റു പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയാണു വേണ്ടത്. ഇന്ത്യയിലെ ഹൈന്ദവ/ഹിന്ദുമത ദേവാലയങ്ങളെ പ്പറ്റി പറയുമ്പോൾ, ആദ്യമഹാകാലചക്രത്തിലെ ഭരണാധികാരികളു-മായാണ് അവയ്ക്ക് മുഖ്യബന്ധം. **പുതിയ മഹാകാലചക്രത്തിൽ മഹാശക്തിയായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നേരിട്ട് ഏറ്റെടുത്തിരിക്കുകയാണ്; എല്ലാ ദേവതകളെയും ഉപദേവതകളെയും പിൻവലിച്ചിരിക്കുകയാണ്. ഏകമഹാശക്തിയും ഭൂമിയുമായ മഹാദേവിയെ മാത്രം യഥാകാലം ആരാധിക്കുന്നവരായും, മഹാദേവിയോടു മാത്രം പ്രാർത്ഥിക്കുന്നവരായും മാറുന്നതാണ്.**

ഭൂമിയിലുള്ളവരെല്ലാം മത-ജാതികളെ ഉപേക്ഷിച്ച് മനുഷ്യരാകുന്നതാണ്. കുതന്ത്രങ്ങളിലൂടെയും കടുത്ത നീചവൃത്തികളിലൂടെയും ദൈവമാകാൻ ശ്രമിച്ച പൈശാചിക -രാജാവിനെ നൂറ്റാണ്ടുകളായിട്ട് അനുക്രമമായി വർദ്ധിച്ച രീതിയിൽ പൂജിച്ചും ആരാധിച്ചും വരുന്ന ഹിന്ദുമത-നേതൃത്വങ്ങളെല്ലാം തങ്ങൾ ചെയ്തുപോരുന്ന /പോന്ന കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത അധമത്തങ്ങളുടെ ആഴം മനസ്സിലാക്കണം. മഹാദേവിയോട്, പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച നീചൻ ചെയ്ത പ്രവൃത്തികൾക്ക് എങ്ങനെ ശിക്ഷിക്കണം എന്നു ചിന്തിക്കുമ്പോൾ, കുട്ടത്തിൽ മുമ്പ് പറഞ്ഞതുപോലെ, മഹാശാസ്ത്രം നേടിത്തരുന്ന എല്ലാ സുഖസൗഭാഗ്യങ്ങളും ആസ്വദിച്ചു ജീവിച്ചുകൊണ്ട്, ദൈവകാര്യത്തിൽ ശാസ്ത്രപരമായ സമീപനം പുലർത്താഞ്ഞതിനും കടുത്ത അധമത്തങ്ങളെ തങ്ങൾ കാട്ടിയതിനും തങ്ങളെ എങ്ങനെ ശിക്ഷിക്കണം എന്നുകൂടി ചിന്തിക്കണം. കുഞ്ഞുങ്ങളെ, വിഷമിക്കേണ്ട. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം നിറയെ മഹാവാത്സല്യമാണ്. മഹാമാതാവ് വളരെ ക്ഷമിക്കുന്നതുമാണ്. സന്തോഷമായിരിക്കുവിൻ. ദേവീ ശരണം, മഹാദേവീ ശരണം, മണ്ണടി ദേവി മാത്രം ശരണം എന്നിങ്ങനെ മണ്ണടിയിലേക്ക് ശരണമന്ത്രങ്ങളുമായി പോകാനും പ്രാർത്ഥിക്കാനും ആരാധിക്കാനും എല്ലാ കുഞ്ഞുങ്ങൾക്കും യഥാകാലം കഴിയുന്നതാണ്.

ഒരു നാട്ടിൽ ഒരു ദേവാലയം മാത്രമേ വേണ്ടൂ. നാടിന്റെ അതിരുകളെ നിശ്ചയിക്കുന്നത് നാടും ഭൂമിയുമായ ദൈവം തന്നെയാണ്. ഒരു പ്രത്യേക നാട്ടുകാർ എന്ന് ജനങ്ങൾ കരുതുന്നത് അജ്ഞാനം കൊണ്ടാണ്. **ഭൂമിയുടെ അംശമായ നാടും ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചവും മുഴുവൻ ദൈവത്തിന്റെ നാടാണ്.**

മഹാശക്തിയായ മഹാദേവി, ഭൂമിയിൽ മായ പ്രത്യക്ഷമാക്കുമ്പോൾ നാട്ടിലെ ഏതൊരു ദേവാലയത്തെയും ധർമ്മശാസ്ത്രപരമായി പരിഷ്ക്കരിക്കാൻ എളുപ്പമാണ്, നല്ലതാണ് എന്നു തോന്നിയാൽ പരിഷ്ക്കരിക്കുക.

മതപരമായ എല്ലാ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളയുക. ദേവാലയങ്ങൾ എന്ന കള്ളപ്പേരിലുള്ള മറ്റ് പൈശാചികാലയങ്ങളിലെ മതപരമായ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളഞ്ഞുകൊണ്ട്, പൊതു ആവശ്യങ്ങളായ ആഡിറ്റോറിയം, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായി പരിണമിപ്പിക്കുക. സമൂഹത്തിൽ ഇന്നുള്ള ഭരണകാര്യാലയങ്ങളിലെ പിശാചുക്കൾക്കും, മതപ്പിശാചുക്കൾക്കും, രാഷ്ട്രീയ പാർട്ടി-പ്പിശാചുക്കൾക്കും ഒക്കെ തങ്ങളിലെ പിശാചുക്കളെ പുറന്തള്ളിക്കൊണ്ട് ധർമ്മശാസ്ത്രപരമായി സംശുദ്ധരാവാനുള്ള ആർജ്ജവം ഉണ്ടെങ്കിൽ നല്ലതാണ്. പ്രവൃത്തിയിൽ കാണിക്കുക. മഹാമാതാവായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളെപ്പറ്റി അഭിമാനിക്കാൻ കഴിയട്ടെ.

നാട്ടിലുള്ള അനേകം ഭരണ കാര്യാലയങ്ങൾ തീർത്തും അശാസ്ത്രീയമാണ്. തൊഴിലുകളെപ്പറ്റിയുള്ള 5 അദ്ധ്യായങ്ങളിലും ഗ്രന്ഥത്തിലെ 4-ാം ഭാഗത്തും ആവക കാര്യങ്ങളെ വ്യക്തമാക്കിയിട്ടുണ്ട്. അവ പിരിച്ചുവിട്ടു കൊണ്ട് സാമൂഹ്യമായ ആവശ്യങ്ങൾക്കും, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായും പരിണമിപ്പിക്കണം. കൂടുതൽ വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാദശമി, ശിവരാത്രി, മഹാശിവരാത്രി

ആഘോഷങ്ങൾ ധർമ്മശാസ്ത്ര പരമായിരിക്കണം, അഥവാ ദൈവീകമായിരിക്കണം. പോരാ, ദൈവത്തിന്റെ പേരിൽ ആഘോഷങ്ങൾ നടത്തുന്നുവെങ്കിൽ, മഹാനീതിശാസ്ത്ര പരം അഥവാ ദൈവത്തിന്റെ ഇഷ്ടം പ്രകാരം കൂടിയാവണം. ഭൂമിയിലൊക്കെയുമുള്ള മനുഷ്യർ ഒരേ കാലത്ത്/ സമയത്ത് ഒരേപോലെയുള്ള ചടങ്ങുകളെ നടത്തിക്കൊണ്ട് ആനന്ദിക്കുന്നുവെങ്കിൽ അത് ഒരു ആഘോഷമാണ്. വിവാഹത്തെ ആഘോഷമാക്കാം, എന്നാൽ ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങുന്ന പ്രാദേശികമോ, കുടുംബപരമോ ആയ ആഘോഷമാണത്. ചടങ്ങുകൾ : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായം പഠിക്കുമ്പോൾ, ഒരു വിവാഹത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിന് ധർമ്മശാസ്ത്രപ്രകാരമുള്ള പരമാവധി 100 ആണെന്നു കാണാം. **ഭൂമിയിലൊക്കെയുമുള്ള ജനങ്ങൾക്ക് പൊതുവായ ആനന്ദത്തെ നൽകുന്ന ആഘോഷത്തെ മഹാആവിഷ്ക്കരിക്കണമെങ്കിൽ, അത് ഭൂമിയിലെങ്ങും (മഹാപ്രപഞ്ചത്തിലെങ്ങും, അതീതമായും) മഹാവ്യാപരിക്കുന്ന മഹാശക്തിയായ മഹാദേവിയെ ഉൾപ്പെടുത്തിക്കൊണ്ടു മാത്രമേ കഴിയൂ.** ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള മഹാദേവി, ആനന്ദങ്ങൾക്ക് അതീതമാണ്. എന്നാൽ താൻ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതുമായ ഭൂമിയിലെങ്ങുമുള്ള കുഞ്ഞുങ്ങൾ ധർമ്മശാസ്ത്ര പരമായിട്ട് ആനന്ദിക്കുമ്പോൾ മഹാദേവിയും ആനന്ദിക്കുന്നു.

മഹാവേദ ഗ്രന്ഥത്തിൽ കാലഗണനകളെ വിശദമാക്കിയിട്ടുണ്ട്. 28 ദിവസം വച്ചുള്ള 13 മാസങ്ങൾ ചേർന്നതായ 1 വർഷത്തിൽ 28+1 =29 ദിവസങ്ങളുള്ള ഏക മാസം ആഹ്ലാദത്തിനായും ആഘോഷത്തിനായും ഉപയോഗിക്കാനുള്ളതാണ്.

മാനുഷിക ആഘോഷങ്ങളെ ധർമ്മശാസ്ത്രവുമായാണ് ബന്ധിപ്പിക്കേണ്ടത്. അതായത് വസന്തകാലം, വിളവെടുപ്പ് തുടങ്ങിയവയുമായി. ദൈവീക തലത്തിൽ, വർഷത്തിൽ 1 ദിവസം മാത്രമാണ് ദേവാലയത്തിൽ ആഘോഷം അനുവദിച്ചിട്ടുള്ളത്. ദേവാലയത്തിനു വെളിയിൽ ധർമ്മശാസ്ത്രപരമായി വിനോദിക്കുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനെ ദേവാലയവുമായി ബന്ധിപ്പിച്ച് ദേവാലയത്തിന്റെ പവിത്രത കളഞ്ഞുകൂടാ. ദേവിയുടെ ആലയമായി നൽകിക്കഴിഞ്ഞാൽ, പിന്നീട് മനുഷ്യരുടെ തോന്നിയവാസങ്ങളെ നടത്താനുള്ള കേന്ദ്രമാക്കിക്കൂടാ. 28 ദിവസം വച്ചുള്ള കണക്കനുസരിച്ച് എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. വർഷത്തിലെ 1 അധിക ദിവസത്തെയും, 4 വർഷത്തിലൊരിക്കലുള്ള 2 അധിക ദിവസങ്ങളെയും പ്രാർത്ഥനാ ദിവസങ്ങളായി നിശ്ചയിച്ചിരിക്കുകയാണ്. അപ്പോഴും എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്.

4 വർഷത്തിൽ ഒരിക്കലുള്ള രണ്ടാമത്തെ അധിക ദിവസമാണ് ശിവരാത്രി. ശിവരാത്രി എന്നാൽ ശിവന്റെ രാത്രി എന്നും, ശിവന് പ്രത്യേക ധർമ്മങ്ങളെ ചെയ്യാനുള്ള രാത്രിയെന്നുമാണ് തൽക്കാലം മനസ്സിലാക്കേണ്ടത് ! മനുഷ്യന് 100 ജന്മങ്ങളുള്ളതിൽ 90 മുതൽ 95 വരെയുള്ള ഒരു ജന്മത്തിൽ മാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും മഹാശക്തിയായ മഹാദേവി, പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ശിവരാത്രിയിലാണത് ! മഹാദശമി @ വിജയ ദശമി, ശിവരാത്രി എന്നിവ സംബന്ധിച്ച വെളിപാട് പൂർണ്ണമായിട്ടില്ല; വെളിപ്പെടുത്താൻ സമയമായിട്ടില്ല. ശിവ രാത്രിയെ **ശിവദിനം** എന്നും മേലിൽ പറയാം. ആദ്യ മഹാകാല ചക്രം കഴിഞ്ഞതിനാൽ, അതുമായി ബന്ധപ്പെട്ട മഹാശിവരാത്രിയെ വിശദീകരിക്കേണ്ടതില്ല. മഹാദേവി മഹാഉചിതമായ സമയത്ത്, സ്വന്തം ഭാഗമായ പരമശിവനിലൂടെ വിജയ ദശമി, ശിവദിനം എന്നിവയെ മഹാശാസ്ത്ര പരമായി അറിയിക്കുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ, മഹാനീതിയായ മഹാദേവിയും മഹാനീതിപതിയായ പരമശിവനും പശുവും പശുപതിയും ആയി സൃഷ്ടികളെ മുഴുവനും, മനുഷ്യനെ പ്രത്യേകമായും പരിപാലിച്ചിരുന്നു; കൂടാതെ നാഗങ്ങളായും.

1000 കോടി വർഷങ്ങൾ നീണ്ടതായ രണ്ടാമത്തെ മഹാകാല ചക്രത്തിലെ ഇപ്പോഴത്തെ ആദ്യ-സൃഷ്ടിചക്രം മുതൽ മഹാനീതിയായ മഹാദേവിയും മഹാനീതിപതിയായ പരമശിവനും മനുഷ്യരൂപം സ്വീകരിക്കുകയാണ്; ഓംകാര നീതി ശാസ്ത്ര പ്രകാരം മറ്റ് ജീവി-രൂപങ്ങളും സ്വീകരിക്കുന്നതാണ്. ഭൂമിയിൽ മുഴുവൻ നടന്നും, ഭവനം സ്വീകരിക്കാതെയും, മനുഷ്യൻ ഉൾപ്പെടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രമായ സർവ്വ സൃഷ്ടികൾക്കും മഹാവാത്സല്ല്യം നൽകിയും, പ്രകടമായും ഗൂഢമായും, കുഞ്ഞുങ്ങളുടെ ദാസരായി പരിചരിക്കുന്നതാണ്.

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ ഭാഗവും, ഭർത്താവും, പ്രപഞ്ചപിതാവും, പരമാത്മാവും, മഹാദേവനുമായ പരമശിവൻ, മഹാദേവി ആവശ്യപ്പെടാതെ തന്നെ, മഹാദേവി നഹാകനിഞ്ഞു നൽകുന്ന ശക്തി കൊണ്ട് മഹാദേവിയുടെ ആവശ്യങ്ങളെ അറിഞ്ഞ് മഹാദേവിയുടെ ഏകദാസൻ, മഹാദാസൻ, തുടങ്ങി മഹാദേവിയുടെ ഇഷ്ടം പോലെയെല്ലാം പ്രവർത്തിക്കുന്നതാണ്.

മന്ത്രങ്ങൾ

മന്ത്രിക്കുന്നതാണ് മന്ത്രം. ശബ്ദമില്ലാതെപോലെയും (മനസ്സിൽ), ശബ്ദത്തോടെയും മന്ത്രിക്കാനാവും. ദൈവത്തിന്റെ മഹായുക്തിയായ മഹാജ്ഞാനത്തെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കു വേണ്ടി മഹാശാസ്ത്ര - നിയമങ്ങളായി പരിവർത്തനം ചെയ്യുന്നത് ശബ്ദമില്ലാതെപോലെയും ശബ്ദത്തോടെയുമാണ്. അപ്പോൾ ശാസ്ത്രനിയമങ്ങൾ മന്ത്രങ്ങളാണ്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ വസ്തുക്കളിൽ ശബ്ദമില്ലാതെയും ശബ്ദത്തോടെയും മഹാലയി ച്ചിരിക്കുകയാണ് എന്നു പറയുമ്പോൾ വേദഭാഷയായ മലയാളത്തിൽ ചിരിക്കുകയാണ് എന്ന പദം ഉപയോഗിച്ചത് ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.

ദൈവത്തിന്റെ മഹാചിരി കൂടിയായ ഓം എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ സദാ മഹാലയി-ച്ചിരിക്കുകയാണ്. മഹാചിരി കൂടിയായ ഓം എന്ന മഹാമന്ത്രത്തിൽ നിന്നാണ് ഗൂഢവും പരസ്യവുമായി എല്ലാ മന്ത്രങ്ങളും ശബ്ദങ്ങളും ജനിക്കുന്നത് !

ദൈവ മന്ത്രങ്ങൾ

ഏകദൈവമായ മഹാദേവിയുടെ 2 ഭാഗങ്ങളിൽ ആദ്യത്തേത് പരമശിവനും രണ്ടാമത്തേത് മഹാദേവിയും ആണ്. മഹാദേവിയുടെയും പരമശിവന്റെയും മദ്ധ്യേയുള്ള കൂട്ടുകെട്ടാണ് ഭൂമിയും ആകാശവും ജീവികളും സർവ്വതും ഉൾപ്പെട്ട മഹാപ്രപഞ്ചം. ദൈവഭാഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിനെ മഹാഭദ്രമാക്കുന്ന 2 കരാറുകളെ ദൈവ മന്ത്രങ്ങൾ എന്ന് പേരിട്ടിരിക്കുന്നു. മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം; സ്വകാര്യമാണ്; ആകയാൽ 'ഓംകാര മന്ത്രം' ഗൂഢമാണ്. ഏകദൈവമായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മലയാള ഭാഷയിലുള്ള ലളിതമായ 'ഓംകാര മന്ത്രം' ചൊല്ലി കൊടുക്കുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്നു. ഒരു വാക്ക് പോലും ഓർമ്മയില്ല. മഹാദേവിയുടെ സ്വകാര്യമായ 'ഓംകാര മന്ത്രം' മഹാദേവിക്ക് ആവശ്യമുള്ളപ്പോൾ ഓർമ്മിപ്പിക്കും!

ഇ-മഹാഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്.

ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

ആത്മീയശാസ്ത്ര - മന്ത്രങ്ങൾ

സ്തുതി ഗീതം, ജപം, തുടങ്ങിയവ ദൈവത്തിന് ആവശ്യമില്ല. കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കണം. ദൈവത്തിന് അത്രയേ വേണ്ടൂ. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാഉചിതമായി അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാനീതിയും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി നിറവേറ്റുന്നതാണ്. ഉദാഹരണത്തിന് യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും ജീവിത ആവശ്യങ്ങളെ മത-അന്ധവിശ്വാസികളേക്കാൾ ഉപരിയായി ദൈവം മഹാവാത്സല്യത്തോടെ മഹാകരുതുന്നുണ്ട്.

മാനുഷിക ദൈവ സംബോധനാ മന്ത്രങ്ങൾ. മനുഷ്യർക്ക് അന്യോന്യം വിളിക്കാനും, ദൈവത്തെ വിളിക്കാനും സംബോധന ചെയ്യാനും, നാമങ്ങൾ ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ സന്തോഷവും വ്യക്തിസ്വാതന്ത്ര്യവും കണക്കിലെടുത്ത് ഹ്രസ്വ-പ്രാർത്ഥന, ഹ്രസ്വ-സ്തുതി ഗീതം, ഹ്രസ്വ-ജപം എന്നിവ അനുവദിക്കാൻ ദൈവം ബാദ്ധ്യസ്ഥമാണ്. 4 ലളിതമായ ശാസ്ത്ര-വാചകങ്ങളെ പ്രപഞ്ചപിതാവായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നു : 1. **ഓം** നമഃ ശിവായ, 2. **ഓം** ശിവായ നമഃ, 3. ദേവീ ശരണം, 4. അമ്മേ ശിവ!

(അക്ഷര ബ്രഹ്മമായ **ഓം** അക്ഷരമോ പദമോ അല്ല). ലളിതവും ശാസ്ത്രപരവുമായ മേല്പടി 4 'രണ്ടു പദ-വാചകങ്ങൾ' യഥാർത്ഥത്തിൽ സംബോധനകൾ മാത്രമാണ്; മന്ത്രങ്ങളല്ല. ഏതാനും സെക്കന്റുകളോ മിനുട്ടുകളോ മാത്രമായി സ്തുതികളെ ചുരുക്കി ക്കൊള്ളണം. ദൈവത്തിന്റെയും മനുഷ്യരുടെയും ജീവികളുടെയും ശരീര-വർണ്ണനകൾ പാടില്ല. അവ സ്വകാര്യതയിലും മഹാനീതികാര്യങ്ങളിലുമുള്ള കടന്നുകയറ്റമാണ്. കടുത്ത ശിക്ഷകളുണ്ട്.

സ്തുതിയും പ്രീതിയും മഹാനീതിക്ക് തടസ്സമാണ്. ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.

ദൈവത്തെ ആരാധിക്കാൻ ദൈവം അനുവദിക്കുന്നത് 100 സ്ത്രീ-പുരുഷ മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിൽ ഒരേയൊരു പുരുഷ ജന്മത്തിൽ, ദൈവം നേരിട്ട് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയ ശേഷം മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്ന മഹാവിശിഷ്ടമായ ആരാധനാ മന്ത്രത്തെ ചൊല്ലാൻ ദൈവം അവകാശവും അധികാരവും നൽകണം. വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷ തീർച്ചയാണ്. ആകയാൽ മേല്പടി കഠിന വാചകത്തെ ദൈവീക മന്ത്രമായി കൂട്ടേണ്ട.

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മന്ത്രങ്ങളുടെ ആവശ്യമില്ല.

ദൈവത്തിനും മനുഷ്യനും തമ്മിൽ നേരിട്ട് കൂട്ടുകെട്ടില്ല; ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമിയുമായാണ് മനുഷ്യന്റെ കൂട്ടുകെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക് മഹാശാസ്ത്രം @ മണ്ണിന്റെ നിയമങ്ങൾ മാത്രമാവണം ജീവിത മന്ത്രങ്ങൾ എന്ന് മഹാനീതിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്. ആവർത്തിക്കുന്നു : ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.

ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ മന്ത്രജപം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, മൃഗ ബലി, നരബലി, ഭക്ഷണ നോമ്പുകൾ, മത-തീർത്ഥയാത്ര, മത-ധ്യാനം, യജ്ഞം, യാഗം, തപസ്സ്, ദൈവം നേരിട്ട് അനുവദിക്കാത്ത ആരാധന, എന്നിങ്ങനെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന പേരിലുള്ള എല്ലാവിധ ഭക്തിഭ്രാന്തുകളും ദുസ്വാർത്ഥങ്ങളും എന്നന്നേയ്ക്കുമായി അവസാനിക്കുന്നതാണ്.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം ദൈവത്തിന്റെ മായാശക്തികൾ ആയതുകൊണ്ട് വർജ്യമെങ്കിലും, മന്ത്രശാസ്ത്രത്തെ വ്യവസ്ഥാപിതമായി നിലനിർത്തുകയാണു ചെയ്തത്. രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമാണ് ഇപ്പോഴത്തേത്. ഓംമഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചു കഴിഞ്ഞിട്ടുണ്ട്. 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നിർവ്വഹിച്ചത് മനുഷ്യരിൽ നിന്ന് മോക്ഷം നേടിയ മാലാഖമാർ, മലക്കുകൾ എന്നിങ്ങനെ പേരുകളുള്ള ദേവതകളിലൂടെ ആയിരുന്നു. കാര്യകാരണങ്ങളെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. ദേവതകൾക്ക് ധാർമ്മികത നഷ്ടപ്പെട്ടപ്പോൾ വർജ്ജ്യമായ മന്ത്രശാസ്ത്രം വ്യാപകമായി; ദൈവീക പരിവേഷവും നേടി. ദൈവത്തിന്റെ മായാശക്തി ഉപയോഗിച്ച് യുക്തികളെ നിയമങ്ങളായും, നിയമങ്ങളെ വസ്തുക്കളായും പരിവർത്തനം ചെയ്യാൻ കഴിയുന്നതാണ്. മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം സാക്ഷ്യമാണ്.

വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ (ശാസ്ത്ര) നിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്.

ശാസ്ത്ര സാങ്കേതിക വികസനത്തിന് സ്രഷ്ടാവ് അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങളെ മണ്ണും ഭൂമിയുമായ ദൈവം വെളിപ്പെടുത്തുന്നത്. മുമ്പ് വ്യക്തമാക്കിയതു പോലെ, മനുഷ്യർക്ക് മായാശക്തികളുടെ ആവശ്യം ഇല്ലാതെ, അനന്തമായ ആനന്ദങ്ങളെ വസ്തുക്കളിൽ നിന്നും ലഭിക്കുന്ന സുന്ദരമായ അവസ്ഥയാണത്. വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും ... ടെലിവിഷനും കമ്പ്യൂട്ടറും സ്മാർട്ട് ഫോണുകളും, ഉദാഹരണങ്ങൾ ആണെങ്കിൽ, ഇനിയും വെളിപ്പെടാനുള്ള മറ്റ് അതികേമ ആനന്ദങ്ങളുണ്ട് ! യാതൊരാളും മായാശക്തികളെ ദുരുപയോഗം ചെയ്യുന്നുമില്ല !

ഓംകാര നീതി ശാസ്ത്ര പ്രകാരം എല്ലാ ജീവികൾക്കും / മനുഷ്യർക്കും സമആനന്ദം എന്ന മഹാസമനീതി തീർച്ചയായും ലഭിക്കുന്നതാണ്. മക്കൾ മാത്രമാണ് സൃഷ്ടികൾ എന്നിരിക്കെ, മക്കളുടെ നല്ലതിന് വേണ്ടത് മാത്രമേ മഹാമാതാവായ ദൈവം ചെയ്യുകയുള്ളൂ എന്നത് ദൈവം മഹാകനിഞ്ഞു നൽകിയ ബുദ്ധിശക്തികളെ യഥോചിതം ഉപയോഗിക്കലാണ്. ദൈവത്തിന്റെ ഇഷ്ടം പോലെ നടക്കട്ടെ എന്ന പ്രാർത്ഥനയിൽ അറിഞ്ഞും അറിയാതെയും അവർ സ്രഷ്ടാവിനെ ആദരിക്കുന്നുണ്ട്. മറിച്ച്, സർവ്വം സൃഷ്ടിച്ച, സർവ്വത്തിനും അതീതമായ ദൈവത്തെ, ദൈവം സൃഷ്ടിച്ച പ്രപഞ്ചവസ്തുക്കളെ വഴിപാടുകളായി സ്വീകരിച്ച് ഒരു കോമാളിയെപ്പോലെ ആനന്ദിക്കുന്ന വിചിത്ര ജീവിയായി കണക്കാക്കുന്നത് മഹാശക്തിയായ ദൈവത്തെ അപമാനിക്കലാണ്. മക്കളായ മനുഷ്യർ കാട്ടുന്ന ദൈവനിന്ദയെ മഹാമാതാവായ ദൈവം വളരെയധികം ക്ഷമിക്കുന്നുണ്ട്. എന്നാൽ മഹാനീതി കൂടിയായ ദൈവം ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാവാത്സല്യത്തോടെ ശിക്ഷിച്ചു തിരുത്താൻ ബാദ്ധ്യസ്ഥമാകുന്നു.

ധർമ്മശാസ്ത്ര പ്രകാരം മനുഷ്യർ ജീവിച്ചാൽ മഹാആനന്ദം സർവ്വ ജീവികൾക്കും ലഭിക്കുന്നതാണ്. ഓംകാര നീതി ശാസ്ത്രത്തെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് അത്ര മഹത്തരമായാണ്.

വ്യക്തിയുടെ പ്രാർത്ഥന അടിസ്ഥാനപരമായി വിഷയമല്ല. പ്രാർത്ഥന പോലും നിർബ്ബന്ധമല്ല/ ആവശ്യമില്ല. ദൈവ വിശ്വാസിയാണോ, മതവിശ്വാസിയാണോ, നിരീശ്വരവാദിയാണോ എന്നതും വിഷയമല്ല. അതായത് വാക്കും പ്രവൃത്തിയും മാത്രമാണ് മാനദണ്ഡം. ഉദാഹരണത്തിന്, മത-അന്ധവിശ്വാസം, അനാചാരങ്ങളും അനുഷ്ഠാനങ്ങളും, തുടങ്ങിയ അധമത്തങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന നിരീശ്വരവാദികൾ പുണ്യത്തെ ഏറെ നേടുന്നതാണ്. അവർ ചെയ്തിട്ടുള്ള മത-ദൈവ നിന്ദയ്ക്കും അവർക്ക് പുണ്യം തന്നെയാണ് ലഭിക്കുക. ദൈവം എന്താണ് എന്ന് അറിയാത്ത നിരീശ്വരവാദികൾ ചെയ്യുന്നത് ദൈവ നിന്ദയല്ല. അവർ നിമിത്തം സമൂഹത്തിലെ ജനങ്ങൾക്ക് നഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് മാത്രമല്ല; നഷ്ടങ്ങൾ കുറയുന്നു; ബഹുവിധ ലാഭങ്ങൾ ഉണ്ടാകുന്നുമുണ്ട്.

എല്ലാ മതങ്ങളിലുമുള്ള എല്ലാ മന്ത്രങ്ങളും വർജ്ജ്യമാണ്. "നൂറായിരം മന്ത്രങ്ങളെ പടച്ച് ദൈവം എന്തു നേടാനാണ് ഹേ" എന്നു ചോദിക്കാൻ നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള ഏതാനും പേർക്കു മാത്രമേ ഊറ്റമുള്ളൂ. ദൈവത്തിന് അഭിമാനിക്കാൻ അങ്ങനെയെങ്കിലും കുറേ കുഞ്ഞുങ്ങളുണ്ട് എന്നത് വളരെ സന്തോഷകരമാണ്.

മന്ത്രങ്ങൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള അപശബ്ദങ്ങൾ പ്രമുഖ മതങ്ങളിൽ ധാരാളമായുണ്ട്. അവയ്ക്ക് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളുമായി യാതൊരു ബന്ധവുമില്ല. എളുപ്പത്തിൽ അധമ മാർഗ്ഗങ്ങളിലൂടെ ദൈവത്തിന്റെ മായാശക്തികൾ നേടാനും അവ കൊണ്ട് വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കാനും ഭരിക്കാനും ദുർവൃത്തരായ മനുഷ്യർ തയ്യാറാവുന്നതിന്റെ പരിണാമം ആണത്. നീചരായ ജനങ്ങൾ ദുസ്വാർത്ഥങ്ങളെ നേടാൻ ഉപയോഗിച്ച മാർഗ്ഗത്തെ പിൻപറ്റണമോ എന്ന് മറ്റു-ജനങ്ങൾ സ്വയം വിശകലനം ചെയ്ത് തീരുമാനിക്കണം.

മന്ത്രം എന്നാൽ എന്താണെന്ന് ആദ്യം വിശദമാക്കിയതാണ്. മനുഷ്യർ തട്ടിക്കൂട്ടിയ അപശബ്ദങ്ങൾക്ക് മന്ത്രങ്ങൾ എന്ന് പേരിടുന്നത് മറ്റൊരു അപരാധമാണ്. മഹാശക്തിയും മണ്ണും ഭൂമിയുമായ ദൈവം മഹാശാസ്ത്രത്തെ അഥവാ യഥാർത്ഥ വേദങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കെ; കള്ളക്കൂട്ടങ്ങൾ തട്ടിക്കൂട്ടുന്ന മതങ്ങൾക്ക് ദൈവശാസ്ത്രം എന്ന (കള്ള)പ്പേര് ഇടുന്നപോലെ ഹീനമാണത്. യഥാർത്ഥമായ വേദങ്ങൾ അക്ഷരബ്രഹ്മം സുവ്യക്തമാക്കുന്ന 3 എണ്ണം മാത്രമാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവവിപ്ലവത്തിന്റെ മുന്നോടിയായി ദൈവഭാഗമായ പരമശിവനിലൂടെ യഥാർത്ഥമായ വേദങ്ങൾ വീണ്ടെടുക്കും വരെ നാല് (4) വേദങ്ങൾ എന്ന തെറ്റായി പ്രചരിക്കുവാൻ കാരണം മനുഷ്യർ തട്ടിക്കൂട്ടിയ അധമ-മന്ത്രങ്ങളാണ്.

മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്ര പ്രകാരം ജന്മഗുണങ്ങളായി ബുദ്ധിശക്തിയും ജീവിത സൗകര്യങ്ങളും അധികം ലഭിച്ചവർ വർജ്ജ്യമായ മന്ത്രശാസ്ത്രത്തെ ഉപയോഗിച്ച് മായാശക്തികളെ നേടുമ്പോൾ, അതിന്റെ ദോഷഫലങ്ങളെ അനുഭവിക്കാൻ 'ഭൂരിപക്ഷം വരുന്ന താരതമ്യേന ബുദ്ധി കുറഞ്ഞ സാധാരണ ജനങ്ങൾ' ബലിമൃഗങ്ങളെപ്പോലെ തയ്യാറാവണം എന്ന അഭിപ്രായം ഉണ്ടെങ്കിൽ; സാധാരണ ജനങ്ങളിൽ ഒരാളായി കഷ്ടം അനുഭവിക്കാൻ സ്വയം തയ്യാറാകുമോ എന്നും അത്തരം തീരുമാനം ശരിയാണോ എന്നും വിശകലനം ചെയ്യണം. മൂഢരും ദുസ്വാർത്ഥരുമായ ജനങ്ങളെക്കൊണ്ട് ആനന്ദിക്കുന്നവരായ ദുർദ്ദേവതകൾ മാത്രമാണ് മന്ത്രങ്ങളെയും മന്ത്രജപങ്ങളെയും ബന്ധപ്പെട്ട ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കുക.

ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ മന്ത്രജപം, മന്ത്രവാദം, യാഗം, തപസ്സ്, തുടങ്ങിയ കുറുക്കുവഴികൾ തേടുന്ന ദുസ്വാർത്ഥരായ മൂഢർക്ക് മന്ത്രങ്ങൾ എന്ന പേരിൽ അപശബ്ദങ്ങളെയും അനാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഉണ്ടാക്കാൻ സഹായിക്കുകയും പ്രതിഫലം പറ്റുകയും ചെയ്യുന്നത് ദുർദ്ദേവതകളാണ്.

ദുർവൃത്തരായ മനുഷ്യരും ദുർദ്ദേവതകളും ഏർപ്പെടുന്ന മന്ത്രകാര്യങ്ങളെ ശരിവയ്ക്കുന്നില്ലാ എങ്കിലും ഭാഗികമായി വഴങ്ങാൻ ആദ്യ മഹാകാലചക്രത്തിൽ ദൈവം ബാദ്ധ്യസ്ഥമാകുന്നുണ്ട്. ദൈവ വിപ്ലവം ഉടനെ ആരംഭിക്കുന്നതോടെ ബാദ്ധ്യത തീരുന്നതാണ് ! ദൈവം എന്താണ് എന്ന് അറിയാത്ത മത-ദൈവ വിശ്വാസികൾ, ദൈവത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കടുത്ത ദൈവ നിന്ദയാണ്; അപരാധമാണ്; ദൈവ ശിക്ഷകളുമുണ്ട്. അറിഞ്ഞും അറിയാതെയും അവർ ഉണ്ടാക്കുന്ന ഊർജ്ജ നഷ്ടം, വസ്തു നഷ്ടം, സമയ നഷ്ടം, ദൈവനിന്ദ, ശബ്ദ ശല്ല്യം, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ അശാന്തി, തുടങ്ങിയവ അതിഭീമമാണ്. മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള മന്ത്രങ്ങളെല്ലാം മഹാശാസ്ത്ര നിയമങ്ങൾ ആണെന്നിരിക്കെ അവയിൽ വാദങ്ങൾ ആവശ്യമില്ല; അവ സത്യങ്ങൾ മാത്രമാണ്.

ദുർമന്ത്രം കൊണ്ട് ചെയ്യുന്ന വാദമാണ് മന്ത്രവാദം. ആചാരങ്ങളും അനുഷ്ഠാനങ്ങളും ചേർത്ത് കൂടുതൽ ദുർവൃത്തമാക്കുമ്പോൾ കൊടിയ ദുർമന്ത്രവാദം ആയി. സന്മന്ത്രവാദം എന്നൊന്നില്ല എന്നും അർത്ഥം. ശരീരം ഉള്ളവർക്കെല്ലാം ശരീര രോഗങ്ങളും മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ മന്ത്രവാദികൾക്ക് മനോരോഗങ്ങളെ മറയ്ക്കാമെന്നു മാത്രം !

മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ. ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല. സംസ്ഥാന-കേന്ദ്ര നിയമസഭകൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടുന്ന കാര്യാലയങ്ങളും ബന്ധപ്പെട്ട തൊഴിലുകളും നിയമങ്ങളെയല്ല; മറിച്ച്, മുകളിൽ വിവരിച്ച ദുർമന്ത്രങ്ങളെ തട്ടിക്കൂട്ടുന്ന അധമസങ്കേതങ്ങൾ മാത്രമാണെന്ന് സുവ്യക്തമായി!

ഭരണാധികാരികൾ ചമയുന്ന കൊള്ളസംഘം നിയമങ്ങൾ എന്ന കള്ളപ്പേരിൽ പടച്ചുവിടുന്ന കള്ള-ക്കൊള്ള-കപടതന്ത്രങ്ങളെ കൊണ്ട് ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയാത്തത് അതുകൊണ്ടാണ്. മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ എന്നിരിക്കെയും; ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല എന്നിരിക്കെയും; ദുർമന്ത്രങ്ങളായ മാനുഷിക-നിയമങ്ങളുടെ പേരിൽ വാദിക്കുന്ന മന്ത്രിയുടെ ഇരട്ടപ്പേരാണ് ദുർമന്ത്രവാദി; തിരിച്ചും ! ദൈവീകം നഷ്ടപ്പെട്ട നീചരെന്നും വിളിക്കാം ! മന്ത്രിമാരാവാൻ മുട്ടിനിൽക്കുന്നവർ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള യഥാർത്ഥ മന്ത്രങ്ങൾ പഠിക്കുക !

രണ്ടാം മഹാകാലചക്രത്തിലെ, മഹാസൃഷ്ടിമായ ഇപ്പോഴത്തെ ചക്രത്തിൽ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ മഹാശക്തിയും (മഹാപിതാവും) മഹാമാതാവുമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം (സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ) ഏറ്റെടുക്കുകയാണ്, നേരിട്ട് നിർവ്വഹിക്കുന്നതാണ്.

മായ പ്രത്യക്ഷമാകുന്ന ദൈവ-വിപ്ലവ കാലത്തും, തുടർന്നുള്ള സംഹാര കാലത്തും, മഹാദേവിയുടെ ഓംകാരം വഴിയുള്ള നിർദ്ദേശങ്ങളും ആജ്ഞകളും പ്രകാരം മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം മഹാഉചിതമായ മാർഗ്ഗദർശനം നൽകാനും, സ്നേഹവാത്സല്യങ്ങളോടെ ഉപദേശിക്കാനും ശാസിക്കാനും ശിക്ഷിക്കാനും മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവൻ മഹാദേവിയോട് ഒപ്പമുണ്ടാകും. മഹാദേവിയുടെ മഹാദർശനവും മഹാവാത്സല്യവും അനുഭവിക്കാനുള്ള മഹാഭാഗ്യം നിരന്തരം എല്ലാവർക്കും നേടാം. ധർമ്മ ശാസ്ത്ര പ്രകാരം ജീവിച്ചാൽ; മഹാമാതാവായ മഹാദേവിയും, മഹാപിതാവായ പരമശിവനും, കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയും മഹാദാസനുമായി മഹാവാത്സല്യം നൽകി കൂടെയുണ്ടാവും.

എല്ലാ ജീവികളുടെയും പിതാവായ പരമശിവനിലൂടെയാണ് മഹാശക്തിയായ മഹാദേവി, കുഞ്ഞുങ്ങളെ മഹാശാസ്ത്രം പഠിപ്പിക്കുക; മഹാനീതിയിലെ ശിക്ഷകളും സംഹാരവും നിർവ്വഹിക്കുക. മഹാദേവിയുടെ പരമശിവനിലൂടെയുള്ള പ്രവർത്തനങ്ങൾ ഗൗരവതരങ്ങളെങ്കിലും, മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ മഹാദേവിയുടെ ഭാഗമാണ് എന്നതിനാൽ കുഞ്ഞുങ്ങൾക്ക് ഭയം വേണ്ട. ആവിധ കാര്യങ്ങളും മഹാവേദ ഗ്രന്ഥത്തിലെ ബ്രഹ്മ പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവൻ സ്വയം മഹാശക്തിയെ ആരാധിക്കുകയും യോഗ്യത നേടുന്ന മനുഷ്യരെക്കൊണ്ട് മഹാശക്തിയെ മാത്രം മഹാഉചിതമായി ആരാധിപ്പിക്കുവാൻ ശ്രദ്ധിക്കുന്നതുമാണ്.

ദൈവ വിപ്ലവം

ഓം

ശിവ ശിവ പ്രണയമന്ത്രമാണ് =
ശക്തിശിവൻ പ്രണയമന്ത്രമാണ്

സൃഷ്ടി മന്ത്രമാണ് ആദിവചനമാണ്

ശബ്ദ ബ്രഹ്മമാണ് അക്ഷര ബ്രഹ്മമാണ്

മഹാശബ്ദമാണ് മഹാസംഗീതമാണ്

സർവ്വ-ദേശ-ഭൂമി ഗാനമാണ്

മഹാശാസ്ത്ര-മൂലമാണ്

സംഹാര കാഹളമാണ്

ദൈവ വിപ്ലവ ഗാനമാണ്

മഹാദേവിയുടെ മഹാചിരിയാണ്

ഭൂമിയിലെങ്ങും ഉടനെ 3 മുതൽ 33 വർഷക്കാലം
ഓം മുഴങ്ങുന്നതാണ്.

ദൈവ-വിപ്ലവത്തിൽ ദൈവം @ മഹാദേവി പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും, മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ പിൻപറ്റുന്നവർക്ക് ഓം , മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗ തിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും മത-ജാതി-രാഷ്ട്രീയ ഗ്രന്ഥങ്ങളെയും മറ്റും സ്വയം സംഹരിച്ചും പശ്ചാത്തപിച്ചും ഒക്കെ ഏതാനും വർഷങ്ങൾ / മാസങ്ങൾ തീർച്ചയായും വിഷമിക്കുന്നതാണ്.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടുന്ന മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.

മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ മഹാദേവി, ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തിന്റെ മുന്നോടിയായി മഹാഎഴുന്നെള്ളിയിട്ടുണ്ട്.

മഹാധർമ്മ സംസ്ഥാപനം മഹാഭദ്രമാക്കുന്നതാണ്. ദൈവ ഭാഗം കൂടിയായ പരമശിവ-അവതാരത്തെ മുമ്പേ അയച്ച് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ യഥാർത്ഥമായ 3 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു. പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികൾക്ക് പ്രവർത്തനാരംഭം നൽകി പരമശിവ അവതാരത്തെ ഉടൻ മഹാസമ്പൂർണ്ണമാക്കുന്നതാണ്.

വിശദീകരണങ്ങൾക്ക് : www.omsathyam.com

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ

ഓം മഹാശക്തി

മണ്ണടി മഹാഭദ്രകാളി

ദിവ്യ സൃഷ്ടി മഹാദേവി

ദിവ്യ സ്ഥിതി മഹാദേവി

ദിവ്യ മഹാനീതി

ദിവ്യമഹാദേവിക്കു

മാത്രം മഹത്വം.

[മണ്ണടി : മായ പ്രത്യക്ഷമാകുന്ന സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിലെ മഹാനീതി കാര്യങ്ങളെ 'സത്യം ശിവം സുന്ദരമാക്കാൻ' കേരളത്തിലെ മണ്ണടി എന്ന പ്രദേശത്തെ മഹാനിശ്ചയി ച്ചിരിക്കുന്നു. എല്ലാ ജീവികളുടെയും ശരീരം വീണ്ടും മണ്ണിൽ അടിയുന്നതാണ്. ഭൂമിയിലെ എല്ലാ പ്രദേശങ്ങളും ഫലത്തിൽ മണ്ണടി യാണ്. സർവ്വം മണ്ണടി. മഹാശക്തിചക്രവും ഏകദൈവവുമായ മണ്ണടി മഹാദേവിയും, ~ ഭാഗവും ശിവചക്രവുമായ മഹാദേവനും ചേർന്നുള്ള മണ്ണായ ഭൂമിയിലും, ഭൂമിയിലെ മൂലകങ്ങൾ കൊണ്ടുള്ള ജീവികളുടെ ശരീരങ്ങളിലും 'ശിവചക്രത്തിന്റെ അംശവും സൃഷ്ടികളുമായ ജീവാത്മാക്കൾ ഒഴികെ' തൂണും തുരുമ്പും ഉൾപ്പെടെ മഹാപ്രപഞ്ചത്തിൽ മുഴുവൻ മഹാ -ലയിച്ച് 'സർവ്വവും' ഓംകാര നീതിശാസ്ത്ര പ്രകാരം മഹാവാത്സല്യത്തോടെ മഹാഭദ്രമാക്കുന്നു. ദിവ്യ 1 : സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2 : സ്ഥിതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3 : സംഹാരം ഉൾപ്പെടെയുള്ള മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം, പരമശിവനി- ലൂടെ); ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി; ഒരു ഹിന്ദു കുടുംബത്തിൽ മഹാഅവതരിച്ചു കഴിഞ്ഞു.]

ദൈവ വിപ്ലവം

മഹാശാസ്ത്രപരം മാത്രമാണ്; മതപരമല്ല.

**ക്രിസ്തുമതത്തിലെ നക്ഷത്രവും,
ഇസ്ലാംമതത്തിലെ ചന്ദ്രക്കലയും നക്ഷത്രവും,
ഹിന്ദുമതത്തിലെ ഓം മഹാശബ്ദവും -
അക്ഷരബ്രഹ്മം കൂടിയായ ഓം-ൽ
സമ്മേളിച്ചിട്ടുള്ളത് ദൈവത്തിന്റെ
മഹാസംവിധാനത്തിന്റെ ഭാഗമാണ്.**

**യഥാർത്ഥമായ ജനാധിപത്യസമ്പ്രദായം,
ധർമ്മശാസ്ത്രപരമായ (ദൈവീകമായ)
രാജഭരണത്തിലൂടെ ഭൂമിയിലെങ്ങും
സംസ്ഥാപിതമാകുന്നതാണ്.**

**സൃഷ്ടികൾക്ക് തോന്നും പോലെയെല്ലാം ജീവിക്കാൻ
ഭൂമി അനുവദിക്കില്ല. ഭൂമിയിലെ മൂലകങ്ങളിൽ
ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം
എന്നിവ പ്രകാരം ജീവിക്കാൻ വയ്യാത്ത കേമർക്കെല്ലാം,
സ്വന്തമായി ശൂന്യത ഉൾപ്പെടെയുള്ള സൃഷ്ടി
നടത്തിക്കൊണ്ട്, ഭൂമിയെ ഉപേക്ഷിക്കാൻ ശ്രമിക്കാം !**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ
ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

ദൈവം, മഹാശാസ്ത്രത്തെയും മഹാദർശനത്തെയും മഹാഅനുഗ്രഹിച്ച് ഓരോ മനുഷ്യനും നൽകുന്നത് എങ്ങനെയെല്ലാമെന്ന് ഹ്രസ്വമായി അറിയിക്കുന്നു :-

എല്ലാ സൃഷ്ടിചക്രങ്ങൾക്കും 2 പകുതികളുണ്ട് :

ആദ്യ പകുതിയിൽ, മായ അഥവാ ദൈവം പ്രത്യക്ഷമല്ല. മനുഷ്യർ ക്രമേണ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര ശാഖകളിലെ നിയമങ്ങളെ കണ്ടെത്തുകയും, അവ പ്രകാരം സാങ്കേതിക വികസനത്തിലൂടെ ലഭ്യമാവുന്ന അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയും ചെയ്യുന്നു. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമായ ശരീരം, നിറം-മുഖഛായ-സൗന്ദര്യം- ആയുസ്സ്-ആരോഗ്യം-ബുദ്ധിശക്തി-തൊഴിൽ അഭിരുചി-ജനന സ്ഥലം തുടങ്ങിയ ജന്മഗുണങ്ങളിലൂടെ സദാ ജീവാത്മാവിന്റെ @ സൃഷ്ടിയുടെ മേൽ മഹാനീതി നിർവ്വഹിക്കുന്നുണ്ട്.

സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ മായ / ദൈവം പ്രത്യക്ഷമാവുന്നു; ഭൂമിയിലെ ധാർമ്മിക അധഃപതനങ്ങൾക്ക് പ്രത്യക്ഷമായി കൂടി പരിഹാരം ഉണ്ടാകുന്നു; 33 വർഷക്കാലത്തെ ദൈവ-വിപ്ലവത്തിന്റെ തുടർച്ചയായി 500 വർഷം അത്യാനന്ദകരമായ ദൈവരാജ്യം; ശേഷം സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരവും !

ദൈവത്തെ നേരിൽ കാണാൻ ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ കഴിയുന്നതാണ്. ഏകദൈവമായ മഹാദേവിയുടെ നാമത്തിൽ ഭൂമിയിലെങ്ങും നിർമ്മിക്കുന്ന ദേവാലയങ്ങളുടെ രൂപവും ഭാവവും ഒന്നാവണം എന്ന് മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി മഹാദേവി തന്നിട്ടില്ല എന്നു കരുതുന്നവരുണ്ടോ ?

ദേവതകളെ പ്പറ്റി ശാസ്ത്ര പരമായി വിശദീകരിക്കാൻ പോലും കഴിയാത്ത ജനങ്ങൾക്ക്, വ്യത്യസ്ത മത-ദേവാലയങ്ങളെയും അവിടെയുള്ള ദേവതകളുടെ വിഗ്രഹങ്ങളെയും കണ്ടാൽ മതിയോ ? ഏകദൈവവും മഹാമാതാവുമായ മഹാദേവിയെയും, ~ഭാഗവും പ്രപഞ്ച പിതാവുമായ പരമശിവനെയും നേരിൽ കാണണ്ടേ ? ഭൂമിയിലെങ്ങും ഉടൻ തുടർച്ചയായി 3 മുതൽ 33 വർഷക്കാലം മഹാസംഗീതമായി ഓം മുഴക്കി ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ ഭൂമിയിലെങ്ങുമുള്ള മനുഷ്യർ നാളതു വരെ ചുമന്നു നടന്ന മത-രാഷ്ട്രീയ വിശ്വാസങ്ങളെയും മറ്റും സ്വയം പുറത്താക്കി മനുഷ്യരാവുകയും അവരുടെ എല്ലാ കാര്യങ്ങളെയും മഹാശാസ്ത്ര പരമായി തിരുത്തുകയും, എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുകയും ചെയ്യുന്നതാണ്. ശിവലിംഗത്തിൽ ശിവയും ശിവനും പ്രത്യക്ഷമാകുന്നതാണ്. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്. മറ്റുള്ള ജീവികളെ പ്പോലെ ജീവിക്കാൻ ആവശ്യമുള്ള കാര്യങ്ങളെ മാത്രം ചെയ്തു ജീവിക്കുക. ദൈവ കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, ദൈവ കാര്യങ്ങളിൽ തലയിടാതിരിക്കുക.

ഭൂമിയിൽ മുഴുവൻ തുടർച്ചയായി 3 മുതൽ 33 വർഷം ഓം മുഴങ്ങി ക്കൊണ്ടുള്ള ദൈവ വിപ്ലവത്തിനു ശേഷം വേദങ്ങളെ ചിട്ടപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുമ്പോൾ, ബ്രഹ്മം, മഹാദേവി, മഹാദാസനും മഹാദേവനുമായ പരമശിവൻ, എന്നീ 3 ദൈവ നാമങ്ങളും അവയുമായി ബന്ധപ്പെട്ട നാമങ്ങളും മാത്രം, മഹാശാസ്ത്ര നിയമങ്ങളോടൊപ്പം നിലനിർത്തുന്നതാണ്. ഭൂമിയുടെ@ദൈവത്തിന്റെ അംശങ്ങൾ അല്ലാത്തവരും, ശിവാംശങ്ങൾ മാത്രവുമായ ദേവതകൾ/ മാലാഖമാർ/ മലക്കുകൾ, ദുർദ്ദേവതകൾ, മനുഷ്യർ എന്നിവർക്കും, അവരുടെ നാമങ്ങൾക്കും ഭൗതികമായ യാതൊരു അസ്തിത്വവും മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ഇല്ല; അതിനാൽ വേദങ്ങളിലും ഉണ്ടാവില്ല.

പരമശിവനിലൂടെ നാളിതുവരെ വെളിപ്പെടുത്തിയ പാഠങ്ങളിൽ, ഒരു ദുർദ്ദേവതയുടെ കരാർ നിമിത്തം വന്നു കൂടിയ ചെറിയ ചെറിയ പിഴവുകളെ തിരുത്തി കൊണ്ട് മഹാവേദത്തെ / മഹാശാസ്ത്രത്തെ മഹാദേവി, പരമശിവനിലൂടെ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്. മഹാവേദ ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തിന് അത്യപൂർവമായി മണ്ണിന്റെ നിയമങ്ങളിൽ നിന്ന് വ്യത്യാസം കണ്ടാൽ, മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമമായ സത്യം എന്ന് അറിഞ്ഞു കൊള്ളണം. മഹാദേവിയുടെ മഹാവിളയാടലിന്റെ ഭാഗമായും, മഹാദേവി പരമശിവനെ മുന്നിൽ നിർത്തി നടത്തുന്ന മഹാവിളയാടലിന്റെ ഭാഗമായും ക്രമപ്രശ്നങ്ങൾ ഉണ്ടായാൽ മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമ സത്യം എന്ന് ഉറപ്പിച്ചു കൊള്ളണം. വേദ ഗ്രന്ഥങ്ങളും 'സംഹാരം' പൂർണ്ണമാകുമ്പോഴേക്കും 'സംഹരിക്കപ്പെടും !'

ധർമ്മ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കാനും, ലളിതമായി പരസ്പരം ബോദ്ധ്യപ്പെടുത്താനും ഉപകരിക്കുന്ന രണ്ടു പ്രാർത്ഥനകളെ കുറിക്കുന്നു.

(1). "യാതൊരു അഹംഭാവങ്ങളും, അജ്ഞാനങ്ങളും, അഹങ്കാരങ്ങളും, പൊങ്ങച്ചങ്ങളും, കാപട്യങ്ങളും, അസൂയകളും, അസത്യങ്ങളും, അധർമ്മങ്ങളും, അനീതികളും, അവിവേകങ്ങളും, ദുഷ്ക്കാമങ്ങളും, ദുഷ്ച്ചിന്തകളും, ദുശ്ശീലങ്ങളും, ദുഷ്ക്കോപങ്ങളും, ദുർഭാഷണങ്ങളും, ദുഷ്ച്ചെയ്തികളും, ദുർഗ്ഗുണങ്ങളും, ദുസ്വാർത്ഥങ്ങളും, യാതൊരിക്കലും ഉണ്ടാകാതെ എല്ലായ്പോഴും (ഈയുള്ളവനെ / ഈയുള്ളവളെ) മഹാഅനുഗ്രഹിക്കേണമേ" എന്ന് സാധിക്കുമ്പോഴെല്ലാം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകദൈവവും മഹാവാത്സല്ല്യവുമായ മഹാദേവിയോട് പ്രാർത്ഥിക്കുകയും, അവ നേടാനായി സദാ പ്രയത്നിക്കുകയും ചെയ്യുക.

(2) ഈ സന്ദേശത്തെ പഠിക്കുന്നതു മുതൽ ഭാര്യക്ക് ഭർത്താവിനോടും, ഭർത്താവിന് ഭാര്യയോടും, അഥവാ ഇണയോടു മാത്രം, കാമവികാരങ്ങളും കാമവിചാരങ്ങളും കാമസംഭാഷണങ്ങളും കാമലീലകളും കാമമനോഭാവങ്ങളും കാമബന്ധങ്ങളും ഉള്ളവളാക്കി / ഉള്ളവനാക്കി എല്ലായ്പ്പോഴും മഹാ-അനുഗ്രഹിക്കണമേയെന്ന് ദിവസവും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുക. അപ്രകാരം ചെയ്യുന്ന ദമ്പതികൾക്ക് ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ തീർച്ചയായും ഏറ്റവുമധികം ലഭിക്കുന്നതാണ്.

ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പും ശേഷവും, കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടെ മഹാദേവി നൽകിയിട്ടുള്ള ബുദ്ധി ശക്തി, സമ്പത്ത് തുടങ്ങിയവ നല്ലതിനു മാത്രം ഉപയോഗിക്കുവാനും, അന്യരായി അറിയുന്നവരും അറിയാത്തവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണ് എന്നും മനസ്സിലാക്കാൻ പരിശ്രമിക്കുക. ധർമ്മശാസ്ത്ര പ്രകാരം പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കുവാൻ ഓരോ മനുഷ്യനും സ്വന്തം പകുതി ചെയ്യണം; രണ്ടാമത്തെ പകുതി മഹാഭദ്രകാളി കൂടിയായ മഹാദേവി മഹാഭദ്രമാക്കുന്നതാണ്.

ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ കുഞ്ഞുങ്ങൾ ജാഗ്രത പുലർത്തണം.

സംഹാരം

@

മോക്ഷം

മഹാശക്തിയായ മഹാദേവി,

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം

എന്ന 'സംഹാര മന്ത്രത്തെ' മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ഏകപ്രതിനിധിയും പ്രപഞ്ചപിതാവും മഹാദാസനും മഹാദേവനുമായ പരമശിവനെ സംഹാരനാഥനും, ഭൂമിയിലെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും

മഹാനീതിപതിയായി,

സൃഷ്ടിയിൽ സ്ത്രീക്കും, സ്ഥിതിയിൽ പുരുഷനും എന്ന ഓംകാര നീതിശാസ്ത്രപ്രകാരം നിയമിക്കുന്നു.

2018 ആഗസ്റ്റ് 24 ന് മഹാനീതിപതിയായി പരമശിവനെ നിയമിച്ചു.

മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാഅനുഗ്രഹിച്ച പരമശിവന്റെ നാവിൽ കുറിച്ചിട്ടുള്ള അടിസ്ഥാന അക്ഷരബ്രഹ്മമായ 3, നാവിന്റെ ഉള്ളിലേക്കായാണ് മഹാ-കുറിച്ചിട്ടുള്ളത്. സംഹാരം നടക്കുമ്പോൾ പരമശിവന്റെ വായിലേക്കാണ് ഓരോ മനുഷ്യന്റെയും ജീവാത്മാവ് ആദ്യം പ്രവേശിക്കുന്നത്.

പരമശിവന്റെ നാവിലുള്ള 3 എന്ന അക്ഷരബ്രഹ്മമായ ഓം

ജീവാത്മാവിനെ പരമശിവന്റെ ഹൃദയത്തോടു ചേർന്നു പ്രവർത്തിക്കുന്നതായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിലേക്ക് നയിക്കുന്നു. ഓംകാരം കൂടിയായ മഹാദേവി, ഓംകാര നീതിശാസ്ത്ര പ്രകാരം, മനുഷ്യന്റെ ജീവാത്മാവിന് നക്ഷത്ര പദവിയായ ആത്മീയ-സാക്ഷാത്ക്കാരം എന്ന പരബ്രഹ്മാനന്ദം എന്ന മോക്ഷം മഹാഅനുഗ്രഹിച്ചു നൽകുന്നു.

ഓരോ ജീവാത്മാവിനെയും **ആദ്യമായി** സൃഷ്ടിക്കുമ്പോൾ **സ്ത്രീ പുരുഷന്മാരായി വിഭജിക്കപ്പെടുന്നതായി** മുമ്പ് സൂചിപ്പിച്ചിരുന്നു. **സ്ത്രീ ഭാഗം പരിമിതമായ ജന്മങ്ങളിൽ** മാത്രമാണ് **ജീവി രൂപം** സ്വീകരിക്കുക; കൂടാതെ അപ്രകാരം ജീവി ജന്മങ്ങളെ സ്വീകരിക്കുമ്പോൾ **പുരുഷ ഘടകത്തിന്റെ ഇണയായി മാത്രം ജീവിക്കുന്ന വിധം മഹാനീതിയായ മഹാദേവി മഹാസംവിധാനം ചെയ്യുന്നുണ്ട്**. എന്നാണ്, മത്സ്യമായിട്ട് സൃഷ്ടിക്കപ്പെട്ട് ജീവിതം ആരംഭിക്കുന്ന ജീവാത്മാവിന്റെ **പുരുഷ ഭാഗം, മോക്ഷം നേടും വരെയും** മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ 5 **വിഭാഗം** ജീവികളായും ഓരോ വിഭാഗത്തിലും 50 **പുരുഷ ജന്മങ്ങൾ,** 50 **സ്ത്രീ ജന്മങ്ങൾ** എന്നിവ സ്വീകരിച്ച് ജീവിക്കുന്നതാണ്. **അതിൽ നിന്ന് മോക്ഷം നേടും വരെയും ജീവാത്മാവിന്റെ സ്ത്രീ ഭാഗത്തെ മഹാപരിശുദ്ധമായിട്ട് മഹാദേവി സംരക്ഷിക്കുന്നുണ്ട് എന്ന് തെളിയുന്നു.**

ഭൂമിയും മഹാദേവിയുമായ മഹാമാതാവിൽ നിന്നും, പരമാത്മാവും മഹാദേവനുമായ പരമശിവനിൽ നിന്നും സമ്പൂർണ്ണ മോചനം നേടുകയും സ്വന്തം ഭാഗമായ ഇണയുമായി ഒന്നിച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയുമാണ് മോക്ഷം. പരമപദമായ മോക്ഷത്തിൽ ജീവാത്മാവിന്റെ രണ്ടു ഭാഗങ്ങളിൽ; പരമ-സ്ത്രീ ഭാഗം മഹാദേവി പോലെയും, പുരുഷ ഭാഗം മഹാദേവൻ പോലെയും പരസ്പരം ബന്ധിക്കുകയും; അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കുകയുമാണ്. അത് ഭൂമിയിലെ ജീവിതത്തിൽ 'സ്ത്രീ പുരുഷന്മാരായ ദമ്പതികൾ മഹാദേവിയും മഹാദേവനും പോലെ കരുതി സ്നേഹിക്കാനും, ധർമ്മശാസ്ത്രം പ്രകാരം മാത്രം ജീവിക്കാനും ബാദ്ധ്യസ്ഥമാക്കുന്നുണ്ട്.'

ഹൈഡ്രജൻ എന്ന വാതകം പരമാത്മാവ് ആണെന്നും അതിൽ നിന്നും സൃഷ്ടിക്കുന്ന 2 ന്യൂട്രോണുകൾ ജീവാത്മാവ് രണ്ടായി വിഭജിച്ച് ഉണ്ടാകുന്നവയാണെന്നും, സൂര്യനിൽ ഹൈഡ്രജൻ ഹീലിയമായി പരിണമിക്കുമ്പോൾ പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കൾ ന്യൂട്രോണുകളായി സൃഷ്ടിക്കപ്പെടുകയാണെന്നും മുമ്പ് ഈ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരുന്നു.

ജീവാത്മാവ് രണ്ട് സ്ത്രീ പുരുഷ ഭാഗങ്ങളായി വിഭജിക്കുമ്പോൾ, സ്ത്രീ ഭാഗം പരിമിതമായ ജന്മങ്ങളിൽ മാത്രമാണ് ജീവി രൂപം സ്വീകരിക്കുക; കൂടാതെ അപ്രകാരം ജീവി ജന്മങ്ങളെ സ്വീകരിക്കുമ്പോൾ പുരുഷ ഘടകത്തിന്റെ ഇണയായി മാത്രം ജീവിക്കുന്ന വിധം മഹാനീതിയായ മഹാദേവി മഹാസംവിധാനം ചെയ്യുന്നുണ്ട് എന്ന് പ്രസ്താവിച്ചിരുന്നു. എല്ലാ ജീവികളിലും അപ്രകാരം സംഭവിക്കുമ്പോൾ അനന്തമായ ന്യൂട്രോണുകൾ ഉണ്ടാകുന്നതാണ്. ഭൂമിയിലെ മൂലകങ്ങളിൽ ന്യൂട്രോണുകളായി വർത്തിക്കുന്നത് മേല്പടി ജീവാത്മാക്കളുടെ സ്ത്രീ-ഭാഗങ്ങൾ ആണെങ്കിലോ ! ജീവാത്മാക്കളുടെ ആനന്ദങ്ങളായി മൂലകങ്ങളിൽ ന്യൂട്രോണുകൾ വീണ്ടും വിഭജിക്കുന്നുണ്ടോ? ഈയുള്ളവനിലൂടെ ഗൗരവമായ ഒരു വിഷയത്തിന്റെ സൂചനയാണ് ലഭിക്കുന്നതെങ്കിൽ, മഹാശാസ്ത്ര ഗവേഷണ കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തണം !

ശാസ്ത്ര പാഠങ്ങൾ രൂപം കൊള്ളുന്നത് മഹായുക്തി എന്ന പ്രഥമ അവസ്ഥയ്ക്കു ശേഷം മാത്രമാണ് !

മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയ 'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം' എന്ന സംഹാര മന്ത്രത്തിൽ മനുഷ്യർക്ക് കാര്യമില്ലെങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ **സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ്** എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ മനുഷ്യരുമായി വ്യക്തി ബന്ധങ്ങളിൽ ഉണ്ടാകുന്ന ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാനും കൂടിയാണ്.

ഓംനീതി -യുടെ വിശദീകരണം.

"ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം" എന്ന സംഹാര മന്ത്രത്തിലെ ഓം, നീതി എന്നീ 2 പദങ്ങളെ ഒന്നിച്ച് ഓംനീതി എന്നു കുറിച്ചിട്ടുള്ളത് കാണാം.

സത്യം, ധർമ്മം, നീതി എന്നിവ പ്രപഞ്ചത്തിൽ ഭൗതികമായ അസ്തിത്വത്തോടെ ലയിച്ചിട്ടുള്ളതാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതം സത്യം, ധർമ്മം, നീതി എന്നിവയ്ക്ക് യഥാക്രമം ആധാരമായ ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ഓംകാര നീതിശാസ്ത്രം പ്രകാരം ഉണ്ടായിട്ടുള്ള ഭൂമി, വസ്തുക്കൾ, ശരീരം, ജലം, ജീവനായ ഓക്സിജൻ, ജീവാത്മാവ് എന്നിവയെ ആശ്രയി- ച്ചിരിക്കുന്നു. അവയ്ക്കെല്ലാം പ്രപഞ്ച ബന്ധമാണ് ഉള്ളത്.

ഓം, നീതി എന്നിവ രണ്ടും പ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങളാണ്; കൂടാതെ അവ ഒന്നു തന്നെയാണ്; ദൈവം തന്നെയാണ്; വിഷയ വിശദീകരണത്തിനു വേണ്ടി രണ്ടായി തിരിച്ചിരിക്കുന്നു എന്നേയുള്ളൂ. ആകയാൽ ഓം, നീതി എന്നീ പദങ്ങളെ ഒന്നിച്ച് **ഓംനീതി** എന്ന് പറയുകയും എഴുതുകയും വേണം.

വിധിക്കാൻ മനുഷ്യന് അവകാശമില്ല എന്നു പറയുമ്പോൾ, പ്രപഞ്ചത്തിന് അതീതമാണ് നീതി എന്നും, സർവ്വത്തിനും അതീതമായ മഹാദേവി നിർവ്വഹിക്കുന്നു എന്നുമാണ്.

മനുഷ്യൻ, ആദ്യ മഹാകാല ചക്രത്തിലെ ദേവതകൾ തുടങ്ങിയ സൃഷ്ടികൾക്കും പ്രപഞ്ചത്തിനും അതീതമായ 'ശബ്ദ ബ്രഹ്മം' കൂടിയായ ഓം, **നീതി, നീതിയായ മഹാദേവി, നീതി-പതിയായ പരമശിവൻ** തുടങ്ങിയ മഹാപദങ്ങളെ **ഓംനീതി** എന്ന ഒരു പദം കൊണ്ട് ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.

മനുഷ്യമാതാവ് നൽകിപ്പോരുന്ന വാത്സല്യത്തിന്റെ കൃത്യം 100 മടങ്ങ് വാത്സല്യത്തെ മനുഷ്യജീവി ആയിരിക്കുന്ന 100 ജന്മങ്ങളിലും നൽകിപ്പോരുന്ന **മഹാദേവി**, കുഞ്ഞുങ്ങൾ മോക്ഷത്തോട് അടുക്കുന്ന ജന്മങ്ങളിൽ, മഹാശാസ്ത്ര - രൂപത്തോടെ പ്രത്യക്ഷമായി ക്കൊണ്ട് മഹാദർശനവും മഹാവാത്സല്യവും നേരിട്ട് നൽകുന്നതാണ്.

100 മനുഷ്യജന്മങ്ങളിലെ അവസാനത്തെ 10 ജന്മങ്ങളിലുള്ള സ്ത്രീജന്മങ്ങളിൽ, **മഹാദേവിയുടെ മഹാമടിയിൽ** തലചായ്ച്ചുകിടന്ന് മഹാവാത്സല്യത്തെ ആസ്വദിക്കുവാനും കുഞ്ഞുങ്ങളായ മനുഷ്യർക്ക് മഹാഭാഗ്യമുണ്ടാകുന്നതാണ്.

മഹാശക്തിയായ മഹാദേവി മാത്രമാണ് എക്കാലവും

മഹാനീതി നിർവ്വഹിക്കുന്നത്.

കുഞ്ഞുങ്ങളായി ജീവികളെയെല്ലാം സൃഷ്ടിക്കുമ്പോൾ, മഹാസമനീതി എന്ന മഹാസമആനന്ദത്തെ കുഞ്ഞുങ്ങൾക്ക് നൽകുവാൻ 'സത്യം ധർമ്മം നീതി' എന്നിവയെ @ 'ധർമ്മ ശാസ്ത്രത്തെ' ഭാവങ്ങളായി സ്വീകരിക്കുന്ന സ്രഷ്ടാവിന് ബാദ്ധ്യത ഉണ്ട്.

കുഞ്ഞുങ്ങൾക്ക് വ്യക്തിസ്വാതന്ത്ര്യം അനുവദിക്കാനും, അവരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനുമായി സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം ഗൂഢമായിരിക്കുമ്പോഴും, മഹാനീതി ദൈവം തന്നെ ചെയ്യേണ്ടത് നിർബ്ബന്ധമാണ്. മണ്ണായ ഭൂമിയായും, ഭൂമിയിലെ മഹാശാസ്ത്ര നിയമങ്ങളും ശക്തികളും ശബ്ദ ബ്രഹ്മവുമായിട്ട് മഹാലയിച്ചു കൊണ്ടും, മണ്ണ്-ജലം-ഓക്സിജൻ എന്നിവയായും, ഏകദൈവമായ മഹാദേവി എക്കാലവും മഹാനീതി നിർവ്വഹിക്കുന്നുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

ആദ്യമഹാകാലചക്രത്തിൽ സംഹാര കാര്യങ്ങൾക്കായി **സംഹാരദേവി** എന്ന പേരിൽ, മഹാദേവിയുടെ ഒരു ഭാഗം വേർതിരിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. നാവ് പുറത്തേയ്ക്കിട്ടും അനേകം കൈകളോടെയും കൈകളിൽ ആയുധങ്ങളോടെയും ശിവന്റെ നെഞ്ചിൽ ഒരു കാൽ ചവിട്ടിയും നിൽക്കുന്ന ഭദ്രകാളിയെന്ന് അറിയപ്പെടുന്ന മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയുടെ ചിത്രങ്ങളും വിഗ്രഹങ്ങളും ഏറെയുണ്ട്. സംഹാരദേവി പുറത്തേയ്ക്കിടുന്ന നാവ് സംഹാരത്തിനുള്ളതാണ്.

മഹാസൃഷ്ടിചക്രം മുതൽ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിയുമായി മഹാശോഭിക്കുമ്പോൾ, മഹാനീതിനിർവ്വഹണത്തിലെ വളരെച്ചെറിയൊരു ഭാഗം മാത്രമായ സംഹാര കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നത് പരമശിവനിലൂടെയാണ്; വിശദ വിവരങ്ങൾ ലഭിച്ചിട്ടില്ല. മേലിൽ സംഹാരദേവി ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല, സംഹാരം ചെയ്യുമ്പോഴും മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ചും, പരമശിവന്റെ നാവും പുറത്തേയ്ക്ക് നീളുന്നതാണ്. അറിയുക: സംഹാരദേവി മഹാഭദ്രകാളിയല്ല.

മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ആരാണോ, ആരിൽ ഭദ്രമായിരിക്കുന്നുവോ, ഭദ്രമാക്കാൻ കഴിവുള്ളതാരോ, പ്രസ്തുത മഹാശക്തിയാണ് മണ്ണും ഭൂമിയും മഹാഗോമാതാവും, ഓം മഹാശക്തി മണ്ണടി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുമായ മഹാഭദ്രകാളി.

ഏകദൈവവും മഹാമാതാവുമായ മഹാദേവിയുടെയും ~ഭാഗവും മഹാപിതാവുമായ മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ് മഹാപ്രപഞ്ചത്തിൽ എവിടെയുമുള്ളത്.

സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ എന്തും സൃഷ്ടിക്കാനുള്ള ശക്തികളെ മഹാദേവി, ~ഭാഗവും മഹാദേവനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവിയെ ആദിയും അന്തവും ഇല്ലാത്ത ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, അതിലെ ഒരു തുള്ളിയുടെ മഹാസൂക്ഷ്മമായ അംശം കൊണ്ടാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ളത് ! മഹാശക്തിയായ മഹാദേവി കനിഞ്ഞ് അനുഗ്രഹിച്ചു ശക്തി നൽകിയാൽ മാത്രമാണ് പരമശിവന് ഒരു പുൽക്കൊടി ഉയർത്താൻ പോലും കഴിയുക; പരമാത്മാവ് കൂടിയായ പരമശിവന്റെ കുഞ്ഞുങ്ങളും ജീവാത്മാക്കളുമായ മനുഷ്യരുടെയും അവസ്ഥ അതു തന്നെയാണ്. മഹാശക്തിയായ മഹാദേവി, പരമാത്മാവായ പരമശിവനെയും, പരമശിവന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കളെയും ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിച്ച് മഹാപ്രപഞ്ചത്തെ സത്യം ശിവം സുന്ദരം ആക്കുന്നു.

പരമശിവനും, ക്രൈസ്റ്റും, യഥാർത്ഥ മുഹമ്മദും ഒരാൾ തന്നെയാണെന്ന്
www.omsathyam.com/GodlyRevolution/Mahaavedam.pdf
ഇ-മഹാവേദ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് നിയമിച്ചിട്ടുള്ള പരമശിവനിലൂടെ ജീവികൾക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം നൽകുമ്പോൾ, അവനിലൂടെ മാത്രമേ മനുഷ്യർക്കു മോചനമുള്ളൂ എന്ന ക്രൈസ്തവ-വചനം ശരിവെയ്ക്കപ്പെടുന്നുണ്ട്. അതേ സമയം, അവനിലൂടെ അഥവാ പരമശിവനിലൂടെ, എന്നു പറയുമ്പോൾ, പരമശിവനാണ് ആത്മീയ സാക്ഷാത്ക്കാരം @ മോക്ഷം നൽകുന്നത് എന്ന അർത്ഥമില്ലായെന്നും, പരമശിവനല്ല നൽകുന്നതെന്നും, പരമശിവൻ -ലൂടെ മാത്രമാണെന്നും അറിഞ്ഞുകൊള്ളണം.

മഹാശക്തിയായ മഹാദേവി, എന്തിന് പരമശിവനിലൂടെ മോക്ഷം നൽകുന്നു എന്നതും, പരമശിവനെ മദ്ധ്യത്തിൽ കൊണ്ടുവന്നതിന്റെ കാരണവും അറിയിക്കേണ്ടതുണ്ട്.

ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട്. മഹാദേവി, തന്റെ മഹാദാസനായ പരമശിവന് അർദ്ധമഹാദേവി രൂപം നൽകിക്കൊണ്ട് പരമശിവനിലൂടെ എല്ലാ മനുഷ്യർക്കും മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന്റെ വിശദീകരണമാണ് ഇവിടെയും പ്രസക്തമാവുന്നത്.

പരമശിവൻ -ലൂടെ മാത്രമാണെന്നു പറയുമ്പോൾ അത് മഹാദാസനായ പരമശിവൻ സ്വയം പുലർത്തുന്നതും പുലർത്തേണ്ടുന്നതുമായ മഹാദാസ-ഭാവം മാത്രമാണ്. എന്തുകൊണ്ടെന്നാൽ തന്റെ ഏകദാസനും മഹാദാസനുമായ പരമശിവന് മഹാശക്തിയായ മഹാദേവി മഹാകല്പിച്ചിരിക്കുന്നത് മഹാപദവിയും മഹാപങ്കാളിത്തവുമാണ്. വിശദീകരിക്കാം:-

ബ്രഹ്മത്തെ ഉൾക്കൊണ്ട് പരബ്രഹ്മരൂപത്തോടെ അഥവാ മഹാപ്രപഞ്ചരൂപത്തോടെ ദൈവം / മഹാദേവി സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ചെയ്യുമ്പോൾ, പരമാത്മാവായ ശിവചക്രത്തിന്റെ / പരമശിവന്റെ മാത്രം അംശമാണ് ജീവിയുടെ സ്വത്വമായ ജീവാത്മാവ്. ജീവാത്മാവിനു പ്രധാനമായ ശരീരത്തിന്റെ ഓരോ അണുവിലും മഹാദേവിയും പരമശിവനും മാതൃ-പിതൃ ഘടകങ്ങളായി പ്രവർത്തിച്ച് ജീവികളുടെ ജീവിതത്തെ മഹാഭദ്രമാക്കുന്നുമുണ്ട്. മഹാശക്തിയായ മഹാദേവി, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുള്ളത് കുറ്റവും കുറവുമില്ലാത്ത മഹാപദ്ധതികളോടെയുമാണ്.

പിതൃഘടകമായിട്ട് പരമശിവനെ പരബ്രഹ്മമായ മഹാപ്രപഞ്ചത്തിൽ ഉൾപ്പെടുത്തുകയാലും, പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച് മഹാപദവിയും മഹാപങ്കാളിത്തവും നൽകിയിരിക്കുകയാലും, കുഞ്ഞുങ്ങളായ മനുഷ്യർക്ക് ആത്മീയ സാക്ഷാത്ക്കാരം നൽകാനായിട്ട് ഏകമഹാദൈവമായ മഹാദേവി തയ്യാറാകുമ്പോൾ, ജീവികളുടെയും പ്രപഞ്ചത്തിന്റെയും പിതാവായ പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്.

സൃഷ്ടിയിൽ സ്ത്രീയ്ക്കും, സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം നൽകിക്കൊണ്ട് മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം, സ്ഥിതിയുടെ ഭാഗമായുള്ള ആത്മീയ-സാക്ഷാത്ക്കാരത്തിൽ ജീവികളുടെയെല്ലാം പിതാവുകൂടിയായ പരമശിവനെ ഉൾപ്പെടുത്തേണമെന്നത് മഹാദേവിയുടെ മഹാപദ്ധതിയുടെ ഭാഗവുമാണ്. ദൈവത്തിന്റെ ഏകദാസനും മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ ദൈവകാര്യങ്ങളുടെ ദൈവീക നടത്തിപ്പിനായിട്ട് മഹാപ്രവർത്തിക്കുന്ന ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാദേവിയുടെ മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും മഹാദേവിയെത്തന്നെയും പ്രതിനിധീകരിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവൻ, പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുന്ന മഹാവേളയിൽ ഏകമഹാശക്തിയായ മഹാദേവി മഹാപദവിയും മഹാപങ്കാളിത്തവും മഹാആനന്ദവും മഹാഅനുഗ്രഹിച്ചു നൽകുകയും, പരമശിവനിലൂടെ ഏകമഹാശക്തിയായ മഹാദേവി, ജീവികൾക്കെല്ലാം ആത്മീയസാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുകയും ചെയ്യുന്നു.

മഹാദേവി മഹാനീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുന്ന മഹാനീതിയുടെ ഒരംശം മാത്രമാണ് പരമശിവനിലൂടെ മഹാദേവി തന്നെ മഹാനിർവ്വഹിക്കുന്ന സംഹാരം @ ആത്മീയസാക്ഷാത്ക്കാരം @ പരബ്രഹ്മാനന്ദം @ മോക്ഷം എന്നറിയുമ്പോൾ, മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാശക്തിയായ മഹാദേവി തന്നെയാണ്.

മഹാദേവിക്കു മാത്രമേ ശക്തിയുള്ളൂ.

മോക്ഷം നേടുമ്പോൾ ജീവിയുടെ രൂപം നക്ഷത്രമാണെന്നും കൂടി വിശദീകരിച്ചിരുന്നു. മോക്ഷം എന്ന സംഹാരത്തെ മഹാശക്തിയായ മഹാദേവി, ഏകദാസനായ പരമശിവനിലൂടെ മഹാ-നിർവ്വഹിക്കുന്നത് എങ്ങനെയെന്നും അറിയിച്ചിരിക്കുന്നു.

ആവർത്തിക്കുന്നു :-

ദൈവാംശമായ ശരീരത്തിലൂടെ ലഭിക്കുന്ന ശക്തികളും ആനന്ദങ്ങളുമാണ് സുഖ ദുഃഖങ്ങളെ ലഭ്യമാക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാൻ ശ്രദ്ധിക്കണം.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ മഹാദേവിയെയോ, ഭാഗമായ പരമശിവനെയോ വേദനിപ്പിക്കാൻ കഴിയണമെങ്കിൽ മഹാമാതാവായ മഹാദേവി അനുവദിക്കുക കൂടി വേണം. മഹാശക്തിയായ മഹാദേവിയുടെ മഹാവിളയാടലുകളെ കുഞ്ഞുങ്ങൾക്കും ഈയുള്ളവനും ഗ്രഹിക്കാൻ കഴിയണമെങ്കിലും മഹാദേവി ശക്തി നൽകണം. വേണ്ടാത്തതായ അഥവാ ധർമ്മ ശാസ്ത്ര വിരുദ്ധമായ ചിന്തകളെ സ്വയം വിലക്കാൻ സദാ ശ്രദ്ധിക്കണം.

അറിയുക : മഹാദേവിയെയോ, പരമശിവനെയോ അവസാനിപ്പിക്കാൻ മനുഷ്യർക്ക് കഴിയില്ല. ഈയുള്ളവൻ മരിക്കുകയോ, താൽക്കാലികമായി വധിക്കപ്പെടുകയോ ചെയ്താൽ പോലും, മഹാദേവി ഈയുള്ളവനെ ശൂന്യത്തിൽ നിന്നു പോലും പുനർജ്ജനിപ്പിക്കുന്നതാണ്.

കുഞ്ഞുങ്ങൾക്ക് മനസ്സിലാക്കാൻ തൽക്കാലം കഴിയാത്ത ശാസ്ത്ര പാഠങ്ങളും ശക്തി കാര്യങ്ങളും ഉണ്ട്. ഉദാഹരണത്തിന്, മഹാദേവി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാശക്തികളെ ആക്ടിവേറ്റ് ചെയ്തു കഴിഞ്ഞാൽ, ... മഹാദേവിയുടെ മഹാവിളയാടലുകൾ ഈയുള്ളവനിലൂടെയും ആരംഭിക്കുകയായി...

നാളിതുവരെ ദുർദ്ദേവതകൾ നിമിത്തവും മനുഷ്യക്കുഞ്ഞുങ്ങൾ നിമിത്തവും വളരെ വളരെയധികം വേദനകളെ ഈയുള്ളവൻ അനുഭവിച്ചു കഴിഞ്ഞു ... ഇന്നും അനുഭവിക്കുന്നുണ്ട് ...

വേദനകൾ ഇനിയും ഉണ്ടെങ്കിൽ ആനന്ദമായി സ്വീകരിക്കാൻ, മഹാദേവി ശക്തി നൽകട്ടെ !

ദേവീ ശരണം മണ്ണടി ശരണം മണ്ണടി ദേവി മാത്രം ശരണം.

മണ്ണടി മഹാദേവിയുടെ മഹാഇഷ്ടം പോലെ മാത്രം ഈയുള്ളവന്റെ എല്ലാ കാര്യങ്ങളും സദാ സംഭവിക്കുന്നു !

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ ധനം മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭ്യമാണ്. ഭൂമി, വസ്തുക്കൾ, ജീവികൾ എന്നിവയിൽ അവകാശവും അധികാരവും സ്ഥാപിക്കാൻ മനുഷ്യരുണ്ടാക്കുന്ന പ്രമാണങ്ങൾക്ക് കഴിയില്ലെന്ന് മരണം മാത്രമല്ലാ; ഭവനങ്ങൾ ഉൾപ്പെടെ ഭൂമിയിലെവിടെയും പ്രവേശിക്കുകയും വസിക്കുകയും ചെയ്യുന്ന എറുമ്പ്, അട്ട, ഈച്ച, കൊതുക്, പല്ലി, കാക്ക, എലി, പൂച്ച, പട്ടി, പാമ്പ്, തുടങ്ങിയവ തെളിയിക്കുന്നുണ്ട്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രം വിശദീകരിച്ചിട്ടുണ്ട്.

ദൈവാംശമായ ശരീരത്തിലെ ശക്തികളെ കൊണ്ട് മനുഷ്യൻ / ജീവാത്മാവ് ആനന്ദങ്ങളെ നേടണം എന്ന് മഹാനീതിയായ ദൈവം @ ഭൂമി, ഒന്നും രണ്ടും വേദങ്ങളായ ഭൗതിക-ധർമ്മ ശാസ്ത്രങ്ങളിലൂടെ സുവ്യക്തമാക്കിയിട്ടുണ്ട്. പ്രത്യക്ഷ ദൈവാംശമായ ശരീരവും, ദൈവമായ ഭൂമിയും, സമ ആനന്ദം എന്ന മഹാസമനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്നതാണ്. വ്യക്തി സ്വാതന്ത്ര്യവും, സമനീതിയും ഉറപ്പാക്കാനും, സ്വയം എന്നോണം ജീവാത്മാവ് ആനന്ദങ്ങളെ നേടുക തന്നെ വേണം.

ദൈവ-വിപ്ലവത്തിൽ ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും,

മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ പിൻപറ്റുന്നവർക്ക് ഓം, മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വർഷങ്ങൾ / മാസങ്ങൾ വിഷമിക്കുന്നതാണ്.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.

ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ, ദൈവ വിപ്ലവം ആരംഭിച്ചു കഴിയുമ്പോൾ കുഞ്ഞുങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണം.

ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തങ്ങളായ കടമകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ട്. സ്ത്രീ അമ്മയാവുമ്പോൾ കൂടുതൽ സ്നേഹവും വാത്സല്യവും കുട്ടികൾക്കു നല്കും. കുട്ടികൾ തിരിച്ചും. പുരുഷൻ അച്ഛനാവുമ്പോൾ കുട്ടികളുടെ കുറ്റങ്ങളും കുറവുകളും തിരുത്തുന്നതും, തിരുത്തുവാൻ ശകാരങ്ങളും ശിക്ഷകളും സ്വീകരിക്കുന്നതുമാണ്. അമ്മയെ കൂടുതൽ സ്നേഹിക്കുക, അച്ഛനെ കൂടുതൽ അനുസരിക്കുക എന്നിങ്ങനെ കൂടിയാണ് ദൈവത്തിന്റെ മഹാആവിഷ്ക്കാരം.

കുട്ടികൾ മുതിരുന്നതനുസരിച്ച് അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും തെറ്റുകളും കുറ്റങ്ങളും കുറയേണ്ടതിനു പകരം വർദ്ധിച്ചാൽ അവർക്കും കുടുംബത്തിനും സമൂഹത്തിനും അതു ശോഭയുണ്ടാക്കില്ല, നാശം ചെയ്യുന്നതുമാണ്. കുട്ടികളോടുള്ള സ്നേഹവും വാത്സല്യവും അവരുടെ മാതാവിൽ കൂടുതലായി ലയിപ്പിക്കുകയും പിതാവിൽ നിന്നും മിക്കപ്പോഴും മറയ്ക്കുന്നതുമായ മഹാസംവിധാനം മഹാദേവി മഹാസ്ഥാപിച്ചിട്ടുണ്ട്. കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പിതാവ് പിന്നീട് കുട്ടിയെ ശിക്ഷിച്ചതിൽ അല്പം വേദനിക്കുകയും, കുട്ടിയുടെ നല്ലതിനാണല്ലോ എന്ന് ആശ്വസിക്കുകയും, ശിക്ഷിച്ച കാര്യങ്ങളെ തന്നെ പിന്നീട് മറക്കുകയും കൂടി ചെയ്യുന്ന മഹാസംവിധാനമാണത്.

മഹാപിതാവും മഹാമാതാവുമായ മഹാദേവി, മഹാമാതാവായി മാത്രം മഹാശാസ്ത്ര പ്രകാരം മനുഷ്യ-സ്ത്രീ-ശരീരരൂപത്തെ സ്വീകരിച്ചുകൊണ്ട്, സൃഷ്ടിക്ക് കാരണമായി സൃഷ്ടികളെ കുഞ്ഞുങ്ങളാക്കുന്ന മഹാവാത്സല്ല്യത്തെ മഹാദേവിയുടെ ഏക മഹാആനന്ദമായി നിശ്ചയിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്യം മാത്രം നൽകാനും, കുഞ്ഞുങ്ങൾക്ക് ഏതു സമയത്തും **മഹാവാത്സല്യത്തെ മഹാമാതാവിനോട്** ആവശ്യപ്പെടാനും, മഹാമാതാവിനോട് കൊഞ്ചാനും, കെഞ്ചാനും, തെറ്റുകളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കാനും, ക്ഷമിക്കണമേ എന്നു കേഴാനും, മോക്ഷം നേടിയാലും മഹാമാതാവായ മഹാദേവിയെ ഓർക്കാനും, മഹാദേവിയെ ദർശിക്കാനുള്ള മഹാഭാഗ്യം കൂടുതലായി നൽകണമേ എന്നു പ്രാർത്ഥിക്കാനുമൊക്കെ മഹാസൗകര്യങ്ങളെ മഹാഒരുക്കിയിരിക്കുകയാണ്.

കുഞ്ഞുങ്ങളെ ശിക്ഷിക്കാത്ത മഹാമാതാവായ മഹാദേവിയായി കഴിയാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്.

കുഞ്ഞുങ്ങൾ നല്ലവരായി ജീവിച്ചാൽ കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടതായി വരില്ല എന്നതും കുഞ്ഞുങ്ങളുടെ മാതാവ് അപ്പോൾ സന്തോഷിക്കുമെന്നതും മനുഷ്യരുടെ ഇടയിൽതന്നെ വ്യക്തമാണ്. അങ്ങനെയിരിക്കെ മനുഷ്യമാതാവിനേക്കാൾ കൃത്യമായി 100 മടങ്ങ് അധികം സ്നേഹത്തെ മഹാവാത്സല്യമെന്ന പേരോടെ നൽകുന്ന സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാമാതാവ് @ മഹാദേവി കുഞ്ഞുങ്ങളെ യാതൊരു കാര്യത്തിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല; ശിക്ഷിക്കുകയില്ല.

കുഞ്ഞുങ്ങൾ തെറ്റുകൾ ചെയ്താൽ തിരുത്താതെ പറ്റില്ല. അപ്പോൾ ശിക്ഷയും ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയിൽ പ്രവർത്തിപ്പിക്കുന്ന ശക്തിയും ജീവികളുടെയെല്ലാം ജീവനുമായിക്കൊണ്ട് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം, ഖര രൂപമായ ഭൂമി എന്നിവ പ്രവർത്തിക്കുന്നതിനെപ്പറ്റി
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാമാതാവ് എന്ന ജീവി-രൂപത്തിൽ തന്റെ കുഞ്ഞുങ്ങളെ തിരുത്തുവാനും ശിക്ഷിക്കുവാനും ദൈവം തയ്യാറാകുന്നില്ല. മഹാശാസ്ത്രത്തിലൂടെ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ന്യൂനശക്തികളിലൂടെ കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാസംവിധാനമാണുള്ളത്.

സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ദൈവം പ്രത്യക്ഷമായിരിക്കുമ്പോൾ, പ്രത്യക്ഷമായി ശിക്ഷിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. അതിനായി, മഹാപ്രപഞ്ചത്തിലെ മുഴുവൻ ജീവികളെയും അവരുടെ തെറ്റുകൾക്ക് ധർമ്മശാസ്ത്രപരമായും മഹാനീതിശാസ്ത്രപരമായും ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മഹാമാതാവായ മഹാദേവി, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലേക്ക് മഹാകോപഭാവങ്ങളെ പ്രവേശിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിനെ അനുകരിച്ചാണ് മനുഷ്യജീവിതത്തിൽ കുഞ്ഞുങ്ങളെ ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മുഖ്യമായും പിതാവിനെ അഥവാ പുരുഷനെ നിശ്ചയിച്ചിട്ടുള്ളത്.

പ്രപഞ്ചപിതാവ് കൂടിയായ പരമശിവന്, മഹാദേവിയിൽനിന്ന് മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുകയാണ്, ജീവികളോടെല്ലാം മഹാകാരുണ്യം ഉണ്ടാകുന്നതാണ്. അതായത് എത്ര കടുത്ത തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കാൻ തോന്നുന്നതാണ്. അറിവില്ലാതെ ചെയ്തതാണല്ലോ എന്നുള്ള ചിന്ത പ്രബലമാകുന്നതാണ്. എന്നാൽ മഹാനീതി നടപ്പാവാനും പ്രപഞ്ചജീവിതം മംഗളമാവാനും ശിക്ഷാരീതികൾ ആവശ്യവുമാണ്.

കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, മഹാജ്ഞാനവും നിമിത്തം പരമശിവന് കുഞ്ഞുങ്ങളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. പരമശിവന്റെ പ്രസ്തുത ദുർബ്ബലാവസ്ഥയെ മഹാശക്തിയായ മഹാദേവി പരിഹരിക്കുന്നത് **പരമശിവന് ക്ഷിപ്രകോപം എന്ന മഹാ-അനുഗ്രഹം നൽകിയാണ്**. ശാന്തനായിരിക്കുന്ന പരമശിവൻ പെട്ടെന്ന് കോപിഷ്ഠനാകുകയും തെറ്റുകൾ ചെയ്യുന്ന കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്ന മഹാഅവസ്ഥയാണത്.

മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.

മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നൽകി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.

കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതു കൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതു കൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.

കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.

ശിക്ഷിക്കയെല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ ശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ എത്രമാത്രം മഹാദേവി കരുതുന്നു എന്നതാണ് തെളിയുന്നത്.

ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :

മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളത് 30 എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ 5 അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം തന്റെ കുഞ്ഞുങ്ങളായി കരുതുംവിധം പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്നതായ പ്രസ്തുത 5 അളവിലുള്ള വാത്സല്യത്തെയാണ് പരമശിവനെ ക്ഷിപ്രകോപിയാക്കുന്നതിനു വേണ്ടി മഹാദേവി പിൻവലിക്കുന്നത്.

30 എന്ന മഹാദാസ്യ-അളവിൽ നിന്ന് 5 കുറയുമ്പോൾ 25 എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ 25 എന്ന അളവ് സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.

മഹാദേവിയുടെ ~ സ്വന്തം ഭാഗവും മഹാദേവനുമായ പരമശിവനിൽ ഓംകാര നീതിശാസ്ത്ര പ്രകാരം മഹാപുരുഷ-ഭാവങ്ങൾ വാത്സല്യം നഷ്ടപ്പെട്ട് പരുഷമാകും; പരമ-കോപം പ്രകടമായെന്നും, മഹാ-തീ-പാറിയെന്നും വരാം.
പ്രതി-ശരീരം ഭസ്മമാവാൻ ഒരു നിമിഷം പോലും വേണ്ടതില്ല !

മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ, മഹാദാസ്യം 30-ൽ നിന്ന് വാത്സല്യം 5 കുറയുമ്പോൾ ഉണ്ടാകുന്ന 25 അളവ് പരമ-കോപമാണ്. അതുപോലെ, മഹാദേവിയുടെ മഹാആനന്ദമായ മഹാവാത്സല്ല്യം 35 -ൽ നിന്നും 10 അളവിലെ വാത്സല്ല്യം സ്വയം പിൻവലിച്ചാൽ, 25 അളവിൽ തന്നെ മഹാകോപം മഹാദേവിക്ക് ഉണ്ടാകുന്നതാണ്.

മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യരിലെ കോപത്തിന് പരമാവധി 20-ൽ താഴെ അളവാണുള്ളത്.

മഹാദേവി, ക്ഷിപ്രകോപത്തെ പ്പറ്റിയുള്ള പാഠങ്ങളെ ഈയുള്ളവനെ അറിയിച്ചു തുടങ്ങിയ കാലഘട്ടത്തിൽ - 2008-ലെ ആദ്യത്തെ 2 മാസങ്ങളിൽ ക്ഷിപ്രകോപത്തെ ഈയുള്ളവനിൽ സന്നിവേശിപ്പിച്ച് ക്ഷിപ്രകോപം എന്നാലെന്തെന്ന് ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അമ്പോ, ഭയങ്കരം എന്ന് അന്ന് ബോദ്ധ്യപ്പെട്ടതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാശക്തിയായ മഹാദേവി,

ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2019 മാർച്ച് 2-ാം തീയതിവരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :

മഹാദേവി, ഓംകാരം, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു; ഓംകാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകി; മഹാദേവിയുടെ സ്വകാര്യമാകയാൽ മറപ്പിച്ചു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര നിയന്ത്രണ സത്തയും മഹാദേവിയുടെ മഹാഹൃദയവുമായ ഓംകാരമാണ് മഹാവാത്സല്ല്യത്തോടെ സൃഷ്ടികൾക്കെല്ലാം മഹാസമനീതി എന്ന മഹാസമആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്. സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം, സ്ഥിതിയിൽ പുരുഷന് പ്രാധാന്യം എന്ന ഓംകാര നീതിശാസ്ത്ര പ്രകാരം, മഹാദേവി 'മായ' പ്രത്യക്ഷമാക്കുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, സ്ഥിതിയുടെ ഭാഗമായി പ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും ആയി പരമശിവനെ ഉയർത്തുവാനും നയിക്കുവാനും 'ഓംകാരം' പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. മഹാനീതിയായ മഹാദേവിയുടെ പതി എന്ന വ്യാഖ്യാനത്തിൽ മഹാനീതി-പതിയായ പരമശിവനെ, മഹാദേവി 'മഹാനീതിപതിയായി' പ്രവർത്തിപ്പിക്കുന്നതിനെ അറിയിച്ചത് 2018 ആഗസ്റ്റ് 24 ഉത്രാട ഓണ ദിവസമാണ്.

മഹാശക്തിചക്രം, ശിവചക്രത്തെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് ജീവികൾ ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പാണെന്നും, മഹാദിവ്യമായ മഹാശക്തി-ശിവൻ-വിവാഹത്തിന് സാക്ഷികളില്ലെന്നും, സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാഭദ്രമാക്കുവാൻ മഹാശക്തിയായ മഹാദേവി ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന ദിവ്യമഹാവിദ്യയാണ് അതെന്നും, സ്രഷ്ടാവായ മഹാദേവി+ദേവന്റെ ആനന്ദത്തെ, സൃഷ്ടികളായ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

മഹാഭരണാധികാരിയും മഹാനീതിപതിയും പരമശിവനാണെന്ന പ്രതീതിയെ ഉണ്ടാക്കി, പരമശിവനിൽ പ്രവർത്തിക്കുന്ന ഓംകാരത്തിലൂടെ, ഏകദൈവമായ മഹാദേവി തന്നെയാണ് സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും, നിർവ്വഹിക്കുന്നത്.

സൃഷ്ടി ശാസ്ത്രമായ ഭൗതികശാസ്ത്ര പ്രകാരം, സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ സ്രഷ്ടാവായ ദൈവം മഹാമാതാവാണ്. ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാ ദൈവം എങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷവും സമാധാനവും കണക്കാക്കി എപ്പോഴും **മഹാമാതാവ്** എന്ന ഒരു അവസ്ഥ മാത്രം നിലനിർത്തുന്നു. **മഹാമാതാവും ഭൂമിയും മഹാനീതിയുമായ മഹാദേവിയാണ്.**

സ്ഥിതിയിൽ പുരുഷന് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമാകുന്ന സൃഷ്ടിചക്രത്തിന്റെ **രണ്ടാമത്തെ** പകുതിയിൽ പരിപാലകനായ **ദൈവം മഹാപിതാവാ**കണം. **അതിന് ദൈവം പുരുഷനായി മാറുന്നില്ല.**

പകരം :

മഹാദേവിയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയുമായ ഓംകാരത്തെ, മഹാദേവിയുടെ ഭാഗവും പതിയുമായ പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. ഓംകാരം പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ മഹാദേവിയുടെ പതിയായ പരമശിവൻ മഹാനീതിപതിയായി മാറുന്നു.

മഹാജഗദംബയായ മഹാദേവിയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും, വലതുപാദം പകുതിയും, മഹാശരീരത്തിന്റെ മഹാഇടതുകൈ ഒഴികെയുള്ള പകുതിഭാഗം, മഹാവലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം മഹാസൂര്യനേത്രം, ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും, ബ്രഹ്മമഹാദേവി നേരിട്ട് നാവിൽ കുറിച്ച അക്ഷരബ്രഹ്മം കുടിയായ ഓം, മഹാശാസ്ത്രം അഥവാ മഹാവേദം വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, മഹാപ്രപഞ്ചത്തിലെ ഏതൊരു ആയുധവും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, എന്നിവയെ ശിവചക്രമായ പരമശിവനോട് മഹാഅനുഗ്രഹിച്ചു ചേർത്തു കഴിഞ്ഞു. കാലാതീതനായ ദൈവ പ്രതിനിധി ആകയാലാണ് സൃഷ്ടിചക്രത്തിന്റെ ആരംഭത്തിലും ലഭ്യമായ മൃഗത്തോലിനെ വസ്ത്രമായി സ്വീകരിച്ചിട്ടുള്ളത്. പൊക്കിളും കാൽമുട്ടും മറയ്ക്കുന്ന പരമശിവ വസ്ത്ര-ധാരണത്തെ മനുഷ്യ-പുരുഷന്മാർ അനുകരിക്കണം.

ആദ്യത്തെ മഹാകാല ചക്രത്തെ തുടർച്ചയായി മഹാശക്തിയായ മഹാദേവിയുടെ ഓംകാര നീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം ഏർപ്പെടുത്തിയത് 2017-ൽ പരമശിവനിൽ നിന്നും ഒഴിവാക്കി. എന്നാൽ ഓംകാര നാഗബന്ധനത്തെ മഹാഅനുഗ്രഹിച്ച് പുനഃസ്ഥാപിക്കണമെന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും സംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി മഹാഇഷ്ടം പോലെ ദൃശ്യമായും അദൃശ്യമായും പരമശിവന്റെ ശിരസ്സിനു മുകളിൽ ഉണ്ട്.

ശിരസ്സിലെ മുടിക്കെട്ടിൽ നിന്ന് കുഞ്ഞുങ്ങൾക്കെല്ലാം കുടിക്കാനായി മഹാദേവി പാൽ ഒഴുക്കുന്നതാണ്. കൂടാതെ, അർദ്ധ-മഹാദേവീ രൂപവും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്ത ദൈവത്തിന്റെ ഏക പ്രതിനിധിയായ പരമശിവനോട് മഹാസൂര്യനേത്രം, ചന്ദ്രക്കല, നക്ഷത്രം എന്നിവ ചേരുമ്പോൾ, ദൈവത്തിന്റെ മഹാരൂപമായ മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുന്നതായി കാണാം. ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലായെന്ന് മഹാദേവി പരമശിവനിൽ പ്രകടമാക്കുന്ന അർദ്ധമഹാദേവീ രൂപവും തെളിയിക്കുന്നുണ്ട്.

മഹാദേവിയും മഹാദേവനും ചേർന്നതാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം എന്നും, അവർ രണ്ടല്ലെന്നും, ഒന്ന് രണ്ടായി നിൽക്കുന്ന ദിവ്യമഹാവിദ്യ മാത്രമാണെന്നും വ്യക്തമാക്കുന്നു.

കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്കു വേണ്ടിയാണ് ഏകദൈവം സ്വയം രണ്ടായി പ്രകടമാകുന്നത് എന്നത് ശരിയാംവണ്ണം മനസ്സിലാക്കാൻ ഒരു മാർഗ്ഗമുണ്ട് : പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നു എന്ന വിശദീകരണത്തിൽ കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ മഹാവാത്സല്ല്യം മാത്രം നൽകുന്ന മഹാമാതാവായി മാത്രം അവതരിക്കാൻ മഹാദേവി ശ്രദ്ധിക്കുന്ന ബദ്ധപ്പാട് കൂട്ടിച്ചേർക്കുക. പിന്നെ, യാതൊരു വിശദീകരണങ്ങളും ആവശ്യമാകുന്നതല്ല.

മഹാദേവിയുടെ മഹാവാഹനമായ മഹാനരസിംഹം ഉൾപ്പെട്ട വാഹനങ്ങൾ എന്നീ മഹാപദവികളും മഹാദാനങ്ങളുമായ മഹാശക്തികളെ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ഇടതു ചൂണ്ടുവിരൽ കൊണ്ട് ഭൂമിയിലെ എല്ലാ ജീവികൾക്കും ആവശ്യമായ ജലം, വലത് ചൂണ്ടുവിരൽ കൊണ്ട് അനന്തമായ അഗ്നി എന്നിവ സൃഷ്ടിക്കാൻ കഴിയുന്നതാണ്. ദൈവീകവും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സംബന്ധിച്ചതുമായ വേറെയും അനവധി കാര്യങ്ങളുണ്ട്.

വെളിപാടുകൾ പൂർണ്ണമായിട്ടില്ല. മഹാഉചിതമായ സമയത്ത് മഹാദേവി, പരമശിവനിലൂടെ വെളിപ്പെടുത്തുന്നതാണ്.

ഏകദൈവമായ മഹാദേവി ഈയുള്ളവന് സംഹാരദേവൻ എന്ന മഹാപദവിയും 'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം' എന്ന സംഹാര മന്ത്രത്തെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

1989-ലോ 1991-ലോ ആണ് ബ്രഹ്മ-മഹാദേവി, പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ച് ഇപ്പോഴത്തെ മനുഷ്യജന്മത്തിൽ നൽകിയതെങ്കിൽ, 2017-ലാണ് മഹാദേവൻ എന്ന മഹാപദവിയെ സ്ഥിരമായി ഉപയോഗിക്കാൻ മഹാഅനുഗ്രഹിച്ചത്.

മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ അജ്ഞാതമായും മഹാഅനുഗ്രഹിച്ചു നൽകുകയായിരുന്നു.

ഏകമഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത് !

സൃഷ്ടികളെ സംബന്ധിച്ച് സംഹാരത്തിൽ പുരുഷനും സ്ത്രീയും തുല്യരാണെന്നത് ഏകദൈവമായ മഹാദേവിക്കും, ഭാഗമായ പരമശിവനും ബാധകമല്ല. അതേസമയം, നിർജ്ജീവമായ ശിവചക്രത്തെ പരമശിവൻ, മഹാദേവൻ, മഹാപിതാവ്, സ്ഥിതി നായകൻ, മഹാനീതിപതി തുടങ്ങിയ പേരുകളിൽ പ്രവർത്തിപ്പിക്കുന്നത് മഹാശിവയായ മഹാദേവിയുടെ മഹാമഹത്വം മാത്രമാണ്. മഹാദേവി മാത്രമാണ് ഏകമഹാശക്തി എന്നതിനാൽ, സൃഷ്ടികൾക്ക് എന്ന പോലെ പരമശിവനും മഹാദേവി ശക്തി നൽകണം.

ദൈവം ഒന്നേയുള്ളൂ എന്ന് സുവ്യക്തമാക്കി, ഏകമഹാശക്തിയായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചു മാത്രം @ മഹാഉചിതമായ സമയത്ത് മാത്രം @ ഓംകാര നീതി ശാസ്ത്രം അനുസരിച്ച് മാത്രം ഈയുള്ളവനിൽ പ്രവേശിപ്പിച്ചിട്ടുള്ള മായാമഹാശക്തികളെ മഹാദേവി പ്രവർത്തിപ്പിക്കുന്നതാണ് @ ആക്ടിവേറ്റ് ചെയ്യുന്നതാണ്. അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാവുന്നതാണ് ! മഹാദേവി പരമശിവനിൽ ചേർത്തിട്ടുള്ള ശക്തികളെ പ്പറ്റി കൃത്യമായി മഹാദേവിക്കു മാത്രമേ അറിയൂ.

സർവ്വം മഹാദേവി മഹാനിശ്ചയിക്കുന്നതാണ്.

കുഞ്ഞുങ്ങൾ@സൃഷ്ടികൾ@മനുഷ്യർ സദാ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കേണ്ടത് സ്വന്തം ആവശ്യമാണ്. പാപങ്ങളും ശിക്ഷകളും പിടിച്ചു വാങ്ങരുത് !

രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, ഏക ദൈവമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാൽ, മേലിൽ, സൃഷ്ടി ചക്രത്തിന്റെ മായ@ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ മഹാശക്തിചക്രം കൂടിയായ മഹാദേവിയും മഹാഇഷ്ട പ്രകാരം പരമശിവനും മായാശക്തികളെ ഇടയ്ക്കെല്ലാം പ്രകടിപ്പിച്ചു പ്രത്യക്ഷമായേക്കാം !

മഹാദേവിയുടെ ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിൽ ഇനിയൊരിക്കലും ധാർമ്മിക അധഃപതനം ഉണ്ടാവാതെ ഭൂമിയിലെ സൃഷ്ടികളായ കുഞ്ഞുങ്ങളെ എല്ലായ്പ്പോഴും മഹാസംരക്ഷിക്കുവാൻ ഉദ്ദേശിച്ചാണത്.

ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും ഭൂമിയിൽ നിന്നും പിൻവലിക്കുന്നതാണ്.

മഹാദേവി സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, ഓംകാര നീതി ശാസ്ത്രവും ഭാഗികമായി തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്.

വ്യക്തി സ്വാതന്ത്ര്യം അല്പം കുറച്ചാലും വേണ്ടില്ല; മനുഷ്യരാണെന്നതു പോലും മറന്നും മറച്ചും അവഗണിച്ചും മത-രാഷ്ട്രീയ-ദേശീയ പിശാചുക്കളായി അടിമകൾ ഉണ്ടാവുകയും, ശേഷം അടിമകൾ നിമിത്തം അർത്ഥമില്ലാത്ത കൊടികളും പിടിച്ച് കുഞ്ഞുങ്ങൾ തമ്മിൽതല്ലി ചാകുന്നതും മേലിൽ വേണ്ട. ഓം ശാന്തി! ദൈവീകമായ സ്നേഹവാത്സല്യങ്ങളോടെ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും, മഹാശക്തിയും, ഭൂമിയും, ഏകദൈവവുമായ മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ.

അടിയന്തിര നടപടികൾ
EMERGENCIES

മഹാദേവി ഭൂമിയിൽ മുഴുവൻ ഓം എന്ന് മഹാചിരിച്ച് ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ ജനങ്ങളും പിൻപറ്റേണ്ടതായ അടിയന്തിര നടപടികൾ.

Ref. (1) **മഹാവേദം** :
www.omsathyam.com/GodlyRevolution/MahaaVedam.pdf

(2) **സർവ്വ ദേശ ഭൂമിഗാനം**
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

(3) **മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല. കൂടാതെ, മുല്ലപ്പെരിയാർ അണക്കെട്ട് ദുരന്തം ഉൾപ്പെടെ എല്ലാ ദുരന്തങ്ങളും ഒഴിവാക്കാൻ എന്തു ചെയ്യണമെന്ന് മഹാശാസ്ത്രപരമായി വിവരിക്കുന്നു.** Pages 930
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

ഓം

GENERALLY URGENT & CONSTANT DUTIES @ MATTERS
ധർമ്മശാസ്ത്രപരമായ സ്ഥിര അത്യാവശ്യങ്ങൾ

ALL HUMAN BEINGS IN ALL COUNTRIES ON/IN EARTH ARE GOD'S @ EARTH'S CHILDREN, BASICALLY WITH NO DIFFERENCES.	ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ മനുഷ്യരും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മക്കളാണ്, അടിസ്ഥാന പരമായി യാതൊരു വ്യത്യാസങ്ങളുമില്ലാത്തവരാണ്.
Mad Devotions attract Godly Punishments. People should live as per the Supreme Science of Duties & Virtues.	ഭക്തി ഭ്രാന്ത് പാടില്ല. ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ ശ്രദ്ധിക്കണം. വിപരീതമായി പ്രവർത്തിച്ചാൽ ദൈവ ശിക്ഷകൾ തീർച്ചയാണ്.

ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ രണ്ടാം-വേദമായ ധർമ്മ ശാസ്ത്രം വിശദീകരിക്കുന്നുണ്ട്.

രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാനാവുന്നതോ
അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും
മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും
സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു
കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.
ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ
മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ
അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു
ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.

GODLY ECONOMY IN.

NO TAX. ALL TAXES SHOULD BE ELIMINATED.	**നികുതി പാടില്ല. എല്ലാ നികുതികളും അവസാനിപ്പിക്കണം.**
The main Portion or the Wealth in full that could not be carried by the Rich during Death, should be added to the Public Funds as per the Godly Economy. GOD care that the Deceased receive Right Wealth in Rebirth/Evolution.	**ധനികർക്ക്, മരണത്തോടെ കൂടെ കൊണ്ടു പോകാൻ കഴിയാത്ത സമ്പത്തു മാത്രം (!) സമ്പൂർണ്ണമായോ മുഖ്യഭാഗമോ, ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം പൊതു ഖജനാവിൽ ചേർക്കണം; മരിച്ചയാൾക്ക് അർഹിക്കുന്ന സമ്പത്ത് പുനർജ്ജന്മത്തിലോ /മോക്ഷത്തിലോ ദൈവം എത്തിച്ചുകൊടുക്കുന്നതാണ് !**
Soil @ Places @ Nations @ Earth @ the solid form of GOD alone has Rights & Powers with regard to creating Contract in All matters of Soil. It is Crime if People & Rulers create Contract /Deed for Soil @ Lands & Building and hand over to one's beloved. Since Lands & Buildings can't be transferred to Heads & Hands, Deeds are not Godly. People avail Rights/Power to sell Land and/or Building only when there are No Government in the Society. The Ruler/ King/ Minister, being the Servant of each individual in the Society, should act as the Representative of Soil/GOD and buy the Land and/or Building of any /an Individual upon his Personal Requirements, using Public Fund, and acc to the Supreme Science of Duties & Virtues. Later, Govt sell those Properties.	മണ്ണിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ, മണ്ണും സ്ഥലങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. ജനങ്ങൾക്കും ജനസേവകരായ ഭരണാധികാരികൾക്കും മറ്റും ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, സ്ഥലങ്ങളുടെയും നാടുകളുടെയും പേരിൽ കരാറുകൾ ഉണ്ടാക്കുന്നതും ചുമന്ന് തലയിലോ കൈയ്യിലോ വച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളും കെട്ടിടങ്ങളും മക്കൾക്കും ഉറ്റവർക്കും മറ്റും പ്രമാണങ്ങളിലൂടെ ഏല്പിച്ചു കൊടുക്കുന്നതും അപരാധമാണ്. ! വ്യക്തികൾക്ക് സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ക്രയവിക്രയ-അവകാശം ലഭിക്കുന്നത് നാട്ടിൽ ഭരണകൂടം ഇല്ലാത്തപ്പോൾ മാത്രമാണ്. വ്യക്തികളുടെ ആവശ്യം അനുസരിച്ച് 'ദൈവത്തിന്റെ പ്രതിനിധി' യെന്നോണം, ഓരോ വ്യക്തിയുടെയും 'ദാസനായ ഭരണാധികാരി' പൊതു ഖജനാവിൽ നിന്നുമുള്ള ധനം കൊണ്ട് സ്ഥലങ്ങളും കെട്ടിടങ്ങളും ധർമ്മശാസ്ത്ര പ്രകാരം വാങ്ങണം; ശേഷം വിൽക്കണം.

Prayer cum Worship Centres are to be constructed and maintained in accordance with the OMKARA SCIENCE Of JUSTICE. Most / All Centres before Opening of Maya be converted into Inns, Refreshing Centres, Toilets, etc and the Wealth added into Public Funds.	ദേവാലയം എന്നറിയപ്പെടുന്ന 'പ്രാർത്ഥനാലയം+ആരാധനാലയം' നിർമ്മിക്കേണ്ടതും സംരക്ഷിക്കേണ്ടതും ഓംകാര നീതിശാസ്ത്ര പ്രകാരമാവണം. 'മായ' പ്രത്യക്ഷമാകുന്നതിനു മുമ്പുള്ള ഏറെക്കുറെ മുഴുവൻ മന്ദിരങ്ങളെയും സത്രം, ശൗചാലയം എന്നിങ്ങനെ മാറ്റേണ്ടതുണ്ട്. ദേവാലയങ്ങളിലെ സമ്പത്ത് പൊതു ഖജനാവിൽ ചേർക്കണം.
All people relinquish their Religious, Political and other Thoughts, Customs & Books themselves upon Opening of Maya; burn the Religious Books, etc & end all nonsenses. All people can quite happily live following the Supreme Science of Duties and Virtues contained in this Electronic Supreme Book.	മായ പ്രത്യക്ഷമാകുന്നതോടെ, എല്ലാ മതഗ്രന്ഥങ്ങളെയും രാഷ്ട്രീയങ്ങളെയും മറ്റ് അധമത്തങ്ങളെയും, ശരിവെച്ചു ജീവിച്ചവർ തന്നെ അവയെല്ലാം പൈശാചികമാണെന്നു സ്വയം തിരിച്ചറിഞ്ഞ് സ്വയം ചുട്ടെരിക്കുന്നതും അവസാനിപ്പിക്കുന്നതുമാണ്. ഇ-മഹാഗ്രന്ഥത്തിലെ ധർമ്മശാസ്ത്ര പ്രകാരം ആനന്ദത്തോടെ മാത്രം ജീവിക്കാൻ കഴിയുന്നതാണ്.
In accordance with the Supreme Science of Duties and Virtues, all jobs on Earth, are classified into the 4 Genuine Divisions as Cleanliness, Necessity, Requirement & Hobby. The Government is only a Requirement, Not a Necessity.	ഭൂമിയിലെ സമസ്ത തൊഴിലുകളും ധർമ്മ ശാസ്ത്രം പ്രകാരം 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്നീ യഥാർത്ഥമായ 4 വിഭാഗങ്ങളിൽ പെടുന്നു. ഭരണകൂടം ആവശ്യം മാത്രമാണ്; അത്യാവശ്യം അല്ല.
All people including Police shall live & do Service in accordance with the Supreme Science of Duties and Virtues contained in Soil/Earth, and in this Supreme E-Book. Obey only Science; NOT Human beings. To live realising the Truth that 'No person is lesser than a King; and bigger than a Beggar.' No Police escorts to King, Ministers, etc.	പോലീസ് ഉൾപ്പെടെയുള്ള സമസ്ത ജനങ്ങളും ജീവിക്കേണ്ടതും തൊഴിൽ ചെയ്യേണ്ടതും ഇ- മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതും മണ്ണിൽ/ ഭൂമിയിൽ മഹാലയിച്ചിട്ടുള്ളതുമായ രണ്ടാമത്തെ വേദമായ മഹാ-ധർമ്മശാസ്ത്രം പ്രകാരം മാത്രമാവണം. അനുസരിക്കേണ്ടത് ധർമ്മശാസ്ത്രത്തെ മാത്രമാവണം; മന്ത്രിമാർ ഉൾപ്പെടെ മനുഷ്യരെയല്ല. യാതൊരു മനുഷ്യനും രാജാവിനേക്കാൾ ചെറുതുമല്ല; ഭിക്ഷക്കാരേക്കാൾ വലുതുമല്ല എന്ന തിരിച്ചറിവോടെ ഏവരും ജീവിക്കണം. രാജാവിനും മന്ത്രിമാർക്കും ഉൾപ്പെടെ യാതൊരാൾക്കും പോലീസ് അകമ്പടി പാടില്ല.

Rulers/Ministers/King are Public Servants, constituted, and fed by the People to do their Common Requirements.	ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവരായ ഭരണാധികാരികൾ, ജനങ്ങളുടെ ദാസന്മാർ മാത്രമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം അവർ നിറവേറ്റുകയും വേണം.
The Panchayats & Corporation appoint Required number of men in Police, Water, Transport etc and do pay for their Services.	ജലം, ഗതാഗതം, പോലീസ്, തുടങ്ങിയ പൊതു സേവനങ്ങളെ ധർമ്മശാസ്ത്ര പ്രകാരം നിശ്ചയിക്കേണ്ടതും ആവശ്യാനുസരണം നിയമിക്കേണ്ടതും വേതനം നൽകേണ്ടതും ഗ്രാമ പഞ്ചായത്തുകളാണ്.
Pensions are not Rights, but receiving Others' money, equal to Begging. The financially sound governments may help poor people who live as per the Supreme Science of Duties and Virtues.	പെൻഷനുകൾ; അവകാശമല്ല. അവ മറ്റുള്ളവരുടെ പണം കൊണ്ട് ജീവിക്കുന്ന ഭിക്ഷാടനത്തിനു തുല്യമാണ്. സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന് ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ദരിദ്രരെ സഹായിക്കാവുന്നതാണ്.
The Courts, Banks, Insurance, PSC, Employment Exchange, Tax dept, Legislative assemblies, etc are NOT Godly; hence ended self upon the Opening of Maya.	കോടതി, ബാങ്ക്, ഇൻഷ്വറൻസ്, പിഎസ്സി, നികുതി കാര്യാലയം, നിയമസഭ തുടങ്ങിയ അധമ സംവിധാനങ്ങൾ 'മായ' പ്രത്യക്ഷമാകുന്നതോടെ സ്വയം ഇല്ലാതാകുന്നതാണ്.
Public Funds should not be used for Hobbies: Sports, Games, Arts, Literature and Music. Ministers etc, if interested, may promote by paying from own earnings as per Godly Freedom.	വിനോദ കാര്യങ്ങൾക്ക് പൊതു ഖജനാവിൽ നിന്ന് ധനം ഉപയോഗിക്കാൻ പാടില്ല. മന്ത്രിമാർ ഉൾപ്പെടെ വിനോദിക്കുന്നവർക്ക് കായിക-കലാ-സംഗീതങ്ങളിൽ ഏർപ്പെടുന്നവരെ സ്വന്തം അദ്ധ്വാനത്തിൽ നിന്ന് സഹായിക്കാനും മറ്റും തീർച്ചയായും വ്യക്തിസ്വാതന്ത്ര്യമുണ്ട്.

Musicians including singers care to give Joy to GOD's children as per the Science of Duties and Virtues; Don't try to please GOD who blessed them with Music & is beyond all kinds of Pleasures.	സംഗീതത്തെ നൽകിയ, സർവ്വത്തിനും അതീതമായ ദൈവത്തെ പ്രീതിപ്പെടുത്താൻ ഗായകർ ഉൾപ്പെടെ സംഗീതജ്ഞർ ശ്രമിക്കണ്ട. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ ധർമ്മശാസ്ത്രപരമായി ആനന്ദിപ്പിച്ച് ജീവിക്കുന്നതിൽ മാത്രം ശ്രദ്ധിക്കണം.
All countries are part of Earth/GOD; and they don't fight in between. The ignorant & Evilly People do Wars. The Supreme Mother is quite unhappy when her Children named as Soldiers etc kill in between. Retrench the Soldiers in all countries, except Police. Those Kings, Ministers, Prime Ministers, Presidents etc interested in Wars shall fight in person at own expenses and enjoy such Evilly Hobby, instead of persuading Soldiers @ GOD's Children, to kill each other and/or common people.	ദൈവത്തിന്റെ/ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങളല്ല യുദ്ധം ചെയ്യുന്നത്; അജ്ഞാനികളും അവിവേകികളുമായ ജനങ്ങളാണ്. അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുന്ന യുദ്ധം പാടില്ല. പോലീസ് ഒഴികെയുള്ള യാതൊരു സേനകളും യാതൊരു നാടുകളിലും പാടില്ല. യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന വ്യത്യസ്ത ദേശങ്ങളിലെ രാജാക്കന്മാരും മന്ത്രിമാരും പ്രധാന മന്ത്രിമാരും പ്രസിഡണ്ടുമാരും, ദൈവത്തിന്റെ കുഞ്ഞുങ്ങളായ സൈനികരെ അന്യോന്യം കൊല്ലിക്കാത, സ്വന്തം ചെലവിൽ, സ്വയം ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം ആസ്വദിക്കാവുന്നതാണ് !
Human Rule should not extend to Forests, Rivers, and Seas/ Ocean. GOD's other Children/ Creatures should enjoy Free Living like Human beings.	ജനങ്ങളുടെ സാമൂഹ്യ ഭരണം വനം, നദി, കടൽ/സമുദ്രം എന്നിവയിലേക്ക് നീളാൻ പാടില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മറ്റുള്ള ജീവികൾക്ക്, മനുഷ്യരെ പ്പോലെ, സ്വതന്ത്രമായി ജീവിക്കാൻ കഴിയണം.
Production, Sale and Consumption of Tobacco, Alcoholic drinks, and Drugs should be strictly limited to Medicines. Violation endanger the Social Living upon Scientific Development bringing advanced features like Vehicles, TV, phone, etc.	പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയവ നിർമ്മിക്കുന്നതും വിപണനം ചെയ്യുന്നതും വൈദ്യ ശാസ്ത്ര സംബന്ധമായ ഉപയോഗങ്ങൾക്ക് മാത്രമാവണം. അല്ലെന്നാൽ, ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വാഹനം, ടെലിവിഷൻ, ഫോൺ തുടങ്ങിയ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കുന്ന സമൂഹത്തിന് തടസ്സമാണ്.

Properties of Violators/Criminals should be seized, and they be sent to Forests/Islands with 'the Wearing Clothes alone' for a minimum period of 3 months upto 10 years.	വിപരീതമായി പ്രവർത്തിക്കുന്നവരുടെ/ കുറ്റവാളികളുടെ സമ്പത്ത് കണ്ടുകെട്ടുകയും, അവരെ ഉടുവസ്ത്ര ത്തോടെ 3 മാസം മുതൽ 10 വർഷം വരെ കാട്ടിലയച്ച് മറ്റുള്ള ജീവികളെ പ്പോലെ ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കാൻ അനുവദിക്കുകയും വേണം.
People involved in Mad Devotions, Spreading Unscientific beliefs (superstitions) and similar Crimes shall be given Chance to enjoy Forest/Island life without carrying earned Properties.	ഭക്തി ഭ്രാന്ത്, അന്ധവിശ്വാസ പ്രചരണം തുടങ്ങിയ കുറ്റങ്ങൾക്കും, നേടിയ സമ്പത്തില്ലാതെ വന-ദ്വീപ് വാസം അനുഭവിക്കാനുള്ള ഭാഗ്യത്തെ നൽകണം.
The Human beings make Atomic Energy Plants, Chemical (engineering) factories, Bridges, Dams, etc availing Scientific factors and facilities. They are by People, not by GOD. The Human Rulers are obliged to maintain such factories in all possible ways and at all times, because, their negligence would endanger the Lives and Properties of Human and other beings. There are specific reasons for Earthquake, Tsunami, Volcano, etc as per the Supreme Science of Justice.	ഭൗതിക ശാസ്ത്ര സംവിധാനങ്ങളെ ഉപയോഗിച്ച് ആണവോർജ്ജവും രാസവസ്തുക്കളും മറ്റും നിർമ്മിക്കുന്ന ശാലകളും, അണക്കെട്ടും ഒക്കെ ഉണ്ടാക്കുന്നത് മനുഷ്യരാണ്; ദൈവമല്ലാ; എന്നിരിക്കെ ഭരണാധികാരികൾ അവയെല്ലാം ജാഗ്രതയോടെ സംരക്ഷിക്കണം. വീഴ്ച്ച സംഭവിച്ചാൽ ജനങ്ങളുടെ ജീവനും സ്വത്തിനും മറ്റും വിനാശം ഉണ്ടാകുമെന്ന ബോധവും അവശ്യ നടപടികളും സദാ ഉണ്ടാവണം. ഭൂകമ്പം, സുനാമി, അഗ്നിപർവ്വതം, തുടങ്ങിയവയ്ക്ക് മഹാനീതിശാസ്ത്ര പരമായ കാരണങ്ങളുണ്ട്.

ദൈവ കാര്യങ്ങൾ - 1

GODLY Matters 1

GOD, the Omnipotent and Omniscient, has been Creating & Protecting the Supreme Universe with GOD's Supreme Powers & Supreme Knowledge. GOD & GODLY matters are above the Universe and such Supreme & All Knowledge can be known only when GOD blesses with.	മഹാശക്തിയും മഹാജ്ഞാനിയുമായ ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശക്തികളെയും മഹാജ്ഞാനത്തെയും കൊണ്ട് മഹാനിർവ്വഹിച്ചു പോരുന്നു. ദൈവം മഹാഅനുഗ്രഹിച്ച് അറിയിച്ചാൽ മാത്രമാണ് മഹാപ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങൾ ഉൾപ്പെടെ ഏതൊരു കാര്യവും അറിയാൻ കഴിയുകയുള്ളൂ.
GOD reveals all Godly matters and the Supreme Science of the Universe, perfectly at the Right Time in all Creation Cycles.	ദൈവകാര്യങ്ങളെയും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, എല്ലാ സൃഷ്ടിചക്രങ്ങളിലും മഹാഉചിതമായ സമയത്ത് ദൈവം വെളിപ്പെടുത്തുന്നു.

GOD @ the (Supreme Father cum) Supreme Mother of the Universe has dissolved the complete Supreme Science into the Soil / Earth. The GODLY matters, namely GOD, GOD's figure, Maya, OM, OMKARAM, OMKARA Science of Justice, BRAHMAM are Supreme /Transcending. GOD has merged them in the Soil/Earth thru OM, the Sound-Brahmam.	(മഹാപിതാവും) മഹാമാതാവുമായ ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ / ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്. ദൈവം, ദൈവ രൂപം, മായ, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, എന്നീ മഹാപ്രപഞ്ചത്തിന് അതീതമായ 'ദൈവ കാര്യങ്ങളെ' ഓം എന്ന ശബ്ദ ബ്രഹ്മത്തിലൂടെ മണ്ണിൽ മഹാലയി(പ്പി) ച്ചിരിക്കുകയാണ്.
GOD @ MAHAADEVI reveals the Knowledge about GODLY matters at the Supremely Right Time in all Creation Cycles -'just before the Opening of Maya', thru GOD's Shiva-Part named ParamaShivan.	**ഏകദൈവമായ മഹാദേവി,** ദൈവകാര്യങ്ങളെ മഹാഉചിതമായ സമയത്ത് - സൃഷ്ടി ചക്രത്തിൽ 'മായ' പ്രത്യക്ഷമാക്കുന്നതിനു തൊട്ടുമുമ്പ് **ശിവഭാഗമായ പരമശിവനിലൂടെ വെളിപ്പെടുത്തുന്നു.**

The Supreme Science dissolved in Soil/Earth is Resurrected in all Creation Cycles by attaching GOD's 'Fish Avataar & OM' with GOD's Shiva-Part assigned as 'ParamaShivan.'	ദൈവത്തിന്റെ ശിവ -ഭാഗം' കൂടിയായ 'പരമ-ശിവനോട് ' ദൈവത്തിന്റെ 'മത്സ്യാവതാരത്തെയും ഓം എന്ന ശബ്ദബ്രഹ്മത്തെയും' ബന്ധിപ്പിച്ചാണ്, മണ്ണിൽ മഹാലയി(പ്പി) ച്ചിട്ടുള്ള വേദങ്ങളെ, എല്ലാ സൃഷ്ടി ചക്രങ്ങളിലും വീണ്ടെടുക്കുന്നത്.
MAHAADEVI's Creational Portion develops as FISH and enters into the Shiva Chakram developing as ParamaShivan thru one of his Nostrils. BRAHMAM @ MahaaDevi writes the OM-script on/in the tongue of ParamaShivan, so that ParamaShivan could Resurrect the True Vedas @ Supreme Science. It is being Done for the Present Supreme Creation Cycle .. thus this Supreme E-BOOK @ E-MahaaVedam. From the History of 1000 Crores of Years, it's evident that the GODLY matters relating Maya Powers should not be entrusted to Creatures.	മഹാദേവിയുടെ സൃഷ്ടി-അംശം മത്സ്യമായിട്ട് ശിവചക്ര- അവതാരമായ പരമശിവന്റെ നാസികയിലൂടെ നെറ്റിയിൽ പ്രവേശിക്കുന്നു. മഹാബ്രഹ്മമായ മഹാദേവി, പരമശിവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ ഓം കുറിച്ച് യഥാർത്ഥ വേദങ്ങളെ വീണ്ടെടു(പ്പി)ക്കുന്നു. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അത് പൂർത്തിയായി ക്കഴിഞ്ഞു. ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൃഷ്ടികളെ ഏല്പിച്ചു കൂടാ.

The Supreme Creation (of Creatures) had begun from Fish. GOD bless ParamaShivan with the Supreme Maya Powers connected with the Supreme Creation, and Protection of the Universe in association with the Supreme Science thru the Fish Avatar of MahaaShiva. In spite of the word MAHAADEVI, MahaaShiva is used because 'Creatures & the Universe' are a Combination of MahaaShiva & Shivan.	ജീവി സൃഷ്ടി ആരംഭിച്ചത് മത്സ്യത്തിൽ നിന്നാണ്. സൃഷ്ടി ജ്ഞാനത്തോടൊപ്പം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള മായാശക്തികളെ, മഹാശിവയുടെ മത്സ്യാവതാരത്തിലൂടെ പരമശിവനിലേക്ക് പ്രവേശി(പ്പി)ച്ചിരിക്കുകയാണ്. മഹാദേവി എന്നതിന് പകരം മഹാശിവ എന്ന് കുറിച്ചതിനു കാരണം : മഹാശിവയുടെയും ശിവന്റെയും ദിവ്യമായ കൂട്ടുകെട്ടാണ് ജീവികളും പ്രപഞ്ചവും.
When MahaaShiva = MAHAADEVI avails the Fish Avataar being the Creational Portion of MAHAADEVI for both Male+Female Creation, the NEW Creation pauses Until the Next Creation Cycle. Reincarnation alone follow in Fishes. MahaaShiva's Fish Avataar occupies a Seat within the Forehead of ParamaShivan, and stay there until the Beginning of the Next Creation Cycle; and then move on to the Supreme Ocean again as FISH.	മഹാശിവയായ മഹാദേവിയുടെ 'സ്ത്രീ പുരുഷ-ജീവികളെ രണ്ടും സൃഷ്ടിക്കുന്ന മഹാസൃഷ്ടി അംശം', 'മത്സ്യാവതാരം' എടുക്കുമ്പോൾ, 'മത്സ്യങ്ങളിൽ മാത്രമുള്ളതായ പുതിയ സൃഷ്ടി' നിലയ്ക്കുന്നതാണ്. പിന്നീട് മറ്റുള്ള ജീവികളിൽ എന്നപോലെ മത്സ്യങ്ങളിലും പുനർജന്മം മാത്രമാണ് സംഭവിക്കുക. മത്സ്യാവതാരം, പരമശിവന്റെ നെറുകയിൽ മായാപരമായി സ്ഥാനം ഉറപ്പിക്കുന്നതും, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരം കഴിഞ്ഞ് അടുത്ത സൃഷ്ടിചക്രം ആരംഭിച്ച ശേഷം മത്സ്യാവതാരമായി തന്നെ മഹാസമുദ്രത്തിലേക്ക് മടങ്ങുന്നതുമാണ്.

The Creation Cycles, Life, Happiness, and the Evolution (Moksham) are based upon the Supreme Science of the Universe dissolved into Soil / Earth; which is in fact a Portion of GOD's Supreme Knowledge @ Omniscience.	ദൈവത്തിന്റെ മഹാജ്ഞാന-ഭാഗമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ / ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുള്ളതിനെ ആധാരപ്പെടുത്തിയാണ് എല്ലാ സൃഷ്ടി ചക്രങ്ങളെയും, മനുഷ്യരുടെ ജീവിതത്തെയും, ആനന്ദങ്ങളെയും, പരമമായി മോക്ഷത്തെയും മഹാസംവിധാനം ചെയ്തിട്ടുള്ളത്.
The Time, Calendar, Life of all Creatures in accordance with the Set Times, push them forward as per Re-incarnations. Although they are all Supreme matters, Human beings are convinced only when GOD open Maya on Earth / in the Universe, by the Supreme Sound OM.	ദൈവകാര്യങ്ങളുടെ ഭാഗമായ കാലവും കാലഗണനയും, കാലബന്ധിതമായ ജീവിത പദ്ധതികളും ജീവികളെ പുനർജ്ജന്മങ്ങളിലൂടെ നയിക്കുന്നു. മഹാഗൗരവമായ വിഷയമാണെങ്കിലും ഭൂമിയിൽ 'ഓം' മുഴങ്ങിക്കൊണ്ട് 'മായ' പ്രത്യക്ഷമാകുമ്പോൾ മാത്രമാണ് മനുഷ്യർക്ക് ബോദ്ധ്യമാവുന്നത്.
1 Creation Cycle = 10000 years. Each Creation Cycle consists 2 Parts : Periods without the Presence of Maya @ GOD; and with the Presence of Maya @ GOD.	10000 വർഷം = 1 സൃഷ്ടിചക്രം. ഒരു സൃഷ്ടിചക്രത്തിന് 2 ഭാഗങ്ങളാണുള്ളത്. 'മായ/ ദൈവം' പ്രത്യക്ഷമല്ലാത്ത കാലവും, 'മായ' പ്രത്യക്ഷമായ കാലവും.

The 'Maya' @ GOD hides the Presence in the First part of the Creation Cycle, which is 4500 years constituted of the Average age of 50 years by 90 births /Reincarnations. During the Period, GOD reveals the lessons of the Supreme Science Of the Supreme Universe, dissolved in Soil/Earth, thru Human beings. The blessed people living as per the Supreme Science of Duties and Virtues alone can realise that GOD release the Lessons of the Universe.

Making use of the the New Scientific lessons, people go ahead with Technological Development and corresponding Innovation in life styles with the New materials / products, etc etc.

ശരാശരി 50 വയസ്സുള്ള 90 ജന്മങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് 4500 വർഷങ്ങളടങ്ങിയ ആദ്യ ഭാഗത്തിൽ 'മായ' @ ദൈവം പ്രത്യക്ഷമല്ല. പ്രസ്തുത കാലയളവിൽ മനുഷ്യരിലൂടെ തന്നെ മഹാശാസ്ത്രത്തിലെ പാഠങ്ങളെ ദൈവം വെളിവാക്കുന്നു. തങ്ങൾക്ക് ലഭിച്ചവ ദൈവികമായ വെളിപ്പെടുത്തൽ അഥവാ വെളിപാട് മാത്രമാണെന്നു തിരിച്ചറിയാൻ കഴിയുന്നത് ധർമ്മശാസ്ത്രപരമായി ജീവിക്കുന്നവർക്കു മാത്രമാണ്.

ഭൗതികശാസ്ത്രത്തിന്റെ വിവിധ ശാഖകളിലെ നിയമങ്ങളെ കാലാനുസൃതം വെളിപ്പെടുമ്പോൾ, ശാസ്ത്ര-സാങ്കേതിക വികസനം കൂടി നടക്കുകയും, ശാസ്ത്രസൗകര്യങ്ങളെ മനുഷ്യർക്കു കണ്ടെത്താനും ഉപയോഗപ്പെടുത്താനും കഴിയുന്നു.

By the End of the First part of the Creation Cycle, without the Open Presence of Maya/ GOD, there develop an almost saturated situation in all fields of Human Life. GOD begins the Revolution by Supreme Laugh 'OM' at this time, for a period of 3-33 years whereas each person hears OM for 3 years, from everywhere in the Universe, and even from their own Body/organs.	മായ/ദൈവം പരസ്യമായി പ്രത്യക്ഷമല്ലാത്തതായ സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയുടെ അവസാനത്തിൽ, മനുഷ്യരുടെ എല്ലാ ജീവിതമേഖലകളിലും ഒരു പൂരിതാവസ്ഥ സംജാതമാകുന്നു. ദൈവം 'ഓം' എന്ന് മഹാചിരിച്ച് 3 -33 വർഷക്കാലം വിപ്ലവം ആരംഭിക്കുന്നു. ഓരോ വ്യക്തിയും സ്വന്തമെന്നു കരുതുന്ന ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിൽ എവിടെയും 3 വർഷം ശ്രവിക്കുന്നതാണ്.
During the 33 years of Godly Revolution, people realise that the Beliefs, Rights & Customs, followed by them in Godly matters and their Life were all totally Wrong and relinquish them all; and begin to live as per the Supreme Science of Duties and Virtues.	33 വർഷക്കാലത്തെ ദൈവ-വിപ്ലവം കൊണ്ട് ദൈവ കാര്യങ്ങളെ മനുഷ്യർ അറിയുകയും, പുലർത്തിയിരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും തെറ്റുകളും അധമങ്ങളുമെന്നു തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുന്നു; ധർമ്മശാസ്ത്രപ്രകാരം ജീവിച്ചു തുടങ്ങുന്നു.

A period of 500 years including the 33 years of Godly Revolution are termed as Heavenly Life on Earth. The people in all countries on Earth live GOD's Children' as in One Country, enjoy and share all Scientific Pleasures brought out by the Supreme Science of the Supreme Universe as per the Science of Duties and Virtues, and in the (Open) Presence of GOD.	33 വർഷത്തെ ദൈവ വിപ്ലവം ഉൾപ്പെടെയുള്ള 500 വർഷക്കാലത്തെ ജീവിതത്തെ 'ഭൂമിയിലെ സ്വർഗ്ഗം/ സ്വർഗ്ഗ രാജ്യം' എന്ന് പറയുന്നു. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ 'ദൈവത്തിന്റെ മക്കൾ' എന്ന ബോധത്തോടെയും, ഒരു രാജ്യക്കാരെന്ന പോലെയും, ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ നേടിയ ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം ആസ്വദിച്ചും പങ്കിട്ടും ദൈവിക സാന്നിധ്യത്തിൽ ജീവിക്കുന്നതാണ്.
The Moksham @ the Evolution to Star ō of the Human beings in the Creation Cycle are awarded in the next 5000 years.	സംഹാരം എന്ന മോക്ഷം @ നക്ഷത്ര പദവി ō ഓരോ സൃഷ്ടിചക്രത്തിലെയും മനുഷ്യർക്ക് ക്രമാനുഗതമായി ലഭ്യമാക്കുന്നത് അടുത്ത 5000 വർഷം കൊണ്ടാണ്.
People are blessed individually in One out of the 100 Human Births to learn the Supreme Science & worship GOD.	ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ ഒരു ജന്മത്തിൽ മാത്രമാണ് മഹാശാസ്ത്രം പഠിക്കാനും ദൈവത്തെ ആരാധിക്കാനുമുള്ള അനുഗ്രഹം ലഭിക്കുന്നത് /നേടുന്നത്.

The OM script should be written on/in the tongue of Human beings too, as to understand the Supreme lessons of the Supreme Science. GOD sends 'own Part ParamaShivan', the Father of the Universe with the Supreme Half-Devi figure, to every PerSon, convincing that every Son @ Creature is Precious to GOD; created and Supreme Science awarded / imparted individually by writing OM on Tongue. Further, let Known that GOD is neither Woman, nor Man, nor any Creature.	സമ്പൂർണ്ണ മഹാശാസ്ത്രം പഠിക്കാൻ മനുഷ്യർക്കു കഴിയണമെങ്കിൽ, ദൈവം മനുഷ്യരുടെ നാവിലും അക്ഷരബ്രഹ്മം കൂടിയായ ഓം കുറിക്കേണ്ടതുണ്ട്. ദൈവ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവിയുടെ രൂപത്തിൽ, ഓരോ മനുഷ്യന്റെയും അടുത്തേക്ക് പ്രത്യേകമായിട്ട് അയച്ച്, ഓരോ മനുഷ്യനും ജീവിയും പ്രത്യേകം സൃഷ്ടിച്ച പൊന്നുമോനാണെന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, ഓരോ മനുഷ്യന്റെയും നാവിൽ ഓം കുറിക്കുന്നു; മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം; ദൈവം പുരുഷനോ, സ്ത്രീയോ, ജീവിയോ അല്ലാ എന്നും ബോദ്ധ്യമാക്കുന്നു.
In the following Births until Evolution, Man/Woman enjoy Godly Blessings.	മോക്ഷം ലഭിക്കുന്നതു വരെയുള്ള എല്ലാ ജന്മങ്ങളിലും വ്യക്തിക്ക് ദൈവാനുഗ്രഹം ലഭിക്കുന്നു.

The Human beings should not unnecessarily interfere in the GODLY matters, lying that GOD entrusted GODLY matters to them, their Evilly Spreading of Nonsenses accumulate in the form of Religions / Opinions.	ദൈവം മഹാഉചിതമായി ചെയ്യുന്ന കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ട് 'ദൈവം ചുമതലപ്പെടുത്തിയെന്നും ഏല്പിച്ചെന്നും അറിയിച്ചെന്നും' കള്ളപ്രചരണം നടത്തുന്നതിന്റെ ഉല്പന്നങ്ങളാണ് മതങ്ങൾ / അഭിപ്രായങ്ങൾ.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ

മഹാദേവി, **ഓം** എന്നു മഹാചിരിച്ച്,

മായ പ്രത്യക്ഷമാക്കുന്നതോടെ,

ആത്മീയ ശാസ്ത്രം കൂടിയായ

ഓംകാര നീതി ശാസ്ത്രം

ഒന്നാമത്തെ വേദവും,

മുമ്പ് ഒന്നാമത്തെ വേദമായിരുന്ന

ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി

പരിണമിച്ചിരിക്കുന്നു.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ,

മഹാദേവി, ഓം എന്നു മഹാചിരിച്ച്,

മായ പ്രത്യക്ഷമാക്കുന്നതോടെ,

ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടനയായി രണ്ടാമത്തെ വേദമായ മഹാധർമ്മശാസ്ത്രം പരിണമിക്കുന്നു.

ദൈവത്തിന്റെ മഹാശക്തി-ഭാഗമായ മഹാലിംഗത്തെയും, മഹാഹൃദയവും ശക്തി നിയന്ത്രണ സത്തയും മഹാജ്ഞാന ഭാഗവുമായ ഓംകാരത്തെയും, മഹാശക്തി-ശിവ ചക്രങ്ങളെയും, ആധാരപ്പെടുത്തിയാണ് ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാസംവിധാനം ചെയ്തിട്ടുള്ളത്.

എല്ലാ സൃഷ്ടി ചക്രങ്ങളിലെയും മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്ത് ഭക്തി-കാര്യങ്ങളും ആരാധനകളും, ദൈവീക മഹാഭരണവും മഹാനീതിയും, പ്രകടമായി ധർമ്മശാസ്ത്ര പ്രകാരം ചിട്ടപ്പെടുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദൈവ കാര്യങ്ങൾ - 2

ദൈവ വിപ്ലവത്തിൽ 'മായ' പ്രത്യക്ഷമാകുന്നതോടെ, ആരാധനയും പ്രാർത്ഥനയും, സ്തുതികളും ഓംകാര നീതിശാസ്ത്ര പ്രകാരവും, ധർമ്മ ശാസ്ത്ര പ്രകാരവും മഹാനിയന്ത്രണങ്ങളോടെ ചിട്ടപ്പെടുന്നതാണ്; മഹാഗൗരവമായ മാറ്റങ്ങൾ സുസ്ഥാപിതമാകുന്നതാണ്.

ദൈവത്തിന്റെ പേരിലും സൃഷ്ടികളുടെ പേരിലുമുള്ള പ്രതിമകളും/വിഗ്രഹങ്ങളും / സ്മാരകങ്ങളും അവയെ ആസ്പദമാക്കിയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനകളും 'മായ' പ്രത്യക്ഷമാകുന്നതോടെ അവസാനിക്കുന്നതാണ്. വിഗ്രഹങ്ങളിലും മറ്റുമുള്ള അധമത്തം നിസ്സാരമായി കാണരുത്.

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പ്രതിമകളെ/വിഗ്രഹങ്ങളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, മറ്റുള്ളവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്...

ഗ്രന്ഥത്തിൽ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, 'മായ / ദൈവം' പ്രത്യക്ഷമായി ക്കൊണ്ട് സംഹാരവും മോക്ഷവും നിർവ്വഹിക്കപ്പെടുകയാൽ, ഏതൊരു വിഷയത്തിലും സുവ്യക്തവും ശാസ്ത്രപരവുമായ ഉത്തരങ്ങളും വിശദീകരണങ്ങളും ലഭിക്കുന്നതാണ്. മഹാശാസ്ത്ര പരമായ ജീവിത ക്രമം സമസ്ത മേഖലകളിലും സ്ഥാപിതമാകുന്നതാണ്. ചിന്തകളും വാക്കുകളും പ്രവൃത്തികളും ധർമ്മ ശാസ്ത്ര പരമാവാൻ ജനങ്ങൾ ഏറെപ്പേരും ശ്രദ്ധിക്കുന്നതാണ്. ഭരണകൂടത്തിന് വളരെ വലിയ മാറ്റം ഉണ്ടാകുന്നു. ഒരു ഭാഗത്ത്, ഏറ്റവും വലിയ നീചരായി അധഃപതിച്ചവർക്ക് അനേകരായ നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ നന്മകളെ ചെയ്ത് പാപങ്ങളും ശിക്ഷകളും കുറയ്ക്കാനും, അപൂർവ്വമായി പുണ്യം കൂടി നേടാനുമുള്ള അവസരം മാത്രമാണ് രാജാവ്, മന്ത്രിമാർ തുടങ്ങിയ പദവികൾ എങ്കിൽ, മറുഭാഗത്ത് നന്മകളും സത്യസന്ധതയും ഏറെയുണ്ടെന്ന് തോന്നുന്ന വ്യക്തിയെ ജനങ്ങൾ നിർബ്ബന്ധിക്കുന്നതു കൊണ്ട് മാത്രം ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ വ്യക്തി തയ്യാറാവുകയാണ്. മഹാനീതിയും മഹാവാത്സല്ല്യവുമായ ഭൂമി മേല്പടി രണ്ടു കാര്യങ്ങളെയും 'മായ' കൊണ്ട് ഗൂഢമായി ബന്ധിപ്പിച്ച് ജനങ്ങളുടെയും, അവരുടെ അടിമകൾ മാത്രമായ രാജാവ്, മന്ത്രിമാർ എന്നിവരുടെയും ആനന്ദം വർദ്ധിപ്പിക്കുവാൻ, ഓംകാര നീതിശാസ്ത്ര പ്രകാരം കരുതുന്നു.

രാഷ്ട്രം, ഭൂമി, മണ്ണ് തുടങ്ങിയവ എന്താണെന്ന് പഠിക്കുന്നതോടെ, രാജ്യ സ്നേഹികളെന്നു വേഷം കെട്ടി പ്പോരുന്നവർ ഏറെയും, രാജ്യ ദ്രോഹികളാണെന്ന് സ്വയം ബോദ്ധ്യപ്പെടാൻ കഴിയുന്നു; അതേസമയം രാഷ്ട്രവും ദേശവും ഭൂമിയും സ്രഷ്ടാവുമായ ദൈവത്തെ ദ്രോഹിക്കാൻ സൃഷ്ടിയായ മനുഷ്യന് കഴിയില്ല! ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ ഭൂമിയിൽ നിന്ന് ആനന്ദങ്ങളെ നേടിക്കൊണ്ട് ജീവിക്കുകയും, മണ്ണിന്റെ നിയമങ്ങളെ ധിക്കരിച്ചു കൊണ്ട് പാപങ്ങളും ശിക്ഷകളും വാരിക്കൂട്ടുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ ദ്രോഹിക്കുന്നത് അവരവരെ തന്നെയാണ്.

നാടുകളും ദേശങ്ങളും ഭൂമിയും സ്രഷ്ടാവും, സർവ്വത്തിനും അതീതവുമായ ദൈവത്തിന് യാതൊന്നും ആവശ്യമില്ല; നൽകാൻ സൃഷ്ടികൾക്ക് ശക്തിയും ഇല്ല. ദൈവാംശമായ ശരീരം നൽകുന്ന ശക്തികളെയും അവസരങ്ങളെയും കൊണ്ട് നല്ലത് മാത്രം, പഠിച്ചു ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അവരവർക്കു വേണ്ടി ചെയ്യുക. ഓംകാര നീതിശാസ്ത്രം മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ക്രമീകരിച്ചിട്ടുള്ളത് എക്കാലവും ഭൂമിയിലെ ജനസംഖ്യയിൽ ഏറ്റവും വലിയ ശ്രേഷ്ഠരുടെ പട്ടികയിൽ ഏറെയും ദൈവത്തിന്റെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിൽ അദ്ധ്വാനിക്കുന്ന 'കൃഷിക്കാർ' ആയിരിക്കും വിധമാണ്. കൃഷി സ്തംഭിച്ചാൽ ഭക്ഷണം മുടങ്ങും എന്നതിനാൽ കൃഷിക്കാരോട് നിശ്ചിത പരിധി വിട്ട് ദ്രോഹിക്കാൻ മറ്റുള്ളവർക്ക് കഴിയില്ല. കൃഷിക്കാരെയും സാധാരണ ജനങ്ങളെയും ദ്രോഹിച്ച് ഏറ്റവും വലിയ നീചരുടെ പട്ടികയിൽ പെടാതെ (ദൈവത്തിന്റെ @ ഭൂമിയുടെ) മറ്റ് കുഞ്ഞുങ്ങൾ ശ്രദ്ധിക്കേണ്ടത് സ്വന്തമായ അത്യാവശ്യമാണ്.

ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളും ഒരേ രീതിയിൽ ശുദ്ധി ചെയ്യുന്നതാണ്. എല്ലായിടത്തും ശിവ ലിംഗം മാത്രം. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.

ഭൂമിയിലെ എല്ലാ ജനങ്ങൾക്കും മഹാഗൗരവ വിഷയവും ലക്ഷ്യവും വഴികാട്ടി -യുമായി മോക്ഷവും മോക്ഷകാര്യങ്ങളും വേദങ്ങളും പ്രവർത്തിക്കുന്നതാണ്. സൃഷ്ടി ചക്രത്തിന്റെ 'മായ' പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയും, 'മായ' പ്രത്യക്ഷമായ രണ്ടാമത്തെ പകുതിയും തമ്മിലുള്ള വ്യത്യാസം ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ എല്ലാ ജീവിത മേഖലകളിലും പ്രകടമാവുന്നതാണ്.

ദൈവ വിപ്ലവം ഉടൻ!	Godly Revolution Soon !
മഹാശക്തിയായ മഹാദേവി, ഓം എന്നു മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്ന ദിവസം ദൈവ വിപ്ലവം ആരംഭിക്കുന്നതാണ്. ഭൂമിയിലെങ്ങും, വസ്തുക്കളുടെയും, ജീവികളുടെ ശരീരത്തിലെയും മൂലകങ്ങളിൽ നിന്നും 3 മുതൽ 33 വർഷം വരെ **ഓം** മുഴങ്ങുന്നതാണ്. 01.01.0001 = OPENING OF MAYA (OOM **ഓം**) **പുതിയ കലണ്ടറും ആരംഭിക്കുന്നതാണ്.** **മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായി അവതരിച്ചുകഴിഞ്ഞു. വിശദീകരണം** www.omsathyam.com/GodlyRevolution/MahaaVedam.pdf **എന്ന 'സൗജന്യമായ' മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്.** **ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**	GOD, the Supreme Power will begin Godly Revolution soon, by the Supreme Laugh OM. OM will sound everywhere on Earth, from the elements of all materials and bodies of the Creatures, for a period of 3 to 33 years. 01.01.0001 = Opening of Maya (OoM) will start the new Calendar. MahaaShakthi @ MAHAADEVI @ the Supreme Power has availed human female form as the Supreme Mother of the Universe. Details : www.omsathyam.com/GodlyRevolution/MahaaVedam.pdf Glory only to GOD / OM MahaaShakthi Mannadi MahaaBhadraKaali Divya Divya Divya DivyaMahaaDevi.



സത്യം ശിവം സുന്ദരം

ഭൂമിയിലെ എല്ലാ രാജ്യങ്ങളുടെയും ദേശീയ ഗാനം ഓം മാത്രമാണ്. ദേശം സ്വയം ഉടൻ പാടുന്നതാണ്. ഒരു ഭൂമിയിലെ എല്ലാ ദേശങ്ങളുടെയും പതാകയും ഒന്ന്. വെള്ളപ്പതാകയിൽ വീണയും നെൽക്കതിരും.

SATHYAM SHIVAM SUNDARAM

The only national anthem of all countries on earth is OM. All lands @ countries @ Earth will soon sing & prove it ...

The flag of all the countries on earth is also One. A White Cloth with the pictures of Veena and the Paddy bunch to be the Single Flag for all Nations.

Ref. **സർവ്വ ദേശ ഭൂമിഗാനം**
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം ॐ OM

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം ॐ OM



ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

Thursday, 14 March 2019.

മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിയിട്ടുണ്ട്.
മഹാദേവി ഉടനെ ഭൂമിയിലെങ്ങും **ഓം** എന്ന് **മഹാചിരിച്ച്**
മായ പ്രത്യക്ഷമാക്കുന്നതോടെ **ദൈവ വിപ്ലവം** ആരംഭിക്കുന്നു !
എന്ന്, മഹാദേവിക്കു വേണ്ടി, മഹാകല്പനപ്രകാരം,
മഹാദാസനും മഹാദേവനുമായ പരമശിവൻ.
ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ
ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.
MahaaShakthi @ **MahaaDevi** has come & soon open Maya, begin
Godly Revolution everywhere in/on Earth by the Supreme Laugh **OM**.
By Order of the Supreme Power **GOD MAHAADEVI,**
Supreme Servant cum MahaaDevan PARAMASHIVAN.
Glory only to GOD @ EARTH @ MAHAADEVI.